# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 18, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 188 - നമ്പർ 12

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 18, തിങ്കൾ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. അടിയന്തരപ്രമേയം**

വൈദ്യുതി നിരക്ക് വർദ്ധന
(അവതരണാനുമതി നിഷേധിച്ചു.)

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. റോഡ് ഡിസൈനിലെ അപാകത
-ശ്രീ. കെ. ബി. ഗണേഷ് കുമാർ

(2) മനുഷ്യക്കടത്തും വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനവും അവസാനിപ്പിക്കൽ
-ശ്രീ. അനൂപ് ജേക്കബ്

**IV. സബ്മിഷൻ**

(1) ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം
-ശ്രീ. കെ. പ്രേംകുമാർ

(2) നെയ്യാർ സഫാരി പാർക്കിന്റെ പ്രവർത്തനം
-ശ്രീ. സി. കെ. ഹരീന്ദ്രൻ

(3) വിദേശ പഠനത്തിന് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായം

-ശ്രീ. വി. ശശി

(4)ചാവറയച്ചനെക്കുറിച്ചുള്ള പാഠഭാഗം ഒഴിവാക്കിയ നടപടി

-ശ്രീ. പി. ജെ. ജോസഫ്

(5) മൂവാറ്റുപുഴ-കടാതി-കാരക്കുന്നം ബൈപ്പാസ്, മൂവാറ്റുപുഴ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം

-ഡോ. മാത്യു കുഴൽനാടൻ

(6) തവനൂർ-തിരുനാവായ പാലത്തിന്റെ നിർമ്മാണം

-ഡോ. കെ. ടി. ജലീൽ

(7) വെങ്ങോല ശാലേം-ഊട്ടിമറ്റം, മണ്ണൂർ-പോഞ്ഞാശ്ശേരി റോഡുകളുടെ നവീകരണം

-ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

(8) മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത

-ശ്രീ. പി. വി. ശ്രീനിജിൻ

(9) ക്ഷീരമേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾ

-ശ്രീ. കെ. പി. മോഹനൻ

(10) അനുമോദന ചടങ്ങിൽ നിന്നും ടീം ഫിസിയോയെ ഒഴിവാക്കിയ നടപടി

-ശ്രീ. എൻ. എ. നെല്ലിക്കുന്ന്

## V. റിപ്പോർട്ടുകളുടെ സമർപ്പണം

(1) VIII, X, XI, XII എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

(3) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

## VI. സഭാ രേഖയിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്

-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

## VII. ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി

**അപരാഹ്ന സമ്മേളനം**

ധനാഭ്യർത്ഥന നമ്പർ XXVII- സഹകരണം

ധനാഭ്യർത്ഥന നമ്പർ XXXIV- വനം

അനുബന്ധം I,II

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### 2022 ജൂലൈ 18, തിങ്കൾ

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 12

---

നിയമസഭ 2022 ജൂലൈ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങൾ ശ്രീ. എം.എം. മണി എം.എൽ.എ., ശ്രീമതി കെ.കെ. രമ, എം.എൽ.എ.-യെക്കുറിച്ച്

നടത്തിയ വിവാദ പരാമർശം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറും പ്ലക്കാർഡുകളും പിടിച്ച് സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായിരുന്നു.]

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...... ഓർഡർ..... (ചോദ്യം നമ്പർ *331)

**വൈദ്യുതി ബോർഡ് സേവനങ്ങളുടെ ഡിജിറ്റൈസേഷൻ**

1 (*331) ശ്രീ. കെ. ആൻസലൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി ദെലീമ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം യാഥാർത്ഥ്യമാക്കിയതിന്റെ തുടർനടപടിയായി വൈദ്യുതി ബോർഡ് നൽകുന്ന സേവനങ്ങൾ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി ആധുനികീകരിച്ച് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കെ.എസ്.ഇ.ബി. സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യാനും ഇ-പേമെന്റ് സൗകര്യം വിപുലീകരിക്കാനും പദ്ധതിയുണ്ടോ;

(സി) സേവനങ്ങൾ വാതിൽപ്പടിയിൽ എത്തിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ

എന്തെല്ലാം സേവനങ്ങളാണ് ഇത്തരത്തിൽ നൽകാൻ ഉദ്ദേശിച്ചിരുന്നതെന്നും അവ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, KSEBL നൽകുന്ന സേവനങ്ങൾ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായി ആധുനികീകരിച്ച് കാര്യക്ഷമമായി ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

സേവനങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് 1912 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് വിളിച്ചാൽ വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും WhatsApp വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061/9496010101 എന്നീ ഹോട്ട് ലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

HT, EHT കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്താനായി ഗ്രീൻ

ചാനൽ സംവിധാനവും അപേക്ഷിക്കാനായി വെബ് പോർട്ടലും ഏർപ്പെടുത്തിയിട്ടുണ്ട്.

പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റിസ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും പണമടയ്ക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി തടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജദൂത്' പദ്ധതി, വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിലെത്തിക്കുന്ന 'ഊർജ്ജസൗഹൃദ' പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

ഏത് സെക്ഷൻ ഓഫീസുകളിലും വൈദ്യുതി ബിൽ അടയ്ക്കുന്നതിനുള്ള സൗകര്യത്തിനുപുറമെ ഓൺലൈനായി അടയ്ക്കാൻ നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഭാരത് ബിൽ പേമെന്റ് (BBPS), സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ പോർട്ടൽ (SSDG), കേരള മൊബൈൽ

ആപ്പ്, പേ-ടി.എം, നാഷണൽ ആട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് (NACH), ഫോൺ-പേ, ഗൂഗിൾ പേ, മൊബിക്വിക്, പേ-യു, ആമസോൺ-പേ തുടങ്ങിയ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സേവനങ്ങൾ കൂടുതൽ സുതാര്യമായും സുഗമമായും നൽകുന്നതിനുവേണ്ടി ‘ സേവനങ്ങൾ വാതിൽപ്പടിയിൽ’ (Service at Door Step) എന്ന പദ്ധതി ഒക്ടോബർ 2020 മുതൽ നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ്, കോൺട്രാക്ട് ലോഡ്, താരിഫ്, ഫേസ് എന്നിവ മാറ്റുക, മീറ്ററും പോസ്റ്റും മാറ്റിസ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ആവശ്യമുള്ള വ്യക്തികളുടെ പേരും ഫോൺ നമ്പരും 1912 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ ബന്ധപ്പെട്ട സെക്ഷൻ ഓഫീസ് വഴിയോ ഓൺലൈൻ മുഖേനയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. തുടർന്ന് കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ അപേക്ഷകന്റെ വീട് സന്ദർശിച്ച് അപേക്ഷ സ്വീകരിച്ച് രേഖകൾ പരിശോധിച്ച് അപ്‌ലോഡ് ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കി തുക അടയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും സേവനം ഉറപ്പാക്കുകയും ചെയ്യുന്നു.

വിതരണ മേഖലയിലെ എച്ച്.റ്റി. ലൈനുകളിൽ കമ്പി

പൊട്ടിവീഴുകയോ ഇൻസുലേറ്റർ തകരാറിലായോ വൈദ്യുതി തടസ്സമുണ്ടാകുകയാണെങ്കിൽ ആ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസേജ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം KSEBL ജീവനക്കാർ സ്വന്തമായി വികസിപ്പിച്ച് നിർമ്മിച്ചുവരുന്നു. ഇതൊരു GSM നെറ്റ്‌വർക്കധിഷ്ഠിത സാങ്കേതിക വിദ്യയാണ്. 11 കെ.വി., 33 കെ.വി. വൈദ്യുതി വിതരണ ലൈനുകളിലുണ്ടാകുന്ന തകരാറുകൾ സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് SMS-ലൂടെ ലഭിക്കുകയും സ്ഥലം GIS മാപ്പിംഗ് വഴി കണ്ടെത്തി പ്രശ്നപരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്. ഇതുവരെ 8006 എണ്ണം Communicating Fault Passage Detectors സ്ഥാപിച്ചിട്ടുണ്ട്.

വിവര സാങ്കേതിക വിദ്യയിലൂടെ നടപ്പാക്കിയ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നവീകരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സംവിധാനമുള്ള സ്മാർട്ട് മീറ്റർ ഘട്ടംഘട്ടമായി ഏർപ്പെടുത്താനും KSEBL ലക്ഷ്യമിടുന്നുണ്ട്.

(ബി) പദ്ധതിയുണ്ട്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം

ഡിജിറ്റൽ പേമെന്റുകളുടെ എണ്ണം കൂട്ടുന്നതിനും 2022 ഡിസംബറിനുള്ളിൽ പണമടവ് പൂർണ്ണമായും ഓൺലൈനാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ഘട്ടംഘട്ടമായി എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷകൾ റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി ഓൺലൈനാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(സി) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ്, കോൺട്രാക്ട് ലോഡ്, താരിഫ്, ഫേസ് എന്നിവ മാറ്റുക, മീറ്ററും പോസ്റ്റും മാറ്റിസ്ഥാപിക്കുക തുടങ്ങിയവ സേവനങ്ങൾ വാതിൽപ്പടിയിൽ പദ്ധതിവഴി എല്ലാ സെക്ഷനുകളിൽനിന്നും ആഗസ്റ്റ് മാസത്തോടെ പൂർണ്ണതോതിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ഓഫീസിൽ എത്താതെതന്നെ, സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പറിൽ ഫോൺ കോൾ വഴിയോ രജിസ്റ്റർ ചെയ്താൽ മതിയാകും. തുടർന്ന് കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ അപേക്ഷകനെ ബന്ധപ്പെട്ട് അപേക്ഷ

തയ്യാറാക്കാൻ സഹായിക്കുന്നത് മുതൽ സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ സുഗമമായ നടത്തിപ്പിന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ മാറ്റി സഹകരിക്കണം. ഇത് ഓർഡറിലല്ല.

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിൽ കാൽനൂറ്റാണ്ടിന് മുമ്പ് യു.ഡി.എഫ്. ഭരണകാലത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗുംമൂലം വൈകുന്നേരങ്ങളിൽ വ്യാപാര സ്ഥാപനങ്ങളിൽ ഒരു ലൈറ്റുപോലും പ്രകാശിപ്പിക്കാനാകാത്ത സ്ഥിതിയുണ്ടായിരുന്നു. ആ കാലഘട്ടത്തിൽ നിന്നാണ് സഖാവ് പിണറായി വിജയൻ 1996-ൽ വൈദ്യുതി വകുപ്പുമന്ത്രിയായപ്പോൾ വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലെത്തിയ ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറിയത്. പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതുകൊണ്ട് ഉപഭോക്താക്കൾക്കുണ്ടാകുന്ന പ്രയോജനമെന്തെന്നും കെ.എസ്.ഇ.ബി.എൽ. ഏതെല്ലാം മേഖലകളിൽ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നുണ്ടെന്നും ഓൺലൈനായി വൈദ്യുതി ബിൽ അടയ്ക്കുന്നതിന് അധിക ചാർജ്ജ് ഈടാക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വൈദ്യുതി ഉപഭോഗം ക്രമീകരിക്കുന്നതിന് സാധിക്കുന്നതാണ്. വൈദ്യുതി തടസ്സം തത്സമയം അറിയാനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും കഴിയും. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി വിവിധയിനം ചെലവുകൾ കുറയ്ക്കുന്നതിനും കിട്ടാക്കടം ഒഴിവാക്കുന്നതിനും അതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫ് ഇനത്തിൽ ലഭ്യമാക്കാനും സാധിക്കും.

ശ്രീ. കെ. ആൻസലൻ: സർ, കെ.എസ്.ഇ.ബി.എൽ. ERP (Enterprise Resource Planning) നടപ്പിലാക്കുന്നുണ്ടോ; എത്ര ശതമാനം ഉപഭോക്താക്കൾ ഓൺലൈനായി കറണ്ട് ചാർജ്ജടയ്ക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ നേരത്തെ പറഞ്ഞ മറുപടിയിൽ അക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുമ്പോൾ അധിക ചാർജ്ജ് ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇല്ല, അധിക ചാർജ്ജ് ഈടാക്കാൻ

ഉദ്ദേശിക്കുന്നില്ല. എസ്.ബി.ഐ., സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് എന്നീ ബാങ്കുകളിൽ അക്കൗണ്ടുള്ളവർക്ക് സ്വന്തം അക്കൗണ്ടിൽനിന്ന് നേരിട്ട് കെ.എസ്.ഇ.ബി.എൽ.-ലേയ്ക്കും ഉപഭോക്തൃ സേവന പോർട്ടൽ വഴിയും ഭാരത് ബിൽ പേമെന്റ് സംവിധാനങ്ങളിലൂടെയും ട്രാൻസാക്ഷൻ ചാർജ്ജില്ലാതെ ബിൽതുക അടയ്ക്കാം. വൈദ്യുതി ചാർജ്ജ് സഹകരണ സ്ഥാപനങ്ങളിൽക്കൂടി അടയ്ക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനുപുറമെയുള്ള സംവിധാനത്തിൽ പണമടയ്ക്കാൻ അതത് സ്ഥാപനങ്ങൾ ട്രാൻസാക്ഷൻ ചാർജ്ജ് ഈടാക്കുന്നുണ്ട്.

<u>ശ്രീമതി ദെലീമ</u>: സർ, വൈദ്യുതി ലൈനുകളിൽ പ്രൊട്ടക്ഷൻ കേബിൾ സിസ്റ്റം എത്രമാത്രം നടപ്പിലാക്കുന്നുണ്ട്; എവിടെയെല്ലാം സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഏറ്റവും തടസ്സമുള്ള സ്ഥലത്താണ് കവേർഡ് കണ്ടക്ടറും മറ്റും സ്ഥാപിക്കാനുദ്ദേശിക്കുന്നത്. അത് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതനുസരിച്ച് നടപ്പിലാക്കും.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഇന്ത്യയിലെ ഏക സമ്പൂർണ്ണ

വൈദ്യുതീകൃത സംസ്ഥാനമാണല്ലോ കേരളം. എന്നാൽ സൗരോർജ്ജമുപയോഗപ്പെടുത്തി എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് ഉത്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആ രംഗത്ത് നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, സൗരോർജ്ജം ഉപയോഗപ്പെടുത്തി ഏകദേശം 300 മെഗാവാട്ട് ഉത്പാദിപ്പിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്. പ്രത്യേക ചോദ്യം ചോദിച്ചാലേ കൃത്യമായി മറുപടി പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, അതിരപ്പിള്ളി, ഷോളയാർ വൈദ്യുത പദ്ധതികളിൽ വൈദ്യുതോല്പാദനം നടക്കുന്നുണ്ടെങ്കിലും സമീപ പ്രദേശങ്ങളായ മലക്കപ്പാറ, അതിരപ്പിള്ളി എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്. ആ പ്രദേശത്ത് സബ്സ്റ്റേഷനാരംഭിച്ച് വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അതിരപ്പിള്ളി വിവാദത്തിലേയ്ക്ക് നമ്മൾ കടക്കേണ്ട ആവശ്യമില്ല. എന്തായാലും സബ്സ്റ്റേഷന്റെ കാര്യം ആലോചിച്ച് അവിടെ സ്ഥലം കിട്ടുന്ന മുറയ്ക്ക് അടിയന്തരമായി ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ഉപഭോക്താക്കളുടെ ബാഹുല്യംമൂലം പ്രയാസം നേരിടുന്ന ചാവക്കാട് കെ.എസ്.ഇ.ബി. മേജർ സെക്ഷൻ ഉൾപ്പെടെയുള്ളവ വിഭജിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഈ വിഷയം സംബന്ധിച്ച് ആലോചിച്ച് സാമ്പത്തികബാദ്ധ്യതയെല്ലാം പരിശോധിച്ചശേഷമേ ചെയ്യാൻ സാധിക്കുകയുള്ളൂ. പുതിയ സ്മാർട്ട് മീറ്റർ വരുമ്പോൾ അധിക ഓഫീസുകളുടെ ആവശ്യം വരില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വൈദ്യുതി ബോർഡിലെ ട്രേഡ് യൂണിയനിസത്തിന്റെ ഭാഗമായി ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകയാണ്. നിലവിലുള്ള ചെയർമാനെവരെ മാറ്റിയത് മാധ്യമങ്ങളിലൂടെ കാണാനിടയായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇനിയെങ്കിലും വൈദ്യുതി ബോർഡിൽ നേരായ രീതിയിൽ കാര്യങ്ങൾ കൊണ്ടുപോകുന്നതിന് നടപടിയെടുക്കുമോ; വൈദ്യുതി ബോർഡിന്റെ ഭരണം യഥാർത്ഥ ഭരണാധികാരികളെ ഏൽപ്പിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇപ്പോൾ അങ്ങനെയൊരു സംഭവമില്ല. വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് തന്നെയാണ് അത് കൈകാര്യം ചെയ്യുന്നത്. യൂണിയന്റെ അതിപ്രസരമുണ്ടായിട്ടില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, സോളാർ പ്രോജക്ടുമായി ബന്ധപ്പെട്ട് അഞ്ച് വർഷം മുമ്പ് എന്റെ മണ്ഡലത്തിലെ പടിഞ്ഞാറെ കല്ലടയിൽ കെ.എസ്.ഇ.ബി. ലാൻഡ് ഏറ്റെടുക്കുകയുണ്ടായി. അങ്ങയുടെയും ചെയർമാന്റെയും സാന്നിദ്ധ്യത്തിൽ രണ്ട് മാസംമുമ്പ് ഒരു യോഗം വിളിച്ചുചേർത്തുവെങ്കിലും ഇതുവരെ ആ പദ്ധതി തുടങ്ങാൻ സാധിച്ചിട്ടില്ല, എത്രയുംവേഗം അത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എത്രയുംവേഗം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സമ്പൂർണ്ണ വൈദ്യുതീകരണത്തെക്കുറിച്ച് പറയുമ്പോഴും ഇതുവരെയും വൈദ്യുതി എത്താത്ത ആദിവാസി ഊരുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. വനത്തിലൂടെ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിന് വനം വകുപ്പ് തടസ്സം നിൽക്കുന്നുവെന്നതാണ് അതിനുള്ള കാരണമായി പറയുന്നത്. എന്റെ മണ്ഡലത്തിലൂൾപ്പെടെ നിരവധി ആദിവാസി കോളനികളിൽ ഇക്കാരണത്താൽ വൈദ്യുതി എത്തിയിട്ടില്ല. അണ്ടർ ഗ്രൗണ്ട് കേബിൾ ഉപയോഗിക്കുന്നതിന് വനം വകുപ്പിന് തടസ്സമില്ല. സോളാർ പാനൽ ചില സ്ഥലങ്ങളിലുണ്ടെങ്കിലും അത് വേണ്ടവിധം പ്രവർത്തിക്കുന്നില്ല. ആയതിനാൽ അണ്ടർ ഗ്രൗണ്ട് കേബിൾവഴി ആദിവാസി

ഊരുകളിൽ വൈദ്യുതിയെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും ഇതുമായി ബന്ധപ്പെട്ട് യോഗം നടത്തുകയും എത്രയുംവേഗം വൈദ്യുതി എത്തിക്കുന്നതിനുള്ള സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. കേബിളിന് ചെലവ് കൂടുന്നതുകൊണ്ട് എം.എൽ.എ. ഫണ്ടുംകൂടി അതിനുവേണ്ടി വിനിയോഗിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ചെലവ് കുറഞ്ഞ വൈദ്യുതോല്പാദന മാർഗ്ഗമായ ജലവൈദ്യുത പദ്ധതികൾക്ക് സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിക്കാൻ അനുയോജ്യമായ നിരവധി സ്ഥലങ്ങളുണ്ട്. പാലക്കാട്-മണ്ണാർക്കാട്-പാത്രക്കടവ് പദ്ധതിയും ചെക്ക്ഡാമുകളുമായി ബന്ധപ്പെട്ട് ചെറിയ ജലവൈദ്യുത പദ്ധതികളും ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പാത്രക്കടവ് പദ്ധതി പുനഃപരിശോധിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ ഗൈഡ് ലൈൻ അനുസരിച്ച് വനം വകുപ്പിന് ഇവിടെനിന്നുതന്നെ അനുമതി കൊടുക്കാനുള്ള സാഹചര്യം വന്നിട്ടുണ്ട്. അത് പരിശോധിക്കുന്നതാണ്. ചെലവ് കുറഞ്ഞ

രീതിയിൽ ഇലക്ട്രിസിറ്റി ലഭിക്കുന്നത് ഹൈഡൽ പ്രോജക്ടിലൂടെയാണ്. കുറച്ചുകാലമായി അതിന് മുൻഗണന കൊടുത്തിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 38 MW ഹൈഡൽ പ്രോജക്ട് കൊണ്ടുവന്നിട്ടുണ്ട്. ഇരുന്നൂറ്റി അൻപതോളം മെഗാവാട്ട് പദ്ധതികൾ ഈ വർഷംതന്നെ പൂർത്തിയാക്കാനുള്ള പരിശ്രമത്തിലാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വൈദ്യുതി ബോർഡിലെ ക്രമക്കേടുകളെക്കുറിച്ച് മുൻ ചെയർമാൻ പരസ്യമായി ആക്ഷേപം ഉന്നയിച്ചിരുന്നു. അവസാനം വൈദ്യുതി ബോർഡ് ചെയർമാനെ മാറ്റിയതായി വാർത്ത കണ്ടു. വൈദ്യുതി ബോർഡ് ചെയർമാൻ പറഞ്ഞത് തെറ്റായതുകൊണ്ടാണോ അതോ ഭരണസൗകര്യത്തിനുവേണ്ടിയാണോ അദ്ദേഹത്തെ മാറ്റിയതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഭരണസൗകര്യത്തിനുവേണ്ടിയാണ് മാറ്റിയത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കേരളത്തിലെമ്പാടുമുള്ള പഞ്ചായത്തുകളിൽ പുരപ്പുറ വൈദ്യുതീകരണം വ്യാപകമായി നടക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധാരാളം ഗവൺമെന്റ് സ്കൂളുകൾ രണ്ടുനില കെട്ടിടങ്ങളായി പുതുക്കിപ്പണിയുകയുണ്ടായി. ആ

സ്കൂളുകളിലും അതോടൊപ്പം തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ കെട്ടിടമായ നിയമസഭാ മന്ദിരത്തിലും തൊട്ടടുത്തുള്ള ഓഫീസ് കോംപ്ലക്സിലും സോളാർ പാനലുകൾ സ്ഥാപിച്ചുകൊണ്ട് പുരപ്പുറ വൈദ്യുതീകരണം വ്യാപകമായി നടപ്പിലാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട സ്പീക്കറുമായും വിദ്യാഭ്യാസ വകുപ്പുമായും ആലോചിച്ച് തീരുമാനമെടുക്കാം. അവരുടെ സഹായമുണ്ടെങ്കിലേ ചെലവ് ചുരുക്കി ഇത് പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാനത്തൊട്ടാകെ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ കോട്ടയ്ക്കലിലും വേങ്ങരയിലും സബ്സ്റ്റേഷന് ആവശ്യമായ സ്ഥലമേറ്റെടുത്തിട്ടില്ല. നേരത്തെ ഡി.എൽ.പി.സി. (District Level Purchase Committe) ആയിരുന്നു സ്ഥലമേറ്റെടുത്തിരുന്നത്. 2020-ലെ ഉത്തരവനുസരിച്ച് അത് ലാൻഡ് അക്വിസിഷനിലേയ്ക്ക് മാറിയതിനാൽ സ്ഥലമേറ്റെടുപ്പിന് വലിയ കാലതാമസം നേരിടുകയാണ്. ലാൻഡ് അക്വിസിഷനിൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് എന്ന പേരിൽ 35-40 ലക്ഷം രൂപ വരെ

കൊടുക്കേണ്ടിവരുന്നത് ബോർഡിന് കൊടുക്കാൻ സാധിക്കുന്നില്ല. ലാൻഡ് അക്വിസിഷന് പകരം ഡി.എൽ.പി.സി. ആക്കി മാറ്റി നെഗോസിയേഷൻ റേറ്റിൽ വേങ്ങര അടക്കമുള്ള സബ് സ്റ്റേഷന്റെ സ്ഥലമേറ്റെടുപ്പ് നടത്തിയാൽ അവിടത്തെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അഞ്ചേക്കറിൽ താഴെയുള്ളതിന് നെഗോഷിയേറ്റ് പർച്ചേസിനുവേണ്ടിയുള്ള പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അനുമതി കിട്ടിയാൽ തീർച്ചയായും ചെയ്യുന്നതായിരിക്കും.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇക്കാലയളവിൽ എത്ര വീടുകൾക്ക് കണക്ഷൻ കൊടുക്കാനാണ് വൈദ്യുതി വകുപ്പ് ലക്ഷ്യമിടുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾ കണക്ഷൻ കിട്ടാത്തത് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ മാത്രമാണ്. അവർക്ക് കണക്ഷൻ കൊടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി സംസാരിച്ച് സമയബന്ധിതമായി ഒരു പരിപാടി തയ്യാറാക്കുന്നതാണ്. വൈദ്യുതി എത്താൻ സാഹചര്യമില്ലാത്തിടത്ത് സോളാർ പവർ പ്ലാന്റുകളോ മിനി ഹൈഡൽ പ്ലാന്റുകളോ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. ഏകദേശം ഒന്നര വർഷത്തിനുള്ളിൽ ഇത്

പൂർത്തിയാക്കാൻ സാധിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ട്രാൻസ്ഫോർമറുകളും വൈദ്യുതി ലൂണുകളും അനുവദിക്കുന്ന കാര്യത്തിൽ കാസർഗോഡ് ജില്ലയോട് അവഗണനയുണ്ടോയെന്നൊരു സംശയം ഞങ്ങൾക്കുണ്ട്. അതുപോലെ ഇപ്പോൾ മീറ്റർ റീഡിംഗ് നടത്തുന്നത് രണ്ട് മാസത്തിലൊരിക്കലാണ്. ഉപഭോക്താവിനെ സംബന്ധിച്ച് സ്ലാബ് സിസ്റ്റത്തിൽ മീറ്റർ റീഡിംഗ് നടത്തുന്നത് നഷ്ടമാണ്. അതുസംബന്ധിച്ച് വിശദീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേക പരിഗണനയാണ് കൊടുക്കുന്നത്. ചീമേനിയിൽ 100 മെഗാവാട്ടിന്റെ ഒരു പദ്ധതി സ്ഥാപിക്കുന്നുണ്ട്. അത് നടപ്പിലായാൽ അവിടത്തെ വൈദ്യുതി പ്രശ്നത്തിന് പരിഹാരമാകും. കാസർഗോഡ് ജില്ലയോട് മാത്രമല്ല മലബാർ മേഖലയ്ക്കുതന്നെ പ്രത്യേക പരിഗണനയാണ് കൊടുക്കുന്നത്. അതുപോലെ മീറ്റർ റീഡിംഗ് രണ്ട് മാസത്തിലൊരിക്കലല്ല, ശരാശരി ഒരു മാസമായിട്ടാണ് കണക്കാക്കുന്നത്. സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതോടെ അത്തരം പ്രശ്നങ്ങൾക്കും പരിഹാരമാകും.

ശ്രീ. ജോബ് മൈക്കിൾ: സർ, ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ നിൽക്കുന്ന കെ.എസ്.ഇ.ബി. പോസ്റ്റുകൾ റോഡ് പണി നടക്കുമ്പോൾ

അടിയന്തരമായി മാറ്റിസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പി.ഡബ്ല്യു.ഡി.-യിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് ഗതാഗത തടസ്സമുണ്ടാകാത്ത രീതിയിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**സഹകരണ മേഖലയിലെ കേന്ദ്ര സർക്കാർ ഇടപെടൽ**

2 (*332) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എം. മണി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര സർക്കാർ നടത്തുന്ന ഇടപെടലുകളുടെ തുടർച്ചയായി സ്വകാര്യ ബാങ്കുകൾക്കുവേണ്ടി അർബൻ ബാങ്കുകളെ തകർക്കാൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കം എപ്രകാരം പ്രതിരോധിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അർബൻ ബാങ്കുകളെ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്കിൽ കൊണ്ടുവരാനുള്ള റിസർവ് ബാങ്ക് തീരുമാനത്തിന്റെ

പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ;

(സി) കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ സാധ്യമാകുന്ന തരത്തിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് അറിയിക്കാമോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) : സർ, (എ) സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര സർക്കാർ നടത്തുന്ന ഇടപെടലുകളുടെ തുടർച്ചയായി സ്വകാര്യ ബാങ്കുകൾക്കുവേണ്ടി അർബൻ ബാങ്കുകളെ തകർക്കാൻ നീക്കം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അർബൻ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി RBI പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അവയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

(ബി) 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം ഒരു ബാങ്കിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താനും അതനുസരിച്ച് നിർദ്ദേശങ്ങൾ നൽകാനും ആർ.ബി.ഐ.-യ്ക്ക് അർഹതയുണ്ട്. സമ്മർദ്ദത്തിലായ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്ക് (SAF) അവതരിപ്പിച്ചത്. ഇത് ഷെഡ്യൂൾഡ്

വാണിജ്യ ബാങ്കുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾക്ക് സമാനമാണ്. ഒരു അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നെറ്റ് എൻ.പി.എ. അതിന്റെ അറ്റ അഡ്വാൻസുകളുടെ 6% അധികരിക്കുമ്പോൾ SAF-ന് കീഴിൽ വയ്ക്കാം. സമ്മർദ്ദത്തിന്റെ തീവ്രതയെ ആശ്രയിച്ച് റിസർവ് ബാങ്ക് നടപടിയെടുത്തേയ്ക്കാം.

SAF-ന് കീഴിൽ വരുമ്പോൾ ചുവടെപ്പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്താം.

- ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതിയില്ലാതെ ഡിവിഡന്റ് പ്രഖ്യാപനം, പണം, സംഭാവന എന്നിവയ്ക്കുള്ള നിയന്ത്രണം കൊണ്ടുവരുന്നു;
- NPA-കൾ, ഡിഫോൾട്ടുകളുടെ ഉയർന്ന അനുപാതമുള്ള സെക്ടറുകൾ/സെഗ്മെന്റുകൾക്കുള്ള വായ്പാ സൗകര്യങ്ങളുടെ അനുമതി/പുതുക്കൽ വെട്ടിക്കുറയ്ക്കുന്നു;
- പുതിയ വായ്പകൾക്കും അഡ്വാൻസുകൾക്കുമുള്ള എക്സ്പോഷർ പരിധിയിൽ കുറവ് വരുത്തുന്നു;
- 100 ശതമാനത്തിലധികം അപകടസാധ്യതയുള്ള പുതിയ വായ്പകൾക്കും അഡ്വാൻസുകൾക്കും നിയന്ത്രണം കൊണ്ടുവരുന്നു;

•റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതിയില്ലാതെ നിശ്ചിത പരിധിക്കപ്പുറം മൂലധനച്ചെലവ് നടത്തുന്നതിനുള്ള നിയന്ത്രണം കൊണ്ടുവരുന്നു;

•പലിശയും പ്രവർത്തന/ഭരണച്ചെലവുകളും കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു;

•അർബൻ ബാങ്കിനെ മറ്റൊരു ബാങ്കുമായി ലയിപ്പിക്കുന്നതിനോ സ്വയം ഒരു ക്രെഡിറ്റ് സൊസൈറ്റിയായി മാറ്റുന്നതിനോ വേണ്ടി ഭരണസമിതിയോട് നിർദ്ദേശിക്കുന്നു;

•താൽക്കാലിക ലിക്വിഡിറ്റി പൊരുത്തക്കേട് ഒഴിവാക്കുന്നതിന് വേണ്ടിയുള്ളത് ഒഴികെ പുതിയ വായ്പകൾക്കുള്ള നിയന്ത്രണം;

•ടേം ഡെപ്പോസിറ്റുകൾ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര, ഇൻഷ്വറൻസ് പോളിസികൾ എന്നിവയുടെ ഈട് സെക്യൂരിറ്റിക്ക് എതിരായ വായ്പകൾ ഒഴികെയുള്ള പുതിയ ലോണുകളുടെയും അഡ്വാൻസുകളുടെയും അനുമതി/വിതരണത്തിനുള്ള നിരോധനം;

•നിക്ഷേപങ്ങളുടെ വലിപ്പം വർദ്ധിപ്പിക്കുന്നതിനുള്ള നിരോധനം.

(സി) ചോദ്യത്തിനുള്ള ഉത്തരം ദീർഘമായതിനാൽ മേശപ്പുറത്ത് വയ്ക്കുന്നു.+

പൊതുവിൽ സൂചിപ്പിക്കാനുള്ളത്, ഒരു വർഷത്തിനുള്ളിൽ 56,420 പേർക്ക് തൊഴിലവസരങ്ങളുണ്ടാക്കാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻവേണ്ടി ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, പ്രാഥമിക സഹകരണ സംഘങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായി ഉയർന്ന പലിശ നിരക്ക് വാഗ്ദാനം ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കേന്ദ്ര നിയമങ്ങൾക്ക് വിധേയമായാണ് പ്രവർത്തിക്കുന്നത്, സംസ്ഥാന സഹകരണ മേഖലയ്ക്ക് അതിനെ നിയന്ത്രിക്കാൻ കഴിയില്ല. ഇതുസംബന്ധിച്ച പരാതികൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, പ്രാഥമിക സഹകരണ ബാങ്കുകൾ

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

'ബാങ്ക്' എന്ന് പേരിനോടൊപ്പം ചേർക്കാൻ പാടില്ല, വോട്ടവകാശമുള്ളവരിൽനിന്ന് മാത്രമേ നിക്ഷേപം സ്വീകരിക്കാൻ പാടുള്ളൂ തുടങ്ങിയ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിബന്ധനകൾ സഹകരണ മേഖലയ്ക്ക് സൃഷ്ടിക്കുന്ന ആഘാതം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, സംസ്ഥാനത്തെ സഹകാരികൾ സംയുക്തയോഗം ചേർന്ന് പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുകയും ആർ.ബി.ഐ. ഗവർണർക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കത്തെഴുതുകയുമുണ്ടായി. ഇതുകൂടാതെ ആർട്ടിക്കിൾ 131 അനുസരിച്ച് സുപ്രീംകോടതിയിൽ ഒരു സ്യൂട്ട് ഫയൽ ചെയ്തിട്ടുമുണ്ട്.

<u>ശ്രീ. എം. എം. മണി</u>: സർ, സംസ്ഥാനത്തെ ടൂറിസത്തിന് വലിയ സാധ്യതയും അതിവേഗം വളർന്നുവരുന്ന സാഹചര്യവുമുണ്ട്. സഹകരണ സംഘങ്ങൾക്ക് ഈ രംഗത്ത് വലിയ സംഭാവനകൾ ചെയ്യാൻ കഴിയും. ടൂറിസം രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹകരണ വകുപ്പ് ഇടപെടുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ടൂർ ഫെഡിന്റെ യോഗം വിളിച്ചുചേർത്ത് അങ്ങ് സൂചിപ്പിച്ചതുപോലെ സഹകരണ മേഖലയുടെ

സഹായത്തോടെ ടൂറിസം രംഗത്ത് വിപുലവും വിശാലവുമായ സാധ്യതകളുണ്ടാക്കുന്നതിനുള്ള പ്ലാനിംഗ് നടത്തിയിട്ടുണ്ട്. അതോടൊപ്പം മൂന്നാറിൽ റിസോർട്ട് ഉൾപ്പെടെ സ്ഥാപിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രവർത്തനങ്ങൾക്ക് സഹകരണ മേഖല തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേന്ദ്ര സർക്കാരിന്റെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 80 പ്രകാരമുള്ള നികുതിയിളവ് പിൻവലിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ ബാങ്കിൽനിന്ന് പണമായി പിൻവലിക്കുന്നതിന് ആദായ നികുതി നിയമത്തിൽ ഭേദഗതി വരുത്തുകയും പുതുതായി കൂട്ടിച്ചേർത്ത 194N വകുപ്പുപ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം TDS (Tax Deducted at Source) അടയ്ക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ സഹകരണ സംഘങ്ങളെ തകർക്കുന്ന ഇത്തരം സംവിധാനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്?

ശ്രീ. വി. എൻ. വാസവൻ: സർ, 194N വകുപ്പ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ഈ വിഷയം ആർ.ബി.ഐ.-യുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിരുന്നു. കൂടാതെ ഓരോ ബാങ്കും കോടതിയെ സമീപിച്ച് സ്റ്റേ സമ്പാദിച്ച്

മുന്നോട്ടുപോകുകയുമാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, പ്രളയം/കോവിഡ് സാഹചര്യങ്ങളിൽ ജപ്തി നടപടികൾ നിർത്തിവച്ചതുകൊണ്ട് വായ്പാ കുടിശ്ശിക വർദ്ധിച്ചതുമൂലം സഹകരണ സംഘങ്ങൾക്കുണ്ടായ പ്രതിസന്ധിക്ക് എന്തെങ്കിലും പരിഹാരം നിർദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ വൺ ടൈം സെറ്റിൽമെന്റ് നടപ്പാക്കുകയും അത് ജൂലൈ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നല്ല പുരോഗതിയും ഫലപ്രാപ്തിയുമുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സഹകരണ മേഖലയിലെ തൊഴിൽ സാധ്യതകളുമായി ബന്ധപ്പെട്ട അടിസ്ഥാന കോഴ്സുകളിലൊന്നാണ് ജെ.ഡി.സി. (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ). പ്രസ്തുത കോഴ്സിനായി ഒരു സെന്റർ മാത്രമാണ് മലപ്പുറം ജില്ലയിലുള്ളത്. അതിന് ഒരു ഡിവിഷനേയുള്ളൂ. എന്നാൽ തൊട്ടടുത്തുള്ള കോഴിക്കോട് ജില്ലയിലെ സെന്ററിന് ആറ് ഡിവിഷനുകളുണ്ട്. ബാങ്കിൽ ജോലിയുള്ളവരും അല്ലാത്തവരുമായ മലപ്പുറം ജില്ലയിലെ ഭൂരിഭാഗം ഉദ്യോഗാർത്ഥികളും ഇന്ന് ആശ്രയിക്കുന്നത് കോഴിക്കോട് ജില്ലയെയാണ്. മലപ്പുറം ജില്ലയിലെ

ജെ.ഡി.സി. സെന്ററിൽ ഡിവിഷനുകളുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യമൊരുക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഓരോ ജില്ലയിലും സംസ്ഥാന സഹകരണ യൂണിയനുകളാണ് ജെ.ഡി.സി. കോഴ്സുകൾ നടത്തുന്നത്. അങ്ങ് സൂചിപ്പിച്ച കാര്യം യൂണിയന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കാം.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളത്തിൽ സംരംഭകത്വം ഒരു ശീലവും സംസ്കാരവുമായി മാറുകയാണ്. വ്യവസായ വകുപ്പിന്റെ ഉദ്യമങ്ങൾ ഇതിന് കൂടുതൽ ഉണർവ് പകരുന്നുമുണ്ട്. കാർഷിക മേഖലയിലുൾപ്പെടെ ഒരുപാട് പുതിയ സംരംഭങ്ങൾ കടന്നുവരുന്നുണ്ടെങ്കിലും ഇടത്തരം ചെറുകിട സംരംഭങ്ങൾക്ക് ഒരു പ്രൊഫഷണൽ ബ്രാൻഡിംഗ് ഇവിടെയില്ല. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ബ്രാൻഡുണ്ടാക്കി ദേശീയ അന്തർദേശീയ തലങ്ങളിൽ വിപണി കണ്ടെത്താനും ഡിജിറ്റൽ പ്ലാറ്റ്ഫോമുൾപ്പെടെ ആരംഭിക്കാനും ആലോചിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്ലാൻ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന കേന്ദ്ര സർക്കാർ നിലപാടിനെ അതിശക്തമായി പ്രതിരോധിക്കാൻ

സംസ്ഥാന സർക്കാർ നേതൃത്വം നൽകണം. ഇക്കാര്യത്തിൽ പ്രതിപക്ഷവും കൂടെയുണ്ടാകും. നബാർഡിന്റെ വായ്പാ പദ്ധതിയിൽനിന്ന് മലപ്പുറം ജില്ലയിലെ ജനങ്ങളെ പരിപൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. ഒരു ശതമാനം പലിശ നിരക്കിൽ രണ്ട് കോടി രൂപവരെ വായ്പ നൽകുന്ന ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ലോൺ, കോവിഡിന്റെ പശ്ചാത്തലത്തിൽ നബാർഡ് നൽകുന്ന സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട് തുടങ്ങി നിരവധി ആനുകൂല്യങ്ങൾ മലപ്പുറം ജില്ലയിലെ ജനങ്ങൾക്ക് നിഷേധിച്ചിരിക്കുകയാണ്. മലപ്പുറം ജില്ല ബാങ്ക് കേരള ബാങ്കിൽ ലയിച്ചില്ലെന്ന കാരണത്താലാണ് അവിടത്തെ ജനങ്ങളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. സംസ്ഥാന ബാങ്ക് മുഖേനയാണ് നബാർഡ് പദ്ധതികളുടെ ആനുകൂല്യം ജനങ്ങൾക്ക് നൽകേണ്ടത്. സംസ്ഥാന ബാങ്ക് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ അറിവോടുകൂടിയാണോ; സഹകരണ മേഖലയ്ക്ക് ഊർജ്ജം പകർന്നിട്ടുള്ള മലപ്പുറം ജില്ലയിലെ ജനങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന നടപടി പുനഃപരിശോധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, എ.ഐ.എഫ്. (ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്സ്)-ന്റെ പരിധിയിൽനിന്ന് മലപ്പുറം ജില്ലയെ

ഒഴിവാക്കിയിട്ടില്ല. അത് കൃത്യമായി വാങ്ങിയെടുക്കുന്നതിന് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ചെയ്യേണ്ടത് ചെയ്താൽ മതി.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, മികവ് തെളിയിച്ച നിരവധി കായിക താരങ്ങളുള്ള ഒരു സംസ്ഥാനമാണ് കേരളം. ഇവർക്ക് സഹകരണ മേഖലയിൽ ജോലി നൽകുന്നതിനായി ഡിപ്പാർട്ടുമെന്റ് ടീം രൂപീകരിക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സഹകരണ മേഖലയിൽ ഇപ്പോൾ സ്പോർട്സ് വകുപ്പ് ഇടപെട്ടിട്ടില്ല. സ്പോർട്സിന് പ്രത്യേക വകുപ്പുണ്ട്; ജോലിയുടെ കാര്യത്തിൽ പരിഗണന നൽകുന്നുമുണ്ട്. സഹകരണ മേഖലയിൽ അങ്ങനെയൊരു കാര്യം ചെയ്യാൻ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടില്ല. ഇപ്പോൾ വോളിബോളിനും ഫുട്ബോളിനും ബാഡ്മിന്റണുമൊക്കെ ടർഫ് നിർമ്മിക്കുന്നതിന് ചില സഹകരണ സംഘങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. ഇതുമാത്രമാണ് ഈ രംഗത്തുള്ള ഇടപെടൽ. മറ്റ് കാര്യങ്ങൾ ആലോചിച്ചിട്ടില്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസം പകരുന്നതാണ് സഹകരണ മേഖല. കേരളത്തിൽ ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കൺസ്യൂമർഫെഡ് 2011-16

കാലഘട്ടത്തിൽ തകർച്ചയുടെ വക്കിലായിരുന്നു. അതിനുശേഷമുള്ള ഈ ആറ് വർഷക്കാലത്തിനുള്ളിൽ കൺസ്യൂമർഫെഡിന് എന്ത് വളർച്ചയും പുരോഗതിയുമാണ് കരസ്ഥമാക്കാൻ കഴിഞ്ഞത്; അതിന്റെ വിറ്റുവരവ് എത്രത്തോളമാണ് എന്നതിനെ സംബന്ധിച്ച് വിശദീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കൺസ്യൂമർഫെഡിന് മുമ്പുണ്ടായിരുന്ന നഷ്ടം നികത്തിക്കൊണ്ടുവരാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും അവസാനത്തെ വിറ്റുവരവ് കണക്ക് അറിയണമെങ്കിൽ പ്രത്യേക ചോദ്യം ആവശ്യമാണ്. ഇപ്പോൾ മാർക്കറ്റിൽ നന്നായി ഇടപെട്ട് വിലക്കയറ്റത്തിന് വിരാമമിടാനും ആശ്വാസപ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും കോവിഡിന്റെ കാലഘട്ടത്തിൽ വാതിൽപ്പടി സേവനം ഉൾപ്പെടെ ഉറപ്പാക്കാനും കൺസ്യൂമർഫെഡ് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെന്ന കാര്യവും അറിയിക്കുകയാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് സാധിക്കുന്നില്ല. കോടിക്കണക്കിന് രൂപയുടെ നിക്ഷേപം സഹകരണ മേഖലയിലുണ്ട്. അത് ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കാത്തതുകൊണ്ട് പല സഹകരണ സംഘങ്ങളും നിക്ഷേപം സ്വീകരിക്കാൻ മടിക്കുകയാണ്. അതുകൊണ്ട് ഈ ഫണ്ട്

ഫലപ്രദമായി വിനിയോഗിക്കാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമോ ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. സർക്കാർ ഇതുസംബന്ധിച്ച് ചർച്ച നടത്തുകയും ഇതിനായി വിവിധ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. സമീപഭാവിയിൽ സർപ്ലസ് ഫണ്ടുകളുള്ള ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് അവ ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിൽ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഇപ്പോൾ പരിതാപകരമായ അവസ്ഥയിലാണ് മുന്നോട്ടുപോകുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക പദ്ധതിപ്രകാരം നാളിതുവരെ സ്വീകരിച്ച നടപടിയെക്കുറിച്ചും അതിന്റെ പുരോഗതിയെ സംബന്ധിച്ചും വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനായി ബഡ്ജറ്റിൽ പ്രത്യേക ഫണ്ട് വകയിരുത്തി അവരുടെ ഫെഡറേഷൻ വിളിച്ചുകൂട്ടി ചില സംഘങ്ങൾ പുനരുദ്ധരിക്കാനുള്ള പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. സമീപഭാവിയിൽ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങളെയും പുനരുജ്ജീവിപ്പിക്കാനുള്ള

പദ്ധതികൾ നടപ്പിലാക്കും.

ശ്രീ. ടി. സിദ്ദിഖ്: സർ, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടൊരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ഒന്നാം തീയതി നടത്താനിരുന്ന എന്റെ നിയോജകമണ്ഡലത്തിലെ കണിയാമ്പറ്റയിലുള്ള സൗത്ത് വയനാട് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ തെരഞ്ഞെടുപ്പ് ഹൈക്കോടതി തടഞ്ഞതിനാൽ നടത്താൻ കഴിഞ്ഞില്ല. അഞ്ഞൂറോളം അംഗങ്ങളുടെ പേര് മാറ്റി വേറെ പേരുകൾ കൂട്ടിച്ചേർത്തുവെങ്കിലും അവസാനം ഹൈക്കോടതി ഇടപെട്ട് ആ പേരുകൾ മാറ്റി പുതിയ ലിസ്റ്റ് തയ്യാറാക്കാൻ പറഞ്ഞു. ഇതിന് നേതൃത്വം കൊടുത്ത ഇലക്ടറൽ ഓഫീസർ ഉൾപ്പെടെയുള്ളവർക്കെതിരെ നടപടി സ്വീകരിക്കുമോ?.

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സഹകരണ മേഖലയിലെ ജീവനക്കാരും ഭരണസമിതിയും ജനങ്ങളോട് ഏറെ ആഭിമുഖ്യമുള്ളവരാണ്. അവരെ ഒഴിവാക്കി റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കുകീഴിൽ സഹകരണ ബാങ്കുകളെ മാറ്റാൻ ശ്രമിക്കുന്നുണ്ടോയെന്നും സഹകരണ സ്ഥാപനങ്ങളുടെ ജനകീയ സ്വഭാവം

നഷ്ടപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനം എന്താണെന്നും വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അർബൻ ബാങ്കുകളുടെ കാര്യത്തിലാണ് നിയന്ത്രണം വന്നിരിക്കുന്നത്. അതിൽ ഡയറക്ടർ ബോർഡിനുള്ളിൽ ഒരു ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിക്കാനും ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയോഗിച്ച് പ്രത്യേക ആഡിറ്റ് നടത്തുന്നതിനും സി.ഇ.ഒ. അടക്കമുള്ളവരുടെ നിയമനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും നീക്കം നടന്നിട്ടുണ്ട്. എന്നാൽ Primary Agricultural Credit Society (PACS)-കളിൽ അത്തരത്തിലുള്ളൊരു നീക്കമുണ്ടായിട്ടില്ല. അങ്ങനെയൊരു നിയന്ത്രണം വരാതിരിക്കാനാവശ്യമായ നീക്കങ്ങൾ സർക്കാർ നടത്തുന്നുണ്ട്.

ശ്രീ. എ. പ്രഭാകരൻ: സർ, വൺ ടൈം സെറ്റിൽമെന്റിന്റെ കാലാവധി ജൂലൈ 31-ന് അവസാനിക്കുകയാണ്. തോരാതെ പെയ്യുന്ന മഴ, പഞ്ഞമാസമായ കർക്കിടകം ഇതൊക്കെയാണ് നിലവിലെ അവസ്ഥ. പാലക്കാട് ജില്ലയിൽ കൊയ്ത്ത് നടക്കുന്നത് ചിങ്ങം, കന്നി മാസത്തിലാണ്. അതിനാൽ വൺ ടൈം സെറ്റിൽമെന്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിലവിൽ അഞ്ച് മാസത്തോളം കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. അങ്ങ് സൂചിപ്പിച്ചതുപോലെ സഹകാരികൾ ആവശ്യപ്പെടുകയാണെങ്കിൽ ഇനിയും ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, കാർഷിക മേഖലയിൽ ശ്രദ്ധേയമായ ഇടപെടലുകളാണ് സഹകരണ സംഘങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിലെ കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് നെല്ലിനോടൊപ്പം തേങ്ങയും സംഭരിക്കുകയും വെളിച്ചെണ്ണ വിപണിയിലിറക്കുകയുമാണ്. തിരുവമ്പാടി മാർക്കറ്റിംഗ് സൊസൈറ്റിയും മാതൃകാപരമായി ഈ പ്രവർത്തനം ഏറ്റെടുക്കുന്നുണ്ട്. സഹകരണ മേഖലയിൽ കാർഷിക വിളകളുടെ സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് ശ്രമിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അതിന് തുടക്കം കുറിച്ചിട്ടുണ്ട്. പതിനാല് ജില്ലകളിലും കോപ്മാർട്ട് (Coop Mart) സ്ഥാപിച്ച് സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഇതുകൂടാതെ ശീതീകരിച്ച

വാഹനങ്ങളിലൂൾപ്പെടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്താനുള്ള സൗകര്യം ഏർപ്പെടുത്തുകയും രണ്ട് സ്ഥലങ്ങളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകളുടെ മറവിൽ കൊള്ള നടക്കുന്ന അവസ്ഥ നിലനിൽക്കുകയാണ്. പല ബാങ്കുകളും വായ്പാ തിരിച്ചടവ് കുടിശ്ശിക വരുത്തിയാൽ ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ ആ പലിശകൂടി മുതലിനൊപ്പം ചേർത്ത് വായ്പ പുതുക്കിക്കൊടുക്കുകയാണ്. അങ്ങനെ അഞ്ചാറ് വർഷം കഴിയുമ്പോൾ എടുത്ത വായ്പയുടെ നാലും അഞ്ചും ഇരട്ടിയായി തുക വർദ്ധിക്കുകയാണ്. സഹകരണ ബാങ്കിംഗ് തലത്തിൽ ഇത്തരത്തിൽ കൊള്ള നടക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ സംവിധാനമുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ചില ബാങ്കുകൾ അവരുടെ ആഡിറ്റിൽ ലാഭം കാണിക്കാൻവേണ്ടി പലിശ കൂട്ടി പുതുക്കി വലിയ തുക കാണിച്ച് ഡിവിഡന്റ് വരുമ്പോൾ അത് വാങ്ങിക്കൊണ്ടുപോകുന്നുണ്ട്. ഈ പ്രവണത തടയുന്നതിനായി ഇത്തരത്തിലുള്ള പുതുക്കലുകൾ കർശനമായി

ഒഴിവാക്കണമെന്നും ആഡിറ്റിൽ ശക്തമായി ഇടപെടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, കേന്ദ്ര ഗവൺമെന്റ് പുതിയ സഹകരണ നിയമം നടപ്പിലാക്കിയതിനുശേഷമാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും 'നിധി' പോലുള്ള സ്ഥാപനങ്ങളും വ്യാപകമായത്. ഇത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കുകയാണ്. നിക്ഷേപകർക്ക് പന്ത്രണ്ട് ശതമാനംവരെ പലിശ കൊടുക്കുന്ന സ്ഥിതിയാണുള്ളത്. പുതിയ സഹകരണ നിയമം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ കേരളത്തിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിലവിൽ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല, എന്നാൽ ചില സൂചനകൾ വന്നുതുടങ്ങിയിട്ടുണ്ട്. ഓരോ പ്രാഥമിക സംഘത്തിന്റെയും ഉള്ളടക്കങ്ങൾ സംബന്ധിച്ച റിപ്പോർട്ട് കളക്ട് ചെയ്യാനുള്ള നീക്കമുണ്ട്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല, നിധിയും കേന്ദ്ര സർക്കാരിന്റെ കീഴിലാണ്. അവ സമാന്തരമായി കൊണ്ടുപോകുകയാണ്. അതിനെതിരായി ഫയൽ ചെയ്ത കേസിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും പത്ത് സെന്റിൽ താഴെ ഭൂമിയുള്ള നിത്യരോഗികളുള്ള കുടുംബങ്ങളുടെയും വായ്പ എഴുതിത്തള്ളാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സർക്കാരിന് വലിയതോതിൽ സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന കാര്യമാണത്. അഞ്ച് സെന്റിൽ താഴെ ഭൂമിയുള്ളവർക്കെതിരെ ജപ്തി നടപടി സ്വീകരിക്കാൻ പാടില്ലെന്നും അഥവാ അങ്ങനെ ചെയ്യുകയാണെങ്കിൽ അവർക്ക് പ്രത്യേക ഷെൽട്ടറുണ്ടാക്കിക്കൊടുക്കണമെന്നും പ്രാഥമിക സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് കൃത്യമായി നടപ്പാക്കുന്നുണ്ട്. വൺ ടൈം സെറ്റിൽമെന്റിലൂടെ പീനൽ ഇന്ററസ്റ്റ് ഒഴിവാക്കി ഇന്ററസ്റ്റ് തീരുമാനിക്കാനുള്ള അധികാരം പ്രൈമറി സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, കേരം തിങ്ങും കേരള നാട്ടിൽ നാളികേര കർഷകർ ദുരിതത്തിലാണ്. നാളികേരത്തിന് 32 രൂപ വില നിശ്ചയിച്ചിട്ടുണ്ടെങ്കിലും അത് സംഭരിക്കുന്നതിനാവശ്യമായ സംവിധാനങ്ങളില്ല. ആയതിനാൽ സഹകരണ സംഘങ്ങളിലൂടെ നാളികേരം സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യം കൃഷി വകുപ്പും കേര ഫെഡുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ്. കേരഫെഡ് ആവശ്യമായ നിർദ്ദേശങ്ങൾ തന്നാൽ അത് പരിഗണിക്കുന്നതാണ്.

**നികുതി ചോർച്ച തടയാൻ നടപടി**

3(*333) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ നികുതി വരുമാനത്തിൽ സംസ്ഥാന ചരക്ക് സേവന നികുതിയും സംയോജിത ചരക്ക് സേവന നികുതിയും എത്ര വീതമായിരുന്നെന്ന് അറിയിക്കാമോ;

(ബി) ദേശീയ സാമ്പിൾ സർവ്വേ പ്രകാരം രാജ്യത്ത് ഏറ്റവും ഉയർന്ന തോതിലുള്ള ഉല്പന്ന, സേവന ഉപഭോഗം സംസ്ഥാനത്തുണ്ടായിട്ടും തദനുസൃതം ചരക്ക് സേവന നികുതി വരുമാനത്തിൽ വർദ്ധനയുണ്ടാകാത്തതിനുള്ള കാരണം പരിശോധനാവിധേയമാക്കിയിരുന്നോ;

(സി) ആഭ്യന്തര ഉപഭോഗ വസ്തുക്കളുടെ ഉദ്ദേശം എൺപത് ശതമാനവും സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്നുവെന്ന കണക്കിന്റെയടിസ്ഥാനത്തിൽ സംയോജിത ചരക്ക് സേവന നികുതിയിൽ കാര്യമായ

ചോർച്ചയുണ്ടാകുന്നുവെന്ന് അനുമാനിക്കപ്പെടുന്നതിനാൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) വ്യാജരേഖ ചമച്ച് ഇൻപുട്ട് ടാക്സ് വെട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച പരിശോധന കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) 2021-22 സാമ്പത്തിക വർഷത്തെ ചരക്ക് സേവന നികുതിയുടേയും സംയോജിത ചരക്ക് സേവന നികുതിയുടേയും വിവരം ചുവടെ ചേർക്കുന്നു;

| | |
|---|---|
| SGST (in Cr) | 9887.02 |
| IGST Settlement (in Cr) | 12440.48 |
| IGST Ad hoc Settlement (in Cr) | 1657.79 |

(ബി) ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ വേണ്ടത്ര വർദ്ധനയുണ്ടായില്ല. ജി.എസ്.ടി.

നടപ്പിലാക്കിയതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതെയായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന്റെ പ്രധാന കാരണങ്ങളാണ്. ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും കഴിയാത്ത സ്ഥിതിയാണുള്ളത്.

രാജ്യത്തൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടാകുന്ന വളർച്ചയ്ക്ക് ആനുപാതികമായി കേരളത്തിലും വർദ്ധനവുണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതുപ്രകാരമുള്ള 14 ശതമാനം നികുതി വർദ്ധന ഇതുവരെ പ്രാപ്യമായിട്ടില്ല.

(സി) ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി

ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും കഴിയാത്ത സ്ഥിതിയാണുള്ളത്. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയത് ജി.എസ്.ടി.-യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ടെങ്കിലും തുടർന്ന് ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കിയതിലൂടെ ഒരുപരിധിവരെ നികുതി വെട്ടിപ്പ് തടയാൻ കഴിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ പരിശോധന കൂടുതൽ കാര്യക്ഷമാക്കുന്നതിനായി സംസ്ഥാനത്ത് Automatic Number Plate Recognition (ANPR) നടപ്പിലാക്കി. ഇതിലൂടെ ഇ-വേ ബിൽ ഇല്ലാതെ സംസ്ഥാനത്തിനകത്തേയ്ക്ക് പ്രവേശിക്കുന്ന ചരക്ക് വാഹനങ്ങളുടെ വിവരം അപ്പപ്പോൾത്തന്നെ SMS അലർട്ട് മുഖേന വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാക്കാനും അത്തരം വാഹനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ANPR സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്തും കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വ്യാജരേഖ ചമച്ച് ഇൻപുട്ട് ടാക്സ് വെട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ജി.എസ്.ടി.

വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ, ഇന്റലിജൻസ് വിഭാഗങ്ങൾ വ്യാജ രേഖകളിലൂടെ ഇൻപുട്ട് ടാക്സ് വെട്ടിക്കുന്നവരെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. ഇത്തരക്കാർക്കെതിരെ ജി.എസ്.ടി. നിയമപ്രകാരം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം കേസുകൾ കണ്ടെത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഉദ്യോഗസ്ഥർക്ക് ആറ് ദിവസത്തെ പ്രത്യേക പരിശീലനം നൽകുകയുണ്ടായി. വൻതോതിൽ നികുതി വെട്ടിപ്പിന് നേതൃത്വം നൽകിയ മൂന്ന് പേരെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം ജാമ്യമില്ലാ വകുപ്പുകൾ ചുമത്തി അറസ്റ്റ് ചെയ്യുകയുണ്ടായി. വ്യാജ ഇൻപുട്ട് ടാക്സ് വെട്ടിപ്പ് സംഘങ്ങൾ പലപ്പോഴും സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനാൽ ഇത്തരം സംഘങ്ങളെ കണ്ടെത്തുന്നതിനും അമർച്ച ചെയ്യുന്നതിനും കേന്ദ്ര നികുതി രഹസ്യാന്വേഷണ വിഭാഗത്തെയും മറ്റു സംസ്ഥാനങ്ങളിലെ നികുതി വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ജി.എസ്.ടി. കൗൺസിൽ തീരുമാനങ്ങൾ ധനപരമായ ഫെഡറലിസത്തിന് എതിരാകുന്നുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ ഏത് തരത്തിലാണെന്ന്

വിശദീകരിക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ജി.എസ്.ടി. കൗൺസിൽ നിയമങ്ങൾ സംബന്ധിച്ച് അടുത്ത കാലത്ത് സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയിൽ ജി.എസ്.ടി. സംസ്ഥാനങ്ങൾ നിർബന്ധമായും ഏറ്റെടുക്കണമെന്നല്ല അഡ്വൈസറി രൂപത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് സംസ്ഥാനങ്ങൾക്ക് കുറച്ചുകൂടി സ്വാതന്ത്ര്യം നൽകുന്നതിന് സഹായകരമായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ താൽപര്യം തീരെ സംരക്ഷിക്കാതെ വരുന്ന ഘട്ടത്തിൽ സ്വതന്ത്രമായ നിലപാടെടുക്കാൻ നിയമപരമായ അവസരം നൽകുന്നതോടൊപ്പം സംസ്ഥാനങ്ങളെയും കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തെയും കുറച്ചുകൂടി ശക്തിപ്പെടുത്തുന്ന വിധിയാണത്. കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തിന്റെ കൺസെപ്റ്റ് കൃത്യമായി പാലിക്കണമെന്ന് പറഞ്ഞാണ് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിരിക്കുന്നത്. അത് സംസ്ഥാനങ്ങൾക്ക് അനുകൂലമാണ്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, സമീപകാലത്തുണ്ടായ സുപ്രീംകോടതി വിധിയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഈ അവകാശം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിൽ

സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇക്കാര്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചതിന്റെ ഫലമായി സംസ്ഥാനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ ശക്തമായി ഉയർന്നുവരുന്നുണ്ട്. വലുതും ചെറുതുമായ എല്ലാ സംസ്ഥാനങ്ങളും ചേരുന്ന ജി.എസ്.ടി. കൗൺസിലിൽ ഒരുപോലെയാണ് അഭിപ്രായങ്ങൾ കൈകാര്യം ചെയ്യുന്നത്. ജി.എസ്.ടി. കോമ്പൻസേഷനെങ്കിലും തുടർന്നും തരണമെന്ന് എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെടുകയുണ്ടായി. പലതരത്തിലാണ് അവരുടെ ആവശ്യമെന്നേയുള്ളൂ. അതായത്, പ്രതിപക്ഷ സംസ്ഥാനങ്ങൾ അഞ്ച് വർഷത്തേയ്ക്ക് നിശ്ചിത തുക വീതം നീട്ടിത്തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾ അല്ലെങ്കിൽ കേന്ദ്രഭരണകക്ഷിയെ സപ്പോർട്ട് ചെയ്യുന്ന സംസ്ഥാനങ്ങൾ എന്തായാലും കോമ്പൻസേഷൻ വേണമെന്നും അതിന് ഉചിതമായ തീരുമാനം കേന്ദ്ര സർക്കാർ എടുക്കണമെന്നുമാണ് പറഞ്ഞത്. പക്ഷെ, കോമ്പൻസേഷൻ വേണമെന്ന കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമില്ല. ഏകാഭിപ്രായമുള്ള സംസ്ഥാനങ്ങളുമായി ഇക്കാര്യങ്ങളെപ്പറ്റി കൂടിയാലോചിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്ത് ജി.എസ്.ടി. വർദ്ധന പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. ഇന്നുമുതൽ നിത്യോപയോഗ സാധനങ്ങളുടെയെല്ലാം വില വൻതോതിൽ വർദ്ധിക്കാൻ പോകുകയാണ്. കേന്ദ്ര സർക്കാർ സാമ്പത്തികമായി സംസ്ഥാനത്തെ വരിഞ്ഞുമുറുക്കുകയാണ്. ജി.എസ്.ടി. നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നില്ലെന്ന് മാത്രമല്ല, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തിന് ലഭ്യമായിരുന്ന വരുമാനവും വൻതോതിൽ വെട്ടിക്കുറയ്ക്കുകയാണ്. ഗുരുതരമായ അവസ്ഥാവിശേഷമാണിത്. അർഹമായ അവകാശം നിഷേധിച്ച് സാമ്പത്തിക അരാജകത്വം സൃഷ്ടിച്ച് സംസ്ഥാന സർക്കാരിനെ ബുദ്ധിമുട്ടിലാക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾ മുൻനിർത്തി സംസ്ഥാനത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പൊതുവിൽ നോക്കുമ്പോൾ ജി.എസ്.ടി. വന്നതിനുശേഷമുള്ള ടാക്സ് വരുമാനത്തിന്റെ യഥാർത്ഥ അവസ്ഥ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നത് നന്നാവുമെന്ന് കരുതുകയാണ്. ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പോ വന്നതുമുതലുള്ള കാര്യങ്ങളോ

പരിശോധിച്ചാൽ മുൻനികുതി സമ്പ്രദായമായ വാറ്റ് ഉണ്ടായിരുന്നപ്പോൾ ഓരോ വർഷവും ശരാശരി 14 ശതമാനം വീതം ടാക്സ് വർദ്ധനയുണ്ടായിരുന്നത് സംസ്ഥാനങ്ങൾക്ക് ഉറപ്പാക്കുമെന്ന വ്യവസ്ഥയിലാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. ആദ്യത്തെ അഞ്ച് വർഷം ആ വ്യവസ്ഥ നടപ്പിലാക്കുമെന്നും അതുകഴിഞ്ഞ് സംസ്ഥാനങ്ങൾ കുറച്ചുകൂടി കേപ്പബിളാകുമ്പോൾ നികുതി വരുമാനത്തിൽ വർദ്ധനയുണ്ടാകുമെന്നുമാണ് പ്രതീക്ഷിച്ചത്. സംസ്ഥാനത്തിന്റെ ടാക്സും 14 ശതമാനം വർദ്ധന കിട്ടുമായിരുന്നെങ്കിൽ അതും തമ്മിലുള്ള വ്യത്യാസമാണ് പ്രൊട്ടക്റ്റഡ് റവന്യൂ. 2017-18-ൽ 2,102 കോടി രൂപ, 2018-19-ൽ 3,532 കോടി രൂപ, 2019-20-ൽ 8,111 കോടി രൂപ, 2020-21-ൽ 12,828 കോടി രൂപ, 2021-22-ൽ 12,850 കോടി രൂപ എന്ന നിലയിലാണ് സംസ്ഥാനത്തിന് പ്രൊട്ടക്റ്റഡ് റവന്യൂ ലഭിച്ചിരുന്നത്. എന്നാൽ ഈ ജൂൺ മാസം മുതൽ അത് കിട്ടുന്നില്ല. അഖിലേന്ത്യാടിസ്ഥാനത്തിൽ 15.5 ശതമാനമായിരുന്ന റവന്യൂ ന്യൂട്രൽ റേറ്റ്. ലോക്സഭാ തെരഞ്ഞെടുപ്പ് വന്നപ്പോൾ കേന്ദ്ര സർക്കാർ ലക്ഷ്വറി സാധനങ്ങളുടെ ടാക്സ് 11 ശതമാനമായി കുറച്ചു. അതായത്, ഈ റേറ്റിൽ മൂന്നിലൊന്ന് ടാക്സ് കുറഞ്ഞു. അതുകൊണ്ട് എത്ര പരിശ്രമിച്ചാലും ഇത് റീഗെയിൻ ചെയ്യാൻ

സാധിക്കുന്നില്ല. അവശ്യസാധനങ്ങളുടെ വിലവർദ്ധിക്കുന്നുവെന്നത് പ്രമാദമായൊരു വിഷയമാണ്. ജി.എസ്.ടി. കൗൺസിലിലും റേറ്റ് സംബന്ധിച്ച കമ്മിറ്റിയിലും കേരളമെടുത്ത ശക്തമായ നിലപാട് വൻതോതിൽ വർദ്ധിപ്പിച്ചിട്ട് കുറച്ച നികുതി, അതായത് 28 ശതമാനത്തിൽനിന്നും 18 ശതമാനത്തിലേയ്ക്കും 12 ശതമാനത്തിലേയ്ക്കും കുറച്ച ലക്ഷ്വറി സാധനങ്ങളുടെ ടാക്സ് പുനഃസ്ഥാപിക്കുക എന്നുള്ളതാണ്. സാധാരണക്കാരെ ബാധിക്കുന്ന കാര്യങ്ങളുടെ ടാക്സ് വർദ്ധിപ്പിക്കാനും പാടില്ല. പക്ഷേ, ഫലത്തിൽ അങ്ങനെയൊരു തീരുമാനമെടുക്കാതെ വീണ്ടും വീണ്ടും നീട്ടിക്കൊണ്ടുപോകുകയാണ്. ബ്രാൻഡഡ്/ലേബൽഡ് അല്ലാത്ത അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ പാടില്ലെന്ന ആവശ്യം സംസ്ഥാന സർക്കാർ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായിട്ടാണ് കേന്ദ്ര സർക്കാർ ഉത്തരവ് ഇറങ്ങിയിരിക്കുന്നതെന്ന സംശയമുണ്ടായതുകൊണ്ട് ചില കാര്യങ്ങളിൽ ക്ലാരിഫിക്കേഷൻ ചോദിച്ചിരുന്നു. ഇന്നലെ രാത്രി അതുസംബന്ധിച്ച് ക്ലാരിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാധാരണക്കാരെ ബാധിക്കുന്ന തരത്തിലേയ്ക്ക് വിലവർദ്ധിപ്പിക്കാൻ പറ്റില്ലെന്നുള്ള നിലപാടെടുക്കും. ഇത്ര

ഉപഭോഗമുണ്ടായിട്ടും എന്തുകൊണ്ടാണ് വേണ്ടത്ര ടാക്സ് കിട്ടാത്തതെന്ന് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ചോദിച്ചിരുന്നു. പുറത്തേയ്ക്ക് പോകുന്നതിന്റെ ഇരട്ടി ഉല്പന്നങ്ങൾ വരുന്നൊരു സംസ്ഥാനമാണ് കേരളം. എന്നിട്ടും എന്തുകൊണ്ട് വേണ്ടത്ര ടാക്സ് സംസ്ഥാനത്തിന് ലഭിക്കുന്നില്ലെന്നത് സംബന്ധിച്ച് സി.ഡി.എസ്.-ന്റെയും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെയും നേതൃത്വത്തിൽ പഠനം നടത്തുന്നുണ്ട്. വകുപ്പിന്റെ പുനഃസംഘടനയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കഴിഞ്ഞ സമ്മേളനത്തിൽ ചോദിച്ചിരുന്നു. അക്കാര്യത്തിന്മേൽ ഏകദേശം തീരുമാനമെടുക്കുന്ന തരത്തിലേയ്ക്കുള്ള ഫയൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ മേഖലയിൽ പുതിയ കാര്യങ്ങൾ ചെയ്യാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള ശ്രമം നടത്തുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ജി.എസ്.ടി. വർദ്ധനയുടെ പശ്ചാത്തലത്തിൽ കേരളം നേരിടാൻ പോകുന്ന വിലക്കയറ്റമടക്കമുള്ള വിഷയങ്ങളെക്കുറിച്ചാണ് ഇന്നത്തെ മാധ്യമങ്ങളിലെ പ്രധാന വാർത്ത. ഈയൊരു പശ്ചാത്തലത്തിൽ ജി.എസ്.ടി. വകുപ്പ് നികുതി സമാഹരണത്തിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ടോ; വിലക്കയറ്റം തടഞ്ഞുനിർത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വിലക്കയറ്റം തടഞ്ഞുനിർത്താൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. നികുതി ഘടനയിൽ മാറ്റങ്ങൾ വരുമ്പോൾ ശക്തമായി ഇടപെടുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ വരുമാനം വർദ്ധിപ്പിക്കുന്നതും ഇതുമായി ബന്ധമില്ല. നികുതി നൽകണമെന്നത് സംബന്ധിച്ച് പലർക്കും ബോധ്യമില്ല. അതുകൊണ്ട് നികുതി എന്റെ ഉത്തരവാദിത്വം എന്ന രീതിയിൽ സംസ്ഥാനത്താകെ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. 'ലക്കി ബിൽ ആപ്പ്' എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. ബിൽ വാങ്ങാൻ പ്രേരിപ്പിക്കുന്ന, ബിൽ വാങ്ങിയിട്ട് അതിന്റെ ഫോട്ടോ എടുത്ത് ആപ്പിൽ അപ്‌ലോഡ് ചെയ്യാൻ കഴിയുന്ന ഒരു സംവിധാനം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. വില വർദ്ധന സാധാരണക്കാരെ ബാധിക്കാതിരിക്കുന്നതിനുള്ള കാര്യങ്ങളാണ് ആലോചിക്കുന്നത്.

ശ്രീ. എ. രാജ: സർ, സംസ്ഥാനത്ത് ജി.എസ്.ടി. വരുമാന ചോർച്ച തടയ k ന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വരുമാന ചോർച്ച തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വ്യാജ ഇൻവോയ്സ് കൊണ്ടുവന്ന് നികുതി വെട്ടിപ്പിന് ശ്രമിച്ചവരെ ജാമ്യമില്ലാ

വകുപ്പനുസരിച്ച് അറസ്റ്റ് ചെയ്തിട്ടുണ്ട്. നിയമത്തിന്റെ പല പഴുതുകളും ഉപയോഗിച്ച് ടാക്സ് വെട്ടിപ്പ് നടക്കുന്നുണ്ട്. രേഖയില്ലാതെ സാധനങ്ങൾ കൊണ്ടുവരുന്നതും കൃത്യമായി ബില്ലുകൾ കൊടുക്കാത്തതും ടാക്സ് കളക്ട് ചെയ്തിട്ട് കച്ചവടക്കാർ അടയ്ക്കാത്തതുമായ പ്രശ്നങ്ങളുമുണ്ട്. തട്ടിപ്പ് കാണിക്കുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ കർശന നിലപാട് സ്വീകരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ജി.എസ്.ടി. കൗൺസിലിൽ നികുതി ഘടന സംബന്ധിച്ചെടുത്ത തീരുമാനത്തിൽനിന്നും വ്യത്യസ്തമായി സംസ്ഥാനങ്ങളറിയാതെ മറ്റൊരുത്തരവ് ഇറങ്ങിയതിന്റെ ഫലമായി അരി ഉൾപ്പെടെയുള്ളവയ്ക്ക് രൂക്ഷമായ വില വർദ്ധനയുണ്ടായ സാഹചര്യത്തിൽ ഇതിൽ കൃത്യത വരുത്താനുള്ള നടപടി സ്വീകരിക്കണം. ജി.എസ്.ടി.-യിലൂടെ ഏറ്റവും കൂടുതൽ വരുമാനവും നികുതി വർദ്ധനയുമുണ്ടാകുമെന്ന് കണക്കാക്കിയ സംസ്ഥാനമാണ് കേരളം. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി 30 ശതമാനത്തിന്റെ നികുതി വർദ്ധനയുണ്ടാകുമെന്ന് കണക്കാക്കിയിരുന്നു. സംസ്ഥാനത്ത് വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുകയാണ്. ഏറ്റവും കൂടുതൽ സ്വർണ്ണക്കള്ളക്കടത്ത് നടത്തുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. സ്വർണ്ണത്തിൽ

നിന്നുള്ള നികുതി വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. 3 ശതമാനം നികുതിയാക്കിയിട്ടുപോലും സ്വർണ്ണത്തിൽനിന്നും നികുതി കിട്ടുന്നില്ല. സ്വർണ്ണത്തിൽനിന്നുമാത്രം ഒരു വർഷം പതിനായിരം കോടി രൂപയെങ്കിലും നികുതി കിട്ടേണ്ട കേരളത്തിൽ എണ്ണൂറും അറുന്നൂറും കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ജി.എസ്.ടി.-യുടെ തുടക്കത്തിലുണ്ടായിരുന്ന അലംഭാവം മാറ്റി നികുതി വെട്ടിപ്പ് തടയാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. ജി.എസ്.ടി. കൗൺസിലിൽ വന്ന പൊതുസങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിലല്ല ഇപ്പോൾ കേന്ദ്രം ഉത്തരവിറക്കിയിരിക്കുന്നത്. സംസ്ഥാനങ്ങളെല്ലാം അക്കാര്യത്തിൽ പ്രതിഷേധം ഉന്നയിച്ചിട്ടുണ്ട്. നമ്മളും ഉദ്യോഗസ്ഥ തലത്തിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അതിൽ ഫോളോഅപ്പ് നടത്തുകയും മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെടുകയും ചെയ്യും. ഇവിടെ ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി ലഭിക്കേണ്ട വരുമാനം വേണ്ടത്ര ലഭിച്ചില്ലെന്നുള്ളത് സത്യമാണ്. കേരളത്തിന്റെ മാത്രമല്ല എല്ലാ സംസ്ഥാനങ്ങളുടെയും പ്രശ്നമാണിത്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ട് കൂടുതൽ വരുമാനം കിട്ടുമെന്ന്

പ്രതീക്ഷിച്ചതാണ്. ഡൽഹിയിൽനിന്ന് ടാക്സ് അടച്ച് കേരളത്തിലേയ്ക്ക് സാധനങ്ങൾ കൊണ്ടുവന്ന് വിൽക്കുകയാണെങ്കിൽ അവിടെ നിന്ന് ടാക്സ് കളക്ട് ചെയ്ത് ഇങ്ങോട്ട് അയച്ചുതരണം. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനമായതിനാൽ പലപ്പോഴും കൃത്യമായ കണക്കുകൾ വരുന്നില്ല. ഉദാഹരണത്തിന്, കേരളത്തിൽ നിന്ന് നൂറോ ഇരുന്നൂറോ കോടി രൂപയുടെ അടയ്ക്കയോ പ്ലൈവുഡോ അയച്ചുവെന്ന വ്യാജരേഖ കാണിച്ച് അവിടെ ടാക്സ് അങ്ങോട്ട് കളക്ട് ചെയ്യും. ഇവിടെ ടാക്സ് തന്നിട്ടുണ്ടാകില്ല. ഇത്തരം ചില കാര്യങ്ങളിൽ അറസ്റ്റൊക്കെ വേണ്ടിവന്നിട്ടുണ്ട്. കൂടാതെ, ബിൽ ട്രേഡിംഗും സർക്കുലർ ട്രേഡിംഗുമൊക്കെ നടക്കുന്നുണ്ട്. അതുപോലെ ബില്ലുകൾ കൊടുക്കാതെയിരിക്കുകയും കളക്ട് ചെയ്യുന്ന പണം അടയ്ക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ആറ് ലക്ഷം കോടി രൂപയുടെ സ്വർണ്ണമാണ് ഇന്ത്യയിൽ ഒരു വർഷം ഇറക്കുമതി ചെയ്യുന്നത്. കേരളത്തിലേയ്ക്ക് ഏകദേശം ഒന്നര ലക്ഷം കോടി രൂപയുടെ സ്വർണ്ണമെങ്കിലും വരുമെന്നാണ് സ്വർണ്ണ വ്യാപാരികളുടെ സംഘടനതന്നെ പറയുന്നത്. അതിൽ ബൾക്കായി കച്ചവടം ചെയ്യുന്നതും പഴയ സ്വർണ്ണവുമുണ്ടാകും. ഇതിൽ കളക്ട് ചെയ്യുന്ന തുക പൂർണ്ണമായി അക്കൗണ്ടിലേയ്ക്ക് വരുന്നില്ല. എല്ലാവരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. കഴിഞ്ഞ വർഷം ഒരു ലക്ഷം കോടി രൂപയിൽ താഴെയുള്ള

സ്വർണ്ണത്തിന്റെ വ്യാപാരമാണ് രേഖയിൽ വന്നത്. അതിനുമുമ്പ് ഒരു ലക്ഷത്തി പന്ത്രണ്ടായിരമുണ്ടായിരുന്നു. വരേണ്ട തുക രേഖയിൽ വരുന്നില്ലെന്ന് മാത്രമല്ല, ഇൻപുട്ട് ടാക്സ് എടുക്കുന്നതിൽ പോരായ്മയുമുണ്ട്. ഇത്തരം കാര്യങ്ങളുള്ളതിനാൽ കേരളത്തിനകത്തുള്ള ട്രേഡിന് ഇൻവോയ്സ് വേണമെന്ന നമ്മുടെ ആവശ്യം ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. സ്വർണ്ണവ്യാപാരത്തിൽ മാത്രമല്ല എല്ലാ മേഖലയിലും ഇത്തരം പ്രവണതകളുണ്ട്. നേരത്തെയുള്ളതുപോലെ വാഹന പരിശോധന മാത്രമല്ല, ഇന്റലിജൻസ്, ഓഡിറ്റിംഗ് തുടങ്ങിയ ആധുനിക രീതികളിൽക്കൂടിയും പരിശോധിക്കാനുള്ള സംവിധാനത്തെക്കുറിച്ചാണ് ആലോചിക്കുന്നത്. ബിൽ വാങ്ങാനുള്ള പ്രേരണയും അവബോധവും ജനങ്ങളിലുണ്ടാക്കണം. അതനുസരിച്ച് മുന്നേറ്റമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ ജനങ്ങളിൽനിന്നും കോമ്പൻസേഷൻ സെസ് ഈടാക്കുന്നത് തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കേന്ദ്ര സർക്കാർ ഇപ്പോഴും കോമ്പൻസേഷൻ സെസ് കളക്ട് ചെയ്യുന്നുണ്ട്. കോവിഡിന്റെ രണ്ട് വർഷം

വരുമാനം കുറവായിരുന്നതുകൊണ്ട് 2025-2026 വരെ കളക്ട് ചെയ്താൽ മാത്രമേ നേരത്തെ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നൽകിയ നഷ്ടപരിഹാരം കൊടുത്തുതീർക്കാൻ കഴിയൂവെന്നാണ് കേന്ദ്ര സർക്കാർ പറയുന്ന ന്യായം. കോമ്പൻസേഷൻ സെസ് ഉൾപ്പെടെ ഉപയോഗിച്ചുകൊണ്ട് ജി.എസ്.ടി. നഷ്ടപരിഹാരം കുറച്ച് കാലത്തേയ്ക്കുകൂടി നീട്ടിത്തരണമെന്നാണ് സംസ്ഥാനം ആവശ്യപ്പെടുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 'One Nation One Tax' എന്ന ജി.എസ്.ടി. സമ്പ്രദായം നിലവിൽ വന്നതിനുശേഷം കേരളത്തിന് പ്രതീക്ഷിച്ചത്ര നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടില്ല. അതിന് പല കാരണങ്ങളുമുണ്ടാകും. ഇന്നലെ പ്രഖ്യാപിച്ച 5 ശതമാനം നികുതി സാധാരണക്കാരെയാണ് കൂടുതൽ ബാധിക്കുന്നത്. അതിനെ ശക്തമായിത്തന്നെ പ്രതിരോധിക്കേണ്ടതുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്നത് സംബന്ധിച്ച് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചപ്പോൾ കേന്ദ്ര സർക്കാർ എന്ത് മറുപടിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; സംസ്ഥാനങ്ങൾക്കെതിരായ കേന്ദ്രസർക്കാരിന്റെ

നയങ്ങൾക്കെതിരായി എല്ലാ പ്രതിപക്ഷ സംസ്ഥാനങ്ങളെയും ഒരുമിച്ച് കൊണ്ടുപോകുന്നതിന് കേരളം മുൻകയ്യെടുക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് ചോദിച്ച ചോദ്യങ്ങൾ കേരളത്തിന്റെ പൊതു താൽപര്യവുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹം അവസാനം ചോദിച്ച ചോദ്യത്തിന് ഞാൻ ആദ്യം മറുപടി പറയാം. സംസ്ഥാനങ്ങൾക്കെതിരായ കേന്ദ്രസർക്കാരിന്റെ നയങ്ങൾക്കെതിരായി പ്രതിപക്ഷ സംസ്ഥാനങ്ങളെ ഒരുമിച്ചു കൊണ്ടുപോകാനുള്ള ശ്രമം നേരത്തെ നടത്തിയിട്ടുണ്ട്; ഇനിയും നടത്തും. എല്ലാ സംസ്ഥാനങ്ങൾക്കും പരാതിയുണ്ടെങ്കിലും രാഷ്ട്രീയമായി അവർക്കത് പറയാനുള്ള ബുദ്ധിമുട്ടുണ്ട്. കോൺഗ്രസ് ഗവൺമെന്റുകളുടെ സഹായത്തോടെ എല്ലാ സംസ്ഥാനങ്ങളെയും പ്രത്യേകിച്ച് പ്രതിപക്ഷ സംസ്ഥാനങ്ങളെ യോജിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാനുള്ള കാര്യങ്ങൾ ചെയ്യാം. ജി.എസ്.ടി. നഷ്ടപരിഹാരം സംബന്ധിച്ച് രണ്ട് തരത്തിലുള്ള ആവശ്യമാണ് ഉയർന്നുവന്നത്. പണത്തിന് ആവശ്യമുള്ളതുകൊണ്ട് നഷ്ടപരിഹാരം അഞ്ച് വർഷം നീട്ടണമെന്നാണ് പ്രതിപക്ഷ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതെങ്കിൽ ഭരണകക്ഷി സംസ്ഥാനങ്ങൾ ഉചിതമായ തീരുമാനമെടുക്കണമെന്നാണ് പറഞ്ഞത്. എന്നാൽ, കൃത്യമായ തീരുമാനം പറയാതെയാണ് കൗൺസിൽ

പിരിഞ്ഞത്. അടുത്ത ജി.എസ്.ടി. കൗൺസിൽ യോഗം ആഗസ്റ്റ് മാസം ഒന്നാം തീയതി മധുരയിൽ വച്ച് ചേരുമെന്ന് പറഞ്ഞിട്ടുണ്ട്. അതിൽ ഇക്കാര്യങ്ങൾ ചർച്ചാവിഷയമായി വരുമെന്ന് പ്രതീക്ഷിക്കുകയാണ്; ഇല്ലെങ്കിൽ അതിനനുസരിച്ച് കാര്യങ്ങൾ ആലോചിക്കേണ്ടിവരും. ടാക്സ് റിട്ടേൺ സിസ്റ്റമാറ്റിക്കാക്കുന്നതിന് കമ്പ്യൂട്ടറൈസേഷനിലും GST in backend-ലുമുള്ള പോരായ്മകൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. കച്ചവടക്കാരിൽനിന്നും കച്ചവടക്കാരിലേയ്ക്ക് പോകുന്നതിനുപുറമെ കച്ചവടക്കാരിൽനിന്നും കസ്റ്റമറിലേയ്ക്ക് പോകുന്ന ബില്ലുകൾകൂടി ഈ സിസ്റ്റത്തിൽ വന്നാൽ മാത്രമേ കൃത്യമായ കണക്കറിയാൻ കഴിയുകയുള്ളൂ. ഇപ്പോൾ അങ്ങനെയൊരു കണക്കില്ല, ഭാവിയിൽ അത് നടപ്പിൽവരും. കഴിഞ്ഞ ദിവസം തിരുവനന്തപുരം എയർപോർട്ടിലെ ഒരു കച്ചവടക്കാരനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത്, "ഞങ്ങൾ എയർപോർട്ട് മാനേജ്മെന്റിന്റെ സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്, ഞങ്ങൾ നടത്തുന്ന കച്ചവടത്തിന്റെ ബില്ലൊക്കെ അതിൽ വരുന്നു, അതിന്റെ 18 ശതമാനം കമ്പനിക്ക് പോകും" എന്നാണ്. ഇത്തരം കാര്യങ്ങൾ കച്ചവടത്തിൽ പലയിടത്തും നടക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ മഹാഭൂരിപക്ഷം വരുന്ന കച്ചവടത്തിന്റെ വരുമാനവും കണക്കിൽ വരുന്നില്ല. സിസ്റ്റത്തിലെ പോരായ്മകൾ പരിഹരിക്കാൻ

ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കരിമണൽ ഖനനം സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം

4 (*334) ശ്രീ. എച്ച്. സലാം:
ശ്രീ എം നൗഷാദ്:
ഡോ സുജിത് വിജയൻപിള്ള:
ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കെ.എം.എം.എൽ.-ന് ഒരു പൊതുമേഖല സ്ഥാപനത്തിന് കൈവരിക്കാനായ ഏറ്റവും ഉയർന്ന ലാഭം നേടാനായിട്ടുണ്ടോ; കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിറ്റുവരവും ലാഭവും എത്രയെന്ന് അറിയിക്കാമോ?

ഉണ്ട്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) 1058 കോടി രൂപയുടെ വിറ്റുവരവും 310 കോടി രൂപയുടെ ലാഭവും കൈവരിച്ചിട്ടുണ്ട്.

(ബി) 1957-ലെ മൈൻസ് ആന്റ് മിനറൽസ് നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) കരിമണൽ ഖനനം സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

(ബി & സി) ഉണ്ട്.

(ഡി) കരിമണൽ ഖനനത്തിന്റെ സ്വകാര്യവൽക്കരണത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; ധാതുക്കളുടെ ഖനനാനുമതി നൽകാനുള്ള സംസ്ഥാനത്തിന്റെ അധികാരം കവർന്നുകൊണ്ട് കേന്ദ്ര സർക്കാർ നിയമ നിർമ്മാണം നടത്തുന്നത് സ്വീകാര്യമല്ലെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

കരിമണൽ ഖനനത്തിൽ സ്വകാര്യവൽക്കരണം പാടില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. 1957- ലെ മൈൻസ് & മിനറൽസ് (ഡെവലപ്പ്മെന്റ് & റെഗുലേഷൻ) ആക്ടിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ ഭരണഘടനാപരവും

രാജ്യസുരക്ഷാപരവും പാരിസ്ഥിതികവും സാമൂഹ്യ-സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് ദോഷകരമാണെന്ന് വിലയിരുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ തീരുമാനത്തിലുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ഇക്കാര്യം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഭേദഗതി നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഗൗരവമേറിയ വിഷയം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ചർച്ച ചെയ്യുകയും മേൽ ഭേദഗതി നിർദ്ദേശങ്ങളിൽ ഭരണഘടന ലംഘനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രതിരോധിക്കുന്നതിന് ആവശ്യമായ തുടർ നിയമ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിക്ക് സാമ്പത്തിക സഹായം**

5 (*335) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിക്ക് സർക്കാർ സാമ്പത്തിക സഹായം പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കുമോ;

(ബി) സാമ്പത്തിക സഹായം പിൻവലിക്കാനുള്ള തീരുമാനം കമ്പനിയുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) പ്രസ്തുത തീരുമാനം സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നവരിൽ ആശങ്ക സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(എ-സി) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി രൂപീകരിച്ച കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ സാമൂഹ്യ ക്ഷേമ പ്രവർത്തനമായ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിന്റെ ചുക്കാൻ പിടിക്കുന്ന കമ്പനിയെ സാമ്പത്തിക കാര്യങ്ങളിലടക്കം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ മാത്രമാണ് സർക്കാർ കൈക്കൊണ്ടു പോന്നിട്ടുള്ളത്.

## കിഫ്ബി പദ്ധതികൾക്കുള്ള വായ്പ

6 (*336) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വായ്പയെടുത്ത് നടപ്പാക്കുന്ന പല പദ്ധതികളും പാതിവഴിയിൽ നിലച്ചുപോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിമാർ, എല്ലാ നിയോജകമണ്ഡലങ്ങളിലേയും ബഹുമാനപ്പെട്ട എം.എൽ.എ-മാർ, ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാർ/ഉദ്യോഗസ്ഥർ, വകുപ്പ് ഡയറക്ടർമാർ, സ്ഥാപന മേധാവികൾ, ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രതിനിധികൾ തുടങ്ങിയവരുമായി നിരന്തരം കൂടിക്കാഴ്ചകളും അവലോകന യോഗങ്ങളും കത്തിടപാടുകളും കിഫ്ബിയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

കൂടാതെ, ടി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിൽ പദ്ധതി നിർവ്വഹണ ഏജൻസികൾ ആവശ്യപ്പെടുന്നപക്ഷം നിലവിലെ ചട്ടങ്ങൾക്കനുസൃതമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നതോടൊപ്പം പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കിഫ്ബി നൽകിവരുന്നു.

(ബി) വികസന പദ്ധതികൾക്കായി വായ്പ എടുത്ത തുക ഉപയോഗിക്കാതെ അതിന് പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ ആയതിന്റെ കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) കൂടിയ പലിശയ്ക്ക് വിവിധ ഏജൻസികളിൽനിന്ന് കടമെടുത്ത തുക കുറഞ്ഞ പലിശയ്ക്ക് ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ആയതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന അധിക ബാദ്ധ്യത എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കണക്കുകൾ വെളിപ്പെടുത്താമോ?

(ബി & സി) 70,000 കോടിയിൽപ്പരം അടങ്കൽത്തുക വരുന്ന 993 ബൃഹത് പദ്ധതികളാണ് കിഫ്ബി വഴി നിലവിൽ നടപ്പിലാക്കിവരുന്നത്. ഇതിൽ 20,000 കോടിയോളം രൂപ വൻകിട ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കായുള്ളവയാണ്. ഇവയെല്ലാം സംസ്ഥാനത്തിന്റെ സമഗ്രമായ

സാമൂഹ്യ-സാമ്പത്തിക വികസനത്തിന് സുപ്രധാനമായ പങ്കുവഹിക്കുന്നു. ഈ പദ്ധതികൾ വിവിധ ബജറ്റ് പ്രസംഗങ്ങളിലൂടെയും മന്ത്രിസഭാ തീരുമാനങ്ങളിലൂടെയും കിഫ്ബിയിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. നിലവിൽ ഈ പദ്ധതികളെല്ലാംതന്നെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കിഫ്ബി പദ്ധതികൾക്കായുള്ള എല്ലാ ധനസമാഹരണ പ്രവൃത്തികളും ശരാശരി 8 മുതൽ 15 മാസം വരെ നീളുന്ന ദീർഘമേറിയ നടപടിക്രമങ്ങൾക്ക് ശേഷമാണ് യാഥാർത്ഥ്യമാകുക. കൂടാതെ നിലവിൽ 6 മാസം മുതൽ 1 വർഷത്തേയ്ക്ക് പദ്ധതി നിർവ്വഹണത്തിനുവേണ്ട തുകയാണ് കിഫ്ബി ലിക്വിഡ് ഫണ്ടായി കരുതിവരുന്നത്. ചെറിയ ബില്ലുകൾ മുതൽ ഭൂമി ഏറ്റെടുക്കലിനാവശ്യമായ 300 മുതൽ 1500 കോടിയോളം വരുന്ന രൂപയുടെ ബില്ലുകളും കിഫ്ബിയിൽ സമർപ്പിക്കപ്പെടാറുണ്ട്. ഇത്രയും വലിയ തുകകൾ പെട്ടെന്ന് വിപണിയിൽനിന്ന് കണ്ടെത്താൻ കഴിയുകയില്ല. അങ്ങനെ ശ്രമിക്കുന്നപക്ഷം വലിയ നിരക്കിൽ പണം കടമെടുക്കേണ്ടിവരും. അതോടൊപ്പം കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC) 6 മാസക്കാലയളവിൽ ഫിഡലിറ്റി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കേണ്ടതായുണ്ട്. ഇതിൽ വരുന്ന 6 മാസക്കാലയളവിലേയ്ക്കുള്ള

എല്ലാ ബാദ്ധ്യതകൾക്കും ചെലവുകൾക്കും ആവശ്യമായ തുക കിഫ്ബിയുടെ കൈവശമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഇക്കാരണങ്ങളാലാണ് ഫണ്ട് മുൻകൂറായി ലോഡ് ചെയ്യേണ്ടതായിവരുന്നത്.

ഇത്തരത്തിൽ ഫണ്ടിന്റെ ഫ്രണ്ട് ലോഡിംഗ് വഴി നഷ്ടം വന്നുവെന്ന് പറയാൻ കഴിയില്ല. എന്തെന്നാൽ അനിയന്ത്രിതമായ ധനസമാഹരണമല്ല കിഫ്ബി നടത്തുന്നത്. കിഫ്ബി അതിന്റെ പ്രവർത്തന രീതിക്ക് അനുയോജ്യമായ രീതിയിൽ വികസിപ്പിച്ച ഒരു ALM (അസറ്റ് ലയബിലിറ്റി മാനേജ്മെന്റ്) സോഫ്റ്റ്‌വെയർ ഇതിന് സഹായിക്കുന്നുണ്ട്. ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ ഫണ്ട് ആവശ്യകത, അവയുടെ നിർമ്മാണ പുരോഗതി, നിലവിലെ വായ്പകളുടെ തിരിച്ചടവ്, ആക്ട് പ്രകാരം ലഭിച്ചുവരുന്ന തുക എന്നിങ്ങനെ വിവിധ ഘടകങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് ധനസമാഹരണത്തിനായുള്ള ഒരു പദ്ധതി ALM സോഫ്റ്റ്‌വെയർ നൽകുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് കിഫ്ബി ധനസമാഹരണം ആസൂത്രണം ചെയ്യുന്നത്. ഇത്തരത്തിൽ സമാഹരിക്കുന്നതിൽ ഉടനടി ആവശ്യമില്ലാത്ത തുക സുരക്ഷിതവും മികച്ച ലാഭം നൽകുന്നതുമായ നിക്ഷേപങ്ങളിൽ നിക്ഷേപിച്ചുവരുന്നു. ഈ നിക്ഷേപങ്ങൾ നെഗറ്റീവ് ക്യാരി (വായ്പകളുടെയും

നിക്ഷേപങ്ങളുടെയും പലിശ തമ്മിലുള്ള അന്തരം) പരമാവധി കുറയ്ക്കുന്നതുമാണെന്ന് ഉറപ്പുവരുത്താറുണ്ട്.

ധനകാര്യ മാനേജ്മെന്റിൽ പ്രാഗത്ഭ്യമുള്ള കിഫ്ബിയുടെ ബോർഡ് അംഗങ്ങൾ ഉൾപ്പെടുന്ന ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയാണ് നിക്ഷേപം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്. ധനവിപണിയിലെ സാഹചര്യങ്ങൾ അവലോകനം നടത്തി കിഫ്ബിക്ക് അനുയോജ്യമായ നിക്ഷേപനയം ഈ കമ്മിറ്റി അംഗീകരിക്കുന്നു. കാലാകാലങ്ങളിൽ ഇവ ഉചിതമായി പുതുക്കുകയും ചെയ്യാറുണ്ട്. കിഫ്ബിയുടെ പക്കൽ ആവശ്യത്തിന് ഫണ്ടില്ലെന്ന പ്രചാരണം ഇടക്കാലത്ത് ചില കോണുകളിൽനിന്നും സൃഷ്ടിക്കപ്പെട്ടിരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച ഫ്രണ്ട് ലോഡിംഗ് വഴി ആവശ്യത്തിന് ഫണ്ട് കിഫ്ബിയുടെ പക്കലുണ്ട് എന്നത് കരാറുകാർ തിരിച്ചറിയുകയും അത് അവർക്ക് ആത്മവിശ്വാസം നൽകുകയും ചെയ്യുന്നു. കാലതാമസമില്ലാതെ ഉടൻ ഫണ്ട് ലഭിക്കുന്നു എന്നത് കരാറുകാരെ അവർ സാധരണ ക്വാട്ട് ചെയുന്ന ടെണ്ടർ തുകകളിൽനിന്നും കുറഞ്ഞ തുകയിൽ ക്വാട്ട് ചെയുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

## സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനുള്ള

## നൂതന പദ്ധതികൾ

7 (*337) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും വ്യവസായ നിക്ഷേപാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് മുൻസർക്കാരിന്റെ കാലത്ത് 2018-ലെ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' നിർമ്മിക്കുകയുണ്ടായി. ഇതിനുപുറമെ ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1) K-SWIFT**- കേരളത്തിൽ സംരംഭം തുടങ്ങുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**2) Investment Facilitation Bureau**- സംസ്ഥാനത്ത് 2019-ൽ നടപ്പിലാക്കിയിട്ടുള്ള ' കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം, കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്ക് സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില അനുമതികൾ ഒഴിവാക്കാനാവുന്ന വിധം മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ

സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

**3) Centralised Inspection System**- വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധന സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധന സംവിധാനം ഒരുക്കിയിട്ടുള്ളത്. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ആവശ്യമായ മറ്റു വകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധന സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്.

4) **നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റി രൂപീകരണം**- വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി

പരിഹരിക്കുന്നതിനുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്.

**5) കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കാനുള്ള നടപടികൾ-** സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലെ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപവത്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട്, പ്രസ്തുത കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിഗണനയിലാണ്.

**6) എം.എസ്.എം.ഇ. ക്ലിനിക്-**

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി റിസോഴ്സ് പേഴ്സനെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു.

**7) സംരംഭക വർഷം-** 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടു. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ട് വരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതുമാണ് ക്യാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു. സംരംഭക വർഷവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ നിയമസഭ ജനപ്രതിനിധികളേയും ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയും

മണ്ഡലാടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ജനപ്രതിനിധികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നിലവിലുള്ള എം.എസ്.എം.ഇ.- കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം.

2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം.

4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി.

5. എം.എസ്.എം.ഇ.-കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ.

6. സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായം.

7. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി.

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതുവഴി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ബി&സി) ചെറുകിട സൂക്ഷ്മ വ്യവസായങ്ങളുടെ വളർച്ചയെ പ്രോൽസാഹിപ്പിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ആവിഷ്കരിച്ച പ്രത്യേക ധനസഹായ പദ്ധതിയാണ് മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തരംതിരിച്ചിരിക്കുന്നു:

1) <u>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ</u>

ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ട് കോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി

നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ്, upfront ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ് ഒരു വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

2) <u>സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ</u>

നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ട് വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ടി വായ്പയുടെ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% (floating) പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്.

(ഡി) കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ എന്നിവിടങ്ങളിലുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ, കിനാലൂർ, കോഴിക്കോട്, 310.71 ഏക്കറിൽ സ്ഥിതി ചെയ്യുന്നു. ഒന്നാം ഘട്ടത്തിൽ ഏകദേശം 159 ഏക്കറിൽ ഗേറ്റ് ഹൗസ്, റോഡ്, ഡ്രെയിനേജ്, വൈദ്യുതി, ജലവിതരണം, കോമ്പൗണ്ട് ഭിത്തി, ഭരണനിർവഹണ കെട്ടിടം, ക്രെഷ് കെട്ടിടം, ഹോസ്റ്റൽ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നിലവിൽ 88 യൂണിറ്റുകൾ/ സ്ഥാപനങ്ങൾക്കാണ് ഭൂമി അനുവദിച്ചിരിക്കുന്നത്. അതിൽ 56 യൂണിറ്റുകളും പ്രവർത്തനക്ഷമമാണ്. ബാക്കി യൂണിറ്റുകൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ പാർക്കിൽ ഏകദേശം 300 കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്നും 3000-ത്തിൽപ്പരം പേർക്ക് തൊഴിൽ നൽകപ്പെടുമെന്നുംം പ്രതീക്ഷിക്കുന്നു. രണ്ടാംഘട്ട വികസനമെന്ന നിലയിൽ ബാക്കിയുള്ള 151 ഏക്കർ ഭൂമി, സർക്കാർ നിർദേശപ്രകാരം ഇപ്പോൾ AIIMS പ്രോജക്ടിന് വിട്ടുനൽകി.

കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ വലിയവെളിച്ചം, കണ്ണൂർ 250 ഏക്കറിൽ സ്ഥിതി ചെയ്യുന്നു. ഒന്നാംഘട്ടത്തിൽ ഏകദേശം 177 ഏക്കറിൽ ഗേറ്റ് ഹൗസ്, റോഡ്, ഡ്രെയിനേജ്, വൈദ്യുതി, ജലവിതരണം, കോമ്പൗണ്ട് ഭിത്തി, ഭരണനിർവഹണ കെട്ടിടം, ക്രെഷ്

കെട്ടിടം, ഹോസ്റ്റൽ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നിലവിൽ 81 യൂണിറ്റുകൾ/ സ്ഥാപനങ്ങൾക്കാണ് ഭൂമി അനുവദിച്ചിരിക്കുന്നത്. അതിൽ 47 യൂണിറ്റുകളും പ്രവർത്തനക്ഷമമാണ്. ബാക്കി യൂണിറ്റുകൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ പാർക്കിൽ ഏകദേശം 350 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നും 3000-ത്തിൽപ്പരം പേർക്ക് തൊഴിൽ നൽകപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ട വികസനമെന്ന നിലയിൽ ബാക്കിയുള്ള 73 ഏക്കർ ഭൂമി റോഡുകൾ, ഡ്രെയിനേജ് സിസ്റ്റം, കോമ്പൗണ്ട് ഭിത്തി, വൈദ്യുതി, ജലവിതരണം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളോടെ വികസിപ്പിക്കുന്നതിന് ടെണ്ടർ നടപടികൾ തുടങ്ങിയിട്ടുണ്ട്.

ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ ചേർത്തല, ആലപ്പുഴയുടെ ഒന്നാം ഘട്ടത്തിൽ 176 ഏക്കറിൽ ഗേറ്റ് ഹൗസ്, റോഡ്, ഡ്രെയിനേജ്, വൈദ്യുതി, ജലവിതരണം, കോമ്പൗണ്ട് ഭിത്തി, ഭരണനിർവഹണ കെട്ടിടം, ക്രെഷ് കെട്ടിടം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നിലവിൽ 31 യൂണിറ്റുകൾ/സ്ഥാപനങ്ങൾക്കാണ് ഭൂമി അനുവദിച്ചിരിക്കുന്നത്. അതിൽ 22 യൂണിറ്റുകളും പ്രവർത്തനക്ഷമമാണ്. ബാക്കി യൂണിറ്റുകൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## സ്വർണ്ണാഭരണ വില്പനയിന്മേലുള്ള ജി.എസ്.ടി. വരുമാനം

8 (*338) ശ്രീ. പി. വി. അൻവർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പ്രാബല്യത്തിലായതിനുശേഷം സ്വർണ്ണാഭരണ വില്പനയിന്മേലുള്ള ജി.എസ്.ടി. വരുമാനത്തിൽ കാര്യമായ വർദ്ധനയുണ്ടാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. പ്രാബല്യത്തിലായതിനുശേഷം 2017-18 മുതൽ 2021-22 വരെ സ്വർണാഭരണം ഉൾപ്പടെ സ്വർണ്ണ വില്പനയിന്മേലുള്ള എസ്.ജി.എസ്.ടി വരുമാനവും വളർച്ച നിരക്കും (സൂചക കണക്കുകൾ) അനുബന്ധമായി ചേർക്കുന്നു+.

(ബി) സ്വർണ്ണാഭരണങ്ങളിന്മേൽ താരതമ്യേന കുറഞ്ഞ നികുതി നിരക്ക് മാത്രമേ ചുമത്തുന്നുള്ളൂവെങ്കിലും നികുതി വെട്ടിപ്പ് വ്യാപകമാണെന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രശ്നം പരിഹരിക്കാൻ ഇ-വേ ബിൽ ഏർപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ടോ?

സ്വർണ്ണത്തിന്റെ സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കങ്ങൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്നതിന് 2022 ജൂൺ 28, 29 തീയതികളിൽ നടന്ന നാല്പത്തിയേഴാമത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ തീരുമാനമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. ചട്ട ഭേദഗതി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുറപ്പെടുവിക്കുന്നമുറയ്ക്ക് നിയമം പ്രാബല്യത്തിൽ വരും.

(സി) ജി.എസ്.ടി. സംവിധാനം ദേശീയ നെറ്റ്‌വർക്കിന്റെ ഭാഗമായി പ്രവർത്തിക്കാൻ ആരംഭിച്ചത് സംസ്ഥാനത്തിന് എത്രമാത്രം പ്രയോജനം ചെയ്യുമെന്ന് വിശദമാക്കാമോ?

സംസ്ഥാന ജി.എസ്.ടി. വകുപ്പ് 01-03-2022 മുതൽ GSTN വികസിപ്പിച്ച ദേശീയ തലത്തിലുള്ള GST ബാക്ക് ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്ക് മാറി. ഇതുവഴി ജി.എസ്.ടി. നിയമത്തിൽവരുന്ന മാറ്റത്തിനനുസരിച്ച് തത്സമയം സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നതിന് സാധിക്കും. കൂടാതെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനും ഇത്

സഹായിക്കും. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട മറ്റ് സംസ്ഥാനങ്ങളിലെ നല്ല മാതൃകകളുംകൂടി ഇതുവഴി ലഭ്യമാകും. ഈ സംവിധാനംവഴി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളും പൂർണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുവാൻ സാധിച്ചു.

## സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

9 (*339) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ്ുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധാരണക്കാരന് വലിയ ആശ്വാസമായ സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സഹകരണ മേഖലയിൽ സമഗ്രമായ മാറ്റം ലക്ഷ്യമിട്ടും സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന സഹകരണ മേഖലയിൽ

നിലവിലുണ്ടായിരുന്ന ത്രിതല സംവിധാനത്തിനുപകരം സഹകരണ മേഖലയുടെ അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് ദ്വിതല സംവിധാനത്തിലേയ്ക്ക് സംസ്ഥാനത്തെ സഹകരണ മേഖലയെ മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി കേരള ബാങ്ക് രൂപീകരിച്ചു. ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്കുള്ള മാറ്റം കേരള ബാങ്കിന്റെ അംഗങ്ങളും ഓഹരി ഉടമകളുമായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്കും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇടയാക്കി. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അടിത്തറയായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ വഴി കേരളത്തിലെ ഗ്രാമീണ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പാക്കാൻ സാധിച്ചു. സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനായി വിവിധ തലത്തിലുള്ള പദ്ധതികൾ കേരള ബാങ്ക് നടപ്പിലാക്കിവരുന്നു. ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറിയതുവഴി സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾവഴി കർഷകർക്ക് അനുവദിച്ചുവരുന്ന കാർഷിക വായ്പയുടെ പലിശ നിരക്ക് 6 ശതമാനമായി കുറവ് വരുത്തി. നബാർഡിൽ നിന്നുള്ള പലിശ സബ്‌വെൻഷനുശേഷം 3

ശതമാനം പലിശയ്ക്ക് കർഷകർക്ക് വായ്പ ലഭിക്കുന്നതിന് കഴിയുന്ന സാഹചര്യമുണ്ടാക്കി. കേരള ബാങ്കിന്റെ രൂപീകരണത്തിലൂടെ നിരവധിയായ വായ്പ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇടത്തരം, സൂക്ഷ്മ സംരംഭങ്ങൾക്കായി വിവിധ തരത്തിലുള്ള വായ്പ പദ്ധതികൾ കുറഞ്ഞ പലിശ നിരക്കിൽ കേരള ബാങ്ക് മുഖേന അനുവദിക്കുന്നു. വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനായി വിദ്യാനിധി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തെ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ ബാങ്കിംഗ് സംസ്ഥാനമായി ആഗസ്റ്റ് 15-ന് പ്രഖ്യാപിക്കുന്ന കേന്ദ്ര സർക്കാരിന്റേയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടേയും പദ്ധതിയുടെ ഭാഗമായി ബാങ്കിംഗ് സാങ്കേതികവിദ്യയും സാമ്പത്തിക സാക്ഷരതാ അവബോധവും ഗ്രാമപ്രദേശങ്ങളിൽ എത്തിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി കേരള ബാങ്കിന്റെ ATM ഡെമോൺസ്ട്രേഷൻ വാഹനങ്ങൾ സംസ്ഥാനത്താകെ സഞ്ചരിച്ചുവരുന്നു.

ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചെലവിൽ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിനായി കേരള ബാങ്കിൽ അതിനൂതന കോർ ബാങ്കിംഗ് സംവിധാനം ഉടൻ നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കോവിഡ്/പ്രളയം എന്നിവ മുഖേന

ദുരിതത്തിലായ വായ്പക്കാർക്ക് റിസർവ് ബാങ്ക്/സംസ്ഥാന സർക്കാർ അനുമതിയോടുകൂടിയുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പരമാവധി ഇളവുകളും കേരള ബാങ്ക് മുഖേന അനുവദിച്ചുവരുന്നു.

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത്. 12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും

തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ആഡിറ്റ് മൊഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻവഴി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതും ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേമെന്റ് ഗേറ്റ് വേ വഴി ഒടുക്കുന്നതും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ICDMS- ലൂടെയാണ്.

സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേയ്ക്കായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്വെയർ

സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മൊഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട

കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, ബ്ലേഡ് പലിശക്കാർ ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് " മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പ പദ്ധതി. സംസ്ഥാനത്തെ 14 ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുകയും വിജയകരമായി നടപ്പിലാക്കി വരികയുമാണ്.

കേരള സഹകരണ നിയമം വകുപ്പ് 56(1)സി, ചട്ടം 53 എ എന്നിവ പ്രകാരം രൂപീകൃതമായ കേരള സഹകരണ അംഗ സമാശ്വാസ നിധിയിലൂടെ ഗുരുതര രോഗം ബാധിച്ചിട്ടുള്ള സഹകാരികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.

അശരണരായ മുതിർന്ന സഹകാരികൾക്ക് സഹായമായി പ്രഖ്യാപിച്ച സഹകരണം സാന്ത്വനം പദ്ധതി നടപ്പിലാക്കിവരുന്നു. ഭിന്നവിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ പദ്ധതി ആരംഭിച്ചു.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില

നിയന്ത്രിക്കുന്നതിനുവേണ്ടി കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിപണി വിലയേക്കാൾ വിലക്കുറവിൽ വിതരണം നടത്തിവരുന്നു. ഉത്സവകാലങ്ങളിൽ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സർക്കാർ ധനസഹായത്തോടുകൂടി സബ്സിഡി വിപണി നടത്തിവരുന്നു. സ്കൂൾ സീസണിൽ പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റുകൾ നടത്തിവരുന്നു.

കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ അംഗസംഘങ്ങൾ വഴി താഴ്ന്ന വരുമാനക്കാർക്കും ഇടത്തരം വരുമാനക്കാർക്കും (EWS, LIG) ഭവന വായ്പകൾ നൽകിവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഓഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി പരമാവധി 4 ലക്ഷം രൂപ അനുവദിക്കുന്നു.

വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി-5 ലക്ഷം രൂപ + സബ്സിഡി - 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ (ഓഹരി-150,000 രൂപ + സബ്സിഡി-350,000 രൂപ) അനുവദിച്ചുവരുന്നു.

നൂതന പദ്ധതികൾ നടപ്പിലാക്കി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി-10 ലക്ഷം രൂപ + വായ്പ - 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി-20 ലക്ഷം രൂപ+ സബ്സിഡി-30 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള മാർഗനിർദേശം അംഗീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി - 50%, ഓഹരി – 35%) ധനസഹായമായി അനുവദിക്കുന്നതുമാണ്.

പുനർജ്ജനി പദ്ധതിയുടെ ധനസഹായ ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ധനസഹായം ലഭ്യമാക്കുന്നതിന് നടപടികളെടുക്കുന്നതാണ്.

സംസ്ഥാനത്തൊട്ടാകെ 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചു. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക്

ആകർഷിക്കുന്നതിനും യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് സാധാരണക്കാരന് വലിയ ആശ്വാസമായ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന പദ്ധതി ഇനത്തിൽ 15583.00 ലക്ഷം രൂപയും എൻ.സി.ഡി.സി പദ്ധതി ഇനത്തിൽ 4040.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 19623.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ സാമ്പത്തിക ഇടപാടുകൾ സുതാര്യവും വിശ്വാസ്യവുമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സഹകരണ മേഖലയിലെ സാമ്പത്തിക ഇടപാടുകൾ സുതാര്യവും വിശ്വാസ്യവുമാക്കുന്നതിന് ആഡിറ്റ്, ഇൻസ്പെക്ഷൻ എന്നിവ ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സഹകരണ രംഗത്തെ ആശാസ്യമല്ലാത്ത പ്രവണതകൾ തടയുന്നതിനും ക്രിമിനൽ നിയമപ്രകാരം അന്വേഷിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള സഹകരണ സംഘം നിയമത്തിൽ സമഗ്ര ഭേദഗതി വരുത്തുന്നത് പരിഗണിച്ചുവരുന്നു.

അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ആശാസ്യകരമല്ലാത്ത പ്രവണതകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതിയും പരിഗണനയിലാണ്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽ നിന്നും സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ആഡിറ്റർമാർക്കായി ജില്ലാതല വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം)-ൽ നിന്നുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി

സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരുന്നു. ആഡിറ്റ് മാന്വൽ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുള്ളതും പരിഷ്കരിച്ച ആഡിറ്റ് മാന്വൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നതുമാണ്. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. പല സംഘങ്ങളിലും

നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത്. 12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

(സി) സഹകരണ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സഹകരണ മേഖലയിൽ പുതിയ സംരംഭം ആരംഭിക്കുന്നതിന് ഇതിനകം 64 പ്രാഥമിക സംഘങ്ങൾ മുഖേന 154 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. കേരള ബാങ്കിന്റെ ഈ പദ്ധതി പ്രകാരം 500-ഓളം പ്രാഥമിക സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റാനാണ് ലക്ഷ്യം വയ്ക്കുന്നത്.

സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പൈലറ്റ് അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഇതിനകം 14 കോപ്പ്മാർട്ടുകൾ (coopmart) ആരംഭിച്ചിരുന്നു. വീണ്ടും എല്ലാ ജില്ലകളിലും പുതിയ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്.

കൂടാതെ കേരളത്തിന്റെ നെല്ലറയായ പാലക്കാട്ടെ കർഷകരുടെ പ്രശ്നങ്ങൾക്ക് അറുതി വരുത്തുന്നതിനുവേണ്ടി പാലക്കാട് ജില്ലയിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിച്ച്, സംസ്കരിച്ച് അരിയാക്കി മാറ്റി വിപണനം നടത്തുക എന്ന മുഖ്യ ലക്ഷ്യസാക്ഷാൽക്കാരത്തിനായി

മോഡേൺ റൈസ് മിൽ സ്ഥാപിക്കുക എന്ന സംരംഭക ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ (PACS) ചേർന്ന് പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. പി-1449 (PAPCOS) എന്ന സഹകരണസംഘം 29-01-2019-ൽ രജിസ്റ്റർ ചെയ്ത് 6-02-2019 -ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. പി-1449 (PAPCOS)-ന്റെ അതേ ലക്ഷ്യത്തോടെ പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ (PACS) ചേർന്ന് കോട്ടയം ആസ്ഥാനമായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) 27-08-2021 -ൽ രജിസ്റ്റർ ചെയ്ത് 30-09-2021 -ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നടപ്പ് വർഷം സർക്കാരിന്റെ അംഗീകാരം ലഭിച്ച പുനർജ്ജനി പദ്ധതിയിൽ പുതിയ <u>സംരംഭങ്ങൾക്കായുള്ള</u> പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രോജക്ടുകൾ പരിഗണിക്കുന്നതാണ്.

ഈ സർക്കാരിന്റെ രണ്ടാം നൂറ് ദിന കർമ്മ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിൽ ഓരോന്നിലും ഓരോ പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ യുവസഹകരണ സംഘങ്ങൾ മുഖേനയും നൂതന സംരംഭങ്ങൾ നടപ്പാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

സംസ്ഥാനത്തൊട്ടാകെ 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചു. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഈ യുവസഹകരണ സംഘങ്ങൾ മുഖേനയും നൂതന സംരംഭങ്ങൾ നടപ്പാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

### ഇൻവെസ്റ്റ് കേരള ഹെൽപ്പ് ഡെസ്ക്

10 (*340) ശ്രീ. കെ.ഡി. പ്രസേനൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കൊവിഡ് തളർത്തിയ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം ഇതുവരെ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം ഇതുവരെയുള്ള കണക്കുകൾ പ്രകാരം പുതുതായി 49705 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉപദേശം നൽകുന്നതിനുമായി എം.എസ്.എം.ഇ. ക്ലിനിക് ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ?

സംരംഭകരുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സംവിധാനമാണ് എം.എസ്.എം.ഇ. ക്ലിനിക്കുകൾ. ഇതിനായി വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയങ്ങൾ ദുരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്ധരുടെ ഒരു പാനൽ ഓരോ ജില്ലയിലും

ക്രമീകരിക്കുന്നു. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സംരംഭകർക്ക് സംശയം ദൂരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായുള്ള കൂടിക്കാഴ്ചയ്ക്കും സംശയദൂരീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തരം സൗകര്യം ചെയ്തുകൊടുക്കുന്നതാണ്. ഒരു പാനലിസ്റ്റിന്റെ സേവനം തൃപ്തികരമല്ലെങ്കിൽ അതേ വിഷയത്തിലെ മറ്റൊരു പാനലിസ്റ്റുമായി സംവദിക്കാനുള്ള അവസരം സംരംഭകന് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ സംരംഭകരുടെ ഫീഡ്ബാക്ക് സ്വീകരിച്ച് പാനലിസ്റ്റുകളുടെ പ്രകടനം വിലയിരുത്തുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. ബാങ്കിംഗ് ലൈസൻസുകളും അനുമതികളും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.റ്റി, നിയമം, മാർക്കറ്റിംഗ്, സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിലാണ് നിലവിൽ പാനൽ രൂപീകരിച്ചിട്ടുള്ളത്.

(സി) ഇൻവെസ്റ്റ് കേരള ഹെൽപ് ഡെസ്കിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനരീതിയും വ്യക്തമാക്കാമോ?

വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ് 2019 ഫെബ്രുവരിയിൽ നിലവിൽ വന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 79 അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി

സംരംഭകന് ലഭ്യമാകുന്നു. ഇതിന്റെ ഭാഗമായി വ്യവസായികൾക്കുള്ള വിവിധ സംശയങ്ങളും ആകുലതകളും ദൂരീകരിക്കുന്നതിന് വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു. " 1800 890 1030" എന്ന ടോൾ-ഫ്രീ നമ്പറോടുകൂടിയ പ്രസ്തുത കോൾ സെന്റർ ' ഇൻവെസ്റ്റ് കേരള ഹെൽപ് ഡെസ്ക്' എന്നാണ് അറിയപ്പെടുന്നത്. ഈ കോൾ സെന്റർ ഹെൽപ് ഡെസ്ക് നിലവിൽ രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ പ്രവർത്തനനിരതമാണ്. വിവിധ നിയമങ്ങളെയും ചട്ടങ്ങളെയും നിയന്ത്രണങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കൽ, വ്യവസായികൾ, സംരംഭകർ മുതലായവരുടെ സംശയങ്ങളും നിർദ്ദേശങ്ങളും റെക്കോഡ് ചെയ്തും മറ്റുവിധേനയും അതത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തൽ, സംരംഭങ്ങൾക്കാവശ്യമായ വിവിധ ലൈസൻസുകൾ, പെർമിറ്റുകൾ, ക്ലിയറൻസുകൾ മുതലായവയപ്പറ്റിയുള്ള കൃത്യമായ വിവരങ്ങൾ നൽകൽ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി (NIC) സഹകരിച്ച് കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തെപ്പറ്റിയുള്ള വിവരങ്ങളും അതിലൂടെ അപേക്ഷകൾ സമർപ്പിക്കുമ്പോഴുണ്ടായേക്കാവുന്ന സംശയങ്ങളും ദൂരീകരിക്കൽ, വ്യവസായ വിജ്ഞാന ശേഖരമായ ' ഇൻവെസ്റ്റ് കേരള്' എന്ന വെബ്പോർട്ടൽ വഴി

നിക്ഷേപകർക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കൽ, സംരംഭകർക്ക് വിവിധ സർക്കാർ ഏജൻസികൾ ലഭ്യമാക്കുന്ന വായ്പകളെക്കുറിച്ചുള്ള അവബോധം നൽകൽ, വ്യവസായം ആരംഭിക്കുന്നതിനുവേണ്ട ഭൂമിയെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളെയും കുറിച്ച് വിവരം ലഭ്യമാക്കൽ എന്നിവയാണ് പ്രസ്തുത ഹെൽപ് ഡെസ്കിന്റെ മുഖ്യ ചുമതലകൾ.

## വാണിജ്യ മേഖല പരിപോഷിപ്പിക്കുന്നതിന് നടപടി

11 (*341) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി.സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ മേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത

പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) വാണിജ്യ മേഖലയിൽ നൂതനമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി "ബി 2 ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി 2 ബി മീറ്റ്), ജില്ലാ തലത്തിൽ എം.എസ്.എം.ഇ. എക്സിബിഷനുകൾ, അഗ്രോ ഫുഡ് ഫെസ്റ്റ്, മലബാർ ക്രാഫ്റ്റ് മേള" തുടങ്ങിയ നിരവധി പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തിക വർഷം മുതൽ താലൂക്ക് തലത്തിൽ എക്സിബിഷൻ നടത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ബി 2 ബി വെബ് പോർട്ടൽ**

കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള ഒരു വെബ്പോർട്ടൽ (www.keralaemarket.com/www.keralaemarket.org/

www.keralaemarket.kerala.gov.in) രൂപീകരിച്ചു. ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാനും സഹായകമാകും.

**വാണിജ്യ മിഷൻ**

കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കാനും അത് വഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി വാണിജ്യ മിഷൻ രൂപീകരിച്ചു.

**ബിസിനസ് ടു ബിസിനസ് മീറ്റ് - വ്യാപാർ**

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ദേശീയതലത്തിൽ പുതിയ വിപണി കണ്ടെത്തുന്നതിനും ദേശീയ തലത്തിലുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനും ബിസിനസ്സ് മീറ്റായ 'വ്യാപാർ 2022' സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ

ഉൽപ്പന്നങ്ങൾ എന്നിവയിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും മേളയിൽ പ്രദർശിപ്പിച്ചു.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദ്ദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനുദ്ദേശിച്ച് 'കേരള ബ്രാൻഡ്' സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി ONDC (Open Network for Digital Commerce)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ, ഭക്ഷ്യസംസ്കരണ മേഖലയിൽപ്പെട്ട സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ വിപണനസാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള "കേരള അഗ്രോ

ഫുഡ് പ്രോ", കരകൗശല മേഖലയുടെ സർവ്വതോന്മുഖമായ വികാസത്തിനായി "മലബാർ ക്രാഫ്റ്റ്സ് മേള" എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. കൊച്ചി ഇൻഫോ പാർക്കിന് സമീപം 10 ഏക്കർ ഭൂമിയിൽ 90 കോടി രൂപ ചെലവിൽ 65000 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള എക്സിബിഷൻ, കൺവെൻഷൻ, അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുന്ന അന്താരാഷ്ട്ര എക്സിബിഷൻ -കം -കൺവെൻഷൻ സെന്ററിന്റെ നിർമ്മാണോദ്ഘാടനം 2022 ജൂൺ 23 -ന് നടന്നു.

(സി) ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാര മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ MSME എക്സിബിഷനുകൾ നടത്തിവരുന്നുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം താലൂക്കതലത്തിലുള്ള എക്സിബിഷനുകൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, പ്രധാന ഉത്സവകാല തീർത്ഥാടന അനുബന്ധ വിപണനം കണ്ടെത്തുന്നതിനായി ശബരിമല തീർത്ഥാടനം, ആറ്റുകാൽ പൊങ്കാല മുതലായ സന്ദർഭങ്ങളിൽ പ്രാദേശിക

വ്യാപാര മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. യുവജനങ്ങൾക്കായുള്ള ഇ.ഡി ക്ലബ് കോൺക്ലേവ് - MSME Summit എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. 'കേരള കൈത്തറി' എന്ന ബ്രാൻഡ് നെയിമിൽ നിർമ്മിക്കുന്ന മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് വിവിധ ജില്ലകളിൽ കൈത്തറി മേളകൾ നടത്തിവരുന്നു. കയർ/പ്രകൃതിദത്ത നാര് ഉൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര പ്രദർശന വിപണന മേളയായ 'കയർ കേരള' 2011 മുതൽ ആലപ്പുഴയിൽ നടത്തിവരുന്നു.

(ഡി) സംസ്ഥാനത്തെ വാണിജ്യ സംരംഭങ്ങളുടെ നവീകരണത്തിനായി ശേഷി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വ്യവസായ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി കേന്ദ്ര സൂക്ഷ്മ ഇടത്തരം മന്ത്രാലയത്തിന്റെ സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ എം.എസ്.ഇ.സി.ഡി.പി. പദ്ധതി പ്രകാരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (CFC) സ്ഥാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നാളിതുവരെ 16 കോമൺ ഫെസിലിറ്റി സെന്ററുകളുടെ

(CFC) പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 7,522.45 ലക്ഷം രൂപയുടെ 12 CFC പ്രോജക്ടുകൾ പൂർത്തീകരിച്ച് കമ്മിഷൻ ചെയ്തിട്ടുണ്ട്.

എം.എസ്.ഇ.-സി.ഡി.പി. പദ്ധതി പ്രകാരം 15.91 കോടി രൂപയുടെ കാലടി സ്റ്റീൽ കൺസോർഷ്യം കോമൺ ഫെസിലിറ്റി സെന്ററും 21000 ചതുരശ്ര അടിയിൽ പെരുമ്പാവൂരിൽ സ്ഥാപിക്കുന്ന കോമൺ ഫെസിലിറ്റി സെന്ററും (CFC) കമ്മീഷൻ ചെയ്യുന്നതോടെ ഉത്പാദനം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇരട്ടിയാക്കാനും ഉൽപ്പാദനച്ചെലവ് 10% കുറയ്ക്കാനും സാധിക്കും.

## ഓപ്പൺ മാർക്കറ്റ് വായ്പകൾ

12 (*342) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) 2022 വർഷത്തിൽ ഓപ്പൺ മാർക്കറ്റ് വായ്പകൾ സ്വീകരിക്കുന്നതിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് സമ്മതം നൽകാതിരുന്ന സാഹചര്യമുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തീരുമാനം കൈക്കൊള്ളാനുണ്ടായ സാഹചര്യം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത തീരുമാനത്തിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ-സി) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പാപരിധി നിശ്ചയിച്ച് നൽകുന്നത്. അതനുസരിച്ച് നടപ്പുവർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടിരൂപയുടെ 3.5 ശതമാനമായ 32,439 കോടിരൂപയാണ് സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ കടമെടുപ്പ് പരിധി. ഇതിനുപുറമേ

നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധികവായ്പാ പരിധിയും ലഭിക്കേണ്ടതാണ്. ആയതിനുള്ള അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല.

എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടിരൂപ പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം Off Budget borrowing-ആയി എടുത്തിട്ടുള്ള 14312.80 കോടി രൂപ നാല് തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പുവർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22

മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022-ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടുവരികയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടത്തിന് (direct debt) തുല്യമാകുമെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ വായ്പകളുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ Gross Borrowing പരിധിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് യുക്തിസഹമായിരിക്കുകയില്ലെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. KSSPL മിച്ച ഫണ്ടുകളുള്ള മറ്റ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഹ്രസ്വകാല അഡ്വാൻസായി എടുത്തിട്ടുള്ള വായ്പ ഒരു ലിക്വിഡിറ്റി മാനേജ്മെന്റ് മാത്രമാണെന്നും പ്രസ്തുത വായ്പകളിൽ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിനുള്ളിൽത്തന്നെ തിരിച്ചടയ്ക്കുന്നതാണെന്നും കേന്ദ്ര

സർക്കാരിനെ സംസ്ഥാന സർക്കാർ കത്ത് മുഖേന ഇതിനകം അറിയിച്ചിട്ടുള്ളതാണ്.

ഈ വിഷയങ്ങളിലെല്ലാംതന്നെ സംസ്ഥാനത്തിന് അനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം നിരന്തരം അഭ്യർത്ഥിച്ചുവരുന്നു.

## ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

13 (*343) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വായ്പേതര സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരം സംഘങ്ങളെ സംരക്ഷിക്കാൻ പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

വായ്പേതര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുംവേണ്ടി ചുവടെ പറയുന്ന

പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംഘങ്ങൾക്ക് സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

## 1. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായം

2022-23 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 230 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ പ്രത്യേക പദ്ധതികൾക്കുവേണ്ടിയുള്ള സഹായം.

ഗ്രാമീണ നഗരപ്രദേശങ്ങളിൽ ഉപഭോക്തൃ സംഘങ്ങളുടെ വികസനം.

സഹകരണ ക്യാന്റീനുകൾക്ക് ഓഹരി മൂലധനം.

ഇന്ത്യൻ കോഫീഹൗസിന്റെ ആധുനികവത്കരണത്തിനായി ഓഹരി, വായ്പ, സബ്സിഡി എന്നീ രൂപത്തിലുള്ള സഹായം.

സ്കൂൾ, കോളേജ്, സർവ്വകലാശാല സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായം.

സ്കൂൾ, സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനഃസംഘാടനം/പുനരുദ്ധാരണം.

നീതി സ്റ്റോറുകൾക്കും/നീതി മെഡിക്കൽ സ്റ്റോറുകൾക്കും നന്മ സ്റ്റോറുകൾക്കുമുള്ള ധനസഹായം.

തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ് സഹകരണ സൊസൈറ്റികളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ധനസഹായം.

## 2. മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

2022-23 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 850 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ട്.

മോട്ടോർ ട്രാൻസ്പോർട്ട്/ഓട്ടോറിക്ഷാ/ ടാക്സി ഡ്രൈവർമാരുടെ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ, മറ്റ് തൊഴിലധിഷ്ഠിത സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഓഹരിമൂലധന സഹായം.

സാഹിത്യ പ്രസാധക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സാഹിത്യ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം.

വിദ്യാഭ്യാസ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് സഹായം.

സഹകരണ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്കും സഹകരണ സംഘം ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്കും ധനസഹായം.

ആശുപത്രി സഹകരണ സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷനുള്ള സഹായം.

പഞ്ചായത്ത്/താലൂക്ക്/ജില്ലാ തലത്തിലുള്ള പുതിയ ആശുപത്രി സഹകരണ സംഘങ്ങളിലെ ഡിസ്പെൻസറികൾക്കുള്ള സഹായം.

സഹകരണ സ്ഥാപനങ്ങൾവഴി മികച്ച സജ്ജീകരണമുള്ള മെഡിക്കൽ ലബോറട്ടറികളും ബ്ലഡ്ബാങ്കുകളും ആരംഭിക്കുന്നതിനുള്ള സഹായം.

ഉപകരണസജ്ജമായ മണ്ണ് പരീക്ഷണശാലകളും കൃഷിയുമായി ബന്ധപ്പെട്ട പരീക്ഷണശാലകളും ആരംഭിക്കുന്നതിനുള്ള സഹായം.

ടൂർഫെഡിന്റെ പ്രത്യേക പദ്ധതികൾക്കും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽക്കൂടി വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി സഹായം നൽകുന്നു.

അച്ചടിസംഘങ്ങളുടെ പുനരുദ്ധാരണം/നവീകരണം എന്നിവയ്ക്കുള്ള സഹായം.

സഹകരണ സംഘങ്ങൾ നടപ്പിലാക്കിവരുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കുള്ള സഹായം.

ഭിന്നലിംഗക്കാരുടെ സഹകരണ സംഘങ്ങൾക്കും അവർ അംഗങ്ങളായ സഹകരണ സംഘങ്ങൾക്കും തൊഴിലവസരം സൃഷ്ടിക്കുന്നതിനായുള്ള ധനസഹായം.

വിവിധ സഹകരണ സ്ഥാപനങ്ങൾക്കുള്ള ഫെഡറേഷന്റെ സഹായം

സാഹിത്യം അടിസ്ഥാനമാക്കിയുള്ള ടൂറിസത്തെ പ്രോത്സാഹിപ്പിക്കൽ, ' കൃതി സാഹിത്യമേള' (കൃതി ലിറ്ററി ഫെസ്റ്റിവൽ) നടത്തുന്നതിനും സാഹിത്യ മ്യൂസിയം സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.

പ്രവാസി ക്ഷേമ സഹകരണ സംഘങ്ങൾക്കും യുവജന സഹകരണ സംഘങ്ങൾക്കുമുള്ള സഹായം.

(ബി) സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പരിശോധിച്ച് ആയത് മെച്ചപ്പെടുത്താൻ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് പദ്ധതി വിഹിതത്തിൽനിന്നും ധനസഹായം അനുവദിക്കുന്നു.

**ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായം**

2022-23 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 230 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്.

- കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ പ്രത്യേക പദ്ധതികൾക്കുവേണ്ടിയുള്ള സഹായം.
- ഗ്രാമീണ/നഗരപ്രദേശങ്ങളിൽ ഉപഭോക്തൃ സംഘങ്ങളുടെ വികസനം.
- സഹകരണ ക്യാന്റീനുകൾക്ക് ഓഹരി മൂലധനം.

- ഇന്ത്യൻ കോഫീഹൗസിന്റെ ആധുനികവത്കരണത്തിനായി ഓഹരി, വായ്പ, സബ്സിഡി എന്നീ രൂപത്തിലുള്ള സഹായം.
- സ്കൂൾ, കോളേജ്, സർവ്വകലാശാല സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായം.
- സ്കൂൾ, സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനഃസംഘാടനം/പുനരുദ്ധാരണം.
- നീതി സ്റ്റോറുകൾക്കും/നീതി മെഡിക്കൽ സ്റ്റോറുകൾക്കും നന്മ സ്റ്റോറുകൾക്കുമുള്ള ധനസഹായം.
- തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ് സഹകരണ സൊസൈറ്റികളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ധനസഹായം.

(സി) 2011-16 കാലയളവിൽ തകർച്ചയിലായിരുന്നതായി പറയപ്പെടുന്ന കൺസ്യൂമർഫെഡിന് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കൈവരിക്കാനായ നേട്ടങ്ങൾ അറിയിക്കാമോ; മൂവായിരം കോടി രൂപയുടെ വിറ്റുവരവ് നേടുകയെന്ന ലക്ഷ്യത്തോടെ

ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ?

അഴിമതിയും കെടുകാര്യസ്ഥതയും കാരണം കൺസ്യൂമർഫെഡ് നാൾക്കു നാൾ തകർച്ചയിലേക്ക് പോയിരുന്ന കാലഘട്ടത്തിലായിരുന്നു കൺസ്യൂമർ ഫെഡ് ഭരണസമിതി പിരിച്ചുവിടപ്പെട്ടത്. അതിനുശേഷം ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചു. 24-01-2019-ൽ ഭരണസമിതി ചുമതലയേൽക്കുകയുണ്ടായി.

സർക്കാരിന്റെയും ഭരണസമിതിയുടെയും ആഭിമുഖ്യത്തിൽ വ്യത്യസ്ത കാലയളവുകളിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

വിവിധ ഗോഡൗണുകളിലായി ഉപയോഗശൂന്യമായി കിടന്ന സാധനങ്ങൾ ലേലം ചെയ്ത് വിൽപ്പന നടത്തുകയും ബാക്കിയുള്ള സാധനങ്ങൾ നിയമവിധേയമായി നശിപ്പിക്കുകയും ചെയ്ത് യൂണിറ്റുകൾ ഡാമേജ് രഹിതമാക്കി.

മുൻകാലങ്ങളിൽ കുടിശ്ശികയായിരുന്ന വിതരണക്കാർക്ക് നൽകാനുള്ള 232.58 കോടിരൂപ വിതരണക്കാരുമായി നെഗോസിയേഷൻ നടത്തി വൺ ടൈം സെറ്റിൽമെന്റായി പണം നൽകുകവഴി വിതരണക്കാരുടെ സഹകരണം

ഉറപ്പുവരുത്തുന്നതിനും സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞു.

കമ്മിറ്റി ചുമതലയേൽക്കുമ്പോൾ ത്രിവേണികളുടെ പ്രവർത്തനംവഴി ഉണ്ടായിരുന്ന നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിലുള്ള നീതി സ്റ്റോറുകൾ കൂടുതൽ തുടങ്ങുന്നതിന് സാധിച്ചു.

കൺസ്യൂമർഫെഡിന്റെ കേന്ദ്രീകൃത വാങ്ങലുകൾ മുഴുവൻ ഇ-ടെണ്ടറിലൂടെ നടത്താൻ കഴിഞ്ഞു. ഇ-ടെണ്ടറും ഇ-നെഗോസിയേഷനും നടത്തുകവഴി പർച്ചേസ് രംഗത്തെ അനാവശ്യ പ്രവണതകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഉത്സവകാലങ്ങളിൽ വിപണിയിലുണ്ടാകുന്ന വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സർക്കാർ സഹായത്തോടെ വിപണി ഇടപെടലുകൾ നടത്തുന്നു. ഇതിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്.

കൺസ്യൂമർഫെഡിന് നിലവിൽ 39 വിദേശമദ്യ ഷോപ്പുകളിൽ സെൽഫ് സർവ്വീസ് കൗണ്ടറുകളും പ്രീമിയം കൗണ്ടറുകളും

ആരംഭിച്ചതോടുകൂടി ഷോപ്പുകളിലെ ക്രമാതീതമായ ക്യൂ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൺസ്യൂമർ ഫെഡിന്റെ മറ്റ് വ്യാപാര മേഖലകളിൽ ഉണ്ടാകുന്ന നഷ്ടം വിദേശ മദ്യ വ്യാപാര മേഖലയിൽനിന്ന് ലഭിക്കുന്ന ലാഭത്തിലൂടെ പരിഹരിക്കാൻ കഴിയുന്നുണ്ട്.

കൺസ്യൂമർ ഫെഡിന്റെ കുന്നംകുളത്തെ നോട്ടുബുക്ക് നിർമ്മാണ യൂണിറ്റിൽനിന്നും നിർമ്മിക്കുന്ന ത്രിവേണി നോട്ടുബുക്കുകൾ കെട്ടിലും മട്ടിലും മാറ്റം വരുത്തി ഏറെ ജനപ്രിയമാക്കി. വിദ്യാർത്ഥികൾക്കാവശ്യമായ മുഴുവൻ പഠനോപകരണങ്ങളും ഗുണമേന്മയോടെ വിലക്കുറവിൽ ഒരു കുടക്കീഴിൽ അണിനിരത്താൻ കഴിയുന്ന സ്കൂൾ മാർക്കറ്റുകൾ സഹകരണ സംഘങ്ങൾവഴിയും ത്രിവേണി സ്റ്റോറുകൾ മുഖാന്തരവും ആരംഭിച്ചു.

നീതി മെഡിക്കൽ സ്റ്റോറുകൾവഴി മരുന്നുകൾ ഉപഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുനൽകുംവിധം "ഹോം ഡെലിവറി' സംവിധാനം നടപ്പിലാക്കുകയുണ്ടായി.

മദ്യ ഇനങ്ങൾ ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം fl.consumerfed.in എന്ന വെബ്സൈറ്റിലൂടെ കൺസ്യൂമർ ഫെഡിന്റെ മുഴുവൻ വിദേശമദ്യ ഷോപ്പുകളിലും ആരംഭിച്ചു.

വിദ്യാർത്ഥികൾക്ക് നോട്ട് ബുക്കുകളും പഠനോപകരണങ്ങളും വിലക്കുറവിൽ നേരിട്ട് അവരുടെ കൈകളിലേയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ചെയർമാന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് ഭരണസമിതി അംഗങ്ങളും ജീവനക്കാരും മുൻകയ്യെടുത്തുകൊണ്ട് നോട്ട് ബുക്കുകളും മറ്റ് പഠനോപകരണങ്ങളും അതത് പ്രദേശങ്ങളിൽ ഗൃഹസന്ദർശനം നടത്തി എത്തിച്ചുകൊടുക്കുക എന്ന പദ്ധതി നടപ്പിലാക്കി.

ഡിജിറ്റൽ പണമിടപാടുകളുടെ കാലത്ത് ക്യാഷ് ലെസ്സ് പർച്ചേസ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഔട്ട്‌ലെറ്റുകളിൽ ഗൂഗിൾ പേ/ഫോൺ പേ തുടങ്ങിയ യു.പി.ഐ. പണമിടപാട് സൗകര്യങ്ങൾ ലഭ്യമാക്കി. ആധുനിക സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിച്ച പിണറായിലെ ത്രിവേണി മെഗാ മാർട്ടിൽ നിത്യോപയോഗ സാധനങ്ങൾക്ക് പുറമെ ഓഫീസ് സ്റ്റേഷനറി, ഹൗസ് ഹോൾഡ് സാധനങ്ങൾ, പച്ചക്കറി, പാൽ, മുട്ട, പഴങ്ങൾ, മത്സ്യം, മാംസം, ചായ, കാപ്പി, ജ്യൂസുകൾ തുടങ്ങിയവയും വിലക്കുറവിൽ ലഭ്യമാക്കി വരുന്നു.

കനത്ത നഷ്ട സാധ്യതയുള്ള ത്രിവേണികളും ഇതര ബിസിനസ് യൂണിറ്റുകളും നിർത്തലാക്കി ഗ്രാമാന്തരങ്ങളിലേയ്ക്ക് ത്രിവേണികളുടെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി 5 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ,

2 നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ പുതിയതായി പ്രവർത്തനം ആരംഭിച്ചു.

സഹകരണ പ്രസ്ഥാനങ്ങളുടെ ഉത്പന്നങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ത്രിവേണി ഔട്ട്ലെറ്റുകളിൽ സഹകാരി കോർണർ കൂടി ആരംഭിച്ചു. ദിനേശ് ഫുഡ്സ്, റെയ്ഡ്കോ, മാർക്കറ്റ് ഫെഡ്, സുഭിക്ഷ, മിൽമ, അമൂൽ, നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ & മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, ത്രിവേണി ഉൽപ്പന്നങ്ങൾ തുടങ്ങിയ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ സഹകാരി കോർണറിൽ ലഭ്യമാക്കിവരുന്നു.

കോവിഡ് വ്യാപന കാലങ്ങളിൽ സാഹചര്യത്തിനൊത്ത് യഥാസമയം ഉണർന്ന് പ്രവർത്തിക്കാൻ കൺസ്യൂമർ ഫെഡിന് കഴിഞ്ഞിട്ടുണ്ട്.

11 റീജിയണൽ ഓഫീസുകളിലുമായി ക്യാമറയും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയതിലൂടെ ഓൺലൈൻ യോഗത്തിനുള്ള സംവിധാനം നടപ്പിൽ വരുത്തി.

കാസർഗോഡ് ജില്ലയിലെ അതിർത്തി ഗ്രാമങ്ങളിൽ ഉണ്ടായ അവശ്യ സാധനങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിനായി 10 സഹകരണ സ്റ്റോറുകൾ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ കാലയളവിൽ കൺസ്യൂമർഫെഡ് സുപ്രധാനമായ ഒരു ചുവടുവയ്പ്പുകൂടി നടത്തുകയുണ്ടായി. ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ഗുണമേന്മയിൽ വീടുകളിലെത്തിക്കുന്ന ഓൺലൈൻ വ്യാപാരം എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ തുടക്കം കുറിച്ചു. www.consumerfed.online എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഉപഭോക്താക്കൾക്ക് സാധനങ്ങൾ ഓർഡർ ചെയ്യാവുന്നതാണ്. സ്വന്തമായ വെബ് ഡൊമൈനിൽ വ്യാപാരം നടത്തുന്ന കേരളത്തിലെ ആദ്യത്തെ പൊതുവിതരണ സംവിധാനമായി കൺസ്യൂമർഫെഡ് മാറി.

വിപണിയിലാകെ മാസ്കിനും സാനിറ്റൈസറിനും ക്ഷാമം നേരിട്ടപ്പോൾ നീതി മെഡിക്കൽ സ്റ്റോറുകളിൽ ഇവ ആവശ്യത്തിന് ലഭ്യമാക്കി. സർക്കാർ സംരംഭമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് മുഖേന എല്ലാ നീതി മെഡിക്കൽ സ്റ്റോറുകളിലും സാനിറ്റൈസർ എത്തിച്ച് നൽകി. മാസ്കിന്റെ ലഭ്യത ഉറപ്പ് വരുത്താൻ വിവിധ ജില്ലകളിലെ കുടുംബശ്രീകൾ ഉൽപാദിപ്പിക്കുന്ന മാസ്കുകൾ ശേഖരിച്ച് വിപണിയിലെത്തിച്ചു.

കോവിഡ് കാലത്ത് 10 ഇനം മരുന്നുകൾ ഉൾപ്പെടുത്തി “ മെഡിസിൻ കിറ്റ്” കൺസ്യൂമർഫെഡ് വിപണിയിലിറക്കി. കോവിഡ്

പ്രതിരോധത്തിന് സഹായകരമാവുന്ന ആരോഗ്യദായക ഉൽപ്പന്നങ്ങൾ, വിറ്റാമിൻ ഗുളികകൾ, പാരസെറ്റമോൾ, മാസ്ക്, സാനിറ്റൈസർ എന്നിങ്ങനെ 10 ഇനങ്ങളാണ് കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്കായി കിറ്റിലൂടെ വിപണിയിലെത്തിച്ചത്.

കോവിഡ് കാലത്ത് കേരളമാകെ ആവശ്യം വന്ന പൾസ് ഓക്സിമീറ്ററിന് വൻ ഡിമാന്റായിരുന്നു. സ്വകാര്യ കച്ചടവക്കാർ നടത്തിയ വിപണിയിലെ കൊള്ള മനസ്സിലാക്കിയ കൺസ്യൂമർ ഫെഡ് സന്ദർഭോചിതമായി ഇടപെട്ട് നേരിട്ട് പൾസ് ഓക്സിമീറ്ററുകൾ ശേഖരിച്ച് കുറഞ്ഞ വിലയ്ക്ക് നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിൽപന നടത്തി.

കൺസ്യൂമർഫെഡിന് പർച്ചേസ് സബ്റൂൾ അംഗീകരിച്ച് നടപ്പാക്കി.

അക്കൗണ്ടിംഗ്, ഡാറ്റാ വിശകലനം, മനുഷ്യവിഭവശേഷി വിനിയോഗം എന്നിവയൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്ര കമ്പ്യൂട്ടർവൽക്കരണം ലക്ഷ്യമിട്ട് ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി രൂപകല്പന ചെയ്ത് സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനായി നടപടികൾ ആരംഭിച്ചു.

കൺസ്യൂമർഫെഡിന് ശീതീകരിച്ച ഗോഡൗൺ (Temperature Controlled Godown) നിർമ്മാണത്തിനായി സർക്കാരിൽ നിന്നും 1 കോടി രൂപ അനുവദിച്ചു. ഇതിന്റെ പ്രവർത്തനം ആരംഭഘട്ടത്തിലാണ്.

ഗുണനിലവാരവും വിലക്കുറവും കൃത്യമായ അളവിലും തൂക്കത്തിലും കൺസ്യൂമർഫെഡിന്റെ ഉൽപ്പന്നങ്ങളായി ത്രിവേണി ബ്രാൻഡിൽ ചായപ്പൊടി, വെളിച്ചെണ്ണ, ആട്ട, മൈദ, റവ എന്നിവ വിപണിയിലിറക്കി. കൂടാതെ സ്പൈസസ് പൗഡർ, ബ്രോക്കൺ വീറ്റ് എന്നിവയും ത്രിവേണി ബ്രാൻഡിൽ വിൽപ്പനയ്ക്ക് സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എൽ.പി.ജി. പ്ലാന്റ് ലാഭകരമാക്കുന്നതിനാവശ്യമായ പദ്ധതികൾ ബി.പി.സി.എൽ., ഐ.ഒ.സി.എൽ., കമ്പനികളുമായി ധാരണയിലെത്തി നടപ്പിൽവരുത്തി.

പൊതുവിപണിയിൽ ലിറ്ററിന് 15 രൂപ മുതൽ 20 രൂപ വരെ വിലയുള്ള മിനറൽ വാട്ടർ 10 രൂപയ്ക്ക് ത്രിവേണികളിലൂടെ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു.

ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ " ചോട്ടു" എന്ന പേരിൽ അറിയപ്പെടുന്ന 5 കിലോ ഭാരം വരുന്ന എൽ.പി.ജി. സിലിണ്ടറുകൾ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ വഴി വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട് 15.04.2021-ന് കൺസ്യൂമർ ഫെഡും ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും തമ്മിൽ കരാറിൽ ഏർപ്പെടുകയും

ഇതിനെത്തുടർന്ന് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ വഴി പ്രസ്തുത സിലിണ്ടറുകൾ വിൽപ്പന നടത്തുകയും ചെയ്തുവരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ആശ്രിത നിയമനം എന്നിവ വഴി സ്ഥിരനിയമനങ്ങളും ഫാർമസിസ്റ്റുകൾ, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജിലെ അദ്ധ്യാപകർ, കായംകുളം ശുശ്രൂഷ ലാബിലേയ്ക്കുള്ള ലാബ് ടെക്നീഷ്യൻസ്, ഹാർഡ്‌വെയർ ടെക്നീഷ്യൻസ്, നീതി ഗ്യാസ് പ്ലാന്റിലെ ടെക്നീഷ്യൻസ് എന്നിങ്ങനെ കരാർ നിയമനങ്ങളും നൽകുക വഴി കൺസ്യൂമർ ഫെഡറേഷനും സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

സ്വകാര്യമേഖലയോട് കിടപിടിക്കത്തക്കവിധം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി സാധാരണ ജനവിഭാഗങ്ങളെ കൂടുതലായി ഉൾക്കൊണ്ടുകൊണ്ട് ഭക്ഷ്യസാധനങ്ങൾ, ഔഷധങ്ങൾ, സ്റ്റേഷനറികൾ, പാഠോപകരണങ്ങൾ തുടങ്ങിയവയുടെ വിപണന കാര്യങ്ങളിൽ കാലഘട്ടത്തിനനുസൃതമായ ശൈലി മാറ്റം സ്വായത്തമാക്കി ബഹുദൂരം മുന്നേറാനുള്ള ശ്രമത്തിലാണ് കൺസ്യൂമർ ഫെഡ്.  ഇതിലൂടെ കൺസ്യൂമർ ഫെഡ് 3000 കോടി രൂപയുടെ വിറ്റുവരവ് നേടുക എന്നതാണ് ലക്ഷ്യമിടുന്നത്.

## കേരള ബിസിനസ് ടു ബിസിനസ് മീറ്റ്

14 (*344) ശ്രീ. പി.വി. ശ്രീനിജിൻ:
ശ്രീ. എം. എം. മണി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഘു, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് ദേശീയ തലത്തിലും വിദേശത്തും വിപണി സാധ്യത ലഭ്യമാക്കുന്നതിനായി പ്രത്യേകമായ കേരള ബിസിനസ് ടു ബിസിനസ് മീറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; മറ്റ് എന്തൊക്കെ നേട്ടങ്ങളാണ് പ്രസ്തുത മേളയിലൂടെ ലക്ഷ്യമിട്ടത്; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) ദേശീയതലത്തിൽ പുതിയ വിപണി കണ്ടെത്തുന്നതിനും ദേശീയതലത്തിലുള്ള ബയേഴ്സുമായി മുഖാമുഖം വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം നൽകുന്നതിനും ലക്ഷ്യമിട്ട് ബിസിനസ്സ് മീറ്റായ 'വ്യാപാർ 2022' ഈ വർഷം ജൂൺ മാസത്തിൽ സംഘടിപ്പിച്ചു.

കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യസംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖല എന്നിവയിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും ഈ അവസരത്തിൽ പ്രദർശിപ്പിച്ചു. സംസ്ഥാനത്തിന്റെ വ്യവസായിക ഉത്പാദനക്ഷമത പ്രദർശിപ്പിക്കുക, വിപണിയിൽ ബ്രാൻഡ് ചെയ്തതും അല്ലാത്തതുമായ സ്ഥാപനങ്ങളെയും ഉത്പന്നങ്ങളെയും അവതരിപ്പിക്കുക, നിലവിലുള്ള വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താൻ പ്രോത്സാഹനം നൽകുക, നിക്ഷേപകരിൽ താൽപര്യം ജനിപ്പിക്കുക എന്നിവയാണ് മേളയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഭക്ഷ്യസംസ്കരണം, കൈത്തറി, വസ്ത്രങ്ങളും തുണിത്തരങ്ങളും, റബർ, കയർ, ഉത്പന്നങ്ങൾ, ആയുർവേദവും പച്ചിലമരുന്നുകളും, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്, പരമ്പരാഗത വിഭാഗങ്ങളായ കരകൗശലം, മുള തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഉത്പാദകർക്ക് തങ്ങളുടെ ഉത്പന്നങ്ങളെ ദേശീയ വിപണികളിലേയ്ക്ക് ആകർഷിക്കുന്നതിനും വിപണി നേടുന്നതിനും സാധ്യമാകുന്നു.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഏതെല്ലാം മേഖലകളിൽ നിന്നുള്ള സംരംഭകരാണ് പ്രധാനമായും മേളയിൽ പങ്കെടുത്തത്; സംരംഭകർ നടത്തിയ കൂടിക്കാഴ്ചകളിലൂടെ വ്യാപാര, വാണിജ്യ ഇടപാടുകൾ സാധ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യസംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖല എന്നിവയിലെ ഉത്പന്നങ്ങളും സാങ്കേതിക വിദ്യയും ചെറുകിട ഉത്പാദകർ മേളയിൽ പ്രദർശിപ്പിച്ചു. ഇതിൽ ഏറ്റവുമധികം വ്യാപാര ഇടപാടുകൾ നടന്നത് ഭക്ഷ്യസംസ്കരണം, ആയുർവേദം, കൈത്തറി, തുണിത്തരങ്ങൾ എന്നീ മേഖലകളിലാണ്.

വ്യാപാർ 2022-ലെ 2417 ബി ടു ബി മീറ്റുകളിലൂടെ 105 കോടി രൂപയുടെ വാണിജ്യ ഇടപാടുകൾക്കാണ് അവസരമൊരുങ്ങിയത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 324 സംരംഭകരും 330 മറ്റ് വ്യവസായികളും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്കും പ്രദർശനമേള വേദിയായി.

(സി) പുതിയ വ്യാപാര സാധ്യതകൾ ശക്തിപ്പെടുത്താൻ പ്രസ്തുത മേളകൾ എത്രത്തോളം സഹായകരമായിട്ടുണ്ട്; വർഷംതോറും ബിസിനസ്

മീറ്റുകൾ സംഘടിപ്പിക്കാൻ കഴിയുന്ന തരത്തിൽ സ്ഥിരം എക്സിബിഷൻ-കം-കൺവൻഷൻ സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ വ്യവസായിക ഉത്പാദനക്ഷമത പ്രദർശിപ്പിക്കുക, വിപണിയിൽ ബ്രാൻഡ് ചെയ്തതും അല്ലാത്തതുമായ സ്ഥാപനങ്ങളെയും ഉത്പന്നങ്ങളെയും അവതരിപ്പിക്കുക, നിലവിലുള്ള വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താൻ പ്രോൽസാഹനം നൽകുക, നിക്ഷേപകരിൽ താൽപര്യം ജനിപ്പിക്കുക എന്നിവയാണ് മേളയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

കൊച്ചിയിൽ ഇൻഫോ പാർക്കിന് സമീപം 10 ഏക്കർ ഭൂമിയിൽ 90 കോടി രൂപ ചെലവിൽ 65000 ചതുരശ്ര അടി വരുന്ന എക്സിബിഷൻ ഹാളും അറുന്നൂറിലധികം ആളുകൾക്ക് ഇരിക്കാൻ കഴിയുന്ന കൺവെൻഷൻ ഹാളും മുന്നൂറോളം ആളുകളെ ഉൾക്കൊള്ളുന്ന ഡൈനിംഗ് ഹാളും മറ്റ് സൗകര്യങ്ങളുമുള്ള അന്താരാഷ്ട്ര എക്സിബിഷൻ-കം-കൺവെൻഷൻ സെന്ററിന് 2022 ജൂൺ 23-ന് തറക്കല്ലിട്ടു. രണ്ട് ഘട്ടങ്ങളിലായി കിൻഫ്ര നടപ്പിലാക്കുന്ന പദ്ധതി ഒന്നര വർഷത്തിനുള്ളിൽ യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ധാതുമണൽ ഖനനം സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം

15 (*345) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ ആക്ട് ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കം സംസ്ഥാനത്തിന്റെ പൊതുതാല്പര്യങ്ങൾക്ക് വിരുദ്ധമായതിനാൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ട് ഭേദഗതി ചെയ്യുതിനുള്ള കരട് നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണപ്രദേശങ്ങളുടെയും അഭിപ്രായം കേന്ദ്ര ഖനന മന്ത്രാലയം ആരാഞ്ഞിരുന്നു. ആക്ടിലെ 6 ഭേദഗതി നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിരിക്കുന്നത്.

ആക്ടിലെ ഒന്നാമത്തെ ഷെഡ്യൂളിലെ പാർട്ട് ബി-യിൽ ഉൾപ്പെടുന്നതും നാളിതുവരെ സ്റ്റാറ്റജിക് ഗണത്തിൽ പരിഗണിച്ച് വന്നിരുന്നതുമായ 12

ധാതുക്കളിൽ യുറേനിയം, തോറിയം, ടൈറ്റാനിയം മുതലായവയുടെ സാന്നിധ്യമുള്ള ഇൽമനൈറ്റ്, റൂട്ടൈൽ, ല്യൂക്കോക്സിൻ തുടങ്ങി എട്ടോളം ധാതു ഗ്രൂപ്പുകളെ ആക്ടിൽ പ്രത്യേകമായി പാർട്ട് - ഡി രൂപീകരിച്ച് അതിലേയ്ക്ക് മാറ്റി അവയുടെ ലേലം സംസ്ഥാന സർക്കാരിന്റെ അധികാരത്തിനുപരിയായി കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്താനാണ് ആക്ടിലെ ഭേദഗതിയോടെ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നത്. നിലവിൽ 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിന്റെ സെക്ഷൻ 5(1)-ന്റെ മൂന്നാമത്തെ പ്രൊവിസോയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യുന്നതിനുള്ള മൈനിംഗ് ലീസ് ലഭ്യമാകുന്നത്. പ്രസ്തുത വ്യവസ്ഥയാണ് ആക്ടിലെ ഭേദഗതിയോടെ മാറ്റം വരുത്തുവാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്.

മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്റ്റിന്റെ 2021 ൽ നടത്തിയ ഭേദഗതികളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു ആക്ടിൽ സെക്ഷൻ 8(5), 8 എ (7 എ) എന്നിവയുടെ ഉൾപ്പെടുത്തൽ. അതുവഴി കൽക്കരി ഉൾപ്പെടെയുള്ള ധാതുക്കളുടെ ക്യാപ്റ്റീവ് മൈനുകളിൽ നടത്തുന്ന ഉൽപ്പാദനത്തിൽ അവരുടെ ആവശ്യത്തിനുശേഷമുള്ള 50

ശതമാനം വരെ ധാതുക്കൾ വിറ്റഴിക്കാമെന്നുള്ള നിബന്ധനയായിരുന്നു അത്. ഇതിൽ " ആവശ്യത്തിന് ശേഷമുള്ള" എന്ന ഭാഗം നിലവിലെ ഭേദഗതി നിർദ്ദേശത്തിലൂടെ ഒഴിവാക്കുന്നതിലൂടെ ലെസ്സികൾക്കു യഥേഷ്ടം വിറ്റഴിക്കാമെന്നുള്ള അവസ്ഥ സംജാതമാകും. അറ്റോമിക് ധാതുക്കളുടെ ഖനനം സ്വകാര്യമേഖലയിലാക്കി മേൽ ഭേദഗതി നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ KMML, TTP Ltd, IREL എന്നിവയെ ദോഷകരമായി ബാധിക്കുന്നതാണ്.

ആക്ടിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഭേദഗതി ഭരണഘടനാപരവും രാജ്യസുരക്ഷാപരവും പാരിസ്ഥിതികവും സാമൂഹ്യ-സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതുതാൽപര്യത്തിന് ദോഷകരമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. മേൽ ഭേദഗതികൾക്കെതിരെ നിയമപരമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ പൊതുമേഖലയിൽ നിലനിൽക്കുന്ന ധാതുമണൽ ഖനനത്തെ സ്വകാര്യവത്കരിക്കാനുള്ള നടപടിയുടെ ഭാഗമാണിതെന്ന് കരുതുന്നുണ്ടോ?

ഉണ്ട്. ഭരണഘടനാപരമായി ഖനികളുടെയും ധാതുക്കളുടെയും ഉടമസ്ഥാവകാശം സംസ്ഥാനങ്ങൾക്കാണ്. അപ്രകാരം ഖനികളെയും ധാതുക്കളെയും സംബന്ധിച്ച നിയമങ്ങളും നയങ്ങളും രൂപീകരിക്കാനും സംസ്ഥാനത്തിന് അധികാരമുണ്ട്. രാജ്യത്തെ ഖനന നിയമങ്ങൾ രൂപീകൃതമാകുമ്പോൾ പൊതുജനങ്ങളുടെ താൽപര്യത്തെ പരിഗണിക്കണമെന്നുള്ള ഭരണഘടനാപരമായ തത്വമാണ് ആക്ടിലെ ഈ ഭേദഗതി നിർദ്ദേശത്തിലൂടെ ഖണ്ഡിക്കപ്പെടുന്നത്.

(സി) എങ്കിൽ പ്രസ്തുത സ്വകാര്യവത്കരണ നീക്കത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

1957- ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ട് ഭേദഗതി ചെയ്യുന്നതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്ര ഖനന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. കൂടാതെ വിഷയവുമായി ബന്ധപ്പെട്ട് 2022 ജൂലൈ 4-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

## കെ.എസ്.എസ്.പി.എൽ.-നുള്ള സാമ്പത്തിക സഹായം

16 (*346) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ മാർക്കറ്റ് വായ്പകൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിബന്ധനകൾ മറികടക്കാനാണോ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം പിൻവലിക്കുവാനുള്ള സർക്കാർ ഉത്തരവിലൂടെ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം കെ.എസ്.എസ്.പി.എൽ.-ന്റെ പ്രവർത്തനങ്ങളെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സാമ്പത്തിക സഹായം പിൻവലിക്കാനുള്ള സർക്കാർ ഉത്തരവിന്റെ പശ്ചാത്തലത്തിൽ കെ.എസ്.എസ്.പി.എൽ.-ന്റെ

പ്രവർത്തനം സുഗമമാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(എ-സി) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുക്കുന്ന വായ്പ സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന നിലപാട് കേന്ദ്ര ഗവൺമെന്റും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് വസ്തുതയാണ്. എന്നാൽ ഇതിലുപരിയായി കമ്പനി രൂപീകരിച്ച 20-06-2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന. - യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനുതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ് 10-06-2022-ലെ സ.ഉ.(കൈ.) നം. 97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. നാളിതുവരെ 26048.93 കോടി രൂപ സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ടി ഭേദഗതിക്കു ശേഷം മാത്രം

03-07-2022 ലെ സ.ഉ.(സാധാ.) നം. 4833/22/ധന. പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനുവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് വർദ്ധന

17 (*347) ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ വൈദ്യുതി താരിഫ് എന്ന് മുതലാണ് നിലവിൽ വരുന്നതെന്ന് അറിയിക്കാമോ; ഇതിനുമുമ്പ് എന്നാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25-06-2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം 26.06.2022 മുതൽ പുതുക്കിയ

വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. ഇതിനുമുമ്പ് കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 8-07-2019 - ലാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്.

(ബി) പുതുക്കിയ വൈദ്യുതി നിരക്കിലൂടെ വിവിധ ഉപഭോക്താക്കൾക്ക് എപ്രകാരമാണ് വർദ്ധന വരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

താരിഫ് പരിഷ്കരണംമൂലം ശരാശരി 6.6% വർദ്ധന വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എങ്കിലും 98 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് ക്രോസ് സബ്സിഡി ലഭ്യമാക്കത്തക്ക വിധത്തിൽ ആണ് താരിഫ് പരിഷ്കരണം നടപ്പിലാക്കിയിരിക്കുന്നത്.

1. 1000 വാട്ട് വരെ കണക്റ്റഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളവരുമായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധന ഇല്ല.
2. പ്രതിമാസം 50 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനയില്ല. സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്. ഇവർക്ക് ടി ആനുകൂല്യം ലഭിക്കും.

3. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ, തുടങ്ങിയ വിഭാഗങ്ങൾക്ക് താരിഫ് വർദ്ധനയില്ല. ഏകദേശം 35,200 ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്.

4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1000 വാട്ട് വരെ കണക്റ്റഡ് ലോഡുള്ള കുടുംബങ്ങളിൽ ക്യാൻസർ രോഗികളോ, സ്ഥിരമായി അംഗവൈകല്യം ബാധിച്ചവരോ ഉണ്ടെങ്കിൽ താരിഫ് വർദ്ധനയില്ല.

5. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സൗജന്യ നിരക്ക് അതേപടി നിലനിർത്തിയിരിക്കുകയാണ്.

6. ചെറിയ പെട്ടിക്കടകൾ, ബങ്കുകൾ, തട്ടുകടകൾ തുടങ്ങിയ വിഭാഗത്തിനുള്ള കുറഞ്ഞ നിരക്കിലുള്ള താരിഫിന്റെ ആനുകൂല്യം 1000 വാട്ടിൽ നിന്നും 2000 വാട്ട് ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഏകദേശം 5.5 ലക്ഷം ഉപഭോക്താക്കൾക്ക് ടി ആനുകൂല്യം ലഭിക്കും.

7. കാർഷിക ഉപഭോക്താക്കൾക്ക് എനർജി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ഏകദേശം 4.76 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.

8. 10 കിലോവാട്ടുവരെ കണക്റ്റഡ് ലോഡുള്ള ചെറുകിട വ്യവസായങ്ങളായ അരി പൊടിക്കുന്ന മില്ലുകൾ, തയ്യൽജോലി ചെയ്യുന്നവർ, തുണിതേയ്ച്ചുകൊടുക്കുന്നവർ തുടങ്ങിയ ചെറുകിട സംരംഭകർക്കുള്ള

വൈദ്യുതി നിരക്കിലുള്ള ആനുകൂല്യം തുടരുന്നതാണ്. ടി വിഭാഗങ്ങൾക്ക് ശരാശരി യൂണിറ്റിന് 15 പൈസയുടെ താരിഫ് വർദ്ധന മാത്രമേ വരുന്നുള്ളൂ.

9. പ്രതിമാസം 150 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പരമാവധി വർദ്ധന യൂണിറ്റിന് 25 പൈസയിൽ താഴെമാത്രമാണ്. ഏകദേശം 88 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.

ഓരോ താരിഫ് കാറ്റഗറിക്കും വരുത്തിയിട്ടുള്ള വർദ്ധന അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി നിയമം-2003-ലെ 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. സർക്കാർ അനുമതി ആവശ്യമില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നാൽ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നിരക്കുകളിൽ, വൈദ്യുതി നിയമം, 2003-ലെ 65-ാം വകുപ്പ് പ്രകാരം ഗാർഹിക, കാർഷിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ, ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നവർക്കും നൽകിവരുന്ന സബ്സിഡികൾ തുടർന്നും നൽകുന്നതായിരിക്കും. ഈ താരിഫ് പരിഷ്കരണത്തിൽ ഈ വിഭാഗത്തിന് വർദ്ധന ഒന്നുംതന്നെ വരുത്തിയിട്ടില്ല.

**കരിമണൽ ഖനനം**

18 (*348) ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന സർക്കാരിന് മാത്രം അധികാരമുള്ള കേരള തീരത്തെ കരിമണൽ ഖനനം കേന്ദ്ര സർക്കാർ ഏറ്റെടുക്കാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്, 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശപ്രകാരം ആക്ടിന്റെ ഒന്നാമത്തെ ഷെഡ്യൂളിലെ പാർട്ട്  ബി-യിൽ ഉൾപ്പെടുന്നതും നാളിതുവരെ സ്ട്രാറ്റജിക് ഗണത്തിൽ പരിഗണിച്ചുവന്നിരുന്നതുമായ 12 ധാതുക്കളിൽ 8 എണ്ണത്തെ ആക്ടിൽ പ്രത്യേകമായി പാർട്ട് - ഡി രൂപീകരിച്ച് അതിലേയ്ക്ക് മാറ്റി അവയുടെ ലേലം സംസ്ഥാന സർക്കാരിന്റെ അധികാരത്തിനുപരിയായി കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തുവാനാണ് ആക്ടിലെ ഒരു ഭേദഗതിയോടെ ശ്രമിക്കുന്നത്. നിലവിൽ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) നിയമത്തിന്റെ സെക്ഷൻ 5(1) ന്റെ 3-ാമത്തെ പ്രൊവിസോയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യുന്നതിനുള്ള മൈനിംഗ് ലീസ് ലഭ്യമാകുന്നത്. ആ വ്യവസ്ഥയാണ് ആക്ടിലെ ഭേദഗതിയോടെ മാറ്റം വരുത്തുവാൻ ശ്രമിക്കുന്നത്.

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിരുന്നോ?

ലഭിച്ചിരുന്നു. കേന്ദ്ര ഖനി നിയമമായ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടിന്മേൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന

ഭേദഗതികളെ സംബന്ധിച്ച് കേന്ദ്ര ഖനി മന്ത്രാലയം 2022 മേയ് മാസം 25-ാം തീയതി എം.VI-1/3/2022-മൈൻസ് VI നമ്പരായി നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(സി) കരിമണൽ ഖനനം സംബന്ധിച്ച കേന്ദ്ര സർക്കാർ നിർദ്ദേശത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. ആക്റ്റിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ ഭരണഘടനാപരവും രാജ്യസുരക്ഷാപരവും പാരിസ്ഥിതികവും സാമൂഹിക-സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതുതാൽപര്യത്തിന് ദോഷകരമാണെന്ന് വിലയിരുത്തിക്കൊണ്ട് അതിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്ര ഖനന മന്ത്രാലയത്തെ അറിയിച്ചിട്ടുള്ളതാണ്. കൂടാതെ ടി വിഷയവുമായി ബന്ധപ്പെട്ട് 4-7-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ടി വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ നീക്കത്തെ പ്രതിരോധിക്കാനാവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്.

## കേരള റബ്ബർ ലിമിറ്റഡ്

19 (*349) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്ന സംസ്ഥാനമായിട്ടും വൻകിട കുത്തക കമ്പനികൾ സംസ്ഥാനത്തിന് പുറത്ത് ഫാക്ടറികൾ സ്ഥാപിച്ചുകൊണ്ടും കേന്ദ്ര സർക്കാർ നയങ്ങളുടെ ആനുകൂല്യം വിനിയോഗിച്ച് ഇറക്കുമതിയിലൂടെയും കർഷകരെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സിയാൽ മാതൃകയിൽ കേരള റബ്ബർ ലിമിറ്റഡ് സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

- പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംയോജിത സൗകര്യം സജ്ജീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ 02/02/2019-ലെ G.O(Ms)No.16/2019/ID പ്രകാരം കേരള റബ്ബർ ലിമിറ്റഡ് (KRL) സ്ഥാപിക്കുന്നതിന് കേരള സർക്കാർ

അനുമതി നൽകി. കേരളത്തിൽ ഉൽപ്പാദിപ്പിക്കുകയും അതുവഴി റബ്ബർ കർഷകർക്ക് സുസ്ഥിരവും മെച്ചപ്പെട്ട വിലയും ഉറപ്പാക്കിക്കൊണ്ട് ആഭ്യന്തര റബ്ബർ വിപണി ശക്തിപ്പെടുത്തുക എന്നതാണ് കെ.ആർ.എൽ ന്റെ പ്രധാനലക്ഷ്യം.

- 2022 മേയ് 09-ന് കെ.ആർ.എൽ.- ന്റെ കല്ലിടൽ ചടങ്ങ് നടന്നു.

- DPR-ന്റെ പരിഷ്കരണം റബ്ബർ ബോർഡ് ഓഫ് ഇന്ത്യയെ കെ.ആർ.എൽ. ഏൽപ്പിച്ചു. 2022 ജൂലൈ 4-ാം തീയതി റബ്ബർ ബോർഡ് KIIFB കൺസൾട്ടൻസി സർവ്വീസസ് യൂണിറ്റിന്റെ (KCSU) സഹകരണത്തോടെ ആവശ്യമായ ഭേദഗതികളോടുകൂടി പുതുക്കിയ DPR സമർപ്പിച്ചു.

- KRL-നുവേണ്ടി കോട്ടയത്ത് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് നിലനിന്നിരുന്ന സ്ഥലത്ത് നീക്കിവച്ച ഭൂമിയുടെ അടിസ്ഥാന സൗകര്യ വികസന റിപ്പോർട്ട് തയ്യാറാക്കാൻ കിഫ്ബി കൺസൾട്ടൻസി സർവ്വീസസ് യൂണിറ്റിനെ (KCSU) ചുമതലപ്പെടുത്തിയിരിക്കുന്നു. ലാൻഡ് ക്ലിയറൻസും ടോപ്പോഗ്രാഫിക്കൽ സർവേയും പൂർത്തിയായി. സോയിൽ ഇൻവെസ്റ്റിഗേഷൻ പുരോഗതിയിലാണ്.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദമാക്കാമോ?

1. കേരളത്തിലെ റബ്ബർ അധിഷ്ഠിത മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രൊമോഷണൽ ഏജൻസിയായി പ്രവർത്തിക്കുക.

2. സംസ്ഥാനത്തെ എല്ലാ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കും സേവനങ്ങൾ നൽകുന്ന ഒരു മാതൃ സംഘടനയായി പ്രവർത്തിക്കുക.

3. സംസ്ഥാന-ദേശീയ തലങ്ങളിൽ നിലവിലുള്ള റബ്ബർ വ്യവസായ പ്രോത്സാഹന ഏജൻസികളും സംരംഭകരും തമ്മിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുക.

4. അനുബന്ധ വ്യവസായങ്ങൾ ഉൾപ്പെടെ നിക്ഷേപകർക്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കോട്ടയം ജില്ലയിലെ വെള്ളൂരിൽ അനുവദിച്ച ഭൂമിയുടെ ഒരു ഭാഗത്ത് റബ്ബർ വ്യവസായ പാർക്ക് സ്ഥാപിക്കുക.

5. റബ്ബർ ഉത്പാദക സംഘങ്ങൾ (ആർ.പി.എസ്) മുഖേനയും റബ്ബറിന്റെ സംഭരണം, സംസ്കരണം, സംയോജനം, വിപണനം എന്നിവയിൽ

ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾ മുഖേനയും റബ്ബർ ഉത്പാദകരുമായി ബന്ധം സ്ഥാപിക്കുക.

(സി) കൂടുതൽ കാർഷികോല്പന്നാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ പരിപാടിയുണ്ടോ; വ്യക്തമാക്കുമോ?

സ്പെഷ്യാലിറ്റി റബ്ബറുകളുടെ പ്രാഥമിക സംസ്കരണം ഉൾപ്പെടുന്ന എൻ.ആർ. അധിഷ്ഠിത വ്യവസായങ്ങൾക്കായി ഒരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനൊപ്പം എം.എസ്.എം.ഇ. മേഖലയുടെ പ്രോത്സാഹനത്തിലും പ്രാരംഭ ശ്രദ്ധ കേന്ദ്രീകരിക്കും.

സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി നിരവധി പ്രോത്സാഹന പ്രവർത്തനങ്ങളും സാമ്പത്തിക സഹായ പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്. ഇത്തരം പദ്ധതികളിലൂടെ കാർഷികോല്പന്നാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ (ESS) കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ ലിസ്റ്റിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് വഴി ടി മേഖലയിലെ സംരംഭങ്ങൾക്ക് 1 % അധിക സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുന്നു.

സൂക്ഷ്മ വിഭാഗത്തിൽപ്പെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. യോഗ്യതയുള്ള പ്രോജക്ടിന്റെ സ്ഥിര മൂലധനത്തിന്മേൽ 35 % പരമാവധി പരിധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് സഹായം ലഭിക്കുന്നത്.

കൂടാതെ കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്കരണ ഉല്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കാനായി സംസ്ഥാനതലത്തിൽ അഗ്രോ ഫുഡ്പ്രോ എക്സിബിഷൻ എല്ലാ വർഷവും നടത്തിവരുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ 115.13 ഏക്കർ സ്ഥലത്ത് ഒരു കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് വികസിപ്പിക്കുവാനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. സ്വീകരിച്ചുവരുന്നു. ഇത് കേരളത്തിലെ പ്രധാന

കാർഷികോൽപ്പന്നങ്ങളിലൊന്നായ തേങ്ങയുടെ മൂല്യവർദ്ധിത വ്യവസായങ്ങൾ തുടങ്ങുവാനും പരിപോഷിപ്പിക്കുവാനും സാധിക്കുന്ന രീതിയിലായിരിക്കും നിർമ്മിക്കുക.

**സംരംഭകത്വ പ്രോത്സാഹനത്തിന് വായ്പകൾ**

20 (*350) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംരംഭക പ്രോത്സാഹനത്തിനായി സർക്കാരും കെ.എഫ്.സി.യും വായ്പകൾക്ക് പലിശ സബ്സിഡി നൽകിവരുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം വീതം; ബാങ്കുകൾ നൽകുന്ന സംരംഭക വായ്പകൾക്കും സർക്കാർ പലിശ സബ്സിഡി നൽകുന്നുണ്ടോ?

സംരംഭക പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് മുഖേന വായ്പകൾക്ക് താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം പലിശ സബ്സിഡി നൽകിവരുന്നുണ്ട്.

1) 10 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ

മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്ക്, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നുണ്ട്. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

2) കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) ഇപ്പോൾ കൂടുതൽ ഇളവുകളോടെ നടപ്പിലാക്കുന്നുണ്ട്. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ

നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. ഒരു യൂണിറ്റിന് പരമാവധി 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

സംരംഭക പ്രോത്സാഹനത്തിനായി മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി പ്രകാരം സർക്കാർ 3 ശതമാനവും കെ. എഫ്. സി. 2 ശതമാനവും പലിശ സബ്സിഡി നൽകിവരുന്നു.

വിശദമായ ബിസിനസ്സ് പ്ലാനിന്റെ അടിസ്ഥാനത്തിൽ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പത്തുകയ്ക്ക് ജനറൽ വിഭാഗത്തിന് 6 ശതമാനവും എസ്.സി/എസ്.ടി, വനിതകൾ എന്നിവർക്ക് 8 ശതമാനവും പലിശ സബ്സിഡി പരമാവധി 3 വർഷത്തേയ്ക്ക് തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്നു.

(ബി) മുഖ്യമന്ത്രിയുടെ സംരംഭകത്വ വായ്പ പദ്ധതിയിലൂടെയുള്ള വായ്പകൾക്ക് പലിശ ഉയർത്തിയിട്ടുണ്ടോ; ഈ വായ്പയ്ക്ക് ഏതൊക്കെ വിഭാഗം സംരംഭകർക്കാണ് യോഗ്യതയുള്ളത്; അത്തരം സംരംഭകർക്ക് കെ.എഫ്.സി. പ്രത്യേകം പരിശീലനം നൽകുന്നുണ്ടോ?

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ മുതലായവർക്ക് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീമിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് upfront ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്. 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. മൊറട്ടോറിയം കാലാവധിയിൽ പലിശ കൃത്യമായി തിരിച്ചടയ്ക്കേണ്ടതാണ്.

പ്രസ്തുത വായ്പയ്ക്ക് അപേക്ഷിക്കുന്നവരുടെ പ്രായം 18 മുതൽ 50 വയസ്സ് വരെ ആയിരിക്കണം. വനിത, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, എൻ.ആർ.കെ. എന്നീ വിഭാഗത്തിലുള്ളവർക്ക് അഞ്ചുവർഷത്തെ പ്രായപരിധി ഇളവ് ലഭിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, വരുമാനം എന്നിവയ്ക്ക് പ്രത്യേക മാനദണ്ഡങ്ങളില്ല. വായ്പ അപേക്ഷകർക്കും കമ്പനിയുടെ പ്രൊമോട്ടർമാർക്കും സിബിൽ സ്കോർ 650-ന് മുകളിൽ ആയിരിക്കണം.

പ്രസ്തുത വായ്പ ലഭ്യമാക്കുന്ന സംരംഭങ്ങൾ കേരളത്തിൽ പ്രവർത്തനക്ഷമമാക്കുകയും പദ്ധതി ചെലവിന്റെ കുറഞ്ഞത് 20 ശതമാനം സംരംഭകൻ തന്റെ വിഹിതമായി മുതൽമുടക്കേണ്ടതുമാണ്. വസ്തു, കെട്ടിടം, മറ്റ് ആസ്തികൾ, കൊളാറ്ററൽ സെക്യൂരിറ്റി എന്നിവ പരിഗണിച്ചായിരിക്കും വായ്പ നിശ്ചയിക്കുക. പ്രസ്തുത വായ്പയുടെ അസറ്റ് കവറേജ് റേഷ്യോ 1 ആയിരിക്കണം. മാത്രമല്ല, ഉടമസ്ഥരുടെ വ്യക്തിഗത ജാമ്യവും പ്രസ്തുത വായ്പയ്ക്കായി നൽകേണ്ടതാണ്.

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന വായ്പകൾക്ക് 7 ശതമാനമായിരുന്ന പലിശ 2021 നവംബർ മാസത്തിൽ 5 ശതമാനമാക്കി കെ.എഫ്.സി. കുറച്ചിട്ടുണ്ട്.

50 വയസ്സിന് താഴെ പ്രായമുള്ള, സ്ഥിരം ജോലിയില്ലാത്ത സംരംഭകനാകാൻ താൽപര്യമുള്ളവർക്ക് കേരളത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങാൻ കെ.എഫ്.സി. വായ്പ നൽകുന്നതാണ്. NRK/SC/ST/Women എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് 5 വർഷത്തെ വയസ്സിളവും ലഭ്യമാണ്. നവസംരംഭകർക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക പരിശീലനവും നൽകുന്നു.

(സി) ലൈസൻസ്, വായ്പ, സബ്സിഡി എന്നിവയുടെ ലഭ്യത സംബന്ധിച്ചും ഓരോ പ്രദേശത്തും സാധ്യതയുള്ള വ്യവസായങ്ങൾ സംബന്ധിച്ചുമുള്ള ബോധവൽക്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രത്യേകം പരിപാടി ആവിഷ്കരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ബോധവൽക്കരണ പരിപാടികൾ വഴി ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഈ പ്രക്രിയ തുടർന്നുകൊണ്ട് ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതിവഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ നടത്താനും ഉദ്ദേശിക്കുന്നു.

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി പ്രത്യേക കമ്പനി**

21 (*351) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>

<u>ഡോ. മാത്യു കുഴൽനാടൻ:</u>
<u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ?

2016-ൽ അന്നത്തെ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ടി കുടിശ്ശിക അതിനുശേഷം വന്ന സർക്കാർ 2016 ആഗസ്റ്റ്, 2017 ആഗസ്റ്റ് എന്നീ രണ്ട് ഘട്ടങ്ങളിലായാണ് വിതരണം ചെയ്തത്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതി സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കൃത്യമായ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. കൂടാതെ, പെൻഷൻ വർഷത്തിൽ രണ്ടോ മൂന്നോ തവണ മാത്രം വിതരണം ചെയ്യുന്ന അവസ്ഥയുമായിരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ മാസംതോറും കൃത്യമായി വിതരണം ചെയ്യേണ്ടതാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം സുഗമമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി, 26-06-2018 ലെ സ. ഉ. (കൈ)

നം.232/2018/ധന. പ്രകാരം പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിരുന്നു. കമ്പനി പെൻഷൻ വിതരണത്തിനായി 34030.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കമ്പനിയിലേയ്ക്ക് ഏതെല്ലാം രീതിയിൽ ഫണ്ട് സമാഹരണം നടത്തുന്നുണ്ടെന്നും പ്രസ്തുത ഫണ്ട് എവിടെയാണ് സൂക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

പന്ത്രണ്ടോ അതിൽ കുറവോ തവണകളായി ബജറ്റിലൂടെ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ള സർക്കാർ സഹായമാണ് കമ്പനിയുടെ പ്രധാന വരുമാനം. എൻ.എസ്.എ.പി.-യുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ടിനും കമ്പനിക്ക് അർഹതയുണ്ട്. പൊതുജനങ്ങളിൽ നിന്നോ പൊതുമേഖലാ/മറ്റ് സ്ഥാപനങ്ങളിൽനിന്നോ ഫണ്ട് സ്വരൂപിക്കുന്നതിന് 26-06-2018- ലെ സ.ഉ.(കൈ.)നം. 232/2018/ധന. പ്രകാരം കമ്പനിക്ക് അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനി കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പെൻഷൻ വിതരണത്തിനായി ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള

പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കെ.എഫ്.സി. എന്നിവയിൽനിന്നും ഫണ്ട് സമാഹരിച്ചിട്ടുണ്ട്. ഇത്തരം ഫണ്ടുകൾ കമ്പനിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കേരള ബാങ്ക്, യൂണിയൻ ബാങ്ക് എന്നീ അക്കൗണ്ടുകളിലും സൂക്ഷിച്ചുവരുന്നു.

(സി) പ്രസ്തുത കമ്പനി എൻ.എസ്.എ.പി. മുഖേനയുള്ള കേന്ദ്ര വിഹിതം കൈകാര്യം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിിന് എൻ.എസ്.എ.പി. മുഖേനയുള്ള കേന്ദ്ര വിഹിതം നേരിട്ട് ലഭിക്കുന്നില്ല. പ്രസ്തുത ധനസഹായവും കൂടി ചേർന്ന് ലഭിക്കുന്ന ബജറ്റ് വിഹിതം ഉപയോഗിച്ചാണ് കമ്പനി പെൻഷൻ വിതരണം നടത്തുന്നത്.

(ഡി) പ്രസ്തുത കമ്പനിയിലേയ്ക്കുള്ള സർക്കാർ വിഹിതത്തിൽ കുടിശിക വരുത്തിയിട്ടുണ്ടോ എന്നും സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായം പിൻവലിക്കാാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

കുടിശ്ശിക വരുത്തിയിട്ടില്ല. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിിനുള്ള സാമ്പത്തിക സഹായം പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

## കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാൻ നടപടി

22 (*352) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കശുവണ്ടി വ്യവസായ രംഗത്ത് സർക്കാർ നിയന്ത്രണത്തിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ്, കൂടാതെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെയും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ സർക്കാർ നിരവധി പദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ

2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽനിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്.

പരമാവധി ഉൽപാദനക്ഷമത കൈവരിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷനിൽ ഈ വർഷം ആയിരം തൊഴിലാളികളെ പുതുതായി നിയമിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 535 തൊഴിലാളികളെ ഇതിനോടകം നിയമിച്ചിട്ടുണ്ട്. കൂടാതെ ഭാഗിക യന്ത്രവത്കരണത്തിന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകളും അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിലും സ്ഥാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷനിൽനിന്നും 2016 മുതൽ 2021 വരെ വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 20 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്.

കൂടാതെ കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 2 കോടി രൂപയും ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും

കമ്പോള ബോധവത്ക്കരണത്തിനുമായി 50 ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷം കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷവും ബ്രാൻഡ് ബിൽഡിംഗിനായി 50 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 2022-23 സാമ്പത്തിക വർഷം 5.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷം 2016 മുതൽ 2020 വരെ വിരമിച്ച തൊഴിലാളികൾക്കും മുൻ വ്യവസായികളുടെ കാലയളവിൽ വിരമിച്ച തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി നൽകുന്നതിനായി 9.57 കോടി രൂപ കാപ്പക്സിന് നൽകിയിട്ടുണ്ട്. 2022-23-ലെ പദ്ധതി വിഹിതത്തിൽ ആധുനികവൽകരണത്തിനും യന്ത്രവൽകരണത്തിനുമായി 3.5 കോടി രൂപയും ബ്രാൻഡ് വികസനത്തിനായി 50 ലക്ഷം രൂപയും വകയിരുത്തുകയും പ്രസ്തുത 50 ലക്ഷം രൂപ കാപ്പക്സിന് റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അടഞ്ഞുകിടന്ന സ്വകാര്യ

ഫാക്ടറികളിൽ നിന്നുള്ള 1509 തൊഴിലാളികളെ 2016-21 കാലയളവിൽ കാപ്പക്സിൽ നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കേരള കാഷ്യൂബോർഡ് ലിമിറ്റഡ് 2021-ൽ 12763.402 മെട്രിക് ടൺ തോട്ടണ്ടിയും 2022-ൽ 5691.676 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകിയിട്ടുണ്ട്. കൂടാതെ കരുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ ടെൻഡർ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഗവൺമെന്റ് മുഖാന്തരം തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള സാധ്യത കൂടി കാഷ്യൂ ബോർഡ് ആരാഞ്ഞുവരുന്നു. കേരള കാഷ്യൂ ബോർഡ് സംഭരിക്കുന്ന തോട്ടണ്ടി പൊതുമേഖലയിലെ കശുവണ്ടി യൂണിറ്റുകൾക്കെന്നപോലെ സ്വകാര്യ മേഖലയിലെ യൂണിറ്റുകൾക്കും ലഭ്യമാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. ഇതിലൂടെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ തുടർച്ചയായി ഉറപ്പുവരുത്തുന്നതിനും ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

കൂടാതെ സർക്കാർതലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ല പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽനിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ജോലി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം തോട്ടണ്ടി ഇറക്കുമതിക്കുള്ള പ്രവർത്തനമൂലധനമായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് സർക്കാർ 37.3 കോടി രൂപയും 2022-23 വർഷം 40.85 കോടി രൂപയും നൽകിയിട്ടുണ്ട്.

കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് 2022-23 സാമ്പത്തിക

വർഷത്തെ ബജറ്റിൽ വകയിരുത്തിയ 715 ലക്ഷം രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കശുവണ്ടി വ്യവസായ മേഖലയിൽ ബാങ്ക് ലോൺ കുടിശ്ശികയുള്ളവർക്ക് പലിശയിളവ് നൽകുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നവരെ പ്രോൽസാഹിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനുമായി ബാങ്ക് ലോൺ കുടിശ്ശികയുള്ളവർക്ക് പലിശയിളവ് നൽകുന്നതിനും തൊഴിൽ നൽകുന്നതിനനുസരിച്ച് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 2022-23 വർഷത്തെ സംസ്ഥാനത്തെ ബജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലുള്ള ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തനമൂലധനവും ആധുനികവത്കരണത്തിനുള്ള മൂലധന സഹായവും പലിശ സഹായവും നൽകി ഇവയെ പുനരുദ്ധരിപ്പിക്കുന്നതിനായി 7 കോടി രൂപയും 2022-23 ലെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

(സി) കോവിഡാനന്തരം പൊതുമേഖലയിലെന്നപോലെ സ്വകാര്യ മേഖലയിലും കശുവണ്ടി വ്യവസായം പൂർണ്ണ സജ്ജമാക്കുന്നതിനുതകുന്ന എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

കോവിഡാനന്തരം സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ തകർച്ചയിൽനിന്നും കരകയറ്റുന്നതിനായി മുൻ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച മൂന്നംഗ കമ്മിറ്റി 30-12-2021-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കടക്കെണിയിലായ കശുവണ്ടി വ്യവസായികളും ബാങ്കുകളുടെ പ്രതിനിധിയായ SLBC-യും തമ്മിൽ OTS സംബന്ധിച്ച് സമയവായത്തിലെത്തുകയും ഇതേത്തുടർന്ന് ഒറ്റത്തവണ തീർപ്പാക്കൽ പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി 31-03-2022-ൽനിന്നും ദീർഘിപ്പിച്ച് നൽകണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുകയും OTS സംബന്ധിച്ച്

ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 16-06-2022-ലെ സ.ഉ(സാധാ)നം.562/2022/വ്യവ പ്രകാരം 31-03-2022 വരെ എന്നുള്ളത് 31-12-2022 വരെ എന്ന് ദീർഘിപ്പിച്ച് നൽകുകയും ചെയ്തു.

കോവിഡാനന്തരം സ്വകാര്യ കശുവണ്ടി മേഖലയുടെ പ്രവർത്തനം പൂർണ്ണ സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ തുടരുന്നതാണ്.

(ഡി) നിലവിൽ പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായി പ്രത്യേക കമ്പനി**

23 (*353) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2016-ൽ അന്നത്തെ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ടി കുടിശ്ശിക അതിനുശേഷം വന്ന സർക്കാർ 2016 ആഗസ്റ്റ്, 2017 ആഗസ്റ്റ് എന്നീ രണ്ട് ഘട്ടങ്ങളിലായാണ് വിതരണം ചെയ്തത്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതി സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ കൃത്യമായ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. കൂടാതെ, പെൻഷൻ വർഷത്തിൽ രണ്ടോ മൂന്നോ തവണ മാത്രം വിതരണം ചെയ്യുന്ന ഒരു അവസ്ഥയുമായിരുന്നു. സാമൂഹ്യ സുരക്ഷ പെൻഷൻ മാസംതോറും കൃത്യമായി വിതരണം ചെയ്യേണ്ടതാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം സുഗമമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി 26-06-2018-ലെ സ.ഉ.(കൈ) നം.232/2018/ധന. പ്രകാരം പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിരുന്നു. കമ്പനി 34030.63 കോടി രൂപ പെൻഷൻ നൽകാനായി ചെലവഴിച്ചിട്ടുണ്ട്.

(ബി) കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ പ്രസ്തുത കമ്പനിക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുമെന്ന് സൂചിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പന്ത്രണ്ടോ അതിൽ കുറവോ തവണകളായി ബജറ്റിലൂടെ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ള സർക്കാർ സഹായമാണ് കമ്പനിയുടെ പ്രധാന വരുമാനം. എൻ.എസ്.എ.പി.യുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിനും കമ്പനിക്ക് അർഹതയുണ്ട്. പൊതുജനങ്ങളിൽ നിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിലോ മറ്റ് സ്ഥാപനങ്ങളിലോ നിന്നോ ഫണ്ട് സ്വരൂപിക്കുന്നതിന് 26-06-2018 ലെ സ.ഉ. (കൈ.) നം. 232/2018/ധന. പ്രകാരം കമ്പനിക്ക് അനുവാദം നൽകിയിട്ടുണ്ട്. കമ്പനിക്ക് ഗ്രാന്റായി 26048.93 കോടി രൂപ ഇതുവരെ സർക്കാർ കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത നിലപാടിൽ നിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഇല്ല. കമ്പനി രൂപീകരിച്ച 20-06-2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന.-യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ

സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ് 10-06-2022-ലെ സ.ഉ.(കൈ.) നം. 97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. ടി ഭേദഗതിക്കു ശേഷം മാത്രം 03-07-2022-ലെ സ. ഉ. (സാധാ.) നം. 4833/22/ധന. പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനുവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

**ജി.എസ്.ടി.**

24 (*354) <u>ശ്രീ. വി. ജോയി</u>:
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നത് നിർത്തുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിക്കുമ്പോഴും നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സർക്കാർ ജനങ്ങളിൽനിന്ന് നഷ്ടപരിഹാര സെസ്സ് ഈടാക്കുന്നത് തുടരുന്നുണ്ടോ എന്ന് അറിയിക്കാമോ?

ജി.എസ്.ടി. കോമ്പൻസേഷൻ സെസ് 2026 മാർച്ച് 31 വരെ തുടരാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ നൽകുന്നതിനായി കേന്ദ്ര സർക്കാർ എടുത്ത വായ്പകളുടെ തിരിച്ചടവിനുവേണ്ടിയാണ് സെസ് ഈടാക്കുന്നത് തുടരുന്നത് എന്നാണ് ജി.എസ്.ടി. കൗൺസിലിൽ അറിയിച്ചിട്ടുള്ളത്.

(ബി) ജി.എസ്.ടി. നിയമത്തിന്റെ പൊതു ചട്ടക്കൂടിനകത്ത് നിന്നുകൊണ്ട് സംസ്ഥാന ജി.എസ്.ടി. നിരക്കിൽ മാറ്റം വരുത്താനും നടപടിക്രമങ്ങളിൽ ഭേദഗതി വരുത്താനും ഇതുസംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധി അവകാശം നല്കുന്നുണ്ടോ?

സുപ്രീംകോടതി 19-05-2022 തീയതിയിൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ വെളിച്ചത്തിൽ

നിലവിലെ സ്ഥിതിയിൽനിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

(സി) സംസ്ഥാനത്ത് ജി.എസ്.ടി. നികുതി ചോർച്ച ഒഴിവാക്കുന്നതിന് നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഓഡിറ്റ് സംവിധാനം ജി.എസ്.ടി. നിയമത്തിനനുസൃതമായി കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. വിവര സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ ക്രോഡീകരിച്ച് അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചെക്ക്പോസ്റ്റില്ലാതായത് ഐ.ജി.എസ്.ടി. വരുമാനത്തെ ബാധിക്കുന്നുണ്ടോയെന്നും ബദൽ പരിശോധന സംവിധാനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയത് ജി.എസ്.ടി.-യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ടെങ്കിലും തുടർന്ന് ഇ-വേ ബിൽ സംവിധാനം കൊണ്ടുവന്നതിലൂടെ ഒരു പരിധിവരെ നികുതി വെട്ടിപ്പ് തടയാൻ കഴിഞ്ഞു. ഇ-വേ ബിൽ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്ത് Automatic Number Plate Recognition (ANPR) നടപ്പിലാക്കി. ഇതിലൂടെ ഇ-വേ ബിൽ ഇല്ലാതെ സംസ്ഥാനത്തിനകത്തേയ്ക്ക് പ്രവേശിക്കുന്ന ചരക്കുവാഹനങ്ങളുടെ വിവരം തത്സമയം SMS അലെർട്ട് മുഖേന വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുകയും അത്തരം വാഹനങ്ങൾ ഉടൻ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ANPR സംവിധാനം സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്തും കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിൽ സ്ഥാപിച്ചിട്ടുള്ള ANPR സംവിധാനം കൂടുതൽ കാര്യക്ഷമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരം സംവിധാനങ്ങൾ നടപ്പാക്കുകവഴി

ചെക്ക്പോസ്റ്റുകൾ ഇല്ലാതായതുമൂലമുണ്ടായ നികുതി വെട്ടിപ്പ് പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതുമൂലം ചരക്ക് കൈമാറ്റങ്ങൾ കണക്കിൽപ്പെടുത്തുന്നതിന്റെ തോത് കൂടുകയും നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്യും.

## സംരംഭകത്വ പ്രോത്സാഹനം

25 (*355) ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും ജനങ്ങൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾമൂലം സ്റ്റാർട്ടപ്പുകൾ കൂടുതലായി ആരംഭിച്ചത് സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിൽ എത്രമാത്രം പ്രയോജനകരമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അറുന്നൂറോളം സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ സ്റ്റാർട്ടപ്പ് മേഖലയിലേയ്ക്ക് 1000 കോടിയോളം രൂപ നിക്ഷേപമായി ലഭിക്കുകയും ചെയ്തു. ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസ് എന്ന സ്റ്റാർട്ടപ്പ് 1000 കോടി ഡോളറിന്റെ മൂല്യം തികച്ച് യുണീകോണായി മാറിയത് ഈ കാലഘട്ടത്തിലാണ്. 2022 ജൂലൈ 4-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 2021-ലെ സംസ്ഥാനങ്ങളുടെ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ കേരളം ടോപ് പെർഫോമറായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

(സി) ഐ.ടി. അധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് പുറമെ ഏതെല്ലാം മേഖലയിലെ സ്റ്റാർട്ടപ്പുകൾ കൂടി സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്?

പട്ടിക അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കാർഷിക, വ്യാവസായിക, സഹകരണ മേഖലകളിലെ സ്റ്റാർട്ടപ്പുകളും സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

നൂതനവും സാമൂഹിക പ്രതിബദ്ധതയുമുള്ള സാങ്കേതിക സ്റ്റാർട്ടപ്പുകളെയാണ് സ്റ്റാർട്ടപ്പ് മിഷൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തുവരുന്നത്. കാർഷിക, വ്യാവസായിക സഹകരണ മേഖലകളിൽ നൂതനതയും സാമൂഹിക പ്രതിബദ്ധതയുമുള്ള സ്റ്റാർട്ടപ്പുകളെ യുവ സംരംഭകത്വ പദ്ധതിയിലൂടെ സഹായിക്കാൻ കഴിയും.

കാർഷിക, വ്യവസായ സഹകരണ മേഖലയിലെ നവീന ആശയങ്ങളുമായി വരുന്ന സംരംഭകർക്ക് KSIDC സ്റ്റാർട്ടപ്പ് സ്കീം വഴി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾക്കാണ് ഈ സഹായം അനുവദിക്കുന്നത്.

(ഇ) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് എന്തെല്ലാം സാങ്കേതിക, സാമ്പത്തിക സഹായമാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ?

പുതിയ സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭകർക്ക് കമ്പനി രജിസ്ട്രേഷൻ മുതലായ കാര്യങ്ങളിൽ ഉപദേശവും സഹായവും കേരള

സ്റ്റാർട്ടപ്പ് മിഷൻ നൽകിവരുന്നു. തെരഞ്ഞെടുക്കുന്ന നൂതന ആശയങ്ങൾക്ക് അത് ആദ്യമാതൃകയാക്കി മാറ്റുന്നതിന് 2 ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റ് നൽകിവരുന്നു.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭങ്ങൾക്ക് ഇരുപത്തിയഞ്ച് ലക്ഷം രൂപ വരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകിവരുന്നത്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്. ഐ.ഡി.സി. നടപ്പിലാക്കിവരുന്നു.

സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്ററിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം

കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശങ്ങളും സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തിവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ മുഖേന സ്റ്റാർട്ടപ്പുകൾക്ക് വളരെയധികം നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ധനസഹായം നൽകിയതിൽ ചിലത് പ്രാരംഭഘട്ടത്തിലും ചിലത് വളർച്ച ഘട്ടത്തിലുമാണ്. ആരോഗ്യ പരിരക്ഷ, കൃഷി, വെബ് ഡെവലപ്മെന്റ്, ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകൾ, എഞ്ചിനീയറിംഗ്, ആയുർവേദ, ഫിനാൻഷ്യൽ സർവ്വീസ്, മീഡിയ, പരസ്യം, വിദ്യാഭ്യാസ സേവനങ്ങൾ, ഭക്ഷ്യ സംസ്കരണ, മാനവ വിഭവ പരിശീലനം, ബയോടെക്നോളജി, പ്രതിരോധ സാങ്കേതികവിദ്യ മുതലായ മേഖലകളിൽ പ്രവർത്തിക്കുന്ന ഈ സംരംഭങ്ങൾ ആയിരത്തിൽപ്പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി ഫണ്ട് ഓഫ് ഫണ്ട് പദ്ധതി, സീഡ് ലോൺ പദ്ധതി, ഇന്നവേഷൻ ഗ്രാന്റ് എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. മികച്ചതും നൂതന ആശയങ്ങളുമായി സമീപിക്കുന്നവർക്ക് ഭൗതികമായ ഇൻകുബേഷനും വെർച്വലായ ഇൻകുബേഷനും നൽകുന്നതിനുള്ള സംവിധാനം കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ ലഭ്യമാണ്.

## കെ.എസ്.എസ്.പി.എൽ.-നുള്ള സാമ്പത്തിക സഹായം

26 (*356) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ . പി . അനിൽ കുമാർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ലഭിച്ച വായ്പകൾ ഓഫ് ബജറ്റായി തരംതിരിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശത്തെ തുടർന്നാണോ 2022 ജൂൺ 10-ന് കെ.എസ്.എസ്.പി.എൽ.-നുള്ള സാമ്പത്തിക സഹായം പിൻവലിക്കാനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ?

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുക്കുന്ന വായ്പ സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന നിലപാട് കേന്ദ്ര ഗവൺമെന്റും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് വസ്തുതയാണ്. എന്നാൽ ഇതിലുപരിയായി

കമ്പനി രൂപീകരിച്ച 20-06-2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന. യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10-06-2022-ലെ സ.ഉ.(കൈ.) നം. 97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. ടി ഭേദഗതിക്കുശേഷം മാത്രം 03-07-2022 - ലെ സ.ഉ.(സാധാ.) നം. 4833/22/ധന. പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനുവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.എസ്.പി.എൽ. രൂപീകരണം സംബന്ധിച്ച 2018-ലെ ഉത്തരവിൽ കമ്പനിയുടെ തിരിച്ചടവ് ബാധ്യതകൾ സർക്കാർ വഹിക്കുമെന്ന് പ്രതിപാദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

പ്രതിപാദിച്ചിരുന്നു.

(സി) 52 ലക്ഷം ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പെൻഷൻ വിതരണം കെ.എസ്.എസ്.പി.എൽ.-നുള്ള സാമ്പത്തിക സഹായം പിൻവലിക്കുന്ന സർക്കാർ നടപടിമൂലം പ്രതിസന്ധിയിലാകും എന്നത് വസ്തുതയാണോ എന്ന് വ്യക്തമാക്കാമോ?

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുക്കുന്ന വായ്പ സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന നിലപാട് കേന്ദ്ര സർക്കാരും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് വസ്തുതയാണ്. എന്നാൽ ഇതിലുപരിയായി കമ്പനി രൂപീകരിച്ച 20-06-2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന. -യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10-06-2022-ലെ സ.ഉ.(കൈ.) നം. 97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ

ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. ടി ഭേദഗതിക്കുശേഷം മാത്രം 03-07-2022-ലെ സ.ഉ.(സാധാ.) നം. 4833/22/ധന. പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനുവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

**പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം**

27 (*357) ശ്രീ. ടി.ഐ. മധുസൂദനൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തനലാഭം കൈവരിക്കുന്നതിൽ

മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് അത് എത്രത്തോളം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിനുമുൻപുള്ള കണക്കുകൾ പ്രകാരം കിൻഫ്ര ഉൾപ്പെടെ 26 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. 2011-16-ൽ 10 സ്ഥാപനങ്ങൾ മാത്രമാണ് പ്രവർത്തനലാഭം കൈവരിച്ചിരുന്നത്. മുൻ കാലത്തെ അപേക്ഷിച്ച് എടുത്തുപറയത്തക്ക നേട്ടമാണ് നിലവിൽ വിറ്റുവരവിലും പ്രവർത്തനലാഭത്തിലും സ്ഥാപനങ്ങൾ കൈവരിച്ചിട്ടുള്ളത്.

(ബി) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ പുതിയതായി 252 പേർക്ക് സ്ഥിര നിയമനവും 1068 പേർക്ക് കരാർ നിയമനവും 698 പേർക്ക് ദിവസ വേതാനാടിസ്ഥാനത്തിലും തൊഴിൽ നൽകിയിട്ടുണ്ട്. കൂടാതെ 608 പേർക്ക് താൽകാലികാടിസ്ഥാനത്തിലും തൊഴിൽ നൽകുവാൻ

കഴിഞ്ഞിട്ടുണ്ട്. ഇതിനോടൊപ്പം 1347 പേർക്ക് അപ്രന്റിസായും 897 പേർക്ക് ട്രെയിനിയായും തൊഴിലവസരം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി വ്യവസായ മേഖലയിലെ നിലവിലെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്കരണ, വിപുലീകരണ, വൈവിദ്ധ്യവത്കരണ പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ പൂർണതോതിൽ പ്രവർത്തികമാകുന്നതോടുകൂടി നിലവിലുള്ള ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കപ്പെടുന്നതോടൊപ്പം പുതിയതായി ഏകദേശം ആറായിരത്തോളം തൊഴിലവസരങ്ങൾകൂടി സൃഷ്ടിക്കപ്പെടുമെന്നാണ് വിലയിരുത്തുന്നത്.

(സി) പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾക്ക് സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ട് പോൾ ആന്റണി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ;

ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) പൊതുമേഖല സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖല സ്ഥാപനങ്ങളെ നിലവിലെ വ്യവസായ മേഖലയിലെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ കാര്യക്ഷമത കൈവരിക്കുന്നതിനും സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്കരണ, വിപുലീകരണ, വൈവിദ്ധ്യവത്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി നടത്തിപ്പ് റിപ്പോർട്ടുകൾ തയ്യാറായിവരുന്നു.

ഇതിലേയ്ക്ക് കമ്പനികൾക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനായി വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ പ്രത്യേക

പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിലേയ്ക്കാണ് പ്രസ്തുത വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്.

കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനിക വത്കരണത്തിനും ഉത്തരവാദിത്വം ഉറപ്പുവരുത്തിക്കൊണ്ട് സ്വയംഭരണം നല്കുന്നതിനുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെഎസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി. ഐ.എ.എസ്. ചെയർമാനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്തുവരുന്നുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖല സ്ഥാപനങ്ങളുടെ ഇന്റേണൽ

ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്.

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ മേൽനോട്ടത്തിനായി ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

കമ്പനികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങളിൽ നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്, ഇ-പ്രൊക്യൂർമെന്റ് മുതലായവ) ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

അതത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ പാനൽ തയ്യാറാക്കി ഇൻഡിപെൻഡന്റ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാർ, മാനേജിങ് ഡയറക്ടർമാർ ഡയറക്ടർ ബോർഡ് അംഗങ്ങൾ, ജീവനക്കാർ എന്നിവർക്ക് ആവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്.

പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിംഗ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗ് എന്നീ മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.ൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന് BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ

ഏറ്റെടുത്ത് കെൽ-ഇ.എം.എൽ എന്ന പേരിൽ സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

## സുവിധ പ്ലസ്

28 (*358) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശം ഉറപ്പുവരുത്തുന്നതോടൊപ്പം സംസ്ഥാന സർക്കാരിന്റെ വികസന നയത്തിനനുസൃതവും വരുമാനദായകവുമായ തൊഴിൽ ലഭ്യമാക്കുന്നതിനായി സഹകരണ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

- സർക്കാരിന്റെ വികസന നയത്തിനനുസൃതവും വരുമാനദായകവുമായ തൊഴിൽ ലഭ്യമാക്കുന്നതിനുമായി സഹകരണ മേഖലയിൽ യുവ സംരംഭകർക്കായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 30

യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

- സംഗീതം, നാടകം, പ്രകടന കലകൾ, ചിത്രരചന എന്നിവ ഉൾപ്പെടെയുള്ള കലകളിൽ ഏർപ്പെട്ടിട്ടുള്ള കലാകാരൻമാരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് കലാകാരൻമാർക്ക് സ്ഥിരംവേദി ഒരുക്കിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ കോട്ടയം ആസ്ഥാനമായി കലാകാരൻമാരുടെ ഒരു സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതി വഴി നാളിതുവരെ 14 ജില്ലകളിലുമായി 408 സംഘങ്ങൾ 582 ഏക്കർ 99 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി ഇതുവരെ 5312 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

- കേരള വനിത സഹകരണ ഫെഡറേഷൻ ക്ലിപ്തം നമ്പർ 4440 (വനിത ഫെഡ്) രണ്ടാം നൂറുദിന പരിപാടിയോടനുബന്ധിച്ച്

അംഗസംഘങ്ങൾക്ക് സംഘം കമ്പ്യൂട്ടറൈസേഷൻ ചെയ്യുന്നതിനും ഡ്രൈവിംഗ് സ്കൂൾ, നീതി മെഡിക്കൽസ്, ഗാർമെന്റ് പർച്ചേസ് എന്നീ പദ്ധതികൾക്കായി വിവിധ ജില്ലകളിലെ സംഘങ്ങൾക്ക് വായ്പ നൽകിയതു വഴി 22 പേർക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ആശ്രിത നിയമനം, എന്നിവ വഴി സ്ഥിര നിയമനങ്ങളും ഫാർമസിസ്റ്റുകൾ, ത്രിവേണി ഇൻസിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജിലെ അദ്ധ്യാപകർ, കായംകുളം ശുശ്രൂഷ ലാബിലേയ്ക്കുള്ള ലാബ് ടെക്നീഷ്യൻസ്, ഹാർഡ് വെയർ ടെക്നീഷ്യൻസ്, നീതി ഗ്യാസ് പ്ലാന്റിലെ ടെക്നീഷ്യൻസ് എന്നിങ്ങനെ കരാർ നിയമനങ്ങളും നൽകുകവഴി കൺസ്യൂമർഫെഡറേഷനും സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

- ഹൗസ് ഫെഡ് പി.എസ്.സി. മുഖേന 4 പേരെ പ്യൂൺ തസ്തികയിൽ നിയമിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 7 പേരെ ജൂനിയർ ക്ലാർക്ക് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചു.

- സഹകരണ സർവ്വീസ് പരീക്ഷ ബോർഡ് പരീക്ഷ നടത്തിപ്പുകൾക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയുണ്ടായി. പുതിയ വെബ് പോർട്ടൽവഴി സൊസൈറ്റി/ ബാങ്കുകൾക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന ജോലികളും ഉദ്യോഗാർത്ഥികൾക്ക് one time രജിസ്ട്രേഷൻ മുതൽ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷിക്കുന്നതിനും പരീക്ഷ നടപടികൾ മുതൽ യോഗ്യതാ ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, അഡ്വൈസ് മെമ്മോ തുടങ്ങിയവ ഓൺലൈൻവഴി നടത്തുന്നതിനും സാധിക്കും. ഓൺലൈൻ സംവിധാനത്തിലൂടെ സംഘം/ബാങ്കുകൾക്ക് ഓൺലൈൻ മുഖേന പരീക്ഷ ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷയോടൊപ്പമുള്ള രേഖകൾ/ഫീസ് ഓൺലൈനായി സമർപ്പിക്കുന്നതിനുമുള്ള സംവിധാനം ടി സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിരിക്കുന്നു.

- കേരള സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന " സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള

വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ 500 വായ്പകളിലായി 4.11 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതുവഴി 550 തൊഴിലവസരം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

- കേരള ബാങ്ക് മുഖേന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കെ.ബി മിത്ര, കെ.ബി സുവിധ, കെ.ബി.സുവിധ പ്ലസ്, കെ.ബി ജി.എസ്.റ്റി മിത്ര, കെ.ബി. പ്രവാസി കിരൺ, കെ.ബി. പ്രവാസി ഭദ്രത, കെ.ബി.എൽ.റ്റി അഗ്രിക്കൾച്ചറൽ ലോൺ, കെ.ബി. മൈക്രോ ഫിനാൻസ്, എന്നീ വായ്പ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതിപട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാക്കി മാറ്റുന്നതോടൊപ്പം ടി സംഘങ്ങളിലെ അംഗങ്ങൾക്ക് സ്ഥിരമായി തൊഴിലും വരുമാനവും ഉറപ്പാക്കുന്നതുകൂടി ലക്ഷ്യമിട്ട് " പുനർജ്ജനി" പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- കേരള സംസ്ഥാന പട്ടികജാതിപട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ആയുർധാര ഫാർമസ്യൂട്ടിക്കൽസിന്റെ ഉല്പന്നങ്ങളുടെ വിപണനത്തിനായി ആരംഭിക്കുന്ന വനമാലിക ബൂത്ത് ഔട്ട് ലെറ്റുകൾ മുഖേന ഇരുപതോളം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു.

- വയനാട് അമ്പലവയലിലെ ആയിരംകൊല്ലിയിൽ വനമാലിക ട്രൈബൽ ട്രേഡ് ആന്റ് ടൂറിസം റിസോഴ്സ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ പത്തോളം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു.

(ബി) സേവന, സംരംഭ മേഖലകളിൽ മികച്ച ഇടപെടൽ ലക്ഷ്യമിട്ട് രൂപീകരിച്ച യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സേവന, സംരംഭ മേഖലകളിൽ മികച്ച ഇടപെടൽ ലക്ഷ്യമിട്ട് രൂപീകരിച്ച യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

- സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി വൈവിധ്യങ്ങളായ ഉദ്ദേശ്യത്തോടെ സ്റ്റാർട്ട് അപ്പ് മാതൃകയിൽ 30 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രവർത്തന മൂലധനമായി സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നിശ്ചിത ഇടവേളകളിൽ ടി സംഘങ്ങളുടെ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ടി സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരെ നിയമിച്ച് അവരുടെ പ്രവർത്തനം വിലയിരുത്തുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

- സംസ്ഥാനത്തെ 14 ജില്ലകളിൽ ഓരോന്നിലും ഓരോ പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉത്പാദന, സേവന മേഖലകളിൽ പ്രാദേശികമായി

സാദ്ധ്യതയുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഊന്നൽ നൽകി പ്രവർത്തിക്കുന്നതിനാണ് ഈ യുവ സഹകരണ സംഘങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി സഹകരണ സംഘങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വ്യാവസായിക, ഉല്പാദന മേഖലകളിൽ ഇടപെടൽ വിപുലപ്പെടുത്തുന്നതിനായി കേരള ബാങ്ക് സുവിധ പ്ലസ് എന്ന പേരിൽ ഈടില്ലാതെ വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സൂക്ഷ്മ ചെറുകിട സംരംഭകർക്ക് ലഘു ജാമ്യ വ്യവസ്ഥയിൽ കെ.ബി. സുവിധ പ്ലസ് എന്ന വായ്പ കേരള സംസ്ഥാന സഹകരണ ബാങ്ക് നൽകിവരുന്നുണ്ട്. കച്ചവടക്കാർക്കും ബസുടമകൾക്കും 2 ലക്ഷം രൂപ വരെയും ഇടത്തരം സംരംഭകർക്ക് 5 ലക്ഷം രൂപ വരെയും ലഘു ജാമ്യ വ്യവസ്ഥയിൽ 9 വർഷക്കാലയളവിൽ 5% പലിശ നിരക്കിൽ ടി വായ്പ അനുവദിക്കുന്നുണ്ട്. കൂടാതെ ഉപജീവനത്തിനായി ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനും ടി വായ്പ പ്രയോജനപ്പെടുത്താവുന്നതാണ്.

## ദ്യുതി പദ്ധതി

29 (*359) <u>ശ്രീ. എൻ. കെ. അക്ബർ</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കി ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി എത്തിച്ച് വൈദ്യുതി വിതരണ രംഗം ആഗോള നിലവാരത്തിലെത്തിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ദ്യുതി പദ്ധതി തുടരുന്നുണ്ടോ; പദ്ധതിയിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ?

തുടരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2018-ൽ ആരംഭിച്ച ദ്യുതി 1 പദ്ധതിയിലെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ജൂലൈ 2022 വരെ സമയം അനുവദിച്ചിട്ടുണ്ട്.

ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി ലൈൻ നിർമ്മാണം, ട്രാൻസ്ഫോമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന

പ്രവൃത്തികൾ, എച്ച്.ടി ലൈനും എൽ. ടി. ലൈനും റീ കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണനഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവയാണ് നടപ്പിലാക്കിവരുന്നത് .

ദ്യുതി-1 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 4138 കി.മീ. 11 കെ. വി. OH ലൈനും 1127 കി.മീ. 11 കെ. വി. എബിസി ലൈനും 582 കി.മീ. ഭൂഗർഭ കേബിളുകളും 31.2 കി.മീ. കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ ഉൾപ്പെടെ 6469 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 75262 km എൽ.ടി ലൈനും 2684 km 11 കെ. വി. OH ലൈനും റീ കണ്ടക്ടറിംഗ് നടത്തുകയും 6200 കി. മീ. എൽ. ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 3226 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതുവഴി പ്രസരണ-വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട് .

നിലവിലുള്ള ദ്യുതി പദ്ധതിയുടെ തുടർച്ചയായി വിതരണരംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി

അടുത്ത 5 വർഷത്തേയ്ക്കുള്ള (2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ) പദ്ധതി രൂപരേഖ (ദ്യുതി 2.0) KSEBL തയ്യാറാക്കിയിട്ടുണ്ട്.) ദ്യുതി 2.0 -ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടിരൂപയും വൈദ്യുതി കമ്പികൾ (എൽ.ടി. ലൈനുകൾ) പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്പേസറുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റുന്നതിനായി 150 കോടി രൂപയും 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) വൈദ്യുതി തടസ്സമുണ്ടാകുകയാണെങ്കിൽ ഉടനടി പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ; തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കാഡ് ഫലപ്രദമായിട്ടുണ്ടോ?

വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കാനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിരീക്ഷണ നിയന്ത്രണ സംവിധാനമായ സ്കാഡ (SCADA) നടപ്പിലാക്കിയിട്ടുണ്ട്. കൺട്രോൾ സെന്ററുകളിൽ നിന്നും

11 കെ.വി. വിതരണ ശൃംഖലയുടെ തത്സമയ നിരീക്ഷണത്തിനും തകരാറുകൾ കണ്ടെത്തുന്നതിനും അടിയന്തരമായി സപ്ലൈ പുനഃസ്ഥാപിക്കുന്നതിനും SCADA പദ്ധതി ഉപകരിക്കും. വൈദ്യുതി തകരാർ തത്സമയം കൺട്രോൾ സെന്ററിൽ അറിയുന്നതിനാൽ സമയനഷ്ടം കൂടാതെ ഫീൽഡ് ജീവനക്കാരെ അറിയിച്ച് വൈദ്യുതി തകരാർ പരിഹരിക്കാൻ സാധിക്കുന്നു. വൈദ്യുതി ശൃംഖലയ്ക്ക് തകരാർ സംഭവിച്ച് വൈദ്യുതി മുടങ്ങുന്ന സാഹചര്യത്തിൽ ബാക്ക് ഫീഡിംഗ് സംവിധാനം പ്രാവർത്തികമാക്കിയാണ് ഉപഭോക്താക്കൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ വൈദ്യുതി പുനഃസ്ഥാപിക്കാൻ കഴിയുന്നത്.

കമ്പി പൊട്ടിവീഴുന്നതുമൂലമോ ഇൻസുലേറ്റർ തകരാറിലാകുന്നതുകൊണ്ടോ എച്ച്.റ്റി. ലൈനുകളിൽ വൈദ്യുതി തടസ്സം ഉണ്ടാകുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി KSEBL ജീവനക്കാർ സ്വന്തമായി വികസിപ്പിച്ച് നിർമ്മിച്ച കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം സ്ഥാപിച്ചുവരുന്നു. ഇതുവരെ 8006 കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) സ്ഥാപിച്ചിട്ടുണ്ട്

(സി) കേന്ദ്രാവിഷ്കൃത നവീകൃത വിതരണ മേഖല പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2022-23 മുതൽ 2024-25 സാമ്പത്തിക വർഷം വരെ നടപ്പിലാക്കാനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി 24-03-2022 ലെ കേരളത്തിന്റെ നോഡൽ ഏജൻസി ആയ പവർ ഫിനാൻസ് കോർപറേഷന്റെ കത്ത് പ്രകാരം കേരളം, കേന്ദ്ര ഊർജ മന്ത്രാലയത്തിന് മുൻപാകെ സമർപ്പിച്ച ആദ്യ ഘട്ട കരട് പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. 2022-23 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെയാണ് പദ്ധതി കാലയളവ്. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ, എ.ബി.സി കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ ‘ RDSS’ , 'ദ്യുതി 2.0’ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പ്രദേശങ്ങളിൽ സ്കാഡ, റിംഗ് മെയിൻ യൂണിറ്റുകൾ തുടങ്ങിയവ

വ്യാപിപ്പിക്കുവാൻ KSEBL ലക്ഷ്യമിടുന്നു. വിതരണ നഷ്ടം ഒഴിവാക്കാനായി സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

എല്ലാ ഉപഭോക്താക്കൾക്കും നിലവിലുള്ള ഇലക്ട്രിസിറ്റി മീറ്റർ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിച്ച്, പ്രീപേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. കേന്ദ്രസർക്കാർ, ഇതിലേയ്ക്കായി Revamped Distribution Sector പദ്ധതിയിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി സ്മാർട്ട് മീറ്ററും അനുബന്ധ സൗകര്യങ്ങളും നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി KSEBL പ്രീപേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിന് 8175.05 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് 2022-25 കാലയളവിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നേട്ടങ്ങൾ**

30 (*360) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ കെ വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകർക്കും നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ആഗ്രഹിക്കുന്നവർക്കും വായ്പ നൽകുന്ന അഭിമാന സ്ഥാപനമായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ വളർച്ചയെ ലക്ഷ്യമാക്കി പുതിയതും കൂടുതൽ ആകർഷകവുമായ നിരവധി വായ്പ പദ്ധതികൾ കെ.എഫ്.സി. നടപ്പിലാക്കി. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയെ വിപുലപ്പെടുത്തി നിലവിൽ 5% പലിശ നിരക്കിൽ രണ്ട് കോടി രൂപ വരെ വായ്പ നൽകുന്ന [GO (Ms) No. 101/2022/Fin dated 13-06-2022 പ്രകാരം].

ആശയരൂപീകരണം, ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വാണിജ്യ വൽക്കരണം, വിപുലീകരണം തുടങ്ങി വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും സഹായം നൽകത്തക്കരീതിയിൽ നൂതന ആശയ പദ്ധതികൾക്കായി സ്റ്റാർട്ടപ്പ് കേരള പദ്ധതി ആവിഷ്കരിച്ചു. 10 കോടി രൂപ വരെ കൊളാറ്ററൽ

സെക്യൂരിറ്റി ഇല്ലാതെ ഈ പദ്ധതിയിൽ സ്റ്റാർട്ടപ്പുകൾക്ക് വായ്പ നൽകുന്ന [GO (Ms) No. 79/2020/Fin dated 28.07.2020 പ്രകാരം].

വ്യവസായ പാർക്കിലെ സംരംഭങ്ങൾക്കായുള്ള പ്രത്യേക വായ്പ പദ്ധതി, ചെറുകിട സംരംഭകർക്കുള്ള ബിൽ ഡിസ്കൗണ്ട് പദ്ധതി, സർക്കാർ കരാറുകാർക്കുള്ള വായ്പ പദ്ധതി, പ്രവർത്തന മൂലധന വായ്പ പദ്ധതി, കാർഷിക വ്യവസായ വായ്പ പദ്ധതി [GO (Ms) No. 107/2022/Fin dated 23-06-2022 പ്രകാരം] തുടങ്ങി നിരവധി പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കി.

(ബി) ദേശീയ തലത്തിൽ ഡിജിറ്റൽ, സാമ്പത്തിക, സാമൂഹ്യ മേഖലകളിലെ മികച്ച ശ്രമങ്ങൾക്കുള്ള അവാർഡ് കെ.എഫ്.സി.-ക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി നടപ്പിലാക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷന് (സ്കോച്ച്) ദേശീയ അവാർഡ്, 2022 ലഭിച്ചിരുന്നു.

(സി) കെ.എഫ്.സി.-യുടെ ലോൺ പോർട്ട്ഫോളിയോ അടുത്ത അഞ്ച് വർഷംകൊണ്ട് പതിനായിരം കോടി രൂപയായി ഉയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കെ.എഫ്.സി.-യുടെ വായ്പ ആസ്തി നിലവിലെ 4750 കോടി രൂപയിൽനിന്ന് അടുത്ത രണ്ട് വർഷംകൊണ്ട് 10,000 കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യപടിയായി കെ.എഫ്.സി.-യുടെ സംരംഭകർക്ക് നൽകുന്ന വായ്പ പരിധി നിലവിലെ 20 കോടിയിൽ നിന്നും 50 കോടി രൂപയായി ഉയർത്തിയിട്ടുണ്ട് [GO (Ms) No. 23/2022/Fin dated 03-02-2022 പ്രകാരം]. കൂടാതെ വ്യവസായ പാർക്കിലെ സംരംഭങ്ങൾക്കായുള്ള പ്രത്യേക വായ്പ പദ്ധതി, ചെറുകിട സംരംഭകരുടെ ബില്ലുകൾ ഡിസ്കൗണ്ട് പദ്ധതി, സർക്കാർ കരാറുകാർക്കുള്ള വായ്പ പദ്ധതി, പ്രവർത്തന മൂലധന വായ്പ പദ്ധതി, കാർഷിക വ്യവസായ വായ്പ പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ വഴി പ്രസ്തുത ലക്ഷ്യത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് കെ.എഫ്.സി. പ്രത്യേക വായ്പ പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചെറുകിട സംരംഭങ്ങളുടെ വായ്പകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിച്ചു. മുതൽ തുകയ്ക്ക് 01-07-2021 മുതൽ ഒരു വർഷത്തേക്കാണ് അവധി നൽകിയത്. പ്രതിസന്ധിയിലായ ചെറുകിട വ്യവസായ

മേഖലയിലെ സംരംഭങ്ങൾക്ക് 40% അധിക വായ്പ നൽകുകയുണ്ടായി. നാന്നൂറോളം സംരംഭകർക്ക് ഈ ആനുകൂല്യം ലഭിച്ചു. വായ്പകളുടെ പുന:ക്രമീകരണം, സംരംഭകരുടെ വായ്പകൾ നിഷ്ക്രിയ ആസ്തി ആകാതെ പുനക്രമീകരണം എന്നിവ ചെയ്ത് നൽകി. ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ മേഖലകളിലെ സംരംഭർക്കുള്ള പലിശ നിരക്കിൽ വൻ ഇളവ് വരുത്തി.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കരാറുകാർക്ക് നൽകാനുള്ള തുക

1 (4081) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ആറ് വർഷക്കാലം അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ആയതിനാൽ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. കഴിഞ്ഞ ആറ് വർഷം വിവിധ വകുപ്പുകളിലെ കരാറുകാർക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| വർഷം | പൊതുമരാമത്ത് നിരത്ത് വിഭാഗം | പൊതുമരാമത്ത് കെട്ടിട വിഭാഗം | ജലവിഭവ വകുപ്പ് |
|---|---|---|---|
| 2021-22 | 2656.97 | 747.51 | 476.58 |
| 2020-21 | 2142.16 | 648.37 | 266.87 |
| 2019-20 | 1416.14 | 509.75 | 210.59 |
| 2018-19 | 1461.82 | 754.73 | 227.74 |
| 2017-18 | 1988.70 | 1010.69 | 400.45 |
| 2016-17 | 2244.06 | 713.84 | 480.01 |

(ബി) ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോയെന്നും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ കരാറുകാർക്ക് തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(ബി&സി) നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർണ്ണമായോ ഭാഗികമായോ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകളിന്മേലാണ് തുക അനുവദിച്ചിട്ടുള്ളത്.

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം കരാറുകാർക്ക് ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പിലെ 2022 മാർച്ച് മാസം വരെയുള്ള ബില്ലുകൾ മാറിനൽകിയിട്ടുണ്ട്. പൊതുമരാമത്ത് (റോഡുകൾ/പാലങ്ങൾ/കെട്ടിടങ്ങൾ) വകുപ്പിലെ 2021 നവംബർ വരെയുള്ള ബില്ലുകൾ ഇതിനകം മാറിനൽകുകയും 2022 ഏപ്രിൽ വരെയുള്ളവയ്ക്ക് ബിൽ ഡിസ്കൗണ്ടിംഗ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുവരുന്ന മാസങ്ങളിലെ ബില്ലുകളിലും ഈ രീതി തുടരുന്നതാണ്.

## വിദ്യാകിരണം പദ്ധതി

2 (4082) ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാകിരണം പദ്ധതിപ്രകാരം വിദ്യാർത്ഥികൾക്കുവേണ്ടി വാങ്ങിയ ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാർക്ക് വിൽക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ?

വിദ്യാകിരണം പദ്ധതിക്കായി കെ.എസ്.എഫ്.ഇ. ലാപ്ടോപ്പുകൾ വാങ്ങിയിട്ടില്ല. എന്നാൽ കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതിപ്രകാരം

വാങ്ങിയ ലാപ്ടോപ്പുകളിൽ പദ്ധതിയാവശ്യത്തിന് നൽകിയശേഷം ബാക്കിയായവയിൽനിന്ന് വിദ്യാകിരണം പദ്ധതിക്കുവേണ്ടി ലാപ്ടോപ്പുകൾ നൽകുകയുണ്ടായിട്ടുണ്ട്. അതിനുശേഷം ബാക്കി വന്ന ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ.-യുടെ ഓഫീസ് ആവശ്യത്തിനും ബാക്കി വരുന്നവ ജീവനക്കാർക്ക് വില ഈടാക്കി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ആകെ എത്ര ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ആകെ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

വിദ്യാശ്രീ പദ്ധതിക്കുവേണ്ടി വാങ്ങിയ ലാപ്ടോപ്പുകളിൽ ഗുണഭോക്താക്കളുടെ ആവശ്യം കഴിഞ്ഞ് ബാക്കി വന്ന ലാപ്ടോപ്പുകളിൽ 45313 എണ്ണം വിദ്യാകിരണം പദ്ധതിക്കുവേണ്ടി നൽകിയിട്ടുണ്ട്. അവയുടെ വിലയായി കെ.എസ്.എഫ്.ഇ. 73.11 കോടി രൂപ വിതരണക്കാർക്ക് നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിപ്രകാരം വാങ്ങിയ എത്ര ലാപ്ടോപ്പുകളാണ് കെ.എസ്.എഫ്.ഇ.-യുടെ പക്കൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നത്; പ്രസ്തുത പദ്ധതി പരാജയപ്പെട്ടുവെന്ന ആക്ഷേപം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാജയപ്പെടാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

4097 ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. പദ്ധതി പരാജയപ്പെട്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ്

3 (4083) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ്ുപ്രകാരം മൃഗസംരക്ഷണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ, ഡിസീസ് സർവൈലൻസ് ഓഫീസർ, തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പിലെ ലക്ചറർ ഗ്രേഡ് 1 ഇൻ അനിമൽ ഹസ്ബൻഡറി എന്നീ തസ്തികകളുടെ ശമ്പള സ്കെയിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവുപ്രകാരം മൃഗസംരക്ഷണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ, ഡിസീസ് സർവൈലൻസ് ഓഫീസർ എന്നീ തസ്തികകളുടെ ശമ്പളസ്കെയിൽ 59300-120900 ആണ്. തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പിലെ ലക്ചറർ ഗ്രേഡ് I ഇൻ

അനിമൽ ഹസ്ബൻഡറി എന്ന തസ്തിക പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിൽ ഇല്ല.

(ബി) പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ്ുപ്രകാരം മേൽ തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

പത്താം ശമ്പളപരിഷ്കരണ ഉത്തരവിലുള്ള തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ ആനുപാതികമായ പരിഷ്കരണമാണ് പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലൂടെ നല്കിയിട്ടുള്ളത്.

**ഡി.എസ്. ആർ. നിരക്കുകളിലെ കോസ്റ്റ് ഇൻഡക്സ്**

4 (4084) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എസ്.ആർ. നിരക്കുകളിൽ കോസ്റ്റ് ഇൻഡക്സ് എങ്ങനെയാണ് നിശ്ചയിക്കുന്നതെന്നും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കോസ്റ്റ് ഇൻഡക്സ് എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നതെന്നും അറിയിക്കാമോ?

DPAR അടിസ്ഥാനമാക്കി സമയാസമയങ്ങളിൽ CPWD പ്രസിദ്ധീകരിക്കുന്ന Cost Indices-ന്റെ അടിസ്ഥാനത്തിലാണ് ഡി.എസ്.ആർ നിരക്കുകളിൽ കോസ്റ്റ് ഇൻഡക്സ് നിശ്ചയിക്കുന്നത്. CPWD പ്രസിദ്ധീകരിക്കുന്ന Plinth Area Rate-ലെ Annexure 4 - Proforma for Calculation of Cost Index-ൽ, ഉൾപ്പെടുത്തിയിരിക്കുന്ന നിർമ്മാണ സാമഗ്രികളുടെ നിരക്കിൽ വിവിധ സംസ്ഥാനങ്ങളിലുണ്ടാകുന്ന വ്യത്യാസത്തിനനുപാതമായി കോസ്റ്റ് ഇൻഡക്സിലും വ്യത്യാസമുണ്ടാകുന്നു.

(ബി) കോസ്റ്റ് ഇൻഡക്സ് വ്യത്യാസം കാരണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പദ്ധതികൾക്ക് തുക അധികമായി വകയിരുത്തേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. CPWD പ്രസിദ്ധീകരിക്കുന്ന Plinth Area Rate-ലെ, Annexure 4- Proforma for Calculation of Cost Index-ൽ, ഉൾപ്പെടുത്തിയിരിക്കുന്ന നിർമ്മാണസാമഗ്രികളുടെ നിരക്കിനടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന Cost Index-ൽ വിവിധ സംസ്ഥാനങ്ങളിലുണ്ടാകുന്ന വ്യത്യാസത്തിനനുസരിച്ച് പദ്ധതികളുടെ തുകയിലും വ്യതിയാനമുണ്ടാകും.

**ലാപ്ടോപ്പ് പദ്ധതി**

5 (4085) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം ഒരുക്കാാൻ ലാപ്ടോപ്പുകൾ നൽകുന്നതിന് കെ.എസ്.എഫ്.ഇ.-യും കുടുംബശ്രീയും ചേർന്ന് പദ്ധതി ആവിഷ്കരിച്ചിരുന്നോ; ഈ പദ്ധതി മുഖേന എത്ര ലാപ്ടോപ്പുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടതെന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് ലാപ്ടോപ്പ് നൽകിയെന്നും വ്യക്തമാക്കുമോ?

ആവിഷ്കരിച്ചിരുന്നു. വിദ്യാശ്രീ പദ്ധതി മുഖേന വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം 500000 ആണ്. 68498 അപേക്ഷകൾ ലാപ്ടോപ്പുകൾക്കുവേണ്ടി ലഭിച്ചിരുന്നു. എന്നാൽ ലാപ്ടോപ്പ് കമ്പനികൾ സമയത്തിന് സപ്ലൈ ചെയ്യാത്തതിനാൽ 8575 പേർക്കാണ് ലാപ്ടോപ്പുകൾ നൽകിയിട്ടുള്ളത്. 1446 ലാപ്ടോപ്പുകൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിനായി 20,000/- രൂപയിൽ കവിയാത്ത വായ്പയും ലഭ്യമാക്കുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതി മുഖേന ലാപ്ടോപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികളായ മക്കളുള്ള കുടുംബശ്രീ അംഗങ്ങൾക്കാണ് വിദ്യാശ്രീ പദ്ധതി തുടങ്ങിയത്. പ്രതിമാസം 500/- രൂപ വച്ച് 30 മാസം അടയ്ക്കുന്ന രീതിയിലാണ് പദ്ധതി ആരംഭിച്ചത്. പിന്നീട് ലാപ്ടോപ്പിന്റെ വിലയ്ക്കനുസൃതമായി 36, 40 മാസങ്ങൾ കാലാവധിയുള്ള പദ്ധതിയും ഇതിൽപ്പെടുത്തി.

(സി) പദ്ധതി മുഖേന വിതരണം ചെയ്ത ലാപ്ടോപ്പുകൾക്ക് കേടുപാടുകൾ സംഭവിച്ചത് ഗൗരവത്തോടെ പരിശോധിച്ചിരുന്നോ; ഈ കാര്യത്തിൽ ലാപ്ടോപ്പ് നൽകിയ കമ്പനിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

കൊക്കോണിക്സ് എന്ന സ്ഥാപനം വിതരണം ചെയ്ത 1301 ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാണ് അല്ലെങ്കിൽ പ്രവർത്തനപ്പിഴവുകളുണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് കമ്പനിക്ക് മടക്കി നൽകുകയുണ്ടായി. ആയതിന്റെ തുക അവർക്ക് നൽകുകയുണ്ടായില്ല.

(ഡി) പ്രസ്തുത പദ്ധതി പരാജയപ്പെടാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് കാരണമെന്താണെന്ന്

വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി പരാജയപ്പെട്ടിട്ടില്ല. എന്നാൽ കമ്പനികൾ സമയത്തിന് ലാപ്ടോപ്പുകൾ നൽകാത്തതിനാലും കോവിഡ് സാഹചര്യം മാറി ഓഫ്‌ലൈൻ വിദ്യാഭ്യാസം ആരംഭിച്ചതിനാലുമാണ് പദ്ധതിയിൽ ചേർന്നവരിൽ നല്ലൊരു ഭാഗം ആളുകൾ അവസാനം പണം പലിശയടക്കം തിരിച്ചുവാങ്ങിയത്. 1446 ആളുകൾ 20,000/- രൂപയിൽ കവിയാത്ത തുക വായ്പ കൈപ്പറ്റി പൊതുവിപണിയിൽനിന്നും ലാപ്ടോപ്പ് വാങ്ങിക്കുകയുണ്ടായി.

### ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട്

6 (4086) <u>ശ്രീമതി ഉമ തോമസ്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കണമെന്ന സി.&എ.ജി. റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാർ പിരിക്കുന്ന ഗ്യാരന്റി കമ്മീഷൻ നിലവിൽ ഏത് ശീർഷകത്തിലാണ് വകയിരുത്തുന്നതെന്നും ആയത് ഏത് ഇനത്തിലാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഗ്യാരന്റി ആക്ട് പ്രകാരം സർക്കാരിന് ലഭിക്കേണ്ട ഗ്യാരന്റി കമ്മീഷൻ നിലവിൽ 0075-108-99 ശീർഷകത്തിലാണ് ട്രഷറിയിൽ അടയ്ക്കേണ്ടത്. ഇപ്രകാരം ലഭിക്കുന്ന തുക സർക്കാരിന്റെ നികുതിയേതര വരുമാനമായി കണക്കാക്കി പൊതുവായ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നു.

(സി) ബഡ്ജറ്റിന് പുറത്തുള്ള വായ്പകൾക്കുൾപ്പെടെ സർക്കാർ ഗ്യാരന്റി നൽകുന്ന നിലവിലെ സാഹചര്യത്തിൽ ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് അടിയന്തരമായി ഫണ്ട് രൂപീകരിച്ച് ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ പിരിച്ച തുക ഫണ്ടിലേയ്ക്ക് വകമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കുന്ന ക്രമത്തിൽ ഗ്യാരന്റി കമ്മീഷനായി ലഭിക്കുന്ന തുക ഫണ്ടിലേയ്ക്ക് മാറ്റുന്നതിന് നടപടി

സ്വീകരിക്കുന്നതാണ്.

**ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട്**

7 (4087) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ ധനകാര്യ പരിശോധന വിഭാഗം നടത്തിയ ഏറ്റവും ഒടുവിലത്തെ പരിശോധനയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പരിശോധന നടപടികൾ പൂർത്തിയായിട്ടില്ല.

**ജനകീയ ഹോട്ടലുകൾക്കുള്ള ധനസഹായം**

8 (4088) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ ഹോട്ടലുകളുടെ പ്രവർത്തനത്തിന് വകുപ്പ് അനുവദിച്ച ധനസഹായങ്ങൾ വിശദമാക്കുമോ?

ജനകീയ ഹോട്ടലുകളിൽനിന്നും നൽകുന്ന ഓരോ ഊണിനും 10 രൂപ സബ്സിഡിക്കുപുറമെ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി പരമാവധി 50,000 രൂപ വരെ റിവോൾവിംഗ് ഫണ്ടായി കുടുംബശ്രീ നൽകുന്നു. ജനകീയ ഹോട്ടൽ

നടത്തിപ്പിനാവശ്യമായ സ്ഥലവാടക, വൈദ്യുതി, ജലം എന്നിവ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം സൗജന്യമായി നൽകുന്നു. നഗരസഭ തലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000 രൂപ നഗരസഭ മുഖാന്തരവും ഗ്രാമതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000 രൂപ ബ്ലോക്ക് പഞ്ചായത്തിൽനിന്നും 10,000 രൂപ ജില്ല പഞ്ചായത്തിൽനിന്നും വർക്കിംഗ് ഗ്രാന്റായി നൽകുന്നു. ഇതിനുപുറമെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും കിലോയ്ക്ക് 10.90 രൂപ നിരക്കിൽ ജനകീയ ഹോട്ടലുകൾക്ക് അരി ലഭ്യമാക്കുന്നുണ്ട്. ജനകീയ ഹോട്ടലുകൾക്കായി കുടുംബശ്രീ വഴി നാളിതുവരെ 93.64 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വിപുലീകരണത്തിന് കൂടുതൽ ധനസഹായം നൽകാൻ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നടപ്പുസാമ്പത്തിക വർഷം കുടുംബശ്രീക്കായി "2515-102-29(P)“ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ (260 കോടി രൂപ) ജനകീയ ഹോട്ടലുകളുടെ സബ്സിഡിക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

## കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി നേരിടാൻ കൂടുതൽ വായ്പകൾ

9 (4090) ശ്രീ തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കാൻ വിവിധ ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ ലോൺ നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡുമായി ബന്ധപ്പെട്ട് പ്രതിസന്ധിയിലായ വായ്പക്കാർക്കായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി മൊറട്ടോറിയം, പുതിയ വായ്പകൾ, പലിശയിളവോടുകൂടിയ വായ്പകൾ എന്നിവ ബാങ്കുകൾ കോവിഡിന്റെ പശ്ചാത്തലത്തിൽ നൽകിയിട്ടുണ്ട്.

(ബി) സാമ്പത്തിക പ്രതിസന്ധിയിൽ അതിജീവനത്തിനായി പൊരുതുന്നവർക്ക് ആശ്വാസമേകുന്നതിന് നിലവിലെ ലോണുകൾ ക്രമപ്പെടുത്തി നൽകുന്നതിന് നടപടികളുണ്ടാകുമോ?

കോവിഡ് ഒന്നാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അർഹരായ എല്ലാ വായ്പക്കാരുടേയും വായ്പ തിരിച്ചടവുകൾക്ക് റിസർവ് ബാങ്ക് 2020 മാർച്ച് മാസം 1 മുതൽ 2020 ആഗസ്റ്റ് മാസം 31 വരെ മൊറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. കോവിഡ് രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0-Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ട് വർഷംവരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0-Resolution of Covid-19 related stress of Individual and Small Business പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിരുന്നു. കോവിഡ് പ്രതിസന്ധിമൂലം വായ്പ തിരിച്ചടവിന്

ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസമെന്ന നിലയിൽ വായ്പ തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനും വായ്പകളെ തരംതാഴ്ത്തുന്നതിൽനിന്നും വായ്പകൾ നിഷ്ക്രിയ ആസ്തികളാകുന്നതിൽനിന്നും സംരക്ഷിക്കുന്നതിനുമായാണ് റിസർവ് ബാങ്ക് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. അതനുസരിച്ച് സാമ്പത്തിക പ്രതിസന്ധിയിലായ അർഹരായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്കും റീട്ടെയിൽ വായ്പക്കാർക്കും മറ്റ് വ്യക്തിഗത വായ്പക്കാർക്കും അവരുടെ തിരിച്ചടവിനായി രണ്ട് വർഷം വരെ മൊറട്ടോറിയത്തോടുകൂടി വായ്പ പുനഃക്രമീകരണവും റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ബാങ്കുകൾ അനുവദിച്ചിരുന്നു.

### എൻ.ഡി.പി.ആർ.ഇ.എം. പദ്ധതി

10 (4091) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസി ജീവിതം അവസാനിപ്പിച്ച് തിരിച്ചെത്തിയവർക്കായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നോർക്ക വഴി നടപ്പിലാക്കുന്ന എൻ.ഡി.പി.ആർ.ഇ.എം. പദ്ധതിപ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പ്രവാസി സംരംഭകർക്ക് ആനുകൂല്യം നൽകാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, നോർക്കയുടെ എൻ.ഡി.പി.ആർ.ഇ.എം. പദ്ധതിപ്രകാരം, 21 പ്രവാസി സംരംഭകർക്കായി മൊത്തം 276.08 ലക്ഷം രൂപയുടെ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

**മെഡിസെപ്**

11 (4092) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് ഗുണഭോക്താക്കളുടെ പ്രീമിയം തുകയിൽനിന്നും ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനികൾക്ക് ഓരോ മാസവും എത്ര തുകയാണ് നൽകുന്നതെന്നും ബാക്കി തുകയുണ്ടെങ്കിൽ എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കുമോ?

മെഡിസെപ് ഗുണഭോക്താക്കളുടെ പ്രതിമാസ പ്രീമിയം തുക Rs.500/- (GST ഉൾപ്പെടെ) രൂപയാണ് ഈടാക്കുന്നത്. വാർഷിക പ്രീമിയം വിഹിതം GST ഉൾപ്പെടെ Rs.5664/- രൂപയാണ്. വാർഷിക പ്രീമിയം ഇനത്തിൽ 5664/- രൂപയിൽ അധികരിക്കുന്ന തുക ഒരു കരുതൽ ഫണ്ടായി നീക്കിവച്ച് അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ്

ഫണ്ടിലെ വിഹിതം (മൂന്ന് വർഷത്തെ പോളിസി കാലയളവിനകത്ത്) തീരുന്ന മുറയ്ക്ക് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചികിത്സ പ്രക്രിയകൾക്കുതന്നെ വിനിയോഗിക്കുന്നു. MEDISEP പദ്ധതി പെൻഷൻകാരും ആശ്രിതരുംകൂടി ഉൾപ്പെട്ടതാകയാൽ catastrophic illness ഗണത്തിൽ കൂടുതൽ ചെലവ് നേരിടേണ്ടതായ സാഹചര്യമുണ്ട്. പ്രതിമാസ പ്രീമിയം വിഹിതം 500 രൂപയാക്കുന്നതോടെ ടി തുക കണ്ടെത്താൻ സാധിക്കുന്നു.

(ബി) ജീവനക്കാരന് കൂടിയ കവറേജ് ആവശ്യമെങ്കിൽ അതിനാവശ്യമായ പ്രീമിയം ജീവനക്കാരിൽനിന്നും വാങ്ങിക്കൊണ്ട് പ്രസ്തുത പദ്ധതി ഫ്ലെക്സിബിളാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

22-01-2021-ൽ പ്രസിദ്ധീകരിച്ച പുതുക്കിയ Request For Proposal (RFP) പ്രകാരം മെഡിസെപ്പിൽ അംഗമായ ഓരോ കുടുംബത്തിനും നിശ്ചിത മൂന്ന് വർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിൽ അടിസ്ഥാന പരിരക്ഷ നിശ്ചയിച്ച് ടെണ്ടർ നടപടികളിലൂടെ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്ത് 01-07-2022 മുതൽ പദ്ധതി ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ കവറേജ്, കൂടുതൽ പ്രീമിയം എന്ന ഫ്ലെക്സിബിൾ ഓപ്ഷൻ ഇപ്പോൾ പദ്ധതിയിൽ

നടപ്പിൽവരുത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്.

(സി) മെഡിസെപ്പിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ സ്വകാര്യ ആശുപത്രികളിലും പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള എല്ലാ ചികിത്സകളും അനുവദനീയമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

മെഡിസെപ്പിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ സ്വകാര്യ ആശുപത്രികളിലും പ്രസ്തുത ആശുപത്രിയിൽ പദ്ധതിയിൽ പരാമർശിക്കുന്ന എല്ലാ ചികിത്സകളും അനുവദനീയമാണ്. എന്നാൽ ചില ആശുപത്രികളിൽ നിശ്ചിത ചികിത്സകൾക്കുള്ള സ്ഥിരം ഡിപ്പാർട്ടുമെന്റ് സൗകര്യം ലഭ്യമില്ലാത്തതിനാൽ അവയൊന്നും പദ്ധതിയിൽ എംപാനൽ ചെയ്തിട്ടില്ല.

(ഡി) എംപാനൽ ചെയ്യപ്പെട്ട ആശുപത്രിയിൽനിന്ന് ഇൻഷ്വറൻസ് ലഭിക്കാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

www.medisep.kerala.gov.in എന്ന വെബ്പോർട്ടലിൽനിന്നും മെഡിസെപ് ഐ.ഡി. യൂസർ ഐ.ഡിയായും. പെൻ നം./പി.പി.ഒ. നം/എംപ്ലോയ് ഐ.ഡി. പാസ്‌വേഡായും നൽകി ഡൗൺലോഡ് ചെയ്തെടുക്കാവുന്ന മെഡിസെപ് ഐ.ഡി. കാർഡും ഏതെങ്കിലുമൊരു

തിരിച്ചറിയൽ കാർഡുമായി (ആധാർ കാർഡ്, പാൻ കാർഡ്, വോട്ടേഴ്സ് ഐ.ഡി കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, എംപ്ലോയ് ഐ.ഡി.കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക്) പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചികിത്സകൾക്കായി മെഡിസെപ്പിൽ എംപാനൽ ചെയ്യപ്പെട്ട ഹോസ്പിറ്റലിനെ സമീപിക്കാവുന്നതാണ്.

## മെഡിസെപ് പദ്ധതി

12 (4093) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിനുകീഴിൽ

സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരുമാണ് ഈ പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഗുണഭോക്താക്കളായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. മെഡിസെപ് പദ്ധതി 01-07-2022-ൽ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഈ പദ്ധതി കാലയളവിൽത്തന്നെ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരെ മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. എന്നാലും പദ്ധതിയുടെ അടുത്തഘട്ടം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി കൈക്കൊള്ളുമ്പോൾ ടി ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിലുള്ള പ്രായോഗികത പരിശോധിക്കുന്നതാണ്.

## സാമ്പത്തിക പുനരുജ്ജീവന വായ്പ പദ്ധതി

13 (4095) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പുനരുജ്ജീവന വായ്പ പദ്ധതി മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വായ്പകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വായ്പ പദ്ധതിയുടെ പലിശ ഇളവ് വഹിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) സാമ്പത്തിക പുനരുജ്ജീവന വായ്പ പദ്ധതികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വകുപ്പടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു+.

## കെ.എസ്.എസ്.പി.എൽ.-ന്റെയും കിഫ്ബിയുടെയും വായ്പകൾ

14 (4096) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എസ്.പി.എൽ.-ന്റെയും കിഫ്ബിയുടെയും വായ്പകൾ സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള കടം അല്ലെന്ന അവകാശവാദം കേന്ദ്ര ധനമന്ത്രാലയത്തിന് മുമ്പിൽ കേരളം ഉന്നയിച്ചിരുന്നോ; എങ്കിൽ പ്രസ്തുത വാദം കേന്ദ്ര സർക്കാർ തള്ളിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാട് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽ ഉൾപ്പെടുത്തുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്ക് 17,936 കോടി രൂപ പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം Off

Budget borrowing ആയി എടുത്തിട്ടുള്ള 14312.80 കോടി രൂപ നാല് തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022-ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ കേന്ദ്രം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടുവരികയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടത്തിന് (direct debt) തുല്യമാകുമെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ വായ്പകളുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ Gross Borrowing പരിധിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് യുക്തിസഹമായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

KSSPL മിച്ച ഫണ്ടുകളുള്ള മറ്റ് സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽനിന്നും ഹ്രസ്വകാല അഡ്വാൻസായി എടുത്തിട്ടുള്ള വായ്പ ഒരു ലിക്വിഡിറ്റി മാനേജ്മെന്റ് മാത്രമാണെന്നും പ്രസ്തുത വായ്പകളിൽ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിനുള്ളിൽത്തന്നെ തിരിച്ചടയ്ക്കുന്നതാണെന്നും കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ കത്ത് മുഖേന ഇതിനകം അറിയിച്ചിട്ടുള്ളതാണ്.

ഈ വിഷയങ്ങളിലെല്ലാംതന്നെ സംസ്ഥാനത്തിന് അനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം നിരന്തരം അഭ്യർത്ഥിച്ച്ചുവരുന്നു.

(സി) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് സാമ്പത്തിക സഹായം പിൻവലിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ഉത്തരവ് കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാടിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കാമോ?

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുക്കുന്ന വായ്പ സർക്കാരിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽ ഉൾപ്പെടുത്തുന്ന നിലപാട് കേന്ദ്ര ഗവൺമെന്റും അക്കൗണ്ടന്റ് ജനറലും

കൈക്കൊണ്ടിരുന്നുവെന്നത് വസ്തുതയാണ്. എന്നാൽ ഇതിലുപരിയായി കമ്പനി രൂപീകരിച്ച 20-06-2018-ലെ സ.ഉ(കൈ)നം.232/2018/ധന.-യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനുതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10-06-2022-ലെ സ.ഉ(കൈ)നം.97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. ടി ഭേദഗതിക്കുശേഷം മാത്രം 03-07-2022-ലെ സ.ഉ(സാധാ)നം.4833/22/ധന പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനുവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

**സിൽവർ ലൈൻ പദ്ധതിക്കായി ധനസഹായം**

15 (4097) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിക്കായി ധനസഹായം നൽകാൻ മുന്നോട്ടുവന്നിട്ടുള്ള അന്താരാഷ്ട്ര ഏജൻസികൾ ഓരോന്നും പദ്ധതിക്കായി വായ്പ അനുവദിക്കുമ്പോൾ തിരിച്ചടവിലും പദ്ധതി പ്രവർത്തനങ്ങളിലും നിർബന്ധമായും പാലിക്കേണ്ടിവരുന്ന നിബന്ധനകൾ പരിശോധിച്ചിട്ടുണ്ടോ?

കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് പദ്ധതി വിദേശ ധനകാര്യ സ്ഥാപനങ്ങൾക്ക് സമർപ്പിച്ചതിനുശേഷമേ ഔദ്യോഗിക വിശദ ചർച്ചകൾ ഉണ്ടാകുകയുള്ളൂ. അത്തരം ചർച്ചകളിൽ മാത്രമേ വായ്പ നിബന്ധനകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വ്യക്തമാകുകയുള്ളൂ.

(ബി) പ്രസ്തുത നിബന്ധനകൾ പ്രകാരം ധനവിനിയോഗം നടത്തേണ്ടിവരുന്നത് സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിനും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തിനും വിരുദ്ധമാകില്ലെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ബാധകമല്ല.

## 2019-20 ലെ സി.എ.ജി.-യുടെ സംസ്ഥാന ധനകാര്യ റിപ്പോർട്ടിലെ കണ്ടെത്തൽ

16 (4098) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ സി.എ.ജി.-യുടെ സംസ്ഥാന ധനകാര്യ റിപ്പോർട്ടിൽ, കെ.എസ്.എസ്.പി.എൽ. വായ്പകൾ ബഡ്ജറ്റിൽ ഇല്ലാത്തതാണെങ്കിലും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതകളാണെന്ന് പറയുന്നുണ്ടോ?

ഉണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് സ്വന്തമായി അസ്ഥിത്വമുള്ള സ്ഥാപനമാകയാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ഒബ്സർവേഷനോട് സർക്കാരിന് യോജിപ്പില്ല.

(ബി) എ.ജി.-യുടെ ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് സ്വന്തമായി അസ്ഥിത്വമുള്ള സ്ഥാപനമാകയാൽ അക്കൗണ്ടന്റ് ജനറലിന്റെ Audit Observation-നോട് സർക്കാരിന് യോജിപ്പില്ല.

(സി) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള

(കെ.എസ്.എസ്.പി.എൽ.) സാമ്പത്തിക സഹായം പിൻവലിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ഉത്തരവ് സി.എ.ജി.-യുടെ ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കാമോ?

കമ്പനിക്കുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല.

**സർഫാസി നിയമപ്രകാരം ലോൺ തിരിച്ചടവ്**

17 (4099) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം ലോൺ തുക യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയിൽ സർഫാസി നിയമപ്രകാരം ബാങ്കുകൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇത്തരം പ്രതിസന്ധിയിൽപ്പെട്ടവർക്ക് നീതി ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിഷ്ക്രിയ ആസ്തി ആകുന്ന സാഹചര്യത്തിലാണ് ബാങ്കുകൾ സർഫാസി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നത്. കോവിഡുമൂലം പ്രതിസന്ധിയിലായ വായ്പക്കാർക്ക് അവരുടെ വായ്പകൾ നിഷ്ക്രിയ ആസ്തിയാകാതിരിക്കാൻ മൊറട്ടോറിയം, പുതിയ വായ്പകൾ, പലിശയിളവോട്

കൂടിയ വായ്പകൾ, റെസൊല്യൂഷൻ ഫ്രെയിംവർക്ക് (R.F 2.0) തുടങ്ങിയ ആശ്വാസ നടപടികൾ പ്രഖ്യാപിച്ചിരുന്നു. അപേക്ഷിച്ച അർഹരായ വായ്പക്കാർക്ക് ഈ ഇളവുകൾ നൽകിയതുമൂലം അവരുടെ വായ്പകൾ നിഷ്ക്രിയ ആസ്തിയാകാനുള്ള സാധ്യത വിരളമാണ്.

## ട്രഷറി നിയന്ത്രണം

18 (4100) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ച് ഒരു ധവളപത്രം ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സർക്കാരിന്റെ ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറത്തിറക്കേണ്ടതായ സാഹചര്യം നിലവിലില്ല.

## കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി

19 (4101) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലെയും കെ.എസ്.എസ്.പി. ലിമിറ്റഡിലെയും

കടമെടുപ്പ് സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന് ധനകാര്യ കമ്മീഷൻ ചൂണ്ടിക്കാട്ടിയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഇപ്രകാരമുള്ള കടമെടുപ്പ് 2003-ലെ കേരള ധന ഉത്തരവാദിത്വ നിയമങ്ങളുടെ ലംഘനമാണെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ രൂപീകരിച്ചിട്ടുള്ള കമ്പനികൾ മുഖാന്തരം നടത്തുന്ന ബഡ്ജറ്റിതര കടമെടുപ്പ് ഉൾപ്പെടെയുള്ളവ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിലും അക്കൗണ്ടിലും ഉൾപ്പെടുത്തണമെന്ന കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ നിർദ്ദേശവും ഇതുസംബന്ധിച്ച കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശവും സംസ്ഥാന സർക്കാർ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) ഇത്തരത്തിലുള്ള ഒരു പരാമർശം ധനകാര്യ കമ്മിഷൻ ചൂണ്ടിക്കാണിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന്

അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്ക് 17,936 കോടി രൂപ പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം Off Budget borrowing ആയി എടുത്തിട്ടുള്ള 14312.80 കോടി രൂപ നാല് തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022-ലെ 40 (12) PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ കേന്ദ്രം

സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടുവരികയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടത്തിന് (direct debt) തുല്യമാകുമെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ വായ്പകളുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ Gross Borrowing പരിധിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് യുക്തിസഹമായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഇത്തരത്തിലുള്ള നിരീക്ഷണം സംസ്ഥാന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും സംസ്ഥാന നിയമസഭയും വിശദമായ പരിശോധനയ്ക്കുശേഷം തള്ളിക്കളഞ്ഞിട്ടുണ്ട്.

ഈ വിഷയങ്ങളിലെല്ലാംതന്നെ സംസ്ഥാനത്തിന് അനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം നിരന്തരം അഭ്യർത്ഥിച്ചുവരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ചുതരുന്ന വായ്പാ പരിധിക്കുള്ളിൽനിന്ന് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. ധനഉത്തരവാദിത്വ നിയമം (എഫ്.ആർ.ബി.എം. ആക്ട്) നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുക അത്ര എളുപ്പമല്ലെന്നിരുന്നാലും സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തികമാന്ദ്യത്തെ ചെറുക്കുകയെന്ന

ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുത്താണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്.

**തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ**

20 (4103) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയായ തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

തീരദേശ ഹൈവേയുടെ 18.80 കിലോമീറ്റർ നീളം വരുന്ന സ്ട്രെച്ചുകളിൽ റോഡ് നിർമ്മാണവും 420 കിലോമീറ്റർ ദൂരത്തിൽ ഭൂമിയേറ്റെടുക്കൽ നടപടികളും നടന്നുവരുന്നു. ജൂലൈ 7-ന് നടന്ന കിഫ്ബി ബോർഡ് യോഗത്തിൽ 368 കിലോമീറ്റർ തീരദേശ ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കലിനായി 2007 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) എത്ര മീറ്റർ വീതിയിലാണ് പ്രസ്തുത പാത നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ?

സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ 14 മീറ്റർ/15.6 മീറ്റർ വീതിയിലാണ് തീരദേശ ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. ഗ്രീൻഫീൽഡ് അഥവാ പുതിയ റോഡുകൾ നിർമ്മിക്കുന്ന സ്ഥലങ്ങളിൽ 24

മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുന്നതും പരിഗണനയിലാണ്. മണലൂർ നിയോജകമണ്ഡലത്തിൽ 24 മീറ്ററും (ഗ്രീൻഫീൽഡ്) 15.60 മീറ്ററും (ബ്രൗൺ ഫീൽഡ്) പരിഗണനയിലുണ്ട്.

(സി) മണലൂർ മണ്ഡലത്തിൽ പ്രസ്തുത പാത കടന്നുപോകുന്ന ദൂരം എത്രയാണെന്നും മണ്ഡലത്തിൽ ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും പ്രസ്തുത ഭാഗത്തെ എത്ര വീടുകൾ, കടകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ നഷ്ടപ്പെടുമെന്നും അറിയിക്കാമോ;

(ഡി) മണലൂർ മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റ് സ്കെച്ച് ലഭ്യമാക്കാമോ?

(സി&ഡി) മണലൂർ മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ ഡ്രാഫ്റ്റ് സ്കെച്ച് ഉള്ളടക്കം ചെയ്യുന്നു+.

**കിഫ്ബി പദ്ധതികളുടെ വിശദാംശം**

21 (4105) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൂർത്തീകരിക്കപ്പെട്ട കിഫ്ബി പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം പൂർത്തീകരിക്കപ്പെട്ട കിഫ്ബി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ സർക്കാർ പുതുതായി അംഗീകാരം നൽകിയ കിഫ്ബി പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ പുതുതായി അംഗീകാരം നൽകിയ കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഇനിയും ഭരണാനുമതി നൽകുന്നതിനായി കിഫ്ബിയിൽ അവശേഷിക്കുന്ന പദ്ധതികളുടെ വിശദാംശം അവയുടെ തുക സഹിതം ലഭ്യമാക്കാമോ?

കിഫ്ബിയുടെ ധനാനുമതിക്കുവേണ്ടി കിഫ്ബിയിൽ ഇപ്പോൾ അവലോകനത്തിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## ആലത്തൂർ മണ്ഡലത്തിലെ എ.ഡി.എഫ് പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ്

22 (4106) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2018-19, 2019-20, 2020-21 വർഷങ്ങളിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2018-19, 2019-20, 2020-21 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കിയിട്ടുണ്ട്; ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടർ സേവിംഗ്സ് തുക |
|---|---|
| 2018-19 | 29,40,957/- |
| 2019-20 | 20,29,950/- |
| 2020-21 | 4,69,937/- |

**മാനന്തവാടി മണ്ഡലത്തിലെ എ.ഡി.എഫ്, എസ്.ഡി.എഫ് പദ്ധതികൾ**

23 (4107) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിപ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

മാനന്തവാടി നിയോജകമണ്ഡലത്തിലെ 2021-22 സാമ്പത്തിക

വർഷത്തെ ആസ്തിവികസന പദ്ധതിപ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളില്ല.

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണവും ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) മാനന്തവാടി മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷത്തെ എം.എൽ.എ. എസ്.ഡി.എഫ്. പദ്ധതിപ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

മാനന്തവാടി നിയോജകമണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷത്തെ എസ്.ഡി.എഫ്. പ്രകാരം നിർദ്ദേശിക്കപ്പെട്ട 4 പ്രവൃത്തികളിൽ മൈകുനികാളംകോട് കോളനി ഫുട്പാത്ത് സൈഡ് പ്രൊട്ടക്ഷൻ & കോൺക്രീറ്റ് - 40 ലക്ഷം, മാനാഞ്ചിറ ചെറുകുന്ന് ഫുട്പാത്ത് കോൺക്രീറ്റ് - 5 ലക്ഷം, പ്ലാമൂല അണക്കെട്ട് എട്ടിൽപത്ത് റോഡ് സൈഡ് പ്രൊട്ടക്ഷൻ & കലുങ്ക് നിർമ്മാണം - 30 ലക്ഷം എന്നീ 3 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല.

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണവും ആയത് പരിഹരിക്കുവാൻ

സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റും അനുബന്ധ രേഖകളും ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥന് നിർദ്ദേശം നല്കിയിട്ടുണ്ട്.

## 2021-22 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗം

24 (4108) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ എന്ന പേരിൽ 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് 5 കോടി രൂപയിൽനിന്നും 4 കോടി കുറവ് വരുത്തിയ വകയിൽ എത്ര തുക സർക്കാരിന് ലഭിച്ചു; അതിൽ എത്ര തുക പ്രസ്തുത ആവശ്യങ്ങൾക്ക് ചെലവഴിച്ചു; വിശദാംശം നൽകുമോ;

(ബി) കുറവ് വരുത്തിയ തുക ഉപയോഗിച്ച് ഓരോ മണ്ഡലത്തിലും എന്തെല്ലാം പ്രവൃത്തികൾ ചെയ്തു; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക മണ്ഡലം തിരിച്ച് വെളിപ്പെടുത്തുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തിൽ ഓരോ എം.എൽ.എ.-മാർക്കും പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽനിന്നും 4 കോടി

രൂപ വീതം കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. എം.എൽ.എ.-മാരിൽ നിന്നും 564 കോടി രൂപയാണ് കോവിഡ് സംബന്ധ പ്രവൃത്തികൾക്കായി നീക്കിവച്ചിരിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവെച്ച നാല് കോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 140 നിയമസഭാ മണ്ഡലങ്ങളിലായി 140 ആരോഗ്യ സ്ഥാപനങ്ങളിൽ 140 ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകളും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+. കെ.എം.എസ്.സി.എൽ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം ഒരു ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവ് GST, Contingency Charges എന്നിവയുൾപ്പടെ 1.79 കോടി രൂപ എന്ന കണക്കിൽ മൊത്തം 140 യൂണിറ്റുകൾക്ക് 250.69 കോടി രൂപയുടെ ഭരണാനുമതിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പദ്ധതിയുടെ ധനസഹായം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിയിൽനിന്ന് 50 ശതമാനവും എം.എൽ.എ-എ.ഡി.എഫിൽ നിന്ന് 50 ശതമാനവുമാണ്. കിഫ്ബി ലഭ്യമാക്കിയ 236.3 കോടി രൂപയുടെ പ്രോജക്ട് കോസ്റ്റിന്റെ 50% ആയ 118.15 കോടി രൂപ MLA ADF-ൽ നിന്നും KIIFB-ക്ക് അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധനയിലാണ്.

(സി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് ചെയ്ത പ്രവൃത്തികൾ, ഭരണാനുമതി നല്കി വിവിധ ഘട്ടങ്ങളിലുള്ള പ്രവൃത്തികൾ ഇവ ഏതെല്ലാമാണ് വ്യക്തമാക്കുമോ?

ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ CHC-യിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

**ആസ്തിവികസന ഫണ്ടുപയോഗിച്ച് ലൈബ്രറി കെട്ടിട നിർമ്മാണം**

**25 (4109)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറികൾക്ക് മാത്രമാണോ അനുവാദമുള്ളത്; വിശദാംശം അറിയിക്കാമോ?

പഞ്ചായത്ത് ലൈബ്രറികൾക്ക് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ (അച്ചടി)നം.119/2018/ധന പ്രകാരം സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത ലൈബ്രറികളുടെ കെട്ടിട നിർമ്മാണം അനുവദനീയമല്ലാത്ത പ്രവൃത്തിയാണ്.

(ബി) സംസ്ഥാനത്ത് ഭൂരിഭാഗം ലൈബ്രറികളും കേരള ലൈബ്രറി കൗൺസിലിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതാണെന്നത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എസ്.ഡി.എഫ്. ഉപയോഗിച്ച് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുവാദമുള്ളപ്പോൾ എ.ഡി.എസ്. ഫണ്ടുപയോഗിച്ച് ആയത് അനുവദിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

27/05/2019-ലെ സ.ഉ (അച്ചടി) നം.60/2019/ധന പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും

നിർമ്മാണത്തിന് എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.) യിൽനിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. എന്നാൽ, സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികൾക്ക് ആസ്തി വികസന പദ്ധതിയിൽനിന്നും ധനസഹായം അനുവദനീയമല്ല.

**ആസ്തിവികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്**

26 (4110) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2022 വരെയുള്ള കാലയളവിൽ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിനായുള്ള ആസ്തിവികസന ഫണ്ടിലും പ്രാദേശിക വികസന ഫണ്ടിലും ടെണ്ടർ സേവിംഗ്സ് ഇനത്തിൽ എത്ര രൂപ ബാക്കിയുണ്ടെന്ന് വർഷം തിരിച്ച് അറിയിക്കാമോ ?

പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖപ്രകാരം ടെണ്ടർ

സേവിംഗ്സ് അനുവദനീയമല്ല. ആസ്തി വികസന പദ്ധതിയുടെ 04-08-2018-ലെ സ.ഉ(പി)നം.119/2018/ധന ഉത്തരവ് പ്രകാരം 2017-18 മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിനായുള്ള ആസ്തിവികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങൾ വർഷം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ടെണ്ടർ സേവിംഗ്സ് |
|---|---|
| 2017-18 | 23,19,618/- |
| 2018-19 | 14,15,094/- |
| 2019-20 | 19,10,092/- |
| 2020-21 | 73,630/- |
| 2021-22 | 78,648/- |

**അരൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗം**

27 (4111) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2017-18, 2018-19, 2019-20, 2020-21 വർഷത്തെ ടെണ്ടർ സേവിംഗ്സ് എത്രയെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2017-18, 2018-19, 2019-20, 2020-21 വർഷത്തെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തി ഏറ്റെടുക്കുന്നതിന് അനുമതിയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

പ്രസ്തുത സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തി ഏറ്റെടുക്കുന്നതിന് അനുമതിയുണ്ട്. നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ. (അച്ചടി) നം.119/2018/ധന, ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022-ലെ സ.ഉ. (അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തികവർഷത്തിലോ അതിനടുത്ത സാമ്പത്തികവർഷത്തിലോ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ടെണ്ടർ സേവിംഗ്സ് ഒരു സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതുമാണ്. 04-08-2018-ലെ സ.ഉ(അച്ചടി)നം.119/2018/ധന, 31-03-2022-ലെ സ.ഉ.(അച്ചടി)നം.40/2022/ധന എന്നീ ഉത്തരവുകൾക്ക് വിധേയമായാണ് നിലവിൽ ആസ്തി വികസന പദ്ധതിയിൽനിന്നും ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്.

**ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് നടപടി**

28 (4112) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വായനശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ഫർണിച്ചറുകൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനും നിയോജകമണ്ഡല ആസ്തി വികസന ഫണ്ടും പ്രാദേശിക വികസന ഫണ്ടും

വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ; ഉത്തരവിന്റെ പകർപ്പ് നൽകുമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ(അച്ചടി)നം.119/2018/ധന അനുബന്ധം 1-ൽ (അനുവദനീയമായ പ്രവൃത്തികൾ) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്കുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, 27/05/2019-ലെ സ.ഉ(അച്ചടി) നം.60/2019/ധന പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണത്തിന് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി/പ്രാദേശിക വികസന ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകൾക്ക് ഫർണിച്ചറുകൾ, പുസ്തകങ്ങൾ എന്നിവ വാങ്ങൽ അനുവദനീയമല്ല.

(ബി) പ്രസ്തുത ഫണ്ടുകളിലുൾപ്പെടുത്തി ഈ പ്രവൃത്തികൾ നടപ്പിലാക്കുവാനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള, ദീർഘകാലം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികൾക്ക് ആസ്തി വികസന പദ്ധതിയിൽനിന്നും ധനസഹായം അനുവദനീയമല്ല. ദീർഘകാലം നിലനിൽക്കുന്ന മൂലധന സ്വഭാവമുള്ള വികസനപ്രവർത്തനങ്ങളാണ് പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ചും നടപ്പിലാക്കിവരുന്നത്.

(സി) പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ എസ്.ഡി.എഫ്.-ന്റെ അതേ മാനദണ്ഡത്തിൽ എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുമോ?

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

**നാദാപുരം മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക**

29 (4113) <u>ശ്രീ. ഇ. കെ. വിജയൻ</u>:താഴെ കാണുന്ന ചോദ്യത്തിന്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യമുള്ളത്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടർ സേവിംഗ്സ് തുക |
|---|---|
| 2017-18 | 19,84,198/- |
| 2018-19 | 16,34,298/- |
| 2019-20 | 41,60,150/- |

## എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി സ്കൂൾ കെട്ടിട നിർമ്മാണം

30 (4115) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്

കെട്ടിടം നിർമ്മിക്കാൻ 31-03-2017-ലെ സ.ഉ(സാധാ.)നം.924/2017/ജി.ഇ.ഡി.എൻ. പ്രകാരം ഭരണാനുമതി ലഭ്യമാക്കിയെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് അറിയിക്കാമോ?

കെട്ടിടത്തിന്റെ സ്ട്രക്ച്ചർ, പ്ലാസ്റ്ററിംഗ്, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ കഴിഞ്ഞിട്ടുണ്ട്. പ്ലംബിംഗ്, പെയിന്റിംഗ്, മറ്റ് അവസാനഘട്ട മിനുക്കുപണികൾകൂടി പൂർത്തീകരിക്കുവാനുണ്ട്.

(സി) പ്രസ്തുത സ്കൂളിൽ നിലവിൽ പഠന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ളതിനാൽ ആയത് പരിഹരിക്കുന്നതിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. എത്രയുംവേഗം പൂർത്തീകരിക്കുവാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**എം.എൽ.എ-എ.ഡി.എസ്. ടെണ്ടർ സേവിംഗ്സ്**

31 (4116) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള വിവിധ പദ്ധതികളിൽ 2017-18 സാമ്പത്തിക വർഷം മുതലുള്ള ടെണ്ടർ സേവിംഗ്സ്ായി എത്ര തുകയുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസന പദ്ധതി പ്രകാരമുള്ള വിവിധ പദ്ധതികളിൽ 2017-18 സാമ്പത്തിക വർഷം മുതലുള്ള ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശാദാ്ംശം ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടർ സേവിംഗ്സ് |
|---|---|
| 2017-18 | 14,68,176/- |
| 2018-19 | 30,57,775/- |
| 2019-20 | 24,46,534/- |
| 2020-21 | 20,03,364/- |
| ആകെ | 89,75,849/- |

**ആസ്തി വികസന ഫണ്ട്- കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

32 (4117) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ 2016-17 മുതൽ 2021-22 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പൂർത്തിയാക്കുന്നതിന് എം.എൽ.എ. നിർദ്ദേശിച്ചവയിൽ ഇനിയും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും കാലതാമസത്തിനുള്ള കാരണമെന്താണെന്നും വർഷം തിരിച്ച് അറിയിക്കാമോ?

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ 2016-17 മുതൽ 2021-22 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പൂർത്തിയാക്കുന്നതിന് എം.എൽ.എ. നിർദ്ദേശിച്ചവയിൽ ഇനിയും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

**അരൂർ മണ്ഡലത്തിലെ പ്രാദേശിക വികസന ഫണ്ട്**

33 (4118) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിലുൾപ്പെടുത്തി നിർദ്ദേശിച്ചതും ഗുണഭോക്തൃ കമ്മിറ്റി എഗ്രിമെന്റ് വച്ചതുമായ ഒട്ടനവധി പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അരൂർ മണ്ഡലത്തിൽ എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിലുൾപ്പെടുത്തി നിർദ്ദേശിച്ചതും ഗുണഭോക്തൃ കമ്മിറ്റി എഗ്രിമെന്റ് വച്ചതുമായ 4 പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾക്ക് ഡി.എസ്.ആർ. 2018 പ്രകാരം റേറ്റ് റിവിഷന് അനുമതി കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ടി പ്രവൃത്തികൾ DSR 2016 റേറ്റ് പ്രകാരമാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. 2016 റേറ്റ് പ്രകാരം എഗ്രിമെന്റ് വച്ചിട്ടുള്ള പ്രവൃത്തികൾക്ക് (Agreement condition പ്രകാരം) അതേ നിരക്കിൽ പൂർത്തീകരിക്കുന്നതിനാണ് ഇപ്പോൾ നിർദ്ദേശം നല്കിയിട്ടുള്ളത്. ടി പ്രവൃത്തികൾ 2018 DSR നിരക്കിൽ പൂർത്തീകരിക്കുന്നതിന് ജില്ലാ കളക്ടർ ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് സർക്കാർ ഇക്കാര്യം പരിഗണിക്കുന്നതാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതി**

34 (4119) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി

എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ?

കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും കേന്ദ്ര പദ്ധതികൾക്കുമായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള Public Finance Management System (PFMS) എന്ന സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ട്രഷറി വകുപ്പുമായി ചേർന്നാണ് സംസ്ഥാനത്ത് ഈ സംവിധാനം നടപ്പിലാക്കിവരുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട്, റിലീസ് വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലും PFMS പോർട്ടൽ മുഖേനയും നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ പരിഷ്കരിച്ച സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കൃത്യമായ നിരീക്ഷണമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. Single Nodal Account, മറ്റ് നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകൾ എന്നിവയിലെ നീക്കിയിരിപ്പ്, ചെലവഴിക്കൽ ശതമാനം തുടങ്ങിയവ വിലയിരുത്തി മാത്രമേ തുടർ റിലീസുകൾ നൽകുകയുള്ളൂവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളതിന്റെ

അടിസ്ഥാനത്തിൽ റിലീസുകളുടെ കൃത്യമായ ചെലവഴിക്കൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നടത്തി തുടർ റിലീസുകൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾക്ക് ഇതിനകം നൽകിയിട്ടുണ്ട്.

പല കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും സാമ്പത്തിക വർഷാവസാനം റിലീസ് ചെയ്യുന്ന തുക വിനിയോഗിക്കുന്നതിന് മതിയായ സമയം ലഭിക്കാറില്ല. പ്രസ്തുത ഫണ്ട് അതത് വർഷംതന്നെ Single Nodal Account-ലേയ്ക്ക് മാറ്റിയാൽ തുടർന്നുള്ള സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് റീവാലിഡേറ്റ് ചെയ്യാതെതന്നെ വിനിയോഗിക്കാനുള്ള അനുമതി 2022-23 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ട്. ഒരുവർഷം വിനിയോഗിക്കാൻ കഴിയാതെ വരുന്ന കേന്ദ്ര ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്താണ് തുടർന്നുള്ള സാമ്പത്തിക വർഷം ഉപയോഗിക്കുന്നത്.

## മെഡിസെപ് പദ്ധതി

35(4120) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ ഗുണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സർക്കാർ, ആരോഗ്യ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച 1920 ചികിത്സാ വ്യവസ്ഥകളും നിരക്കുകളും ഉൾക്കൊള്ളുന്ന പട്ടികയിൽ അടങ്ങിയിരിക്കുന്ന ചികിത്സകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സ പ്രക്രിയകൾക്കും നേരിടേണ്ടി വരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധന ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിലുൾപ്പെടും.

നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സക്കും പദ്ധതിയിൻകീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻപ്രകാരം ആയിരിക്കും.

(i) അടിസ്ഥാന പരിരക്ഷ-പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടി വരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധന ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിലുൾപ്പെടും.

പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിലുൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുകയുൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽനിന്ന് (മൂന്ന് വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മെഡിസെപ് പദ്ധതിയിൽ കൂടുതൽ പൊതു/സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു.

**മെഡിസെപ് പദ്ധതി**

36 (4121) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ഇതുവരെ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് നൽകാമോ?

01-07-2022 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 23-06-2022-ലെ സ.ഉ.(പി)നം.70/2022/ധന., 24-06-2022-ലെ സ.ഉ.(പി)നം.71/2022/ധന., 24-06-2022-ലെ സ.ഉ.(പി)നം.73/2022/ധന., 27-06-2022-ലെ സ.ഉ.(പി)നം.76/2022/ധന. ഉത്തരവുകളുടെയും 01-07-2022-ലെ 51/2022/ധന. സർക്കുലറിന്റെയും പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പെൻഷൻകാരുടെ കുടുംബാംഗങ്ങളെ ഇതിലുൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പെൻഷൻകാരുടെ പങ്കാളിയെയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന മക്കളെയും (പ്രായപരിധി ബാധകമല്ല) പദ്ധതിയുടെ പരിധിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഒ.പി. ചികിത്സയ്ക്ക് ഇതുപ്രകാരം പരിരക്ഷ നൽകിയിട്ടുണ്ടോ?

മെഡിസെപ് പദ്ധതിയിൽ ഒ.പി. ചികിത്സയ്ക്ക് പരിരക്ഷ നൽകിയിട്ടില്ല.

(ഡി) ഇല്ലെങ്കിൽ ഒ.പി. ചികിത്സയ്ക്ക് നിലവിലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുടരുമോ; വിശദവിവരങ്ങൾ നൽകാമോ?

ഒ.പി. ചികിത്സയ്ക്ക് നിലവിലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുടരുന്നതാണ്.

**സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക**

37 (4122) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അവസാനമായി ഡി.എ. അനുവദിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഗഡു ഡി.എ. കുടിശ്ശികയായിട്ടുണ്ടെന്നും ആയത് എത്ര

ശതമാനം വീതമാണെന്നും അറിയിക്കാമോ;

(സി) കുടിശ്ശിക ഡി.എ. എന്നേയ്ക്ക് അനുവദിക്കാനാകുമെന്നും ജീവനക്കാർക്ക് കുടിശ്ശികയില്ലാതെ ഡി.എ. അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകുമോയെന്നും അറിയിക്കാമോ?

(എ-സി) 08-02-2021-ലെ സർക്കാർ ഉത്തരവ് G.O(P)No.25/2021/Fin പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2020 ജൂലൈ മാസം വരെയുള്ള ഡി.എ. അനുവദിച്ചിട്ടുണ്ട്. 01-01-2021 മുതലുള്ള ഡി.എ. കണക്കാക്കിയിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മൂന്ന് ഗഡു ഡി.എ. കുടിശ്ശികയായിട്ടും സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന ഉന്നതതല ഉദ്യോഗസ്ഥർക്ക് മാത്രമായി ഡി.എ. അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചതെന്താണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തരവില്ലാതെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിക്കുന്നത് അനുസരിച്ചാണ് ഡി.എ. ലഭിച്ചുകൊണ്ടിരുന്നത്.

ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അഖിലേന്ത്യ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെ സർക്കാർ ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് 26-04-2022-ലെ സ.ഉ.47/2022/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്.

**സർക്കാർ ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി ഓൺലൈൻ സംവിധാനം**

38 (4123) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി ഓൺലൈൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സർക്കാർ ജീവനക്കാർക്ക് ഓൺലൈനായി പെൻഷൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള പെൻഷണർ ഇൻഫർമേഷൻ സിസ്റ്റം (PRISM) 01-05-2017 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ ഓൺലൈൻ സംവിധാനത്തിലൂടെ എത്ര പേർക്ക് പെൻഷൻ അനുവദിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രിസം ഓൺലൈൻ സംവിധാനത്തിലൂടെ 08-07-2022 വരെ 58026 പേർക്ക് പെൻഷൻ അനുവദിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) ഓൺലൈൻ സംവിധാനത്തിലൂടെ സമർപ്പിക്കുന്ന പെൻഷൻ

അപേക്ഷ പാസ്സായി കിട്ടുന്നതിന് മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന ഓൺലൈൻ സംവിധാനത്തിലെ സെൻട്രൽ പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി എന്താണെന്നും കേരള സർവീസ് ചട്ടങ്ങളിലെ ഏത് ചട്ടപ്രകാരമാണ് സി.പി.എസ്.എ. നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; സി.പി.എസ്.എ. നിയമനവുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകാമോ?

25-07-2019-ലെ ജി.ഒ (പി)നം.95/2019/ഫിൻ ഉത്തരവ് (പകർപ്പ് അറ്റാച്ച് ചെയ്തിരിക്കുന്നു) പ്രകാരം ധനകാര്യ ഇൻഫർമേഷൻ സിസ്റ്റം വകുപ്പിന്റെ ജോയിന്റ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയെ പ്രിസം സോഫ്റ്റ്‌വെയറിന്റെ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ടി ഓഫീസറെ പ്രിസം സോഫ്റ്റ് വെയറിൽ സെൻട്രൽ പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി (സി.പി.എസ്.എ) ആയി പ്രവർത്തിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി പെൻഷൻ അനുവദിച്ചുകൊണ്ട്

പ്രിസം സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കുന്ന ഇ-പെൻഷൻ ബുക്ക് പരിശോധിച്ചതിനുശേഷം സുരക്ഷിതമായി ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി പെൻഷൻ ആതറൈസ് ചെയ്യുന്നതിന് അക്കൗണ്ടന്റ് ജനറലിന് ഓൺലൈനായി നൽകുന്നതിനുവേണ്ടി പ്രിസത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് സി.പി.എസ്.എ. ഇതൊരു തസ്തികയല്ല.

**കേരള സ്റ്റേറ്റ് സി-ആപ്റ്റിൽ മെഡിസെപ് പദ്ധതി**

39 (4124) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജൂലായ് 1 മുതൽ നടപ്പാക്കുന്ന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിൽ കേരള സ്റ്റേറ്റ് സി-ആപ്റ്റ് ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ,

പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൂടാതെ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരുമാണ് ഈ പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഗുണഭോക്താക്കളായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. മെഡിസെപ് പദ്ധതി 01-07-2022 മുതൽ പ്രാബല്യത്തിൽവന്ന സാഹചര്യത്തിൽ ഈ പദ്ധതി കാലയളവിൽത്തന്നെ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരെ മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. എന്നാലും പദ്ധതിയുടെ അടുത്തഘട്ടം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി

കൈക്കൊള്ളുമ്പോൾ ടി ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്ന പ്രായോഗികത പരിശോധിക്കുന്നതാണ്.

**ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

40(4125) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളം പുതുക്കി നൽകിയപ്പോൾ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഒരേ തസ്തികയിലുള്ള ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ വ്യത്യസ്തമായി അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം എല്ലാ തസ്തികകൾക്കും മുൻ ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം ഉണ്ടായിരുന്ന ശമ്പളസ്കെയിലിന് ആനുപാതികമായ പരിഷ്കരണം വരുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലേയും സമാന തസ്തികകളെ കോമൺ കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ വകുപ്പുകളിൽ നിയമിതരാകുന്ന കോമൺ കാറ്റഗറി തസ്തികകളുടെ ശമ്പളസ്കെയിൽ ഒന്നുതന്നെയാണ്.

(ബി) ഇത്തരത്തിൽ ശമ്പള അനോമലിയുമായി ബന്ധപ്പെട്ട് സംഘടനകളോ വകുപ്പുമേധാവികളോ വ്യക്തികളോ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(സി) ശമ്പള അനോമലിയുമായി ബന്ധപ്പെട്ട എത്ര പരാതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി&സി) പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള അനോമലികൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ, വകുപ്പ് മേധാവികൾ, വ്യക്തികൾ എന്നിവിടങ്ങളിൽനിന്നും നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങളെല്ലാം സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

(ഡി) വനം വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടേയും പ്രൊമോഷൻ തസ്തികയായ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടേയും ശമ്പളം ഒരേ സ്കെയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വനം വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെയും പ്രൊമോഷൻ

തസ്തികയായ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുൾപ്പെടെയുള്ള വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പല തസ്തികകളുടെയും ഫീഡർ തസ്തികയും പ്രൊമോഷൻ തസ്തികയും ഒരേ ശമ്പള സ്കെയിൽതന്നെ നിലനിൽക്കുന്നുണ്ട്. ആയത് അനോമലിയായി കണക്കാക്കാനാവില്ല.

(ഇ) ഇത്തരത്തിൽ വനം വകുപ്പിലെ ശമ്പള സ്കെയിലുകളുമായി ബന്ധപ്പെട്ട മുഴുവൻ അപാകതകളും പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

പത്താം ശമ്പള പരിഷ്കരണ ഉത്തരവിലുള്ള തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ ആനുപാതികമായ പരിഷ്കരണമാണ് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലൂടെ നൽകിയിട്ടുള്ളത്. ഒരു തസ്തികയുടേയും ശമ്പള സ്കെയിലുകളിലോ ബത്തകളിലോ കുറവ് വരുത്തിയിട്ടില്ല. ആയതിനാൽ പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രകടമായ അനോമലികൾ ഒന്നുംതന്നെ നിലവിലില്ല. എന്നിരുന്നാലും പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വകുപ്പിലെ ഏതെങ്കിലും തസ്തികയിൽ അനോമലിയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വരുന്നപക്ഷം ആയത് വിശദമായി പരിശോധിക്കുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. വനം വകുപ്പിലെ ശമ്പള സ്കെയിലുമായി ബന്ധപ്പെട്ട് വരുന്ന അനോമലികളും

സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻകാരുടെ ആനുകൂല്യങ്ങൾ**

41 (4126) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-04-2013 മുതൽ കേരളത്തിൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാർക്ക് കെ.എസ്.ആർ. പാർട്ട് 3 ബാധകമല്ലെന്ന് ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ടോ?

ഉണ്ട്.

(ബി) സർവ്വീസിലിരിക്കെ അന്തരിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരന്റെ മാതാപിതാക്കൾക്ക് മാസം 4000 രൂപ വരുമാനമുള്ളതുകൊണ്ട് കെ.എസ്.ആർ, പാർട്ട് 3 ചട്ടം 90(6A) പ്രകാരം ആശ്വാസ ധനസഹായം നൽകാൻ സാധിക്കില്ലെന്ന് ധന വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല.

(സി) പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാരന് ബാധകമല്ലാത്ത KSR Part 3-ലെ ചട്ടങ്ങൾ പ്രകാരം പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാരന്റെ പേരിലുള്ള ആശ്വാസ ധനസഹായം മാതാപിതാക്കൾക്ക്

തടയുന്നതിന്റെ മാനദണ്ഡമെന്താണ്?

പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ടവർക്ക് കെ.എസ്.ആർ. ഭാഗം III ലെ ചട്ടങ്ങൾ ബാധകമല്ല, എന്നിരുന്നാലും ഈ വിഭാഗത്തിന് വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ ചട്ടങ്ങളൊന്നും നിലവിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിൽ 31-08-2016 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 126/2016/ധന. ഉത്തരവ് പ്രകാരമാണ് ആശ്വാസ ധനസഹായം അനുവദിക്കുന്നത്.

(ഡി) 26-12-2012-ലെ മന്ത്രിസഭ യോഗത്തിൽ, പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാരൻ സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ അവസാന ശമ്പളം ആശ്രിതർക്ക് നൽകുവാൻ അന്നത്തെ സർക്കാർ തീരുമാനം എടുത്തിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസിലിരിക്കെ മരണമടയുകയും ചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി ലഭിക്കുന്നതുവരെ അവസാനം വാങ്ങിയ ശമ്പളത്തിന് തുല്യമായ തുക ലഭ്യമാക്കുന്നതിനുവേണ്ടി ആ തുകയിൽനിന്നും പെൻഷന് തുല്യമായ തുക കഴിച്ച് ബാക്കിവരുന്ന തുക ആശ്വാസമായി നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകുവാൻ

26-12-2012-ലെ മന്ത്രിസഭ യോഗത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾക്കായി ധനകാര്യ വകുപ്പിന് നൽകുകയും ചെയ്തിരുന്നു. എന്നാൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് 25-08-2016-ലെ മന്ത്രിസഭാ തീരുമാനത്തിനനുസൃതമായി ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസിലിരിക്കെ മരണമടയുകയും ചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി ലഭിക്കുന്നതുവരെ ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30 ശതമാനത്തിന് തുല്യമായ തുക ആശ്വാസ ധനസഹായം അനുവദിക്കാൻ തീരുമാനിക്കുകയും ആയതുപ്രകാരം സർക്കാർ 31-08-2016-ലെ സ.ഉ.(അച്ചടി)നം.126/2016/ധന. ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

## ശമ്പള പരിഷ്കരണ കുടിശ്ശിക

42 (4127) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെൻഷൻകാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചു നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാരിന്റെ 30-04-2021-ലെ സ.ഉ.(അ) നം.70/2021/(1)/ധന. ഉത്തരവ് പ്രകാരം 01-07-2019-നും 31-05-2021-നുമിടയിൽ വിരമിച്ച ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക ഒറ്റത്തവണയായി 2021 മേയ് മാസ ശമ്പളം 2021 ജൂൺ മാസ പെൻഷനൊപ്പം വിതരണം ചെയ്യുന്നതിനായി അനുമതി നല്കിയിട്ടുണ്ട്. 2021 മേയ് മാസത്തിനുശേഷം വിരമിച്ചവരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**കുടുംബ പെൻഷൻ**

43 (4128) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനോടനുബന്ധിച്ച് കുടുംബ പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ റിവൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നോ; എങ്കിൽ അവസാന തീയതി എന്നുവരെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) നിശ്ചിത സമയത്തിനുള്ളിൽ പെൻഷൻ റിവിഷനുള്ള അപേക്ഷ സമർപ്പിക്കാത്തവർക്ക് കുടിശ്ശിക അനുവദിക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ&ബി) പത്താം ശമ്പള പരിഷ്കരണം പ്രകാരം പെൻഷൻ/കുടുംബ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷണർമാരുടെ 11-ാം പെൻഷൻ പരിഷ്കരണം പ്രത്യേകമായി അപേക്ഷകൾ സ്വീകരിക്കാതെതന്നെ പരിഷ്കരിച്ച് നൽകുവാനും കുടിശ്ശിക നാല് ഗഡുക്കളിൽ ആദ്യ രണ്ട് ഗഡുക്കൾ സത്യവാങ്മൂലം വാങ്ങാതെതന്നെ വിതരണം ചെയ്യുവാനും തുടർന്നുള്ള രണ്ട് ഗഡുക്കൾ സത്യവാങ്മൂലം വാങ്ങിയശേഷം വിതരണം ചെയ്യുവാനും 19/03/2021-ലെ പരിപത്രം നമ്പർ. 27/2021/ധന മുഖേന വ്യവസ്ഥ ചെയ്തിരുന്നു. തുടർന്ന്, 19/07/2021-ലെ പരിപത്രം നമ്പർ 57/2021/ധന പ്രകാരം 30-09-2021-ന് മുൻപ് നിർദ്ദിഷ്ട സത്യവാങ്മൂലം സമർപ്പിക്കാത്ത പെൻഷൻകാരുടെ പെൻഷൻ കുടിശ്ശികയുടെ നാലാമത് ഗഡു താൽക്കാലികമായി നിർത്തിവയ്ക്കുവാനും സത്യവാങ്മൂലം സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള ഗഡു വിതരണം ചെയ്യാനും വ്യവസ്ഥ ചെയ്തിരുന്നു.

(സി) ആയത് ലഭിക്കുന്നതിന് അപേക്ഷ നൽകുവാൻ കഴിയാത്തവർക്ക് ഒരു അവസരം കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ബാധകമല്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

44 (4129) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ?

2022 മേയ് 31 വരെ 161999 സംസ്ഥാന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

(ബി) പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാർക്ക് നിലവിലുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പി.എഫ്.ആർ.ഡി.എ.-യുടെ എക്സിറ്റ് & വിത്ത്ഡ്രാവൽ സർക്കുലർ പ്രകാരമുള്ള എല്ലാ വിരമിക്കൽ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) പങ്കാളിത്ത പെൻഷൻ ജീവനക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി

സമർപ്പിച്ച റിപ്പോർട്ടുപ്രകാരം ടി വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**മെഡിസെപ് പദ്ധതി**

45 (4130) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് നടപ്പിലാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഒപ്പ് വച്ചിട്ടുള്ള കരാറിന്റെ നിയമ വിധേയമായുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ആയതിന്റെ പകർപ്പ് ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

(ബി) ചികിത്സാ സൗകര്യങ്ങൾ ഏറെയുള്ള സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികൾ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികൾകൂടി എംപാനൽ ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

(ബി & സി) ചില സ്വകാര്യ ആശുപത്രികൾ പദ്ധതിയുമായി സഹകരിക്കുന്നതിന് തടസ്സം ഉന്നയിച്ചിട്ടുണ്ട്. ടി ആശുപത്രികളെക്കൂടി പദ്ധതിയിലുൾപ്പെടുത്താനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു.

**മെഡിസെപ് പദ്ധതി**

46 (4131) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും സൗജന്യമായി മികച്ച ചികിത്സ സൗകര്യമൊരുക്കുന്നതിനുള്ള മെഡിസെപ് പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; പദ്ധതിയിൽ എത്ര പേർ ഗുണഭോക്താക്കളായുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്?

2022 ജൂലൈ ഒന്ന് മുതൽ മെഡിസെപ് പദ്ധതി പ്രാബല്യത്തിലായിട്ടുണ്ട്. പദ്ധതിയിൽ 10 ലക്ഷത്തിലധികം വരുന്ന ജീവനക്കാരും പെൻഷൻകാരും അവരുടെ ആശ്രിതരുമുൾപ്പെടെ ഏകദേശം 30 ലക്ഷം പേരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളെയെല്ലാം

പദ്ധതിയിൽ ഉൾപ്പെടുത്താനായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ആശുപത്രികളുടെ എംപാനൽമെന്റ് സംബന്ധിച്ച് Request For Proposal (RFP)-യിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് വിവിധ ക്ലസ്റ്ററുകളിൽ (ജില്ലകളെ അടിസ്ഥാനമാക്കി) വിവിധ കാറ്റഗറികളിലുള്ള (പദ്ധതിയിലുൾപ്പെട്ടിരിക്കുന്ന 1920 അടിസ്ഥാന ചികിത്സാ പ്രക്രിയകൾക്കും ഗുരുതര രോഗങ്ങൾക്കും അവയവമാറ്റ ശസ്ത്രക്രിയകൾക്കും പ്രയോജനപ്പെടുന്ന) പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. എന്നാൽ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന ഇനിയും പദ്ധതിയിൽ ചേരാത്ത സംസ്ഥാനത്തെ ചില മുൻനിര ആശുപത്രികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള ശ്രമങ്ങൾ സർക്കാർതലത്തിൽ നടത്തിവരികയാണ്.

(സി) സംസ്ഥാനത്തിന് പുറത്ത് ചികിത്സ തേടേണ്ട സാഹചര്യംകൂടി പരിഗണിച്ച് പ്രധാന നഗരങ്ങളിലെ ആശുപത്രികളെയും

പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ?

സംസ്ഥാനത്തിന് പുറത്തുള്ള ചെന്നൈ, കോയമ്പത്തൂർ, ഡൽഹി, കന്യാകുമാരി, മുംബൈ, മാംഗ്ലൂർ, സേലം, തിരുപ്പൂർ എന്നീ നഗരങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളെക്കൂടി പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്.

(ഡി) അവയവ മാറ്റം പോലുള്ള ചെലവേറിയ ചികിത്സകൾക്കുള്ള സൗകര്യം ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അവയവമാറ്റ ചികിത്സ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്ന് വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കുന്നതാണ്.

**ആസ്തി വികസന പദ്ധതിക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പൊതു ഹെഡ് ഓഫ് അക്കൗണ്ട്**

47 (4132) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പുതിയ ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിക്കുന്നതിന് ധനവകുപ്പിന്റെ നടപടികളും മാനദണ്ഡങ്ങളും വിശദമാക്കാമോ?

പുതിയ ശീർഷകം തുറക്കുന്നതിനുള്ള ഭരണ വകുപ്പിന്റെ ശിപാർശ ധനകാര്യ (ബഡ്ജറ്റ്) വകുപ്പിൽ ലഭ്യമാകുമ്പോൾ പ്രസ്തുത ശിപാർശ

കംപ്ട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ " ലിസ്റ്റ് ഓഫ് മേജർ ആൻഡ് മൈനർ ഹെഡ്സ് ഓഫ് അക്കൗണ്ട്സ്" (LMMHA) പ്രകാരമുള്ളതാണോയെന്ന് ഉറപ്പുവരുത്തിയും ഉചിതതലത്തിലുള്ള പരിശോധന നടത്തിയും ബഡ്ജറ്റിൽ ശീർഷകം തുറക്കാവുന്നതാണ്. പുതിയ ധനാഭ്യർത്ഥന, മുഖ്യ കണക്ക് ശീർഷകം എന്നിവ തുറക്കുന്നതിനും അവയുടെ പേര് മാറ്റുന്നതിനുമുള്ള ശിപാർശകളാണെങ്കിൽ അവയ്ക്ക് കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അനുമതി അനിവാര്യമാണ്.

(ബി) ആസ്തി വികസന പദ്ധതിക്ക് നിലവിൽ എത്ര ഹെഡ് ഓഫ് അക്കൗണ്ടുകളിലൂടെയാണ് തുക ചെലവഴിക്കുന്നതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

ആസ്തി വികസന പദ്ധതിക്ക് നിലവിൽ 41 ഹെഡ് ഓഫ് അക്കൗണ്ടുകളിലൂടെയാണ് തുക ചെലവഴിക്കുന്നത്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(സി) ഉപഭോക്തൃ വകുപ്പുകളുടെ വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിലൂടെ തുക കൈമാറുന്നതിന് നിലവിൽ നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ പ്രത്യേക വികസന നിധിയുടെ മാതൃകയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു പൊതു ഹെഡ് ഓഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അക്കൗണ്ട് സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

LAC-ADS-ലെ മാർഗ്ഗരേഖപ്രകാരം എഞ്ചിനീയറിംഗ് വിംഗുകളുള്ള വകുപ്പുകളാണെങ്കിൽ അതത് വകുപ്പുകൾക്ക് തന്നെയാണ് പ്രവൃത്തികൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം. പ്രവൃത്തിയുടെ ഗുണഭോക്തൃ വകുപ്പുകൾ പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറിനൽകുന്ന രീതിയാണ് തുടർന്നുവരുന്നത്. ആസ്തി വികസന ഫണ്ടിന് പൊതു ഹെഡ് ഓഫ് അക്കൗണ്ട് ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ ആരംഭിച്ച് പ്രസ്തുത ഹെഡിൽനിന്ന് ഓരോ ബില്ലും മാറി നല്കുകയാണെങ്കിൽ ഓരോ ഫയലും പേമെന്റിനായി ധന വകുപ്പിൽ വരേണ്ടിവരും. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനാണ് അതതു ഗുണഭോക്തൃ വകുപ്പുകളുടെ നിയന്ത്രണത്തിൽത്തന്നെ ശീർഷകങ്ങൾ അനുവദിച്ചുനൽകി മതിയായ ഫണ്ടും ഉറപ്പുവരുത്തുന്നത്. ഇതിനുപുറമേ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ബിൽത്തുക നേരിട്ട് അനുവദിക്കുന്നതിന് ധനകാര്യ സെക്രട്ടറി നിയന്ത്രണാധികാരിയായി പ്രത്യേക ശീർഷകത്തിൻകീഴിൽ ആവശ്യമായ തുക വകയിരുത്തിവരുന്നുമുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച്

സമർപ്പിക്കുന്ന ആസ്തി വികസന നിധിയിലെ ബില്ലുകൾ മാറുന്നതിന് നിലവിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, ആസ്തി വികസന നിധിയുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തത ചൂണ്ടിക്കാണിക്കുന്നമുറയ്ക്ക് അടിയന്തരമായി അധിക ധനാനുമതി നൽകുന്നതിനും ധനകാര്യ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രവൃത്തികൾ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി മാതൃകയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു പൊതു ഹെഡ് ഓഫ് അക്കൗണ്ട് സംവിധാനം ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) പല ഹെഡ് ഓഫ് അക്കൗണ്ടിൽ കിടക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് കണ്ടെത്തുന്നതിന് പ്രായോഗികമായി വളരെ ബുദ്ധിമുട്ടുന്ന സാഹചര്യംകൂടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**തൃശ്ശൂർ ശക്തൻ മാർക്കറ്റ് സമഗ്ര വികസനം**

48 (4133) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ തൃശ്ശൂർ ശക്തൻ മാർക്കറ്റ് സമഗ്ര വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മാർക്കറ്റ് വികസനത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II-ൽ ഉൾപ്പെടുത്തി ക്രമ നം. 220 പ്രകാരം " ശക്തൻ മാർക്കറ്റ് വികസനം ഒന്നാം ഘട്ടം" എന്ന പ്രവൃത്തിക്ക് 300 കോടി അടങ്കൽത്തുക കണക്കാക്കി ടോക്കൺ വിഹിതം മാത്രം വകയിരുത്തിയിരിക്കുന്നു.

**കോമളം പാലം നിർമ്മാണത്തിന് ഭരണാനുമതി**

49 (4135) ശ്രീ മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23-ലെ ബഡ്ജറ്റിൽ 20% തുക നീക്കിവച്ചിട്ടുള്ള തിരുവല്ല നിയോജകമണ്ഡലത്തിലെ കോമളം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2022-23 ബഡ്ജറ്റിൽ 20% ബജറ്റ് വിഹിതം (240 ലക്ഷം രൂപ)

നീക്കിവച്ചിരിക്കുന്ന പത്തനംതിട്ട ജില്ലയിലെ തിരുവല്ല നിയോജകമണ്ഡലത്തിലെ കോമളം പാലത്തിന്റെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച ഭരണ വകുപ്പ് ശിപാർശ ധനവകുപ്പ് പരിശോധിച്ചുവരികയാണ്.

## കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച മെയിന്റനൻസ് ഗ്രാന്റിലെ കുറവ്

50 (4136) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ വാർഷിക പദ്ധതിയുടെ ഭാഗമായി അനുവദിച്ച മെയിന്റനൻസ് ഗ്രാന്റിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കുമായി 163 കോടി രൂപയോളം വകയിരുത്തിയപ്പോൾ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് വകയിരുത്തിയത് വെറും 42000/- രൂപ മാത്രമായതിന്റെ കാരണം വിശദമാക്കുമോ?

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിന്റെ

സപ്ലിമെന്റിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരമാണ് 2022-23 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുള്ള സംരക്ഷണ ഫണ്ട് വിഹിതം വകയിരുത്തിയിരിക്കുന്നത്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള തുകയാണ് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് വകയിരുത്തിയിട്ടുള്ളത്.

(സി) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച മാതൃകയിൽ ഫണ്ട് അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉണ്ട്. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത‌ുൾപ്പെടെ പല പ്രാദേശിക സർക്കാരുകളിൽനിന്നും ഇതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ട്. ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## തലശ്ശേരി മണ്ഡലത്തിലെ ഒളവിലം പാത്തിക്കൽ റെഗുലേറ്റർ- കം- ബ്രിഡ്ജിന്റെ ഭരണാനുമതി

51 (4137) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച ഒളവിലം പാത്തിക്കൽ റെഗുലേറ്റർ-

കം- ബ്രിഡ്ജിന്റെ ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിലുള്ള ഇ-ഫയലിന്റെ (നം.1787364) നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പദ്ധതിയുടെ സാങ്കേതികാനുമതി പുറപ്പെടുവിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളോടെ ഫയൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഭരണവകുപ്പിന് (ജലവിഭവ വകുപ്പ്) 3/7/2022-ന് കൈമാറിയിട്ടുണ്ട്.

**സഞ്ചിതനിധിയിൽനിന്നും പിൻവലിച്ച തുക**

52 (4138) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ ഓരോ സാമ്പത്തിക വർഷവും സാമ്പത്തിക വർഷത്തിന്റെ അവസാന മാസം സഞ്ചിതനിധിയിൽനിന്നും പിൻവലിച്ച തുക എത്ര കോടി വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അതത് വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത പദ്ധതി തുകയുടെ എത്ര ശതമാനം വീതമായിരുന്നുയെന്ന് അറിയിക്കാമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലയളവായ 2016-17 മുതൽ 2020-

21 വരെയും ഈ സർക്കാരിന്റെ 2021-22 കാലയളവിലും സഞ്ചിതനിധിയിൽനിന്നും അവസാന മാസം പിൻവലിച്ച തുകയുടെയും ബഡ്ജറ്റ് എസ്റ്റിമേറ്റിലുള്ള പ്രസ്തുത തുകയുടെ ശതമാനത്തിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

| സാമ്പത്തിക വർഷം | അവസാന മാസം പിൻവലിച്ച തുക (തുക കോടിയിൽ) | പിൻവലിച്ച തുകയുടെ ശതമാനം |
|---|---|---|
| 2016-17 | 22242.41 | 18.71 % |
| 2017-18 | 14815.25 | 11.06 % |
| 2018-19 | 13777.37 | 9.65 % |
| 2019-20 | 12381.90 | 7.71 % |
| 2020-21 | 21386.70 | 12.55 % |
| 2021-22 | 18688.52 | 8.77 % |

(സി) സാമ്പത്തിക വർഷത്തിന്റെ അവസാന ആഴ്ചയിലെ പ്രവൃത്തി ദിവസങ്ങളിൽ പിൻവലിച്ച തുകകൾ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലോ മറ്റ് ബാങ്ക് അക്കൗണ്ടുകളിലോ നിലനിർത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും അത് എത്ര കോടി വീതമായിരുന്നുയെന്ന് വ്യക്തമാക്കാമോ?

വിവിധ സർക്കാർ വകുപ്പുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ

സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും തുകകൾ പിൻവലിച്ച് പ്രസ്തുത വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്.ടി.എസ്.ബി) അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2021 ജൂലൈ 1 മുതൽ കേന്ദ്രസർക്കാർ Single Nodal Agency (SNA) സംവിധാനം നടപ്പിലാക്കുകയുണ്ടായി. ഇതനുസരിച്ച് ഓരോ പദ്ധതിക്കും ലഭ്യമാകുന്ന കേന്ദ്ര വിഹിതവും അതിനനുസൃതമായ സംസ്ഥാന വിഹിതവും Single Nodal Agency (SNA) അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതുണ്ട്. SNA അക്കൗണ്ട് ഒരു ബാങ്ക് അക്കൗണ്ടാണ്. സാമ്പത്തിക വർഷാവസാനം ലഭ്യമായ കേന്ദ്രവിഹിതവും അതിനനുസൃതമായ സംസ്ഥാന വിഹിതവും പ്രസ്തുത അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മേൽ രീതികളിൽ പബ്ലിക്ക് അക്കൗണ്ടിലേയ്ക്കും ബാങ്ക് അക്കൗണ്ടിലേയ്ക്കും മാറ്റപ്പെടുന്ന തുക ചില സാങ്കേതിക കാരണങ്ങളാലും വിവിധ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം സാമ്പത്തിക വർഷാവസാനം ലഭ്യമാകുന്നതിനാലും പൂർണ്ണമായും ചെലവഴിക്കലിനുവേണ്ടി പിൻവലിക്കാൻ കഴിയാതെ പ്രസ്തുത അക്കൗണ്ടുകളിൽ നിലനിർത്തേണ്ട സാഹചര്യം ഉണ്ടാകാറുണ്ട്. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ തുക മാറ്റി പാർക്ക് ചെയ്യുന്ന രീതി

ഒഴിവാക്കുന്നതിന് സർക്കാർ വേണ്ട നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. ഇത്തരത്തിൽ പാർക്ക് ചെയ്യുന്ന തുക സാമ്പത്തിക വർഷാവസാനം സർക്കാർ പബ്ലിക് അക്കൗണ്ടുകളിൽനിന്ന് പിൻവലിച്ച് സഞ്ചിതനിധിയിലേയ്ക്ക് തിരികെ കൊണ്ടുവരുന്നുമുണ്ട്.

**സാമൂഹ്യ സുരക്ഷ പെൻഷൻ**

53 (4139) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മസ്റ്ററിംഗ് ചെയ്യാത്തതിനാലും സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാത്തതിനാലും ഡാറ്റാ എൻട്രി ചെയ്തപ്പോഴുണ്ടായ പിഴവുകൾകൊണ്ടും സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശികയായവർക്ക് പ്രസ്തുത തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിഷയം പരിശോധിക്കുന്നതാണ്.

**സാമൂഹ്യ സുരക്ഷ പെൻഷൻ**

54 (4140) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച്

വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ മാത്രം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 10810640800 |
| കൊല്ലം | 8624375500 |
| ആലപ്പുഴ | 6923419900 |
| പത്തനംതിട്ട | 4199308000 |
| കോട്ടയം | 6175012000 |
| ഇടുക്കി | 3552401700 |
| എറണാകുളം | 9623288700 |
| തൃശ്ശൂർ | 10814999600 |
| പാലക്കാട് | 9549382200 |
| മലപ്പുറം | 11211432100 |
| കോഴിക്കോട് | 9396233700 |
| കണ്ണൂർ | 8298398100 |
| വയനാട് | 2502577500 |
| കാസർഗോഡ് | 3922937000 |

വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരികം, കായിക യുവജന ക്ഷേമ വകുപ്പുകൾ മുഖേനയുള്ള പെൻഷനുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ഓരോ ജില്ലയിലും എത്ര പേർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഓരോ ജില്ലയിലും സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നവരുടെ മാത്രം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 514193 |
| കൊല്ലം | 427382 |
| ആലപ്പുഴ | 341629 |
| പത്തനംതിട്ട | 197116 |
| കോട്ടയം | 289903 |
| ഇടുക്കി | 165377 |
| എറണാകുളം | 459208 |
| തൃശ്ശൂർ | 504458 |
| പാലക്കാട് | 445281 |
| മലപ്പുറം | 518906 |
| കോഴിക്കോട് | 449299 |
| കണ്ണൂർ | 397953 |
| വയനാട് | 119645 |
| കാസർഗോഡ് | 182735 |

വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരികം, കായിക യുവജന ക്ഷേമ വകുപ്പുകൾ മുഖേനയുള്ള പെൻഷനുകൾ സംബന്ധിച്ച വിവരം

ശേഖരിച്ചുവരുന്നു.

**ക്ഷേമ പെൻഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയാൻ നടപടി**

55(4141) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾവഴി വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച അന്തിമ റിപ്പോർട്ട് അക്കൗണ്ടന്റ് ജനറൽ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(ബി) മരിച്ചവരുടെ പെൻഷൻ തട്ടിയെടുക്കുന്നതായും വിതരണം ചെയ്യാത്ത പണം തിരിച്ചടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നതായും ധന വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കണ്ടെത്തിയിട്ടുണ്ട്.

(സി) ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന

നടപടികൾ വിശദമാക്കുമോ?

സഹകരണ സംഘങ്ങൾ മുഖേനയുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിൽനിന്ന് ആരോപണവിധേയരും കുറ്റക്കാരുമായ ഏജന്റുമാരുടെ സേവനം അവസാനിപ്പിക്കുന്നതിനും പ്രസ്തുത വ്യക്തികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും അപഹരിച്ച തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ, സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം നടത്തുന്ന സഹകരണ സംഘങ്ങളിൽ അപ്രതീക്ഷിത പരിശോധന നടത്താൻ രജിസ്ട്രേഷൻ വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം നൽകുവാനും സഹകരണ സംഘങ്ങൾ മുഖേനയുള്ള പെൻഷൻ വിതരണത്തിനായി സത്യസന്ധരും ആത്മാർത്ഥതയുള്ളവരുമായ ആളുകൾ മാത്രം ഏജന്റുമാരായി നിയമിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനും സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പെൻഷൻ നൽകുന്നതിനായി അനുവദിക്കുന്ന തുകയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക നിശ്ചിത തീയതിക്കുള്ളിൽ തിരിച്ചടയ്ക്കണമെന്ന് പെൻഷൻ തുക അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവിൽത്തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ഇക്കാര്യം സംബന്ധിച്ച്

ഉദ്യോഗസ്ഥതല യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**സാമൂഹ്യ സുരക്ഷ പെൻഷൻ**

56 (4142) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള ഏജൻസിയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിശദവിവരങ്ങൾ, തസ്തിക, എന്നുമുതൽ സേവനമനുഷ്ഠിക്കുന്നു, ഓരോരുത്തരുടെയും നിയമന രീതി എന്നിവ സഹിതം വ്യക്തമാക്കുമോ?

1. അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യ വകുപ്പ്) - മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്നു.
2. ധനകാര്യ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ബി.കോം ബിരുദമുള്ള ഒരു ഉദ്യോഗസ്ഥൻ കമ്പനിയുടെ മാനേജർ (ഫിനാൻസ് & അക്കൗണ്ട്സ്) തസ്തികയിൽ 15-06-2022 തീയതി മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നു.

3. ധനകാര്യ വകുപ്പിലെ ഒരു അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ അസിസ്റ്റന്റ് തസ്തികയിൽ 26-10-2021 മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നു.

4. ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ഒരാൾ കരാർ വ്യവസ്ഥയിൽ 26-11-2019 മുതൽ സേവനമനുഷ്ഠിക്കുന്നു.

(ബി) പ്രസ്തുത ഏജൻസിയിലേയ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചതിന്റെയും ഇന്റർവ്യൂ നടത്തിയതിന്റെയും വിശദാംശം നൽകാമോ?

02-11-2018-ൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിന് പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുകയും അപ്രകാരം ലഭിച്ച അപേക്ഷകരിൽ 02-08-2019-ൽ പ്രാഥമിക എഴുത്തുപരീക്ഷയിലും പ്രായോഗിക പരീക്ഷയിലും 25 ശതമാനത്തിലധികം മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് 18-10-2019-ൽ CMD-യിൽ അഭിമുഖം നടത്തുകയും അതിൽനിന്നും തെരഞ്ഞെടുത്തയാളെ 06-11-2019-ലെ അഞ്ചാം ഡയറക്ടർ ബോർഡ് യോഗത്തിലെ തീരുമാനപ്രകാരം ടെക്നിക്കൽ അസിസ്റ്റന്റായി കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷ പെൻഷൻ ഫണ്ട് സമാഹരണത്തിനായുള്ള കമ്പനി രൂപീകരണം

57 (4143) ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ ഫണ്ട് സമാഹരണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

26-06-2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന. പ്രകാരം സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സുഗമമാക്കുകയെന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിരുന്നു.

(ബി) പ്രസ്തുത കമ്പനി പെൻഷൻ വിതരണത്തിന് ആവശ്യമായ തുക കണ്ടെത്തുന്നത് ഏതെല്ലാം രീതിയിലാണെന്ന് വ്യക്തമാക്കുമോ?

പന്ത്രണ്ടോ അതിൽ കുറവോ തവണകളായി ബഡ്ജറ്റിലൂടെ നൽകുവാൻ

വ്യവസ്ഥ ചെയ്തിട്ടുള്ള സർക്കാർ സഹായമാണ് കമ്പനിയുടെ പ്രധാന വരുമാനം. എൻ.എസ്.എ.പി.-യുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ടിനും കമ്പനിക്ക് അർഹതയുണ്ട്. പൊതുജനങ്ങളിൽനിന്നോ പൊതുമേഖല സ്ഥാപനങ്ങളിൽനിന്നോ മറ്റ് സ്ഥാപനങ്ങളിൽനിന്നോ ഫണ്ട് സ്വരൂപിക്കുന്നതിന് 26-06-2018-ലെ സ.ഉ.(കൈ.) നം.232/2018/ധന. പ്രകാരം കമ്പനിക്ക് അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനി കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പെൻഷൻ വിതരണത്തിനായി ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കെ.എഫ്.സി. എന്നിവയിൽനിന്നും ഫണ്ട് സമാഹരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കമ്പനിയെടുക്കുന്ന വായ്പകൾക്ക് സർക്കാർ ഈട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർക്കാർ നൽകിവരുന്ന ഗ്യാരണ്ടിയുടെയും അഷ്വറൻസിന്റെയും അടിസ്ഥാനത്തിലാണ് കമ്പനി വായ്പ സമാഹരിക്കുന്നത്.

(ഡി) പ്രസ്തുത കമ്പനിയെടുക്കുന്ന വായ്പകളുടെ തിരിച്ചടവ് ഏത് ബഡ്ജറ്റ് ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ;

പ്രസ്തുത ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

" 2235-60-102-89-കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സഹായം" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നുമാണ് വായ്പകളുടെ തിരിച്ചടവ് നിർവ്വഹിക്കുന്നത്. വായ്പ തിരിച്ചടവിന് 19,835.17 കോടി രൂപയും വായ്പയിന്മേൽ പലിശ നൽകുന്നതിന് 2,565.63 കോടി രൂപയും കമ്പനി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത കമ്പനിയുടെ നിലവിലെ ബാധ്യത എത്രയാണെന്ന് അറിയിക്കുമോ; കമ്പനിയുടെ വായ്പ ബാധ്യതകൾ സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

കമ്പനിയുടെ നിലവിലെ ബാധ്യത 10,706.49 കോടി രൂപയാണ്. കമ്പനിക്ക് പ്രത്യേക അസ്തിത്വമുള്ളതാകയാൽ കമ്പനിയുടെ ബാധ്യത സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയായി കണക്കാക്കുവാൻ കഴിയുകയില്ല.

## കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

58 (4144) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന പെൻഷൻ നൽകുന്നവരുടെ അർഹത പരിശോധിക്കുന്നതിനായി പ്രസ്തുത കമ്പനി ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്കും പെൻഷൻ നഷ്ടപ്പെട്ടതായി ആക്ഷേപം ഉയർന്നിട്ടുണ്ടോ; അറിയിക്കാമോ?

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന പെൻഷൻ നൽകുന്നവരുടെ അർഹത പരിശോധിക്കുന്നതിനായി കമ്പനി ആരെയും ചുമതലപ്പെടുത്തിയിരുന്നില്ല.

(ബി) പ്രസ്തുത പരിശോധന നടത്തിയതിന് പ്രതിഫലം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശവും പ്രതിഫലം നൽകുന്നതിനായുള്ള ഫയലിന്റെ പൂർണ്ണമായ പകർപ്പും ലഭ്യമാക്കുമോ?

ബാധകമല്ല.

**സിൽവർ ലൈൻ പദ്ധതിക്കായി അനുവധിച്ച തുക**

59 (4146) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിക്കായി വായ്പയെടുക്കുന്നത് സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെ എപ്രകാരം ബാധിക്കുമെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം സിൽവർ ലൈൻ പദ്ധതിയുടെ വായ്പാ തിരിച്ചടവ് പദ്ധതി വരുമാനത്തിൽ നിന്നുതന്നെ സാദ്ധ്യമാണ്. ടി വായ്പ തിരിച്ചടവിൽ വീഴ്ച വരുന്നപക്ഷം സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. ഈ വിവരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ വകുപ്പ് എത്ര രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ധനകാര്യ വകുപ്പ് എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് തുക അനുവദിച്ചതെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

(ബി & സി) സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സ്ഥലമേറ്റെടുക്കലിന്റെ ഭരണപരമായ ചെലവുകൾക്കും കണ്ടിജൻസി ചാർജിനുമായി 20.50 (20,50,00,000/-) കോടി രൂപ 2021-22

സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. ഈ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

## സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടി

60 (4148) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാമ്പത്തിക മേഖലയെ ബാധിക്കുന്ന കേന്ദ്ര നിയമങ്ങൾ പരിശോധിച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള പുതിയ നിയമ നിർമ്മാണം നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നാഷണൽ മോണിറ്റൈസേഷൻ പോളിസിയുടെ ഭാഗമായി പൊതു ആസ്തികൾ ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്തുകൊണ്ട് മൂലധന വരവ് വർദ്ധിപ്പിക്കുന്നതിനുള്ള നിയമം കേന്ദ്രസർക്കാർ പാർലമെന്റിൽ പാസ്സാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ ഇത്തരത്തിൽ ഒരു നടപടി കൈക്കൊണ്ടിട്ടില്ല. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ധനലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം 2003-ലെ ധനഉത്തരവാദിത്വ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ഇതിനോടകംതന്നെ സ്വീകരിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നിയമം വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വരുമാനം പിരിച്ചെടുക്കുന്ന കേന്ദ്ര സർക്കാർ നടപടികൾ തിരുത്താനും കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ തുടർന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുക, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി.-യുടെ വരുമാനം നിലവിലെ 50:50 അനുപാതത്തിൽനിന്ന് 60:40 അനുപാതത്തിലേയ്ക്ക് വർദ്ധിപ്പിക്കുക, അസാധാരണമാംവിധം ഈടാക്കുന്ന ഉയർന്ന സെസുകളും സർചാർജ്ജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക, കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തുക, മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ധനസഹായം നൽകുക മുതലായ ആവശ്യങ്ങൾ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി നടന്ന യോഗത്തിൽ സംസ്ഥാനം ഉന്നയിക്കുകയും കേന്ദ്ര ധനകാര്യ മന്ത്രിയെ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജി.എസ്.ടി. കൗൺസിൽ

യോഗങ്ങളിൽ സംസ്ഥാനം ശക്തമായി ഉന്നയിക്കാറുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെയും തുടർ സർക്കാരിന്റെയും കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വരുമാനം എത്രയെന്നും എത്ര ലഭ്യമായിയെന്നും എത്ര കുറവുണ്ടായിയെന്നും സാമ്പത്തിക വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ, ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ 2021-22 സാമ്പത്തിക വർഷത്തിലും ലഭിച്ച കേന്ദ്ര നികുതി വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

| മുൻ സർക്കാർ കാലയളവ് | | | |
|---|---|---|---|
| സാമ്പത്തിക വർഷം | കേന്ദ്ര നികുതി വിഹിതം (തുക കോടിയിൽ) | | |
| | അക്കൗണ്ട്സ് | യൂണിയൻ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ലഭിക്കേണ്ടത് | നികുതി വിഹിതത്തിൽ ഉണ്ടായിട്ടുള്ള കുറവ് |
| 2016-17 | 15225.02 | 14282.00 | 943.02 |
| 2017-18 | 16833.08 | 16891.75 | -58.67 |
| 2018-19 | 19038.17 | 19703.01 | -664.84 |
| 2019-20 | 16401.05 | 20228.33 | -3827.28 |
| 2020-21 | 11560.40 | 15236.64 | -3676.24 |
| **ആകെ** | **79057.72** | **86341.73** | **-7284.01** |
| നിലവിലെ സർക്കാർ കാലയളവ് | | | |
| 2021-22 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം) | 17820.09 | 12812.08 | 5008.01 |
| **ആകെ** | **17820.09** | **12812.08** | **5008.01** |

## നികുതി വെട്ടിപ്പ് തടയുന്നതിന് പ്രചാരണം

61 (4149) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പ് തടയുന്നതിനും പൊതുജനങ്ങൾക്കിടയിൽ പ്രചരണം നടത്തുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

നികുതി വെട്ടിപ്പ് തടയുന്നതിനും പൊതുജനങ്ങൾക്കിടയിൽ നികുതി അവബോധം സൃഷ്ടിക്കുന്നതിനുമായി നിരവധി പരസ്യ, ബോധവൽക്കരണ പരിപാടികൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പത്ര-ദൃശ്യ-ശ്രവണ-സാമൂഹ്യ മാധ്യമങ്ങൾവഴി ബിൽ ചോദിച്ചുവാങ്ങേണ്ടതിന്റെയും കൃത്യമായി നികുതി നൽകേണ്ടതിന്റെയും പ്രാധാന്യം പൊതുജനങ്ങൾക്ക് ബോദ്ധ്യമാകുന്ന നിരവധി പരസ്യ പ്രചാരണ പരിപാടികൾ വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്.

(ബി) സാധനങ്ങൾ വാങ്ങുമ്പോൾ നിർബന്ധമായും ബിൽ ചോദിച്ചുവാങ്ങാനും ഈടാക്കുന്ന നികുതി വിവരം ഉപഭോക്താക്കളെ അറിയിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സാധന സേവനങ്ങളുടെ ക്രയവിക്രയങ്ങൾക്ക് ബിൽ ചോദിച്ചുവാങ്ങാൻ പ്രേരിപ്പിക്കുന്ന പരസ്യങ്ങളും പ്രചാരണങ്ങളും വിവിധ മാധ്യമങ്ങൾവഴി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നിരന്തരം നൽകുന്നുണ്ട്. വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്നതിലും നികുതി അടയ്ക്കുന്നതിലും പുലർത്തുന്ന കൃത്യത കണക്കാക്കി തയ്യാറാക്കുന്ന വ്യാപാരികളുടെ റേറ്റിംഗ് സ്കോർ, വകുപ്പ് വെബ്സൈറ്റുവഴി പൊതുജനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

വ്യാപാരികൾ റിട്ടേണുകൾ സമയബന്ധിതമായി സമർപ്പിക്കുന്നോയെന്നതും സമർപ്പിക്കുന്ന റിട്ടേണുകളിലെ കൃത്യതയും ടാക്സ് പേയർ കാർഡുവഴി പൊതുജനങ്ങൾക്ക് അറിയാനാകും. ഓരോ മാസവും ലഭിച്ച നികുതി വിവരങ്ങൾ തൊട്ടടുത്ത മാസം വകുപ്പിന്റെ വെബ്സൈറ്റുവഴി പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഉപഭോക്താക്കൾക്ക് വിവരങ്ങൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന പരിശോധിക്കാവുന്നതാണ്.

(സി) നികുതി നൽകേണ്ടത് സംബന്ധിച്ചുള്ള അറിവുകൾ പാഠപുസ്തകങ്ങളിലുൾപ്പെടുത്തി വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ വേണ്ട നടപടി വകുപ്പ് മുൻകയ്യെടുത്ത് നടപ്പിലാക്കുമോ; എങ്കിൽ വിശദമാക്കാമോ?

നിലവിൽ ഇത്തരത്തിലുള്ള പദ്ധതികളൊന്നും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഇത്തരം പരിപാടികൾ നടപ്പാക്കുന്നതിനെക്കുറിച്ച് ഭാവിയിൽ ആലോചിക്കാവുന്നതാണ്.

**സർക്കാർ വെബ്സൈറ്റുകൾക്കും ആപ്പുകൾക്കുമായി ചെലവായ തുക**

62 (4150) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, വിവിധ ക്ഷേമനിധികൾ, സർക്കാർ ഖജനാവിൽനിന്നും ധനസഹായം കൈപ്പറ്റുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്കായി വെബ്സൈറ്റുകളും ആപ്പുകളും സോഫ്റ്റ്‌വെയറുകളും കമ്പ്യൂട്ടർ പ്രോഗ്രാമുകളും ആവിഷ്കരിക്കുന്നതിനായി നാളിതുവരെ ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കുമോ; ഓരോ സ്ഥാപനവും ഈ ഇനത്തിൽ ചെലവാക്കിയ തുകകളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

(ബി) ഓരോ സ്ഥാപനവും നിർമ്മിച്ച വെബ്സൈറ്റുകളുടെയും ആപ്പുകളുടെയും മറ്റ് സോഫ്റ്റ്‌വെയറുകളുടെയും പ്രോഗ്രാമുകളുടെയും പേരുവിവരങ്ങളും അവയുടെ പൂർത്തീകരണത്തിനുശേഷം പണം അനുവദിച്ച തീയതിയും അറിയിക്കുമോ?

ധനകാര്യ (ഐ.റ്റി. സോഫ്റ്റ് വെയർ) വകുപ്പിൽ; താഴെപ്പറയുന്ന വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുടെ വികസനവും പരിപാലനവും നടത്തിവരുന്നു. ആയതിനാൽ ഇതിനായി പ്രത്യേകിച്ച് ചെലവുകൾ വരുന്നില്ല.

1. ധനകാര്യ വകുപ്പ് വെബ്സൈറ്റ്

2. പ്രിസം

3. വീൽസ്

4. സ്റ്റോർ

5. മെഡിസെപ്

6. ഫണ്ട്സ്

7. പ്രിസം പ്ലസ്

8. ഫാംസ്

9. ഫിംസ്

10. ജി സ്റ്റോർ

മറ്റ് സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) പണം അനുവദിച്ചതിനുശേഷം ഇവ പൂർത്തീകരിക്കാത്ത സ്ഥാപനങ്ങളുടെയും ഒന്നിലധികം തവണ ഈ ഇനത്തിൽ പണം അനുവദിക്കപ്പെട്ട സ്ഥാപനങ്ങളുടെയും പേരുവിവരങ്ങളും പണം അനുവദിക്കപ്പെട്ട തീയതിയും അറിയിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## സി-മെറ്റിലെ ഓഡിറ്റിംഗ്

63 (4151) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ (സി-മെറ്റ്) ഡയറക്ടറേറ്റിലും നഴ്സിംഗ് കോളേജുകളിലും 2013-2014 മുതൽ 2016-17 വരെയുള്ള നാല് വർഷത്തെ ഓഡിറ്റിംഗ് കഴിഞ്ഞിട്ടും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നാളിതുവരെ റിപ്പോർട്ട് പുറപ്പെടുവിക്കാത്തതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ (സി-മെറ്റ്) ഡയറക്ടറേറ്റിലും നഴ്സിംഗ് കോളേജുകളിലും 2013-14 മുതൽ 2016-17 വരെയുള്ള നാല് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ കരട് ഓഡിറ്റ് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ സൂക്ഷ്മപരിശോധനയ്ക്കുശേഷം അപാകതകൾ പരിഹരിച്ച് 29-04-2022 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്. ടൈപ്പിംഗ് ജോലികൾ പൂർത്തിയാക്കി പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ 2017-2018 മുതൽ 2020-2021 വരെയുള്ള നാല് വർഷങ്ങളിലെ ഓഡിറ്റ് നടത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ 2013-2014 മുതൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള 8 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ബി &സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ 2013-14 മുതൽ 2016-17 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനും 2017-18 മുതൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള വാർഷികകണക്കുകൾ ലഭ്യമാക്കുന്നതിന് വിധേയമായി ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**ധനകാര്യ വകുപ്പിലുള്ള ഫയലിന്റെ നിലവിലുള്ള അവസ്ഥ**

64 (4152) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ മലബാർ കാൻസർ സെന്ററുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് ധനകാര്യ

വകുപ്പിലുള്ള ഫയലിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ ഇതുവരെ എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ആയതിന്റെ ഫയൽ നമ്പരടക്കം സൂചിപ്പിച്ച് വ്യക്തമാക്കാമോ ?

(എ & ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ മലബാർ കാൻസർ സെന്ററുമായി ബന്ധപെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭിച്ച വിവിധ ഫയലുകളുടെ തൽസ്ഥിതി അറിയിച്ചുകൊണ്ട് സ്ഥാപനത്തിന്റെ ഡയറക്ടർ ലഭ്യമാക്കിയ നോട്ട് പരിശോധിക്കുകയും (ഫയൽ PU-C1/181/2022-FIN) ആയതിൽ പ്രതിപാദിക്കുന്ന ശമ്പള പരിഷ്കരണം സംബന്ധിച്ച ഫയൽ റിമാർക്സ് സഹിതം ഭരണ വകുപ്പിന് മടക്കുകയും ചെയ്തിരുന്നു. മറ്റ് ഫയലുകൾ ധനകാര്യ വകുപ്പിലെ വിവിധ സെക്ഷനുകളിൽ പരിശോധിച്ചുവരികയാണ്. പ്രസ്തുത വിവരം MCC ഡയറക്ടറെ അറിയിച്ചിരുന്നു.

(മലബാർ കാൻസർ സെന്ററുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിലുള്ള ഫയലുകളുടെ സ്ഥിതി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്, കിഫ്ബി എന്നിവയുടെ വായ്പകളുടെ ബാദ്ധ്യത

65 (4155) ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിനുപുറത്തുള്ള കടമെടുക്കൽ പ്രശ്നം പരിഹരിക്കുന്നതുവരെ ഓപ്പൺ മാർക്കറ്റ് വായ്പകളുടെ ശേഷിക്കുന്ന ഭാഗം ഉയർത്തുന്നതിനുള്ള സമ്മതം താൽക്കാലികമായി കേന്ദ്ര സർക്കാർ നിർത്തിവച്ചിട്ടുണ്ടോ;

(ബി) ബജറ്റിനുപുറത്തുള്ള വായ്പകൾ എൻ.ബി.സി.-യിൽ ക്രമീകരിക്കപ്പെടുമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്, കിഫ്ബി എന്നിവയുടെ വായ്പകളുടെ ബാദ്ധ്യത സംസ്ഥാന സർക്കാരിൽനിന്നും മുക്തമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്ക് 17,936 കോടി രൂപ പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം Off Budget borrowing-ആയിയെടുത്തിട്ടുള്ള 14312.80 കോടി രൂപ നാല് തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പുവർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളെടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04-07-2022-ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്

സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുത്തിട്ടുള്ള വായ്പകൾ കേന്ദ്രം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടുവരികയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടത്തിന് (direct debt) തുല്യമാകുമെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ വായ്പകളുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ Gross Borrowing പരിധിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് യുക്തിസഹമായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

KSSPL മിച്ച ഫണ്ടുകളുള്ള മറ്റ് സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽനിന്നും ഹ്രസ്വകാല അഡ്വാൻസായി എടുത്തിട്ടുള്ള വായ്പ ഒരു ലിക്വിഡിറ്റി മാനേജ്മെന്റ് മാത്രമാണെന്നും പ്രസ്തുത വായ്പകളിൽ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിനുള്ളിൽത്തന്നെ തിരിച്ചടയ്ക്കുന്നതാണെന്നും കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ കത്ത് മുഖേന ഇതിനകം അറിയിച്ചിട്ടുള്ളതാണ്.

ഈ വിഷയങ്ങളിലെല്ലാംതന്നെ സംസ്ഥാനത്തിനനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം നിരന്തരം അഭ്യർത്ഥിച്ചുവരുന്നു.

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുക്കുന്ന വായ്പ സർക്കാരിന്റെ പൊതുകടത്തിലുൾപ്പെടുത്തുന്ന നിലപാട് കേന്ദ്ര സർക്കാരും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് വസ്തുതയാണ്. എന്നാൽ ഇതിലുപരിയായി കമ്പനി രൂപീകരിച്ച 20-06-2018-ലെ സ.ഉ(കൈ)നം.232/2018/ധന.-യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനുതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10-06-2022-ലെ സ.ഉ(കൈ)നം.97/2022/ധന പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസങ്ങളും സൃഷ്ടിച്ചിട്ടില്ല. ടി ഭേദഗതിക്കുശേഷം മാത്രം 03-07-2022-ലെ

സ.ഉ(സാധാ)നം.4833/22/ധന പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനിയെടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനുവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

### ദേശീയ കുടുംബ സഹായ നിധി

66 (4156) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനദായകനായ കുടുംബനാഥൻ മരണപ്പെട്ടാൽ, കുടുംബത്തിന് നൽകിവന്നിരുന്ന ധനസഹായ പദ്ധതിയായ ദേശീയ കുടുംബ സഹായനിധി (എൻ.എഫ്.ബി.എസ്) ഇപ്പോൾ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് വർഷം മുതലാണ് ഇത് ലഭിക്കാതായതെന്നും അതിനുള്ള കാരണവും വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ധനസഹായ പദ്ധതിയായ ദേശീയ കുടുംബ സഹായ പദ്ധതി (NFBS)-യുടെ അലോട്ട്മെന്റ് 2020-21-ലാണ് അവസാനമായി കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാം ക്വാർട്ടർ വിഹിതമായി (2020 ഏപ്രിൽ മുതൽ ജൂൺ വരെ) 177.69 ലക്ഷം

രൂപയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. തുടർന്ന് 60825-ൽ കൂടുതൽ അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുള്ളതിനാൽ, 128.0246 കോടി രൂപകൂടി അധികമായി ആവശ്യമുള്ളതായി ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ടി തുക കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പ്രസ്തുത പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നതിനുവേണ്ട തുക ലഭ്യമാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കമ്പ്യൂട്ടർവത്കരണ നടപടികൾ

67 (4157) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വകുപ്പുകളിൽ കമ്പ്യൂട്ടർവത്കരണ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം ആരംഭിച്ചതും ആരംഭിക്കാത്തതുമായ വകുപ്പുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ട്രഷറി വകുപ്പ്, ഓഡിറ്റ് വകുപ്പ്, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് എന്നീ വകുപ്പുകളിൽ പൂർണ്ണമായും കമ്പ്യൂട്ടർവത്കരണം നടത്തിയിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവത്കരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) കമ്പ്യൂട്ടർവത്കരണ നടപടികൾ നിർവ്വഹിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ട്രഷറി വകുപ്പിൽ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിന് പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ ട്രഷറിക്കാവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിച്ചുതരുന്നത് കേന്ദ്ര സർക്കാർ ഏജൻസിയായ National Informatics Center (NIC) ആണ്. കൂടാതെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ പരിപാലിക്കുന്നതിനുവേണ്ടി FMS വെണ്ടറായി പുത്തൂർ ഇൻഫോടെക് പ്രൈവറ്റ് ലിമിറ്റഡിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനായി NIC-യുടെ

മേൽനോട്ടത്തിലുള്ള NICSI Empanelled ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ കെൽട്രോൺ, സി-ഡിറ്റ്, ഐ.കെ.എം. എന്നീ ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്.

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഏജന്റുമാർക്ക് പ്രതിഫലം വിതരണം ചെയ്യുന്ന EBT സോഫ്റ്റ്‌വെയർ പരിപാലനം NIC ആണ് നിർവ്വഹിച്ചുവരുന്നത്. ഇ-ഓഫീസ് സംവിധാനം ഐ.റ്റി.മിഷന്റെയും NIC യുടേയും സഹകരണത്തോടുകൂടി നിർവ്വഹിച്ചുവരുന്നു. പഞ്ചിംഗ് സംവിധാനം കെൽട്രോൺ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(സി) കമ്പ്യൂട്ടർവത്കരണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ധന വകുപ്പിനുകീഴിൽ ട്രഷറി വകുപ്പിലും ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലും കമ്പ്യൂട്ടർവത്കരണം പൂർത്തിയായിട്ടുണ്ട്. എന്നാൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവത്കരണ പ്രവർത്തനത്തിന്റെ ഭാഗമായി സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് കെൽട്രോണിനെ

ച്ചുമതലപ്പെടുത്തിയിരുന്നെങ്കിലും കെൽട്രോൺ വികസിപ്പിച്ച സോഫ്റ്റ്‌വെയർ വകുപ്പിന്റെ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമായിരുന്നില്ല.

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ കമ്പ്യൂട്ടർവത്കരണ നടപടികൾ കൈക്കൊണ്ടെങ്കിലും കേന്ദ്ര-സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് വകുപ്പിന്റെ സോഫ്റ്റ്‌വെയർ വികസന പദ്ധതികളിൽ കാലോചിതമായി അനിവാര്യമായ മാറ്റങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ വകുപ്പിനും സർക്കാരിനും ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷനുകൾക്കും ജനങ്ങൾക്കും സമഗ്രമായി പ്രയോജനകരമായ ഒരു comprehensive data analytics & reporting management system using artificial intelligence നടപ്പിലാക്കാനുള്ള പ്രഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതുസംബന്ധിച്ച്ുണ്ടായിട്ടുള്ള സാമ്പത്തികനഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ട്രഷറി വകുപ്പ്, ഓഡിറ്റ് വകുപ്പ്, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് എന്നീ വകുപ്പുകളിൽ ഈ ഇനത്തിൽ സാമ്പത്തികനഷ്ടമുണ്ടായിട്ടില്ല.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇത് സംബന്ധിച്ചുണ്ടായിട്ടുള്ള സാമ്പത്തികനഷ്ടം പരിശോധിച്ചിട്ടില്ല.

(ഇ) പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ട്രഷറി വകുപ്പ്, സംസ്ഥാന ഓഡിറ്റ് വകുപ്പ്, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് എന്നീ വകുപ്പുകളെ സംബന്ധിച്ച് ചോദ്യം എ-യുടെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് NIC-യുടെ മേൽനോട്ടത്തിലുള്ള ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനുള്ള പ്രാരംഭനടപടികൾ പൂർത്തിയാക്കി രണ്ട് വർഷത്തിനുള്ളിൽ കമ്പ്യൂട്ടർവത്കരണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കല്ലറ മത്സ്യ മാർക്കറ്റ് നവീകരണ പദ്ധതി**

68 (4158) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**വാമനപുരം മണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്താൽ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള കല്ലറ മത്സ്യ മാർക്കറ്റ് നവീകരണ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ?**

29-06-2018-ലെ സ.ഉ (സാധാ) നം.535/2018/മ.തു.വ നമ്പർ ഭരണാനുമതി ഉത്തരവുപ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) സമർപ്പിച്ച വാമനപുരം മത്സ്യ മാർക്കറ്റ് നവീകരണ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ അവലോകനം ചെയ്യുകയും കിഫ്ബി പുറപ്പെടുവിച്ച 04-09-2021-ലെ ധനാനുമതി ഉത്തരവുപ്രകാരം 3,68,84,897/- രൂപ അനുവദിക്കുകയും ചെയ്തു. ടി ഉത്തരവിൽ ലോൺ തിരിച്ചടവ് വ്യവസ്ഥ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. തുടർന്ന്, ഡി.എസ്.ആർ. നിരക്ക് 2016-ൽനിന്നും 2018-ലേക്ക് മാറിയതനുസരിച്ച് കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച പുതുക്കിയ റിപ്പോർട്ട് അനുസരിച്ച് 15-03-2022-ലെ ഉത്തരവുപ്രകാരം ടി പദ്ധതിക്ക് 4,39,32,260/- രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയുണ്ടായി. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ,

പദ്ധതി നിർവ്വഹണ ഏജൻസി/സർക്കാർ ഏർപ്പെടുത്തുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുക, ടെണ്ടർ ക്ഷണിക്കുക, വർക്ക് അവാർഡ്/കോൺട്രാക്ട് നൽകുക തുടങ്ങി പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് പദ്ധതി നിർവ്വഹണ ഏജൻസിയാണ്. ലോൺ തിരിച്ചടവ് വ്യവസ്ഥ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമ്മതം എസ്.പി.വി-യിൽ ലഭ്യമാകുന്നമുറയ്ക്ക് ടി പദ്ധതികളുമായി മുന്നോട്ടുപോകുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിക്ക് തടസ്സമൊന്നുംതന്നെ ഉണ്ടാകുന്നതല്ല. കൂടാതെ, പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ പദ്ധതി നിർവ്വഹണ ഏജൻസിക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം, അവ കിഫ്ബിയെ അറിയിക്കുന്ന മുറയ്ക്ക് നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി പരിഹാരമാർഗ്ഗങ്ങളും കിഫ്ബി നിർദ്ദേശിച്ചുവരുന്നു.

**കിഫ്ബി പദ്ധതികൾ**

69 (4159) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബിയിലുൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബിയ ിലുൾപ്പെടുത്തി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**തങ്കളം-കാക്കനാട് റോഡ് നിർമ്മാണ നടപടികൾ**

70 (4160) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി രണ്ട് ബഡ്ജറ്റുകളിലായി 67 കോടി രൂപ അനുവദിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡ് നിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയായ കാക്കനാട്-തങ്കളം റോഡ് 27.30 കിലോമീറ്റർ ദൂരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ഏകദേശം 7.30 കിലോമീറ്റർ റോഡിന്റെ വിശദപഠന റിപ്പോർട്ട് (DPR), പദ്ധതി നിർവ്വഹണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസിയായ (SPV) കേരള റോഡ് ഫണ്ട് ബോർഡ് (KRFB) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ, ഇതൊരു ബൃഹത് പദ്ധതിയായതിനാൽ, മുഴുവൻ റോഡിന്റെയും വിശദപഠന റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് (TAR) കിഫ്ബി കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. നിലവിൽ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള 255 കോടി രൂപയുടെ ഡി.പി.ആർ.-ന് അംഗീകാരം നൽകുന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പദ്ധതിയുടെ 7.30 കിലോമീറ്റർ ദൂരം മാത്രമുൾപ്പെടുത്തി തയ്യാറാക്കിയ 255 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡി.പി.ആർ. പദ്ധതിയുടെ മുഴുവൻ ദൂരം ഉൾപ്പെടുത്തി പുതുക്കി സമർപ്പിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പ്രസ്തുത ഡി.പി.ആർ.-ൽ ഉള്ള സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് വേഗത്തിൽ കൈമാറുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(സി & ഡി) സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബി 28-09-2021-ന് കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്.

(ഇ) സാങ്കേതിക തടസങ്ങളൊഴിവാക്കി പ്രസ്തുത റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത ഡി.പി.ആർ പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രൊജക്ട് പ്രിപ്പറേഷൻ യൂണിറ്റ് കൈക്കൊണ്ടുവരികയാണെന്ന് കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. ആയത് സമർപ്പിക്കുന്നമുറയ്ക്ക് അവലോകനം പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കിഫ്ബി മുഖേന നടപ്പിലാക്കുന്ന ആലുവ-മൂന്നാർ റോഡ് പ്രവൃത്തി**

71 (4161) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന ആലുവ-മൂന്നാർ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഈ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 20-03-2022-ൽ 653.06 കോടി രൂപയുടെ ധനാനുമതി നൽകുകയും റോഡ് നിർമ്മാണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ്, കിഫ്ബി-ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ (KIIFB -TRC) സഹായത്തോടുകൂടി ഡിസൈൻ നടപടി നിർവ്വഹിച്ചുവരികയുമാണ്. ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നമുറക്ക് നിർവ്വഹണ ഏജൻസി, റോഡ് നിർമ്മാണത്തിനായുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) ടി പദ്ധതി, ഡിസൈൻ ഘട്ടത്തിലായതിനാൽ സമയപരിധി നിശ്ചയിച്ചിട്ടില്ല. നിലവിൽ തടസ്സങ്ങളൊന്നുംതന്നെ

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊല്ലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

72 (4162) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച് നിർവ്വഹണം പൂർത്തീകരിച്ചതും പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച് നിർവ്വഹണം പൂർത്തീകരിച്ചതും പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുൾപ്പടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

**മാനന്തവാടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

73 (4163) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**(എ) മാനന്തവാടി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി കിഫ്ബിയിൽനിന്നും നാളിതുവരെ എത്ര തുക അനുവദിച്ചുവെന്നും പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?**

മാനന്തവാടി മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി നാളിതുവരെ 424.57 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി ധനസഹായത്താൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?**

പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി ധനസഹായത്താൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

## ചാത്തന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

74 (4164) **<u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും എന്നാൽ നാളിതുവരെ ആരംഭിക്കാത്തതുമായ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും എന്നാൽ നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികൾ സാങ്കേതികാനുമതി ലഭ്യമാക്കിയശേഷം ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പ്രവൃത്തി കരാർ നൽകേണ്ടതിന്റെ ഉത്തരവാദിത്വം ഭരണ വകുപ്പ് നിയോഗിക്കുന്ന ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയുടേതാണ്. എന്നിരുന്നാലും കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താനായി കൃത്യമായ ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതിയുടെ നിർവഹണത്തിനാവശ്യമായ സാങ്കേതിക അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പടെയുള്ള വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റാന്നി മണ്ഡലത്തിലെ അയിരൂർ-വാലാങ്കര, മുക്കൂട്ടുതറ-മഠത്തുംചാൽ റോഡ് പ്രവൃത്തികൾ

75 (4165) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കുന്ന അയിരൂർ-വാലാങ്കര റോഡ്, മുക്കൂട്ടുതറ-മഠത്തുംചാൽ റോഡ് എന്നീ രണ്ട് റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

വാലാങ്കര അയിരൂർ റോഡ് പദ്ധതിയുടെ ബി.എം (ബിറ്റുമിനസ് മെക്കാഡം) പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ, ടെണ്ടർ എക്സ്സസ്, KSEB യൂട്ടിലിറ്റി പ്രൊവിഷനിലെ വർദ്ധന, അളവ് വ്യതിയാനം എന്നിവ കാരണം പുതുക്കിയ എസ്റ്റിമേറ്റ് സഹിതം, പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) സമർപ്പിച്ച സബ് പ്രോജക്ട് പുനരവലോകനത്തിന് കിഫ്ബി 10-05-2022-ന് അംഗീകാരം നൽകിയിട്ടുണ്ട്.

മഠത്തുംചാൽ-മുക്കൂട്ടുതറ റോഡ് പ്രവൃത്തിയുടെ ബി.എം (ബിറ്റുമിനസ് മെക്കാഡം) പ്രവർത്തികൾ മുഴുവൻ ദൂരത്തിൽ പൂർത്തിയായിട്ടുണ്ട്. ബി സി (ബിറ്റുമിനസ് കാർപെറ്റ്) പ്രവൃത്തി 5.8 കിലോമീറ്റർ ദൂരത്തിലും പൂർത്തിയാക്കിയിട്ടുണ്ട്.

ഇലക്ട്രിക് പോസ്റ്റും വാട്ടർ അതോറിറ്റി പൈപ്പും മാറ്റിയിടുന്നതിനുള്ള കാലതാമസം പരിഗണിച്ച്, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB), 24-11-2021-ലെ ഉത്തരവ്ുപ്രകാരം, ടി പ്രവൃത്തിയുടെ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി.

ബാക്കിയുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) പൂർത്തിയാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിലെ അനിശ്ചിതത്വം പരിഹരിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡുമായും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായും നിരവധി അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി നിർവ്വഹണ ഏജൻസിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

01-06-2022-ൽ KIIFB എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ വാലാങ്കര അയിരൂർ റോഡിന്റെ ബാക്കി പ്രവൃത്തികൾ പുനരാരംഭിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കരാർ കാലാവധി നീട്ടിനൽകുന്നതിനുള്ള അപേക്ഷ കെ.ആർ.എഫ്.ബി. പ്രോജക്ട്

ഡയറക്ടറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും KRFB അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു.

പ്രസ്തുത യോഗത്തിൽ കരാർ കാലാവധി നീട്ടിനൽകുന്നതിന് തീരുമാനമെടുക്കാനും ബാക്കി പ്രവൃത്തികൾ ത്വരിതപ്പെടുത്ത ാനുള്ള നടപടികൾ സ്വീകരിക്കാനും KRFB പ്രോജക്ട് ഡയറക്ടർക്ക് KIIFB നിർദ്ദേശം നൽകിയിരുന്നു.

ടി യോഗത്തിൽ മടത്തുംചാൽ-മുക്കുട്ടുത്തറ റോഡിന്റെ ബാക്കി പ്രവൃത്തികൾ വേഗത്തിലാക്കാനുള്ള നിർദ്ദേശങ്ങളും നൽകിയിരുന്നു

**വർക്കല മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന വികസനം**

76 (4166) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി മുഖാന്തരം അടിസ്ഥാന വികസനം നടപ്പിലാക്കുന്നതിനായി അനുമതി നൽകിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

വർക്കല മണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി മുഖാന്തരം അടിസ്ഥാന വികസനം നടപ്പിലാക്കുന്നതിനായി അനുമതി നൽകിയ പ്രവൃർത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു+.

(ബി) ബന്ധപ്പെട്ട എസ്.പി.വി.-കൾ യഥാസമയം പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകാമോ?

ഭരണ വകുപ്പുകൾ പദ്ധതി നിർവ്വഹണ ഏജൻസികളെ മാറ്റി നിയമിക്കുന്ന നടപടിക്രമവുമായി ബന്ധപ്പെട്ട് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നപക്ഷം, അവ പരിഹരിക്കുന്നതിന് കിഫ്ബിയുടെ ഇടപെടൽ ആവശ്യപ്പെടുന്നമുറയ്ക്ക് അവ പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായ നിർദ്ദേശം കിഫ്ബി നൽകിവരുന്നുണ്ട്. കൂടാതെ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിശ്ചിത ഇടവേളകളിൽ ഉന്നതതല യോഗങ്ങൾ വിളിച്ചുചേർത്ത് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും പിന്തുണയും നൽകിവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരൂരങ്ങാടി മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പ്രവൃത്തികൾ

77 (4167) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) കിഫ്ബി മുഖേന തിരൂരങ്ങാടി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?**

കിഫ്ബി മുഖേന തിരൂരങ്ങാടി മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കാമോ;**

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(സി) ഇതിൽ കിഫ്ബിയുടെ അനുമതി ലഭ്യമാക്കാത്തതോ, ഇതുവരെയും ആരംഭിക്കാത്തതോ ആയ പ്രവൃത്തികളുണ്ടോ; എങ്കിൽ കാരണം സഹിതം വിശദമാക്കാമോ?**

തിരൂരങ്ങാടി മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികൾക്കെല്ലാം കിഫ്ബി ധനാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്. ഇതിൽ ഇതുവരെയും ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

78 (4168) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ കിഫ്ബി അനുമതി നൽകിയതും പരിഗണനയിലുള്ളതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) മഞ്ചേശ്വരം മണ്ഡലത്തിലെ ഏതെങ്കിലും കിഫ്ബി പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളിതുവരെ മഞ്ചേശ്വരം മണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കാനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളൊന്നുംതന്നെ ഉപേക്ഷിച്ചിട്ടില്ല.

(ഡി) മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി അംഗീകാരം ലഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; അംഗീകാരം ലഭിക്കാത്ത പദ്ധതികൾക്ക് പകരമായി പുതിയ പദ്ധതികളേറ്റെടുക്കാൻ കഴിയുമോയെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ കിഫ്ബിയുടെ അവലോകനത്തിലുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി മാനദണ്ഡമനുസരിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതോ ക്യാബിനറ്റ് അനുമതി നേടിയതോ ആയ പദ്ധതികളാണ് കിഫ്ബി പദ്ധതികളായി പരിഗണിക്കുന്നത്. അതിനാൽ അംഗീകാരം നൽകാത്ത പദ്ധതികൾക്ക് പകരമായി പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ കിഫ്ബിക്ക് നിർവ്വാഹമില്ല.

## ഡയറക്ട് പർച്ചേസ്

79 (4169) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 02-02-2022-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം.7/2022/എസ്.പി.ഡി പ്രകാരം വിവിധതരം ഫർണിച്ചറുകൾ ടെണ്ടർ നടപടികളില്ലാതെ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ നേരിട്ട് വിതരണം ചെയ്യുന്നതിന് ആർട്ട്കോ ലിമിറ്റഡ് എന്ന പൊതുമേഖല സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

02-02-2022-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി)നം. 7/2022/എസ്.പി.ഡി. പ്രകാരം, വില നിർണ്ണയം നടത്തിയ നിശ്ചിതയിനം ARTCO നിർമ്മിത തടി/സ്റ്റീൽ ഫർണിച്ചർ ഉല്പന്നങ്ങൾ 01-02-2023 വരെ ടെണ്ടർ നടപടികൂടാതെ വാങ്ങുന്നതിന് വിവിധ സർക്കാർ/അർദ്ധ സർക്കാർ/ പൊതു മേഖലാ സ്ഥാപനങ്ങൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റേറ്റ് കോൺട്രാക്ട് വ്യവസ്ഥ ഇപ്പോൾ നിലവിലില്ല.

(ബി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഇത്തരം പ്രവൃത്തി നടത്തുമ്പോൾ നിർവ്വഹണ ഏജൻസിയായി ആർട്ട്കോ ലിമിറ്റഡ് എന്ന പൊതുമേഖല സ്ഥാപനത്തെ നിർദ്ദേശിക്കാനുള്ള അധികാരം എം.എൽ.എ.-യ്ക്കാണോ നിർവ്വഹണോദ്യോഗസ്ഥനാണോ എന്ന് വ്യക്തമാക്കാമോ?

29-12-2017-ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. (അനുബന്ധം) ഖണ്ഡിക 2.1 പ്രകാരം എം.എൽ.എ. ശിപാർശ ചെയ്യുന്ന പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കേണ്ടതെന്ന് ജില്ലാ കളക്ടർ തീരുമാനിക്കേണ്ടതാണ്.

**ചരക്ക് സേവന നികുതി നിയമത്തിലുണ്ടാകുന്ന മാറ്റങ്ങൾ**

80 (4170) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നിയമം അടിക്കടി മാറുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ അടുത്ത കാലത്ത് നിയമത്തിലുണ്ടായ മാറ്റങ്ങൾ വിശദമാക്കാമോ ?

ചരക്ക് സേവന നികുതി നിയമത്തിലും ചട്ടങ്ങളിലും അടിക്കടി ഭേദഗതികൾ വരുത്തുന്നുണ്ട്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവന ചെയ്തിരുന്ന റിട്ടേൺ സംവിധാനം ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല.

ജി.എസ്.ടി.-യുടെ തുടക്കത്തിൽ വാങ്ങലും (Inward supply) വിൽക്കലും (outward supply) പ്രത്യേകമായി കാണിക്കുന്ന രണ്ടു റിട്ടേണുകളും (GSTR 1 & GSTR 2) പേയ്മെന്റ് ചെയ്യുന്നതിനായി

മൂന്നാമതൊരു റിട്ടേണും (GSTR 3) അടങ്ങിയ ഒരു ഫോർമാറ്റാണ് വിഭാവന ചെയ്തിരുന്നത്. എന്നാൽ ഇതിൽ GSTR 1 മാത്രമാണ് നടപ്പാക്കാനായത്. പേയ്മെന്റ് ചെയ്യുന്നതിനായി GSTR 3B എന്ന പുതിയ റിട്ടേൺ കൊണ്ടുവന്നു. കോമ്പോസിഷൻ രീതിയിൽ ടാക്സ് അടയ്ക്കുന്നവരുടെ റിട്ടേൺ സംവിധാനത്തിൽ അടുത്തിടെ വ്യത്യാസം വരുത്തുകയുണ്ടായി. QRMP (Quarterly Return Monthly Payment) സംവിധാനം കൊണ്ടുവന്നു. ഇ-ഇൻവോയ്സിംഗ് കൊണ്ടുവരികയും അതിന്റെ പരിധിയിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. 2022-ലെ കേന്ദ്ര ധനകാര്യ നിയമപ്രകാരം CGST നിയമത്തിലെ 16, 29, 34, 37, 38, 39, 41, 47, 48, 49, 50, 52, 54 എന്നീ വകുപ്പുകളിൽ ഭേദഗതികൾ വരുത്തുകയുണ്ടായി. 42, 43, 43A എന്നീ വകുപ്പുകൾ ഒഴിവാക്കി. ഇതുമായി ബന്ധപ്പെട്ട ഭേദഗതികൾ സംസ്ഥാന നിയമങ്ങളിൽ വരുത്തുന്നതിനായി, 2022-ലെ കേരള ധനകാര്യ ബില്ലിൽ പ്രസ്തുത ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരാണോ ഈ മാറ്റം കൊണ്ടുവരുന്നതെന്നും അതല്ല സംസ്ഥാന സർക്കാരിനും ഇതിൽ പങ്കുണ്ടോയെന്നും വ്യക്തമാക്കാമോ?

ജി.എസ്.ടി. സംവിധാനത്തിന്റെ നടപടികളുമായി ബന്ധപ്പെട്ട് നിരവധി കമ്മിറ്റികൾ നിലവിലുണ്ട്. ലാ കമ്മിറ്റി (Law Committee), ഫിറ്റ്മെന്റ് കമ്മിറ്റി, ഐ.ടി. കമ്മിറ്റി, ജി.എസ്.ടി. ഇംപ്ലിമെന്റേഷൻ കമ്മിറ്റി തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടതാണ്. ജി.എസ്.ടി. സംബന്ധമായി കേന്ദ്ര സർക്കാരും സംസ്ഥാനങ്ങളും ഉന്നയിക്കുന്ന പ്രശ്നങ്ങളും മറ്റ് പല മേഖലകളിൽനിന്നും വരുന്ന നിവേദനങ്ങളും അതതു കമ്മിറ്റികൾ പരിശോധിക്കുകയും അവരുടെ ശിപാർശ ജി.എസ്.ടി. കൗൺസിലിൽ സമർപ്പിക്കുകയും ചെയ്യും. ഇതുകൂടാതെ ചില പ്രത്യേക മേഖലകളിൽ പഠനം നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി മന്ത്രിമാരുടെ സംഘത്തെ ജി.എസ്.ടി. കൗൺസിൽ നിയോഗിക്കുകയും ചെയ്യാറുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന ശിപാർശകൾ കേന്ദ്ര ധനകാര്യമന്ത്രിയും എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ മന്ത്രിമാരും അംഗങ്ങളായ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തിട്ടാണ് അന്തിമ തീരുമാനമെടുക്കുന്നത്. നിലവിൽ കേന്ദ്രത്തിന് അപ്രമാദിത്യമുള്ള ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്.

(സി) ഈ അടുത്തകാലത്ത് ജി.എസ്.ടി.-ക്കെതിരെ വ്യാപാരികൾ സമരത്തിനിറങ്ങിയതും അവർ ഉന്നയിക്കുന്ന ആവശ്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജി.എസ്.ടി. സംബന്ധമായി വ്യാപാരികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാർ മുൻകയ്യെടുത്ത് സമയബന്ധിതമായി തീർപ്പാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. വ്യാപാരികളുടെ പ്രശ്നങ്ങൾ ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനും അതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ ശ്രദ്ധചെലുത്തുന്നുണ്ട്. കേന്ദ്രീകൃതമായ ജി.എസ്.ടി. സംവിധാനത്തിൽ, സംസ്ഥാനത്തിന് മാത്രമായി മാറ്റം വരുത്തുന്നതിനോ തീരുമാനങ്ങൾ നടപ്പാക്കുന്നതിനോ നിലവിൽ സാധിക്കുകയില്ല.

(ഡി) ജി.എസ്.ടി.-യിൽ കൊണ്ടുവന്ന പുതിയ മാറ്റങ്ങൾമൂലം വൻകിട-ചെറുകിട കച്ചവടക്കാർക്ക് നിലനിൽക്കാൻ പ്രയാസമുണ്ടെന്ന് പറയപ്പെടുന്നതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ?

മൂല്യവർദ്ധിത നികുതിയിൽനിന്നും വിഭിന്നമായി ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകൾ മാത്രം കൈകാര്യം ചെയ്യുന്ന കച്ചവടക്കാർ 40 ലക്ഷത്തിനുമുകളിൽ വിറ്റുവരവുണ്ടെങ്കിൽ മാത്രം രജിസ്ട്രേഷനെടുത്താൽ

മതിയാകും. ഇതുകൂടാതെ, ഒന്നരക്കോടിവരെ വിറ്റുവരവുള്ളവർക്കായി കോമ്പോസിഷൻ സ്കീമും അഞ്ച് കോടി വരെ വിറ്റുവരവുള്ളവർക്കായി QRMP (Quarterly Return Monthly Payment) സ്കീമും നിലവിലുണ്ട്. ജി.എസ്.ടി. നിയമത്തിൽ രജിസ്ട്രേഷൻ വ്യവസ്ഥകൾ ലളിതമായതുകാരണം കൃത്രിമമായ രേഖകളുടെ സഹായത്തോടെ വ്യാജ രജിസ്ട്രേഷനുകളെടുക്കുകയും ഇൻപുട്ട് ടാക്സുമായി ബന്ധപ്പെട്ട് വലിയതോതിലുള്ള നികുതി വെട്ടിപ്പുകൾ നടത്തുകയും ചെയ്തതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി നികുതി നിയമങ്ങളിൽ ഭേദഗതികൾ വരുത്തുകയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റെടുക്കുന്നതിൽ കർശന നിയന്ത്രണങ്ങൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് വലിയ രീതിയിലുള്ള വരുമാന നഷ്ടമുണ്ടാക്കുന്ന നികുതി വെട്ടിപ്പുകൾ തടയുന്നതിനാണ് ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

## ഓപ്പറേഷൻ മൂൺലൈറ്റ്

81 (4171) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി വകുപ്പ് ഹോട്ടലുകളിൽ ഓപ്പറേഷൻ മൂൺലൈറ്റ് എന്ന പേരിൽ പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉണ്ട്. 29-06-2022-ൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള 32 ഹോട്ടൽ/റെസ്റ്റോറന്റുകളിലാണ് ജി.എസ്.ടി. നിയമം വകുപ്പ് 67(2) അനുശാസിക്കുന്ന പ്രകാരമുള്ള സെർച്ച് നടത്തിയിട്ടുള്ളത്. പ്രസ്തുത ഹോട്ടലുകൾ നികുതി വെട്ടിപ്പ് നടത്തുന്നുവെന്നും അതുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും സ്ഥാപനങ്ങളിൽ രഹസ്യമായി സൂക്ഷിക്കുന്നുവെന്നും അറിഞ്ഞതിനെത്തുടർന്നാണ് മേൽ പറഞ്ഞ തീയതിയിൽ ഹോട്ടലുകളിൽ/റെസ്റ്റോറന്റുകളിൽ പരിശോധന നടത്താൻ ഇടവന്നത്.

(ബി) പ്രസ്തുത പരിശോധന നടപടികൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ജി.എസ്.ടി. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചാണ് "ഓപ്പറേഷൻ മൂൺലൈറ്റ്" എന്ന പേരിൽ ഹോട്ടലുകളിലും/ റെസ്റ്റോറന്റുകളിലും പരിശോധനയ്ക്ക് നേതൃത്വം നൽകിയത്. ഹോട്ടലുകൾ നടത്തുന്ന നികുതി വെട്ടിപ്പിനെക്കുറിച്ച് കൃത്യമായ തെളിവുകളോ

വിശ്വാസയോഗ്യമായ സൂചനകളോ ലഭിക്കുന്ന സാഹചര്യത്തിൽ നിയമാനുസൃതമായ പരിശോധനകൾ തുടർന്നും നടത്തുന്നതാണ്.

(സി) ഉപഭോക്താവിന്റെ കയ്യിൽനിന്നും ഈടാക്കിയശേഷം സർക്കാരിലേക്ക് അടയ്ക്കാത്ത നികുതി സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ക്രമക്കേടുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

29-06-2022-ൽ നടത്തിയ "ഓപ്പറേഷൻ മൂൺലൈറ്റ്" എന്ന പരിപാടിയിൽ ഉപഭോക്താവിന്റെ കയ്യിൽനിന്നും നികുതി പിരിച്ചിട്ടും സർക്കാരിലേയ്ക്ക് അടയ്ക്കാത്തതായ ഏതാനും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. നിയമം അനുശാസിക്കുന്ന പ്രകാരം ഇത്തരം കേസുകളിൽ ബന്ധപ്പെട്ടവരിൽനിന്നും വെട്ടിച്ച നികുതിയും ആയതിന്റെ പലിശയും പിഴയടക്കമുള്ള സംഖ്യകൾ ഈടാക്കുന്നതാണ്.

(ഡി) ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ജി.എസ്.ടി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ഹോട്ടലുകളും/ റെസ്റ്റോറന്റുകളും നടത്തുന്ന നികുതി വെട്ടിപ്പിനെക്കുറിച്ച് തെളിവുകളും സൂചനകളും കിട്ടുന്നമുറയ്ക്ക്

പ്രസ്തുത സ്ഥാപനങ്ങളിൽ ജി.എസ്.ടി. വകുപ്പ് 67 അനുശാസിക്കുന്ന പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതും,ആയതിനെ തുടർന്ന് സമഗ്രമായ അന്വേഷണം നടത്തി നികുതി വെട്ടിപ്പുകാരിൽനിന്നും ജി.എസ്.ടി നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നികുതിയും പലിശയും പിഴയും ഈടാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതുമാണ്.

## നികുതി വർദ്ധനവും ജി.എസ്.ടി.-യും

82 (4172) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ചരക്ക് സേവന നികുതി നിരക്ക് തുടരെ മാറ്റി അശാസ്ത്രീയ തീരുമാനം അടിച്ചേൽപ്പിക്കുന്നത് സംസ്ഥാനത്തെ ഏതെല്ലാം രീതിയിൽ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി.-യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ച് ശതമാനമാകത്തക്കവിധത്തിലായിരുന്നു. വാറ്റ് സമ്പ്രദായത്തിലിത് 14.5% ആയിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി നിരക്കുകളിൽ കുറവ്

വരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്ന് ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി വരുമാനം കുറയുന്നതിന് കാരണമാകുകയും ചെയ്തിട്ടുണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റത്തിനും നിർമ്മാണ പദ്ധതികളുടെ ചെലവ് വർദ്ധിപ്പിക്കുന്നതിനും ഇടയാക്കുന്ന തരത്തിൽ പ്രസ്തുത നികുതിയിൽ വർദ്ധന വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സംസ്ഥാനത്തെ ജനജീവിതത്തിലുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ജി.എസ്.ടി. നിലവിൽവന്നതുമൂലം നിലവിലുണ്ടായിരുന്ന മൂല്യ വർദ്ധിത നികുതി, കേന്ദ്ര എക്സൈസ് തീരുവ, പ്രവേശന നികുതി, സേവന നികുതി, കേന്ദ്ര വിൽപ്പന നികുതി മുതലായ നികുതികൾ ലയിപ്പിച്ച് ചരക്ക് സേവന നികുതി മാത്രമായതുമൂലം ഭക്ഷ്യസാധനങ്ങളുടെ വിലയിൽ കുറവ് വരേണ്ടതാണ്.

ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, ബ്രാൻഡ് ചെയ്യാത്ത ഭക്ഷ്യവസ്തുക്കൾ, പാൽ, ഉപ്പ് മുതലായ നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയ്ക്ക് തുടക്കം മുതലേ ജി.എസ്.ടി. ബാധകമാക്കാതിരുന്നതുമൂലവും ജി.എസ്.ടി.

രജിസ്ട്രേഷന് പരിധി നിശ്ചയിച്ചതുമൂലവും ഭക്ഷ്യവസ്തുക്കൾക്ക് ജി.എസ്.ടി.മൂലം വിലവർദ്ധന അനുഭവപ്പെടുന്ന സാഹചര്യം ഉണ്ടാകേണ്ടതല്ല. കൂടാതെ, സുഗന്ധ വ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അവശ്യസാധനങ്ങൾക്ക് കുറഞ്ഞ നികുതിയായ 5% മാത്രമാണ് ചുമത്തിയിട്ടുള്ളത്.

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധന നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ടി സബ്സിഡി ഉൽപ്പന്നങ്ങളുടെ വില മെയ് 2016 മുതൽ വർദ്ധിപ്പിച്ചിട്ടില്ല. ധാന്യങ്ങളും പയർ വർഗ്ഗങ്ങളും ബ്രാൻഡിലാണ് വിൽപ്പന നടത്തുന്നതെങ്കിൽ 5% നികുതി ബാധകമാണ്. എന്നാൽ സപ്ലൈകോ ഇവ ബ്രാൻഡ് ചെയ്യാതെ വിൽപ്പന നടത്തുന്നതിനാൽ ഉപഭോക്താക്കൾക്ക് നികുതി ഭാരം ഉണ്ടാകുന്നില്ല.

ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന ഭക്ഷണ വിതരണത്തിന് നികുതി അടയ്ക്കേണ്ട ബാധ്യത ഹോട്ടലുകളിൽനിന്നും മാറി ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്ക് ആയിട്ടുണ്ടെങ്കിലും നികുതി നിരക്കിൽ മാറ്റമൊന്നും വരാത്തതിനാൽ ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുകയില്ല.

ഗവൺമെന്റ് എന്റിറ്റികളും ഗവൺമെന്റ് അതോറിറ്റികളും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നികുതി നിരക്ക് 12 ശതമാനത്തിൽനിന്നും 18 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇൻവെർട്ടഡ് ഡ്യൂട്ടി ഘടന ഒഴിവാക്കുന്നതിന്റെ ഭാഗമായാണ് ജി.എസ്.ടി. കൗൺസിൽ ചർച്ച ചെയ്ത് ഇങ്ങനെ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

(സി) ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിനുമുൻപ് സംസ്ഥാനത്തുനിന്നും കേന്ദ്രത്തിനും സംസ്ഥാനത്തിനുമായി ലഭിച്ചിരുന്ന നികുതി വരുമാനത്തിന്റെയും ജി.എസ്.ടി. പ്രാബല്യത്തിലായശേഷം അതിൽ കേന്ദ്ര, സംസ്ഥാന ഇനങ്ങളിൽ ഈടാക്കിയ നികുതി വരുമാനത്തിന്റെയും അതിൽനിന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളും പങ്കിട്ടെടുക്കുന്ന നികുതി വരുമാനത്തിന്റെയും കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി കണക്ക് ലഭ്യമാക്കാമോ?

ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പുള്ള 5 വർഷങ്ങളിലും ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം 2021-22 വരെയും സംസ്ഥാന തനത് നികുതി വരുമാനത്തിലും കേന്ദ്ര നികുതി വിഹിതത്തിലും ലഭ്യമായ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ജി.എസ്.ടി. നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം നികത്തുമെന്ന ഉറപ്പ് കേന്ദ്രം പാലിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജി.എസ്.ടി. നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം സമയബന്ധിതമായി നികത്തുമെന്ന ഉറപ്പ് കേന്ദ്രം പാലിച്ചിട്ടില്ല.

2017-18 മുതൽ 2022-23 ജൂൺ 30 വരെ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയുടെയും ലഭിച്ച നഷ്ടപരിഹാര തുകയുടെയും ബാക്കി ലഭിക്കാനുള്ള തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു+.

സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും 2020-21-ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-23 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെ 1552.56 കോടി രൂപ ബാക്കി ലഭിക്കാനുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്.

**ജി.എസ്.ടി. കുടിശ്ശികയുള്ളവർക്കുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

83 (4173) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. കുടിശ്ശികയുള്ളവർക്ക് ആയത് ഒറ്റത്തവണ തീർപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ഇളവുകളാണ് ഈ ഇനത്തിൽ നൽകിവരുന്നത്; വിശദമാക്കാമോ?

ജി.എസ്.ടി. കുടിശ്ശികയുള്ളവർക്ക് ആയത് ഒറ്റത്തവണ തീർപ്പാക്കുന്നതിന് ആംനസ്റ്റി പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ ജി.എസ്.ടി.-ക്ക ുമുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനായി ആംനസ്റ്റി പദ്ധതി 2022-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## ഇൻഫോർമർ സ്കീം

84 (4174) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഫോർമർ സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇൻഫോർമർ റിവാർഡ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. 23-09-2020-ലെ സർക്കാർ ഉത്തരവ് G.O(Ms) 76/2020/TAXES പ്രകാരം ഇതിന് അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര പരോക്ഷ നികുതി വകുപ്പ് നേരത്തെതന്നെ ഇതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. നികുതി വെട്ടിപ്പിനെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുന്നത് അത് തടയുന്നതിനും അതിലൂടെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വളരെയധികം സഹായകമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി വകുപ്പ് പൂർണ്ണമായും ജി.എസ്.ടി.-ക്കുവേണ്ടി പുനഃസംഘടിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

**നികുതി ചോർച്ച തടയാൻ നടപടി**

85 (4175) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം (2022-23) വ്യാപാരി-വ്യവസായികളുടെ വാർഷിക റിട്ടേൺ സമർപ്പിക്കലിനും പരിശോധനകളിലും സംസ്ഥാന സർക്കാർ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ?

നിലവിൽ രണ്ട് കോടിയിൽ അധികം വാർഷിക ടേണോവർ വരുന്ന ടാക്സ്പെയേഴ്സ് മാത്രമേ ജി.എസ്.ടി വാർഷിക റിട്ടേൺ (GSTR 9) നിർബന്ധമായും ഫയൽ ചെയ്യേണ്ടതുള്ളൂ. അതുകൂടാതെ അഞ്ച് കോടിയിലധികം ടേണോവർ വരുന്ന ടാക്സ്പെയേഴ്സിന് മാത്രമേ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് (Form 9C) നിർബന്ധമുള്ളൂ. പഴയ നിയമങ്ങളിലുണ്ടായിരുന്ന അസസ്സ്മെന്റ് പോലെയുള്ള സമ്പ്രദായങ്ങൾ മാറ്റി ജി.എസ്.ടി നിയമത്തിനനുസൃതമായി കൂടുതൽ പ്രൊഫഷണലായ ഓഡിറ്റ്

സംവിധാനങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി വകുപ്പിന്റെ പുനഃസംഘടന നടപടികൾ പൂർത്തിയായിവരുന്നു. റിസ്ക് പ്രൊഫൈലിംഗ് അടിസ്ഥാനമാക്കി തെരഞ്ഞെടുക്കപ്പെട്ട നികുതിദായകരുടെ വാർഷിക റിട്ടേണുകളുടെയും സാമ്പത്തിക രേഖകളുടെയും ഓഡിറ്റ്, ഓഡിറ്റ് വിഭാഗം നടത്തും. വാർഷിക റിട്ടേണുകളുടെ അഭാവത്തിൽ, പ്രതിമാസ റിട്ടേണുകളുടെയും മറ്റ് സാമ്പത്തിക രേഖകളുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തപ്പെടും.

(ബി) എങ്കിൽ ഇതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വരുത്തിയ മാറ്റങ്ങളും അതുവഴി നികുതി ചോർച്ച തടയാൻ സ്വീകരിച്ച വ്യവസ്ഥകളും വ്യക്തമാക്കുമോ; ആയത് ഏതുവിധത്തിലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

വിവരസാങ്കേതികത കൂടുതലായി ഉപയോഗപ്പെടുത്തി നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും അത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി നിയമത്തിലെ മാറ്റങ്ങൾക്കനുസരിച്ച് തത്സമയം സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നതിനും ഡാറ്റയുടെ ലഭ്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് മോഡൽ-2 ജി.എസ്.ടി.എൻ ബാക്ക് ഓഫീസ് സംവിധാനത്തിലേയ്ക്ക്

മാറിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും അത് അധിക നികുതി സമാഹരണത്തിന് വിനിയോഗിക്കുന്നതിനും അനലറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് മുഖേന സാധിക്കും. ഇതുകൂടാതെ ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിവരുന്നു. ഇതിലൂടെ ഓഡിറ്റ്, ഇന്റലിജൻസ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി നികുതി ചോർച്ച തടയാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) നിലവിൽ സംസ്ഥാനത്ത് ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്ന വ്യാപാരി-വ്യവസായികളുടെ എണ്ണം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ജി.എസ്.ടി.എൻ.-ന്റെ റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്ത് 2022 ഏപ്രിൽ മാസത്തെ ജി.എസ്.ടി.ആർ. 3 ബി റിട്ടേൺ ഫയൽ ചെയ്യേണ്ടവരുടെ എണ്ണം 2,73,479 ആണ്. ഇതിൽ ഏകദേശം 85 ശതമാനത്തോളം പേർ നിലവിൽ റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ട്.

## ജി.എസ്.ടി. നഷ്ടപരിഹാരത്തുക

86 (4176) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മെയ് 31 വരെ ജി.എസ്.ടി. നഷ്ടപരിഹാരത്തുകയായി എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും എത്ര രൂപ കുടിശ്ശികയുണ്ടെന്നും അറിയിക്കാമോ?

2017- 18 മുതൽ 2022-23 മെയ് 31 വരെ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരത്തുകയുടെയും ലഭിച്ച നഷ്ടപരിഹാരത്തുകയുടെയും ബാക്കി ലഭിക്കാനുള്ള തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) ജി.എസ്.ടി നഷ്ടപരിഹാരത്തുക ലഭിക്കാനുണ്ടെങ്കിൽ അത് ലഭ്യമാക്കാൻ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും 2020-21-ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷം സംസ്ഥാനത്തിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-23 (ഏപ്രിൽ - മെയ്) വരെ 820.16 കോടി രൂപ ബാക്കി ലഭിക്കാനുണ്ട്.

അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്.

ജി.എസ്.ടി. നഷ്ടപരിഹാരം സമയബന്ധിതമായി നൽകണമെന്ന ആവശ്യം കേരളമുൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**കാർഷികാദായ നികുതി**

87 (4177) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെ സംസ്ഥാനത്ത് പിരിച്ചെടുത്ത കാർഷികാദായ നികുതി എത്രയെന്ന് വർഷം തിരിച്ച് അറിയിക്കാമോ?

2016-17 മുതൽ 2021-22 വരെ സംസ്ഥാനത്ത് പിരിച്ചെടുത്ത കാർഷികാദായ നികുതി വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | കാർഷികാദായ നികുതി |
|---|---|

| | (കോടിയിൽ) |
|---|---|
| 2016 - 17 | 1.44 |
| 2017 - 18 | 2.18 |
| 2018 - 19 | 0.26 |
| 2019 - 20 | 0.22 |
| 2020 - 21 | 0.40 |
| 2021 - 22 | 0.38 |

(ബി) കാർഷികാദായ നികുതി അടയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

1991-ലെ കേരള കാർഷികാദായ നികുതി നിയമം കേരളത്തിലെ കാർഷിക വരുമാനത്തിന്മേൽ നികുതി ചുമത്താൻ വ്യവസ്ഥ ചെയ്യുന്നു. നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, റാഗി, പയർ, എള്ള്, പച്ചക്കറി, മധുരക്കിഴങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ. കരിമ്പ്, ചക്ക, മാങ്ങ, പൈനാപ്പിൾ, ഓർക്കിഡ് അല്ലെങ്കിൽ മറ്റ് പൂക്കൾ, വാനില, മഞ്ഞൾ, പേരക്ക എന്നിവയുടെ കൃഷിയിൽ നിന്നുള്ള വരുമാനം ഒഴിവാക്കിയിരിക്കുന്നു. കമ്പനി നിയമം പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനിയല്ലാതെ ഒരു വ്യക്തിയും നികുതി അടയ്ക്കേണ്ടതില്ല.

1991-ലെ കേരള കാർഷികാദായ നികുതി നിയമ പ്രകാരമുള്ള കാർഷികാദായ നികുതി ഒരു വ്യക്തിയുടെ മുൻസാമ്പത്തിക വർഷത്തെ കാർഷിക വരുമാനത്തിന്റെ മേൽ ചുമത്തപ്പെടുന്ന നികുതിയാണ്. 01-04-

2013 മുതൽ സ്വകാര്യ വ്യക്തികളെയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെയും കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. തുടർന്ന് കേരള കാർഷികാദായ നികുതി നിയമ പ്രകാരം നികുതിയടയ്ക്കാനുള്ള ബാദ്ധ്യത കമ്പനികൾക്ക് (തദ്ദേശീയവും വിദേശീയവും) മാത്രമാണുള്ളത്. കാർഷികാദായത്തെ അടിസ്ഥാനമാക്കി തദ്ദേശ കമ്പനികളുടെ നികുതി നിരക്ക് 35% മുതൽ 50 ശതമാനംവരെ വ്യത്യാസപ്പെട്ടിരുന്നു. കൂടാതെ വിദേശ കമ്പനികളുടെ നികുതി നിരക്ക് 80% ആയിരുന്നു. 2016-17-ലെ ബഡ്ജറ്റിൽ ആദായ നികുതി നിരക്കുമായി തുല്യത കൊണ്ടുവരുന്നതിലേയ്ക്കായി കാർഷികാദായ നികുതി നിരക്ക് കുറയ്ക്കുകയും ആദായ നികുതി നിരക്കായ 30 ശതമാനത്തോട് ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. 02-04-2016 -ലെ SRO 314/2016 പ്രകാരം 2016-17 സാമ്പത്തിക വർഷം കാർഷികാദായ നികുതിയിൽനിന്നും എല്ലാ കമ്പനികളെയും ഒഴിവാക്കിയിട്ടുണ്ട്.

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം ഉടമകളിൽനിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും

ഒഴിവാക്കിക്കൊടുക്കുന്നതിന് തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് റദ്ദ് ചെയ്യേണ്ടതുള്ളതിനാൽ, ആയതിലേയ്ക്കായി 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 236 ആയി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ബിൽ പതിനാലാം കേരള നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായില്ല. പതിനാലാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ ഒരു ബില്ലായി കൊണ്ടുവരുന്നതിന് തീരുമാനിക്കുകയും ആയത് 2021-ലെ ബിൽ നമ്പർ 84 ലായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ട്രഷറി നിയന്ത്രണം ലഘൂകരിക്കാൻ നടപടി**

88 (4178) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എത്ര തുക വരെയുള്ള ബില്ലുകൾ മാറുന്നതിനാണ് നിയന്ത്രണം ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിധിയിൽ കൂടുതലുള്ള ബില്ലുകൾ മാറുന്നതിന് ഡിസ്കൗണ്ടിംഗ് രീതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ബില്ലുകൾ മാറുന്നതിനായി നിശ്ചയിച്ചിട്ടുള്ള പരിധി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ കാലങ്ങളായി നടപ്പിലാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് വരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തുമെടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ 25 ലക്ഷം രൂപ വരെയുള്ള പേമെന്റുകൾക്ക് വെയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് ആവശ്യമില്ല. അതേസമയം, വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കൂടാതെ കരാറുകാരുടെയും

വിതരണക്കാരുടെയും ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് വെയ്സ് ആൻഡ് മീൻസ് പരിധി പുനർനിശ്ചയിച്ച് വരുന്നുണ്ട്.

### കാട്ടാക്കട റൂറൽ ജില്ല ട്രഷറി ഓഫീസ് കെട്ടിടം

89 (4179) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട റൂറൽ ജില്ല ട്രഷറി ഓഫീസ് കെട്ടിടം പുനർനിർമ്മിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ആയത് സംബന്ധിച്ച് ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; അപകടാവസ്ഥയിലായ പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കാട്ടാക്കട റൂറൽ ജില്ല ട്രഷറി ഓഫീസ് കെട്ടിടത്തിന്റെ നവീകരണം സംബന്ധിച്ച് ട്രഷറി ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ പൊതുമരാമത്ത് (ഇ) വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. ടി വകുപ്പ് ലഭ്യമാക്കുന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പള്ളിക്കത്തോട് ട്രഷറിക്ക് അനുവദിച്ച ഭൂമി

90 (4180) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് ട്രഷറിക്കായി പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി അനുവദിച്ച് ഉത്തരവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത ഉത്തരവ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരവായിട്ടുണ്ട്. 19-06-2012-ലെ സ.ഉ.(സാധാ)നം. 1662/2012/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത ട്രഷറിക്കായി തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 19-06-2012-ലെ സ.ഉ.(സാധാ)നം.1662/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവുപ്രകാരം അനുവദിച്ച ഭൂമി ട്രഷറി വകുപ്പിന്റെ ആസ്തിയാക്കി മാറ്റുന്നതിന് 10 വർഷമായിട്ടും സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

സ്ഥലം ട്രഷറി വകുപ്പിന് കൈമാറി നൽകുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തുതലത്തിലുണ്ടായ കാലതാമസം കാരണമാണ് ടി ഉത്തരവുപ്രകാരം അനുവദിച്ച ഭൂമി ട്രഷറി വകുപ്പിന്റെ ആസ്തിയാക്കി മാറ്റുന്നതിന് 10 വർഷമായിട്ടും സാധിക്കാത്തത്.

(സി) പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ നിലവിലെ ഭരണസമിതി ട്രഷറിക്കായി ഭൂമി വിട്ടുനൽകുന്ന തീരുമാനത്തിൽ എതിർപ്പ് അറിയിച്ചിട്ടുണ്ടോ?

നിലവിലെ ഭരണസമിതി ട്രഷറിക്കായി ഭൂമി വിട്ടുനൽകുന്ന തീരുമാനത്തിൽ നേരിട്ട് എതിർപ്പ് അറിയിച്ചിട്ടില്ല. എന്നാൽ സ്ഥലം കൈമാറി നൽകുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത്ു തലത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്.

(ഡി) പ്രസ്തുത ഭൂമി കൈമാറി വാങ്ങുന്നതിന് നാളിതുവരെ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്നറിയിക്കാമോ?

പ്രസ്തുത ഭൂമി വകുപ്പിന്റെ പേരിൽ കൈമാറിക്കിട്ടുന്നതിന് ട്രഷറി വകുപ്പിലെ ഉദ്യോഗസ്ഥർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ട്രഷറി ഇടപാടുകൾ ഡിജിറ്റലാക്കാൻ നടപടി**

91 (4181) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറിയിലെ പണമിടപാടുകൾ പൂർണമായി ഡിജിറ്റൽ രീതിയിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിലൂടെ (IFMS) ട്രഷറിയിലെ പണമിടപാടുകളും മറ്റിടപാടുകളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. ഇടപാടുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനായി പുതിയ സെൻട്രൽ സെർവർ സ്ഥാപിച്ചു. സെർവറിന്റെ സ്റ്റോറേജ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനായി State Data Centre-ൽ SAN Storage വാങ്ങി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പെൻഷൻകാർക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ (Kerala Pension), കേരള പെൻഷൻ പോർട്ടൽ, ട്രഷറി സേവിംഗ്സ് ബാങ്കിന് കോർ ബാങ്കിംഗ് സംവിധാനം, വ്യക്തിഗത ട്രഷറി സേവിംഗ്സ് ബാങ്കിന് ഇന്റർനെറ്റ് ബാങ്കിംഗ് സാധ്യമാക്കുന്ന ടി.എസ്.ബി ഓൺലൈൻ പോർട്ടൽ, സർക്കാർ ജീവനക്കാർക്കുള്ള ഇ-ടി.എസ്.ബി സംവിധാനം, ബില്ലുകളുടെ ഓൺലൈൻ സമർപ്പണം, GeM, e-Kuber എന്നിവയുമായുള്ള സംയോജനം, ഇ-TR5 സംവിധാനം, ഇ-ട്രഷറി, ഇ-സ്റ്റാമ്പിംഗ്, isoft തുടങ്ങി നിരവധി ഓൺലൈൻ സംവിധാനങ്ങൾ ട്രഷറി ഇടപാടുകൾക്കായി നിലവിൽ ലഭ്യമാണ്.

(ബി) ശാരീരിക അവശതയുള്ളവർക്ക് ട്രഷറികളിൽ നേരിട്ട് വരാതെ ഓൺലൈനായി പണമിടപാടുകൾ നടത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കാമോ?

ശാരീരിക അവശതയുള്ളവർക്ക് ട്രഷറികളിൽ നേരിട്ട് വരാതെ ഓൺലൈനായി വ്യക്തിഗത ട്രഷറി അക്കൗണ്ടുകളിൽനിന്നും പണമിടപാടുകൾ നടത്തുന്നതിന് tsbonline.kerala.gov.in എന്ന ആപ്ലിക്കേഷൻ മുഖേന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ആപ്ലിക്കേഷൻ മുഖേന വ്യക്തിഗത ട്രഷറി അക്കൗണ്ടുകളിൽനിന്നും പണം ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാനും അവിടെനിന്നും ATM മുഖേന പണം പിൻവലിക്കാനും കഴിയും. etreasury.kerala.gov.in എന്ന ആപ്ലിക്കേഷൻ മുഖേന ബാങ്ക് അക്കൗണ്ടിൽനിന്നും വ്യക്തിഗത ട്രഷറി അക്കൗണ്ടിലേയ്ക്കും ഓൺലൈനായി തുക ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

### ലോട്ടറി മേഖലയ്ക്ക് കരുത്ത് പകരാൻ നടപടി

92 (4182) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. എ . പി . അനിൽ കുമാർ:</u>
<u>ശ്രീ. സണ്ണി ജോസഫ് :</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യായിരം രൂപ മുതൽ താഴേയ്ക്കുള്ള സമ്മാനങ്ങളുടെ എണ്ണം കുറവായതിനാൽ ജനങ്ങൾ ലോട്ടറി വാങ്ങുന്നത് കുറയുകയും തന്മൂലം കച്ചവടക്കാരുടെ പക്കൽ ലോട്ടറി ബാക്കിയാകുകയും ചെയ്യുന്നതിനാൽ ചെറുകിട ലോട്ടറി കച്ചവടക്കാർക്ക് വലിയ നഷ്ടമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലോട്ടറി നറുക്കെടുപ്പ് നടത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2005-ലെ പേപ്പർ ലോട്ടറി റെഗുലേഷൻ ചട്ടങ്ങളിലെ ചട്ടം 8 & 2008-ലെ പേപ്പർ ലോട്ടറി റെഗുലേഷൻ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 8 എന്നിവ പ്രകാരം ഭാഗ്യക്കുറി നറുക്കെടുപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ നിശ്ചയിക്കുന്ന ഏതെങ്കിലും സ്ഥലത്തുവച്ച് നറുക്കെടുപ്പ് നടത്താവുന്നതാണ്. നിലവിൽ നറുക്കെടുപ്പുകൾ തിരുവനന്തപുരത്ത് വച്ചാണ് നടത്തിവരുന്നത്.

2) നറുക്കെടുപ്പ് നടപടിക്രമം രാവിലെ 10.30 മുതൽ വൈകുന്നേരം 5.30 വരെയുള്ള സമയത്തിനകത്ത് പൂർത്തിയാക്കുന്നതാണ്.

3) സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്ന പ്രശസ്തരും പ്രമുഖരുമായ വ്യക്തികളുൾപ്പെട്ട ജൂറിയാണ് നറുക്കെടുപ്പ് നിയന്ത്രിക്കുന്നത്. ജൂറി പാനലിൽ ഒരാളെ ചെയർമാനായി നിയോഗിക്കും. നറുക്കെടുപ്പ് നടത്തുന്നതിനുള്ള ജഡ്ജിമാരുടെ പാനലിന്റെ ക്വാറം പരമാവധി ഏഴും ഏറ്റവും കുറഞ്ഞത് മൂന്നുമാണ്. ആകസ്മികമായ സാഹചര്യത്തിൽ മൂന്നുപേരുടെ ക്വാറം തികയാതെ വന്നാൽ പ്രേക്ഷകരിൽനിന്നും അനുയോജ്യരായ വ്യക്തികളെ ഡയറക്ടർക്കോ ഡയറക്ടർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പാനൽ അംഗങ്ങളായി നിയോഗിക്കാവുന്നതാണ്. ഒഴിവാക്കാൻ കഴിയാത്ത കാരണങ്ങളാൽ നേരത്തെ നിയോഗിക്കുന്ന ചെയർമാന് നറുക്കെടുപ്പിന് ഹാജരാകാൻ സാധിക്കാതെ വന്നാൽ പാനൽ അംഗങ്ങൾ അവരിൽ ഒരാളെ ചെയർമാനായി തെരഞ്ഞെടുക്കും. നറുക്കെടുപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ജഡ്ജിംഗ് പാനലിന്റെ ഭൂരിപക്ഷ തീരുമാനം അന്തിമമായിരിക്കും.

4) സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറാണ് നറുക്കെടുപ്പ് നിയന്ത്രിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത്. എന്നിരുന്നാലും നറുക്കെടുപ്പ് നിയന്ത്രിക്കാനും മേൽനോട്ടം വഹിക്കാനും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ ഡയറക്ടർക്ക് ചുമതലപ്പെടുത്താവുന്നതാണ്.

5) നറുക്കെടുപ്പ് നടത്തുന്നതിന്റെ ഉത്തരവാദിത്വം ഭാഗ്യക്കുറി ഡയറക്ടറിൽ/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ടി ഉദ്യോഗസ്ഥൻ നറുക്കെടുപ്പ് ഫലം പ്രഖ്യാപിക്കുകയും നറുക്കെടുപ്പ് നടന്നതിന്റെ തൊട്ടടുത്ത ദിവസം മൂന്നോ നാലോ പ്രമുഖ ദിനപത്രങ്ങളിലും സർക്കാർ ഗസറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്യും.

6) സാധുവായ കാരണങ്ങളാൽ സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നറുക്കെടുപ്പ് തീയതി മാറ്റി നിശ്ചയിക്കാവുന്നതാണ്. മാറ്റിവച്ച നറുക്കെടുപ്പ് തീയതി ദൃശ്യ/പത്ര മാധ്യമങ്ങൾവഴി പൊതുജനങ്ങളെ അറിയിക്കുന്നു.

(സി) ലോട്ടറി നറുക്കെടുപ്പ് ദിവസങ്ങളിൽ ഹർത്താലോ പണിമുടക്കോ ഉണ്ടാകുന്നപക്ഷം അത് ഏജൻസികളിൽനിന്നും ടിക്കറ്റ് വാങ്ങി കച്ചവടം ചെയ്യുന്നവരെ സാരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത ദിവസങ്ങളിലെ

നറുക്കെടുപ്പ് മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

എല്ലാ ജില്ലകളെയും എല്ലാ മേഖലകളെയും ബാധിക്കുന്ന ഹർത്താൽ/ പണിമുടക്ക് ദിവസങ്ങളിലെ നറുക്കെടുപ്പുകൾ നിലവിൽത്തന്നെ മാറ്റിവയ്ക്കാറുണ്ട്.

(ഡി) ലോട്ടറി വില വർദ്ധിപ്പിക്കാതെയും കൂടുതൽ സമ്മാനങ്ങൾ പ്രഖ്യാപിച്ചും ഈ മേഖലയ്ക്ക് കരുത്ത് പകരുന്ന നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പരമാവധി സമ്മാനങ്ങൾ ലഭ്യമാകുന്ന തരത്തിലാണ് നിലവിൽ ഭാഗ്യക്കുറിയുടെ സമ്മാനഘടന തയ്യാറാക്കിയിട്ടുള്ളത്. ആകെ വിറ്റുവരവിന്റെ 60 ശതമാനത്തോളം തുകയാണ് സമ്മാന വിതരണത്തിനായി മാറ്റിവച്ചിട്ടുള്ളത്.

**നിലമ്പൂരിൽ ലോട്ടറി സബ് ഓഫീസ്**

93 (4183) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലോട്ടറി ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; ഇതിൽ ജില്ല, സബ് ഓഫീസുകൾ

എന്നിവ തിരിച്ചുള്ള വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ആസ്ഥാന ഓഫീസ്, റീജിയണൽ ജോയിന്റ് ഡയറക്ടറേറ്റ്, ഇന്റേണൽ ഓഡിറ്റിംഗ് ഓഫീസ്, ജില്ലാ-സബ് ഓഫീസുകൾ ഉൾപ്പെടെ ആകെ 38 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) പുതിയ ലോട്ടറി ഓഫീസുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; പ്രസ്തുത ഓഫീസുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

പുതിയ ലോട്ടറി ഓഫീസുകൾ തുടങ്ങുന്ന കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല.

ഭാഗ്യക്കുറി ടിക്കറ്റുകൾ കൂടുതലായി വിൽക്കുന്ന സ്ഥലങ്ങളിൽ ടിക്കറ്റ് വിൽപ്പനയ്ക്കാനുപാതികമായാണ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത്.

(സി) മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ പുതിയ ലോട്ടറി സബ് ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ പുതിയ ലോട്ടറി സബ്ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദ്യാശ്രീ പദ്ധതി

94 (4184) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്ന ' വിദ്യാശ്രീ' പദ്ധതി പരാജയപ്പെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി പരാജയപ്പെടാനുള്ള കാരണം വ്യക്തമാക്കുമോ?

വിദ്യാശ്രീ പദ്ധതി പരാജയപ്പെട്ടതായി പറയാൻ കഴിയില്ല. കോവിഡ് സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് അതിനനുസരിച്ചുള്ള മാറ്റങ്ങൾ പദ്ധതിയിൽ കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ഗുണമേന്മയുള്ള ലാപ്ടോപ് ലഭ്യമാക്കാൻ സാധിക്കാത്തതിന്റെ കാരണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വീഴ്ചവരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

HP, ACER, LENOVO, COCONICS എന്നീ കമ്പനികൾ കോവിഡ് സാഹചര്യങ്ങൾമൂലം കരാർപ്രകാരം പറഞ്ഞ സമയത്തിനുള്ളിൽ ലാപ്ടോപ്പുകൾ നൽകാൻ സാധ്യമല്ലെന്നറിയിക്കുകയുണ്ടായി. അതുമൂലമാണ് ലാപ്ടോപ്പ് വിതരണത്തിൽ കാലതാമസം നേരിട്ടത്. അവർക്കെതിരെ പെനാൽറ്റി ഈടാക്കുന്നത് സംബന്ധമായ നോട്ടീസ് നൽകുകയും ഗുണമേന്മ കുറഞ്ഞ ലാപ്ടോപ്പുകൾ കമ്പനികൾക്ക് തിരിച്ച് നൽകുകയുമുണ്ടായി.

(സി) പദ്ധതി പരാജയപ്പെട്ടതുമൂലം എത്ര രൂപയുടെ നഷ്ടമുണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് എപ്രകാരമാണ് വീണ്ടെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതി പരാജയപ്പെട്ടെന്ന് പറയാനാവില്ല. ഇതുമൂലം കെ.എസ്.എഫ്.ഇ.-യ്ക്ക് നഷ്ടമുണ്ടായിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ അധ്യയന വർഷം ലാപ്ടോപ്പുകൾക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് ആയത് ലഭ്യമാക്കിയിരുന്നോ; ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

8575 ലാപ്ടോപ്പുകളാണ് വിദ്യാർത്ഥികൾക്കായി വിദ്യാശ്രീ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ. വിതരണം ചെയ്തത്. കൂടാതെ ലാപ്ടോപ്

ലഭ്യമാക്കാൻ കാലതാമസം വന്നപ്പോൾ പൊതുവിപണിയിൽനിന്നും ലഭ്യമായ ലാപ്ടോപ്/ടാബ് വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് 20000/- രൂപ വരെ വായ്പയും നൽകുകയുണ്ടായി.

**കെ.എസ്.എഫ്.ഇ. -യിലെ മൊബൈൽ ആപ്ലിക്കേഷൻ**

95 (4185) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.-യിൽ പുതിയ ഭരണസമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പുതിയ ചെയർമാന്റെയും അംഗങ്ങളുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ; പഴയ ഭരണസമിതി അംഗങ്ങളിൽ ആരെങ്കിലും പുതിയ സമിതിയിൽ തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ. ചെയർമാൻ അഡ്വ. പീലിപ്പോസ് തോമസ്സിനുപകരം 06-12-2021-ൽ ശ്രീ. കെ. വരദരാജനെ ചെയർമാനായി നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പഴയ ഭരണസമിതിയിൽ മറ്റ് മാറ്റങ്ങളൊന്നുമുണ്ടായിട്ടില്ല.

(ബി) മുൻ ഭരണസമിതിയുടെ കാലയളവിൽ കെ.എസ്.എഫ്.ഇ. ഇടപാടുകൾക്കുവേണ്ടി മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കാൻ ടെണ്ടർ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തനസജ്ജമായോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ടെണ്ടർ നൽകിയിരുന്നു. മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയായിട്ടുണ്ട്. ആപ്ലിക്കേഷൻ ആധാർ അധിഷ്ഠിതമായതിനാൽ അനുവാദത്തിനായി കേന്ദ്ര ഏജൻസിയായ UIDAI-ക്ക് 16-08-2021-ന് സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

(സി) മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കാൻ ടെണ്ടർ നൽകിയ കമ്പനിക്ക് കെ.എസ്.എഫ്.ഇ. എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ?

25-10-2019-ന് 9,99,000/- രൂപയും 27-10-2020-ന് 12,36,761/- രൂപയും കൂടി ആകെ 22,36,761/- രൂപ നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാകാത്തതിനാൽ മേൽപരാമർശിച്ച കരാറിലൂടെ കെ.എസ്.എഫ്.ഇ.-ക്ക് എത്ര തുക നഷ്ടമായെന്നും നഷ്ടപ്പെട്ട തുക തിരിച്ചുപിടിക്കുന്നതിനായി പ്രസ്തുത കമ്പനിക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

മൊബൈൽ ആപ്ലിക്കേഷൻ roll out ചെയ്യാൻ കാത്തിരിക്കുന്നതിനാൽ പ്രസ്തുത കരാർ അവസാനിപ്പിച്ചിട്ടില്ല.

(ഇ) കെ.എസ്.എഫ്.ഇ.-യുടെ ആഭ്യന്തര ചിട്ടികൾക്കുവേണ്ടി പുതുതായി മൊബൈൽ ആപ്ലിക്കേഷനും കോർ സോഫ്റ്റ്‌വെയറും നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കോർ സോഫ്റ്റ്‌വെയർ നിർമ്മിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

**കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം**

96 (4186) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. മുഖേന ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്താനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കോവിഡ് പ്രതിസന്ധി രൂക്ഷമായിരുന്ന സമയത്ത് ഒട്ടേറെ ജനോപകാരപ്രദമായ പദ്ധതികൾ കെ.എസ്.എഫ്.ഇ. നടപ്പിലാക്കുകയുണ്ടായി.

(1) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം സുഗമമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഓൺലൈൻ വിദ്യാസഹായി പദ്ധതി 22-06-2020-ന് നടപ്പിലാക്കി. ഈ പദ്ധതിപ്രകാരം അങ്കണവാടി തുടങ്ങിയ അയൽപക്ക കേന്ദ്രങ്ങളിൽ ടെലിവിഷനുകൾ സ്ഥാപിക്കുന്നതിന് പരമാവധി 10,000 രൂപ വീതം നൽകി. ഇത്തരത്തിൽ 5980 ടെലിവിഷനുകൾ സ്ഥാപിച്ചുനൽകാനായി.

(2)കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് 2020 മാർച്ച് 1-നുശേഷം കേരളത്തിൽ തിരിച്ചെത്തിയ പ്രവാസി മലയാളികൾക്ക് 3% പലിശ നിരക്കിൽ 1 ലക്ഷം രൂപ വരെയും പ്രവാസി ചിട്ടി വരിക്കാർക്ക് 1.50 ലക്ഷം രൂപയും വായ്പ നൽകുന്ന പ്രവാസി സൗഹൃദ സ്വർണ്ണപ്പണയ വായ്പ പദ്ധതി 21-05-2020 മുതൽ നടപ്പിലാക്കി.

(3) ഇതിനോടൊപ്പം കേരളത്തിനുപുറത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ താമസിച്ചിരുന്ന, തിരിച്ചെത്തിയ പ്രവാസികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ 1 ലക്ഷം രൂപവരെയുള്ള സ്വർണ്ണപ്പണയ വായ്പ 3% പലിശയിൽ ലഭ്യമാകുന്ന പ്രവാസി മിത്രം സ്വർണ്ണ പണയ വായ്പ പദ്ധതിയും 2020-ൽ നടപ്പിലാക്കുകയുണ്ടായി.

(4) കോവിഡ് വ്യാപനം രൂക്ഷമായതിനാൽ ഇടപാടുകാരുടെ സൗകര്യാർത്ഥം 2020 ഏപ്രിൽ, മെയ് മാസങ്ങളിലും 2021 മെയ്, ജൂൺ മാസങ്ങളിലും ചിട്ടി ലേലം മാറ്റിവച്ചു.

(5) ഇതുകൂടാതെ സാധാരണ സ്വർണ്ണ പണയ വായ്പയുടെയും പലിശ നിരക്ക് പല ഘട്ടങ്ങളിലായി കുറയ്ക്കുകയുണ്ടായി (ഇപ്പോൾ 5% മുതൽ 8.9% വരെയാണ് സ്വർണ്ണപ്പണയ വായ്പയ്ക്കുള്ള വാർഷിക പലിശ).

(6) ഓൺലൈൻ വിദ്യാഭ്യാസം സുഗമമാക്കുന്നതിനായി കുടുംബശ്രീ അംഗങ്ങളുടെ മക്കൾക്ക് ലാപ്ടോപ് ലഭ്യമാക്കുന്നതിനായി വിദ്യാശ്രീ പദ്ധതി 2020-ൽ നടപ്പിലാക്കി. 8575 ലാപ്ടോപ്പുകളാണ് ഈ പദ്ധതിപ്രകാരം കുടുംബശ്രീ അംഗങ്ങൾക്ക് നൽകിയത്. പ്രതിമാസം 500 രൂപ വച്ച് 30/36 മാസങ്ങൾകൊണ്ടാണ് ലാപ്ടോപ് തുക തിരിച്ചടയ്ക്കേണ്ടത്. 1446 പേർക്ക് പൊതുവിപണിയിൽനിന്നും ലാപ്ടോപ്/ടാബ് വാങ്ങുന്നതിന് 20,000/- രൂപയിൽ കവിയാത്ത വായ്പയും ഈ പദ്ധതി പ്രകാരം നൽകി.

(7) കോവിഡ് രോഗത്തിനിരയായവരെയും കുടുംബാംഗങ്ങളെയും സഹായിക്കുന്നതിന് 5% വാർഷിക പലിശ നിരക്കിൽ ഒരു ലക്ഷം രൂപ വരെ സൗഖ്യ സ്വർണ്ണ പണയ വായ്പ പദ്ധതി 2021 മെയ് മാസത്തിൽ നടപ്പിലാക്കുകയുണ്ടായി. 1564 പേർക്ക് ഈ വായ്പ നൽകുകയുണ്ടായി.

(8) കോവിഡ് പശ്ചാത്തലത്തിൽ 21-03-2020 മുതൽ 23-10-2021 വരെ ചിട്ടികളുടെ തവണ സംഖ്യയുടെ പിഴ പലിശ ഒഴിവാക്കുകയും അവയ്ക്ക് ഡിവിഡന്റ് അനുവദിക്കുകയും ചെയ്തു.

(9). സ്വർണ്ണ പണയ വായ്പ ഒഴികെയുള്ള വായ്പ പദ്ധതികളുടെ പിഴ പലിശയും 23-10-2021 വരെ ഒഴിവാക്കുകയുണ്ടായി.

(10) ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച മൊറോട്ടോറിയം കെ.എസ്.എഫ്.ഇ.-യിലും നടപ്പിലാക്കി. 2020 മാർച്ച് 1 മുതൽ 2020 മെയ് 31 വരെയായിരുന്നു മൊറട്ടോറിയത്തിന്റെ കാലാവധി.

(11) ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതികളായ ആശ്വാസ് 2020, ആശ്വാസ് 2021 പദ്ധതികളിലൂടെ RR അക്കൗണ്ടുകൾക്ക് 01-07-2020 മുതൽ 31-03-2022 വരെയും NON RR അക്കൗണ്ടുകൾക്ക് 01-10-2020 മുതൽ 31-03-2022 വരെയും കുടിശ്ശിക തീർക്കുന്നതിനായി ചിട്ടി/ വായ്പ വരിക്കാർക്ക് പലിശയിളവ് നൽകുകയുണ്ടായി.

(12) പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിയ മലയാളികൾക്ക് നാട്ടിൽ സ്വയം സംരംഭങ്ങൾ തുടങ്ങാനുള്ള PBMS വായ്പ പദ്ധതി 25-10-2021 മുതൽ പ്രാബല്യത്തിലുണ്ട്. ഈ പദ്ധതിപ്രകാരം 5

ലക്ഷം രൂപ വരെ 9% വായ്പ നിരക്കിൽ നൽകുന്നുണ്ട്. അതിൽ 1 ലക്ഷം രൂപ വരെ സർക്കാരിന്റെ മൂലധന സബ്സിഡിയും 3% വരെ പലിശ സബ്സിഡിയും നൽകുന്നുണ്ട് (അതായത് 6% പലിശ അടച്ചാൽ മതി). ഈ പദ്ധതിയിൽ 08-07-2022 വരെ 3947 പേർക്ക് (186.76 കോടി രൂപ) സ്വയം തൊഴിൽ വായ്പകൾ കെ.എസ്.എഫ്.ഇ. നൽകി. 30-09-2022 വരെയാണ് ഈ പദ്ധതിയുടെ കാലാവധി.

(13) സ്ത്രീകളുടെ പെട്ടെന്നുള്ള സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിന് 25,000/- രൂപ വരെ 5% നിരക്കിൽ ലഭ്യമാവുന്ന അജയ്യ സ്വർണ്ണ പണയ വായ്പ 14-01-2022 മുതൽ നിലവിലുണ്ട്.

(14) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് 20 കോടി രൂപ CSR ഫണ്ടിനത്തിൽ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുണ്ട്. (ഗവൺമെന്റ് ആശുപത്രികൾക്കും പെയിൻ ആൻഡ് പാലിയേറ്റീവ് ക്ലിനിക്കുകൾക്കുമടക്കം നിരവധി ആംബുലൻസുകൾ നൽകി. വിവിധ ഗവൺമെന്റ് ആശുപത്രികളിലും സഹകരണ ആശുപത്രികളിലും മെഡിക്കൽ ലാബുകൾ സജ്ജീകരിച്ചു. ആദിവാസി വിദ്യാർത്ഥികൾക്കുവേണ്ടി ഹോസ്റ്റൽ നിർമ്മാണത്തിനുള്ള ധനസഹായം

നൽകി. ഗവൺമെന്റ് സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിനായി ബസ് സംഭാവന നൽകി)

(15) 2020-21 സാമ്പത്തിക വർഷത്തിൽ 47 പുതിയ ശാഖകളും 2021-22 സാമ്പത്തിക വർഷത്തിൽ 12 പുതിയ ശാഖകളും പ്രവർത്തനം ആരംഭിച്ചു.

(16) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് 3980 പേർക്ക് PSC വഴി പുതിയതായി നിയമന ഉത്തരവ് നൽകുകയും 2724 പേരെ നിയമിക്കുകയും ചെയ്തു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി 274 പേർക്ക് നിയമനം നൽകി.

(ബി) 2015-16 കാലഘട്ടത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ടേണോവർ എത്രയായിരുന്നെന്നും നിലവിൽ എത്രയെന്നും വ്യക്തമാക്കുമോ?

2015-16 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ടേണോവർ 28,960 കോടി രൂപയായിരുന്നു. നിലവിൽ കെ.എസ്.എഫ്.ഇ.-യുടെ ടേണോവർ 62,000 കോടി രൂപയാണ്.

(സി) കോവിഡ് പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളെ സംരക്ഷിക്കാനായി കെ.എസ്.എഫ്.ഇ. നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് തിരിച്ചെത്തി ഇവിടെ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവരെ സഹായിക്കാനായി നോർക്ക റൂട്ട്സുമായി ചേർന്ന് പ്രവാസി ഭദ്രത മൈക്രോ സ്കീം (PBMS) എന്ന വായ്പാ പദ്ധതി 25-10-2021 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. പരമാവധി 5 ലക്ഷം രൂപയാണ് ഇതിലൂടെ വായ്പയായി നൽകുന്നത്. പലിശയിൽ സബ്സിഡി 3% കിഴിച്ച് 6% നിരക്കിലാണ് വായ്പ നൽകുന്നത്. പദ്ധതിക്ക് വായ്പാ തുകയുടെ 25% പരമാവധി 1 ലക്ഷം രൂപ വരെയുള്ള സബ്സിഡി മുതലിലും നൽകുന്നുണ്ട്. സബ്സിഡി വഹിക്കുന്നത് നോർക്ക റൂട്ട്സ് വഴി സംസ്ഥാന സർക്കാരാണ്.

(ഡി) കെ.എസ്.എഫ്.ഇ. ചിട്ടികൾക്കും പ്രവാസി ചിട്ടികൾക്കും കഴിഞ്ഞ സർക്കാരും ഈ സർക്കാരും നൽകിവരുന്ന പരിരക്ഷകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

Chit Fund Act 1982 പ്രകാരമാണ് കെ.എസ്.എഫ്.ഇ. ചിട്ടികളും പ്രവാസിചിട്ടികളും നടത്തുന്നത്. അതുപ്രകാരമുള്ള എല്ലാ പരിരക്ഷകളും ഈ

ചിട്ടികൾക്ക് ലഭിക്കുന്നുണ്ട്. ചിട്ടി രജിസ്റ്റർ ചെയ്യുന്നത് സംസ്ഥാന രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലാണ്. പ്രവാസി ചിട്ടിക്കായി പ്രത്യേക രജിസ്ട്രേഷൻ സൗകര്യം സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക പിരിക്കുന്നതിനായി 10 സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർമാരെയും സർക്കാർ നൽകിയിട്ടുണ്ട്. അവരുടെ ചെലവുകൾ കെ.എസ്.എഫ്.ഇ. തന്നെയാണ് വഹിക്കുന്നത്. പ്രവാസി ചിട്ടിയിൽ ചേരുന്ന പ്രവാസികളുടെ പ്രവാസി ക്ഷേമനിധിയിലേയ്ക്കുള്ള പ്രതിമാസ പ്രീമിയം കെ.എസ്.എഫ്.ഇ.-യാണ് വഹിക്കുന്നത്. പ്രതിമാസ ചിട്ടിയിൽ ചേർന്ന് തുക കൈപ്പറ്റിയതിനുശേഷം ചിറ്റാളന് അപ്രതീക്ഷിത മരണം സംഭവിക്കുകയാണെങ്കിൽ പത്ത് ലക്ഷം രൂപ വരെയുള്ള ഭാവി ബാധ്യത കെ.എസ്.എഫ്.ഇ. വഹിക്കുന്നു.

### കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി

97 (4187) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഏപ്രിൽ 2023 മുതൽ വിരമിക്കുന്ന ജീവനക്കാർക്കുവേണ്ടി " KSFE Employees Superannuation Benefit Scheme" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്ന വിഷയം പരിഗണനയിലാണ്.

**വിദ്യാശ്രീ പദ്ധതിയിൽ കെട്ടിക്കിടക്കുന്ന ലാപ്ടോപ്പുകൾ**

98 (4188) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാശ്രീ പദ്ധതി മുഖേന വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം വ്യക്തമാക്കുമോ?

5,00,000 ലാപ്ടോപ്പുകളാണ് വിദ്യാശ്രീ പദ്ധതി മുഖേന വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നത്.

(ബി) പ്രസ്തുത പദ്ധതിവഴി വിതരണം ചെയ്യുന്നതിനായി എത്ര ലാപ്ടോപ്പുകൾക്ക് ഓർഡർ നൽകിയിരുന്നുവെന്നും എത്രയെണ്ണം ലഭിച്ചിട്ടുണ്ടെന്നും ഓർഡർ ചെയ്തതിന്റെയും ലഭിച്ചതിന്റെയും തീയതി അടക്കം വിശദമാക്കുമോ?

ഓർഡർ നൽകിയ ലാപ്ടോപ്പുകളുടെ എണ്ണം – 61981

ലഭിച്ച ലാപ്ടോപ്പുകളുടെ എണ്ണം - 59286

(സി) 2021 ആഗസ്റ്റിൽ പ്രസ്തുത പദ്ധതി പുനഃക്രമീകരിച്ചതിനെ തുടർന്ന് പൊതുവിപണിയിൽനിന്ന് ലാപ്ടോപ്പും ടാബും വാങ്ങിയ ബിൽ ഹാജരാക്കി എത്ര പേർ തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൊതുവിപണിയിൽനിന്നും ലാപ്ടോപ്പും ടാബും വാങ്ങുന്നതിന് 1446 പേർക്ക് പണം നൽകിയിട്ടുണ്ട്.

(ഡി) യഥാസമയം വിതരണം ചെയ്യാൻ സാധിക്കാത്തതുമൂലം ഉപഭോക്താക്കൾ വേണ്ടെന്നുവച്ചതിനെത്തുടർന്ന് എത്ര ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ.-യിൽ കെട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ?

വിവിധ മേഖലാ ഓഫീസുകളിൽ യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതെ 4097 ലാപ്ടോപ്പുകൾ സൂക്ഷിച്ചിട്ടുണ്ട്.

(ഇ) ഉപഭോക്താക്കൾ വേണ്ടെന്നുവച്ച പ്രസ്തുത ലാപ്ടോപ്പുകൾ മറ്റേതെങ്കിലും പദ്ധതിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതിക്ക് എത്ര എണ്ണം കൈമാറിയെന്ന് വിശദമാക്കുമോ?

സർക്കാരിന്റെ വിദ്യാകിരണം പദ്ധതിക്കുവേണ്ടി 45313 ലാപ്ടോപ്പുകൾ കൈമാറിയിട്ടുണ്ട്.

(എഫ്) കെട്ടിക്കിടക്കുന്ന ലാപ്ടോപ്പുകൾ വിൽക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ശേഷിക്കുന്ന ലാപ്ടോപ്പുകളുടെ ഉചിതമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി 25-06-2022-ലെ GO(Rt) No. 504/2022/Taxes പ്രകാരം കമ്പനിയുടെ ആവശ്യങ്ങൾക്കും അതുകഴിച്ച് ബാക്കി വരുന്ന ലാപ്ടോപ്പുകൾ വില ഈടാക്കി ജീവനക്കാർക്ക് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. ചിട്ടി വരിക്കാർക്ക് ഇൻഷുറൻസ്**

99 (4189) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ചിട്ടി വരിക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നിർത്തലാക്കുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ. നേരിട്ട് നടത്തുന്ന അത്യാഹിത പരിരക്ഷാ പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. ആയതുപ്രകാരം 15-02-2021 മുതൽ ചിട്ടിയിൽ ചേർന്നവർ വിളിച്ചെടുത്ത് പണം കൈപ്പറ്റി ദൗർഭാഗ്യവശാൽ മരണപ്പെടുകയാണെങ്കിൽ മരണപ്പെടുന്ന സമയത്ത് വരിക്കാരന്റെ/ വരിക്കാരിയുടെ പ്രായം 40 വയസ്സിന് മുകളിലാണെങ്കിൽ 10 ലക്ഷം രൂപ

വരെയുള്ള മേൽബാധ്യതയും 40 വയസ്സിന് താഴെയാണെങ്കിൽ 25 ലക്ഷം രൂപ വരെയുള്ള മേൽ ബാധ്യതകളും കമ്പനി വഹിച്ചുവരുന്നു.

(ബി) നിശ്ചിത സംഖ്യ പ്രീമിയമായി ഈടാക്കി മരണപ്പെടുന്ന ഇടപാടുകാരുടെ ബാധ്യത തീർക്കുന്നതിന് സഹായകമാകുന്ന രീതിയിൽ ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ?

നിശ്ചിത പ്രീമിയമായി ഈടാക്കി മരണപ്പെടുന്ന ഇടപാടുകാരുടെ ബാധ്യത തീർക്കുന്ന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പയ്യന്നൂർ പാടിച്ചാലിൽ പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്**

100 (4190) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ-ക്ക് കൂടുതൽ ബ്രാഞ്ചുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ.-യുടെ വിഷൻ 2025 പ്രകാരം, 2025-ാം ആണ്ടിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖാ ശൃംഖല 1000 ശാഖകളാക്കി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. അതനുസരിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ 83 ശാഖകൾ തുറക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ പാടിച്ചാലിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് പുതിയ ബ്രാഞ്ച് അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ. ഡയറക്ടറിൽനിന്നും ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കെ.എസ്.എഫ്.ഇ.-യിൽനിന്ന് സർക്കാർ കടമെടുത്ത തുക**

101 (4191) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-നുശേഷം ഓരോ വർഷവും സർക്കാർ എത്ര കോടി രൂപ കെ.എസ്.എഫ്.ഇ.-യിൽനിന്ന് കടമെത്തിട്ടുണ്ടെന്നും ആയത് ആകെ എത്രയാണെന്നും വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ യിൽനിന്നും സർക്കാർ കടമെടുത്തിട്ടില്ല.

**അനന്തരാവകാശ സർട്ടിഫിക്കറ്റിലെ തുക പരിധി**

102 (4192) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഹസിൽദാർ നൽകുന്ന തുക പരിധി സാക്ഷ്യപ്പെടുത്തിയ അനന്തരാവകാശ സർട്ടിഫിക്കറ്റ് പരിഗണിച്ച് കേരള സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടറേറ്റിന് മരണപ്പെട്ടവരുടെ അനന്തരാവകാശിക്ക് അവകാശപ്പെട്ട നഷ്ടപരിഹാരത്തുക നൽകാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുക രേഖപ്പെടുത്താത്ത അനന്തരാവകാശ സർട്ടിഫിക്കറ്റ് തഹസിൽദാർ നൽകുന്നില്ലെന്ന കാരണത്താൽ ക്ലെയിം ലഭിക്കാത്തവർക്ക് ക്ലെയിം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തഹസിൽദാർ നൽകുന്ന തുക പരിധി സാക്ഷ്യപ്പെടുത്തിയ അനന്തരാവകാശ സർട്ടിഫിക്കറ്റ് പരിഗണിച്ച്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നടത്തുന്ന സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI) പദ്ധതിയിൽനിന്നും അനന്തരാവകാശികൾക്ക് നഷ്ടപരിഹാരത്തുക നൽകാൻ കഴിയാത്ത പോളിസികളുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള പകരം സംവിധാനമേർപ്പെടുത്താൻ സംസ്ഥാന ഇൻഷുറൻസ് വകുപ്പ് സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് 25-10-2021-ലെ സ.ഉ(പി).നം.140/2021/ധന പ്രകാരം പകരം ക്രമീകരണമേർപ്പെടുത്തിയിട്ടുണ്ട്. സമാനമായി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ്

ഇൻഷ്വറൻസ് പദ്ധതിയിൽ (GPAIS) നിന്നുള്ള ക്ലെയിം തുക അവകാശികൾക്ക് നൽകുന്നതിന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി**

103 (4193) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി കൃത്യമായി പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുപകരം നികുതിഭാരം കൂട്ടുന്നതിനാണ് സർക്കാരിന് താല്പര്യമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നികുതി കൃത്യമായി പിരിച്ചെടുക്കാനും പൊതുജനങ്ങളുടെമേൽ ചുമത്താനുദ്ദേശിക്കുന്ന നികുതി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജി.എസ്.ടി.-ക്ക് മുമ്പുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ആംനസ്റ്റി പദ്ധതി

നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ, ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ പ്രൊഫഷണലാക്കി മാറ്റുന്നതിനായി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും പരിശോധിച്ചുവരുന്നു.

ജി.എസ്.ടി.-യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ചു ശതമാനമാകത്തക്ക വിധത്തിലായിരുന്നു. വാറ്റ് സമ്പ്രദായത്തിൽ ഇത് 14.5% ആയിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി നിരക്കുകളിൽ കുറവുവരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്നു ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി. വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി സമ്പ്രദായത്തിൽ

സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിരക്കിൽ നിലവിൽ തീരുമാനമെടുക്കുന്നത് കേന്ദ്ര ധനകാര്യമന്ത്രിയും എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ മന്ത്രിമാരുമുൾപ്പെടുന്ന ജി.എസ്.ടി. കൗൺസിലാണ്.

## നിയമ വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം

104 (4194) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ നിർമ്മാണത്തിനായി ഭരണഘടനാപരമായ വിഷയങ്ങൾ ഉൾപ്പെടെ പരിശോധിച്ച് ബില്ലാക്കി നിയമസഭയിലെത്തിക്കുന്ന നിയമ വകുപ്പിലെ ജീവനക്കാർക്ക് കാലോചിതമായി പരിശീലനം നൽകാറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പരിശീലനം നൽകാറുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലെജിസ്ലേറ്റീവ് ഡ്രാഫ്റ്റിംഗ് & റിസർച്ച്, ബ്യൂറോ ഓഫ് പാർലമെന്ററി സ്റ്റഡീസ് & ട്രെയിനിംഗ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (കേരള) എന്നീ സ്ഥാപനങ്ങൾ മുഖേന നിയമ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയമനിർമ്മാണത്തിൽ പരിശീലനം

നൽകിവരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം നിയമ വകുപ്പിന് പരിശീലനങ്ങൾക്കായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 10 ലക്ഷം രൂപ ഗവൺമെന്റ് പ്ലീഡർമാരുടെ പരിശീലനത്തിനായും ബാക്കി 10 ലക്ഷം രൂപ വകുപ്പുതല പരിശീലനത്തിനുമായാണ് വിനിയോഗിക്കുന്നത്. 2022 ജൂലൈ 15-ന് പരിശീലന പരിപാടി ആരംഭിക്കുകയാണ്.

(ബി) അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള എത്രപേർക്കാണ് ഇത്തരം പരിശീലനം നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

നിലവിൽ നിയമ വകുപ്പിലെ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ ജോലിചെയ്യുന്നവരിൽ 29 പേർ ഇത്തരം പരിശീലനം ലഭിച്ചിട്ടുള്ളവരാണ്. ഇവരിൽ നിയമ വകുപ്പിലെ 2 സ്പെഷ്യൽ സെക്രട്ടറിമാരും 7 അഡീഷണൽ നിയമ സെക്രട്ടറിമാരും 2 ജോയിന്റ് സെക്രട്ടറിമാരും 10 ഡെപ്യൂട്ടി സെക്രട്ടറിമാരും 2 അണ്ടർ സെക്രട്ടറിമാരും 5 സെക്ഷൻ ഓഫീസർമാരും ഒരു അസിസ്റ്റന്റും ഉൾപ്പെടുന്നു.

## മനുഷ്യാവകാശ കമ്മീഷനിലെ നിയമനങ്ങൾ

105 (4195) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ തയ്യാറാകുമോ; വിശദാംശം വെളിപ്പെടുത്തുമോ?

സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ താൽക്കാലിക ജീവനക്കാർ തുടർന്നുവരുന്ന ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക നൽകാൻ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് 28-06-2022-ൽ 93/എ 2/21/എച്ച്.ആർ.സി നമ്പർ പ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽനിന്നും കത്ത് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിലവിൽ താൽക്കാലിക ജീവനക്കാർ തുടരുന്ന ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ് തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത് എന്തെങ്കിലും മത്സര പരീക്ഷയുടെയോ ഇന്റർവ്യൂവിന്റെയോ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കുമോ; സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ

നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ താൽക്കാലിക ജീവനക്കാർ തുടരുന്ന ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ് തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത് മത്സരപരീക്ഷയുടേയോ ഇന്റർവ്യൂവിന്റേയോ അടിസ്ഥാനത്തിലല്ല. മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാർക്കും കോ-ടെർമിനസ് ജീവനക്കാർക്കും ശമ്പള പരിഷ്കരണം അനുവദിച്ചുകൊണ്ട് നിയമ വകുപ്പിൽനിന്നും പുറപ്പെടുവിച്ച 21-06-2022-ലെ സ.ഉ (അ)11/2022/നിയമം നമ്പർ സർക്കാർ ഉത്തരവിൽ " കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ എല്ലാ നിയമനങ്ങളും (റഗുലർ, കരാർ, ദിവസക്കൂലി) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ നിയമനകാര്യത്തിലുള്ള ഈ നിബന്ധന കോ-ടെർമിനസ് നിയമനങ്ങൾക്ക് ബാധകമാക്കേണ്ടതില്ലെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

(സി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത് മുതൽ താൽക്കാലിക ജീവനക്കാരായി തുടരുന്നവരുടെ വിശദാംശവും ഏത്

ഹെഡിൽനിന്നാണ് അവർക്ക് ശമ്പളം നൽകിയിട്ടുള്ളതെന്നും നിലവിൽ ഏത് ഹെഡിൽനിന്നാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ?

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നതുമുതൽ ഡ്രൈവർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ താൽക്കാലിക ജീവനക്കാർ വിവിധ കാലഘട്ടങ്ങളിലായി ജോലി ചെയ്തുവരുന്നു. എന്നാൽ കമ്മീഷൻ നിലവിൽ വന്നതുമുതൽ തുടർച്ചയായി താൽക്കാലിക ജീവനക്കാരായിരിക്കുന്നവരില്ല. താൽക്കാലിക ജീവനക്കാർക്ക് 2018 ഫെബ്രുവരി മാസം വരെ സാലറി ഹെഡിൽനിന്നും ശമ്പളം നൽകിയിട്ടുള്ളതാണ്. നിലവിൽ നോൺ സാലറി ഹെഡ്ഡിൽനിന്നാണ് താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകി വരുന്നത്.

**ജില്ല പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം**

106 (4196) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നിയമിച്ച ജില്ല പബ്ലിക് പ്രോസിക്യൂട്ടർമാർ, അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരെ മൂന്ന്

വർഷം കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് പിരിച്ചുവിട്ട് പുതിയ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ?

1978-ലെ Kerala Government Law Officers (Appointment & Conditions of Service) and Conduct of Cases Rules പ്രകാരം മൂന്ന് വർഷത്തേയ്ക്കോ അല്ലെങ്കിൽ 60 വയസ്സ് തികയുന്നതുവരെയോ ഇവയിലേതാണോ ആദ്യം അതുവരെ ആണ് ജില്ലാ ഗവൺമെന്റ് പ്ലീഡർ ആൻഡ് പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആൻഡ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരെ നിയമിക്കുന്നത്. അപ്രകാരം കാലാവധി പൂർത്തിയാക്കുന്നമുറയ്ക്ക് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അങ്ങനെയുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുകയാണ് ചെയ്യുന്നത്.

(ബി) പ്രധാനപ്പെട്ട പല കേസുകളിലും പ്രോസിക്യൂഷന്റെ വീഴ്ചമൂലം കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം എത്ര കേസുകളാണ് ഇപ്പോൾ പരിശോധിക്കുന്നത്; അത്തരം കേസുകളിൽ പ്രോസിക്യൂഷനിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കാൻ നടപടി

107 (4197) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ സംബന്ധിച്ച് അവസാനമായി പഠനം നടത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ ഏതൊക്കെ നടപ്പാക്കാനുണ്ടെന്ന് വിശദമാക്കാമോ?

കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതുസംബന്ധിച്ചുമുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായി സർക്കാർ 09-03-2017-ലെ സ.ഉ.(എം.എസ്) നം. 45/2017/നിയമം പ്രകാരം ബഹുമാനപ്പെട്ട ജസ്റ്റിസ് (റിട്ട.) കെ.റ്റി. തോമസ്

ചെയർമാനായി കേരള നിയമ പരിഷ്കരണ കമ്മിഷൻ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്നുവരികയുമാണ്. കേരള നിയമ പരിഷ്കരണ കമ്മിഷൻ നാളിതുവരെ 18 റിപ്പോർട്ടുകളിലായി 24 ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

നിലവിലെ നിയമ പരിഷ്കരണ കമ്മിഷൻ കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് THE KERALA REPEALING AND SAVING BILL, 2021 എന്ന കരട് ബിൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും അത് നിയമനിർമ്മാണം നടത്തുന്നതിനുള്ള തുടർ നടപടികളിലുമാണ്.

**കമ്മിഷൻ സർക്കാരിന് സമർപ്പിച്ച ശിപാർശകൾ/റിപ്പോർട്ടുകളിലെ കരട് ബില്ലുകൾ**

1. THE KERALA VEXATIOUS LITIGATION (PREVENTION) BILL, 2018

2. THE KERALA KHADI AND VILLAGE INDUSTRIES BOARD (AMENDMENT) BILL, 2018

3. THE KERALA NURSES AND MIDWIVES (AMENDMENT) BILL, 2018

4. THE TRAVANCORE COCHIN PUBLIC HEALTH (AMENDMENT) BILL, 2018

5. THE KERALA PREVENTION AND ERADICATION OF INHUMAN EVIL PRACTICES, SORCERY AND BLACK MAGIC BILL, 2019

6. THE KERALA REGULATION OF PROCEDURE FOR PREVENTING PERSON TO PERSON TRANSMISSION OF INFECTIOUS ORGANISMS BILL, 2019

7. THE KERALA EMERGENCY MEDICAL CARE AND PROTECTION OF GOOD SAMARITANS BILL, 2019

8. THE PREVENTION OF DAMAGE TO PUBLIC PROPERTY (KERALA AMENDMENT) BILL, 2019

9. THE KERALA CHRISTIAN CEMETERIES (RIGHT TO BURIAL OF CORPSE) BILL, 2019

10. THE MALABAR HINDU RELIGIOUS AND CHARITABLE INSTITUTIONS AND ENDOWMENTS BILL, 2020

11. THE KERALA CHRISTIAN MARRIAGE REGISTRATION BILL, 2020

12. THE KERALA PROTECTION FROM LYNCHING BILL, 2020

13. THE KERALA PREVENTION OF FRAUD BILL, 2020

14. THE KERALA PROTECTION OF RIGHT, TITLE AND INTEREST OF PARISH CHURCH PROPERTIES AND RIGHT OF WORSHIP OF THE MEMBERS OF MALANKARA CHURCH BILL, 2020

15. THE KERALA RESIDENTS' ASSOCIATIONS (REGISTRATION AND REGULATION) BILL, 2021

16. THE KERALA DOMESTIC WORKERS (REGULATION AND WELFARE) BILL, 2021

17. THE KERALA REPEALING AND SAVING BILL, 2021

18. THE KERALA CHURCH (PROPERTIES AND INSTITUTIONS) BILL, 2021

19. THE KERALA LITERARY, SCIENTIFIC, EDUCATIONAL AND CHARITABLE SOCIETIES REGISTRATION BILL, 2022

20. THE KERALA STATE COMMISSION FOR ECONOMICALLY WEAKER SECTIONS IN GENERAL CATEGORY BILL, 2022

**നിലവിലെ ചട്ടങ്ങളിൽ ഭേദഗതിക്കുള്ള ശിപാർശകൾ**

1. THE KERALA PLACES OF PUBLIC RESORT (AMENDMENT) RULES, 2018

2. THE KERALA HABITUAL OFFENDERS (AMENDMENT) RULES, 2018

3. THE KERALA FISHERMEN WELFARE SOCIETIES (DETERMINATION OF STRENGTH OF COMMITTEES AND CONDUCT OF ELECTION) RULES, 2018

4. THE KERALA DOCUMENT WRITERS LICENCE (AMENDMENT) RULES, 2018

കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിക്കുന്ന കരട് ബില്ലുകൾ, കരട് ചട്ടങ്ങൾ തുടങ്ങിയവ ഉൾപ്പെട്ട ശിപാർശകൾ/റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും പ്രസ്തുത വകുപ്പുകൾ കമ്മീഷന്റെ ശിപാർശകളിന്മേൽ അനന്തര നടപടികൾ കൈക്കൊള്ളുകയുമാണ് ചെയ്തുവരുന്നത്. കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ശിപാർശകളിലുൾപ്പെട്ട THE KERALA CHRISTIAN CEMETERIES (RIGHT TO BURIAL OF CORPSE) BILL, 2019 എന്ന കരട് ബിൽ THE KERALA RIGHT TO BURIAL OF CORPSE IN CHRISTIAN (MALANKARA ORTHODOX- JACOBITE) CEMETERIES ACT, 2020 (Act I of 2020) എന്ന പേരിൽ നിയമമായിട്ടുണ്ട്. കമ്മീഷൻ സമർപ്പിച്ച മറ്റ് ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ശിപാർശകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) കാലാനുസൃതമായി പ്രസക്തിയില്ലാത്ത നിയമങ്ങൾ നിർത്തലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് പുതിയൊരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കാലാനുസൃതമായി പ്രസക്തിയില്ലാത്ത നിയമങ്ങൾ നിർത്തലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് ബഹുമാനപ്പെട്ട ജസ്റ്റിസ് (റിട്ട.) കെ.റ്റി.

തോമസ് ചെയർമാനായി കേരള നിയമ പരിഷ്കരണ കമ്മിഷൻ ഇപ്പോൾ പ്രവർത്തിച്ചുവരികയാണ്.

## നിയമ നിർമ്മാണത്തിന് പരിശീലനം

108 (4198) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമ വകുപ്പ് ജീവനക്കാർക്ക് നിയമ നിർമ്മാണത്തിന് പരിശീലനം നൽകാനായി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നിയമ വകുപ്പ് ജീവനക്കാർക്ക് നിയമ നിർമ്മാണത്തിന് പരിശീലനം നൽകാനായി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുദ്ദേശിക്കുന്നില്ല.

(ബി) ലെജിസ്ലേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ലെജിസ്ലേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് സംബന്ധിച്ച് പ്രൊപ്പോസലൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ നവീകരണം.**

109 (4199) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ക്വയിലോൺ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആദ്യഘട്ട നവീകരണത്തിന്റെ ഭാഗമായി 30.94 കോടി രൂപ മുടക്കി 7296 സ്പിൻഡിൽ സ്ഥാപിക്കുകയും നവീകരിച്ച സ്പിന്നിംഗ് ഡിപ്പാർട്ട്മെന്റ് പ്രവർത്തിച്ചുവരികയുമാണ്. ആദ്യഘട്ട നവീകരണം പൂർത്തിയാക്കുന്നതിനായി 2021-2022 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് മില്ലിൽ 4 വൈൻഡിംഗ് മെഷീനുകളും മറ്റ് അനുബന്ധ മെഷീനുകളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ ?

മില്ലിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലും 7296 സ്പിൻഡിൽ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. ആയതിലേയ്ക്ക് 2022-2023 വാർഷിക ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും പ്രസ്തുത തുകയ്ക്കുള്ള ഭരണാനുമതി നൽകികൊണ്ട് തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൈത്തറി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ**

110 (4200) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കൈത്തറി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി

അടിസ്ഥാന സൗകര്യവികസന സഹായം എന്ന നിലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ കൈത്തറി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന സഹായത്തിനായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം**

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ അംഗങ്ങളിൽ നിന്നുമുള്ള ഓഹരി തുകയുടെ (Paid up share Capital) നിശ്ചിത മടങ്ങ് (ജനറൽ വിഭാഗത്തിന് 2 മടങ്ങ്, വനിത വിഭാഗത്തിന് 3 മടങ്ങ്, എസ്.സി/ എസ്.ടി വിഭാഗങ്ങൾക്ക് 5 മടങ്ങ്) സർക്കാർ ഓഹരിയായി നിക്ഷേപിക്കുന്നതാണ് സർക്കാർ ഓഹരി പങ്കാളിത്തം. ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ്/പ്രവർത്തന മൂലധനം എന്നിവയ്ക്കായി പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത ധനസഹായം തുക ലഭിച്ച് 15 വർഷം കഴിഞ്ഞ് 10 തുല്യഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ ലഭിക്കും.

**കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സഹായ പദ്ധതി**

കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവന ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ സംരംഭം. ഈ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപം, പ്രവർത്തന മൂലധനം, പരിശീലനം, വിപണനം എന്നിവയ്ക്കായി സംരംഭകർക്ക് മാർജിൻമണി ഗ്രാന്റ് നൽകി പുതിയ സംരംഭം ആരംഭിക്കുന്നതിന് സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം പദ്ധതി ചെലവിന്റെ 40% പരമാവധി 4 ലക്ഷം രൂപ വരെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി 1.50 ലക്ഷം രൂപ വരെയും ധനസഹായമായി അനുവദിക്കുന്നു. സംരംഭകർ 10-ാം ക്ലാസ്സ് പാസ്സായവരും കൈത്തറി, നെയ്ത്ത് മേഖലയിൽ പരിചയ സമ്പന്നരുമായിരിക്കണം. കൈത്തറി, നെയ്ത്ത് മേഖലയിൽ 10 വർഷത്തിൽ കൂടുതൽ പരിചയമുള്ളവർ, ഹാന്റ്ലൂം അല്ലെങ്കിൽ ടെക്സ്റ്റൈൽ ടെക്നോളജിയിൽ ഡിപ്ലോമ/ഡിഗ്രി ഉള്ള സംരംഭകർക്ക് മുൻഗണന നൽകിവരുന്നു.

**യുവ വീവ്**

18-40 വയസ്സുവരെ പ്രായമുള്ളവരും നെയ്ത്തിൽ പരിചയം ലഭിച്ചിട്ടില്ലാത്തതുമായ യുവതീയുവാക്കളെ കണ്ടെത്തി പരിശീലനവും സ്വന്തമായി തറിയും നൽകി നെയ്ത്തുകാരാക്കുകയെന്നതാണ് യുവ വീവ് പദ്ധതിയുടെ ലക്ഷ്യം. 6 മാസക്കാലയളവിൽ ആദ്യ 3 മാസം സ്റ്റൈപന്റോടുകൂടി പരിശീലനവും തുടർന്ന് 3 മാസം സ്റ്റൈപന്റും വേതനവും ചേർത്ത് നൽകുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. താൽപര്യമുള്ളവർക്ക് 5 വർഷംവരെ തൊഴിൽ സംരംക്ഷണവും ഉറപ്പുവരുത്തുന്നു.

**തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും നവീകരിക്കുന്നതിനുമുള്ള സഹായ പദ്ധതി**

നെയ്ത്തുപകരണങ്ങളായ അച്ച് (റീഡ്), വിഴുത് (ഹീൽസ്) ഓടം (ഷട്ടിൽ) എന്നിവ മാറ്റിസ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും തറി ഒന്നിന് പരമാവധി 10,000/- രൂപ നൽകുന്നു.

(ബി) കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം സർക്കാർ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇത് കൈത്തറി, ഹാന്റക്സ്, ഹാൻവീവ് മേഖലയുടെ മുന്നേറ്റത്തിന് എങ്ങനെയെല്ലാം സഹായകമാകുന്നുണ്ട്; വിശദമാക്കാമോ?

കൈത്തറി, നെയ്ത്ത് സഹകരണ സംഘങ്ങൾക്കുവേണ്ടി സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്ന 'സർക്കാർ ഓഹരി പങ്കാളിത്തം' (Government Share Participation) എന്ന പദ്ധതി നിലവിലുണ്ട്. സംഘങ്ങളുടെ പെയ്ഡ് അപ് ഷെയർ ക്യാപിറ്റലിന്റെ 2 മുതൽ 5 മടങ്ങ് വരെ നിലവിൽ സർക്കാർ ഓഹരി പങ്കാളിത്തമായി നൽകുന്നുണ്ട്. പ്രാഥമിക കൈത്തറി സംഘങ്ങൾക്കും, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. സംഘങ്ങളുടെ ആസ്തികൾ, പ്രവർത്തന മൂലധനം എന്നിവയുടെ ആവശ്യങ്ങൾക്കായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. അപ്രകാരം കൈത്തറി, ഹാന്റക്സ്, ഹാൻവീവ് മേഖലകളുടെ മുന്നേറ്റത്തിന് ഇത് സഹായകരമാകുന്നുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾ/ഹാന്റക്സ്/ഹാൻവീവ് എന്നിവയ്ക്കായി യഥാക്രമം 84 ലക്ഷം രൂപ, 225 ലക്ഷം രൂപ, 175 ലക്ഷം രൂപ എന്നിങ്ങനെ ഓഹരി പങ്കാളിത്തയിനത്തിൽ ഈ സാമ്പത്തിക വർഷ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഹാന്റക്സിനും ഹാൻവീവിനും ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുമുണ്ട്.

"സർക്കാർ ഓഹരി പങ്കാളിത്തം" പദ്ധതി ഹാന്റക്സിന്റെയും ഹാൻവീവിന്റെയും പ്രവർത്തന മുന്നേറ്റത്തിന് സഹായകരമാകുന്നുണ്ട്.

ടി പദ്ധതിക്കായി മുൻവർഷങ്ങളിൽ അനുവദിച്ച തുക ഉപയോഗിച്ച് ഹാന്റക്സിന് നവീന ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്താനും പെരിന്തൽമണ്ണ ഷോറൂം നവീകരിക്കാനും സാധിച്ചിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം സർക്കാർ ഓഹരി പങ്കാളിത്തം പദ്ധതിയിൻകീഴിൽ ഹാൻവീവിന് ഭരണാനുമതി ലഭിച്ച തുക ഉപയോഗിച്ച് ഹാൻവീവിൽ കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നമുറയ്ക്ക് ഹാൻവീവിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കും.

(സി) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്?

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനായി യാൺ ബാങ്കുകൾക്ക് മാർജിൻ മണി വായ്പ നൽകിവരുന്നു. കൈത്തറി, നെയ്ത്ത് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി യാൺ ബാങ്കുകൾക്കും മറ്റ് പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾക്കും അംഗീകൃത മാനദണ്ഡപ്രകാരം യാൺ സബ്സിഡി, ഡൈസ് ആൻഡ് കെമിക്കൽ സബ്സിഡി എന്നിവയും നൽകിവരുന്നു. കൈത്തറി മേഖലയിലെ പ്രധാന അസംസ്കൃത വസ്തുവായ

കോട്ടൺ ലഭ്യമാക്കുന്നതിന് നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി) സഹായത്താൽ കോട്ടൺ സംഭരണത്തിനായി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഹാന്റ്ലൂം സുരക്ഷാ സ്കീം പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

5000 തറികളുൾപ്പെടുത്തി ഗുണനിലവാരമുള്ള പരമ്പരാഗത ഉല്പന്നങ്ങളുടെ ഉല്പാദനം, ശേഖരണം, വിപണനം എന്നിവ മെച്ചപ്പെടുത്തുക, അസംസ്കൃത വസ്തുക്കൾ നെയ്ത്തുകാർക്ക് മുൻകൂട്ടി നൽകി ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് ഉപഭോക്താക്കൾക്ക് നൽകുക, അതിലൂടെ നെയ്ത്തുകാർക്ക് മെച്ചപ്പെട്ട കൂലി നൽകുക എന്നതാണ് കൈത്തറി സുരക്ഷാ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ പുതിയ ബ്രാൻഡുകളിൽ പ്രീമിയം ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക, പുതിയ ഡിസൈനുകൾ അവതരിപ്പിക്കുക, ജ്യോഗ്രഫിക്കൽ ഇൻഡക്സ് ടാഗ് ലഭിച്ചിട്ടുള്ള പരമ്പരാഗത കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, യുവതലമുറ ഉപഭോക്താക്കൾക്കുവേണ്ടി സിൽക്ക്, ലിനൻ, ജൂട്ട് മുതലായവ ഉപയോഗിച്ചുള്ള വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുക എന്നിവയും കൈത്തറി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു. പ്രീമിയം തുണിത്തരങ്ങളുടെ

ഉല്പാദനത്തിലൂടെ നെയ്ത്തുകാർക്ക് ഉയർന്ന വേതനം ഉറപ്പാക്കുന്നതിനോടൊപ്പം ഏറ്റവും ഗുണമേന്മയുള്ള കൈത്തറി ഉല്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുകയെന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യം

111 (4201) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

വേമ്പനാട് കായലിൽനിന്നും ഖനനം ചെയ്യുന്നതിന് നിരോധനം വന്നതിനാൽ 2015 മുതൽ മുഖ്യ അസംസ്കൃത വസ്തുവായ വെള്ള കക്ക ലഭ്യമല്ലാതായ സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന ക്ലിങ്കർ ഉപയോഗിച്ചാണ് നിലവിൽ സിമന്റ് ഉല്പാദിപ്പിച്ച് വരുന്നത്. രണ്ടായിരമാണ്ടുമുതൽ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം വിപണിയിലെ കടുത്ത മത്സരംമൂലം വില്പന കുറഞ്ഞതിനാലും അസംസ്കൃത വസ്തുവായ ക്ലിങ്കറിന്റെ വിലയിൽ വരുന്ന വർദ്ധനമൂലവും ദൈനംദിന

ആവശ്യങ്ങൾക്കായി വേണ്ട പ്രവർത്തനമൂലധനത്തിന്റെ കടുത്ത അപര്യപ്തത നേരിട്ടുവരുന്നതിനാലാണ് വിരമിക്കുന്ന ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിന് താത്കാലിക തടസ്സം നേരിട്ടിട്ടുള്ളത്.

(ബി) എത്ര ജീവനക്കാർക്കാണ് ഇനിയും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാനുള്ളതെന്നും ഏത് വർഷം മുതലുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങളാണ് കുടിശ്ശികയായിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

104 പേർക്ക് ഗ്രാറ്റുവിറ്റി നൽകാനുണ്ട്. അതിൽ 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ വിരമിച്ച 38 പേർക്ക് അർഹമായ ഗ്രാറ്റുവിറ്റിയുടെ പകുതി തുക നൽകിയിട്ടുണ്ട്. 2020 ഏപ്രിൽ മുതൽ 2022 ജൂൺ മാസം വരെ വിരമിച്ച 66 പേർക്ക് മുഴുവൻ ഗ്രാറ്റുവിറ്റി തുകയും നൽകാനുണ്ട്.

(സി) ഇത് എത്രയുംവേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കമ്പനിയുടെ പുനരുദ്ധാരണത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി നിലവിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക

ഉൾപ്പെടെയുള്ള ബാധ്യതകൾ കൊടുത്തുതീർക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്

**പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണം**

112 (4202) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി സമഗ്രമായ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വ്യവസായ മേഖലയെയും അക്കാദമിക് സ്ഥാപനങ്ങളെയും കൂട്ടിയിണക്കി പൊതുമേഖല വ്യവസായ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ & ബി) ഉണ്ട്.

(സി) പൊതുമേഖല സ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമേഖല സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഓരോ സ്ഥാപനത്തിന്റെയും വാർഷിക കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് യഥാസമയം നടത്തുന്നതിന് ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

- വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ആഡിറ്റുകളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി ഡയറക്ടർ ബോർഡ് തലത്തിൽ ആഡിറ്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

- എല്ലാ സ്ഥാപനങ്ങളിലും മാനുവൽ അക്കൗണ്ടിംഗ് സമ്പ്രദായം ഒഴിവാക്കി ഇലക്ട്രോണിക് സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- പൊതുമേഖല സ്ഥാപനങ്ങൾ ആഡിറ്റ് പൂർത്തീകരിച്ചതിനുശേഷം മാത്രമേ വാർഷിക പൊതുയോഗം നടത്താൻ പാടുള്ളൂയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് യഥാസമയം ബോർഡ്

മീറ്റിംഗിൽ വയ്ക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

- ആഡിറ്റ് പൂർത്തിയാക്കുന്നതിന്റെ പുരോഗതിയുടെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാർ ധനസഹായം അനുവദിക്കുന്നത് പരിഗണിക്കുകയുള്ളൂയെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

- ഓരോ പൊതുമേഖല സ്ഥാപനവും എല്ലാ മാസവും ഉണ്ടാകുന്ന വരവ് ചെലവ് കണക്കുകൾ മാസാവസാനം തയ്യാറാക്കി മാനേജിംഗ് ഡയറക്ടറും ധനകാര്യ മേധാവിയും അംഗീകരിച്ച് വാർഷിക പ്രൊവിഷണൽ അക്കൗണ്ട്സ് തയ്യാറാക്കി ആഡിറ്റിന് വിധേയമാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

- കമ്പനി മേധാവികളുടെയും ധനകാര്യ വകുപ്പ് മേധാവികളുടെയും വാർഷിക പെർഫോമൻസ് റേറ്റിംഗ് നടത്തുമ്പോൾ ആഡിറ്റിന്റെ പുരോഗതിയുംകൂടി കണക്കിലെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) പൊതുമേഖല സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം നൽകുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനികവത്കരണത്തിനുമായുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെഎസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി, ഐ.എ.എസ്., ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന മികവും അവയുടെ വികസനത്തിനുള്ള ഭാവി സാധ്യതകളും മുൻനിർത്തി ഓരോ തലത്തിലും ഉത്തരവാദിത്വം ഉറപ്പുവരുത്തിക്കൊണ്ട് അവയുടെ പ്രവർത്തനങ്ങളിൽ സ്വയംഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് സമിതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്ക്**

113 (4203) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഓരോ പൊതുമേഖല സ്ഥാപനത്തിന്റെയും 2021-22 സാമ്പത്തിക വർഷത്തെ ലാഭനഷ്ട

കണക്കുകൾ വിശദമാക്കുമോ?

വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരമുള്ള ലാഭനഷ്ട കണക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## പൊതുമേഖല, സ്വയംഭരണ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിലെ മേധാവികൾ

114 (4204) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല, സ്വയംഭരണ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിൽ 60 വയസ്സ് കഴിഞ്ഞ എത്ര എം.ഡി/സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുണ്ട്; ഏതൊക്കെ സ്ഥാപനങ്ങളിലെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖല, സ്വയംഭരണ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിൽ 65 വയസ് കഴിഞ്ഞ എത്ര എം.ഡി/സെക്രട്ടറി/ചീഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സിക്യൂട്ടീവ് ഓഫീസർമാരുണ്ട്; ഏതൊക്കെ സ്ഥാപനങ്ങളിലെന്ന് വ്യക്തമാക്കാമോ?

(എ & ബി) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖല, സ്വയംഭരണ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിൽ 60/65 വയസ്സ് കഴിഞ്ഞ എം.ഡി/സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) 06-11-2021, 18-03-2022 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമേഖല, സ്വയംഭരണ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിൽ എം.ഡി/സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ പ്രായപരിധി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകളോ ചട്ട ഭേദഗതികളോ കമ്പനി തീരുമാനങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ്; വിശദാംശം നൽകുമോ?

ആസൂത്രണ സാമ്പത്തികകാര്യ (ബി. പി. ഇ) വകുപ്പിന്റെ 06-11-2021 -ലെ ഉത്തരവുപ്രകാരം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖല സ്ഥാപനങ്ങളുൾപ്പെടെ മറ്റ് കോർപ്പറേഷനുകൾ, സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ, സെക്രട്ടറി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 65 വയസ്സായി പുതുക്കി നിശ്ചയിച്ചിരുന്നു. അതിനുശേഷം പുറപ്പെടുവിച്ച 18-03-2022-ലെ ഉത്തരവനുസരിച്ച് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖല സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റ് കോർപ്പറേഷനുകൾ, സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിലെയും മാനേജിംഗ് ഡയറക്ടർ, സെക്രട്ടറി, ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായ പരിധി 70 വയസ്സായി പുതുക്കി നിശ്ചയിച്ചു.

**പൊതുമേഖല സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനം**

115 (4205) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യവസായ വകുപ്പിനുകീഴിലുള്ള ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി.-ക്ക് വിടാൻ സർക്കാർ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) നിയമനം പി.എസ്.സി.-ക്ക് വിടാത്ത ഏതെല്ലാം സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) വ്യവസായ വകുപ്പിനുകീഴിലുള്ള ഭൂരിഭാഗം പൊതുമേഖല സ്ഥാപനങ്ങളിലെയും മാനേജീരിയൽ/ടെക്നിക്കൽ തസ്തികകൾ ഒഴികെയുള്ള

തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെയും പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്താത്ത സ്ഥാപനങ്ങളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു+. പി.എസ്.സി.-ക്ക് വിട്ടിട്ടില്ലാത്ത തസ്തികകളിൽ കമ്പനിതലത്തിൽ നടന്നുവരുന്ന നിയമനങ്ങൾ ഏകീകരിക്കുന്നതിനും ഈ നിയമനങ്ങളിലുള്ള സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനുമായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓർഡിനൻസ് പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും പി.എസ്.സി. മുഖേനയല്ലാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾ പ്രസ്തുത ബോർഡ് വഴി നടത്ത ാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) നിയമനം പി.എസ്.സി.-ക്ക് വിടാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പനിതലത്തിൽ നടന്നുവരുന്ന നിയമനങ്ങളിൽ പി.എസ്.സി. നിഷ്കർഷിച്ചിരിക്കുന്ന സംവരണ വ്യവസ്ഥകൾ പാലിക്കണമെന്ന് 05-01-2013-ലെ സ.ഉ. (സാധാ) നം. 31/2013/വ്യവ. പ്രകാരം കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

116 (4206) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഇവയിൽ ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) 2011-16 കാലത്തും 2016-21 സർക്കാരിന്റെ കാലത്തും പൊതുമേഖലാ സ്ഥാപനങ്ങൾക്കുണ്ടായ ലാഭനഷ്ട കണക്കുകൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ 2011-16 കാലയളവിൽ 10 സ്ഥാപനങ്ങളായിരുന്നു ലാഭത്തിൽ പ്രവർത്തിച്ചത്. പ്രസ്തുത കാലയളവിൽ ടി സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തനലാഭം 10.79 കോടി രൂപയും മൊത്തം വിറ്റുവരവ് 2897.23 കോടി രൂപയുമായിരുന്നു.

2016-21 കാലയളവിലെ അവസാന സാമ്പത്തിക വർഷമായ 2020-21-ൽ 16 സ്ഥാപനങ്ങ്ളായിരുന്നു പ്രവർത്തനലാഭം കൈവരിച്ചത്. പ്രസ്തുത കാലയളവിൽ ടി സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തനലാഭം 47.01 കോടി രൂപയും മൊത്തം വിറ്റുവരവ് 3303.97 കോടി രൂപയുമായിരുന്നു.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ആരംഭിച്ച പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും നഷ്ടംമൂലം അടച്ചുപൂട്ടിയ ഏതൊക്കെ സ്ഥാപനങ്ങൾ വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വ്യവസായ വകുപ്പിന്റെ

അധീനതയിലുള്ള പൊതുമേഖല സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് റബ്ബർ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സിയാൽ മാതൃകയിൽ കേരള റബർ ലിമിറ്റഡ് എന്ന പേരിൽ നിലവിൽ പൊതുമേഖല സ്ഥാപനമായി ഒരു കമ്പനി രജിസ്റ്റർ ചെയ്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന് BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാരേറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന പേരിൽ സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പിനുകീഴിൽ നഷ്ടംമൂലം ഒരു പൊതുമേഖലാ സ്ഥാപനവും അടച്ചുപൂട്ടിയിട്ടില്ല.

**മലബാർ സിമന്റ്സ് പ്രതിസന്ധി**

117 (4207) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>

<u>ശ്രീ. ടി. ജെ. വിനോദ്:</u>

<u>ശ്രീ. സജീവ് ജോസഫ്:</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന സിമന്റ് കമ്പനികളുടെ കടന്നുകയറ്റവും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവുംമൂലം പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ്സ് വലിയ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ സിമന്റ് ഉപയോഗത്തിന്റെ ഏറിയ പങ്കും അന്യസംസ്ഥാനങ്ങളിൽനിന്നാണ് വരുന്നത്. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റംമൂലം മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉൽപ്പാദനച്ചെലവ് മറ്റ് കമ്പനികളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ചെലവ് കുറച്ച് ഉല്പാദനം കൂട്ടുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തികവർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് വിവിധ ഏജൻസികൾ മുഖേന നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ സിമന്റ് ഓർഡർ മലബാർ സിമന്റ് കമ്പനിക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ് കമ്പനിക്ക് ഇത്തരം

ഓർഡറുകൾ ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്ത് വകുപ്പ് നേരിട്ട് സിമന്റ് വാങ്ങാറില്ല. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് ടെണ്ടർ മുഖാന്തരം കരാർ ലഭിക്കുന്ന ഏജൻസികൾ അവരുടെ സൗകര്യാർത്ഥം സിമന്റ് വാങ്ങുകയാണ് ചെയ്യുന്നത്.

(സി) മാർക്കറ്റിംഗ് സംവിധാനത്തിലെ വീഴ്ചയും മാനേജ്മെന്റ് കെടുകാര്യസ്ഥതയും മലബാർ സിമന്റ്സിന്റെ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ കാര്യക്ഷമമായ മാർക്കറ്റിംഗ് സംവിധാനം ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

ഉയർന്ന ഉല്പാദനച്ചെലവുമൂലം പൊതുമേഖലയിലുള്ള മലബാർ സിമന്റിന് മറ്റ് സ്വകാര്യ സിമന്റ് കമ്പനികളുടെ വിപണന തന്ത്രങ്ങളോട് മത്സരിക്കുവാൻ പലപ്പോഴും കഴിയാറില്ല. എന്നാൽ ചെലവ് കുറച്ച് ഉല്പാദനം കൂട്ടി വിപണിയിൽ കൂടുതൽ സജീവമാകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോട്ടയം ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം**

118 (4208) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസ് ലിമിറ്റഡ് തുറന്നുപ്രവർത്തിച്ചതുമായി ബന്ധപ്പെട്ട് അതിന്റെ ഭാവി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സാമ്പത്തിക പ്രതിസന്ധി കാരണം വൈദ്യുതി തുക അടയ്ക്കാതെ വൈദ്യുതി വിച്ഛേദിച്ചതിനാൽ 2020 ഫെബ്രുവരി 7 മുതൽ ലേ ഓഫിൽ ആയിരുന്ന കോട്ടയം ടെക്സ്റ്റൈൽസ് ഈ സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി 2021 നവംബർ 15 മുതൽ പ്രവർത്തനം പുനരാരംഭിച്ചു. ആകെ 57 മെഷീനുകളാണ് മില്ലിലുള്ളത്. തകരാറിലായിരുന്ന മെഷീനുകൾ പ്രവർത്തനസജ്ജമാക്കി ഇപ്പോൾ മില്ലിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി ഒന്നരക്കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തു. തുടർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിച്ചതിനുശേഷം,

3.2 കോടി രൂപ തുടർപ്രവർത്തനങ്ങൾക്കായി അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നവീകരണത്തിനായി പ്രഖ്യാപിച്ച ഏഴ് കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലെന്ന് അറിയിക്കാമോ?

2022-2023 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് കോട്ടയം ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള യൂണിറ്റ് മില്ലുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 21.91 കോടി രൂപയാണ്. കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനായി റിയാബ് സമർപ്പിച്ച 738.88 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) സ്ത്രീ തൊഴിലാളികളുടെ രാത്രികാല ഷിഫ്റ്റ് സംബന്ധിച്ചുള്ള പ്രശ്നത്തിൽ നിയമ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

ലഭിച്ചിട്ടില്ല. രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി 1948-ലെ ഫാക്ടറീസ് ആക്ടിലെ സെക്ഷൻ 66-ൽ നിയമാനുസൃതമായി ഭേദഗതി

വരുത്തുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ വിഷയം കത്തുമുഖേന കേന്ദ്ര ആഭ്യന്തര മന്ത്രാലത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിലുപരിയായി നിലവിലുള്ള 29 തൊഴിൽ നിയമങ്ങളെ (ഫാക്ടറീസ് ആക്ട് ഉൾപ്പെടെ) ഏകീകരിച്ചുകൊണ്ട് രൂപീകരിക്കുന്ന 4 തൊഴിൽ കോഡുകളിൽ ഉൾപ്പെടുന്ന ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 17-12-2021-ന് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കോഡ് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് അന്തിമ വിജ്ഞാപനമാകുന്ന മുറയ്ക്ക് വനിത ജീവനക്കാരെ രാത്രി 7.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്തുകൂടി ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് ജോലിക്ക് നിയോഗിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) കോട്ടയം ടെക്സ്റ്റൈൽസ് ലിമിറ്റഡിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്നറിയിക്കാമോ; എത്ര പേർക്ക് ഇനി ആനുകൂല്യങ്ങൾ കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

കമ്പനി തുറന്നുപ്രവർത്തിച്ചതിനുശേഷം 14 പേർക്ക് 32,03,630/- രൂപയുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായും നൽകിയിട്ടുണ്ട്. 20 പേർക്ക് 46,99,442/- രൂപയുടെ ആനുകൂല്യങ്ങൾ ഇനിയും നൽകാനുണ്ട്. മില്ലിന്റെ സാമ്പത്തികസ്ഥിതിക്കനുസരിച്ച് മുൻഗണനാക്രമത്തിൽ റിട്ടയർമെന്റ് ആനുകൂല്യം കൊടുത്ത് തീർക്കുന്നതാണ്.

(ഇ) അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ (CCI)-യിൽനിന്നും 200 ബെയിൽ കോട്ടൺ വാങ്ങിയാണ് കോട്ടയം ടെക്സ്റ്റൈൽസ് പ്രവർത്തനം പുനരാരംഭിച്ചത്. അസംസ്കൃത വസ്തുവായ പഞ്ഞിയുടെ വിലയിലുണ്ടായ വൻ വർദ്ധന കാരണം കഴിഞ്ഞ 2 മാസമായി പോളിയസ്റ്റർ - കോട്ടൺ ബ്ലെൻഡ് നൂലാണ് ഉല്പാദിപ്പിക്കുന്നത്.

**മലബാർ സിമന്റ്സ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ**

119 (4209) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ സിമന്റ്സിൽ സർക്കാർ അംഗീകാരം നൽകിയ നോൺ മാനേജീരിയൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ അടിയന്തരനടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

മലബാർ സിമന്റ്സ് ലിമിറ്റഡിലെ നോൺ മാനേജീരിയൽ ജീവനക്കാരുടെ 01-04-2022 മുതലുള്ള പുതിയ ശമ്പള കരാർ ഉണ്ടാക്കുന്നതിനുള്ള പ്രാരംഭഘട്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

## 100 കോടി രൂപയിലധികം നിക്ഷേപം നടത്തി ആരംഭിച്ചിട്ടുള്ള സ്വകാര്യ സംരംഭങ്ങൾ

120 (4210) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് 100 കോടി രൂപയിലധികം നിക്ഷേപം നടത്തി ആരംഭിച്ചിട്ടുള്ള സ്വകാര്യ സംരംഭങ്ങൾ എത്രയെണ്ണമാണെന്നും ഏതെല്ലാമാണെന്നും അറിയിക്കുമോ?

സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് 100 കോടി രൂപയിലധികം നിക്ഷേപം നടത്തിയ ചുവടെ പറയുന്ന സ്വകാര്യ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1) K.M. Cherian Institute of Medical Sciences Pvt. Ltd. (185 കോടി രൂപ നിക്ഷേപം)

2) Joys Beach Resorts, Kollam (172 കോടി രൂപ നിക്ഷേപം)

3) Innovation Park, Kakkanad, Tata Consultancy Ltd. (600 കോടി രൂപ നിക്ഷേപം)

(ബി) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് 100 കോടി രൂപയിലധികം നിക്ഷേപം നടത്തി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള അപേക്ഷകൾ സമർപ്പിച്ചിട്ട് നാളിതുവരെ ആരംഭിക്കാത്ത സംരംഭങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

2020 ജനുവരി 9-10 വരെ കൊച്ചിയിൽ നടന്ന ' അസെൻഡ് കേരള 2020' സംഗമത്തിൽ ധാരണാ പത്രങ്ങൾ/ താല്പര്യപത്രങ്ങൾ ഒപ്പുവെച്ച പദ്ധതികളിൽ 100 കോടി രൂപയോ അതിൽ കൂടുതലോ നിക്ഷേപം വിഭാവനം ചെയ്യുകയും എന്നാൽ കോവിഡ്-19 നെ തുടർന്നുളവായ സാമ്പത്തിക പ്രതിസന്ധി ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്ത 26 പദ്ധതികളാണുള്ളത്. ഇവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) സംസ്ഥാനം നിക്ഷേപ സൗഹൃദമാകുമ്പോഴും വൻകിട നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിന് നിക്ഷേപകർ കടന്നുവരാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

നിക്ഷേപകർ കടന്നുവരാത്ത സാഹചര്യം സംസ്ഥാനത്ത് നിലവിലില്ല. സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് കാര്യക്ഷമവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭൂമിയുടെ ലഭ്യത കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്ത് ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്കാണ് കൂടുതൽ സാധ്യതയുള്ളത്.

**വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

121 (4211) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; ഇതിലേയ്ക്കായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2016 മുതൽ വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയ്ക്കായി വിനിയോഗിച്ച തുകയും ചുവടെ ചേർക്കുന്നു:-

1. സംരംഭക സഹായ പദ്ധതി -1,54,00,377/- രൂപ

2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി - 55,76,078/- രൂപ സബ്സിഡി ലഭ്യമാക്കി.

3. വ്യവസായ ഭദ്രത പദ്ധതി - പലിശ സബ്സിഡി- 1,34,034/-രൂപ

4. മാർജിൻ മണി ഗ്രാന്റ് ടു നാനോ യുണിറ്റ് - 2,66,000/- രൂപ.

5. നാനോ ഗാർഹിക യൂണിറ്റിനുള്ള പലിശ സബ്സിഡി - 59,856/- രൂപ.

6. കേരള ഖാദി ഗ്രാമീണ വ്യവസായ ബോർഡ് വഴി എന്റെ ഗ്രാമം പദ്ധതി പ്രകാരം 23,60,734/-രൂപ മൂലധന സഹായമായും സബ്സിഡിയായി 3,50,995/- രൂപയും പി.എം.ഇ.ജി.പി പദ്ധതി പ്രകാരം 13,81,000/-രൂപ മൂലധന സഹായമായും സബ്സിഡിയായി 4,74,839/- രൂപയും നൽകി.

7. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായം ഹിൽ കൺട്രി ഹോട്ടൽസ് ആൻഡ് റിസോർട്ട്സ് ഇന്ത്യ ലിമിറ്റഡിന് 350 ലക്ഷം രൂപ വായ്പയായി അനുവദിച്ചു.

8. കിൻഫ്രയുടെ ഗ്ലോബൽ ആയുർവേദ വില്ലേജ് പദ്ധതി - 18.80 കോടി രൂപ ചെലവഴിച്ചു.

## കേരള ബ്രാൻഡ്

122 (4212) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖല വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വ്യവസായ മേഖലയിലൂൾപ്പെടെ സംസ്ഥാനത്ത് കൂടുതൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം സർക്കാർ സംരംഭക വർഷമായി പ്രഖ്യാപിച്ച് വിവിധ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം ഒരു ലക്ഷം സംരംഭം ആരംഭിക്കുന്നതിന്റെ ഭാഗമായി 2022 മെയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഏകദിന ശിൽപ്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ സംരംഭകരാകാൻ താൽപ്പര്യമുള്ളവർക്ക് പൊതുബോധവത്കരണം നൽകുന്നു. പൊതുബോധവത്കരണ പരിപാടിയിൽ പങ്കെടുക്കുന്നവർക്കായി ഓരോ ജില്ലയിലും പ്രത്യേക കൈപ്പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടമായ പൊതുബോധവത്കരണത്തിനുശേഷം ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ ഓരോ തദ്ദേശസ്ഥാപനത്തിലും സംഘടിപ്പിക്കും. പൊതുബോധവത്കരണത്തിൽ പങ്കെടുത്തവരിൽനിന്നും സംരംഭം തുടങ്ങാനുള്ള തീരുമാനവുമായി മുന്നോട്ടുവരുന്നവർക്കാണ് ഇത് സംഘടിപ്പിക്കുന്നത്. ഈ പ്രോഗ്രാമുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വവും വ്യവസായ വകുപ്പ് ഏകോപനവും നടത്തും.

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏപ്രിൽ മാസത്തോടുകൂടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും BTech/MBA യോഗ്യതയുള്ള 1153 ഇന്റേണിനെ നിയമിച്ചു. ഇവർക്ക് മികച്ച പരിശീലനം നൽകി KSWIFT പോർട്ടൽ വഴി വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും സ്വയം സാക്ഷ്യപ്പെടുത്തൽ വഴിയുള്ള Acknowledgement Certificate കരസ്ഥമാക്കുന്നതിനും വിവിധ വകുപ്പുകളുമായി സബ്സിഡിക്കായി ഏകോപനം നടത്താനും പ്രാപ്തരാക്കും. തുടർന്ന് Interns മുഖേന സംരംഭകർക്ക് പൊതുബോധവൽക്കരണം നൽകാനും one to one മീറ്റിംഗുകളിലൂടെയും പൊതു ഇടപെടലിലൂടെയും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുന്നു.

തുടർന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇന്റേൺസിന്റെ നേതൃത്വത്തിൽ ശിൽപ്പശാലയുടെ തുടർപ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കുകയും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാധ്യതക്കനുസരിച്ചുള്ള സംരംഭകരെ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആസൂത്രണങ്ങൾ നടത്തുകയും ചെയ്യുന്നു. പൊതുബോധവത്കരണ പരിപാടിയിൽ പങ്കെടുത്തവരുടെയും സംരംഭം

ആരംഭിക്കുന്നതിന് വ്യവസായവകുപ്പ് ഓഫീസുകളെയോ ഇന്റേൺസിനെയോ സമീപിക്കുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും സംരംഭം ആരംഭിക്കുന്ന ഓരോ ഘട്ടത്തിലും ആവശ്യമായ സഹായം നൽകുന്നതിനുമായി ഡേറ്റാ എൻട്രി സോഫ്റ്റ്‌വെയർ തയ്യാറായിട്ടുണ്ട്. ഇതോടൊപ്പം മറ്റ് വകുപ്പുകളുടെ പങ്കാളിത്തവും ഈ പദ്ധതിയിൽ ഉണ്ടായിരിക്കുന്നതാണ്. വിവിധ വകുപ്പുകളുടെ സംയോജനം ഈ പദ്ധതിക്ക് അനിവാര്യമായതിനാൽ പദ്ധതിയുടെ മേൽനോട്ടത്തിനും നിർവഹണത്തിനും സംസ്ഥാന-ജില്ലാ-പഞ്ചായത്ത് തലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തിയിട്ടുണ്ട്.

ഇതിന്റെ ഭാഗമായി ജില്ല വ്യവസായ കേന്ദ്രങ്ങൾ വഴി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭ സാധ്യതയുള്ള ഉല്പന്നങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇപ്രകാരം കണ്ടെത്തിയ ലിസ്റ്റ് ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം - (OLOP) എന്ന ആശയം നടപ്പിലാക്കാനുമുള്ള നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭ സാധ്യതയുള്ള ഉൽപന്നങ്ങൾ കണ്ടെത്തുന്നതുവഴി പ്രസ്തുത

ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ഇതിനോടൊപ്പം വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷ നടപടികളിൽനിന്നും ഇളവ് നൽകുന്നതിനുമായുള്ള ഭേദഗതികൾ പരിഗണനയിലാണ്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ കെ-സിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ 'വ്യവസായ വാണിജ്യ ഡയറക്ടറേറ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ല-സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ

കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു.

നിലവിൽ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ധനസഹായ പദ്ധതികൾക്കുപുറമെ 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നിലവിലുള്ള എം.എസ്.എം.ഇ.- കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളെയും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളെയും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം

2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം

4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

5. എം.എസ്.എം.ഇ.-കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ

6. സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായം

7. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി

സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.35% -10.35%) 60 കോടി രൂപ വരെ വായ്പയായി നല്കി വരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശികയില്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും വായ്പ തുക ഉയർത്തിയതും അപേക്ഷ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19 തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതുമൊക്കെ സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായികൾക്കും നിലവിൽ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നവർക്കും ഒരുപോലെ പ്രോത്സാഹനവും സഹായവും നൽകുവാനും സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാനും ഉദ്ദേശിച്ചാണ്.

സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു.

1.സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ.

പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള'ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപവരെ വായ്പ നൽകുന്നു. ഒരു കാരവൻ വാങ്ങിക്കുന്നതിനായി 50 ലക്ഷം രൂപ മുതൽ ഒരു കോടി വരെ (ചെലവിന്റെ 70%) നൽകിവരുന്നു. പുതിയ വാഹനങ്ങൾക്ക് മാത്രമാണ് വായ്പ ലഭിക്കുക. 8.35 ശതമാനമാണ് പലിശ. ഒരു വർഷത്തെ മൊറോട്ടോറിയം കാലാവധിക്കുശേഷം 84 മാസങ്ങൾക്കുള്ളിൽ തുക തിരിച്ചടയ്ക്കണം.

സംസ്ഥാനത്തെ വ്യവസായ മേഖലയുടെ വികസനത്തിനും വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി നടപടികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കം കുറിച്ചിരുന്നു. 2018-ൽ ‘ കേരള നിക്ഷേപം

പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷിച്ച സംരംഭത്തിന് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും

നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്െപെട്ടിരുന്നു. ഇവ ഒഴിവാക്കാനും ശിക്ഷാനടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ കേരള ബ്രാൻഡ് സൃഷ്ടിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) കേരള ബ്രാൻഡ് സൃഷ്ടിച്ച് ആയത‍ുവഴിയുള്ള കേരള ഉത്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(ബി & സി) കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദ്ദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനും സഹായിക്കുന്നതിനും കേരള ബ്രാൻഡ് സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്നാംഘട്ടമായി

കേരളത്തിന്റെ തനത് നാളികേരത്തിൽനിന്നും നിർമ്മിക്കുന്ന വെളിച്ചെണ്ണയ്ക്ക് ഗുണമേൻമയുടെ അടിസ്ഥാനത്തിൽ 'കേരള ബ്രാൻഡ്' നൽകുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നിരുന്നു. പ്രസ്തുത മേഖലയിലെ സംരംഭകർ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, അഗ് മാർക്ക്, കേരഫെഡ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തിരുന്നു. തുടർന്ന് കേരളാ ബ്രാൻഡ് ആശയത്തിന്റെ വ്യാപ്തി പരിഗണിച്ചുകൊണ്ടും കേരളാ ബ്രാൻഡ് നൽകുന്നതിന് പരിഗണിക്കേണ്ട വിഷയങ്ങൾ കൃത്യമായി മനസ്സിലാക്കുന്നതിനും വിശദമായ പ്രൊപ്പോസൽ വേണ്ടതിനാൽ അത് തയ്യാറാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു.

**മലപ്പുറം ജില്ലയിൽ പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ**

123 (4213) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മലപ്പുറം ജില്ലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

2016 മുതൽ നാളിതുവരെ മലപ്പുറം ജില്ലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ടി പദ്ധതികൾ മുഖേന സംരംഭകരിൽ അവബോധം വരുത്തുകയും പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനാവശ്യമായ കൈതാങ്ങ് സഹായങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം വഴി നൽകിവരുന്നുണ്ട്.

സംരംഭക സഹായ പദ്ധതി, ഏകജാലക സംവിധാനം, എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് പ്രോഗ്രാം, ടെക്നോളജി ക്ലിനിക് പ്രോഗ്രാം, കോവിഡ്-19 ആശ്വാസ പദ്ധതിയായ വ്യവസായ ഭദ്രത എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിലും താലൂക്ക് തലങ്ങളിലും വ്യവസായ വികസനത്തിന് ഊർജ്ജം പകരുന്നതിലേയ്ക്കായി റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽ 18601 പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിലേയ്ക്കായി 106 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കായി 122 ഇന്റേൺസിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ നടപടികളുടെ ഭാഗമായി എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചെന്ന് വ്യക്തമാക്കുമോ?

മേൽ നടപടികളുടെ ഭാഗമായി മലപ്പുറം ജില്ലയിൽ 2016 മുതൽ നാളിതുവരെയായി പുതിയതായി 7140 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ തുടങ്ങിയിട്ടുണ്ട്.

**വ്യവസായ വകുപ്പിൽനിന്ന് സാങ്കേതിക സേവനങ്ങൾ**

124 (4214) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഇന്റേൺസിനെ നിയമിച്ചതോടെ സാങ്കേതിക പരിജ്ഞാനമുള്ളവരുടെ എണ്ണം വളരെ കൂടിയിരിക്കുന്ന സാഹചര്യത്തിൽ നിലവിലെ സേവനം (സബ്സിഡി നൽകൽ) കൂടാതെ സാങ്കേതിക സേവനങ്ങൾകൂടി ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയോഗിച്ചിട്ടുണ്ട്.

ബോധവത്കരണ പരിപാടികൾ നടത്തുക, ലോൺ/ലൈസൻസുകൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇവർ മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022-23 സംരംഭക വർഷത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

സംരംഭകവർഷത്തിന്റെ ഭാഗമായും അല്ലാതെയും സംരംഭകർക്കുള്ള വിവിധ സാങ്കേതിക സേവനങ്ങൾ വ്യവസായ വകുപ്പ് ചെയ്തുവരുന്നുണ്ട്. പുതിയ സംരംഭകർക്കും നിലവിൽ സംരംഭം ചെയ്യുന്നവർക്കും ജില്ലാതലത്തിൽ നടത്തിവരുന്ന ടെക്നോളജി ക്ലിനിക്കുകൾ, അന്താരാഷ്ട്ര ലേബർ ഓർഗനൈസേഷന്റെ പരിശീലന മൊഡ്യൂൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നിവ സംരംഭകർക്ക് നൽകുന്ന സാങ്കേതിക പരിശീലനങ്ങളാണ്. വ്യവസായികളുടെ സംശയദൂരീകരണത്തിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ടി

ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ചുകൊണ്ട് സംരംഭകർക്ക് പ്രൊഫഷണൽ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സേവനങ്ങളും മറ്റുവിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രചാരണം ആരംഭിച്ചിട്ടുണ്ട്.

വിവരസാങ്കേതികവിദ്യയ്ക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് വ്യവസായ വകുപ്പ് നൽകിവരുന്ന വിവിധ സേവനങ്ങളും പദ്ധതികളും ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷകൾ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റും ജില്ലാ വ്യവസായ കേന്ദ്രങ്ങളും താലൂക്ക് വ്യവസായ ഓഫീസുകളും സി.എഫ്.സി.-കളും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്.

ഇതുകൂടാതെ സാങ്കേതിക സർവകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റുതലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക

സർവകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പായി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്.

**കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

125 (4215) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ളിലെ റോഡുകൾ തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുവാൻ അനുവദിച്ച തുക തികയാതിരുന്നതിനാൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ളിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി 2,72,01,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും പൊതുമേഖല സ്ഥാപനമായ സിഡ്കോയുടെയും കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഇവിടെ പുതിയ സ്ഥാപനങ്ങളും പദ്ധതികളും ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ?

പുതിയ സ്ഥാപനം തുടങ്ങുന്നതിന് അനുവദിക്കാവുന്ന തരത്തിൽ സ്ഥല സൗകര്യം ലഭ്യമല്ല.

**സംസ്ഥാനത്ത് എന്റർപ്രണർഷിപ്പ് ഇൻഫർമേഷൻ സൂപ്പർ മാർക്കറ്റ്**

126 (4216) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:
<u>ശ്രീ. വി. ശശി</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകർക്ക് എല്ലാ മേഖലയിലെയും ബിസിനസ്സ് സാധ്യതകൾ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിൽ വിദേശരാജ്യങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്റർപ്രണർഷിപ്പ് ഇൻഫർമേഷൻ സൂപ്പർ മാർക്കറ്റുകൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളിലുള്ളതുപോലെ സംസ്ഥാനത്തും എന്റർപ്രണർഷിപ്പ് ഇൻഫർമേഷൻ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമോ; വിശദമാക്കാമോ?

(എ & ബി) സംസ്ഥാനത്ത് എന്റർപ്രണർഷിപ്പ് ഇൻഫർമേഷൻ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്നപക്ഷം പരിശോധിക്കാവുന്നതാണ്.

(സി) വികേന്ദ്രീകൃത ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ഒരു ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ തുടങ്ങാനുള്ള വ്യവസായ വകുപ്പിന്റെ പദ്ധതിയിൽ പ്രവാസികൾക്ക് പ്രത്യേക ചാനൽ രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ ഉദ്ദേശിച്ചിട്ടില്ല.

(ഡി) കോവിഡിനുശേഷം സേവന മേഖലയിൽ രൂപപ്പെട്ടിട്ടുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ പ്രവാസി സമൂഹത്തിന് സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കോവിഡിനുശേഷം സേവന മേഖലയിൽ രൂപപ്പെട്ടിട്ടുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും കെ.എസ്.ഐ.ഡി.സി. പ്രത്യേക സഹായ പദ്ധതിയായ ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം ആവിഷ്കരിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് അവതരിപ്പിച്ച പദ്ധതി ആയിരുന്നു പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന പ്രവാസികൾക്ക് അനുവദിച്ചിരുന്ന വായ്പ 25 ലക്ഷം മുതൽ രണ്ടു കോടി രൂപ വരെയാണ്.

സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കായി വ്യവസായ വാണിജ്യ വകുപ്പ് നൽകി വരുന്ന എല്ലാ പദ്ധതികളും പ്രവാസികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

## വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനം

127 (4217) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖല സ്ഥാപനങ്ങളിലെ തസ്തികകളിൽ പി.എസ്.സി.യുടെ പരിധിയിൽ വരാത്തവയിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നതിന് പബ്ലിക് സെക്ടർ സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലെ ഒഴിവുകളിലേയ്ക്ക്, സുതാര്യമായും ഏകീകൃതമായും നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളുടെ ഭരണനിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും ആവശ്യമെങ്കിൽ വിജ്ഞാപനം മുഖേന ഈ ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിയമ വ്യവസ്ഥയും ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖല സ്ഥാപനങ്ങളുടെ എം.ഡി./സി.ഇ.ഒ.-മാരുടെ നിയമനവുമായി ബന്ധപ്പെട്ട് പുതിയ മാനദണ്ഡം എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

ഉണ്ട്. വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളായി അതാത് മേഖലകളിൽ പ്രാവീണ്യം നേടിയവരെ നിയമിക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്കനുസൃതമായി മാനേജിംഗ് ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ യോഗ്യതകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ & അലെയ്ഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കെ.സി.സി.പി. ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നിവയിലെ മാനേജിംഗ് ഡയറക്ടർ തസ്തികയുടെ യോഗ്യതകൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകൾ ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്.

## ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ എൽ.ഡി. ക്ലർക്ക്, അസിസ്റ്റന്റ് ഗ്രേഡ് നിയമനം

128 (4218) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ എൽ.ഡി. ക്ലർക്ക്, അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിൽ 2022 മാർച്ച് 31-നുശേഷം ഉണ്ടായ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ Statewide ആയാണ് എൽ.ഡി. ക്ലാർക്ക്, അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിൽ നിയമനം നടത്തുന്നത്. ജില്ല തിരിച്ച് ഒഴിവുകൾ കണക്കാക്കാറില്ല. 2022 മാർച്ച് 31-ന് ശേഷം 10 ഒഴിവുകളുണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

10 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) എൽ.ഡി. ക്ലാർക്ക്, അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിലെ മുഴവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമന

നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഒഴിവുകൾ മുഴുവനും യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വ്യവസായ വകുപ്പിനുകീഴിൽ പുതുതായി തുടങ്ങിയ സംരംഭങ്ങൾ

129 (4219) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ വ്യവസായ വകുപ്പിനുകീഴിൽ അഭ്യസ്തവിദ്യരായ എത്രപേർക്ക് തൊഴിൽ നൽകാൻ ലക്ഷ്യമിട്ടിരുന്നു; എത്രപേർക്ക് നൽകി; വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലൂടെ ഓരോ വർഷവും 55,000 പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. വ്യവസായ വാണിജ്യ വകുപ്പിലെ എം.ഐ.എസ്. സംവിധാനത്തിലെ കണക്കുകൾ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് MSME സംരംഭങ്ങളിലൂടെ 2,45,369 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഇതിനായി തുടങ്ങിയ വ്യവസായ സംരംഭങ്ങൾ എത്രയെന്നും ഇതിന്റെ ഭാഗമായി എത്ര പേർക്ക് തൊഴിൽ നൽകിയെന്നും സംരംഭകർക്ക് നൽകിവരുന്ന സാമ്പത്തികസഹായം ഉൾപ്പെടെ മറ്റ സഹായങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

വ്യവസായ വാണിജ്യ വകുപ്പിലെ എം.ഐ.എസ്. സംവിധാനത്തിലെ കണക്കുകൾ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് 69138 MSME സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയും അതുവഴി 6,448.81 കോടി രൂപയുടെ നിക്ഷേപവും 245369 തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി(ESS)

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ്

4. പ്രവർത്തനരഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ

a. Revival and rehabilitation scheme for defunct MSMEs and cashew processing units

b. The Kerala stressed MSMEs Revival & Rehabilitation Scheme

5. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

6. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി

7. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

8. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് മുഖേന സംരംഭകർക്ക് താഴെപ്പറയുന്ന സേവനങ്ങളും നൽകിവരുന്നു.

ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള K-SWIFT സംവിധാനം.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം 10 കോടി രൂപ വരെ നിക്ഷേപമുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ

ഉൾപ്പെടാത്തതുമായ വ്യവസായങ്ങളെ സംസ്ഥാന നിയമപ്രകാരമുള്ള അനുമതികളിൽനിന്നും 3 വർഷത്തേയ്ക്ക് ഒഴിവാക്കുകയും സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു.

സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും എം.എസ്.എം.ഇ. ക്ലിനിക്കുകളും താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ്പേഴ്സണെ നിയമിച്ചുകൊണ്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ നടത്തിപ്പിനായി 1153 ഇന്റേണുകളെ നിയമിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനവും നിലവിൽ വന്നിട്ടുണ്ട്.

(സി) സഹായങ്ങൾ നേടിയെടുത്തശേഷം സർക്കാർ നിർദ്ദേശപ്രകാരമുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കാത്തതും സംരംഭങ്ങൾ യഥാവിധി തുടങ്ങാത്തതുമായ സ്ഥാപനങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിവിധ ജില്ലാവ്യവസായ കേന്ദ്രങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ടി സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1.കേരള ട്രെഡീഷണൽ ഫുഡ് പ്രോസസ്സിംഗ് & ഡിസ്ട്രിബ്യൂഷൻ ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, ആറ്റിങ്ങൽ<br>2.അമ്പാടി ഫുഡ്സ്, മലയിൻകീഴ്<br>3.നവരത്ന കിച്ചൻസ്, മടവൂർപാറ, അണ്ടൂർക്കോണം |
| 2 | കൊല്ലം | ഇല്ല |
| 3 | പത്തനംതിട്ട | ഇല്ല |
| 4 | ആലപ്പുഴ | ഇല്ല |
| 5 | കോട്ടയം | 1. അവർ ചപ്പാത്തി, പൂഞ്ഞാർ പി.ഒ, കോട്ടയം |
| 6 | എറണാകുളം | ഇല്ല |
| 7 | ഇടുക്കി | 1. ദേവികുളം താലൂക്കിൽ തിരുവോണം ഇൻസ്ട്രീസ്, മുതുവാൻകുടി |
| | | ഉടുമ്പൻചോല താലൂക്കിൽ ശ്രീ. പ്രവീൺകുമാർ റ്റി.പി, പുതുപ്പറമ്പിൽ വീട്, പുളിയന്മല |

| | | |
|---|---|---|
| 8 | തൃശ്ശൂർ | ഇല്ല |
| 9 | പാലക്കാട് | 1. മെ. മെഗാ പേപ്പർ ഉൽപ്പന്നങ്ങൾ 14/492, തലക്കശ്ശേരി, പട്ടിത്തറ, പാലക്കാട് |
| | | 2. മെ. ന്യൂ സ്റ്റാർ ഇൻഡസ്ട്രീസ്, VII/56-എ ഞാങ്ങാട്ടിരി, പട്ടാമ്പി, തൃത്താല |
| | | 3. എം./എസ് ശാസ്താ എന്റർപ്രൈസസ് 6/1876, പടിപ്പുരക്കൽ ആർക്കേഡ്, എ.കെ.ജി റോഡ്, ചെർപ്പുളശ്ശേരി |
| | | 4. മെ. അൽ ഹുദാ സർവീസസ്, 7/370-4, തെരുവകത്ത്, ദാറുലമൺ, ഒറ്റപ്പാലം - 679101 |
| | | 5. മെ. ഭാരത് പേപ്പർ, 14/13 എ, കോട്ടപ്പുറം, ശ്രീകൃഷ്ണപുരം. |
| 10 | മലപ്പുറം | ഇല്ല |
| 11 | കോഴിക്കോട് | ഇല്ല |
| 12 | വയനാട് | ഇല്ല |
| 13 | കണ്ണൂർ | ഇല്ല |
| 14 | കാസർകോഡ് | ഇല്ല |

(ഡി) ഈ സർക്കാർ കാലയളവിൽ സർക്കാർ നടപടികളിലൂടെ തുടങ്ങിയ സംരംഭങ്ങളും നൽകാനായ തൊഴിലവസരങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ കാലയളവിൽ സംരംഭ വികസനത്തിനായി നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളിലൂടെയും സംരംഭക വർഷം പദ്ധതിയിലൂടെയും നാളിതുവരെ 52,639 സംരംഭങ്ങൾ MSME മേഖലയിൽ

ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 3,930 കോടി രൂപയുടെ നിക്ഷേപവും 136354 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**തൊടുപുഴ തുടങ്ങനാട് സ്പൈസസ് പാർക്ക്**

130 (4220) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്കിനായി കിൻഫ്ര ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ഇടുക്കി ജില്ലയിൽ തൊടുപുഴയിലെ മുട്ടത്ത് 15 ഏക്കർ ഭൂമിയിൽ കിൻഫ്ര ഒരു സ്പൈസസ് പാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 11.28 ഏക്കറിൽ ചെറുകിട-ഇടത്തര സുഗന്ധദ്രവ്യ/ഭക്ഷ്യവസ്തു നിർമ്മാണ വ്യവസായങ്ങൾക്കായി വികസിപ്പിച്ച പ്ലോട്ടുകൾ അലോട്ട് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെ ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ മേഖലയ്ക്കാവശ്യമായ പൊതു അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലവിതരണം, വൈദ്യുതി വിതരണ ശൃംഖല,

മാലിന്യ സംസ്കരണം, ടെലികമ്മ്യൂണിക്കേഷൻ/സൈബർ സെന്റർ/ ഡോക്യുമെന്റേഷൻ സെന്റർ, ബാങ്ക്, റാ മെറ്റീരിയൽ സ്റ്റോറേജ് സൗകര്യം, മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ, കഫറ്റേരിയ, കോൺഫറൻസ് റൂം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് ലക്ഷ്യമിടുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ സിഡ്കോ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ**

131 (4221) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സിഡ്കോ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലത്തെ അവസ്ഥ വിശദമാക്കാമോ?

(എ&ബി) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സിഡ്കോ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോ; പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

സാങ്കേതിക നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഉണ്ടായിരുന്നത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## എം.എസ്.എം.ഇ. മേഖലയിലെ സംരംഭങ്ങൾ

132 (4222) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വടക്കാഞ്ചേരി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

എം.എസ്.എം.ഇ. മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പുവഴി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളായ സംരംഭക സഹായ പദ്ധതി (ESS), പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി, കരകൗശല മേഖലയിലുള്ള ആശ പദ്ധതി (ASHA), പ്രധാനമന്ത്രിയുടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്കരണ പദ്ധതി (PMFME) എന്നിവ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ഗ്രൂപ്പായി സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്കായി ബ്ലോക്ക് തലത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരവും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. മാത്രമല്ല, 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ഈ പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി വടക്കാഞ്ചേരി നിയോജക

മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.ടെക്ക്/ എം.ബി.എ. യോഗ്യതയുള്ള ഇന്റേൺസിനെ നിയമിക്കുകയും ശില്പശാലകൾ ഇതിനകം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലായി ലൈസൻസ്/വായ്പ മേളകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിലും സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി ഹെൽപ് ഡെസ്ക് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

**മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ**

133 (4223) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തൊഴിലുകാർക്കുവേണ്ടിയുള്ള മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തൊഴിലുകാർക്ക് വേണ്ടിയുള്ള മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) ആലപ്പുഴയിൽ മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ ജനറൽ ഹോസ്പിറ്റലിന് സമീപം പ്രവർത്തിച്ചിരുന്ന ജില്ലാ വ്യവസായ കേന്ദ്രം നിലനിന്ന 89 സെന്റ് സ്ഥലത്ത് 4180 ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന (മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ സെന്റർ) കേന്ദ്രത്തിന്റെയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. സ.ഉ(സാ.ധാ) 573/18/വ്യവ തീയതി 17.05.2018 പ്രകാരം 9.78 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ഓഫീസ്-കം-ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണത്തിനായി 9.5 കോടി രൂപ പി.ഡബ്ല്യു.ഡി-ക്ക് കൈമാറിയിട്ടുണ്ട്. സ്ട്രക്ചറൽ കൺസ്ട്രക്ഷന് 5.37 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിക്കുകയും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കോൺട്രാക്ടർക്ക് കരാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സമുച്ചയത്തിന്റെ ഫൗണ്ടേഷൻ

നിർമ്മാണത്തിന്റെ ഭാഗമായുള്ള പൈലിങ് പൂർത്തിയാക്കി പൈൽ ക്യാപ്പ് നിർമ്മാണം പുരോഗമിച്ചുവരുന്നു.

## കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് സഹായം

134 (4224) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് വഴി ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല.

## വ്യാവസായിക ഇടനാഴി

135 (4225) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം-നാവായിക്കുളം ക്യാപിറ്റൽ റീജിയൻ ഔട്ടർ റിംഗ് റോഡ് പദ്ധതിയോടൊപ്പം വ്യാവസായിക ഇടനാഴി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## സ്പെഷ്യൽ എക്കണോമിക് സോൺ

136 (4226) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യങ്ങളുടെ ആവശ്യകത പുതിയ കാലഘട്ടത്തിനനുസരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നെന്ന് വിശദമാക്കാമോ?

വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനാവശ്യമായ എല്ലാ

അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി നടപ്പിലാക്കിവരുന്നു. മാലിന്യ നിർമ്മാർജ്ജനം ഉറപ്പാക്കുന്നതിന് ഡി.എ. എടയാർ, ഡി.എ. അരൂർ എന്നിവിടങ്ങളിൽ Common Effluent Treatment Plant സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ പാർക്കുകളിലെ യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പ്രശ്നപരിഹാരത്തിനുമായി ഓരോ പാർക്കിലും എസ്റ്റേറ്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പാർക്കുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1565 ലക്ഷം രൂപ (മുൻവർഷത്തെക്കാൾ 306 ലക്ഷം രൂപ അധികമായി) വകയിരുത്തിയിട്ടുണ്ട്. 02-04-2022-ലെ G.O(Ms) No. 31/2022/ID പ്രകാരം നിലവിൽ വന്ന "സ്വകാര്യ പാർക്കുകൾ" പദ്ധതി കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനായി പശ്ചാത്തല സൗകര്യവികസനത്തിനായി ഡെവലപ്പർക്ക് ധനസഹായം നൽകുന്നുണ്ട്.

കെ.എസ്.ഐ.ഡി.സി./കിൻഫ്ര എന്നീ സ്ഥാപനങ്ങളുടെ പാർക്കുകളിലും ഗ്രോത്ത് സെന്ററുകളിലും സംരംഭകന്റെ ആവശ്യാർത്ഥവും കാലഘട്ടത്തിനനുസൃതമായും പശ്ചാത്തല വികസനങ്ങൾ സമയോചിതമായി നടപ്പിലാക്കിവരുന്നു. വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP

തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ സർക്കാർ ധനസഹായം നൽകുന്നതാണ്.

(ബി) വ്യാവസായിക ക്ലസ്റ്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വിശദമാക്കാമോ; സ്പെഷ്യൽ എക്കണോമിക് സോൺ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇത് തന്നെയാണോയെന്ന് വിശദമാക്കാമോ?

സമാന മേഖലയിൽ ഒരേ തരത്തിലുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ട് ഒരു പ്രത്യേക ഭൂമിശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളാണ് ക്ലസ്റ്ററുകൾ. ഇപ്രകാരം രൂപീകരിക്കുന്ന ക്ലസ്റ്ററിനാവശ്യമായ സാമ്പത്തിക സഹായം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കി വരുന്ന സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി (MSE-CDP) പ്രകാരം നൽകിവരുന്നു. ഇതുവരെ 12 ക്ലസ്റ്ററുകൾ പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 4 ക്ലസ്റ്ററുകളുടെ പൊതുസേവന കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമായി വരുന്നു.

ഒരു പ്രത്യേക സാമ്പത്തിക മേഖല (സ്പെഷ്യൽ എക്കണോമിക്

സോൺ - SEZ) എന്നത് സംരംഭകർക്ക് ലളിതമായ നികുതി വ്യവസ്ഥകൾ ഉള്ളതും കയറ്റുമതികൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു മേഖലയാണ്. വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും സാങ്കേതിക മുന്നേറ്റത്തിന് വഴിയൊരുക്കുന്നതിനും നികുതി ആനുകൂല്യങ്ങൾ (tax concession & duty exemption) പ്രയോജനപ്പെടുത്തി ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച സുഗമമാക്കുന്നതിനും സഹായിക്കുന്നു. പ്രത്യേക സാമ്പത്തിക മേഖല സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് കേന്ദ്ര മന്ത്രാലയമാണ്.

(സി) കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി യാഥാർത്ഥ്യമാകുന്നതോടുകൂടി ഏതെല്ലാം മേഖലയിലുള്ള വ്യവസായമാണ് വരാൻ പോകുന്നതെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. ഇതുപ്രകാരം പാലക്കാടും കൊച്ചിയും ഓരോ നോഡുകളായാണ് സ്ഥാപിക്കുന്നത്. പാലക്കാട് നോഡിൽ 1845 ഏക്കർ ഭൂമി കണ്ടെത്തി അതിന്റെ ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. ഭൂമി ഏറ്റെടുത്ത് സംയുക്ത സംരംഭമായ

കേരള ഇൻഡസ്ട്രിയൽ കൊറിഡോർ കോർപ്പറേഷന് കൈമാറി, അവർ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങൾക്ക് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പദ്ധതിയുടെ Market Demand Assessment-ഉം Master Plan-ഉം തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ കേന്ദ്ര സർക്കാർ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പാലക്കാട് ക്ലസ്റ്ററിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പദ്ധതിയുടെ Market Demand Assessment-ഉം Master Plan-ഉം തയ്യാറാക്കുന്നതിന് M/s Jacobs എന്ന ഏജൻസിയെ NICDIT ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പഠനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ഏത് തരത്തിലുള്ള വ്യവസായ ക്ലസ്റ്ററുകളാണ് അനുയോജ്യം എന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. അഞ്ച് വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ ഒരു Gift City സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 358 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്, സർവേ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

**കഞ്ചിക്കോട് ഇന്റഗ്രേറ്റഡ് റൈസ് പാർക്കിന്റെ നിർമ്മാണം**

137 (4227) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് റൈസ് പാർക്കിന്റെ നിർമ്മാണം നിലവിൽ ഏത് നിലയിലാണ്; നിർമ്മാണം പൂർത്തിയാക്കി പ്രസ്തുത പാർക്ക് എന്ന് പ്രവർത്തന സജ്ജമാകുമെന്നറിയിക്കാമോ?

പാലക്കാട് ജില്ലയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്കിനുള്ളിൽ അഞ്ച് ഏക്കർ സ്ഥലത്താണ് സംയോജിത റൈസ് ടെക്നോളജി പാർക്ക് ആരംഭിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ സിവിൽ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികളിലൂടെ കരാറുകാരെ നിശ്ചയിച്ച് നിർമ്മാണ

പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പദ്ധതി 2023 മാർച്ച് മാസത്തോടുകൂടി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇന്റഗ്രേറ്റഡ് റൈസ് പാർക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്നും ഇതുമൂലം നെൽകർഷകർക്ക് എന്തെല്ലാം ഗുണഫലങ്ങളാണ് ലഭിക്കുകയെന്നും വിശദമാക്കാമോ?

റൈസ് ടെക്നോളജി പാർക്കിൽ 5750 ടൺ നെല്ല് ഒരു സമയം സൂക്ഷിക്കാൻ പറ്റുന്ന സൈലോ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഇതുമൂലം കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് കാലതാമസം കൂടാതെ ശേഖരിക്കാമെന്നതുകൊണ്ട് കൊയ്ത്ത് കഴിഞ്ഞ് പാടത്ത് കിടന്ന് നെല്ല് നശിച്ച് പോകുന്ന അവസ്ഥ ഒഴിവാക്കാനാകും.

റൈസ് പാർക്കിന്റെ രണ്ടാംഘട്ടത്തിൽ അരിയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലിറക്കുന്നതുവഴി കർഷകരുടെ നെല്ലിന് മെച്ചപ്പെട്ട വില ഉറപ്പുവരുത്താൻ കഴിയുന്നതാണ്.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

138 (4228) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എത്ര പാർക്കുകൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിച്ചിട്ടില്ല. ആയതിന് ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചു‌വരുന്നു. നിലവിൽ 17 ഓൺലൈൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അതിന് വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിൽ ഡെവലപ്പർക്ക് സൗകര്യമൊരുക്കാൻ സർക്കാർ ധനസഹായം നൽകുന്നതാണ്. വൈദ്യുതി, ജലം റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങൾക്കുമായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ധനസഹായം നൽകുന്നതാണ്.

## എരുമപ്പെട്ടി പഞ്ചായത്തിലെ വ്യവസായ പാർക്ക്

139 (4229) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി പഞ്ചായത്തിൽ വ്യവസായ പാർക്ക് തുടങ്ങാൻ പഞ്ചായത്ത് സ്ഥലം വിട്ടുനൽകാമെന്ന് അറിയിച്ചിട്ടുണ്ടോ?

കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി പഞ്ചായത്തിന്റെ അധീനതയിലുള്ള 10 ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് എരുമപ്പെട്ടി പഞ്ചായത്ത്, തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) അതുപ്രകാരം വ്യവസായ പാർക്ക് ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എരുമപ്പെട്ടി പഞ്ചായത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 28-09-2021-ന് സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥലം സന്ദർശിച്ച് പ്രഥമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് വ്യവസായ പാർക്കിനായി വകുപ്പ് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയതെന്ന് വിശദമാക്കാമോ?

സ്ഥലത്തിനെ സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ട്, മഹ്സർ, സ്കെച്ച് എന്നിവ ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിന് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ഭൂമി വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതോടൊപ്പം വകുപ്പിൽ നിലവിലുള്ള പദ്ധതി ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) എരുമപ്പെട്ടി പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പാർക്ക് കാലതാമസം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി**

140 (4230) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമിയിൽ സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കാൻ ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ?

ഇല്ല.

(ബി) കോടതി ലിക്വിഡേഷൻ നടപടിയിലൂടെ തുച്ഛമായ പണത്തിന് കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമിയും അനുബന്ധ വസ്തുക്കളും അന്യാധീനപ്പെട്ട് പോവുന്നത് തടയുന്നതിനായി നടപടി സ്വീകരിക്കുമോ?

പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ പുനരുദ്ധാരണ പാക്കേജുമായി മുന്നോട്ടുപോകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ള വിവരം അഡ്വക്കേറ്റ് ജനറലിനെ അറിയിക്കുകയും ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നിയമ നടപടികൾ അറിയിക്കുവാൻ അഭ്യർത്ഥിച്ചിട്ടുമുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്ക് അനുസൃതമായി, പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി

പ്രയോജനപ്പെടുത്തുന്നതിനായി ടെക്സ്റ്റൈൽ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് യോജിച്ച മറ്റൊരു പ്രോജക്ട് തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി വിട്ടുകൊടുക്കുന്നതിനായി അപേക്ഷ ലഭിക്കുന്നപക്ഷം സർക്കാർ നടപടി സ്വീകരിക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കാസർഗോഡ് ജില്ലയിൽ മിനി ഫുഡ് പാർക്ക്**

141 (4231) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംസ്ഥാന ബജറ്റിൽ മിനി ഫുഡ് പാർക്ക് നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ, വിശദാംശങ്ങൾ അറിയിക്കാമോ?

2022-23 സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനയ്ക്കുമുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിനും അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു വലിയ വിപണി സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽനിന്നും ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മിനി ഫുഡ് പാർക്കുകളിൽ ഒരെണ്ണം കാസർഗോഡ് ജില്ലയിൽ കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൈവശമുള്ളതും ഒഴിഞ്ഞുകിടക്കുന്നതുമായ 15 ഏക്കർ ഭൂമി പ്രയോജനപ്പെടുത്തി അതിൽ അനുവദിക്കണമെന്ന ഉദുമ എം.എൽ.എ.-യുടെ ഹർജിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥിതി ചെയ്യുന്ന ഉദുമ ടെക്സ്റ്റൈൽ മിൽസിന്റെ കൈവശമുള്ള ഭൂമിയിൽ മില്ലിന്റെ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ള സ്ഥലം മില്ലിന്റെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി വീവിംഗ്, ഡൈയിംഗ്

ആൻഡ് പ്രോസസ്സിംഗ്, ഗാർമെന്റ് യൂണിറ്റുകൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലത്ത് മിനി ഫുഡ് പാർക്ക് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**അഗ്രോ വ്യവസായ പാർക്കുകൾ**

142 (4232) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം അഗ്രോ വ്യവസായ പാർക്കുകളാണ് പ്രവർത്തിച്ചുവരുന്നതെന്ന് ജില്ലകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; ഏതെല്ലാം കാർഷിക വിളകൾക്കായാണ് ഓരോ അഗ്രോ വ്യവസായ പാർക്കും ക്രമീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

1. ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് - പാലക്കാട് & ആലപ്പുഴ.

നെല്ല് സംസ്കരണവുമായി ബന്ധപ്പെട്ടാണ് ഈ പാർക്കുകൾ സ്ഥാപിച്ചിരിക്കുന്നത്.

2. കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക് - മലപ്പുറം.

എല്ലാവിധ ഭക്ഷ്യ-കാർഷിക വിളകളും സംസ്കരിച്ച് അതിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ അവിടെ പ്രവർത്തിക്കുന്നു.

3. കിൻഫ്ര മെഗാ ഫുഡ് പാർക്ക് - പാലക്കാട്.

(ബി) വ്യവസായ വകുപ്പ് മറ്റു വകുപ്പുകളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ നടത്തുന്നുണ്ടോയെന്ന വിവരം അറിയിക്കാമോ; വകുപ്പുകളുടെയും പാർക്കുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ; കൃഷി വകുപ്പിന്റെ സ്ഥലമുപയോഗിച്ച് സംസ്ഥാനത്ത് എവിടെയെങ്കിലും അഗ്രോ വ്യവസായ പാർക്ക് പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

വ്യവസായ വകുപ്പ് മറ്റു വകുപ്പുകളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ നടത്തുന്നില്ല.

(സി) സ്ഥലവിസ്തൃതികൊണ്ട് ഏഷ്യയിലെ ഏറ്റവും വലിയ വിത്തു കൃഷിത്തോട്ടമായ മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തു കൃഷിത്തോട്ടത്തിൽ കൃഷി വകുപ്പുമായി സഹകരിച്ച് നാളികേര വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി**

143 (4233) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനായി അപേക്ഷിച്ചവർക്ക് മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകാത്തതിനാൽ സംരംഭം ആരംഭിക്കുവാൻ കഴിയാത്ത എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്ന് ലഭ്യമായ രേഖകൾ പ്രകാരം ബോർഡ് നിഷ്കർഷിക്കുന്ന വിവിധ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ 2015 മുതൽ (12-07-2022 വരെ) 235 സ്ഥാപനാനുമതി അപേക്ഷകളും 444 പ്രവർത്തനാനുമതി അപേക്ഷകളും നാളിതുവരെ നിരസിച്ചിട്ടുണ്ട്.

(ബി) 2021-22 സാമ്പത്തിക വർഷത്തിൽ വർക്കല മണ്ഡലത്തിൽ നിന്നും ലഭിച്ച എത്ര അപേക്ഷകളിൽ അനുമതി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ വർക്കല താലൂക്കിൽ നിന്ന് 143 അപേക്ഷകൾ ലഭിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും അതിൽ 135 അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബാക്കി 8 അപേക്ഷകളിൽ അപൂർണ്ണമായതും മതിയായ ഫീസ് ഒടുക്കാത്തതുമായ 7 അപേക്ഷകളും ദൂരപരിധി മാനദണ്ഡം പാലിക്കാത്ത ഒരു അപേക്ഷയും അപേക്ഷകന് മടക്കി നൽകിയിട്ടുണ്ട്. എന്നാൽ ആയവ പുനർസമർപ്പിച്ചിട്ടില്ല. നിലവിൽ അനുമതി ലഭിക്കാനുള്ള അപേക്ഷകൾ ഒന്നും തന്നെയില്ല.

(സി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ വർക്കല മണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകാത്ത അപേക്ഷകളിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കാമോ?

അപൂർണ്ണമായ അപേക്ഷകളിൻമേൽ മതിയായ രേഖകൾ/ഫീസ് ഒടുക്കി പുനർസമർപ്പിക്കുന്നതിന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്ത യൂണിറ്റിന് കാരണം വിശദമാക്കിക്കൊണ്ട് നോട്ടീസും നൽകിയിട്ടുണ്ട്.

**വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം**

144 (4234) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ സ്ഥലമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാവേലിക്കര മണ്ഡലത്തിൽ നൂറനാട് ഗ്രാമ പഞ്ചായത്തിൽ ആലപ്പി ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിൽ ഒരേക്കർ സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

എല്ലാ ഷെഡ്ഡുകളും അലോട്ട് ചെയ്തിട്ടുള്ളതിനാൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് സ്ഥലം ഒഴിവില്ല.

**പൊതുമേഖല സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം**

145 (4235) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഏകീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) കെ.എസ്.ഐ.ഡി.സി.-യിൽ പെൻഷൻ പ്രായം എത്രയാണ്; ആയത് ഉയർത്തുവാൻ സർക്കാർതലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഐ.ഡി.സി.-യിൽ നിലവിൽ പെൻഷൻ പ്രായം 58 വയസാണ്. പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലില്ല.

(സി) പൊതുമേഖല സ്ഥാപനങ്ങൾ സ്വന്തമായി വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിൽ വിരമിക്കൽ പ്രായം ഉയർത്തുന്നതിലൂടെ യുവാക്കളുടെ തൊഴിലവസരങ്ങൾ നഷ്ടമാകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

(സി-ഡി) പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് നയപരമായ കാര്യമായതിനാൽ സർക്കാർ അനുമതി ആവശ്യമാണ്.

**കല്ലേപ്പുള്ളി മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം**

146 (4236) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കല്ലേപ്പുള്ളി മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പാലക്കാട് കല്ലേപ്പുള്ളി മോഡേൺ റൈസ് മില്ലിന്റെ 80 ശതമാനം ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മില്ലിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ സാധിക്കും?

2022 ഡിസംബർ മാസത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത മില്ലിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനി മറ്റേതെല്ലാം വകുപ്പുകളിൽ നിന്നെല്ലാമാണ് അനുമതി ലഭിക്കേണ്ടത്?

കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർ ആന്റ് സേഫ്റ്റി, ഫാക്ടറി ആൻഡ് ബോയിലേഴ്സ്, ഗ്രാമ പഞ്ചായത്ത് (കാവശ്ശേരി) എന്നിവിടങ്ങളിൽനിന്ന് അനുമതി ലഭിക്കേണ്ടതുണ്ട്.

(ഡി) പ്രസ്തുത മില്ലിലെ നിയമനങ്ങൾ എസ്.സി. വിഭാഗത്തിലെ ഉദ്യോഗാർത്ഥികളിൽനിന്നുമാത്രം നിയമനം നടത്തണമെന്ന വ്യവസ്ഥ നിലനിൽക്കെ മറ്റ് വിഭാഗങ്ങളെക്കൂടി പരിഗണിക്കണമെന്നത് സംബന്ധിച്ച പ്രൊപ്പോസൽ കെൽപാം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഇല്ല.

**പരുമല സ്ട്രോ ബോർഡ് ഫാക്ടറി നവീകരണം**

147 (4237) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ പരുമല സ്റ്റോ ബോർഡ് ഫാക്ടറിയുടെ നവീകരണത്തിനായി തയ്യാറാക്കിയ പദ്ധതികൾ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ & ബി) ഇല്ല. സിഡ്കോയുടെ 8 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണത്തിനായി സ.ഉ.(സാധാ)നം.469/2019/ഐ.ഡി. തീയതി 30/05/2019 പ്രകാരം അനുവദിച്ച തുകയിൽനിന്നും പരുമല സ്റ്റോ ബോർഡ് ഫാക്ടറിയിൽ പുതിയ മെഷീനറികൾ (Spot Welding Machine, Shearing Machine, Bending Machine) ഇൻസ്റ്റാൾ ചെയ്യുകയും സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം

148 (4238) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ റൈസ് പാർക്കിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉണ്ട്. പാലക്കാട് റൈസ് പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ അടക്കമുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നത് സംസ്ഥാന സർക്കാരിനുകീഴിലുള്ള കോർപ്പറേഷനായ കിൻഫ്രയാണ്. കിൻഫ്രയുടെ മെഗാ ഫുഡ് പാർക്കിനുള്ളിൽ റൈസ് പാർക്കിനായി അഞ്ച് ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

പദ്ധതിക്കായി അനുവദിച്ച ഭൂമി അറുനൂറോളം വിവിധ തരത്തിലുള്ള മരങ്ങൾ ഉണ്ടായിരുന്ന പ്രദേശമാണ്. ആയത് വനം വകുപ്പ് നിരക്ക് നിശ്ചയിച്ച് ട്രീ കമ്മിറ്റികൂടി ലേലം ചെയ്ത് മുറിച്ചുമാറ്റിയാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. കോവിഡും മോശം കാലാവസ്ഥയും ഈ പ്രവർത്തനങ്ങളെ ബാധിച്ചതിനാൽ

നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്.

സിവിൽ പ്രവൃത്തികൾ നടക്കുന്നതിനൊപ്പംതന്നെ പദ്ധതിക്കാവശ്യമായ പ്ലാന്റ് & മെഷീനറിയും സൈലോകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സമാന്തരമായി നടന്നുവരുന്നു.

(ബി) സർക്കാരിന്റെ സ്വപ്ന പദ്ധതികളിലൊന്നായ പാലക്കാട് റൈസ് പാർക്ക് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2023 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മീറ്റ് ദ ഇൻവെസ്റ്റർ പരിപാടി

149 (4239) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വ്യവസായിക വളർച്ച ലക്ഷ്യമിട്ട് വിഭാവന ചെയ്ത 'മീറ്റ് ദ ഇൻവെസ്റ്റർ' എന്ന പരിപാടിയിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപ

വാഗ്ദാനമാണ് ലക്ഷ്യമായിട്ടുള്ളതെന്നും ഇതിൽ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കേരളത്തിലെ വ്യവസായിക വളർച്ച ലക്ഷ്യമിട്ട് വിഭാവന ചെയ്ത 'മീറ്റ് ദ ഇൻവെസ്റ്റർ' എന്ന പരിപാടിയിലൂടെ 8 പദ്ധതികൾക്കായി 2295 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കോട്ടയം ജില്ലയിലെ മീറ്റ് ദി മിനിസ്റ്റർ പരിപാടി

150 (4240) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ മീറ്റ് ദി മിനിസ്റ്റർ പരിപാടി എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പൂർത്തീകരിക്കാനുള്ളത്?

ഇല്ല. വയനാട്, ഇടുക്കി ജില്ലകളിലാണ് മീറ്റ് ദി മിനിസ്റ്റർ പരിപാടി സംഘടിപ്പിക്കുവാനുള്ളത്.

(ബി) കോട്ടയം ജില്ലയിൽ നടത്തിയ മീറ്റ് ദി മിനിസ്റ്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിപാടിയിലൂടെ എത്ര പരാതികൾ ലഭിച്ചുവെന്നും ഇവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ വച്ച് 19/07/2021-ൽ നടത്തപ്പെട്ട മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ 128 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിൽ 115 പരാതികൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പരിപാടിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ഇടുക്കി, വയനാട് ജില്ലകളിൽ ഒഴികെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ച മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ ആകെ 1434 പരാതികളാണ് ലഭിച്ചിരുന്നത്. ഇതിൽ 1092 പരാതികൾ ഇതുവരെ തീർപ്പാക്കിയിട്ടുണ്ട് (76.15 %). സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭകരുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ആയവയ്ക്ക് നിയമപ്രകാരം സാധ്യമായ ശാശ്വത പരിഹാരമാർഗ്ഗങ്ങൾ കാണുന്നതിനും മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ സാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നും ലൈസൻസ്/ നിരാക്ഷേപ പത്രങ്ങൾ ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി രൂപീകരിച്ച സ്ഥിരം പരാതി പരിഹാര സംവിധാനമായ Grievance Redressal System

ഇത്തരത്തിലുണ്ടായതാണ്. ജില്ല/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 5 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 5 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ ജില്ല വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചത് മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ സംരംഭകർ ഉന്നയിച്ച ആവശ്യങ്ങളുടെകൂടി അടിസ്ഥാനത്തിലാണ്. അതോടൊപ്പം താലൂക്ക് വ്യവസായ ഓഫീസുകളെ സംരംഭക സൗഹൃദ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിക്കുകയും ചെയ്തു. ഇത്തരത്തിൽ സംരംഭകരുടെ പരാതികൾ

പരിഹരിക്കുന്നത് വേഗത്തിലാക്കുന്നതിനും സർക്കാരും വകുപ്പും വ്യവസായ സൗഹൃദമാണെന്ന് സംരംഭകരെ ബോധ്യപ്പെടുത്തുന്നതിനും മീറ്റ് ദി മിനിസ്റ്റർ പരിപാടി മുഖേന സാധിച്ചിട്ടുണ്ട്.

## പുതിയ വ്യവസായ സ്ഥാപനങ്ങൾ

151 (4241) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് വർഷക്കാലത്തിനിടയിൽ സംസ്ഥാനത്ത് ആരംഭിച്ച പുതിയ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർനാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനമായി കോട്ടയം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന് BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന് പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്ത് റബ്ബർ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സിയാൽ മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ നിലവിൽ പൊതുമേഖല സ്ഥാപനമായി ഒരു കമ്പനി രജിസ്റ്റർ ചെയ്ത് കോട്ടയം ജില്ലയിൽ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കഴിഞ്ഞ ആറ് വർഷക്കാലത്തിനിടയിൽ കെ.എസ്.ഐ.ഡി.സി.യു-ടെ ധനസഹായത്തോടുകൂടി സംസ്ഥാനത്ത് ആരംഭിച്ചതും നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലുള്ളതുമായ

വ്യവസായ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 24 |
| 2 | കൊല്ലം | 9 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 4 |
| 5 | കോട്ടയം | 18 |
| 6 | എറണാകുളം | 51 |
| 7 | ഇടുക്കി | 5 |
| 8 | തൃശ്ശൂർ | 6 |
| 9 | പാലക്കാട് | 25 |
| 10 | കോഴിക്കോട് | 20 |
| 11 | കണ്ണൂർ | 9 |
| 12 | മലപ്പുറം | 5 |
| 13 | വയനാട് | 5 |
| 14 | കാസർഗോഡ് | 1 |

(ബി) പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ ഏതെങ്കിലും പൂട്ടിയിട്ടുണ്ടോയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത കാലയളവിൽ കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ പ്രവർത്തിച്ചിരുന്ന തൃശ്ശൂർ ജില്ലയിലെ രണ്ട് വ്യവസായ സ്ഥാപനങ്ങളും എറണാകുളം ജില്ലയിലെ ഒരു വ്യവസായ സ്ഥാപനവും പൂട്ടിയിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്ന വ്യവസായ സ്ഥാപനങ്ങളിലെ ലാഭനഷ്ടക്കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ ആറ് വർഷക്കാലയളവിലെ ലാഭനഷ്ട കണക്കുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ കെ.എസ്.ഐ.ഡി.സി. ധനസഹായം നല്കിയ പദ്ധതികളിൽ, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന 5 വ്യവസായ സ്ഥാപനങ്ങൾ തിരുവനന്തപുരം (1), കൊല്ലം (1), ആലപ്പുഴ (1) കോഴിക്കോട് (1) എറണാകുളം (1) എന്നിങ്ങനെയാണ്.

ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 1 |
| കോട്ടയം | 2 |
| പാലക്കാട് | 4 |
| ആലപ്പുഴ | 1 |
| എറണാകുളം | 13 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ താഴെ നല്കുന്നു.

| ജില്ല | എണ്ണം |
|---|---|
| ഇടുക്കി | 1 |
| എറണാകുളം | 2 |
| ആലപ്പുഴ | 1 |

കൂടാതെ കെ.എസ്.ഐ.ഡി.സി.-യുടെ വി മിഷൻ പദ്ധതിയിൻകീഴിൽ, 2018 മുതൽ ഇതുവരെ 18 സ്ഥാപനങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. അവയിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 10 എണ്ണം ലാഭത്തിലും (തിരുവനന്തപുരം-1, എറണാകുളം-3, തൃശ്ശൂർ-2, കോട്ടയം-1, ആലപ്പുഴ-1, കൊല്ലം-1, പാലക്കാട്-1), ഒരെണ്ണം (എറണാകുളം1) നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

(ഡി) പ്രസ്തുത കാലയളവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ ജില്ല തിരിച്ച് വിശദമാക്കാമോ?

കഴിഞ്ഞ ആറ് വർഷക്കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയിൽ വിവിധ തസ്തികകളിലായി നടത്തിയ നിയമനത്തിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ജില്ല | നിയമിച്ചവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 7 |
| എറണാകുളം | 2 |
| പാലക്കാട് | 1 |
| കോഴിക്കോട് | 1 |
| മലപ്പുറം | 1 |
| കണ്ണൂർ | 1 |
| ആകെ | 13 |

പ്രസ്തുത കാലയളവിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ 13 അസിസ്റ്റന്റ് മാനേജർമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചതിന്റെ വിവരം താഴെകൊടുക്കുന്നു.

| ജില്ല | നിയമിച്ചവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 1 |
| ആലപ്പുഴ | 1 |
| പത്തനംതിട്ട | 4 |
| കോട്ടയം | 2 |
| എറണാകുളം | 1 |

| | |
|---|---|
| തൃശ്ശൂർ | 1 |
| ആകെ | 13 |

കഴിഞ്ഞ ആറ് വർഷക്കാലയളവിൽ കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ വ്യവസായ പാർക്കുകളിലും വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും മെഗാ പ്രോജക്ടുകൾക്കുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും CMD വഴിയും ട്രെയിനികൾ ഉൾപ്പടെ 150-ഓളം താൽക്കാലിക നിയമനങ്ങളാണ് തിരുവനന്തപുരം ഹെഡ് ഓഫീസിൽ നടത്തിയിട്ടുള്ളത്.

പ്രസ്തുത കാലയളവിൽ കെ.എസ്.ഐ.ഡി.സി.-യിൽ പി.എസ്.സി. മുഖേനയും എക്സിക്യൂട്ടിവ് കാറ്റഗറിയിലുമായി നടത്തിയ 10 നിയമനങ്ങളിൽ 9 പേർ ഇപ്പോൾ നിലവിലുണ്ട്.

(ഇ) പ്രസ്തുത കാലയളവിൽ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്ന് പിരിച്ചുവിട്ട ജീവനക്കാരുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; പിരിച്ചുവിടാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

കഴിഞ്ഞ ആറ് വർഷക്കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽനിന്ന് പിരിച്ചുവിട്ട

ജീവനക്കാരുടെയും പിരിച്ചുവിടാനുണ്ടായ കാരണങ്ങളും ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

പ്രസ്തുത കാലയളവിൽ കെ.എസ്.ഐ.ഡി.സി.-യിൽ താൽക്കാലിക നിയമനം ലഭിച്ചവരിൽ അവരുടെ സേവനകാലം പൂർത്തീകരിച്ചതിനാലോ/പുതിയ ജോലി ലഭ്യമായതിനെത്തുടർന്നോ ഏകദേശം79 ഓളം പേർ പിരിഞ്ഞുപോയിട്ടുണ്ട്.

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വനിത സംരംഭക പ്രോത്സാഹന പദ്ധതികൾ

152 (4242) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത സംരംഭകർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(ബി) പ്രസ്തുത പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-17 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) വനിത സംരംഭകർക്ക് മുൻഗണന നൽകിക്കൊണ്ട് വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംരംഭക സഹായ പദ്ധതി

കോവിഡ് 19 -ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതിയിൽ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം, NRK എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിച്ചു.

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

പദ്ധതിപ്രകാരം സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു.

ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ്

വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.

എസ്.സി/എസ്.ടി/വനിതകൾ/വിമുക്ത ഭടന്മാർ/40 വയസ്സ് വരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും.

ഒരു കുടുംബം ഒരു സംരംഭം പദ്ധതി

2022-23 വർഷത്തിൽ സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുള്ള സംരംഭകത്വ പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള 'ഒരു കുടുംബം ഒരു സംരംഭം' ഉപപദ്ധതിയിൽ 50% ഗുണഭോക്താക്കൾ വനിത സംരംഭകരായിരിക്കും.

വ്യവസായ മേഖലയിലെ മുഖ്യധാരയിലേയ്ക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിത സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. ഈ പദ്ധതിപ്രകാരം യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഉത്പാദന, സേവന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ്

വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിധ്യവൽക്കരണത്തിനോവേണ്ടി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. കൂടാതെ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണ നൽകുന്നതും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള സാഹചര്യമൊരുക്കുന്നതും "വി മിഷൻ" പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതിയിൽ വനിതകൾക്ക് പ്രത്യേക പ്രോത്സാഹനമായി 5% അധിക സബ്സിഡി നൽകിവരുന്നുണ്ട്. ഇതിൻപ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട 3 വനിതാ യൂണിറ്റുകൾക്ക് 10,42,924/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

## ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ

153 (4243) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനുവരിയിൽ ഹൈദരാബാദിൽ വച്ച് കേരള സർക്കാർ നടത്തിയ ഇൻവെസ്റ്റ്മെന്റ് റോഡ് ഷോയുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ വ്യവസായ സാധ്യതകളെ തുറന്നുകാട്ടുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2022 ജനുവരിയിൽ തെലുങ്കാനയിൽവച്ച് ഒരു ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ സംഘടിപ്പിച്ചിരുന്നു. ചീഫ് സെക്രട്ടറി അടക്കമുള്ള ഉന്നതോദ്യോഗസ്ഥർ ഇതിൽ പങ്കെടുത്തിരുന്നു. ഇൻവെസ്റ്റ്മെന്റ് റോഡ് ഷോയിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും മറ്റു വിശദാംശങ്ങളും സർക്കാർതലത്തിൽ വിലയിരുത്തിവരുന്നു.

(ബി) ഈ റോഡ് ഷോയിൽ പങ്കെടുത്തിട്ടുള്ള ആന്ധ്രാപ്രദേശിൽ നിന്നുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

തെലുങ്കാനയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെയും വാണിജ്യ-വ്യവസായ അസോസിയേഷനുകളുടെയും മുപ്പതോളം ക്ഷണിക്കപ്പെട്ട പ്രതിനിധികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. അരൊബിന്ദോ ഫാർമ, ഗ്ലാൻഡ് ഫാർമ, നാട്കോ ഫാർമ, ഹെടെരോ ഡ്രഗ്സ്, ഡോ. റെഡ്ഡീസ് ലബോറട്ടറീസ്, ടാറ്റ കൺസൽട്ടൻസി ലിമിറ്റഡ്, സയെന്റ് ലിമിറ്റഡ്, എലികോ ലിമിറ്റഡ്,

എമ്മെന്നാർ ഫാർമ, പെന്നാ സിമെന്റസ്, കെയർ ഹോസ്പിറ്റൽ, യശോദ ഹോസ്പിറ്റൽ, ഹാർടെക്സ് റബ്ബർ തുടങ്ങിയ കമ്പനികളുടെ തലവന്മാരും സി.ഐ.ഐ, ക്രെഡായ് തുടങ്ങിയ വ്യവസായ അസോസ്സിയേഷനുകളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു.

(സി) പ്രസ്തുത റോഡ് ഷോയിൽ ഏതെങ്കിലും ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ധാരണാ പത്രങ്ങളൊന്നും ഒപ്പുവയ്ക്കുകയുണ്ടായില്ല.

(ഡി) ഇതിന്റെ നടത്തിപ്പിന് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

6.54 ലക്ഷം രൂപ.

**വേൾഡ് ഇക്കണോമിക് ഫോറം കോൺഫറൻസ്**

154 (4244) <u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വിറ്റ്സർലന്റിലെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറം കോൺഫറൻസിൽ പങ്കെടുക്കാൻ കേരളത്തിന് ക്ഷണം ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത കോൺഫറൻസിൽ പങ്കെടുക്കാനുള്ള താല്പര്യം കേരളം കേന്ദ്രത്തെ അറിയിച്ചിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

(സി) 2006-നുശേഷം വേൾഡ് ഇക്കണോമിക് ഫോറം കോൺഫറൻസിൽ കേരളം പങ്കെടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) കേരളത്തിന് ഔദ്യോഗിക ക്ഷണം ലഭിച്ചിട്ടില്ല. അന്തർദ്ദേശീയ വ്യാവസായിക എക്സിബിഷനുകൾ/കോൺഫറൻസുകൾ, എന്നിവയിൽ ഔദ്യോഗികക്ഷണം ലഭിക്കുന്നമുറയ്ക്ക് കേന്ദ്രസർക്കാർ അനുമതിക്ക് വിധേയമായി മാത്രമാണ് സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മുഖ്യമന്ത്രിയുടെയോ വകുപ്പുമന്ത്രിമാരുടെയോ വകുപ്പ് തലവൻമാരുടെയോ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം പങ്കെടുക്കാറുള്ളത്.

**നിയമാനുസൃതമല്ലാത്ത ക്വാറികൾക്കെതിരെ നടപടി**

155 (4245) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമാനുസൃതമായി പ്രവർത്തിക്കുന്ന ചെങ്കൽ, കരിങ്കൽ ക്വാറികൾ എത്രയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് നിയമാനുസൃതമായി പ്രവർത്തിക്കുന്ന കരിങ്കൽ, ചെങ്കൽ ക്വാറികൾ എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കരിങ്കൽ ക്വാറികൾ - 571 എണ്ണം.

ചെങ്കൽ ക്വാറികൾ - 6 എണ്ണം.

(ബി) നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾക്ക് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015-ലെ ചട്ടം 108 പ്രകാരമുള്ള പിഴ ഈടാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നു. നിയമാനുസരണം പ്രവർത്തിക്കുന്ന

ക്വാറികളുടെ വിവരം മൈനിംഗ് & ജിയോളജി വകുപ്പിന്റെ വെബ്സൈറ്റിൽ (dmg.kerala.gov.in) ലഭ്യമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പിഴയിനത്തിൽ എത്ര രൂപ ഈടാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത ഖനനം സംബന്ധിച്ചുള്ള പിഴയിനത്തിൽ 85,74,53,126/- രൂപ (01-05-2021 മുതൽ 31-05-2022 വരെ) ഈടാക്കിയിട്ടുണ്ട്.

## പാറ ഖനനത്തിനുള്ള റോയൽറ്റി

156 (4246) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാറ ഖനനം ചെയ്യുന്നതിന് ലൈസൻസികൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട റോയൽറ്റി എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പാറഖനനം നടത്തുന്നതിന് (I) quantity based റോയൽറ്റിയോ, (ii) അപേക്ഷാ സ്ഥലത്തിന്റെ അടിസ്ഥാനത്തിലുള്ള Consolidated Royalty Payment System അനുവദിക്കുന്ന റോയൽറ്റിയോ, (iii) ക്രഷർ attach ചെയ്തിട്ടുള്ള ക്വാറിയിംഗ് ലീസുടമയ്ക്ക് ക്രഷറിലെ jaw size/ motor power എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ Registered Metal Crusher Unit (RMCU) ആയി രജിസ്ട്രേഷൻ സമ്പാദിച്ച് consolidated റോയൽറ്റിയോ ഒടുക്കാവുന്നതാണ്. നിലവിലെ റോയൽറ്റി നിരക്കുകൾ താഴെ വിവരിക്കുംപ്രകാരമാണ്.

(i) Quantity based:- നിലവിലെ റോയൽറ്റി ഒരു മെട്രിക് ടണ്ണിന് 24 രൂപ നിരക്കിലാണ്.

(ii) Consolidated Royalty Payment System.

| | Extent in area | Annual consolidated royalty |
|---|---|---|
| 1 | Up to 10 Ares | 75,000 |
| 2 | Above 10 Ares to 20 Ares | 1,50,000 |
| 3 | Above 20 Ares to 30 Ares | 3,00,000 |
| 4 | Above 30 to 40 Ares | 5,00,000 |
| 5 | Above 40 Ares and upto 50 | |

| | | |
|---|---|---|
| | Ares | 7,00,000 |

(iii) Registered Metal Crusher Unit (RMCU)

| | Description of crusher | Annual consolidated royalty per machine (in Rs.) |
|---|---|---|
| | Secondary Jaw Crusher (in terms of area of feed opening) | |
| 1 | Up to 929.03 sq.cm | 2,00,000 |
| 2 | Greater than 929.03 sq.cm but less than or equal to 1548.38 sq.cm | 4,00,000 |
| 3 | Greater than 1548.38 sq.cm. | 6,00,000 |
| | Cone Crusher (in terms of 'Horse Power' of motor used | |
| 4 | Up to 300 | 16,00,000 |
| 5 | Greater than 300 | 26,00,000 |
| | Sand Making Units (in terms of " Horse Power" of motor used) (for those who use sand making machine only | |
| 6 | Up to 300 | 16,00,000 |
| 7 | Greater than 300 | 26,00,000 |

(ബി) പ്രസ്തുത റോയൽറ്റി അവസാനമായി വർദ്ധിപ്പിച്ചത് ഏത് വർഷമാണ്; എത്ര രൂപയാണ് വർദ്ധിപ്പിച്ചത്; എത്ര വർഷം കൂടുമ്പോഴാണ്

റോയൽറ്റി പുതുക്കി നിശ്ചയിക്കുന്നത്; ഇതിന് പിന്തുടരുന്ന നടപടിക്രമം വ്യക്തമാക്കുമോ?

കരിങ്കൽ ഖനനത്തിന് അവസാനമായി റോയൽറ്റി വർദ്ധിപ്പിച്ചത് 2015 ലാണ്.

(i) Quantity based:- നിലവിലെ റോയൽറ്റി ഒരു മെട്രിക് ടണ്ണിന് 24 രൂപ നിരക്കിലാണ്. 2015-ന് മുമ്പ് ഒരു മെട്രിക് ടണ്ണിന് 16 രൂപ നിരക്കിലായിരുന്നു. ഒരു മെട്രിക് ടണ്ണിന് 8 രൂപയുടെ വർദ്ധന.

(ii) Consolidated Royalty Payment System (CRPS)

| | Extent in area | Royalty before 2015 |
|---|---|---|
| 1 | Up to 5 ares | 15000 |
| 2 | 5 to 10 ares | 25000 |
| 3 | 10 to 15 ares | 50000 |
| 4 | Above 15 ares | 100000 |

CRPS-ൽ മേൽ വിവരിച്ചിട്ടുള്ള സ്ലാബിൽ വർദ്ധനയ്ക്കുശേഷമുള്ള സ്ലാബുമായി വിസ്തൃതിയിൽ വ്യത്യാസമുള്ളതിനാൽ താരതമ്യം പ്രായോഗികമല്ല.

(iii) Registered Metal Crusher Unit (RMCU)

| Sl. No. | Jaw size of the metal crusher (cm) | Annual Consolidated royalty per machine (in Rs.) | 2015 ൽ ഉണ്ടായ വർദ്ധന |
|---|---|---|---|
| 1 | 30.48 x 17.78 to 40.64 x 22.86 | 50000 | 150000 |
| 2 | Greater than 40.64 x 22.86 to 76.20 x 20.32 | 100000 | 300000 |
| 3 | Greater than 76.20 x 20.32, 76.20 x 22.86, 100.68 x 15.24 | 200000 | 400000 |

2015-ൽ RMCU-ൽ ഉണ്ടായ വർദ്ധനയിൽ മേൽ വിവരിച്ച സ്ലാബുകൾക്ക് പുറമേ Cone crusher, Sand Making Units എന്നിവ കൂടി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

കേന്ദ്ര ഖനന ചട്ടമായ MMD&R Act 1957 ചട്ടം 9(3) പ്രകാരം ഒരു ധാതുവിന്റെ റോയൽറ്റി മൂന്ന് വർഷത്തിനുള്ളിൽ ഒരു പ്രാവശ്യം എന്ന രീതിയിൽ പുതുക്കി നിശ്ചയിക്കാവുന്നതാണ്. സംസ്ഥാനത്തെ നിർമ്മാണമേഖലയിലെ വിവിധ പ്രശ്നങ്ങൾ അവലോകനം ചെയ്തുകൊണ്ടും മാർക്കറ്റ് വാല്യൂവിലെ വിവരങ്ങളും കണക്കിലെടുത്താണ് റോയൽറ്റി പുതുക്കി നിശ്ചയിക്കാറുള്ളത്.

(സി) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പാറ ഖനനത്തിനുള്ള റോയൽറ്റി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ പരിഗണനയിലില്ല.

**കണ്ണൂർ കടന്നപ്പള്ളി ചിറ്റന്നൂരിലെ ഖനനം**

157 (4247) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി വില്ലേജിൽ ചിറ്റന്നൂർ വാർഡിൽ ചെങ്കുത്തായ കുന്നുകളിൽ ഖനനം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ കടന്നപ്പള്ളി വില്ലേജിൽ റീ-സർവെ നമ്പർ 168/104, 168/105 ശ്രീ. മാത്യു മടക്കുടിയൻ ബഞ്ചമിൻ, മടക്കുടിയൻ ഹൗസ്, വിളയൻകോട് പി.ഒ, കണ്ണൂർ എന്നയാൾക്ക് മാത്രമാണ് 2022-ൽ 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരം 909.27 ഘന മീറ്റർ മണ്ണ് പുറത്തുകൊണ്ടുപോകുന്നതിന് 13-05-2022 മുതൽ 30-06-2022 വരെ

കാലാവധിയിൽ 364 ട്രാൻസിറ്റ് പാസുകൾ നൽകിയിട്ടുള്ളത്. ആയതിനുശേഷം അപേക്ഷ പുതുക്കി നൽകിയിട്ടില്ല.

(ബി) വീട് നിർമ്മാണത്തിനായി അനുമതിയോടെ മണ്ണെടുത്ത പ്ലോട്ടിൽനിന്ന് വീണ്ടും മറ്റൊരു പ്ലാൻ ഉണ്ടാക്കി ഖനനം തുടരാൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. KMMC ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ മണ്ണ് മാറ്റുന്നതിന് അനുമതി നൽകുന്നതിന് കഴിയുകയുള്ളൂ.

(സി) ഖനനാനുമതിക്കായി ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഈ വിഷയത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല.

## കൂടുതൽ അസിസ്റ്റന്റ് ജിയോളജിസ്റ്റ് തസ്തികകൾ

158 (4248) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ അസിസ്റ്റന്റ് ജിയോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അവസാനമായി പ്രസ്തുത തസ്തിക സൃഷിച്ചത് എപ്പോഴാണ്; അതിനുശേഷം കൂടുതൽ ആവശ്യങ്ങൾക്ക് വകുപ്പിൽ നിന്ന് സർട്ടിഫിക്കറ്റുകൾ നൽകേണ്ടിവരുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് കൂടുതൽ തസ്തിക സൃഷ്ടിക്കേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ?

1997-ൽ വകുപ്പിൽ പുതുതായി 6 ജില്ലാ ഓഫീസുകൾ അനുവദിച്ചപ്പോൾ ഓരോ ഓഫീസിലും 2 വീതം ആകെ 12 അസിസ്റ്റന്റ് ജിയോളജിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിരുന്നു. 2015-ലെ KMMC ചട്ടങ്ങൾ നിഷ്കർഷിച്ചിരുന്ന രീതിയിൽ വകുപ്പിൽനിന്ന് സർട്ടിഫിക്കറ്റുകൾ നൽകേണ്ടി വരുന്ന സാഹചര്യമുണ്ട്. വകുപ്പിലെ ജോലി ഭാരത്തിന്

അനുസൃതമായി കൂടുതൽ അസിസ്റ്റന്റ് ജിയോളജിസ്റ്റുമാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി സഹകരണ സംഘം**

159 (4249) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ പ്രവർത്തിച്ചിരുന്ന പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം നൂലിന്റെ ക്ഷാമത്തെത്തുടർന്ന് അടച്ചുപൂട്ടേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ പട്ടികവർഗ്ഗ വകുപ്പിനും സർക്കാർ സ്കൂളുകൾക്ക് യൂണിഫോമിനും വേണ്ടിയുള്ള നെയ്ത്ത് നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരമുള്ള നെയ്ത്തു ജോലികൾ നടന്നുവന്നിരുന്ന പ്രസ്തുത സംഘത്തിൽ തറികൾ യഥാസമയം അറ്റകുറ്റ പണികൾ

നടത്താതിരുന്നതിനെ തുടർന്ന് ഗുണമേന്മയുള്ള കൈത്തറി യൂണിഫോം തുണി ഉല്പാദിപ്പിക്കുവാൻ കഴിയാതെവരികയും സ്കൂൾ യൂണിഫോം നെയ്ത്തുജോലികൾ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടാകുകയും ചെയ്തു. സംഘത്തിൽ ഉല്പാദനത്തിനുള്ള നൂൽ ക്ഷാമം ഉണ്ടായിട്ടില്ല.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് പ്രസ്തുത വ്യവസായ കേന്ദ്രത്തിന്റെ നവീകരണ പദ്ധതി തയ്യാറാക്കി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത നവീകരണ പദ്ധതിക്ക് അനുമതിയും നെയ്ത്തുശാലയ്ക്കാവശ്യമായ നൂലിന്റെ ലഭ്യതയും ഉറപ്പാക്കി നെയ്ത്തുശാല വീണ്ടും പ്രവർത്തിപ്പിക്കുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ?

(സി & ഡി) കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി സഹകരണ സംഘത്തിന്റെ നവീകരണത്തിനായി കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം തയ്യാറാക്കിയ 18,75,000/- രൂപയുടെ പദ്ധതിക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് മുഖേന ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

നവീകരണത്തിനുശേഷം, നെയ്ത്തുശാലയ്ക്കാവശ്യമായ നൂൽ, മറ്റ് അനുബന്ധ വസ്തുക്കളും ലഭ്യമാക്കുന്നതിലേയ്ക്കായി പ്രസ്തുത സംഘത്തിൽ നിന്നും അപേക്ഷ ലഭിച്ചശേഷം പരിശോധിക്കാവുന്നതാണ്.

## കൈത്തറി മേഖലയിലെ സംരംഭകത്വ പ്രോത്സാഹനം

160 (4250) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; കൈത്തറി മേഖലയിലെ പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഹാന്റ് ലൂം ബിസിനസ് ഇൻക്യുബേറ്ററുകൾ എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ?

കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. 2016-2017

മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1-7 വരെയും എയ്ഡഡ് സ്കൂളിലെ 1-4 വരെയും ഉള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം തുണി നൽകുന്ന പദ്ധതിയാണിത്. കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും ഈ പദ്ധതി വിഭാവന ചെയ്യുന്നു.

<u>യുവവീവ് പദ്ധതി</u>

തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് മേഖലയിലേയ്ക്ക് ആകർഷിക്കുവാനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് യുവവീവ് പദ്ധതി. 18 വയസ്സ് മുതൽ 40 വയസ്സ് വരെയുള്ള യുവജനങ്ങൾക്ക് കൈത്തറി നെയ്ത്തിൽ പ്രായോഗിക പരിശീലനവും സ്വന്തമായി തറിയും നൽകി നെയ്ത്തുകാരാക്കി മാറ്റുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം.

<u>സ്വയം തൊഴിൽ പദ്ധതി</u>

കൈത്തറി മേഖലയിലേയ്ക്ക് സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പദ്ധതി ചെലവിന്റെ 40%, പരമാവധി 4 ലക്ഷം രൂപ വരെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി 1.50 ലക്ഷം രൂപ വരെയും ധനസഹായമായി അനുവദിക്കുന്നു.

കൈത്തറി മേഖലയിലേയ്ക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഹാന്റ്ലൂം ബിസിനസ്സ് ഇൻകുബേറ്ററുകൾ. കൈത്തറി മേഖലയിൽ പുതിയ സംരംഭകരെ ആകർഷിക്കുവാനും അവർക്കാവശ്യമായ ഉല്പാദന മേഖലയിലെ വിവിധ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് വിദഗ്ധ പരിശീലനം, മാർക്കറ്റിംഗ്, സംരംഭകത്വം, സ്റ്റാർട്ടപ്പ് പദ്ധതികൾ, പുത്തൻ ഡിസൈനുകൾ, സാങ്കേതിക അറിവുകൾ പകർന്ന് നൽകുകയെന്ന ഉദ്ദേശ്യത്തോടെ തിരുവനന്തപുരത്തെ ബാലരാമപുരത്ത് ഹാന്റ്ലൂം ബിസിനസ്സ് ഇൻക്യുബേറ്റർ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടിയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി സഹായകമാണോ?

നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹനത്തിനായി ഉല്പാദന പ്രചോദന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ്) നടപ്പിലാക്കിവരുന്നു. സർക്കാർ നിശ്ചയിച്ച പ്രതിദിന അളവിൽ കൂടുതൽ നെയ്യുന്ന തൊഴിലാളിക്ക് ഓരോ അധിക മീറ്ററിനും കൂലിയുടെ ഇരട്ടി വേതനം പ്രൊഡക്ഷൻ ഇൻസെന്റീവായി അനുവദിക്കുന്നു. പ്രൊഡക്ഷൻ ഇൻസെന്റീവ് വഴി പരമാവധി തുക, പ്രതിദിനം 150/- രൂപയും ആഴ്ചയിൽ 1000/- രൂപയും മാസം നാലായിരം രൂപയുമായി നിജപ്പെടുത്തിയിരിക്കുന്നു. കൈത്തറി, നെയ്ത്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി സഹായകരമാണ്.

(സി) 'സമഗ്ര കൈത്തറി ഗ്രാമം' പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

കണ്ണൂരിലെ കാഞ്ഞിരോട് നെയ്ത്ത് സംഘത്തോടനുബന്ധിച്ച് സമഗ്രമായ ഒരു കൈത്തറി ഗ്രാമം സ്ഥാപിക്കുകയാണ് "സമഗ്ര കൈത്തറി ഗ്രാമം" പദ്ധതിയുടെ ലക്ഷ്യം. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള കൈത്തറി

ഉല്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്തുകവഴി ഈ ഗ്രാമം ഒരു വിനോദസഞ്ചാരകേന്ദ്രമായി മാറുകയും ചെയ്യും. വ്യത്യസ്തങ്ങളായ കൈത്തറി ഉല്പന്നങ്ങളുടെയും നെയ്ത്തുകാരുടെയും സാന്നിദ്ധ്യം കൈത്തറി മേഖലയിലുള്ള അറിവിന്റെ കൈമാറ്റത്തിനും ഈ മേഖലയുടെ വളർച്ചയ്ക്കും ഊർജ്ജം പകരും. സംസ്ഥാനത്തെ നെയ്ത്തുകാർക്ക് നൂതന സാങ്കേതികവിദ്യകളിൽ അറിവ് നേടാനും പരിശീലനം ലഭിക്കാനും ഇതൊരു വേദിയാകും. കേരളത്തിലെ കൈത്തറി രംഗത്തെ വിവിധ കാലഘട്ടങ്ങളിൽ അതിന് ഉപയോഗിച്ചിരുന്ന തറികൾ, അനുബന്ധ ഉപകരണങ്ങൾ, ചായം എന്നിവയുടെ പ്രദർശനം, കൈത്തറി ഉല്പന്നങ്ങളുടെ ഡിസൈൻ സെന്റർ, പ്രദർശന വിൽപ്പന കേന്ദ്രങ്ങൾ എന്നിവയും സമഗ്ര കൈത്തറി ഗ്രാമം വഴി ലക്ഷ്യമിടുന്നു.

**കൈത്തറി, ഖാദി മേഖലകളിലെ പ്രതിസന്ധി**

161 (4251) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെത്തുടർന്ന് കൈത്തറി, ഖാദി വ്യവസായ മേഖലകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

കോവിഡ് 19 വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി/ഖാദി മേഖലകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ /അധ്യാപകർ 2022 വർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ ഖാദിവസ്ത്രങ്ങൾ ധരിക്കണമെന്നും 07-12-2020-ലെ സി.ഡി.എൻ2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11-01-2022 ലെ സി.ഡി.എൻ2/1/2022/ പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി/ഖാദി ഉല്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

<u>കൈത്തറി മേഖല</u>

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെയും നിലനിൽപ്പിനും വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ അനുവദിച്ച് നൽകിയ 56 റിബേറ്റ് ദിനങ്ങൾക്ക് പുറമെ 2020-2021 സാമ്പത്തിക വർഷം 50 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും 2021-2022 സാമ്പത്തിക വർഷം 6 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും കൂട്ടതലായി അനുവദിച്ചുനൽകി.

കൂടാതെ കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

i) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.

ii) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

iii) പ്രൊഡക്ഷൻ ഇൻസെന്റീവ്- നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും പ്രചോദന പരിപാടി.

iv)നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

v) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

vi)കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ / യുവവീവ് പദ്ധതി

vii)നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി

viii) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

ix) കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും

x) പരിശീലന വൈവിദ്ധ്യശേഷി വികസന പരിപാടി.

**ഖാദി മേഖല**

കോവിഡ് 19 മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട ഖാദി തൊഴിലാളികൾക്ക് മിനിമം വേതന പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച 14 കോടി രൂപ 12,500 തൊഴിലാളികൾക്കായി വിതരണം ചെയ്തു. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഓരോ ഖാദി തൊഴിലാളിക്കും 2,000/- രൂപ വീതം നൽകി. ഖാദി ക്ഷേമനിധി ബോർഡിൽനിന്നും ഖാദി

തൊഴിലാളികൾക്ക് 1,000/- രൂപ വീതം രണ്ടു പ്രാവശ്യം അനുവദിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയെ അതിജീവിക്കാൻ മാസ്കുകൾ നിർമ്മിച്ച് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയതിലൂടെ 23,000 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുവാനും സാധിച്ചു.

സർക്കാർ ജീവനക്കാരും അധ്യാപകരും പൊതുമേഖല ജീവനക്കാരും സഹകരണ വിഭാഗത്തിലെ ജീവനക്കാരും ആഴ്ചയിൽ ഒരു ദിവസം കൈത്തറി/ഖാദി വസ്ത്രം ധരിക്കണമെന്ന സർക്കുലറിന്റെ അടിസ്ഥാനത്തിൽ വിവിധ സംഘടനകളുമായി സഹകരിച്ച് പ്രചാരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഖാദി വസ്ത്രം ധരിക്കുന്നത് സംബന്ധിച്ച് ഖാദി സർവ്വേയും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കൈത്തറി മേഖലയ്ക്ക് കൈത്താങ്ങായിരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി സാർവ്വത്രികമാക്കാൻ നടപടി സ്വീകരിക്കുമോ; ആയതിന്റെ കുടിശിക കൊടുത്തുതീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കൊടുക്കാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന പ്രധാന

പദ്ധതിയായ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം നിലവിൽ സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും സൗജന്യമായി 2 ജോഡി വീതം കൈത്തറി സ്കൂൾ യൂണിഫോം തുണി നൽകിവരുന്നു. പ്രസ്തുത പദ്ധതി കൈത്തറി മേഖലയിൽ നടപ്പിലാക്കിയിട്ട് 6 വർഷം പിന്നിടുകയാണ്. പദ്ധതി സാർവ്വത്രികമാക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി നെയ്ത്ത് കൂലിയിനത്തിൽ 2022 ഏപ്രിൽ മാസം വരെയുള്ള കൂലി നെയ്ത്തുകാർക്ക് പൂർണ്ണമായും നൽകിയിട്ടുണ്ട്. തുടർന്നുള്ള 2 മാസത്തെ കൂലി കുടിശ്ശികയായിട്ടുണ്ട്. ഈ ഇനത്തിൽ 9.5 കോടി രൂപ കുടിശ്ശിക നൽക്ാനുണ്ട്.

(സി) കേന്ദ്ര സർക്കാർ ഖാദി-കൈത്തറി മേഖലയ്ക്ക് റിബേറ്റ് നൽകുന്നുണ്ടോ; സംസ്ഥാന സർക്കാർ നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഖാദി മേഖല

കേന്ദ്ര സർക്കാർ ഖാദി മേഖലയ്ക്ക് റിബേറ്റ് നൽകുന്നില്ല. സംസ്ഥാന സർക്കാർ റിബേറ്റ് ഇനത്തിൽ 2022-2023 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഖാദി ഉല്പാദനത്തിന് ആവശ്യമായ പരുത്തി സംസ്കരണത്തിനായി ഒന്നരക്കോടി രൂപയോളം മുതൽ മുടക്കി കണ്ണൂരിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ കേന്ദ്രം നവീകരിച്ചുവരുന്നു. കേന്ദ്ര ഖാദി കമ്മീഷന്റെ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും ഖാദി നൂലിന്റെ അസംസ്കൃത വസ്തുവായ സ്ലൈവർ വാങ്ങി ഖാദി തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൈത്തറി മേഖല

കേന്ദ്ര സർക്കാർ നിലവിൽ കൈത്തറി മേഖലയ്ക്ക് റിബേറ്റ് നൽകുന്നില്ല. സംസ്ഥാനത്ത് വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്. 2021-2022 സാമ്പത്തിക വർഷം റിബേറ്റ് ഇനത്തിൽ 10 കോടി രൂപ അനുവദിക്കുകയും ഹാന്റക്സ്, ഹാൻവീവ്,

സംസ്ഥാനത്തിന്റെ വിവിധ പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവർക്ക് അർഹത നിർണ്ണയിച്ച് പ്രസ്തുത തുക നൽകുകയും ചെയ്തു. 2022-2023 സാമ്പത്തിക വർഷം 10 കോടി രൂപ റിബേറ്റ് ഇനത്തിൽ അനുവദിച്ചതിൽ ഇതു വരെ 76,75,441/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

കൈത്തറി മേഖലയിലെ പ്രധാന അസംസ്കൃത വസ്തുവായ കോട്ടൺ ലഭ്യമാക്കുന്നതിന് കോട്ടൺ ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ചും നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി) സഹായത്താൽ കോട്ടൺ സംഭരണത്തിനായി ഫണ്ട് ലഭ്യമാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൈത്തറിക്ക് പകരം വ്യാജ പവർലൂം മിൽ ഉല്പന്നങ്ങൾ വിപണിയിൽ വിൽക്കുന്നത് തടയാൻ സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വ്യാജ കൈത്തറി സംഘങ്ങൾ റിബേറ്റ് തുക തട്ടിയെടുക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

സംരക്ഷിത കൈത്തറി ഉല്പന്നങ്ങൾ യന്ത്രത്തറിയിൽ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതും പരിശോധിക്കാനും നിയമനടപടികൾ ഉണ്ടെങ്കിൽ സ്വീകരിക്കുന്നതിനും റിസർവേഷൻ ഓഫ് ആർട്ടിക്കിൾസ്

ഓഫ് പ്രോഡക്റ്റ് നിയമം (RAP) പ്രകാരം എൻഫോഴ്സ്മെന്റ് മെഷിനറി നിലവിലുണ്ട്.

സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന ഉല്പാദനമുള്ള അംഗീകൃത കൈത്തറി സംഘങ്ങൾക്ക് എല്ലാ വർഷവും സർക്കാർ നിശ്ചയിക്കുന്ന റിബേറ്റ് ദിനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് കൈത്തറി റിബേറ്റ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. കൈത്തറി റിബേറ്റിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സമർപ്പിക്കുന്ന അപേക്ഷകളിൽ മാത്രമേ അർഹത നിർണ്ണയിച്ച് ഫണ്ട് നൽകുന്നുള്ളൂ. ഇതുുവഴി വ്യാജ കൈത്തറി സംഘങ്ങൾ റിബേറ്റ് തുക തട്ടിയെടുക്കുന്നത് തടയാൻ സാധിക്കുന്നു.

**ഖാദി തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ**

162 (4252) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന ഖാദി തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാനുള്ള

നിർദ്ദേശങ്ങൾ തൊഴിലാളി യൂണിയനുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ & ബി) ഇല്ല. എന്നാൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ഒരു ശിപാർശ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ഖാദിയുടെ ലേബലിൽ വ്യാജ ഉല്പന്നങ്ങൾ**

163 (4253) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര രൂപയുടെ ഖാദി ഉല്പന്നങ്ങൾ വിൽക്കപ്പെടുന്നുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്; ഇതിൽ സർക്കാരിന്റെ അംഗീകൃത സ്ഥാപനങ്ങൾ വഴി എത്ര രൂപയുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യപ്പെടുന്നുണ്ട്?

സംസ്ഥാനത്ത് 115 (നൂറ്റിപതിനഞ്ച്) കോടി രൂപയുടെ ഖാദി ഉല്പന്നങ്ങൾ പ്രതിവർഷം വിറ്റഴിക്കപ്പെടുന്നു. ഇത് പൂർണ്ണമായും സർക്കാർ

അംഗീകൃത ഖാദി സ്ഥാപനങ്ങൾ വഴിയാണ് വിറ്റഴിക്കുന്നത്.

(ബി) ഖാദിയുടെ ലേബലിൽ വ്യാജ ഉല്പന്നങ്ങൾ വൻ തോതിൽ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുണനിലവാരം കുറഞ്ഞതും പവർ ലൂമിലും മറ്റും ഉല്പാദിപ്പിച്ച് വരുന്നതുമായ ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ഖാദിയുടെ ലേബലിൽ വിൽക്കപ്പെടുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?

ഉണ്ട്. പൊതുജനങ്ങളിൽ യഥാർത്ഥ ഖാദി എവിടെ ലഭ്യമാകുമെന്ന അവബോധം സൃഷ്ടിച്ചും അംഗീകാരമില്ലാതെ " ഖാദി" എന്ന വാക്ക് ഉപയോഗിക്കുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിച്ചും യഥാർത്ഥ ഖാദി വിൽക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വ്യാജ ഖാദി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഏതെങ്കിലും സ്ഥാപനങ്ങൾക്ക് വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വ്യാജ ഖാദി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ഒരു സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽ വ്യാജ ഖാദി വില്പന

നടത്തിയ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന്റെ പേരിൽനിന്നും 'ഖാദി' എന്ന വാക്ക് മാറ്റി ഇപ്പോഴും പ്രവർത്തനം തുടരുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ഖാദിയുടെ ലേബലിൽ വ്യാജ ഉല്പന്നങ്ങളുടെ വിപണനം തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചുവരുന്നു.

**കയർ സഹകരണ സംഘങ്ങൾ**

164 (4254) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പ്രോജക്ട് ഓഫീസുകൾക്ക് കീഴിലുള്ള കയർ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ നൽകാമോ?

പട്ടാമ്പി മണ്ഡലത്തിൽ നിലവിൽ കയർ സഹകരണ സംഘങ്ങൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

## കയർ തൊഴിലാളികളുടെ കൂലി

165 (4255) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ ഫാക്ടറി, കയർപിരി മേഖലകളിൽ തൊഴിലെടുക്കുന്നവർക്ക് ലഭിക്കുന്ന കൂലി എത്രയാണ്; ഇത് എന്ന് നിലവിൽവന്നതാണെന്ന് അറിയിക്കുമോ?

കയർ ഫാക്ടറി തൊഴിലാളികൾക്ക് സി.ഐ.ആർ.സി. നിശ്ചയിച്ച പ്രകാരം 2018 മുതൽ ഒരു പുരുഷ വിദഗ്ദ്ധ തൊഴിലാളിക്ക് എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെ 1,319/- രൂപയും അവിദഗ്ദ്ധ സ്ത്രീ തൊഴിലാളിക്ക് എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെ 1,004/- രൂപയുമാണ് ദിവസവേതനമായി ലഭിക്കുന്നത്. സ.ഉ(ആർ.ടി)നം.1401/18/വ്യവ തീയതി: 29-12-2018 പ്രകാരം, പരമ്പരാഗത കയർപിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട്

ഉപയോഗിക്കുന്നവരുടെയും മിനിമം കൂലി 01-01-2019 മുതൽ പ്രതിദിനം 350/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ജീവിതച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ കാലാനുസൃതമായി കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കയർ ഫാക്ടറി തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ ഡി.എ. വർദ്ധന നൽകിവരുന്നുണ്ട്. പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന ഇലക്ട്രോണിക് റാട്ടുകൾ, പരമ്പരാഗത റാട്ടുകൾ എന്നിവയിലെ കയർ ഉത്പാദനത്തിന് പ്രതിദിന വേതനമായ 350/- രൂപയുടെ ഒരു ഭാഗം (പരമാവധി 110/- രൂപ) വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ സർക്കാർ വിഹിതമായി നൽകിവരുന്നു. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ റുക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500/- രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13380/- രൂപയായിരുന്നത് 2020-21- ൽ കയർ

ഉത്പാദനം വർദ്ധിച്ചതോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000/- രൂപയിലേയ്ക്ക് ഉയർന്നിട്ടുണ്ട്.

## കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം

166 (4256) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായ രംഗത്ത് നവീകരണവും ഉല്പന്ന വൈവിധ്യവൽക്കരണവും ലക്ഷ്യമാക്കി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; ഈ മേഖലയിൽ പരമ്പരാഗത ഉല്പാദന രീതികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുള്ള ആധുനികവൽക്കരണം ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകാമോ?

പരമ്പരാഗത കയർ വ്യവസായ മേഖലയെ സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായം ആധുനികവൽക്കരിക്കുന്നതിനായി പതിമൂന്നാം

പഞ്ചവൽസരപദ്ധതിക്കാലത്ത് ആരംഭിച്ച് നടപ്പിലാക്കിയ കയർ രണ്ടാം പുനഃസംഘടന പദ്ധതിയുടെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. എണ്ണായിരം മുതൽ ഒരു ലക്ഷം തൊണ്ടുവരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു.

2. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 26000 ഇലക്ട്രോണിക്ക് റാട്ടുകൾ നൽകി.

3. 150 കയർ സഹകരണ സംഘങ്ങളിലായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു.

4. ഉൽപ്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. കയർ ഉത്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി കയർ അക്വസ്റ്റിക് പാനൽ, കയർ കോമ്പോസിറ്റ് ബോർഡ്, കയർ മൾച്ചിംഗ് മാറ്റ്, ബൈൻഡർലസ് ബോർഡ് തുടങ്ങിയ വൈവിധ്യങ്ങളായ ഉത്പന്നങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടാണ് സർക്കാർ കയർ മേഖലയിൽ യന്ത്രവൽക്കരണം നടത്തിവരുന്നത്. പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന ഇലക്ട്രോണിക് റാട്ടുകൾ, പരമ്പരാഗത റാട്ടുകൾ എന്നിവയിലെ കയർ ഉത്പാദനത്തിന് പ്രതിദിന വേതനമായ 350/- രൂപയുടെ ഒരു ഭാഗം (പരമാവധി 110/- രൂപ) വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ സർക്കാർ വിഹിതമായി നൽകിവരുന്നു. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ട്വിസ്റ്റും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500/- രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13380/- രൂപയായിരുന്നത് 2020-21-ൽ കയർ ഉത്പാദനം വർദ്ധിച്ചതോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000/- രൂപയിലേയ്ക്ക് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ 24500 തൊഴിലാളികൾ വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായിരുന്നുവെങ്കിൽ

2021-22 -ൽ 26262 ആയി വർദ്ധിച്ചു. യന്ത്രവൽക്കരണംമൂലം പരമ്പരാഗത കയർ മേഖലയിൽ തൊഴിൽ നഷ്ടമുണ്ടായിട്ടില്ല.

(ബി) ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കയർ പിത്തിന്റെ വിപണി വിപുലീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നത്. ഇതിനായി പച്ചത്തൊണ്ടിൽനിന്ന് നേരിട്ട് ചകിരി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. 8000 മുതൽ 100000 തൊണ്ട് വരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകൾ ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി ചകിരി ഉൽപ്പാദനശേഷി 29000 ടൺ ആയി ഉയർന്നിട്ടുണ്ട്. തൊണ്ടിന്റെ ലഭ്യത കൂടുതലുള്ള വടക്കൻ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സ്വകാര്യ സംരംഭകർക്ക് സബ്സിഡി നൽകി അവരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിജയകരമായിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ

മേഖലകളിൽ ന്യായവിലയ്ക്ക് തൊണ്ട് ലഭ്യമാക്കുന്നതിനായി വൈക്കം ആസ്ഥാനമായി കയർ കൺസോർഷ്യം പ്രവർത്തിച്ചുവരുന്നു.

കയർ പിത്തിന്റെ വിപണി വിപുലീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ഗാർഹിക മാലിന്യങ്ങളെ ജൈവവളമാക്കി മാറ്റുന്നതിനുവേണ്ടി കയർപിത്ത് ഉപയോഗിച്ച് പിത്ത് ആക്റ്റിവേറ്റർ വികസിപ്പിച്ചെടുക്കുകയും ഇത് ഉപയോഗിച്ചുള്ള ജൈവവളം കയർഫെഡ് കേരളത്തിലുടനീളം അതത് മുനിസിപ്പൽ കോർപ്പറേഷനുകളുമായി സഹകരിച്ച് വ്യാവസായികമായി ഉൽപ്പാദിപ്പിച്ചുവരുന്നു.

2. കാർഷിക മേഖലയിൽ ഉപയോഗപ്രദമാകും രീതിയിൽ ചകിരിച്ചോറിനെ 30 ദിവസംകൊണ്ട് വളമാക്കി മാറ്റുന്നതിനുവേണ്ടി ട്രൈക്കോപിത്ത് എന്ന ഉത്പന്നം വികസിപ്പിച്ച് കയർ മേഖലയിലുള്ള വിവിധ സ്ഥാപനങ്ങളിലേയ്ക്ക് വിതരണം ചെയ്തുവരുന്നു.

3. കയർ പിത്ത് വളം നിർമ്മാണ പരിശീലനം നൽകിയ കയർഫെഡ്, കയർ കോർപ്പറേഷൻ, ആലപ്പുഴ കയർ കൺസോർഷ്യം, തൃശ്ശൂർ, വൈക്കം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ, ചിറയിൻകീഴ് കയർ പ്രോജക്ട് ഓഫീസുകൾക്കു കീഴിൽ വരുന്ന സൊസൈറ്റികൾ, പ്രൈവറ്റ് സംരംഭകർ

എന്നിവർ ട്രൈക്കോപിത്ത് ഉപയോഗിച്ചുള്ള കയർപിത്ത് വളം വ്യാവസായികമായി ഉത്പാദിപ്പിച്ചുവരുന്നു.

4. കയർപിത്ത് വളവും അസംസ്കൃത കയർപിത്തും സംയോജിപ്പിച്ച് മണ്ണിന്റെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടുള്ള നടീൽ മിശ്രിതം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

5. കയർപിത്തിൽനിന്നും മറ്റ് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനും ടെണ്ടർ കോക്കനട്ടിന്റെ പിത്ത് ഉപയോഗിച്ചുകൊണ്ട് ചെലവുകുറഞ്ഞ രീതിയിൽ ഒരു നടീൽ മിശ്രിതം വികസിപ്പിക്കുന്നതിനുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) പുത്തൻ ഉല്പന്നങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്താൻ കയർ മേഖലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി വികസിപ്പിച്ചെടുത്ത ഉല്പന്നങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **പീറ്റ്കോൾ ഡോട്ട്സ് -**ചകിരിച്ചോറിന് വായു സഞ്ചാരം കുറഞ്ഞ അന്തരീക്ഷത്തിൽ ശക്തമായി ചൂടാക്കി അതിലെ ജലാംശം പൂർണ്ണമായും

ഇല്ലാതാക്കി വികസിപ്പിച്ചെടുത്ത ഉല്പന്നമാണ് പീറ്റ്കോൾ ഡോട്ട്സ്. ഇത് ചാർക്കോളിന് പകരമായും സുഗന്ധ ദ്രവ്യമായും ഉപയോഗിക്കാവുന്നതാണ്.

**2. കയർ ജിയോ-സെൽ -**കയർ ജിയോ-ടെക്സ്റ്റയിൽസ് കൊണ്ട് നിർമ്മിച്ച കയർ ജിയോ-സെൽ കുത്തായ ചരിവ് പ്രദേശങ്ങളിൽ കൃഷിക്കായി ഉപയോഗിക്കുന്നു.

**3. കയർ മൾച്ചിംഗ് മാറ്റുകൾ -**കളകൾ ഒഴിവാക്കാനായി കാർഷിക മേഖലയിൽ സാധാരണയായി ഉപയോഗിച്ചുവരുന്ന സിന്തറ്റിക് മൾച്ചുകൾക്ക് പകരം ഉപയോഗിക്കുന്നു.

**4. ട്രൈക്കോപിത്ത് -**ചകിരിച്ചോറിനെ കുറഞ്ഞ സമയംകൊണ്ട് വളമാക്കി മാറ്റുന്നതിനുവേണ്ടി എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്ത ഉല്പന്നമാണ് ട്രൈക്കോപിത്ത്.

**5. അക്വസ്റ്റിക് പാനലുകൾ -**ശബ്ദത്തിന്റെ പ്രതിധ്വനി കുറച്ച് ശബ്ദ മലിനീകരണത്തെ നിയന്ത്രിക്കാൻ സാധിക്കുന്നു.

**6. ബൈൻഡർലെസ് ബോർഡുകൾ -**വുഡൻ ബോർഡുകൾക്ക് പകരമായി യാതൊരു കെമിക്കൽ ബൈൻഡറുകളും ഇല്ലാതെ ഉപയോഗിക്കാൻ കഴിയുന്നവയാണ് ബൈൻഡർലെസ് ബോർഡുകൾ.

## കയർ മേഖലയെ ശക്തിപ്പെടുത്താൻ പദ്ധതികൾ

167 (4257) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡാനന്തരം കയർ തൊഴിലാളികൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുമോ; വിശദമാക്കാമോ?

കോവിഡ് 19-ന്റെ വ്യാപനത്തെ തുടർന്ന് സംസ്ഥാനത്തെ ഒരു ലക്ഷം കയർ തൊഴിലാളികൾക്കായി 1000/- രൂപ വീതം രണ്ട് ഘട്ടങ്ങളിലായി 2,000/- രൂപ ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## കയർ ഉല്പന്നങ്ങളുടെ ന്യായവിലയും സംഭരണവും

168 (4258) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എച്ച്. സലാം:
ശ്രീ. എൻ. കെ. അക്ബര്:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ രണ്ടാം പുനഃസംഘടന വഴി എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; കയർ ഉല്പാദനത്തിൽ പുനഃസംഘടന വഴി വർദ്ധന ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ചകിരി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ-ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് കയർ മേഖലയിലെ രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിട്ടത്.

കയർ രണ്ടാം പുനഃസംഘടന പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി കയറുല്പാദനത്തിൽ ഗണ്യമായ വർദ്ധനയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2015-16 കാലയളവിൽ 7880 ടൺ മാത്രമായിരുന്ന കയറുല്പാദനം 2020-21-ൽ 25000 ടണ്ണായി വർദ്ധിക്കുകയുണ്ടായി. കോവിഡ് പ്രതിസന്ധിയുടെ

കാലഘട്ടത്തിലും 2021-22-ൽ 18666 ടൺ കയർ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ ഉല്പന്നങ്ങൾക്ക് ന്യായവിലയും കൂലിയും ഉറപ്പ്ുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ക്രയവില സ്ഥിരതാ പദ്ധതി. ഈ പദ്ധതി പ്രകാരം ചെറുകിട കയറുല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും ഉല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് കൃത്യമായ വേതനം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) കയർ മേഖലയിൽ ഉല്പന്ന സംഭരണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും കയറ്റുമതി സ്ഥാപനങ്ങൾക്ക്

നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ക്രയവില സ്ഥിരത പദ്ധതി. ചെറുകിട ഉല്പാദന സംഘങ്ങളിൽനിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിക്കുന്ന ഉല്പന്നങ്ങൾ കയറ്റുമതിക്കാർക്ക് വിൽക്കുമ്പോൾ 10% ഡിസ്കൗണ്ട് നൽകിവരുന്നു. ഈ പദ്ധതി പ്രകാരം ചെറുകിട കയറുല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും ഉല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് കൃത്യമായ വേതനം ഉറപ്പാക്കുന്നതിനും സാധിച്ചു. 2016-17 മുതൽ നാളിതുവരെ ക്രയവില സ്ഥിരതാ പദ്ധതി നടത്തിപ്പിന് 211.41 കോടി രൂപ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

**കയർ ഭൂവസ്ത്ര നിർമ്മാണം**

169 (4259) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഭൂവസ്ത്ര നിർമ്മാണം വ്യാപിപ്പിച്ചതുവഴി കയർ മേഖലയിൽ എത്ര തൊഴിൽ ദിനങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കൈത്തറിയിലും യന്ത്രം ഉപയോഗിച്ചും പിരിക്കുന്ന കയറിന്റെ അളവുകൾ തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. കൂടാതെ, വ്യത്യസ്ത പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കയറിന്റെ അളവ് വിവിധ ഘടകങ്ങളെ ആശ്രയിച്ച് വ്യത്യസ്തമായി കാണുന്നു. എന്നിരുന്നാലും കയർ ഭൂവസ്ത്ര നിർമ്മാണം വ്യാപിപ്പിച്ചതുവഴി കയർ മേഖലയിൽ ശരാശരി 35 തൊഴിൽദിനങ്ങൾ ഒരു വർഷം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ബി) വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി എത്ര കോടി രൂപയുടെ കയർ ഭൂവസ്ത്രങ്ങളാണ് വില്പന നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി 161.61 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിൽപ്പന നടത്തിയിട്ടുണ്ട്.

**കയർ ഉല്പന്നങ്ങൾക്ക് വിപണി**

170 (4260) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ സംഘങ്ങളിലും കയർഫെഡിലും കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കയർ വ്യവസായ സഹകരണ സംഘങ്ങളിൽ കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയർഫെഡിൽ കയർ ഉല്പന്നങ്ങൾ ഒന്നുംതന്നെ കെട്ടിക്കിടക്കുന്നില്ല.

(ബി) കയർ മേഖലയിലെ ആധുനികവത്ക്കരണത്തിലൂടെ ഉല്പാദനം വർദ്ധിച്ചെങ്കിലും ആവശ്യക്കാരില്ലാതെ കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതുമൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിന് എന്തുനടപടി സ്വീകരിച്ചു?

ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം ചെറുകിട ഉൽപ്പാദക സംഘങ്ങളിൽനിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചതിൽ വിറ്റഴിക്കാതെ സ്റ്റോക്ക് ഇരിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് താഴെപ്പറയുന്ന രണ്ട് പദ്ധതികൾ പരിഗണനയിലാണ്.

1. കയർ കോർപ്പറേഷനിൽ വിറ്റഴിക്കാതെ സ്റ്റോക്കിരിക്കുന്ന 40 കോടി രൂപയുടെ ഉല്പന്നങ്ങൾ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം നിലവിൽ നൽകിവരുന്ന 10% ഡിസ്കൗണ്ട് ഉൾപ്പടെ പരമാവധി 20% ഡിസ്കൗണ്ടിൽ ലേലം നടത്തി വിറ്റഴിക്കുക.

2. വരുന്ന ഓണം, ഉത്സവകാലങ്ങൾ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് വൻതോതിൽ കയറുല്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/കുടുംബശ്രീ എന്നിവ വഴി "സുവർണ്ണനാരിൻ സൗന്ദര്യം കേരളക്കരയാകെ" എന്ന പേരിൽ കേരളമാകെ കയർ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുക.

അന്തർദേശീയ പ്രദർശന വിപണന മേളയായ കയർ കേരള സംഘടിപ്പിക്കുന്നതുവഴി കയറുല്പന്നങ്ങൾക്ക് കൂടുതൽ ഓർഡറുകൾ ലഭിക്കുന്നതിന് മുൻകാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്.

ഉല്പന്നങ്ങളിൽ വിപണന സാധ്യത ഏറ്റവും കൂടുതലുള്ള കയർ ഭൂവസ്ത്രത്തിന്റെ വിപണി വർദ്ധിപ്പിക്കുന്നതിനായി എം.ജി.എൻ.ആർ.ഇ. ജി.എസ്.-മായി ചേർന്ന് മണ്ണ്-ജല-സംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രപദ്ധതി നടപ്പാക്കി വരുന്നു. കയർ ഭൂവസ്ത്രത്തിന് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി കയർ വകുപ്പിലെ ജീവനക്കാർ പഞ്ചായത്തുകൾ സന്ദർശിച്ച് ഓർഡറുകൾ ശേഖരിക്കുന്നതിനായി ഒരു മാർക്കറ്റിംഗ് ക്യാമ്പയിൻ സംഘടിപ്പിക്കുക വഴി മുൻകാലങ്ങളെ അപേക്ഷിച്ച് കയർ ഭൂവസ്ത്രത്തിന്റെ ഓർഡറുകളിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്.

കേരളത്തിലെ സപ്ലൈകോ, കൺസ്യൂമർഫെഡ് വിൽപ്പനശാലകളിലും റിലയൻസ്, വിശാൽ മെഗാമാർട്ട്, ഡി മാർട്ട് തുടങ്ങിയ ആഭ്യന്തര വിൽപ്പനശ്രേണിയിലൂടെയും വിൽപ്പന വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കയർ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

(സി) റോഡ് നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ചർച്ച നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

റോഡ് നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ചർച്ച നടത്തി പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന മാറ്റുകൾ കയർ ഉപയോഗിച്ചുള്ളതാക്കാനും അതുവഴി കയർ ഉല്പന്നങ്ങൾക്ക് കൂടുതൽ മാർക്കറ്റ് നേടാനും കഴിയുന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും ഗവൺമെന്റ് സെക്രട്ടറിയേറ്റിലും ഫർണിഷിംഗ്

ആവശ്യങ്ങൾക്ക് പരമാവധി കയർ ഉൽപ്പന്നങ്ങൾ ഉപയോഗിക്കണമെന്നും പഴകി ദ്രവിച്ച ചവിട്ടികളും തടുക്കകളും പായയും മാറ്റി പുതിയ കയർ ഉൽപ്പന്നങ്ങൾ വാങ്ങി ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും കയർ ഉൽപ്പന്നങ്ങൾ ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകിയും 07-07-17-ലെ സ.ഉ. (കൈ) നം.62/2017/വ്യവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണം

171 (4261) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന തോട്ടണ്ടി ദൗർലഭ്യത പരിഹരിക്കുന്നതിനായി കേരള കാഷ്യു ബോർഡ് മുഖേന സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ ഫലം കണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി രംഗത്തെ ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി സംസ്ഥാനത്തിന് പുറത്തുനിന്നും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിനുവേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി 2017-ൽ സർക്കാർ കേരളാ കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിച്ചു. പ്രസ്തുത ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽനിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. കാഷ്യൂ ബോർഡ് രൂപീകൃതമായതു മുതൽ നാളിതുവരെ വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും ലഭ്യമാക്കിയ തോട്ടണ്ടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഇറക്കുമതി ചെയ്ത തോട്ടണ്ടി (മെട്രിക് ടൺ) | കെ.എസ്.സി.ഡി.സി.-ക്ക് നൽകിയത് (മെട്രിക് ടൺ) | കാപ്പക്സിന് നൽകിയത് (മെട്രിക് ടൺ) |
|---|---|---|---|
| 2018-2019 | 6,633.942 | 5,358.746 | 1,275.196 |
| 2019-2020 | 13,565.676 | 8,815.967 | 4,749.709 |

| | | | |
|---|---|---|---|
| 2020-2021 | 10,051.218 | 6,642.844 | 3,408.374 |
| 2021-2022 | 10,647.287 | 6,484.722 | 4,162.565 |
| Total | 40898.123 | 27302.279 | 13595.844 |

കൂടാതെ 2022-23 ൽ 5,138.968 മെട്രിക് ടൺ തോട്ടണ്ടി ഐവറി കോസ്റ്റ്, ഘാന തുടങ്ങിയ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുകയും ഗിനിബിസ്സാവുവിൽനിന്നും 5,000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ ടെണ്ടർ നടപടികൾ കാഷ്യു ബോർഡ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഗവൺമെന്റ് മുഖാന്തരം നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള സാധ്യതയും ആരാഞ്ഞുവരുന്നു. കാഷ്യു ബോർഡിന്റെ പ്രവർത്തനങ്ങളിലൂടെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. കാഷ്യു ബോർഡ് മുഖേന സർക്കാർ നടത്തുന്ന ഇടപെടലുകൾ ഫലം കണ്ടിട്ടുണ്ട്.

(ബി) കാഷ്യൂ കോർപ്പറേഷനേയും കാപ്പക്സിനെയും പുനരുദ്ധരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ

അതിന്റെ വിശദാംശം അറിയിക്കുമോ?

കശുവണ്ടി വികസന കോർപ്പറേഷനെയും കാപ്പക്സിനെയും പുനരുദ്ധരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നിർദ്ദേശം സർക്കാർ ടി സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. അതനുസരിച്ച് കശുവണ്ടി വികസന കോർപ്പറേഷനിൽ യന്ത്രവത്കരണം കൂടുതൽ വിപുലപ്പെടുത്തിയും പ്രോസ്സസ്സിംഗ് ചാർജ്ജ് കുറച്ചും ഉൽപാദനക്ഷമത വർദ്ധിപ്പിച്ചും കശുവണ്ടി പരിപ്പിന്റേയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലപ്പെടുത്തിയും കോർപ്പറേഷൻ മത്സരക്ഷമവും ലാഭകരവുമാക്കുന്നതിനുമുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് നിലവിൽ റിയാബിന്റെ പരിശോധനയിലാണ്. കൂടാതെ കാപ്പക്സ് ലാഭത്തിലാക്കുന്നതിന് നിയന്ത്രിത യന്ത്രവത്കരണം, ചെറുകിട വിൽപ്പന ഉയർത്തൽ, കശുമാവ് കൃഷി വ്യാപനം എന്നിവ ഹ്രസ്വ, ഇടക്കാല, ദീർഘ പദ്ധതികളായി ഉൾപ്പെടുത്തി മാസ്റ്റർപ്ലാൻ കാപ്പക്സ് തയ്യാറാക്കിയിട്ടുണ്ട്.

(സി) പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടും ബഹുഭൂരിപക്ഷം സ്വകാര്യ കശുവണ്ടി ഫാക്ടറികളും തുറന്നുപ്രവർത്തിക്കാൻ തയ്യാറാകാത്ത

സാഹചര്യത്തിൽ അവയെ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

തുറന്നുപ്രവർത്തിക്കാത്ത സ്വകാര്യ കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം

172 (4262) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിലെ കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ?

പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

തോട്ടങ്ങളുടെയും അനുബന്ധ കാർഷിക മേഖലയുടെയും വളർച്ചയ്ക്കും വികസനത്തിനും വിവിധ സഹായങ്ങളും പിന്തുണയും നൽകുക എന്നതാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രധാന ഉദ്ദേശം. തോട്ടം ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും ഫലപ്രദമായ വിപണനവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രകൃതി വിഭവങ്ങളുടെ സൂക്ഷ്മവും സുസ്ഥിരവുമായ വിനിയോഗവും തൊഴിലാളികളുടെ ക്ഷേമവും ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ തോട്ടം മേഖലയുടെ വികസനം സാധ്യമാക്കുകയെന്നതാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് ലക്ഷ്യമിടുന്നത്.

* തോട്ടം മേഖലയുടെ വാണിജ്യ സാധ്യതകൾ കണ്ടെത്തുക

* അടച്ചു പൂട്ടിയ തോട്ടങ്ങളെയും അടച്ചു പൂട്ടൽ ഭീഷണി നേരിടുന്നവയെയും പുനരുജ്ജീവിപ്പിക്കുവാൻ സമഗ്രമായ പദ്ധതി തയ്യാറാക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യുക.

* തോട്ടം ഉൽപ്പന്നങ്ങളുടെ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

* ലാഭവിഹിതം മെച്ചപ്പെടുത്തുന്നതിന് തോട്ടം ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയും മൂല്യ ശൃംഖല സാധ്യതകളും കണ്ടെത്തുക.

* വിളവെടുപ്പ്, സംസ്കരണം, പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണനം, ശേഷിവർദ്ധിപ്പിക്കൽ തുടങ്ങിയ തോട്ടങ്ങളുടെ കൂട്ടായ ആവശ്യങ്ങൾ സുഗമമാക്കുന്നതിന് ഉൽപ്പന്നങ്ങളുടെ കേന്ദ്രീകൃത പ്രദേശങ്ങളിൽ സമാന തോട്ടം ഉൽപ്പന്നങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുക.

തോട്ടം മേഖലയ്ക്കായി സർക്കാർ നൽകുന്ന വിവിധ പദ്ധതികളും പിന്തുണയും കണ്ടെത്തി നടപ്പിലാക്കുക.

* തോട്ടം മേഖലയിൽ സംരംഭകത്വം ആകർഷിക്കുക.

* മേഖലയുടെ വികസനം ഉറപ്പാക്കാൻ തൊഴിൽ, കൃഷി, വനം, നികുതി, റവന്യൂ, ജലവിഭവം, വൈദ്യുതി, വിനോദ സഞ്ചാരം തുടങ്ങിയ വകുപ്പുകളുമായി ഏകോപനം.

* ടീ ബോർഡ്, കോക്കനട്ട് ബോർഡ്, കോഫീ ബോർഡ്, റബ്ബർ ബോർഡ്, കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവയുമായി ബന്ധം സ്ഥാപിക്കുക.

* തോട്ടം മേഖലയുമായി ബന്ധപ്പെട്ട നയപരമായ വിഷയങ്ങളിൽ സർക്കാരിനെ സഹായിക്കുക തുടങ്ങിയ വിഷയങ്ങളിൽ പ്രവർത്തനം

മെച്ചപ്പെടുത്തുവാനാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത ഡയറക്ടറേറ്റിന്റെ ഹെഡ് ഓഫീസും റീജിയണൽ ഓഫീസുകളും സ്ഥാപിക്കുന്നത് ഏതെല്ലാം ജില്ലകളിലാണെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ;

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. റീജിയണൽ ഓഫീസുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) റീജിയണൽ ഓഫീസുകൾ സംബന്ധിച്ച വ്യവസായ വകുപ്പിന്റെ ശിപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോട്ടയം ജില്ലയിൽ ഒരു റീജിയണൽ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

**പോൾകാസ്റ്റിംഗ് യാർഡ് പുനർനിർമ്മിച്ച്**

**പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി**

173 (4263) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ ചൂലുശ്ശേരിയിൽ പ്രവർത്തനമില്ലാതെ കിടന്നിരുന്ന പോൾകാസ്റ്റിംഗ് യാർഡിന്റെ പുനർനിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ചൂലുശ്ശേരി പോൾകാസ്റ്റിംഗ് യാർഡ് പുനർനിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഡിസൈൻ ജോലികൾ പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കൽ പൂർത്തീകരിച്ച് 2022 ജൂലൈ അവസാനത്തോടെ ടെണ്ടർ നടപടികൾ കൈക്കൊണ്ട് 2022 ഒക്ടോബർ മാസത്തോടെ പണി ആരംഭിക്കുന്നതിനും നാലുമാസംകൊണ്ട് പണി പൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

**വൈദ്യുതി പ്രസരണമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ**

174 (4264) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ്?

1. കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയും ഭൂമിയുടെ ലഭ്യതക്കുറവുംമൂലം പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കാനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

2. കാലാവസ്ഥാവ്യതിയാനംമൂലമുള്ള അധിവർഷം/വെള്ളപ്പൊക്കം/ മണ്ണിടിച്ചിൽ മുതലായവ പുതിയ ലൈനുകളുടെ നിർമ്മാണത്തിനും നിലവിലുള്ള ലൈനുകളുടെ പരിപാലനത്തിനും തടസ്സം സൃഷ്ടിക്കുന്നുണ്ട്.
3. മറ്റ് ഡിപ്പാർട്ടുമെന്റുകളിൽനിന്നും (വനം, റെയിൽവേ, ടെലികോം, PWD etc.) നിയമാനുസരണം ലഭിക്കേണ്ടുന്ന അനുമതികൾ വൈകുന്നതിനാൽ പലപ്പോഴും പദ്ധതികളുടെ നിർവ്വഹണത്തിൽ കാലതാമസമുണ്ടാകുന്നു.
4. വനമേഖലയിലുള്ള പ്രസരണ ലൈനുകളുടെ അറ്റകുറ്റപ്പണികൾക്ക് അപ്രോച്ച് റോഡുകളുടെ മോശമായ അവസ്ഥ പ്രശ്നമായി ബാധിക്കുന്നുണ്ട്.
5. പുതിയ ലൈനുകൾക്കായി ടവറുകൾ സ്ഥാപിക്കുമ്പോൾ പൊതുജനങ്ങളുടെയും സ്ഥല ഉടമകളുടെയും ഭാഗത്തുനിന്നുണ്ടാകുന്ന തടസ്സപ്പെടുത്തലുകൾ പദ്ധതി പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നു.
6. അനധികൃതമായി പ്രസരണ ലൈനുകളിൽനിന്നും സുരക്ഷിതമായ അകലം പാലിക്കാതെ നിർമ്മാണപ്രവർത്തനം നടത്തുന്നത് സുരക്ഷാഭീഷണി ഉയർത്തുന്നു.

7. ഭൂഗർഭ കേബിളുകളിൽ ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾക്കായി റോഡ് കുഴിക്കുന്നതിനും മറ്റും അനുമതി കിട്ടാനുള്ള കാലതാമസംമൂലം വൈദ്യുതി പുനഃസ്ഥാപിക്കുന്നതിന് വളരെ അധികം താമസവും ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്.

(ബി) വൈദ്യുതി പ്രസരണത്തിലുള്ള നഷ്ടം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

വൈദ്യുതിയുടെ പ്രസരണനഷ്ടം കൃത്യമായ ഇടവേളകളിൽ കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖലയുടെ ശാക്തീകരണത്തിനും പ്രസരണ നഷ്ടം കുറയ്ക്കാനുമായി പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, നിലവിലെ ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ വാർഷിക ആസൂത്രണത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 400/220KV പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ പദ്ധതി

തയ്യാറാക്കി നടപ്പിലാക്കിവരുന്നു. വൈദ്യുതി ശൃംഖലയുടെ മൊത്തത്തിലുള്ള സ്ഥിരതയ്ക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു. മലബാർ മേഖലയിൽ നിലവിലുള്ള വോൾട്ടേജ് ക്ഷാമത്തിനും ഊർജ്ജ ലഭ്യതയ്ക്കും ഒരു ശാശ്വത പരിഹാരമെന്ന നിലയിൽക്കൂടിയാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. 400 കെ.വി.-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 കെ.വി.-യുടെ 22 സബ്സ്റ്റേഷനുകളും 11 കെ.വി.-യുടെ ഒരു സബ്സ്റ്റേഷനും 4390 സർക്യൂട്ട് കി.മീ.ഹൈ വോൾട്ടേജ് ലൈനുകളും ഉൾപ്പടെ ഏകദേശം 6,125 കോടി രൂപയുടെ ജോലികളാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ പ്രസരണ നഷ്ടത്തിൽ 107.8 MW-ന്റെ കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം ശരാശരി 522 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാവുമെന്നും കണക്കാക്കിയിട്ടുണ്ട്.

(സി) വൈദ്യുതി പ്രസരണത്തിലെ ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിന് ട്രാൻസ്ഗ്രിഡ് പദ്ധതി എത്രത്തോളം പ്രയോജനമുണ്ടാക്കുമെന്ന് വിശദമാക്കാമോ?

400 കെ.വി., 220 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണനഷ്ടം കുറയ്ക്കുന്നതിനും

സംസ്ഥാനത്തെ പ്രസരണ ശൃംഖലയെ അന്തർസംസ്ഥാന ലൈനുകളുമായി കൂടുതൽ ബന്ധിപ്പിച്ച്, കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ ആസൂത്രണ നിലവാരമനുസരിച്ച് അടുത്ത 25 വർഷത്തേയ്ക്കാവശ്യമായ പ്രസരണശൃംഖല സംസ്ഥാനത്ത് നിർമ്മിക്കുന്നതിനുമാണ് ട്രാൻസ്ഗ്രിഡ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിനനുസൃതമായി ഉയർന്ന വോൾട്ടതയിലുള്ള (400 കെ.വി.,220 കെ.വി.) സബ്സ്റ്റേഷനുകളുടെ നിർമ്മാണവും ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നുണ്ട്. ഒന്നാം ഘട്ടം (2017-22), രണ്ടാംഘട്ടം (2019-24),ഗ്രീൻ എനർജി കോറിഡോർ (2022-26) എന്നീ വിഭാഗങ്ങളിലായി 400 കെ.വി.-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 കെ.വി.-യുടെ 22 സബ്സ്റ്റേഷനുകളും 110 കെ.വി.-യുടെ ഒരു സബ്സ്റ്റേഷനും 4390 സർക്യൂട്ട് കി.മീ.ഹൈ വോൾട്ടേജ് ലൈനുകളും ഉൾപ്പെടെ ഏകദേശം 6,125 കോടി രൂപയുടെ ജോലികളാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ സിംഹഭാഗവും സംസ്ഥാനത്തിന് പുറത്തുള്ള വൈദ്യുതി പദ്ധതികളെ ആശ്രയിച്ചാണ് നാം നിറവേറ്റുന്നത്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക വഴി പുറമെനിന്നുള്ള വൈദ്യുതി, പ്രസരണ നഷ്ടം കുറച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ

എത്തിക്കാനാകും. കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ കുറവുവന്നാലും ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ കൂടാതെ വൈദ്യുതി വിതരണം നടത്തുവാനും കേന്ദ്രവിഹിതം മുഴുവനായും കൃത്യതയോടെ ഉപയോഗപ്പെടുത്തുവാനും കേരളമൊട്ടാകെ തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും ട്രാൻസ്ഗ്രിഡ് പദ്ധതി ഒരു പരിധി വരെ സഹായകമാണ്.

പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ കേരളത്തിന് പൂർണ്ണമായ രീതിയിൽ 400 കെ.വി.-യുടെയും 220 കെ.വി.-യുടെയും പവർ ഹൈവേ നിലവിൽ വരുന്നതിനാൽ കേരളത്തിലെവിടെ ഉത്പ്പാദിപ്പിക്കപ്പെടുന്നതും/ പുറമെനിന്നും ലഭിക്കുന്നതുമായ വൈദ്യുതിയെ ആവശ്യാനുസരണം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രസരണനഷ്ടം കുറച്ചും ഗുണമേന്മ ഉറപ്പുവരുത്തിയും എത്തിക്കുവാൻ സാധിക്കും.

(ഡി) ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കിയാൽ സംസ്ഥാനത്തിന്റെ ഗ്രാമീണമേഖല ഉൾപ്പെടെ എല്ലാ ഭാഗത്തും ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് കഴിയുമോ; വിശദമാക്കാമോ?

വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് പര്യാപ്തമായ രീതിയിൽ

പ്രസരണ നഷ്ടം പരമാവധി കുറച്ച് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുകയാണ് ട്രാൻസ്ഗ്രിഡ് പദ്ധതിവഴി ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനോടകം 220 കെ.വി.-യുടെ 9 സബ്സ്റ്റേഷനുകളും 400 കെ.വി. -യുടെ 178 സർക്യൂട്ട് കിലോമീറ്റർ ലൈനും, 220 കെ.വി.-യുടെ 566 സർക്യൂട്ട് കിലോമീറ്റർ ലൈനും, 110 കെ.വി.-യുടെ 653 സർക്യൂട്ട് കിലോമീറ്റർ ലൈനും നിർമ്മാണം പൂർത്തിയാക്കി. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി പ്രസരണ ശൃംഖല ശക്തിപ്പെടുകയും സംസ്ഥാന-അന്തർ സംസ്ഥാന ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി പൂർണ്ണതോതിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുവാനാകും. അതുവഴി സംസ്ഥാനത്തിന്റെ ഗ്രാമീണമേഖലയുൾപ്പെടെ മുഴുവൻ പ്രദേശത്തും ഗുണമേന്മയുള്ള വൈദ്യുതി എത്തിക്കാനാകും. കൂടാതെ ഗ്രീൻ കോറിഡോർ പദ്ധതികളിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ അട്ടപ്പാടി, അഗളി, കോട്ടത്തറ, മണ്ണാർക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമായി പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും ഇടുക്കി ജില്ലയിലെ രാമക്കൽമേട്, കട്ടപ്പന എന്നിവിടങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും

നിർമ്മിക്കാൻ വിഭാവന ചെയ്തിട്ടുണ്ട്. മാത്രമല്ല കാസർഗോഡും വയനാട്ടും പുതിയ 400 കെ.വി. സബ്സ്റ്റേഷനുകളും നിർമ്മിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

## വൈദ്യുതി ചാർജ് വർദ്ധനവ്

175 (4265) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതുകാരണം ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ വർദ്ധിപ്പിക്കാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25-06-2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം, 26-06-2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. താരിഫ് പരിഷ്കരണംമൂലം പ്രതിവർഷ ശരാശരി 6.6% വർദ്ധന വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ടി താരിഫ് പരിഷ്കരണത്തിലൂടെ യൂണിറ്റൊന്നിന് ഏകദേശം 40 പൈസയുടെ

വർദ്ധനയുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ കാർഷിക വിഭാഗം, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ തുടങ്ങിയവയുടെ എനർജി ചാർജ്ജിൽ വർദ്ധന വരുത്തിയിട്ടില്ല എന്ന കാര്യം പ്രസക്തമാണ്.

ഗാർഹിക വിഭാഗം ഉപഭോക്താക്കളിൽ പ്രതിമാസം 50 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നിരക്ക് വർദ്ധനയില്ലാതെ 1.50 രൂപാ നിരക്കിൽ തുടർന്നും വൈദ്യുതി ലഭ്യമാക്കും. 0-50 ഉപഭോക്തൃ സ്ലാബിൽ വൈദ്യുതി ചാർജ്ജിൽ വ്യത്യാസം വരുത്തിയിട്ടില്ല. ഏകദേശം 25 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

10 കിലോവാട്ടിന് താഴെ കണക്റ്റഡ് ലോഡുള്ള കേരളത്തിലെ വ്യാവസായിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജിൽ യാതൊരു വിധ വർദ്ധനയും ഈ താരിഫ് ഓർഡറിൽ വരുത്തിയിട്ടില്ല. ഈ വിഭാഗത്തിന് കേവലം 15 പൈസ മാത്രമാണ് എനർജി ചാർജ്ജിൽ വർദ്ധന.

കാർഷിക വിഭാഗത്തിന് ഫിക്സഡ് ചാർജ്ജിൽ 5 രൂപ വർദ്ധന മാത്രമേ വരുത്തിയിട്ടുള്ളൂ. എനർജി ചാർജ്ജിൽ വർദ്ധനയൊന്നും വരുത്തിയിട്ടില്ല.

വാണിജ്യ വിഭാഗത്തിൽ 1000 വാട്ട്സിന് മുകളിൽ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾ (കടകൾ, ഹോട്ടലുകൾ, പെട്ടിക്കടകൾ) മുതലായവയ്ക്ക് കണക്ടഡ് ലോഡ് പരിധി (2000 വാട്ട്സ് വരെ) ഉയർത്തിയതുമൂലം യൂണിറ്റൊന്നിന് 75 പൈസയുടെ കുറവും ഫിക്സഡ് ചാർജ്ജിനത്തിൽ 20 രൂപയുടെ കുറവും ഉണ്ടാകുന്നു. ഏകദേശം 5.5 ലക്ഷം ഉപഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാകും.

അതായത് ഗാർഹിക വിഭാഗം ഉപഭോക്താക്കളെയും ചെറുകിട കാർഷിക, വ്യവസായ, വാണിജ്യ ഉപഭോക്താക്കളെയും പരമാവധി സംരക്ഷിക്കുന്ന ഒരു താരിഫ് പരിഷ്കരണമാണ് വരുത്തിയിട്ടുള്ളത്.

താരിഫ് പരിഷ്കരണംമൂലം ശരാശരി 6.6% വർദ്ധന വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. നിലവിലുള്ള പണപ്പെരുപ്പം, ഉപഭോക്തൃ വിലസൂചികകൾ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധന കുറവാണെന്ന് കാണാം.

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത്

ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്തുവർഷക്കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24%, 2013-ൽ 9.1%, 2014-ൽ 6.7%, 2017-ൽ 4.77% 2019-ൽ 7.32% എന്നിങ്ങനെയായിരുന്നു വർദ്ധന. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂകമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂകമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു.

2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് അംഗീകരിക്കപ്പെട്ട വരുമാനകമ്മി ഏഴ് വർഷംകൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച കെ.എസ്.ഇ.ബി.എൽ-ന്റെ വർദ്ധിച്ചുവരുന്ന റവന്യൂ ഗ്യാപ്പിന്റെ ഒരു ഭാഗം നികത്തുന്നതിനും

അതുവഴിയുള്ള സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനുമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ശിപാർശ നൽകാൻ തീരുമാനിച്ചത്.

ഊർജ്ജ മേഖലയിൽ 2019-നുശേഷം വന്ന മാറ്റങ്ങൾ കൽക്കരി വിലയിലുണ്ടായ വർദ്ധന, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ, കസ്റ്റംസ് തീരുവ, കൽക്കരി ക്ഷാമം, Ash Transportation എന്നിവ കാരണം വൈദ്യുതി വാങ്ങൽ ചെലവ് ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തിലെ കൽക്കരിക്ഷാമം കാരണം കേന്ദ്ര വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപവൈദ്യുതി നിലയങ്ങളോട് 10% മുതൽ 30 % വരെ രാജ്യത്തിന് പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ വൈദ്യുതി വാങ്ങലിനുവേണ്ടിയുള്ള എനർജി ചാർജ്ജിൽ 29 % മുതൽ 87% വരെ (യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ വരെ) വർദ്ധനയുണ്ടായിട്ടുണ്ട്.

(ബി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാതെ ചെലവ് ചുരുക്കിയും പ്രസരണ നഷ്ടം കുറച്ചും പുതിയ വരുമാനദായക പദ്ധതികൾ കൊണ്ടുവന്നും

ഇലക്ട്രിസിറ്റി ബോർഡിനെ ലാഭകരമാക്കാൻ ശ്രമിക്കാമായിരുന്നോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2012 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു. ഈ മുൻകാല കമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെത്തന്നെ ഇത് ദോഷകരമായി ബാധിക്കും.

വൈദ്യുതിയുടെ പ്രസരണനഷ്ടം ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തുടർന്നുള്ള ഏതൊരു പ്രസരണ നഷ്ടക്കുറവിനും വലിയ തോതിലുള്ള മൂലധന നിക്ഷേപം ആവശ്യമായിട്ടുണ്ട്. ഇതുമൂലം എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും താരിഫിൽ വർദ്ധനയുണ്ടാകും. സാധ്യമായ എല്ലാ മേഖലകളിലും ചെലവ് ചുരുക്കിയാണ് വൈദ്യുതി ബോർഡ് അതിന്റെ ഭാവിപ്രവർത്തനങ്ങൾ വിഭാവന ചെയ്തിട്ടുള്ളത്. ലഭ്യമായ മാനവവിഭവശേഷിയെ പൂർണ്ണമായും പ്രയോജനപ്പെടുത്തി അവശ്യംവേണ്ട പുനർവിന്യാസ നടപടികൾ സ്വീകരിച്ചും വൈദ്യുതി വാങ്ങൽ ചെലവ്

ഗണ്യമായി കുറച്ചും ദീർഘകാല കരാറുകൾ പുനഃപരിശോധിച്ച് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നവ പുനഃക്രമീകരിച്ചും പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തിയുമാണ് പ്രവർത്തനങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്.

പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതുമൂലം പ്രസരണ നഷ്ടം കുറയുകയും തന്മൂലം വൈദ്യുതിയുടെ ആവശ്യകതയിൽ കുറവുവരുത്താനും വൈദ്യുതി വാങ്ങൽ ചെലവ് കുറയ്ക്കാനും സാധിക്കും. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ വിവിധ പദ്ധതികൾവഴി പ്രസരണനഷ്ടത്തിൽ വലിയ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. 2018-19-ൽ 4.8 ശതമാനമായിരുന്ന പ്രസരണ നഷ്ടം 2021-22-ൽ 3.7 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടെ പ്രസരണ നഷ്ടത്തിൽ മൊത്തം 521 മില്യൺ യൂണിറ്റിന്റെ കുറവുവരുത്താൻ കഴിയും. ഇത് ഏകദേശം 250 കോടി രൂപയുടെ വൈദ്യുതിക്ക് തുല്യമാണ്.

(സി) മതിയായ വോൾട്ടേജിൽ തടസ്സരഹിതമായി വൈദ്യുതി

നൽകുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം പുതിയതായി 4 സബ്സ്റ്റേഷനുകളും 10 സബ്സ്റ്റേഷനുകളുടെ ശേഷി ഉയർത്തലും 525 km വിവിധ വോൾട്ടേജ് ശേഷിയിലുള്ള ലൈനുകളും 354 km ലൈനുകളുടെ ശേഷി ഉയർത്തലും ആണ് വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഒന്നാംഘട്ടമായി 12 സബ്സ്റ്റേഷനുകളിൽ 9 എണ്ണം പൂർത്തിയായി. 1394 km ലൈനുകളും പൂർത്തീകരിച്ചു. ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 13 സബ്സ്റ്റേഷനുകളും 1932 km ലൈനുമാണ് നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്. 2026-ഓടുകൂടി ഈ പദ്ധതി പൂർത്തിയാക്കാനാണ് ബോർഡ് ലക്ഷ്യമിട്ടിരിക്കുന്നത്.

മതിയായ വോൾട്ടേജിൽ തടസ്സരഹിതമായി വൈദ്യുതി നൽകുകയെന്ന ലക്ഷ്യത്തോടെ ആഭ്യന്തര ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിനും ഹരിതോർജ്ജം പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന നിരവധി പദ്ധതികൾ

സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഫലമായി നിലവിൽ സംസ്ഥാനത്തിന് സോളാർ സ്ഥാപിതശേഷി 572 MW എന്ന നേട്ടം കൈവരിക്കാൻ സാധിച്ചു. കർഷകർക്ക് അധിക വരുമാനം ലഭ്യമാകുന്ന 'പി.എം. കുസും' സോളാർ പദ്ധതി, സ്ഥല പരിമിതിയെ മറികടക്കാൻ ഡാമുകളിൽ 100 MW 'ഫ്ലോട്ടിംഗ് സോളാർ പദ്ധതി', കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കേരളത്തിനകത്ത് 100 MW ശേഷിയുള്ള വിൻഡ് നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി, അധിക റിന്യൂവബിൾ എനർജി സംഭരിച്ച് ആവശ്യാനുസരണം ഉപയോഗിക്കുവാനായി 'ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം' എന്നീ പദ്ധതികൾക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കി, തടസ്സരഹിതമായ, ഗുണമേന്മയേറിയ വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കാനായി 2018 മുതൽ 2022 വരെ നടപ്പിലാക്കിയ ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി 3226 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള

ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണരംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി 4016.10 കോടി രൂപയുടെ ദ്യുതി 2 പദ്ധതിയുടെ രൂപ രേഖ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2022-23 മുതൽ 2024-25 സാമ്പത്തിക വർഷംവരെ നടപ്പിലാക്കാനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) പദ്ധതിയും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്നുണ്ട്.

(ഡി) വൈദ്യുതി തടസ്സം നേരിട്ടാൽ ഉപഭോക്താവിന് നഷ്ട പരിഹാരം നൽകാൻ വ്യവസ്ഥ ചെയ്യുമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 15-12-2015-ൽ പുറപ്പെടുവിച്ചിട്ടുള്ള KERALA STATE ELECTRICITY REGULATORY COMMISSION (STANDARDS OF PERFORMANCE OF DISTRIBUTION LICENSEES) REGULATIONS,2015-ലും 31-12-2020-ൽ കേന്ദ്ര സർക്കാർ പുറത്തിറക്കിയ Electricity Rights of

Consumers Rule 2020-ലും വൈദ്യുതിതടസ്സം നേരിട്ടാൽ ഉപഭോക്താവിന് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

## ചെറുകിട വൈദ്യുതി ഉല്പാദന പദ്ധതികൾ

176 (4266) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ലഭ്യമായ ജലസ്രോതസ്സുകളിൽനിന്നും പരിസ്ഥിതി ആഘാതം ലഘൂകരിച്ചുകൊണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ച് വൈദ്യുതോല്പാദനം നടത്തുവാനുള്ള ശ്രമങ്ങൾ കെ.എസ്.ഇ.ബി.എൽ. വഴിയും സ്വകാര്യസംരംഭകർ വഴിയും തദ്ദേശസ്ഥാപനങ്ങൾ വഴിയും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി | MW | Mu |
|---|---|---|---|
| 1 | ചിന്നാർ | 24 | 76.45 |
| 2 | ഭൂതത്താൻകെട്ട് | 24 | 83.5 |
| 3 | പെരുവണ്ണാമൂഴി | 6 | 24.7 |
| 4 | പഴശ്ശിസാഗർ | 7.5 | 25.16 |

സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി | MW | Mu | ജില്ല | നദി |
|---|---|---|---|---|---|
| 1 | പീച്ചാട് SHEP | 3 | 7.74 | ഇടുക്കി | മുതിരപ്പുഴ |
| 2 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ഇടുക്കി | കല്ലാർ |
| 3 | ലാഡ്രം SHEP | 3.5 | 12.13 | ഇടുക്കി | പെരിയാർ |
| 4 | മാർമ്മല SHEP | 7 | 23.02 | കോട്ടയം | മീനച്ചലാർ |

| | | | | | |
|---|---|---|---|---|---|
| 5 | കീരിത്തോട് | 12 | 27.65 | ഇടുക്കി | പെരിയാർ |
| 6 | ചെമ്പുകടവ് III SHEP | 7.5 | 16.65 | കോഴിക്കോട് | ചാലിപ്പുഴ |
| 7 | ചാത്തൻകോട്ടുനട I SHEP | 5 | 12.06 | കോഴിക്കോട് | കുറ്റ്യാടിപ്പുഴ |
| 8 | പശുക്കടവ് SHEP | 4 | 10.34 | കോഴിക്കോട് | കുറ്റ്യാടിപ്പുഴ |
| 9 | വളാംതോട് SHEP | 7.5 | 15.29 | മലപ്പുറം | ചാലിയാർ |

പരിവേഷണ സാധ്യതാപഠനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുതി പദ്ധതി കളുടെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി | MW | Mu | ജില്ല | നദി |
|---|---|---|---|---|---|
| 1 | പള്ളിവാസൽ ഓഗ്മെന്റേഷൻ സ്കീം സ്റ്റേജ് I (ഗ്രഹാം ലാൻഡ്) | 4 | 10.9 | ഇടുക്കി | മുതിരപ്പുഴ |
| 2 | പാംബ്ല | 10 | 22.7 | ഇടുക്കി | പഴയരി ത്തോട് |
| 3 | ഒറ്റക്കൽ | 2 | 3.19 | കൊല്ലം | കല്ലട റിവർ |
| 4 | അരുവികുഴി | 1.5 | 3.75 | ഇടുക്കി | പെരിയാർ |
| 5 | ലോവർ പൂഴിത്തോട് | 5.12 | 11.91 | കോഴിക്കോട് | കടന്താരപുഴ |

| | | | | | |
|---|---|---|---|---|---|
| 6 | അപ്പർ പൂഴിത്തോട് | 3.6 | 7.84 | കോഴിക്കോട് | കടന്താരപുഴ |
| 7 | ഉറുമി സ്റ്റേജ് III | 2.4 | 5.43 | കോഴിക്കോട് | പൊയിലിങ്ങൽപുഴ |
| 8 | പാൽചുരം | 3.3 | 6.65 | കണ്ണൂർ | ഭവാനിപുഴ |
| 9 | പൊരിങ്ങൽ extn | 24 | 33.78 | പാലക്കാട് | നിളാനദി |
| 10 | അപ്പർ പൊരിങ്ങൽ SHEP | 18 | 100 | തൃശ്ശൂർ | ചാലക്കുടി |

ഇതിനു പുറമെ ഒലീക്കൽ (5MW), പൂവാരംതോട് (3MW) അപ്പർ ചെങ്കുളം (24MW), മരിപ്പുഴ (6MW), ചിന്നാർ സ്റ്റേജ് II (24MW) എന്നീ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുബന്ധ നടപടികൾ പുരോഗമിക്കുന്നു.

സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പുതിയ ജലവൈദ്യുത പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം

പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിനെയും സഹകരണ വകുപ്പിനെയും ഇത്തരം പദ്ധതികളിൽ സഹകരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 (SHP Policy 2012)-ലൂടെ തദ്ദേശസ്വയംഭരണ വകുപ്പിനെയും സഹകരണ വകുപ്പിനെയും പദ്ധതികളിൽ സഹകരിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വകുപ്പുതല ചർച്ചകൾ പുരോഗമിക്കുന്നുണ്ട്.

(സി) ഏതെങ്കിലും പദ്ധതി ഇതുവരെ ആരംഭിച്ചിട്ടുണ്ടോയെന്നും മുടങ്ങിക്കിടക്കുന്നവയുണ്ടോയെന്നും വിശദമാക്കാമോ; മുടങ്ങിക്കിടക്കുന്നവയുണ്ടെങ്കിൽ അവ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) സ്വകാര്യ സംരംഭകരെ ഇത്തരം പദ്ധതികളിലേയ്ക്ക് സഹകരിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ നിജസ്ഥിതി അടക്കമുള്ള വിശദ വിവരം ലഭ്യമാക്കാമോ;

(ഇ) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ അവ ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ പദ്ധതികൾക്കാണ് ലഭിക്കാത്തതെന്ന് വെളിപ്പെടുത്താമോ?

(സി-ഇ) സർക്കാർ അലോട്ട് ചെയ്ത ചെറുകിട ജലവൈദ്യുത പദ്ധതികളുടെ മേൽനോട്ട ചുമതല ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ നടത്തുന്നുണ്ട്. സ്മാൾ ഹൈഡ്രോ സെൽ വഴി അലോട്ടുചെയ്ത 57 പദ്ധതികളിൽ 4 എണ്ണം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 29 പദ്ധതികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടിവന്നു. 7 പദ്ധതികൾ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. 15 പദ്ധതികൾ പ്രാരംഭ സ്ഥിതിയിലാണ്.

സ്മാൾ ഹൈഡ്രോ പവർ പോളിസി-2012 പ്രകാരം സ്വകാര്യസംരംഭകർക്ക് Captive Power Producer (CPP)/ Independent Power Producer (IPP) രീതികളിൽ പദ്ധതി നടപ്പിലാക്കാനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്.

നിലവിൽ 7 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നായി 50 MW സ്ഥാപിതശേഷി കൈവരിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിച്ച് 68 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

വനഭൂമി വനേതരപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമ്പോൾ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് വനഭൂമി ആവശ്യമായ സന്ദർഭങ്ങളിൽ ഭൂമി ലഭ്യമാക്കുവാനുള്ള നടപടികൾ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ നടപ്പാക്കാനുദ്ദേശിക്കുന്ന ആനക്കയം, മരിപ്പുഴ, വാലന്തോട് എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ വനഭൂമി ലഭ്യമാകാത്തതിനാൽ കാലതാമസം നേരിടുന്നു.

പ്രോജക്ട് നടപ്പിലാക്കുന്നതിന് വനഭൂമി ആവശ്യമായ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലമ്പുഴ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

177 (4267) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാകുകയും 2022 ജൂൺ 4-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

മുടിക്കളങ്ങര മുരുക റൈസ് മിൽ -ന് മുന്നിൽ

മന്തക്കാട്

ഹോസ്പിറ്റൽ ജംഗ്ഷൻ

കൂട്ടുപാത

പള്ളത്തേരി

കാലേപ്പുള്ളി

പാറ ജംഗ്ഷൻ (പാറ ഹോമിയോ ഹോസ്പിറ്റൽ)

## ഇടുക്കി ജില്ലയിലെ വൈദ്യുതി തടസ്സം പരിഹരിക്കാൻ നടപടി

178 (4268) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ചിത്തിരപുരം ഡിവിഷന്റെ കീഴിലുള്ള മാങ്കുളം പഞ്ചായത്തിലുൾപ്പെട്ട കല്ലാർ, കുരിശുപാറ, പീച്ചാട് എന്നിവിടങ്ങളിൽ സ്ഥിരമായി വൈദ്യുതി തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി മാങ്കുളം ഭാഗത്തേയ്ക്കുള്ള 11 കെ.വി. ലൈൻ 2.5 കിലോ മീറ്റർ ഭാഗം കവേർഡ് കണ്ടക്ടർ ആക്കുന്നതിനും 1.8 കിലോമീറ്റർ ഭൂഗർഭ കേബിളുകൾ ആക്കുന്നതിനുമുള്ള പ്രവൃത്തികൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പ്ലാന്റുകൾ

179 (4269) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ശിക്ഷ കേരള പദ്ധതിയുടെ ഫണ്ട് വിനിയോഗിച്ച് കരുനാഗപ്പള്ളി മണ്ഡലത്തിലെ ചിറ്റൂർ ഗവണ്മെന്റ് യു.പി. സ്കൂളിൽ 5 കിലോവാട്ടിന്റെയും കരുനാഗപ്പള്ളി ഗവണ്മെന്റ് യു.പി. സ്കൂളിൽ 3 കിലോവാട്ടിന്റെയും സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്.

(ബി) കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുത ഉപഭോഗം കൂടിയ സർക്കാർ ആശുപത്രികളിലും മറ്റ് സർക്കാർ ഓഫീസുകളിലും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/ കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ്

പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവായി അനെർട്ട് നൽകുന്നുണ്ട്.

**വൈദ്യുതി നിരക്ക് വർദ്ധനവ്**

180 (4270) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യത നീക്കാനാണോ നിരക്ക് വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനമെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഗാർഹിക ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്ജ് ഉൾപ്പെടെ വർദ്ധിപ്പിക്കാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ ആവശ്യപ്പെടാനുണ്ടായ അടിയന്തര സാഹചര്യം വിശദമാക്കാമോ?

(എ & ബി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25-06-2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം 26-06-2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്.

താരിഫ് പരിഷ്കരണംമൂലം പ്രതിവർഷം ശരാശരി 6.6% വർദ്ധനവ് വൈദ്യുതി നിരക്കിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ടി താരിഫ് പരിഷ്കരണത്തിലൂടെ യൂണിറ്റൊന്നിന് ഏകദേശം 40 പൈസയുടെ വർദ്ധനയുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

റെഗുലേറ്ററി കമ്മീഷൻ നവംബർ 2021-ൽ പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2022-23 മുതൽ 2026-27 വരെയുള്ള 5 വർഷക്കാലത്തേയ്ക്കുള്ള ARR പെറ്റീഷൻ, താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ കെ.എസ്.ഇ.-ബി.എൽ. 31-01-2022, 10-02-2022 എന്നീ തീയതികളിൽ സമർപ്പിക്കുകയുണ്ടായി. റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കണക്കുകളുടെ സംക്ഷിപ്തവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷത്തെ കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2012-ൽ 24%, 2013-ൽ 9.1%, 2014-ൽ 6.7%, 2017-ൽ 4.77% 2019-ൽ 7.32% എന്നിങ്ങനെയായിരുന്നു വർദ്ധന. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2021-ലേതുമായ പഴയകാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു. കെ.എസ്.ഇ.ബി.എൽ-ന്റെ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പിന്റെ ഒരു ഭാഗം നികത്താനും അതുവഴിയുള്ള സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കാനുമാണ് നിരക്ക് വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തത്.

2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് മേൽപ്പറഞ്ഞ അംഗീകരിക്കപ്പെട്ട വരുമാനക്കമ്മി ഏഴ് വർഷംകൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

ഊർജ്ജ മേഖലയിൽ 2019-ന് ശേഷം വന്ന മാറ്റങ്ങൾ കൽക്കരി വിലയിൽ ഉണ്ടായ വർദ്ധന, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ, കസ്റ്റംസ് തീരുവ, കൽക്കരി ക്ഷാമം, Ash Transportation എന്നിവ കാരണം വൈദ്യുതി വാങ്ങൽ ചെലവ് ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തിലെ കൽക്കരി ക്ഷാമം കാരണം കേന്ദ്ര

വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപവൈദ്യുതി നിലയങ്ങളോട് 10% മുതൽ 30% വരെ രാജ്യത്തിന് പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ വൈദ്യുതി വാങ്ങലിന് വേണ്ടിയുള്ള എനർജി ചാർജ്ജിൽ 29 % മുതൽ 87% (യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ) വരെ വർദ്ധനയുണ്ടായിട്ടുണ്ട്.

കേരളത്തിന്റെ ഉപഭോക്തൃ മിശ്രണത്തിന്റെ പ്രത്യേകത പരിശോധിച്ചാൽ മൊത്തം ഉപഭോക്താക്കളുടെ 73 ശതമാനവും ശരാശരി വൈദ്യുതി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളാണെന്ന് കാണാം. കൂടാതെ മൊത്തം ഉപഭോക്താക്കളുടെ 77 ശതമാനവും ക്രോസ് സബ്സിഡി ആനുകൂല്യം (വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ താഴെ നിരക്കുള്ളവർ) ലഭിക്കുന്നവരാണ്. മൊത്തം ഉപഭോഗത്തിന്റെ 51 ശതമാനവും വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിലുള്ള ഗാർഹിക ഉപഭോഗമായതിനാൽ കുറഞ്ഞൊരളവിലെങ്കിലും പ്രസ്തുത വിഭാഗം ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധന അനിവാര്യമായി.

(സി) കോവിഡ് പ്രതിസന്ധിമൂലം കഷ്ടത അനുഭവിക്കുന്ന സാധാരണക്കാർക്ക് വൈദ്യുതി ബോർഡിന്റെ നിരക്ക് വർദ്ധിപ്പിക്കാനുള്ള

തീരുമാനം കാരണം ഉണ്ടാകാനിടയുള്ള ആഘാതം വിലയിരുത്തിയിട്ടുണ്ടോ?

കോവിഡ് കാലത്തെ കഷ്ടതകൾ കണക്കിലെടുത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും ചെറുകിട കച്ചവടക്കാരെയും വ്യവസായികളെയും സംരക്ഷിക്കുന്ന ഒരു താരിഫ് പരിഷ്കരണമാണ് വരുത്തിയിട്ടുള്ളത്. കാർഷിക വിഭാഗം, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ തുടങ്ങിയവയുടെയും വൈദ്യുതി ചാർജ്ജിൽ വർദ്ധന വരുത്തിയിട്ടില്ല എന്ന കാര്യം പ്രസക്തമാണ്.

ഗാർഹിക വിഭാഗം ഉപഭോക്താക്കളിൽ പ്രതിമാസം 50 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നിരക്ക് വർദ്ധനയില്ലാതെ 1.50 രൂപ നിരക്കിൽ തുടർന്നും വൈദ്യുതി ലഭ്യമാക്കും. 0-50 ഉപഭോക്തൃ സ്ലാബിൽ വൈദ്യുതി ചാർജ്ജിൽ വ്യത്യാസം വരുത്തിയിട്ടില്ല. ഏകദേശം 25 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

10 കിലോവാട്ടിന് താഴെ കണക്റ്റഡ് ലോഡുള്ള കേരളത്തിലെ വ്യാവസായിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജിൽ യാതൊരുവിധ

വർദ്ധനയും ഈ താരിഫ് ഓർഡറിൽ വരുത്തിയിട്ടില്ല. ഈ വിഭാഗത്തിന് കേവലം 15 പൈസ മാത്രമാണ് എനർജി ചാർജ്ജിൽ വർദ്ധന.

കാർഷിക വിഭാഗത്തിന് ഫിക്സഡ് ചാർജ്ജിൽ 5 രൂപ വർദ്ധന മാത്രമേ വരുത്തിയിട്ടുള്ളൂ. എനർജി ചാർജ്ജിൽ വർദ്ധനയൊന്നും വരുത്തിയിട്ടില്ല.

വാണിജ്യ വിഭാഗത്തിൽ 1000 വാട്ട്സിനു മുകളിൽ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾ (കടകൾ, ഹോട്ടലുകൾ, പെട്ടിക്കടകൾ) മുതലായവയ്ക്ക് കണക്ടഡ് ലോഡ് പരിധി (2000 വാട്ട്സ് വരെ) ഉയർത്തിയതുമൂലം യൂണിറ്റൊന്നിന് 75 പൈസയുടെ കുറവും ഫിക്സഡ് ചാർജ്ജിനത്തിൽ 20 രൂപയുടെ കുറവും ഉണ്ടാകുന്നു. ഏകദേശം 5.5 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും.

**ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

181 (4271) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഓരോ പ്രവൃത്തികൾക്കും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

(എ & ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനും 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മാണത്തുക - 17.60 ലക്ഷം

പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മാണത്തുക - 1.97 ലക്ഷം

2021-22 കാലയളവിൽ 67 KW-ന്റെ 10 സൗര നിലയങ്ങൾ കമ്മീഷൻ ചെയ്തു.

പ്രസ്തുത പുരപ്പുറ സൗര പദ്ധതിക്ക് 30,57,118/- രൂപ വിനിയോഗിച്ചു.

66 കെ.വി. കണ്ണനൂർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ശേഷി ഉയർത്തുന്നതിന് 10 സെന്റ് സ്ഥലമെടുക്കുകയും നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

5.84 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ സ്ഥലമെടുക്കുന്നതിനായി 4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ആലത്തൂർ മണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പൂർത്തീകരിച്ച പ്രവൃത്തികളും അവയ്ക്കായി ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തികളുടെ വിവരം | 2020-21 | | 2021-22 | |
|---|---|---|---|---|---|
| | | ക്വാണ്ടിറ്റി | തുക (ലക്ഷം) | ക്വാണ്ടിറ്റി | തുക (ലക്ഷം) |
| 1 | 11 കെ.വി ലൈൻ (ഭൂഗർഭ കേബിൾ , എബിസി ഉൾപ്പെടെ) വലിക്കുന്ന പ്രവൃത്തി(കി. മീ) | 2.75 | 64.64 | 3.143 | 20.48 |
| 2 | എൽ.റ്റി ലൈൻ വലിക്കുന്ന പ്രവൃത്തി (കി. മീ) | 1.756 | 4.7 | 0.856 | 2.36 |
| 3 | ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന/ ശേഷി കൂട്ടുന്ന പ്രവൃത്തി (എണ്ണം) | 5 | 10.58 | 2 | 4.27 |
| 4 | HT ലൈൻ റീകണ്ടക്ടറിംഗ് പ്രവൃത്തി (കി. മീ) | 3.13 | 2.53 | 0 | 0 |
| 7 | എൽ.റ്റി ലൈൻ റീകണ്ടക്ടറിംഗ് പ്രവൃത്തി (കി. മീ) | 168.66 | 73.22 | 258.77 | 112.5 |
| 8 | സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കുന്ന പ്രവൃത്തി (കി. മീ) | 12.74 | 45.48 | 2.5 | 8.6 |
| 9 | ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി (എണ്ണം) | 8 | 0.96 | 16 | 1.92 |
| 10 | കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നത് (എണ്ണം) | 1246 | 9.43 | 4053 | 32.87 |
| | മറ്റു പ്രവൃത്തികൾ (DTR മീറ്റർ, STANDARDIZATION | | 6.12 | | 3.03 |

| | | | | | |
|---|---|---|---|---|---|
| | പ്രവൃത്തികൾ ഉൾപ്പെടെയുള്ള) | | | | |
| ആകെ ചെലവാക്കിയ തുക | | | 217.66 | | 186.03 |

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

182 (4272) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലാഭത്തിലാണെന്നത് വസ്തുതയാണോയെന്ന് അറിയിക്കാമോ?

2021-22-ലെ കണക്കെടുപ്പ് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 2022 ജൂലൈ അവസാനത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. താൽക്കാലിക കണക്കുകൾപ്രകാരം വൈദ്യുതി ബോർഡ് ഏകദേശം 1400 കോടി രൂപയുടെ പ്രവർത്തനലാഭത്തിലേയ്ക്ക് മാറിയിട്ടുണ്ട്.

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ശിപാർശ നൽകിയതിന്റെ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86, എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2021 നവംബർ മാസം 16-ാം തീയതി പുറപ്പെടുവിച്ച താരിഫ് റെഗുലേഷൻ അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ നിലവിലുള്ള 2019-ലെ വൈദ്യുതിചാർജ്ജ് പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10-02-2022-ൽ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനിൽ വിവിധ വിഭാഗം ഉപഭോക്താക്കളുടെ അടുത്ത അഞ്ച് വർഷത്തേയ്ക്കുള്ള (2022-27) താരിഫ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശകളാണ് താരിഫ് റെഗുലേഷൻ, 2021 പ്രകാരം നൽകിയിട്ടുള്ളത്. താരിഫ് ഷോക്ക് ഒഴിവാക്കുന്നതിനുവേണ്ടി 2022-23 വർഷത്തേയ്ക്ക് 2249 കോടി രൂപയും തുടർന്നുള്ള വർഷങ്ങളിൽ നാമമാത്രമായി 786, 371, 488, 252 കോടി രൂപ വീതം മാത്രവുമാണ് കമ്മി നികത്തുന്നതിനുവേണ്ടി ശിപാർശ ചെയ്തിട്ടുള്ളത്.

റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പണപ്പെരുപ്പം, ഫോസിൽ ഇന്ധനങ്ങൾ, കൽക്കരി തുടങ്ങിയവയിലെ വിലക്കയറ്റം പ്രമാണിച്ച് 14.64

ശതമാനം താരിഫ് വർദ്ധനയും യൂണിറ്റൊന്നിന് 90 പൈസാ വർദ്ധനയുമാണ് കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടിരുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് 35 പൈസാ മുതൽ 70 പൈസ വരെയും തുടർന്നുള്ള വർഷങ്ങളിൽ യൂണിറ്റൊന്നിന് 10 പൈസയുടേയും ഫിക്സഡ് ചാർജ്ജിനത്തിൽ നാമമാത്രമായ വർദ്ധനയുമാണ് ശിപാർശ ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും യൂണിറ്റിന് എത്ര രൂപയാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25-06-2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവുപ്രകാരം 26-06-2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്.

പ്രസ്തുത താരിഫ് പരിഷ്കരണംമൂലം പ്രതിവർഷം ശരാശരി 6.6% വർദ്ധന വൈദ്യുതി നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ടി താരിഫ് പരിഷ്കരണത്തിലൂടെ യൂണിറ്റൊന്നിന് ഏകദേശം 40 പൈസയുടെ വർദ്ധന ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ കാർഷിക വിഭാഗത്തിന്റെയും അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ

തുടങ്ങിയ വിഭാഗങ്ങളുടെയും വൈദ്യുതി ചാർജ്ജിൽ വർദ്ധന വരുത്തിയിട്ടില്ല എന്ന കാര്യം പ്രസക്തമാണ്.

(ഡി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

വൈദ്യുതി നിയമം, 2003 പ്രകാരം സംസ്ഥാനത്തെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള പരമാധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. ഇതിലേയ്ക്കായി വൈദ്യുതി നിയമം 2003-ലെ, സെക്ഷൻ 61 പ്രകാരം പുറപ്പെടുവിക്കുന്ന താരിഫ് റെഗുലേഷനെ ആധാരമാക്കി ലൈസൻസികൾ തങ്ങളുടെ വരവുചെലവ് കണക്കുകളുടെ എസ്റ്റിമേറ്റായ ARR പെറ്റീഷനും റവന്യൂക്കമ്മിയുണ്ടെങ്കിൽ ആയത് ഉപഭോക്താക്കളിൽനിന്ന് ഈടാക്കാനുള്ള താരിഫ് പെറ്റീഷനും സമർപ്പിക്കേണ്ടതാണ്.

റെഗുലേറ്ററി കമ്മീഷൻ നവംബർ 2021-ൽ പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2022-23 മുതൽ 2026-27 വരെയുള്ള 5 വർഷക്കാലത്തേയ്ക്കുള്ള ARR പെറ്റീഷൻ, താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ 31-01-2022, 10-02-2022 എന്നീ

തീയതികളിൽ സമർപ്പിക്കുകയുണ്ടായി. റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കണക്കുകളുടെ സംക്ഷിപ്തം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷ കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019, എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24%, 2013-ൽ 9.17%, 2014 ൽ 6.7%, 2017-ൽ 4.77%, 2019 ൽ 7.32% എന്നിങ്ങനെയായിരുന്നു വർദ്ധന, എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂകമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂകമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു.

2016- ലെ ദേശീയ വൈദ്യുതി നിയമമനുസരിച്ച് അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയപക്ഷം ഏഴ് വർഷംകൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഊർജ്ജ മേഖലയിൽ 2019-നുശേഷം വന്ന മാറ്റങ്ങൾ കൽക്കരി വിലയിലുണ്ടായ വർദ്ധന, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ, കസ്റ്റംസ് തീരുവ, കൽക്കരി ക്ഷാമം, Ash Transportation എന്നിവ കാരണം വൈദ്യുതി വാങ്ങൽ ചെലവ് ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തിലെ കൽക്കരിക്ഷാമം കാരണം കേന്ദ്ര വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപവൈദ്യുതി നിലയങ്ങളോട് 10% മുതൽ 30% വരെ രാജ്യത്തിന് പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ വൈദ്യുതി വാങ്ങലിനുവേണ്ടി ചാർജ്ജിൽ 29% മുതൽ 87% (യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ വരെ) വർദ്ധനയുണ്ടായിട്ടുണ്ട്.

കേരളത്തിന്റെ ഉപഭോക്തൃ മിശ്രിതത്തിന്റെ പ്രത്യേകത പരിശോധിച്ചാൽ മൊത്തം ഉപഭോക്താക്കളുടെ 73 ശതമാനവും ശരാശരി വൈദ്യുതി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളാണ് എന്ന് കാണാം. കൂടാതെ മൊത്തം ഉപഭോക്താക്കളുടെ 77 ശതമാനവും ക്രോസ് സബ്സിഡി ആനുകൂല്യം (വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ താഴെ നിരക്കുള്ളവർ)

ലഭിക്കുന്നവരാണ്. മൊത്തം ഉപഭോഗത്തിന്റെ 51 ശതമാനവും വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിലുള്ള ഗാർഹിക ഉപഭോഗമായതിനാൽ കുറഞ്ഞൊരളവിലെങ്കിലും പ്രസ്തുത വിഭാഗം ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധന അനിവാര്യമായി. താരിഫ് പരിഷ്കരണംമൂലം മൊത്തത്തിൽ 6.58% വർദ്ധന വൈദ്യുതി നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. നിലവിലുള്ള പണപ്പെരുപ്പം, ഉപഭോക്തൃ വിലസൂചികകൾ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധന കുറവാണെന്നും കാണാം.

Rural Electrification Corporation (REC) ഏറ്റവും ഒടുവിൽ പുറത്തിറക്കിയ കണക്കുപ്രകാരം സംസ്ഥാനങ്ങളും കേന്ദ്ര ഭരണപ്രദേശങ്ങളും അടക്കം 36 യൂണിറ്റുകളിൽ, 13 യൂണിറ്റുകളിൽ മാത്രമേ വ്യാവസായിക ആവശ്യത്തിന് കേരളത്തേക്കാൾ കുറവ് വൈദ്യുതി ചാർജ്ജുള്ളൂ. കൂടാതെ ഇടതടവില്ലാതെയുള്ള വൈദ്യുതി ലഭ്യതയിൽ (Uninterrupted Power Supply)- ൽ കേരളം രാജ്യത്ത് മുൻപന്തിയിലാണ്. അയൽസംസ്ഥാനങ്ങളിലെല്ലാം കേരളത്തെക്കാൾ ഉയർന്ന താരിഫിലാണ് വ്യവസായങ്ങൾക്ക് വൈദ്യുതി നൽകിവരുന്നത്. കേരളത്തിൽ

വ്യവസായങ്ങൾക്ക് വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ കുറഞ്ഞ താരിഫിലാണ് വൈദ്യുതി നൽകിവരുന്നത്.

**നാദാപുരം നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

183 (4273) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന പ്രദേശങ്ങളിൽ പോൾമൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

1. ഇടച്ചേരി ടൗൺ

2. നാദാപുരം പോലീസ് സ്റ്റേഷന് സമീപം

3. പാറക്കടവ്

4. പരപ്പുപാറ

5. പേറാട് ജംഗ്ഷന് സമീപം

6. തൂണേരി ടൗൺ

പദ്ധതി ഒരു മാസത്തിനകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പഞ്ചായത്തിൽ പ്രധാനകേന്ദ്രങ്ങളിൽ കുറഞ്ഞത് ഒരു ചാർജ്ജിംഗ് പോയിന്റെങ്കിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരളത്തിലുടനീളം 1150 പോൾമൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചുവരുന്നു. പദ്ധതിയിലുൾപ്പെടുത്തി ഒരു നിയോജകമണ്ഡലത്തിൽ ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ പാത, എം.സി. റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്കുസമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആദ്യഘട്ടമായി അനെർട്ട് സ്വീകരിച്ചുവരുന്നു.

## വൈദ്യുതി നിരക്ക് വർദ്ധനവ്

184 (4274) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിരക്ക് വർദ്ധന സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25-06-2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവുപ്രകാരം 26-06-2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽവന്നു. താരിഫ് പരിഷ്കരണംമൂലം ശരാശരി 6.6% വർദ്ധന വൈദ്യുതി നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) വൈദ്യുതനിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ ഏതെങ്കിലും കമ്മിറ്റി രൂപീകരിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

വൈദ്യുതി നിയമം, 2003-ലെ 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽമാത്രം നിക്ഷിപ്തമാണ്. വൈദ്യുതി റെഗുലേറ്ററി

കമ്മീഷൻ 2021 നവംബറിൽ പുറപ്പെടുവിച്ച താരിഫ് റെഗുലേഷൻ, 2021 പ്രകാരം കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച ARR (Aggregate Revenue Requirement) & ERC (Expected Revenue from Charges), വിശദമായ പഠനങ്ങൾക്കും പബ്ലിക് ഹിയറിംഗിനും ശേഷം റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നിരക്കുകളിൽ, വൈദ്യുതി നിയമം 2003 -ലെ 65-ാം വകുപ്പുപ്രകാരം ഗാർഹിക-കാർഷിക ഉപഭോക്താക്കൾക്കും ജീവൻരക്ഷ ഉപകരണങ്ങൾ ഉപയോഗിക്കുന്നവർക്കും നൽകിവരുന്ന സബ്സിഡികൾ തുടർന്നും നൽകുന്നതായിരിക്കും.

കോവിഡാനന്തര കാലഘട്ടത്തിലെ സംസ്ഥാനത്തെ വിവിധമേഖലകളിലെ പ്രയാസങ്ങളും അതോടൊപ്പം കെ.എസ്.ഇ.ബി.എൽ. എന്ന യൂട്ടിലിറ്റിയുടെ നിലനിൽപ്പുംകൂടി കണക്കിലെടുത്ത് രാജ്യത്തെ മറ്റു വിതരണ ലൈസൻസികളുടെ സമാനമായ വിഭാഗങ്ങളുടെ താരിഫ്, പണപ്പെരുപ്പംമൂലം കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിനങ്ങളിലെ വർദ്ധന എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ.-ലെ താരിഫ് സെൽ വിശദമായ പഠനം നടത്തിയാണ് താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയത്.

ടി നിർദ്ദേശങ്ങളിന്മേൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

വിശദമായ പൊതുതെളിവെടുപ്പ് നടത്തുകയും പൊതുജനങ്ങളുടെയും ഉപഭോക്താക്കളുടെയും അഭിപ്രായങ്ങളും ആക്ഷേപങ്ങളുംകൂടി പരിഗണിക്കുകയും കൂടാതെ വൈദ്യുതിനിയമത്തിലെയും ദേശീയ താരിഫ് പോളിസി, കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്തിയുമാണ് താരിഫ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) വൈദ്യുതി ബോർഡ് ലാഭത്തിലാണെന്ന് സംസ്ഥാന സർക്കാർ അവകാശപ്പെടുമ്പോഴും വൈദ്യുതി ചാർജ്ജ് വർദ്ധന വരുത്തിയത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. 2021-22-ലെ താൽകാലിക കണക്കുകൾ പ്രകാരം ലാഭത്തിലാണെങ്കിലും കാലാകാലങ്ങളായി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ് നികത്തുന്നതിനും അതുവഴിയുള്ള സാമ്പത്തികബാധ്യത ലഘൂകരിക്കുന്നതിനുമാണ് വൈദ്യുതിചാർജ്ജ് വർദ്ധിപ്പിക്കേണ്ടിവന്നത്. ആയതിനാൽ ഇത് ജനങ്ങളോടുള്ള വെല്ലുവിളിയായി കാണേണ്ടതില്ല.

വൈദ്യുതി നിയമം, 2003-ലെ 61-ാം വകുപ്പുപ്രകാരം കേരള വൈദ്യുതി

റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയചട്ടങ്ങൾ, 2021-ലെ വ്യവസ്ഥകൾ പ്രകാരം 2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള വൈദ്യുതി താരിഫ് പരിഷ്കരണത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ARR & ERC പെറ്റീഷൻ പ്രകാരമുള്ള പ്രതീക്ഷിത റവന്യൂ ഗ്യാപ്പ് 2852.58 കോടി രൂപയാണ്. 2022-23-ൽ 496.20 കോടി രൂപയുടെ ലാഭമുണ്ടാകുമെന്ന നിലയിലാണ്, കെ.എസ്.ഇ.ബി.എൽ.-ന്റെ ബഡ്ജറ്റ് മാന്വൽ അനുസരിച്ച് 2022-23-ലെ ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി, സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണത്തിലൂടെ കൂടുതൽ വൈദ്യുതിവില്പന ലക്ഷ്യം വച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്.

കമ്മീഷൻ അംഗീകരിച്ചതും എന്നാൽ താരിഫിലൂടെ 2021-വരെ നികത്താത്തതുമായ പഴയകാല റവന്യൂക്കമ്മി 7124 കോടിയോളം രൂപയായി നിലനിന്നിരുന്ന സാഹചര്യത്തിലും തുടർന്നുള്ള കാലങ്ങളിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി വാങ്ങൽ, അറ്റകുറ്റപ്പണികൾ തുടങ്ങിയ ചെലവുകൾമൂലം റവന്യൂക്കമ്മിയുണ്ടാകുന്ന സാഹചര്യത്തിലുമാണ് താരിഫ് പരിഷ്കരണം അനിവാര്യമായത്.

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

185 (4275) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധിച്ചപ്പോൾ ആർക്കെല്ലാം സൗജന്യ നിരക്കിൽ വൈദ്യുതി നൽകുന്നുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് സബ്സിഡി നിരക്കിൽ താഴെപ്പറയുന്ന വിഭാഗം ഉപഭോക്താക്കൾക്കാണ് വൈദ്യുതി ലഭ്യമാകുന്നത്. ഇത് താരിഫ് വർദ്ധനയ്ക്കുശേഷവും ലഭ്യമാകുന്നുണ്ട്.

1. പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകിവരുന്നത്.
2. കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റുവരെ ഉപഭോഗമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകിവരുന്നു.

3. ജീവൻരക്ഷ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് വൈദ്യുതി സൗജന്യമായി നൽകിവരുന്നു.

4. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 150 യൂണിറ്റുവരെ 1.50 രൂപാ നിരക്കിലും കാൻസർ ബാധിച്ചതോ അപകടമോ പോളിയോമൂലമോ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചതോ ആയ വ്യക്തികളുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 100 യൂണിറ്റുവരെ 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകിവരുന്നു.

5. ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് 85 പൈസാ നിരക്കിലാണ് സബ്സിഡി നൽകിവരുന്നത്. എല്ലാ വിഭാഗത്തിലുമായി ഏകദേശം 72 ലക്ഷം ഉപഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നു.

(ബി) കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25-06-2022-ലെ ഉത്തരവുപ്രകാരം കാർഷിക വിഭാഗം ഉപഭോക്താക്കളുടെ {LT V(A)} എനർജി ചാർജ്ജിൽ യാതൊരുവിധ വർദ്ധനയും വരുത്തിയിട്ടില്ല. എന്നാൽ

ഫിക്സഡ് ചാർജ്ജിൽ കിലോവാട്ടൊന്നിന് പ്രതിമാസം 5 രൂപയുടെ (10 രൂപയിൽനിന്ന് 15 രൂപയിലേയ്ക്ക്) വർദ്ധനയാണ് വരുത്തിയിട്ടുള്ളത്.

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

186 (4276) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

വൈദ്യുതി നിയമം-2003 പ്രകാരം സംസ്ഥാനത്തെ വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള പരമാധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽമാത്രം നിക്ഷിപ്തമാണ്. ഇതിലേയ്ക്കായി വൈദ്യുതി നിയമം-2003-ലെ, സെക്ഷൻ 61 പ്രകാരം പുറപ്പെടുവിക്കുന്ന താരിഫ് റെഗുലേഷനെ ആധാരമാക്കി ലൈസൻസികൾ തങ്ങളുടെ അടുത്ത സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള വരവുചെലവുകണക്കുകളുടെ എസ്റ്റിമേറ്റായ ARR പെറ്റീഷനും റവന്യൂകമ്മിയുണ്ടെങ്കിൽ ആയത് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാനുള്ള താരിഫ് പെറ്റീഷനും സമർപ്പിക്കേണ്ടതാണ്.

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷ കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട് . 2012-ൽ 24%, 2013- ൽ 9.1%, 2014- ൽ 6.7%, 2017-ൽ 4.77%, 2019 -ൽ 7.32% എന്നിങ്ങനെയായിരുന്നു വർദ്ധന. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂക്കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2012 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂക്കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പിന്റെ ഒരു ഭാഗം നികത്താനും അതുവഴിയുള്ള സാമ്പത്തികബാധ്യത ലഘൂകരിക്കാനുമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ശിപാർശ ചെയ്തത്.

2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് അംഗീകരിക്കപ്പെട്ട വരുമാനകമ്മി ഏറിയപക്ഷം ഏഴ് വർഷംകൊണ്ട് അതിന്റെ

പലിശയുൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

ഊർജ്ജമേഖലയിൽ 2019-നുശേഷം വന്ന മാറ്റങ്ങൾ, കൽക്കരി വിലയിലുണ്ടായ വർദ്ധന, പാരിസ്ഥിതികാഘാതം കുറയ്ക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ, കസ്റ്റംസ് തീരുവ, കൽക്കരി ക്ഷാമം, Ash Transportation മുതലായവ കാരണം വൈദ്യുതി വാങ്ങൽ ചെലവ് ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തിലെ കൽക്കരിക്ഷാമം കാരണം കേന്ദ്ര വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപവൈദ്യുതി നിലയങ്ങളോട് 10% മുതൽ 30% വരെ രാജ്യത്തിന് പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ വൈദ്യുതി വാങ്ങലിനുവേണ്ടിയുള്ള എനർജി ചാർജ്ജിൽ 29% മുതൽ 87% (യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ വരെ) വർദ്ധനയുണ്ടായിട്ടുണ്ട്.

പണപെരുപ്പം പോലുള്ള കാരണങ്ങളാൽ പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട പ്രവർത്തന മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ എന്നിവ വർദ്ധിച്ചുവരുന്നു. ആയതിനാൽ അവശ്യംവേണ്ട നിയമാനുസൃതമായ ചെലവുകൾ നിറവേറ്റുന്നതിനും, സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനുംവേണ്ടി നിയന്ത്രിത

അളവിൽ താരിഫ് പരിഷ്കരണം നിർദ്ദേശിക്കാൻ കെ.എസ്.ഇ.ബി.എൽ. നിർബന്ധിതമായി.

കേരളത്തിന്റെ ഉപഭോക്തൃ മിശ്രിതത്തിന്റെ പ്രത്യേകത പരിശോധിച്ചാൽ മൊത്തം ഉപഭോക്താക്കളുടെ 73 ശതമാനവും ശരാശരി വൈദ്യുതി വിലയേക്കാൾ കുറഞ്ഞനിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളാണെന്ന് കാണാം. ആയതിനാൽ മൊത്തം ഉപഭോഗത്തിന്റെ 51 ശതമാനവും വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ കുറഞ്ഞനിരക്കിലെ ഗാർഹിക ഉപഭോഗമായതിനാൽ കുറഞ്ഞൊരളവിലെങ്കിലും പ്രസ്തുതവിഭാഗം ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധന അനിവാര്യമായി.

(ബി) ഗാർഹിക ഉപഭോക്താക്കൾക്കും ഗാർഹികേതര ഉപഭോക്താക്കൾക്കുമുള്ള വൈദ്യുതി താരിഫ് ഏതുരീതിയിലാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

താരിഫ് പരിഷ്കരണംമൂലം ശരാശരി 6.6% വർദ്ധന വൈദ്യുതി നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

1. 1000 വാട്ട് വരെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളവരുമായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക

ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനയില്ല.

2. പ്രതിമാസം 50 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനയില്ല. സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്. ഇവർക്ക് ടി ആനുകൂല്യം ലഭിക്കും.

3. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ, തുടങ്ങിയ വിഭാഗങ്ങൾക്ക് താരിഫ് വർദ്ധനയില്ല. ഏകദേശം 35,200 ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്.

4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള കുടുംബങ്ങളിൽ ക്യാൻസർ രോഗികളോ, സ്ഥിരമായി അംഗവൈകല്യം ബാധിച്ചവരോ ഉണ്ടെങ്കിൽ താരിഫ് വർദ്ധനയില്ല.

5. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സൗജന്യനിരക്ക് അതേപടി നിലനിർത്തിയിരിക്കുകയാണ്.

6. ചെറിയ പെട്ടിക്കടകൾ, ബങ്കുകൾ, തട്ടുകടകൾ തുടങ്ങിയ വിഭാഗത്തിനുള്ള കുറഞ്ഞനിരക്കിലുള്ള താരിഫിന്റെ ആനുകൂല്യം 1000 വാട്ടിൽനിന്നും 2000 വാട്ടായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഏകദേശം 5.5 ലക്ഷം ഉപഭോക്താക്കൾക്ക് ടി ആനുകൂല്യം ലഭിക്കും.

7. കാർഷിക ഉപഭോക്താക്കൾക്ക് എനർജിചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ഏകദേശം 4.76 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.

8. 10 കിലോവാട്ടുവരെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യവസായങ്ങളായ അരി പൊടിക്കുന്ന മില്ലുകൾ, തയ്യൽജോലി ചെയ്യുന്നവർ, തുണി തേയ്ച്ചുകൊടുക്കുന്നവർ തുടങ്ങിയ ചെറുകിട സംരംഭകർക്കുള്ള വൈദ്യുതി നിരക്കിലുള്ള ആനുകൂല്യം തുടരുന്നതാണ്. ടി വിഭാഗങ്ങൾക്ക് ശരാശരി യൂണിറ്റിന് 15 പൈസയുടെ താരിഫ് വർദ്ധന മാത്രമേ വരുന്നുള്ളൂ.

9. പ്രതിമാസം 150 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പരമാവധി വർദ്ധന യൂണിറ്റിന് 25 പൈസയിൽ താഴെമാത്രമാണ്. ഏകദേശം 88 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.

ഓരോ താരിഫ് കാറ്റഗറിക്കും വരുത്തിയിട്ടുള്ള വർദ്ധന അനുബന്ധമായി ചേർക്കുന്നു+.

(സി) വാർഷിക വരുമാനം കുറവുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജിനത്തിലും കണക്ഷൻ ചാർജ്ജിനത്തിലും എന്തെല്ലാം ഇളവുകളാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിവരുന്നത്; ഈ ആനുകൂല്യത്തിനുള്ള അർഹത കണക്കാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ?

സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് താഴെപ്പറയുന്ന ഇളവുകളാണ് വൈദ്യുതി ചാർജ്ജിനത്തിൽ നൽകിവരുന്നത്.

1. പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകിവരുന്നത്.
2. കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകിവരുന്നു.
3. ജീവൻരക്ഷ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് വൈദ്യുതി സൗജന്യമായി നൽകിവരുന്നു.
4. എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസം 150 യൂണിറ്റ് വരെ 1.50 രൂപാ നിരക്കിലും കാൻസർ ബാധിച്ചതോ അപകടമോ പോളിയോമൂലമോ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചതോ ആയ

വ്യക്തികൾ അംഗങ്ങളായുള്ള ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുബങ്ങൾക്ക് പ്രതിമാസം 100 യൂണിറ്റുവരെ 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകിവരുന്നു.

സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000W വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ടുപയോഗിച്ച് നൽകിവന്നിരുന്നു. ലൈൻ വലിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ--ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.

## കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ഒഴിവുകൾ

187 (4277) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് മീറ്റർ റീഡർ, സബ് എഞ്ചിനീയർ എന്നീ തസ്തികകളിലേയ്ക്ക് എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; മീറ്റർ റീഡർ, സബ് എഞ്ചിനീയർ എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്?

കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കെ.പി.എസ്.സി.) റാങ്ക് ലിസ്റ്റിൽനിന്ന് മീറ്റർ റീഡർ തസ്തികയിലേയ്ക്ക് 218 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. സബ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ റാങ്ക് ലിസ്റ്റില്ല. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിലെ സാങ്ഷൻഡ് സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ കെ.പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്ന 30% ക്വാട്ടയിലെ 245 ഒഴിവുകളുൾപ്പെടെ 444 ഒഴിവുകൾ നിലവിലുണ്ട്. സബ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിലവിൽ 136 ഒഴിവുകളുണ്ടെങ്കിലും കെ.പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്ന 15% ക്വാട്ടയിൽ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല.

## പറമ്പിക്കുളത്തെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി

188 (4278) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പറമ്പിക്കുളത്തുള്ള വിവിധ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പറമ്പിക്കുളം മേഖലയിലെ അല്ലിമൂപ്പൻ, 30 ഏക്കർ, ഒറവൻപാടി, കച്ചിത്തോട്, കുരിയകുറ്റി എന്നീ ആദിവാസി കോളനികളിൽ ഗ്രിഡ് വൈദ്യുതിയില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കോളനികളിൽ 2017-ലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി സോളാർപാനൽവച്ച് വികേന്ദ്രീകൃത വൈദ്യുതീകരണത്തിലൂടെ KSEBL (കൺസ്യൂമർ നമ്പർ ഉൾപ്പെടെ നൽകി KSEBL-ന്റെ ഉപഭോക്താക്കളാക്കികൊണ്ട്) വൈദ്യുതി എത്തിച്ചിരുന്നു. പറമ്പിക്കുളത്തെ പൂപ്പാറ കോളനി 2012-ൽ 3.2 kw സോളാർ പാനൽ സ്ഥാപിച്ച് ശ്രീ. പി. കെ. ബിജു എം.പി.യുടെ ഫണ്ടുപയോഗിച്ച് വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ ആദിവാസി കോളനികളിൽ ഭൂഗർഭ കേബിളുകളുപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട്

തയ്യാറാക്കി തുടർനടപടികൾ Tribal Department സ്വീകരിച്ചുവരുന്നു.

തേക്കടി അല്ലിമൂപ്പൻ, തേക്കടി 30 ഏക്കർ, ഒറവമ്പാടി കോളനികളുടെ വൈദ്യുതീകരണത്തിനായി 11.10 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. പൂപ്പാറ, കുരിയാറുകുറ്റി കോളനികളിൽ തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ഉപയോഗിച്ചുമാത്രമേ വൈദ്യുതീകരണം സാധ്യമാകുകയുള്ളൂ. TANGENDCO-യിൽ നിന്ന് supply extend ചെയ്ത് വൈദ്യുതീകരണം നടത്തുന്നതിനായി പൂപ്പാറ കോളനിക്കായി 8.55 കോടി രൂപയുടെയും കുരിയാറുകുറ്റി കോളനിക്കായി 9.4 കോടി രൂപയുടെയും എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

വനംവകുപ്പിന്റെ അനുമതി, തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള അനുമതി, വൈദ്യുതീകരണത്തിനാവശ്യമായ തുക എന്നിവ ലഭ്യമാക്കുന്നമുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കാനായിരുന്നു നേരത്തെ തീരുമാനിച്ചിരുന്നത്. എന്നാൽ 05-07-2022-ന് വിളിച്ചുചേർത്ത അവലോകനയോഗത്തിൽ ഇത്രയും വലിയതുക, തമിഴ്നാട്ടിൽ നിന്നുമുള്ള അനുമതി എന്നിവ ലഭ്യമാക്കുന്നതിന്റെ സാങ്കേതിക ബുദ്ധിമുട്ട് പരിഗണിച്ച് ശേഷികൂടിയ ഓഫ് ഗ്രിഡ് സോളാർപാനൽ വയ്ക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

189 (4279) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പുരപ്പുറ സൗരോർജ്ജ പദ്ധതിവഴി കഴിഞ്ഞ ഒരു വർഷം കേരളത്തിൽ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതിവഴി കഴിഞ്ഞ ഒരു വർഷം (2021-22) ഉത്പാദിപ്പിച്ച ആകെ വൈദ്യുതി 53,68,226 യൂണിറ്റാണ്. സ്ഥാപിതശേഷിയുടെ ജില്ലതിരിച്ചുള്ള നിലവിലെ (05/07/2022) കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) കൊല്ലം ജില്ലയിൽ സൗരോർജ്ജം പദ്ധതിയുടെ ഗാർഹിക പ്ലാന്റുകളുടെ ആവശ്യത്തിനായി എത്ര അപേക്ഷകരുണ്ട്; അതിൽ എത്ര പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന പുരപ്പുറ സൗരപദ്ധതിയിലേയ്ക്ക് കെ.എസ്.ഇ.ബി.എൽ.-ന് 5764 അപേക്ഷകളും അനെർട്ടിന് 461 അപേക്ഷകളും ലഭിച്ചു. ഇവയിൽനിന്നും കെ.എസ്.ഇ.ബി.എൽ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖേന 649-ഉം അനെർട്ട് മുഖേന 21-ഉം സൗരനിലയങ്ങൾ കമ്മീഷൻ ചെയ്തു. തുടർനടപടികൾ പുരോഗതിയിലാണ്.

## വൈദ്യുതി നിരക്ക് വർദ്ധനവ്

190 (4280) ശ്രീ. എം. വിൻസെന്റ്:
ശ്രീ പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷന് ശിപാർശ നൽകുകയുണ്ടായോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൈദ്യുതിനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റെഗുലേറ്ററി കമ്മീഷൻ നവംബർ 2021-ൽ പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2022-23 മുതൽ 2026-27 വരെയുള്ള 5 വർഷക്കാലത്തേയ്ക്കുള്ള ARR പെറ്റീഷൻ, താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ. 31-01-2022, 10-02-2022 എന്നീ തീയതികളിൽ സമർപ്പിക്കുകയുണ്ടായി.

ശരാശരി 6.6% വർദ്ധനയുള്ള താരിഫ് പരിഷ്കരണം ആണ് സംസ്ഥാന

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 25-06-2022-ൽ അനുവദിച്ചിട്ടുള്ളത്. 26-06-2022 മുതൽ നിരക്ക് വർദ്ധന പ്രാബല്യത്തിൽ വരുത്തി. യൂണിറ്റൊന്നിന് ഏകദേശം 40 പൈസയുടെ വർദ്ധന ഉണ്ടാകുമെന്ന് കണക്ക് കൂട്ടുമ്പോഴും കാർഷികവിഭാഗത്തിന്റെയും അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ തുടങ്ങിയ വിഭാഗങ്ങളുടെയും വൈദ്യുതിചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല.

(ബി) എങ്കിൽ ഏത് നിരക്കിലുള്ള വർദ്ധനയായിരിക്കും ഓരോ മേഖലയ്ക്കും നിലവിൽ വന്നിരിക്കുന്നതെന്ന് അറിയിക്കാമോ?

താരിഫ് പരിഷ്കരണംമൂലം ശരാശരി 6.6% വർദ്ധന വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

1. 1000 വാട്ട് വരെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റുവരെ ഉപഭോഗമുള്ളവരുമായ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനയില്ല.
2. പ്രതിമാസം 50 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനയില്ല. സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്. ഇവർക്ക് ടി ആനുകൂല്യം ലഭിക്കും.

3. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ, തുടങ്ങിയ വിഭാഗങ്ങൾക്ക് താരിഫ് വർദ്ധനയില്ല. ഏകദേശം 35,200 ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്.

4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള കുടുംബങ്ങളിൽ ക്യാൻസർ രോഗികളോ സ്ഥിരമായി അംഗവൈകല്യം ബാധിച്ചവരോ ഉണ്ടെങ്കിൽ താരിഫ് വർദ്ധനയില്ല.

5. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സൗജന്യനിരക്ക് അതേപടി നിലനിർത്തിയിരിക്കുകയാണ്.

6. ചെറിയ പെട്ടിക്കടകൾ, ബങ്കുകൾ, തട്ടുകടകൾ തുടങ്ങിയ വിഭാഗത്തിനുള്ള കുറഞ്ഞനിരക്കിലുള്ള താരിഫിന്റെ ആനുകൂല്യം 1000 വാട്ടിൽനിന്നും 2000 വാട്ടായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഏകദേശം 5.5 ലക്ഷം ഉപഭോക്താക്കൾക്ക് ടി ആനുകൂല്യം ലഭിക്കും.

7. കാർഷിക ഉപഭോക്താക്കൾക്ക് എനർജിചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ഏകദേശം 4.76 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.

8. 10 കിലോവാട്ടുവരെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യവസായങ്ങളായ അരി പൊടിക്കുന്ന മില്ലുകൾ, തയ്യൽജോലി ചെയ്യുന്നവർ, തുണിതേയ്ച്ചുകൊടുക്കുന്നവർ തുടങ്ങിയ ചെറുകിട സംരംഭകർക്കുള്ള

വൈദ്യുതി നിരക്കിലുള്ള ആനുകൂല്യം തുടരുന്നതാണ്. ടി വിഭാഗങ്ങൾക്ക് ശരാശരി യൂണിറ്റിന് 15 പൈസയുടെ താരിഫ് വർദ്ധന മാത്രമേ വരുന്നുള്ളൂ.

9. പ്രതിമാസം 150 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പരമാവധി വർദ്ധന യൂണിറ്റിന് 25 പൈസയിൽ താഴെമാത്രമാണ്. ഏകദേശം 88 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.

ഓരോ താരിഫ് കാറ്റഗറിക്കും വരുത്തിയിട്ടുള്ള വർദ്ധന അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) സംസ്ഥാന വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ വൻതുക പിരിഞ്ഞുകിട്ടാനുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ?

31-03-2022- ലെ കണക്കുകൾ പ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 2788.90 കോടി രൂപ വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ട്.

എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗങ്ങളിലായി 1834.02 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക തുകകൾ ഉടനടി പിരിച്ചെടുക്കുന്നതിനും നിയമനടപടികളിൽ കുരുങ്ങി കിടക്കുന്ന കേസുകൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി, തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുകവഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയതുവഴി കുടിശ്ശിക പിരിച്ചെടുക്കാനും സാധിക്കുന്നുണ്ട്. നിയമനടപടികളിൽ

കുരുങ്ങിക്കിടക്കുന്ന കേസുകൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

## പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിൽ മതിയായ ജീവനക്കാരെ നിയമിക്കാൻ നടപടി

191 (4281) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിൽ വേണ്ടത്ര ജീവനക്കാരില്ലാത്തതുമൂലം ഉപഭോക്താക്കൾക്ക് കൃത്യമായി സേവനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിൽ സബ് എഞ്ചിനീയർ-1, ലൈൻമാൻ-4, ഓവർസിയർ-2, വർക്കർമാർ-2 എന്നിങ്ങനെ തസ്തിക അനുവദിക്കുകയാണെങ്കിൽ നിലവിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഈ തസ്തികയിലേയ്ക്ക് നിയമനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ?

(എ & ബി) നിലവിൽ പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ തസ്തികയിൽ രണ്ടും കാഷ്യർ/സീനിയർ അസിസ്റ്റന്റ് തസ്തികകളിൽ ഒരോ ഒഴിവുകളുമാണുള്ളത്. ബാക്കി എല്ലാ തസ്തികകളിലും

ജീവനക്കാരുണ്ട്. 04-06-2009-ലെ ബോർഡ് ഉത്തരവ് No.B.O (FB) No.1460/2009(CP/R&P) Pig.1/Model Section/2009-10) പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷനുകളുടെ (model section) ജീവനക്കാരുടെ അംഗീകൃത തസ്തിക തിരിച്ച അംഗസംഖ്യ ചുവടെചേർക്കുന്നു.

Assistant Engineer - 1

Senior Superintendent - 1

Sub Engineer - 3

Overseer - 6

Senior Assistant - (As per requirement)

Meter Reader - (As per requirement)

Cashier - (As per requirement)

Lineman - 12

Electricity Worker - 6

നിലവിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ 2022 വർഷത്തെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചുവരികയാണ്.

ആയതിനോടനുബന്ധിച്ച് പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിലെ ഒഴിവുകളും നികത്തപ്പെടുന്നതാണ്.

## തിരുവമ്പാടി മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് പോയിന്റുകൾ

192 (4282) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ പ്രഖ്യാപിച്ച ഇലക്ട്രിക് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കൽ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പദ്ധതി വൈകാനിടയായ കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-സി) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ 5 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു. പ്രവൃത്തി ഏറ്റെടുത്ത ഉത്തരേന്ത്യൻ കരാറുകാർക്ക് രാജ്യത്തെ കോവിഡ് വ്യാപനംമൂലം ചാർജ്ജിംഗ് സ്റ്റേഷൻ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും പ്രതിഷ്ഠാപനം/അനുബന്ധജോലികൾ നിർവഹിക്കുന്നതിനും കാലതാമസം നേരിട്ടതാണ് പദ്ധതി വൈകാൻ കാരണം. കോവിഡ് മഹാമാരി

നിയന്ത്രിതമായതിനെത്തുടർന്ന് ഇപ്പോൾ ദ്രുതഗതിയിൽ പ്രസ്തുത ജോലികൾ നിർവ്വഹിച്ചുവരുന്നു. പദ്ധതി ഒരു മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള നടപടി

193 (4283) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ വാഗമണിൽ ഒരു സബ്എഞ്ചിനീയർ ഓഫീസ് അനുവദിച്ച് ടൂറിസം മേഖലയായ പ്രദേശത്തെ വൈദ്യുതി തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഉടനെ തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും വാഗമണിൽ സബ് എൻജിനീയർ ഓഫീസ് അനുവദിക്കുന്നത് പ്രായോഗികമല്ല. ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തനമേഖലയുടെ വിസ്തീർണ്ണം എന്നിവ

പരിശോധിച്ച് ഏകദേശം തുല്യതവരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്.

വൈദ്യുതിസംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവനകേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും വാട്സ് ആപ്പ് എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തരസാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി. സെക്ഷൻ ഡിവിഷൻ ഓഫീസുകളിൽ ക്ലാർക്ക് തസ്തികയിൽ മതിയായ സ്റ്റാഫ് ഇല്ലാത്തതിനാൽ ഉണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

പീരുമേട് ഡിവിഷൻ, സെക്ഷൻ ഓഫീസുകളിൽ നിലവിലെ ക്ലാർക്ക് തസ്തികയിൽ ഒഴിവുവരുന്ന പക്ഷം താല്ക്കാലികാടിസ്ഥാനത്തിൽ വർക്ക് കോൺട്രാക്ട് നൽകി പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2022-ൽ പൊതുസ്ഥലമാറ്റ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ആയത് പൂർത്തിയാക്കുന്നമുറയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മലയോര മേഖലയായ ഇടുക്കി ജില്ലയിൽ ഇലക്ട്രിക് പോസ്റ്റ് ക്ഷാമം നികത്താനായി രണ്ട് പോൾ കാസ്റ്റിംഗ് യൂണിറ്റുകൾ അനുവദിക്കുകയുണ്ടായെങ്കിലും നാളിതുവരെ പോൾ കാസ്റ്റിംഗ് യൂണിറ്റുകളുടെ പണി ആരംഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ തൽസ്ഥിതി വ്യക്തമാക്കാമോ?

മലയോര മേഖലയായ ഇടുക്കി ജില്ലയിൽ ഇലക്ട്രിക് പോസ്റ്റിന്റെ ക്ഷാമം നികത്തുന്നതിനായി മൂലമറ്റത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ പുതിയ പോൾകാസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പുതുക്കിയ ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ഡി) വൈദ്യുതി ബോർഡിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുനഃസംഘടനയുടെ ഭാഗമായി ഏതൊക്കെ തസ്തികകളുടെ എണ്ണമാണ് വെട്ടിച്ചുരുക്കാൻ തീരുമാനിച്ചിരിക്കുന്നത്; വിശദമാക്കാമോ?

വൈദ്യുതി ബോർഡിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുന**ഃ**സംഘടന സംബന്ധിച്ച് വിവിധതലത്തിൽ ചർച്ചകൾ നടത്തിവരികയാണ്. തസ്തികകളുടെ എണ്ണം പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

**വൈദ്യുതി ചാർജ്ജ് വർദ്ധനവ് പിൻവലിക്കലും കുടിശ്ശിക പിരിവും**

194 (4284) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ എത്ര തവണ സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു; ഓരോ തവണയും വർദ്ധിപ്പിച്ച നിരക്കുകളും ശതമാനവും വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ സംസ്ഥാനത്ത് മൂന്നുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്.

17-04-2017-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 18-04-2017 മുതൽ പരിഷ്കരിച്ചിട്ടുണ്ടായിരുന്നു. 4.77% വർദ്ധന രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണംമൂലം 550 കോടി രൂപയുടെ അധികവരുമാനം ഉണ്ടായിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 08-07-2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 7.32% വർദ്ധന രേഖപ്പെടുത്തിയ താരിഫ് പരിഷ്കരണത്തിലൂടെ 902.94 കോടി രൂപയുടെ അധികവരുമാനമുണ്ടായിട്ടുണ്ട്.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25-06-2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവുപ്രകാരം 26-06-2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽവന്നു. ശരാശരി 6.6% വർദ്ധന രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം ഏകദേശം 1010 കോടി രൂപയുടെ അധികവരുമാനം ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 26-06-2022 മുതൽ പ്രാബല്യം വരുത്തിയതിനാൽ ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ അധികവരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്.

(ബി) നിലവിൽ ചാർജ്ജ് വർദ്ധിപ്പിക്കാനിടയായ സാഹചര്യമെന്താണ്; കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ക്രിയാത്മക നടപടികൾ സ്വീകരിക്കാതെ ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ള നിരക്ക് വർദ്ധന പിൻവലിക്കുവാൻ തയ്യാറാകുമോ?

വൈദ്യുതി നിയമം, 2003 പ്രകാരം സംസ്ഥാനത്തെ വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള പരമാധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. ഇതിലേയ്ക്കായി വൈദ്യുതി നിയമം-2003-ലെ, സെക്ഷൻ 61 പ്രകാരം പുറപ്പെടുവിക്കുന്ന താരിഫ് റെഗുലേഷനെ ആധാരമാക്കി ലൈസൻസികൾ തങ്ങളുടെ വരവുചെലവ് കണക്കുകളുടെ എസ്റ്റിമേറ്റായ ARR പെറ്റീഷനും റവന്യൂകമ്മിയുണ്ടെങ്കിൽ ആയത് ഉപഭോക്താക്കളിൽനിന്ന് ഈടാക്കാനുള്ള താരിഫ് പെറ്റീഷനും സമർപ്പിക്കേണ്ടതാണ്. റെഗുലേറ്ററി കമ്മീഷൻ നവംബർ 2021-ൽ പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2022-23 മുതൽ 2026-27 വരെയുള്ള 5 വർഷക്കാലത്തേയ്ക്കുള്ള ARR പെറ്റീഷൻ, താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ എന്നിവ കെ.എസ്.ഇ.ബി.എൽ. 31-01-2022, 10-02-2022 എന്നീ തീയതികളിൽ സമർപ്പിക്കുകയുണ്ടായി.

റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കണക്കുകളുടെ സംക്ഷിപ്തം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷക്കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24%, 2013-ൽ 9.1%, 2014-ൽ 6.7%, 2017-ൽ 4.77% 2019-ൽ 7.32% എന്നിങ്ങനെയായിരുന്നു വർദ്ധന. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂകമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂകമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു.

2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് അംഗീകരിക്കപ്പെട്ട വരുമാനക്കമ്മി ഏഴ്ുവർഷം കൊണ്ട് അതിന്റെ പലിശയുൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഊർജ്ജമേഖലയിൽ 2019-നുശേഷം വന്ന മാറ്റങ്ങൾ, കൽക്കരി വിലയിലുണ്ടായ വർദ്ധന, പാരിസ്ഥിതികാഘാതം കുറയ്ക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ, കസ്റ്റംസ് തീരുവ, കൽക്കരി ക്ഷാമം, Ash Transportation എന്നിവ കാരണം വൈദ്യുതി വാങ്ങൽ ചെലവ് ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തിലെ കൽക്കരിക്ഷാമം കാരണം കേന്ദ്ര വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപവൈദ്യുതി നിലയങ്ങളോട് 10% മുതൽ 30% വരെ രാജ്യത്തിന് പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ വൈദ്യുതി വാങ്ങലിന് വേണ്ടിയുള്ള എനർജി ചാർജ്ജിൽ 29% മുതൽ 87% (യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ വരെ) വർദ്ധനയുണ്ടായിട്ടുണ്ട്.

കൂടാതെ കഴിഞ്ഞ കൺട്രോൾ പിരീഡ് കാലയളവിൽ (2018-2022) പണപ്പെരുപ്പം പോലുള്ള കാരണങ്ങളാൽ പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട പ്രവർത്തന മൂലധനനിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ എന്നിവ വർദ്ധിപ്പിച്ചു. അതിനാൽ അവശ്യംവേണ്ട നിയമാനുസൃതമായ ചെലവുകൾ നിറവേറ്റുന്നതിനും സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനും വേണ്ടിയാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 2021-ലെ താരിഫ് നിർണ്ണയചട്ടങ്ങളനുസരിച്ച്

താരിഫ് പരിഷ്കരണം നിർദ്ദേശിക്കാൻ കെ.എസ്.ഇ.ബി.എൽ. നിർബന്ധിതമായത്.

കേരളത്തിന്റെ ഉപഭോക്തൃമിശ്രണത്തിന്റെ പ്രത്യേകത പരിശോധിച്ചാൽ മൊത്തം ഉപഭോക്താക്കളുടെ 73 ശതമാനവും ശരാശരി വൈദ്യുതി വിലയേക്കാൾ കുറഞ്ഞനിരക്കിലുള്ള വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളാണെന്ന് കാണാം. കൂടാതെ മൊത്തം ഉപഭോക്താക്കളുടെ 77 ശതമാനവും ക്രോസ് സബ്സിഡി ആനുകൂല്യം (വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ താഴെ നിരക്കുള്ളവർ) ലഭിക്കുന്നവരാണ്. ആയതിനാൽ മൊത്തം ഉപഭോഗത്തിന്റെ 51 ശതമാനവും വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ വളരെ കുറഞ്ഞനിരക്കിലുള്ള ഗാർഹിക ഉപഭോഗമായതിനാൽ കുറഞ്ഞൊരളവിലെങ്കിലും പ്രസ്തുത വിഭാഗം ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധന അനിവാര്യമായി.

വൈദ്യുതിനിയമം-2003, ദേശീയ താരിഫ് നയം-2016, റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്.

റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായും

കണക്കാക്കുന്ന ചെലവിനങ്ങൾ താഴെപ്പറയുന്നവയാണ്.

a) വൈദ്യുതിയുടെ ഉല്പാദന വാങ്ങൽ-ചെലവുകൾ (Generation & Power Purchase Cost)

b) പ്രവർത്തന പരിപാലന ചെലവുകൾ (Operation & maintenance cost)

c) പലിശ ചെലവുകൾ (interest and finance charges)

d) മൂലധന ഓഹരിയുടെ മടക്കവിഹിതം (Return on equity)

e) തേയ്മാനചെലവുകൾ (Depreciation)

ഇപ്രകാരം കണക്കാക്കിയെടുക്കുന്ന മുഴവൻ ചെലവുകളും വരും വർഷങ്ങളിലെ പ്രതീക്ഷിത ഉപഭോഗത്തിന്, നിലവിലുള്ള നിരക്കിൽ കണക്കാക്കിയെടുക്കുന്ന മൊത്തം വരുമാനവും തമ്മിലുള്ള അന്തരമാണ് നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായി പരിഗണിക്കുന്നത്.

ടി ചെലവിനങ്ങൾ, കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങളിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളുമനുസരിച്ച് നിജപ്പെടുത്തുന്നു. ആയതിനാൽ Operation & Maintenance Cost-ൽ പ്രധാനമായും ഉൾപ്പെടുന്ന Employee Cost, Power purchase cost, Interest and Finance charge മുതലായവ വ്യക്തമായ മാനദണ്ഡങ്ങളുടെ

അടിസ്ഥാനത്തിൽ കമ്മീഷൻ നിജപ്പെടുത്തുന്നതിനാൽ മുൻകാല കുടിശ്ശികത്തുകകൾ താരിഫ് വർദ്ധനയിലൂടെ ഉപഭോക്താക്കൾക്ക് അധികഭാരമുണ്ടാകുന്നില്ല.

എന്നാൽ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വൈദ്യുതിനിരക്കുകളിൽ, വൈദ്യുതി നിയമം, 2003-ലെ 65-ാം വകുപ്പുപ്രകാരം ഗാർഹിക കാർഷിക ഉപഭോക്താക്കൾക്കും ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നവർക്കും നൽകിവരുന്ന സബ്സിഡികൾ തുടർന്നും നൽകുന്നതായിരിക്കും.

(സി) വൻകിട സ്വകാര്യ സംരംഭങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും കുടിശ്ശികയിനത്തിൽ എന്ത് തുക പിരിഞ്ഞുകിട്ടാനുണ്ട്; അത് പിരിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

31-03-2022-ലെ കണക്കുകൾ പ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ വൻകിട സ്വകാര്യ സംരംഭങ്ങളിൽനിന്ന് 692.42 കോടി രൂപയും സംസ്ഥാന കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽനിന്ന് 1352.29 കോടി രൂപയും വൈദ്യുതിബോർഡിന് പിരിഞ്ഞുകിട്ടാനുണ്ട്.

വർഷങ്ങളായി കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുകവഴി കുടിശ്ശികത്തുകകൾ പിരിച്ചെടുക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതിബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയതുവഴി കുടിശ്ശിക പിരിച്ചെടുക്കാനും സാധിക്കുന്നുണ്ട്. ഈ നടപടികൾ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഫലപ്രദമാണ്.

(ഡി) പത്ത് ലക്ഷത്തിലധികം കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ നൽകുമോ; ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം നാളിതുവരെ കുടിശ്ശികയിനത്തിൽ എന്തുതുക പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കാമോ?

31-03-2022-ലെ കണക്കുകൾപ്രകാരം 10 ലക്ഷത്തിലധികം കുടിശ്ശിക (തൻമാസ കുടിശ്ശികയുള്ളവരുൾപ്പെടെ) വരുത്തിയ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

195 (4285) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഇടത്തരം വീടുകളിൽ താമസിക്കുന്ന ഉപഭോക്താക്കളെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഇടത്തരം കുടുംബങ്ങളെ ബാധിക്കാത്ത ഒരു താരിഫ് പരിഷ്കരണമാണ് 26-06-2022 മുതൽ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഗാർഹികവിഭാഗം ഉപഭോക്താക്കളിൽ പ്രതിമാസം 50 യൂണിറ്റുവരെ ഉപയോഗിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നിരക്ക് വർദ്ധനയില്ലാതെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1.50 രൂപാ നിരക്കിൽ തുടർന്നും വൈദ്യുതി ലഭ്യമാക്കും. 0-50 ഉപഭോക്തൃ സ്ലാബിൽ വൈദ്യുതിചാർജ്ജിൽ വ്യത്യാസം വരുത്തിയിട്ടില്ല. ഏകദേശം 25 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. പ്രതിമാസം 250 യൂണിറ്റുവരെ ഉപയോഗിക്കുന്നവർക്ക് കുറഞ്ഞ താരിഫിലാണ് ബിൽ ചെയ്തുവരുന്നത്. ഇവർക്ക് കാര്യമായ വർദ്ധന വരുത്തിയിട്ടില്ല. സംസ്ഥാനത്തെ ഒരു ഇടത്തരം കുടുംബത്തിന്റെ പ്രതിമാസ ഉപഭോഗം 150 യൂണിറ്റോളം വരും. ടി സ്ലാബുകളിലെ വർദ്ധന അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അതായത് ആകെയുള്ള 102 ലക്ഷം ഗാർഹിക ഉപഭോക്താക്കളിൽ ദ്വൈമാസം 300 യൂണിറ്റിൽ കുറഞ്ഞ ഉപഭോഗമുള്ള (80.84 ലക്ഷം) ഉപഭോക്താക്കളുടെ പ്രതിദിന പരമാവധി വർദ്ധനവ് 1.33 രൂപയിൽ താഴെയാണ്. കൂടാതെ നിലവിലുള്ള എല്ലാത്തരം സബ്സിഡികളും തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്.

സബ്സിഡി പ്രതിമാസം 40 യൂണിറ്റുവരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റുവരെ യൂണിറ്റൊന്നിന് 50 പൈസയുമാണ്. പ്രതിമാസം 120 യൂണിറ്റുവരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ്ജിനത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സബ്സിഡി നൽകിവരുന്നുണ്ട്.

പ്രതിമാസം 30 യൂണിറ്റുവരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്ടഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകിവരുന്നത്.

കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റുവരെ ഉപഭോഗമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകിവരുന്നു.

ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് വൈദ്യുതി സൗജന്യമായി നൽകിവരുന്നു. ഏകദേശം 67.5 ലക്ഷം ഉപഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. ടി സബ്സിഡികൾ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതിചാർജ്ജിൽ ഗണ്യമായ കുറവുവരുത്തും. പ്രതിമാസം 120 യൂണിറ്റുവരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താവിന് നിലവിൽ 54 രൂപ സബ്സിഡി ലഭ്യമാകുന്നുണ്ട്.

(ബി) ചാർജ്ജ് വർദ്ധനയിലൂടെ എത്ര അധികവരുമാനമാണ് കെ.എസ്.ഇ.ബി.ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രതിവർഷം ഏകദേശം 1000 കോടി രൂപ അധികവരുമാനം ലഭിക്കത്തക്കരീതിയിലുള്ള 6.6% വർദ്ധനയുള്ള താരിഫ് പരിഷ്കരണമാണ് അനുവദിച്ചിട്ടുള്ളത്. 26-06-2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ അധികവരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തികവർഷം ജലവൈദ്യുത പദ്ധതികളിലൂടെയും താപനിലയങ്ങളിലൂടെയും മറ്റിതര മാർഗ്ഗങ്ങളിലൂടെയും എത്ര വൈദ്യുതിയാണ് ഉല്പാദിപ്പിച്ചിട്ടുള്ളതെന്നും ആയതിന് ആകെ എത്ര തുക ചെലവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ സാമ്പത്തികവർഷം (2021-22) സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളിലൂടെയും താപനിലയങ്ങളിലൂടെയും മറ്റിതര മാർഗ്ഗങ്ങളിലൂടെയും 10516.62 MU വൈദ്യുതിയാണ് ഉത്പാദിപ്പിച്ചത്. 2021-22 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായി വരുന്നതേയുള്ളൂ. 2022 ജൂലായ് അവസാനത്തോടുകൂടി കണക്കെടുപ്പ് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

താല്ക്കാലിക കണക്കെടുപ്പുപ്രകാരം 2021-22-ൽ വൈദ്യുതി ഉല്പാദനച്ചെലവ് 532.66 കോടി രൂപയാണ്.

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്തെ ഉല്പാദനത്തിന് പുറമെ ആവശ്യമായി വന്ന വൈദ്യുതിയുടെ അളവും അതിനായി ചെലവാക്കിയ തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സാമ്പത്തികവർഷം (2021-22) സംസ്ഥാനത്തെ ഉല്പാദനത്തിനുപുറമെ 18402.516 MU വൈദ്യുതിയാണ് ആവശ്യമായി വന്നത്. വൈദ്യുതി വാങ്ങിയ ഇനത്തിൽ 8554 കോടി രൂപ ചെലവായിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

196 (4286) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ എന്ന് പ്രവർത്തനക്ഷമമാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന 6 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 2022 ജൂലൈ 2-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു.

പൂഞ്ഞാർ ബസ് സ്റ്റാന്റ്

കോസ്‌വേ

ഗാലക്സി ജംഗ്ഷൻ

എരുമേലി ചരള റോഡ്

കുറുവാമൂഴി

പാറത്തോട്

(ഡി) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി മണ്ഡലത്തിലെ പ്രധാനപ്പെട്ട സർക്കാർ/സ്വകാര്യസ്ഥാപനങ്ങളിലും വ്യാപാര-വാണിജ്യ കേന്ദ്രങ്ങളിലും ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കുറഞ്ഞത് 1500 ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, KTDC ഹോട്ടലുകൾ, DTPC സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവിടങ്ങളിൽ അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ/വകുപ്പുകൾക്ക് ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ തറവാടക നൽകുന്നതാണ്. ഇതിനായി 10 വർഷത്തേയ്ക്ക് അനെർട്ടുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ആദ്യഘട്ടത്തിൽ ദേശീയപാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം റിഫ്രഷ്മെന്റ് ഫെസിലിറ്റി/കഫെറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങളുള്ള സ്ഥലങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

സംസ്ഥാനത്തുടനീളം സർക്കാർ അധീനതയിലുള്ള 2500-ഓളം സ്ഥലങ്ങൾ ചാർജ്ജിംഗ് സ്റ്റേഷനുകൾക്കായി കെ.എസ്.ഇ.ബി.എൽ. കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപകരുടെ മുതൽമുടക്കോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതി സർക്കാർ പരിഗണനയിലാണ്.

## നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിലെ വൈദ്യുതീകരണം

197 (4287) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ മിനി സിവിൽസ്റ്റേഷന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

നിലമ്പൂർ മിനി സിവിൽസ്റ്റേഷന്റെ വൈദ്യുതീകരണ പ്രവൃത്തിയുടെ ഭരണാനുമതി 3-12-2021-ൽ നൽകിയതും അതിൻ പ്രകാരം 3,83,718 രൂപ (മൂന്നുലക്ഷത്തി എൺപത്തി മൂവായിരത്തി എഴുന്നൂറ്റി പതിനെട്ട്) 10-06-2022-ൽ നിലമ്പൂർ തഹസിൽദാർ ഇലക്ട്രിക്കൽ സെക്ഷൻ, നിലമ്പൂരിൽ അടച്ചിട്ടുള്ളതുമാണ്. പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി 18-06-2022-ന് നൽകിയിട്ടുണ്ട്. 22-06-2022-ന് ദർഘാസ് ക്ഷണിക്കുകയും അതിൻപ്രകാരം 04-07-2022-ന് വർക്ക് ഓർഡർ നൽകി എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണ്.

(ബി) പൊതുമരാമത്ത് കെട്ടിടവിഭാഗം കെ.എസ്.ഇ.ബി.-യിൽ അടയ്ക്കേണ്ട തുക അടച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

എന്തെല്ലാം പ്രവൃത്തികളാണ് മിനി സിവിൽ സ്റ്റേഷനിൽ കെ.എസ്.ഇ.ബി. നിർവ്വഹിക്കാനുള്ളതെന്ന് അറിയിക്കാമോ;

(സി) മേൽപ്രവൃത്തി എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യാനാകുമെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിച്ച് കൈമാറാനാകുമെന്നും അറിയിക്കാമോ?

(ബി & സി) വൈദ്യുതീകരണത്തിനാവശ്യമായ തുക നിലമ്പൂർ തഹസിൽദാരാണ് അടച്ചിട്ടുള്ളത്. 2 പോൾ (DP) നിർമ്മിച്ച് 4 പോസ്റ്റും സ്ഥാപിച്ച് 75 മീറ്റർ എച്ച്.ടി. എബിസി വലിച്ച് പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. നിലവിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തിക്ക് 04-07-2022-ന് വർക്ക് ഓർഡർ നൽകി എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. എഗ്രിമെന്റ് തീയതി മുതൽ 92 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ നിലാവ് പദ്ധതി**

198 (4288) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നിർവഹണം നടന്നുവരുന്നത്; വിശദമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി, പൂഞ്ഞാർ പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നിലാവ് പദ്ധതി നിർവഹണം നടന്നുവരുന്നത്. ഈ രണ്ട് തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ 500 തെരുവുവിളക്കുകൾ വീതം സ്ഥാപിക്കേണ്ടതിൽ 450 എണ്ണം വീതം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം മണ്ഡലത്തിലെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചുവെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി-500 എണ്ണത്തിൽ 450 എണ്ണം

സ്ഥാപിച്ചുകഴിഞ്ഞു.

പൂഞ്ഞാർ പഞ്ചായത്ത്-500 എണ്ണത്തിൽ 450 എണ്ണം സ്ഥാപിച്ചുകഴിഞ്ഞു.

(സി) നിലാവ് പദ്ധതിയുടെ രണ്ടാംഘട്ടം പൂഞ്ഞാർ മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെ 500 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് നിലാവ് പദ്ധതിയുടെ രണ്ടാംഘട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ആകെ സ്ഥാപിക്കേണ്ട 500 തെരുവ് വിളക്കുകളിൽ 450 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

## വൈദ്യുതി ബോർഡ് ദ്വൈമാസ ബില്ലിംഗ്

199 (4289) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ദ്വൈമാസ ബില്ലിംഗ് രീതിയിൽ ആകെ യൂണിറ്റ് കണക്കാക്കുന്നതിനാൽ വൈദ്യുതി ചാർജ്ജ് വർദ്ധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ വസ്തുത വിശദമാക്കാമോ?

(എ & ബി) ദ്വൈമാസ ബില്ലിംഗ് കാരണം ഉപഭോക്താക്കളിൽനിന്നും നിയമാനുസൃതമായതിനേക്കാൾ കൂടിയതുക ഈടാക്കപ്പെടുന്നുവെന്ന ആരോപണം വസ്തുതാവിരുദ്ധവും അടിസ്ഥാനരഹിതവുമാണ്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള "The Schedule of Tariff & Terms and Conditions of Retail Supply of Electricity by the KSEB Ltd," പ്രകാരമാണ് വിവിധ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ബിൽ നൽകുന്നത്. HT ഉപഭോക്താക്കൾ, LT ഇൻഡസ്ട്രിയൽ ഉപഭോക്താക്കൾ, കണക്റ്റഡ് ലോഡ് 10 കിലോവാട്ടിന് മുകളിലുള്ള ഗാർഹികേതര ഉപഭോക്താക്കൾ, 20 കിലോവാട്ടിന് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾ, ഡിമാൻഡ് ബേസ്ഡ് താരിഫുള്ള ഉപഭോക്താക്കൾ, നെറ്റ് മീറ്ററിംഗുള്ള ഉപഭോക്താക്കൾ എന്നിവർക്ക് പ്രതിമാസ ബില്ലിംഗാണ് നിലവിലുള്ളത്. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും ദ്വൈമാസ മീറ്റർ റീഡിംഗിലൂടെയാണ്

വൈദ്യുതിചാർജ്ജ് കണക്കാക്കുന്നത്. ദ്വൈമാസ ബില്ലിംഗിൽ, ഉപഭോക്താവിന്റെ ദ്വൈമാസ റീഡിംഗിൽനിന്നും പ്രതിമാസ ഉപഭോഗം നിശ്ചയിക്കുകയും ഇങ്ങനെ നിശ്ചയിക്കപ്പെട്ട പ്രതിമാസ ഉപഭോഗത്തിൽനിന്നും ഉപഭോക്താവിന്റെ പ്രതിമാസ ഉപഭോഗ സ്ലാബ് നിശ്ചയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദ്വൈമാസ ബിൽ തയ്യാറാക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. ആയതിനാൽ ദ്വൈമാസ ബില്ലിംഗ് കാരണം ഉപഭോക്താവിന് അധികബാധ്യതയൊന്നും തന്നെയുണ്ടാകുന്നില്ല.

(സി) പ്രതിമാസ ബില്ലിംഗിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

മാസംതോറും റീഡിംഗ് എടുക്കുന്നതിനും ബില്ലുകൾ തയ്യാറാക്കുന്നതിനും ക്യാഷ് കളക്ഷൻ നടത്തുന്നതിനും ഇപ്പോഴുള്ളതിന്റെ ഇരട്ടി ജീവനക്കാരെ നിയോഗിക്കേണ്ടിവരുന്നതുമൂലമുണ്ടാകുന്ന അധികചെലവ് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനച്ചെലവിനെ ക്രമാതീതമായി വർദ്ധിപ്പിക്കുകയും ഈ തുക ഉയർന്ന വൈദ്യുതി നിരക്കായി താരിഫിൽ പ്രതിഫലിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകാനിടയുണ്ട്. ആയതിനാൽ ഇക്കാര്യം ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലില്ല.

## അധിക വൈദ്യുതി ഉല്പാദനം

200 (4290) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നിലവിലുള്ള ജലവൈദ്യുത പദ്ധതികളിലൂടെ എത്ര മെഗാവാട്ട് അധിക വൈദ്യുതിയാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് ഉല്പാദിപ്പിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 2016-ൽ നിർമ്മാണം നടന്നുകൊണ്ടിരുന്ന താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു. ഇതുവഴി മുൻവർഷങ്ങളെ അപേക്ഷിച്ച് 44.6 MW-ന്റെ അധിക വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിച്ചു.

| നം. | പദ്ധതി | മെഗാവാട്ട് | കമ്മീഷൻ ചെയ്ത തീയതി |
|---|---|---|---|
| 1 | വെള്ളത്തൂവൽ | 3.6 MW | 08.09.2016 |
| 2 | പെരുന്തേനരുവി | 6 MW | 23.10.2017 |
| 3 | കക്കയം | 3 MW | 16.07.2018 |
| 4 | ചാത്തൻകോട്ടുനട-II | 6 MW | 20.02.2021 |
| 5 | അപ്പർ കല്ലാർ | 2 MW | 30.09.2021 |
| 6 | പൊരിങ്ങൽകുത്ത് | 24 MW | 04.05.2022 |
| | | **44.6 MW** | |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജലവൈദ്യുത പദ്ധതികളാണ് പുതുതായി ആരംഭിച്ചതെന്നും ഇവയിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ ജലവൈദ്യുത പദ്ധതികളായ അപ്പർകല്ലാർ (2 MW) പൊരിങ്ങൽകുത്ത് (24 MW) എന്നീ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതുവഴി (26 MW) അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ചാത്തൻകോട്ടുനട, ചെറുകിട ജലവൈദ്യുതപദ്ധതി (6 MW) 06/2021-ൽ പൂർണ്ണതോതിൽ ജനറേഷൻ ആരംഭിക്കുകയുണ്ടായി. ഇതിനുപുറമെ ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണത്തിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികളുടെ വിവരം ചുവടെചേർക്കുന്നു.

| **നം.** | **പദ്ധതി** | **മെഗാവാട്ട്** | **നിലവിലെ സ്ഥിതി** |
|---|---|---|---|
| 1 | മാങ്കുളം | 40 MW | സിവിൽ ജോലികളുടെ കരാർ 16.05.2022-ൽ ഒപ്പുവച്ചു. പണികൾ തുടങ്ങി |
| 2 | ഒലീക്കൽ | 5 MW | വർക്ക് ഓർഡർ നൽകി |
| 3 | പൂവാരൻതോട് | 3 MW | വർക്ക് ഓർഡർ നൽകി |
| 4 | അപ്പർ ചെങ്കുളം | 24 MW | ടെൻഡർ നടപടികൾ |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു |

ഇതിനുപുറമെ മാരിപ്പുഴ (6 MW) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. ചിന്നാർ ജലവൈദ്യുത പദ്ധതി (24 MW)- യുടെ രണ്ടാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനം 20-06-2022-ന് നിർവ്വഹിച്ചു.

## വൈദ്യുതി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാൻ നടപടി

201 (4291) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ നവീകരണം നടത്തുന്ന വേളയിൽ പൊതുമരാമത്ത് വകുപ്പ് തുക അടച്ചാൽ മാത്രമേ വൈദ്യുതി പോസ്റ്റുകൾ കെ.എസ്.ഇ.ബി. മാറ്റി നൽകേണ്ടതുള്ളൂവെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന വേളയിൽ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി പോസ്റ്റുകൾ വകുപ്പ് ആവശ്യപ്പെടുന്നമുറയ്ക്ക് കെ.എസ്.ഇ.ബി. സ്വന്തം ചെലവിൽ മാറ്റിസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) വ്യവസ്ഥയുണ്ട്. പോസ്റ്റുകൾ മാറ്റുന്നതിനായുള്ള അപേക്ഷ ലഭിക്കുമ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുള്ള നിരക്കുകൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ബന്ധപ്പെട്ട വകുപ്പ് ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്നമുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമം അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ച് നൽകുവാനും മാത്രമേ നിലവിലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 അനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-ന് സാധിക്കുകയുള്ളൂ. പൊതുമരാമത്ത് റോഡ് വികസിപ്പിക്കുന്നതിന്റെ അവിഭാജ്യ ഭാഗമായ ചെലവുകൾ വൈദ്യുതി വിതരണത്തിന്റെ ചെലവിൽപ്പെടുത്തി വസൂലാക്കാൻ വ്യവസ്ഥയില്ല. അതത് വകുപ്പുകൾ/ഏജൻസികൾതന്നെ ചെലവുകൾ വഹിക്കേണ്ടതാണ്.

**വൈദ്യുതി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

202 (4292) <u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ഒരു സംഘടനയും ചെയർമാനുമായുള്ള തർക്കം സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട സേവനങ്ങളെ ബാധിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതായ പ്രവണതകൾ തടയുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ബോർഡ് ചെയർമാനുമായി ഒരു സംഘടനയ്ക്കും തർക്കമുള്ളതായി കാണുന്നില്ല. കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ എന്ന സംഘടനയിൽ അംഗങ്ങളായുള്ള ചില ജീവനക്കാർക്കെതിരെ ബോർഡ് മാനേജ്മെന്റ് സ്വീകരിച്ച അച്ചടക്ക നടപടികളെച്ചൊല്ലി 11-04-2022 മുതൽ 19-04-2022 വരെ സത്യാഗ്രഹസമരം നടത്തിയിരുന്നു. സത്യാഗ്രഹസമരം 20-04-2022-ന് പിൻവലിച്ചു. ഒരു സേവനത്തെയും പ്രസ്തുത സമരം ബാധിച്ചിട്ടില്ല.

(സി) ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചെയർമാൻ സ്വീകരിക്കുന്ന നടപടികൾ നടപ്പാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഉൾപ്പെടുന്ന ഫുൾ ടൈം ഡയറക്ടർമാരുടെ തീരുമാനങ്ങൾ എല്ലാ ജീവനക്കാരിലൂടെയും ഓഫീസർമാരിലൂടെയും പ്രാവർത്തികമാക്കുന്നതുവഴിയാണ് KSEBL-ന്റെ പ്രവർത്തനം നടന്നുവരുന്നത്.

**വൈദ്യുതി ബോർഡ് ജീവനക്കാരുടെ സസ്പെൻഷൻ**

203 (4293) ഡോ. എം. കെ . മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ഏതെങ്കിലുമൊരു സംഘടനയിലെ ഭാരവാഹികളെ മോശമായ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്തിരുന്നോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) എങ്കിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർക്ക് കുറ്റപത്രം നൽകിയിരുന്നോ; എങ്കിൽ കുറ്റപത്രത്തിന്റെ വിശദാംശം നൽകുമോ?

കേരള ഗവൺമെന്റ് കണ്ടക്ട് റൂൾ 1960- ലെ 62, 77 (ബി) (2) എന്നീ നിയമങ്ങൾ ലംഘിച്ചതിനെത്തുടർന്ന് ശ്രീ. എം. ജി. സുരേഷ് കുമാർ,

ശ്രീ. ബി. ഹരികുമാർ എന്നിവർക്കെതിരെ 05-04-2022-ൽ കുറ്റപത്രങ്ങൾ നൽകിയിട്ടുണ്ട്.

(സി) കുറ്റാരോപിതരിൽനിന്നും വിശദീകരണം ലഭിച്ചശേഷമാണോ സസ്പെൻഷൻ പിൻവലിച്ചത്; അല്ലെങ്കിൽ കാരണം അറിയിക്കുമോ?

അതെ.

## ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കൽ

204 (4294) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ബൈപാസ്സ് റോഡിന്റെ നിർമ്മാണം പൂർത്തികരിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ അടിയന്തരമായി മാറ്റി സ്ഥാപിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നല്കുവാൻ നടപടി സ്വീകരിക്കുമോ?

(എ & ബി) കഞ്ഞിപ്പുര-മൂടാൽ ബൈപാസ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കുറ്റിപ്പുറം സബ്സ്റ്റേഷൻ മുതൽ മൂടാൽ ജംഗ്ഷൻ വരെയുള്ള

ജോലികൾ 01-06-2022-ന് PWD പണം അടച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്യുകയും 29-06-2022-ന് വളാഞ്ചേരി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2022 ജൂൺ മാസം ഒന്നാം തീയതി മുതൽ ആഗസ്റ്റ് 31 വരെ മൺസൂൺ ബാൻ പീരിയഡ് ആയതിനാൽ നിലവിൽ നടത്തിക്കൊണ്ടിരിക്കുന്നതും ആരംഭിക്കാനുള്ളതുമായ മുഴുവൻ റോഡ് കട്ടിംഗ് പ്രവൃത്തികളും നിർത്തിവയ്ക്കേണ്ടതാണെന്ന് PWD വിഭാഗത്തിൽനിന്നും നിർദ്ദേശം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി 31-08-2022-നുശേഷം ആരംഭിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്തെ വൈദ്യുതിതടസ്സം**

205 (4295) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് അടിക്കടിയുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് വൈദ്യുതിതടസ്സം ഉണ്ടാകുമ്പോൾ ബാക്ക് ഫീഡിംഗ് സൗകര്യത്തിനായി എരുമേലി 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും വ്യത്യസ്ത 11 കെ.വി. ഫീഡറുകൾ ടി പ്രദേശത്ത് എത്തിച്ചിട്ടുണ്ട്. ടി ലൈനുകളിലെ ടച്ചിംഗ് ക്ലിയറിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതാണ്. കൂടാതെ ദിവസവും രണ്ട് ലൈൻമാൻമാരെ കണമല പ്രദേശത്തെ ഡ്യൂട്ടിക്ക് മാത്രമായി നിയോഗിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്തെ വൈദ്യുതി തടസ്സത്തിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

എരുമേലി 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും കണമല പ്രദേശത്തേയ്ക്ക് 20 കി.മീ. അധികം ദൂരമുള്ളതിനാൽ ടി പ്രദേശത്തെ വൈദ്യുതിതടസ്സത്തിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനായി ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

206 (4296) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ എത്ര വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനായിട്ടുണ്ട്; അറിയിക്കാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 50 വീടുകളിലും അനെർട്ട് മുഖേന 3 വീടുകളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു.

(ബി) പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി പ്രസ്തുത പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത പ്ലാന്റുകളിൽനിന്നും നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേന (159.87 KW) ദിനംപ്രതി 639.48 യൂണിറ്റ് ഉല്പാദിപ്പിക്കുന്നു. പ്രതിമാസം കെ.എസ്.ഇ.ബി.എൽ. മുഖേന 19184.4 units-ഉം അനെർട്ട് മുഖേന 3 സൗരോർജ്ജ പ്ലാന്റുകളിൽനിന്ന് ഏകദേശം 1,200 യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിക്കുന്നുണ്ട്.

(സി) പൂഞ്ഞാർ മണ്ഡലത്തിൽനിന്നും ഇതുവരെ പ്രസ്തുത പദ്ധതിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സൗരപുരപ്പുറ പദ്ധതിക്കായി ഇതുവരെ കെ.എസ്.ഇ.ബി.എൽ.-ന് 515 അപേക്ഷകളും അനെർട്ടിന് 5 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇവയിൽനിന്നും കെ.എസ്.ഇ.ബി.എൽ. അനുയോജ്യമായ പുരപ്പുറങ്ങൾ കണ്ടെത്തി നിലവിൽ 50 സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 465 സൈറ്റുകളുടെ പ്രാഥമിക സർവ്വേ നടന്നുവരുന്നു. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പുരോഗതിയിലാണ്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴി അനെർട്ട് നിലവിലുള്ള അപേക്ഷകരിൽ 3 പേർക്ക് പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുകയും ബാക്കിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

207 (4297) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി

നൽകുവാൻ മറ്റുപദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ തനത് ഫണ്ടുപയോഗിച്ച് നൽകിവന്നിരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് KSEBL-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.

(ബി) റോഡുകളിലൂടെ ഇലക്ട്രിക് ലൈൻ വലിക്കുന്നതിനും ബി.പി.എൽ. കുടുംബങ്ങൾക്ക് വീടുകളിലേയ്ക്ക് പോസ്റ്റ് ഇട്ട് ലൈൻ വലിക്കുന്നതിനുമുള്ള ആവശ്യത്തിലേയ്ക്ക് എം.എൽ.എ. ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായി വൈദ്യുതി വകുപ്പ് നടപടി സ്വീകരിക്കുമോ?

റോഡുകളിലൂടെ ഇലക്ട്രിക് ലൈൻ വലിക്കുന്നതിനും ബി.പി.എൽ. കുടുംബങ്ങൾക്ക് വീടുകളിലേയ്ക്ക് വൈദ്യുതി പോസ്റ്റിട്ട് ലൈൻ വലിക്കുന്ന ആവശ്യത്തിലേയ്ക്കുമുള്ള അപേക്ഷകളിന്മേൽ എം.എൽ.എ.-യുടെ

ആസ്തിവികസന ഫണ്ടിൽനിന്നും ആവശ്യമായ തുക ലഭ്യമാക്കിയാൽ KSEBL പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

(സി) കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ കൃഷിക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനും അവിടുത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ കൃഷിക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ സഹകരണത്തോടെ പുതിയ ട്രാൻസ്ഫോമർ സ്റ്റേഷനുകൾ, കവചിത കണ്ടക്ടറുകൾ ഉപയോഗിച്ച് വൈദ്യുതിശൃഖല ശക്തിപ്പെടുത്തുന്ന നടപടി പൂർത്തിയായിവരുന്നു. കൂടാതെ KSEBL-ന്റെ തനതുപദ്ധതികളായ ദ്യുതി 1 പദ്ധതിയിലുൾപ്പെടുത്തി HVDS (High Voltage Distribution System) ഉൾപ്പെടെയുള്ള പുതിയ ട്രാൻസ്ഫോമറുകളും ലൈനുകളും സ്ഥാപിച്ചുവരുന്നു. ഇനി നടപ്പിലാക്കുന്ന ദ്യുതി 2, RDSS (Revamped Distribution Sector Scheme) എന്നിവയിലും വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്ന വിവിധ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**11 കെ. വി. ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് നടപടി**

208 (4298) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യഭൂമിയിൽക്കൂടി കടന്നുപോകുന്ന 11 കെ. വി. ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികളും വ്യവസ്ഥകളും വിശദമാക്കാമോ?

വ്യക്തികളോ സ്ഥാപനങ്ങളോ ഇലക്ട്രിക് പോസ്റ്റ്/ലൈൻ മാറ്റിസ്ഥാപിക്കാൻ അപേക്ഷിച്ചാൽ ടി ലൈൻ/പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന പ്രവൃത്തിയുടെ നിരക്കുകൾ വിവിധകാര്യങ്ങളെ ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. പ്രധാനമായും ആവശ്യമായിവരുന്ന പോസ്റ്റിന്റെ (PSC/A pole) ഉയരത്തിനനുസരിച്ചും അധിക സാധനസാമഗ്രികളുടെയും പ്രവൃത്തികളുടെ പണിക്കൂലിയുടെയും അടിസ്ഥാനത്തിലും ഭൂപ്രദേശത്തിന്റെ സ്വഭാവത്തിനനുസരിച്ചുമാണ് നിരക്കുകൾ നിശ്ചയിക്കുന്നത്.

പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റിന്റെ നിരക്കുകൂടാതെ മാറ്റിസ്ഥാപിക്കേണ്ടുന്ന മറ്റ് സാധനസാമഗ്രികളുടെ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കും അവയുടെ 16% സെന്റേജ് ചാർജ്ജും മാറ്റിസ്ഥാപിക്കാൻ അംഗീകരിച്ചിട്ടുള്ള പണിക്കൂലിയും

transportation ചാർജ്ജും ആയതിന്റെ 10% മേൽനോട്ടക്കൂലിയും കൂടാതെ സാധനസാമഗ്രികളുടെ വിലയും പണിക്കൂലിയും ചേർന്ന തുകയുടെ 18% GST യും ഈടാക്കുന്നതാണ്. ഇതുകൂടാതെ നിയമപരമായി മറ്റ് അധികാരികൾ (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, BSNL, വാട്ടർ അതോറിറ്റി മുതലായവ) ആവശ്യപ്പെടുന്ന തുകകൾകൂടി അടയ്ക്കേണ്ടതുമാണ്. ഉപഭോക്താവിന്റെ പ്രിമൈസസിലുള്ള ഇലക്ട്രിക് പോസ്റ്റുകളും ലൈനുകളും മാറ്റിസ്ഥാപിക്കാൻ കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള സപ്ലൈകോഡ് 2014-ലെ റെഗുലേഷൻ 94 പ്രകാരം ആവശ്യമായ തുക കെ.എസ്.ഇ.ബി.എൽ.-ൽ ഒടുക്കിയ ദിവസം മുതൽ 30 ദിവസത്തിനുള്ളിൽ എൽ.ടി. ലൈനുകളും പോസ്റ്റുകളും 45 ദിവസത്തിനുള്ളിൽ എച്ച്.ടി. ലൈനുകളും പോസ്റ്റുകളും മാറ്റിസ്ഥാപിക്കേണ്ടതാണ്.

(ബി) പ്രസ്തുത ആവശ്യത്തിന് സ്വകാര്യവസ്തു ഉടമസ്ഥൻതന്നെ ചെലവ് വഹിക്കണമെന്ന വ്യവസ്ഥയിൽ ലൈഫ് പദ്ധതിയിലുൾപ്പെട്ട് വീട് വയ്ക്കുന്നവർക്ക് അവരുടെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

ലൈഫ് പദ്ധതിയിലുൾപ്പെട്ട് വീട് വയ്ക്കുന്നതിനുവേണ്ടി ഒരു വ്യക്തി ഇലക്ട്രിക് പോസ്റ്റ്/ലൈൻ മാറ്റിസ്ഥാപിക്കാൻ അപേക്ഷിക്കുകയാണെങ്കിൽ ലൈൻ/പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന പ്രവൃത്തിയുടെ തുക ചെലവഴിക്കുന്നതിനായി പ്രത്യേകം പദ്ധതികളോ ഫണ്ടോ ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റേതായി നിലവിലില്ല. എന്നാൽ ഈ തുക സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും വകുപ്പുകളോ സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ അടയ്ക്കാൻ തയ്യാറായാൽ നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽ ടി പ്രവൃത്തി പൂർത്തിയാക്കാവുന്നതാണ്.

(സി) കാഞ്ഞിരപ്പള്ളി താലൂക്ക് പരിധിയിൽ പുൽത്തകിടിയേൽ വീട്ടിൽ താമസിക്കുന്ന വികലാംഗനായ ശ്രീ. ജോസ് ജോർജ്ജ് ലൈഫ് പദ്ധതി പ്രകാരം വീട് പണിയുന്നതിന് 11 കെ. വി. ലൈൻ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; എത്രയുംവേഗം അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

കാഞ്ഞിരപ്പള്ളി താലൂക്ക് പരിധിയിൽ പുൽത്തകിടിയേൽ വീട്ടിൽ ശ്രീ. ജോസ് ജോർജ്ജിന്റെ അംഗവൈകല്യവും പരാധീനതകളും മറ്റും കണക്കിലെടുത്ത് പരാതിക്കാരന്റെ പുരയിടത്തിലൂടെ കടന്നുപോകുന്ന

11 കെ.വി. ലൈൻ പുരയിടത്തിന്റെ അതിർത്തിയിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള ആവശ്യമിപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

## ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിനൽകുന്നതിനുള്ള കാലതാമസം

209 (4299) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ്, പാലങ്ങൾ എന്നിവയുടെ നിർമ്മാണങ്ങൾക്കുവേണ്ടി കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിനൽകുന്നതിൽ കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില സ്ഥലങ്ങളിൽ 8 m പോസ്റ്റിന്റെ ക്ഷാമംമൂലം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിനൽകുന്നതിന് കാലതാമസം നേരിട്ടിരുന്നു. പോസ്റ്റുകൾ ആവശ്യമായ തോതിൽ ലഭ്യമാക്കി ഈ പ്രശ്നം പരിഹരിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണങ്ങൾക്കാവശ്യമായ കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുനൽകാൻ കാലതാമസം നേരിടുന്നുവെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസരണ വിഭാഗം തെക്കൻമേഖലയുടെ കീഴിൽ ആലപ്പുഴ, കരുനാഗപ്പള്ളി, കൂടൽ എന്നീ സ്ഥലങ്ങളിൽ റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലം വിട്ടുനൽകുമ്പോൾ ലഭിക്കേണ്ട നഷ്ടപരിഹാരത്തുക അസൽപ്രമാണത്തിന്റെ അഭാവത്തിൽ ലഭ്യമാകാത്തതിനാൽ സ്ഥലം വിട്ടുനൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആലപ്പുഴ ശവക്കോട്ടപ്പാലം പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആലപ്പുഴ ശവക്കോട്ടപ്പാലം പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ അധികാരികൾ നിശ്ചയിച്ച പൊന്നുംവില തുക കെ.എസ്.ഇ.ബി.-യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് ചില സാങ്കേതികപ്രശ്നങ്ങൾ നിലനിൽക്കുന്നെങ്കിലും സംസ്ഥാനത്തിന്റെയും ജില്ലയുടെയും പൊതുവികസനം മുൻനിർത്തി റോഡ് വികസനത്തിനുവേണ്ടി സ്ഥലം കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ട്. പൊന്നുംവില

കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിയമാനുസരണം കൈക്കൊള്ളുകയാണ് ചെയ്യുന്നത്.

**കോട്ടക്കൽ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.**

**സെക്ഷൻ ഓഫീസ് രൂപീകരണം**

210 (4300) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസോ കസ്റ്റമർ കെയർ സെന്ററോ ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനയ്ക്ക് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ

ഓഫീസുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വൈദ്യുതി ബോർഡിലും സെക്ഷനുകളിലുമുള്ള മുഴുവൻ ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കിട്ടിയ നിവേദനത്തിന്മേൽ മറ്റ് പ്രക്രിയകൾ ചെയ്യാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട് ഫയലുകളില്ല.

(സി) പ്രദേശവാസികളുടെ ഏറെ നാളത്തെ ആവശ്യവും അപേക്ഷയിലെ ആവശ്യകതയും കണക്കിലെടുത്ത് ഇരിമ്പിളിയം കേന്ദ്രമാക്കി കസ്റ്റമർ കെയർ സെന്ററോ സെക്ഷൻ ഓഫീസോ തുടങ്ങാൻ അടിയന്തര നിർദ്ദേശം നൽകുമോ?

നിലവിലെ സാഹചര്യത്തിൽ പുതിയ സെന്ററോ ഓഫീസോ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

**തൃശ്ശൂർ ജില്ലയിൽ വൈദ്യുതി മേഖലയിലെ സാധനസാമഗ്രികളുടെ ക്ഷാമം**

211 (4301) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പൊതുജനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട സാധനസാമഗ്രികളുടെ ക്ഷാമം വൈദ്യുതി വകുപ്പിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്രീകൃതമായി, KSEBL -ലെ ചീഫ് എഞ്ചിനീയർ (എസ്.സി.എം)-ന്റെ ഓഫീസിൽനിന്നും വാങ്ങി നൽകിവരുന്ന സാധന സാമഗ്രികളിൽ ഉൾപ്പെട്ട എനർജി മീറ്ററുകളുടെയും ഇലക്ട്രിക് പോസ്റ്റുകളുടെയും ക്ഷാമം ചില സെക്ഷനുകളിൽ അനുഭവപ്പെടുന്നുണ്ട്.

(ബി) പ്രസ്തുത സാധനസാമഗ്രികളുടെ ക്ഷാമം പരിഹരിക്കാാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എനർജിമീറ്ററുകൾ, 8 m പോസ്റ്റുകൾ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിനായി ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലെയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് പോസ്റ്റ് വാങ്ങുന്നതിന് അനുവാദം നൽകിക്കൊണ്ടും അടിയന്തരമായി ട്യൂബുലാർ പോസ്റ്റുകൾ വാങ്ങിയും പുതുതായി 8 m പോസ്റ്റുകൾക്ക് ഓർഡർ നൽകിയും പോസ്റ്റുകളുടെ കുറവുനികത്താൻ ശ്രമിക്കുന്നു.

(സി) വൈദ്യുതി പോസ്റ്റില്ലാത്തതിനാൽ കണക്ഷൻ യഥാസമയം നൽകാൻ പറ്റുന്നില്ലെന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു. കോടതിയിൽ കേസ് നിലനിന്നിരുന്നതിനാലുണ്ടായ ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിനായി ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലെയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് പോസ്റ്റ് വാങ്ങുന്നതിന് അനുവാദം നൽകിക്കൊണ്ടും അടിയന്തിരമായി ട്യൂബുലാർ പോസ്റ്റുകൾ വാങ്ങിയും പുതുതായി 8 m പോസ്റ്റുകൾക്ക് ഓർഡർ നൽകിയും പോസ്റ്റുകളുടെ കുറവ് നികത്താൻ ശ്രമിക്കുന്നു.

**ബാലുശ്ശേരി മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജ്ജിംഗ് സ്റ്റേഷനുകൾ**

212 (4302) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഏതൊക്കെ

പ്രദേശങ്ങളിലാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതെന്നും അറിയിക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിലാണ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

1. ബാലുശ്ശേരി ടൗൺ

2. നടുവണ്ണൂർ ടൗൺ

3. കൂട്ടുാലിട ടൗൺ

4. കൂട്ടാലിട കുരിച്ചുണ്ട് റോഡ്

5. പൂനൂർ റോഡ്

6. പറമ്പിൻ മുകളിൽ

7. ഉപ്പുംപെട്ടി കള്ളുഷോപ്പ്

(ബി) ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പ്രദേശങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നവീന പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. ആവിഷ്കരിച്ചുവരുന്നു.

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ദേശീയപാത, എം.സി. റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്കുസമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുറഞ്ഞത് 1500 ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, KTDC ഹോട്ടലുകൾ, DTPC സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവിടങ്ങളിൽ അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

## സ്മാർട്ട് വൈദ്യുതി മീറ്ററുകൾ

213 (4303) ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വൈദ്യുത ഉപഭോക്താക്കളുടെയും ഉപഭോഗം കൃത്യമായി അറിയാൻ കഴിയുന്ന സ്മാർട്ട് വൈദ്യുതി മീറ്ററുകൾ സ്ഥാപിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ?

കെ.എസ്.ഇ.ബി.എൽ. എല്ലാ ഉപഭോക്താക്കൾക്കും ഘട്ടംഘട്ടമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) എങ്കിൽ നിലവിൽ എവിടെയെല്ലാമാണ് ഇത്തരം മീറ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്?

രണ്ട് ഘട്ടങ്ങളിലായി എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഒന്നാംഘട്ടത്തിൽ സർക്കാർ ഓഫീസുകളുൾപ്പെടെ ഏകദേശം 37 ലക്ഷം ഉപഭോക്താക്കൾക്കും ബാക്കിയുള്ള 96 ലക്ഷം ഉപഭോക്താക്കൾക്ക് രണ്ടാംഘട്ടത്തിലും സ്മാർട്ട് മീറ്റർ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) മീറ്റർ റീഡിംഗ് ജീവനക്കാർക്ക് ഓഫീസിലിരുന്നുതന്നെ എടുക്കാമെന്നതിനാൽ മീറ്റർ റീഡർ തസ്തിക വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കേന്ദ്ര വൈദ്യുതമന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ്‌ലൈൻ പ്രകാരം (Revamped Reforms Linked Results-Based Sector Scheme) Prepaid,

സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ നൂതനപരിഷ്കാരങ്ങൾ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ഇവയെല്ലാം ബോർഡിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. മീറ്ററിംഗുമായി ബന്ധപ്പെട്ട് ഇത്തരം സ്ഥിതിമാറ്റത്തിലൂടെയാണ് കെ.എസ്.ഇ.ബി.ലിമിറ്റഡ് കടന്നുപോകുന്നത്. മേൽസൂചിപ്പിച്ച സാഹചര്യത്തിൽ 07-10-2021-ൽ ബോർഡ് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം 218 ഒഴിവ് കഴിച്ചുള്ള ഒഴിവുകൾ നികത്തുന്നകാര്യത്തിൽ അന്തിമതീരുമാനമെടുത്തിട്ടില്ല. സ്മാർട്ട് മീറ്റർ, മീറ്റർ റീഡിംഗ്/ബില്ലിംഗ് കളക്ഷൻ പൂർണ്ണമായും ഓട്ടോമറ്റിക്കായി ചെയ്യുന്നതിനാൽ വിതരണരംഗത്ത് ഏറെ ചെലവ് ചുരുക്കി ഉപഭോക്താക്കൾക്ക് വൈദ്യുതിച്ചെലവ് വരുംവർഷങ്ങളിൽ കുറയുന്ന സാഹചര്യം ഉണ്ടാകുന്നതാണ്.

**കെ.എസ്.ഇ.ബി.-യിൽ വിരമിക്കൽ ഒഴിവുകളിലെ നിയമനങ്ങൾ**

214 (4304) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ 2022-2023 സാമ്പത്തികവർഷം വിരമിക്കലിനെത്തുടർന്ന് ഒഴിവുകളുണ്ടാകുന്ന ആയിരത്തി അഞ്ഞൂറ്റി എൺപത്തിയാറ് തസ്തികകളിൽ നിയമനം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തീരുമാനം പുതുതായി നിയമനം കാത്തിരിക്കുന്നവരെ പ്രതികൂലമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) നിയമനങ്ങൾ മരവിപ്പിക്കുന്ന കാര്യം തൊഴിൽ സംഘടനകളുമായി ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

(എ-സി) വൈദ്യുതി ബോർഡിൽ പുനഃസംഘടന സംബന്ധിച്ച് വിവിധതലത്തിൽ ചർച്ചകൾ നടന്നുവരികയാണ്. തസ്തികകളുടെ എണ്ണം പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. വിരമിച്ച മുഴുവൻ ഒഴിവുകളിലും അത്യാവശ്യാനുസരണം മാത്രം തുടർനിയമനങ്ങൾ നടത്തിയാൽ മതിയെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. പുനഃസംഘടന സംബന്ധിച്ച കാര്യങ്ങൾ തീർപ്പാക്കുന്നതിനുമുൻപ് വിവിധ സംഘടനകളുമായി ചർച്ച ചെയ്യുന്നതാണ്.

## മഞ്ചേശ്വരം മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് വർക്കുകൾ

215 (4305) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേത് ഉൾപ്പെടെയുള്ള എല്ലാ ഡെപ്പോസിറ്റ് വർക്കുകളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതുൾപ്പെടെ 65,29,788/- രൂപയുടെ (അറുപത്തഞ്ച് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി എഴുന്നൂറ്റി എൺപത്തി എട്ട്) 15 ഡെപ്പോസിറ്റ് വർക്കുകളാണ് ചെയ്യാനുള്ളത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്+.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഡിമാന്റ് തുക കെ.എസ്.ഇ.ബി.-യിൽ അടച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ ഇലക്ട്രിക് പോസ്റ്റുകൾ ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായതിനാൽ പണമടച്ച പ്രവൃത്തികൾ മുഴുവനായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇത് പരിഹരിക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഡെപ്പോസിറ്റ് പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

പോസ്റ്റുകളുടെ ലഭ്യതയ്ക്കനുസരിച്ച് മേൽപ്രവൃത്തികൾ 30-09-2022-നകം പൂർത്തീകരിക്കുന്നതാണ്.

**ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

216 (4306) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യും അനെർട്ടും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ

ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 1227 സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു.

പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഇതിനുപുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇതിൽ 30 എണ്ണം പ്രവർത്തനസജ്ജമായിരിക്കുന്നു. ബാക്കിയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം ഒരു മാസത്തിനകംതന്നെ പൂർത്തീകരിക്കാനുദ്ദേശിക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ

ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1150 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 2 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. അതിൽ 402 ചാർജ്ജിംഗ് പോയിന്റുകൾ ഇപ്പോൾത്തന്നെ പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിനാവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസിയെന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്വങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചുവരുന്നു. കൂടാതെ ഗവൺമെന്റ് അധീനതയിലുള്ള 2500-ഓളം സ്ഥലങ്ങൾ ചാർജ്ജിംഗ് സ്റ്റേഷനുകൾക്കായി കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപകരുടെ മുതൽമുടക്ക് ഈ പദ്ധതി ലക്ഷ്യമിടുന്നു.

അനെർട്ട് മുഖേന ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കുറഞ്ഞത് 1500 ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ

സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, KTDC ഹോട്ടലുകൾ, DTPC സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവിടങ്ങളിൽ അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ/വകുപ്പുകൾക്ക് ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ തറവാടക നൽകുന്നതാണ്. ഇതിനായി 10 വർഷത്തേയ്ക്ക് അനെർട്ടുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ആദ്യഘട്ടത്തിൽ ദേശീയപാത, എം.സി. റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്കുസമീപം റിഫ്രഷ്മെന്റ് ഫെസിലിറ്റി/കഫറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങളുള്ള സ്ഥലങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വൈദ്യുതി ഉല്പാദനത്തിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് 20,000 രൂപ വീതം 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി ഉദ്ദേശിക്കുന്നു.

പുതിയതായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന സ്വകാര്യ

സംരംഭകർക്ക് ചാർജ്ജിംഗ് മെഷീൻ വിലയുടെ 25% സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിന് കുറഞ്ഞത് അരമണിക്കൂർ മുതൽ ഒരു മണിക്കൂർവരെ സമയം ആവശ്യമായി വരുന്നതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളോടനുബന്ധിച്ച് റിഫ്രഷ്മെന്റ് ഫെസിലിറ്റി/കഫറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങളുള്ളവർക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്.

(ബി) സൗരോർജ്ജ മേഖലയിൽനിന്നുള്ള വൈദ്യുത ഉല്പാദനത്തിന്റെ കണക്കുകൾ തരംതിരിച്ച് ലഭ്യമാക്കാമോ?

സൗരോർജ്ജ മേഖലയിൽ നിലവിൽ 572.08 MW-ന്റെ വൈദ്യുത നിലയങ്ങളാണുള്ളത്. ഇതിൽ ഗാർഹിക ഉപഭോക്താക്കൾ, വ്യാവസായിക ഉപഭോക്താക്കൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയുടെ പുരപ്പുറങ്ങളിൽ സ്ഥാപിച്ച സോളാർ നിലയങ്ങളുടെ ശേഷി 280.61 MW-ഉം കെ.എസ്.ഇ.ബി.എൽ.-ന്റെ സ്ഥലത്ത്/റിസർവോയർ എന്നിവയിൽ സ്ഥാപിച്ച ഗ്രൗണ്ട് മൗണ്ടഡ്/ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളുടെ ശേഷി 15.16 MW-ഉം, കെ.എസ്.ഇ.ബി.എൽ. ഇതരസ്ഥാപനങ്ങൾ (NTPC,

Solar Park, CIAL etc.) എന്നിവ സ്ഥാപിച്ച ഗ്രൗണ്ട് മൗണ്ടഡ്/ ഫ്ലോട്ടിംഗ് സോളാർ എന്നിവയുടെ ശേഷി 276.31 MW-ഉം ആണ്.

(സി) കേരളത്തിന് പുറത്തുനിന്ന് ഏതൊക്കെ സ്രോതസ്സുകളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാന സർക്കാർ ഏത് നിരക്കിൽ ലഭ്യമാക്കുന്നുവെന്നും വ്യക്തമാക്കാമോ?

നിലവിൽ കേരളം വിവിധ സംസ്ഥാനങ്ങളിലെ ഉല്പാദന നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി**

217 (4307) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി സൗജന്യമായി വൈദ്യുതി ലഭ്യമാക്കി വരുന്നുണ്ടോ; എങ്കിൽ നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25-07-2012-ലെ ഉത്തരവുപ്രകാരമുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താരിഫ് വർദ്ധനയിൽനിന്നും ഒഴിവാക്കാനാണ് ഗവൺമെന്റ് സബ്സിഡി നൽകിത്തുടങ്ങിയത്. ടി സബ്സിഡി ഇപ്പോഴും തുടരുന്നു. ഇത് പ്രതിമാസം 40 യൂണിറ്റുവരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റുവരെ യൂണിറ്റൊന്നിന് 50 പൈസയുമാണ്. പ്രതിമാസം 120 യൂണിറ്റുവരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ്ജിനത്തിൽ സബ്സിഡി നൽകിവരുന്നുണ്ട്.

പ്രതിമാസം 30 യൂണിറ്റുവരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകിവരുന്നത്.

കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റുവരെ ഉപഭോഗമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകിവരുന്നു.

ജീവൻരക്ഷ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് വൈദ്യുതി സൗജന്യമായി നൽകിവരുന്നു. ഏകദേശം 67.5 ലക്ഷം ഉപഭോക്താക്കൾക്ക്

സബ്സിഡി ആനുകൂല്യം ലഭിക്കുന്നു.

(ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി നിരക്കിൽ ഇളവുകൾ ലഭിക്കുന്ന ഉപഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി നിരക്കിൽ ഇളവുകൾ ലഭിക്കുന്ന ഉപഭോക്താക്കളുടെ എണ്ണം 61936 ആണ്.

**വൈപ്പിൻ മണ്ഡലത്തിൽ ഭൂഗർഭ കേബിൾ പദ്ധതി**

218 (4308) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭൂഗർഭ കേബിൾ സംവിധാനം നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭൂഗർഭ കേബിൾ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങൾ ചുവടെചേർക്കുന്നു.

1. മാലിപ്പുറം സബ്സ്റ്റേഷനിൽ നിന്നു 3 കേബിൾ തെക്കോട്ട്-ബെൽബോ, ഗോശ്രീ, വൈപ്പിൻ ഫീഡറുകൾ.

2. മാലിപ്പുറം സബ്സ്റ്റേഷനിൽ നിന്ന് LNG ഫീഡർ ഗോശ്രീ ജംഗ്ഷൻ

പടിഞ്ഞാറ് BPCL വരെ.

3. മാലിപ്പുറം സബ്സ്റ്റേഷനിൽ നിന്ന് KRL ഫീഡർ സബ്സ്റ്റേഷൻ വളപ്പ് ജംഗ്ഷൻ മുതൽ LNG വരെ.

4. ചെറായി ഫീഡർ സബ്സ്റ്റേഷൻ മാലിപ്പുറം ബീച്ച് റോഡ് പടിഞ്ഞാറെ വടക്കോട്ട് ചാപ്പ കടപ്പുറം വഴി എളങ്കുന്നപ്പുഴ ബീച്ച് വരെ.

5. ഞാറക്കൽ ഫീഡർ സബ്സ്റ്റേഷൻ മാലിപ്പുറം പാലംകേറി മാലിപ്പുറം ജംഗ്ഷൻ കർത്തേടം ചെന്ന് Anglo Indian School AB വരെ കർത്തേടം ചർച്ച് പടിഞ്ഞാറ് ആറാട്ടുവഴി വരെ.

6. എളങ്കുന്നപ്പുഴ ഫീഡർ പോസ്റ്റ് ഓഫീസ് റോഡ് പടിഞ്ഞാറ് വരെ ഫിഷർമെൻ കോളനി വരെ.

7. ഗോശ്രീ ജംഗ്ഷൻ 2 കേബിൾ ബോൾഗാട്ടി ജംഗ്ഷൻ വരെ.

8. വല്ലാർപാടം പള്ളി മുമ്പിൽ 2 കേബിൾ ബോൾഗാട്ടി ജംഗ്ഷൻ മുതൽ GIS സബ്സ്റ്റേഷൻ വരെ.

9. ബോൾഗാട്ടി ജംഗ്ഷൻ മുതൽ കണ്ടെയ്നർ റോഡുവഴി പോലീസ് സ്റ്റേഷൻ കാരുണ്യമാതാ പള്ളി മുതൽ മുളവുകാട് സബ്സ്റ്റേഷൻ വരെ.

10. പൊന്നാരിമംഗലം ഫീഡർ ബോൾഗാട്ടി ജംഗ്ഷൻ മുതൽ

പൊന്നാരിമംഗലം വഴി മുളവുകാട് സബ്സ്റ്റേഷൻ വരെ.

11. എളങ്കുന്നപ്പുഴ ഫീഡർ മുതൽ ചാത്തങ്ങാട് ബീച്ച് വരെയും എളങ്കുന്നപ്പുഴ ഈസ്റ്റ് അപ്പങ്ങാട് ഭയ്യക്കര അമ്പലം മുതൽ കുഴുപ്പിള്ളി തോടുവരെയും ചെറായി സബ്സ്റ്റേഷൻ മുതൽ കുഴുപ്പിള്ളി വടക്കേക്കര വരെയും 55.11 കിലോമീറ്റർ നീളത്തിൽ UG കേബിളാണ്.

12. ചെറായി ബേക്കറി ജംഗ്ഷൻ മുതൽ പള്ളിപ്പുറം വരെ.

13. ചെറായി സബ്സ്റ്റേഷൻ മുതൽ രാമവർമ്മ കനാൽ വരെ.

14. ചെറായി സബ്സ്റ്റേഷൻ മുതൽ അയ്യമ്പിള്ളി സഹകരണ നിലയം വരെ.

(ബി) കൂടുതൽ പ്രദേശങ്ങളിൽ ഭൂഗർഭ കേബിൾ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ?

ദ്യുതി 2 പദ്ധതിയിലുൾപ്പെടുത്തി ചെറായി സെക്ഷൻ പരിധിയിൽ കുറുത്തല ബസ് സ്റ്റോപ്പിൽനിന്ന് കിഴക്കോട്ട് 400m നീളത്തിൽ UG Cable സ്ഥാപിച്ച് ട്രാൻസ്ഫോമർ വയ്ക്കുന്ന പ്രവൃത്തി നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(സി) വീതി കുറഞ്ഞ വൈപ്പിൻ-പള്ളിപ്പുറം റോഡിൽ ഗതാഗതത്തിന് തടസ്സമാകുന്ന രീതിയിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോമറുകളും പോസ്റ്റുകളും

സംസ്ഥാനപാതയിൽ അപകടം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നത് കണക്കിലെടുത്ത് വൈപ്പിൻ-പള്ളിപ്പുറം പാതയിൽ ഭൂഗർഭ കേബിൾ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

വൈപ്പിൻ-പള്ളിപ്പുറം പാതയിൽ UG കേബിൾ സ്ഥാപിക്കുന്നതിന് 11 കെ.വി. ലൈൻ വലിക്കുന്നതിനും ലോ-ടെൻഷൻ ലൈൻ വലിക്കുന്നതിനുമാവശ്യമായ കേബിൾ ട്രഞ്ചുകൾ പ്രത്യേകം തയ്യാറാക്കി, PWD-യുടെ മേൽനോട്ടത്തിൽ കേബിളുകൾ വലിക്കുന്നതിനുള്ള സൗകര്യം ശരിയായി വന്നാൽ മാത്രമേ ഓവർഹെഡ് ലൈൻ UG കേബിളാക്കുന്നതിനുവേണ്ട നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

**ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനുള്ള നടപടി**

219 (4309) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കരിമ്പ-തച്ചമ്പാറ പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതി

നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളുണ്ടാകുമെന്നത് സംബന്ധിച്ച് വിശദമാക്കാമോ?

എനർജി മാനേജ്മെന്റ് സെന്റർ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ 2017-ൽ വിളിച്ച് 2021 പുതുക്കിയ ഉത്തരവുപ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളാണ് ആറ്റില I-6 MW, ആറ്റില II-6 MW, നിലവിൽ ആറ്റില I, ദർശൻ ഹൈഡ്രോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും ആറ്റില II ദർശൻ റിന്യൂവബിൾ എനർജീസ് പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും സർക്കാരുമായി ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ടുകഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 12 മെഗാവാട്ട് സ്ഥാപിതശേഷികൂടി സംസ്ഥാനത്ത് കൈവരിക്കാൻ സാധിക്കും. സർക്കാരുമായി ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട മേൽസൂചിപ്പിച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾക്ക് (Techno- Economic Feasibility Report) അനുമതി ലഭിച്ചശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികൾക്കുവേണ്ട സർവ്വേ പണികൾ ആരംഭസ്ഥിതിയിലാണ്. ഇതിനോടൊപ്പം തദ്ദേശതലത്തിൽ വിവിധ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതാണ്.

# ആർ.ഡി.എസ്.എസ്.- ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

220 (4310) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര വിതരണ പരിഷ്കാര പദ്ധതി (ആർ.ഡി.എസ്.എസ്.)-യിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

1. തൃപ്പൂണിത്തുറ ഡിവിഷൻ:-

| സെക്ഷൻ ഓഫീസ് | 11 കെ. വി ലൈനുകളുടെ റീ റൂട്ടിംഗ്/റീ കണ്ടക്ടറിംഗ് (കി. മീ) | ട്രാൻസ്ഫോമർ സ്ഥാപിക്കൽ/ നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയവ | ആകെ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| പുത്തൻകുരിശ് | 6.65 | 6 | 146.75 |
| കോലഞ്ചേരി | 6.3 | | |
| തിരുവാണിയൂർ | 2.5 | | |

2. പെരുമ്പാവൂർ ഡിവിഷൻ :-

| സെക്ഷൻ | പുതിയ ABC | ട്രാൻസ്ഫോമർ | UG കേബിൾ | RMU | ആകെ |
|---|---|---|---|---|---|

| ഓഫീസ് | ലൈനുകൾ/ 11 കെ.വി. ലൈനു കളുടെ റീ-കണ്ടക്ടറിംഗ് (കി. മീ) | സ്ഥാപിക്കൽ / നിലവിലുള്ള വയുടെ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയവ (എണ്ണം) | സ്ഥാപിക്കൽ (കി. മീ) | സ്ഥാപിക്കൽ (എണ്ണം) | തുക (രൂപ ലക്ഷ ത്തിൽ) |
|---|---|---|---|---|---|
| ഇടത്തല | 1 | 1 | | 1 | 217.26 |
| വാഴക്കുളം | | | 5.9 | | |
| കിഴക്കമ്പലം | 0.9 | 1 | 1.5 | 1 | |
| പട്ടിമറ്റം | | | 2 | | |

**മാനന്തവാടി നിയോജകമണ്ഡലത്തിലെ നിലാവ് പദ്ധതി**

221 (4311) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ നിലാവ് പദ്ധതിയുടെ ഭാഗമായി ആകെ എത്ര തെരുവ ുവിളക്കുകൾ സ്ഥാപിച്ചുവെന്നുള്ള കണക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിൽ നിലാവ് പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച തെരുവുവിളക്കുകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക് ചുവടെചേർക്കുന്നു:

| **Sl. No.** | **Local Body** | **Installed as on 08.06.2022** | | | **Total** |
|---|---|---|---|---|---|
| | | 18W | 35W | 70W | |
| 1 | Edavaka | 36 | 163 | | 199 |
| 2 | Mananthavady Municipality | 225 | 225 | 25 | 475 |
| 3 | Panamaram | 65 | 35 | | 100 |
| 4 | Thavinjal | 45 | 23 | | 68 |
| 5 | Thirunelly | 25 | 46 | | 71 |
| 6 | Thodernad | 21 | 39 | | 60 |
| 7 | Vellamunda | 91 | 75 | | 166 |
| | | **508** | **606** | **25** | **1139** |

| | | | | | |
|---|---|---|---|---|---|
| | | | | | |

(ബി) നിലാവ് പദ്ധതിയിലൂടെ തെരുവ്ുവിളക്ക് സ്ഥാപിക്കുന്നതിനായുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമാക്കാമോ?

ആവശ്യത്തിന് Street main ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിലാവ് പോർട്ടൽ മുഖാന്തരം ആവശ്യപ്്പെടുന്നതിലൂടെയാണ് നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(സി) നിലാവ് പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലാവ് പദ്ധതിയിൽ ചേര്ാനുള്ള തീരുമാനമെടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

## ഉഡുപ്പി-കരിന്തളം അന്തർസംസ്ഥാന വൈദ്യുതി ലൈൻ

222 (4312) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ (ഉഡുപ്പി-കരിന്തളം) ഭാഗമായി കാസർഗോഡ് ജില്ലാതിർത്തിയിൽ നിന്നും കരിന്തളം-

കയനി വരെ എത്ര ടവറുകളാണ് സ്ഥാപിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉഡുപ്പി-കാസർഗോഡ് ലൈനിന്റെ നിർമ്മാണപ്രവൃത്തി കേന്ദ്ര ഊർജ്ജ മന്ത്രാലയം (MoP), Tariff Based Competitive Bidding (TBCB) അടിസ്ഥാനത്തിൽ ടെണ്ടർ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s Sterlite Power Transmission Ltd.-ന് നൽകുകയും ചെയ്തു. പ്രസ്തുത കമ്പനി ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലാതിർത്തിയിൽനിന്നും കരിന്തളം-കയനി വരെ 101 ടവറുകളാണ് സ്ഥാപിക്കുന്നത്. ഇവയിൽ കാസർഗോഡ് ഫോറസ്റ്റ് ഏരിയയിലെ 8 ടവറുകളുമുൾപ്പെടും. കൂടാതെ കരിന്തളത്ത് 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രാരംഭനടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ടവറും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഈ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്; കേന്ദ്ര ഊർജ്ജ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ടിന് വിധേയമായാണ് നഷ്ടപരിഹാരം നൽകുന്നത്.

(സി) സ്ഥലം ഉടമകൾ നഷ്ടപരിഹാരമാവശ്യപ്പെട്ട് ജോലി തടസ്സപ്പെടുത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കൂടുതൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ജോലി തടസ്സപ്പെടുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നപരിഹാരത്തിന് കാസർഗോഡ് ജില്ല കളക്ടർ ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും കർഷക പ്രതിനിധികളുടെയും ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) അധികൃതരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർക്കുകയും ആയതിലെ തീരുമാനപ്രകാരം നഷ്ടപരിഹാരത്തുക പുനഃപരിശോധിക്കുന്നതിനും ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഭൂവുടമകളുടെ പരാതികൾ പരിഹരിക്കുന്നതിനുമായി രണ്ട് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ആവശ്യപ്പെട്ടപ്രകാരം ഇതുസംബന്ധിച്ച

ഉചിതനിർദ്ദേശം സഹിതമുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ 14-7-2022-ൽ ചേർന്ന യോഗത്തിൽ ജില്ല കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

223 (4313) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ചെറുകിട ജലവൈദ്യുത പ്രോജക്ടുകൾ സ്ഥാപിച്ചുകൊണ്ട് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ലഭ്യമായ ജലസ്രോതസ്സുകളിൽനിന്നും പരിസ്ഥിതി ആഘാതം ലഘൂകരിച്ചുകൊണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികളാരംഭിച്ച് വൈദ്യുതോല്പാദനം നടത്താനുള്ള ശ്രമങ്ങൾ കെ.എസ്.ഇ.ബി.എൽ., സ്വകാര്യ സംരംഭകർ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ വിവരം

ചുവടെചേർക്കുന്നു.

| നം. | പദ്ധതി | MW | Mu |
|---|---|---|---|
| 1 | ചിന്നാർ | 24 | 76.45 |
| 2 | ഭൂതത്താൻകെട്ട് | 24 | 83.5 |
| 3 | പെരുവണ്ണാമൂഴി | 6 | 24.7 |
| 4 | പഴശ്ശിസാഗർ | 7.5 | 25.16 |

സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുതപദ്ധതികളുടെ വിവരം ചുവടെചേർക്കുന്നു.

| നം. | പദ്ധതി | MW | Mu | ജില്ല | നദി |
|---|---|---|---|---|---|
| 1 | പീച്ചാട് SHEP | 3 | 7.74 | ഇടുക്കി | മുതിരപ്പുഴ |
| 2 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ഇടുക്കി | കല്ലാർ |
| 3 | ലാഡ്രം SHEP | 3.5 | 12.13 | ഇടുക്കി | പെരിയാർ |
| 4 | മാർമ്മല SHEP | 7 | 23.02 | കോട്ടയം | മീനച്ചിലാർ |
| 5 | കീരിത്തോട് | 12 | 27.65 | ഇടുക്കി | പെരിയാർ |
| 6 | ചെമ്പുകടവ് III SHEP | 7.5 | 16.65 | കോഴിക്കോട് | ചാലിപ്പുഴ |
| 7 | ചാത്തൻകോട്ടുനട I SHEP | 5 | 12.06 | കോഴിക്കോട് | കുറ്റ്യാടി പുഴ |
| 8 | പശുക്കടവ് SHEP | 4 | 10.34 | കോഴിക്കോട് | കുറ്റ്യാടി പുഴ |
| 9 | വളാംതോട് SHEP | 7.5 | 15.29 | മലപ്പുറം | ചാലിയാർ |

പര്യവേക്ഷണ സാധ്യത പഠനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം ചുവടെചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 1 | പള്ളിവാസൽ ഓഗ്മെന്റേഷൻ സ്കീം സ്റ്റേജ് I (ഗ്രഹാം ലാൻഡ്) | 4 | 10.9 | ഇടുക്കി | മുതിരപ്പുഴ |
| 2 | പാംബ്ല | 10 | 22.7 | ഇടുക്കി | പഴയരിത്തോട് |
| 3 | ഒറ്റക്കൽ | 2 | 3.19 | കൊല്ലം | കല്ലട റിവർ |
| 4 | അരുവികുഴി | 1.5 | 3.75 | ഇടുക്കി | പെരിയാർ |
| 5 | ലോവർ പൂഴിത്തോട് | 5.12 | 11.91 | കോഴിക്കോട് | കടന്താരപുഴ |
| 6 | അപ്പർ പൂഴിത്തോട് | 3.6 | 7.84 | കോഴിക്കോട് | കടന്താരപുഴ |
| 7 | ഉറുമി സ്റ്റേജ് III | 2.4 | 5.43 | കോഴിക്കോട് | പൊയിലിങ്ങൽപുഴ |
| 8 | പാൽച്ചുരം | 3.3 | 6.65 | കണ്ണൂർ | ഭവാനിപുഴ |
| 9 | പൊരിങ്ങൽ extn | 24 | 33.78 | പാലക്കാട് | നിളാനദി |
| 10 | അപ്പർ പൊരിങ്ങൽ SHEP | 18 | 100 | തൃശ്ശൂർ | ചാലക്കുടി |

ഇതിനുപുറമെ ഒലീക്കൽ (5MW), പൂവാരംതോട് (3MW) അപ്പർ ചെങ്കുളം (24MW), മരിപുഴ (6MW), ചിന്നാർ സ്റ്റേജ് II (24MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുബന്ധ നടപടികൾ പുരോഗമിക്കുന്നു.

സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പുതിയ ജലവൈദ്യുത പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

(ബി) ഇത്തരം പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. ഇതിനായി സംസ്ഥാന ചെറുകിട ജലവൈദ്യുതോല്പാദന നയം 2012 (SHP Policy 2012) പ്രാബല്യത്തിലുണ്ട്.

നിലവിലെ സ്മോൾ ഹൈഡ്രോ പവർ പോളിസി 2012 പ്രകാരം സ്വകാര്യ സംരംഭകർക്ക് Captive Power Producer (CPP)/Independent Power Producer (IPP) രീതികളിൽ പദ്ധതി നടപ്പിലാക്കാനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്.

(സി) ജലസേചന കനാലുകളിൽ ടർബൈനുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാധ്യത സംബന്ധിച്ച് വ്യക്തമാക്കുമോ?

ഇടുക്കി, ലോവർ പെരിയാർ, കക്കാട് എന്നീ ജലവൈദ്യുത പദ്ധതികളുടെ ടെയിൽ റേസ് കനാലുകളിൽ ഹൈഡ്രോ കൈനറ്റിക് ടർബൈനുകൾ സ്ഥാപിച്ച് വൈദ്യുതോല്പാദനം നടത്തുന്നതിനുള്ള പഠനത്തിനും അവ നടപ്പിലാക്കുന്നതിനുമുള്ള അനുമതി എനർജി മാനേജ്മെന്റ് സെന്ററിന് (EMC) കെ.എസ്.ഇ.ബി.എൽ. നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ചെലവ് കൂടുതലായതിനാൽ വാണിജ്യാടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തുാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ഈ മേഖലയിലെ ആധുനിക ഗവേഷണങ്ങളുടെയും കണ്ടുപിടിത്തങ്ങളുടെയും സഹായത്തോടെ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിച്ച് ലാഭകരമായി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പിക്കോ/മൈക്രോ ഹൈഡ്രോ/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജോല്പാദനത്തിനുമുള്ള സാധ്യത പഠനവും പൈലറ്റടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി

ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 KW-ന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കാനുള്ള വർക്ക് ഓർഡറും എംപാനൽ ചെയ്യപ്പെട്ട വിദഗ്ധ കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ചിറ്റൂർപുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25KW ന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് ഓർഡർ കൊടുത്തു. ഈ പൈലറ്റ് പദ്ധതികളുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ 3 MW വരെ ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) ജലസേചന കനാലുകളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യത പഠനവും പൈലറ്റടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് 30-06-2021-ൽ ഇ.എം.സി. താൽപ്പര്യപത്രം ക്ഷണിച്ചിരുന്നു.

കൂടാതെ പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ, ആശയങ്ങൾ എന്നിവയുടെ സാധ്യതാപഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനും വേണ്ടി 14-09-2021-ൽ EMC താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. RESCO/ EPC മോഡലിൽ കേരളത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ 1 മുതൽ 50 കിലോവാട്ട് ശേഷിയുള്ള പിക്കോ/ മൈക്രോ-ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാധ്യതയുള്ള പഠനവും പൈലറ്റ് ഇൻസ്റ്റലേഷനുമാണ് ലക്ഷ്യം. വിജയകരമായ പൈലറ്റ് പദ്ധതിയുടെ മാതൃകയിൽ സാധ്യമായ ഇടങ്ങളിൽ ഘട്ടംഘട്ടമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ, ജോയിന്റ് വെഞ്ച്വർ മുതലായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

## സേവനങ്ങൾ വാതിൽപ്പടിയിൽ

224 (4314) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'സേവനങ്ങൾ വാതിൽപ്പടിയിൽ' എന്ന പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് വൈദ്യുതിവകുപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക; വിശദമാക്കാമോ?

ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സേവനങ്ങൾ കൂടുതൽ സുതാര്യവും സുഗമമായും നൽകുന്നതിനുവേണ്ടി ' സേവനങ്ങൾ വാതിൽപ്പടിയിൽ' (Service at Door Step) എന്ന പദ്ധതി ഒക്ടോബർ 2020 മുതൽ നടപ്പിലാക്കിവരുന്നു.

ഇതുപ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും ഉടമസ്ഥാവകാശമാറ്റം, കണക്ടഡ് ലോഡ്/കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ്/ഫേസ് മാറ്റം, മീറ്റർ/പോസ്റ്റ് മാറ്റിസ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനമാവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പരും 1912 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനം മുഖേനയും ബന്ധപ്പെട്ട സെക്ഷൻ ഓഫീസ് വഴിയും ഓൺലൈൻ മുഖേനയും രജിസ്റ്റർ ചെയ്യാവുന്നതാണ്. തുടർന്ന് കെ.എസ്.ഇ.ബി. ജീവനക്കാർ അപേക്ഷകനെ ബന്ധപ്പെട്ട്/ഉപഭോക്താവിന്റെ വീട് സന്ദർശിച്ച് മൊബൈൽ ആപ്പ് വഴി അപേക്ഷ സ്വീകരിച്ച് ആവശ്യമായ രേഖകൾ പരിശോധിച്ച് അവ അപ്‌ലോഡ് ചെയ്യുകയും ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുക അടയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും തുടർന്ന് സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കുന്നു.

' സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന

പദ്ധതി പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിൽ പരീക്ഷണാടിസ്ഥാനത്തിൽ 01-10-2020-ന് ആരംഭിക്കുകയും പ്രാരംഭ ബുദ്ധിമുട്ടുകൾ പരിഹരിച്ച് ഇതിനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുത്തതിനെത്തുടർന്ന് എല്ലാ സെക്ഷൻ ഓഫീസുകളിലും ' സേവനം വാതിൽപ്പടിയിൽ' പദ്ധതി പൂർണ്ണതോതിൽ 2022 ആഗസ്റ്റ് മാസത്തോടുകൂടി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

ഈ ആപ്പ് ഉപയോഗിച്ച് ജീവനക്കാർ സേവനം ആവശ്യമുള്ള വ്യക്തിയുടെ സ്ഥലത്തുപോയി ആവശ്യമായ രേഖകൾ പരിശോധിക്കുവാനും സ്ഥലപരിശോധന നടത്തി ലഭ്യമായ വിവരങ്ങളുൾപ്പെടുത്തി ഉടൻതന്നെ കേന്ദ്രീകൃത സെർവർ കംപ്യൂട്ടറിൽ രേഖപ്പെടുത്താനും കഴിയും. ഇതുപയോഗിച്ച് സെക്ഷൻ ഓഫീസിൽനിന്ന് അനന്തര നടപടികളെടുക്കുവാൻ സാധിക്കും. തുടർന്ന് ഉപഭോക്താവിന് നിശ്ചിത തുകയൊടുക്കി സേവനം ലഭ്യമാക്കുവാനും സാധിക്കും.

## വൈദ്യുതി വിതരണ മേഖലയിൽ ദ്യുതി പദ്ധതി

225 (4315) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. ടി. എ. റഹീം:

<u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് ദ്യുതി എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയനുസരിച്ച് വൈദ്യുതി വിതരണ മേഖലയിൽ നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിലുൾപ്പെടുത്തി വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് ദ്യുതി 1.

ദ്യുതി 1 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 4138 കി.മീ. 11 കെ. വി. OH ലൈനും 1127 കി.മീ. 11 കെ. വി. എ ബി സി ലൈനും 582 കി.മീ. ഭൂഗർഭ കേബിളുകളും 31.2 കി.മീ. കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷനുൾപ്പെടെ 6469 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 75262 km എൽ.ടി. ലൈനും 2684 km 11 കെ. വി. OH ലൈനും റീ-കണ്ടക്ടറിംഗ് നടത്തുകയും 6200 കി.മീ.

എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 3226 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

നിലവിലുള്ള ദ്യുതി പദ്ധതിയുടെ തുടർച്ചയായി വിതരണരംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി അടുത്ത 5 വർഷത്തേയ്ക്കുള്ള (2022 -23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ) പദ്ധതി രൂപരേഖ (ദ്യുതി 2.0) KSEBL തയ്യാറാക്കിയിട്ടുണ്ട്. ദ്യുതി 2.0-ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്.

(ബി) വിതരണ ശൃംഖല നഷ്ടം കുറയ്ക്കുന്നതിനായി പ്രത്യേകമായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ; വൈദ്യുതി പ്രസരണരംഗത്ത് ഗുണപരമായ മാറ്റത്തിനുതകുന്ന എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ദ്യുതി 1, ദ്യുതി 2 പദ്ധതിയിൽ വിതരണ ശൃംഖല നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2022-23 മുതൽ 2024-25 സാമ്പത്തികവർഷം

വരെ നടപ്പിലാക്കാനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ പ്രധാന ലക്ഷ്യം 2024-25-ഓടെ വിതരണനഷ്ടം കൂടിയുൾപ്പെടുന്ന AT&C നഷ്ടം 10.5 ശതമാനത്തിൽ താഴെ എത്തിക്കുക എന്നതാണ്. Revamped Distribution Sector Scheme (RDSS) പദ്ധതിയിൽ കേരളം കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനുമുമ്പാകെ സമർപ്പിച്ച കരട് പദ്ധതിയിലെ ഊർജ്ജനഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾക്കും കൊല്ലം, കണ്ണൂർ, തൃശ്ശൂർ എന്നീ മൂന്ന് ടൗണുകളിൽ സ്കാഡാ ഡി.എം.എസ്. കൺട്രോൾ സെൻററുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്കുമായി 2269.32 കോടി രൂപയുടെ അംഗീകാരം ആദ്യഘട്ടത്തിൽ ലഭിച്ചിട്ടുണ്ട്.

(സി) വൈദ്യുതി വിതരണത്തിലെ കാര്യക്ഷമതയെ മുൻനിർത്തി സംസ്ഥാനത്തിന് പ്രത്യേക അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാലാവസ്ഥ, ഊർജ്ജ മേഖലകളിൽ വിവിധ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നടത്തുന്ന ശ്രമങ്ങൾ വിലയിരുത്താൻ ലക്ഷ്യമിട്ട് NITI AAYOG പുറത്തിറക്കിയ സൂചികയായ സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് (State Energy & Climate Index -SECI) പ്രകാരം കേരളം രാജ്യത്തെ മികച്ച പ്രകടനം കാഴ്ചവച്ച രണ്ടാമത്തെ വലിയ

സംസ്ഥാനമാണ്. ലഭിച്ച സ്കോർ 49.1. ഒന്നാം സ്ഥാനം ലഭിച്ച ഗുജറാത്തിന് 50.1 സ്കോർ ലഭിച്ചിരുന്നു.

വൈദ്യുതി വിതരണ കമ്പനികളുടെ പ്രവർത്തനം (DISCOMs performance), സ്വച്ഛ വൈദ്യുതി സംരംഭങ്ങൾ (clean energy initiatives), താങ്ങാവുന്ന വിലയ്ക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുക (access, affordability & reliability of energy) ഊർജ്ജ കാര്യക്ഷമത (energy efficiency), പാരിസ്ഥിതിക സുസ്ഥിരത (environmental sustainability), പുതിയ സംരംഭങ്ങൾ (new initiatives) എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായി 27 പ്രകടന സൂചികകൾ (Key Performance Indicators) അടിസ്ഥാനമാക്കിയാണ് ഇന്ത്യയിലെ 28 സംസ്ഥാനങ്ങളെയും 8 കേന്ദ്രഭരണ പ്രദേശങ്ങളെയും വിലയിരുത്തിയത്. പ്രതിശീർഷ ഊർജ്ജ ഉപഭോഗം കാർഷിക-വ്യാവസായിക മേഖലകളിൽ ദിവസത്തിൽ എത്ര മണിക്കൂർ വൈദ്യുതി വിതരണം ചെയ്യുന്നു, ക്രോസ് സബ്സിഡി, അവശ്യ വിഭാഗത്തിന് വൈദ്യുതി എത്തിക്കുക, വൈദ്യുതി താരിഫ് എന്നിവ പരിശോധിച്ച് “ താങ്ങാവുന്ന വിലയ്ക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുക (access, affordability & reliability of energy)” എന്ന വിഭാഗത്തിൽ കേരളം ഏറ്റവും ഉയർന്ന സ്കോറായ 67.3 നേടി. കാർഷിക മേഖലയിലും വ്യവസായ

മേഖലയിലും ഏറ്റവും കൂടുതൽ സമയം വൈദ്യുതി വിതരണം ചെയ്യുന്നത് കേരളത്തിലാണ്. വൈദ്യുതിയുടെ ക്രോസ് സബ്സിഡി നൽകുന്ന കാര്യത്തിലും ഏറ്റവും മികച്ച സ്കോർ കേരളം നേടി. എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ToD താരിഫ് നടപ്പിലാക്കിയ മൂന്ന് സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. ഊർജ്ജസംരക്ഷണത്തിന്റെ കാര്യത്തിൽ വ്യാവസായിക മേഖലയിൽ ഊർജ്ജസംരക്ഷണം ഏർപ്പെടുത്തിയ കാര്യത്തിലും റെഗുലേറ്ററി അസ്സറ്റുകളുടെ കാര്യത്തിലും ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചത് കേരളമാണ്. ഈ വിഭാഗങ്ങളിൽ ഓരോന്നിലും സംസ്ഥാനം പരമാവധി സ്കോർ (100) നേടി.

## പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി

226 (4316) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥാപിതശേഷി എത്രയെന്നും പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ?

പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥാപിതശേഷി 24 MW ആണ്. പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതി

ഉല്പാദനം 45.02 MU (DPR പ്രകാരം) ആണ്.

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ?

പൊരിങ്ങൽകുത്തിൽ 1x24 MW-ന്റെ പുതിയ പദ്ധതി പരിഗണനയിലുണ്ട്.

(സി) എങ്കിൽ ഇതിലൂടെ എത്ര യൂണിറ്റ് അധിക വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടമായി പൊരിങ്ങൽകുത്ത് സ്റ്റേജ് - II വഴി 53.85 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഭരണാനുമതിക്കുള്ള തീരുമാനമായിട്ടുണ്ട്.

**കൊണ്ടോട്ടി മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷൻ**

227 (4317) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നഗരപ്രദേശങ്ങളിൽ ഇതിനകം ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചുവെന്നും അതിൽ മലപ്പുറം ജില്ലയിൽ എത്രയെണ്ണം സ്ഥാപിച്ചുവെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കണ്ണൂർ, കോഴിക്കോട്, പാലക്കാട്, എറണാകുളം, തൃശ്ശൂർ, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ. ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മറ്റ് ജില്ലകളിലും നിർമ്മാണപ്രവർത്തനങ്ങൾ ഉടനടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മലപ്പുറം ജില്ലയിൽ 3 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 119 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്ത് നിലവിൽ അനെർട്ട് ഇലക്ട്രിക് വാഹനങ്ങൾക്കായി താഴെപ്പറയുന്ന സ്ഥലങ്ങളിലായി 12 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു.

1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം.

2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി), ശംഖുംമുഖം, തിരുവനന്തപുരം.

3. ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം.

4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി), ചവറ, കൊല്ലം.

5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ.

6. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ.

7. ഡി.ടി.പി.സി സെന്റർ, ഇടുക്കി.

8. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം.

9. കില ക്യാമ്പസ്, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ.

10. കാഞ്ഞിരംപുഴ ഡാം, പാലക്കാട്.

11. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ.

12. ഡി.ടി.പി.സി. വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ മൂസക്കുട്ടി ബസ് സ്റ്റാൻഡിൽ അനെർട്ട് മുഖേന നിർമ്മിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷന്റെ പണി പൂർത്തിയായിവരുന്നു.

(ബി) കൊണ്ടോട്ടി മണ്ഡലത്തിൽ ഏതെല്ലാം സ്ഥലത്താണ് ഇവ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയതെന്നും എന്നത്തേയ്ക്ക് സ്ഥാപിക്കാനാകുമെന്നും വ്യക്തമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ഒരു മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

1. അരിക്കോട് റോഡ് എടവണ്ണപ്പാറ.

2. മുസലിയാർ അങ്ങാടിപ്പള്ളി (മുജിഹിദ് പള്ളിയുടെ എതിർവശത്ത്)

3. മൊയ്തീൻകുട്ടി വൈദ്യർ സ്മാരകത്തിന് സമീപം.

4. അയിക്കരപാടി, പോപ്പുലർ ICE ന് സമീപം.

5. കോട്ടപ്പുറം SR പമ്പിന് എതിർവശത്ത്.

6. തായിബ ബിൽഡിംഗ്.

## 11 കെ.വി. റിംഗ് മെയിൻ യൂണിറ്റ്

228 (4318) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ്, ചെസ്റ്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നിലവിലുള്ള വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികരീതിയിലുള്ള 11 കെ.വി. റിംഗ് മെയിൻ യൂണിറ്റ്

സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം റീ വാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിന്റെ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പരിഗണിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

(എ & ബി) RDSS പദ്ധതിയുടെ ഭാഗമായി SCADA/DMS പ്രോജക്ടിന് തൃശ്ശൂർ ടൗണിൽ അനുമതിയായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജ്, ചെസ്റ്റ് ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികരീതിയിലുള്ള 11 കെ.വി. റിംഗ് മെയിൻ യൂണിറ്റ് RDSS പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള സാധ്യത വിലയിരുത്തുന്നുണ്ട്.

**വൈദ്യുതി മുടങ്ങുന്ന അവസ്ഥ**

229 (4319) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ പഞ്ചായത്തിൽ പത്തിരിപ്പാല 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും അമ്പലപ്പാറ, കടമ്പഴിപ്പുറം പ്രദേശങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം നടത്തുന്നതുമൂലം മണ്ണൂർ

പഞ്ചായത്തിലെ ആശുപത്രി, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് മുതലായ സർക്കാർ ഓഫീസുകളിലും ബാങ്കുകളിലും മണ്ണൂർ പത്തിരിപ്പാല ടൗൺ പ്രദേശങ്ങളിലുമൊക്കെ പതിവായി വൈദ്യുതി മുടങ്ങുന്ന അവസ്ഥയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനും മണ്ണൂർ പഞ്ചായത്തിന്റെ അതിർത്തി പ്രദേശത്തുനിന്ന് അമ്പലപ്പാറ വരെ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ പഞ്ചായത്തിൽ പത്തിരിപ്പാല 110 കെ.വി. സബ്സ്റ്റേഷനിൽനിന്നാണ് അമ്പലപ്പാറ- കടമ്പഴിപ്പുറം പ്രദേശങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം നടത്തിവരുന്നത്. വിതരണ മേഖലയിലെ ലൈനുകളുടെ തകരാറുകൾമൂലമാണ് ഈ ഫീഡറുകളിൽ വൈദ്യുതിതടസ്സം കൂടുതലുണ്ടാകുന്നത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പത്തിരിപ്പാല 110 കെ.വി. സബ്സ്റ്റേഷൻ മുതൽ കോട്ടക്കുന്ന് വരെ ഭൂഗർഭകേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS -ന്റെ കരട് രേഖയിലുൾപ്പെടുത്തിയിട്ടുണ്ട്.

**പട്ടാമ്പിയിൽ ഭൂഗർഭ കേബിൾ സംവിധാനം**

230 (4320) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി കൊപ്പം ടൗണിലെ മുഴുവൻ കെ.എസ്.ഇ.ബി. ലൈനുകളും ഭൂഗർഭലൈനുകളാക്കുന്ന (യു.ജി.) നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കൊപ്പം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ?

(എ & ബി) ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നത് ഭീമമായ ചെലവുവരുന്ന പദ്ധതിയായതിനാൽ കൊപ്പം ടൗണിൽ 11 കെ.വി. സപ്ലൈ ചെയ്യാൻ ഹൈ ടെൻഷൻ ഓവർഹെഡ് എ.ബി.സി. (Aerial Bunched Cable) സംവിധാനമാക്കി മാറ്റുന്നതിനുള്ള പദ്ധതിയാണ് കേന്ദ്രാവിഷ്കൃത ആധുനികവത്കരണ പദ്ധതിയായ RDSS-ൽ (Revamped Distribution Sector Scheme) ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽക്കൂടി കടന്നുപോകുന്ന കെ.എസ്.ഇ.ബി. ലൈനുകളെ മാറ്റി

ഭൂഗർഭകേബിൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നത് ഭീമമായ ചെലവുവരുന്ന പദ്ധതിയായതിനാൽ അത്തരം നിർദേശങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ 2022-23 പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

**കോതമംഗലം ആദിവാസി കോളനികളിലെ വൈദ്യുതീകരണം**

231 (4321) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ കുഞ്ചിപ്പാറ, തലവച്ചപാറ, വാരിയം, തേര, ഉറിയൻപെട്ടി തുടങ്ങിയ ആദിവാസി കോളനികളിൽ നാളിതുവരെ വൈദ്യുതീകരണം നടത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ വൈദ്യുതീകരണത്തിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി

ഗവൺമെന്റ് നിർദേശമനുസരിച്ച് KSEBL ട്രൈബൽ കോളനികളുടെ DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി വൈദ്യുതീകരണത്തിനുള്ള DPR 23-11-2021-ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ കോളനികളുടെ ലിസ്റ്റിൽ തലവച്ചപ്പാറ, കുഞ്ചിപ്പാറ, വാരിയം, തേര, ഉറിയംപെട്ടി എന്നീ കോളനികൾ ഉൾപ്പെട്ടിട്ടുണ്ട്.

ഇതിൽ തലവച്ചപാറ, കുഞ്ചിപ്പാറ കോളനികളിൽ മാത്രമേ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുകയുള്ളൂ. ഈ കോളനികളുടെ വൈദ്യുതീകരണത്തിനായി 4,07,02,000/- രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

എന്നാൽ വാരിയം, തേര, ഉറിയംപെട്ടി എന്നീ കോളനികൾ ദുർഘടപ്രദേശങ്ങളാകയാൽ ഈ പ്രദേശങ്ങളിൽ സോളാർ പാനലുകളുപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതാണ് അഭികാമ്യമെന്ന് കാണുന്നു. കൂടാതെ സോളാർ ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കാനായി അനെർട്ട് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ഡി.പി.ആർ.-ന് വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകിയിട്ടുണ്ടോയെന്നും ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്നും

വിശദമാക്കാമോ?

മേൽപ്പറഞ്ഞ ഡി.പി.ആർ. അനുസരിച്ച് തലവച്ചപാറ, കുഞ്ചിപ്പാറ കോളനികളുടെ വൈദ്യുതീകരണത്തിനായി 4.07 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത കോളനികളിൽ ഏതു തരത്തിലാണ് വൈദ്യുതീകരണം നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

13 കി.മീ. 11 കെ.വി. ഭൂഗർഭ കേബിളും 0.15 കി.മീ. 11 കെ.വി. ലൈനും 4.65 കി.മീ. ലോ ടെൻഷൻ എ ബി സി-യും 100 കെ.വി.എ. കപ്പാസിറ്റിയുള്ള രണ്ട് ട്രാൻസ്ഫോമറുകളും ഉൾപ്പെടുന്നതാണ് തലവച്ചപാറ, കുഞ്ചിപ്പാറ കോളനികളുടെ വൈദ്യുതീകരണ പദ്ധതി.

(ഇ) ഏകദേശം അറുന്നൂറോളം ആദിവാസി കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത കോളനികളിലേയ്ക്ക് അടിയന്തരമായി വൈദ്യുതീകരണം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ടെണ്ടർ നടപടികളിലൂടെ വൈദ്യുതീകരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**അങ്കണവാടികൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ**

232 (4322) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അങ്കണവാടികൾക്കാണ് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.- ന്റെ തനത് ഫണ്ടിൽനിന്നും 22.16 ലക്ഷം രൂപ ചെലവഴിച്ച് 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി അനുവദിച്ചിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിലെ ഏതെല്ലാം അങ്കണവാടികൾക്കാണ് സൗജന്യമായി വൈദ്യുതികണക്ഷൻ അനുവദിച്ചിട്ടുള്ളതെന്നും ഇതിനായി എത്രതുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കോട്ടയം ജില്ലയിലെ 44 അങ്കണവാടികൾക്ക് 2,60,242/- രൂപ (രണ്ട് ലക്ഷത്തി അറുപതിനായിരത്തി ഇരുന്നൂറ്റി നാല്പത്തിരണ്ട്) ചെലവഴിച്ച് സൗജന്യമായി വൈദ്യുതികണക്ഷൻ നൽകിയിട്ടുണ്ട്. അങ്കണവാടികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

## പുരപ്പുറ സോളാർ പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

233 (4323) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നടപ്പിലാക്കിയ പുരപ്പുറ സോളാർ പദ്ധതിയിൽ എത്ര ഉപഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിരുന്നതെന്നും അതിൽ എത്ര ഉപഭോക്താക്കൾ ഇതിനോടകം ബോർഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് നടപ്പാക്കുന്ന പുരപ്പുറ സോളാർ പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ.-ൽ 80964 ഉപഭോക്താക്കളും അനെർട്ടിൽ 5284 ഉപഭോക്താക്കളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ബോർഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് 30,633 പേരാണ് (126.96 MW).

(ബി) പ്രസ്തുത പദ്ധതി എന്നുമുതലാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ; എത്ര മെഗാവാട്ട് ഊർജ്ജമാണ് ഈ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി 2020 ഒക്ടോബറിലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിലൂടെ ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ട 500 MW-ൽ 250 MW വീടുകളിലെ പുരപ്പുറ സൗരനിലയങ്ങളിൽനിന്നും ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) എത്ര സർക്കാർ സ്ഥാപനങ്ങൾ നാളിതുവരെ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്നറിയിക്കാമോ; ഓരോ സ്ഥാപനത്തിനും പ്രസ്തുത ഇനത്തിൽ ചെലവായ തുക, സ്ഥാപിച്ച യൂണിറ്റിന്റെ കപ്പാസിറ്റി, ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പ്രസ്തുത പദ്ധതിയിൽ 523 സർക്കാർ ഓഫീസുകളിൽ/സ്കൂളുകളിൽ 12.755 MW-ന്റെ സൗരനിലയങ്ങൾ സ്ഥാപിച്ചു. 1 KW ന് 45,000/- രൂപ എന്ന നിരക്കിൽ 12.755 MW ന് 57,39,75,000/- (12.755 x 1000 x 45000 = 57,39,75,000/-) രൂപ ചെലവായി. ഇതിൽ 437 നിലയങ്ങൾ (7.5 MW) കമ്മീഷൻ ചെയ്തു. പ്രസ്തുത പദ്ധതിയിൽനിന്നും 30,000 യൂണിറ്റ് പ്രതിദിനം ഉല്പാദിപ്പിക്കുന്നു.

(ഡി) കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സൗഹാർദ്ദപരമല്ലാത്ത സമീപനം ഉപഭോക്താക്കളെ ഈ പദ്ധതിയിൽനിന്നും അകറ്റുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് ഉപഭോക്താക്കളെ സഹായിക്കാൻ പ്രത്യേക പരിശീലനം ലഭിച്ച

ഉദ്യോഗസ്ഥന്മാരടങ്ങുന്ന ഹെൽപ് ഡെസ്കുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഉപഭോക്താക്കളെ സഹായിക്കാൻ സെക്ഷൻതലത്തിൽ 'സൗര' കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സർക്കിൾതലത്തിൽ എല്ലാ സർക്കിളിലും SC&M അസിസ്റ്റന്റ് എഞ്ചിനീയറെ സൗര പുരപ്പുറ പദ്ധതിയുടെ മോണിറ്ററിംഗിനും ഇംപ്ലിമെന്റേഷനുമായി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ പുരോഗതി അറിയാൻ E-Kiran പോർട്ടൽ വികസിപ്പിച്ച് ജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി 1912 എന്ന ടോൾ ഫ്രീ നമ്പരും രണ്ട് ഹെൽപ് ഡെസ്ക് നമ്പറുകളും (9496018370/9496266631) നൽകിയിട്ടുണ്ട്. ഇവർ രജിസ്ട്രേഷനെയും ഡെവലപ്പറെയും സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുകയും ഈ മേഖലയിലെ എല്ലാ വിവരങ്ങളും ഉപഭോക്താവിന് നൽകുകയും ചെയ്യുന്നു.

## പുരപ്പുറ സോളാർ പദ്ധതി

234 (4324) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരപദ്ധതിയിലുൾപ്പെടുത്തി പുരപ്പുറ സോളാർ സ്ഥാപിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതിശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് 'സൗര'. സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽനിന്നും ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. 'സൗര' പുരപ്പുറ സോളാർ പദ്ധതി രണ്ടുഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ് 'ഫേസ്-I നോൺ സബ്സിഡി സ്കീം'. ഈ പദ്ധതിയിൽ നിലവിൽ 21.4 MW ന്റെ 1837 നിലയങ്ങൾ പൂർത്തീകരിച്ചു. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ്. ഇതിൽ 1 മുതൽ 3 KW ശേഷി വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിന് 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്രസർക്കാർ

നൽകുന്നത്. 10 KW-ന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-ന് മുകളിൽ 500 KW വരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ നിലവിൽ 41.56 MW-ന്റെ 11334 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 34.28 MW-ന്റെ 9409 നിലയങ്ങൾ കമ്മീഷൻചെയ്തു.

പദ്ധതിക്കായി ആദ്യ ടെണ്ടർ മുഖാന്തരം 3 ഡെവലപ്പർമാരെയാണ് തെരഞ്ഞെടുത്തത്. തുടർന്ന് പദ്ധതി ഊർജ്ജിതമാക്കാൻ രണ്ടാമത്തെ ടെണ്ടർ വഴി 7 ഡെവലപ്പർമാരെയും മൂന്നാമത്തെ ടെണ്ടർവഴി 33 ഡെവലപ്പർമാരേയുംകൂടി എം-പാനൽ ചെയ്ത് പദ്ധതി പുരോഗമിക്കുന്നു. കൂടാതെ ഡെവലപ്പർമാരുടേയും ഇൻവെർട്ടർ നിർമ്മാതാക്കളുടേയും യോഗങ്ങൾ നടത്തുകയുണ്ടായി. പൊതുജനങ്ങൾക്ക് പദ്ധതിയുടെ വിശദാംശങ്ങൾ ബോദ്ധ്യപ്പെടുത്താനും പദ്ധതിയിൽ ചേരാനുമായി എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളും കേന്ദ്രീകരിച്ച് സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയുണ്ടായി. സമൂഹമാധ്യമങ്ങൾവഴി പദ്ധതിയെക്കുറിച്ച് ജനങ്ങളെ അറിയിക്കുകയുണ്ടായി. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനായി ട്രാക്കിംഗ് സംവിധാനത്തോടെ E-Kiran മാനേജ്മെന്റ് പോർട്ടൽ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. 'സൗര' പദ്ധതി

വേഗത്തിലാക്കാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സഹകരണവും ഉറപ്പാക്കുന്നുണ്ട്.

സൗര പുരപ്പുറ പദ്ധതിയിൽ ആകെ 62.96 MW ശേഷിയുടെ 13171 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 44.44 MW-ന്റെ 10911 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

'സൗര' പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി പദ്ധതിയിലുൾപ്പെടുത്തി എത്ര പുരപ്പുറ സോളാർ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഗാർഹിക ഉപഭോക്താക്കൾക്കുള്ള പുരപ്പുറ സോളാർ സബ്സിഡി പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 41.56 MW-ന്റെ 11334 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 34.28 MW-ന്റെ 9409 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 292 വീടുകളിലായി ആകെ ഒരു മെഗാവാട്ട് ഉല്പാദനശേഷി വരുന്ന സൗരോർജ്ജ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചു.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

235 (4325) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 572 മെഗാവാട്ടാണ്. കൂടാതെ അനെർട്ട് മുഖേന 17.2 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ വൈദ്യുതി പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിക്കായി 'സൗര' സ്കീം വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുരപ്പുറ സൗരോർജ്ജ പദ്ധതിയായ 'സൗര' സ്കീം വഴി നിലവിൽ 62.96 മെഗാവാട്ട് ശേഷിയുടെ 13171 നിലയങ്ങൾ പൂർത്തീകരിച്ചതിൽ 44.44 മെഗാവാട്ടിന്റെ 10911

നിലയങ്ങൾ ഊർജ്ജോല്പാദനം ആരംഭിച്ചുകഴിഞ്ഞു. അനെർട്ട് മുഖേന ഒരു മെഗാവാട്ട് ഉല്പാദനശേഷി വരുന്ന 292 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പുരപ്പുറ സോളാർ പദ്ധതി

236 (4326) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജം സംഭരിച്ച് വൈദ്യുതിയാക്കുന്ന പുരപ്പുറ സോളാർ വൈദ്യുത പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടെ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയം (MNRE) നിശ്ചയിച്ചിട്ടുള്ള സബ്സിഡി ആനുകൂല്യങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും

തുടർന്നുള്ള ഓരോ കിലോവാട്ടിനും 20% സബ്സിഡിയുമാണ് നൽകിവരുന്നത്. 10 കിലോവാട്ടിനുമുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് 10 കിലോവാട്ടിന് മുകളിൽ 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുവെന്നും അതിൽ എത്ര നേടാനായെന്നും വ്യക്തമാക്കുമോ?

കേരളമൊട്ടാകെ 200 മെഗാവാട്ട് സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയം (MNRE), കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകിയിരിക്കുന്നത്.

കെ.എസ്.ഇ.ബി.എൽ. മുഖേന കോഴിക്കോട് ജില്ലയിൽ 1914 കിലോവാട്ട് ശേഷിയുടെ 517 സൗരനിലയങ്ങളും അനെർട്ട് മുഖേന 30 കിലോവാട്ട് ശേഷിയുള്ള 7 പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി വിപുലമായ പ്രചാരണം നൽകി ജനകീയമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സോളാർപദ്ധതി ജനകീയമാക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സമയബന്ധിതമായ പദ്ധതി പൂർത്തീകരണത്തിന് ട്രാക്കിംഗ് സംവിധാനത്തോടുകൂടി ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി ജനകീയമാക്കാൻ കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനുകളും കേന്ദ്രീകരിച്ച് സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും മീറ്റർ അലോക്കേഷൻ, പവർ ക്വാളിറ്റി ടെസ്റ്റിംഗ് എന്നിവ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ 50 കിലോവാട്ട് വരെയുള്ള നിലയങ്ങൾക്ക് PQ ടെസ്റ്റിംഗ് നടപടികൾ ലഘൂകരിച്ചു. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനുവേണ്ടി സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടെയും അവലോകനങ്ങൾ സംഘടിപ്പിക്കുകയും പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തുവരുന്നു.

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പദ്ധതി ജനകീയമാക്കുന്നതിനുവേണ്ടി 'സൗരതേജസ്സ്' എന്നപേരിൽ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചുവരുന്നു.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

237 (4327) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി പുരപ്പുറ സൗരോർജ്ജ പാനലുകൾ എത്രയെണ്ണം ആരംഭിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന 62.96 മെഗാവാട്ട് ശേഷിയുടെ 13171 നിലയങ്ങളും അനെർട്ട് മുഖേന ഒരു മെഗാവാട്ട് ശേഷിയുടെ 292 നിലയങ്ങളും പൂർത്തീകരിച്ചു.

(ബി) ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിവഴി കെ.എസ്.ഇ.ബി.എൽ.-മുഖേന 4444 മെഗാവാട്ടിന്റെ വൈദ്യുതിയും അനെർട്ട് മുഖേന ഒരു മെഗാവാട്ട് വൈദ്യുതിയും അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.-യുടെ ഈ മാതൃക പദ്ധതിക്ക് റഗുലേറ്ററി കമ്മീഷന്റെ നിലപാടുമൂലം തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ തടസ്സങ്ങളൊന്നുംതന്നെ നേരിട്ടിട്ടില്ല.

**മൈലാട്ടിയിൽ സൗരോർജ്ജ നിലയം**

238 (4328) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

(എ & ബി) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സൗരോർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പി.എം. കുസും പദ്ധതിയുടെ (കംബോണന്റ്-സി, പാർട്ട്-II) ഫീഡർതല സൗരോർജ്ജവൽക്കരണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 21 ഇടങ്ങളിലായി ആകെ 11 MW സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 20-04-2022-ൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിൽ കാസർഗോഡ് ജില്ലയുടെ മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് 1.5 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നത്

ബോർഡ് അംഗീകരിച്ചിട്ടുണ്ട്. 30-05-2022-ൽ ടെണ്ടർ തുറന്നു. ഇതിന്റെ തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

**സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പ്ലാന്റുകൾ**

239 (4329) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഓഫീസുകളിലാണെന്നും അവയുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ?

(എ & ബി) 06-08-2020-ലെ G.O.(Rt) No.87/2020/PWR പ്രകാരം, സർക്കാർ കെട്ടിടങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ വാമനപുരം നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

**ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ**

240 (4330) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായി വൈദ്യുതിവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചീഫ് വിജിലൻസ് ഓഫീസറുടെ കീഴിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (എ.പി.റ്റി.എസ്.) പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തിരുവല്ല, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളുടെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ സതേൺ റീജിയൺ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളുടെ സ്ക്വാഡുകൾ നോർത്തേൺ റീജിയൺ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ജില്ല യൂണിറ്റുകൾ ഇരുന്നൂറിലധികം പരിശോധനകൾ എല്ലാ മാസങ്ങളിലും വൈദ്യുതി

ഉപഭോക്താക്കളുടെയടുത്ത് നേരിട്ട് നടത്തുന്നുണ്ട്. കൂടാതെ ഡിവിഷൻ സ്ക്വാഡ്, സബ് ഡിവിഷൻ സ്ക്വാഡ്, സെക്ഷൻ സ്ക്വാഡ് എന്നിവ നടത്തുന്ന പരിശോധനയിലൂടെ വൈദ്യുതി ദുരുപയോഗം കണ്ടെത്തുകയും പിഴ ഈടാക്കിവരികയും ചെയ്യുന്നുണ്ട്. അതോടൊപ്പം വൈദ്യുതി മോഷണത്തിന്റെ കൃത്യമായ വിവരം കൈമാറുന്ന പൊതുജനങ്ങൾക്ക് ബോർഡ് പാരിതോഷികം നൽകുന്നുണ്ട്.

(ബി) ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. എ.പി.റ്റി.എസ്.-ന്റെ പ്രവർത്തനങ്ങൾ അതത് മാസങ്ങളിൽ പരിശോധിക്കുകയും വിലയിരുത്തുകയും ശരാശരി ഉപഭോഗത്തിൽനിന്നും സ്പഷ്ടമായ വ്യതിയാനങ്ങൾ കാണപ്പെടുന്നവ പ്രത്യേക പരിഗണനയിൽപ്പെടുത്തി പരിശോധന നടത്തുകയും വൈദ്യുതി ക്രമക്കേടുകൾ, മോഷണം എന്നിവ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനായി ഫോൺ നമ്പരുകൾ എല്ലാ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) 2020-21, 2021-22 കാലയളവിൽ എത്ര വൈദ്യുതി മോഷണക്കേസുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ?

കഴിഞ്ഞ രണ്ടുവർഷങ്ങളിൽ സംസ്ഥാനത്തെ എ.പി.റ്റി.എസ്. കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശങ്ങളും ടി കാലയളവിൽ ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ സ്ക്വാഡുകളുടെ പരിശോധനയിൽ കണ്ടെത്തിയ വൈദ്യുതി മോഷണങ്ങളുടെ വിശദ വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വൈദ്യുതി മോഷണം കണ്ടെത്തിയാൽ വൈദ്യുതിനിയമം 2003 പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്. വൈദ്യുതി മോഷണം കണ്ടെത്തിയാലുടൻതന്നെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും മോഷണം നടന്ന സ്ഥലത്തുനിന്നും കണ്ടെത്തിയ തൊണ്ടിസാധനങ്ങൾ 'സ്വീഷർ മഹസറി'നോടൊപ്പം പോലീസ് സ്റ്റേഷനിൽ തുടർനടപടിക്കായി സമർപ്പിക്കുകയും ചെയ്യുന്നു. മേൽപ്രകാരം വൈദ്യുതിനിയമം 2003-ലെ സെക്ഷൻ 135 അനുസരിച്ച് കുറ്റക്കാർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികളെടുക്കാറുണ്ട്. കൂടാതെ നിയമപ്രകാരമുള്ള പിഴയും ചുമത്തുന്നുണ്ട്.

ഒരു ഉപഭോക്താവിന്റെ സ്ഥലത്തുനിന്നും വൈദ്യുതി മോഷണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദ്യതവണ കണ്ടെത്തിയാൽ ഉപഭോക്താവ് വൈദ്യുതി നിയമം, 2003-ലെ സെക്ഷൻ 152 പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസടയ്ക്കാൻ തയ്യാറായാൽ ക്രിമിനൽ നടപടികൾ ഒഴിവാക്കുന്നതാണ്. വീണ്ടും വൈദ്യുതി മോഷണം അതേസ്ഥലത്ത് കണ്ടെത്തുന്നപക്ഷം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയാണ് ചെയ്തുവരുന്നത്.

## വൈദ്യുതി ദുരുപയോഗം

241 (4331) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വൈദ്യുതി ദുരുപയോഗത്തിനും മോഷണത്തിനുമെതിരെ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 126, 135 പ്രകാരം ഏതെല്ലാം വൻകിട ഉപഭോക്താക്കൾക്കെതിരെ നടപടികൾ എടുത്തിട്ടുണ്ട്; ഇവരുടെ വിശദാംശം നൽകുമോ; ഇവരിൽനിന്നും എത്രരൂപ പിഴ ഈടാക്കിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

വൈദ്യുതി ദുരുപയോഗത്തിനും മോഷണത്തിനുമെതിരെ നടപടിയെടുത്ത വൻകിട ഉപഭോക്താക്കളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

## സംസ്ഥാനത്ത് വൈദ്യുതാഘാതമേറ്റ് മരണം

242 (4332) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതാഘാതമേറ്റുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

1. സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വിവിധ ലഘുചിത്രങ്ങളും മലയാള സിനിമയിലെ പ്രമുഖ നടനായ ശ്രീ. ടൊവിനോ തോമസിനെ ഉൾപ്പെടുത്തി ഒരു സന്ദേശ പരസ്യവും ടെലിവിഷൻ ചാനലുകൾ വഴിയും നവമാധ്യമ പ്ലാറ്റ്ഫോമുകൾ വഴിയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതി സുരക്ഷ വാരമായ 2022 ജൂൺ 26 മുതൽ ജൂലൈ 2 വരെ പ്രദർശിപ്പിക്കുകയുണ്ടായി.

2. വൈദ്യുതി സുരക്ഷ വാരത്തിൽ വൈദ്യുതി സുരക്ഷ സംബന്ധിച്ച് മലയാളം എഫ്.എം. റേഡിയോ ചാനലുകളായ ക്ലബ് എഫ്.എം., റെഡ് എഫ്.എം., റേഡിയോ മാംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്.എം. എന്നിവയിൽ ദിനംപ്രതി 8 തവണ 30 സെക്കന്റ് വീതമുള്ള പരസ്യം പ്രക്ഷേപണം ചെയ്യുകയുണ്ടായി. കൂടാതെ കെ.എസ്.ഇ.ബി. സുരക്ഷ വിഭാഗം ഡയറക്ടർ ഡോ. ആനന്ദ് എസ്. ആർ. വിവിധ എഫ്.എം. റേഡിയോ ചാനലുകളിൽ പ്രത്യേക സന്ദേശവും നൽകിയിട്ടുണ്ട്.

3. വൈദ്യുതി അപകടങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ അവശ്യംവേണ്ട ജാഗ്രത പാലിക്കുന്നതിന് അവബോധം നൽകുന്ന ശബ്ദസന്ദേശം കേരളത്തിലുടനീളം കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ സെക്ഷൻ കാര്യാലയങ്ങൾവഴിയും പൊതുജന മദ്ധ്യത്തിൽ വാഹന അറിയിപ്പായി നടപ്പിലാക്കുകയും ചെയ്തു.

4. വൈദ്യുതലൈനുകൾക്ക് സമീപം നിൽക്കുന്ന വൃക്ഷങ്ങളിൽനിന്നും വിളവെടുക്കുമ്പോഴും ലോഹനിർമ്മിത ഏണികൾ

ഉപയോഗിക്കുമ്പോഴും തേങ്ങ, ചക്ക, മാങ്ങ തുടങ്ങിയ ഫലാദികൾ ലോഹത്തോട്ടി ഉപയോഗിച്ച് അടർത്തുമ്പോഴും തോട്ടി, ഏണി എന്നിവ ലൈനിൽ തട്ടിയുണ്ടാകുന്ന അപകടങ്ങൾ ഗണ്യമായി കൂടിവരുന്നുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ ലോഹ തോട്ടികൾക്കുപകരം വൈദ്യുതി പ്രതിരോധശേഷിയുള്ള ഇൻസുലേറ്റഡ് മെറ്റീരിയലുകൾ ഉപയോഗിച്ചുള്ള തോട്ടികൾ ഉപയോഗിക്കുന്നതിനായി പൊതുജനങ്ങളെ പ്രേരിപ്പിക്കാനുള്ള ഉദ്യമം KSEBL-ന്റെ പരിഗണനയിലാണ്.

5. കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ മുഖേന വൈദ്യുതി സുരക്ഷയെ സംബന്ധിച്ച ലഘുരേഖകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. വിദ്യാർത്ഥികൾക്കിടയിൽ സുരക്ഷ ബോധവൽക്കരണം നടത്തുന്നതിനായി അദ്ധ്യാപക-വിദ്യാർത്ഥി വാട്ട്സാപ്പ് ഗ്രൂപ്പുകളിൽ ഒരാഴ്ചത്തെ പവർ പോയിന്റ് പ്രസന്റേഷൻ നടത്താനുള്ള നടപടിയും സ്വീകരിച്ചു.

6. പൊതുജനങ്ങളെ വൈദ്യുതിമൂലമുള്ള അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുന്നതിനായി വിദ്യാഭ്യാസം, ദുരന്ത നിവാരണ

വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് വിഭാഗങ്ങളുടെ സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്.

7. വൈദ്യുതിലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷ നടപടികളെക്കുറിച്ചുള്ള സുരക്ഷ മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷ നയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി ജീവനക്കാർക്കുവേണ്ടി സുരക്ഷ നയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

8. എല്ലാ ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിലും ELCB (Earth Leakage Circuit Breaker) സ്ഥാപിക്കുന്നതിനായി ബോധവൽക്കരണം നൽകിവരുന്നുണ്ട്.

9. ശക്തമായ കാറ്റ്, മഴ, മിന്നലോടുകൂടിയ ഇടി എന്നിവയുള്ളപ്പോൾ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.

**പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കായി നൽകുന്ന അറിയിപ്പ്**

- വൈദ്യുതിലൈൻ/സർവീസ്വയർ പൊട്ടിവീണ് കിടക്കുന്നത് കണ്ടാൽ യാതൊരു കാരണവശാലും സ്പർശിക്കരുത്. ബന്ധപ്പെട്ട

കെ.എസ്.ഇ.ബി. ഓഫീസിൽ അറിയിച്ച് പ്രസ്തുത ലൈൻ/സർവീസ് വയർ ഓഫ് ചെയ്തുവെന്ന് ഉറപ്പുവരുത്താതെ അതിനടുത്തേയ്ക്ക് പോകുകയോ സ്പർശിക്കുകയോ ചെയ്യരുത്. വെള്ളത്തിൽ വൈദ്യുതിലൈൻ പൊട്ടിവീണ് കിടക്കുന്നത് കണ്ടാൽ യാതൊരു കാരണവശാലും ആ വെള്ളത്തിൽ ചവിട്ടുകയോ സ്പർശിക്കുകയോ ചെയ്യരുത്.

- ശക്തമായ കാറ്റും മഴയും ഇടിമിന്നലുമുള്ളപ്പോൾ വൈദ്യുതിയുപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കരുത്. പ്ലഗ്ഗിൽ ഘടിപ്പിച്ചിരിക്കുന്ന എല്ലാ ഉപകരണങ്ങളും അതിൽനിന്നും ഊരിയിടുക.
- കാലവർഷക്കെടുതിമൂലം വൃക്ഷങ്ങളോ ശിഖരങ്ങളോ വീണ് കമ്പികൾ താഴ്ന്നുകിടക്കുവാനും പോസ്റ്റുകൾ ഒടിയുവാനും സാധ്യതയുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ, മറ്റു വൈദ്യുത അപകടങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ തൊട്ടടുത്ത കെ.എസ്.ഇ.ബി. ഓഫീസിൽ അല്ലെങ്കിൽ 1912 / സുരക്ഷാ എമർജൻസി 9496010101 എന്നീ നമ്പറിലോ വിളിച്ചറിയിച്ച് വിലപ്പെട്ട ജീവൻ രക്ഷിക്കുക.

(ബി) അപകടത്തിൽപ്പെടുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകിവരുന്നത്; അവ

സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് നല്കുന്ന ആശ്വാസധന സഹായം/നഷ്ടപരിഹാരം:

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള " വൈദ്യുതി സുരക്ഷ പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിക്കുന്ന ആശ്വാസ ധനസഹായം/നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊട്ടിവീണ കമ്പികളിൽനിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റുവരെ) സംഭവിക്കുന്ന അപകടങ്ങളിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് " വൈദ്യുതി സുരക്ഷ പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരമായി പരമാവധി 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് " വൈദ്യുതി സുരക്ഷ പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരമായിപരമാവധി രണ്ട് ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

3. മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ല മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 10 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

4. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ല മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന

സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി രണ്ട് ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

ഇതിനുപുറമെ ഉയർന്ന തുക നഷ്ടപരിഹാരം ലഭിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യങ്ങളിൽ കോടതി ഉത്തരവ്ുപ്രകാരം നഷ്ടപരിഹാരം നല്കുവാൻ ഉത്തരവ് ലഭ്യമാകുന്ന സാഹചര്യങ്ങളിൽ ടി ഉത്തരവ് പ്രകാരമുള്ള തുകയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു.

<u>ബോർഡ് ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം</u>

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/-രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ).

2. KSEB, Employees Welfare Fund (EWF)- ന്റെ അപകട ആശ്വാസധനസഹായ പദ്ധതി 2021 പ്രകാരം 10 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

3. വൈദ്യുതിബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപയും (ജൂലൈ 2021 മുതൽ 12 ലക്ഷം രൂപയും) ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (Long Term Settlement 2021).

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാച്ചെലവിനും അർഹതയുണ്ട്.

അഞ്ചുലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

<u>കരാർ തൊഴിലാളികൾക്കുള്ള മരണാനന്തര നഷ്ടപരിഹാരം.</u>

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/-രൂപ (ഏഴ് ലക്ഷത്തി അമ്പതിനായിരത്തി ഇരുന്നൂറ്റി എഴുപത്തഞ്ച്) മുതൽ 17,14,050/- രൂപ (പതിനേഴ് ലക്ഷത്തി പതിനാലായിരത്തി അമ്പത്) വരെ വ്യവസ്ഥകൾക്കുവിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ).

2. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021).

അഞ്ചുലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. അഞ്ചുലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച്

കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം അനുവദിക്കാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാരത്തുകയുടെ 12% പലിശയുൾപ്പടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

അപകടം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആശ്വാസ ധനസഹായം/നഷ്ടപരിഹാരം അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന് അതത് എക്സിക്യൂട്ടീവ് എൻജിനീയർമാരെ ചുമതലപ്പെടുത്തുകയും ലഭ്യമാകുന്നമുറയ്ക്ക് അർഹത പരിശോധിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നു.

**ചാത്തന്നൂർ മണ്ഡലത്തിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി**

243 (4333) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം സാധ്യമാകാത്ത വിധത്തിൽ ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് തുകയായ 25,33,934/- രൂപ വിനിയോഗിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 04-03-2022-ന് ഒടുക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണം സാധ്യമാകാത്ത വിധത്തിൽ പ്രത്യേക ഉത്തരവുകൾ നിലവിലില്ല. പ്രവൃത്തി ഉടൻ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മട്ടന്നൂർ വ്യവസായപാർക്കിലെ 110 കെ.വി സബ്സ്റ്റേഷൻ**

244 (4334) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ വ്യവസായ പാർക്കിൽ അനുവദിച്ച 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) മട്ടന്നൂർ വ്യവസായ പാർക്കിൽ അനുവദിച്ച 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. സബ്സ്റ്റേഷനുവേണ്ടിയുള്ള ലൈൻ നിർമ്മാണപ്രവൃത്തി 100 ശതമാനം പൂർത്തിയായിട്ടുണ്ട്. കൂടാതെ സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എക്യുപ്മെന്റ് ഫൗണ്ടേഷൻ 100 ശതമാനവും എക്യുപ്മെന്റ് ഇറക്ഷൻ 50 ശതമാനവും പൂർത്തിയായിട്ടുണ്ട്. ടി പദ്ധതി നവംബർ 2022-ഓടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കെ.എസ്.ഇ.ബി.-യിലെ താൽക്കാലിക നിയമനങ്ങൾ**

245 (4335) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം ഹെൽപ്പർമാരുടെയും ആയിരത്തി അഞ്ഞൂറ് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെയും തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് കുടുംബശ്രീ വഴി താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് ബോർഡ്

തീരുമാനിക്കുകയുണ്ടായോ; എങ്കിൽ ഇതിലേയ്ക്കായി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം വൈദ്യുതി ഭവനിൽ സർക്കാർ അംഗീകരിച്ച ദിവസ വേതനാടിസ്ഥാനത്തിൽ വിവിധ ഓഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായാണ് കുടുംബശ്രീ മിഷനുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഹെൽപ്പർമാരെ നിയോഗിക്കുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ദിനംപ്രതിയുള്ള ആവശ്യമനുസരിച്ചാണ് കുടുംബശ്രീ ഇതിനായി ആൾക്കാരെ നിയോഗിക്കുന്നത്. ഓരോ മാസവും നിറവേറ്റിയ തൊഴിൽദിനങ്ങൾ കണക്കാക്കിയുള്ള വേതനം കുടുംബശ്രീ മിഷന് നേരിട്ടാണ് നൽകുന്നത്. നിലവിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കുടുംബശ്രീ വഴി നിയോഗിക്കുന്നില്ല. വൈദ്യുതി ഭവനിൽ ഓഫീസ് അറ്റൻഡർമാരുടെ അനുവദിക്കപ്പെട്ടിട്ടുള്ള എണ്ണത്തിൽ കുറവുവരുന്ന എണ്ണം കുടുംബശ്രീ വഴി നികത്തുന്നതിനും താൽക്കാലിക ആവശ്യം കഴിയുമ്പോൾ ഇവരുടെ സേവനം നിർത്തലാക്കുന്നതിനുമാണ് ബോർഡ് ഉത്തരവുപ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ബോർഡ് ഉത്തരവിറക്കിയിട്ടില്ല.

(ബി) ബോർഡിലെ സ്ഥിരം ഒഴിവുകൾ യഥാസമയം പി.എസ്.സി. വഴിയും താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയും മാത്രമേ നടത്താൻ പാടുള്ളൂവെന്ന ചട്ടം നിലനിൽക്കെയാണോ ഇത്തരം നിയമനങ്ങൾ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

ബോർഡിലെ സ്ഥിരം ഒഴിവുവരുന്ന തസ്തികകളിൽ മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കെ.പി.എസ്.സി.) വഴി സ്ഥിരനിയമനവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനവും നടത്താനാകൂ. ദൈനംദിനാവശ്യങ്ങൾക്കുള്ള ജോലികൾ പുറംകരാർ വഴിയേ നിർവ്വഹിക്കാനാകൂ.

(സി) എത്രപേരെയാണ് ഇപ്രകാരം ഇതിനോടകം നിയമിച്ചിട്ടുള്ളതെന്നും റെഗുലേറ്ററി കമ്മീഷന്റെ അനുമതി കൂടാതെയാണോ നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

ചീഫ് എഞ്ചിനീയർ (സിവിൽ കൺസ്ട്രക്ഷൻ) സൗത്ത്, അംഗീകരിച്ച ഒരു വർഷത്തേയ്ക്കുവരുന്ന ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒരു ദിവസം 30 പേർ എന്ന ഉദ്ദേശക്കണക്കിൽ 300

പ്രവൃത്തിദിവസത്തേയ്ക്ക് 9000 തൊഴിൽദിനങ്ങളാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) കെ.എസ്.ഇ.ബി.-യിലെ സാങ്കേതിക പരിഷ്കാരങ്ങൾ പരിഗണിച്ച് മൂവായിരത്തോളം ഒഴിവുകളുള്ള മീറ്റർ റീഡർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് മുൻസർക്കാരിന്റെ കാലത്ത് തീരുമാനമെടുത്തിരുന്നോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മീറ്റർ റീഡിംഗിൽ പുതിയ സാങ്കേതികവിദ്യയുടെ ആവിർഭാവവും നൂതന പരിഷ്ക്ാരങ്ങളും നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ 23-02-2018-ൽ ബോർഡ് പുറപ്പെടുവിച്ച ഉത്തരവ് നമ്പർ B.O (DB) No.494/2018 (Estt.II/6718/2016) പ്രകാരം മീറ്റർ റീഡർ തസ്തികയുടെ എണ്ണം 1721-ൽനിന്നും 922 ആയി കുറയ്ക്കുകയുണ്ടായി.

(ഇ) ഇതിന്റെ ഭാഗമായി നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി 436 പേരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ആയത് മുൻ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തിരുന്നോ;

(എഫ്) ഈ തീരുമാനത്തിന് വിരുദ്ധമായി ഒഴിവുകളുടെ എണ്ണം ഇപ്പോൾ പകുതിയോളം വെട്ടിക്കുറയ്ക്കുകയുണ്ടായോ; എങ്കിൽ സ്ഥിരം ഒഴിവുകളിൽ നിയമനങ്ങൾ കുറയ്ക്കുകയും താൽക്കാലിക നിയമനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ഇ & എഫ്) കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ്‌ലൈൻസ് പ്രകാരം (Revamped Reforms Linked Results-Based Sector Scheme) Prepaid, സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ നൂതന പരിഷ്കാരങ്ങൾ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ഇവയെല്ലാം ബോർഡിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. മീറ്ററിംഗുമായി ബന്ധപ്പെട്ട് ഇത്തരം സ്ഥിതിമാറ്റത്തിലൂടെയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് കടന്നുപോകുന്നത്. മേൽസൂചിപ്പിച്ച സാഹചര്യത്തിൽ 07-10-2021-ൽ ബോർഡ് പുറപ്പെടുവിച്ച ഉത്തരവ് നമ്പർ-B.O(FTD) No.744/2021(No.EB4(C)/ Recruitment/ 21-22) പ്രകാരം 218 ഒഴിവ് കഴിച്ചുള്ള എല്ലാ ഒഴിവുകളും മാറ്റിവച്ചിരിക്കുകയാണ്. നിയമനനടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന 218 ഒഴിവുകൾക്കുപുറമേ ബാക്കി ഒഴിവുകൾ

കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുത്തില്ല.

## വൈദ്യുതി വേലി

246 (4336) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളിൽനിന്ന് തോട്ടംവിളകളും വീടുകളും സംരക്ഷിക്കാൻ വേലികെട്ടി അതിൽ വൈദ്യുതി കടത്തിവിടുന്നതിലൂടെ നിരപരാധികളായ വഴിയാത്രക്കാർ മരണപ്പെടുന്നത് വൈദ്യുതിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ നിയന്ത്രിക്കാനും അവസാനിപ്പിക്കുവാനും നഷ്ടപരിഹാരം വാങ്ങിനൽകുവാനും നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വൈദ്യുതി വേലികളിൽനിന്നും വഴിയാത്രക്കാർ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വേലികെട്ടി അതിലൂടെ വൈദ്യുതി കടത്തിവിടാൻ നിലവിൽ അംഗീകൃത കണക്ഷൻ കെ.എസ്.ഇ.ബി.ലിമിറ്റഡ് അനുവദിക്കുന്നില്ല. അനധികൃത വൈദ്യുതവേലി സ്ഥാപിക്കൽ ഇലക്ട്രിസിറ്റി ആക്റ്റ്, 2003-ന്റെ ഭാഗം xiv - കുറ്റങ്ങളും പിഴകളും - 135(1)(ഇ) വകുപ്പിന്റെ

പരിധിയിൽവരുന്നു. അനധികൃതമായാണ് ഉപഭോക്താക്കൾ ഇങ്ങനെയുള്ള വേലികളിൽ കണക്ഷൻ കൊടുക്കുന്നത്. ഇത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെടുമ്പോൾ അതിനനുസൃതമായ ശിക്ഷാനടപടികൾ പിഴ ചുമത്തുന്നതുൾപ്പെടെ അതത് സമയത്ത് സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ പൊതുജനങ്ങൾക്കുവേണ്ടത്ര ബോധവത്കരണം നടത്തുന്നതിനുള്ള പരസ്യ പ്രചരണം നൽകുന്നുണ്ട്. അനധികൃതവും നിയമവിരുദ്ധവുമായ പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരായി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികളും ശിക്ഷാനടപടികളും കൈക്കൊള്ളാറുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വൈദ്യുതി സുരക്ഷ പദ്ധതിപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും സംഭവിക്കുന്ന വൈദ്യുതി അപകടങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായത്തിന് അർഹതയുണ്ട്. അനധികൃതമായി വേലികെട്ടി അതിൽ വൈദ്യുതി കടത്തിവിടുന്നത് നിയമവിരുദ്ധവും ഉപഭോക്താവിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നുമാകയാൽ അത്തരം അപകടങ്ങൾക്ക് ആശ്വാസ ധനസഹായത്തിന് അർഹതയില്ല.

(ബി) സംസ്ഥാനത്ത് ഇത്തരം വൈദ്യുതിവേലികളിൽ കുടുങ്ങി എത്രപേരാണ് മരണപ്പെട്ടതെന്ന് വൈദ്യുതിവകുപ്പ് കണക്ക്

സൂക്ഷിക്കുന്നുണ്ടോ; മരണപ്പെട്ടവർക്ക് നാളിതുവരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് വൈദ്യുതാഘാതമേറ്റ് സംഭവിക്കുന്ന അപകടങ്ങൾ രണ്ടായി തരംതിരിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പ്രതിഷ്ഠാപനമെന്നും ഉപഭോക്താവിന്റെ പ്രതിഷ്ഠാപനമെന്നും വേർതിരിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും സംഭവിക്കുന്ന അപകടങ്ങൾക്ക് നിലവിൽ ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നു. ഉപഭോക്താവിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതിവേലിയുമായി സമ്പർക്കത്തിൽപ്പെട്ട് മരണം സംഭവിക്കുന്നവർക്ക് ആശ്വാസ ധനസഹായത്തിന് അർഹതയില്ല. അത്തരം അപകടങ്ങൾ സംഭവിക്കുന്നതിന് കാരണക്കാരായ ഉപഭോക്താക്കൾക്കെതിരായി പോലീസ് കേസ് രജിസ്റ്റർചെയ്ത് നിയമനടപടികളും ശിക്ഷാനടപടികളും കൈക്കൊള്ളാറുണ്ട്. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സ്മാർട്ട് വെബ്സൈറ്റിൽ കഴിഞ്ഞ രണ്ടുവർഷമായി സംസ്ഥാനത്ത് വൈദ്യുതവേലിയുമായി

സമ്പർക്കത്തിൽപ്പെട്ട് മുപ്പതോളംപേർ അപകടത്തിൽപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉപഭോക്തൃ പരിസരത്ത് പരിശോധന നടത്തുന്നതിനും അനധികൃതമായി വൈദ്യുതവേലി സ്ഥാപിക്കുന്നവർക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സഹകരണസംഘങ്ങൾ**

247 (4337) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി പൂർത്തിയായിട്ടും നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സഹകരണസംഘങ്ങൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

കാലാവധി പൂർത്തിയായിട്ടും നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സഹകരണ സംഘങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം**

1. ചിറയിൻകീഴ് താലൂക്ക് ഓട്ടോറിക്ഷ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1669
2. കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.റ്റി.197
3. ഊരൂട്ടമ്പലം ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1901
4. കാട്ടാക്കട മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1923
5. നെടുമങ്ങാട് ബ്ലോക്ക് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1219
6. തിരുവനന്തപുരം ഡിസ്ട്രിക്ട് മർച്ചന്റ് ലേബർ സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1315
7. നെടുമങ്ങാട് താലൂക്ക് മോട്ടോർ ആന്റ് ഓട്ടോറിക്ഷ സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1534
8. പൂങ്കുമൂട് റസിഡന്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം.റ്റി.1876
9. നെടുമങ്ങാട് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സഹകരണ

സംഘം ക്ലിപ്തം നമ്പർ.റ്റി.1635

10. ദി റീജിയണൽ ഹൗസിംഗ് ആന്റ് ബിൽഡിംഗ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4364

11. തിരുവനന്തപുരം ഡിസ്ട്രിക്ട് ഇലക്ട്രിക്കൽസ് ആന്റ് ഇലക്ട്രോണിക്സ് ടെക്നീഷ്യൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ. റ്റി.1881

12. മുരുക്കുംപുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.റ്റി.292

13. വിജയമോഹിനി മിൽ എംപ്ലോയീസ് സോഷ്യൽ വെൽഫയർ സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.390

14. തിരുവനന്തപുരം ഡിസ്ട്രിക്ട് അൺ എംപ്ലോയീസ് സോഷ്യൽ വെൽഫയർ സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1639

15. പെരിങ്ങമ്മല ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം

16. തിരുവനന്തപുരം ഡിസ്ട്രിക്ട് അൺ എംപ്ലോയീസ് ഗ്രാജ്ജുവേറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1885

17. മണ്ണന്തല വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം

18. ഉള്ളൂർ എസ്.സി/എസ്.റ്റി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം

19. ട്രാവൽ ആന്റ് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം

നമ്പർ.റ്റി.1574

20. മുടവൻമുഗൾ റസിഡന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.റ്റി.1612

21. എൻ.ആർ.ഐ ആന്റ് ആർ.ഐ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4497

22. തിരുവനന്തപുരം വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.റ്റി.1584

23. കെ.എസ്.എഫ്.ഇ സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.റ്റി.777

24. കൊല്ലയിൽ പഞ്ചായത്ത് അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1657

25. മുല്ലൂർ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.1699

26. തിരുവനന്തപുരം ലൂഥറൻ ചർച്ച് വർക്കേഴ്സ് ആന്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1777

27. പാറശ്ശാല റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1509

28. കാരോട് ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1897

29. പഴയ ഉച്ചക്കട ട്രേഡേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1845

30. പനയറക്കുന്ന് ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം

31. പള്ളിച്ചൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.റ്റി.677

32. മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.984

33. പള്ളിച്ചൽ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1523

34. ബാലരാമപുരം പഞ്ചായത്ത് റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.1649

35. അഞ്ചാലിക്കോണം റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം

36. നെയ്യാറ്റിൻകര ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ. റ്റി.385

37. മാന്നൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ. റ്റി. 1097

**കൊല്ലം**

1. പുനലൂർ എസ്.സി./എസ്.റ്റി.സഹകരണ സംഘം ക്ലിപ്തം നമ്പർ

ക്യൂ.489

2. അഞ്ചൽ ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.808

3. ഇടമുളയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2047

4. കൊല്ലം ജില്ലാ സ്റ്റോക്കിസ്റ്റ് & ഡിസ്ട്രിബ്യൂഷൻ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.1601

5. മൺട്രോതുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3977

6. കൊല്ലം എഫ്.സി.ഐ എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 879

7. തിരുമുല്ലാവാരം വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ1094

8. കൊല്ലം ജില്ലാ ഫാർമസിസ്റ്റ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 1477

9. താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2815

10. പോരുവഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1132

11. കുന്നത്തൂർ താലൂക്ക് റെസിഡൻസ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 1513

12. ശൂരനാട് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ 1438

**പത്തനംതിട്ട**

1. കുളനട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2133

2. പുന്നക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2660

3. പമ്പാവാലി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യൂ 446

4. നാറാണംമൂഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3910

5. കുമ്പളാംപൊയ്ക സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3526

6. ചെറുകോൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യൂ 488

7. വയലത്തല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1041

8. ചന്ദനപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2970

9. പഴകുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി റ്റി 64

10. പുല്ലാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1375

11. ചെങ്ങന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ 149

12. കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ 153

13. മൈലപ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 639

14. സീതത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യൂ 421

15. എലിമുള്ളുംപ്ലാക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

**ആലപ്പുഴ**

1. പള്ളിത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1252
2. പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1144
3. വയലാർ എസ്.സി.സി.എസ് ക്ലിപ്തം നമ്പർ എ 777
4. തകഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 958
5. കുട്ടനാട് താലൂക്ക് പ്രൈവറ്റ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് സഹകരണ സംഘം നമ്പർ 843
6. നെടുമുടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ 87
7. മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 707
8. ഈരേഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 190
9. കുടശ്ശനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 443
10. പാലമേൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4013
11. നൂറനാട് നോർത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1781
12. ആലപ്പുഴ ഡിസ്ട്രിക്റ്റ് ഗവൺമെന്റ് സർവന്റ്സ് ഹൗസിംഗ് സഹകരണ സംഘം എ 715
13. പുന്നപ്ര സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 181
14. ഉമയാറ്റുകര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 499
15. പുലിയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ 109

**കോട്ടയം**

1. കോട്ടയം മാർക്കറ്റിംഗ് സഹകരണ സംഘം കെ.363
2. കോട്ടയം എഫ്.സി.ഐ എംപ്ലോയീസ് സഹകരണ സംഘം കെ.654
3. സർവേ &ലാൻഡ് റെക്കോർഡ്സ് എംപ്ലോയീസ് സഹകരണ സംഘം കെ.350
4. കോട്ടയം ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ പ്രൊഡ്യൂസേഴ്സ് &SHG സഹകരണ സംഘം കെ.1171
5. കോട്ടയം ജില്ല ഗ്രാമീണ കൈത്തൊഴിലാളി വനിത സഹകരണ സംഘം കെ.1013
6. തൊടനാൽ സർവ്വീസ് സഹകരണ ബാങ്ക് 1351
7. മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം(ലിക്വിഡേഷനിലാണ്)
8. എം.ആർ.എം & പി.സി.എസ്
9. പാലാ മാർക്കറ്റിംഗ് സഹകരണ സംഘം
10. പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്ക് 3963
11. ഈരാറ്റുപേട്ട സർവ്വീസ് സഹകരണ ബാങ്ക് 1660
12. മൂന്നിലവ് സർവ്വീസ് സഹകരണ ബാങ്ക് 163

13. വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 785

14. കടുത്തുരുത്തി സി.ആർ.എം.പി.സി.എസ് 1397

15. എച്ച്.എൻ.എൽ. എംപ്ലോയീസ് സഹകരണ സംഘം കെ.653

16. വൈക്കം താലൂക്ക് ഫാർമിംഗ് &ട്രേഡിംഗ് സഹകരണ സംഘം

17. വൈക്കം താലൂക്ക് വനിത സഹകരണ സംഘം കെ.955

18. കരിപ്പാടം വനിത സഹകരണ സംഘം കെ.902

19. തലയോലപറമ്പ് വനിത സഹകരണ സംഘം കെ.982

20. വെള്ളൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം കെ.1050

21. ഉദയനാപുരം ഗ്രാമപഞ്ചായത്ത് വനിത സഹകരണ സംഘം

22. മുണ്ടക്കയം എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ സംഘം കെ.814

**ഇടുക്കി**

1. കേരള ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം നമ്പർ 4418

2. ദേവികുളം ബ്ലോക്ക് വനിത സഹകരണ സംഘം ഐ.266

3. മലനാട് വനിത സഹകരണ സംഘം ഐ.561

4. ദേവികുളം താലൂക്ക് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ഐ.156

**എറണാകുളം**

1. എറണാകുളം മിൽക്ക് പ്രോജക്ട് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 382
2. കേരള സ്റ്റേറ്റ് ഡിഫെൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4343
3. മട്ടാഞ്ചേരി എസ്.സി/എസ്.റ്റി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 131
4. പഞ്ചാബ് നാഷണൽ ബാങ്ക് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം 4350
5. ചെല്ലാനം എസ്.സി/എസ്.റ്റി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 692
6. ചെറായി ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 711
7. എറണാകുളം ജില്ല കോൺട്രാക്ടേഴ്സ് ആന്റ് ലേബേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1238
8. തിരുകൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസ്സസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1279

**തൃശ്ശൂർ**

1. പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 345

2. ഒല്ലൂർ സോഷ്യൽ വെൽഫയർ സഹകരണ സംഘം
3. പുത്തൂർ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ 1132
4. തൃശ്ശൂർ റീജിയണൽ വെഹിക്കിൾ ഓണേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1474
5. തൃശ്ശൂർ ജില്ല ടൂറിസം ആയുർവേദിക് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1200
6. മാടക്കത്തറ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 745
7. ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1087
8. മാള ഗ്രാമപഞ്ചായത്ത് റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1087
9. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 112
10. ഇരിങ്ങാലക്കുട മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1199
11. പറപ്പൂക്കര പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1109

**മലപ്പുറം**

1. പൊന്നാനി താലൂക്ക് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.342
2. താനൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1629
3. തിരൂർ താലൂക്ക് ഓട്ടോ ടാക്സി സഹകരണ സംഘം ക്ലിപ്തം നമ്പർ എം.723
4. പുത്തനത്താണി വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 722
5. പറപ്പൂർ റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 799
6. പെരിന്തൽമണ്ണ താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.270
7. പെരിന്തൽമണ്ണ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.738
8. മലപ്പുറം ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ &ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ എം.913
9. എടക്കര വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.524
10. കൊണ്ടോട്ടി വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.661
11. നെടിയിരുപ്പ് അഗ്രിക്കൾച്ചറൽ പട്ടികജാതി കോളനൈസേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്.1659
12. മോങ്ങം വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.716

**പാലക്കാട്**

1. ഒറ്റപ്പാലം താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1027
2. കുഴൽമന്ദം ബ്ലോക്ക് റൂറൽ ക്രെഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ പി 1321
3. പാലക്കാട് സഹകരണ റൂറൽ ക്രെഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ പി 1180
4. രാജീവ് ഗാന്ധി കോ-ഓപ്പറേറ്റീവ് റൂറൽ ക്രെഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ പി 1305
5. കർക്കിടാംകുന്ന് വനിത സഹകരണ സംഘം

**കോഴിക്കോട്**

1. മരുതോങ്കര അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2761
2. സ്വദേശി ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3048
3. വെഹിക്കിൾ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2959
4. താമരശ്ശേരി റൂറൽ ഹൗസിംഗ് സഹകരണ സംഘം
5. കോഴിക്കോട് താലൂക്ക് സഹകരണ കാർഷികോൽപ്പാദക സഹകരണ

വിപണന സംഘം (AGRICO) ക്ലിപ്തം നമ്പർ ഡി.3043

6. കുന്ദമംഗലം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി .2760

7. കോഴിക്കോട് താലൂക്ക് ലേബർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം

**വയനാട്**

1. മൂപ്പൈനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1835
2. വൈത്തിരി എസ്.സി. സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ.35

**കണ്ണൂർ**

1. പൂളക്കുറ്റി സർവ്വീസ് സഹകരണ ബാങ്ക്
2. പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി
3. തൊണ്ടിയിൽ വനിത സഹകരണ സംഘം
4. ഉളിക്കൽ പഞ്ചായത്ത് ഇന്ദിരാ പ്രിയദർശനി വനിതാ സഹകരണ സംഘം
5. തലശ്ശേരി താലൂക്ക് റബ്ബർ ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

6. മട്ടന്നൂർ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ-

ഓപ്പറേറ്റീവ് സൊസൈറ്റി

7. ചെറുകുന്ന് കണ്ണപുരം വനിത സഹകരണ സംഘം

8. മുഴപ്പിലങ്ങാട് പബ്ലിക് വെൽഫെയർ സഹകരണ സംഘം

9. കുറുമാത്തൂർ അഗ്രിക്കൾച്ചറൽ വെൽഫെയർ സഹകരണ സംഘം

10. കരിവെള്ളൂർ സോഷ്യൽ വർക്കേഴ്സ് വെൽഫെയർ സഹകരണ

സംഘം

11. കണ്ണൂർ ജില്ല ഓട്ടോമൊബൈൽ ആന്റ് ജനറൽ എൻജിനീയറിംഗ്

വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം

**കാസറഗോഡ്**

1. മുഗു സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.33(എഫ്.എഫ്)

2. കാസറഗോഡ് ജില്ല സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘം നമ്പർ

സി.325

3. ദേലമ്പാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.1368

(ബി) പ്രസ്തുത സംഘങ്ങൾക്ക് നിക്ഷേപ ഗ്യാരണ്ടി സ്കീമിൽനിന്നും തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 പ്രകാരം ലിക്വിഡേഷൻ ചെയ്യപ്പെട്ട സംഘങ്ങളിലെ ലിക്വിഡേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിക്ഷേപകർക്ക് പരമാവധി 2 ലക്ഷം രൂപ വരെ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ടി പരിധി 5 ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ബോർഡുകൾ കൈകാര്യം ചെയ്യുന്ന എംപ്ലോയീസ് പെൻഷൻ ഫണ്ട്, എംപ്ലോയീസ് വെൽഫെയർ ഫണ്ട്, നിക്ഷേപ ഗ്യാരണ്ടി ഫണ്ട്, സഹകരണ റിസ്ക് ഫണ്ട്, സഹകരണ വെൽഫെയർ ഫണ്ട് എന്നിവയിൽനിന്നും ഏതെങ്കിലും സ്ഥാപനങ്ങൾക്ക് വായ്പ/ഗ്രാന്റ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നമ്പർ.റ്റി.777
2. മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.984
3. ഹെൽത്ത് അമിനിറ്റീസ് മൾട്ടിപർപ്പസ് ഡിസ്ട്രിക്ട് സഹകരണ സംഘം

ക്ലിപ്തം നമ്പർ.ഡി.2738

4. ഫറോക്ക് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ.ഡി.2467

5. രാമനാട്ടുകര വനിത സഹകരണ അർബൻ സംഘം ക്ലിപ്തം നമ്പർ.ഡി.2742

6. ബേപ്പൂർ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ.ഡി. 2784

7. കുറുപ്പൻത്തറ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം. കെ 954

8. കോട്ടയം ആപ്കോസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം. കെ 921

9. കലനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.സി. 973

10. മുഉ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. സി. 33 (എഫ്എഫ്)

11. വടക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1826

12. പുന്നപ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.181

13. അത്തോളി സഹകരണ ആശുപത്രി

14. കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഫാംസ് ഫീഡ്സ് ആന്റ് അഗ്രോ ഇൻഡസ്ട്രിയൽ എസ്.സി.എസ്. ക്ലിപ്തം നമ്പർ.ഡി. 282

15. പൊന്ന്യം എസ്.സി.ബി. ക്ലിപ്തം നമ്പർ.എഫ്.1438

16. പുതുനഗരം എസ്.സി.ബി. ക്ലിപ്തം നമ്പർ പി 1108

17. അങ്ങാടിമോഗർ എസ്.സി.ബി. ക്ലിപ്തം നമ്പർ. 3373

18. ചെർപ്പുളശ്ശേരി പഞ്ചായത്ത് വനിത കാർഷിക ഉല്പാദന സംഭരണ സംസ്കരണ വിപണന ക്രെഡിറ്റ് സംഘം ക്ലിപ്തം നമ്പർ പി. 1281

19. നെല്ലയ പഞ്ചായത്ത് ഉല്പാദന എസ്.എസ്.വി.സി.സി.എസ്.

20. ചെറുപ്പുളശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ

21. കടങ്ങോട് പഞ്ചായത്ത് മൾട്ടി പർപ്പസ് സി.എസ്.ക്ലിപ്തം നമ്പർ ആർ.1121

22. ദ ചെറുപ്പുളശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം പി 1288

23. ദ സോനാപതി എസി.സി.ബി ക്ലിപ്തം നമ്പർ.കെ.387

24. പള്ളിത്തോട് എസി.സി.ബി ക്ലിപ്തം നമ്പർ.1252

25. വീരണകാവ് എസ്.സി.ബി ക്ലിപ്തം

26. കടകംപള്ളി എസ്.സി.ബി ക്ലിപ്തം നമ്പർ.3515

27. ദ റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ക്ലിപ്തം സി.361 (റെയ്ഡ്കോ)

(ഡി) വായ്പ നൽകിയിട്ടുണ്ടെങ്കിൽ നൽകിയ തുക, ലഭിച്ച സ്ഥാപനങ്ങൾ, പലിശനിരക്ക്, നാളിതുവരെയുള്ള തിരിച്ചടവ് എന്നീ

വിവരങ്ങൾ ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## സഹകരണഅംഗ സമാശ്വാസ പദ്ധതി

248 (4338) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിലെ മെമ്പർമാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കിയ സഹകരണ അംഗ സമാശ്വാസ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനായി നാദാപുരം മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ ധനസഹായം ലഭിച്ചിട്ടുള്ളവരുടെയും ഇനി ലഭിക്കാനുള്ളവരുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

ആകെ ലഭിച്ച അപേക്ഷകൾ - 223

ധനസഹായം ലഭിച്ചത് - 48

ധനസഹായം ലഭിക്കാനുള്ളത് - 175

ധനസഹായം ലഭിക്കാനുള്ളവരുടെയും ലഭിച്ചവരുടെയും പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്നേഹതീരം പദ്ധതി

249 (4339) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിയ സ്നേഹതീരം പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ ഏതൊക്കെ സഹകരണ സംഘങ്ങൾ വഴി എത്ര വായ്പകൾ നൽകിയെന്ന് നിയോജകമണ്ഡലം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വായ്പ തിരിച്ചടവിന് ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ?

(എ - സി) കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളും മത്സ്യവിപണന തൊഴിലാളികളും മത്സ്യസംസ്കരണ തൊഴിലാളികളും തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന വ്യാപാര മൂലധനത്തിനായി പണം കണ്ടെത്തുന്നതിന് കൂടുതലായി ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. മേൽവിഭാഗം

ജനങ്ങളെ ഭീമമായ പലിശ ഈടാക്കുന്ന പലിശക്കാരിൽനിന്നും ഒഴിവാക്കി സഹകരണ മേഖലവഴി ലളിതമായ നടപടിക്രമങ്ങളിലൂടെ വളരെ ചെറിയ പലിശമാത്രം ഈടാക്കി നിശ്ചിത കാലാവധിയുള്ള വായ്പയായിട്ടാണ് സ്നേഹതീരം വായ്പ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

ജനകീയ അടിത്തറയും സാമ്പത്തികശേഷിയുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ കുറഞ്ഞ പലിശനിരക്കിൽ തീരദേശവുമായി ബന്ധപ്പെട്ട് മത്സ്യമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വായ്പ പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

<u>പദ്ധതിലക്ഷ്യം</u>

തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യത്തൊഴിലാളികൾക്കും കുറഞ്ഞ പലിശനിരക്കിൽ ലോൺ അനുവദിച്ച്, അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുക.

<u>പദ്ധതി നിർവ്വഹണം</u>

1. തീരദേശം പ്രവർത്തന പരിധിയിലുള്ള പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ സാഫുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുക.
2. മത്സ്യബന്ധന തൊഴിലാളികളും മത്സ്യവിപണന തൊഴിലാളികളും

മത്സ്യസംസ്കരണ തൊഴിലാളികളുമാണ് സ്നേഹതീരം പദ്ധതിയുടെ ഗുണഭോക്താക്കൾ.

3. തീരദേശം പ്രവർത്തന പരിധിയുള്ള പ്രാഥമിക കാർഷിക സംഘങ്ങൾ സാഫിന് ക്യാഷ് ക്രെഡിറ്റ് വായ്പ നൽകുന്നു. സാഫിൽ അംഗത്വമെടുത്തിട്ടുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കായിരിക്കും ഈ പദ്ധതി പ്രകാരമുള്ള വായ്പ ലഭ്യമാക്കുന്നത്.
4. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പരമാവധി 50,000/- രൂപയായിരിക്കും വായ്പയായി ലഭിക്കുക.
5. തീരദേശം പ്രവർത്തന പരിധിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സാഫിന് 9% പലിശനിരക്കിൽ ഒരുവർഷ കാലാവധിക്ക് വായ്പ നൽകുന്നു. ഉപഭോക്താവിന് കുറഞ്ഞ നിരക്കിൽ പലിശ ലഭ്യമാക്കുന്നതിന് പലിശ സബ്സിഡി നൽകുന്ന വിഷയം ഫിഷറീസ് വകുപ്പിന് തീരുമാനിക്കാവുന്നതാണ്.

6. ഈ വായ്പാ തുക സാഫ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും മത്സ്യത്തൊഴിലാളികൾക്കും പ്രതിവാര തവണകളായി സാഫ്

നിശ്ചയിക്കുന്ന പലിശനിരക്കിൽ പുനർവായ്പ നൽകുന്നു.

7. പരമാവധി 10 ലക്ഷം രൂപ ഒരു സമയം വായ്പ നൽകുന്നതിന് വിനിയോഗിക്കാൻ ബാങ്കിന് അധികാരമുണ്ടാകും.

8. കേരളത്തിലെ തീരപ്രദേശവും കായലോരവുമുള്ള ജില്ലകളിലെ ബാങ്കുകളിലൂടെ, അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

## മുറ്റത്തെ മുല്ല വായ്പ പദ്ധതി

250 (4340) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടപ്പിലാക്കിവരുന്ന മുറ്റത്തെ മുല്ല വായ്പ പദ്ധതി സർക്കാർ ആവിഷ്കരിച്ച പദ്ധതി ആണോ; വിശദമാക്കാമോ?

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരുപരിധിവരെ അറുതിവരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ

പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പ പദ്ധതി.

ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. ബ്ലേഡ് പലിശക്കാരുടെയും സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളുടെയും സാമ്പത്തിക ചൂഷണത്തിൽ നിന്ന് സാധാരണക്കാരും പാവപ്പെട്ടവരുമായ ജനസമൂഹത്തെ മോചിപ്പിക്കുക.

2. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക.

3. ജനങ്ങളെ കൂടുതലായി സാമ്പത്തിക ഉൾചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക.

വായ്പ്ാരീതിയും സാമ്പത്തികവശവും

പദ്ധതി പ്രകാരം 1000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. നിലവിൽ കൊള്ളപ്പലിശക്കാരിൽനിന്നും എടുത്ത വായ്പ ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിനും വായ്പ നൽകാവുന്നതാണ്. 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകൾ ഈടാക്കിയാണ് തുക

അനുവദിക്കുന്നത്. പരമാവധി 52 ആഴ്ചകളാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത്, 1000 രൂപ വായ്പ എടുത്ത ഒരാൾ 1 വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം. 10 ആഴ്ചകളിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നൽകാവുന്നതാണ്.

വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്തൽ

വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റും പ്രാഥമിക കാർഷിക വായ്പ സംഘവും വായ്പക്കാരനും തമ്മിൽ ഒരു ത്രികക്ഷി സമ്മതപത്രം ഒപ്പിടുന്നു. ടി സമ്മത പത്രത്തിൽ ഒന്നാംകക്ഷി പ്രാഥമിക സഹകരണ സംഘവും രണ്ടാംകക്ഷി കുടുംബശ്രീ അംഗവും മൂന്നാംകക്ഷി വായ്പക്കാരനുമാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസത്തിലധികം മുടക്കുന്നപക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായിമാറ്റി അവരിൽനിന്നും വായ്പത്തുക വസൂലാക്കുന്നതിന് സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. കുടിശ്ശിക വായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യമുണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി

തുടർവർഷങ്ങളിൽ പുതുക്കി നൽകില്ല.

വായ്പ ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലേയും ഒന്നു മുതൽ മൂന്നുവരെ കുടുംബശ്രീ യൂണിറ്റുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുക. പ്രവർത്തനമികവും വിശ്വാസവുമുള്ള കുടുംബശ്രീ യൂണിറ്റുകൾക്കാണ് വായ്പ ചുമതല നൽകുക. കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രദേശത്തെ വായ്പ ആവശ്യക്കാരുടെ വീട്ടിലെത്തി പണം നൽകും. ആഴ്ചതോറും വീടുകളിലെത്തി തിരിച്ചടവ് തുക സ്വീകരിക്കുകയും ചെയ്യും. വായ്പ നൽകാനാവശ്യമായ സംഖ്യ കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് പരമാവധി 20 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ ക്യാഷ് ക്രെഡിറ്റ് വായ്പയായി അനുവദിക്കും.

(ബി) പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചത് എവിടെയാണെന്ന് അറിയിക്കാമോ?

2018-ൽ പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് "മുറ്റത്തെ മുല്ല" ആദ്യം നടപ്പിലാക്കിയത്.

(സി) പ്രസ്തുത പദ്ധതി സാധാരണ ജനങ്ങൾക്ക് എത്രമാത്രം പ്രയോജനം ചെയ്യുന്നുവെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിലെ പലിശ നിരക്ക് കുറയ്ക്കാൻ ആലോചിക്കുന്നുണ്ടോ;

(ഇ) മുറ്റത്തെ മുല്ല പദ്ധതി ആവിഷ്കരിച്ചതുവഴി സംസ്ഥാനത്ത് ബ്ലേഡ് മാഫിയയുടെ പീഡനം മൂലമുള്ള ആത്മഹത്യകൾ കുറഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

(സി-ഇ) ഒരു കാലത്ത് ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണമേഖലയിൽ വരുത്തിയിരുന്ന കഷ്ടനഷ്ടങ്ങൾ വളരെ വലുതായിരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകച്ചവടക്കാർ എന്നിങ്ങനെയുള്ളവർക്കിടയിലായിരുന്നു കൊള്ളപ്പലിശക്കാർ പ്രധാനമായും പ്രവർത്തിച്ചിരുന്നത്. സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രസ്ഥാനം എന്ന നിലയിൽ സഹകരണ പ്രസ്ഥാനത്തിന് ഈ ആപൽഘട്ടത്തിൽ ജനങ്ങളുടെ പ്രശ്നങ്ങളോട് മുഖം തിരിക്കാനായില്ല. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ വായ്പയെടുക്കുന്നതിന് വിമുഖത പുലർത്തുന്നവരുടേയും കൊള്ളപ്പലിശക്കാരിൽനിന്നും വായ്പയെടുത്ത് കടക്കെണിയിലായവരുടേയും വീട്ടുമുറ്റത്തുചെന്ന് ലളിതമായ നടപടിക്രമങ്ങളിലൂടെ ഏറ്റവും കുറഞ്ഞ പലിശയ്ക്ക് ലഘുവായ്പ നൽകുകയും ആഴ്ചതോറും ലഘുവായ തിരിച്ചടവിലൂടെ

വായ്പത്തുക ഈടാക്കുകയും ചെയ്യുന്ന പദ്ധതിയാണ് മുറ്റത്തെ മുല്ല വായ്പാ പദ്ധതി.

## അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീം

251 (4341) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീം പ്രകാരം സഹകരണ സംഘങ്ങൾക്ക് നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സൂക്ഷ്മകൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജൈവഉത്തേജന ഉല്പാദന യൂണിറ്റ് (വിത്തുല്പാദനം, ടിഷ്യു കൾച്ചർ നഴ്സറി), ജൈവവള ഉല്പാദനം, വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം, പാക്ക്ഹൗസ്, കാർഷിക പ്രാഥമിക പ്രവർത്തനങ്ങൾ (വൃത്തിയാക്കൽ, ഉണക്കൽ, തരംതിരിക്കൽ, ഗുണനിലവാരമനുസരിച്ച് തരംതിരിക്കൽ) സംഭരണ കേന്ദ്രങ്ങൾ (വെയർഹൗസ്, സിലോസ്, കോൾഡ് സ്റ്റോറേജ്), ഇ-മാർക്കറ്റിംഗ് സൗകര്യമുള്ള വിതരണ ശൃംഖല, യോഗ്യതയുള്ള ഇൻഫ്രാസ്ട്രക്ചർ പ്രൊജക്ടുകളിൽ സോളാർ പാനൽ നിർമ്മാണം, റൈസ് & ഫ്ലോർ മിൽ,

ഓയിൽ മിൽ, സുഗന്ധവ്യഞ്ജനങ്ങൾ പൊടിക്കുന്നത്, ശർക്കര/പഞ്ചസാര സംസ്കരണം തുടങ്ങിയവയാണ് യോഗ്യമായ പദ്ധതികൾ.

വൃത്തിയാക്കൽ, കല്ല് നീക്കം ചെയ്യൽ, ഗുണനിലവാരം അനുസരിച്ച് തരംതിരിക്കുക, പ്രാഥമിക സംസ്കരണത്തിനായി തോട് നീക്കുക, വാക്സിംഗ്, കണ്ടീഷനിംഗ്, പൊടിക്കൽ, കുതിർക്കൽ, പതംവരുത്തൽ, അരിച്ചെടുക്കൽ, ഉണക്കൽ, ഇ-റേഡിയേഷൻ, എണ്ണ, ഉല്പാദന ഉപകരണങ്ങൾ, ബാഷ്പീകരണ യന്ത്രങ്ങൾ, സെൻട്രിഫ്യൂഗേഷൻ ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ, ഉണക്കാനുള്ള യന്ത്രങ്ങൾ, പാക്കേജിംഗ്, സംഭരണ ടാങ്കുകൾ മുതലായ അനുബന്ധ പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് പ്രസ്തുത സ്കീം പ്രകാരം ലോൺ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ ചുവടെ ചേർക്കുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് പ്രസ്തുത സ്കീം പ്രകാരം ലോൺ അനുവദിച്ചിട്ടുണ്ട്.

1. ഏറാമല സർവീസ് സഹകരണ ബാങ്ക്
2. കൊടിയത്തൂ സർവീസ് സഹകരണ ബാങ്ക്
3. പെരുമണ്ണ സർവീസ് സഹകരണ ബാങ്ക്
4. തിരുവമ്പാടി സർവീസ് സഹകരണ ബാങ്ക്

5. കക്കുർ സർവീസ് സഹകരണ ബാങ്ക്

6. കാവനൂർ സർവീസ് സഹകരണ ബാങ്ക്

7. കട്ടിപ്പാറ സർവീസ് സഹകരണ ബാങ്ക്

8. ചെറുവണ്ണൂർ സർവീസ് സഹകരണ ബാങ്ക്

(സി) പ്രസ്തുത സ്കീം പ്രയോജനപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജില്ലകളിൽ പദ്ധതിയുടെ നടത്തിപ്പിനായി മാസ്റ്റർ ട്രെയിനേഴ്സായി കേരള ബാങ്ക് ജില്ലാതല ഉദ്യോഗസ്ഥരെയും സഹകരണ വകുപ്പുദ്യോഗസ്ഥരെയും നിയമിച്ച് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും വെബിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയും സ്കീമിനെ സംബന്ധിച്ച വിശദമായ വിവരം എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും നൽകുകയും കൺസ്യൂമർഫെഡ്, മാർക്കറ്റ്ഫെഡ്, റബ്ബർ മാർക്ക് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളെ സഹകരണ വകുപ്പിന്റെ ആസ്ഥാനത്ത് നേരിട്ടുവിളിച്ച് പദ്ധതി സംബന്ധിച്ച് വിശദീകരിക്കുകയും സംഘങ്ങൾക്ക് പ്രസ്തുത സ്കീം പ്രകാരം കൂടുതൽ പ്രോജക്ടുകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**സഹകരണ മേഖലയിലെ പദ്ധതികൾ**

252 (4342) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ദെലീമ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയുടെ വളർച്ചയ്ക്കും സഹകരണ സ്ഥാപനങ്ങളുടെ ജനകീയ അടിത്തറ വിപുലീകരിക്കുന്നതിനും ഉതകുന്ന എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് സഹകരണ മേഖലയുടെ വളർച്ചയ്ക്കും സഹകരണ സ്ഥാപനങ്ങളുടെ ജനകീയ അടിത്തറ വിപുലീകരിക്കുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാന സഹകരണ മേഖലയിൽ നിലവിലുണ്ടായിരുന്ന ത്രിതല സംവിധാനത്തിന് പകരം ദ്വിതല സംവിധാനത്തിലേയ്ക്ക് സംസ്ഥാനത്തെ സഹകരണ മേഖലയെ മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി കേരള ബാങ്ക് രൂപീകരിച്ചു. കേരള ബാങ്കിനെ ഒരു Technology Driven പുതുതലമുറ ബാങ്കായി മാറ്റുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. 31-03-2022-ന് മുമ്പ് ബാങ്കിൽ CBS നടപടികൾ പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ആഡിറ്റ് മൊഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻവഴി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള

മൊഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണസംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി 14 ജില്ലകളിലും വ്യാപിപ്പിച്ചു.

കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളും മത്സ്യവിപണന തൊഴിലാളികളും തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന വ്യാപാര മൂലധനത്തിനായി പണം കണ്ടെത്തുന്നതിന് കൂടുതലായി ആശ്രയിക്കുന്നത് ബ്ലേഡ്

പലിശക്കാരെയാണ്. മേൽവിഭാഗം ജനങ്ങളെ ഭീമമായ പലിശ ഈടാക്കുന്ന ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി സഹകരണമേഖല വഴി ലളിതമായ നടപടിക്രമങ്ങളിലൂടെ ലഭ്യമാക്കുന്ന വായ്പ പദ്ധതിയായ "സ്നേഹതീരം വായ്പ പദ്ധതി" ആവിഷ്കരിച്ചിട്ടുണ്ട്.

കേരള സഹകരണ നിയമം വകുപ്പ് 56(1)സി, ചട്ടം 53 എ എന്നിവ പ്രകാരം രൂപീകൃതമായ കേരള സഹകരണഅംഗ സമാശ്വാസനിധിയിലൂടെ ഗുരുതരരോഗം ബാധിച്ചിട്ടുള്ള സഹകാരികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.

അശരണരായ മുതിർന്ന സഹകാരികൾക്ക് സഹായമായി പ്രഖ്യാപിച്ച സഹകരണം സാന്ത്വനം പദ്ധതി നടപ്പിലാക്കിവരുന്നു. ഭിന്നവിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ പദ്ധതി ആരംഭിച്ചു.

ഉത്സവകാലങ്ങളിൽ ത്രിവേണി സൂപ്പർമാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സർക്കാർ ധനസഹായത്തോടുകൂടി സബ്സിഡി വിപണി കൺസ്യൂമർഫെഡ് നടത്തിവരുന്നു. സ്കൂൾ സീസണിൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റുകൾ നടത്തിവരുന്നു.

കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ അംഗസംഘങ്ങൾ വഴി താഴ്ന്നവരുമാനക്കാർക്കും ഇടത്തരം വരുമാനക്കാർക്കും (EWS, LIG) ഭവന വായ്പകൾ നൽകിവരുന്നു.

പുനർജ്ജനി പദ്ധതിയിലൂടെ ധനസഹായ ചട്ടങ്ങൾക്കുവിധേയമായി പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും പുനരുദ്ധരിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു.

സംസ്ഥാനത്തൊട്ടാകെ 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചു. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും യുവജനങ്ങളുടെ സാമ്പത്തിക-സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് അതിവേഗം വളർന്നുവരുന്ന അനന്തസാധ്യതയുള്ള ടൂറിസം മേഖലയിൽ സഹകരണ സ്ഥാപനങ്ങളും സംരംഭങ്ങളും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് അതിവേഗം വളർന്നുവരുന്ന അനന്തസാധ്യതയുള്ള ടൂറിസം മേഖലയിൽ സഹകരണ സ്ഥാപനങ്ങളും സംരംഭങ്ങളും വ്യാപിപ്പിക്കുന്നതിനായി മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു.

അപ്രതീക്ഷിതമായി ടൂറിസം മേഖലയെ സ്തംഭിപ്പിച്ച കോവിഡ് 19 മഹാമാരി, സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽനിന്നും സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവരുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അതിലൂടെ ടൂറിസം വികസനം സാധ്യമാക്കുന്നതിനും വരുന്ന 5 വർഷത്തേയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണ മേഖലയിലെ ഉല്പന്നങ്ങൾ വിനോദസഞ്ചാരികൾക്ക് അടുത്തറിയുന്നതിനും വിൽപ്പന നടത്തുന്നതിനുമായി ടൂറിസം-സഹകരണ സംയുക്ത സംരംഭം രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി)ടൂറിസം സഹകരണ സംഘങ്ങളെ പലവക സംഘങ്ങളിൽ ഉൾപ്പെടുത്തി പ്രാദേശികമായ സാധ്യതകൾക്കുതകുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ടൂർഫെഡിന്റെ പ്രത്യേക പദ്ധതികൾക്കും മെച്ചമായ രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽക്കൂടി വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടി സ്വീകരിച്ചു.

## കേരള ബാങ്ക് നിയമനങ്ങൾ

253 (4343) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ പി.എസ്.സി. മുഖേന ക്ലാർക്ക്/കാഷ്യർ തസ്തികയിലേയ്ക്കുള്ള നോട്ടിഫിക്കേഷൻ വിളിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ വർഷമെങ്കിലും പ്രസ്തുത തസ്തികകൾ പി.എസ്.സി. മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കേരള ബാങ്ക് നിലവിൽ വരുന്നതിനുമുൻപ് മുൻജില്ലാസഹകരണ ബാങ്കുകൾ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകൾ നിലവിലുണ്ടെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ ബാങ്കിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി ബാങ്കും പി.എസ്.സി.-യും തമ്മിൽ ചർച്ച നടത്തിവരികയാണ്. ഒഴിവുകൾ താമസംവിനാ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) കേരള ബാങ്കിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികളുമായി കേരള ബാങ്ക് ഭരണസമിതി മുന്നോട്ട് പോകുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കേരള ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് നടപടി

254 (4344) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാർക്കും സംരംഭകർക്കും ആവശ്യമുള്ള പ്രവർത്തന മൂലധനമടക്കം ലഭ്യമാക്കുന്നതിന് കേരള ബാങ്ക് എത്രത്തോളം പങ്കുവഹിക്കുന്നുണ്ട്; സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക്

കാർഷികാവശ്യത്തിനായി പ്രവർത്തന മൂലധനമായി കിസാൻ ക്രെഡിറ്റ് കാർഡ് (KCC) വായ്പകൾ അനുവദിച്ചുവരുന്നു. കൂടാതെ ദീർഘകാല കാർഷിക വായ്പകളും സംരംഭങ്ങൾക്കായി അനുവദിച്ചുവരുന്നു. മൈക്രോ ഫുഡ് പ്രോസസിംഗ്, MSME, കർഷക സംഘടന വായ്പകൾ (FPO) മുതലായ വായ്പ പദ്ധതികളും PACS വഴി കർഷകർക്ക് അനുവദിച്ചുവരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിലേക്കായി നബാർഡ് മുഖേന PACS as MSC എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം നബാർഡിൽനിന്നും 3% പലിശ സബ്സിഡി ലഭ്യമാക്കി 4% പലിശയ്ക്ക് 7 വർഷ കാലാവധിക്ക് സംഘം നടപ്പിലാക്കുന്ന പദ്ധതിയുടെ 90% വരുന്ന തുക അവശ്യാനുസരണം വായ്പയായി അനുവദിച്ചുവരുന്നു. കൂടാതെ കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതിയും (AIF) നടപ്പിലാക്കിവരുന്നു. ടി പദ്ധതിയെ PACS as MSC എന്ന പദ്ധതിയുമായി കോർത്തിണക്കി AIF പദ്ധതിയുടെ 3% പലിശ സബ്സിഡിയോടുകൂടി സംഘങ്ങൾക്ക് ലഭ്യമാക്കി 1% പലിശനിരക്കിൽ സംഘങ്ങൾക്ക് വായ്പ അനുവദിച്ചുവരുന്നു. PACS as MSC പദ്ധതി പ്രകാരം

സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 154 കോടി രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ 500-ലധികംവരുന്ന സഹകരണ സംഘങ്ങളെ ഇത്തരത്തിൽ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നു.

(ബി) കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ആർ.ബി.ഐ. മാനദണ്ഡങ്ങൾക്കനുസൃതമായി കുറച്ചുകൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എൻ.ആർ.ഐ. ഡെപ്പോസിറ്റിനുള്ള ആർ.ബി.ഐ.-യുടെ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി RBI മാനദണ്ഡങ്ങൾക്കനുസൃതമായി കുറച്ചുകൊണ്ടുവരുന്നതിന് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ബാങ്കിന്റെ റിക്കവറി പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിന് റിക്കവറി ആക്ഷൻ പ്ലാൻ നടപ്പിലാക്കുകയും അപ്രകാരം ചിട്ടയായ പ്രവർത്തനം നടത്തുകയും ചെയ്യുന്നു.
2. കുടിശ്ശികയായിട്ടുള്ള വായ്പകൾ പലിശയിളവ് നൽകി തീർപ്പാക്കുന്നതിനായി സർക്കാർ പദ്ധതിയായ നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ

റിക്കവറി മാനേജ്മെന്റ് പോളിസി കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം എന്ന പദ്ധതിയും കേരള ബാങ്കിൽ നടപ്പിലാക്കിയിരിക്കുന്നു.

എൻ.ആർ.ഐ. ഡെപ്പോസിറ്റിനുള്ള ആർ.ബി.ഐ.-യുടെ അനുമതി ലഭ്യമാക്കുന്നതിന് ബാങ്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. വിഷയം RBI-യുടെ പരിഗണനയിലാണ്.

(സി) കോർബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് കേരള ബാങ്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്നത്തേക്ക് നടപടികൾ പൂർത്തിയാക്കാൻ കഴിയും; വ്യക്തമാക്കാമോ?

കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് കേരള ബാങ്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ബാങ്കിംഗ് രംഗത്തെ ആധുനിക സോഫ്റ്റ്‌വെയർ ആയ ഫിനാക്കിൾ കേരള ബാങ്കിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. ഇതിനായി M/s. വിപ്രോയെ വെണ്ടറായി തിരഞ്ഞെടുത്തു. ഓമ്നി ചാനലിന്റെ വെണ്ടറായി M/s. ഇൻഫ്ര സോഫ്റ്റ്‌വെയറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോർ ബാങ്കിംഗ് ഏകീകരണത്തിനും മറ്റ് ഡിജിറ്റൽ സേവനങ്ങൾക്കും മാത്രമായി എറണാകുളത്തെ കാക്കനാട് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. കൂടാതെ ഡയറക്ടർ ബോർഡിന്റെ മേൽനോട്ടത്തിൽ പി.എം.യു. നേരിട്ട് നിരീക്ഷിക്കുന്നു. കോർ

ബാങ്കിംഗുമായി ബന്ധപ്പെട്ട മുഴുവൻ ജോലികളും താമസംവിനാ പൂർത്തിയാക്കുന്നതാണ്.

## അക്രെഡിറ്റഡ് ഏജൻസികൾക്കുള്ള ഇളവ്

255 (4345) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അക്രെഡിറ്റഡ് ഏജൻസികളായ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ടെണ്ടറിൽ പങ്കെടുക്കുമ്പോൾ എന്തൊക്കെ ഇളവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; ടെണ്ടറിൽ പങ്കെടുത്ത ഇത്തരം ഏജൻസികൾക്ക് പത്ത് ശതമാനം ഇളവ് ലഭിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം അറിയിക്കാമോ?

അക്രെഡിറ്റഡ് ഏജൻസികളായ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ടെണ്ടറിൽ ഏർപ്പെടാതെതന്നെ പ്രവൃത്തി ഏറ്റെടുത്ത് നടത്താം. ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന നിലയിൽ ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ 13-11-1997-ലെ സ.ഉ(കൈ)നം.135/97/സഹ. പ്രകാരമുള്ള 10% പ്രൈസ് പ്രിഫറൻസും സെക്യൂരിറ്റി ഡെപ്പോസിറ്റ്, നിരതദ്രവ്യം എന്നിവ

ഒഴിവാക്കുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്. എന്നാൽ 19-02-2022-ലെ G.O(Ms)No.6/2022/PWD ഉത്തരവിലെ ഒന്നാമത്തെ വ്യവസ്ഥപ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകാത്ത തരത്തിൽ പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

**തിരുവനന്തപുരം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ**

256 (4346) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ എണ്ണം അറിയിക്കാമോ; പ്രസ്തുത സംഘങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെയും എണ്ണവും പേരും ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ

നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 117 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുണ്ട്.

ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം - 45

<u>സംഘങ്ങളുടെ പേര്</u>

1. മൈലച്ചൽ സർവ്വീസ് സഹകരണ ബാങ്ക്
2. മലയിൻകീഴ് സർവ്വീസ് സഹകരണ ബാങ്ക്
3. അവണാകുഴി സർവ്വീസ് സഹകരണ ബാങ്ക്
4. ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക്
5. നെല്ലിമൂട് സർവ്വീസ് സഹകരണ ബാങ്ക്
6. പൂവാർ സർവ്വീസ് സഹകരണ ബാങ്ക്
7. കരുംകുളം സർവ്വീസ് സഹകരണ ബാങ്ക്
8. ആറ്റിങ്ങൽ മുൻസിപ്പൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.313
9. ചിറയിൻകീഴ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1155
10. ഇടയ്ക്കോട് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2523
11. കടയ്ക്കാവൂർ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1063
12. കിളിമാനൂർ കസ്തൂർബ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 681

13. കൊടുവഴന്നൂർ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 3144

14. നഗരൂർ സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 219

15. ഒറ്റൂർ സർവ്വീസ് സഹകരണ ബാങ്ക്

16. ചെറുന്നിയൂർ സർവ്വീസ് സഹകരണ ബാങ്ക്

17. ഇടവ സർവ്വീസ് സഹകരണ ബാങ്ക്

18. വർക്കല സർവ്വീസ് സഹകരണ ബാങ്ക്

19. മടവൂർ സർവ്വീസ് സഹകരണ ബാങ്ക്

20. വെട്ടൂർ സർവ്വീസ് സഹകരണ ബാങ്ക്

21. കരകുളം എസ്.സി.ബി. ക്ലിപ്തം നമ്പർ 3064

22. മൂണ്ടേല എസ്.സി.ബി. ക്ലിപ്തം നമ്പർ 2433

23. വിതുര എസ്.സി.ബി. ക്ലിപ്തം നമ്പർ 1048

24. വെഞ്ഞാറമൂട് എസ്.സി.ബി. ക്ലിപ്തം നമ്പർ 2419

25. പാലോട് എസ്.സി.ബി. ക്ലിപ്തം നമ്പർ 792

26. പുല്ലമ്പാറ എസ്.സി.ബി. ക്ലിപ്തം നമ്പർ 2429

27. വെമ്പായം എസ്.സി.ബി. ക്ലിപ്തം നമ്പർ 3121

28. അരുവിക്കര ഫാർമേഴ്സ് എസ്.സി.ബി. ക്ലിപ്തം നമ്പർ 603

29. മാണിക്കൽ എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 910

30. ഉഴമലയ്ക്കൽ എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 298

31. ആനാട് ഫാർമേഴ്സ് എസ്.സി.ബി. ക്ലിപ്തം നമ്പർ 919

32. മിതൃമ്മല എസ്.സി.ബി. ക്ലിപ്തം നമ്പർ 2452

33. പാങ്ങോട് എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 212

34. മാധവവിലാസം എസ്.സി.ബി. ക്ലിപ്തം നം.റ്റി. 1347

35. തിരുവനന്തപുരം എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 131

36. മുട്ടത്തറ എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 413

37. പേരൂർക്കട എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 1412

38. തോന്നയ്ക്കൽ എസ്.സി.ബി. ക്ലിപ്തം നമ്പർ 1754

39. വട്ടിയൂർക്കാവ് എസ്.സി.ബി. ക്ലിപ്തം നമ്പർ 1652

40. കഠിനംകുളം എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 254

41. അണ്ടൂർക്കോണം എസ്.സി.ബി. ക്ലിപ്തം നമ്പർ 3127

42. പട്ടം എസ്.സി.ബി. ക്ലിപ്തം നമ്പർ 1318

43. കല്ലിയൂർ എസ്.സി.ബി. ക്ലിപ്തം നമ്പർ 1243

44. കഴക്കൂട്ടം എസ്.സി.ബി. ക്ലിപ്തം നമ്പർ 1457

45. നെടുമങ്ങാട് താലൂക്ക് മലയോര കർഷക സഹകരണ ബാങ്ക്

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം - 72

<u>സംഘങ്ങളുടെ പേര്</u>

1. ആമച്ചൽ സർവ്വീസ് സഹകരണ ബാങ്ക്
2. അമ്പൂരി സർവ്വീസ് സഹകരണ ബാങ്ക്
3. കള്ളിക്കാട് സർവ്വീസ് സഹകരണ ബാങ്ക്
4. കട്ടയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക്
5. കണ്ടല സർവ്വീസ് സഹകരണ ബാങ്ക്
6. കുറ്റിച്ചൽ സർവ്വീസ് സഹകരണ ബാങ്ക്
7. വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്ക്
8. വിളവൂർക്കൽ സർവ്വീസ് സഹകരണ ബാങ്ക്
9. ഊരൂട്ടമ്പലം സർവ്വീസ് സഹകരണ ബാങ്ക്
10. ഒറ്റശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്ക്
11. വീരണകാവ് സർവ്വീസ് സഹകരണ ബാങ്ക്
12. പൂവച്ചൽ സർവ്വീസ് സഹകരണ ബാങ്ക്
13. വിളപ്പിൽ പഞ്ചായത്ത് പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം
14. ആങ്കോട് സർവ്വീസ് സഹകരണ ബാങ്ക്
15. അന്തിയൂർ സർവ്വീസ് സഹകരണ ബാങ്ക്

16. ആറയൂർ എസ്.സി.ബി.

17. ചെങ്കൽ എസ്.സി.ബി.

18. ചെറുവാരക്കോണം എസ്.സി.ബി.

19. കാഞ്ഞിരംകുളം എസ്.സി.ബി.

20. കരിക്കാമൻകോട് എസ്.സി.ബി.

21. കൊല്ലയിൽ എസ്.സി.ബി.

22. കോട്ടുകാൽ എസ്.സി.ബി.

23. കുളത്തൂർ എസ്.സി.ബി.

24. കുന്നത്തുകാൽ എസ്.സി.ബി.

25. മാരായമുട്ടം എസ്.സി.ബി.

26. നരുവാമൂട് എസ്.സി.ബി.

27. നെയ്യാറ്റിൻകര എസ്.സി.ബി.

28. പനച്ചമൂട് എസ്.സി.ബി.

29. പാറശ്ശാല എസ്.സി.ബി.

30. പരശ്ശുവയ്ക്കൽ എസ്.സി.ബി.

31. പെരുമ്പഴുതൂർ എസ്.സി.ബി.

32. പൊൻവിള എസ്.സി.ബി.

33. തിരുപുറം എസ്.സി.ബി.

34. വെങ്ങാനൂർ എസ്.സി.ബി.

35. വെൺപകൽ എസ്.സി.ബി.

36. കിടാരക്കുഴി എസ്.സി.ബി.

37. പള്ളിച്ചൽ ഫാർമേഴ്സ് എസ്.സി.ബി.

38. അഞ്ചുതെങ്ങ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 3166

39. അഴൂർ മുട്ടപ്പലം സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 313

40. ചെമ്പൂര് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 202

41. കരവാരം സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 324

42. കിഴുവിലം സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 2405

43. പഴയകുന്നുമ്മേൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1517

44. പെരുങ്ങുഴി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 2403

45. വക്കം ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 542

46. നാവായിക്കുളം എസ്.സി.ബി.

47. പള്ളിക്കൽ എസ്.സി.ബി.

48. ചെമ്മരുതി എസ്.സി.ബി.

49. മണമ്പൂർ എസ്.സി.ബി.

50. അയിരൂർ എസ്.സി.ബി.

51. ആര്യനാട് എസ്.സി.ബി. ക്ലിപ്തം നമ്പർ 593

52. വാമനപുരം എസ്.സി.ബി. ക്ലിപ്തം നമ്പർ 927

53. ചായം എസ്.സി.ബി. ക്ലിപ്തം നമ്പർ 1514

54. നന്ദിയോട് എസ്.സി.ബി. ക്ലിപ്തം നമ്പർ 1161

55. വെള്ളനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2379

56. പനയ്ക്കോട് എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 700

57. നെടുമങ്ങാട് എസ്.സി.ബി. ക്ലിപ്തം നമ്പർ 448

58. നേമം എസ്.സി.ബി. ക്ലിപ്തം നം. 3150

59. അയിരൂപ്പാറ എഫ്.എസ്.സി.ബി. ക്ലിപ്തം നമ്പർ 2154

60. പാപ്പനംകോട് എസ്.സി.ബി. ക്ലിപ്തം നമ്പർ 1108

61. വഴുതക്കാട് എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 1353

62. ചെമ്പഴന്തി എസ്.സി.ബി. ക്ലിപ്തം നമ്പർ 2350

63. കോവളം എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 287

64. കോളിയൂർ എസ്.സി.ബി. ക്ലിപ്തം നമ്പർ 2665

65. മുടവൻമുഗൾ എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റിhttp://192.168.11.12/.

847

66. തിരുമല എസ്.സി.ബി. ക്ലിപ്തം നമ്പർ 1447

67. തൈക്കാട് എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 1501

68. ഉള്ളൂർ എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 1230

69. കടകംപള്ളി എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി 3415

70. മുരുക്കുംപുഴ എസ്.സി.ബി. ക്ലിപ്തം നമ്പർ റ്റി. 292

71. പയറ്റുവിള പ്രൈമറി അഗ്രി. ഇംപ്രൂവ്മെന്റ് സഹകരണ സംഘം

72. ചെങ്കൽ പഞ്ചായത്ത് പ്രൈമറി അഗ്രി. ക്രെഡിറ്റ് സഹകരണ സംഘം

(ബി) പ്രസ്തുത സംഘങ്ങളിൽ കേരള ബാങ്കിൽ അംഗത്വം എടുത്തിട്ടുള്ള സംഘങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മേൽ പരാമർശിച്ച 117 സംഘങ്ങളിൽ വിളപ്പിൽ പഞ്ചായത്ത് പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം ഒഴികെയുള്ള 116 സംഘങ്ങൾക്ക് കേരള ബാങ്കിൽ അംഗത്വമുണ്ട്.

(സി) പ്രസ്തുത സംഘങ്ങളിൽ കേരള സഹകരണ നിയമം വകുപ്പ് 63 അനുശാസിക്കും പ്രകാരം എത്ര പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ തരളധനം സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത സംഘങ്ങളിൽ കേരള സഹകരണ നിയമം വകുപ്പ് 63 അനുശാസിക്കും പ്രകാരം 63 പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ തരളധനം സൂക്ഷിക്കുന്നുണ്ട്.

(ഡി) 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംഘം നഷ്ടത്തിൽ പ്രവർത്തിച്ചതിനാലും തരളധനം സൂക്ഷിക്കാത്തതിനാലും കേരള ബാങ്ക് അനുവദിച്ച് നൽകിയിട്ടുള്ള ജനറൽ ബാങ്കിംഗ്, ഗോൾഡ് ക്യാഷ് ക്രെഡിറ്റ് എന്നിവ ഏതെങ്കിലും സംഘങ്ങൾക്ക് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പേര് വിവരം വ്യക്തമാക്കാമോ?

2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംഘം നഷ്ടത്തിൽ പ്രവർത്തിച്ചതിനാലും തരളധനം സൂക്ഷിക്കാത്തതിനാലും കേരള ബാങ്ക് അനുവദിച്ച് നൽകിയിട്ടുള്ള ജനറൽ ബാങ്കിംഗ്, ഗോൾഡ് ക്യാഷ് ക്രെഡിറ്റ് എന്നിവ ഒരു സംഘത്തിനും മരവിപ്പിച്ചിട്ടില്ല.

**സഹകരണ വകുപ്പിന്റെ പൊതുവിപണിയിലെ ഇടപെടൽ**

257 (4347) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുമ്പോൾ സാധാരണക്കാരായ പൊതുജനങ്ങളെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്.

ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗസാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വില്പന നടത്താറുണ്ട്.

അതുപോലെ കൺസ്യൂമർഫെഡ് സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ടുബുക്കുകളും ഓഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞ വിലയ്ക്ക് വിൽപന നടത്തുന്നതും വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകരമാണ്.

(ബി) പൊതുവിപണിയിൽ ഇടപെടുന്നതിനായി സഹകരണ പ്രസ്ഥാനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സഹകരണ വകുപ്പ് ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ?

ബഡ്ജറ്റിൽ സബ്സിഡി നിരക്കിൽ ഉത്സവകാല വിപണികൾ നടത്തുന്നതിന് തുക വകയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷൻ ഉത്സവ കാലങ്ങളിൽ മൊത്തമായി മിത വിലയ്ക്ക് സാധനങ്ങൾ ശേഖരിച്ച് പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സഹകരണ സംഘങ്ങളിലെ താത്കാലിക വിപണികളിലൂടെ ഉത്സവകാലങ്ങളിൽ വിപണനം നടത്തുന്നു.

ഗുണനിലവാരമുള്ള സഹകരണ ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുംവിധം സഹകരണ ഉത്പന്നവിപണനശാലകളായ കോപ്പ് മാർട്ടുകൾ (co-opmart) ആരംഭിച്ചിട്ടുണ്ട്. ഉപഭോക്തൃ സഹകരണ

സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും പദ്ധതി വിഹിതത്തിൽനിന്നും ധനസഹായം നൽകുന്നുണ്ട്.

(സി) ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കിവരുന്നുണ്ട്.

നീതി മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്നുകൾ ഉപഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുനൽകുംവിധം "ഹോം ഡെലിവറി" സംവിധാനം നടപ്പിലാക്കുകയുണ്ടായി. ഡിജിറ്റൽ പണമിടപാടുകളുടെ കാലത്ത് ക്യാഷ്ലെസ്സ് പർച്ചേസ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഔട്ട്ലെറ്റുകളിൽ ഗൂഗിൾ പേ / ഫോൺ പേ തുടങ്ങിയ യു.പി.ഐ. പണമിടപാട് സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് .

ആധുനിക സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിച്ച പിണറായിയിലെ ത്രിവേണി മെഗാമാർട്ടിൽ നിത്യോപയോഗ സാധനങ്ങൾക്ക് പുറമെ ഓഫീസ് സ്റ്റേഷനറി, ഹൗസ് ഹോൾഡ് സാധനങ്ങൾ, പച്ചക്കറി, പാൽ, മുട്ട, പഴങ്ങൾ, മത്സ്യം, മാംസം, ചായ, കാപ്പി, ജ്യൂസുകൾ തുടങ്ങിയവയും വിലക്കുറവിൽ

ലഭ്യമാക്കിവരുന്നു.

ഇത്തരത്തിൽ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിൽ കൺസ്യൂമർഫെഡ് പ്രവർത്തിച്ചുവരുന്നു.

കൂടാതെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്കവിധത്തിൽ ഗുണനിലവാരമുള്ള സഹകരണ ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുംവിധം ജില്ലകളിൽ സഹകരണവകുപ്പ് ഇതിനകം സഹകരണ ഉത്പന്ന വിപണനശാലകളായ കോപ്പ്-മാർട്ടുകൾ (co-opmart) ആരംഭിച്ചിട്ടുണ്ട്.

**വീട്ടമ്മമാരുടെ ലഘുസമ്പാദ്യശീലം വളർത്തുന്നതിന് പദ്ധതി**

258 (4348) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വീട്ടമ്മമാരുടെ ലഘു സമ്പാദ്യശീലം വളർത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സഹകരണ വകുപ്പ് വീട്ടമ്മമാരുടെ സമ്പാദ്യശീലം വളർത്തുന്നതിനായി വനിത സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ

സംഘങ്ങളിലും/പ്രാഥമിക കാർഷിക സംഘങ്ങളിലും സേവിംഗ്സ് നിക്ഷേപം, റെക്കറിംഗ് നിക്ഷേപം, ഹോംസേഫ് ഡെപ്പോസിറ്റ്, നിത്യനിധി നിക്ഷേപം, എസ്.എച്ച്.ജി., ജെ.എൽ.ജി. നിക്ഷേപം, ദിനനിക്ഷേപം, ഭണ്ഡാര നിക്ഷേപ പദ്ധതി, കുടുംബശ്രീ യൂണിറ്റുകളുമായി ചേർന്ന് ത്രിഫ്റ്റ് പദ്ധതിയും ജി.ഡി.എസ്./എം.ഡി.എസ്. തുടങ്ങിയ നിക്ഷേപ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

**സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ**

259 (4349) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 6 വർഷത്തിനിടയിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നടന്ന ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ക്രമപ്രകാരമല്ലാതെ വായ്പ നൽകൽ, വ്യാജ സ്ഥിരനിക്ഷേപ രസീത് ഉപയോഗിച്ച് വായ്പ ചമയ്ക്കുക, ക്ലാസ്സിഫിക്കേഷന് അനുസൃതമല്ലാതെയുള്ള നിയമനം സ്ഥിരനിക്ഷേപങ്ങളിലെ പലിശ നൽകിയതിലുള്ള വ്യത്യാസം, MDS-ന ഈടില്ലാതെ തുക നൽകൽ, സ്വർണ്ണ വായ്പയിന്മേലുള്ള

ക്രമക്കേടുകൾ, നീതി മെഡിക്കൽ സ്റ്റോറിലെ സ്റ്റോക്ക് വ്യത്യാസം, സ്ഥാവര-ജംഗമ വസ്തുക്കൾ ക്രമവിരുദ്ധമായി ലേലം ചെയ്ത് സംഘത്തിന് നഷ്ടം വരുത്തുക, MMBS എന്നിവയിലുള്ള പണാപഹരണം എന്നിവ സ്ഥിരമായി കാണുന്ന ക്രമക്കേടുകളാണ്. കൂടാതെ ബാങ്കിന്റെ പ്രവർത്തന പരിധിക്കുപുറത്തുള്ള വസ്തുവിന്റെ ഈടിന്മേൽ വായ്പ നൽകുക, അനുമതി ഇല്ലാതെ പൊതുഫണ്ട് വിനിയോഗം, സർക്കാർ ധനസഹായം ദുർവിനിയോഗം, പരിധി അധികരിച്ച് വായ്പ നൽകുക, സർക്കുലറുകൾക്ക് വിരുദ്ധമായി ബന്ധപ്പെട്ട വായ്പയിൽ അനധികൃതമായി ഇളവ് അനുവദിച്ച് നൽകുക എന്നീ ക്രമക്കേടുകളും കണ്ടുവരുന്നു.

(ബി) ക്രമക്കേടുകൾ നടത്തിയ സ്ഥാപനങ്ങളുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

തിരുവനന്തപുരം

1. പെരുങ്കടവിള ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ സഹകരണ സംഘം
2. അടിമലത്തുറ റൂറൽ ഡെവലപ്മെന്റ് സഹകരണ സംഘം
3. കൊല്ലയിൽ പഞ്ചായത്ത് അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം
4. പാറശ്ശാല റൂറൽ സഹകരണ സംഘം

5. കാരോട് ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം

6. പഴയഉച്ചക്കട ട്രേഡേഴ്സ് സഹകരണ സംഘം

7. ഉച്ചക്കട വ്യാപാരി വ്യവസായി സഹകരണ സംഘം

8. ബാലരാമപുരം പഞ്ചായത്ത് റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം

9. പള്ളിച്ചൽ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം

10. പള്ളിച്ചൽ ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം

11. പെരുമ്പഴുതൂർ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം

12. ആറയൂർ സർവ്വീസ് സഹകരണ സംഘം

13. നരുവാമൂട് സർവ്വീസ് സഹകരണ ബാങ്ക്

14. മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക്

15. അഞ്ചാലിക്കോണം റെസിഡൻസ് വെൽഫെയർ സഹകരണ സംഘം

16. നെയ്യാറ്റിൻകര ഹൗസിംഗ് സഹകരണ സംഘം

17. നെയ്യാറ്റിൻകര താലൂക്ക് കാർഷിക മൃഗസംരക്ഷണ മത്സ്യകർഷക വെൽഫെയർ സഹകരണ സംഘം

18. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് കൺസ്യൂമർ സഹകരണ സംഘം

19. ഊരൂട്ടമ്പലം സർവ്വീസ് സഹകരണ സംഘം

20. കണ്ടല സർവ്വീസ് സഹകരണ സംഘം

21. മാറനല്ലൂർ ഗ്രാമവികസന സഹകരണ സംഘം

22. ഊരൂട്ടമ്പലം ഹൗസിംഗ് സഹകരണ സംഘം

23. വിളപ്പിൽ ഗ്രാമീണ തൊഴിലാളി സഹകരണ സംഘം

24. കള്ളിക്കാട് ഫാർമേഴ്സ് സഹകരണ സംഘം

25. കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡ് 4491

26. കേരള സംസ്ഥാന പട്ടികജാതി-പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡ്

27. കാട്ടാക്കട മൾട്ടി പർപ്പസ് സഹകരണ സംഘം

28. വീരണകാവ് വെൽഫെയർ സഹകരണ സംഘം

29. മാറനല്ലൂർ സഹകരണ സംഘം

30. ചിറയിൻകീഴ് താലൂക്ക് ഓട്ടോറിക്ഷ തൊഴിലാളി സഹകരണ സംഘം

31. ചിറയിൻകീഴ് താലൂക്ക് വ്യാപാരി വ്യവസായി സഹകരണ സംഘം

32. കസ്തൂർബ സർവ്വീസ് സഹകരണ ബാങ്ക്

33. വക്കം അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം

34. തിരുവനന്തപുരം ജില്ല മർച്ചന്റ് ലേബേഴ്സ് സഹകരണ സംഘം

35. നെടുമങ്ങാട് താലൂക്ക് ബിൽഡിംഗ് വർക്കേഴ്സ് സഹകരണ സംഘം

36. ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം

37. റീജിയണൽ അർബൻ സഹകരണ സംഘം

38. നെടുമങ്ങാട് ബ്ലോക്ക് വനിത സഹകരണ സംഘം

39. ആര്യനാട് സർവ്വീസ് സഹകരണ സംഘം

40. രാജീവ് ഗാന്ധി റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം

41. വെള്ളനാട് സർവ്വീസ് സഹകരണ ബാങ്ക്

42. നെടുമങ്ങാട് താലൂക്ക് ഈസ്റ്റ് വെസ്റ്റ് എക്കോ ആന്റ് ടൂറിസം സഹകരണ സംഘം

43. നെടുമങ്ങാട് താലൂക്ക് മോട്ടോർ ഓട്ടോറിക്ഷ ട്രാൻസ്പോർട്ട് സഹകരണ സംഘം

44. കോലിയക്കോട് കൺസ്യൂമർ സഹകരണ സംഘം

45. തിരുവനന്തപുരം ജില്ലാ കൺസ്ട്രക്ഷൻ ആന്റ് ബിൽഡിംഗ് വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം

46. നെടുമങ്ങാട് താലൂക്ക് സഹകരണ സംഘം ലി.നം 1285

47. മാധവവിലാസം സർവ്വീസ് സഹകരണ ബാങ്ക്

48. അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക്

49. കേരള ഗവണ്‍മെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ്

സഹകരണ സംഘം

<u>കൊല്ലം</u>

1. പട്ടത്താനം എസ്.സി.ബി. ക്യൂ.1145

2. പട്ടത്താനം വനിത സി.എസ്.ക്യൂ.1521

3. നെടുങ്ങോലം എസ്.സി.ബി. 2845

4. മയ്യനാട് എസ്.സി.ബി. 2294

5. പേരൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യൂ.1222

6. വേണാട് അർബൻ സഹകരണ സംഘം

7. 1874 നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്

8. ആദിച്ചനല്ലൂർ റൂറൽ സഹകരണ സംഘം ക്യൂ.1538

9. തൃക്കരുവ പഞ്ചായത്ത് റസി.വെൽഫെയർ സഹകരണ സംഘം

ക്യൂ.1547

10. ശക്തികുളങ്ങര പട്ടികജാതി സഹകരണ സംഘം ക്ലിപ്തം ക്യൂ.818

11. മുനിസിപ്പൽ എസ്.സി/ എസ്.റ്റി സഹകരണ സംഘം ക്ലിപ്തം നം

ക്യൂ.899

12. ഉമയനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

13. പുനക്കന്നൂർ ദേശാഭിവർദ്ധിനി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

14. ഡീസന്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

15. എഴുകോൺ സർവ്വീസ് സഹകരണ ബാങ്ക്

16. ഇളമാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

17. വെട്ടിക്കവല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

18. നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

19. ചക്കുവരയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്

20. മേലില സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

21. കൊട്ടാരക്കര വനിത ക്ഷേമ സഹകരണ സംഘം

22. കടയ്ക്കൽ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം

23. കൊട്ടാരക്കര താലൂക്ക് സർവ്വീസ് പെൻഷനേഴ്സ് സി.എസ്.

24. പത്തനാപുരം ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം

25. ഇടമുളയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

26. പുനലൂർ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം ക്ലിപ്തം നമ്പർ

27. ഉറുകുന്ന് റൂറൽ സഹകരണ സംഘം

28. അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) 1858

29. അഞ്ചൽ ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം

30. ആര്യങ്കാവ് പട്ടികവർഗ്ഗ സി.എസ്.

31. പത്തനാപുരം സർവ്വീസ് സഹകരണ ബാങ്ക്

32. പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്ക്

33. പോരുവഴി എസ്.സി.ബി.

34. ശൂരനാട് ഫാർമേഴ്സ് എസ്.സി.ബി.

35. അമ്പലത്തുംഭാഗം എസ്.സി.ബി.

36. 3 ശാസ്താംകോട്ട കോക്കനട്ട് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സി.എസ്.

37. മൈനാഗപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം)

38. കുലശേഖരപുരം എസ്.സി.ബി.

39. തഴവ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

40. പേരയം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

41. കൈപ്പുഴ അഗ്രികൾച്ചറൽ പ്രൊഡ്യൂസേഴ്സ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം

42. ആലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

<u>പത്തനംതിട്ട</u>

1. പഴകുളം സർവ്വീസ് സഹകരണ ബാങ്ക്(ക്ലിപ്തം)

2. സീതത്തോട് സർവ്വീസ് സഹകരണ ബാങ്ക്(ക്ലിപ്തം)

3. മൈലപ്ര സർവ്വീസ് സഹകരണ ബാങ്ക്(ക്ലിപ്തം) നമ്പർ 639

4. കുമ്പളാംപൊയ്ക സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3526

5. വയലത്തല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1041

6. ചേത്തക്കൽ സർവ്വീസ് സഹകരണ ബാങ്ക്(ക്ലിപ്തം) നമ്പർ 3864

7. കോന്നി റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക്(ക്ലിപ്തം) നമ്പർ 3833

8. ചന്ദനപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്(ക്ലിപ്തം) നമ്പർ 2970

9. കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

ആലപ്പുഴ

1. മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 707.

2. അറന്നൂറ്റിമംഗലം എസ്.സി.ബി.ക്ലിപ്തം 1184.

3. കണ്ണനാകുഴി എസ്.സി.ബി.2998.

4. തെക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 218

5. മാവേലിക്കര ഗവൺമെന്റ് സർവ്വന്റ്സ് സഹകരണ സംഘം ക്ലിപ്തം 792.

6. ചെങ്ങന്നൂർ എസ്.സി.ബി.ക്ലിപ്തം നമ്പർ 3351.

7. കണ്ടല്ലൂർ എസ്.സി.ബി.ക്ലിപ്തം നമ്പർ 2166.

8. പള്ളിപ്പാട് എസ്.സി.ബി.ക്ലിപ്തം നമ്പർ 1744.

9. കൈനകരി എസ്.സി.ബി. ക്ലിപ്തം 4011.

10. അമ്പലപ്പുഴ പ്രൈമറി സ്കൂൾ ടീച്ചേഴ്സ് & എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം എ.313.

11. വയലാർ എസ്.സി.എസ്.സി.എസ്.ക്ലിപ്തം എ.717.

കോട്ടയം

1. ചങ്ങനാശ്ശേരി എൽ.ഐ.സി. ഏജന്റ്സ് സഹകരണ സംഘം കെ.1087

2. കാഞ്ഞിരപ്പള്ളി താലൂക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

3. ചിറക്കടവ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2057

4. മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്ക് കെ.122

5. കണമല സർവ്വീസ് സഹകരണ ബാങ്ക് കെ.268

6. കണ്ണിമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3978

7. പള്ളിപ്രത്തുശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് 923

8. ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

നമ്പർ 2966

9. കുമരകം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 315

10. തിടനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3990

11. വലവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ.91

12. ചെങ്ങളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 253

13. തൃക്കൊടിത്താനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 178

14. കേരള വാട്ടർ അതോറിറ്റി സഹകരണസംഘം

15. വൈക്കം ടൗൺ സർവ്വീസ് സഹകരണ ബാങ്ക് കെ.349

16. കടനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ.2

17. പുതുപള്ളി സർവീസ് സഹകരണ ബാങ്ക്

18. കോട്ടയം എഫ്.സി.ഐ. എംപ്ലോയീസ് സഹകരണ സംഘം

19. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റൽ എംപ്ലോയീസ് സഹകരണ സംഘം കെ. 294

20. മണിമല സർവീസ് സഹകരണ സംഘം കെ.641

21. നെടുംങ്കുന്നം റൂറൽ ഹൗസിംഗ് സഹകരണ സംഘം

22. കാണക്കാരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3931

23. പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3963

24. മൂന്നിലവ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 163

25. പനച്ചിക്കാട് എസ്.സി/എസ്.റ്റി. സഹകരണ സംഘം

26. വെള്ളൂർ സർവീസ് സഹകരണ ബാങ്ക് നമ്പർ 785

27. വൈക്കം കാർഷിക ഗ്രാമവികസന ബാങ്ക് കെ.951

28. വൈക്കം താലൂക്ക് വനിത സഹകരണ സംഘം കെ.955

29. റബ്ബർ ബോർഡ് എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം

30. കോട്ടയം അഡ്വക്കേറ്റ്സ് സ്റ്റാഫ് സഹകരണ സംഘം കെ.1099

31. തലപ്പലം സർവ്വീസ് സഹകരണ ബാങ്ക്

32. പാറത്തോട് സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3002

33. പൊൻകുന്നം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 527

34. പായിപ്പാട് സെൻട്രൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

35. കാഞ്ഞിരപ്പള്ളി കാർഷിക വികസന ബാങ്ക്

36. കടുത്തുരുത്തി അർബൻ സഹകരണ ബാങ്ക്

37. മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക്

38. പോസ്റ്റ്സ് ആൻഡ് ടെലികോം ബി.എസ്.എൻ.എൽ. എംപ്ലോയീസ് കെ.343

39. ഉല്ലല സർവ്വീസ് സഹകരണ ബാങ്ക് 1142

40. ഈരാറ്റുപേട്ട ബ്ലോക്ക് അർബൻ സഹകരണ സംഘം കെ.1016

41. രാമപുരം സർവ്വീസ് സഹകരണ സംഘം 4111

42. ഇത്തിത്താനം സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 476

43. ടി.വി.പുരം ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 476

44. ഈരാറ്റുപേട്ട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1660

45. കോട്ടയം സഹകരണ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 363

46. വൈക്കം താലൂക്ക് ഫാമിംഗ് & ട്രേഡിംഗ് സഹകരണ സംഘം കെ.672

<u>ഇടുക്കി</u>

1. കുടയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നമ്പർ 3361
2. ഇടുക്കി കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. ഐ.90
3. ഇടുക്കി ജില്ല പോസ്റ്റ് ടെലികോം & ബി.എസ്.എൻ.എൽ. എംപ്ലോയീസ് സഹകരണ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം. ഐ.131
4. തൊടുപുഴ താലൂക്ക് ഗൾഫ് റിട്ടേണീസ് വെൽഫെയർ സഹകരണ സംഘം.

5. കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി ലൈസൻസീസ് ആന്റ്

ടെക്നീഷ്യൻസ് സഹകരണ സംഘം.

6. കേരള ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം

7. ബാലഗ്രാം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം ഐ. 150

8. അടിമാലി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 3045

9. വണ്ണപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 2555

10. ചിന്നകനാൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം ഐ. 181

11. കട്ടപ്പന നഗരസഭ വനിത സഹകരണ സംഘം ക്ലിപ്തം

12. മലനാട് വനിത സഹകരണ സംഘം ക്ലിപ്തം ഐ.561

13. നെടുങ്കണ്ടം അർബൻ സഹകരണ സംഘം ക്ലിപ്തം ഐ.104

14. കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം കെ.34

<u>എറണാകുളം</u>

1. പൂണിത്തുറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ.840

2. മുളവുകാട് വില്ലേജ് എസ്.സി/എസ്.റ്റി സഹകരണ സംഘം ക്ലിപ്തം

നമ്പർ ഇ.1266

3. കേരള സ്റ്റേറ്റ് ഡിഫെൻസ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സഹകരണ

സംഘം ക്ലിപ്തം നമ്പർ 4343.

4. തുരുത്തിക്കര അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.1202

5. മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ 4389

6. മണീട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ.59

7. കൂത്താട്ടുകുളം ഗവൺമെന്റ് സർവന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.252

8. മുളവൂർ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.1068

9. മൂവാറ്റുപുഴ റബ്ബർമാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 3094

10. ചെറുകിട വ്യാപാരി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.1289

11. ആലുവ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ ഇ.87

12. ആലുവ അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1623

13. ഇറവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ.69

14. മൂക്കന്നൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ.62

15. ചെല്ലാനം എസ്.സി/എസ്.റ്റി സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.692

16. പെരുമ്പാവൂർ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ 2024

17. കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ.167

18. പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ.25

19. പോത്താനിക്കാട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3510

20. ചേന്ദമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 132

21. പറവൂർ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1759

22. തുരുത്തിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1789

23. വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1582

24. വടാട്ടുപാറ റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.1087

25. കർത്തേടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 123

26. മട്ടാഞ്ചേരി മഹാജനിക് സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 665

27. എം.ഒ.എസ്.സി. മെഡിക്കൽ കോളേജ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.1136

28. മരട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 43

29. ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.1265.

30. കൊച്ചിൻ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ക്ലിപ്തം നമ്പർ

ഇ.288

31. കടവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ.1882

32. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡ്

33. തിരുകൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസ്സസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം

<u>തൃശ്ശൂർ</u>

1. കാര്യാട്ടുകര വനിത സി.എസ്.

2. തൃശ്ശൂർ ജില്ല സഹകരണ ബാങ്ക്

3. മണലൂർ എസ്.സി.ബി. ക്ലിപ്തം 31

4. തൃശ്ശൂർ ജില്ല മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സി.എസ്.ആർ.1164

5. തൃശ്ശൂർ ജില്ല പെട്രോളിയം എംപ്ലോയീസ് സി.എസ്.

6. ചാഴൂർ എസ്.സി.ബി. ക്ലിപ്തം 106

7. മൂസ്സ്പെറ്റ് എസ്.സി.ബി.682

8. തൃശ്ശൂർ എഡ്യൂക്കേഷണൽ ഡിസ്ട്രിക്റ്റ് എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് സി.എസ്.672

9. കേരള സംസ്ഥാന ആന ഉടമസ്ഥ സഹകരണസംഘം ക്ലിപ്തം 4452

10. തൃശ്ശൂർ മേഖല ടൂറിസ്റ്റ് ടാക്സി ഡ്രൈവേഴ്സ് സി.എസ്.1400

11. സ്മാാൾ ഇൻഡസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് എംപ്ലോയീസ് സി.എസ്

781

12. വെറുപ്പാടം ലിഫ്റ്റ് ഇറിഗേഷൻ സി.എസ്.

13. തൃശ്ശൂർ ജില്ല കാർഷിക വിഭവ സംഭരണ സംസ്കരണ

വിപണനസംഘം ക്ലിപ്തം ആർ.1306

14. തൃശ്ശൂർ ജില്ലാ എസ്.സി.എസ്.ടി. മാർക്കറ്റിംഗ് സി.എസ്. ക്ലിപ്തം 1185

15. കുർക്കഞ്ചേരി വനിത സി.എസ്.ആർ. 1150

16. തൃശ്ശൂർ മേഖല വെഹിക്കിൾ ഓണേഴ്സ് ഡെവലപ്മെന്റ്

സി.എസ്.ആർ.1474

17. തൃശ്ശൂർ ഗവ.സെർവന്റ്സ് എം.പി.സി.എസ്.ആർ. 1112

18. പുത്തൂർ എസ്.സി.ബി. 345

19. പുത്തൂർ വനിത സി.എസ്. ക്ലിപ്തം ആർ.1132

20. കുട്ടനെല്ലൂർ എസ്.സി.ബി. 758

21. നടത്തറ ഫാർമേഴ്സ് എസ്.സി.ബി. 3499

22. ഒല്ലൂർ മേഖല തൊഴിലാളി ആർ.1132

23. തൃശ്ശൂർ ജില്ലാ സിറ്റിസൺ സഹകരണ സംഘം ക്ലിപ്തം ആർ.1405

24. മുളയം അയ്യപ്പൻകാവ് ഗ്രാമീണ കാർഷികേതര സി.എസ്.ക്ലിപ്തം

ആർ.1304

25. നടത്തറ പഞ്ചായത്ത് കാർഷിക കാർഷികേതര സി.എസ്.ക്ലിപ്തം

ആർ.1244

26. എസ്.ബി.ഐ.എംപ്ലോയീസ് സി.എസ്. ക്ലിപ്തം ആർ.345

27. തൃശ്ശൂർ തലപ്പിള്ളി താലൂക്ക് ഗിരിജൻ സി.എസ്.ആർ.673

28. പീച്ചി എസ്.സി.ബി. ആർ.935

29. പീച്ചി വനിത സി.എസ്. ആർ. 1374

30. ഒല്ലൂക്കര ഏരിയ സർവ്വീസ് പെൻഷനേഴ്സ് സി.എസ്. ക്ലിപ്തം

ആർ.1313

31. തൃശ്ശൂർ ജില്ലാ മത്സ്യ വിപണന തൊഴിലാളി സി.എസ്. ക്ലിപ്തം

ആർ.953

32. തൃശ്ശൂർ പഴം പച്ചക്കറി സി.എസ്.4076

33. കോലഴി എസ്.സി.ബി. ക്ലിപ്തം 564

34. അവണ്ണൂർ പഞ്ചായത്ത് മൾട്ടി പർപ്പസ് സി.എസ്.ആർ.1149

35. തൃശ്ശൂർ ജില്ല ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം

ആർ.1389

36. തൃശ്ശൂർ ജില്ല പാഡി മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സി.എസ്.923

37. അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്ക് 68

38. മഹാത്മ ആയുർവേദിക് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ആർ.1382

39. തൃശ്ശൂർ പീപ്പിൾസ് വെൽഫെയർ സി.എസ്.ആർ.1412

40. ഒല്ലൂർ എസ്.സി.ബി.279

41. കുരിയച്ചിറ എസ്.സി.ബി.637

42. ആറാട്ടുപുഴ എസ്.സി.ബി.632

43. തൃശ്ശൂർ ഭവന നിർമ്മാണ സഹകരണ സംഘം ആർ.230

44. ഒല്ലൂർ പഞ്ചായത്ത് പട്ടികജാതി സർവീസ് സി.എസ്.ആർ.751

45. ഒല്ലൂർ സോഷ്യൽ വെൽഫെയർ സി.എസ്. ക്ലിപ്തം ആർ.

46. തൃശ്ശൂർ താലൂക്ക് ആഭരണ നിർമ്മാണ സി.എസ്.ആർ. 977

47. വെങ്ങിണിശ്ശേരി എസ്.സി.ബി.528

48. അവിണിശ്ശേരി എസ്.സി.ബി.400

49. പുലാക്കോട് എസ്.സി.ബി.ആർ. 185

50. തിരുവില്വാമല എസ്. സി. ബി. ആർ. 234

51. എടമുട്ടം എസ്.സി.ബി.ആർ.305

52. കോട്ടപ്പടി എസ്.സി.ബി.ആർ. 210

53. കരയാവട്ടം എസ്. സി. ബി. ആർ. 793

54. മുല്ലശ്ശേരി പൗൾട്രി ഫാർമേഴ്സ് സി.എസ്.

55. കയ്പമംഗലം കേരകർഷക സി.എസ്.1180

56. കൊടുങ്ങല്ലൂർ താലൂക്ക് വനിത 1168

57. പെരിഞ്ഞനം MPCS 1307

58. കൊടുങ്ങല്ലൂർ ഹൗസിംഗ് ആർ. 327

59. പാപ്പിനിവട്ടം എസ്.സി.ബി. 309

60. എടത്തിരുത്തി എസ്.സി.ബി.എഫ്. 1045

61. കൊടുങ്ങല്ലൂർ താലൂക്ക് മണൽ വാരൽ തൊഴിലാളി ആർ.1333

62. മാള ഗ്രാമ പഞ്ചായത്ത് നോൺ അഗ്രികൾചറൽ ക്രെഡിറ്റ് സി.എസ്.

63. കാട്ടൂർ എസ്.സി.ബി.426

64. കരുവന്നൂർ എസ്.സി.ബി. 112

65. പറപ്പൂകര പഞ്ചായത്ത് പട്ടികജാതി

66. ഇരിങ്ങാലക്കുട MPCS

<u>പാലക്കാട്</u>

1. കുഴൽമന്ദം ബ്ലോക്ക് റൂറൽ ക്രെഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1321

2. രാജീവ് ഗാന്ധി സഹകരണ റൂറൽ ക്രെഡിറ്റ് സംഘം ക്ലിപ്തം നമ്പർ പി.1305

3. കടമ്പഴിപ്പുറം പഞ്ചായത്ത് മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ: പി.1348

<u>മലപ്പുറം</u>

1. ചാലിയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം.330
2. പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1492
3. കൊണ്ടോട്ടി സർവ്വീസ് സഹകരണ ബാങ്ക്
4. പുളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1892
5. എടവണ്ണ സർവ്വീസ് സഹകരണ ബാങ്ക്
6. ചേലേമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി.1953
7. പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക്
8. വാഴക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി.1921
9. കാളികാവ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം.40
10. ആനക്കയം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.880
11. പന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1651
12. കരുളായി സർവ്വീസ് സഹകരണ ബാങ്ക്

13. പൊന്നാനി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4841

14. താനാളൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം.2

15. അണ്ടത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1249

16. തലക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4391

17. ആതവനാട് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1933

18. സർവ്വീസ് സഹകരണ ബാങ്ക് അബ്ദുറഹിമാൻ നഗർ ക്ലിപ്തം നമ്പർ എഫ്.583

19. തേഞ്ഞിപ്പാലം സഹകരണ റൂറൽ ബാങ്ക്

20. താനൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ എഫ്.1629

21. മൂർക്കനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം.496

22. ആനമങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1182

23. തെന്നല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.720

24. തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1185

25. കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ 4455

26. മലപ്പുറം അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 636

27. മോങ്ങം അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം.657

28. എടവണ്ണ എംപ്ലോയീസ് ആന്റ് റിട്ടയേർഡ് എംപ്ലോയീസ് കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എം. 312

29. എടക്കര വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 524

30. കീഴുപറമ്പ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നം.534

31. ഇന്ദിരാഗാന്ധി ഗവൺമെന്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.318

32. കതവാരക്കുണ്ട് വനിത സഹകരണ സംഘം

33. വഴിക്കടവ് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.899

34. അരിക്കോട് വനിത സഹകരണ സംഘം

35. മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് ഡെവലപ്മെന്റ് സഹകരണ സംഘം

36. വണ്ടൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.585

37. മോങ്ങം വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.716

38. മലപ്പുറം ജില്ല കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.271

39. വെളിയങ്കോട് വനിത സഹകരണ സംഘം

40. കാലിക്കറ്റ് യൂണിവേഴ്സിറ്റി പെൻഷനേഴ്സ് വെൽഫയർ സഹകരണ സംഘം

41. ജനകീയ അർബൻ സഹകരണ സംഘം കോട്ടക്കൽ ക്ലിപ്തം നമ്പർ എം.645

42. പറപ്പൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.610

43. കണ്ണമംഗലം പഞ്ചായത്ത് റൂറൽ സഹകരണ സംഘം.

44. പറപ്പൂർ റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.എം.799,

45. തിരൂർ താലൂക്ക് ഓട്ടോ & ടാക്സി വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.723

46. കാലിക്കറ്റ് എയർപോർട്ട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.936

47. പുറത്തൂർ ജനറൽ വർക്കേഴ്സ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.907

48. നിയോ ക്ലാസിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിഹാബിലിറ്റേഷൻ മാനേജ്മെന്റ് യോഗ ആന്റ് കോ-ഓപ്പറേറ്റീവ് സ്റ്റഡീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ .985

49. പരപ്പനങ്ങാടി ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.708

50. പരപ്പനങ്ങാടി പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്.1717

51. നെടിയിരുപ്പ് പട്ടികജാതി അഗ്രികൾച്ചറൽ കോളനൈസേഷൻ സഹകരണ സംഘം

52. നിലമ്പൂർ അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1043

53. മഞ്ചേരി സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 1726

54. തിരൂരങ്ങാടി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ എം.858

55. ചെറുകാവ് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.758

കോഴിക്കോട്

1. നാദാപുരം പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2475

2. ഫറോക്ക് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

3. എലത്തൂർ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2830

4. തലക്കുളത്തൂർ ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2297
5. കേരള വിഷ്വൽ ആന്റ് പ്രിന്റ് മീഡിയ സഹകരണ സംഘം ക്ലിപ്തം നമ്പർ ജി. 3139
6. കോഴിക്കോട് താലൂക്ക് സഹകരണ കാർഷിക കേരോത്പാദക സഹകരണ വിപണന സംഘം (അഗ്രിക്കോ) ക്ലിപ്തം നമ്പർ ഡി.3043
7. കോഴിക്കോട് ഡിസ്ട്രിക്ട് ലേബർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം ഡി.3051
8. കുന്ദമംഗലം അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2750
9. കുന്ദമംഗലം മേഖല കാർഷിക വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3000
10. മലബാർ നിർമ്മാണ തൊഴിലാളി സഹകരണ സംഘം
11. താമരശ്ശേരി വനിത സഹകരണ സംഘം

<u>വയനാട്</u>

1. പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 10153
2. വയനാട് ജില്ലാ ലോട്ടറി തൊഴിലാളി വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ.297

3. പടിഞ്ഞാറത്തറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1664

4. കൽപ്പറ്റ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ.228

5. സൗത്ത് വയനാട് റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ.147

6. കൽപ്പറ്റ കോ -ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 81.

7. മേപ്പാടി ജി.എച്ച്.എസ്.സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2180

8. വയനാട് ജില്ലാ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ.328

9. വെങ്ങപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1260

10. നോർത്ത് വയനാട് റബ്ബർ&അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി.346

11. തവിഞ്ഞാൽ എസ്.ടി. സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ.796

12. വയനാട് ജില്ലാ ടെമ്പിൾ എംപ്ലോയീസ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ.290

13. മാനന്തവാടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ

എഫ്.4034

14. വെള്ളമുണ്ട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.530

15. തവിഞ്ഞാൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.4031

16. വയനാട് ജില്ല ഗവ.കോൺട്രാക്ടേഴ്സ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം ഡബ്ല്യൂ.298

17. തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.4389

18. പേര്യ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ല്യൂ.284

കണ്ണൂർ

1. കരിവെള്ളൂർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി.1924

2. വെള്ളൂർ വില്ലേജ് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ സി.1432

3. പാനൂർ മർക്കന്റൈയിൻ വെൽഫെയർ സഹകരണ സംഘം

4. മോട്ടോർ ട്രാൻസ്പോർട്ട് എംപ്ലോയീസ് സഹകരണ സംഘം ചാലോട്

5. കുറുമാത്തൂർ അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി.1878

6. ആലക്കോട് കോക്കനട്ട് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ

സംഘം നമ്പർ സി.1106

7. കാവിൻചാൽ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ സി.1605,

8. പെരുമ്പടവ് റൂറൽ അഗ്രികൾച്ചറൽ & സോഷ്യൽ വെൽഫെയർ സഹകരണ സംഘം

9. ആലക്കോട് റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം

10. പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി

11. കണ്ണൂർ ടൂറിസം സഹകരണ സംഘം

12. മുഴപ്പിലങ്ങാട് പബ്ലിക് വെൽഫെയർ സഹകരണ സംഘം

13. കാടാച്ചിറ സർവീസ് സഹകരണ ബാങ്ക്

14. തോട്ടട വനിത സഹകരണ സംഘം

15. ചക്കരക്കൽ അർബൻ സഹകരണ സംഘം

16. പള്ളിക്കുന്ന് സർവീസ് സഹകരണ ബാങ്ക്

17. അഴീക്കോട് ടൗൺ വനിതാ സഹകരണ സംഘം

18. ചിറക്കൽ വീവേഴ്സ് എംപ്ലോയീസ് സഹകരണ കൺസ്യൂമർ സ്റ്റോർ

19. പാപ്പിനിശ്ശേരി വനിത സഹകരണ സംഘം

20. കക്കറ വനിത സഹകരണ സംഘം

21. പുതിയതെരു അർബൻ സഹകരണ സംഘം

22. ഇന്ദിരാജി ലേബർ വെൽഫെയർ സഹകരണ സംഘം

23.കാനറാ ബാങ്ക് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4373

24. കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ക്ലിപ്തം 4437

കാസർകോട്

1. മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.3336

2. ചെങ്കള സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എസ്.66

3. കാസറഗോഡ് താലൂക്ക് ബസ്സ് ട്രാൻസ്പോർട്ട് ഓണേർസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.571

4. കാസറഗോഡ് എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ സി.904

5. പെർളട്ടുക്കം അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.310

6. കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.എഫ്.91

7. കുറ്റിക്കോൽ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം

ക്ലിപ്തം നമ്പർ എസ്.383

8. കാടകം വനിത സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.272

9. കാസറഗോഡ് സഹകരണ മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്.എഫ്.104

10. മുഗ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.33 (എഫ്.എഫ്)

11. മജ്ബയിൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.322

12. മംഗൽപാടി പൈവളിഗെ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.331

13. വെള്ളരിക്കുണ്ട് താലൂക്ക് മർക്കന്റൈയിൻ സഹകരണ സംഘം എസ്.581

14. നീലേശ്വരം അഗ്രിക്കൾച്ചറിസ്റ്റ് വെൽഫയർ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.408

15. എൻ.കെ.ബാലകൃഷ്ണൻ മെമ്മോറിയൽ ജനത പ്രിന്റിംഗ് & പബ്ലിഷിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 373

16. പിലിക്കോട് സർവ്വീസ് സഹകരണ ബാങ്ക്

17. ഉദുമ പനയാൽ അർബൻ സഹകരണ സംഘം

18. മടക്കര വനിത സർവ്വീസ് സഹകരണ സംഘം

(സി) ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അന്വേഷണം എർപ്പെടുത്തിയിട്ടുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്ന സംഘങ്ങളിൽ സഹകരണ നിയമം വകുപ്പ് 65, 66 എന്നിവ പ്രകാരമുള്ള തുടർ അന്വേഷണങ്ങൾ/പരിശോധനകൾ നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും കണ്ടെത്തുന്നപക്ഷം സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 A പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ക്രിമിനൽ സ്വഭാവം ബോധ്യപ്പെടുന്ന കേസുകളിൽ പോലീസിൽ റിപ്പോർട്ട് ചെയ്ത് ക്രിമിനൽ നടപടിപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അന്വേഷണം പൂർത്തിയായവകളിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ക്രമക്കേടുകൾക്ക് ഉത്തരവാദിയെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ കേരള സിവിൽ സർവീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ സംഘം ജീവനക്കാർക്കെതിരെ കേരള സഹകരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും നഷ്ടോത്തരവാദികളായവരിൽനിന്നും തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ക്രിമിനൽ സ്വഭാവമുള്ള ക്രമക്കേടുകളിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ**

260 (4350) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവസഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്നും ഓരോ സംഘങ്ങളുടെയും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ 4 യുവജന സഹകരണ സംഘങ്ങളും 1 പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘവും ഉൾപ്പെടെ 5 യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | പ്രവർത്തന പുരോഗതി |
|---|---|
| ചിറ്റൂർ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1465 | ധാന്യം, പഴവർഗ്ഗങ്ങൾ എന്നിവയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നു. എറണാകുളത്ത് നടന്ന സഹകരണ എക്സ്പോയിൽ ടി ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്തിയിരുന്നു. ആയത് സംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാൻ സഹായിച്ചിട്ടുണ്ട്. |
| ആലത്തൂർ താലൂക്ക് യുവ കർഷക ഉത്പാദക വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1466 | ജനസേവന കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ആലത്തൂർ യുവ സ്കിൽഡ് ആന്റ് അൺസ്കിൽഡ് ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ പി.1467 | മൺപാത്രങ്ങളുടെ ഉത്പാദനവും വിതരണവും നടത്തുന്നു. എറണാകുളത്ത് നടന്ന സഹകരണ എക്സ്പോയിൽ ടി ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്തിയിരുന്നു. സഹകരണ എക്സ്പോയിൽ പങ്കെടുത്തത് സംഘത്തിന്റെ വിപണനമേഖല വിപുലപ്പെടുത്തതിന് സഹായകമായിട്ടുണ്ട്. |
| നെന്മാറ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1468 | പാലക്കാട് ജില്ലയിൽ വൃക്ഷത്തൈകളുടെ വിതരണം-നഴ്സറി യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടിയിലാണ്. സഹകരണ |

| | |
|---|---|
| | എക്സ്പോയിൽ പങ്കെടുത്തിരുന്നു. ആയത് സംഘത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. |
| പാലക്കാട് ജില്ല ട്രൈബൽ യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1476 | 13-05-2022-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച് വരുന്നു. |

**യുവജന സഹകരണ സംഘങ്ങൾ**

261 (4351) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര യുവജന സഹകരണ സംഘങ്ങളാണ് നിലവിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

സർക്കാരിന്റെ ആദ്യഘട്ട 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 30 യുവജന സഹകരണ സംഘങ്ങളും രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 14 പട്ടികജാതി/പട്ടിക വർഗ്ഗ യുവസഹകരണ സംഘങ്ങളും ഉൾപ്പെടെ 44 യുവസഹകരണ സംഘങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവജന സംഘങ്ങളുടെ പരിപോഷണത്തിനും വളർച്ചയ്ക്കുമായി എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ആദ്യഘട്ടം രൂപീകരിച്ച 30 യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി വ്യത്യസ്ത സംരംഭങ്ങളെ സംബന്ധിച്ചും സഹകരണ അക്കൗണ്ടിംഗ് രീതികളെ സംബന്ധിച്ചുമുള്ള പരിശീലനം നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർതലത്തിൽ നിശ്ചിത ഇടവേളകളിൽ ടി സംഘങ്ങളുടെ അവലോകന യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ നോഡൽ ആഫീസർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തിവരുന്നു. ടി സംഘങ്ങളുടെ പ്രാരംഭപ്രവർത്തനത്തിനുള്ള മൂലധനം ഗവൺമെന്റ് ഓഹരിയായും സബ്സിഡിയായും അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി യുവജന സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി "മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം" എന്ന സഹകരണ വകുപ്പിന്റെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. സംഘങ്ങൾ പത്ത് ലക്ഷം രൂപ വീതം ഓഹരി അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംഘങ്ങളിലെ ഓരോന്നിലെയും 5 അംഗങ്ങൾക്ക്

വീതം 2022 ജൂലൈ 29, 30 തീയതികളിൽ സഹകരണ സംഘങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

262 (4352) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ വാമനപുരം മണ്ഡലത്തിന്റെ പരിധിക്കുള്ളിൽ രൂപീകരിക്കപ്പെട്ട വിവിധ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ വർഷം തിരിച്ച് അറിയിക്കാമോ;

(ബി) അതിൽ ഓരോന്നിന്റെയും പ്രവർത്തന മേഖലയും പ്രവർത്തന പരിധിയും വിശദമാക്കാമോ?

(എ & ബി) അനുബന്ധമായി ചേർക്കുന്നു.+

## വായ്പ എഴുതിത്തള്ളൽ

263 (4353) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തൃശ്ശൂർ ജില്ലയിലെ കേരള ബാങ്ക് ചാവക്കാട് ശാഖയിൽനിന്നും വായ്പ എടുത്ത മങ്ങാടി വേലായുധൻ എന്ന വ്യക്തിയുടെ വായ്പ എഴുതിത്തള്ളിയിട്ടും ടിയാന്റെ ആധാരം മടക്കി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) വായ്പ എഴുതിത്തള്ളുന്നതിന് കേരള ബാങ്ക് ചാവക്കാട് ശാഖയിൽ നൽകിയ ശിപാർശയിൽ വർഷങ്ങൾ കഴിഞ്ഞിട്ടും തീരുമാനമെടുക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

(എ&ബി) കേരള ബാങ്കിൽനിന്നും സഹകരണ സംഘം രജിസ്ട്രാറിൽനിന്നും വ്യക്തമായ റിപ്പോർട്ട് വാങ്ങി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## സഹകരണ സംഘങ്ങൾക്കായി ഏകീകൃത ഓൺലൈൻ സേവന സംവിധാനം

264 (4354) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. വി. ശശി</u>:
<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പ സഹകരണ

സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനായി ഡിജിറ്റൽ ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള ഏകീകൃത സോഫ്റ്റ്‌വെയറാണ് സഹകരണ വകുപ്പ് പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളത്.

(ബി) സഹകരണ സംഘങ്ങൾക്കായി ഏകീകൃത ഓൺലൈൻ സേവന സംവിധാനം നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിലേയ്ക്കായി സർക്കാർ ഉത്തരവുകൾ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ തയ്യാറാക്കിയ Request for Proposal (RFP) സർക്കാർ അംഗീകരിക്കുകയും സർക്കാരിന്റെ നിർദ്ദേശാനുസരണം RFP പ്രകാരമുള്ള ടെണ്ടർ 23-01-2021-ന് ഇ-ടെണ്ടർ website-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ടെണ്ടറിൽ ആരുംതന്നെ പങ്കെടുക്കാത്തതിനാൽ റീടെണ്ടറിംഗിനുള്ള നടപടികൾ സ്വീകരിച്ചു. RFP-യിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ RFP പ്രകാരമുള്ള ടെണ്ടർ 18-12-2021-ന് e-tender website-ൽ പ്രസിദ്ധീകരിച്ചു. 12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഓഡിറ്റ് വിവരങ്ങളടക്കമുള്ള സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളെല്ലാം ഓൺലൈനിൽ ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്. സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ വകുപ്പുതല വിവരശേഖരണം സുഗമമാക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിരീക്ഷിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്.

(ഡി) വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി സഹകരണ വകുപ്പിൽ സമയബന്ധിതവും കുറ്റമറ്റതുമായ സേവനങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ICDMS (Integrated Co-operative Department Management System)

സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതിപ്രകാരം താഴെപ്പറയുന്ന 3 സേവനങ്ങൾ ഓൺലൈൻവഴി നടപ്പിലാക്കിയിട്ടുണ്ട്.

1. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി:-

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്കുതന്നെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ഒടുക്കുന്നതിന് ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേയുമായി സംയോജിപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയുടെ അപേക്ഷകൾ സമർപ്പിക്കുന്നതും ആയത് രജിസ്റ്റർ ചെയ്തുനൽകുന്നതും ടി സംവിധാനത്തിലൂടെയാണ്.

2. ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ

സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികളിൽ ഉൾപ്പെടുത്തി

സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേയ്ക്കായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഈ മോഡ്യൂളിൽനിന്നും ലഭ്യമാകുന്നതും ആയത് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും കഴിയുന്നതാണ്.

3. <u>ആഡിറ്റ് മൊഡ്യൂൾ</u>

സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മൊൊഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. യൂസർ അക്സപ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

2. <u>Co-operative Audit Monitoring & Information System (CAMIS)</u>

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ വകുപ്പുതല വിവരശേഖരണം സുഗമമാക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിരീക്ഷിക്കുന്നതിനും കഴിയുന്നതാണ്. സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്.

3. <u>പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ</u>

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക

കാർഷിക വായ്പ സഹകരണ സംഘങ്ങളും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി സർക്കാർ ഉത്തരവുകൾ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ Request for Proposal (RFP) തയ്യാറാക്കുകയും സർക്കാർ അംഗീകാരത്തോടെ 18-12-2021-ന് RFP ഇ-ടെണ്ടർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. 12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4. <u>സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം</u>

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

5. <u>Integrated Co-operative Recruitment Management System</u>

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് പരീക്ഷാ നടത്തിപ്പുകൾക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയുണ്ടായി. പുതിയ വെബ്പോർട്ടൽ ICRMS (Integrated Co-operative Recruitment Management System) വഴി

സൊസൈറ്റി/ബാങ്കുകൾക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന ജോലികളും ഉദ്യോഗാർത്ഥികൾക്ക് one time രജിസ്ട്രേഷൻ മുതൽ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷിക്കുന്നതിനും പരീക്ഷ നടപടികൾ മുതൽ യോഗ്യത ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, അഡ്വൈസ് മെമ്മോ തുടങ്ങിയവ ഓൺലൈൻവഴി നടത്തുന്നതിന് സാധിക്കും. ഓൺലൈൻ സംവിധാനത്തിലൂടെ സംഘം/ബാങ്കുകൾക്ക് ഓൺലൈൻ മുഖേന പരീക്ഷ ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന സംവിധാനം പുതിയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അപേക്ഷയിൽ ഉൾപ്പെടുത്തേണ്ട രേഖകൾ, ഫീസ് എന്നിവ ഓൺലൈനായി കൈമാറുന്നതിനുള്ള സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി One Time Registration സംവിധാനം തുടങ്ങി ആധുനിക രീതിയിലുള്ള പരീക്ഷാ സംവിധാനം എല്ലാം ടി സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. e-Office

സഹകരണ വകുപ്പിലെ സംസ്ഥാന-ജില്ലാ-താലൂക്കുതല ഓഫീസുകളിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്. ജവഹർ സഹകരണ ഭവനിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം

രജിസ്ട്രാർ ആഫീസിലും സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിലും e-Office സംവിധാനം 2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. 14 ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും 14 ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസുകളിലും e-Office സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ**

265 (4355) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ എത്ര സംഘങ്ങൾ ലാഭത്തിലും എത്ര സംഘങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ കേരള ബാങ്കിൽ അംഗത്വം എടുത്തിട്ടുള്ളവ എത്രയെന്നും വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ

നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 117 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുണ്ട്.

ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം - 45

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം - 72

കേരള ബാങ്കിൽ അംഗത്വം എടുത്തിട്ടുള്ള സംഘങ്ങളുടെ എണ്ണം - 116

(ബി) 2020-21, 2021-22 എന്നീ വർഷങ്ങളിൽ എത്ര പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കേരള സഹകരണ നിയമത്തിലെ വകുപ്പ് 63 അനുശാസിക്കുംപ്രകാരം തരളധനം സൂക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ 63 പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കേരള സഹകരണ നിയമം വകുപ്പ് 63 അനുശാസിക്കുംപ്രകാരം തരളധനം സൂക്ഷിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 2020-21, 2021-22 എന്നീ വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ചതിനാലും തരളധനം സൂക്ഷിക്കാത്തതിനാലും കേരള ബാങ്ക് അനുവദിച്ച് നൽകിയിട്ടുള്ള ജനറൽ ബാങ്കിംഗ്, ഗോൾഡ് ക്യാഷ്

ക്രെഡിറ്റ് എന്നിവ ഏതെങ്കിലും സംഘങ്ങൾക്ക് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഘങ്ങളുടെ പേര് വിവരം വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ചതിനാലും തരളധനം സൂക്ഷിക്കാത്തതിനാലും കേരള ബാങ്ക് അനുവദിച്ച നൽകിയിട്ടുള്ള ജനറൽ ബാങ്കിംഗ്, ഗോൾഡ് ക്യാഷ് ക്രെഡിറ്റ് എന്നിവ ഒരു സംഘത്തിനും മരവിപ്പിച്ചിട്ടില്ല.

**കലാകാരൻമാരുടെ സഹകരണ സംഘം രൂപീകരിക്കുന്നതിന് നടപടി**

266 (4356) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാകാരൻമാരുടെ സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കലാകാരന്മാരുടെ സഹകരണ സംഘം Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) 15-02-2022-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് സംഘത്തിന്റെ ആദ്യ പൊതുയോഗം 25-03-2022-ൽ ചേർന്നു. കോട്ടയമാണ് സംഘത്തിന്റെ ആസ്ഥാനം.

(ബി) പ്രസ്തുത സഹകരണ സംഘത്തിൽ അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; അതിനായി ചുമതലപ്പെടുത്തിയത് ആരെയാണെന്ന് വ്യക്തമാക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്നത് സംഘം തയ്യാറാക്കി സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചുനൽകുന്ന നിയമാവലിയിലാണ്. അംഗത്വം നൽകുന്നതിനുള്ള ചുമതല ഭരണസമിതിക്കാണ്.

(സി) പ്രസ്തുത മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനായി മികച്ച കലാകാരൻമാരുടെകൂടി പ്രാതിനിധ്യം ഉറപ്പുവരുത്തി ഒരു സമിതിയെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതും മാറ്റം വരുത്തുന്നതും സംഘത്തിന്റെ ഭരണസമിതിയുടെയും പൊതുയോഗത്തിന്റെയും

തീരുമാനപ്രകാരമാണ്.

## സഹകരണ മേഖലയിലെ തൊഴിലവസരങ്ങൾ

267 (4357) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ എത്ര തൊഴിലവസരം സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ 1184 സ്ഥിരനിയമനങ്ങളും 55095 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 56279 തൊഴിൽ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം മേഖലയിലാണ് ഈ തൊഴിലവസരങ്ങൾ സൃഷ്ടിച്ചതെന്ന വിശദാംശം ലഭ്യമാക്കാമോ?

സഹകരണ മേഖലയിൽ സഹകരണ വകുപ്പിലെ 200 സ്ഥിരനിയമനങ്ങളും കേരള ബാങ്കിലെ 13 സ്ഥിരനിയമനങ്ങളും സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 971 നിയമനങ്ങളും ഉൾപ്പെടെ ആകെ 1184 സ്ഥിരം തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

കേരള ബാങ്ക് മുഖേന വിവിധ വായ്പ പദ്ധതികൾ മുഖാന്തരം 38645 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അപെക്സ് ഫെഡറേഷനുകൾ വഴി 41 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന വായ്പ പദ്ധതികൾ മുഖാന്തരം 16409 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. ഇപ്രകാരം ആകെ 55095 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ/ആദിവാസി വിഭാഗങ്ങളുടെ സഹകരണ സംഘങ്ങൾ**

268 (4358) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിലെ ആളുകൾ മാത്രം അംഗങ്ങളായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിലെ ആളുകൾ മാത്രം അംഗങ്ങളായ സഹകരണ സംഘങ്ങളുടെ എണ്ണം ജില്ല തിരിച്ച് താഴെ ചേർക്കുന്നു:

തിരുവനന്തപുരം - 8

കൊല്ലം - 3

പത്തനംതിട്ട - 4

ആലപ്പുഴ - 1

കോട്ടയം - 5

ഇടുക്കി - 19

എറണാകുളം - 3

തൃശ്ശൂർ - 3

പാലക്കാട് - 15

മലപ്പുറം - 1

കോഴിക്കോട് - 3

വയനാട് - 10

കണ്ണൂർ - 6

കാസർഗോഡ് - 1

(ബി) മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ/ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പേര്ുവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) മേൽ സംഘങ്ങൾ സ്ഥാപിച്ച വർഷവും വിലാസവും പ്രവർത്തന

മേഖലകളും പ്രവർത്തന പരിധികളും അറിയിക്കാമോ;

(ഡി) മേൽ സംഘങ്ങളുടെ ഭരണസമിതിയിൽ സർക്കാർ വകുപ്പുദ്യോഗസ്ഥരെയോ ജില്ലാ കളക്ടർമാരെയോ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പ്രത്യേകമായി നൽകാമോ?

(ബി-ഡി) നിലമ്പൂർ പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എം.114.

മലപ്പുറം, നിലമ്പൂർ പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘത്തിൽ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി./എസ്.റ്റി.) മലപ്പുറം, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (പട്ടികവർഗ്ഗ ക്ഷേമം) നിലമ്പൂർ, കാളികാവ് ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ (വനം വകുപ്പ്), സഹകരണസംഘം ഇൻസ്പെക്ടർ (വണ്ടൂർ യൂണിറ്റ്) എന്നിവർ എക്സ് ഒഫിഷ്യോ അംഗങ്ങളാണ്.

| സംഘത്തിന്റെ പേര് | സംഘം സ്ഥാപിച്ച വർഷം | വിലാസം | പ്രവർത്തന പരിധി | പ്രവർത്തന മേഖല |
|---|---|---|---|---|
| നിലമ്പൂർ പട്ടിക വർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. എം. 114 | 1976 | നിലമ്പൂർ പട്ടിക വർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. | നിലമ്പൂർ കൊണ്ടോട്ടി താലൂക്കുകൾ ഉൾപ്പെടുന്ന പഴയ ഏറനാട് താലൂക്കും പെരിന്തൽമണ്ണ | തടിയേതര വനവിഭവ ശേഖരണം, ചെറു വനവിഭവങ്ങളായ കാട്ടുതേൻ, |

| | | | | |
|---|---|---|---|---|
| | | എം. 114. നിലമ്പൂർ ആർ.എസ്., വീട്ടിച്ചാൽ, രാമകത്ത് പി.ഒ., മലപ്പുറം | താലൂക്കും | കുന്തിരിക്കം, മരോട്ടിക്കുരു, നാഗഗന്ധി തുടങ്ങിയവ ശേഖരിച്ച് എസ്.സി./ എസ്.റ്റി. ഫെഡറേഷൻ മുഖേന വില്പന നടത്തുന്നു. റബ്ബർ, തെങ്ങ് കൃഷി |

**സഹകരണ മേഖലയുടെ പുരോഗതിക്കായി സ്വീകരിച്ച നടപടി**

269 (4359) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ പുരോഗതിക്കായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

1. സഹകരണ വകുപ്പിൽ ഒരു വർഷത്തിനിടയിൽ 1184 സ്ഥിരം നിയമനങ്ങൾ നടത്തി. ആയതിനുപുറമേ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി വിവിധ പദ്ധതികൾവഴി 55095 പേർക്ക് തൊഴിലവസരങ്ങളും ഒരുക്കി. ആകെ 56279 തൊഴിലവസരങ്ങളാണ്

സഹകരണ വകുപ്പിൽ സൃഷ്ടിച്ചത്.

2. നെൽകർഷകരുടെ സംഭരണ, വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) നിലവിൽ വന്നു.

3. കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം നടത്തുവാനായി വനിതാ സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം രൂപ വീതം സഹായം നൽകി 10 യൂണിറ്റുകൾ ആരംഭിച്ചു.

4. കെയർ ഹോം ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2000 വീടുകൾ നിർമ്മിച്ചുനൽകുകയെന്ന ലക്ഷ്യം മുൻ സർക്കാരിന്റെ കാലത്തുതന്നെ നിറവേറുകയും ആ കാലയളവിൽത്തന്നെ 2065 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം 25 വീടുകൾകൂടി നിർമ്മാണം പൂർത്തീകരിക്കുകയും ആയതിൽ 23 വീടുകൾ അതത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

- കെയർ ഹോം രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2021 ഡിസംബർ 6-ന് മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ, യുവാക്കളെ സഹകരണ മേഖലയിൽ ആകർഷിക്കുവാനുമായി സംസ്ഥാനമൊട്ടാകെ 30 സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.
- കലാപ്രവർത്തകരെ സഹായിക്കുന്നതിനായി കലാകാരൻമാരുടെ പ്രത്യേക സഹകരണ സംഘം രൂപീകരിച്ചു.
- ഭിന്നവിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ

ആരംഭിക്കുന്നതിനായി വായ്പ പദ്ധതി ആരംഭിച്ചു.

- അശരണരായ മുതിർന്ന സഹകാരികൾക്ക് സഹായമായി പ്രഖ്യാപിച്ച സഹകരണം സാന്ത്വനം പദ്ധതി നടപ്പിലാക്കി.
- ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി.
- കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ നേതൃത്വത്തിൽ നൈപുണ്യ വികസന പരിശീലനകേന്ദ്രം ആരംഭിച്ചു.
- സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരമ്യൂസിയം. സംഘത്തിന്റെ വസ്തുവിൽ കോട്ടയം നാട്ടകത്ത് 'അക്ഷരം' ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ടി മ്യൂസിയത്തിന്റെ നിർമ്മാണോദ്ഘാടനം നടത്തുകയും ചെയ്തു.
- സഹകരണ സർവ്വീസ് പരീക്ഷ ബോർഡ് പരീക്ഷ നടത്തിപ്പുകൾക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി.

- സഹകരണ സംഘം രജിസ്ട്രാറുടേയും മറ്റ് ഫംങ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാകുന്ന Co-operative Audit Monitoring & Information System (CAMIS) പദ്ധതി നടപ്പിലാക്കി.

- സഹകരണവകുപ്പിലെ സംസ്ഥാന-ജില്ല-താലൂക്കുതല ഓഫീസുകളിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി.

- സഹകരണ വകുപ്പിനുകീഴിൽ സേവനാവകാശത്തിന്റെ പരിധിയിൽ വരുന്ന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നീ രണ്ട് സേവനങ്ങൾ സംസ്ഥാന ഡാഷ് ബോർഡിൽ (dashboard.kerala.gov.in) ഉൾപ്പെടുത്തി.

- സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ഡിജിറ്റൽ പഠനത്തിന് സഹകരണ മേഖലയുടെ കൈത്താങ്ങായ വിദ്യാ തംരംഗിണി പദ്ധതിയിലൂടെ വിദ്യാർഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി 92309 വായ്പകളിലായി 89,98,86,765/- രൂപ ലഭ്യമാക്കിയിട്ടുണ്ട്.
- പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുന്നതിനായി സഹകരണ സംഘങ്ങൾ മുഖേന 14 ജില്ലകളിലായി 408 സംഘങ്ങൾ വഴി 582 ഏക്കർ 99 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചു.
- സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായുള്ള 'പുനർജ്ജനി പദ്ധതി' ആരംഭിച്ചു.
- സംസ്ഥാനത്തെ 14 ജില്ലകളിൽ ഓരോന്നിലും ഓരോ പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു.
- എല്ലാവിധ നിത്യോപയോഗ സാധനങ്ങളും വിലക്കുറവിലും, ഗുണമേന്മയിലും വിശ്വസ്തതയിലും ലഭിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽനിന്ന് ഓൺലൈനായി സാധനങ്ങൾ ബുക്ക് ചെയ്ത് വാങ്ങാൻ കഴിയുന്ന വിധത്തിൽ "ത്രിവേണി ആപ്പ്" ലോഞ്ചിംഗ്

ആരംഭിച്ചു.

- വിപണി ഇടപെടലിന്റെ ഭാഗമായി ഗവൺമെന്റ് സഹായത്തോടെ കൺസ്യൂമർഫെഡ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനുമായി ബന്ധപ്പെട്ട് 1039 ഭവനങ്ങളുടെ നിർമ്മാണത്തിനായി 56,13,86,000 /- രൂപയുടെ ഭവന വായ്പകൾ നൽകുവാൻ സാധിച്ചു.
- കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഫുട്ബാൾ/ക്രിക്കറ്റ്/ ബാഡ്മിന്റൺ ടർഫുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നാളിതുവരെ 5 ടർഫുകൾ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.
- സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി പദ്ധതിയിൽ നിക്ഷേപങ്ങൾക്കുള്ള പരിരക്ഷാ പരിധി 5 ലക്ഷം രൂപയായി ഉയർത്തി.
- സഹകരണ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ ആഡിറ്റ് ഡയറക്ടറായി കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ കീഴിലുള്ള ഡെപ്യൂട്ടി അക്കൗണ്ടന്റ് തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കിവരുന്നു.

- 2019 നവംബറിൽ രൂപീകൃതമായ കേരള ബാങ്കിന്റെ പ്രവർത്തന നേട്ടങ്ങൾ എടുത്തുപറയാവുന്നതാണ്. തെരഞ്ഞെടുത്ത ഭരണസമിതിയുടെയും 5000-ത്തിലധികം ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ 112028.11 കോടിയുടെ ബിസിനസ് വളർച്ചയാണ് 2021-22 സാമ്പത്തിക വർഷം കേരള ബാങ്ക് നേടിയത്.

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയിലും കേരള സർക്കാരിന്റെയും ബാങ്കിന്റെ ഓഹരി ഉടമകളായ പ്രാഥമിക സഹകരണ സംഘങ്ങളുടെയും പിന്തുണയോടെ കേരള ബാങ്കിനുണ്ടായ വളർച്ച ശ്രദ്ധേയമാണ്.

സംഘങ്ങളുടെ വികസനം ലക്ഷ്യമാക്കി 13 ജില്ലകളിൽ പാക്സ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചതും കേരള ബാങ്കിന്റെയും പ്രാഥമിക സംഘങ്ങളുടെയും ഉത്പന്ന വൈവിദ്ധ്യവത്കരണത്തിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി നബാർഡ് ധനസഹായത്തോടെ ബിസിനസ് ഡൈവേഴ്സിഫിക്കേഷൻ & പ്രോഡക്ട് ഇന്നവേഷൻ സെൽ (BDPI) പ്രവർത്തനം ആരംഭിച്ചതും എടുത്തു പറയാവുന്ന നേട്ടമാണ്.

ബാങ്കിംഗ് സാങ്കേതികവിദ്യയും സാമ്പത്തിക സാക്ഷരതാ അവബോധവും ഗ്രാമപ്രദേശങ്ങളിൽ എത്തിക്കുന്നതിനും

പ്രചരിപ്പിക്കുന്നതിനുമായി കേരള ബാങ്കിന്റെ ATM ഡെമോൺസ്ട്രേഷൻ വാനുകൾ ജില്ലകൾ തോറും പ്രവർത്തനം നടത്തിവരുന്നു.

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുകയെന്ന ലക്ഷ്യത്തോടെ ബാങ്കിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് വിദ്യാനിധി. കേരള ബാങ്കിന്റെ ആഭിമുഖ്യത്തിൽ വിവിധ വായ്പാപദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

- സഹകരണ എക്സ്പോ 2022 സംഘടിപ്പിച്ചു.
- 2021-22 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിഹിതമായി 7702.24 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ 2150.69 ലക്ഷം രൂപയും ചേർത്ത് ആകെ 9852.93 ലക്ഷം രൂപ ധനസഹായമായി 638 സംഘങ്ങളെ സംസ്ഥാന പദ്ധതിയിലൂടെയും 33 സംഘങ്ങളെ എൻ.സി.ഡി.സി. പദ്ധതിയിലൂടെയും സഹായിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 120 എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങളും 46 വനിത സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു.
- സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ

വായ്പാകണക്ക് അവസാനിപ്പിക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) എന്തെല്ലാം തരത്തിലുള്ള വായ്പകളാണ് സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളും കാർഷിക വികസന ബാങ്കുകളും നൽകുന്നതെന്ന് വിശദമാക്കുമോ?

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ വഴി കെ.സി.സി. വായ്പ, ഹ്രസ്വകാല കാർഷിക വായ്പ, സ്വർണ്ണപ്പണയ വായ്പ, മദ്ധ്യകാല സാധാരണ വായ്പ, ഹയർ പർച്ചേഴ്സ് വായ്പ, ജീവനക്കാരുടെ ഓവർ ഡ്രാഫ്റ്റ് ഭിന്നശേഷി വായ്പ, സ്ഥിര നിക്ഷേപ വായ്പ, കൺസ്യൂമർ വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ, കണ്ടിജന്റ് വായ്പകൾ, ഉത്സവകാല വായ്പ, വാഹന വായ്പ തുടങ്ങിയ വായ്പകൾ വിതരണം ചെയ്തുവരുന്നു.

പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് കേരള ബാങ്ക് നൽകുന്ന പ്രധാന വായ്പകൾ ചുവടെ പറയുന്നവയാണ്.

1. കിസാൻ ക്രെഡിറ്റ് കാർഡ് (KCC)- കാർഷിക/കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ നബാർഡ് മുഖേന അനുവദിക്കുന്ന വായ്പ.

2. KB സമഗ്ര – പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നൽകുന്ന വായ്പ.

3. സമഗ്ര (ഇതര സംഘങ്ങൾ)-ഇതര സംഘങ്ങളുടെ സമഗ്ര വികസനത്തിന് നൽകുന്ന വായ്പ

4. ജനറൽ ബാങ്കിംഗ് ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി – മെമ്പർ ലെവൽ നോൺ ഓവർ ഡ്യൂ പരിഗണിച്ച് 90% വരെ.

5. ഗോൾഡ് ക്യാഷ് ക്രെഡിറ്റ് - സംഘങ്ങൾ അംഗതലത്തിൽ സ്വർണ്ണ പണയ വായ്പ വിതരണം ചെയ്യുന്നതിന്.

6. വർക്കിംഗ് ക്യാപിറ്റൽ ക്യാഷ് ക്രെഡിറ്റ് – ബാങ്കിംഗ് ഇതര ബിസിനസ്സ് പ്രവർത്തനങ്ങൾക്ക് സ്റ്റോക്കിന്റെ 80% വരെ നൽകുന്നു.

7. മുറ്റത്തെ മുല്ല – സംഘങ്ങൾ അംഗതലത്തിൽ മുറ്റത്തെ മുല്ല പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്ന തുകയുടെ 90% വരെ ബാങ്ക് പുനർവായ്പ നൽകുന്നു.

8. സൂക്ഷ്മ ചെറുകിട ഇടത്തരം വായ്പകൾ (MSME)- സംഘങ്ങളിലെ അഗങ്ങൾക്ക് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അനുവദിക്കുന്നു.

9. ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ - കർഷക ഗ്രൂപ്പുകൾ വഴി

കൂട്ടായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അനുവദിക്കുന്ന പുനർവായ്പ.

10. ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായസംരംഭ വായ്പ – ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭവുമായി ബന്ധപ്പെട്ട് സംഘങ്ങളുടെ സ്വന്തം പ്രവർത്തനങ്ങൾക്കും മെമ്പർ ലെവൽ പ്രവർത്തനങ്ങൾക്കും അനുവദിക്കുന്ന പുനർവായ്പ

11. ദീർഘകാല കാർഷിക വായ്പ (LT agri)- കാർഷിക മേഖലയിലെ ആസ്തി സ്വരൂപിക്കുന്നതിന്

12. സ്പെഷ്യൽ റീഫിനാൻസ് പദ്ധതി (PACS as MSC) - പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന വായ്പ പദ്ധതി.

13. KB മഹിള ശക്തി – സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന വനിത സഹകരണ സംഘങ്ങൾ അവരുടെ അംഗസംഘങ്ങൾക്ക് അനുവദിച്ചുനൽകുന്ന വിവിധയിനം വായ്പ പദ്ധതികൾക്ക് ബാങ്കിൽനിന്ന് പുനർവായ്പ അനുവദിച്ചുനൽകുന്നു.

<u>പ്രധാന മഹിളാശക്തി വായ്പകൾ (10 എണ്ണം)</u>

1. അന്നപൂർണ്ണ വായ്പ – ഫുഡ് കാറ്ററിംഗ് ബിസിനസ്സ് തുടങ്ങാൻ 1 ലക്ഷം

രൂപ വരെ

2. ബിസിനസ്സ് വനിത വായ്പ – വനിതകളുടെ ബിസിനസ്സ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് 5 ലക്ഷം രൂപ വരെ
3. വനിത മുദ്ര വായ്പ – ബ്യൂട്ടി പാർലർ, തയ്യൽ, ട്യൂഷൻ, ഡേ കെയർ തുടങ്ങുന്നതിന് 2 ലക്ഷം രൂപ
4. വനിത വികസന വായ്പ – സർക്കാർ സംരംഭങ്ങളുടെ ഭാഗമായുള്ള ബിസിനസ് പദ്ധതിയുടെ 50 %
5. ഉദ്യോഗിനി വായ്പ പദ്ധതി – വാർഷിക കുടുംബ വരുമാനം 45,000/-ൽ കുറഞ്ഞവർക്ക് സംരംഭം തുടങ്ങാൻ 1 ലക്ഷം രൂപ
6. വനിത ശക്തികേന്ദ്ര പദ്ധതി- ഗ്രാമീണ മേഖലയിലെ വനിതകളുടെ സംരംഭങ്ങൾക്ക് 50,000/- രൂപ
7. ഓർഡിനറി ലോൺസ് – സംഘങ്ങളുടെ വായ്പ വിതരണ ആവശ്യങ്ങൾക്ക്
8. വർക്കിംഗ് ക്യാപിറ്റൽ ക്യാഷ് ക്രെഡിറ്റ് – ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾക്ക് നൽകുന്ന വായ്പ
9. ഗോൾഡ് ക്യാഷ് ക്രെഡിറ്റ് – സ്വർണ്ണ പണയ വായ്പ അനുവദിക്കുന്നതിന് സംഘങ്ങൾക്ക് നൽകുന്നു.

10. SHG/JLG/NHG/MSME/മുറ്റത്തെ മുല്ല, ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ വായ്പ എന്നീ വിഭാഗത്തിലുള്ള സംരംഭങ്ങൾക്ക് പുനർവായ്പ ലഭിക്കുന്നതാണ്.

സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ബാങ്കുകൾ വഴി കാർഷിക വായ്പകളായി എല്ലാത്തരം മദ്ധ്യകാല, ദീർഘകാല വിളകൾക്കുള്ള വായ്പകൾ, ജെ.എൽ.ജി. വായ്പകൾ, ടെറസ് കൃഷി, അടുക്കളത്തോട്ട നിർമ്മാണം, പോളി ബാഗ് കൃഷി, അലങ്കാര മത്സ്യ കൃഷി, നൂതന കൃഷിരീതികളായ പോളി ഹൗസ് ഫാമിംഗ്, പ്രെസിഷൻ ഫാമിംഗ് അക്വാപോണിക്സ് എന്നിവയ്ക്കുള്ള വായ്പകളും കിണർ നിർമ്മാണം, കിണർ പുനരുദ്ധാരണം, ട്രിപ്പ് സ്പ്രിംഗ്ളർ സ്ഥാപിക്കൽ, പമ്പ് സെറ്റ് തുടങ്ങിയ ജലസേചന സാമഗ്രികൾ വാങ്ങുന്നതിനും ട്രാക്ടർ, പവർ ടില്ലർ, ഹാർവെസ്റ്റർ എന്നിവ വാങ്ങുന്നതിനും കൃഷിഭൂമി വാങ്ങുന്നതിനും ഭൂമി നിരപ്പാക്കുന്നതിനും, മണ്ണൊലിപ്പ് തടയാനായി ബണ്ട് നിർമ്മിക്കുന്നതിനും നിലവിലുള്ള തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള വായ്പകളും നൽകിവരുന്നു. കൃഷി അനുബന്ധ വായ്പകളായി പശുവളർത്തൽ, ആട്ടുവളർത്തൽ, പന്നിവളർത്തൽ, കന്നുകുട്ടി പരിപാലനം, മുട്ട/ഇറച്ചിക്കോഴി വളർത്തൽ, താറാവ് കൃഷി എന്നിവയ്ക്കുള്ള വായ്പകളും നൽകിവരുന്നു. കാർഷികേതര

വായ്പകളായി ഭവന നിർമ്മാണത്തിനും ഭവന പുനർനിർമ്മാണത്തിനും വീട്/ഫ്ലാറ്റ് വാങ്ങാനുള്ള വായ്പകളും ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സേവന മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ള വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തന മൂലധന വായ്പയും പ്രാഥമിക ബാങ്കുകൾ വഴി നൽകിവരുന്നു. വാഹന വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ ആവശ്യങ്ങൾക്കായുള്ള വായ്പ, വീട്ടുപകരണങ്ങൾ വാങ്ങാനുള്ള വായ്പ, ക്യാഷ് ക്രെഡിറ്റ് എന്നിവയും നൽകിവരുന്നു.

കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനും വായ്പ നൽകിവരുന്നു.

## എസ്.സി. എസ്.ടി. വിഭാഗത്തിനുള്ള യുവജന സഹകരണ സംഘങ്ങൾ

270 (4360) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യുവജന സഹകരണ സംഘങ്ങളിൽ എത്ര എണ്ണം എസ്.സി./എസ്.ടി. വിഭാഗത്തിന്

അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യുവജന സഹകരണ സംഘങ്ങളിൽ 14 എണ്ണം എസ്.സി./എസ്.ടി. വിഭാഗങ്ങളുടേതാണ്. ഈ സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ഒരു ജില്ലയിൽ ഒന്നു വീതം 14 ജില്ലകളിലായാണ് ഇവ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടി യുവജന സഹകരണ സംഘങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

## പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സ്വർണ്ണ പണയ കാർഷിക വായ്പ അനുവദിക്കുന്നതിന് നടപടി

271 (4361) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ലഭിച്ച് കൊണ്ടിരുന്ന സ്വർണ്ണ പണയ കാർഷിക വായ്പ നിർത്തി വച്ചതുകാരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാധാരണക്കാരും കർഷകരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വീണ്ടും ലഭ്യമാകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സ്വർണ്ണ പണയ കാർഷിക വായ്പ അനുവദിക്കുന്നതിലേയ്ക്കായി സംഘങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് നബാർഡിൽനിന്നും കേരള ബാങ്ക് പുനർ വായ്പ എടുത്ത് സംഘങ്ങൾക്ക് അനുവദിച്ച് പോരുന്നുണ്ട്.

(ബി) കേരള ബാങ്ക് ശാഖകൾ മുഖേന സ്വർണ്ണ പണയ കാർഷിക വായ്പ അനുവദിക്കുന്നുണ്ടെങ്കിലും പ്രധാന മെമ്പർമാരായ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രസ്തുത വായ്പ നൽകുന്നതിനുള്ള ഫണ്ട് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ഇല്ല. പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് അനുവദിച്ചുനൽകുന്ന എല്ലാ കാർഷിക സ്വർണ്ണ പണയ വായ്പകൾക്കും പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് സംസ്ഥാന സഹകരണ ബാങ്ക് പുനർവായ്പ അനുവദിച്ച് നൽകിവരുന്നു.

(സി) നിർധനരായ കർഷകർക്ക് വളരെയധികം പ്രയോജനപ്പെടുന്ന

പ്രസ്തുത വായ്പയ്ക്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും കർഷകർക്ക് അനുവദിച്ച് വരുന്ന കാർഷിക വായ്പകൾക്ക് പുനർവായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ സംഘം സമർപ്പിക്കുന്നമുറയ്ക്ക് ആവശ്യാനുസരണം പുനർവായ്പ കേരള ബാങ്ക് ലഭ്യമാക്കുന്നുണ്ട്.

**കൺസ്യൂമർഫെഡ് ജീവനക്കാരുടെ വേതന പരിഷ്കരണം**

272 (4362) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

12-07-2018-ലെ സ.ഉ.(കൈ)നം.27/2018/സഹ. ഉത്തരവ് പ്രകാരം കൺസ്യൂമർഫെഡിലെ ജീവനക്കാർക്ക് 01-11-2016 പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഒരു പ്രൊമോഷൻ പോളിസി നടപ്പിലാക്കുമോ; തൊഴിലാളികളുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡം

നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

19-08-2009-ലെ സ. ഉ.(കൈ) നം.44/2009/സഹ. ഉത്തരവ് പ്രകാരം കൺസ്യൂമർ ഫെഡിൽ റിക്രൂട്ട്മെന്റ് റൂൾസ് നിലവിലുണ്ട്.

കൺസ്യൂമർഫെഡിൽ സ്ഥലം മാറ്റത്തിന് നിയതമായ മാനദണ്ഡം ചർച്ച ചെയ്ത് രൂപീകരിച്ചിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത സ്ഥാപനത്തിനെ മെച്ചപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

കൺസ്യൂമർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചുവടെ പറയും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

നീതി മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്നുകളും മറ്റും ഉപഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുനൽകുംവിധം "ഹോം ഡെലിവറി" സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

മദ്യയിനങ്ങൾ ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം fl.consumerfed.in എന്ന വെബ്സൈറ്റിലൂടെ കൺസ്യൂമർഫെഡിന്റെ മുഴുവൻ വിദേശമദ്യ ഷോപ്പുകളിലും ആരംഭിച്ചു. ഉപഭോക്താക്കൾക്ക് യഥേഷ്ടം മദ്യയിനങ്ങൾ തെരഞ്ഞെടുക്കുവാൻ കഴിയുംവിധം സെൽഫ് സർവ്വീസ് കൗണ്ടറുകൾ മദ്യവിൽപ്പനശാലകളിൽ സജ്ജമാക്കി.

എല്ലാവിധ നിത്യോപയോഗ സാധങ്ങളും വിലക്കുറവിലും ഗുണമേന്മയിലും വിശ്വസ്തതയിലും ലഭിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽനിന്ന് ഓൺലൈനായി സാധനങ്ങൾ ബുക്ക് ചെയ്തുവാങ്ങുവാൻ കഴിയുന്നവിധത്തിൽ "ത്രിവേണി ആപ്പ്" ലോഞ്ചിംഗ് നടത്തി.

ഡിജിറ്റൽ പണമിടപാടുകളുടെ കാലത്ത് ക്യാഷ്‌ലെസ്സ് പർച്ചേസ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഔട്ട് ലെറ്റുകളിൽ ഗൂഗിൾപേ/ഫോൺപേ തുടങ്ങിയ യു.പി.ഐ. പണമിടപാട് സൗകര്യങ്ങൾ ലഭ്യമാക്കി.

കനത്ത നഷ്ടസാദ്ധ്യതയുള്ള ത്രിവേണികളും ഇതര ബിസിനസ് യൂണിറ്റുകളും വ്യാപാര സാദ്ധ്യതയുള്ള മേഖലകളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന്റെയും ഗ്രാമാന്തരങ്ങളിലേക്ക് ത്രിവേണികളുടെ സേവനം വിപുലീകരിക്കുന്നതിന്റെയും ഭാഗമായി 5 ത്രിവേണി സൂപ്പർമാർക്കറ്റുകൾ, 2 നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ പുതതായി പ്രവർത്തനമാരംഭിച്ചു.

സഹകരണ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഔട്ട്ലെറ്റുകളിൽ സഹകാരി കോർണർകൂടി ത്രിവേണികളിൽ ആരംഭിച്ചു. ദിനേശ് ഫുഡ്സ്, റെയ്ഡ്കോ, മാർക്കറ്റ്ഫെഡ്, സുഭിക്ഷ, മിൽമ, അമൂൽ, നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-

ഓപ്പറേറ്റീവ് സപ്ലൈ & മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, ത്രിവേണി ഉൽപ്പന്നങ്ങൾ തുടങ്ങിയ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ സഹകാരി കോർണറിൽ ലഭ്യമാക്കി വരുന്നു.

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ കാലയളവിൽ ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിലും ഗുണമേന്മയിലും വീടുകളിലേക്കെത്തിക്കുന്ന ഓൺലൈൻ വ്യാപാരം എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ തുടക്കം കുറിച്ചു. www.consumerfed.online എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഉപഭോക്താക്കൾക്ക് സാധനങ്ങൾ ഓർഡർ ചെയ്യാവുന്നതാണ്. സ്വന്തമായ വെബ്ഡൊമൈനിൽ വ്യാപാരം നടത്തുന്ന കേരളത്തിലെ ആദ്യത്തെ പൊതുവിതരണ സംവിധാനമായി കൺസ്യൂമർഫെഡ് മാറി.

കാസർഗോഡ് ജില്ലയിലെ അതിർത്തി ഗ്രാമങ്ങളിൽ ഉണ്ടായ അവശ്യ സാധനങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിനായി 10 സഹകരണ സ്റ്റോറുകൾ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി.

കോവിഡ് കാലത്ത് കേരളമാകെ ആവശ്യം വന്ന പൾസ് ഓക്സിമീറ്ററിന് വൻ ഡിമാന്റ് ആയിരുന്നു. വിപണിയിലെ അന്യായവില മനസ്സിലാക്കിയ കൺസ്യൂമർഫെഡ് സന്ദർഭോചിതമായി ഇടപെട്ട് നേരിട്ട് പൾസ്

ഓക്സിമീറ്ററുകൾ ശേഖരിച്ച് കുറഞ്ഞവിലയ്ക്ക് നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിൽപ്പന നടത്തി.

തിരുവനന്തപുരത്ത് ക്വാറന്റെയിനിലുള്ള ജനങ്ങൾക്ക് സാധനങ്ങൾ നേരിട്ട് വീടുകളിൽ എത്തിച്ചതുൾപ്പെടെയുള്ള കോവിഡ്കാല പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന്റേയും മുഖ്യധാര മാധ്യമങ്ങളുടേയും പ്രശംസ നേടുകയുണ്ടായി. ഈ പ്രവർത്തനങ്ങൾ വിലയിരുത്തി സഹകരണ വകുപ്പിന്റെ പ്രത്യേക പുരസ്കാരം ലഭ്യമായെന്നത് 2020-'21-ന്റെ പ്രത്യേകതയാണ്.

അക്കൗണ്ടിംഗ്, ഡാറ്റാ വിശകലനം, മനുഷ്യ വിഭവശേഷി വിനിയോഗം എന്നിവയൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്ര കമ്പ്യൂട്ടർവൽകരണം ലക്ഷ്യമിട്ട് ഏറ്റവും പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി രൂപകൽപന ചെയ്ത് സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനായി നടപടികൾ ആരംഭിച്ചു.

ഗുണനിലവാരവും വിലക്കുറവും കൃത്യമായ അളവിലും തൂക്കത്തിലും കൺസ്യൂമർഫെഡിന്റെ ഉൽപ്പന്നങ്ങളായി ത്രിവേണി ബ്രാൻഡിൽ ചായപ്പൊടി, വെളിച്ചെണ്ണ, ആട്ട, മൈദ, റവ എന്നിവ വിപണിയിലിറക്കി. കൂടാതെ സ്പൈസസ് പൗഡർ, ബ്രോക്കൺ വീറ്റ് എന്നിവയും ത്രിവേണി

ബ്രാൻഡിൽ വിൽപ്പനയ്ക്ക് സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേന 100 നീതി മെഡിക്കൽ സ്റ്റോറുകൾ പുതുതായി ആരംഭിച്ച് 300-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾസ്വീകരിച്ചുവരുന്നു.

## നീതി ലാബുകളിലെ സ്ഥിരനിയമനം

273 (4363) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ കീഴിൽ പ്രവർത്തിക്കുന്ന നീതി ലാബുകളിൽ ലാബ് അസിസ്റ്റന്റ്, ടെക്നീഷ്യന്മാർ എന്നിവർക്ക് സ്ഥിരനിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

1969-ലെ കേരള സഹകരണ സംഘം നിയമം അപ്പൻഡിക്സ് III-ൽ നീതി ലാബുകളിൽ ലാബ് അസിസ്റ്റന്റ്, ടെക്‌നിഷ്യൻ എന്നീ തസ്തികകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തസ്തികകളിലേയ്ക്ക് സ്ഥിരനിയമനം നടത്തുന്നതിന് വ്യവസ്ഥയില്ല.

(ബി) ചേർത്തല ഗവൺമെന്റ് സർവന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്ന നീതി ലാബിൽ ലാബ് ടെക്നീഷ്യൻ, ലാബ്

അസിസ്റ്റന്റ് തസ്തികകളിൽ സ്ഥിരനിയമനത്തിന് അനുമതി തേടി നൽകിയ അപേക്ഷയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ചേർത്തല ഗവൺമെന്റ് സർവന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്ന നീതി ലാബിൽ താത്കാലിക ജീവനക്കാരായി 11 പേർ ജോലി ചെയ്യുന്നുണ്ട്. ആയതിന് സഹകരണ സംഘം രജിസ്ട്രാറുടെ മുൻ അനുവാദം വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ചും നിലവിൽ 3 ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്, ടി താത്കാലിക ജീവനക്കാരിൽ നിന്നാണോ എന്നതുസംബന്ധിച്ചും വ്യക്തമാക്കണമെന്ന് കാണിച്ച് ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന് കത്ത് നൽകിയിരിക്കുകയാണ്. ആയത് സംബന്ധിച്ച് സംഘം ഇതുവരെ ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് മറുപടി നൽകിയിട്ടില്ല. മറുപടി ലഭിക്കുന്നമുറയ്ക്ക് സംഘത്തിന്റെ അപേക്ഷ തീർപ്പാക്കുന്നതാണ്.

## പ്രിയദർശിനി സഹകരണ ആശുപത്രിയിലെ നിക്ഷേപത്തുക തിരികെ നൽകുന്നതിനുള്ള നടപടികൾ

274 (4364) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ. സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി മൂത്തേടത്ത് വീട്ടിൽ

ശ്രീ. എം. പി. സിദ്ധാർത്ഥൻ, ശ്രീമതി യു. ബി. ബീന എന്നിവർ പ്രിയദർശിനി സഹകരണ ആശുപത്രിയിൽ നിക്ഷേപിച്ച തുകയും പലിശയും തിരികെ കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05-04-2022-ന് ഓൺലൈനായി ചേർന്ന യോഗതീരുമാനപ്രകാരം സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുക മടക്കി നൽകിയിട്ടുണ്ടോയെന്നും പരാതി പരിഹരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ & ബി) 05-04-2022-ന് ഓൺലൈനായി സഹകരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കോടതിവിധി പാലിക്കുന്നതിന് സഹകരണ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28-05-2022 തീയതിയിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ ആഫീസിൽ വച്ച് നടന്ന നേർവാദത്തിൽ ശ്രീ. എം.പി. സിദ്ധാർത്ഥൻ, ശ്രീമതി. യു. ബി. ബീന എന്നിവരുടെ നിക്ഷേപത്തുക സംബന്ധിച്ച കോടതിവിധി പാലിക്കുന്നതിന് 24-06-2022-ൽ തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക ഇതുവരെ മടക്കി നൽകിയിട്ടില്ല.

പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ ജോയിന്റ് രജിസ്ട്രാർതലത്തിൽ സ്വീകരിച്ചുവരുന്നു.

## സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് ഓഹരി പിരിവ്

275 (4365) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ആസ്ഥാനമായ സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് (ക്ലിപ്തം നമ്പർ M 594) അതിന്റെ പ്രവർത്തന പരിധിയിലുള്ള സഹകരണ സംഘങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ സഹകരണ വകുപ്പും സഹകരണ വകുപ്പ് രജിസ്ട്രാറും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സഹകരണ വകുപ്പ് രജിസ്ട്രാർ മുൻപാകെയുള്ള ഫയലിന്റെ വിശദ വിവരം ലഭ്യമാക്കുമോ?

(എ & ബി) കോട്ടയ്ക്കൽ ആസ്ഥാനമായ സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് (ക്ലിപ്തം നമ്പർ M 594) അതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്ഥലം

വാങ്ങുന്നതിനും സംഘം നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം തീരെ സൗകര്യപ്രദമല്ലാത്തതിനാൽ പുതിയ ആശുപത്രി കെട്ടിട നിർമ്മാണ ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്കുവേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ മലപ്പുറം ജില്ലയിലെ മറ്റു സഹകരണ സംഘങ്ങൾക്ക് അതത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും "സി" ക്ലാസ് ഓഹരി എടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 09-06-2022-ലെ 23/2022 നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

മേൽ ആവശ്യമുന്നയിച്ച് ആശുപത്രി ചെയർമാൻ സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയതിന്, ടി ആശുപത്രിക്ക് ജില്ലയിലെ മറ്റു സഹകരണ സ്ഥാപനങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിനുള്ള അനുമതി സഹകരണ സംഘം രജിസ്ട്രാറുടെ 09-06-2022-ലെ 23/2022 നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ 09-06-2022-ലെ 23/2022 നമ്പർ സർക്കുലർ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേപ്പിന് കീഴിലെ പുന്നപ്ര സാഗര സഹകരണ ആശുപത്രി

276 (4366) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന് കീഴിലെ പുന്നപ്ര സാഗര സഹകരണ ആശുപത്രിയിൽ നിലവിൽ ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിലായി എത്രപേർ ജോലി ചെയ്യുന്നുണ്ട്; എന്തൊക്കെ സൗകര്യങ്ങളാണ് ഈ ആശുപത്രിയിലുള്ളത്; വിശദമാക്കാമോ?

കേപ്പിനു കീഴിൽ പുന്നപ്രയിലുള്ള സാഗര ആശുപത്രിയിൽ താഴെ പറയുന്ന 16 ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിച്ചുവരുന്നു. ടി ഡിപ്പാർട്ട്മെന്റുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. ജനറൽ മെഡിസിൻ
2. ജനറൽ സർജറി
3. ഓർത്തോ പീഡിക്
4. ന്യൂറോളജി
5. ന്യൂറോ സർജറി
6. നെഫ്രോളജി

7. കാർഡിയോതൊറാസിക് സർജറി

8. ഗൈനക്കോളജി

9. ഓങ്കോളജി സർജറി

10. ഡെർമറ്റോളജി

11. പീഡിയാട്രിക്സ്

12. ഡന്റിസ്ട്രി

13. ഒഫ്താൽമോളജി

14. ഐ.സി.യു

15. ഇ.എൻ.റ്റി

16. സൈക്യാട്രി

മേൽപ്പറഞ്ഞ ഡിപ്പാർട്ട്മെന്റുകളിലായി 252 പേർ ജോലി ചെയ്യുന്നു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Doctors | 37 |
| 2 | Office | 8 |
| 3 | MRD | 3 |
| 4 | Reception Dept. | 11 |
| 5 | Pharmacy | 7 |
| 6 | X-Ray | 6 |
| 7 | Anesthesia Dept. | 3 |
| 8 | Lab | 6 |

| | | |
|---|---|---|
| 9 | Physiotherapy | 2 |
| 10 | Dietitian | 1 |
| 11 | ECG | 4 |
| 12 | Dialysis | 5 |
| 13 | BME | 1 |
| 14 | Helpers | 10 |
| 15 | Autoclave Asst. | 1 |
| 16 | Electrician | 3 |
| 17 | Security | 7 |
| 18 | STP Operator | 1 |
| 19 | Driver | 4 |
| 20 | Cleaning staff | 59 |
| 21 | Lift | 3 |
| 22 | Operation Theater | 14 |
| 23 | Cath lab/CCU | 10 |
| 24 | Casuality | 11 |
| 25 | ICU | 8 |
| 26 | Ward & Payward | 13 |
| 27 | Labor room | 10 |
| 28 | Dialysis | 4 |
| **Total** | | **252** |

ലബോറട്ടറി, ഇ.സി.ജി, റ്റി.എം.റ്റി, എക്കോ, ഡയാലിസിസ്, എക്സ്റേ, സി.റ്റി. സ്കാൻ, ഐ.സി.യു, സി.സി.യു, ഫിസിയോ തെറാപ്പി സൗകര്യങ്ങളും 175 കിടക്കകളും 24 മണിക്കൂർ കാഷ്വാലിറ്റി സൗകര്യങ്ങളും ആശുപത്രിയിൽ ലഭ്യമാണ്.

(ബി) ഇവിടെ പുതിയ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

01-06-2022-ന് ചേർന്ന കേപ്പ് ഗവേണിംഗ് കൗൺസിൽ, ആശുപത്രിയിലെ പ്രവർത്തനം ലാഭകരമായശേഷംമാത്രം സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയാൽ മതിയെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) കേപ്പിന് കീഴിലുള്ള ആശുപത്രികളിൽ നഴ്സിംഗ്, പാരാമെഡിക്കൽ എന്നീ കോഴ്സുകൾ പഠിക്കുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണുള്ളത്; വ്യക്തമാക്കാമോ;

(ഡി) പുന്നപ്ര സാഗര സഹകരണ ആശുപത്രിയിൽ നഴ്സിംഗ്, പാരാമെഡിക്കൽ എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി & ഡി) നഴ്സിംഗ് കോഴ്സ് ആരംഭിക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള ആശുപത്രിയിൽ ഇല്ല. ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഒറ്റത്തവണ വായ്പ തീർപ്പാക്കൽ പദ്ധതി

277 (4367) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രഖ്യാപിച്ച ഒറ്റത്തവണ വായ്പാ തീർപ്പാക്കൽ പദ്ധതിവഴി ഈ സാമ്പത്തിക വർഷം എത്ര തുക തിരിച്ചടവ് വന്നിട്ടുണ്ട്?

സഹകരണ മേഖലയിൽ പ്രഖ്യാപിച്ച ഒറ്റത്തവണ വായ്പാ തീർപ്പാക്കൽ പദ്ധതി വഴി ഈ സാമ്പത്തിക വർഷം (2022-2023 സാമ്പത്തിക വർഷം 30-06-2022 വരെ) 86966 വായ്പകളിലായി 2188.20 കോടി രൂപ തിരിച്ചടവ് വന്നിട്ടുണ്ട്.

ടി പദ്ധതി വഴി 2021-2022 സാമ്പത്തിക വർഷത്തിൽ 12322.21 കോടി രൂപ സമാഹരിക്കുകയും 482450 വായ്പകൾ ഇളവ് അനുവദിച്ച് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വായ്പ തിരിച്ചടവിനും കുടിശ്ശിക നിവാരണത്തിനും പ്രോത്സാഹന പരിപാടികൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കുടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസമാവുകയെന്ന ലക്ഷ്യത്തോടുകൂടിയും അവർക്ക് പരമാവധി സാവകാശം അനുവദിക്കുന്നതിനുമായും വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം വായ്പക്കാർക്ക് ചുവടെപറയുംപ്രകാരമുള്ള ഇളവുകൾ അനുവദിക്കുന്നു.

1. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നു.
2. ടി പദ്ധതി പ്രകാരം സാധാരണ പലിശ നിരക്കിലാണ് പലിശ കണക്കാക്കുന്നത്.
3. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകൾക്ക് പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.
4. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയുള്ള 50,000/- രൂപവരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകുന്നു.
5. 50,000/- മുതൽ 2 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകുന്നു.

6. രണ്ട് ലക്ഷം മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 40% വരെ ഇളവ് നൽകുന്നു.

7. വായ്പ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി കൃത്യമായി തവണ തുകകൾ അടച്ചുവരുന്ന വായ്പക്കാർക്ക് അടച്ച പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി ഇളവുകൾ നൽകുന്നു.

8. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശിക ആയിട്ടുള്ള 2018, 2019-ലെ പ്രളയബാധിത പ്രദേശങ്ങളിലെ പ്രളയദുരിതം നേരിട്ടവരും സംസ്ഥാനത്തെ കോവിഡ് ബാധിതരായ വായ്പക്കാരിലും വരുമാനദായകനായ ആശ്രിതൻ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം വായ്പകൾക്കും വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് അനുവദിച്ചുവരുന്നു.

9. മരണപ്പെട്ടവരോ മാരക രോഗങ്ങൾ ബാധിച്ചവരോ ആയവരുടെ വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പലിശ പൂർണ്ണമായോ/ഭാഗികമായോ മുതലും പലിശയും ചേർന്ന ബാദ്ധ്യത ഭാഗികമായോ/പൂർണ്ണമായോ ഇളവ് നൽകുന്നു.

(സി) ഒറ്റത്തവണ വായ്പ തീർപ്പാക്കൽ പദ്ധതി സഹകരണ

സംഘങ്ങൾക്ക് നഷ്ടം വരുത്താറുണ്ടോ; വ്യക്തമാക്കാമോ?

അംഗങ്ങളിൽനിന്ന് നിക്ഷേപമായി സ്വരൂപിക്കുന്ന തുക ഉപയോഗിച്ചാണ് സംഘങ്ങൾ/ബാങ്കുകൾ വായ്പ നൽകുന്നത്. നിക്ഷേപ പലിശനിരക്കും വായ്പ പലിശനിരക്കും തമ്മിലുള്ള മാർജിൻ ആണ് സംഘങ്ങൾ/ബാങ്കുകളുടെ വരുമാനം. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. പലിശയിൽ പരമാവധി 40% വരെ ഇളവ് അനുവദിക്കുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ ഭാഗികമായോ ഇളവ് നൽകുന്നു.

ഇപ്രകാരം സംഘാംഗങ്ങളായ വായ്പക്കാർക്ക് ഇളവുകൾ നൽകുന്നതിലൂടെ സംഘങ്ങൾക്ക് പിഴപ്പലിശയിനത്തിലും പലിശയിനത്തിലും മുതൽ ഇനത്തിലും ചെറിയ നഷ്ടം സംഭവിക്കാറുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ വർദ്ധിച്ച കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടം കൂട്ടുന്നതിനും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടവരുത്തുന്നുണ്ട്. ഇപ്രകാരം

വർഷങ്ങളായുള്ള കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സഹായകരമാകുന്നുണ്ട്. മാത്രമല്ല സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകി അവരുടെ കടബാധ്യത ഒഴിവാക്കാൻ അവസരം നൽകുന്നതിലൂടെ ചെറിയ നഷ്ടം ഉണ്ടാകുന്നുവെന്നതിലുപരിയായി സഹകരണ തത്വങ്ങളിലധിഷ്ഠിതമായി സംഘങ്ങൾ/ബാങ്കുകൾക്ക് അംഗങ്ങളോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത പാലിക്കാനും ഒറ്റത്തവണ വായ്പ തീർപ്പാക്കൽ പദ്ധതി സഹായകരമാകുന്നുണ്ട്.

**വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾ**
**അനുവദിച്ച കാർഷിക വായ്പ**

278 (4368) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ സഹകരണ ബാങ്കുകൾ കാർഷിക വായ്പ ഇനത്തിൽ എത്ര തുക വിതരണം

ചെയ്തുവെന്നറിയിക്കാമോ?

വയനാട് ജില്ലയിൽ സഹകരണ ബാങ്കുകൾ കാർഷിക വായ്പ ഇനത്തിൽ 318.81/- കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക വായ്പ ഇനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ച വയനാട് ജില്ലയിലെ സഹകരണ സ്ഥാപനം ഏതാണെന്നും എത്ര തുകയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ തരിയോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 967 ആണ് കാർഷിക വായ്പ ഇനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് 42.77/- കോടി രൂപ.

(സി) പ്രസ്തുത സാമ്പത്തിക വർഷം കാർഷിക വായ്പ തിരിച്ചടവ് ഇനത്തിൽ വയനാട് ജില്ലയിലെ സഹകരണ ബാങ്കുകളിൽ എത്ര തുക ലഭിച്ചുവെന്ന വിവരം ലഭ്യമാക്കാമോ?

കാർഷിക വായ്പ തിരിച്ചടവ് ഇനത്തിൽ വയനാട് ജില്ലയിലെ സഹകരണ ബാങ്കുകളിൽ 288.49/- കോടി രൂപ ലഭ്യമായിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി

279 (4369) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കരുനാഗപ്പള്ളി മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിനായി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽനിന്നും 115 അപേക്ഷകൾ ബോർഡിലേക്ക് ലഭ്യമായിട്ടുണ്ട്.

(ബി) അവയിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത അപേക്ഷകളിൽ 70 അപേക്ഷകൾക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി 18 അപേക്ഷകളിലെ ന്യൂനത പരിഹരിച്ച് ലഭിക്കുന്നതിനായി ബാങ്ക്/സംഘങ്ങൾക്ക് കത്തയച്ചിട്ടുള്ളതും 27 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ

പ്രകാരം ആനുകൂല്യത്തിന് അർഹതയില്ലാത്തവയുമാണ്. ആനുകൂല്യം അനുവദിച്ചതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

## റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

280 (4370) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്രാന്റ് വൈകുന്നതും ഫണ്ട് ലഭ്യതക്കുറവും കാരണം റിസ്ക് ഫണ്ട് പദ്ധതി അവതാളത്തിലായിരിക്കുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും അർഹതപ്പെട്ട വായ്പക്കാർക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് നാളിതുവരെ യാതൊരു സാമ്പത്തിക ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. എല്ലാ വർഷവും സർക്കാർ ഗ്രാന്റ് ബോർഡിന് ലഭ്യമാക്കുന്നു. സർക്കാർ ഗ്രാന്റും, വായ്പാക്കാരിൽനിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് പ്രീമിയം തുകയും ചേർത്താണ് അർഹതപ്പെട്ട വായ്പക്കാർക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായവും മരണാന്തര സഹായവും അനുവദിച്ചുവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2022 ജൂൺ 30 വരെ എത്ര അപേക്ഷകളാണ് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ചത്; ഇതിൽ എത്രയെണ്ണം വിതരണം ചെയ്തു; ഇനി എത്രയെണ്ണം തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ട്; വിശദമാക്കാമോ?

കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി 30-06-2022 വരെ 118759 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ 85128 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ 11799 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 5048 അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ബാങ്കുകൾ/സംഘങ്ങൾക്ക് കത്ത് അയച്ചിട്ടുണ്ട്. ബാക്കിനിൽപ്പുള്ള 16784 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ബോർഡിൽ ജീവനക്കാരുടെ കുറവുണ്ടായിരുന്നത് ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ ഫയലുകൾ കൂടുതൽ വേഗത്തിൽ തീർപ്പാക്കാൻ കഴിയുന്നു.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ**
**റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ**

281 (4371) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി ആകെ 111 അപേക്ഷകൾ ബോർഡിലേയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ബി) ഇവയിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നും ഇതിനായി

റിസ്ക് ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

പ്രസ്തുത അപേക്ഷകളിൽ 44 അപേക്ഷകളിലായി 46,11,679/-രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്ത 4 അപേക്ഷകൾ നിരസിച്ചിട്ടുള്ളതും 8 അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. 21 അപേക്ഷകളിലെ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ബാങ്ക്/സംഘങ്ങൾക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന 34 അപേക്ഷകളിൽ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

**നാദാപുരം നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ**

282 (4372) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം നിയോജകമണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന തീയതി മുതൽ 30-06-2022 വരെ 9 ബാങ്കുകളിൽനിന്നും 32 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ ബാങ്ക് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ കോഴിക്കോട് ജില്ലയിൽനിന്നും ലഭ്യമായിട്ടുള്ള അപേക്ഷകളിൽ 31-03-2021 തീയതി വരെയുള്ള അപേക്ഷകളിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിൽനിന്നും 7 ബാങ്കുകളിൽ നിന്നായി 14 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ബാങ്ക് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+. ബാക്കി നിൽപ്പുള്ള അപേക്ഷകളിൽ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗുരുവായൂർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

283 (4373) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നും 30-06-2022 വരെ 18 ബാങ്കുകളിൽനിന്നും 410 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ ബാങ്ക് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ആനുകൂല്യം ലഭിക്കാത്ത അപേക്ഷകരുടെ വിശദവിവരങ്ങളും ആയതിന്റെ കാരണവും ബാങ്ക് തിരിച്ച് വിശദമാക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിന്നും ലഭ്യമായിട്ടുള്ള അപേക്ഷകളിൽ 46 എണ്ണത്തിൽ ധനസഹായം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരസിച്ചിട്ടുള്ളതാണ്. ആയതിന്റെ ബാങ്ക് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**അർബൻ ബാങ്കുകളുടെ സംരക്ഷണം**

284 (4374) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ ബാങ്കുകളെ തകർത്ത് സ്വകാര്യ ബാങ്കുകൾക്ക് അടിയറവയ്ക്കാൻ കേന്ദ്ര സർക്കാരും ആർ.ബി.ഐ.-യും നീക്കം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് മികച്ചരീതിയിൽ പ്രവർത്തിച്ചുവരുന്ന 59 അർബൻ ബാങ്കുകളെ സാഫിൽ ഉൾപ്പെടുത്തി വായ്പ വിതരണംപോലും നിഷേധിക്കുന്ന അവസ്ഥയിലെത്തിച്ചതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിൽ നിലവിൽ 60 അർബൻ സഹകരണ ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം, ഒരു ബാങ്കിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താനും അതിനനുസരിച്ച് നിർദ്ദേശങ്ങൾ നൽകാനും ആർ.ബി.ഐ.-ക്ക് അർഹതയുണ്ട്. സമ്മർദ്ദത്തിലായ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനായാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്ക് അവതരിപ്പിച്ചത്. ഇത് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾക്ക് സമാനമാണ്. ഒരു അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നെറ്റ് എൻ.പി.എ. അതിന്റെ അറ്റ അഡ്വാൻസുകളുടെ 6% അധികരിക്കുമ്പോൾ SAF-ന് കീഴിൽ വയ്ക്കാം. സമ്മർദ്ദത്തിന്റെ തീവ്രതയെ ആശ്രയിച്ച് റിസർവ് ബാങ്ക് നടപടികളെടുത്തേക്കാം.

നിലവിൽ 39 അർബൻ സഹകരണ ബാങ്കുകൾ സാഫ് നിയന്ത്രണത്തിന് കീഴിലാണ്. സഹകരണ അർബൻ ബാങ്കുകളുടെ പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുകയും എൻ.പി.എ. കുറച്ചുകൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## സഹകരണ മേഖലയെ മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ

285 (4375) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ. സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കി വരുന്ന മെഡിസെപ് പദ്ധതിയിൽ സഹകരണ മേഖലയിലെ ജീവനക്കാരെ ഉൾപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ പൂർത്തിയായിട്ടില്ല.

(ബി) ആയിരക്കണക്കിന് ജീവനക്കാർ ജോലി ചെയ്യുന്ന സഹകരണ മേഖലയെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ

അംഗീകാരം നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ പൂർത്തിയായിട്ടില്ല.

## സഹകരണ ബാങ്കുകളിൽ ജോലി ചെയ്തുവരുന്നവരുടെ അധിക ഇൻക്രിമെന്റിനുള്ള യോഗ്യത

286 (4376) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് എം.ബി.എ. യോഗ്യത ഉണ്ടെങ്കിൽ ഒരു അധിക ഇൻക്രിമെന്റ് നൽകുന്നുണ്ടോ; ഇങ്ങനെയുള്ള ഇൻക്രിമെന്റിന് എം.ബി.എ. റെഗുലർ കോഴ്സിൽ പാസ്സാകണമെന്ന നിബന്ധന എല്ലാ സഹകരണ ബാങ്കുകളിലെയും ജീവനക്കാർക്ക് ബാധകമാണോ; വിശദമാക്കാമോ?

സഹകരണ ബാങ്കുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് എം.ബി.എ യോഗ്യത ഉണ്ടെങ്കിൽ ഒരു അധിക ഇൻക്രിമെന്റ് നൽകുന്നുണ്ട്. ഇങ്ങനെയുള്ള ഇൻക്രിമെന്റിന് എം.ബി.എ. റെഗുലർ കോഴ്സിൽ പാസ്സാകണമെന്ന നിബന്ധന എല്ലാ സഹകരണ ബാങ്കുകളിലെയും ജീവനക്കാർക്ക് ബാധകമാണ്.

പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ MBA, MCA, CA എന്നീ യോഗ്യതകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ യോഗ്യതയുള്ള ജീവനക്കാർക്ക് ഒരു അഡീഷണൽ ഇൻക്രിമെന്റ് അനുവദിക്കുന്നത് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച 2, 3 വർഷത്തെ റഗുലർ, ഫുൾടൈം MBA, MCA യോഗ്യതയായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ടി വ്യവസ്ഥ അർബൻ സഹകരണ ബാങ്കുകൾക്കും ബാധകമാക്കി 16-01-2015-ലെ സ.ഉ (എം.എസ്)നം. 11/2015/സഹ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അർബൻ സഹകരണ ബാങ്കിലെ ജീവനക്കാർ റെഗുലർ കോഴ്സിലൂടെ എം.ബി.എ. നേടിയാൽ മാത്രമേ അധിക ഇൻക്രിമെന്റ് നൽകാവൂവെന്ന സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിവേചനപരമായ ഈ ഉത്തരവ് പിൻവലിക്കുമോ; വ്യക്തമാക്കാമോ?

22-07-2014-ലെ സ.ഉ (കൈ)നം.94/2014/സഹ., 16-01-2015-ലെ സ.ഉ(എം.എസ്)നം.11/2015/സഹ. എന്നീ ഉത്തരവുകൾ പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിലേയും അർബൻ സഹകരണ ബാങ്കുകളിലേയും ജീവനക്കാർക്ക് അഡീഷണൽ ഇൻക്രിമെന്റ് അനുവദിക്കുന്നതിന് നേടിയിരിക്കേണ്ട MBA, MCA, CA യോഗ്യത

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച 2, 3 വർഷത്തെ റെഗുലർ/ഫുൾടൈം MBA, MCA യോഗ്യതയായിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

287 (4377) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിലെ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നുമുതൽ പദ്ധതി പ്രാബല്യത്തിൽ വരുത്താൻ കഴിയുമെന്നും വിശദമാക്കാമോ?

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ പൂർത്തിയായിട്ടില്ല.

## കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർമാരുടെ തസ്തികകൾ

288 (4378) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർമാരുടെ എത്ര തസ്തികകൾ ഉണ്ട്; ഇതിൽ റെഗുലർ തസ്തികകൾ എത്ര; നിലവിൽ എത്ര പേർ റെഗുലർ വിഭാഗത്തിൽ ജോലി ചെയ്യുന്നു; നിലവിൽ എത്ര പേർ കെ.എസ്.ആർ. തസ്തികകളിൽ ജോലി ചെയ്യുന്നു; വിശദാംശം നൽകാമോ?

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർമാരുടെ 1087 തസ്തികകൾ നിലവിലുണ്ട്. ആയതിൽ 581 റെഗുലർ തസ്തികകൾ ഉണ്ട്. നിലവിൽ 571 പേർ റെഗുലർ വിഭാഗത്തിൽ ജോലി ചെയ്യുന്നു. കെ.എസ്.ആർ. തസ്തികകളിൽ 502 പേർ ജോലി ചെയ്യുന്നു.

(ബി) സഹകരണ വകുപ്പിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർമാരുടെ തസ്തികകൾ എത്ര; ഇതിൽ കെ.എസ്.ആർ. തസ്തികകൾ എത്ര; ഇതിൽ റെഗുലർ തസ്തികകൾ എത്ര; നിലവിൽ എത്ര പേർ കെ.എസ്.ആർ. തസ്തികകളിൽ ജോലി ചെയ്യുന്നു; നിലവിൽ എത്ര പേർ

റെഗുലർ വിഭാഗത്തിൽ ജോലി ചെയ്യുന്നു; വിശദമാക്കാമോ?

സഹകരണ വകുപ്പിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർമാരുടെ 1227 തസ്തികകൾ നിലവിലുണ്ട്. ആയതിൽ 646 എണ്ണം കെ.എസ്.ആർ. തസ്തികകളാണ്. സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്ററുടെ 581 റെഗുലർ തസ്തികകളിൽ 577 പേരും 646 കെ.എസ്.ആർ. തസ്തികകളിൽ 638 പേരും ജോലി ചെയ്യുന്നു.

(സി) സംസ്ഥാന തലത്തിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലും പ്രസ്തുത തസ്തികയുടെ പ്രൊമോഷൻ തസ്തികകളിലുമായി ആകെ എത്ര ഒഴിവുകൾ നിലവിലുണ്ട്; റെഗുലർ തസ്തികകൾ, കെ.എസ്.ആർ. തസ്തികകൾ എന്നിങ്ങനെ വേർതിരിച്ച് വിവരം ലഭ്യമാക്കുമോ?

സംസ്ഥാനതലത്തിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികകളിൽ 26 ഒഴിവുകളാണ് നിലവിലുള്ളത്. ആയതിൽ 14 ഒഴിവുകൾ റെഗുലർ വിഭാഗത്തിലും, 12 ഒഴിവുകൾ കെ.എസ്.ആർ. വിഭാഗത്തിലും നിലവിലുണ്ട്.

## ജൂനിയർ ക്ലാർക്ക് പരീക്ഷ

289 (4379) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സർവ്വീസ് പരീക്ഷ ബോർഡ് നടത്തിയ ജൂനിയർ ക്ലാർക്ക് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായ പരാതിയിൽ അന്വേഷണം നടത്തിയോ; വ്യക്തമാക്കാമോ;

(ബി) പണം വാങ്ങി ചോദ്യക്കടലാസ് ചോർത്തി നൽകിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) സഹകരണ സർവ്വീസ് പരീക്ഷ ബോർഡ് 27-03-2022-ന് നടത്തിയ ജൂനിയർ ക്ലാർക്ക്/കാഷ്യർ തസ്തികയുടെ പരീക്ഷാ ചോദ്യപേപ്പർ ചോർന്നതായ പരാതി സംബന്ധിച്ച് ആദ്യം സൈബർ വിഭാഗവും തുടർന്ന് പോലീസ് ക്രൈം ബ്രാഞ്ച് മലപ്പുറം യൂണിറ്റും അന്വേഷണം നടത്തി. ഒ.എം.ആർ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി പ്രാഥമികമായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ക്രൈംബ്രാഞ്ച് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ 27-03-2022-ന് നടത്തിയ ജൂനിയർ ക്ലാർക്ക്/കാഷ്യർ തസ്തികയുടെ പരീക്ഷ റദ്ദ് ചെയ്യാൻ തീരുമാനിക്കുകയും

പരീക്ഷ 23-07-2022-ന് വീണ്ടും നടത്തുവാൻ തീരുമാനിക്കുകകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പരീക്ഷ ബോർഡ് നിയോഗിക്കുന്ന സ്ക്വാഡ് സംവിധാനം വിപുലീകരിക്കുവാനും നിരീക്ഷകരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ട ഉത്തരവാദിത്വങ്ങൾ നൽകുവാനും പരീക്ഷ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പരീക്ഷ സംവിധാനം ഓൺലൈൻ മുഖേന നടത്തുന്നതിനുള്ള നടപടികൾ പരീക്ഷ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്.

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിയമനം**

290 (4380) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ

കാലാവധി എപ്പോൾ അവസാനിക്കും; വിശദാംശം ലഭ്യമാക്കാമോ?

സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നും 266 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ നിലവിൽ 26 ഒഴിവുകളുണ്ട്. പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 21-10-2024-ന് അവസാനിക്കും.

**ഐ.സി.ഡി.എം.എസ്. വഴി ഓഡിറ്റ് റിപ്പോർട്ട് നൽകുന്നത്**

291 (4381) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്നു കണ്ടിട്ടും അവരുടെ ആഡിറ്റ് റിപ്പോർട്ട് ഐ.സി.ഡി.എം.എസ്.വഴി പൊതുജനങ്ങൾക്ക് അല്ലെങ്കിൽ അംഗങ്ങൾ അല്ലാത്തവർക്ക് നൽകുന്നത് ഉചിതമാണോയെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചുകഴിഞ്ഞാൽ ടി റിപ്പോർട്ട് പൊതുരേഖയായി മാറുന്നതാണ്.

സഹകരണ സംഘങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ ജനവിശ്വാസം

ആർജ്ജിച്ച് സഹകരണ മേഖലയ്ക്ക് പുരോഗതി കൈവരിക്കാൻ സാധിക്കുന്നതാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി I.C.D.M.S. പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ അടിസ്ഥാനവിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും CAMIS-ലൂടെ സാധിച്ചിട്ടുണ്ട്.

(ബി) സംഘം ആഡിറ്റ് റിപ്പോർട്ടും സ്ഥിതി വിവരക്കണക്കുകളും

സംഘം ഭരണസമിതിയുടെ അനുമതിയോടുകൂടി തന്നെയാണോ ഐ.സി.ഡി.എം.എസ്.-ൽ കൂട്ടിച്ചേർക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് ഭരണസമിതിയുടെ അനുമതി ആവശ്യമില്ല. Banking Regulation Act-ന കീഴിൽ വരുന്ന സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.

**സഹകരണ എക്സ്പോ**

292 (4382)ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന സഹകരണ എക്സ്പോയുടെ ഭാഗമായുള്ള സെമിനാറുകളിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടായിട്ടുണ്ടോ?

സഹകരണ എക്സ്പോയുടെ ഭാഗമായുള്ള സെമിനാറുകളിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) എങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്തുവച്ച് 2022 ഏപ്രിൽ 18 മുതൽ 25 വരെയായി നടന്ന സഹകരണ എക്സ്പോ-2022-ന്റെ ഭാഗമായി സംഘടിപ്പിച്ച 11 സെമിനാറുകളിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

I. <u>സെമിനാർ വിഷയം:-</u>കേരളത്തിലെ കൃഷി, കാർഷിക അനുബന്ധ മേഖലകളിൽ സഹകരണ പ്രസ്ഥാനം നടത്തുന്ന ഇടപെടലുകളും അതിന്റെ വികസന സാധ്യതകളും.

<u>നിർദ്ദേശങ്ങൾ:-</u>

- കാർഷികരംഗം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ മേഖലയിലേയ്ക്ക് കടക്കണം.
- മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഈ രംഗത്ത് കൂടുതൽ സജീവമാകണം.
- മാറ്റങ്ങൾക്കനുസരിച്ച് മാർക്കറ്റിംഗ് സംഘങ്ങൾ മാറിയ

കാലത്തിനനുസരിച്ച് മാറേണ്ടതുണ്ട്.

- പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾ കാർഷിക മേഖലയിൽ സജീവമായി ഇടപെടുന്നു. അതേസമയം ബാങ്കിംഗ് ഭേദഗതി നിയമം ഉൾപ്പെടെയുള്ള പല നിയമ ഭേദഗതികളും നടപടികളും ഇത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമായി വരുന്നു. അതിനെതിരായിട്ടുള്ള ചെറുത്തു നിൽപ്പ് നടത്തേണ്ടതുണ്ട്.

II. <u>സെമിനാർ വിഷയം:-</u> ആരോഗ്യ കുടുംബക്ഷേമ മേഖലയിൽ – സഹകരണ സ്ഥാപനങ്ങളുടെ പങ്ക്.

<u>നിർദ്ദേശങ്ങൾ:-</u>

- സഹകരണ ആരോഗ്യ മേഖലയിൽ ഫിസിക്കൽ ഇൻഫ്രാസ്ട്രക്ച്ചർ, ജീവനക്കാരുടെ എണ്ണം തുടങ്ങിയവ വർദ്ധിപ്പിക്കണം.
- പരമാവധി ചികിത്സാ ചെലവുകൾ പിടിച്ചുനിർത്തി ഗുണനിലവാരം നിലനിർത്തുന്നതിനായി സർക്കാർ ഫണ്ടിംഗ് അനിവാര്യമാണ്. ആരോഗ്യ മേഖലയിൽ നീക്കിവയ്ക്കുന്ന സർക്കാർ ഫണ്ടിംഗിൽ 10% സഹകരണ മേഖലയ്ക്ക് നീക്കിവയ്ക്കണം.
- സഹകരണ ആശുപത്രികൾക്ക് ഇൻകംടാക്സ് എക്സംപ്ഷൻ വേണം.

- നഴ്സിംഗ്, പാരാമെഡിക്കൽ തുടങ്ങിയ അത്യാവശ്യ കോഴ്സുകൾ സഹകരണ മേഖലവഴി നടത്തണം.
- ഹോസ്പിറ്റൽ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ ആശുപത്രി സഹകരണ സംഘങ്ങളെ മെച്ചപ്പെടുത്തുന്ന നിലയിലേയ്ക്ക് രൂപപ്പെടുത്തണം.
- സഹകരണ ആശുപത്രികൾക്ക് മരുന്നുകൾ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്നും വാങ്ങുന്നതിലേയ്ക്കുള്ള തീരുമാനങ്ങളുണ്ടാകണം.

III. <u>സെമിനാർ വിഷയം:-</u> കൺസ്യൂമർ മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ - പ്രശ്നങ്ങളും ബാദ്ധ്യതകളും.

<u>നിർദ്ദേശങ്ങൾ:-</u>

- കൺസ്യൂമർ മേഖലയ്ക്ക് കാർഷിക മേഖലയുമായി വേണ്ടത്ര ബന്ധമില്ലാത്ത സാഹചര്യത്തിൽ ആ രംഗത്തേയ്ക്ക് കൺസ്യൂമർ മേഖല ഇടപെടൽ നടത്തണം.
- മൂലധന സമാഹരണത്തിന് വലിയ പ്രയാസം നേരിടുന്ന മേഖലയാണ് അതിന് സർക്കാരിൽനിന്നും വേണ്ടത്ര സഹായങ്ങൾ ലഭിക്കേണ്ടതുണ്ട്.
- മികച്ച ബ്രാൻഡിംഗ്, വിപണന തന്ത്രങ്ങൾ ഓൺലൈൻ വിപണികൾ

എന്നിവ ഉപഭോക്തൃ മേഖലയിൽ സജീവമാണ്. ഈ രംഗത്തേയ്ക്ക് സഹകരണ കൺസ്യൂമർ മേഖലയും എത്തേണ്ടതിനെക്കുറിച്ച് ആലോചിക്കണം.

- നീതി മെഡിക്കൽ സ്റ്റോറുകൾക്കാവശ്യമായ മരുന്നുകൾ കൺസ്യൂമർഫെഡ് മുഖേന വിതരണം ചെയ്യണം.

IV. സെമിനാർ വിഷയം:- സ്ത്രീശാക്തീകരണത്തിനും വരുമാന വർദ്ധനയ്ക്കും സഹകരണ മേഖലയിലൂടെയുള്ള ഇടപെടൽ.

നിർദ്ദേശങ്ങൾ:-

- വനിതാ സഹകരണ സംഘങ്ങളെ കൂടുതൽ സഹായിക്കുന്ന തരത്തിൽ സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വനിതാഫെഡിനെ ചുമതലപ്പെടുത്തി വനിത സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തണം.
- നബാർഡ്, എൻ.സി.ഡി.സി. എന്നിവയിൽ നിന്നുള്ള സഹായങ്ങൾ വനിതാ സഹകരണ സംഘങ്ങൾക്ക് ആവശ്യമാകുംവിധം ലഭ്യമാക്കണം. കാർഷിക സംഘങ്ങൾക്ക് കിട്ടുന്ന ധനസഹായം വനിതാ സംഘങ്ങൾക്കുകൂടി ലഭ്യമാകേണ്ടതുണ്ട്.
- പുതിയ തലമുറയെ വനിത സഹകരണ സംഘങ്ങളിലേയ്ക്ക്

ആകർഷിക്കാനുള്ള പദ്ധതികൾ വകുപ്പും വനിതാഫെഡും ചേർന്ന് ആവിഷ്കരിക്കണം.

- കുടുംബശ്രീയും വനിത സഹകരണ സംഘങ്ങളും കൂടിയുള്ള യോജിച്ച പ്രവർത്തനങ്ങളുണ്ടാകണം.

V. <u>സെമിനാർ വിഷയം:-</u>വിദ്യാഭ്യാസ മേഖലയിൽ സഹകരണ പ്രസ്ഥാനം കൈവരിച്ച നേട്ടങ്ങളും ഇടപെടൽ സാധ്യതകളും.

<u>നിർദ്ദേശങ്ങൾ:-</u>

- വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് സഹകരണ സംഘങ്ങൾ മുന്നോട്ടുവരണം.
- പല മേഖലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാൻ സഹകരണ മേഖലയ്ക്ക് സാധിക്കും. ഫാഷൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ കോഴ്സുകൾ തുടങ്ങുന്നതിലേയ്ക്കുള്ള സ്ഥാപനങ്ങൾ അനുവദിക്കണം.
- സ്വാശ്രയ മേഖലയ്ക്ക് ബദലായി സഹകരണ വിദ്യാഭ്യാസ മേഖലയെ മാറ്റിയെടുക്കണം.

- സഹകരണ മേഖലയിൽ സഹകരണ യൂണിവേഴ്സിറ്റിയുടെ സാധ്യതകൾ ആരായണം.

VI. <u>സെമിനാർ വിഷയം:-</u>സഹകരണ മേഖലയും പ്രാദേശിക സാമ്പത്തിക വികസനവും.

<u>നിർദ്ദേശങ്ങൾ:-</u>

- പ്രാദേശിക സാമ്പത്തിക ഉത്പാദന മേഖലയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കണം അതിനായി നിയമ നിർമ്മാണം, ഇൻവെസ്റ്റ്മെന്റ് പോളിസി എന്നിവയിൽ മാറ്റങ്ങൾ വരുത്തണം.
- പ്രാദേശികതലത്തിൽ സംരംഭങ്ങൾ വിജയിപ്പിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ വായ്പ ലഭ്യമാക്കണം.
- പ്രാദേശിക സാമ്പത്തിക വികസനത്തിന് നബാർഡ്, കേരള ബാങ്ക് എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.
- സഹകരണ സ്ഥാപനങ്ങളിലെ സർപ്ലസ് ഫണ്ട് പ്രാദേശിക വികസനത്തിനുപയോഗിക്കുവാൻ കഴിയുമോയെന്ന് ആലോചിക്കണം.
- പാർപ്പിടം, ആരോഗ്യം, ഗതാഗതം തുടങ്ങിയ മേഖലകളിൽ

പ്രായോഗികമായി ഇത് ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചനകളുണ്ടാകണം.

- ഗ്രാമപഞ്ചായത്തും സഹകരണ സ്ഥാപനങ്ങളും യോജിച്ച് ഓരോ പ്രദേശത്തും സ്വയംപര്യാപ്തത നേടണം.
- തരിശായി കിടക്കുന്ന ഭൂമികൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് പ്രാദേശിക ഭരണ സംവിധാനവും സഹകരണ മേഖലയും യോജിച്ച് പ്രവർത്തിക്കണം.
- സഹകരണ മേഖലയും പ്രാദേശിക ഗവൺമെന്റുകളും തമ്മിൽ വിവിധ മേഖലകളിൽക്കൂടി യോജിച്ച് പ്രവർത്തിക്കുന്നതിനാവശ്യമായ സമീപനം ഉണ്ടായി വരണം.

VII. സെമിനാർ വിഷയം:-വ്യവസായം, ചെറുകിട വ്യവസായം, തൊഴിൽ വരുമാന വർദ്ധന എന്നീ മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക് - അവസരങ്ങളും സാധ്യതകളും.

നിർദ്ദേശങ്ങൾ:-

- പഞ്ചായത്തും സഹകരണ സ്ഥാപനങ്ങളും ചേർന്ന് MSME (ചെറുകിട വ്യവസായ സംരംഭങ്ങൾ) അനുവദിക്കണം. ഇതിനായി സഹകരണ

ബാങ്കുകളുടെ കൺസോർഷ്യം ഉണ്ടാക്കുക.

- ചെറുകിട വ്യവസായ സംരംഭങ്ങളെ സഹായിക്കാനും പ്രമോട്ട് ചെയ്യാനുമായി കേരള ബാങ്ക് മുന്നോട്ടുവരണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സഹകരണ മേഖലയിൽ പ്രോഡക്ടുകൾ വിൽക്കുന്ന സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കാവുന്നതാണ്.
- കേരളത്തിലെ അഭ്യസ്തവിദ്യരായ വീട്ടമ്മമാരുടെ സ്കിൽ ഡെവലപ്പ് ചെയ്യുന്ന സെന്ററുകൾ ഉണ്ടാകണം.
- പഞ്ചായത്തും സഹകരണ സ്ഥാപനങ്ങളും ചേർന്ന് വിവിധ മേളകൾ സംഘടിപ്പിക്കണം.
- കർഷകർക്കും ചെറുകിട വ്യവസായ സംരംഭകർക്കും പരിശീലനങ്ങൾ സംഘടിപ്പിക്കണം.

VIII. <u>സെമിനാർ വിഷയം:-</u> ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതികൾ ഇൻകംടാക്സ്, ജി.എസ്.ടി. എന്നീ നിയമങ്ങളിൽ സഹകരണ സ്ഥാപനം സ്വീകരിക്കേണ്ട കരുതലുകൾ.

<u>നിർദ്ദേശങ്ങൾ:-</u>

- സഹകരണ സ്ഥാപനങ്ങളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാർ വരണം. ആയതുപ്രകാരം തസ്തികകൾ പരിഷ്കരിക്കണം. സഹകരണ സ്ഥാപനങ്ങളിൽ ഐ.ടി. സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിക്കണം.
- ബാങ്കിംഗ് റഗുലറൈസേഷൻ ആക്ട് കേരളത്തിലെ സഹകരണ മേഖലയ്ക്ക് ദോഷകരമായി വരുന്ന സാഹചര്യത്തിൽ ശക്തമായ ഇടപെടൽ നടത്തേണ്ടതുണ്ട്.
- സഹകരണ മേഖല നടത്തുന്ന സേവനങ്ങൾ കണക്കാക്കി ഇൻകംടാക്സ് ഉൾപ്പെടെയുള്ളവയിൽനിന്നും സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുള്ള സമ്മർദ്ദം സർക്കാരും സഹകരണ സമൂഹവും ചെലുത്തണം.

IX. <u>സെമിനാർ വിഷയം:-</u> സഹകരണ മേഖലയിൽ ആവശ്യമായ തിരുത്തലുകൾ - കാലോചിതമായ പരിഷ്കാര നിർദ്ദേശങ്ങൾ.

<u>നിർദ്ദേശങ്ങൾ:-</u>

- സഹകരണ വിദ്യാഭ്യാസം സഹകരണ മേഖലയിൽ കൂടുതലായി നൽകുന്നതിനുള്ള കർമ്മ പദ്ധതികൾ വേണം.

- സഹകരണ മേഖലയിൽ പ്രൊഫഷണലിസം കൂടുതലായി ആവശ്യമുണ്ട്.
- സമഗ്രമായ നിയമ പരിഷ്കരണം ആവശ്യമാണ്.
- ക്രെഡിറ്റ്, നോൺ ക്രെഡിറ്റ് സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ വ്യക്തത വരുത്തണം.
- സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ കാലോചിതമായി പരിഷ്കരിക്കണം.
- ആഭ്യന്തര പരിശോധന ശക്തമാക്കണം.
- ആഡിറ്റിൽ കാലോചിതമായ പരിഷ്കരണം അത്യാവശ്യമാണ്.
- സ്കൂൾതലം മുതൽ സഹകരണ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കണം.
- സഹകരണ പ്രസ്ഥാനം സഹകരണ തത്വങ്ങൾക്കും മൂല്യങ്ങൾക്കും വിധേയമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

X. <u>സെമിനാർ വിഷയം:-</u> യുവജനങ്ങളും സഹകരണ പ്രസ്ഥാനങ്ങളും

നിർദ്ദേശങ്ങൾ:-

- ബെറ്റർ എംപ്ലോയ്മെന്റ് നൽകുന്ന യുവജന സഹകരണ സംഘങ്ങൾ ഉണ്ടാകണം.
- പുതുതായി രൂപീകരിച്ച യുവജന സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകണം.
- ഉത്പാദനരംഗം ശക്തിപ്പെടുത്തി യുവാക്കളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പദ്ധതികൾ യുവജന സഹകരണ സംഘങ്ങളിലൂടെ നടപ്പിലാക്കണം. ഇതിനനുയോജ്യമായി നിയമനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വേണം.
- പുതുതായി രൂപീകരിച്ച യുവ സഹകരണ സംഘങ്ങൾക്ക് സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കണം.

XI. സെമിനാർ വിഷയം:- വിവര സാങ്കേതിക വിദ്യയും സഹകരണ മേഖലയിലെ സാധ്യതകളും.

നിർദ്ദേശങ്ങൾ:-

- വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് ഒരു വിഷൻ സ്റ്റേറ്റ്മെന്റ് ഉണ്ടാകണം.

- സഹകരണ മേഖലയിലെ അംഗങ്ങൾക്ക് അനുയോജ്യമായി പുതിയ ഐ.റ്റി.സാങ്കേതിക വിദ്യകൾ ഉപയോഗിക്കണം.
- ദൈനംദിന ബിസിനസ് ഇടപാടുകൾക്ക് ഒരു ഏകീകൃത സ്വഭാവം ഉണ്ടാകണം.
- വായ്പ വിതരണവുമായി ബന്ധപ്പെട്ട ഒരു ഏകീകരണം ഉണ്ടാകണം.
- സഹകരണ മേഖലയിലെ കമ്പ്യൂട്ടറൈസേഷൻ ദ്രുതഗതിയിലാക്കണം.
- ഇൻഫർമേഷൻ ടെക്നോളജി-കോ-ഓപ്പറേറ്റീവ് ടെക്നോളജി-ഇന്നവേഷൻ- സഹകരണ മേഖലയിൽ ഉണ്ടാകണം.
- സഹകരണ മേഖലയിൽ ഐ.റ്റി പാർക്കുകളെക്കുറിച്ച് ആലോചിക്കണം.
- സഹകരണ മേഖലയിലെ ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ കഴിയുന്ന മാതൃകകൾ ഉണ്ടാകണം. ആ ഉല്പന്നങ്ങൾ എക്സ്പോർട്ട് ചെയ്യുന്നതിന് സാധിക്കണം.

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ

സ്വീകരിക്കുന്നതാണ്.

## 2020-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമം

293 (4383) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ നിലവിൽവന്ന വ്യവസ്ഥകൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലാകാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിംഗ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദ്ദേശങ്ങളും സഹകരണ നിയമത്തിന് എതിരുമാണ്.

2020-ൽ ബാങ്കിംഗ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും

സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. മുഖ്യഭേദഗതികൾ താഴെപ്പറയുന്നവയാണ്.

(i) Section 36 AA: ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-ക്ക് അധികാരമുണ്ട്. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാൻ RBI-ക്ക് അധികാരം നൽകുന്നു.

(ii) സെക്ഷൻ 56: ഈ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ വിപുലമായ അധികാരം നൽകുന്നു. ബൈലാ റദ്ദാക്കാൻ വരെ ആർ.ബി.ഐ.-ക്ക് അധികാരമുണ്ട്.

(iii) Section 10 of Banking Regulation Act: പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥപ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാൻ മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ

അർപ്പിതമാണ്.

(iv) ബാങ്കിംഗ് നിയമത്തിലെ സെക്ഷൻ 56(i) ഭേദഗതി ചെയ്തതിലൂടെ സെക്ഷൻ 12, 12A, 13, 15 to 17 എന്നിവ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കി.

സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI-യുടെ മുൻകൂർ അനുമതി വാങ്ങിയശേഷം public issue, private placement of shares, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ചുവാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ ഭേദഗതി നിർദ്ദേശം സഹകരണ നിയമത്തിലെ 22, 23, 24 എന്നിവയുടെ ലംഘനമാണ്.

ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ,

സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ഇത്തരം പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ ഈ വിഷയത്തിൽ ഭരണഘടനയുടെ 131 വകുപ്പ് പ്രകാരം ഒരു Suit സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

## കോർ ബാങ്കിംഗ് നെറ്റ്‌വർക്ക്

294 (4384) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ബന്ധിപ്പിച്ചുകൊണ്ട് കോർ ബാങ്കിംഗ് നെറ്റ്‌വർക്ക് ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളിലും (PACS) അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള

ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള ഏകീകൃത സോഫ്റ്റ്‌വെയറാണ് സഹകരണ വകുപ്പ് പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

**സഹകരണ ബാങ്കുകളിലെ അഴിമതി തടയാൻ നിയമനിർമ്മാണം**

295 (4385) ശ്രീ. അബ്ദുൾ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ നടക്കുന്ന അഴിമതി ഇല്ലാതാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ?

സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS തസ്തികയിലുള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

കമ്പ്യൂട്ടർവത്കൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്കരീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ ബാങ്കുകളിൽ ക്രമക്കേടുകളുണ്ടായാൽ ആയവ കൃത്യമായി

കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ആഡിറ്റർമാരെയും ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് സംഘങ്ങളിൽ പരിശോധനകൾ തുടർച്ചയായി നടത്തിവരുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

സഹകരണ രംഗത്തെ ആശാസ്യമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ഇത്തരം നടപടികൾ ഉണ്ടാകുന്ന അവസരത്തിൽ കർശന നടപടികൾ സ്വീകരിക്കുന്ന വ്യവസ്ഥകൾ പുതിയ നിയമ പരിഷ്കരണത്തിൽ ഉൾപ്പെടുത്തുന്നതാണ്.

സഹകരണ വിജിലൻസ് സംവിധാനം, നിയമപരമായ അന്വേഷണ അധികാരം നൽകി പുനഃസംഘടിപ്പിക്കുന്നതാണ്.

(ബി) സഹകരണ സംഘങ്ങളിൽ നടക്കുന്ന അഴിമതികൾ ആരംഭത്തിൽ തന്നെ കണ്ടെത്തുന്നതിനും കുറ്റക്കാരെ നിയമത്തിന് മുമ്പിൽ കൊണ്ട് വരുന്നതിനും ഇന്റേണൽ ഓഡിറ്റ് വിഭാഗം ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇന്റേണൽ ഓഡിറ്റർ തസ്തിക നിലവിലുള്ള സംഘങ്ങളിൽ ടി ഉദ്യോഗസ്ഥൻ ബ്രാഞ്ചുകൾ ഉൾപ്പെടെ സംഘത്തിന്റെ പ്രവർത്തനങ്ങൾ യഥാസമയം പരിശോധന നടത്തി ഭരണസമിതിക്ക് എല്ലാ മാസവും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും ഇന്റേണൽ ഓഡിറ്റർ തസ്തിക നിലവിലില്ലാത്ത സംഘങ്ങളിൽ മേൽ പ്രകാരമുള്ള പരിശോധന സംഘം സെക്രട്ടറി നിർവ്വഹിച്ച് റിപ്പോർട്ട് എല്ലാ മാസവും ഭരണസമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 38/2021 മുഖേന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്റേണൽ ആഡിറ്റ് സംവിധാനം പരിഷ്കരിക്കുന്നതിനുള്ള മറ്റ് നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

(സി) സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ യഥാസമയം കണ്ടെത്തി തടയുന്നതിനും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പ് വരുത്തുന്നതിനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമഭേദഗതി പരിഗണനയിലാണ്.

**കണ്ണൂർ ജില്ല ബാങ്കിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം**

296 (4386) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ബാങ്കിന്റെ അധീനതയിലുള്ള സ്ഥലം കണ്ണൂർ സഹകരണ സ്പിനിംഗ് മില്ലിന്റെ പ്രദേശത്ത് ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലം വ്യവസായ ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കുമോ; വിശദമാക്കുമോ?

(എ & ബി) മുൻ കണ്ണൂർ ജില്ല ബാങ്കിന്റെ അധീനതയിലുള്ള കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രദേശത്ത് ബാങ്കിന് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുവേണ്ടി വിലയാധാരപ്രകാരം ബാങ്കിന്റെ പേരിൽ വാങ്ങിയിട്ടുള്ള സ്ഥലമുണ്ട്. ടി വസ്തു കേരള ബാങ്കിന്റെ ബിസിനസ് ആവശ്യത്തിനും ബാങ്കിന്റെ വളർച്ചയ്ക്കുംവേണ്ടി ഉപയോഗപ്പെടുത്തുന്നതിനായി തീരുമാനിച്ചിട്ടുള്ളതാണ്. കേരള ബാങ്കിന്റെ ബാങ്കിംഗ് ഇതര ആസ്തിയായിട്ടുള്ള സ്ഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കഴിയില്ല.

(സി) പ്രസ്തുത സ്ഥലം എത്ര ഏക്കർ ഉണ്ടെന്ന് അറിയിക്കാമോ?

5.25 ഏക്കർ

**ക്ഷേമ പെൻഷൻ വിതരണം**

297 (4387) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്ക് വഴി ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിൽ ചില സ്ഥലങ്ങളിൽ തട്ടിപ്പ് നടക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരിച്ചവരുടെ ക്ഷേമ പെൻഷൻ ചില ഏജന്റുമാർ തട്ടിയെടുക്കുന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇത് തടയുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനകൾ കർശനമാക്കുകയും കണക്കുകൾ ആഡിറ്റിന് വിധേയമാക്കുകയും ക്ഷേമ പെൻഷൻ വിതരണം കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ബാങ്ക് ഭരണസമിതിക്കും ബാങ്ക് ജീവനക്കാർക്കും നിർദ്ദേശം നൽകിട്ടുണ്ട്. പെൻഷൻ

തിരിമറി നടത്തിയ ഏജന്റുമാരെ തൽസ്ഥാനത്തുനിന്നും മാറ്റുന്നതിന് നിർദ്ദേശം നൽകുകയും തുക തിരികെ ഈടാക്കുകയും ചെയ്തുവരുന്നു. യഥാസമയം പെൻഷൻ വിതരണം ചെയ്യാത്തതടക്കമുള്ള പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സംഘങ്ങളെ പെൻഷൻ വിതരണത്തിൽ നിന്നും ഒഴിവാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ഷേമ പെൻഷൻ വിതരണത്തിന് ബയോമെട്രിക് സംവിധാനം

298 (4388) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾവഴി ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനായി ബയോമെട്രിക് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിലൂടെ സർക്കാർ എന്താണ് ലക്ഷ്യം വയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പെൻഷൻ വിതരണം ചെയ്യുന്ന എല്ലാ സഹകരണ ബാങ്കുകളിലും ഈ വർഷം ബയോമെട്രിക് സംവിധാനം നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് വായ്പ സംഘങ്ങൾ എന്നിവ മുഖാന്തരം ഏജന്റുമാർ മുഖേന ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുവരുന്ന പെൻഷൻ വിതരണത്തിൽ ബയോ-മെട്രിക് ഓതന്റിഫിക്കേഷൻ നടപ്പിലാക്കുന്നതിനായി പൈലറ്റ് സർവ്വേ നടത്തുന്നതിന് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം തിരുവനന്തപുരം ജില്ലയിലെ നരുവാമൂട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നെടുമങ്ങാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വർക്കല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊല്ലം ജില്ലയിലെ പുനലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കരുനാഗപ്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പരവൂർ റീജിയണൽ ബാങ്ക് എന്നിവിടങ്ങളിലാണ് നടത്തുന്നത്.

പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് വായ്പ സംഘങ്ങൾ എന്നിവ മുഖാന്തരം ഏജന്റുമാർ മുഖേന ഗുണഭോക്താക്കളുടെ വീടുകളിൽ വിതരണം ചെയ്യപ്പെടാത്ത സാമൂഹ്യ സുരക്ഷ പെൻഷൻ തുക സർക്കാർ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ തിരികെ അടവാക്കുന്നത് ഉറപ്പുവരുത്തുകയെന്നതാണ് ലക്ഷ്യമിടുന്നത്.

## രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ

299 (4389) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തുവിന്റെ ക്രയവിക്രയവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ വകുപ്പിൽനിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വസ്തുവിന്റെ ക്രയവിക്രയവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ വകുപ്പിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(എ) <u>രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസ്</u>:

- ആധാരമെഴുത്ത് ലൈസൻസ് പരീക്ഷ നടത്തിപ്പ്, ലൈസൻസ് നൽകുക,
- സംസ്ഥാനതല ലൈസൻസ് പുതുക്കി നൽകുക.
- രജിസ്ട്രേഷൻ ഫീസ് റീഫണ്ട് അനുവദിക്കൽ.
- വകുപ്പുമായി ബന്ധപ്പെട്ടുവരുന്ന പരാതികളിൽ നടപടി സ്വീകരിക്കൽ.
- ആൾമാറാട്ടത്തിലൂടെ ആധാരം രജിസ്റ്റർ ചെയ്യുവെന്നുള്ള

പരാതിയിന്മേൽ ആയതിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

(ബി) <u>ജില്ല രജിസ്ട്രാർ (ജനറൽ) ഓഫീസ്:</u>

- രജിസ്ട്രേഷൻ നിയമം സെക്ഷൻ 30 പ്രകാരമുള്ള ആധാരങ്ങൾ രജിസ്റ്റർ ചെയ്യുക.
- അടച്ച വിൽപത്ര കവർ സ്വീകരിക്കുക, തിരികെ നൽകുക, തുറക്കുക.
- ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയിക്കൽ (അഡ്ജ്യുഡിക്കേഷൻ).
- വിലകുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്ത ആധാരങ്ങളിന്മേൽ നടപടി സ്വീകരിക്കൽ.
- രജിസ്ട്രേഷൻ നിയമത്തിനു കീഴിൽ സമർപ്പിക്കപ്പെടുന്ന അപ്പീലുകളിന്മേൽ വിചാരണ നടത്തൽ.
- രജിസ്റ്റർ ചെയ്യാത്ത ആധാരങ്ങളുടെ ഫീസ് റീഫണ്ട് അനുവദിക്കൽ.

(സി) <u>ജില്ല രജിസ്ട്രാർ (ഓഡിറ്റ്) ഓഫീസ്:</u>

- ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയിക്കൽ (അഡ്ജ്യുഡിക്കേഷൻ).
- വിലകുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്ത ആധാരങ്ങളിന്മേൽ നടപടി സ്വീകരിക്കൽ.

(ഡി) <u>സബ്രജിസ്ട്രാർ ഓഫീസ്:</u>

- ആധാര രജിസ്ട്രേഷൻ
- ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകൽ

- ഗഹാൻ, ഗഹാൻ റിലീസ് എന്നിവ ഫയൽ ചെയ്യൽ
- വിൽപ്പത്ര വിചാരണ നടത്തൽ
- സ്ഥാവര വസ്തുക്കളുടെ ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകൽ.
- മുക്ത്യാറുകളുടെ സാക്ഷ്യപ്പെടുത്തൽ.
- ലിസ്റ്റ് സർട്ടിഫിക്കറ്റ് നൽകൽ.
- രജിസ്ട്രേഷൻ ഫീസ് റീഫണ്ട് അപേക്ഷ സ്വീകരിക്കൽ.

(ബി) ആധാരങ്ങളും മറ്റും സ്വയം തയ്യാറാക്കുന്നതിന് ആവശ്യമായ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാവുന്നില്ലെന്ന പരാതിയുണ്ടോ; വിശദമാക്കുമോ?

ആധാരങ്ങളും മറ്റും സ്വയം തയ്യാറാക്കുന്നതിനാവശ്യമായ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാവുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം സേവനങ്ങൾ ജനങ്ങളിലെത്തിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ?

ഇത്തരം സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. കൂടാതെ രജിസ്റ്റർ

ചെയ്യുന്നതിനായുള്ള 19 വിവിധ ആധാരങ്ങളുടെ മാതൃക വകുപ്പിന്റെ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

## മൂല്യനിർണ്ണയ സാക്ഷ്യപത്രം

300 (4390) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959-ലെ കേരളാ സ്റ്റാമ്പ് ആക്റ്റിലെ 28 ബി വകുപ്പ് പ്രകാരം നൽകുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ 28 (ബി) വകുപ്പുപ്രകാരം കെട്ടിടങ്ങളുടെ വില നിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നുള്ള 10-08-2016-ലെ E2/281/2016/Taxes സർക്കുലർ, വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നതിനുള്ള Competent Authority നിശ്ചയിച്ചുകൊണ്ടുള്ള SRO No.486/2016, SRO No.528/2016 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ, കൂടാതെ ടി നിയമത്തിലെ 28(സി) വകുപ്പുപ്രകാരം ഫ്ലാറ്റുകൾ/അപ്പാർട്ട്മെന്റുകൾ

ഒഴികെയുള്ള മറ്റെല്ലാ കെട്ടിടങ്ങൾക്കും വില നിർണ്ണയിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നതിനുള്ള Competent Authority-യുടെ അധികാരം ബാധകമാക്കിക്കൊണ്ടുള്ള 23-04-2020-ലെ GO(Rt) No.274/2020/Taxes നമ്പർ സർക്കാർ ഉത്തരവ് എന്നിവയല്ലാതെ മറ്റ് മാർഗ്ഗനിർദ്ദേശങ്ങളൊന്നും പ്രസിദ്ധീകരിച്ചിട്ടില്ല. പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു+.

(ബി) പ്രസ്തുത വകുപ്പ് പ്രകാരം നിലവിൽ ഏത് നിരക്കിലാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഏത് വകുപ്പാണ് നിരക്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര പൊതുമരാമത്ത് വകുപ്പ് പ്രസിദ്ധീകരിക്കുന്ന പ്ലിന്ത് ഏരിയ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് വില നിർണ്ണയിക്കുന്നത്. നിരക്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത് കേന്ദ്ര പൊതുമരാമത്ത് വകുപ്പാണ്. പ്രസ്തുത നിരക്കനുസരിച്ച് ക്ഷമതയുള്ള വാല്യുവേറ്റർമാരാണ് കെട്ടിടങ്ങളുടെ വില നിർണ്ണയിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ 10-08-2016-ലെ E2/281/2016/Taxes സർക്കുലറിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 1959-ലെ കേരളാ സ്റ്റാമ്പ് ആക്ടിലെ 28 ബി വകുപ്പ് പ്രകാരം നൽകുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നതിന് വിവിധ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നത് സബ്‌രജിസ്ട്രാർ ഓഫീസുകളിൽ അല്ല. സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ള വാല്യൂവേറ്റർമാരാണ് കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡമനുസരിച്ച് മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നത്. ഇക്കാര്യത്തിൽ മറ്റേതെങ്കിലും മാനദണ്ഡം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## രജിസ്ട്രേഷൻ വകുപ്പിൽ ടെംപ്ലേറ്റ് സംവിധാനം

301 (4391) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ടെംപ്ലേറ്റ് സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

29-04-2022 തീയതിയിലെ സ.ഉ(സാധാ)നം.343/2022/നികുതി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ

ടെംപ്ലേറ്റ് സംവിധാനം നടപ്പിലാക്കിയിരുന്നു.

(ബി) എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ചില സാങ്കേതിക കാരണങ്ങളാൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 20-05-2022-ലെ ആർ.ആർ-9/8414/2019 നമ്പർ ഉത്തരവ് പ്രകാരം ഈ സംവിധാനം താത്കാലികമായി നിർത്തിവെച്ചിരിക്കുന്നു.

(സി) ടെംപ്ലേറ്റ് സംവിധാനം നടപ്പാക്കുന്നതോടെ ജോലി നഷ്ടപ്പെടുന്ന ആധാരമെഴുത്തുകാരെ പുനരധിവസിപ്പിക്കാനും ഇവരുടെ തൊഴിൽ സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ടെംപ്ലേറ്റ് സംവിധാനം നടപ്പാക്കുന്നതോടെ ആധാരമെഴുത്ത് മേഖലയിലുള്ളവരുടെ ജോലി നഷ്ടപ്പെടുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണ്. രജിസ്ട്രേഷൻ വകുപ്പിലെ നിലവിലെ ഓൺലൈൻ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ആധാരമെഴുത്തുകാരും ലഭ്യമാക്കി പ്രയോജനപ്പെടുത്തിവരുന്നുണ്ട്.

(ഡി) ലൈസൻസുള്ള ആധാരമെഴുത്തുകാർ മുഖേന ടെംപ്ലേറ്റ് സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ തീരുമാനം എടുത്തിട്ടില്ല.

**ഒരു രാജ്യം ഒരു രജിസ്ട്രേഷൻ പ്രഖ്യാപനം**

302 (4392) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത സോഫ്റ്റ്‌വെയർ മുഖേന രാജ്യത്ത് എവിടെ വേണമെങ്കിലും ആധാരങ്ങളും പ്രമാണങ്ങളും രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമൊരുക്കുമെന്നുള്ള കേന്ദ്ര ബജറ്റിലെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

2022-2023 -ലെ കേന്ദ്ര ബജറ്റിലെ 75-ാം ഖണ്ഡികയിലെ "The adoption or linkage with National Generic Document Registration Systems (NGDRS) with the "One Nation One- Registration Software will be promoted as an option for uniform process for registration and 'anywhere registration' of deeds & documents" എന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ

ലഭ്യമായിട്ടില്ല.

(ബി) ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ രജിസ്ട്രേഷനുകൾ വഴിയുള്ള വരുമാനം സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസുകളിൽ ഒന്നായി മാറിയെന്നിരിക്കെ കേന്ദ്ര ബജറ്റിലെ പ്രഖ്യാപനം തനതു നികുതിയേതര വരുമാനത്തിൽ വൻ ഇടിവുണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

എപ്രകാരമാണ് കേന്ദ്ര സർക്കാർ പ്രസ്തുത പ്രഖ്യാപനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ തനത് നികുതി വരുമാനത്തെ ബാധിക്കുമോയെന്ന് വിലയിരുത്താനാകൂ.

(സി) കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തിനെതിരെ സംസ്ഥാനം ശക്തമായ നിലപാട് സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഏകീകൃത രജിസ്ട്രേഷൻ നടപ്പിലാക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഏകീകരിക്കേണ്ടി വരികയും ഇത് കേന്ദ്ര സർക്കാർ നിർണ്ണയിക്കുകയും ചെയ്യുന്ന സ്ഥിതി വരുമോയെന്ന് വിശദമാക്കാമോ?

(സി & ഡി) കേന്ദ്ര സർക്കാർ പ്രസ്തുത പ്രഖ്യാപനം എപ്രകാരമാണ്

നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

303 (4393) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശേഷിക്കുന്ന പ്രവൃത്തികൾക്ക് അധികമായി ആവശ്യമുണ്ടെന്ന് കണ്ടെത്തിയ 23 ലക്ഷം രൂപയുടെ ഫണ്ട് വകയിരുത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) നാളിതുവരെ പ്രസ്തുത തുക വകയിരുത്തുന്നതിന് വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; പൊതുജനങ്ങളുടെ ദീർഘകാല ആവശ്യം പരിഗണിച്ച് അടിയന്തരമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) ഉണ്ട്; മൂർക്കനാട് സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം

എം.എൽ.എ. ഫണ്ടിൽനിന്നും തുടങ്ങിയ നിർമ്മാണ പ്രവൃത്തിയായതിനാൽ മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. ആയതിനാൽ നിലവിലെ എം.എൽ.എ.-യുമായി ചർച്ചചെയ്ത് അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ രജിസ്ട്രേഷൻ ഐ.ജി.-ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, രജിസ്ട്രേഷൻ വകുപ്പ് പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

304 (4394) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി സബ്‌രജിസ്ട്രാർ ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പ്രതിമാസ വാടക എത്രയാണെന്ന് അറിയിക്കാമോ?

പ്രതിമാസ വാടക 4613/- (നാലായിരത്തി അറുന്നൂറ്റി പതിമൂന്ന്)

രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) വാടാനപ്പള്ളി വില്ലേജ് ഓഫീസ് കെട്ടിടത്തിന് മുകളിലായി വാടാനപ്പള്ളി എസ്.ആർ.ഒ.-യ്ക്ക് സ്വന്തമായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ;

(ഡി) എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചത് എന്നാണ്; കെട്ടിട നിർമ്മാണത്തിന്റെ ബിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

(സി & ഡി) വാടാനപ്പള്ളി വില്ലേജ് ഓഫീസും സബ്‌രജിസ്ട്രാർ ഓഫീസും ഉൾപ്പെടുന്ന പ്രവൃത്തിക്കായി 65,00,000/- (അറുപത്തി അഞ്ച് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിരുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 01/03/2017-ന് പൂർത്തീകരിക്കുകയും സിവിൽ വർക്കുകൾക്കായി 72,54,684/- (എഴുപത്തി രണ്ട് ലക്ഷത്തി അൻപത്തിനാലായിരത്തി അറുനൂറ്റി എൺപത്തിനാല്) രൂപ ബിൽ തുക നൽകിയിട്ടുമുണ്ട്.

(ഇ) വാടക കെട്ടിടത്തിൽനിന്നും സ്വന്തം കെട്ടിടത്തിലേയ്ക്ക് പ്രസ്തുത ഓഫീസ് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് സത്വര നടപടി എടുക്കുമോ; വിശദമാക്കാമോ?

സബ്‌രജിസ്ട്രാർ ഓഫീസിനായി പുതിയതായി നിർമ്മിച്ച കെട്ടിടത്തിൽ റിക്കാർഡ് റൂം നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് ഓഫീസിന്റെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(നക്ഷത്ര ചിഹ്നമിടാത്ത 4089, 4094, 4102, 4104, 4114, 4134, 4145, 4147, 4153, 4154 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

10.00 am]

**II. അടിയന്തരപ്രമേയം**

വൈദ്യുതി നിരക്ക് വർദ്ധന

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിച്ചതുമൂലം ജനജീവിതം ദുസ്സഹമായതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അൻവർ സാദത്ത്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താരിഫ് വർദ്ധന തീരുമാനിക്കുന്നത് സർക്കാരല്ല. വൈദ്യുതി ബോർഡിന്റെ വരവുചെലവുകൾ പരിശോധിക്കുന്നതും പബ്ലിക് ഹിയറിംഗ് നടത്തി വൈദ്യുതി കമ്മി നികത്തുന്നതിനാനുപാതികമായ താരിഫ് പരിഷ്കരണം തീരുമാനിക്കുന്നതും സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ്. പ്രമേയത്തിൽ 2018-19-ൽ 208 കോടി രൂപയുടെ ലാഭമാണെന്ന് പറഞ്ഞിരിക്കുന്നത് വാസ്തവ വിരുദ്ധമാണ്. യഥാർത്ഥത്തിൽ 2018-19-ൽ 290 കോടി രൂപയുടെ നഷ്ടമാണുള്ളത്. 2019-20-ൽ 269 കോടി രൂപയുടെയും 2020-21-ൽ 1822 കോടി രൂപയുടെയും നഷ്ടമാണുണ്ടായത്. 2021-22-ൽ മാത്രം 1400 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ട്. സഞ്ചിത നഷ്ടം 16800 കോടി രൂപയും വായ്പാ ബാധ്യത 10600 കോടി രൂപയുമാണ്. യാതൊരുവിധത്തിലും സാധാരണക്കാരുടെ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ജനങ്ങൾക്ക് ബാധ്യതയുണ്ടാക്കാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലനിൽപ്പ് കണക്കാക്കിയാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്ക് പുതുക്കിയിരിക്കുന്നത്. 2019 ജൂലൈ 08-ാം തീയതിയാണ് അവസാനമായി വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചത്. അതിനുശേഷം, കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ മൊത്തവില സൂചികയിൽ 19 ശതമാനത്തോളം

വർദ്ധന രേഖപ്പെടുത്തിയെങ്കിലും 6.6% മാത്രമാണ് വർദ്ധിച്ചിരിക്കുന്നത്. ദുർബല വിഭാഗങ്ങൾക്കും കാർഷിക ഉപഭോക്താക്കൾക്കും ചെറുകിട വ്യവസായങ്ങൾക്കും ചെറുകിട കർഷകർക്കും 1000 വാട്ട്സ് വരെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റുവരെ ഉപഭോഗവുമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കും താരിഫ് വർദ്ധനയില്ല. കൂടാതെ, പ്രതിമാസം 50 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഏകദേശം 25 ലക്ഷത്തോളം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ തുടങ്ങിയ വിഭാഗങ്ങളിലെ ഏകദേശം 35200 ഉപഭോക്താക്കൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള കുടുംബങ്ങളിൽ കാൻസർ രോഗികളോ സ്ഥിരമായി അംഗവൈകല്യം ബാധിച്ചവരോ ഉണ്ടെങ്കിൽ അവർക്കും താരിഫ് വർദ്ധനയില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സൗജന്യ നിരക്ക് അതേപടി നിലനിർത്തിയിട്ടുണ്ട്. ചെറിയ പെട്ടിക്കടകൾ, ബങ്കുകൾ, തട്ടുകടകൾ തുടങ്ങിയവയ്ക്ക് കുറഞ്ഞ നിരക്കിലുള്ള താരിഫ് ആനുകൂല്യം 1000 വാട്ട്സിൽനിന്നും 2000 വാട്ട്സായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഏകദേശം 5.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും. കാർഷിക ഉപഭോക്താക്കൾക്ക് എനർജി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ഏകദേശം 4.76

ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും. 10 കിലോവാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള ചെറുകിട വ്യവസായങ്ങളായ അരിപൊടിക്കുന്ന മില്ലുകൾ, തയ്യൽ ജോലി ചെയ്യുന്നവർ, തുണിതേച്ചുകൊടുക്കുന്നവർ തുടങ്ങിയ ചെറുകിട സംരംഭകർക്കുള്ള ആനുകൂല്യം തുടരുന്നതാണ്. ഈ വിഭാഗങ്ങൾക്ക് ശരാശരി യൂണിറ്റിന് 15 പൈസയുടെ താരിഫ് വർദ്ധന മാത്രമാണുള്ളത്. പ്രതിമാസം 150 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പരമാവധി വർദ്ധന യൂണിറ്റിന് 25 പൈസയിൽ താഴെമാത്രമാണ്. ഏകദേശം 28 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. കെ.എസ്.ഇ.ബി.എൽ. അക്രൂവൽ ബേസ്ഡ് അക്കൗണ്ടിംഗ് സിസ്റ്റം പിന്തുടരുന്നതിനാൽ താരിഫ് നിർണ്ണയത്തിൽ കുടിശ്ശിക ഒരു ഘടകമല്ല. ഡിമാൻഡ് ചെയ്യുമ്പോൾത്തന്നെ തുക വരുമാനത്തിലേയ്ക്ക് വകയിരുത്തും. എങ്കിലും നിലവിലുള്ള കുടിശ്ശിക താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| മൊത്തം കുടിശ്ശിക | - | 2789 കോടി രൂപ. |
| സർക്കാർ കുടിശ്ശിക | - | 1300 കോടി രൂപ. |
| വാട്ടർ അതോറിറ്റി | - | 1000 കോടി രൂപ. |
| കോടതി വ്യവഹാരങ്ങൾ | - | 336 കോടി രൂപ. |

മറ്റ് സ്വകാര്യ കുടിശ്ശിക - 1151 കോടി രൂപ.

കുടിശ്ശിക പിരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലാഭമുള്ള 1400 കോടി രൂപ അടുത്ത വർഷത്തെ താരിഫ് പരിഷ്കരണത്തിലേ കണക്കാക്കുകയുള്ളൂ. അതിനാലാണ് റെഗുലേറ്ററി കമ്മീഷൻ അങ്ങനെ തീരുമാനമെടുത്തത്.

ശ്രീ. അൻവർ സാദത്ത്: സർ, ഒരു ജനകീയ വിഷയത്തിന്മേൽ ചർച്ച ആവശ്യപ്പെട്ടുകൊണ്ടാണ് അടിയന്തരപ്രമേയ നോട്ടീസുമായി ഇന്ന് പ്രതിപക്ഷം വന്നിരിക്കുന്നത്. റെഗുലേറ്ററി കമ്മീഷൻ 6.6 ശതമാനമാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതെന്ന് അദ്ദേഹം പറയുകയുണ്ടായി. പക്ഷെ 18% വർദ്ധനയാണ് ഗവൺമെന്റ് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നത്. ജനങ്ങളോട് ഈ സർക്കാരിനെക്കാൾ കൂടുതൽ പ്രതിബദ്ധത റെഗുലേറ്ററി കമ്മീഷനുള്ളതുകൊണ്ടാണെന്ന് തോന്നുന്നു അത് 6.6 ശതമാനമാക്കിയത്. സർക്കാരല്ലേ ഭരിക്കേണ്ടത്; സർക്കാരല്ലേ തീരുമാനമെടുക്കേണ്ടത്; അതിനല്ലേ ജനങ്ങൾ രണ്ടാം തവണയും ഈ സർക്കാരിനെ തെരഞ്ഞെടുത്ത് അധികാരത്തിലെത്തിച്ചിരിക്കുന്നത്? ഇക്കാര്യത്തിൽ തികഞ്ഞ പരാജയമാണുണ്ടായിരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ പ്രധാനപ്പെട്ട ഈ വിഷയം അടിയന്തരപ്രമേയമായി ഉന്നയിച്ചത്.

ഇന്ന് സർക്കാർ ഏൽപ്പിക്കുന്ന വൈദ്യുത പ്രഹരമേറ്റ് ജനങ്ങൾ തളരുകയാണ്. മാസാവസാനം വൈദ്യുതി ബിൽ കയ്യിൽ കിട്ടുമ്പോൾ 11 കെ.വി.-യിൽനിന്ന് ഷോക്കടിക്കുന്ന അവസ്ഥയാണ്. ഈ സർക്കാർ സാധാരണക്കാരായ ജനങ്ങളെ കണ്ടില്ലെന്ന് നടിക്കുകയാണ്. കോവിഡ് വന്നപ്പോൾ സർക്കാർ സാമ്പത്തിക പ്രതിസന്ധിയിലായെന്നാണ് പറയുന്നത്. ജനങ്ങളുടെ സാമ്പത്തിക പ്രതിസന്ധി ആര് പരിഹരിക്കും; കോവിഡ് വന്നതിനുശേഷം ജനങ്ങൾക്ക് ആശ്വാസകരമായ ഒരു തീരുമാനവുമെടുക്കാതെ സർക്കാർ മുന്നോട്ടുപോകുകയാണ്. ആ സമയത്താണ് ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധനയിലൂടെ വലിയൊരു പ്രഹരമേൽപ്പിച്ചിരിക്കുന്നത്. നിരക്ക് വർദ്ധനയെന്ന ഒറ്റമൂലിക്കുപകരം വരവും ചെലവും തമ്മിലുള്ള അന്തരം പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ തേടുന്നതിൽ വൈദ്യുതി ബോർഡ് പരാജയപ്പെട്ടിരിക്കുകയാണ്. തൃപ്പൂണിത്തുറ എം.എൽ.എ. ശ്രീ. കെ. ബാബുവിന്റെ ചോദ്യത്തിനുത്തരമായി ഭരണസൗകര്യാർത്ഥമാണ് ഡോ. ബി. അശോകിനെ മാറ്റിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇത് ആരെങ്കിലും വിശ്വസിക്കുമോ? മന്ത്രി എങ്ങനെ ന്യായീകരിച്ചാലും കേരളത്തിലെ അരി ആഹാരം കഴിക്കുന്നവർക്ക് അദ്ദേഹത്തെ എന്തിനാണ് മാറ്റിയതെന്നറിയാം. അവിടെ ഭരണ നേതൃത്വത്തിലുള്ള യൂണിയന്റെ

ഇംഗിതത്തിന് വഴങ്ങി കൊള്ളയും ട്രാൻസ്ഫറുമൊക്കെ നടത്താൻ തയ്യാറാകാത്തതുകൊണ്ടല്ലേ അദ്ദേഹത്തെ മാറ്റിയത്? സി.ഐ.ടി.യു.-വിന്റെയും ഇടതുപക്ഷ സംഘടനയുടെയുമൊക്കെ നിർബന്ധത്തിന് വഴങ്ങേണ്ട രാഷ്ട്രീയ സാഹചര്യമാണിതെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയെ നോക്കുകുത്തിയാക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചില കണക്കുകൾ സൂചിപ്പിച്ചു. പക്ഷെ എന്റെ കയ്യിലുള്ള കണക്ക് അതല്ല. കെ.എസ്.ഇ.ബി. എൽ. നഷ്ടത്തിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. 2022 ജൂലൈ 13-ാം തീയതിയിലെ ദേശാഭിമാനി പത്രത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് 2018-19-ൽ 208 കോടി രൂപയുടെയും 2019-20-ൽ 165 കോടി രൂപയുടെയും 2020-21-ൽ 150 കോടി രൂപയുടെയും ലാഭമുണ്ടായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ അവകാശപ്പെടുന്നതുപോലെ 2021-22 സാമ്പത്തിക വർഷത്തിൽ 1400 കോടി രൂപ പ്രവർത്തന ലാഭമുള്ള കെ.എസ്.ഇ.ബി.എൽ. ആണ് വൈദ്യുതി നിരക്കിൽ 6.6% വർദ്ധന വരുത്തിയിരിക്കുന്നത്. ഇത്രയും ലാഭമുണ്ടെങ്കിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുന്നത് എന്തിനാണ്? പിരിഞ്ഞുകിട്ടാനുള്ള 2771.4 കോടി രൂപ ജനങ്ങളുടെമേൽ കെട്ടിവയ്ക്കുന്നത് എന്തിനാണ്? കുടിശ്ശിക ലഭിക്കാനുണ്ടെങ്കിൽ പിരിച്ചെടുക്കണം. കുടിശ്ശിക

പിരിച്ചെടുക്കാനുള്ള ഉത്തരവാദിത്വം ജനങ്ങൾക്കല്ല, ഗവൺമെന്റിനാണ്. 2021 ഡിസംബർ 31 വരെയുള്ള കണക്കനുസരിച്ച് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 2771 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുള്ളത്. ഇതിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക 1020.74 കോടി രൂപയും 113 സ്വകാര്യ സ്ഥാപനങ്ങളുടേത് 1023.76 കോടി രൂപയാണ്. വൻകിട ഉപഭോക്താക്കളുടെ കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കാതെ കെ.എസ്.ഇ.ബി.എൽ.-ൽ നടക്കുന്ന കെടുകാര്യസ്ഥതയും അഴിമതിയും പാവപ്പെട്ട ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിൽ നിയമ നടപടിയിൽ കുടുങ്ങിക്കിടക്കുന്നത് 286 കോടി രൂപ മാത്രമാണ്. ഇത് മാറ്റിനിർത്തിയാൽ 2485 കോടി രൂപ സർക്കാരിന് പിരിച്ചെടുക്കാൻ സാധിക്കും. ഇതിന്റെ പകുതി പിരിച്ചെടുത്താൽത്തന്നെ നിരക്ക് വർദ്ധനയിൽനിന്ന് പിന്നോട്ടുപോകാൻ സാധിക്കും. ഈ കുടിശ്ശികയെല്ലാം പിരിച്ചെടുക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനാണ്. കുടിശ്ശിക പിരിച്ചെടുക്കാതെ ചാർജ്ജ് വർദ്ധിപ്പിച്ച് ജനങ്ങളെ പിഴിയുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ചാർജ്ജിൽ 40 പൈസയെങ്കിലും കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകാൻ കഴിയുമെന്നിരിക്കെ എന്തിനാണ് ജനങ്ങളെ ഇങ്ങനെ

പിഴിയുന്നത്? വരുമാനമുണ്ടാകുമ്പോൾ അതിന്റെ നേട്ടം ഉപഭോക്താക്കൾക്ക് കൈമാറണമെന്നതാണ് വൈദ്യുതി നിയമത്തിലെ വ്യവസ്ഥ. അതനുസരിച്ച് ഇപ്പോഴത്തെ കണക്കുപ്രകാരം യൂണിറ്റിന് 40 പൈസയെങ്കിലും കുറയ്ക്കാനാകും. ഇനി ഇതുവരെയുള്ള സഞ്ചിതനഷ്ടം കുറയ്ക്കാൻ അതിൽനിന്ന് ഒരു വിഹിതം എടുത്താൽപ്പോലും 20 പൈസയെങ്കിലും കുറയ്ക്കാമായിരുന്നു. അത് ചെയ്യുന്നതിനുപകരം നിരക്ക് ഉയർത്തിയത് വ്യവസായങ്ങൾക്കുമാത്രമല്ല സാധാരണക്കാരനും അധിക ബാദ്ധ്യതയാണ്. സാധാരണക്കാരൻ ബില്ലടയ്ക്കാതിരുന്നാൽ വൈദ്യുതി കണക്ഷൻ കട്ട് ചെയ്യും. കഴിഞ്ഞ ദിവസം അട്ടപ്പാടി ആദിവാസി മേഖലയിലുള്ള ആശുപത്രിയിൽ വൈദ്യുതി വിച്ഛേദിച്ച കാര്യം സഭയിൽ സൂചിപ്പിച്ചിരുന്നു. 2405 കോടി രൂപയുടെ വൈദ്യുതി ബില്ലടയ്ക്കാത്ത വൻകിട ഉപഭോക്താക്കൾക്ക് ഒരു കുഴപ്പവുമില്ല. അവർക്ക് വൈദ്യുതി മുടക്കിയിട്ടില്ല. അവർ അടയ്ക്കാത്ത വൈദ്യുതി ചാർജ്ജ് കൂടി വൈദ്യുതി ചാർജ്ജ് വർദ്ധനയിലൂടെ സാധാരണക്കാരായ ജനങ്ങളിൽ നിന്നും ഈടാക്കുകയാണെങ്കിൽപ്പിന്നെ എന്തിനാണ് സർക്കാർ? ഉത്തരവ് ലംഘിച്ച് കെ.എസ്.ഇ.ബി.എൽ. കരാറുകാർക്ക് 270 കോടി രൂപ അധികം നൽകിയെന്ന് ഇന്ന് മലയാള മനോരമ പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥർ വൻതുക

കമ്മീഷൻ പറ്റിയെന്ന് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കണ്ടെത്തിയെന്ന ഗുരുതരമായ ആരോപണമാണ് വന്നിരിക്കുന്നത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരിൽനിന്ന് മാത്രമേ വൈദ്യുതി വാങ്ങാൻ പാടുള്ളൂവെന്ന ഉത്തരവ് ലംഘിച്ചാണ് കൂടുതൽ നിരക്ക് ക്വാട്ട് ചെയ്തവർക്ക് കരാർ അനുവദിച്ചത്. ഇതുസംബന്ധിച്ച് വ്യക്തമായി അന്വേഷിക്കണം. 2018 ഏപ്രിൽ മുതൽ 2020 ഓഗസ്റ്റ് വരെയുള്ള കാലയളവിലാണ് ഈ തുക അനുവദിച്ചത്. അങ്ങയെ മന്ത്രിയാക്കുന്നതിനുമുമ്പ് ഇതൊക്കെ അടിച്ചുകൊണ്ടുപോയി. അതാണ് ഈ പ്രതിസന്ധിക്ക് കാരണം. അതിലൊന്നും യാതൊരു അന്വേഷണവുമില്ല. ഇത്തരം ധൂർത്തിന്റെയും കെടുകാര്യസ്ഥതയുടെയും അധികഭാരത്തിൽനിന്ന് പാവപ്പെട്ട ജനങ്ങളെ സഹായിക്കണം. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, ഉയർന്നകൂലി എന്നിവക്കൊപ്പം വൈദ്യുതി ചാർജ്ജുകൂടി വർദ്ധിച്ചപ്പോൾ വർഷങ്ങളായി പ്രതിസന്ധിയിലായിരുന്ന നിരവധി വൻകിട/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഇന്ന് കൂടുതൽ പ്രതിസന്ധിയിലായിരിക്കുകയാണ്..

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്...

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. കെ.എസ്.ഇ.ബി.എൽ. കഴിഞ്ഞ വർഷം 1400 കോടി രൂപയുടെ പ്രവർത്തന

ലാഭം കൈവരിച്ചുവെന്ന് അവകാശപ്പെട്ടുമ്പോഴും സർക്കാർ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് ജനജീവിതം ദുസ്സഹമാക്കുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ നേരത്തെ ഇദ്ദേഹം പറഞ്ഞതിനുള്ള മറുപടി പറഞ്ഞിരുന്നു. ചാർജ്ജ് വർദ്ധന കുടിശ്ശികയുമായി ബന്ധപ്പെട്ടതല്ല, അത് വരവിന്റെ കണക്കിലാണ് വരുന്നത്. അതുകൊണ്ട് അത്തരത്തിലൊരു നിർദ്ദേശം വച്ചത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശക്തമായ നടപടിയെടുക്കുന്നുണ്ട്. 2012-ൽ 24 ശതമാനം, 2013-ൽ 9.1 ശതമാനം, 2014-ൽ 6.7 ശതമാനം എന്ന നിലയിൽ 2011-2016 കാലയളവിൽ മൂന്ന് തവണയായി ആകെ 44.44 ശതമാനം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. അത് ആരുടെ കാലമാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. 2016-2021 കാലയളവിൽ 2017-ൽ 4.77 ശതമാനം, 2019-ൽ 7.32 ശതമാനം എന്ന തരത്തിൽ രണ്ട് തവണയായി ആകെ 12.44 ശതമാനം നിരക്കാണ് വർദ്ധിപ്പിച്ചത്. 2022-ലെ ചാർജ്ജ് വർദ്ധന 6.6 ശതമാനമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ ശതമാനമാണ് പറഞ്ഞത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അത് എപ്പോഴും അങ്ങനെതന്നെയല്ലേ? കെ.എസ്.ഇ.ബി.എൽ. പ്രൊപ്പോസൽ കൊടുത്തിട്ട് സർക്കാരിന്റെ അഭിപ്രായം ചോദിച്ചശേഷമാണ് ഇത്രയും കുറച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സമയത്താണ് ഏറ്റവും കൂടുതൽ നിരക്ക് വർദ്ധനയുണ്ടായത്. കോവിഡ് കാലത്ത് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിന്റെ 25 ശതമാനം ഇളവ് വ്യാവസായിക വാണിജ്യ ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും അനുവദിച്ചു. ബാക്കിയുള്ള 75 ശതമാനം തുക പലിശരഹിതമായി അടയ്ക്കുന്നതിന് 15-12-2020 വരെ സാവകാശം നൽകി. 76.62 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. സിനിമാ തിയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിൽ 50 ശതമാനം ഇളവ് നൽകി. കൂടാതെ 2021 മേയ് മാസത്തിൽ ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിന്റെ വ്യാവസായിക-വാണിജ്യ ഉപഭോക്താക്കൾക്ക് 25 ശതമാനവും സിനിമാ തീയേറ്ററുകൾക്ക് 50 ശതമാനവും ഇളവും ബാക്കിയുള്ള തുക പലിശരഹിതമായി 3 തവണയായി അടയ്ക്കുന്നതിന് 30-09-2021 വരെ സാവകാശവും നൽകി. ഇതിലൂടെ 24.75 കോടി രൂപയുടെ ഇളവാണ് നൽകിയത്. ഗാർഹിക ഉപഭോക്താക്കൾക്ക് 20-04-2020 മുതൽ

19-06-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വന്ന തുകയുടെ നിശ്ചിത ശതമാനം സബ്സിഡിയായി നൽകി. സംസ്ഥാനത്ത് നാളിതുവരെയായി കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 279.82 കോടി രൂപയുടെ സബ്സിഡി വിവിധയിനം ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. അതുകൊണ്ട് കോവിഡ് കാലത്ത് ഇളവുകളൊന്നും നൽകിയില്ലെന്ന് പറയുന്നത് ശരിയല്ല. വൈദ്യുതി വിതരണത്തിലെ കാര്യക്ഷമതയും ഈ മേഖലയിലെ പരിസ്ഥിതി സൗഹാർദ്ദ നടപടിയും വിലയിരുത്തി നീതി ആയോഗ് തയ്യാറാക്കിയ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനമാണുള്ളത്. 2019-2020-ലെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. വൈദ്യുതി വിതരണ കമ്പനികളുടെ പ്രവർത്തന മികവ്, കുറഞ്ഞ ചെലവും വിശ്വാസ്യതയും, പരിസ്ഥിതി സൗഹൃദ നടപടികൾ, ഊർജ്ജ കാര്യക്ഷമത, പാരിസ്ഥിതിക സുസ്ഥിരത, പുതിയ സംരംഭങ്ങൾ എന്നിവ പരിഗണിച്ചാണ് സൂചിക തയ്യാറാക്കിയത്. ഭാരതത്തിലെ എല്ലാ ലോഡ് ഡെസ്പാച്ച് സെന്ററുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫോറം ഓഫ് ലോഡ് ഡെസ്പാച്ചേഴ്സ് ഏർപ്പെടുത്തിയ എൽ.ഡി.സി. എക്സലൻസ് ദേശീയ അവാർഡ് കെ.എസ്.ഇ.ബി.എൽ.-ന്റെ കളമശ്ശേരിയിലുള്ള കേരള

ലോഡ് ഡെസ്പാച്ച് സെന്ററിന് ലഭിച്ചു. ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളം രണ്ടാമതാണ്. കാർഷിക/വൈദ്യുതി/ഗതാഗത/ വ്യവസായിക രംഗങ്ങളിലെയും ഗാർഹിക മേഖലയിലെയും നയപരമായ പ്രവർത്തനങ്ങളും ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനങ്ങളും കണക്കിലെടുത്താണ് രണ്ടാം സ്ഥാനത്തെത്തിയത്. പുരപ്പുറ സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തന മികവിന് കെ.എസ്.ഇ.ബി.എൽ-ന് ഇ.ക്യൂ. ഇന്റർനാഷണൽ മാഗസിൻ ഏർപ്പെടുത്തിയ Roof top solar enabler of the year അവാർഡ് ലഭിച്ചു. ചെലവ് ചുരുക്കാനുള്ള നടപടിയുടെ ഭാഗമായി താപനിലയങ്ങളിൽനിന്ന് 880 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേക്ക് Design-Build-Finance-Operate (DBFO) അടിസ്ഥാനത്തിൽ വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. ഒറ്റ ടെണ്ടറായി വിളിക്കുന്നതിനുപകരം 480 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് 05-03-2014-ലും 400 മെഗാവാട്ട് വാങ്ങുന്നതിന് 02-05-2014-ലും ടെണ്ടറുകൾ വിളിച്ചു. അത് ആരുടെ ഭരണകാലമായിരുന്നുവെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. 865 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ 2014-2015-ൽ കെ.എസ്.ഇ.ബി.എൽ. ഒപ്പുവച്ചു. ഒപ്പിട്ട കരാറുകളിൽ 300 മെഗാവാട്ട്

വാങ്ങുന്നതിന് മാത്രമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരമുള്ളത്. 565 മെഗാവാട്ട് വാങ്ങുന്നതിനുള്ള കരാറുകൾ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഗൈഡ്‌ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളിൽനിന്ന് കെ.എസ്.ഇ.ബി.എൽ. വ്യതിചലിച്ചതിനാൽ റെഗുലേറ്ററി കമ്മീഷൻ ഇതുവരെ അനുമതി നൽകിയിട്ടില്ല. ബോർഡ് സർക്കാരിന് സമർപ്പിച്ച പ്രസ്തുത വിഷയം സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് ഉചിത ശിപാർശകൾ സമർപ്പിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), പ്രിൻസിപ്പൽ സെക്രട്ടറി (പവർ), സെക്രട്ടറി (നിയമം), ചെയർമാൻ & മാനേജിംഗ് ഡയറക്ടർ (കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്) എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ് വ്യതിയാനങ്ങൾ സംസ്ഥാന സർക്കാർ അംഗീകരിക്കേണ്ടതില്ലെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഈ ദീർഘകാല കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഇതേ വ്യവസ്ഥകൾ ഒഴിവാക്കിയാൽ ഏകദേശം 800 കോടി രൂപയുടെ അധികബാദ്ധ്യത ഒഴിവാക്കാനാകും. കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിഷയം സർക്കാർ പരിശോധിച്ച് അന്തിമ തീരുമാനം ഉടൻ സ്വീകരിക്കുന്നതാണ്. അതിനുശേഷം കരാറുകളുടെ അംഗീകാരം

സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. സംസ്ഥാന റെഗുലേറ്ററി കമ്മീഷനെ സമീപിക്കുന്നതാണ്. റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരമില്ലാത്ത വൈദ്യുതി വാങ്ങൽ കരാറുകൾമൂലം 2018-19, 2019-20 വർഷങ്ങളിൽ വൈദ്യുതി വാങ്ങിയ ഇനത്തിൽ 234 കോടി രൂപയുടെ അധിക ചെലവുണ്ടായെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 21-06-2000-ലെ 22/22-ാം നമ്പർ ഉത്തരവിൽ സൂചിപ്പിക്കുന്നുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. എഗ്രിമെന്റ് വച്ചത് ഏത് കാലത്താണെന്ന് ഞാൻ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ആ ബാധ്യതയിൽ നിന്നാണ് ഇത് വന്നത്. ചാർജ്ജ് വർദ്ധനയുമായി ബന്ധപ്പെട്ട് ഇതാണ് പറയാനുള്ളത്. മേൽസൂചിപ്പിച്ച കരാർ റദ്ദ് ചെയ്താൽ 800 കോടി രൂപയുടെ ഗുണം അടുത്ത വർഷം ലഭിക്കും. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മഹാമാരിക്കുശേഷം അതിന്റെ ആഘാതം എല്ലാവരുടെ ജീവിതത്തിലും സാമ്പത്തിക പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുകയാണ്. എല്ലാവരും കടക്കെണിയിലും സാമ്പത്തിക പ്രതിസന്ധിയിലുമാണ്. ജനപ്രതിനിധികളെന്ന നിലയിൽ നമ്മളെ കാണാൻ വരുന്നവരിൽ ബഹുഭൂരിപക്ഷവും വിവിധ ബാങ്കുകളിലെ ജപ്തി നോട്ടീസുകളുമായാണ് വരുന്നത്. പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ജനങ്ങളെ ചേർത്തുനിർത്തുന്നതിന് പകരം ഇടിവെട്ടേറ്റവനെ പാമ്പുകടിച്ചുവെന്ന് പറയുന്നതുപോലെ ഭാരത്തിനുമീതെ ഭാരം കയറ്റിവയ്ക്കുന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല. വൈദ്യുതി ബോർഡുപോലെ ഒരു പൊതുമേഖലാ സ്ഥാപനം ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിക്കുന്നത് തെറ്റാണെന്നൊന്നും ഞങ്ങൾ പറയുന്നില്ല. എൽ.ഡി.എഫ്-ന്റെ കാലത്തും യു.ഡി.എഫ്-ന്റെ കാലത്തും വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ളവ വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. സ്ഥാപനത്തിന് സ്വന്തമായി മുന്നോട്ടുപോകാനോ ശമ്പളം നൽകാനോ കഴിയാതെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുമ്പോഴാണ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത്. ശ്രീ. എം. വി. ഗോവിന്ദൻ

മാസ്റ്ററെപ്പോലെയുള്ളവർക്ക് വിശ്വാസമില്ലാത്തതുകൊണ്ടാണ് മലയാള മനോരമ, മാതൃഭൂമി പോലെയുള്ള പത്രങ്ങൾ ക്വാട്ട് ചെയ്യാതെ ഈ വിഷയം അവതരിപ്പിച്ച ശ്രീ. അൻവർ സാദത്ത് ദേശാഭിമാനി ക്വാട്ട് ചെയ്തത്. 13-ാം തീയതിയിലെ ദേശാഭിമാനി പത്രമാണ് എന്റെ കയ്യിലിരിക്കുന്നത് (പത്രം ഉയർത്തി കാണിച്ചു). കഴിഞ്ഞ സാമ്പത്തിക വർഷം 1400 കോടി രൂപയുടെ പ്രവർത്തന ലാഭം കെ.എസ്.ഇ.ബി.എൽ. നേടിയിരുന്നുവെന്നാണ് ഇതിൽ പറയുന്നത്. 'നില ഭദ്രം നേടാം ലാഭം കെ.എസ്.ഇ.ബി. കേരളത്തിന്റെ ഊർജ്ജം' എന്നാണ് ഇതിന്റെ തലക്കെട്ട്. "ഈ വർഷം ശമ്പളം-പെൻഷൻ ഇനങ്ങളിൽ കാര്യമായ വർദ്ധനയില്ല. ഭീമമായ സാമ്പത്തികച്ചെലവ് വരുന്ന വമ്പൻ പദ്ധതികളുമില്ല. അനുകൂല സാഹചര്യങ്ങൾ മുതലാക്കുന്നതിനൊപ്പം മികച്ച വൈദ്യുതി വിൽപ്പനയും സാമ്പത്തിക അച്ചടക്കവും സാദ്ധ്യമായാൽ തുടർച്ചയായ അഞ്ചാം വർഷവും പ്രവർത്തനലാഭം കൈവരിക്കാനാവും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ് ബോർഡിനെ ലാഭ പാതയിലെത്തിച്ചത്. 2018-19-ൽ 208 കോടി, 2019-20-ൽ 166 കോടി, 2020-21-ൽ 150 കോടി, 2021-2022-ൽ 1400 കോടി രൂപയുമാണ് ലാഭം. തുടർച്ചയായി 5 കൊല്ലം ലാഭമുണ്ടാക്കുന്ന വൈദ്യുതി ബോർഡ്" ഇങ്ങനെയാണ് ദേശാഭിമാനിയിൽ വന്നത്. ഒന്നുകിൽ ദേശാഭിമാനിയെ

നിങ്ങൾ തള്ളിപ്പറയണം, അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അവാസ്തവമാണെന്ന് പറയണം. ഈ വർഷമൊഴികെ ബാക്കിയുള്ള വർഷങ്ങളിൽ ചെറിയ ചെറിയ നഷ്ടമുണ്ടെന്നാണ് മന്ത്രി പറഞ്ഞത്. തുടർച്ചയായ അഞ്ചാം വർഷവും ലാഭമുണ്ടാക്കാൻ പോകുന്നുവെന്ന് ദേശാഭിമാനി പറയുന്നു. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്ക് വിശ്വാസ്യതയുള്ള ഈ പത്രത്തെ ഞങ്ങൾ വിശ്വസിക്കണോ, ബഹുമാനപ്പെട്ട മന്ത്രിയെ വിശ്വസിക്കണോ എന്നതാണ് ചോദ്യം. എല്ലാത്തിനും ഒരു യുക്തിവേണ്ടേ? മന്ത്രി ആദ്യം പറഞ്ഞത് ഇതൊക്കെ റെഗുലേറ്ററി കമ്മീഷനാണ്, സർക്കാർ ഇടപെടുന്ന പ്രശ്നമില്ല എന്നാണ്. രണ്ടാമത്തെ മറുപടിയിൽ മന്ത്രി പറഞ്ഞു, ഞങ്ങൾ ഇടപെട്ടാണ് ഇത് കുറച്ചതെന്ന്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തെറ്റായി പറയരുത്. അങ്ങ് ചോദിച്ചപ്പോൾ ഞങ്ങൾ അഭിപ്രായം പറഞ്ഞുവെന്നു മാത്രമേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ആദ്യമേ പറഞ്ഞു സർക്കാരിന് ഇതിൽ ഒരു കാര്യവുമില്ല റെഗുലേറ്ററി കമ്മീഷനാണ് നിരക്ക് വർദ്ധന നിശ്ചയിക്കുന്നതെന്ന്. സർക്കാർ റെഗുലേറ്ററി കമ്മീഷന് കൊടുത്ത ശിപാർശ 18.18 ശതമാനം വർദ്ധന വേണമെന്നാണ്. റെഗുലേറ്ററി കമ്മീഷനാണ് അത് 6.6 ശതമാനമായി കുറച്ചത്. അത് ശ്രീ. അൻവർ

സാദത്ത് ചൂണ്ടിക്കാട്ടിയപ്പോൾ അതിൽ ഞങ്ങൾ ഇടപെട്ടിട്ടാണ് കുറച്ചതെന്ന് പറഞ്ഞു. നിങ്ങൾ 18.18 ശതമാനം ചോദിച്ചശേഷം എങ്ങനെയാണ് കുറയ്ക്കാൻ ഇടപെടുന്നത്? ഇതിലെല്ലാം ഒരു യുക്തിയില്ലായ്മയുണ്ട്. ലാഭമുണ്ടാകുമ്പോൾ അതിന്റെ വിഹിതം ഉപഭോക്താക്കൾക്ക് തിരിച്ചുകൊടുക്കണമെന്നാണ് വൈദ്യുതി നിയമം. യഥാർത്ഥത്തിൽ ഇപ്പോഴത്തെ കണക്കനുസരിച്ച് 40 പൈസ യൂണിറ്റിന് കുറവ് നൽകേണ്ട സമയമാണ്. ഒരുവശത്ത് ലാഭമുണ്ടാക്കുന്നുവെന്ന് അവകാശപ്പെട്ട് ക്രെഡിറ്റ് എടുക്കുകയും കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കിയതിന്റെ അക്കൗണ്ടിൽ വൈദ്യുതി ബോർഡിനെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ട് നിരക്ക് വർദ്ധനയുടെ ഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന സമയത്ത് ബോർഡ് വലിയ നഷ്ടത്തിലാണ്, പ്രതിസന്ധിയിലാണ്, പ്രശ്നമാണ് എന്ന് പറയുകയും ചെയ്യുന്നതിന്റെ യുക്തിയെന്താണ്? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ സമ്മതിച്ചു. കുടിശ്ശികകൂടി കണക്കാക്കിയാണ് ലാഭക്കണക്ക് കൊടുത്തിരിക്കുന്നത്. ഒരു പൊതുമേഖലാ സ്ഥാപനത്തെ നന്നായി കൊണ്ടുപോകുന്നതിനുവേണ്ടി കുടിശ്ശിക പിരിക്കണ്ടേ? കുടിശ്ശിക വലിയ തുകയിലേയ്ക്ക് പോകുകയാണ്. പബ്ലിക് സെക്ടറിന്റെ കുടിശ്ശികയുണ്ട്, സ്വകാര്യ സ്ഥാപനങ്ങളുടെ കുടിശ്ശിക

ആയിരത്തിലധികം കോടിയുണ്ട്. 113 സ്ഥാപനങ്ങളിലായി ഒരു കോടി രൂപയിൽ കൂടുതൽ കുടിശ്ശികയുണ്ട്. ഇപ്പോൾ ആയിരം കോടിരൂപയുടെ ലാഭമാണ് നിരക്ക് വർദ്ധനയിലൂടെയുണ്ടായിരിക്കുന്നത്. ആയിരം കോടിരൂപ കുടിശ്ശിക പിരിച്ചെടുത്താൽ പ്രതിസന്ധി പരിഹരിക്കാൻ കഴിയും. അത് പിരിച്ചെടുക്കുന്നതിൽ വൈദ്യുതി ബോർഡ് ദയനീയ പരാജയമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഗാർഹിക ഉപഭോക്താക്കൾ മാത്രമല്ല വ്യവസായങ്ങളും വലിയ ഭീഷണി നേരിടുകയാണ്. 6.6 ശതമാനം നിരക്ക് വർദ്ധനയെന്ന് പറയുമ്പോൾ വ്യവസായ വകുപ്പ് ശ്രദ്ധിക്കണം. ഹൈടെൻഷനും എക്സ്ട്രാ ഹൈ ടെൻഷനും ഉപഭോക്താക്കൾക്ക് ഇതിന്റെ ഇരട്ടി ഇഫക്ടാണ് വരുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഒന്ന് പറഞ്ഞോട്ടെ.....

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി രണ്ട് പ്രാവശ്യം സംസാരിച്ചു. Let me complete. ഇപ്പോഴത്തെ വൈദ്യുതി വർദ്ധന അനുസരിച്ച് എച്ച്.എൻ.എൽ.-ന് 7 കോടിരൂപയും എഫ്.എ.സി.റ്റി.-ക്ക് 9 കോടിരൂപയും അധികമായി നൽകേണ്ടിവരും. പ്രധാനപ്പെട്ട സ്ഥാപനങ്ങൾക്കെല്ലാം ഇത്തരത്തിൽ കൂടുതൽ നൽകേണ്ടിവരും. ഞാനും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും യൂണിയൻ നേതാക്കളായിട്ടുള്ള സ്ഥാപനങ്ങളാണിത്. അവയെല്ലാം പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുന്ന

സാഹചര്യം വൈദ്യുതി ചാർജ്ജ് വർദ്ധനമൂലമുണ്ടാകും. തൊഴിലാളികളുടെ ആനുകൂല്യങ്ങൾപോലും തടസ്സപ്പെട്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ വ്യവസായ സ്ഥാപനങ്ങളുമെല്ലാം പ്രതിസന്ധിയിലേക്ക് പോകുകയാണ്. അയൽ സംസ്ഥാനങ്ങളിൽ കുറഞ്ഞ നിരക്ക് വർദ്ധനയാണുള്ളത്. 500 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപഭോഗമുള്ളവരിൽനിന്നും 8072 രൂപ കേരളം വാങ്ങിക്കുമ്പോൾ തമിഴ്നാട്ടിൽ 2600 രൂപയാണ് വാങ്ങുന്നതെന്ന് കേരള കൗമുദിയിൽ വാർത്ത വന്നിരുന്നു. എന്നാൽ, അത് തെറ്റാണെന്നും തമിഴ്നാട്ടിൽ 500 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപഭോഗമുള്ളവരിൽ നിന്നും 5000 രൂപയാണ് വാങ്ങുന്നതെന്നുമാണ് വൈദ്യുതി ബോർഡ് ഇറക്കിയ പത്രക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത്. അപ്പോഴും വ്യത്യാസം ഏകദേശം 3700 രൂപയിൽ കൂടുതലാണ്. അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വലിയ വ്യത്യാസമാണുള്ളത്. അനാസ്ഥയും കെടുകാര്യസ്ഥതയും കാരണം എത്ര കോടിരൂപയുടെ നഷ്ടമാണുണ്ടായത്? യു.ഡി.എഫ്. ഭരണകാലത്താണ് പവർ പർച്ചേസ് വന്നതെന്ന് പറയുകയുണ്ടായി. അന്ന് പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവച്ചെങ്കിലും റെഗുലേറ്ററി കമ്മീഷൻ അതിന് അംഗീകാരം കൊടുത്തിട്ടില്ല. സമീപകാലത്ത് യൂണിയൻ നേതാക്കളും ഓഫീസേഴ്സ് സംഘടനയുടെ

ആളുകളും ഇടപെട്ട് പർച്ചേസ് എഗ്രിമെന്റ് നടത്തിയെന്നും അത് കോടികളുടെ നഷ്ടം ബോർഡിനുണ്ടാക്കിയെന്നുമാണ് ചെയർമാൻ പറഞ്ഞത്. ഓഫീസേഴ്സ് സംഘടനയുടെ നേതാവ് മുൻ വൈദ്യുതി വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ആളാണ്. അദ്ദേഹമാണ് ട്രാൻസ്ഗ്രിഡ് പദ്ധതിക്ക് കുട പിടിച്ചുകൊടുത്തത്. എത്ര കോടി രൂപയുടെ നഷ്ടമാണ് ട്രാൻസ്ഗ്രിഡ് പദ്ധതികൊണ്ട് വൈദ്യുതി ബോർഡിനുണ്ടായത്; അയ്യായിരം കോടി രൂപയുടെ ആദ്യഘട്ട പദ്ധതിയിൽത്തന്നെ ആയിരം കോടി രൂപയുടെ നഷ്ടമുണ്ടായി. അത് കിഫ്ബിക്ക് തിരിച്ചുകൊടുക്കേണ്ട പണമാണ്. വലിയ ക്രമക്കേടുകളാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ നടന്നത്. നിങ്ങൾ ചെയർമാനെ മാറ്റിയത് എന്തിനാണ്? ഭരണസൗകര്യത്തിനുവേണ്ടി ഗവൺമെന്റിന് ചെയർമാനെ മാറ്റാം. പക്ഷേ, എന്തുകൊണ്ടാണ് അദ്ദേഹത്തെ മാറ്റിയതെന്ന് എല്ലാവർക്കും അറിയാം. അവിടെ വീണ്ടും ഓഫീസർമാരുടെ സംഘടനയാണ് ഭരിക്കുന്നത്. ചെയർമാൻ അത് നിയന്ത്രിച്ചപ്പോൾ ഞാൻ കരുതിയത് ബഹുമാനപ്പെട്ട മന്ത്രിയുടെ പിന്തുണ അദ്ദേഹത്തിനുണ്ടെന്നാണ്. പക്ഷേ, ഗവൺമെന്റ് മാറ്റിയതുകൊണ്ട് ഒന്നും ചെയ്യാൻ കഴിയാതെ മന്ത്രി നിസ്സഹായനായി നിൽക്കുകയാണ്. സർക്കാരിന്റെ അനുമതിയില്ലാതെ 1200 കോടി രൂപയുടെ

അധിക ബാധ്യത വരുത്തുന്ന ശമ്പള പരിഷ്കരണം നടപ്പിലാക്കി. കെ.എസ്.ഇ.ബി.എൽ. സോഫ്റ്റ്‌വെയറിൽനിന്ന് ഉപഭോക്താവിന്റെ വിവരം ചോർത്തി അവരുടെ ബാങ്ക് അക്കൗണ്ടിൽനിന്ന് പണം തട്ടുന്നു, ടെണ്ടറിന്റെ വിശദാംശങ്ങൾ കരാറുകാർക്ക് ചോർത്തി കൊടുക്കുന്നു. കോടിക്കണക്കിന് രൂപയുടെ കരാറാണ് കെ.എസ്.ഇ.ബി.എൽ.-ൽ നടക്കുന്നത്. ടെണ്ടർ പ്രോസസ്സിംഗിനിടയിൽ ടെണ്ടർ തുകയുൾപ്പെടെയുള്ള സീക്രട്ട് ഡോക്യുമെന്റ്സ് അവിടെനിന്ന് ചോർത്തിക്കൊടുക്കുകയാണ്. അതുപോലെ, ഫുൾബോർഡോ മാനേജ്മെന്റോ അറിയാതെ വാട്സാപ്പ് സന്ദേശം വഴി പന്ത്രണ്ട് കോടി രൂപയുടെ ആവർത്തന ചെലവിൽ 90 ഉദ്യോഗസ്ഥരെ നിയമിച്ചു. പണ്ടൊരു മന്ത്രി സിഗററ്റ് കവറിൽ നിയമന ഉത്തരവ് എഴുതിക്കൊടുത്തുവെന്ന് കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരൊന്നും ഞാനിവിടെ പറയുന്നില്ല. ഇത്രമാത്രം ക്രമക്കേടുകളും അഴിമതിയും നടക്കുന്ന ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷം അഴിമതിയും ക്രമക്കേടുകളും അതിന്റെ പാരമ്യത്തിലായിരുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അടിയന്തരപ്രമേയത്തിൽ ഉൾപ്പെടാത്ത കാര്യങ്ങളാണ് അങ്ങ് പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അടിയന്തരപ്രമേയ നോട്ടീസ്

അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ശ്രീ. അൻവർ സാദത്ത്, ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ പറഞ്ഞ കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഇതിന്റെയെല്ലാം ബാധ്യത സാധാരണക്കാരന്റെ തലയിൽ നിങ്ങൾ കെട്ടിവയ്ക്കുന്നതുകൊണ്ടാണ് ഞങ്ങളിത് പറയുന്നത്? രാഷ്ട്രീയ പിന്തുണ കൊടുക്കുന്നതുകൊണ്ടാണ് അവിടെ നടക്കുന്ന ക്രമക്കേടും അഴിമതിയും നിയന്ത്രിക്കാൻ കഴിയാത്തത്. ഇതെല്ലാം ചോദ്യം ചെയ്ത അഴിമതിയുടെ കറ പുരളാത്ത ഉദ്യോഗസ്ഥനെ നിങ്ങൾ സ്ഥലം മാറ്റുകയും അഴിമതിക്കാരെ സംരക്ഷിക്കുകയുമാണ് ചെയ്തത്. അശാസ്ത്രീയമായ, ഒരു തരത്തിലും നടപ്പാക്കാൻ പാടില്ലാത്ത വൈദ്യുതി നിരക്ക് വർദ്ധനയാണ് ഇവിടെയുണ്ടായിരിക്കുന്നത്. ഹൈഡൽ ടൂറിസം പദ്ധതിയിലൂൾപ്പെടെ നടന്ന കാര്യങ്ങളും സ്വന്തക്കാർക്ക് സ്ഥലം കൊടുത്തതൊന്നും ഞാൻ പറയുന്നില്ല. വൈദ്യുതി ബോർഡിന്റെ സ്ഥലം അന്നത്തെ പലരുടെയും സ്വന്തക്കാരുടെ കയ്യിലാണ് ഇപ്പോഴുള്ളത്. അതൊക്കെ അങ്ങ് അന്വേഷിക്കണം. വൈദ്യുതി ബോർഡ് സർവ്വനാശത്തിലേയ്ക്ക് പോകുകയാണ്. ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്ന അനവസരത്തിലുള്ളതും അശാസ്ത്രീയമായതുമായ വൈദ്യുതി ചാർജ്ജ് വർദ്ധന സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട്

ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പവർ ജനറേഷനായാലും ഡിസ്ട്രിബ്യൂഷനായാലും കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രശ്നങ്ങൾ ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യം തന്നെയാണ്. കാരണം, നമ്മുടെ സംസ്ഥാനത്തിന്റെ ഏക പവർ സോഴ്സാണ് ഹൈഡൽ പവർ. അവിടെ നിലനിൽപ്പില്ലാത്ത സ്ഥിതി ഇലക്ട്രിസിറ്റി ബോർഡിനുണ്ടെന്ന വാർത്തകൾ കുറെ ദിവസങ്ങളായി വന്നുകൊണ്ടിരിക്കുകയാണ്. നഷ്ടം കുമിഞ്ഞുകൂടുകയാണ്, പ്രവർത്തന ലാഭമെന്ന് പറയുന്നതിൽ ഒരു കാര്യവുമില്ല. ഓരോ വർഷത്തെയും കണക്കിന്റെ അഡ്ജസ്റ്റ്മെന്റിലൂടെയുണ്ടാക്കാവുന്ന കാര്യങ്ങളാണത്. ഭരണ മികവിലൂടെ മാത്രമേ ഇലക്ട്രിസിറ്റി ബോർഡിനെ മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ. ശ്രീ. ബി. അശോക് എന്റെ കൂടെ വർക്ക് ചെയ്തിട്ടുള്ള ആളാണ്. അദ്ദേഹം വളരെ കർക്കശക്കാരനും മാനേജ്മെന്റിൽ വിദഗ്ദ്ധനും കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്തയാളുമാണ്. അങ്ങനെയൊരാൾ ഇലക്ട്രിസിറ്റി ബോർഡിൽവന്ന് കാര്യങ്ങൾ നിയന്ത്രിക്കുന്നത് നല്ലതായിരുന്നു.

വ്യവസായങ്ങളിൽ ഗ്രൈൻഡിംഗ് ഹാൾട്ട് എന്നുപറയുന്ന പ്രതിഭാസമുണ്ടാകും. അത് കുറേക്കാലം തുടർന്നാൽ പിന്നെ ആരുവിചാരിച്ചാലും നടത്താൻ കഴിയാതെ ഗ്രൈൻഡിംഗ് ഇരച്ചുനിൽക്കും. കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ അനുഭവിക്കുന്നതുപോലെ പണം കൊടുക്കാൻ ഗവൺമെന്റിന് കഴിയാത്ത സ്ഥിതി വന്നാൽ കേരളം ഇരുട്ടിലാകും. മികച്ച മാനേജ്മെന്റ്, റെഗുലേറ്ററി കമ്മീഷൻ എന്നെല്ലാം പറഞ്ഞിട്ട് കാര്യമില്ല. മികച്ച മാനേജ്മെന്റിലൂടെ ഇലക്ട്രിസിറ്റി ബോർഡിനെ നല്ല പ്രവർത്തനത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് പ്രയോറിറ്റി നൽകണം. അവിടെ നടന്നതൊക്കെ വീണ്ടും അതേപടി നടത്താൻ വിട്ടുകൊടുത്തിരിക്കുകയാണെന്ന ഇംപ്രഷനാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. അത് സംസ്ഥാനത്തിന് അപകടകരമാണ്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമാണിത്. ഇന്ന് രാവിലെ ജി.എസ്.ടി.-യുടെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. അരി ഉൾപ്പെടെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വർദ്ധിച്ച ടാക്സ് വരാൻ പോകുകയാണ്. സംസ്ഥാന ഗവൺമെന്റ് എങ്ങനെയത് ചെറുക്കുമെന്ന് അറിഞ്ഞുകൂടാ. അത് വിശദമായി സഭ ചർച്ച ചെയ്യേണ്ട വേറൊരു വിഷയമാണ്. അതിന്റെകൂടെ ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധനകൂടി വന്നാൽ ജനങ്ങൾക്ക് എങ്ങനെ

മുന്നോട്ടുപോകാൻ കഴിയും? വളരെ ഗൗരവമുള്ള വിഷയമാണിത്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും സഹകരിക്കേണ്ട വിഷയമാണിത്. അല്ലെങ്കിൽ ഇത് ജനങ്ങളുടെ വയറ്റത്തടിക്കും. ജി.എസ്.ടി.-യുടെ പ്രശ്നം ഗൗരവമായി വരാൻപോകുന്നതേയുള്ളൂ. ജനങ്ങളെ ബാധിക്കുന്ന നിത്യനിദാന വിഷയങ്ങളെല്ലാം കൈവിട്ട് പോയാൽ കോവിഡിനുശേഷമുള്ള ഈ അവസ്ഥയിൽ സാധാരണക്കാരന് എങ്ങനെയാണ് വരുമാനമുണ്ടാകുന്നത്? വളരെ ഗൗരവമുള്ള ഈ വിഷയം ചർച്ച ചെയ്യേണ്ടതാണ്. ഇപ്പോഴല്ലെങ്കിൽ പിന്നെയാണെങ്കിലും ചർച്ച ചെയ്യണം. ഈ വിഷയം ഇപ്പോൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റവുംമൂലം ജീവിത ചെലവ് താങ്ങാനാകാതെ ജനങ്ങൾ

വഴിമുട്ടിനിൽക്കുകയാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ ആശ്വാസ നടപടികൾ സ്വീകരിച്ച് ജനങ്ങളെ സഹായിക്കുകയാണ് വേണ്ടത്. മറ്റ് സംസ്ഥാനങ്ങൾ സാധ്യമായ സഹായങ്ങൾ ഓരോ രംഗത്തും ചെയ്യാൻ ശ്രമിക്കുകയാണ്. ഇതിനിടയിൽ ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്നത് ജനവിരുദ്ധ നടപടിയാണ്, അനീതിയാണ്. ജനങ്ങൾക്ക് ഇതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളാണ് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇപ്പോഴും സ്വയം സംരംഭകത്വത്തിലൂടെ വ്യവസായരംഗത്ത് പ്രോത്സാഹനം നൽകുന്നതിനായി പ്രവാസികളും നാട്ടിലുള്ളവരും മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. എങ്ങനെ ആളുകൾക്ക് മുന്നോട്ടുവരാൻ സാധിക്കും? വ്യവസായങ്ങൾ ചെറുതോ വലുതോ ആകട്ടെ, ഇലക്ട്രിസിറ്റിയാണ് പ്രധാനം. അതിന് അന്യായമായ നിരക്ക് വർദ്ധനയുണ്ടായാൽ ആരും മുന്നോട്ടുവരില്ല. അതുകൊണ്ട് വൈദ്യുതി ചാർജ്ജ് വർദ്ധന പുനഃപരിശോധിക്കണം. പാവപ്പെട്ട ജനങ്ങളെ സഹായിക്കണം. പ്രവാസികളടക്കം കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന സാഹചര്യമുണ്ടാക്കണം. അതിന് ഒരു തുറന്ന ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകുന്നതിനുപകരം നിഷേധാത്മക നിലപാട് സ്വീകരിച്ചതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും വൻകിട സ്ഥാപനങ്ങളിൽനിന്നും 2,771.14 കോടി രൂപയുടെ കുടിശ്ശികയാണ് പിരിഞ്ഞുകിട്ടാനുള്ളത്. സാധാരണക്കാരൻ ബില്ലടയ്ക്കാൻ മൂന്ന് ദിവസം വൈകിയാൽ ഫ്യൂസ് ഊരും. വൻകിടക്കാരുടെ കയ്യിൽനിന്ന് തുക പിരിച്ചെടുക്കാൻ സാധിക്കുന്നില്ല. അത് വീഴ്ചതന്നെയാണ്. വൈദ്യുതി ചാർജ്ജ് വർദ്ധന ഇരുട്ടടിയായി ജനങ്ങളുടെ തലയിൽ കെട്ടിവച്ചിരിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. സാമൂഹ്യമായുള്ള ഒറ്റപ്പെടലുകളും സാമ്പത്തിക പ്രതിസന്ധിയും കോവിഡാനന്തര പ്രശ്നങ്ങളുമൊക്കെ നിലനിൽക്കുന്ന സന്ദർഭത്തിൽ ഇങ്ങനെയൊരു നടപടിയിലേയ്ക്ക് ഗവൺമെന്റ് പോയത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. നിങ്ങളുടെ ഭാഷ്യത്തിൽത്തന്നെ വലിയ ലാഭത്തിലേയ്ക്ക് വൈദ്യുതി ബോർഡ് അടക്കം കടന്നുവരുന്ന സന്ദർഭത്തിലാണ് വിപരീതമായൊരു തീരുമാനം നടപ്പിലാക്കിയിരിക്കുന്നതെന്ന് മനസ്സിലാകും. ഗവൺമെന്റിന്റെ നടപടിയിലും ഈ വിഷയം ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, വൈദ്യുതി മേഖലയിൽ 2,771.14 കോടി രൂപ വൻകിടക്കാരിൽനിന്ന് കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. അതിനൊരു നടപടിയുമില്ല. അതേസമയം റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം കൂടാതെ സ്വകാര്യ മേഖലയിൽനിന്ന് വൈദ്യുതി വാങ്ങുകയും ചെയ്യുന്നു. ഇതൊക്കെ സാധാരണ ജനങ്ങൾക്കാണ് വലിയ തോതിൽ ബുദ്ധിമുട്ടുണ്ടാക്കുന്നത്. അവരാണ് ഈ ഭാരം മുഴുവൻ സഹിക്കേണ്ടിവരുന്നത്. ഗൗരവമേറിയ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)

**10.42 am]**

## III. ശ്രദ്ധ ക്ഷണിക്കൽ

(1) പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. റോഡ് ഡിസൈനിലെ അപാകത

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അടിയന്തരശ്രദ്ധ ക്ഷണിക്കുകയാണ്. പുനലൂർ-മൂവാറ്റുപുഴ അടക്കമുള്ള കെ.എസ്.ടി.പി. റോഡുകളുടെ നിർമ്മാണത്തിൽ മനുഷ്യാവകാശ ലംഘനമാണ് നടക്കുന്നത്. റോഡ് നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ പ്ലാൻ വരച്ചതിലോ പദ്ധതി നടപ്പിലാക്കുന്നതിലോ പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർക്ക് യാതൊരു പങ്കുമില്ല. ഇതിന്റെ പ്ലാൻ വരച്ചത് ആരാണെന്നോ എപ്പോഴാണെന്നോ ആർക്കുമറിയില്ല. പത്തനാപുരം-പുനലൂർ മുതൽ പത്തനാപുരം-കോന്നി വരെയുള്ള ഭാഗത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. റോഡ് നിർമ്മാണം തീരുന്നതിനനുസരിച്ച് ഓടകൾ നിർമ്മിക്കേണ്ടിടത്ത് അവ നിർമ്മിച്ചിട്ടില്ല. പല വീടുകളും വലിയ കുഴികളിലേയ്ക്കായിക്കഴിഞ്ഞു. വീടുകളുടെ മുൻഭാഗത്ത് റോഡ് പണി നടക്കുന്നതിനാൽ വാഹനമുള്ളവർ പുറത്തിടണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ഇട്ടിട്ട് പത്ത് മാസമായിട്ടും വാഹനം അകത്ത് കയറ്റാൻ സാധിച്ചിട്ടില്ല. വാഹനം അകത്ത് കയറ്റാനുള്ള ഗേറ്റടക്കം കെട്ടിയടച്ചിരിക്കുകയാണ്. പലർക്കും വീട്ടിൽ കയറാൻ നിവൃത്തിയില്ല. എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് സ്ത്രീകൾ മാത്രം താമസിക്കുന്ന ഒരു വീട് ഗേറ്റ് കെട്ടിയടച്ചതിനാൽ കുഴിയിലായി.

വീട്ടിലേയ്ക്കിറങ്ങാൻ പടി കെട്ടിക്കൊടുക്കണമെന്ന് അവർ പരാതി പറഞ്ഞപ്പോൾ ഞാൻ ഇടപെട്ട് സൈഡിൽ കല്ല് പാകിക്കൊടുത്തു. അവരതിൽ കമ്പികൊണ്ട് ഏണിപോലൊരു സംവിധാനമുണ്ടാക്കി അതിലൂടെയാണ് പോകുന്നത്. ഈ വാർത്ത ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്ന് അറിഞ്ഞതിനുശേഷം ഒരു അലുമിനിയം ഏണികൊണ്ട് അവിടെ ചാരിവച്ചുകൊടുത്തു. ഇതിൽ എഞ്ചിനീയർമാർക്ക് യാതൊരു പങ്കുമില്ല, അവരല്ല ഡിസൈൻ വരച്ചത്. കെ.എസ്.ടി.പി. റോഡുകളുടെയെല്ലാം ഡിസൈൻ മറ്റാരോ ഈ എവിടെയോ ഇരുന്ന് വരയ്ക്കുകയാണെന്ന കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രദ്ധിച്ചുകാണും. വിദേശബാങ്കിന്റെ സഹായത്തോടെ ചെയ്യുന്നതായതിനാൽ പ്രാദേശികമായ വിഷയങ്ങൾ ചർച്ച ചെയ്യാതെയും ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കാതെയുമാണ് പല റോഡുകളും നിർമ്മിക്കുന്നത്. അവിടെ സംഭവിച്ചത് എന്താണെന്ന് സ്ഥലം സന്ദർശിച്ചാൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് മനസ്സിലാക്കാൻ സാധിക്കും. അങ്ങ് അതുവഴി യാത്ര ചെയ്യുന്ന ആളാണ്. അവിടെ നിർമ്മിച്ചിട്ടുള്ള മൂന്ന് കലുങ്കുകൾ മണ്ണിനടിയിലാണ്. വെള്ളം ഒഴുക്കിവിടാൻ കഴിയാത്ത നിലയിലാണ് അവ നിർമ്മിച്ചിട്ടുള്ളത്. അവർ പറയുന്നത് ഡിസൈനിൽ ഈ കലുങ്കുണ്ടെന്നാണ്. അത് ഏതോ

സാറ്റലൈറ്റ് വഴി ഡിസൈൻ ചെയ്തതാണെന്ന് തോന്നുന്നു. കടകളുടെ മുൻഭാഗത്തെ ഓടകൾ ഉയരം കൂട്ടി നിർമ്മിച്ചതുകാരണം കടകൾക്കുള്ളിലേയ്ക്ക് ആളുകൾക്ക് ഇറങ്ങാൻ സാധിക്കുന്നില്ല. റോഡ് വളരെ താഴ്ന്നതും ഓടകൾ നിർമ്മിച്ചിരിക്കുന്നത് ഉയരത്തിലുമാണ്. ഓടകൾ നിർമ്മിച്ചുപോകുന്നല്ലാതെ അതിലൂടെ വെള്ളം പോകുമോയെന്ന് ഉറപ്പുവരുത്താൻ അവർക്ക് സാധിക്കുന്നില്ല. മാത്രമല്ല, പല സ്ഥലത്തും സൈഡ് റോഡുകളിലേയ്ക്കും ഗ്രാമീണ റോഡുകളിലേയ്ക്കുമുള്ള വഴികളും അടച്ചുകെട്ടിയിരിക്കുകയാണ്. മണ്ണിട്ട് ഉയർത്തേണ്ട സ്ഥലങ്ങളിൽ അത് ചെയ്യില്ലെങ്കിൽ ഊറ്റുവെള്ളം കെട്ടിനിൽക്കും. പ്രത്യേകിച്ച് ഗവൺമെന്റിന്റെ പോളിസിയായ മലയോര ഹൈവേയുടെ ഭാഗമാണ് പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. റോഡ്. അതിന്റെ ഒരുഭാഗം മലയായതിനാൽ മിക്കവാറും എല്ലാ സീസണിലും ഊറ്റുണ്ടാകും. ഒരു ചെറിയ മഴ പെയ്താൽപോലും വെള്ളം പോകാനുള്ള സംവിധാനങ്ങളില്ല. ചില പ്രദേശങ്ങൾ താഴ്ന്നുകിടക്കുകയാണ്. വയലുകൾ പലതും നികന്നിരിക്കുന്നു. പുനലൂർ മുതൽ പത്തനാപുരം വരെ ഏതാണ്ട് ഒരുവശം മുഴുവൻ വയലായിരുന്നത് നികന്നതിനാൽ വെള്ളം ഒഴുകിപ്പോകാതെ റോഡിൽ കെട്ടിനിൽക്കുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി റോഡ് നിരന്തരം പൊളിയുകയാണ്. 1999-ൽ സ്ഥലമെടുത്തിട്ട്

20 വർഷത്തിലധികം മുടങ്ങിക്കിടന്ന ഈ പദ്ധതി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒന്നാം സർക്കാരിന്റെ കാലത്ത് അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ മുൻകയ്യെടുത്ത് വേൾഡ് ബാങ്കുമായി ചർച്ച ചെയ്ത് പുനരാരംഭിക്കുകയാണുണ്ടായത്. നഷ്ടപ്പെട്ടുപോയൊരു പദ്ധതിയെ നമ്മൾ തിരികെ കൊണ്ടുവന്നു. പക്ഷെ എല്ലാവരെയും അത്ഭുതപ്പെടുത്തുന്നത് പി.ഡബ്ല്യു.ഡി.-യുടെ ഒരു എഞ്ചിനീയറും ഇതിന്റെ പ്ലാൻ വരയ്ക്കുന്നവരെ കണ്ടിട്ടില്ല എന്നുള്ളതാണ്. ഈ റോഡ് സർവ്വേ ചെയ്തവരെയോ ഡിസൈൻ വരച്ചവരെയോ മുൻപഞ്ചായത്ത് മെമ്പർമാരോ പ്രസിഡന്റുമാരോ കഴിഞ്ഞ 20 വർഷമായി എം.എൽ.എ. ആയിരിക്കുന്ന ഞാനോ നാട്ടുകാരോ കണ്ടിട്ടില്ല. ഒടുവിൽ കോൺട്രാക്ടറെ തീരുമാനിച്ചശേഷം കോൺട്രാക്ടറും എഞ്ചിനീയർമാരും ഒരുമിച്ചുവന്നു. അപ്പോൾ ഞാൻ പോയി ഇന്നയിന്ന പണികൾ ചെയ്യണമെന്നും ആളുകളുടെ ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്നും പറഞ്ഞു. എല്ലാം സമ്മതിച്ചെങ്കിലും യാതൊന്നും ചെയ്തിട്ടില്ല. ജനങ്ങളാകെ ആശങ്കയിലാണ്. ഇത് മനുഷ്യാവകാശ ലംഘനമാണ്. വലിയൊരു ക്രമക്കേട് നടക്കുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്. അടിയന്തരമായി ഈ വിഷയത്തിലിടപെട്ട് പരിഹാരം

കാണണം. അല്ലെങ്കിൽ വലിയ ബുദ്ധിമുട്ടും ചീത്തപ്പേരുമുണ്ടാകും. 280 കോടി രൂപയുടെ പദ്ധതിയാണിത്. മണ്ണിട്ട് ഉയർത്തേണ്ടിടത്ത് അത് ചെയ്യാതെ റോഡ് നിർമ്മിച്ചാൽ ആറ് മാസത്തിനുള്ളിൽ പൊളിഞ്ഞുപോകും. ഞങ്ങൾ പറഞ്ഞാൽ കോൺട്രാക്ടർ കേൾക്കില്ല എന്നാണ് എഞ്ചിനീയർമാർ പറയുന്നത്. ഇത് അപകടകരമാണ്, മനുഷ്യാവകാശ ലംഘനമാണ്. എത്ര ലക്ഷം രൂപ ചെലവഴിച്ചാണ് വെറുതെ മൂന്ന് കലുങ്കുകൾ നിർമ്മിച്ചിരിക്കുന്നത്? ആവശ്യമുള്ളിടത്ത് ഓടയില്ല. ഇത് പരിശോധിച്ച് അടിയന്തര നടപടിയെടുക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ചത് കേരള സംസ്ഥാന ഗതാഗത പദ്ധതിയിലുൾപ്പെടുത്തി ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയെക്കുറിച്ചാണ്. അത് പുനലൂർ-പൊൻകുന്നം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനമാണ്. ഈ പദ്ധതിയുടെ വിശദമായ ഡി.പി.ആർ. (പദ്ധതി റിപ്പോർട്ട്) തയ്യാറാക്കിയിരിക്കുന്നത് എൽ.എൻ.സി. എന്ന ഏജൻസിയാണ്. EPC (Engineering, Procurement & Construction)

മോഡിലാണ് ചെയ്യുന്നത്. സാധാരണഗതിയിൽ പൊതുമരാമത്ത് വകുപ്പിന്റെ മറ്റ് പ്രവൃത്തികൾ വകുപ്പുതന്നെ എസ്റ്റിമേറ്റും ഡിസൈനുമൊക്കെ തയ്യാറാക്കി ടെണ്ടർ നടപടികൾ നടത്തുകയാണ് ചെയ്യുന്നത്. എന്നാൽ EPC മോഡിൽ അന്തിമ ലക്ഷ്യം എന്താണെന്ന് പറഞ്ഞുകൊണ്ടാണ് ടെണ്ടർ ക്ഷണിക്കുന്നത്. അപ്പോൾ ഓരോ കരാർ കമ്പനിയും അവരുടേതായ ഡിസൈൻ പ്രകാരം ടെണ്ടർ സമർപ്പിച്ച് തുക ക്വാട്ട് ചെയ്യും. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരെ വർക്ക് ഏൽപ്പിക്കുന്നതാണ് പതിവ്. പുനലൂർ-കോന്നി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഡി.പി.ആർ. പ്രകാരം EPC മോഡിൽ നിർമ്മിക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ളത് M/S. Rds-Cvcc (Jv)ആണ്. M/s. Consulting Engineers Group Limited എന്ന സ്ഥാപനത്തെയാണ് ഈ പദ്ധതിയുടെ നിർമ്മാണ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. കരാറുകാരൻ തയ്യാറാക്കുന്ന ഡിസൈൻ കൺസൾട്ടിംഗ് എഞ്ചിനീയർമാർ അംഗീകരിച്ചാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ചില പരാതികൾ ഉയർന്നുവന്നതിനെത്തുടർന്ന് പരിശോധന നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം ബാക്കി കാര്യങ്ങളിൽ

ഇടപെടാം. പുനലൂർ, പത്തനാപുരം, കോന്നി, റാന്നി എന്നീ നിയോജകമണ്ഡലങ്ങളിലൂടെയാണ് ഈ റോഡ് കടന്നുപോകുന്നത്. പുനലൂർ എം.എൽ.എ. ശ്രീ. പി. എസ്. സുപാലും കോന്നി എം.എൽ.എ. ശ്രീ. കെ. യു. ജനീഷ് കുമാറും ഇതുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ അതിലിടപെടുകയും പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. റാന്നി എം.എൽ.എ. ശ്രീ. പ്രമോദ് നാരായൺ അവിടെയുള്ള വലിയതോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഞാൻ എം.എൽ.എ.-യ്ക്കൊപ്പം ആ സ്ഥലം സന്ദർശിച്ച് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകുകയും ജനങ്ങളും അവിടത്തെ ജനപ്രതിനിധിയുമൊക്കെ ആഗ്രഹിച്ചതുപോലെ അത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് റാന്നി മണ്ഡലത്തിലും തുടർന്ന് പഞ്ചായത്തുതലത്തിലും അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച പരാതികളിന്മേൽ അന്വേഷണം നടത്താനും പരിഹരിക്കാനും പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ട്. റോഡിൽ വെള്ളം കയറാനുള്ള സാധ്യത കണക്കിലെടുത്ത് ചില ഭാഗങ്ങളിൽ ഡി.പി.ആർ.-ൽ നിഷ്കർച്ചിരിക്കുന്ന FRL (Finished Road Level) ഉയർത്തി

റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഡി.പി.ആർ.-ൽ പൊതുവെ കൊടുക്കുന്നതാണ് FRL. റോഡ് ഉയരത്തിലാണെങ്കിൽ ഉയരം കുറയ്ക്കേണ്ടതായും താഴ്ചയിലാണെങ്കിൽ മണ്ണിട്ട് ലെവലാക്കേണ്ടതായും വരും. ഫിനിഷ്ഡ് റോഡ് ലെവൽ ഡി.പി.ആർ.-ൽ വരുന്നതാണെങ്കിലും അതിനെക്കാൾ ഉയരത്തിൽ റോഡ് നിർമ്മിക്കേണ്ട സ്ഥിതി ഇവിടെയുണ്ട്. ഡി.പി.ആർ.-ൽ നിർദ്ദേശിച്ചിരിക്കുന്ന ചെയിനേജുകളിലെ സംരക്ഷണ ഭിത്തികളുടെ ഉയരം നിലവിലെ സൈറ്റ് കണ്ടീഷനുമായി താരതമ്യം ചെയ്യുമ്പോൾ പര്യാപ്തമല്ല. കൂടാതെ, അത്യാവശ്യമായ ചെയിനേജുകളിൽ സംരക്ഷണ ഭിത്തിയുടെയും ഓടകളുടെയും നിർമ്മാണം ഉൾക്കൊള്ളിച്ചിട്ടില്ല. അത് ഗൗരവമായിത്തന്നെ അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലത്തെ റോഡിന്റെ വീതികൂട്ടുകയോ ഉയർത്തുകയോ ചെയ്യുമ്പോൾ പദ്ധതിബാധിതരായ പരിസരവാസികളുടെ വീടുകളിലേയ്ക്കുള്ള വഴികളുടെ നിർമ്മാണവും കലുങ്കുകളിൽനിന്നുള്ള വെള്ളമൊഴുക്ക് സുഗമമാക്കുന്നതിനായി ആഴം കൂടിയ ലീഡിംഗ് ചാനലുകളുടെ നിർമ്മാണവും പ്രവൃത്തിയിലുൾപ്പെടുത്തേണ്ടതുണ്ട്. അക്കാര്യം അവരെ അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ ഇ.പി.സി. മുഖാന്തരമായതിനാൽ കോൺട്രാക്ടറുടെ സൈറ്റ് കണ്ടീഷൻ അനുസരിച്ച്

ആവശ്യമായ സ്ട്രക്ച്ചറുകൾ ഡിസൈൻ ചെയ്ത് മേൽനോട്ട ഏജൻസിയുടെ അംഗീകാരം ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ കോൺട്രാക്ടർമാർക്കും കൺസൾട്ടന്റിനും അതത് സമയത്ത് നൽകിവരുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ മേൽനോട്ട ഏജൻസിയും കരാറുകാരും വീഴ്ചവരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് വളരെ ഗൗരവത്തിലെടുക്കും. പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് മേൽനോട്ട ഏജൻസിക്കും കരാറുകാർക്കും നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ കെ.എസ്.ടിപി.-യോട് നിർദ്ദേശിച്ചിട്ടുമുണ്ട്. ഇതിനുപുറമെ ഈ പ്രത്യേക സൈറ്റ് നേരിൽ കാണാനും ഇവിടെ സൂചിപ്പിച്ച മണ്ഡലങ്ങളിലെ എല്ലാ വിഷയങ്ങളും പരിശോധിക്കാനും യോഗം വിളിച്ചുചേർക്കാമെന്ന് അറിയിക്കുകയാണ്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, അങ്ങ് പറഞ്ഞതുപോലെ, ഇ.പി.സി. മോഡിൽ പ്ലാൻ തയ്യാറാക്കുമ്പോൾ കമ്പനിക്കാരോ കൺസൾട്ടന്റോ മേൽനോട്ട കമ്പനിയോ അവിടെ വന്നിട്ടില്ല. ഇപ്പോൾ കോൺട്രാക്ടറെക്കാൾ അപകടം മേൽനോട്ട കമ്പനിയാണ് എന്നതാണ് പ്രശ്നം. റോഡിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിന് അവർ അനുവാദം

തരാത്തതുകൊണ്ട് ഞങ്ങൾ റോഡ് ഉയർത്തില്ലെന്നാണ് കോൺട്രാക്ടർ പറയുന്നത്. ജനങ്ങൾക്ക് അവരുടെ വീടുകളിലേയ്ക്കിറങ്ങാൻ വഴി വേണമെന്ന് പറയുമ്പോൾ പ്രകോപനപരമായാണ് പ്രതികരിക്കുന്നത്. സർക്കാരിന്റെ പ്രതിച്ഛായയ്ക്കുതന്നെ കോട്ടമുണ്ടാകുന്ന തരത്തിൽ ജനങ്ങളോട് വളരെ മോശമായാണ് പെരുമാറുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, അവിടെ ബോർഡ് വച്ചിട്ടുണ്ട്, പരാതി കൊടുക്കാനുള്ള നമ്പരുമുണ്ട്. കൂടാതെ, പഞ്ചായത്ത് പ്രസിഡന്റും എം.എൽ.എ.-യും ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിൽ എല്ലാം ശരിയാക്കാമെന്ന് പറഞ്ഞാലും അവർ പഴയതുപോലെതന്നെ ചെയ്യും. ഇങ്ങനെ പല പ്രാവശ്യമായി. കോൺട്രാക്ടർ പ്ലാൻ വരിച്ചിട്ടാണോ വരുന്നതെന്ന് അറിയില്ല. ഈ കോൺട്രാക്ടർ വന്നതിനുശേഷം ഞാൻ ആ റോഡിലൂടെ 12 കിലോമീറ്റർ അവരോടൊപ്പം നടന്ന് ഓരോ കലുങ്കും ഓരോ ഓടയും കാണിച്ചുകൊടുത്തു. ഇപ്പോൾ ഡിസൈനിലില്ല, സർക്കാർ അനുവാദം തരുന്നില്ല എന്നൊക്കെ ആളുകളുടെ മുമ്പിൽവച്ച് പറയുകയാണ്. അതുകൊണ്ട് തിരക്കുള്ള പരിപാടികൾക്കിടയിലും മന്ത്രി അവരെക്കൂടി വിളിച്ച് ആ സൈറ്റ് സന്ദർശിക്കുന്നതിനുവേണ്ടി ഒരു മണിക്കൂർ ചെലവഴിക്കണം. താഴ്ന്നുകിടക്കുന്ന ഭാഗങ്ങൾ ഉയർത്താനും കലുങ്കുകളിൽക്കൂടി വെള്ളം ഒഴുക്കിവിടാനും കർശന

നടപടി സ്വീകരിക്കണം. ലീഡിംഗ് ചാനൽ എന്നൊക്കെ അവർ പറയുന്നത് ചെറിയ കാര്യമല്ല. ഒന്നര കിലോമീറ്ററോളം ദൂരമുണ്ട്. അവർ മന്ത്രിയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിക്കാനുള്ള തീയതി നിശ്ചയിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊതുവെ സംസ്ഥാനത്തെ റോഡുകൾക്ക് ഗ്രൗണ്ട് ലെവൽ വരേണ്ടത് അനിവാര്യമാണ്. റോഡുകൾ നന്നായി ഉയർത്തി നിർമ്മിച്ചാൽ കുറേ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ദൗർഭാഗ്യവശാൽ, സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും മറ്റ് പ്രത്യേകതകളും കാരണം അങ്ങനെ നിർമ്മിച്ചാൽ അത് മറ്റുചില പ്രശ്നങ്ങളിലേയ്ക്ക് പോകും, വീടുകളിൽ വെള്ളം കയറും. സംസ്ഥാനത്തെ റോഡുകളിൽ ശരിയായ ഡ്രെയിനേജ് സംവിധാനമില്ലാത്തതിന്റെ പ്രശ്നമുണ്ട്. ഏകോപനത്തോടുകൂടി നടപ്പാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ വർഷത്തിൽ 7 മാസത്തോളം മഴയാണ്. മഴക്കാലത്ത് റോഡുകളൊക്കെ പൊളിഞ്ഞുപോകുന്ന സ്ഥിതിയാണുള്ളത്. പുതിയ രീതികൾ ആവിഷ്കരിച്ച് ഇതിന് പരിഹാരം കാണാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. റോഡുകൾക്ക് താങ്ങാവുന്നതിനുമപ്പുറം ഭാരമുള്ള വാഹനങ്ങളുണ്ട്. ഇതൊന്നും പൊതുവെ പരിശോധിക്കാറില്ല. ഇങ്ങനെയുള്ള

പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിലാണ് ഇത്തരം പദ്ധതികൾ അവർ മുന്നോട്ടുവയ്ക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിൽ ഞാൻ പോയിട്ടുണ്ട്, ഇനിയും പോകുന്നതിൽ വിരോധവുമില്ല. നേരിട്ട് വന്നുകണ്ട് ഇക്കാര്യത്തിലിടപെടാം. അതോടൊപ്പം ഇനിയും എന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് മനസ്സിലാക്കുന്നതിനായി ഈ റോഡിന്റെ മറ്റ് മണ്ഡലങ്ങളിലുള്ളവരെയും വിളിച്ച് അവിടെത്തന്നെ യോഗം ചേരാവുന്നതാണ്.

(2) മനുഷ്യക്കടത്തും വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനവും അവസാനിപ്പിക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും പോലീസിന്റെയുമൊക്കെ മുന്നറിയിപ്പുകളുണ്ടെങ്കിലും പലപ്പോഴും പലതരത്തിലുള്ള ചതികളിൽപ്പെട്ട് മനുഷ്യക്കടത്തിന് വിധേയരാകുന്ന യുവതി-യുവാക്കളടക്കം അനവധി പേർ സംസ്ഥാനത്തുണ്ടെന്നുള്ളത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. തൊഴിൽ, ലൈംഗിക ചൂഷണം, അവയവമാറ്റം, നിർബന്ധിത വിവാഹം തുടങ്ങിയവയ്ക്കൊക്കെ കീഴ്പ്പെട്ടുപോകുന്ന സാഹചര്യമുണ്ട്. ഓരോ വർഷവും ഇതിന്റെ എണ്ണം വർദ്ധിച്ചുവരികയാണ്. കേരളത്തിൽ 2017-ൽ 53 കേസുകളാണ് ഇത്തരത്തിൽ വന്നിരുന്നതെങ്കിൽ 2019-ൽ അത് 150 ആയി

വർദ്ധിച്ചിരിക്കുന്നു. എയർപോർട്ടുകളിലും മറ്റും കൂട്ടമായി സ്ത്രീകളെ കാണുമ്പോൾ ഉദ്യോഗസ്ഥർക്ക് സംശയം തോന്നി ചോദ്യം ചെയ്യുമ്പോഴാണ് പലപ്പോഴും ഇത് തിരിച്ചറിയാനും കുറ്റക്കാരെ കണ്ടെത്താനും കഴിയുന്നത്. വിസിറ്റിംഗ് വിസയുടെ മറവിൽ ആളുകളെ വിദേശത്തേയ്ക്ക് കടത്താനുള്ള നീക്കമാണ് ഇത്തരത്തിലുള്ള റാക്കറ്റുകൾ നടത്തുന്നത്. ആളുകളെ ഒറ്റയ്ക്കൊറ്റയ്ക്കോ രണ്ടുപേർ വീതമോ വിസിറ്റിംഗ് വിസയിൽ കൊണ്ടുപോകുന്ന രീതി വർദ്ധിച്ചുവരികയാണ്. അവിടെ എത്തിക്കഴിയുമ്പോൾ അവർക്ക് വാഗ്ദാനം ചെയ്തിരുന്ന ശമ്പളം പലപ്പോഴുമുണ്ടാകില്ല. അടുത്ത ദിവസങ്ങളിൽ എന്റെ മണ്ഡലത്തിലെ രണ്ട് സ്ത്രീകൾ ഇത്തരത്തിൽ ചൂഷണത്തിന് വിധേയരായി ഗൾഫ് രാജ്യങ്ങളിലകപ്പെട്ട സ്ഥിതിയുണ്ടായി. വാഗ്ദാനം ചെയ്ത ശമ്പളം നൽകാത്തതുകൊണ്ട് ജോലി ചെയ്യാൻ വിസമ്മതിക്കുമ്പോൾ അവരെ പ്രത്യേക സ്ഥലങ്ങളിലേയ്ക്ക് മാറ്റി അവിടെവച്ച് കൊടിയ മാനസികമായ പീഡനത്തിനിരയാക്കുകയും ഭക്ഷണം കൊടുക്കാതിരിക്കുകയും സമ്മർദ്ദത്തിലാഴ്ത്താൻ ശ്രമിക്കുകയുമാണ്. എങ്ങനെയെങ്കിലും അവിടെനിന്നും രക്ഷപ്പെട്ടാൽ മതിയെന്ന സ്ഥിതിയിൽ ഇത്തരത്തിലുള്ള സ്ത്രീകൾ ചെന്നെത്തുന്നു. ഇത് ഗൗരവതരമായ വിഷയമായി മാറിയിരിക്കുകയാണ്.

ഇതുമായി ബന്ധപ്പെട്ട കേന്ദ്ര ആക്ടിൽ ധാരാളം ന്യൂനതകളുണ്ട്. അതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യാൻ താല്പര്യമുള്ളവർക്കുവേണ്ടി ഓറിയന്റേഷൻ പ്രോഗ്രാം നടത്താൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണ്. അതോടൊപ്പം മടങ്ങിയെത്തുന്ന പ്രവാസി തൊഴിലാളികളുടെ പുനരധിവാസത്തിന് ഊന്നൽ നൽകണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ചതിയിലോ മനുഷ്യക്കടത്തിലോപെട്ട് മറ്റ് രാജ്യങ്ങളിലകപ്പെട്ടവരെ തിരിച്ചെത്തിച്ചാൽ അവരെ പുനരധിവസിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. അതോടൊപ്പം വിദേശ റിക്രൂട്ട്മെന്റ് വിശ്വാസ്യതയുള്ള ഏജൻസികൾക്ക് മാത്രമായി പരിമിതപ്പെടുത്താനും രജിസ്ട്രേഷനിൽ ആധികാരികത വരുത്താനും തയ്യാറാകണം, അക്കാര്യത്തിൽ നോർക്ക റൂട്ട്സിന്റെ ശക്തമായ ഇടപെടലുണ്ടാകണം. എയർപോർട്ടുകളിലൂടെ മാത്രമല്ല തീരദേശം വഴിയുള്ള മനുഷ്യക്കടത്തും ഇന്നുണ്ടാകുന്നുണ്ട്. 2019-ലുണ്ടായ മുനമ്പം മനുഷ്യക്കടത്ത് കോളിളക്കം സൃഷ്ടിച്ച സംഭവമാണ്. തീരദേശത്തുള്ള ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്താൻ നടപടിയുണ്ടാകണം. ഈ വിഷയത്തെ ഗൗരവമായി കണ്ടുകൊണ്ടുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ

ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സർക്കാർ അതീവഗൗരവമായി കാണുന്നൊരു വിഷയമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. മനുഷ്യക്കടത്ത് തടയുന്നതിന് കേന്ദ്രസർക്കാരുമായി സഹകരിച്ച് കർശന നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് ഐ.ജി. നോഡൽ ഓഫീസറായി ഇതിനായി സ്റ്റേറ്റ് സെൽ പ്രവർത്തിച്ചുവരുന്നു. നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ പോലീസ് ജില്ലകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. തീരദേശം, വിമാനത്താവളങ്ങൾ എന്നിവ മുഖേനയുള്ള മനുഷ്യക്കടത്ത് സംബന്ധിച്ച രഹസ്യ വിവരങ്ങൾക്കനുസൃതമായി സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ തടയുന്നതിന് പോലീസ് സൈബർ വിഭാഗത്തിന്റെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. വിദേശത്ത് വീട്ടുജോലിക്കായി പോകുന്നതിന് പത്താംതരം വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ല. എന്നാൽ ഈ യോഗ്യതയില്ലാത്തവർക്ക് ഗാർഹിക തൊഴിൽ ചെയ്യുന്നതിന് ക്ലിയറൻസ് ആവശ്യമാണ്. ഇവരെ വിസിറ്റിംഗ് വിസയിൽ വിദേശത്തേയ്ക്ക്

കൊണ്ടുപോകുകയും അവിടെ നിന്നും മറ്റു രാജ്യങ്ങളിലെത്തിക്കുന്നതുമാണ് അനധികൃത റിക്രൂട്ട്മെന്റ് ഏജൻസികളുടെ രീതി. അതിനാൽ സ്പോൺസറെക്കുറിച്ചും മറ്റും വിവരം ലഭ്യമാകാത്ത സ്ഥിതിയുണ്ട്. എല്ലാത്തരം വിദേശ റിക്രൂട്ട്മെന്റുകളും ഇ-മൈഗ്രേറ്റ് സിസ്റ്റത്തിലേയ്ക്ക് മാറ്റാൻ കേന്ദ്രസർക്കാർ തീരുമാനിച്ചാൽ മാത്രമേ ഇത്തരം ചൂഷണങ്ങൾ ഫലപ്രദമായി തടയാൻ കഴിയുകയുള്ളൂ. വിദേശത്തുള്ളവരുടെ വിവര ശേഖരണത്തിനും ഈ സംവിധാനം സഹായകരമാണ്. വ്യാജ റിക്രൂട്ട്മെന്റ്, മനുഷ്യക്കടത്ത് എന്നിവയിലൂടെ വിദേശത്ത് കുടുങ്ങിപ്പോകുന്നവരെ ഇന്ത്യൻ എംബസി, പ്രവാസി സംഘടനകൾ എന്നിവയുടെ സഹായത്തോടെ നാട്ടിൽ തിരിച്ചെത്തിക്കുന്നതിന് നോർക്ക വകുപ്പ് സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസാ തട്ടിപ്പ് എന്നിവയ്ക്കെതിരെ വിപുലമായ ബോധവൽക്കരണ പരിപാടികൾ നോർക്ക വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഇത്തരം പരാതികളിൽ കർശന നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി 'ഓപ്പറേഷൻ ശുഭ യാത്ര' എന്ന ദൗത്യം ആരംഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സമൂഹ മാധ്യമങ്ങൾ വഴിയുള്ള

മനുഷ്യക്കടത്ത് നിയന്ത്രിക്കുന്നതിനും അത്തരത്തിലുള്ള പ്രചരണങ്ങൾക്കെതിരെയും പോലീസ് സൈബർ വിംഗ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. പക്ഷെ ഇപ്പോഴും സോഷ്യൽ മീഡിയയിൽ ഇതുമായി ബന്ധപ്പെട്ട് ധാരാളം പരസ്യങ്ങൾ പ്രചരിക്കുന്നുണ്ട്. ഒരു ഫോൺ നമ്പർ മാത്രമായിരിക്കും പ്രചരണത്തിന് ഉപയോഗിക്കുന്നത്. ആ നമ്പറിലേയ്ക്ക് വിളിക്കുമ്പോൾ നിശ്ചിത തുക അടയ്ക്കാൻ ആവശ്യപ്പെടും. ഈ തുക രണ്ടോ മൂന്നോ ഗഡുക്കളായി അടച്ചുകഴിയുമ്പോൾ ആ നമ്പറും വ്യക്തിയും അക്കൗണ്ടും നിലവിലുണ്ടായിരിക്കില്ല. ഞാനിത് സംസാരിക്കുമ്പോഴും സൈബർ വിംഗ് കാര്യക്ഷമമാണെന്ന് അങ്ങ് പറയുമ്പോഴും ഇത്തരത്തിലുള്ള തട്ടിപ്പുകൾ തുടരുന്നു എന്നതാണ് സത്യം. ഇത്തരം വിഷയങ്ങളിൽ സർക്കാർ ശ്രദ്ധാപൂർവ്വം ഇടപെട്ട് ലോക്കൽ പോലീസിനുതന്നെ കേസെടുക്കാനുള്ള സാഹചര്യമുണ്ടാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തട്ടിപ്പിന്റെ പ്രത്യേകത അതാണ്. ജാഗ്രതപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾത്തന്നെ അനവധിപേർ തട്ടിപ്പിനിരയാകുകയാണ്. ജാഗ്രതപ്പെടുത്തൽ അവസാനിപ്പിക്കാൻ കഴിയില്ല. കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് സർക്കാർ നീങ്ങുകതന്നെ ചെയ്യും.

**11.04 am]**

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ.ഡി. പ്രസേനൻ]**

## IV. സബ്മിഷൻ

(1) ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം നഗരസഭാ പരിധിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് 04-11-2020-ന് ഭരണാനുമതി ലഭിച്ചെങ്കിലും നാളിതുവരെയും പ്രസ്തുത പ്രവൃത്തി മുന്നോട്ടുപോകാൻ കഴിയാത്തൊരു സാഹചര്യമാണുള്ളത്. താലൂക്ക് ആസ്ഥാനവും വള്ളുവനാടിന്റെ കേന്ദ്രവുമെന്ന നിലയിൽ ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം നിർമ്മിച്ചാൽ പുരോഗമന മതനിരപേക്ഷ സ്വഭാവമുള്ള പ്രവർത്തനങ്ങളുടെ കേന്ദ്രമായി അത് ഉപയോഗിക്കാൻ കഴിയും. അത് എത്രയുംവേഗം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച സബ്മിഷൻ പരിശോധിക്കുകയുണ്ടായി. ഒറ്റപ്പാലം നഗരസഭയിൽ ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി

സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തി 5,38,70,118/- രൂപ അനുവദിച്ചതിന്റെ ഭാഗമായി പ്രവൃത്തിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും സ്ട്രക്ച്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 17-12-2021-ലെ ഒറ്റപ്പാലം നഗരസഭാ കൗൺസിൽ 25-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനം സാംസ്കാരിക നിലയത്തിനാവശ്യമായ സ്ട്രക്ച്ചറൽ വെറ്റിംഗ്, ഇലക്ട്രിക്കൽ & പ്ലംബിംഗ് ഡ്രോയിംഗ്, ഫയൽ ഡ്രോയിംഗ്, സോയിൽ ടെസ്റ്റ് & ടെക്നിക്കൽ സർവ്വീസ് എന്നിവ നടത്തി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുകയും തുടർന്ന് സാങ്കേതികാനുമതിക്കായി പ്രൈസ്-I സോഫ്റ്റ്‌വെയർ മുഖാന്തരം തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ 15-05-2022-ന് പ്രൈസ്-I നിർത്തലാക്കിയതിനെത്തുടർന്ന് പ്രൈസ് III-ൽ ഡി.പി.ആർ. സമർപ്പിക്കാൻ നിർദ്ദേശം ലഭിച്ചതുപ്രകാരം 2018-ലെ നിരക്കനുസരിച്ച് കോസ്റ്റ് ഇൻഡക്സ് 34.75% പ്രകാരം വീണ്ടും ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി ലഭിക്കുന്നമുറയ്ക്ക് കാലതാമസം കൂടാതെ പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(2) നെയ്യാർ ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ നെയ്യാർ വന്യജീവി സങ്കേതത്തിൽ നെയ്യാർ ഡാമിനുള്ളിലെ മരക്കുന്നം ദ്വീപിൽ 1984-ൽ ലയൺ സഫാരി പാർക്ക്, നെയ്യാർ എന്ന പേരിൽ സിംഹ സഫാരി പാർക്ക് ആരംഭിച്ചു. 10 ഏക്കർ ഭൂമിയിലാണ് ഈ സഫാരി പാർക്ക് പ്രവർത്തിച്ചുവന്നത്. ആരംഭഘട്ടത്തിൽ മൂന്ന് പെൺസിംഹങ്ങളെയും ഒരു ആൺസിംഹത്തെയും തൃശ്ശൂർ മൃഗശാലയിൽ നിന്നുകൊണ്ടുവന്നാണ് പാർക്ക് തുടങ്ങിയത്. 1985 ജനുവരിയിൽ ടി പാർക്ക് പൊതുജനങ്ങൾക്ക് സന്ദർശനത്തിനായി തുറന്നുകൊടുത്തു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള Central Zoo Authority (CZA) നെയ്യാർ ലയൺ സഫാരി പാർക്കിന് ലൈസൻസും നൽകുകയുണ്ടായി. പാർക്കിലെ സിംഹങ്ങളുടെ സംരക്ഷണ ചെലവ് അധികരിച്ചപ്പോൾ സിംഹങ്ങളുടെ വംശവർദ്ധന തടയുന്നതിനായി ആൺസിംഹങ്ങളെ വന്ധ്യംകരണത്തിന് വിധേയമാക്കി. ഇതേത്തുടർന്നുണ്ടായ അണുബാധയേറ്റ് ആൺസിംഹങ്ങൾ മരണപ്പെടുകയും തുടർന്ന് സിംഹങ്ങളുടെ എണ്ണം കുറഞ്ഞുവരികയും ചെയ്തു. 2019-ൽ ഗുജറാത്തിൽനിന്ന് ഒരു ആൺസിംഹത്തെയും ഒരു പെൺസിംഹത്തെയും ഇവിടെ കൊണ്ടുവരികയും

പെൺസിംഹം ആദ്യം മരണപ്പെടുകയും നാഗരാജ് എന്ന ആൺസിംഹം പിന്നീട് രോഗം ബാധിച്ച് മരണപ്പെടുകയും ചെയ്തു. ഏഷ്യയിലെ ആദ്യത്തെ ലയൺ സഫാരി പാർക്കും കേരളത്തിലെ ഒരേയൊരു ലയൺ സഫാരി പാർക്കുമാണ് നെയ്യാറിലുള്ളത്. സ്വദേശികളും വിദേശികളുമായ ധാരാളംപേർ ഈ പാർക്കിലെ സന്ദർശകരായിരുന്നു. 2015-16 കാലയളവിൽ നെയ്യാർ വന്യജീവി സങ്കേതത്തിൽനിന്നുള്ള വരുമാനം 1,24,00,000/- രൂപയായിരുന്നു. ഇപ്പോഴത് 18 ലക്ഷം രൂപയായി ചുരുങ്ങി. പട്ടികവർഗ്ഗ മേഖലയിൽ നിന്നുൾപ്പെടെയുള്ള 62 ദിവസ വേതന ജീവനക്കാർ ജോലി ചെയ്യുന്ന ഈ വന്യജീവി സങ്കേതത്തിലെ പ്രധാന വരുമാന സ്രോതസ്സായിരുന്നു ലയൺ സഫാരി പാർക്ക്. വരുമാനം കുറഞ്ഞതിനാൽ ദിവസ വേതന ജീവനക്കാരുടെയും സമീപത്തെ കച്ചവടക്കാരുടെയും അവസ്ഥ പരിതാപകരമാണ്. നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്കിന് അനുബന്ധമായി സ്ഥിതിചെയ്യുന്ന മാൻ പാർക്കിനോട് ചേർന്നുകിടക്കുന്ന വനഭൂമിയിൽനിന്ന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നബാർഡിന്റെയോ മറ്റേതെങ്കിലും ഏജൻസിയുടേയോ സഹായത്തോടുകൂടി ലയൺ പാർക്ക് വിപുലീകരിച്ച് കൂടുതൽ സൗകര്യങ്ങളോടുകൂടി പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹത്തിന്റെ മണ്ഡലത്തിൽപ്പെട്ട സഫാരി പാർക്കിന്റെ പ്രവർത്തനം തുടർന്ന് നടത്താൻ കഴിയാത്ത സാഹചര്യം സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞതുപോലെ, നെയ്യാർ വന്യജീവി സങ്കേതത്തിലേയ്ക്കുള്ള മരക്കുന്നം ദ്വീപിൽ സ്ഥിതിചെയ്യുന്ന നെയ്യാർ ലയൺ സഫാരി പാർക്ക് 1984-ൽ സ്ഥാപിതമായതാണ്. തൃശ്ശൂർ മൃഗശാലയിൽ നിന്ന് നാല് സിംഹങ്ങളെ കൊണ്ടുവന്നാണ് അന്ന് പാർക്ക് പ്രവർത്തനമാരംഭിച്ചത്. ആ പാർക്കിന് പരിമിതമായ ഭൂവിസ്തൃതിയാണുള്ളത്. ഇത് കേരളത്തിലെ ഒരേയൊരു ലയൺ സഫാരി പാർക്കാണ്. പാർക്കിലെ സ്ഥലപരിമിതി കണക്കിലെടുത്ത് അവയുടെ എണ്ണം നിയന്ത്രിക്കുന്നതിലേയ്ക്കായി സിംഹങ്ങളെ വന്ധ്യംകരണം നടത്തിയിരുന്നു. പ്രായാധിക്യവും രോഗങ്ങൾമൂലവും മരണപ്പെട്ട് സിംഹങ്ങളുടെ എണ്ണം കുറഞ്ഞതിനെത്തുടർന്ന് ഈ പാർക്കിന്റെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിനും വിനോദസഞ്ചാരികളുടെ പ്രധാന ശ്രദ്ധാകേന്ദ്രമെന്ന നിലയിൽ പാർക്ക് സജീവമാക്കുന്നതിനുമാണ് 2019-ൽ ഗുജറാത്തിലെ Sakkarbaug Zoo-ൽ നിന്ന് രണ്ട് സിംഹങ്ങളെ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്. ഗുജറാത്തിൽനിന്നും കൊണ്ടുവന്ന രണ്ട്

സിംഹങ്ങളിലൊന്ന് തിരുവനന്തപുരം മൃഗശാലയിലും മറ്റൊന്ന് സഫാരി പാർക്കിലും വച്ച് 2021-ൽ മരണപ്പെടുകയുണ്ടായി. ശേഷിച്ചിരുന്ന 'ബിന്ദു' എന്ന സിംഹവും 02-06-2021-ന് മരണപ്പെട്ടു. ആ പാർക്കിലിപ്പോൾ നിലവിൽ സിംഹങ്ങളൊന്നുംതന്നെ അവശേഷിക്കുന്നില്ല. പുതുതായി സിംഹങ്ങളെ കൊണ്ടുവരാനുള്ള ശ്രമത്തിനിടെ 1972-ലെ വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 38 (HR) അനുസരിച്ച് 13-12-2013-ലെ ഉത്തരവുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ കീഴിലുള്ള Central Zoo Authority പാർക്കിന്റെ അംഗീകാരം റദ്ദാക്കുകയുണ്ടായി. അവിടെയുള്ള വരുമാനംകൊണ്ടാണ് പ്രൊട്ടക്ഷൻ വാച്ചർമാർക്കുൾപ്പെടെ ശമ്പളം നൽകിയിരിക്കുന്നത്. Central Zoo Authority-യുടെ നിബന്ധനപ്രകാരം 20 ഹെക്ടർ വിസ്തൃതി വേണമെന്നിരിക്കെ നെയ്യാർ ലയൺ സഫാരി പാർക്കിന് 4 ഹെക്ടർ ഭൂവിസ്തൃതി മാത്രമേയുള്ളൂ. ഇതാണ് പാർക്കിന് അംഗീകാരം നഷ്ടപ്പെടാനുള്ള പ്രധാന കാരണങ്ങളിലൊന്ന്. തുടർന്ന് അംഗീകാരം പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പ് സെക്രട്ടറിക്ക് അപ്പീൽ നൽകുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ ഹിയറിംഗിന് ഹാജരായി വിശദീകരണം

നൽകുകയും ചെയ്തിരുന്നു. എന്നാൽ മാംസഭോജികളായ മൃഗങ്ങൾ സവാരി നടത്തുന്നതിന് Central Zoo Authority നിഷ്കർഷിക്കുന്ന മാനദണ്ഡം നെയ്യാർ ലയൺ സഫാരി പാർക്കിനില്ലെന്നതാണ് ഇപ്പോഴത്തെ പ്രശ്നം. അതിന്റെ അടിസ്ഥാനത്തിലാണ് അംഗീകാരം റദ്ദാക്കി ഇക്കഴിഞ്ഞ 22-06-2022-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മാൻ പാർക്കിനോട് ചേർന്നുകിടക്കുന്ന സ്ഥലത്ത് ലയൺ സഫാരി പാർക്ക് ആരംഭിക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ സ്വീകരിക്കാനാണ് ആഗ്രഹിക്കുന്നത്. ശുഭപ്രതീക്ഷയോടുകൂടി കാത്തിരിക്കാമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കാനുള്ളത്.

### (3) വിദേശ പഠനത്തിന് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായം

ശ്രീ. വി. ശശി: സർ, 04-10-2017-ൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ധനസഹായം നൽകുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആ ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരം ഇതിനാവശ്യമായ ധനസഹായം വിദ്യാർത്ഥികൾക്ക് അഡ്വാൻസായി ലഭിക്കാൻ അർഹതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ധനസഹായത്തിന്റെ ഒന്നാം ഗഡുവാണ് അഡ്വാൻസായി

ലഭിക്കേണ്ടത്. വിദ്യാർത്ഥികൾക്ക് ഇത് പ്രയോജനപ്പെടണമെങ്കിൽ അഡ്വാൻസ് തുക ലഭ്യമാകണം. വിദ്യാർത്ഥിതന്നെ ഒന്നാം ഗഡു തുക കണ്ടെത്തണമെന്നതാണ് ഉദ്യോഗസ്ഥരുടെ നിലപാട്. ഇത് സർക്കാർ ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. ഇതുമൂലം വിദേശ പഠനമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയാതെവരുന്ന സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശപ്രകാരം അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികൾക്ക് ഒന്നാം ഗഡു അഡ്വാൻസായി നൽകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അഡ്വാൻസായി തുക നൽകാത്തതുകൊണ്ട് വിനീത എന്ന പെൺകുട്ടി 4 ലക്ഷം രൂപ കടമെടുത്ത് വിദേശ യൂണിവേഴ്സിറ്റിയിലടച്ച് unconditional offer letter വാങ്ങി നൽകിയിട്ടുപോലും ഒന്നാം ഗഡു നൽകാത്തതിനാൽ ആ കുട്ടിക്ക് വിദേശപഠനത്തിന് പോകാൻ കഴിഞ്ഞില്ല. ഇതിനൊരു പരിഹാരം കാണണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ശശി ഉന്നയിച്ചിരിക്കുന്ന വിഷയം വിദേശ പഠനത്തിനായി പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മുൻകൂറായി

തുക അനുവദിക്കണമെന്നതാണ്. നിലവിൽ പോസ്റ്റ് ഗ്രാജ്യുവേഷൻ, പി.എച്ച്.ഡി. കോഴ്സുകൾക്കാണ് വിദേശ യൂണിവേഴ്സിറ്റികളിൽ പ്രവേശനം നൽകുന്നത്. പ്രവേശനം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നവർക്ക് അവരുടെ അർഹത പരിശോധിച്ച് പരമാവധി 25 ലക്ഷം രൂപവരെ സ്കോളർഷിപ് അനുവദിക്കുന്നുണ്ട്. പഠിക്കാനുദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി ബാങ്ക് ഗ്യാരന്റി ആവശ്യപ്പെടുകയാണെങ്കിൽ വിദ്യാർത്ഥിയുടെയും വകുപ്പ് ഡയറക്ടറുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് ഓപ്പൺ ചെയ്ത് ആവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. എല്ലാ വിദ്യാഭ്യാസ സ്കോളർഷിപ്പുകളും കുട്ടികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക്, വിദേശ പഠനത്തിനുൾപ്പെടെ അഡ്മിഷൻ ലഭിച്ചതിനുശേഷമാണ് ആനുകൂല്യം നൽകുന്നത്. അതിൽ മാറ്റംവരുത്തി വിദേശ പഠനത്തിന് പോകുന്ന കുട്ടികൾക്ക് അഡ്വാൻസായി തുക നൽകണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 174 കുട്ടികളെയാണ് വിദേശ പഠനത്തിനയച്ചത്. അതിൽ 161 കുട്ടികൾ എസ്.സി. വിഭാഗത്തിലും 13 കുട്ടികൾ എസ്.ടി. വിഭാഗത്തിലും പെട്ടതാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് രണ്ടും മൂന്നുമിരട്ടി കുട്ടികളെയാണ് വിദേശത്ത്

അയച്ച് പഠിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. അവർക്ക് ഇതുവരെ അങ്ങനെയൊരു തടസ്സമുള്ളതായി ശ്രദ്ധയിൽ വന്നിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ഒരു കുട്ടിക്ക് പഠനത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നാണ്. വിദേശ പഠനത്തിന് സെലക്ഷൻ കിട്ടുന്ന മുഴുവൻ കുട്ടികളെയും പഠിപ്പിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. വിദേശ പഠനത്തിനുവേണ്ടി അഡ്വാൻസായി തുക നൽകുന്ന കാര്യം പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

(4) <u>ചാവറയച്ചനെക്കുറിച്ചുള്ള പാഠഭാഗം ഒഴിവാക്കിയ നടപടി</u>

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം പുസ്തകത്തിൽ 8-ാം ഭാഗത്ത് നവകേരള സൃഷ്ടിക്കായി സംഭാവന ചെയ്ത നവോത്ഥാന നായകരുടെ ലിസ്റ്റിൽ ചാവറ കുര്യാക്കോസ് പിതാവിന്റെ പേര് വിട്ടുപോയത് ശരിയായില്ല. അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ച് ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പ്രത്യേകം പറയേണ്ടതില്ല. ആർപ്പൂക്കരയിൽ അദ്ദേഹം സ്ഥാപിച്ച ഒരു വിദ്യാലയമാണ് ആദ്യമായി അവർണർക്കും സവർണർക്കും ഒന്നിച്ച് പഠിക്കാനുള്ള അവസരമൊരുക്കിയത്. അദ്ദേഹം കേരള കത്തോലിക്ക സഭയുടെ വികാരിയായിരിക്കുമ്പോൾ 'പള്ളിയോടൊപ്പം പള്ളിക്കൂടം' എന്ന ആശയം മുന്നോട്ടുവയ്ക്കുകയും ഒരു സർക്കുലറിന്റെ

അടിസ്ഥാനത്തിൽ അനേകം വിദ്യാലയങ്ങൾ അത് ആരംഭിക്കുകയും ചെയ്തു. അതുപോലെതന്നെ പാഠപുസ്തകവും പ്രിന്റിംഗും ഉൾപ്പടെയുള്ള കാര്യങ്ങൾ ആരംഭിക്കുകയും വിപ്ലകരമായ മാറ്റങ്ങളുണ്ടാക്കുകയും നവോത്ഥാനത്തിനുതകുന്ന സംഭാവനകൾ നൽകുകയും ചെയ്ത അദ്ദേഹത്തെ ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ കാര്യങ്ങളും വിദ്യാഭ്യാസ വകുപ്പുമന്ത്രി കാണണമെന്നില്ല; അടുത്ത വർഷമെങ്കിലും ഇത് തിരുത്താനുള്ള നടപടിയുണ്ടാകണമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന അങ്ങേയ്ക്ക് ഈ വിഷയത്തെക്കുറിച്ച് നന്നായിട്ട് അറിയാവുന്നതാണ്. കേരളത്തിൽ 2013-ൽ പുറപ്പെടുവിച്ച നയരേഖയുടെ അടിസ്ഥാനത്തിൽ സ്കൂൾ പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. 2014 മുതൽ പ്രസ്തുത പാഠപുസ്തകങ്ങളാണ് ഉപയോഗിച്ചുവരുന്നത്. 2019-ൽ ഒൻപത്, പത്ത് ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ചില മെച്ചപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും ഉള്ളടക്കത്തിൽ കാതലായ ഒരു മാറ്റവും വരുത്തിയിട്ടില്ല. 2014 മുതൽ ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പുസ്തകം മാറ്റം വരുത്താതെ തുടരുകയാണ്. വസ്തുത

ഇതായിരിക്കെ, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെ ഒഴിവാക്കിയെന്ന പ്രചരണം വസ്തുതകൾക്ക് നിരക്കാത്തതും അടിസ്ഥാനരഹിതവുമാണ്. എങ്ങനെയാണ് ഇത്തരത്തിലൊരു ചർച്ച വന്നതെന്നുള്ളത് പരിശോധിക്കേണ്ടതാണ്. പത്താം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിലെ ഭാഗം-II പേജ് 161-ൽ സാമൂഹ്യ പരിഷ്കർത്താക്കളുടെ പട്ടികയിൽ കുര്യാക്കോസ് ഏലിയാസ് ചാവറ പിതാവിനെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ, എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ രണ്ടാം വർഷ ഹയർസെക്കണ്ടറി കേരള ചരിത്രം ഭാഗം IV-ൽ പേജ് 58-ൽ വിശുദ്ധ പിതാവ് കുര്യാക്കോസ് ഏലിയാസ് ചാവറയുടെ പ്രസിദ്ധീകരണങ്ങളും സാമൂഹ്യ പരിഷ്കരണത്തിലെ അദ്ദേഹത്തിന്റെ സംഭാവനകളും ഫോട്ടോ സഹിതം പ്രതിപാദിച്ചിട്ടുണ്ട്. ഇതിലുപരി സമഗ്ര സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിലേയ്ക്ക് കേരളം കടക്കുകയാണ്, അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരുവശത്ത് കേന്ദ്രം ചരിത്രത്തെയും ശാസ്ത്ര സത്യത്തെയും തമസ്കരിച്ച് മുന്നോട്ടുപോകുമ്പോൾ കേരള നവോത്ഥാന നായകരുടെ സംഭാവനകൾക്ക് കൂടുതൽ പ്രാധാന്യം നൽകി മുന്നോട്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ ഭഗത്

സിംഗിന്റെയും ശ്രീനാരായണ ഗുരുദേവന്റെയും ചിത്രങ്ങളൊക്കെ എടുത്തുമാറ്റിയെന്ന പത്രവാർത്തകൾ വരുന്നുണ്ട്. കേരളം നാളിതുവരെ നേടിയ സാമൂഹ്യ, സാംസ്കാരിക, നവോത്ഥാന, പുരോഗമന ആശയങ്ങൾക്ക് ഊന്നൽ നൽകിയായിരിക്കും സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരിക്കുന്ന അവസരത്തിൽ ഏഴാം ക്ലാസ്സിലെ പാഠപുസ്തത്തിലുംകൂടി ചാവറയച്ചനെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാം. അതിന് യാതൊരു ബുദ്ധിമുട്ടുമില്ല. അങ്ങനെ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണോ ഇത് എടുത്തുമാറ്റിയെന്ന പ്രചരണം നടത്തുന്നതെന്ന് എനിക്കറിയില്ല. അങ്ങനെയാണെങ്കിൽ അത്തരത്തിൽ പ്രചരണം നടത്തേണ്ടതില്ല. ഏഴാം ക്ലാസ്സിലെ പാഠഭാഗത്തിലും ഇത് ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് പാഠ്യപരിഷ്കരണ കമ്മിറ്റിയോട് ആവശ്യപ്പെടാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നവോത്ഥാന നായകനായ ചാവറയച്ചനെക്കുറിച്ചുള്ള പാഠഭാഗം മാറ്റിയതിന് കാരണമെന്താണ്?

ശ്രീ. വി. ശിവൻകുട്ടി: സർ, ചാവറയച്ചനെക്കുറിച്ചുള്ള പാഠഭാഗം സാമൂഹ്യശാസ്ത്ര പുസ്തകത്തിൽനിന്നും മാറ്റിയിട്ടില്ല, അത് തെറ്റായ പ്രചരണമാണ്. അടുത്ത വർഷത്തേക്കുവേണ്ടിയുള്ള തയ്യാറെടുപ്പാണ്

ഇപ്രാവശ്യം നടത്തിക്കൊണ്ടിരിക്കുന്നത്.

(5) മൂവാറ്റുപുഴ-കടാതി-കാരക്കുന്നം ബൈപാസ്, മൂവാറ്റുപുഴ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു ബൈപാസുപോലുമില്ലാത്ത നഗരമാണ് മൂവാറ്റുപുഴ. കടാതി-കാരക്കുന്നം ബൈപാസ് ആ പ്രദേശവാസികളുടെ വലിയൊരു സ്വപ്നമാണ്. മൂവാറ്റുപുഴയ്ക്കുമാത്രമല്ല കോതമംഗലത്തിനും ഒരുപോലെ പ്രയോജനം ലഭിക്കുന്നൊരു ബൈപ്പാസാണിത്. കേന്ദ്ര സർക്കാരിന്റെ ഹൈവേ പ്രൊപ്പോസലുമായി ബന്ധപ്പെട്ടാണ് അങ്ങനെയൊരു ബൈപാസിന്റെ സാധ്യത തെളിഞ്ഞുവന്നത്. ലാൻഡ് അക്വിസിഷന്റെ പകുതി തുക മാത്രം സംസ്ഥാന ഗവൺമെന്റും ബാക്കി കേന്ദ്ര സർക്കാരും മുടക്കുമെന്നതാണ് അതിന്റെ സവിശേഷത. നിർഭാഗ്യവശാൽ, ഹൈവേ പ്രൊപ്പോസൽ മാറിപ്പോകുകയും വേറൊരു അലൈൻമെന്റ് വരികയും ചെയ്തു. എന്നിരുന്നാലും ബഹുമാന്യനായ എം. പി. ശ്രീ. ഡീൻ കുര്യാക്കോസ് അടക്കമുള്ളവരുടെ പരിശ്രമത്തിന്റെ ഫലമായി stand-alone പ്രോജക്ടായി ബൈപാസ്സ് ചെയ്യാനുള്ള അനുമതി നൽകാമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. അത് പ്രയോജനപ്പെടുത്തി സംസ്ഥാനത്തിന് ഏകദേശം 200 കോടി രൂപ മുടക്കാൻ സാധിക്കുമെങ്കിൽ 600 കോടി രൂപയ്ക്ക് മുകളിലുള്ള കടാതി-കാരക്കുന്നം ബൈപാസ്

പൂർത്തിയാക്കാൻ കഴിയും. സംസ്ഥാന സർക്കാരിന്റെ മിനിമം കോൺട്രിബ്യൂഷനിൽ നല്ല പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് പ്രയോറിറ്റി നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അതിനൊരു പ്രയോറിറ്റി നൽകണം. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മൂവാറ്റുപുഴ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് 32 കോടി രൂപയുടെ അനുമതിയുണ്ടായിരുന്നു. ലോക്കൽ മാർക്കറ്റ് റേറ്റിൽ നിന്നും 7.5 ശതമാനം കൂടുതൽ തുക ടെണ്ടർ ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനകത്ത് ഫില്ലിംഗ് വരുന്ന ഭാഗത്ത് വലിയ ചെലവ് വരുമെന്നതുകൊണ്ടാണ് എല്ലാവരും കൂടുതൽ തുക ക്വാട്ട് ചെയ്യാനിടയായത്. ഫില്ലിംഗിന് പകരം ഒരു ഡിസൈൻ തയ്യാറാക്കി ആ സ്റ്റേഡിയത്തിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. അതിന്റെ തുടർനടപടികൾ മുന്നോട്ടുനീങ്ങാത്ത പശ്ചാത്തലത്തിൽ ഈ രണ്ട് പദ്ധതികളും കിഫ്ബിയിലുൾപ്പെടുത്തി വേഗത്തിലാക്കാൻ സാധിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിലുൾപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ചതാണ് മൂവാറ്റുപുഴ-കാക്കനാട് റോഡ്. പ്രസ്തുത റോഡിന്റെ അലൈൻമെന്റിൽ തുടക്കഭാഗത്ത് ചില മാറ്റങ്ങൾ

വരുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പരിഗണനയിലുള്ള മൂവാറ്റുപുഴ-കടാതി-കാരക്കുന്നം ബൈപ്പാസ് റോഡിന്റെ സ്ഥലമെടുപ്പിന് വേണ്ടിവരുന്ന തുകയുടെ സംസ്ഥാന വിഹിതം കിഫ്ബി പദ്ധതിയായി പരിഗണിക്കണമെന്നും നിർദ്ദിഷ്ട കൊച്ചി-ധനുഷ്കോടി എൻ.എച്ച്. ബൈപാസിന് സംസ്ഥാന സർക്കാർ വഹിക്കേണ്ട ലാൻഡ് അക്വിസിഷനുള്ള 50 ശതമാനം തുക വകയിരുത്തണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം പറഞ്ഞതുപോലെ എൻ.എച്ച്. അവിടെനിന്നും മാറിപ്പോയതിന്റെ പ്രശ്നമുണ്ട്. ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 50 ശതമാനം തുക പുതിയ അലൈൻമെന്റാണെങ്കിൽക്കൂടി ഏകദേശം 200 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത്. അക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പക്ഷെ കിഫ്ബി ഫണ്ടിന്റെയും പൊതുവിലുള്ള ഫണ്ടിന്റെയും ലോണിന്റെയും ചില പുതിയ പ്രശ്നങ്ങൾക്കൂടി ഉയർന്നുവന്നിട്ടുണ്ട്. അക്കാര്യംകൂടി പരിഗണിച്ച് അതിനനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കാം. കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഇപ്പോൾ സാമ്പത്തികമായി കുറച്ചുകൂടി നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കേന്ദ്രസർക്കാർ ശക്തമായി ശ്രമിക്കുന്നുണ്ട്. മൂവാറ്റുപുഴ സ്റ്റേഡിയം

നിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ മുഴുവൻ ഞാൻ വായിക്കുന്നില്ല. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കാം.+ 40 കോടി രൂപയുടെ പ്രോജക്ടാണിത്. രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്യുകയും നിർവ്വഹണ ഏജൻസിയെ ഏൽപ്പിക്കുകയും 32.55 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്ത വിപുലമായൊരു പദ്ധതിയാണിത്. രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും അധിക റേറ്റിന്റെ പ്രശ്നത്തിലാണ് താമസം വരുന്നത്. ഏറ്റവും അവസാനത്തെ യു.എൽ.സി.സി. ബിഡ് ലോക്കൽ യൂണിറ്റ് നിരക്കിനെക്കാൾ 7.42 ശതമാനത്തിനും നിലവിലെ ഡി.എസ്.ആർ.+10 ശതമാനം ടോളറൻസ് ലിമിറ്റിനും മുകളിലാണ്. അതുകൊണ്ടാണ് ആ ടെണ്ടർ ഇപ്പോൾ എടുക്കാൻ സാധിക്കാത്തത്. കോൺട്രാക്ടർമാർ നെഗോസിയേഷന് തയ്യാറല്ലാത്തതിനാൽ ടെണ്ടർ രണ്ടാമതും നിരസിക്കപ്പെട്ടു. തുടർന്ന് എസ്റ്റിമേറ്റിൽ എർത്ത് ഫില്ലിംഗ് ഉയർന്നതോതിൽ ഉൾപ്പെടുത്തിയിരുന്നതിനാലും ബിഡ് ചെയ്ത തുക അസാധാരണമായ തോതിൽ കൂടിയതിനാലും പുനഃപരിശോധിക്കണമെന്നും പ്രവൃത്തി സ്ഥലം സന്ദർശിച്ച് പദ്ധതി രൂപരേഖ അനുയോജ്യമായി പുനഃക്രമീകരിക്കണമെന്നും സാങ്കേതികാനുമതി പരിഷ്കരിച്ച് ലഭ്യമാക്കണമെന്നും tender acceptance സമിതി പദ്ധതി നിർവ്വഹണ

\+ അനുബന്ധമായി ചേർക്കുന്നു.

ഏജൻസിക്ക് 14-02-2022-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർനടപടികളൊന്നുംതന്നെ ഇതുവരെ ഏജൻസിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അത് വരുന്നമുറയ്ക്ക് സ്റ്റേഡിയത്തിന്റെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

(6) തവനൂർ-തിരുനാവായ പാലം നിർമ്മാണം

ഡോ. കെ. ടി. ജലീൽ: സർ, മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ടൊരു പ്രൊപ്പോസലാണ് തിരുനാവായ-തവനൂർ പാലം നിർമ്മാണം. അത് പണിയുന്നതിനുവേണ്ടി 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പണം വകയിരുത്തിയിരുന്നെങ്കിലും സ്ഥലമേറ്റെടുപ്പിന്റെ പ്രശ്നംമൂലം നീണ്ടുപോകുകയാണുണ്ടായത്. എന്നാൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽവന്നപ്പോൾ ആവശ്യമായ സ്ഥലമേറ്റെടുക്കുകയും കിഫ്ബിയിൽ നിന്നും പണം അനുവദിക്കുകയും 05-08-2021-ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയുമുണ്ടായി. ഇപ്പോൾ ഏതാണ്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ടെണ്ടറെടുത്തെങ്കിലും അവർക്ക് ഇതുവരെ വർക്ക് ഓർഡർ നൽകാൻ സാധിച്ചിട്ടില്ല. ഇപ്പോൾ ഷെഡ്യൂൾ ഓഫ് റേറ്റ്സ് മാറി. വർക്ക് ഓർഡർ കൊടുക്കാത്ത, എഗ്രിമെന്റ് വയ്ക്കാത്ത പശ്ചാത്തലത്തിൽ

ടെണ്ടർ ഏറ്റെടുത്ത കമ്പനി അതിൽനിന്നും പിൻമാറാനുള്ള സാധ്യത തള്ളിക്കളഞ്ഞുകൂടാ. അങ്ങനെയാണെങ്കിൽ വീണ്ടും ടെണ്ടർ ചെയ്യേണ്ടിവരും. ഇങ്ങനെപോയാൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള പ്രധാനപ്പെട്ടൊരു ബ്രിഡ്ജിന്റെ പ്രവൃത്തി അനന്തമായി നീണ്ടുപോകുന്ന സ്ഥിതിയുണ്ടാകും. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചാണ് അതിനാവശ്യമായ സ്ഥലമേറ്റെടുത്തത്. നാവാമുകുന്ദ ക്ഷേത്രവുമായി ബന്ധപ്പെട്ട് ത്രിമൂർത്തി സംഗമം എന്നാണ് ആ പ്രദേശം അറിയപ്പെടുന്നത്. ത്രിമൂർത്തി സംഗമ സ്ഥലങ്ങളെ യോജിപ്പിക്കുന്ന തിരുനാവായ-തവനൂർ പാലത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. കെ. ടി. ജലീൽ ഉന്നയിച്ച സബ്മിഷൻ വളരെ പ്രാധാന്യമർഹിക്കുന്ന പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. തിരുനാവായ-തവനൂർ പാലം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. ആർ.ബി.ഡി.സി.കെ. ആണ് ഇതിന്റെ എസ്.പി.വി. 2006-ലെ എൽ.എഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ പാലത്തിന്റെ

നിർമ്മാണവുമായി ബന്ധപ്പെട്ട് അന്ന് രാജ്യസഭാംഗമായ ശ്രീ. എ. വിജയരാഘവൻ ശ്രമം നടത്തിയത് ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം എൽ.ഡി.എഫ്. കൺവീനറായിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. കെ. ടി. ജലീലും ഈ വിഷയം മുന്നോട്ടുകൊണ്ടുപോകണമെന്ന് പറഞ്ഞതിന്റെ ഭാഗമായിട്ടാണ് പദ്ധതിയുടെ മറ്റ് കാര്യങ്ങൾ വേഗത്തിലാക്കാൻ സർക്കാർ തുടക്കത്തിൽത്തന്നെ ശ്രമിച്ചത്. ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയശേഷം പദ്ധതി നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ ULCCS Ltd. കുറഞ്ഞ തുക ക്വാട്ട് ചെയ്തു. കരാർ കമ്പനി ക്വാട്ട് ചെയ്ത തുക ടെണ്ടർ ക്ഷണിച്ച ഡി.എസ്.ആർ. 2016 പ്രകാരം 13.88 ശതമാനം അധികവും ഡി.എസ്.ആർ. 2018-നെക്കാളും ലോക്കൽ മാർക്കറ്റ് റേറ്റിനെക്കാളും കുറവുമാണ്. തുടർന്ന് പ്രസ്തുത കമ്പനിക്ക് Letter of Acceptance (LoA) നൽകുകയും അത് കിഫ്ബിയെ അറിയിക്കുകയും ചെയ്തതാണ്. കിഫ്ബി ഇതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചതനുസരിച്ച് ആർ.ബി.ഡി.സി.കെ. സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണുള്ളത്.

## (7) വെങ്ങോല ശാലേം-ഊട്ടിമറ്റം, മണ്ണൂർ-പോഞ്ഞാശ്ശേരി റോഡുകളുടെ നവീകരണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകളുടെ ദുരവസ്ഥ ഞാൻ പലതവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അതിനാവശ്യമായ പരിഗണനയോ ഭരണാനുമതിയോ ലഭ്യമായിട്ടില്ല. പെരുമ്പാവൂരിൽ വരുന്നവർ അവിടത്തെ റോഡിലെ കുഴികളും ഗതാഗതക്കുരുക്കും കാണുമ്പോൾ എനിക്ക് മുമ്പുള്ള നാലഞ്ച് തലമുറകളെ സ്മരിച്ചുകൊണ്ടാണ് കടന്നുപോകുന്നത്. എത്രമാത്രം തലമുറകൾ അങ്ങയെ സ്മരിക്കുമെന്നുള്ളത് ചിന്തിക്കേണ്ടതാണ്. അവിടെ പൊതുമരാമത്ത് വകുപ്പിന് 251.735 കിലോമീറ്റർ ദൈർഘ്യമുള്ള 46 റോഡുകളാണുള്ളത്. അതിൽ 68 കിലോമീറ്റർ റോഡ് മാത്രമാണ് BM&BC ചെയ്തിട്ടുള്ളത്. 183 കിലോമീറ്ററോളം റോഡ് തകർന്ന അവസ്ഥയിലാണുള്ളത്. സംസ്ഥാനത്ത് എത്ര ശതമാനം റോഡുകൾ BM&BC നിലവാരത്തിലാക്കിയിട്ടുണ്ടെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പരിശോധിച്ചാൽ അതിലേറ്റവും കുറവ് പെരുമ്പാവൂർ മണ്ഡലത്തിലാണെന്ന് മനസ്സിലാകും. അരി, തടി, പ്ലൈവുഡ് ഉൾപ്പെടെയുള്ള ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സ്ഥലം കൂടിയാണിത്. മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണം ഒരു

സെന്റിമീറ്റർപോലും മുന്നോട്ടുപോയിട്ടില്ല. ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ.-യുടെ മണ്ഡലമായ കുന്നത്തുനാട് കൂടി ഉൾപ്പെടുന്നതാണ് ഈ റോഡ്. 11 കിലോമീറ്റർ ദൈർഘ്യമുള്ള മണ്ണൂർ-പോഞ്ഞാശ്ശേരി ബൈപ്പാസ് റോഡ് നിർമ്മാണം 5 വർഷമായിട്ടും നടത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് അനാസ്ഥയാണ്. എന്റെ കയ്യിലുള്ളത് പെരുമ്പാവൂർ മണ്ഡലത്തിലെ ഓണംകുളം-ഊട്ടിമറ്റം റോഡിന്റെ ഫോട്ടോയാണ്. (പത്രം ഉയർത്തിക്കാട്ടി). ഈ റോഡ് നാല് കിലോമീറ്റർ ദൈർഘ്യമേയുള്ളൂ. അതുപോലെ നമ്മുള്ളി-തോട്ടുവ റോഡുമുണ്ട്. ഇതെല്ലാം ബഡ്ജറ്റിലുൾപ്പെടുത്തി ലിസ്റ്റ് തന്നിട്ടുള്ളതാണ്. പക്ഷേ ഫണ്ട് അനുവദിക്കുന്നില്ല. എം.എൽ.എ.-യ്ക്ക് റിക്വസ്റ്റ് നൽകാൻ മാത്രമേ കഴിയൂ, ഭരണാനുമതി നൽകാൻ കഴിയില്ല. ഈ സാഹചര്യത്തിൽ എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. റോഡ് പ്ലാൻ ചെയ്യുന്നതിൽ മാറ്റം വരുത്തണം. അതായത്, മാർച്ചിൽ വെയിലുള്ളപ്പോൾ പദ്ധതി കൊണ്ടുവരികയും മഴയുള്ളപ്പോൾ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്ന രീതി മാറ്റി ഡിസംബർ മാസത്തോടുകൂടി പദ്ധതി ആരംഭിക്കുന്ന തരത്തിലേക്ക് പോയാൽ റോഡുകൾ പെട്ടെന്ന് റെഡിയാക്കാൻ കഴിയും. പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ BM&BC നിലവാരത്തിലാക്കുന്നതിന് അടിയന്തരമായി ഫണ്ട് അനുവദിക്കണമെന്ന്

അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ ഉന്നയിച്ചത് അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ്. റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ റണ്ണിംഗ് കോൺട്രാക്ട് സമ്പ്രദായമാണ് നടപ്പിലാക്കുന്നത്. ഒരു വർഷത്തേക്ക് റോഡിന്റെ പരിപാലന കാലാവധി ഉറപ്പാക്കുന്ന പുതിയൊരു പദ്ധതിയാണിത്. പരിപാലന കാലാവധി കഴിഞ്ഞ് റോഡുകൾ തകർന്നാൽ അത് നന്നാക്കാൻ എസ്റ്റിമേറ്റെടുത്ത് ടെണ്ടർ വിളിച്ചുവരുമ്പോൾ കാലം കുറെ കഴിയും. അതുകൊണ്ട് പരിപാലന കാലാവധി തീരുന്നതിന് മുമ്പുതന്നെ ഒരു കോൺട്രാക്ട് സംവിധാനം കൊണ്ടുവരികയാണ്, അത് ഫലപ്രദമായിരിക്കും. ആ പദ്ധതിയിൽ പെരുമ്പാവൂരിലെ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് എത്രത്തോളം നടക്കുന്നുവെന്നുള്ള പരിശോധന നടത്താവുന്നതാണ്. വെങ്ങോല ശാലേം-ഊട്ടിമറ്റം റോഡ് BM&BC നിലവാരത്തിലേക്ക് ഉയർത്തണമെന്നതാണ് അദ്ദേഹത്തിന്റെ മറ്റൊരാവശ്യം. അത് പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. BM&BC ആണ് ഏറ്റവും ഉയർന്ന

ഗുണനിലവാരം. 29522 കിലോമീറ്റർ റോഡുകളാണ് പൊതുമരാമത്ത് വകുപ്പിന്റേതായിട്ടുള്ളത്. അതിൽ 50 ശതമാനത്തിലധികം റോഡുകളും 5 വർഷത്തിനുള്ളിൽ BM&BC നിലവാരത്തിലാക്കാനുള്ള കഠിനപ്രയത്നമാണ് നടത്തുന്നത്. അതിന് ചെലവ് കൂടുതലാണ്. ധനലഭ്യതയുൾപ്പെടെ പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കാം. മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ് നവീകരണത്തിൽ 79 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 340 മീറ്റർ ഭാഗത്തെ പ്രവൃത്തി ചെയ്യേണ്ടതുണ്ട്. കരാറുകാരന്റെ അനാസ്ഥ കാരണം പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത് ബാക്കി പ്രവൃത്തിക്ക് 73.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കാനാവുന്ന ഘട്ടത്തിലെത്തിക്കഴിഞ്ഞു. ഈ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക ഫണ്ട് അനുവദിക്കുകയും അത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ അദ്ദേഹം പറഞ്ഞൊരു കാര്യം എന്നെ അത്ഭുതപ്പെടുത്തുകയാണ്. അദ്ദേഹം എന്താണ് അങ്ങനെ പറഞ്ഞതെന്ന് എനിക്കറിയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. 2021-22-ൽ ശബരിമല റോഡ് പാക്കേജ്

പ്രഖ്യാപിച്ചപ്പോൾ അതിലൊന്ന് പെരുമ്പാവൂർ മണ്ഡലത്തിലായിരുന്നു. ആലുവ-മൂന്നാർ റോഡിൽ നവീകരണത്തിന് 8 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ശബരിമല റോഡിന്റെ പ്രവൃത്തിയിൽ പുരോഗതിയുണ്ടായിട്ടുണ്ട്. 2022-23 ബഡ്ജറ്റിലുൾപ്പെടുത്തിയ പെരുമ്പാവൂർ-കൊയിൻമുള്ളി റോഡിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രഖ്യാപിച്ച് 3 മാസത്തിനുള്ളിൽത്തന്നെ ഭരണാനുമതി നൽകിയതിന് അദ്ദേഹം അഭിനന്ദിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ തുടരുകയാണ്. ഇത്രയും കാര്യങ്ങൾ പെരുമ്പാവൂർ മണ്ഡലത്തിൽ ചെയ്തിട്ടുണ്ടുള്ളതുകൊണ്ട് പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ 10 തലമുറയിൽപ്പെട്ടവർ സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കും. ഇവിടെ പറഞ്ഞ മറ്റ് പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കാം. അതെല്ലാം നമുക്ക് ഒരുമിച്ചുനിന്ന് പരിഹരിക്കാൻ ഇടപെടാമെന്നുള്ളത് സഭയെ പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(8) മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എറണാകുളം ജില്ലയിലെ മലയോര

മേഖലയായ മൂവാറ്റുപുഴ, തൊടുപുഴ, കോതമംഗലം തുടങ്ങിയ പ്രദേശങ്ങളെ ജില്ലയുടെ ഭരണസിരാകേന്ദ്രമായ കാക്കനാടുമായി ബന്ധിപ്പിക്കുന്ന പ്രധാനപാതയാണ് മൂവാറ്റുപുഴ-കാക്കനാട് റോഡ്. മൂവാറ്റുപുഴയിലെ കീച്ചേരിപ്പടിയിൽ നിന്നാരംഭിച്ച് കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വീട്ടൂർ, നെല്ലാട്, മംഗലത്തുനട, പട്ടിമറ്റം, കിഴക്കമ്പലം വഴി കാക്കനാടേയ്ക്ക് ഒരു നാലുവരിപ്പാത നിർമ്മിക്കുന്നതിന് 2006-ൽ എൽ.ഡി.എഫ്. സർക്കാർ അംഗീകാരം നൽകുകയും തുടർന്ന് സാധ്യതാപഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. 2016-17-ലെ ബഡ്ജറ്റിൽ ഈ പാതയുടെ നിർമ്മാണത്തിനായി ഏകദേശം 40 കോടി രൂപ വകയിരുത്തുകയുണ്ടായി. തുടർന്ന് സർവ്വേ നടപടികൾ ആരംഭിച്ചെങ്കിലും സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ആറുവർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതും കോതമംഗലത്തെ തങ്കളത്തുനിന്നും ആരംഭിക്കുന്നതുമായ തങ്കളം-കാക്കനാട് നാലുവരിപ്പാത കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലത്തുകൂടിയാണ് കടന്നുപോകുന്നത്. മൂവാറ്റുപുഴയിൽ നിന്നാരംഭിക്കുന്ന നിർദ്ദിഷ്ട പാത കിഴക്കമ്പലത്തുവച്ച് തങ്കളം-കാക്കനാട് പാതയുമായി ബന്ധിപ്പിക്കാവുന്നതാണ്. 23 കിലോമീറ്റർ നീളമുള്ള നിർദ്ദിഷ്ട

പാത കടന്നുപോകുന്ന പട്ടിമറ്റത്തെ റസ്റ്റ് ഹൗസിൽ പ്രോജക്ട് ഓഫീസ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ സജ്ജമാക്കിയാൽ ഈ പദ്ധതി അതിവേഗത്തിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. പ്രതിദിനം ആയിരക്കണക്കിനാളുകൾ കാക്കനാട്ടേയ്ക്കും ജില്ലാ ആസ്ഥാനത്തേക്കും കൊച്ചിയിലേക്കും പോകുന്നതിന് ആശ്രയിക്കുന്ന മൂവാറ്റുപുഴ-കാക്കനാട് റോഡ് നാലുവരിപ്പാതയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ഇവിടെ ശ്രീ. പി. വി. ശ്രീനിജിൻ ഉന്നയിച്ച മൂവാറ്റുപുഴ-കാക്കനാട് റോഡ് നാലുവരിപ്പാതയാക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതാണ്. 12.02.2021-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ രണ്ടുവർഷത്തേയ്ക്കുകൂടി പുതുക്കി നൽകിയിട്ടുണ്ട്. ഇപ്പോൾ കെ.ആർ.എഫ്.ബി-പി.എം.യു.-വിനാണ് ഈ പദ്ധതിയുടെ നിർവ്വഹണച്ചുമതല. വനം വകുപ്പിന്റെ ഭൂമിയിൽക്കൂടിയും ഈ പാത കടന്നുപോകുന്നുവെന്നുള്ളതുകൊണ്ട് വീട്ടൂർ ടിംബർ ഡിപ്പോ ഉൾപ്പെടുന്ന വനഭൂമിയിൽ ലെവൽസെടുക്കുന്നതിനായി സർവ്വേ നടപടികൾ നടത്താൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 13.09.2021, 02.11.2021,

01.02.2022 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുണ്ട്. വനം വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് അംഗീകരിച്ച അലൈൻമെന്റും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും 22.06.2022-ൽ കൈമാറിയിട്ടുണ്ട്. വനം വകുപ്പിൽനിന്നും അനുവാദം ലഭിച്ചതിനുശേഷം പ്രസ്തുത വനഭൂമിയിലെ ലെവൽസ് ഇൻവെസ്റ്റിഗേഷൻ വിഭാഗം തയ്യാറാക്കും. ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പുമന്ത്രിയുമായി പ്രത്യേകം ചർച്ച നടത്തുന്നതാണ്. ഈ റോഡിന്റെ ഉയർച്ചയും താഴ്ചയുമൊക്കെ സൈറ്റിൽനിന്നും അളന്ന് കണക്കാക്കി ഒരു പേപ്പറിൽ പ്ലോട്ട് ചെയ്യുന്ന ലെവൽസാണ്, അത് ഇൻവെസ്റ്റിഗേഷൻ വിഭാഗം തയ്യാറാക്കും. അതിനുശേഷം ഡിസൈൻ വിഭാഗത്തിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയാറാക്കി സമർപ്പിക്കാനാകും. ഈ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. വി. ശ്രീനിജിൻ ഉദ്ദേശിക്കുന്നതുപോലെ സമയബന്ധിതമായി പൂർത്തിയാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദേശം നൽകുന്നതാണ്.

(9) <u>ക്ഷീരമേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾ</u>

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, കേരളത്തിലെ പതിനായിരക്കണക്കിന് ക്ഷീരകർഷകരുടെ പ്രശ്നമാണ് ഉന്നയിക്കുന്നത്. ഗ്രാമീണമേഖലയിൽ പ്രത്യേകിച്ച് ക്ഷീരസംഘങ്ങൾ മുഖാന്തരമാണ് പാൽ

അളന്ന് കർഷകരിൽനിന്നും ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നത്. ആ സംഘങ്ങൾ ഇന്ന് വളരെയധികം വിഷമത്തിലാണ്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം എണ്ണൂറ്റിയേഴ് കർഷകരും അമ്പതോളം ക്ഷീരകർഷക സംഘങ്ങളുമുണ്ട്. കേരള ഫീഡ്സിൽ നിന്നും സൗജന്യമായി കാലിത്തീറ്റ നൽകാനുള്ള നടപടി സ്വീകരിക്കണം, പാലിന്റെ സബ്സിഡി വർദ്ധിപ്പിക്കണം. അങ്കണവാടികൾ പ്രാഥമിക ക്ഷീര സംഘങ്ങളിൽനിന്ന് പാൽ വാങ്ങണമെന്ന ഉത്തരവിറക്കണം. പാനൂർ, കുത്തുപറമ്പ് ബ്ലോക്കിലെ ക്ഷീരകർഷക സംഘങ്ങളുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചപ്പോൾ സ്വന്തമായി Pasteurisation പ്ലാന്റ് സ്ഥാപിച്ച് ആനന്ദ് മോഡലിൽ വാല്യൂ ആഡഡ് പ്രോഡക്ട്സുണ്ടാക്കുകയെന്ന ആഗ്രഹം അവർ പ്രകടിപ്പിക്കുകയുണ്ടായി. ഇതിനുള്ള സഹായ സഹകരണങ്ങൾ സർക്കാരിൽനിന്നും ലഭ്യമാക്കണം. ക്ഷീര ഓഫീസുകളിൽ ജീവനക്കാരില്ല. പാനൂർ ബ്ലോക്കിൽ മാത്രം ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ക്ലാർക്ക്, ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് ക്ഷീരകർഷകർക്കാവശ്യമായ സഹായം ലഭ്യമാക്കാനും. മിൽമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ക്ഷീരസംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് ഇരുപതുരൂപ അംശദായ ഇനത്തിൽ ക്ഷീരകർഷക ക്ഷേമനിധിയിലൊടുക്കുന്ന തുക ഉൾപ്പെടെയുള്ള മറ്റ് അംശദായ തുകകളാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്. ക്ഷേമനിധിയിലെ അംഗങ്ങൾക്ക് 1,600 രൂപ പെൻഷൻ നൽകുന്നുണ്ട്. ഇതിൽ 1,300 രൂപ സർക്കാർ വിഹിതവും 300 രൂപ പിരിച്ചെടുക്കുന്ന അംശദായ തുകയിൽനിന്നുള്ള ക്ഷേമനിധി ബോർഡ് വിഹിതവുമാണ്. ടി തുക ഉപയോഗിച്ച് പെൻഷൻ കൂടാതെ കുടുംബ പെൻഷൻ, വിദ്യാഭ്യാസ/ വിവാഹ/മരണാനന്തര/കോവിഡ് ധനസഹായം, ക്ഷീരസുരക്ഷ പദ്ധതി, തുടങ്ങിയവയും നടത്തിവരുന്നു. 2021-2022 വർഷം 55155 അംഗങ്ങൾക്ക് പെൻഷനും 3890 പേർക്ക് കുടുംബ പെൻഷനും 1352 പേർക്ക് വിവാഹ ധനസഹായവും 1333 പേർക്ക് മരണാനന്തര ധനസഹായവും 337 പേർക്ക് ക്ഷീരസുരക്ഷ പദ്ധതിയും 413 പേർക്ക് വിദ്യാഭ്യാസ ധനസഹായവും കോവിഡ് ധനസഹായമായി 725 പേർക്ക് 10,000 രൂപ വീതവും കോവിഡ് നിരീക്ഷണത്തിലുള്ളവർക്ക് 2,000 രൂപ വീതവും കോവിഡ് പോസിറ്റീവായവർക്ക് 5,000 രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്.

പ്രസ്തുത അംശദായ തുകയിൽനിന്നുമാണ് പെൻഷന്റെ ക്ഷേമനിധി വിഹിതം ഉൾപ്പെടെയുള്ള എല്ലാ ധനസഹായങ്ങളും വിതരണം ചെയ്തുവരുന്നത്. നിലവിലെ ക്ഷേമനിധി നിയമപ്രകാരം അംശദായമായി അടവാക്കുന്ന തുക തിരികെ നൽകുന്നതിന് വ്യവസ്ഥയില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്ര പദ്ധതിയായതിനാൽ ക്ഷീരമേഖലയിലെ പ്രവൃത്തിദിനങ്ങൾ തൊഴിൽദിനങ്ങളായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനാണ്. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിവേദനം പലതവണ കേന്ദ്രസർക്കാരിന് സമർപ്പിച്ചെങ്കിലും അനുകൂല നടപടിയുണ്ടായിട്ടില്ല. എന്നാൽ കാലിത്തൊഴുത്ത് നിർമ്മാണം തീറ്റപ്പുൽകൃഷി, അസോള ടാങ്ക് നിർമ്മാണം തുടങ്ങിയ ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾ നിലവിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ, 2019-2020 സാമ്പത്തിക വർഷം മുതൽ നഗരപ്രദേശങ്ങളിൽ രണ്ട് കന്നുകാലികളിൽ കൂടുതലുള്ള അവശത അനുഭവിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്ന ക്ഷീരകർഷകരെ സംസ്ഥാന സർക്കാരിന്റെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി 100 ദിവസത്തെ വേതനം അയ്യങ്കാളി നഗര തൊഴിലുറപ്പ്

ഫണ്ടിൽനിന്നും നൽകുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീര വികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നാല് രൂപവരെ ഇൻസെന്റീവ് നൽകുന്നതാണ്. ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ഇൻസെന്റീവ് നൽകുന്നത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പ്രധാന പദ്ധതികളിലൊന്നാണ്. ഈ മാസം മുതൽ ജൂലൈയിൽ പാൽ അളന്ന കർഷകർക്ക് ഇൻസെന്റീവ് കൊടുത്തുതുടങ്ങും. ആഗസ്റ്റ് ഒന്ന് മുതൽ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന മുഴുവൻ കർഷകർക്കും ഇൻസെന്റീവ് നൽകുന്നതാണ്. അങ്കണവാടി കുട്ടികൾക്ക് ക്ഷീരസംഘങ്ങളിൽനിന്ന് പാൽ വാങ്ങുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ് പുറത്തിറക്കിയ 20.05.2022-ലെ സർക്കുലർപ്രകാരം അങ്കണവാടിയിൽ വിതരണത്തിനായി ആവശ്യമായ പാൽ മിൽമയിൽനിന്നോ മിൽമ പാൽ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ക്ഷീരസഹകരണ സംഘങ്ങളിൽനിന്നോ വാങ്ങുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]**

(10) അനുമോദന ചടങ്ങിൽനിന്നും ടീം ഫിസിയോയെ ഒഴിവാക്കിയ നടപടി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സന്തോഷ് ട്രോഫി നേടിയ കേരള ടീമിനെയും അവർക്ക് സ്വീകരണം ഏർപ്പെടുത്തിയ സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. 1941-ലാണ് സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റ് ആരംഭിച്ചത്. ഏഴുതവണ ജേതാക്കളാകുകയും എട്ടുതവണ റണ്ണേഴ്സ് അപ് ആകുകയും ചെയ്ത കേരളം മൂന്നാം സ്ഥാനത്താണ്. മുപ്പത്തിരണ്ട് തവണ ജേതാക്കളായ ബംഗാൾ ഒന്നാം സ്ഥാനത്തും എട്ട് തവണ ജേതാക്കളായ പഞ്ചാബ് രണ്ടാം സ്ഥാനത്തുമാണ്. ഇത്തവണ മഞ്ചേരിയിൽ നമ്മുടെ ടീം സന്തോഷ് ട്രോഫിയിൽ മുത്തമിട്ടു. നമ്മുടെ അഭിമാനവും യശസ്സും ഉയർത്തിപ്പിടിച്ച ടീമംഗങ്ങളെ തീർച്ചയായും അഭിനന്ദിക്കേണ്ടതുണ്ട്. സന്തോഷ് ട്രോഫി ജേതാക്കൾക്ക് നിയമസഭയിൽ ആർ. ശങ്കരൻനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് സ്വീകരണം നൽകിയത്. ടീമിൽ 20 കളിക്കാരാണുണ്ടായിരുന്നത്. കോച്ച്, അസിസ്റ്റന്റ് കോച്ച്, ഗോൾ കീപ്പർ കോച്ച്, മാനേജർ എന്നിവരെയാണ് ആദരിച്ചത്. പക്ഷെ, ആ ടീമിലെ അംഗവും ഫിസിയോ തെറാപ്പിസ്റ്റുമായ ശ്രീ. മുഹമ്മദ് ബട്ലയെ ആ ചടങ്ങിൽ പങ്കെടുപ്പിക്കുകയോ ആദരിക്കുകയോ ചെയ്തില്ല. ടീമിന് ഊർജ്ജം നൽകുന്ന അവിഭാജ്യഘടകമാണ് ഫിസിയോ തെറാപ്പിസ്റ്റ്. കളിക്കളത്തിൽ

ഏതെങ്കിലുമൊരു കളിക്കാരന് പരിക്കുപറ്റുകയോ മറ്റെന്തെങ്കിലും അപകടം സംഭവിക്കുകയോ ചെയ്താൽ  തക്കസമയത്ത് ഇടപെട്ട് ആ കളിക്കാരനെ വീണ്ടും കളിക്കാൻ സജ്ജമാക്കുന്നതിൽ ഫിസിയോ തെറാപ്പിസ്റ്റ് വലിയ പങ്കാണ് വഹിക്കുന്നത്.  ശ്രീ. മുഹമ്മദ് ബട്‌ല സന്തോഷ് ട്രോഫി ടീമംഗങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു. കേരളം സന്തോഷ് ട്രോഫി നേടിയതിലും അദ്ദേഹത്തിന്റെ വലിയ സംഭാവനയുണ്ടായിരുന്നുവെന്ന് നമുക്കെല്ലാമറിയാം. പക്ഷെ അദ്ദേഹത്തെ ആ സ്വീകരണച്ചടങ്ങിൽ പങ്കെടുപ്പിച്ചില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ എവിടെയാണ് വീഴ്ചപറ്റിയതെന്ന് അന്വേഷിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതൊരു വലിയ പാളിച്ചയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ടീമിലെ മറ്റെല്ലാ അംഗങ്ങളെയും പങ്കെടുപ്പിച്ചപ്പോൾ ഇദ്ദേഹത്തെ മാത്രം അവഗണിക്കാനുണ്ടായ കാരണമെന്താണെന്ന് അറിയണം.  ശ്രീ. മുഹമ്മദ് ബട്‌ല എന്റെ മണ്ഡലത്തിൽനിന്നുള്ള ടീമംഗം കൂടിയാണ്.  കാസർഗോഡ് ജില്ലയിൽനിന്നും അഞ്ച് എം.എൽ.എ.മാരുണ്ട്, ഞങ്ങളുടെ സംശയം കാസർഗോഡ് ജില്ലയിൽ ജനിച്ചതുകൊണ്ടാണോ ഈ അവഗണനയെന്നുള്ളതാണ്.  അതുകൊണ്ട് ആർക്കാണോ വീഴ്ചപറ്റിയത് അവർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നും ശ്രീ.

മുഹമ്മദ് ബട്‌ലയ്ക്ക് അർഹമായ അംഗീകാരവും പാരിതോഷികവും നൽകണമെന്നുമാണ് അപേക്ഷിക്കുന്നത്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, മഞ്ചേരിയിൽ നടന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ മത്സരത്തിൽ കേരളം ജേതാക്കളാകുകയും ട്രോഫി നേടുകയും ചെയ്തു. ഫൈനൽ മത്സരത്തിൽ പങ്കെടുത്ത 20 കളിക്കാർക്കും ബന്ധപ്പെട്ട ആളുകൾക്കും പാരിതോഷികം നൽകാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യ പരിശീലകനടക്കം 20 ടീമംഗങ്ങൾക്ക് അഞ്ച് ലക്ഷം രൂപയും അസിസ്റ്റന്റ് പരിശീലകനും മാനേജർക്കും മൂന്ന് ലക്ഷം രൂപയും വീതം നൽകുകയുണ്ടായി. മിഥുൻ. വി, ഹജ്മൽ. എസ് എന്നീ ഗോൾകീപ്പർമാരും സോയൽ ജോഷി, സഞ്ചു. ജി, ബിബിൻ അജയൻ, അജയ് അലക്സ്, മുഹമ്മദ് ഹഫീസ്, സൽമാൻ കല്ലിയത്ത്, മുഹമ്മദ് ബാസിത്. കെ എന്നീ ഡിഫൻഡർമാരും അഖിൽ. പി, ജിജോ ജോസഫ് (ക്യാപ്റ്റൻ), അർജ്ജുൻ ജയരാജ്, നൗഫൽ പി.എം, ഷിജിൽ, ജിജോ ഗിൽബർട്ട്, ഫസിലുർ റഹ്മാൻ എന്നീ മിഡ് ഡിഫൻഡർമാരേയും മുഹമ്മദ് ഫാസിൽ പി. ടി., മുഹമ്മദ് സവാദ്, ജസ്റ്റിൻ ടി. കെ., വിഘ്നേഷ്, വിനോദ് ജോബ് എന്നീ ഫോർവേഡ് കളിക്കാരും

പുരുഷോത്തമൻ (അസിസ്റ്റന്റ് കോച്ച്), മുഹമ്മദ് സലീം (മാനേജർ), സിജി ജോർജ്ജ് (ഗോൾ കീപ്പർ ട്രെയിനി) എന്നീ ടീമംഗങ്ങളും ഉൾക്കൊള്ളുന്ന പേരുവിവരമാണ് പാരിതോഷികം നൽകുന്നതിനായി ശിപാർശചെയ്ത് ലിസ്റ്റ് വന്നിട്ടുള്ളത്. ഇത്രയും വിവരമാണ് ഈ സബ്മിഷനുമായി ബന്ധപ്പെട്ട് നൽകാനുള്ളത്.

**11.54 am]**

## V. റിപ്പോർട്ടുകളുടെ സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) <u>സബ്ജക്ട് കമ്മിറ്റി X-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും</u>

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

(3) <u>സബ്ജക്ട് കമ്മിറ്റി XI-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും</u>

സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

(5) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(6) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീമതി യു. പ്രതിഭ: സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

11.57 am]

VI. **ക്രമപ്രശ്നം**

സഭാരേഖയിൽനിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഉടുമ്പൻചോല മണ്ഡലത്തിലെ അംഗം ബഹുമാനപ്പെട്ട വടകര മണ്ഡലത്തിലെ അംഗത്തിനെതിരായി ഒരു പരാമർശം നടത്തുകയുണ്ടായി. അദ്ദേഹം നടത്തിയ ആ പരാമർശം പിൻവലിക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തെക്കൊണ്ട് നിർബന്ധിപ്പിച്ച് ആ പരാമർശം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട അംഗവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിന് തയ്യാറായില്ല. രണ്ട് പ്രധാനപ്പെട്ട ചോദ്യങ്ങൾ അതിനകത്തുണ്ട്. ഒന്ന്,

സ്ത്രീകൾക്ക് വൈധവ്യം സംഭവിക്കുന്നത് അവരുടെ വിധിയാണെന്ന നിഗമനത്തിലെത്താൻ നമുക്ക് കഴിയുമോ എന്നുള്ളതാണ്. ഒരു പുരോഗമന സംസ്ഥാനമാണ് കേരളം. 'സതി' എന്ന ആചാരത്തിന്റെ അടിസ്ഥാനമെന്താണ്? വൈധവ്യം സ്ത്രീയുടെ വിധിയാണെന്ന കൺക്ലൂഷനാണ്. നമ്മളും ആ രീതിയിൽ ചിന്തിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന് യോജിച്ച കാര്യമാണോ? രണ്ടാമത്തെ കാര്യം, ഇതൊരു കൗരവസഭയല്ല. സ്ത്രീത്വത്തെ അധിക്ഷേപിക്കുന്ന ദുര്യോധനൻമാരും ദുശ്ശാസനൻമാരും അഴിഞ്ഞാടുന്ന ഒരു കൗരവസഭയായി ഈ സഭയെ മാറ്റരുത്. ഇത് കേരള നിയമസഭയാണ്. അതിന്റെ എല്ലാ അന്തസ്സും പാരമ്പര്യവും പൈതൃകവും ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകണം. അതുകൊണ്ട് അദ്ദേഹത്തിന്റെ പരാമർശം പിൻവലിക്കാൻ തയ്യാറാകാത്ത പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട ചെയർതന്നെ റൂൾ 307 അനുസരിച്ച് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി.സ്പീക്കർ: ഇക്കാര്യം പരിശോധനയിലാണ്.

11.59 am]

## VII. ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജലവിതരണവും ശുചീകരണവുമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | |
|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക |

| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 146,69,62,000 | 621,02,00,000 | 293,39,25,000 | 1242,04,00,000 | 1535,43,25,000 |
| XXIX | കൃഷി | 1069,02,08,000 | 97,44,90,000 | 2138,04,17,000 | 194,89,79,000 | 2332,93,96,000 |
| XXXVIII | ജലസേചനം | 145,21,89,000 | 127,33,34,000 | 290,43,78,000 | 254,66,67,000 | 545,10,45,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജല വിതരണവും ശുചീകരണവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡ് പുനരുദ്ധാരണത്തിന് ഫണ്ട് വകയിരുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലനിധി പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അമൃത് പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തീരദേശ

മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി മലയോര ഗ്രാമങ്ങളിൽ ഉൾപ്പെടെ കുടിവെള്ളം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ഓൺലൈനാക്കേണ്ടതും നഗരങ്ങളിലെ കുടിവെള്ളവിതരണം കാര്യക്ഷമമാക്കേണ്ടതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുടിവെള്ള പൈപ്പ് പൊട്ടി ജലം പാഴാകുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലസ്രോതസ്സുകളുടെ മലിനീകരണം തടയാൻ നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വൻകിടസ്ഥാപനങ്ങളിൽനിന്നും വാട്ടർ ചാർജ്ജ് ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിക്ക് ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ്

ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിമൂലം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാട്ടർ മീറ്റർ തകരാർമൂലം അമിത ചാർജജ് ഈടാക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നദിമലിനീകരണം തടയുന്നതിനും എൻ.ജി.ടി നിർദ്ദേശം പാലിക്കുന്നതിനുമുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലാവസ്ഥാ വ്യതിയാനംമൂലം ജലവിഭവത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ ഭൂജല സംപോഷണത്തിന് കർമ്മപദ്ധതി

ആവിഷ്കരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് ആശങ്കകൾ നിലനില്ക്കുന്ന സാഹചര്യത്തിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുല്ലപ്പെരിയാർ ഡാമിന്റെ താഴ്‌വാരത്തുള്ള ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി ഡാമിന്റെ ജലനിരപ്പ് സുരക്ഷിതമായ അളവിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, ശുദ്ധജല വിതരണം എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1535,43,25,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX- കൃഷി

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സി. ആർ. മഹേഷ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിനും യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കർഷകർക്ക് മാന്യമായ വരുമാനം

ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയും വിലസ്ഥിരതയും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റബ്ബർ കർഷകരും പൈനാപ്പിൾ കർഷകരും നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നാളികേരത്തിന്റെ വിലയിടിവ് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നാളികേരത്തിന്റെ വിലയിടിവുമൂലം കർഷകർ അനുഭവിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരതുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൃഷിനാശം നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭത്താലും കാലാവസ്ഥാ വ്യതിയാനം കാരണവും കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുള്ള

നഷ്ടപരിഹാരത്തുക കൃത്യമായി നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തം, വന്യമൃഗ ആക്രമണം എന്നിവമൂലമുണ്ടാകുന്ന കൃഷിനാശത്തിന് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകിവരുന്ന നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലിറങ്ങി കൃഷി നശിപ്പിക്കുന്നതു നിമിത്തം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (വിലയിടിവുമൂലം സാമ്പത്തിക പ്രയാസം നേരിടുന്ന കേര കർഷകരെ സഹായിക്കാൻ പരിധിവയ്ക്കാതെ മുഴുവൻ നാളികേരവും മികച്ച താങ്ങുവില നൽകി സംഭരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പഴം, പച്ചക്കറി വർഗ്ഗങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷികരംഗത്തേയ്ക്ക് വിദ്യാർത്ഥികളെയും യുവാക്കളെയും ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷിക ഉല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണി ഉറപ്പാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (രാസവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിയന്ത്രണം സംബന്ധിച്ച് നിലവിലുള്ള പരീക്ഷണശാലകൾക്ക് അധികമായി സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2332,93,96,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീമതി ഉമ തോമസ്
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. എം. വിൻസെന്റ്
4. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
5. ശ്രീമതി കെ. കെ. രമ

<u>ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം</u>

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000

രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലവർഷവും വെള്ളപ്പൊക്കവും കാരണം ചാലിയാർ നദി കരകവിഞ്ഞ് ഒഴുകി തീരങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടമുണ്ടാകുന്നത് തടയാൻ നദീതീരങ്ങളിൽ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ തീരദേശവാസികൾക്ക് ഉപയോഗപ്രദമാകുംവിധം കടൽസുരക്ഷാ ഭിത്തി നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലാവസ്ഥ വ്യതിയാനമനുസരിച്ച് മാറുന്ന കാർഷിക രീതികൾക്ക് അനുയോജ്യമായ

രീതിയിൽ ജലസേചന സംവിധാനങ്ങൾ ആവിഷ്കരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മലയോര മേഖലയിലെ കാർഷികവൃത്തിക്ക് അനുഗുണമാകുന്ന രീതിയിൽ കൂടുതൽ ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മലയോര കർഷകർക്ക് കാർഷികാവശ്യത്തിനായുള്ള ജലസേചനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ട വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഫലപ്രദമായ രീതിയിൽ

ജലസേചന സംവിധാനങ്ങൾ ആവിഷ്കരിച്ച് കർഷകരെ സഹായിക്കാനും കാർഷിക മേഖലയ്ക്ക് കരുത്തേകാനും കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന സൗകര്യം കൂടുതൽ കൃഷി സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു.എ. ലത്തീഫ് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൂടുതൽ ജലസേചന പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന കനാലുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അന്തർ നദീജല കരാറുകൾ കാലോചിതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കടലാക്രമണ ഭീഷണി നേരിടുമ്പോഴും തീരസംരക്ഷണത്തിനായി ഫലപ്രദമായ

പദ്ധതികൾ ആവിഷ്ക്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കടൽത്തീര ശോഷണം തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളുടെ സംഭരണശേഷി ഉയർത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന വകുപ്പിന്റെ

കീഴിലുള്ള ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (2018-ലെ പ്രളയത്തെ തുടർന്ന് നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും എക്കലും മറ്റ് പാഴ്‌വസ്തുക്കളും നീക്കം ചെയ്തുകൊണ്ട് നദികളുടെ സ്വാഭാവിക ഒഴുക്ക് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മഴക്കാലത്തിനുമുമ്പ് വെള്ളപ്പൊക്ക നിയന്ത്രണ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദികളിൽ അപകടകരമായ അളവിൽ കോളിഫോം ബാക്ടീരിയ ഉള്ളതായി കണ്ടെത്തിയതിനെ തുടർന്ന് തുടർനടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദീതടത്തിലെ ജലവിഭവത്തിന്റെ ലഭ്യതയും ആവശ്യകതയും മനസ്സിലാക്കി കാര്യക്ഷമമായ ഉപയോഗവും വികസന പ്രവർത്തനങ്ങളുടെ സംയോജിത ആസൂത്രണവും

സാധ്യമാക്കുന്നതിനായി നദീതട മാസ്റ്റർ പ്ലാനുകൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 545,10,45,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീമതി ഉമ തോമസ്
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
4. ശ്രീ. സനീഷ്കുമാർ ജോസഫ്
5. ശ്രീ. സി. ആർ. മഹേഷ്
6. ശ്രീമതി കെ. കെ. രമ

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ.കെ. വിജയൻ]

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള

ബഡ്ജറ്റിലെ ശുദ്ധജല വിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. കൃഷി മാനവരാശിയുടെ നിലനിൽപ്പിനാവശ്യമായ ഘടകമാണ്. പണ്ഡിതനെന്നോ പാമരനെന്നോ സമ്പന്നനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ ലോകജനതയ്ക്കും പക്ഷിമൃഗാദികൾക്കും ജീവൻ നിലനിർത്തണമെങ്കിൽ വായുവും വെള്ളവും ഭക്ഷണവും അനിവാര്യമാണ്. ഈ ഭക്ഷണ വിഭവങ്ങളെല്ലാം ഉൽപ്പാദിപ്പിക്കുന്നത് കർഷകരാണ്. മനുഷ്യനാവശ്യമായ നിത്യോപയോഗ വസ്തുക്കളും വ്യവസായങ്ങൾക്കുള്ള അസംസ്കൃത പദാർത്ഥങ്ങളും ഉൽപ്പാദിപ്പിക്കുന്നത് കർഷകരാണെന്നുള്ളത് മനസ്സിലാക്കണം. കർഷകരില്ലെങ്കിൽ ഭൂമുഖത്ത് ജനജീവിതമില്ല എന്നതാണ് വസ്തുത. അപ്പോൾ കർഷകരോടുള്ള സമീപനം എന്താകണം? വിശക്കുന്നവന്റെ മുന്നിൽ അപ്പത്തിന്റെ രൂപത്തിൽ ദൈവം പ്രത്യക്ഷപ്പെടുമെന്നാണ് ചൊല്ല്. അതുകൊണ്ട് ദൈവതുല്യരായി ഈ കൃഷിക്കാരെ കാണാനും ആദരിക്കാനും കഴിയണം. നമ്മുടെ രാജ്യത്തെ അവസ്ഥ പരിതാപകരമാണ്. 1991-ൽ ആഗോളവൽക്കരണ നയം തുടങ്ങിയ നാൾ മുതൽ രാജ്യം ഭരിച്ച കോൺഗ്രസ്സും ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി-യുമെടുക്കുന്ന കർഷകദ്രോഹ നയംമൂലം ലക്ഷക്കണക്കിന്

കൃഷിക്കാർ ആത്മഹത്യയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതിൽനിന്നും വ്യത്യസ്തമായി ഒരു പച്ചത്തുരുത്തുപോലെ നിലനിൽക്കുന്ന ഇടതുപക്ഷം ഭരിക്കുന്ന ഈ കൊച്ചുകേരളത്തിലെ കൃഷിക്കാരുടെ സ്ഥിതി ഇന്ത്യയ്ക്കാകെ മാതൃകയാണ്. കേരളത്തിലെ ഒരു കർഷകനും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കേണ്ട അവസ്ഥയില്ല. സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കർഷകപക്ഷ സമീപനവുമായി സംസ്ഥാനത്തിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് പരമാവധി കൃഷിക്കാരെ സഹായിക്കുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. നമുക്ക് അന്നം തരുന്നവർ നെൽകർഷകരാണ്. നമുക്ക് ആവശ്യമുള്ള അരിയുടെ പകുതിയിൽതാഴെ മാത്രമാണ് കേരളത്തിലെ നെൽവയലുകളിൽനിന്നും ഉൽപ്പാദിപ്പിക്കുന്നത്. ബാക്കി അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുകയാണ്. കേരളത്തിലെ നെൽകർഷകർക്ക് ഒരു കിലോ നെല്ലിന് 28.20 രൂപ അവരുടെ അക്കൗണ്ടിൽ എത്തിച്ചുകൊടുക്കുന്നൊരു സർക്കാരാണ് കേരളത്തിലേത്. മറ്റ് സംസ്ഥാനങ്ങളിൽ 15 രൂപ മുതൽ 18 രൂപ വരെയാണ് ഒരു കിലോ നെല്ലിന് ലഭിക്കുന്ന വില. നെല്ല് സംഭരിക്കാൻപോലും അവിടെ സംവിധാനമില്ല.

നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഏകദേശം ഒരു ലക്ഷം ഹെക്ടർ പാടശേഖരങ്ങൾക്ക് നെൽവിത്ത്, വളം, ജൈവ കീടരോഗ നിയന്ത്രണം എന്നിവയ്ക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ട്. 107.10 കോടി രൂപ നെൽകൃഷി വികസന പദ്ധതികൾക്കായി സർക്കാർ ചെലവഴിച്ചിട്ടുണ്ട്. നെല്ലിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 4.566 ടൺ എന്ന നേട്ടം കൈവരിച്ചത് ശ്രദ്ധേയമാണ്. നാളികേര ഉൽപ്പാദനത്തിന് കേരഗ്രാമം പദ്ധതി വളരെയേറെ പ്രയോജനകരമാണ്. 84 കേരഗ്രാമങ്ങൾ ഇപ്പോൾ നിലവിൽ വന്നിട്ടുണ്ട്. നാളികേര പ്രധാനമായ എല്ലാ പഞ്ചായത്തുകളിലും ഈ പദ്ധതി വ്യാപിപ്പിക്കാനാവശ്യമായ നടപടിയെടുക്കണം. 2024-ഓടെ മുഴുവൻ വീടുകളിലും ശുദ്ധജലമെത്തിക്കാനുള്ള പദ്ധതി സ്വാഗതാർഹമാണ്. മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിക്കായി 5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള രണ്ട് ടാങ്കുകളുടെ നിർമ്മാണവും കുറേയേറെ പൈപ്പ്ലൈനുകളും പൂർത്തീകരിച്ചു. അടിയന്തരമായി പദ്ധതി പൂർത്തീകരിച്ച് ഈ പഞ്ചായത്തുകളിൽ വെള്ളമെത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ 'അമൃത്' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി

പ്രവൃത്തികളുമായി ബന്ധപ്പെട്ട് കാഞ്ഞാണി മുതൽ ചാവക്കാട് വരെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന റോഡുകൾ തകർന്നുകിടക്കുകയാണ്. നാളെ മുതൽ അവിടെ ബസുകൾ സർവ്വീസ് നിർത്തലാക്കാൻ പോകുകയാണ്. വാട്ടർ അതോറിറ്റി അടിയന്തരമായി റോഡുകളുടെ റെസ്റ്റൊറേഷൻ വർക്കുകൾ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് കൈമാറി അവ നന്നാക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണം. കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും പ്രളയജലം പുറത്തേയ്ക്ക് ഒഴുക്കുന്നതിനുംവേണ്ടി 1957-ലെ ഇ.എം.എസ്. സർക്കാരിന്റെ കാലത്ത് പണിത ഏനാമാക്കൽ റെഗുലേറ്ററും നായനാർ സർക്കാരിന്റെ കാലത്ത് പണിത ഇടിയഞ്ചിറ റെഗുലേറ്ററും കാലപ്പഴക്കംമൂലം ദ്രവിച്ചതിനാൽ ഉപ്പുവെള്ളം കയറുകയും പ്രളയജലം പുറത്തേയ്ക്ക് ഒഴുകാതെ വെള്ളക്കെട്ടുണ്ടാകുകയും ചെയ്യുന്നു. ഇത് തൃശ്ശൂർ ജില്ലയിലെ പൊതുവായ പ്രശ്നമാണ്. റെഗുലേറ്ററുകൾ പുതുക്കി പണിയുന്നതിനായി 11 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും ഇതുവരെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തരമായി ഇത് ആരംഭിക്കാനും പൂർത്തീകരിക്കാനുമാവശ്യമായ നടപടിയെടുക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യംവച്ചും പ്രകടനപത്രികയിലെ അറുന്നൂറിന

പരിപാടികൾ നടപ്പാക്കിയും ദുരന്തമുഖങ്ങളിൽ ജനങ്ങളെ സംരക്ഷിച്ചും മുന്നോട്ടുപോയതിൽ പൂർണ്ണ സംതൃപ്തി പ്രകടിപ്പിച്ച കേരള ജനത രണ്ടാംതവണയും ഇടതുപക്ഷ സർക്കാരിനെ അധികാരത്തിലേറ്റുകയുണ്ടായി. ഇവിടത്തെ പ്രതിപക്ഷം ബി.ജെ.പി., ആർ.എസ്.എസ്., എസ്.ഡി.പി.ഐ. തുടങ്ങിയ തീവ്രവാദ വർഗ്ഗീയ സംഘടനകളെ കൂട്ടുപിടിച്ചും ചില മാധ്യമങ്ങളുടെ കുട ചൂടിയും ക്രമസമാധാനം തകർക്കാനുള്ള നടപടികളും സർക്കാരിനെതിരെയുള്ള സമരങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഒരിക്കലുമത് വിജയിക്കാൻ പോകുന്നില്ല. കാരണം, മതനിരപേക്ഷ കേരളം നിങ്ങളുടെ ഈ നെറികെട്ട നീക്കങ്ങളെ ചെറുത്തുതോല്പിക്കുമെന്നത് തർക്കമില്ലാത്ത കാര്യമാണ്. കേരളത്തിന്റെ ഭദ്രമായ ക്രമസമാധാനനില തകർക്കാൻ എത്രയെത്ര സമരാഭാസങ്ങളാണ് പ്രതിപക്ഷം നടത്തിയത്! ക്രമസമാധാനം തകർന്നുവെന്ന് മുറവിളികൂട്ടിക്കൊണ്ട് ബി.ജെ.പി. ഗവൺമെന്റിനോട് ചേർന്ന് ഈ ഗവൺമെന്റിനെ പിരിച്ചുവിടാനാണോ ശ്രമിക്കുന്നത്? ഭരണഘടനയുടെ 356-ാം വകുപ്പുപ്രകാരം 1959-ൽ ജവഹർലാൽ നെഹ്റു ഇടപെട്ട് കേരള ഗവൺമെന്റിനെ പിരിച്ചുവിട്ട അനുഭവങ്ങളുണ്ട്. അങ്ങനെയുള്ള സമരാഭാസങ്ങൾ ഇവിടെ നടന്നുവരികയാണ്. ക്രമസമാധാനം തകർക്കാൻ ശ്രമിക്കുന്ന വർഗ്ഗീയ

തീവ്രവാദ ശക്തികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്ന കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അപകീർത്തിപ്പെടുത്തുന്ന നിലപാടിലേയ്ക്കല്ലേ നിങ്ങൾ പോകുന്നത്; എന്ത് നെറികെട്ട അപവാദ-നുണപ്രചരണങ്ങളാണ് നിങ്ങൾ നടത്തുന്നത്? അപസർപ്പക കഥകളെ വെല്ലുന്ന രീതിയിലുള്ള നുണക്കഥകളല്ലേ നിങ്ങൾ കെട്ടിപ്പൊക്കുന്നത്? ആ കോട്ടകളും കഥകളും ഓരോന്നോരോന്നായി കാറ്റുപോയ ബലൂൺപോലെ തകർന്നടിയുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരായി കൊണ്ടുവരുന്ന ഓരോ നുണപ്രചരണവും അപവാദപ്രചരണവും ചീറ്റിപ്പോകുന്നത് കേരള ജനത കാണുന്നുണ്ട്. ശാരീരികമായി മുഖ്യമന്ത്രിയെ അപകടപ്പെടുത്തുകയെന്ന നിലയിലേയ്ക്കല്ലേ അവസാനം നിങ്ങൾ പോയത്? കുപ്രചാരകർ ഒരുപാടുണ്ട്. ഗാന്ധി ചിത്രം എസ്.എഫ്.ഐ.-ക്കാർ തകർത്തുവെന്ന പ്രചരിപ്പിച്ചു. ഗാന്ധിജിയുടെ പ്രതിമ ചുമരിൽനിന്നും ഇളകി നിലത്തുവീണപ്പോൾ അകത്തുണ്ടായിരുന്നത് കോൺഗ്രസ് നേതാക്കന്മാരാണ്. ആ ഫോട്ടോ പുറത്തുവന്നതോടുകൂടി അതിന്റെ കാറ്റും പോകുന്ന അവസ്ഥയാണ് നമ്മൾ കണ്ടത്. അവസാനം ശാരീരികമായി ആക്രമിക്കാനുള്ള ശ്രമമാണ് നടന്നത്. ഇപ്പോൾ

കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റിനെതിരായി പ്രതിപക്ഷം നടത്തുന്നത് കരയുദ്ധമാണ്, അതിൽ പൂർണ്ണമായും അവർ പരാജയപ്പെടുകയാണ്. ആയുധങ്ങളുടെയെല്ലാം മൂർച്ച പോയി. കരയുദ്ധം തകർന്നടിഞ്ഞപ്പോൾ വ്യോമയുദ്ധത്തിനുള്ള ആഹ്വാനമാണ്. കര-വ്യോമ-നാവിക യുദ്ധങ്ങളാണ് ഇപ്പോൾ നടക്കുന്നത്. പുതിയ വ്യോമസേനാ മേധാവിയുടെ ആഹ്വാനം ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. ആ വ്യോമസേനാ മേധാവി അരുവിക്കര നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ. ശ്രീ. കെ. എസ്. ശബരീനാഥനാണ്. യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന നേതാവ് കൂടിയായ അദ്ദേഹം ഒരു വ്യോമയുദ്ധത്തിന് ഉത്തരവിടുകയാണ് ചെയ്തത്. ചീഫ് മിനിസ്റ്റർ കണ്ണൂരിൽനിന്നും വരുമ്പോൾ രണ്ടുപേർ വിമാനത്തിൽ കയറി കരിങ്കൊടി കാണിക്കണം, അപ്പോൾ മുഖ്യമന്ത്രിക്ക് വിമാനത്തിൽനിന്നും പുറത്തിറങ്ങാൻ കഴിയില്ല, വിമാനത്തിനുള്ളിലെ അക്രമം കളർഫുള്ളും അടിപൊളിയുമാകും എന്നൊക്കെയല്ലേ യൂത്ത് കോൺഗ്രസിന്റെ വാട്സ്ആപ്പ് ഗ്രൂപ്പിൽ സന്ദേശങ്ങൾ വന്നത്? ഡി.സി.സി. ഓഫീസിൽനിന്നാണ് ടിക്കറ്റെടുത്തുകൊടുത്തതെന്ന് പുറത്തുവന്നല്ലോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിക്കാൻ ഒരുക്കിയ നിഗൂഢ പദ്ധതി ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. രണ്ട് യൂത്ത് കോൺഗ്രസുകാർ

വിമാനത്തിൽ പോയത് ആർ.സി.സി.-യിലെ ഏതോ രോഗിയെ കാണാനാണെന്നാണ് പറഞ്ഞത്. അവരെ അറസ്റ്റ് ചെയ്തപ്പോൾ എന്ത് വേവലാതിയാണ് പ്രതിപക്ഷം പ്രകടിപ്പിച്ചത്? ഇപ്പോൾ സത്യം പുറത്തുവരികയാണ്. അവർക്കെതിരെ കേസ്സെടുത്തതിൽ നുണപ്രചരണം നടക്കുകയാണ്. "സത്യം കുളിച്ച് കുറിതൊട്ട് പുറത്തിറങ്ങി വരുമ്പോഴേയ്ക്കും നുണ നൂറുവട്ടം ലോകം ചുറ്റിവരുന്നു" എന്ന പഴഞ്ചൊല്ലിനെ അർത്ഥപൂർണ്ണമാക്കുന്ന വിധത്തിലുള്ള കാര്യങ്ങളാണിവിടെ നടക്കുന്നത്. ഓരോ സംഭവവും അതാണ് കൃത്യമായി കാണിക്കുന്നത്. ഒരു കവിതയുടെ രണ്ടുവരി ഇപ്പോൾ ഓർമ്മവരികയാണ്. രണ്ടായിരത്തഞ്ഞൂറിലേറെ വർഷങ്ങൾക്കുമുമ്പ് ഭക്തമഹാകവി തിരുവള്ളുവർ തിരുക്കുറലിൽ എഴുതിയ രണ്ട് വരികളാണത്.

"ഇടുമ്പൈക്കു ഇടുമ്പൈ പടുപ്പർ

ഇടുമ്പൈക്കു ഇടുമ്പൈ പടാതവർ"

വിജയികളായ നേതാക്കളെ പ്രശ്നങ്ങൾക്കൊരിക്കലും തോൽപ്പിക്കാനാകില്ല; വിജയികളായ നേതാക്കളെ ആര് എതിർത്താലും ഒരു കാരണവശാലും തോൽപ്പിക്കാൻ കഴിയില്ല; അവർ സ്ഥിതിവിശേഷങ്ങളുടെമേൽ ആധിപത്യം സ്ഥാപിക്കുകയും പ്രശ്നങ്ങളെ പരാജയപ്പെടുത്തുകയും ചെയ്യുമെന്നതാണ് ഈ

വരികളുടെ രത്നച്ചുരുക്കം. ഇവിടെ തുടർവിജയമെന്ന കിരീടം ചൂടി നിൽക്കുകയാണ് സഖാവ് പിണറായി വിജയൻ. കേരള ചരിത്രം തിരുത്തിയെഴുതിയും തുടർവിജയ കിരീടം തലയിലണിഞ്ഞും നട്ടെല്ല് നിവർത്തിനിന്ന് ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ചും എല്ലാ അപവാദപ്രചരണങ്ങളെയും ആക്രമണങ്ങളെയും ചെറുത്ത് തോൽപ്പിച്ചും മുന്നോട്ടുപോകുകയാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. നിങ്ങളുടെ ആയുധപ്പുരയിലെ ഒരു ആയുധത്തിനും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കുന്നതാണ് നല്ലത്. അടുത്ത 25 വർഷംകൊണ്ട് കേരളത്തെ മദ്ധ്യവരുമാന രാഷ്ട്രങ്ങളുടെ പട്ടികയിലേയ്ക്ക് കൊണ്ടുപോകാനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. മദ്ധ്യവരുമാന രാഷ്ട്രങ്ങളുടെ പട്ടികയിലേയ്ക്ക് ഇന്ത്യാ രാജ്യത്തെ കൊണ്ടുപോകുകയല്ല; ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിലൊന്നായ കൊച്ചുകേരളത്തെ കൊണ്ടുപോകാനാണ് പരിശ്രമിക്കുന്നത്. അതിനാവശ്യമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. കാർഷികരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുക, തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുക, പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങി കിഫ്ബിയെ പ്രയോജനപ്പെടുത്തിക്കൊണ്ട് നിരവധി കാര്യങ്ങൾ

ചെയ്യുന്നുണ്ട്. പ്രതിപക്ഷ എം.എൽ.എ.-മാർ സ്വന്തം മണ്ഡലങ്ങളിലെ കിഫ്ബിയുടെ നിർമ്മാണ പ്രവർത്തനങ്ങളെയടക്കം എതിർക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നാനാമേഖലകളിൽ ജനോപകാരപ്രദമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. ഓരോ ദുരന്തമുണ്ടായപ്പോഴും പകച്ചുനിൽക്കാതെ ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ് ചെയ്തത്. മറ്റൊരു ഗവൺമെന്റാണ് കേരളത്തിലുണ്ടായിരുന്നതെങ്കിൽ എത്രയോപേർ പ്രളയജലത്തിൽ മുങ്ങിത്താഴുമായിരുന്നു! പ്രളയം, നിപ വൈറസ്, ഓഖി, കോവിഡ് മഹാമാരി എന്നിവയുടെ കാലഘട്ടത്തിൽ ജനങ്ങൾക്ക് അവരുടെ ജീവൻ നിലനിർത്താനാവശ്യമായ എല്ലാ സഹായപദ്ധതികളും പ്രഖ്യാപിക്കുക മാത്രമല്ല അത് വീടുകളിൽ എത്തിച്ചുകൊടുക്കുകയും നെഞ്ചോട് ചേർത്തുപിടിച്ച് അവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തൊരു ഗവൺമെന്റാണിത്. ഭരണപക്ഷക്കാരെ മാത്രമാണോ ശ്രീ. പിണറായി വിജയൻ നെഞ്ചോട് ചേർത്തുപിടിച്ചത്; പ്രതിപക്ഷത്തെയും അവരുടെ പിന്നിലുള്ള ജനവിഭാഗങ്ങളെയും ചേർത്തുപിടിച്ചില്ലേ? കേരളത്തിലെ മൂന്നരക്കോടി മലയാളികളെ നെഞ്ചോട് ചേർത്തുപിടിച്ച് അവർക്കുവേണ്ടി

പ്രവർത്തിക്കുന്ന ഇടതുപക്ഷ സർക്കാരിനെ ഇത്തരം മൂർച്ചപോയ ആയുധങ്ങൾ കൊണ്ടൊന്നും തകർക്കാൻ കഴിയില്ല. ഞങ്ങൾ സ്വപ്നലോകത്താണ്, സ്വപ്നലോകത്തെ ബാലഭാസ്കരന്മാരെപ്പോലെ പെരുമാറും എന്നതാണ് പ്രതിപക്ഷത്തിന്റെ നിലപാട്. ഇത്രയും പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീമതി ഉമ തോമസ്: സർ, സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് മുൾമുനയിൽ നിൽക്കുന്ന മുഖ്യമന്ത്രി നയിക്കുന്ന സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ജനങ്ങൾക്ക് ഉപകാരപ്രദമായ ശിപാർശയൊന്നും ഈ ബഡ്ജറ്റിലില്ല. സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രശ്നങ്ങളും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിനും ജലസംരക്ഷണത്തിനും യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. പ്രകൃതിക്ഷോഭവും കാലാവസ്ഥാ വ്യതിയാനവുംമൂലം കൃഷി നശിച്ച കർഷകർക്ക് വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യമാണ്. സർക്കാരിന്റെ സഹായധനം സാധാരണക്കാരായ കർഷകർക്ക് ലഭിക്കുന്നില്ല. സിൽവർലൈൻ പദ്ധതിക്കുവേണ്ടിയുള്ളതിന്റെ പകുതി താല്പര്യമെങ്കിലും കൃഷിക്കാരുടെ കാര്യത്തിനായി മാറ്റിവയ്ക്കണം. കർഷകരിൽനിന്നും വാങ്ങിവിറ്റ പച്ചക്കറികൾക്ക് ഹോർട്ടികോർപ്പ് ഇതുവരെയും വില നൽകിയിട്ടില്ല.

ഹോർട്ടികോർപ്പിൽ വൻ അഴിമതിയാണ് നടക്കുന്നത്. കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി വാങ്ങുന്നതിനുപകരം കമ്മീഷൻ സ്വീകരിച്ച് മറ്റ് ഏജൻസികളിൽനിന്നും പച്ചക്കറി വാങ്ങിയത് സംബന്ധിച്ച വാർത്തകൾ പുറത്തുവരികയാണ്. പാവപ്പെട്ട കർഷകരുടെ ദുരിതം തീർക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകണം. 'വെള്ളം വെള്ളം സർവ്വത്ര; തുള്ളികുടിപ്പാനില്ലത്രേ', തൃക്കാക്കരക്കാരുടെ സ്ഥിതി ഇന്ന് ഇതാണ്. ഒരു മഴ പെയ്താൽ വെള്ളക്കെട്ടാണ്. നാലഞ്ച് ദിവസം കൂടുമ്പോഴാണ് പൈപ്പിലൂടെ ശുദ്ധജലം ലഭിക്കുന്നത്. ഇതിന് അറുതി വരുത്തണ്ടേ? കേരളത്തിൽ കൂടുതൽ ഫ്ലാറ്റുകളുള്ളതും പൂർണ്ണമായും നഗരപ്രദേശവുമായ നിയോജകമണ്ഡലമാണ് തൃക്കാക്കര. കൊച്ചിൻ കോർപ്പറേഷനിലെ 22 പൂർണ്ണ ഡിവിഷനുകളും 2 ഭാഗിക ഡിവിഷനുകളും തൃക്കാക്കര നഗരസഭയിലെ 43 വാർഡുകളും ചേർന്നതാണ് തൃക്കാക്കര നിയോജകമണ്ഡലം. എന്നാൽ ആവശ്യകതയുടെ നാൽപ്പത് ശതമാനംപോലും കുടിവെള്ളം വിതരണം ചെയ്യാൻ ഇപ്പോൾ സാധിക്കുന്നില്ല. കൊച്ചിൻ കോർപ്പറേഷനിലെ കടവന്ത്ര, ഗിരിനഗർ, പനമ്പിള്ളി നഗർ, ചിലവന്നൂർ, വൈറ്റില, വെണ്ണല, അർക്കക്കടവ് തുടങ്ങിയ പ്രദേശങ്ങളിലും തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ പകുതിയിലധികം പ്രദേശങ്ങളിലും

രൂക്ഷമായ കുടിവെള്ളക്ഷാമമാണ്. ഇത്രയും ജനസാന്ദ്രതയുള്ള പ്രദേശമായിട്ടുപോലും നാല് ദിവസത്തിലൊരിക്കലാണ് തൃക്കാക്കരയിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുന്നത്. തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ കുടിവെള്ള ക്ഷാമത്തിന് ഏക പരിഹാരം ആലുവയിലെ 190 എം.എൽ.ഡി. ജലശുദ്ധീകരണ പ്ലാന്റ് പ്രാവർത്തികമാക്കുകയെന്നതാണ്. വർഷങ്ങൾ കഴിഞ്ഞിട്ടും ഭരണാനുമതി ഘട്ടത്തിലാണ് അത് ഇപ്പോഴും നിൽക്കുന്നത്. ഈ ജലശുദ്ധീകരണശാല പൂർത്തിയാകുന്നതോടുകൂടി തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് 43 എം.എൽ.ഡി. വെള്ളം ലഭിക്കുകയും വെള്ളക്ഷാമത്തിന് ഏതാണ്ട് പരിഹാരമാകുകയും ചെയ്യും. ഇതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തരസഹായം ആവശ്യമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയും മുൻ എം.എൽ.എ.-യും നിരവധി തവണ മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന തെങ്ങോട് ഭാഗത്ത് പ്രത്യേക പദ്ധതി വിഭാവനം ചെയ്യണം. നിലവിൽ ഓലിമുകളിലുള്ള ടാങ്കിനുസമീപം ഒരു പുതിയ ടാങ്ക് കൂടി നിർമ്മിക്കണം, അതിന് സർക്കാരിന്റെ തരിശുഭൂമി ആവശ്യമുണ്ട്. ഇതോടൊപ്പം കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ 20 വർഷത്തിനുമേൽ പഴക്കംചെന്ന വിതരണ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചാൽ അവിടത്തെ ജലക്ഷാമവും

ഇല്ലാതാക്കാൻ കഴിയും. എന്തിനും ഏതിനും പ്രതികരിക്കുന്ന ഒരു വിഭാഗം സാംസ്കാരിക നായകരുടെ പ്രതികരണങ്ങളൊന്നും ഇക്കഴിഞ്ഞ ദിവസങ്ങളിൽ സഭയിലുണ്ടായ അപമാനകരമായ സംഭവങ്ങളിൽ കണ്ടില്ല. 'മഹതി' എന്നോ 'വിധവ' എന്നോ 'വിധി' എന്നോ പറയുന്ന വാക്കുകൾ ഒരിക്കലും അൺപാർലമെന്ററിയല്ല. എന്നാൽ ഈ വാക്കുകളെല്ലാം കോർത്തിണക്കി ഒരു മഹാൻ ഇവിടെ പ്രത്യേക ശരീരഭാഷയോടെ ഈ സഭയിൽ കഴിഞ്ഞദിവസം പറഞ്ഞ വാചകങ്ങൾ തെറ്റാണ്. XXXXXX+

<u>ശ്രീ. വി. ജോയി</u>: സർ, പോയിന്റ് ഓഫ് ഓർഡർ.....ഈ സഭയിൽ എന്തും പറയാവുന്ന സ്ഥിതിയല്ല, എന്ത് വൃത്തികേടും പറയാമെന്നാണോ വിചാരിച്ച് വച്ചിരിക്കുന്നത്; ആവശ്യമില്ലാത്ത കാര്യങ്ങളല്ലേ പറയുന്നത്?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ടി. പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടത് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്. ഇവിടെ പരാമർശിക്കപ്പെട്ട XXXXXXX+ പ്രസംഗിക്കുമ്പോൾ ആവേശംമൂത്ത് എന്തും പ്രസംഗിക്കേണ്ട വേദിയല്ല നിയമസഭ. അതുകൊണ്ട് രേഖയിൽ നിന്ന് അത് മാറ്റണം.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.12895/ഇ.ബി./2022/നി.സെ. തീയതി 19-07-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.12895/ഇ.ബി./2022/നി.സെ. തീയതി 19-07-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

മി. ചെയർമാൻ: പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീമതി ഉമ തോമസ്: സർ, തെറ്റ് തിരുത്താൻ തയ്യാറാകാത്ത മഹാനും അത് ശരിയാണെന്ന് ഊട്ടിയുറപ്പിച്ച മഹാനുഭാവനും കൂടിയായപ്പോൾ എല്ലാം പൂർണ്ണമായി. ഈ സഭയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന ഒരു സമൂഹം പുറത്തുണ്ടെന്നുള്ളത് മറക്കരുത്. എന്റെ ഭർത്താവിന്റെ വിയോഗത്തിനുശേഷവും സഭയ്ക്കുപുറത്ത് ഈ മഹാൻ പറഞ്ഞ വാചകങ്ങൾ ജനം മറന്നിരിക്കില്ലെന്ന് എനിക്കറിയാം. മുഖ്യമന്ത്രിക്കെതിരെ വിമർശനം ഉന്നയിച്ചാൽ കേരളത്തിന്റെ ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്നറിയപ്പെടുന്ന നിയമനിർമ്മാണ സഭയിൽ വനിതാ പ്രതിനിധികളെപ്പോലും അപമാനിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയ ഈ ഭരണസംവിധാനത്തെ എന്തു പേരുപറഞ്ഞ് വിളിക്കും? സീസർ മാത്രമല്ല സീസറുടെ ഭാര്യയും സംശയത്തിനതീതയാകണമെന്ന ശൈലിപോലെ, മുഖ്യമന്ത്രിയെക്കുറിച്ച് ഒരു വ്യക്തി ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ കൈകൾ ശുദ്ധമാണെന്ന് പൊതുജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ബാദ്ധ്യത മുഖ്യമന്ത്രിക്കുണ്ട്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.... സമയം കഴിഞ്ഞു.

ശ്രീമതി ഉമ തോമസ്: സർ, എന്നാൽ ഗുരുതരമായ ആരോപണങ്ങളിൽ

മുങ്ങിനിൽക്കുന്ന മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും മുഖ്യമന്ത്രിയുടെ ഓഫീസും ഓഫീസിലെ സെക്രട്ടറിയുമൊക്കെ വിഷയത്തെ ഗൗരവമുള്ളതായി കണക്കാക്കാതെ ആരോപണങ്ങൾ നിസ്സാരവൽക്കരിച്ച് അതിനെക്കുറിച്ച് കമായെന്ന് മിണ്ടാതെ വിഷയത്തെ വഴിമാറ്റി വിടുകയാണ്. പാർട്ടിയോഗങ്ങളിലും കവലപ്രസംഗങ്ങളിലും മുഖ്യമന്ത്രി 'എന്റെ മടിയിൽ കനമില്ല, അതുകൊണ്ട് വഴിയിൽ പേടിയില്ല' എന്ന് പറഞ്ഞിട്ട് കാര്യമില്ല. ......(മൈക്ക് ഓഫ്)..........

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുകയാണ്. ജലവിഭവ വകുപ്പിൽ കാര്യക്ഷമമായ ഇടപെടലാണുണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷക്കാലം പിന്നിടുമ്പോൾ പന്ത്രണ്ടര ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. ഇന്ത്യയിൽ മികച്ച നിലയിൽ ജൽജീവൻ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിനുവേണ്ടി 39000 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഈ സർക്കാരിന്റെ കാലത്തുതന്നെ എല്ലാ വീടുകളിലും കണക്ഷൻ നൽകുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുമെന്ന കാര്യത്തിൽ

യാതൊരു സംശയവുമില്ല. ഭിന്നശേഷി കുട്ടികളുള്ള വീട്ടിൽ സൗജന്യ കണക്ഷൻ നൽകാനുള്ള നടപടി സ്വാഗതാർഹമാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അതിന്റെ പേരിൽ അഭിനന്ദിക്കുന്നു. അമ്പത് വർഷം പിന്നിട്ട പുനലൂർ കുടിവെള്ള പദ്ധതിവഴി പകുതി വാർഡുകളിൽ കുടിവെള്ളമെത്തുന്നില്ല. എന്നാൽ വെള്ളം ലഭിക്കുന്ന വാർഡുകളിൽത്തന്നെ ആഴ്ചയിലൊരിക്കലാണ് കുടിവെള്ളമെത്തുന്നത്. അവിടെ കപ്പാസിറ്റി കുറവാണെന്ന കാര്യം അങ്ങേയ്ക്കറിയാം. ഒരു കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ സ്ഥലമെല്ലാം അവിടെ ക്രമീകരിച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തരമായി ഇത് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രാജ്യത്തിന്റെ കാർഷിക മേഖലയും കർഷകരും പ്രതിസന്ധി നേരിടുകയാണ്. ഒരുഭാഗത്തെ കേന്ദ്രസർക്കാരിന്റെ കർഷകവിരുദ്ധ നയങ്ങളും മുതലാളിത്ത സമീപനവും മറുഭാഗത്തെ ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും കൃഷി തീർത്തും അസാദ്ധ്യമാക്കിക്കൊണ്ടിരിക്കുകയാണ്. കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്നും സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നൊക്കെയാണ് ബി.ജെ.പി. സർക്കാർ അവകാശപ്പെട്ടത്. കേന്ദ്ര സർക്കാരിന്റെ കർഷകവിരുദ്ധ നിയമങ്ങൾ പാർലമെന്റിൽ

പാസ്സാക്കിയെങ്കിലും രാജ്യത്ത് കർഷകസമൂഹം ഒന്നടങ്കം സമരം നടത്തിയതിന്റെയടിസ്ഥാനത്തിൽ അത് പിൻവലിക്കേണ്ടിവന്നു. രാജ്യത്തെ കോർപ്പറേറ്റുകൾക്കുവേണ്ടി ബി.ജെ.പി. ഗവൺമെന്റ് 11 ലക്ഷം കോടി രൂപയാണ് എഴുതിത്തള്ളിയത്. 3200 കോടി രൂപ എഴുതിത്തള്ളിയാൽ കർഷക സമൂഹത്തിന് ആശ്വാസകരമായ സാഹചര്യമുണ്ടാകും. പക്ഷെ കർഷകവിരുദ്ധ ബി.ജെ.പി. ഗവൺമെന്റ് അത്തരം സമീപനം സ്വീകരിക്കുന്നില്ല. ഈ രാജ്യത്ത് കർഷകവിരുദ്ധ നിലപാടുകൾ ആദ്യം സ്വീകരിച്ചത് കോൺഗ്രസ്സായിരുന്നു. കർഷകവിരുദ്ധ ആഗോളീകരണ നയങ്ങൾ നടപ്പിലാക്കി രാജ്യത്തെ കർഷകരെ ബുദ്ധിമുട്ടിച്ചത് അവരാണ്. രാജ്യത്ത് കോൺഗ്രസ്സ് ഭരണകാലത്ത് നിരവധി കർഷക ആത്മഹത്യകളുണ്ടായത് നമുക്കറിയാം. ബി.ജെ.പി. ഭരണത്തിന് യഥാർത്ഥത്തിൽ വഴിയൊരുക്കിയത് കോൺഗ്രസ്സിന്റെ കർഷകവിരുദ്ധ നിലപാടുകളായിരുന്നു. പഞ്ചാബിൽ ഇപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞു. കർഷകവിരുദ്ധ നിലപാട് സ്വീകരിച്ച കോൺഗ്രസ്സിനെയും ബി.ജെ.പി.-യെയും പഞ്ചാബിലെ ജനങ്ങൾ ദയനീയമായി പരാജയപ്പെടുത്തുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. കർഷകർക്കുവേണ്ടി ഒരു ബദൽ സമീപനമാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ്

സ്വീകരിച്ചത്. രാജ്യത്ത് ആദ്യമായി കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചതും പഴം, പച്ചക്കറിയടക്കമുള്ളവയ്ക്ക് താങ്ങുവില ഏർപ്പെടുത്തിയതും കാർഷിക കടാശ്വാസ കമ്മീഷൻ ശക്തിപ്പെടുത്തിയതും റബ്ബർ കർഷകർക്ക് ധനസഹായം നൽകിയതും നെൽകർഷകർക്ക് സഹായം ഉറപ്പാക്കിയതും കേരളത്തിലാണ്. അതുമാത്രമല്ല, നെല്ല് സംഭരണത്തിന് ഏറ്റവും കൂടുതൽ പണം നൽകുന്ന സംസ്ഥാനവും കേരളമാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകുന്ന നിലപാടുകളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഇവിടെയൊരു ഗവൺമെന്റുണ്ട്. കർഷകരുൾപ്പെടെയുള്ള ജനവിഭാഗങ്ങൾ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ മതിപ്പ് രേഖപ്പെടുത്തിയതുകൊണ്ടാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അധികാരത്തിൽ വരാൻ കഴിഞ്ഞത്. ഈ ഗവൺമെന്റും കേരളത്തിലെ കാർഷികമേഖലയ്ക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. കൃഷി വകുപ്പിന് 881.96 കോടി രൂപയാണ് ഇപ്പോൾ നീക്കിവച്ചിരിക്കുന്നത്. ഇത് കഴിഞ്ഞ തവണത്തേതിനെക്കാൾ കൂടുതലാണ്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയിലൂടെ കാർഷിക മേഖലയിൽ ജനകീയമുന്നേറ്റത്തിന് വഴിയൊരുക്കുന്നതിനുവേണ്ടിയുള്ള സംഘടിത

പ്രവർത്തനങ്ങൾക്കാണ് കൃഷി വകുപ്പ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. രാജ്യത്ത് ആദ്യമായി കാർബൺ തുലിത കൃഷി നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ കൃഷി ഭവനുകൾ സ്മാർട്ടാക്കുന്ന നിലപാടുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ ആത്മാർത്ഥമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്. പ്രകൃതിക്ഷോഭത്തെത്തുടർന്ന് 84.19 കോടി രൂപ ഇതിനോടകം നൽകിക്കഴിഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാകുകയാണ്. ഉരുൾപൊട്ടൽ, വെള്ളത്തിന്റെ കുത്തൊഴുക്ക് ഇതിന്റെയെല്ലാം ഫലമായി ഭൂമിയുടെ ഘടനയിലുണ്ടാകുന്ന മാറ്റത്തെ അതിജീവിക്കാൻ കർഷകർക്ക് കഴിയുന്നില്ല. അതുകൊണ്ട് കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കണം. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയതുപോലെ കാർഷിക മേഖലയുടെ നവീകരണത്തിനും കർഷകരെ സഹായിക്കുന്നതിനുമായി ഒരു ലോട്ടറി

സംവിധാനം ആരംഭിക്കുന്നത് ഗുണപ്രദമായിരിക്കും. ഹോർട്ടികൾച്ചർ മേഖലയിൽ അനന്തമായ സാധ്യതകൾ സംസ്ഥാനത്തുണ്ട്. ഉത്പന്ന സംസ്കരണം, മൂല്യവർദ്ധന, വിതരണശൃംഖലാ വികസനം, വിപണനം തുടങ്ങിയ മേഖലകളിൽ വി.എഫ്.പി.സി.കെ. (Vegetable and Fruit Promotion Council Kerala), ഹോർട്ടികോർപ്പ്, എസ്.എഫ്.എ.സി.(Small Farmers Agri business Consortium) തുടങ്ങിയ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഹോർട്ടികൾച്ചർ മിഷൻ മുൻകയ്യെടുക്കേണ്ടതുണ്ട്. രാജ്യത്തൊമ്പാടും ഹോർട്ടികൾച്ചർ മേഖലയിൽ ക്ലസ്റ്റർ അടിസ്ഥാനമാക്കി വാണിജ്യകൃഷി വൻതോതിൽ മുന്നേറുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യ-പെസഫിക് കരാറിന്റെ പ്രാഥമിക നടപടിക്രമങ്ങൾ രണ്ടാഴ്ചമുമ്പ് പൂർത്തിയായി. ഇതിന്റെ ഫലമായി ഇന്തോനേഷ്യ, വിയറ്റ്നാം, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നെല്ലാം യാതൊരു നിയന്ത്രണവുമില്ലാതെ കാർഷികോത്പന്നങ്ങൾ ഇറക്കുമതി ചെയ്യുമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ് സുപാൽ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്, അക്കാര്യം ഞാൻ ആദ്യമേ സൂചിപ്പിച്ചിരുന്നു. പാലക്കാട് ജില്ലയിലെ മാംഗോ

ക്ലസ്റ്ററും വട്ടവടയിലെ വെജിറ്റബിൾ ക്ലസ്റ്ററുമെല്ലാം മാതൃകാ പദ്ധതികളാണ്. എം.ഐ.ഡി.എച്ച്. (Mission for Integrated Devlopment of Horticulture), ആർ.കെ.വി.വൈ. (Rashtriya Krishi Vikas Yojana) തുടങ്ങിയ പദ്ധതികളുടെ സഹായത്തോടെ കൂടുതൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ തേനീച്ച വളർത്തലുമായി ബന്ധപ്പെട്ടുകൊണ്ട് വലിയ സാധ്യതകളാണുള്ളത്. ഈ രംഗത്തെ കേന്ദ്ര ഏജൻസിയായ നാഷണൽ ഹണി മിഷൻ നോഡൽ ഏജൻസിയായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷനെ തെരഞ്ഞെടുത്തിട്ടുണ്ട്. Horticorp, VFPCK, FAO (Food and Agriculture Organization), KAU (Kerala Agriculture University) തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് ഹോർട്ടികൾച്ചർ മിഷന് നിരവധി പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. ഉദ്യാനകർഷകർ അസംഘടിതരാണ്. വയനാട് അമ്പലവയലിൽ ഹോൾട്ടികൾച്ചർ മിഷൻ സ്ഥാപിക്കുന്ന മികവിന്റെ കേന്ദ്രവുമായി ബന്ധപ്പെടുത്തി സംസ്ഥാനതലത്തിൽ ഉദ്യാന കർഷകരുടെ കൺസോർഷ്യം രൂപീകരിച്ച് പ്രസ്തുത മേഖലയിൽ സമഗ്രമായ പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ

ശാക്തീകരണവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ചെയ്യാനുണ്ട്, കാലാനുസൃതമായ പരിഷ്കരണം ഇവിടെയും അനിവാര്യമാണ്. എം.ഐ.ഡി.എച്ച്.-നുപുറമേ ആർ.കെ.വി.വൈ, പി.ആർ.കെ.വി.വൈ (Paramparagat Krishi Vikas Yojana) ഉൾപ്പെടെയുള്ള കേന്ദ്രപദ്ധതികൾ, ആർ.ഐ.ഡി.എഫ് (Rural Infrastructure Development Fund), ആർ.കെ.ഐ (Rebuild Kerala Initiative), കൃഷി വകുപ്പ് നേരിട്ടുനടത്തുന്ന പദ്ധതികൾ തുടങ്ങിയവയെല്ലാം എസ്.എച്ച്.എം (State Horticutlure Mission) വഴി നടപ്പിലാക്കുകയാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭരണപരമായ ചെലവുകൾക്കായി കാര്യമായ ഒരു സഹായവും ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭിക്കുന്നില്ല. ശരാശരി 5 കോടി രൂപയാണ് നോൺപ്ലാൻ ഇനത്തിൽ ഇപ്പോൾ ലഭ്യമാകുന്നത്. സംസ്ഥാന കൃഷി വകുപ്പിന്റെ പ്രധാന പദ്ധതികൾ നടപ്പിലാക്കുന്ന ഒരു ഏജൻസിയെന്ന നിലയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ഒരു നോൺപ്ലാൻ വിഹിതം ബഡ്ജറ്റിൽത്തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൃഷി വകുപ്പിന്റെ പ്ലാൻ വിഹിതത്തിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കാവുന്നതാണ്. ഹോർട്ടികൾച്ചർ മിഷനുമായി ബന്ധപ്പെട്ട് ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിൽ ആത്മാർത്ഥമായ സമീപനം

സ്വീകരിച്ചതിൽ അങ്ങയെ അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ കുടിശ്ശിക നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. കൃത്യമായി ശമ്പളം കൊടുക്കാനുള്ള പണമുണ്ടെങ്കിലും മാസത്തിന്റെ ആദ്യവാരം ശമ്പളം കൊടുക്കുന്നതിന് തടസ്സമുണ്ടാകുന്ന അവസ്ഥയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുകയും യഥാസമയം ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ശുദ്ധജല വിതരണം, ജലസേചനം തുടങ്ങിയ ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ സംസാരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. രാഷ്ട്രീയമായ ആരോപണ-പ്രത്യാരോപണങ്ങളൊന്നും ഇതിൽ പ്രസക്തമല്ലാത്തതുകൊണ്ട് വിഷയത്തിലൂന്നി നിന്ന് ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കുടിവെള്ളക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ധാരാളം നദികളുണ്ടെങ്കിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്ന കാര്യത്തിൽ നാം ഇപ്പോഴും പിറകിലാണ്. നദികളിലെല്ലാം മാലിന്യം അടിഞ്ഞുകൂടിക്കിടക്കുകയാണ്, കിണറുകളിലും മാലിന്യത്തിന്റെ അളവ് കൂടിക്കൊണ്ടിരിക്കുകയാണ്. കുടിക്കാൻ യോഗ്യമല്ലാത്ത രീതിയിൽ

കിണറുകളിലെ മാലിന്യത്തോത് വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ശുദ്ധജല വിതരണ പദ്ധതികൾ ഫലപ്രദമാക്കി ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ എത്രമാത്രം ഫലപ്രദമായി നടത്താൻ കഴിയുന്നുവെന്ന് നാം പരിശോധിക്കേണ്ടതാണ്. സംസ്ഥാനത്തിന്റേതായി കുറെയേറെ ശുദ്ധജല പദ്ധതികളുണ്ടെങ്കിലും അവയുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്യുമ്പോൾ ഇവയിൽ പലതിന്റെയും പൈപ്പുകൾ കാലപ്പഴക്കംകൊണ്ട് ചോർച്ച നേരിടുന്നുണ്ട്. അവ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കാൻ നമുക്ക് സാധിക്കുന്നില്ല. ഇത്തരം പ്രവർത്തനങ്ങൾക്ക് ഭീമമായ ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. അതുപോലെതന്നെ കുടിവെള്ള കണക്ഷനുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സുകളിലെ ജലത്തിന്റെ അളവ് കുറഞ്ഞുവരുന്നുണ്ട്. മഴക്കാലത്തും അല്ലാത്തപ്പോഴും കുടിവെള്ള പ്രശ്നം രൂക്ഷമായി വരികയാണ്. അതുപോലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിച്ച് കുടിവെള്ള പൈപ്പ്ലൈൻ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ടുണ്ട്. ആവശ്യമായ പണം കെട്ടിവച്ചാൽപ്പോലും റോഡ് മുറിച്ച് പൈപ്പിടാൻ കഴിയാത്ത സാഹചര്യം വരികയാണ്, അഥവാ അങ്ങനെ ചെയ്യാൻ കഴിഞ്ഞാൽത്തന്നെ പ്രസ്തുത റോഡുകൾ പുനഃസ്ഥാപിക്കുന്നതിൽ

കാലതാമസം നേരിടുന്നതും ജനങ്ങളെ ബുദ്ധിമുട്ടിലാക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ജൽജീവൻ പദ്ധതിയുടെയും അമൃത് പദ്ധതിയുടെയുമൊക്കെ ജലസ്രോതസ്സ് നദികൾ തന്നെയാണ്. പക്ഷേ നദികളിലെ ജലത്തെമാത്രം ആശ്രയിച്ചുകൊണ്ട് ഈ പദ്ധതികൾ എത്രകാലം മുന്നോട്ടുകൊണ്ടുപോകാൻ കഴിയും? മാത്രമല്ല, കുടിവെള്ള കണക്ഷനുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഗാർഹിക കണക്ഷനുകളും ജല ഉപഭോഗവും വർദ്ധിക്കുന്നതിന്റെ ഫലമായി സ്രോതസ്സുകളിലെ ജലനിരപ്പ് കുറയുകയാണ്. പദ്ധതി രൂപകൽപ്പന ചെയ്യുമ്പോഴുണ്ടായിരുന്ന പ്രതീക്ഷയ്ക്കനുസരിച്ച് അത് പ്രവർത്തനം തുടങ്ങുമ്പോൾ നദികളിൽ ജലമുണ്ടാകുന്നില്ലെന്നതും യാഥാർത്ഥ്യമാണ്. അങ്ങനെ വരുമ്പോൾ ഏത് പദ്ധതി വന്നാലും അത് ഫലപ്രദമല്ലാതാകുന്ന അവസ്ഥയുണ്ടാകും. പരമ്പരാഗത നിലപാടുകൾക്കപ്പുറത്തേയ്ക്ക് ചിന്തിച്ചുകൊണ്ട് കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ സാധിക്കണം. ഒരു നദിയെ കേന്ദ്രീകരിച്ച് ഒരു വലിയ പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ കിലോമീറ്ററുകളോളം പൈപ്പ്ലൈനുകൾ സ്ഥാപിച്ചാണ് പഞ്ചായത്തുകളിലും നഗരപ്രദേശങ്ങളിലും വെള്ളമെത്തിക്കുന്നത്, ഇത് ഭാരിച്ച ചെലവ് വരുന്നതാണ്. കടൽവെള്ളം

ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പ്രക്രിയ എത്രയോ രാജ്യങ്ങളിൽ ചെയ്യുന്നുണ്ട്. ഒരുപക്ഷേ ആദ്യഘട്ടത്തിൽ കുറച്ചധികം തുക ചെലവഴിക്കേണ്ടതായി വന്നേക്കാം. കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് ഇതുപോലെ നദികളെമാത്രം ആശ്രയിച്ചുകൊണ്ട് കുടിവെള്ള വിതരണം നടത്താൻ എത്രകാലം കഴിയുമെന്ന കാര്യം ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? അതുകൊണ്ട് ഇന്നത്തെ നിലപാടിൽനിന്നും വ്യത്യസ്തമായി കടൽവെള്ളം ശുദ്ധീകരിച്ച് ശുദ്ധജല വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, കുടിവെള്ള പദ്ധതികൾക്കായി സ്ഥലം കണ്ടെത്തുന്നതിനെക്കുറിച്ചാണ്. ജൽജീവൻ, അമൃത് തുടങ്ങിയ പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലമേറ്റെടുത്ത് നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കേരളത്തെ സംബന്ധിച്ച് ഭൂമി ലഭ്യമാക്കുകയെന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. എന്നാൽ ഭൂമി ലഭ്യമാകാതെ പദ്ധതിയുമായി മുമ്പോട്ടുപോകാനും സാധിക്കില്ല. ടാങ്ക് നിർമ്മാണത്തിനടക്കം ആവശ്യമായ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. റവന്യൂ വകുപ്പിന്റെ ഭൂമി ലഭ്യമാണെങ്കിൽ കളക്ടർക്ക് പ്രസ്തുത ഭൂമി ഏറ്റെടുത്ത്

നൽകാമെന്ന് ഗവൺമെന്റ് അടുത്തകാലത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ ഭൂമിയല്ലാതെതന്നെ ജലസേചന വകുപ്പിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുള്ളതും നിലവിൽ അവർ ഉപയോഗിക്കാത്തതുമായ ഭൂമിയും കുടിവെള്ള പദ്ധതികൾക്കായി പഞ്ചായത്തുകൾക്കോ നഗരസഭകൾക്കോ കുടിവെള്ള പദ്ധതി ആവശ്യാർത്ഥം വിട്ടുനൽകുന്നതിനെ സംബന്ധിച്ച് ഒരു നിലപാടെടുത്തെങ്കിൽ മാത്രമേ ഇത്തരം പദ്ധതികൾ ഫലവത്താക്കുന്നതിനും കൂടുതൽ വിപുലപ്പെടുത്തുന്നതിനും കഴിയുകയുള്ളൂ. അതായത്, റവന്യൂ ഭൂമിയോടൊപ്പം മറ്റ് വകുപ്പുകളുടെ കൈവശമുള്ളതും നിലവിൽ അവർക്ക് ഉപയോഗപ്പെടാത്തതുമായ ഭൂമികൂടി കുടിവെള്ള പദ്ധതികൾക്ക് വിട്ടുകിട്ടുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ നന്നമ്പ്ര, എടരിക്കോട് തുടങ്ങിയ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇവിടെയെല്ലാമുള്ള പ്രധാന പ്രശ്നം പഞ്ചായത്തുകളുടെ വിഹിതം വേണമെന്നതാണ്. പഞ്ചായത്തുകളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആവശ്യമായ തനത് ഫണ്ടില്ലാത്ത പല പഞ്ചായത്തുകൾക്കും ഇത്രയും ഭീമമായ തുക കുടിവെള്ള

പദ്ധതികൾക്കായി നീക്കിവയ്ക്കുകയെന്നത് പ്രയാസകരമാണെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് സാമ്പത്തികമായി ബുദ്ധിമുട്ടുന്ന പഞ്ചായത്തുകൾക്ക് ആവശ്യമായ സഹായം ചെയ്തുകൊടുക്കേണ്ടതാണ്. കടലാക്രമണത്തെ നേരിടാൻ ജലസേചന വകുപ്പിന് മതിയായ ഫണ്ടില്ല. പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ തീരപ്രദേശങ്ങളിൽ കടലാക്രമണമുണ്ടായതിനാൽ വലിയ പ്രയാസമനുഭവിക്കുകയാണ്. ഒരു ബറിയൽ ഗ്രൗണ്ടിൽ മൃതദേഹങ്ങൾ ഒലിച്ചുപോയ സാഹചര്യമുണ്ടായി. ഇത്തവണയും അത് ആവർത്തിക്കാൻ പോകുകയാണ്. എസ്റ്റിമേറ്റ് വകുപ്പിലുണ്ടെങ്കിലും ഫണ്ടില്ലെന്നുള്ള മറുപടിയാണ് നൽകുന്നത്. പരപ്പനങ്ങാടിയിൽ ഇപ്പോൾ ഒട്ടുമ്മൽ ബീച്ച്, ചാപ്പപടി, പള്ളി ശ്മശാനം ബീച്ച്, ആലുങ്കൽ ബീച്ച് തുടങ്ങി മൂന്നുനാല് സ്ഥലങ്ങളിലെ സ്ഥിതി ഗൗരവമേറിയതാണ്. കടലാക്രമണം തുടങ്ങിയാൽ അവിടത്തെ ജനപ്രതിനിധിയെന്ന നിലയ്ക്ക് കണ്ടുനിൽക്കാൻ ബുദ്ധിമുട്ടായിരിക്കും. അത്രയ്ക്കും അവിടത്തെ ജനങ്ങൾ പ്രയാസപ്പെടുകയാണ്. അതുകൊണ്ട് കടലാക്രമണത്തിന്റെ രൂക്ഷത മനസ്സിലാക്കി ഒരു പദ്ധതി രൂപീകരിച്ച് ഫണ്ട് നീക്കിവച്ച് സമയബന്ധിതമായി അത് നടപ്പാക്കാൻവേണ്ടിയുള്ള പരിശ്രമമുണ്ടാകണമെന്നാണ് എനിക്ക്

അങ്ങയോട് പറയാനുള്ളത്. അതുപോലെതന്നെ കാർഷിക രംഗം ഇപ്പോൾ മഴയെ ആശ്രയിച്ചുപോകുകയാണ്. എന്റെ മണ്ഡലത്തിൽത്തന്നെ നന്നമ്പ്ര, തുടങ്ങിയ പഞ്ചായത്തുകളിലൊക്കെ നല്ല നെൽപ്പാടങ്ങളാണുള്ളത്. പക്ഷെ അവർക്ക് വെള്ളം ലഭ്യമാക്കാൻ പ്രത്യേക ഇറിഗേഷൻ സ്കീമില്ല. നിലവിലുള്ള കുടിവെള്ള പദ്ധതിയിൽനിന്നാണ് അവർക്ക് വെള്ളം കൊടുക്കുന്നത്. ഇത്തവണ കുടിവെള്ളത്തിന് ക്ഷാമം വന്നപ്പോൾ പല പഞ്ചായത്തുകളും വെള്ളമെടുക്കാൻ അനുവദിച്ചില്ല. അതുകൊണ്ട് നെൽകൃഷിക്ക് ആവശ്യമായ വെള്ളം ലഭിച്ചില്ല. അതിനിടയിൽ അതിവൃഷ്ടിവരികയും ഉണ്ടായിരുന്ന നെല്ല് മുഴുവൻ നാശമാകുകയും ചെയ്തു. അതുകൊണ്ട് കൃഷിനടത്തുന്ന സ്ഥലങ്ങളിൽ അവർക്കാവശ്യമായ വെള്ളം നൽകുന്നതിനുവേണ്ടി ജലസേചന വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കണം. അതുസംബന്ധിച്ചുള്ള പ്രൊപ്പോസൽ ഞങ്ങൾ ജലസേചന വകുപ്പിന് സമർപ്പിച്ചെങ്കിലും ഫണ്ടില്ലെന്നാണ് പറയുന്നത്. ഇക്കാര്യങ്ങളിൽ കൃഷി വകുപ്പുമന്ത്രിയുടെ സഹായം വേണം. ഈ പദ്ധതികൾക്കാവശ്യമായ ഫണ്ട് കണ്ടെത്തണം. അങ്ങ് കുറെ കാര്യങ്ങൾ ചെയ്യുന്നുവെന്ന് എനിക്കറിയാം, ഇല്ലെന്ന് പറയുന്നില്ല. പക്ഷെ ഇറിഗേഷൻ ആവശ്യങ്ങൾക്കുവേണ്ടി ഫണ്ട് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ പദ്ധതികളുമായി മുന്നോട്ടുപോകാൻ കഴിയില്ല. അതുകൊണ്ട് ഇക്കാര്യങ്ങളെ

സംബന്ധിച്ചെല്ലാം ആലോചിച്ച് ആവശ്യമായ ഫണ്ട് ധനകാര്യ വകുപ്പിൽനിന്ന് ലഭ്യമാക്കാൻവേണ്ട ശ്രമമുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, 2022-23-ലെ സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച പ്രിയപ്പെട്ട തൃക്കാക്കര അംഗം മുൾമുനയിൽ നിൽക്കുന്നത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു. ഇപ്പോൾ മുൾമുനയിൽ നിൽക്കുന്നത് നിങ്ങളുടെ യൂത്ത് കോൺഗ്രസ് നേതാവും മുൻ എം.എൽ.എ.-യുമായ ശ്രീ. കെ. എസ്. ശബരീനാഥനാണെന്നുള്ള കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഫ്ലൈറ്റിൽ ആക്രമിച്ചത് ആർ.സി.സി.-യിലേയ്ക്ക് പോയ രണ്ട് യാത്രക്കാരുടെ യാദൃശ്ചികമായ പ്രതികരണമാണെന്ന നിലയിലാണ് ഇവിടെ പറഞ്ഞത്. പക്ഷെ യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന നേതാക്കളുടെ നേതൃത്വത്തിൽ നടന്ന ഗൂഢാലോചനയുടെ ഭാഗമായാണ് മുഖ്യമന്ത്രിക്കുനേരെ ആക്രമണമുണ്ടായതെന്നാണ് ഇപ്പോൾ പുറത്തുവരുന്നത്. അതിനെത്തുടർന്ന് യൂത്ത് കോൺഗ്രസ്സിന്റെ നേതാവും മുൻ എം.എൽ.എ.-യുമായ ശ്രീ. കെ. എസ്. ശബരീനാഥനോട് അന്വേഷണ സംഘത്തിന് മുമ്പാകെ

ഹാജരാകാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. അതുപോലെ ഒരു വിധിയെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ഞങ്ങളുടെ പ്രിയപ്പെട്ട വിദ്യാർത്ഥി നേതാവായിരുന്ന ഇടുക്കി എഞ്ചിനീയറിംഗ് കോളേജിലെ ധീരജ് എന്ന ചെറുപ്പക്കാരന്റെ ഇടനെഞ്ചിലേയ്ക്ക് കഠാര കുത്തിയിറക്കിയത് ഏത് വിധിയുടെ അടിസ്ഥാനത്തിലായിരുന്നുവെന്നും കോൺഗ്രസ് നേതാക്കളുടെയും പ്രതിപക്ഷ നേതാവിന്റെയും മരണപ്പെട്ടുപോയ മുൻ തൃക്കാക്കര അംഗത്തിന്റെയുമൊക്കെ അറിവോടുകൂടിയായിരുന്നോ ആ വിധിയെഴുത്തുണ്ടായതെന്നും അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നില്ല. 2024-25-ഓടുകൂടി കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കുകയെന്നുള്ള പദ്ധതിയുടെ ഭാഗമായാണ് ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നത്. മാതൃകാപരമായി ആ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുവെന്നത് അഭിമാനാർഹമാണ്. പഞ്ചായത്ത് തലത്തിൽ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ വിഹിതം നൽകാൻ കഴിയാത്ത, സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന പഞ്ചായത്തുകളെ സഹായിക്കാൻ പ്രത്യേക കരുതലുണ്ടാകണം. അജ്ഞതകൊണ്ടോ മറ്റോ പലപ്പോഴും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ

പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നൊരു സാഹചര്യമുണ്ട്. ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. ഉയരംകൂടിയ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിനുവേണ്ടി മൈക്രോ സ്കീമുകളാണ് നടപ്പാക്കുന്നത്. അത് നടപ്പാക്കുന്നതിൽ നേരിടുന്ന പ്രയാസങ്ങൾ സമയബന്ധിതമായി പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 2018-ലെയും 2019-ലെയും പ്രളയത്തെത്തുടർന്ന് ചെളിയടിഞ്ഞ് മൺതിട്ടകൾ രൂപപ്പെട്ടതുമൂലം പുഴകൾ ദിശമാറി ഒഴുകുന്നതിനാൽ അതെല്ലാം വർഷാരംഭത്തിനുമുമ്പുതന്നെ നീക്കം ചെയ്യാൻ വകുപ്പ് നടത്തിയ പ്രവർത്തനത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കാർഷിക മേഖലയിൽ ഒന്നാം പിണറായി വിജയൻ സർക്കാർ ആരംഭിച്ച നടപടികൾ മികച്ച നിലയിൽ തുടർന്നുകൊണ്ടുപോകാൻ സാധിക്കുന്നുവെന്നത് അഭിമാനകരമായ കാര്യമാണ്. നെൽവയൽ ഉടമകൾക്ക് റോയൽറ്റിയുള്ള ഏക സംസ്ഥാനം കേരളമാണ്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിൻ ഇന്ന് കേരളത്തിലെ ജനങ്ങൾ വലിയ ആവേശത്തോടുകൂടി ഏറ്റെടുക്കുന്ന കാഴ്ച കാണാൻ കഴിയും. ഇന്ന് രാജ്യത്ത് ഏറ്റവും കൂടുതൽ വിലകൊടുത്ത്, അതായത് 28 രൂപ 20 പൈസയ്ക്ക് നെല്ല്

സംഭരിക്കുന്നത് നമ്മുടെ കൊച്ചുകേരളത്തിലാണ്. സപ്ലൈകോ മുഖാന്തരം 7.65 ലക്ഷം ടൺ നെല്ലാണ് ഈ വർഷം സംഭരിക്കാൻ കഴിഞ്ഞത്. 22515 ഹെക്ടർ തരിശുനിലങ്ങളെ കൃഷിയോഗ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 'വിത്തുമുതൽ വിപണിവരെ' എന്നത് വെറുമൊരു തലവാചകമല്ല, അത് പ്രാവർത്തികമാക്കേണ്ടതാണെന്ന് അക്ഷരാർത്ഥത്തിൽ കാണിച്ചുകൊടുക്കുന്ന നടപടികളാണ് കൃഷിവകുപ്പ് സ്വീകരിക്കുന്നത്. പതിനാറിനം പഴം-പച്ചക്കറികൾക്ക് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ താങ്ങുവില നിശ്ചയിച്ചു. മലയോര മേഖലയിൽ ധാരാളമായുണ്ടാകുന്ന വെള്ളരിക്ക, ഞാലിപ്പൂവൻ പഴം, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയ്ക്കുംകൂടി അടിസ്ഥാനവില നിർണ്ണയിക്കണമെന്ന് കൃഷി വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. പച്ചക്കറി ഉല്പാദനത്തിൽ 2015-16 കാലഘട്ടത്തിൽ 6.28 ലക്ഷം മെട്രിക് ടൺ ഉല്പാദനമാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് 16 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് നീങ്ങി നാം സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുകയാണ്. കേരളം അറിയപ്പെടുന്നതുതന്നെ കേര വൃക്ഷങ്ങളുടെ നാട് എന്നാണ്. കേര കർഷകരെ മുൻപന്തിയിൽ കൊണ്ടുവരാൻവേണ്ടി നടപ്പാക്കിയ 'കേരഗ്രാമം' പദ്ധതി മാതൃകാപരമായി മുന്നോട്ടുപോകുകയാണ്. ഇത്തവണ 84 കേരഗ്രാമങ്ങളാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്.

അതിലൊന്ന് തിരുവമ്പാടി നിയോജകമണ്ഡലത്തിലാണെന്നുള്ളതും ഈ അവസരത്തിൽ ഓർക്കുകയാണ്. നാളികേര കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് 32 രൂപ കൊടുത്ത് തേങ്ങ സംഭരിക്കാൻ സർക്കാർ തീരുമാനിച്ചത്. അത് മാതൃകാപരമായി നടപ്പാക്കാൻ കഴിയുന്നുണ്ടെങ്കിലും അതിലുള്ള ഒരു പോരായ്മ, ഒരു തെങ്ങിൽനിന്നും 50 തേങ്ങയെന്ന നിലയിലാണ് ഇപ്പോൾ സംഭരിക്കുന്നത്. അത് മതിയാകില്ല. മലയോര മേഖലകളിലൊക്കെ ഒരു തെങ്ങിൽനിന്ന് നൂറ് മുതൽ ഇരുന്നൂറ് വരെ തേങ്ങ ലഭിക്കുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ആ രൂപത്തിലേയ്ക്ക് ഈ പദ്ധതിയെ മാറ്റണം. അതുപോലെ വാഴക്കുല സംഭരിക്കുമ്പോഴും സമാനമായ സാഹചര്യമാണുള്ളത്. ഒരു വാഴയിൽനിന്ന് 12 കിലോ എന്ന നിലയിലാണ് സംഭരിക്കുന്നത്. പക്ഷെ മലയോര മേഖലയിലൊക്കെ പതിനെട്ടും ഇരുപത്തിയഞ്ചും കിലോ തൂക്കമുള്ള വാഴക്കുലയുണ്ടാകുന്നുണ്ട്. അതുകൊണ്ട് അതിന്റെ തൂക്കത്തിൽ വർദ്ധന വരുത്തണമെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇൻഷ്വറൻസ് പദ്ധതി മാതൃകാപരമായാണ് നടപ്പിലാക്കുന്നതെങ്കിലും ചില പ്രയാസങ്ങൾ അതുമായി ബന്ധപ്പെട്ടുണ്ടാകുന്നുണ്ട്. മലയോര മേഖലകളിലൊക്കെ ജിയോടാഗ് ചെയ്യുമ്പോൾ റെയിഞ്ചില്ലാത്ത പ്രശ്നമുണ്ടാകുന്നുണ്ട്, സമയബന്ധിതമായി

ഇതിന്റെ വെരിഫിക്കേഷൻ നടത്താൻ കഴിയുന്നില്ല. അഞ്ച് ദിവസംകൊണ്ട് ഫീൽഡ് വെരിഫിക്കേഷൻ പൂർത്തീകരിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ അപേക്ഷകൾ കൂടുതലായി വരുമെന്നതിനാൽ അഞ്ച് ദിവസംകൊണ്ട് വെരിഫിക്കേഷൻ പൂർത്തീകരിക്കാൻ കഴിയില്ല. അതുകൊണ്ട് നാണ്യവിളകളുടെ വെരിഫിക്കേഷന് കുറച്ചുദിവസംകൂടി ദീർഘിപ്പിച്ചുകൊടുക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. മറ്റൊരു കാര്യം, ഇൻഷ്വറൻസ് തുകയുടെ പോരായ്മയാണ്. തെങ്ങിന് 200 രൂപ, കമുകിന് 300 രൂപ, ജാതിക്കയ്ക്ക് 800 രൂപ, കുരുമുളകിന് 150 രൂപ, വാഴയ്ക്ക് 100 രൂപ, റബ്ബറിന് 300 രൂപ എന്ന നിലയിലാണ് ഇപ്പോൾ സഹായം കൊടുത്തുകൊണ്ടിരിക്കുന്നത്. സമയബന്ധിതമായി സഹായം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലുണ്ടാകുന്ന ദുരിതത്തെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഞങ്ങളുടെയൊക്കെ മേഖലയിൽ എട്ട് വർഷം പരിപാലിക്കുമ്പോഴാണ് ഒരു തെങ്ങ് കായ്ക്കുന്നത്. ഒരു മനുഷ്യന്റെ അധ്വാനം മുഴുവൻ ആ ഭൂമിയിൽ ചെലവഴിക്കണം. പ്രകൃതിക്ഷോഭത്തിന്റെയോ വന്യമൃഗ ആക്രമണത്തിന്റെയോ ഭാഗമായി കൃഷിനാശം സംഭവിച്ചാൽ തക്കതായ നഷ്ടപരിഹാരം കൊടുക്കാൻ കഴിയുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രത്യേക ശ്രദ്ധ ചെലുത്തി

അതിനുള്ള തുക വർദ്ധിപ്പിക്കാൻ തീരുമാനിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മലയോര മേഖലയിലെ കർഷകരുടെ സ്ഥിതി അതിദയനീയമാണ്. കഴിഞ്ഞ ദിവസം എന്റെ നാട്ടിൽ കാട്ടാനയുടെ ആക്രമണമുണ്ടായതിനെത്തുടർന്ന് കൃഷിയിടങ്ങൾ സന്ദർശിക്കാൻ പോയപ്പോൾ വനത്തോട് ചേർന്നുകിടക്കുന്ന അഞ്ചും പത്തും ഏക്കർ സ്ഥലം കാടുപിടിച്ച് കിടക്കുന്നതാണ് കണ്ടത്. കാട്ടാനയെ ഓടിക്കാൻ കഴിയുന്നില്ല, അവ ഈ കാട്ടിൽത്തന്നെ മറഞ്ഞുനിൽക്കുകയാണെന്നാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നത്. എന്തുകൊണ്ടാണ് കാട് വെട്ടിത്തെളിക്കാത്തതെന്ന് ചോദിക്കുമ്പോൾ അതിനുള്ള വരുമാന സ്ഥിതിയില്ലെന്നും കൂലിപ്പണിക്ക് പോയാണ് നിത്യചെലവുകൾ നടത്തുന്നതെന്നുമാണ് കർഷകർ പറയുന്നത്. അത്തരത്തിൽ കർഷകന്റെ ദയനീയ സ്ഥിതിയാണ് അവിടെ കാണാൻ കഴിയുന്നത്. ഇത്തരം വനമേഖലകളിൽ കാടുപിടിച്ച് കിടക്കുന്ന കൃഷിയിടങ്ങൾ വെട്ടിത്തെളിക്കുന്നതിന് നേരത്തെ തൊഴിലുറപ്പ് പദ്ധതിയുണ്ടായിരുന്നെങ്കിലും ഇപ്പോൾ അതില്ല. തദ്ദേശസ്വയംഭരണം/ കൃഷി/വനം വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ഇത്തരം മേഖലകളിൽ കാട് വെട്ടിത്തെളിക്കുന്നതുകൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന്

അഭ്യർത്ഥിക്കുകയാണ്.

കേരളത്തിൽ വലിയ വിഷയമായി വരാൻ പോകുന്ന അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ തുടങ്ങിയവയ്ക്ക് 5 ശതമാനം നികുതി വർദ്ധിപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തെറ്റായ നിലപാട് സംബന്ധിച്ചാണ് സൂചിപ്പിക്കാനുള്ളത്. വീണ്ടും വില വർദ്ധനയുണ്ടാകാൻ പോകുകയാണ്. വില വർദ്ധന പിടിച്ചുനിർത്താൻ സംസ്ഥാന സർക്കാർ കഠിന പരിശ്രമം നടത്തുമ്പോഴും കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായി വില അനുദിനം വർദ്ധിച്ചുവരുന്നത് വലിയ പ്രതിസന്ധിയുണ്ടാക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്കൊപ്പം ഏത് പ്രതിസന്ധിഘട്ടത്തിലും നിൽക്കുന്ന സർക്കാരിനെ ഇകഴ്ത്തിക്കാട്ടാനുള്ള ബോധപൂർവ്വമായ പരിശ്രമം ചില മാധ്യമങ്ങൾ നടത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര മന്ത്രിയായ ശ്രീ. അനുരാഗ് സിംഗ് ഠാക്കൂർ മാധ്യമ മേധാവികളുമായൊരു യോഗം കോഴിക്കോട് ചേരുകയുണ്ടായി. വരാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ സീറ്റുകൾ നേടുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തുവെന്നാണ് മനസ്സിലാകുന്നത്. അതിന്റെ ഭാഗമായി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്തുന്ന വാർത്തകൾ ദൈനംദിനം കൊടുക്കുകയാണ്. വിശപ്പടക്കാൻ കഴിയാതെ മഞ്ഞത്തോട് ആദിവാസി

കോളനിയിലെ ഓമന എന്ന സഹോദരി ചക്ക തിന്നുന്നുവെന്ന വാർത്ത കൊടുത്ത് നുണ പ്രചരിപ്പിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് പുറത്തുവന്നപ്പോൾ അവിടെ ധാരാളം ധാന്യങ്ങളുണ്ടെന്ന് കാണാൻ കഴിഞ്ഞിരുന്നു. പഞ്ചായത്ത് ജീവനക്കാരന് ശമ്പളമില്ല, അദ്ദേഹം കൂലിപ്പണിക്ക് പോകുന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തെറ്റായ വാർത്ത കൊണ്ടുവന്ന് ഈ സഭയിൽ പ്രസംഗിക്കുകയാണ്. ഇത്തരത്തിൽ അടിസ്ഥാനരഹിതമായ വാർത്ത കൊടുത്ത് സംസ്ഥാന സർക്കാരിനെ അസ്ഥിരപ്പെടുത്തുകയാണ് മാധ്യമങ്ങളുടെ ലക്ഷ്യം. കേരളത്തിലെ ഏറ്റവും മാതൃകാപരമായ പദ്ധതിയാണ് കെ-ഫോൺ. ആ പദ്ധതിക്ക് ഐ.എസ്.പി. (Internet Service Provider) ലൈസൻസ് കിട്ടിയപ്പോൾ വാർത്ത കൊടുക്കാൻ കേരളത്തിലെ മാധ്യമങ്ങൾ തയ്യാറാകുന്നില്ല. ലോകത്ത് കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളിലൊന്നായി കേരളത്തെ അടയാളപ്പെടുത്തുമ്പോൾ അത് കാണാനും മാധ്യമങ്ങൾ തയ്യാറായില്ല. മറിച്ച് ആദിവാസികളുടെ ഭൂമി കയ്യേറി അവിടെയുണ്ടായിരുന്ന കുടിലുകൾ കത്തിച്ച പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ മുഖ്യമന്ത്രിയുടെ ഗൂഢാലോചനയാണോയെന്ന് ചോദിക്കുന്ന നിലയിലേയ്ക്ക് മാധ്യമങ്ങൾ തരംതാഴ്ന്നുപോകുന്ന അവസ്ഥയാണുള്ളത്. ആ വാർത്തകൾ പൊക്കിപിടിച്ച്

സഭയിൽ വലിയ പ്രക്ഷോഭം നടത്താൻവേണ്ടിയാണ് പ്രതിപക്ഷം തയ്യാറാകുന്നത്. മാധ്യമങ്ങളെ കൂട്ടുപിടിച്ച് ആർ.എസ്.എസ്.-ന്റെ അജണ്ട നടപ്പിലാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിന്റെ ഭാഗമായി ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാകുമെന്നുമാത്രം പ്രതിപക്ഷത്തോട് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ജീവൻ നിലനിർത്താൻ വായുവും വെള്ളവും ഭക്ഷണവുമാണ് അത്യന്താപേക്ഷിതം. ഇതിൽ വായുവിന് പ്രത്യേകിച്ച് വകുപ്പും മന്ത്രിയുമൊന്നും ആവശ്യമില്ല. വെള്ളവും ഭക്ഷണവുമായി ബന്ധപ്പെട്ട രണ്ട് വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് ഇന്നിവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഈ സന്ദർഭത്തിൽ ഈ രണ്ട് കാര്യങ്ങളിലും നാളിതുവരെ കൈവരിച്ച നേട്ടങ്ങളെല്ലാം ബഹുദൂരം മുന്നോട്ടുനയിക്കാൻ പര്യാപ്തമായ നിലയിൽ സമ്പൂർണ്ണതയും സമഗ്രതയും മുന്നിൽവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ രണ്ടു വകുപ്പുകളും ആവിഷ്കരിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങളിലൂടെ ജലവിഭവ വകുപ്പ് കേരളത്തിലെ എഴുപത് ലക്ഷം കുടുംബങ്ങളിലും

കുടിവെള്ളമെത്തിക്കാനുള്ള ചരിത്രപരമായ നേട്ടത്തിലേയ്ക്കുള്ള യാത്രയിലാണ്. കൃഷി വകുപ്പിന്റെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നുള്ള അത്യുജ്ജ്വലമായ കർമ്മപരിപാടിയിലൂടെ ഈ നാടിനെയാകെ ഭക്ഷ്യസുരക്ഷയിലേയ്ക്കും സുരക്ഷിതമായ ഭക്ഷ്യസംസ്കാരത്തിലേയ്ക്കും കർഷകന് വരുമാനത്തിലേയ്ക്കും എത്തിച്ചേരാനുള്ള ദിശാബോധമുള്ള പദ്ധതികൾക്ക് തുടക്കംകുറിച്ച് നല്ല നിലയിൽ മുന്നോട്ടുപോകുകയാണ്. ഈ രണ്ട് വകുപ്പുകളുടെയും പ്രവർത്തനത്തെ അങ്ങേയറ്റം അഭിനന്ദിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളൊക്കെ ശ്രദ്ധേയമാണെന്ന് എല്ലാവരും അംഗീകരിക്കുന്നതാണ്. സംസ്ഥാനത്തിന്റെ തീരദേശത്ത് കാലങ്ങളായി കടലാക്രമണത്താൽ ദുരിതം പേറിയിരുന്ന ചെല്ലാനംപോലുള്ള ഏകദേശം 65 കിലോമീറ്റർ പ്രദേശത്ത് സംരക്ഷണത്തിന്റെ കവചമൊരുക്കാൻ ഈ ഗവൺമെന്റിനും ജലവിഭവ വകുപ്പിനും ചുരുങ്ങിയ സമയംകൊണ്ട് കഴിഞ്ഞിരിക്കുന്നു. കേരളം ഇന്നൊരു സുരക്ഷിത തീരമായി മാറുന്നു. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം മുമ്പുണ്ടായിരുന്ന പത്ത് ലക്ഷം കണക്ഷനുകൾ കൂടാതെ ഒരു വർഷംകൊണ്ട് പതിനേഴ് ലക്ഷം ഗാർഹിക കണക്ഷനുകൾകൂടി നൽകാൻ കഴിഞ്ഞു.

അതിവേഗം സമ്പൂർണ്ണതയിലേയ്ക്ക് അതായത്, എഴുപത് ലക്ഷം കുടുംബങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതുമായി ബന്ധപ്പെട്ട് മുമ്പ് സംസാരിച്ചവർ ചൂണ്ടിക്കാണിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ട വിഹിതത്തിന്റെ കാര്യത്തിൽ വകുപ്പിന്റെ സഹായമുണ്ടാകണം. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പതിനഞ്ച് ശതമാനം തുക വകയിരുത്താൻ കഴിയാത്ത സാഹചര്യമുണ്ട്. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഫെയർ വാല്യുവിനൊപ്പം അധികമായി മുപ്പത് ശതമാനം പരമാവധി നൽകാമെന്നാണ് ഇപ്പോഴത്തെ നിബന്ധന. പക്ഷേ ഫെയർ വാല്യൂ പലയിടത്തും മുൻകാലത്ത് നിശ്ചയിച്ചതും മാർക്കറ്റ് വാല്യുവുമായി പൊരുത്തപ്പെടാത്തതുമായതുകൊണ്ട് 30 ശതമാനമെന്നത് 50 ശതമാനമാക്കിയെങ്കിലും വർദ്ധിപ്പിച്ചാൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജൽജീവൻ മിഷന്റെ പ്രവർത്തനത്തിനാവശ്യമായ പമ്പ് ഹൗസും ടാങ്കും ട്രീറ്റ്മെന്റ് പ്ലാന്റുമൊക്കെ സ്ഥാപിക്കാനാവശ്യമായ സ്ഥലമേറ്റെടുക്കാൻ കഴിയുകയുള്ളൂ. അതുപോലെ വാട്ടർ അതോറിറ്റി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന അദാലത്ത് അഭിനന്ദനാർഹമാണ്. അത് കാര്യക്ഷമമായി നടത്തിയാൽ

കുടിശ്ശികകളാകെ പരിഹരിക്കാൻ കഴിയും. അതുപോലെ ജലം മലിനപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ശുദ്ധജലം ഉറപ്പാക്കുന്നതിനായി കോളിഫോം ബാക്ടീരിയയുടെ അളവുൾപ്പെടെ പരിശോധിക്കാനുള്ള ലാബുകൾ വ്യാപകമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജലവിഭവ വകുപ്പ് നടത്തുന്ന നദിശുചീകരണമടക്കമുള്ള പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നു. കൃഷി വകുപ്പ് കാർഷിക മേഖലയിലെ യന്ത്രവത്കരണത്തിന് ഊന്നൽ നൽകണം. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കൃഷി പ്രതിസന്ധിയിലാകുമ്പോൾ മാറുന്ന കാലാവസ്ഥയുടെ സ്ഥിതിഗതികൾ വിലയിരുത്തി അതിനനുസൃതമായി ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണയോടുകൂടിയ കാർഷിക രീതികളും സമീപനങ്ങളും അവലംബിക്കാൻ കർഷകരെ പ്രാപ്തരാക്കുന്നതിന് കൃഷി വകുപ്പ് ഇടപെടണം. 'സുഭിക്ഷ കേരളം' അടക്കമുള്ള പദ്ധതികൾ മാതൃകാപരമായി നടത്തുന്നതിനെ പ്രത്യേകം അഭിനന്ദിക്കുന്നു. കേന്ദ്ര സർക്കാർ കുറെയേറെ വാക്കുകൾ നിരോധിച്ചതായി അറിയുകയുണ്ടായി. ഫാസിസം അതിന്റെ വിശ്വരൂപം കാണിക്കുന്നതിന്റെ ലക്ഷണങ്ങളാണത്. അപലപനീയമായ കാര്യങ്ങളെ എതിർക്കുന്നതും വിമർശിക്കുന്നതും ഉൾക്കൊള്ളാതെ അസഹിഷ്ണുതയുടെ മൂർത്തരൂപമായി

മാറുകയാണ്. ഇന്ന് രാഷ്ട്രപതി തെരഞ്ഞെടുപ്പ് നടക്കുകയാണ്. നമ്മളിൽ പലരും വോട്ട് ചെയ്തിട്ടുണ്ട്, ഇനി വോട്ട് ചെയ്യാനുള്ളവരുമുണ്ട്. ഇത്തരം ഫാസിസ്റ്റ് നയങ്ങൾക്കെതിരായ ഈ രാജ്യത്തിന്റെ പ്രതിഷേധം അവിടെ പ്രകടമാകുമെന്ന് പ്രത്യാശിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സമഗ്രതയിലേയ്ക്കും ഭക്ഷ്യസുരക്ഷിതത്വത്തിലേയ്ക്കും സമ്പൂർണ്ണ കുടിവെള്ളമെത്തിക്കലിലേയ്ക്കുമുള്ള ജലവിഭവ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും ശ്ലാഘനീയവും മാതൃകാപരവുമായ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ആത്മാർത്ഥമായി പിന്തുണയ്ക്കുകയും ചെയ്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാർ പറഞ്ഞ പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട സ്ഥലങ്ങളെ സംബന്ധിച്ചാണ്. ഈ സ്ഥലങ്ങൾ പൂർണ്ണമായും പഞ്ചായത്ത് ഏറ്റെടുത്ത് കൊടുക്കണമെന്നുള്ളതാണ് നിബന്ധന. അതിന്റെ പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് അങ്ങേയ്ക്കുതന്നെ അറിയാവുന്നതാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലെ ചോദ്യോത്തരവേളയിൽ സാമൂഹിക ഇടപെടലുകളിലൂടെ സ്ഥലം കണ്ടെത്തണമെന്ന നിർദ്ദേശമാണ് അങ്ങ്

മുന്നോട്ടുവച്ചത്. പല പഞ്ചായത്തുകളും സ്ഥലം കണ്ടെത്തുന്നതിൽ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വ്യവസായ വകുപ്പുമന്ത്രി എറണാകുളം ജില്ലയിൽ ജൽജീവൻ മിഷനുകളുടെ റിവ്യൂ മീറ്റിംഗ് നടത്തിയപ്പോൾ ഭൂമി ലഭ്യമായ ഇടങ്ങളിൽ വർക്കുകൾ ടെണ്ടർ ചെയ്യണമെന്നാണ് തീരുമാനിച്ചത്. എന്നാൽ പത്ത് ദിവസം പിന്നിട്ടിട്ടും അതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതായത്, ഭൂമി ലഭ്യമായ സ്ഥലങ്ങളിൽപ്പോലും ടെണ്ടർ നടപടികളിലേയ്ക്ക് നീങ്ങാൻ ഡിപ്പാർട്ടുമെന്റിന് സാധ്യമായിട്ടില്ല. ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലും സർക്കാരിന്റെ ഇടപെടലുണ്ടാകണം, കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകണം. ഇക്കാര്യത്തിൽ കളക്ടർമാർക്ക് വ്യക്തമായ തീരുമാനമെടുക്കാൻ സാധിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ജൽജീവൻ മിഷൻവഴി ഗ്രാമീണമേഖലയിലെ എല്ലാ പ്രദേശങ്ങളിലും വെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവെന്ന് നിങ്ങൾ അവകാശപ്പെടുമ്പോഴും കൃത്യമായ തുടർനടപടികളുണ്ടാകണമെന്ന് സൂചിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. ഡിപ്പാർട്ടുമെന്റിന്റെ കെടുകാര്യസ്ഥതയെക്കുറിച്ച് പറയുന്നതിനുവേണ്ടി എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അഞ്ചൽപ്പെട്ടി-പാമ്പാക്കട റോഡ് സ്ഥിരമായി

പൈപ്പ് പൊട്ടുന്ന പ്രദേശമാണ്. ആ പ്രദേശത്തെ പൈപ്പ് ലൈൻ മാറ്റുന്നതിനുവേണ്ടി ഞാൻ ഇടപെട്ട് ഒരുവർഷം മുൻപ് തുക അനുവദിച്ചെങ്കിലും ടെണ്ടർ ചെയ്യുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി എം.ഡി. ഓഫീസിൽ ചെന്നപ്പോൾ ടി പ്രവൃത്തി ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തുമെന്ന് പറഞ്ഞ് അനുമതി നിഷേധിക്കുകയാണുണ്ടായത്. ആ പൈപ്പ് വീണ്ടും പൊട്ടി വലിയ ഗർത്തമുണ്ടാകുകയും അഞ്ച് കോടി രൂപ ചെലവഴിച്ച് റീ-ടാർ ചെയ്ത റോഡ് മുഴുവൻ തകർന്നിരിക്കുകയുമാണ്. ഡിപ്പാർട്ടുമെന്റിന്റെ കെടുകാര്യസ്ഥതമൂലമുണ്ടായ ദുരനുഭവമാണിത്. കോ-ഓർഡിനേഷന്റെ അഭാവം അവിടെയുണ്ടെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 2018-ലെ പ്രളയത്തിനുശേഷം മൂവാറ്റുപുഴയാറിന്റെ തീരം സംരക്ഷിക്കുമെന്നത് ഞാൻ നിയമസഭയിൽ ഉന്നയിച്ച വിഷയത്തിന് നൽകിയ മറുപടികളിലൊന്നാണ്. പക്ഷേ 50 ശതമാനം തീരംപോലും ഇപ്പോഴും സംരക്ഷിക്കപ്പെട്ടിട്ടില്ല. മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് ഫണ്ടിന്റെ അപര്യാപ്തതയുണ്ടെന്നാണ് പറയുന്നത്. അക്കാര്യത്തിൽ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൃഷിയുമായി ബന്ധപ്പെട്ട് പ്രധാനമായി വരുന്നത് കൃഷിനാശം സംബന്ധിച്ച പ്രശ്നങ്ങളാണ്. കൃഷിനാശമുണ്ടാകുമ്പോൾ മതിയായ നഷ്ടപരിഹാരം നൽകാൻ

സാധിക്കുന്നില്ല. കൂടുതൽ തുക ബഡ്ജറ്റിൽ ആവശ്യപ്പെടുന്നുവെന്നാണ് അങ്ങ് മറുപടി പറഞ്ഞത്. ആവശ്യമായ തുക ലഭ്യമാകുന്നില്ലെന്നത് വസ്തുത തന്നെയാണ്. കാറ്റത്തും മറ്റും നശിച്ചുപോകുന്ന കുലച്ച വാഴയ്ക്ക് 100 രൂപയും കുലയ്ക്കാത്ത വാഴയ്ക്ക് 75 രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. കുലയ്ക്കാത്ത വാഴ എന്നുപറയുമ്പോൾ ചിലപ്പോഴത് കുലയ്ക്കാറായതായിരിക്കും, പക്ഷേ അത് വീണുകഴിഞ്ഞാൽ 75 രൂപയേ നൽകുകയുള്ളൂ. ഇതുസംബന്ധിച്ച കാര്യങ്ങൾ അങ്ങ് മറുപടിയിൽ പറയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനകത്ത് അശാസ്ത്രീയമായ പല നടപടികളുമുണ്ട്. ജാതിക്കയുടെ കാര്യത്തിലും ഇതേ അവസ്ഥയാണുള്ളത്. ഇവിടെ മഴയെയും ജലസേചനത്തെയും ആശ്രയിച്ചുള്ള കൃഷികൾക്ക് വ്യത്യസ്ത നിരക്കുകളിലാണ് നഷ്ടപരിഹാരത്തുക കൊടുക്കുന്നത്. ഇത് അവ്യക്തവും അശാസ്ത്രീയവുമായതിനാൽ നഷ്ടപരിഹാരത്തുക കാലോചിതമായി വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. കഴിഞ്ഞ ദിവസങ്ങളിൽ കുന്നത്തുനാട്, മൂവാറ്റുപുഴ താലൂക്കുകളിലെ വിവിധ പ്രദേശങ്ങളിൽ വ്യാപക കൃഷിനാശമുണ്ടായി. അതിന്റെ റിപ്പോർട്ടിംഗ് കൃത്യമായ രീതിയിൽ നടത്താനും അതിന്റെയടിസ്ഥാനത്തിൽ യഥാസമയം നഷ്ടപരിഹാരം കൊടുക്കാനുമുള്ള നടപടികളുണ്ടാകണം. ഹോർട്ടികോർപ്പിനെ സംബന്ധിച്ചുള്ള

ആക്ഷേപം തുടർച്ചയായി വന്നുകൊണ്ടിരിക്കുകയാണ്. മിക്ക സാമാജികരും ഇതിനുമുമ്പ് ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പിന് തമിഴ്നാട്ടിൽനിന്നും പച്ചക്കറി സംഭരിക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറികൾക്ക് തുക നൽകാൻ കാലതാമസമുണ്ടാകുന്നുവെന്നും തമിഴ്നാട്ടിൽനിന്ന് സംഭരിക്കുന്നുവെന്നുമുള്ള ആക്ഷേപങ്ങളുണ്ട്. നെൽകൃഷിയുടെ കാര്യങ്ങളിലടക്കം കൂടുതൽ ഇടപെടൽ ആവശ്യമാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കേണ്ടതുണ്ട്. വിവിധ പാടശേഖരങ്ങളുടെ നവീകരണത്തിന് പരിഗണന നൽകണമെന്നും നെൽകൃഷി വ്യാപിപ്പിക്കാനും കർഷകരെ ചേർത്തുനിർത്താനുമുള്ള പ്രായോഗിക സമീപനം സ്വീകരിക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കൃഷി, ജലസേചനം, ശുദ്ധജലവിതരണം എന്നീ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. രാജ്യത്തെ ജനസംഖ്യയിൽ 50 ശതമാനം പേരും കാർഷികവൃത്തിയെ ആശ്രയിക്കുന്നവരാണ്. 1991 മുതൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ

നരസിംഹറാവുവും ഡോ. മൻമോഹൻസിംഗും നടപ്പിലാക്കിയ ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി കർഷക ജീവിതം ദുരിതക്കയത്തിലായി. കഴിഞ്ഞ മൂന്ന് ദശകങ്ങൾക്കിടയിൽ ഏകദേശം നാല് ലക്ഷം കർഷകർ ആത്മഹത്യചെയ്തിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1991-നുശേഷം കേന്ദ്ര ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്കുള്ള വിഹിതം പടിപടിയായി കുറയ്ക്കുകയാണ്. നമ്മുടെ രാജ്യത്തെ കാർഷികോല്പാദനത്തിൽ ഭക്രാനംഗൽ പോലുള്ള വൻകിട ജലസേചന പദ്ധതികൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. 1991-നുശേഷം ഇതുപോലുള്ള വൻകിട പദ്ധതികളൊന്നും രാജ്യത്ത് നടപ്പിലാക്കിയിട്ടില്ല. വളം, വിത്ത്, കീടനാശിനികൾ, വെള്ളം, വൈദ്യുതി എന്നീ രംഗങ്ങളിൽ കൃഷിക്കാർക്ക് നൽകിയിരുന്ന സബ്സിഡി മുഴുവനും പടിപടിയായി വെട്ടിക്കുറയ്ക്കുന്ന സാഹചര്യമാണുള്ളത്. ഉല്പാദനച്ചെലവ് വൻതോതിൽ വർദ്ധിക്കുകയാണ്. എല്ലാ വർഷവും വിളവെടുപ്പ് കാലത്ത് ഉല്പന്നങ്ങളുടെ വിലയിടിവ് അനുഭവപ്പെടുകയാണ്. ഇതിന്റെയെല്ലാം ഫലമായി കാർഷികമേഖല സമ്പൂർണ്ണമായി തകർന്നിരിക്കുന്നു. ആഗോളവത്കരണത്തിന്റെ ഭാഗമായി നിരവധി സ്വതന്ത്ര വ്യാപാര കരാറുകളിൽ കേന്ദ്ര സർക്കാർ ഒപ്പിട്ടിട്ടുണ്ട്. ആസിയാൻ കരാർ ഒപ്പിടുന്ന ഘട്ടത്തിൽ കേരളീയർ ഒറ്റക്കെട്ടായി

കേരളത്തിന്റെ സമ്പദ്ഘടന തകരുമെന്ന് പറഞ്ഞപ്പോൾ അന്നത്തെ ഭരണകക്ഷി നേതാക്കൾ പറഞ്ഞത് കേരളത്തിലെ കൃഷിക്കാരുടെ കൈകളിൽ നേരിട്ട് ഡോളറുകൾ എത്താൻ പോകുകയാണെന്നാണ്. അനാവശ്യ സമരമെന്നാണ് അവർ ഇതിനെ വിശേഷിപ്പിച്ചത്. അന്ന് കേരളത്തിലെ കർഷകർ ഉയർത്തിയിരുന്ന മുദ്രാവാക്യങ്ങൾ ശരിയാണെന്നാണ് ഇന്നത്തെ അനുഭവങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. റബ്ബർ, കൊപ്ര, വെളിച്ചെണ്ണ, പാമോയിൽ തുടങ്ങിയവ പുതിയ കരാറിന്റെ ഭാഗമായി നമ്മുടെ കമ്പോളങ്ങളിലേയ്ക്ക് ഒഴുകിയെത്തി. ശ്രീലങ്കൻ പിണ്ണാക്കുപോലും നമ്മുടെ കടകളിൽ കിട്ടുന്ന സാഹചര്യമാണ് ഇപ്പോഴുള്ളതെന്നറിയാം. റബ്ബർ, നാളികേരം, കുരുമുളക് എന്നിവയ്ക്ക് തുടർച്ചയായി വിലത്തകർച്ചയുണ്ടായി. കോൺഗ്രസ്സ് ആവിഷ്കരിച്ച നവഉദാരവത്കരണ നയത്തിന്റെ ഭാഗമായി നമ്മുടെ കർഷകർ പാപ്പരായി. ഇതെല്ലാം കേന്ദ്രത്തിലെ കോൺഗ്രസ്സ് സർക്കാർ കർഷകർക്ക് നൽകിയ സംഭാവനകളാണ്. കോൺഗ്രസ്സ് നടപ്പിലാക്കിയ കർഷകവിരുദ്ധ നയങ്ങൾ കുറെക്കൂടി ശക്തമായ രീതിയിൽ നടപ്പിലാക്കി മുന്നോട്ടുപോകുകയാണ് ബി.ജെ.പി. സർക്കാർ. രാജ്യത്തെ കാർഷികമേഖല മുഴുവൻ കോർപ്പറേറ്റുവൽക്കരിക്കുകയാണ്. മൂന്ന് കർഷകവിരുദ്ധ നിയമങ്ങൾ

പാർലമെന്റിൽക്കൂടി അടിച്ചേൽപ്പിക്കുന്നത് നാം കണ്ടു. എന്നാൽ ഐതിഹാസികമായ സമരത്തിനുമുമ്പിൽ ശ്രീ. നരേന്ദ്ര മോദിക്ക് മുട്ടുമടക്കേണ്ടിവന്നു. ഇപ്പോൾ ഒത്തുതീർപ്പ് വ്യവസ്ഥകൾ കാറ്റിൽപ്പറത്തി പ്രതികാര നടപടികളുമായി മുന്നോട്ടുപോകുകയാണ്. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ആശ്വാസമാകുന്നൊരു പദ്ധതിപോലും കേന്ദ്ര കാർഷിക ബഡ്ജറ്റിൽ കാണാൻ സാധിക്കില്ല. ലാഭകരമായ വില ഉറപ്പുവരുത്തുന്ന സംഭരണം, വായ്പ എഴുതിത്തള്ളൽ തുടങ്ങിയ കർഷകരുടെ ആവശ്യങ്ങൾ പൂർണ്ണമായും അവഗണിച്ചു. എന്നാൽ കർഷകവിരുദ്ധ കേന്ദ്ര നയങ്ങൾക്ക് ബദലായി കർഷകക്ഷേമ പദ്ധതികൾ കേരളം നടപ്പിലാക്കി. ഇടതുപക്ഷ സർക്കാർ എന്നെല്ലാം അധികാരത്തിൽ വന്നിട്ടുണ്ടോ അന്നെല്ലാം കർഷകക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 1957-1967 കാലഘട്ടത്തിൽ സമഗ്ര ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതിലൂടെ ലക്ഷക്കണക്കിന് കുടിയാന്മാർക്ക് സ്ഥിരാവകാശം ലഭിച്ചു. കുടികിടപ്പുകാർക്ക് 10 സെന്റ് സ്ഥലത്തിന്റെ അവകാശം ലഭ്യമാക്കി. 1980-ൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തി. പ്രത്യുല്പാദനപരമല്ലാത്ത കാര്യത്തിനുവേണ്ടി പണം ചെലവഴിക്കുന്നുവെന്ന് പറഞ്ഞ് അപ്പുറത്തിരിക്കുന്നവർ പരിഹസിച്ച പദ്ധതിയാണത് എന്നുകൂടി നാം

ഓർക്കണം. കർഷക ആത്മഹത്യകൾ യു.ഡി.എഫ്. ഭരണത്തിൽ വ്യാപകമായി നടന്നത് നമുക്കെല്ലാം ഓർമ്മയുണ്ട്. തുടർന്നുവന്ന എൽ.ഡി.എഫ്. സർക്കാർ കർഷക കടാശ്വാസ നിയമം നടപ്പിലാക്കി. രാജ്യത്താകെ മാതൃകാപരമായൊരു നിയമമായി ഇതുമാറി. ഈ സർക്കാരിന്റെ കാലത്ത് 100 കോടി രൂപയാണ് കർഷക കടാശ്വാസ നിയമപ്രകാരം കൃഷിക്കാർക്ക് നൽകിയിട്ടുള്ളതെന്നത് അഭിമാനകരമാണ്. കർഷകന്റെ ചിരകാല ആവശ്യമായിരുന്ന കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നു. 11735 കർഷകർ ഇതിൽ രജിസ്റ്റർ ചെയ്തു. 5000 രൂപവരെ പെൻഷൻ ലഭിക്കാനുള്ള സാധ്യതയാണ് ഇതുവഴി ഉണ്ടായിട്ടുള്ളത്. പ്രകൃതിക്ഷോഭത്താലോ വന്യമൃഗ ആക്രമണത്താലോ കൃഷിനാശമുണ്ടായാൽ ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നതിന് പ്രത്യേകമായി ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പെടുത്തി. കാട്ടുപന്നികളെ വെടിവച്ച് കൊല്ലാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് കൃഷിക്കാർക്ക് ആശ്വാസമായി മാറി. കാട്ടുപന്നിയെപ്പോലെ വ്യാപകമായി കൃഷിനാശം വരുത്തുന്ന മറ്റൊരു കാട്ടുമൃഗമാണ് മുള്ളൻപന്നി. മുള്ളൻപന്നിയെ വെടിവച്ചും കെണിവച്ചും കുഴിവച്ചും നശിപ്പിക്കാനുള്ള സൗകര്യം കൃഷിക്കാർക്കുണ്ടാകണം. ദയവുചെയ്ത് മാംസം കഴിച്ചുമൂടാൻ പറയരുത്,

മുള്ളൻപന്നിയുടേത് സ്വാദിഷ്ടമായ മാംസമാണെന്നാണ് മനസ്സിലാക്കുന്നത്. ഒരു പരിഷ്കൃത സമൂഹത്തിൽ ഭക്ഷ്യയോഗ്യമായ മാംസം കഴിച്ചുമൂടാൻ പറയുന്നത് യോജിച്ച നടപടിയല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമുണ്ടാകണം. ആവശ്യക്കാർക്ക് കൊടുത്താൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതൊരു വരുമാനമായി മാറും. ഇക്കാര്യത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർദ്ദേശമുണ്ടാകണമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. കാർഷിക മേഖലയിലെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് നിരവധി പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിവരുന്നത്. പതിനാറിനം പച്ചക്കറികളുടെ തറവില സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. നെല്ലിന് കേന്ദ്രം 19.20 രൂപ തറവില പ്രഖ്യാപിച്ചപ്പോൾ 28.20 രൂപയാണ് കേരളം പ്രഖ്യാപിച്ചത്. കേരഗ്രാമം, സുഭിക്ഷ കേരളം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചു. തരിശുകൃഷി വ്യാപകമാക്കി. കാർഷിക മേഖലയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യം മനസ്സിലാക്കാൻ ബഡ്ജറ്റിലൂടെ കണ്ണോടിച്ചാൽ മതി. ഈ വർഷം കൃഷി വകുപ്പിനുള്ള അടങ്കൽത്തുക 881.96 കോടി രൂപയാണ്. ഇത് മുൻവർഷത്തേക്കാൾ 48 കോടി രൂപ കൂടുതലാണെന്ന് കാണാം. കാർഷിക മേഖല സ്വകാര്യ കമ്പനികൾക്ക് തീറെഴുതിക്കൊടുക്കുന്ന സമീപനം രാജ്യത്ത്

നിലനിൽക്കുമ്പോഴാണ് കേരളത്തിൽ പൊതുമേഖലയിൽ പൊതുവിഹിതം വർദ്ധിപ്പിച്ചുകൊണ്ട് കാർഷിക വളർച്ചയും കർഷക ക്ഷേമവും ഉറപ്പുവരുത്തുന്നത്. ഇതൊരു ഇടതുപക്ഷ ബദലാണ്. ഇതെല്ലാം മറച്ചുപിടിച്ചിട്ട്, കേരള സർക്കാർ കർഷകരെ അവഗണിക്കുന്നുവെന്ന് വരുത്തിത്തീർക്കാൻവേണ്ടി മുഖ്യധാരാ മാധ്യമങ്ങളുടെ സഹായത്തോടുകൂടി യു.ഡി.എഫ്. സംഘടിത പ്രചാരണം നടത്തുന്നുണ്ടെന്ന് നാം കാണേണ്ടതാണ്. കൃഷി ഭവനുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 140 മണ്ഡലങ്ങളിലും സ്മാർട്ട് കൃഷി ഭവൻ ആരംഭിക്കുന്നു. 140 സ്മാർട്ട് കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് കാർബൺ ന്യൂട്രൽ കൃഷി അന്തിമഘട്ടത്തിലാണ്. കൃഷി ഭവനിലെ വിദഗ്ദ്ധരായ കൃഷി ഓഫീസർമാർക്ക് പലപ്പോഴും കൃഷിയിടങ്ങളിലും കൃഷിക്കാർക്കിടയിലുമിറങ്ങി പ്രവർത്തിക്കാനുള്ള സന്ദർഭങ്ങൾ ലഭിക്കുന്നില്ല. സബ്സിഡികൾ കൊടുക്കുന്നതിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും കുടുങ്ങി അവർ ക്ലാർക്കിന്റെ ജോലി ചെയ്യാൻ നിർബന്ധിക്കപ്പെടുന്നുണ്ട്. സ്മാർട്ട് കൃഷി ഭവൻ വരുന്നതോടുകൂടി ഇക്കാര്യത്തിലൊരു മാറ്റം വേണം. കൃഷി ഓഫീസർമാർക്കും അസിസ്റ്റന്റുമാർക്കും പൂർണ്ണമായും അവരുടെ പ്രവൃത്തി സമയം കൃഷിയിടങ്ങളിലും കൃഷിക്കാർക്കൊപ്പവും ചെലവഴിക്കാൻ

കഴിയേണ്ടതുണ്ട്. നെൽകർഷകർക്ക് ഉൽപ്പാദന ബോണസ് ഹെക്ടറിന് ആയിരം രൂപ അനുവദിച്ചു. ചരിത്രത്തിലാദ്യമായി നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് മൂവായിരം രൂപ റോയൽറ്റി ഏർപ്പെടുത്തിയത് സ്വാഗതാർഹമായ നടപടിയാണ്. 2019-20-ൽ നെൽവയൽ വിസ്തൃതി 191051 ഹെക്ടറായിരുന്നത് 2020-21-ൽ 201865 ഹെക്ടറായി ഉയരുകയുണ്ടായി. നെല്ലുൽപ്പാദന രംഗത്തും ഈ മാറ്റം നമുക്ക് കാണാൻ കഴിയും. നെല്ലിന്റെ ഉൽപ്പാദനക്ഷമത 2019-20-ൽ 3073 കിലോഗ്രാമായിരുന്നെങ്കിൽ 2020-21-ൽ 3105 കിലോഗ്രാമായി വർദ്ധിച്ചു. പച്ചക്കറി ഉൽപ്പാദന രംഗത്ത് വൻ മുന്നേറ്റമുണ്ടായി. 15.7 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിച്ചു. നാളികേര കൃഷി 2019-20-ൽ 760776 ഹെക്ടറായിരുന്നത് 2020-21-ൽ 768809 ഹെക്ടറായി ഉയർന്നു. എന്നാൽ നാളികേര ഉൽപ്പാദനം 2019-20-ൽ 4814 ദശലക്ഷം ടണ്ണായിരുന്നത് 2020-21-ൽ പുറകോട്ട് പോയതായാണ് കാണാൻ കഴിയുന്നത്. നാളികേര മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കീടരോഗബാധ, വിലയിടിവ് ഇതെല്ലാം നാളികേര മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 32 രൂപയ്ക്ക് പച്ചത്തേങ്ങ ശേഖരിക്കാനുള്ള തീരുമാനം അങ്ങേയറ്റം സ്വാഗതാർഹവും ആശ്വാസകരവുമാണ്. പക്ഷേ നാളികേരം ഉല്പാദന കേന്ദ്രങ്ങളിൽ

ശേഖരിക്കാനുള്ള സംവിധാനം വ്യാപകമായിട്ടില്ല. അതുകൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വ്യാപകമായി നാളികേരം ശേഖരിക്കാനുള്ള നടപടികളുണ്ടാകണം. ഇന്ന് നാട്ടിൻപുറങ്ങളിൽ കർഷകർ ഒരു കിലോ തേങ്ങ 22 രൂപയ്ക്കാണ് വിൽക്കുന്നത്. അതായത്, ഒരു നാളികേരത്തിന് എട്ടോ ഒമ്പതോ രൂപ മാത്രമാണ് ലഭിക്കുന്നത്. 1993-94 കാലത്ത് ഒരു പച്ചത്തേങ്ങ ടൗണിൽ കൊണ്ടുപോയി കൊടുത്താൽ ആറ് രൂപ ലഭിക്കുമായിരുന്നു. അന്ന് ഒരു കിലോ അരിക്ക് മൂന്ന് രൂപയാണ്. ഒരു തേങ്ങ കൊടുത്താൽ രണ്ട് കിലോ അരി ലഭിക്കുന്ന കാലമുണ്ടായിരുന്നു. ഇന്ന് രണ്ട് കിലോ അരി ലഭിക്കണമെങ്കിൽ എത്ര നാളികേരം നൽകേണ്ടിവരും? അരി വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഒരു തേങ്ങയ്ക്ക് കുറഞ്ഞത് 80 രൂപയെങ്കിലും ലഭിക്കണം. എണ്ണയുടെ അംശം ഏറ്റവും കൂടുതലുള്ളത് കുറ്റ്യാടി തേങ്ങയ്ക്കാണ്. WCT ഇനത്തിൽപ്പെട്ട ആ തെങ്ങിനെ സംരക്ഷിക്കാൻ സ്പെഷ്യൽ പാക്കേജുണ്ടാകണം. അല്ലെങ്കിൽ ആ മേഖല തകർന്നുപോകും. കുറ്റ്യാടി തേങ്ങയും തെങ്ങിൽ തൈയും ബ്രാൻഡ് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കണം. വിത്തുതേങ്ങ ശേഖരിച്ച് ദൂരത്തുള്ള നഴ്സറികളിൽ കൊണ്ടുപോയാണ് മുളപ്പിക്കുന്നത്. അതത് മേഖലകളിൽത്തന്നെ നഴ്സറികളുണ്ടാക്കിയാൽ ചെലവ് കുറയ്ക്കാനും മെച്ചപ്പെട്ട

രൂപത്തിൽ മുന്നോട്ടുപോകാനും കഴിയും. അതുകൊണ്ട് ഇക്കാര്യംകൂടി പരിഗണിക്കണം. കുറ്റ്യാടി ജലസേചന പദ്ധതി അപകടകരമായ സ്ഥിതിയിലാണെന്ന കാര്യം നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വലതുകര കനാൽ പൊട്ടിപ്പൊളിഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി യുദ്ധകാലാടിസ്ഥാനത്തിൽ ഇടപെടുകയും താൽക്കാലിക പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിൽ സമഗ്ര പുനരുദ്ധാരണ പ്രവർത്തനമുണ്ടായില്ലെങ്കിൽ അത് ചരിത്രത്തിന്റെ ഭാഗമായി മാറുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് അത്തരം കാര്യങ്ങൾ പ്രത്യേകം പരിഗണിക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ]**

ശ്രീമതി യു. പ്രതിഭ: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളായ ശുദ്ധജലവിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നിവയെ പിന്തുണയ്ക്കുന്നു. ഇന്ന് പാർലമെന്റിൽ വർഷകാല സമ്മേളനം തുടങ്ങുകയാണ്. വർഷകാല സമ്മേളനത്തിൽ ജനദ്രോഹപരമായ ഒട്ടനവധി ബില്ലുകൾ പാസ്സാക്കിയെടുക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നുവെന്നതാണ് ശ്രദ്ധേയമായ കാര്യം. കേരളത്തിൽ

ജീവിക്കുന്ന നമ്മൾ ഭാഗ്യമുള്ളവരാണ്. കാരണം, നമ്മുടെ ഭരണഘടന പറയുന്ന അവകാശങ്ങളൊക്കെ അങ്ങനെതന്നെ ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകാൻ നമുക്ക് കഴിയുന്നുവെന്നതും ജനാധിപത്യത്തെ അട്ടിമറിക്കാതെ ഏറ്റവും ഭംഗിയായി ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് വികസനക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന ഒരു ഭൂമിക ഇന്ന് ഇന്ത്യാ മഹാരാജ്യത്ത് കേരളമാണ് എന്നതും ഏറെ അഭിമാനകരമാണ്. തലയുയർത്തി നിന്നുകൊണ്ട് ധൈര്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് ഇന്ത്യയിലെ ഏറ്റവും മികച്ച ഗവൺമെന്റായി കേരളത്തിലെ ഗവൺമെന്റ് മാറിയിരിക്കുന്നുവെന്നതും അഭിമാനത്തോടെ ചൂണ്ടിക്കാണിക്കുകയാണ്. ഏറ്റവും ശ്രദ്ധേയമായ മൂന്ന് വിഷയങ്ങളാണ് ഇന്ന് ചർച്ചയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൃഷിയും ശുദ്ധജലവിതരണവും ജലസേചനവും ശുചിത്വവുമെല്ലാം മനുഷ്യജീവന്റെ നിലനിൽപ്പിന്റെ ഭാഗമാണ്. ഇതെല്ലാംതന്നെ പരസ്പര പൂരകങ്ങളുമാണ്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിൽത്തന്നെ കാർഷിക മേഖലയിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിരുന്നുവെന്ന കാര്യം നമ്മളിവിടെ ഒരുപാട് തവണ ചർച്ച ചെയ്തതാണ്. ആവർത്തന വിരസതയുണ്ടാകുമെങ്കിലും പറയാം. നമ്മുടെ ഗവൺമെന്റ് അധികാരത്തിൽ

വരുമ്പോൾ ഏകദേശം 1.97 ലക്ഷം ഹെക്ടറായിരുന്ന നെൽകൃഷി. ഇവിടെ ഒരു പുതിയ അംഗം പറഞ്ഞ എല്ലാ കാര്യങ്ങൾക്കും മറുപടി പറയുന്നില്ല. കാരണം, കൂടുതൽ ദിവസം സഭയിൽ വരുമ്പോൾ അദ്ദേഹത്തിന് കാര്യങ്ങൾ കുറച്ചുകൂടി മനസ്സിലാകും. എന്താണ് മുൻ ഗവൺമെന്റുകളിൽനിന്ന് ഇടതുപക്ഷ ഗവൺമെന്റിന്റെ വ്യത്യാസമെന്നും എന്തൊക്കെയാണ് ചെയ്തിരുന്നതെന്നും മനസ്സിലാകും. ജില്ലാ പഞ്ചായത്തിലൊക്കെ കാർഷിക മേഖലയ്ക്ക് യാതൊരു പ്രാധാന്യവും യു.ഡി.എഫ്. ഗവൺമെന്റ് നൽകിയിരുന്നില്ലെന്നത് നമുക്കെല്ലാം അനുഭവമാണ്. ഇക്കാര്യം ഒരുപക്ഷേ ബഹുമാനപ്പെട്ട ചെയറിനുതന്നെ അറിയാമായിരിക്കും. ശ്രീമതി കാനത്തിൽ ജമീല എം.എൽ.എ.-യും ബഹുമാനപ്പെട്ട ചെയറും ഞാനുമൊക്കെ അടങ്ങുന്ന അന്നത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ടീമിനെ ഓർക്കുന്നുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. അന്ന് നമ്മുടെ പദ്ധതി പ്രവർത്തനങ്ങൾ ഓർക്കുന്നില്ലേ; കൃഷിക്ക് വിഹിതമൊന്നുമുണ്ടായിരുന്നില്ല. കൃഷിക്ക് വിഹിതം വച്ചില്ലെങ്കിലും പദ്ധതി നടക്കുമായിരുന്നു. കൃഷിക്ക് പ്രാധാന്യം കൊടുക്കണം, നൂറ് രൂപയുണ്ടെങ്കിൽ കൃഷിക്ക് ഇത്ര രൂപ ചെലവഴിച്ചേ മതിയാകൂവെന്ന് നിർബന്ധിതമായി വകയിരുത്തുന്ന ഒരു ഗവൺമെന്റാണിത്. കൃഷിയെപ്പറ്റി ചിന്തിക്കാത്ത ഒരു നാട്ടിൽ കൃഷിയുടെ

റിസൾട്ടുണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയില്ലല്ലോ. ഒന്നാം പിണറായി വിജയൻ ഗവൺമെന്റ് വന്നപ്പോൾ 1.97 ലക്ഷം ഹെക്ടറായിരുന്ന നെൽകൃഷി 2.31 ലക്ഷം ഹെക്ടറിലേയ്ക്ക് ഉയർത്തിയെന്നുമാത്രമല്ല അഞ്ച് വർഷത്തിനുള്ളിൽ അമ്പതിനായിരം ഏക്കർ തരിശുനിലങ്ങളിൽ കൃഷിയിറക്കാൻ കഴിഞ്ഞുവെന്നത് നേട്ടം തന്നെയാണ്. അതുപോലെ അക്കാലത്ത് 6 ലക്ഷം മെട്രിക് ടണ്ണായിരുന്ന പച്ചക്കറി കൃഷിയെങ്കിൽ ഒന്നാം പിണറായി സർക്കാർ 5 വർഷം പൂർത്തിയാക്കിയപ്പോൾ 15 ലക്ഷം ടണ്ണായി പച്ചക്കറി കൃഷി വർദ്ധിപ്പിക്കാൻ സാധിച്ചു. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ഇന്ത്യയിലാദ്യമായി നെൽകർഷകർക്ക് ഹെക്ടർ ഒന്നിന് 2000 രൂപ വീതം റോയൽറ്റി കൊടുക്കാൻ കഴിഞ്ഞു. 2022-23 കാലഘട്ടത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ഏറ്റവും ശ്രദ്ധേയമായ പദ്ധതി ഭംഗിയായി നടപ്പിലാക്കാൻ കഴിഞ്ഞു. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ഓണാട്ടുകരയുടെ പ്രതിനിധികൂടിയാണ്. അതുപോലെതന്നെ 'കൃഷിക്കൂട്ടങ്ങൾ' എന്ന ആശയത്തിലൂടെ അഞ്ച് മുതൽ ഇരുപത്തിയഞ്ച് വരെ അംഗങ്ങൾ ഉൾക്കൊള്ളുന്ന അഞ്ച് സെന്റ് മുതൽ രണ്ടേക്കർ വരെ കൃഷി ചെയ്യുന്ന പുതിയൊരു ഇടപെടൽ നടത്താനും കൃഷിയധിഷ്ഠിത പ്ലാൻ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. ഞാൻ കുട്ടനാട്ടിലാണ്

ജനിച്ചുവളർന്നത്. ഏഴിലൊന്ന് പതവും പതത്തിന്റെ നാലിലൊന്ന് തീർപ്പുമെന്ന കൊയ്ത്തുസമയത്തെ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ച കൈനകരിയിലെ ചെറുകാലി കായലിലെ സഖാവ് സഹദേവന്റെ നാട്ടിൽനിന്നാണ് ഞാൻ വരുന്നത്. അതുപോലെ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി കണ്ടങ്കരിയിൽ സഖാവ് വേലുക്കുട്ടനടക്കം 599 പേർ രക്തസാക്ഷിത്വം വരിച്ച ഒരു പ്രസ്ഥാനത്തിൽനിന്നും വരുന്ന പ്രതിനിധിയാണ് ഞാൻ. രക്തസാക്ഷിത്വവും പിന്നീട് ആ കുടുംബം അനുഭവിക്കുന്ന വിഷമവുമെല്ലാം എനിക്കറിയാം. ഒരു മരണത്തെയും ആഘോഷിക്കുന്നവരല്ല ഞങ്ങൾ, നിങ്ങളെപ്പോലെ ഏതെങ്കിലും മരണത്തിൽ മാത്രമല്ല എല്ലാ മരണത്തിലും വേദനയുള്ളവരാണ് ഞങ്ങൾ. ആ രീതിയിൽത്തന്നെ ഇത്തരം കാര്യങ്ങളെ കാണാൻ ശ്രമിക്കും. അല്ലാതെ വിവാദത്തിനുവേണ്ടി എന്തെങ്കിലും കൊണ്ടുവന്ന് അതിന്റെ പുറകെ പോകുന്ന രീതിയൊന്നും ഞങ്ങൾക്കില്ല. ധീരജ് അടക്കം ഞങ്ങളുടെ ഹൃദയത്തിൽ കനലായി കിടക്കുന്ന ഒട്ടനവധി രക്തസാക്ഷികളുണ്ട് എന്നുകൂടി ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. മറ്റ് ചർച്ചയിലേയ്ക്ക് പോകാൻ ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നില്ല. തരിശുരഹിത സംസ്ഥാനമാക്കുന്നതിനുള്ള പരിശ്രമം കൃഷി വകുപ്പ് നടത്തുന്നുണ്ട്,

അതിലൊരു നിർദ്ദേശമുള്ളത് വിള ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് പോകുമ്പോൾ മിക്കവരും പാട്ടക്കൃഷിക്കാരായതിനാൽ കരമടച്ച രസീതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്, അക്കാര്യത്തിൽ ഒരു ഇടപെടൽ നടത്തിയാൽ നന്നായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ പുറംബണ്ട് കല്ല് കെട്ടുന്നതിനും ബണ്ട് ഉയർത്തുന്നതിനും ഇറിഗേഷൻ, കൃഷി വകുപ്പുകൾ സംയുക്തമായി മേൽനോട്ടം നൽകിയാൽ ഗൗരവമായി ആ പ്രവർത്തനങ്ങളെ മുന്നോട്ട് നീക്കാൻ കഴിയും. എത്രയൊക്കെ ശ്രമിച്ചാലും സ്വന്തം ഭൂമി തരിശിടുന്ന ഒരുപാട് പേരുണ്ട്. ഇന്നത്തെ പാടം നാളത്തെ പറമ്പാണ്, അത് നല്ല കാശിന് വിൽക്കാമെന്ന ധാരണയോടെ ഒരുപാട് പേർ ആർക്കും കൊടുക്കാതെ ഭൂമി തരിശിടുകയാണ്. അത്തരം കാര്യങ്ങളിൽ കർശനമായി ഇടപെട്ട് ഭൂമി തരംമാറ്റാതിരിക്കാൻ ശക്തമായ നടപടിയെടുക്കണം. ഡിജിറ്റൽ സർവ്വേ മാപ്പിംഗ് വരുമ്പോൾ അത്തരം ഭൂമിയെ സംബന്ധിച്ച് കുറച്ചുകൂടി വിവരങ്ങൾ കിട്ടും. റവന്യൂ/കൃഷി വകുപ്പുകൾ ഒരുമിച്ചുചേർന്നാൽ അത്തരം ആളുകളെ കണ്ടെത്താൻ സാധിക്കും. ആർക്കും കൃഷി ചെയ്യാൻ കൊടുക്കില്ല, അവരും കൃഷി ചെയ്യില്ല എന്നത് വാശിയാണ്. അത്തരം ഭൂമികൂടി നമുക്ക് കൃഷിയോഗ്യമാക്കാൻ കഴിയണം. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ ജൽജീവൻ മിഷൻ

പരിപാടികൾ മുന്നോട്ട് പോകുന്നുണ്ട്. ഞങ്ങൾക്ക് ആശ്വാസം എന്നുപറയുന്നത്, എത്രയോ വർഷം മുമ്പ് മണ്ണിനടിയിലായ, അന്ന് ഒരു മന്ത്രിയുടെ പേരിൽവരെ അറിയപ്പെട്ടിരുന്ന പൈപ്പ് ഇപ്പോൾ മാറ്റാനുള്ള അവസരമാണ് എന്നതാണ്. എല്ലായിടത്തും വെള്ളമെത്തുന്നുണ്ടെന്ന് പറയാൻ കഴിയില്ല. കാരണം, ജലവിതരണ സംവിധാനത്തിൽ അത്രത്തോളം പ്രശ്നങ്ങളുണ്ടായിരുന്നു. കാരണം, ഈ പഴയ പൈപ്പ് ലൈൻ മാറ്റണമെങ്കിൽ കോടിക്കണക്കിന് രൂപ ചെലവഴിക്കണം. ഇപ്പോൾ പകുതി തുക കേന്ദ്ര സർക്കാരും പകുതി സംസ്ഥാന സർക്കാരും ചെലവഴിച്ചുകൊണ്ട് ഭംഗിയായി ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ കൊണ്ടുപോകാൻ കഴിയുന്നുണ്ട്. പഞ്ചായത്തുകളുടെ സഹകരണം അതിൽ ഉറപ്പാക്കേണ്ടതുണ്ട്. ചില പഞ്ചായത്തുകൾക്ക് അവർ ചെലവഴിക്കേണ്ട തുകയെ സംബന്ധിച്ച അവ്യക്തത ചൂണ്ടിക്കാണിച്ചപ്പോൾ മന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ മീറ്റിംഗുകൾ വിളിക്കുകയും കൃത്യമായി ഫോളോ അപ് ചെയ്യുകയും ചെയ്യുന്നുണ്ട്. ആ പൈപ്പ് ലൈനിടുന്നതോടുകൂടി വലിയൊരു പ്രശ്നമാണ് പരിഹരിക്കുന്നത്. റെയിൽവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട തർക്കങ്ങളുണ്ടെങ്കിലും അത്തരം സോഴ്സുകൾ ഏതൊക്കെയാണെന്ന് കൃത്യമായി മനസ്സിലാക്കി അത്

പരിഹരിക്കാൻകൂടിയുള്ള ഇടപെടൽ നടത്തണം. അതുപോലെ കൃഷി, ആരോഗ്യം, ശുചീകരണം, കുടിവെള്ളം ഇതെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുകയാണ്. ശുചിത്വമെന്ന് പറയുമ്പോൾ നമുക്ക് അറിയാം, പക്ഷിമൃഗാദികളൊന്നും എവിടെയും മലിനപ്പെടുത്തുന്നില്ല. മനുഷ്യൻതന്നെയാണ് പലപ്പോഴും മാലിന്യങ്ങൾ വലിച്ചെറിയുന്നത്. ഇവിടെത്തന്നെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ മറുപടിയായി പറഞ്ഞത്, "ശുചിത്വത്തിനുവേണ്ടി കോടിക്കണക്കിന് രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും ചേർന്ന് ചെലവഴിക്കുന്നത്. എന്നാൽ മനുഷ്യന്റെ പൊതുബോധ്യത്തിലുള്ള മാറ്റമാണ് ആവശ്യം. ജലാശയങ്ങളൊക്കെ വൃത്തിയാക്കാറുണ്ട്, പക്ഷെ വൃത്തിയാക്കി ആറുമാസം കഴിയുമ്പോൾ അത് വീണ്ടും മാലിന്യക്കൂമ്പാരമാകുന്ന ഒരവസ്ഥയുണ്ട്" എന്നാണ്. നമ്മുടെ ഗവൺമെന്റ് കോടിക്കണക്കിന് രൂപ ഇതിനുവേണ്ടി ചെലവാക്കുകയാണ്. മാലിന്യം വലിച്ചെറിയേണ്ടതാണെന്നുള്ള ധാരണ എത്രയോ കാലമായി മാറ്റാൻ നമ്മൾ പരിശ്രമിക്കുന്നു. പൂർണ്ണമായും ആ ബോധത്തിലേയ്ക്ക് സമൂഹം എത്തേണ്ടതുണ്ട്. എന്റെ വീട്ടിലെ മാലിന്യം മറ്റൊരാളുടെ പറമ്പിലേയ്ക്ക് ഇടാവുന്നതാണെന്ന ധാരണ മാറ്റേണ്ടതായിട്ടുണ്ട്. കോടിക്കണക്കിന് രൂപ

മാലിന്യനിർമ്മാർജ്ജനത്തിനായി ചെലവഴിക്കുമ്പോഴും മലിനീകരണം ആവർത്തിക്കുകയാണ്. 'എമർജിംഗ് കേരള' യു.ഡി.എഫ്.-ന്റെ കാലത്ത് പ്രഹസനമായി നടത്തിയതാണെങ്കിലും സാം പട്രോഡ എന്ന ഇക്കോണമിസ്റ്റ് കേരളത്തിൽ വന്നപ്പോൾ പറഞ്ഞത് 'കേരളത്തിൽ ഞാൻ കാണുന്നത് ഗാർബേജുകൾക്ക് കാവൽ നിൽക്കുന്ന പോലീസുകാരെയാണ്' എന്നാണ്. ശരിയായിരുന്നു, അക്കാലത്ത് അങ്ങനെയായിരുന്നു, എല്ലായിടത്തും മാലിന്യമായിരുന്നു. കുടിവെള്ളത്തിനുവേണ്ടി ഉപയോഗിക്കാനുള്ള പൈപ്പിനകത്തുപോലും മാലിന്യം വച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ആലപ്പുഴ മോഡൽ 'നിർമ്മല നഗരം' എന്ന ശുചിത്വ പദ്ധതിയിലൂടെ അതൊക്കെ മാറി. എങ്കിൽപ്പോലും ശുചീകരണ തൊഴിലാളികളടക്കം പ്രയാസങ്ങൾ നേരിടുകയാണ്, അവരെ സംരക്ഷിക്കേണ്ടതാണ്. ഹരിത കേരളം മിഷന്റെ ഭാഗമായി ബഹുമാനപ്പെട്ട ചെങ്ങന്നൂർ അംഗം ശ്രീ. സജി ചെറിയാന്റെ നേതൃത്വത്തിൽ കിലോമീറ്ററുകളോളം തോടുകൾ വൃത്തിയാക്കി വരട്ടാർ പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. അത്തരം പ്രവർത്തനം ചെയ്യുമ്പോൾ 'ഞങ്ങളുടേതാണിത്, ഞങ്ങൾക്കുകൂടി സംരക്ഷിക്കാൻ വേണ്ടിയുള്ളതാണിത്' എന്ന ബോധ്യത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുപോകേണ്ടതുണ്ട്. എങ്കിൽ മാത്രമേ ആ

ലക്ഷ്യത്തിലേയ്ക്ക് പൂർണ്ണമായും എത്താൻ കഴിയുകയുള്ളൂ. റോഡുകൾ വെട്ടിപ്പൊളിച്ചാണ് ജലവിതരണ പൈപ്പിടുന്നത്. പി.ഡബ്ല്യു.ഡി.-ക്കും എൽ.എസ്.ജി.ഡി.-ക്കും നന്നായി കിടക്കുന്ന റോഡ് ഏതാണ്, പൊളിക്കാൻ പോകുന്ന റോഡ് ഏതാണ് എന്നൊക്കെ അറിയാൻ സാധിക്കും. അവർ തമ്മിൽ ആശയവിനിമയം നടത്തി പൊളിക്കാൻ പോകുന്ന റോഡിൽ മുൻകൂട്ടി പൈപ്പ് ലൈനിടാൻ കഴിയണം. ഇത്തരത്തിൽ ദീർഘവീക്ഷണത്തോടെ പഞ്ചായത്തുകളെ അതിലേയ്ക്ക് കൊണ്ടുവന്നാൽ ബുദ്ധിമുട്ടില്ലാതെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ ഭംഗിയായി കൊണ്ടുപോകാൻ കഴിയുമെന്നാണ് സൂചിപ്പിക്കാനുള്ളത്. കൃഷിയില്ലാതെ നമുക്ക് ജീവിക്കാൻ കഴിയില്ല. വിപണി ഉറപ്പാക്കി നമ്മൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ജനങ്ങളിലെത്തിക്കണം. നമ്മുടെ നാട്ടിൽ ഒരുപാട് ഉൽപ്പന്നങ്ങൾ കർഷകർ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിനാവശ്യമായ വിപണി കണ്ടെത്താനുള്ള പരിശ്രമങ്ങളും അങ്ങയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. എള്ള്, മഞ്ഞൾ, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്നതോടൊപ്പം തൊഴിലുറപ്പ് പദ്ധതികൂടി ചേർത്തുകൊണ്ട് ഓണക്കാലത്തേയ്ക്ക് ബന്തിപ്പൂക്കൾ കൃഷി ചെയ്യാനും പഞ്ചായത്തുകൾ ശ്രമിക്കുകയാണ്. നമുക്ക് ഒരുപാട് ഗവേഷണ കേന്ദ്രങ്ങളുണ്ട്. ഓണാട്ടുകരയിൽ മൂന്ന് ഗവേഷണ

കേന്ദ്രങ്ങളാണുള്ളത്. നിലവിൽ വൻകിട കോർപ്പറേറ്റുകളുടെ അരിപ്പൊടിയും മല്ലിപ്പൊടിയുമൊക്കെയാണ് വിപണി കീഴടക്കിയിരിക്കുന്നത്. അതിനാൽ ഈ ഗവേഷണ കേന്ദ്രങ്ങളെക്കൂടി യോജിപ്പിച്ചുകൊണ്ട് വിപണി കണ്ടെത്തിക്കൊടുത്ത് നമ്മൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ, നിലവിൽ കുടുംബശ്രീ സംവിധാനങ്ങൾവഴി പോകുന്നുണ്ടെങ്കിൽപ്പോലും അത് കുറച്ചുകൂടി സുതാര്യമാക്കി ജനങ്ങളുടെയിടയിലേയ്ക്ക് ഇറക്കാൻ കഴിയുന്ന തരത്തിൽ തനത് ബ്രാൻഡ് ഉൽപ്പന്നങ്ങൾ ഓരോ പഞ്ചായത്തും നിർമ്മിക്കാനും പഞ്ചായത്തുകൾ പരസ്പരം അവ കൈമാറുകയും ചെയ്യുന്ന ഒരവസ്ഥകൂടി വന്നാൽ ആ വിപണി ഭംഗിയായി നിലനിർത്താൻ കഴിയും. ഇന്നുമുതൽ ജി.എസ്.ടി. വർദ്ധന വന്നിരിക്കുകയാണ്. എന്നാൽ കേരളം അതിന് ബദൽ സൃഷ്ടിക്കുന്ന ഒരു സംസ്ഥാനമാണ്. വിപണിയിലെ അവശ്യസാധനങ്ങളുടെ വില പിടിച്ചുനിർത്താൻ നമ്മൾ ശ്രമിക്കുമ്പോൾത്തന്നെ ഉൽപ്പന്നങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിച്ചുകൊണ്ട് അവ സമൂഹത്തിലേയ്ക്ക് വിതരണം ചെയ്യുന്നതിനും കഴിയുന്നുണ്ട്. അത് കൂടുതൽ ഭംഗിയായി നടത്താൻ ഈ വകുപ്പുകൾക്ക് കഴിയട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാരെല്ലാം അവരുടെ വകുപ്പിൽ നടത്തുന്ന ധീരമായ എല്ലാ ഇടപെടലുകൾക്കും പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് എന്റെ വാക്കുകൾ

ഉപസംഹരിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട് അഴിമതിയിൽ മുങ്ങിനിൽക്കുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. യഥാർത്ഥ പ്രശ്നങ്ങളിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടി ഭരണപക്ഷം ബുദ്ധിപൂർവ്വമായ അധ്വാനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തിരക്കില്ലാത്ത ഒരു ബസ്സിൽ കൃത്രിമമായി തിരക്കുണ്ടാക്കി യാത്രക്കാരുടെ ശ്രദ്ധ തിരിച്ചുവിടുന്ന സൂത്രശാലിയായ പോക്കറ്റടിക്കാരനെപ്പോലെയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഇന്നത്തെ പ്രവർത്തനങ്ങൾ. സ്വർണ്ണക്കള്ളക്കടത്ത് വിഷയം സഭയ്ക്കകത്തും പുറത്തും ചർച്ച ചെയ്യപ്പെടാതിരിക്കാൻ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലേയ്ക്ക് എസ്.എഫ്.ഐ.-ക്കാരെക്കൊണ്ട് അക്രമം നടത്തിക്കുന്ന, എ.കെ.ജി. സെന്ററിലേയ്ക്ക് പടക്കമെറിഞ്ഞ് വിവാദമുണ്ടാക്കാനുള്ള ശ്രമം നടത്തുന്ന, ശ്രീ. എം. എം. മണിയെപ്പോലെ സീനിയറായ അംഗത്തെക്കൊണ്ട് വിവാദ പ്രസംഗങ്ങൾ സഭയിൽ നടത്തിക്കുന്നു. സി.പി.ഐ.-യുടെ അഖിലേന്ത്യാ നേതാക്കൾവരെ അതിനെ വിമർശിച്ചിട്ടുപോലും കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെതിരെ നിലപാട് സ്വീകരിക്കാൻ

തയ്യാറാകുന്നില്ലെന്ന വസ്തുതയുമുണ്ട്. സ്വർണ്ണക്കടത്ത് പോലുള്ള വിഷയങ്ങളിൽനിന്നും ഒളിച്ചോടാനുള്ള തന്ത്രമായാണ് ഇതിനെ കണ്ടുകൊണ്ടിരിക്കുന്നത്. പാർലമെന്റിൽ പല വാക്കുകളും നിരോധിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഉത്തരവിറക്കുകയുണ്ടായി. അതിൽ ചാണകം എന്ന വാക്കും നിരോധിക്കപ്പെട്ടു. ഭരണപക്ഷത്തിനെതിരെ പ്രതിപക്ഷം ഉപയോഗിക്കുന്നതും ഭാവിയിൽ ഉപയോഗിക്കാനിരിക്കുന്നതുമായ വാക്കുകളാണ് നിരോധിച്ചത്. ഈ സഭ പലപ്പോഴും കലുഷിതമാകുന്നത് സ്വർണ്ണത്തിൽ തട്ടിയാണ്. അങ്ങനെയാണെങ്കിൽ സ്വർണ്ണം എന്ന വാക്ക് നിരോധിച്ചാൽ ഈ പ്രശ്നം അവസാനിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സ്വർണ്ണം എന്ന വാക്ക് മലയാള നിഘണ്ടുവിൽ നിരോധിക്കാത്തിടത്തോളംകാലം സഭയ്ക്കകത്തും പുറത്തും ഞങ്ങൾ ചർച്ച ചെയ്യുകതന്നെ ചെയ്യും. 2011-ലെ സെൻസസ് പ്രകാരം കൊച്ചി കോർപ്പറേഷനിലെ ജനസംഖ്യ 6.78 കോടിയാണ്. ജനസംഖ്യയിലുണ്ടായിരുന്ന ശരാശരി വർദ്ധന 7.83 ശതമാനമാണ്. 74 ഡിവിഷനുള്ള കൊച്ചി കോർപ്പറേഷൻ 94.88 സ്ക്വയർ കിലോമീറ്ററിൽ വ്യാപിച്ചുകിടക്കുകയാണ്. 2031-ൽ കൊച്ചി കോർപ്പറേഷനിലെ ജനസംഖ്യ 7.88 ലക്ഷമാകുമെന്നാണ് കണക്കാക്കുന്നത്.

കുടിയേറ്റനിരക്ക് 10 ശതമാനവും വന്നുപോകുന്ന ആളുകളുടെ എണ്ണം 20 ശതമാനവുമാകുമ്പോൾ കൊച്ചി കോർപ്പറേഷനിലെ ജനസംഖ്യ ഏകദേശം 1024000 ആകും. 2019-ലെ സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ കണക്കുപ്രകാരം ഇതാണ് കൊച്ചിയിലെ ജനസംഖ്യയുടെ സ്ഥിതി. ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം കൊച്ചി നഗരസഭ ക്ലാസ് II-ൽപ്പെടും. സെൻട്രൽ പബ്ലിക് ഹെൽത്ത് ആൻഡ് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷന്റെ മാനദണ്ഡപ്രകാരം ഒരു വ്യക്തിക്ക് 150 ലിറ്റർ വെള്ളം കൊടുക്കണമെന്നാണ് കണക്ക്. അതനുസരിച്ച് ഇന്ന് കൊച്ചിയിൽ 30 MLD വെള്ളത്തിന്റെ കുറവാണുള്ളത്. ആലുവയിലെ ശുദ്ധീകരണശാലയിൽനിന്നും കൊച്ചിക്കും പ്രാന്തപ്രദേശങ്ങൾക്കുമായി നാല് പദ്ധതികളിലായി ഏകദേശം 225 MLD വെള്ളമാണ് ഇന്ന് ലഭ്യമാകുന്നത്. കൂടാതെ JNNURM (Jawaharlal Nehru National Urban Renewal Mission) പദ്ധതിയിലുൾപ്പെടുത്തി മരട് ശുദ്ധീകരണശാലയിൽനിന്നും 100 MLD വെള്ളവും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇവ രണ്ടുംകൂടി എറണാകുളത്തും പരിസരപ്രദേശങ്ങളിലുമായി 325 MLD വെള്ളമാണ് ആകെ ലഭ്യമാക്കുന്നത്. ആലുവ ശുദ്ധീകരണശാലയിൽനിന്നും 121.5 MLD-യും മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും 53.5 MLD വെള്ളവുമുൾപ്പെടെ 175 MLD വെള്ളമാണ്

കൊച്ചി നഗരത്തിൽ ലഭ്യമാകുന്നത്. ഇതിൽ വാട്ടർ അതോറിറ്റിയുടെ കണക്കുപ്രകാരം ഏകദേശം 35 ശതമാനം വിതരണനഷ്ടമുണ്ടെന്നാണ് പറയപ്പെടുന്നത്. യഥാർത്ഥത്തിൽ 140 MLD വെള്ളമാണ് കൊച്ചി നഗരത്തിൽ ലഭ്യമാകുന്നത്. കൊച്ചി കോർപ്പറേഷനിൽ ആകെയുള്ള ജലവിതരണ കണക്ഷനുകൾ 168000 ആണ്. കൂടാതെ 5445 പൊതുടാപ്പുകളും കോർപ്പറേഷനിൽ സ്ഥാപിച്ചിട്ടുണ്ട്. കൊച്ചിൻ പോർട്ട് ട്രസ്റ്റ്, നേവൽ ബേസ്, കൊച്ചിൻ ഷിപ്പ്‌യാർഡ്, റെയിൽവേ സ്റ്റേഷനുകൾ, ആശുപത്രികൾ, കോളേജുകൾ എന്നിങ്ങനെ ബൾക്കായി വെള്ളം ഉപയോഗിക്കുന്ന കൊമേഴ്സ്യൽ സ്ഥാപനങ്ങളുമുണ്ട്. യഥാർത്ഥത്തിൽ പടിഞ്ഞാറൻ കൊച്ചിയിലും എറണാകുളം നഗരത്തിലും കടവന്ത്ര, പനമ്പിള്ളി നഗർ, വടുതല, ഇളമക്കര, ചിറ്റൂർ തുടങ്ങിയ പ്രദേശങ്ങളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. കൊച്ചി നഗരം പുഴകളാലും കനാലുകളാലും ചുറ്റപ്പെട്ട പ്രദേശമാണെങ്കിലും കുടിവെള്ളക്ഷാമം നേരിടുകയാണ്. 2019-ലെ സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ റിപ്പോർട്ടുപ്രകാരം 2046-ൽ 405 MLD വെള്ളം കൊച്ചി കോർപ്പറേഷനിൽ ആവശ്യമുണ്ടെന്നാണ് കണക്കാക്കുന്നത്. അതിനുള്ള ഒരു പദ്ധതിയും ഇപ്പോൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ലെന്നതാണ് കൊച്ചിയും

പ്രാന്തപ്രദേശങ്ങളും നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. നിലവിൽ രവിപുരം, കടവന്ത്ര, സെമിത്തേരിമുക്ക്, തോപ്പുംപടി, കൂവപ്പാടം, ഫോർട്ട്കൊച്ചി ഉൾപ്പെടെ ആറ് ഓവർഹെഡ് ടാങ്കുകൾ നഗരത്തിലുണ്ട്. അമൃത് പദ്ധതിയിലുൾപ്പെടുത്തിയ ഈ ടാങ്കുകൾ ഉൾപ്പെടെ 12 ഓവർഹെഡ് ടാങ്കുകൾ നഗരത്തിലുണ്ട്. എന്നാൽ ഇതിലേയ്ക്ക് വെള്ളം കയറ്റാനുള്ള പമ്പിംഗ് മെയിൻ ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഡിസ്ട്രിബ്യൂഷൻ-കം-പമ്പിംഗാണ് ഇന്ന് നഗരത്തിൽ നടക്കുന്നത്. പല ടാങ്കുകളുടെയും നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വെള്ളമെത്തിക്കാൻ കഴിയാത്തതിനാൽ ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണുള്ളത്. അമൃത് പദ്ധതിയിലുൾപ്പെടുത്തി 272 കോടി രൂപയുടെ ഏകദേശം 98 പദ്ധതികളാണ് നഗരത്തിൽ നടപ്പാക്കുന്നത്. 15-07-2022-ലെ കണക്കുപ്രകാരം 55.18 ശതമാനം തുക മാത്രമാണ് ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. 2023 മാർച്ച് മാസത്തോടുകൂടി ഈ പദ്ധതിയുടെ കാലാവധി പൂർത്തിയാകുകയാണ്. അടിയന്തരമായി ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് എറണാകുളത്തെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും വിളിച്ച് ഈ പദ്ധതിയുമായി ബന്ധപ്പെട്ട വീഴ്ചകൾ മനസ്സിലാക്കി നടപടിയെടുക്കണമെന്ന്

അഭ്യർത്ഥിക്കുകയാണ്. കൃഷിയുമായി ബന്ധപ്പെട്ട് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന മുദ്രാവാക്യം സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. ഇത് പ്രായോഗികമായി വരുമ്പോൾ പണമില്ലെന്ന കാരണത്താൽ ബുദ്ധിമുട്ട് നേരിടുകയാണ്. 2011-ലെ സെൻസസ് പ്രകാരം ഏകദേശം 6.78 കോടി ജനങ്ങൾ താമസിക്കുന്ന, 94 സ്ക്വയർ കിലോമീറ്ററുള്ള കോർപ്പറേഷനിൽ ഒരു കൃഷിഭവനാണുള്ളത്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന മുദ്രാവാക്യം ഒരു കൃഷിഭവനിൽ എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയും? അവിടെ ഇതുമായി ബന്ധപ്പെട്ട് ഒരു പദ്ധതിയും നടപ്പാക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല, കൃഷി ഓഫീസിൽ സ്റ്റാഫില്ലാത്തതുമൂലം തരംമാറ്റ അപേക്ഷകളുൾപ്പെടെ കെട്ടിക്കിടക്കുന്ന സാഹചര്യത്തിലെത്തിനിൽക്കുന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് അടിയന്തരമായി ഇത്തരം വിഷയങ്ങളിലിടപെടണം. കനാലുകൾ എക്കൽ അടിഞ്ഞ് മത്സ്യബന്ധനം സാദ്ധ്യമാകാത്ത രീതിയിൽ നിൽക്കുകയാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേയ്ക്ക് റെയിൽപ്പാലം പണിയുന്നതുമായി ബന്ധപ്പെട്ടുണ്ടായ തടസ്സം ഈ സഭയിൽ ഉന്നയിച്ചിട്ടും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടിട്ടും ഇതുവരെ നീക്കം ചെയ്യാൻ സാധിക്കാതെ നിലനിൽക്കുകയാണ്. ഇത്തരം വിഷയങ്ങൾ അഡ്രസ് ചെയ്യാത്ത ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി

എതിർക്കുകയാണ്.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശുദ്ധജലവിതരണവും ശുചീകരണവും കൃഷി, ജലസേചനം എന്നീ മേഖലകൾക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ജലവിഭവങ്ങളുടെ ശാസ്ത്രീയവും സുസ്ഥിരവുമായ പരിപാലനം വളരെ പ്രസക്തിയുള്ള ഒരു വിഷയമാണ്. ജലസുരക്ഷ ഉറപ്പാക്കുന്നതിനും സാമൂഹിക സാമ്പത്തിക വികസനം കൈവരിക്കുന്നതിനും ഈ മേഖല പ്രധാന പങ്കുവഹിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തുണ്ടാകുന്ന ആവർത്തിച്ചുള്ള വരൾച്ചയും വെള്ളപ്പൊക്കവും കണക്കിലെടുക്കുമ്പോൾ ഭാവിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും പ്രാധാന്യമർഹിക്കുന്നൊരു വിഷയമാണ്. 44 നദികളാൽ അനുഗ്രഹീതമായ കേരളം ജലസമ്പന്നമാണെന്ന് തോന്നാമെങ്കിലും വർഷത്തിൽ പകുതിയും കുടിവെള്ളത്തിനുപോലും കടുത്തക്ഷാമം അനുഭവപ്പെടുന്ന സ്ഥിതിയാണുള്ളത്. ജലവിഭവം മനുഷ്യന്റെ അടിസ്ഥാന ജീവനോപാധിയാണ്. മനുഷ്യാവകാശമെന്ന നിലയിൽ അത് ആർക്കും നിഷേധിക്കാനാവില്ല. 1972-ലെ സ്റ്റോക്ക്ഹോം കോൺഫറൻസാണ് ജലത്തെ സൂക്ഷ്മതയോടെ പരിരക്ഷിക്കപ്പെടേണ്ട ഒരു

പ്രകൃതി വിഭവമായി നിർവ്വചിച്ചത്. 1977-ൽ ജലവിഭവ പ്രശ്നം മാത്രം ചർച്ച ചെയ്യുന്നതിനായി അർജന്റീനയിൽ Mar del Plata Water Conference ഐക്യരാഷ്ട്രസഭ മുൻകയ്യെടുത്ത് ചേരുകയുണ്ടായി. അത് ആദ്യത്തെ അന്തർദ്ദേശീയ കൂടിച്ചേരലായിരുന്നു. അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടത്ര അളവിലും ഗുണത്തിലും ജലം ലഭിക്കാൻ ഏതൊരു വികസനഘട്ടത്തിലും ജനങ്ങൾക്ക് അവകാശമുണ്ടെന്ന് ആ സമ്മേളനം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് 1981 മുതൽ 1990 വരെയുള്ള പത്ത് വർഷക്കാലം International Drinking Water Supply and Sanitation Decade ആയി ആചരിക്കാൻ തീരുമാനിച്ചു. 1992 ജനുവരിയിൽ നടന്ന നെതർലാൻഡ്സിലെ Dublin Conference, അന്തർദ്ദേശീയ ജലപരിസ്ഥിതി കോൺഫറൻസ് എന്നിവ വഴിത്തിരിവാണ്. ജലത്തിനുള്ള അവകാശം (Right to Water) എന്നത് വിലയില്ലാതെ ജലം ലഭിക്കാനുള്ള അവകാശമല്ലെന്ന് പ്രഖ്യാപിക്കുകയും ജലത്തിന് സാമ്പത്തിക മൂല്യമുണ്ടെന്നും അതിനാൽ അതൊരു ചരക്കായി അംഗീകരിക്കണമെന്നും Dublin Conference തീരുമാനിച്ചു. ആഗോളവൽക്കരണ നയത്തിന്റെ ആരംഭ ദശയിൽ ഇന്ത്യയിൽ പി. വി. നരസിംഹറാവു ഉൾപ്പെടെയുള്ളവർ ഈ നയം വാരിപ്പുണരുന്ന സന്ദർഭം കൂടിയായിരുന്നു അത്. ലോകത്തെ ജലഭീമന്മാർ

കഴുകൻ കണ്ണുമായി കാത്തുനിൽക്കുന്ന സാഹചര്യമായിരുന്നു. ലോകത്ത് ജല കച്ചവടം നിയന്ത്രിക്കുന്നത് മൂന്ന് വിഭാഗങ്ങളിലായി പത്ത് ജല കച്ചവട കോർപ്പറേറ്റുകളാണ്. ഫ്രഞ്ച് ഭീമൻമാരായ Vivendi എന്ന സ്ഥാപനത്തിന് 90 രാജ്യങ്ങളിലും Suez എന്ന സ്ഥാപനത്തിന് 110 രാജ്യങ്ങളിലും ഈ മേഖലയിൽ കുത്തകാധിപത്യമാണുള്ളത്. ജലവ്യാപാരത്തിന്റെ അനന്തമായ വിപണിയാണ് യഥാർത്ഥത്തിൽ ഈ കോൺഫറൻസ് വഴി കുത്തകകൾക്ക് തുറന്നുകൊടുത്തത്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽവേണം ഇന്ത്യയുടെയും കേരളത്തിന്റെയും ജലവിഭവ പ്രശ്നങ്ങളെ നാം പരിശോധിക്കേണ്ടത്. 1987-ലാണ് ദേശീയ ജലനയം ആവിഷ്കരിക്കുന്നത്. അത് 15 വർഷങ്ങൾക്കുശേഷം ഭേദഗതികളോടെ 2002-ൽ പരിഷ്കരിച്ചു. ആഗോളവൽക്കരണ നയങ്ങളോട് ഒത്തുപോകുന്ന നയമായിരുന്നു അത്. ശുദ്ധജലം വിതരണം ചെയ്യാൻ കേരള സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി. 1984-ലാണ് ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടത്. 71 നഗര കുടിവെള്ള പദ്ധതികളും 2117 ഗ്രാമീണ കുടിവെള്ള പദ്ധതികളുമടക്കം 2188 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു. ആകെ ജനസംഖ്യയുടെ 7.1 ശതമാനം ആളുകൾ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം ഉപയോഗിക്കുന്നുവെന്നാണ്

കണക്ക്. കേരളത്തിന്റെ ജലവിഭവ പ്രശ്നങ്ങൾ ആത്മാർത്ഥമായി അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്ന കേരള സർക്കാരിനെയും ജലവിഭവ വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. വൻകിട ജലസേചന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ, അന്തർസംസ്ഥാന നദീജല പദ്ധതികൾക്ക് നൽകിയിട്ടുള്ള മുൻഗണന, ജലവിഭവ വകുപ്പിനെ നദീതടാടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കാനുള്ള തീരുമാനം, ഭൂഗർഭജലം റീചാർജ്ജിംഗിനുള്ള പദ്ധതികൾ, ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ ശിക്ഷാനടപടികൾ കർശനമാക്കാനുള്ള തീരുമാനം എന്നിവയെല്ലാം ഈ ദിശയിലെ പ്രധാനപ്പെട്ട കാര്യങ്ങൾ തന്നെയാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ ഡാമിന്റെ കാലപ്പഴക്കവും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത് പുതിയ ഡാം പണിയാൻ അനുമതി തേടിയ സർക്കാരിന്റെ നിശ്ചയദാർഢ്യം അഭിനന്ദനാർഹമാണ്. തമിഴ്നാടിന് ജലം, കേരളത്തിന് സുരക്ഷ എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ ആവശ്യം സുപ്രീംകോടതി മുമ്പാകെ അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഈ രംഗത്ത് ഭാവനാസമ്പന്നതയോടെ ആവിഷ്കരിക്കപ്പെട്ട പദ്ധതികൾ സംബന്ധിച്ച്

കാലാകാലങ്ങളിൽ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതുണ്ട്. നദികളിലും പുഴകളിലും അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യാനുള്ള പദ്ധതികളുടെ വേഗം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഹരിത കേരള മിഷന്റെ സംഭാവനകൾ എടുത്തുപറയേണ്ടതാണ്. ഭൂമിയും മണ്ണും ജലവും വായുവും മലിനമാകാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവർത്തനങ്ങൾ കണ്ടെത്തി നിർവ്വഹിക്കുന്നതിലും സമൂഹത്തെ പ്രാപ്തമാക്കാനും ലക്ഷ്യംവച്ചാണ് ഹരിത മിഷനും അതിന്റെ ജലസംരക്ഷണ ഉപമിഷനും ആവിഷ്കരിച്ചത്. മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭജല പരിപോഷണം ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും കുറച്ചുകൂടി കാര്യക്ഷമമായി ഇടപെടേണ്ടതുണ്ട്. കൃഷിക്കാവശ്യമായ ജലമെത്തിക്കുകയാണ് ജലവിഭവ വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വകുപ്പ് വൻകിട-ഇടത്തര-ചെറുകിട ജലസേചന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും പൂർത്തീകരിച്ച പദ്ധതികളുടെ പരിപാലനം നടത്തുകയും ചെയ്യുന്നത് അഭിനന്ദനാർഹമാണ്. എന്നാൽ വൈപ്പിൻകരയും ആലപ്പുഴ പോലെയുള്ള ദ്വീപസമൂഹങ്ങളുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ കൃഷിക്കനുയോജ്യമായ നിലപാടുകൾ

സ്വീകരിക്കുന്നതും പൊക്കാളി പാടങ്ങളുടെ സംരക്ഷണത്തിനും ഉൾനാടൻ മത്സ്യസമ്പത്തിന്റെ വർദ്ധനവിനും സഹായകമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതും കൃഷി വകുപ്പാണ്. ജലവിഭവ വകുപ്പും കൃഷി വകുപ്പും ആവശ്യമായ ഘട്ടങ്ങളിൽ ഏകോപിച്ച് പ്രവർത്തിക്കുന്നത് നന്നായിരിക്കും. ഏകോപനമില്ലായ്മയും ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയില്ലായ്മയും 36 കോടി രൂപയുടെ നബാർഡ് ധനസഹായത്തോടെയുള്ള ജൈവ വൈപ്പിൻ പദ്ധതി നഷ്ടപ്പെടാനിടയാക്കി. വൈപ്പിൻകരയുടെ സാമൂഹിക, സാമ്പത്തിക രംഗത്തെ വൻതോതിൽ സ്വാധീനിക്കാനുതകുന്ന കെ.എൽ.ഡി.സി. നിർവ്വഹണ ഏജൻസിയായ ഈ പദ്ധതി വീണ്ടെടുക്കുകയോ നബാർഡിന്റെ ഈ വർഷത്തെ പദ്ധതിയിലുൾപ്പെടുത്തുകയോ ചെയ്ത് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ, പെരിയാർവാലി, മൂവാറ്റുപുഴവാലി, ഇടമലയാർ എന്നീ ജലസേചന പദ്ധതികളുടെ ഭാഗമായ കനാൽ ബണ്ട് റോഡുകൾ തകർന്നുകിടക്കുകയാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം റോഡ് പുനരുദ്ധാരണം സാധ്യമാകുന്നില്ലെന്ന ഗൗരവതരമായ സ്ഥിതിയുണ്ട്. അതിൽ അടിയന്തരമായ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജലവിഭവ വകുപ്പിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ വളരെ

കാര്യക്ഷമതയോടെയുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് കാഴ്ചവയ്ക്കുന്നത്. സംസ്ഥാനത്തെ ഗ്രാമീണമേഖലകളിൽ 70 ലക്ഷം കുടുംബങ്ങളിൽ കുടിവെള്ളമെത്തിക്കാനുള്ള പ്രവർത്തനങ്ങളിൽ ജാഗ്രതയോടെയാണ് വകുപ്പും മന്ത്രിയും പ്രവർത്തിക്കുന്നത്. അതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കങ്ങളും ഉരുൾപൊട്ടലിലൂടെ ശുദ്ധജല വിതരണ ശൃംഖലയിലുണ്ടായ നാശനഷ്ടങ്ങളുമെല്ലാം പ്രതിസന്ധി സൃഷ്ടിച്ചെങ്കിലും അതെല്ലാം അതിജീവിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് എല്ലാ കുടുംബങ്ങളിലും കുടിവെള്ളമെത്തിക്കാനുള്ള ലക്ഷ്യം മുൻനിർത്തി വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ജൽജീവൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ് പി.വി.സി. പൈപ്പുകളുടെയെല്ലാം വിലവർദ്ധന രൂക്ഷമായത്. അതുകൊണ്ട് ടെണ്ടറുകൾ പലതും റീ-ടെണ്ടർ ചെയ്യേണ്ടിവന്നു. റേറ്റ് റിവിഷൻ നടത്തിയതിനുശേഷം മാത്രമാണ് ടെണ്ടർ നടപടികൾ പുരോഗമിച്ചത്. നാഷണൽ ഹൈവേ അതോറിറ്റി, റെയിൽവേ തുടങ്ങിയ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധീനതയിലുള്ള പ്രദേശങ്ങളിലൂടെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി

ലഭിക്കാത്തതുമൂലം ജൽജീവൻ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിലുണ്ടായിട്ടുള്ള തടസ്സങ്ങളെല്ലാം മാറ്റിയെടുക്കേണ്ടതാണ്. അതുപോലെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന മനോഹരമായ മുദ്രാവാക്യം കൃഷി വകുപ്പ് മുന്നോട്ടുവച്ചിരിക്കുകയാണ്. പതിനായിരം കൃഷിക്കൂട്ടങ്ങളെന്ന ആവേശകരമായ ലക്ഷ്യത്തിലേയ്ക്കുടുക്കുകയാണ്. കുടുംബശ്രീ നടത്തിക്കൊണ്ടിരിക്കുന്ന 'അഗ്രി ന്യൂട്രി ഗാർഡൻ' എന്ന ബൃഹത്തായ പദ്ധതിയിൽ എന്റെ മണ്ഡലത്തിലെ ഇരുപത്തയ്യായിരത്തോളം കുടുംബശ്രീ അംഗങ്ങളെ ചേർക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയിലും ഇവരെ കണ്ണിചേർക്കാനാവശ്യമായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം കുറച്ചുകൂടി പരിഹരിക്കേണ്ടതുണ്ട്. വലിയ പ്രക്ഷോഭങ്ങൾക്കെല്ലാം സാക്ഷ്യം വഹിച്ച, അതിന് നേതൃത്വം നൽകിയ സമരോത്സുകരായ ഒരു ജനതയാണ് വൈപ്പിൻകരയിലേതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ചൊവ്വര നവീകരണ പദ്ധതി ഊർജ്ജിതമാക്കണമെന്നും പൂർത്തീകരിച്ച കുടിവെള്ള ടാങ്കുകളുടെ ഉദ്ഘാടനം എത്രയുംവേഗം നിർവ്വഹിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഭരണഘടനയിൽ കുടിവെള്ളം ഒരു അവകാശമായി പ്രഖ്യാപിച്ചിട്ടുള്ള

നാടാണ് നമ്മുടേത്. ഭരണഘടനാ അസംബ്ലിയിൽ അംഗമായിരുന്ന ദാക്ഷായണി വേലായുധന്റെ ജന്മനാടാണ് മുളവുകാട് പഞ്ചായത്ത്. ചെമ്പിലരയന്റെ യുദ്ധതന്ത്രങ്ങളാൽ നാം വീണ്ടെടുത്ത ബോൾഗാട്ടി പാലസ് അവിടെയാണ്. പോഞ്ഞിക്കര റാഫിയെപ്പോലെയുള്ള വലിയ സാഹിത്യകാരന്മാർക്ക് ജന്മം നൽകിയ ഒരു പഞ്ചായത്താണത്. മുളവുകാട് പഞ്ചായത്തിൽ അറുപത് കോടി രൂപയുടെ കുടിവെള്ള പദ്ധതി ഡിപ്പാർട്ട്മെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. അതിന് അംഗീകാരം നൽകണമെന്നും സംസ്ഥാന ജലനയം പരിഷ്കരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. 2008-ലാണ് ജലനയം നിലവിൽ വന്നത്. ജലവിഭവശേഷി ആസൂത്രണത്തിലും വിനിയോഗത്തിലും സംസ്ഥാനത്തുണ്ടായ മാറ്റം കണക്കിലെടുത്ത് 2008-ലെ ജലനയം പരിഷ്കരിക്കാൻ ഗവൺമെന്റ് തീരുമാനമെടുക്കുകയും കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തതാണ്. ജലനയം രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിക്കവെ 2018-ലെ പ്രളയം എല്ലാ മേഖലകളിലുമെന്ന പോലെ ജലവിഭവ മേഖലയെയും ബാധിച്ചു. ഈ പ്രശ്നങ്ങൾ പരിഹരിക്കാനും ജലനയം ആവിഷ്കരിക്കാനും മുൻകയ്യെടുക്കണം. ഭൂമിയുടെ മൂന്നിൽരണ്ട് ഭാഗവും ജലമാണെങ്കിലും ശുദ്ധജലത്തിന്റെ അളവ് ആകെ ലഭ്യമായ ജലത്തിന്റെ മൂന്ന് ശതമാനം മാത്രമാണ്. ഈ സാഹചര്യത്തിൽ നമ്മുടെ

ജലഉപഭോഗ രീതികളിൽ മാറ്റം വരുത്താനും പുതിയ ജലഉപഭോഗ സംസ്കാരം ശീലിക്കാനും നടപ്പാക്കാനും കഴിയണം. 3 R's സിദ്ധാന്തം അതായത്, 'Reduce, Reuse Recycle' ഉയർത്തിപ്പിടിച്ചുകൊണ്ട് ജലഉപഭോഗ സംസ്കാരം വളർത്തിയെടുക്കാൻ മാനവീയംപോലെ, സാക്ഷരതാ പ്രസ്ഥാനംപോലെ ജലവിഭവ വകുപ്പ് വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി ജനകീയ ബോധവൽക്കരണ ക്യാമ്പയിന് നേതൃത്വം നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഞാൻ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. നമ്മുടെ നാട് കാർഷിക രംഗത്ത് വലിയ പ്രതിസന്ധി നേരിടുന്ന സമയമാണിത്. പന്ത്രണ്ടായിരത്തി എണ്ണൂറ്റി അറുപതിലധികം കോടി രൂപയുടെ ജി.എസ്.ടി. റീഫണ്ട് ഇനി കിട്ടുകയില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ന് രാവിലെ സഭയിൽ പറയുകയുണ്ടായി. കഴിഞ്ഞ വർഷം അത് കിട്ടിയതാണ്. ആ ഫണ്ട് കിട്ടാത്തതുകൊണ്ട് സാമ്പത്തികമായി വലിയ ബുദ്ധിമുട്ടിലാണ്. സർക്കാരിന്റെ പുതിയ സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ച് പഠിക്കാൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനെ ഏൽപ്പിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ മുമ്പിൽ ജനങ്ങളിൽനിന്നും കൂടുതലായി നികുതി പിരിച്ചെടുക്കാനുള്ള ഒരു

സാദ്ധ്യതയുമില്ലാതിരിക്കുന്ന സാഹചര്യത്തിൽ, എന്റെ ഈ പ്രസംഗത്തെ രാഷ്ട്രീയമായോ ഏതെങ്കിലും മുന്നണിയായോ ദയവുചെയ്ത് കാണരുത്; ഇന്ത്യയിലെ ഒരു സാധാരണ പൗരന്റെ പ്രസംഗമായി കേട്ടാൽ മതി. കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ ഇൻഡോനേഷ്യ, വിയറ്റ്നാം, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളുമായി ഇൻഡോ-പസഫിക് കരാറിലേർപ്പെട്ടതിന്റെ ഫലമായി ഇന്ത്യയിൽ കാർഷികരംഗം പ്രതിസന്ധി നേരിടാൻ പോകുകയാണ്. എഗ്രിമെന്റ് പ്രകാരം ഇൻഡോനേഷ്യയിൽനിന്ന് നാളികേരവും വിയറ്റ്നാമിൽനിന്ന് കുരുമുളകും ആസ്ട്രേലിയയിൽനിന്ന് പാലുൽപ്പന്നങ്ങളും ഇഷ്ടംപോലെ വരും. ഇന്ത്യയിലേയ്ക്ക് വന്നിറങ്ങുന്ന ഇതൊന്നും നമുക്ക് തടയാനും കഴിയില്ല, ഇവിടെനിന്നും അങ്ങോട്ടേയ്ക്ക് അയയ്ക്കാനുമാകില്ല. നമ്മുടെ നാട്ടിലെ ഉത്പന്നങ്ങൾക്കൊന്നും വില കിട്ടാത്ത സാഹചര്യമാണുണ്ടാകാൻ പോകുന്നത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നല്ലൊരു കർഷകനാണ്. ഞാൻ അദ്ദേഹത്തിന്റെ കൃഷിസ്ഥലത്ത് പോയിട്ടുണ്ട്. Precision farming വളരെ മനോഹരമായി അദ്ദേഹം ചെയ്തിട്ടുണ്ട്. യുവതലമുറയ്ക്ക് എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്ന സ്റ്റൈലൻ കൃഷിരീതി അദ്ദേഹം വിജയകരമായി നടപ്പിലാക്കി. അദ്ദേഹം കഴിഞ്ഞ വർഷം നാളികേരം വിറ്റത് 23 രൂപയ്ക്കും മിനിഞ്ഞാന്ന് വിറ്റത് 7

രൂപയുമാണ്. കർഷകരുടെ നടുവൊടിയുകയാണ്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ഒരു പദ്ധതിയെ സംബന്ധിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. എനിക്കും അതിനോട് യോജിപ്പുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്റെ പ്രിയസുഹൃത്തായ ശ്രീ. വി.എസ്. സുനിൽ കുമാർ കൃഷി വകുപ്പുമന്ത്രിയായിരുന്നു. അതുപോലെ ശ്രീ. കെ. പി. മോഹനനും മന്ത്രിയായിരുന്നു. അന്ന് അനേകം പദ്ധതികൾ പ്രഖ്യാപിച്ചു. എം.എൽ.എ.-മാരെല്ലാം പാടത്തിറങ്ങി ഞാറ് നട്ടു, കൊയ്തു, ഫോട്ടോ എടുത്തു, പ്രസംഗിച്ചു, കവികൾ പാടി. ഇന്ന് ആ പദ്ധതികളൊക്കെ എവിടെയാണെന്ന് നമ്മൾ ആലോചിക്കണം. അതിനൊരു സോഷ്യൽ ഓഡിറ്റിംഗ് വേണം. കഴിഞ്ഞ തവണ ശ്രീ. വി. എസ്. സുനിൽ കുമാർ മുന്നോട്ടുവച്ച 'നമ്മളെല്ലാം നെൽപ്പാടത്തേയ്ക്ക്' എന്ന പദ്ധതിയിൽ എത്ര നെൽപ്പാടങ്ങളിൽ ഇപ്പോൾ കൃഷി ചെയ്യുന്നുണ്ടെന്ന് പരിശോധിക്കണം. അടുത്തകാലത്ത് തിരുവനന്തപുരം ജില്ലയിലെ സി.പി.ഐ.(എം)-ന്റെ ഒരു പാർട്ടി ഓഫീസിനോട് ചേർന്നുകിടക്കുന്ന പത്ത് സെന്റ് സ്ഥലത്ത് അവിടത്തെ പ്രവർത്തകരും ഡി.വൈ.എഫ്.ഐ.-കാരുമെല്ലാം ചേർന്ന് ചീര നട്ടു. ചീര വിളവെടുക്കുന്നതിന് സ്ഥലത്തെ എം.എൽ.എ.-യെയും വിളിച്ചിരുന്നു. ചീരയെല്ലാം മുറിച്ചെടുത്തതിനുശേഷം കൃഷി ഓഫീസർ

എം.എൽ.എ.-യോട് ഫോട്ടോയെടുക്കാമെന്ന് പറഞ്ഞു. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ബോർഡ് കൃഷി ഓഫീസർ അവിടെ വച്ചിട്ടുണ്ട്. എം.എൽ.എ.-യുടെകൂടെ നിന്ന് ഫോട്ടോയെടുത്തു. അങ്ങനെ ആരെങ്കിലും ചെയ്ത കൃഷിയുടെ ക്രെഡിറ്റ് ഏറ്റെടുക്കുകയാണോ ചെയ്യേണ്ടത്? കൃഷി വകുപ്പുമന്ത്രി ചെറുപ്പക്കാരനാണ്, താങ്കളിൽ എനിക്കും ജനങ്ങൾക്കും വളരെ പ്രതീക്ഷയുണ്ട്. ഇതിൽ രാഷ്ട്രീയമില്ല. വരുമാനം കുറയുന്നതുകൊണ്ട് കർഷകന്റെ നടുവൊടിയുന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞല്ലോ. യഥാർത്ഥ കർഷകനെക്കൊണ്ട് കൃഷി ചെയ്യിച്ചാൽ മതിയെന്ന് തീരുമാനിക്കണം. എല്ലാവരേയും കൃഷിയിലേയ്ക്കിറക്കാൻ സാധിക്കില്ല. ഞാൻ കൃഷിയിലേയ്ക്കിറങ്ങാൻ ആഗ്രഹിച്ച ആളാണ്. വാളകത്തെ എന്റെ വീടിന്റെ മുറ്റത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനുവേണ്ടി അച്ഛന്റെ അനുവാദം വാങ്ങി ഒരു കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരം കൃഷി ചെയ്തു. എന്ത് വളം ഉപയോഗിക്കണമെന്ന് അദ്ദേഹത്തോട് ചോദിച്ചപ്പോൾ അത് പിന്നീട് പറയാമെന്നും കീടനാശിനി എന്തെങ്കിലും ഉപയോഗിക്കണമോയെന്ന് ചോദിച്ചപ്പോൾ ജമന്തി ചെടി നട്ടാൽ മറ്റ് കീടങ്ങളൊന്നും വരില്ലെന്നും പറഞ്ഞു. അടുത്ത നഴ്സറിയിൽനിന്നോ ഓൺലൈനിൽ ഓർഡർ ചെയ്തോ ജമന്തി ചെടി വാങ്ങാമെന്ന് ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം ജമന്തി ചെടി

കൊണ്ടുവരാമെന്ന് പറഞ്ഞ് പോയിട്ട് രണ്ടര വർഷം കഴിഞ്ഞിട്ടും തിരിച്ചെത്തിയില്ല. പുരാണത്തിൽ, പാഞ്ചാലി ഭീമസേനനോട് കല്യാണസൗഗന്ധികം ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പൂവ് അന്വേഷിച്ച് പോയിട്ട് യുദ്ധമൊക്കെ ചെയ്ത് കുറേക്കാലം കഴിഞ്ഞ് പൂവുമായി വന്നുവെന്നാണ് പറയുന്നത്. എന്നാൽ എന്റെ വീടിന്റെ മുറ്റത്ത് പച്ചക്കറി കൃഷി ചെയ്യാൻവന്ന ഒരു കൃഷി ഓഫീസർ രണ്ടര വർഷം കഴിഞ്ഞിട്ടും തിരിച്ചുവന്നിട്ടില്ലെന്ന വിഷമം ഞാൻ പലപ്പോഴും രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷി ഓഫീസറെക്കൊണ്ട് സാധിക്കില്ലെന്ന് അറിഞ്ഞപ്പോൾ കാർഷിക സർവ്വകലാശാലയുടെ സദാനന്ദപുരത്തുള്ള കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലെ പ്രൊഫസർമാരെ വിളിച്ചു. അവിടെ നിന്ന് നാലഞ്ചുപേർ വന്ന് പറമ്പെല്ലാം കണ്ടു. അവിടെ തേക്ക്, ആഞ്ഞിലി ഉൾപ്പെടെയുള്ള മരങ്ങളുള്ളതിനാൽ തണലിൽ കൃഷി ചെയ്യുന്നതിനുള്ള എന്തെങ്കിലും ഐഡിയ പറഞ്ഞുതരാൻ ഞാൻ ആവശ്യപ്പെട്ടു. അവർ മടങ്ങിയതിനുശേഷം ഫോൺ വിളിച്ച് എന്നോട് പറഞ്ഞു മരങ്ങളെല്ലാം വെട്ടിമാറ്റിയതിനുശേഷം വിളിച്ചാൽ മതിയെന്ന്. ഇത്തരത്തിലുള്ള കൃഷി ഓഫീസർമാരും യൂണിവേഴ്സിറ്റികളുമാണ് സംസ്ഥാനത്തുള്ളത്. കൊട്ടാരക്കരയിലെ വിഷയം സംബന്ധിച്ച് ഞാൻ ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി

സംസാരിച്ചു. കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലോ അതിനടുത്തൊട്ടടുത്ത എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളിലോ നെൽകൃഷിയില്ല. എങ്കിലും കൊട്ടാരക്കരയിൽ നെൽകൃഷി വികസനത്തിന് ഒരു അഡീഷണൽ ഡയറക്ടറുണ്ട്. അതുപോലെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് പന്തളത്തെ ഷുഗർ മില്ലിനെക്കുറിച്ചറിയാം. ഞാൻ ഒരു ദിവസം ബഹുമാനപ്പെട്ട മന്ത്രിയോട് പന്തളത്തെ ഷുഗർ മില്ലിനെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം തർക്കിച്ചു, ഇനിയും തർക്കിക്കുമായിരിക്കും. പന്തളത്ത് ഷുഗർ മില്ലുണ്ടായിരുന്നുവെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കരിമ്പ് കൃഷിയില്ലാത്ത പന്തളത്ത് കരിമ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഡെപ്യൂട്ടി ഡയറക്ടറും ഓഫീസും സ്റ്റാഫുമെല്ലാമുണ്ട്. ജില്ലാ പഞ്ചായത്ത് കൃഷി ചെയ്യുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിന് ഡെപ്യൂട്ടി ഡയറക്ടറുടെ ആവശ്യമില്ല. കൃഷി ഓഫീസർമാർ നമ്മളെ എങ്ങനെ സഹായിക്കും? ഇതൊരു ധൂർത്താണ്. രണ്ട് പഞ്ചായത്തുകൾക്ക് ഒരു കൃഷി ഓഫീസർ മതിയെന്നാണ് ഞാൻ പറയുന്നത്. അതിൽ എന്നോട് വിരോധം തോന്നേണ്ട, പിണങ്ങിയാലും കുഴപ്പമില്ല. ഞാൻ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാറുണ്ട്. പദ്ധതികൾ തുടങ്ങുക, പൈപ്പിടുക

എന്നതുമാത്രമാണ് വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ ജോലി, പൈപ്പിലൂടെ വെള്ളം വരുന്നുണ്ടോയെന്ന് നോക്കേണ്ടത് അവരുടെ ജോലിയല്ല. ഇക്കാര്യം എല്ലാ എം.എൽ.എ.-മാരും മന്ത്രിമാരും ശ്രദ്ധിക്കേണ്ടതാണ്. സബ്സിഡിയുള്ളപ്പോഴും വളമുള്ളപ്പോഴും കൃഷി ഭവനിലേയ്ക്ക് ആളുകൾ പോകും, അല്ലാത്തപ്പോൾ ആരും പോകുകയില്ല. കൃഷിയോട് താല്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കണം. എല്ലാവരും പാടത്തേയ്ക്കും കൃഷിയിലേയ്ക്കും പോകുകയില്ല. ശ്രീ. വി. എസ്. സുനിൽകുമാർ മന്ത്രിയായിരിക്കുമ്പോൾ എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും വീടുകളിൽ ചെടിച്ചട്ടികൾ കൊണ്ടുവച്ച് കൃഷി ആരംഭിച്ചതാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന് അത് അറിയാവുന്നതല്ലേ? കൃഷി നോക്കാൻ നമുക്ക് സമയം ലഭിക്കില്ല. ഇത് ആര് നോക്കുമെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചപ്പോൾ തൊട്ടടുത്ത് കൃഷി ഓഫീസിലെ ഉദ്യോഗസ്ഥനുണ്ട്, അദ്ദേഹം വന്ന് നോക്കുമെന്ന് പറഞ്ഞു. ആറ് മാസത്തിനുശേഷം ഞാൻ വീട്ടിലെ കൃഷി നോക്കുമ്പോൾ അത് കാട് പിടിച്ചുകിടക്കുകയാണ്. പിന്നീട് ആളിനെ നിർത്തി അതെല്ലാം വെട്ടിമാറ്റി. ഇത്തരത്തിൽ ഉത്തരവാദിത്വമില്ലാത്ത ഉദ്യോഗസ്ഥരുണ്ട്. എല്ലാ കൃഷി ഓഫീസർമാരും മോശമാണെന്ന് ഞാൻ പറയുന്നില്ല. പത്ത് ശതമാനം പേർ

മിടുക്കരാണ്, അവർ ജോലി ചെയ്യുന്ന ഓഫീസുകളുടെയും പഞ്ചായത്തുകളുടെയും പരിധിയിൽ വരുന്ന സ്ഥലത്ത് വൻതോതിലുള്ള കൃഷികൾ നടക്കുന്നുണ്ട്; എല്ലാ ആളുകളെയും കൃഷിയിലേയ്ക്കിറക്കാൻ ശ്രമിക്കുന്നുണ്ട്. മാതൃകാ കൃഷിത്തോട്ടത്തിനായി സർക്കാർ കൊടുക്കുന്ന കാശ് ഉപയോഗിച്ച് കൃഷിത്തോട്ടമെന്ന ബോർഡുകൾവച്ച് ഫോട്ടോയെടുത്താൽ മതിയോ? ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ വീട്ടിൽ ഞാൻ പോയിട്ടുണ്ട്. മാതൃകാ കൃഷിത്തോട്ടം കാണണമെങ്കിൽ എല്ലാ എം.എൽ.എ.-മാരും അവിടെ പോകണം. കൃഷി ചെയ്യാൻ ഇത്ര രൂപ ചെലവഴിച്ചു, ഇതിൽനിന്നും ഇത്ര രൂപ വരുമാനം ലഭിച്ചുവെന്ന് ഒരാൾ പറയുമ്പോഴാണ് നാം കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നത്. അല്ലാതെ കൃഷിക്ക് പത്ത് ലക്ഷം രൂപ ചെലവാക്കി, മാസം 16,000/- രൂപയാണ് വരുമാനമെന്ന് പറഞ്ഞാൽ ഒരു കർഷകന് ഒരു ദിവസം 500/- രൂപ ലഭിച്ചാൽ മതിയോ? കൂടുതൽ വരുമാനം കർഷകന് ലഭിക്കണം. അതിനുവേണ്ടിയായിരിക്കണം കൃഷി ചെയ്യേണ്ടത്. ചെറുപ്പക്കാരനും പുതുമയുള്ള ഒരു ഭരണത്തിന്റെ വക്താവുമെന്ന നിലയിൽ അങ്ങ് കൃഷിയിൽ ശ്രദ്ധചെലുത്തണം. വട്ടവടയിലെ കർഷകർക്ക് പച്ചക്കറി കൃഷി ചെയ്യാൻ സൗകര്യമൊരുക്കിക്കൊടുത്ത് അവരുടെ ഉല്പന്നങ്ങൾ വാങ്ങണം.

ഹോർട്ടികോർപ്പിനെക്കൊണ്ട് വാങ്ങിപ്പിച്ച് അവരെ നിരുത്സാഹപ്പെടുത്താതെ മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് അവരുടെ ഉല്പന്നങ്ങൾ വാങ്ങിപ്പിക്കണം. കാരണം, ഹോർട്ടികോർപ്പിൽ അഴിമതിയാണ്. അങ്ങയുടെ വകുപ്പിനുകീഴിൽ പതിനാറിലധികം പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അവരെക്കൊണ്ട് വാല്യൂ അഡിഷൻ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കർഷകന്റെ ഉല്പന്നങ്ങൾ മെച്ചപ്പെട്ട വിലയ്ക്ക് സ്വീകരിച്ച് വാല്യൂ അഡിഷൻ ചെയ്ത് എക്സ്പോർട്ട് ചെയ്യാനുള്ള പരിപാടികളെ സംബന്ധിച്ച് ആലോചിക്കണം. എല്ലാവരേയും കർഷകരാക്കാൻ സാധിക്കില്ല. അതുകൊണ്ട് താല്പര്യമുള്ളവരെ തെരഞ്ഞെടുത്ത് അവരെ പ്രോത്സാഹിപ്പിക്കാൻ പണം ചെലവാക്കണം. അവർക്ക് സബ്സിഡിയും മറ്റാനുകൂല്യങ്ങളും നൽകണം. ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ എല്ലാവരും ക്ഷമിക്കണം. പൊതുഖജനാവിനെ ധൂർത്തടിക്കാൻ ആരെയും അനുവദിക്കാൻ പാടില്ലെന്നാണ് എം.എൽ.എ.-യും പൊതുപ്രവർത്തകനും പൗരനുമെന്ന നിലയിലുള്ള എന്റെ കാഴ്ചപ്പാട്. ഞങ്ങളുടെ നാട്ടിലെ ഒരു ബ്ലോക്കിൽ 30 ലക്ഷം രൂപ നെൽകൃഷിക്ക് അനുവദിച്ചു. മൂന്ന് വർഷംകൊണ്ട് 30 ലക്ഷം രൂപയും ചെലവഴിച്ചു. കരയിലും വെള്ളത്തിലും ഞാറ് നട്ടു. ഞാറ് നടുന്ന സമയത്ത് എന്നെയും വിളിച്ചു. ഞാറ് നടുമ്പോഴും കൊയ്യുമ്പോഴുമൊക്കെ

ആളും ആരവങ്ങളുമുണ്ട്. അവിടെ സ്റ്റേജും മൈക്കുമെല്ലാമുണ്ട് കവികൾ വരുന്നു, പാടുന്നു, പ്രസംഗിക്കുന്നു. ഇതെല്ലാം കഴിഞ്ഞ് നെല്ല് എവിടെയെന്ന് ചോദിച്ചപ്പോൾ നെല്ലുകുത്തി കൊണ്ടുവന്നിട്ടുണ്ടെന്നും അതാണ് എം.എൽ.എ. പാൽപ്പായസമായി കുടിച്ചതെന്നും പറഞ്ഞു. എല്ലാ കുടുംബശ്രീക്കാരും തൊഴിലുറപ്പുകാരും ഞങ്ങളെല്ലാവരുംകൂടി കുടിച്ച പാൽപ്പായസത്തിൽ 32 ലക്ഷം രൂപ പോയി. ഇങ്ങനെ പൊതുഖജനാവിലെ പണം നഷ്ടപ്പെടുത്താൻ ആരെയും അനുവദിക്കരുത്. കൃഷി ചെയ്യാൻ താല്പര്യമുള്ള ആളുകളെക്കൊണ്ട് കൃഷി ചെയ്യിപ്പിക്കുക, പരമാവധി സബ്സിഡി കൊടുത്ത് അവരെ സഹായിക്കുക. അതുപോലെ എറണാകുളത്ത് മനുഷ്യൻ കുടിക്കുന്നത് കുളിക്കാൻപോലും കൊള്ളാത്ത വെള്ളമാണെന്ന് ശ്രീ. ടി. ജെ. വിനോദ് ഇവിടെ പറഞ്ഞു. നിയമസഭയുടെ പെറ്റീഷൻ കമ്മിറ്റി ആ വിഷയത്തിൽ ഇടപെടുകയും വളരെ കർശനമായ നിലപാട് സ്വീകരിക്കുകയും ചെയ്തു.

മി. ചെയർമാൻ: പ്ലീസ്....അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി പെറ്റീഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കണം. പെറ്റീഷൻ കമ്മിറ്റി വന്നതിനുശേഷം തിരുവനന്തപുരം കോർപ്പറേഷനിൽ ശുദ്ധജല വിതരണത്തിൽ മൂന്ന് കോടി രൂപയുടെ ലാഭമുണ്ടായി. തിരുവനന്തപുരം

കോർപ്പറേഷൻ മേയറായിരുന്ന ശ്രീ. കെ. ശ്രീകുമാറിന്റെ താല്പര്യപ്രകാരം ചെയ്തതാണ്. മൂന്ന് കോടി രൂപ അവർക്ക് 10 മാസംകൊണ്ട് ലഭിച്ചു. പെറ്റീഷൻ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് കൊച്ചി കോർപ്പറേഷനിൽ വാട്ടർ അതോറിറ്റി വെള്ളം ലോറിയിൽ വിതരണം ചെയ്യാൻ തുടങ്ങിയതിനുശേഷം എത്ര കോടി രൂപയുടെ വരുമാനം വാട്ടർ അതോറിറ്റിക്കുണ്ടായിട്ടുണ്ടെന്ന് പരിശോധിക്കണം.

മി. ചെയർമാൻ: അങ്ങേയ്ക്ക് ആശയങ്ങൾ ധാരാളമുണ്ട്. പ്ലീസ്.... സമയം അധികമായി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇവിടെ ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ പറഞ്ഞതുപോലെ വൈപ്പിനിൽ കുടിവെള്ളക്ഷാമം നേരിടുകയാണ്. ഇക്കാര്യത്തിൽ അങ്ങ് താല്പര്യമെടുക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞ് അവസാനിപ്പിക്കണം. സമയം അധികമായി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ജനങ്ങൾക്കുവേണ്ടിയാണ് പറയുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ എല്ലാ സ്ഥലത്തും വെള്ളമെത്തിയിട്ടുണ്ട്. എന്നാൽ കൊച്ചിയിലെയും വൈപ്പിനിലെയും കാര്യമാണ് ഞാൻ പറയുന്നത്. അവിടത്തെ ജനങ്ങൾക്ക് കുടിവെള്ളം

നൽകിയ ഒരു ഗവൺമെന്റ് എന്ന് അഭിമാനത്തോടെ പറയാൻ അങ്ങ് മന്ത്രിയായിരിക്കുന്ന ഈ അവസരത്തിൽ കഴിയണം. രണ്ട് മന്ത്രിമാരെയും അനുമോദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ കർഷകരുടെ അവസ്ഥ മുഖ്യമന്ത്രിയുടെ ഇന്നത്തെ അവസ്ഥപോലെയാണ്. സ്വർണ്ണ കള്ളക്കടത്തിന്റെ കരിനിഴലിൽ കഴിയുന്ന മുഖ്യമന്ത്രിക്ക് മനഃസമാധാനം നഷ്ടപ്പെട്ടിരിക്കുന്നതുപോലെ കേരളത്തിലെ കർഷകർ ആറ് വർഷമായി മനഃസമാധാനമില്ലാതെയാണ് കഴിയുന്നത്. കർഷകർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും കഴിഞ്ഞ ആറ് വർഷംകൊണ്ട് ഓരോന്നോരോന്നായി റദ്ദ് ചെയ്ത അനുഭവമാണുള്ളത്. ദേശീയതലത്തിൽ വലിയൊരു കർഷകപ്രക്ഷോഭം നടന്നു, ചരിത്രത്തിലെ മഹാസമരം. ഒരു വർഷത്തോളം നീണ്ടുനിന്ന ആ സമരത്തിൽ കൊടിവീശാൻ ഇടതുപക്ഷത്തുള്ള ആളുകൾ പോയത് നമ്മളൊക്കെ കണ്ടതാണ്. ആ സമരക്കാർ പ്രധാനപ്പെട്ട ആറ് കാര്യങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഞാൻ ആ വിഷയങ്ങൾ എണ്ണിപ്പറയുന്നില്ല. അതിലൊന്ന്, കാർഷികോൽപ്പന്നങ്ങളുടെ സംഭരണമായിരുന്നു. മറ്റൊന്ന്, ചന്തകൾ/കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്ന കേന്ദ്രങ്ങൾ/മണ്ഡികൾ

എന്നിവ നിർത്തൽ ചെയ്യാനുള്ള തീരുമാനം റദ്ദാക്കണമെന്നുള്ളതായിരുന്നു. ആ സമരങ്ങളെ പിന്തുണച്ചവരെന്ന് പറയുന്നവർ ആലോചിക്കണം കേരളത്തിൽ ആ രണ്ട് സൗകര്യങ്ങളും ഇന്ന് നിലച്ചില്ലേ? നാളികേര സംഭരണം എത്ര ഭംഗിയായി നടന്നിരുന്നു. കൃഷി ഭവൻ മുഖേന 293 കേന്ദ്രങ്ങളിലൂടെ നാളികേരം സംഭരിച്ചിരുന്നു. എന്നാൽ ആറ് വർഷമായി ഇവിടെ നാളികേര സംഭരണം നടന്നിട്ടില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി പറഞ്ഞത് സംഭരണം ഉടൻ ആരംഭിക്കുമെന്നാണ്. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മലപ്പുറത്തും തൃശ്ശൂരിലും തിരുവനന്തപുരത്തും ആരംഭിച്ചു. സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ സംസാരിച്ചപ്പോൾ കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് പറയുകയും ഒരുമാസം കഴിഞ്ഞപ്പോൾ കോഴിക്കോട്ടും എറണാകുളത്തുംകൂടി ആരംഭിക്കുകയും ചെയ്തു. എന്റെ നാട്ടിൽ 'കേരഗ്രാമം' ഉദ്ഘാടനത്തിന് വന്നപ്പോൾ ഞാൻ ഈ വിഷയം ഉന്നയിച്ചു. അന്ന് ആ ഉദ്ഘാടന പ്രസംഗത്തിൽ സംഭരണകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ട് മൂന്നുമാസം കഴിഞ്ഞു. 45 കേന്ദ്രങ്ങളിൽ തുടങ്ങുമെന്നാണ് പ്രഖ്യാപിച്ചത്. 45 തികഞ്ഞിട്ടില്ല എന്നത് മറ്റൊരു വസ്തുത. 65 ലക്ഷം നാളികേര കർഷകരുള്ള കേരളത്തിൽ 45 കേന്ദ്രങ്ങളിൽ നൽകാൻ

മാത്രമുള്ള കാർഷികോൽപ്പന്നങ്ങൾ മാത്രമേയുള്ളോ? കർഷകരെ മറന്ന സർക്കാരല്ലേ ഇത്; കർഷകരെ ഇത്രയേറെ അവഗണിച്ച ഒരു സർക്കാരുണ്ടായിട്ടുണ്ടോ? ഒരു ആദിവാസി കുടുംബം ചക്ക പാകംചെയ്ത് കഴിക്കുന്നതിന്റെ ചിത്രം പത്രത്തിൽ വന്നതിനെക്കുറിച്ച് തിരുവമ്പാടിയിലെ ബഹുമാന്യനായ അംഗം പരിഹസിക്കുകയുണ്ടായി. ഈ ഭരണം നടക്കുന്നതിന്റെ മൂക്കിനുതാഴെ, തിരുവനന്തപുരത്ത് ഒരു പാവപ്പെട്ട അമ്മ പട്ടിണി മാറ്റാൻ വകയില്ലാത്തതുകൊണ്ട് മണ്ണ് കുഴച്ച് കുട്ടികളുടെ വായിൽ വച്ചുകൊടുത്ത വാർത്ത വായിക്കേണ്ട ഗതികേടുണ്ടായവരാണ് നാം. മണ്ണാർക്കാട് ആദിവാസി കുടുംബത്തിലെ അംഗമായ മധു എന്ന ചെറുപ്പക്കാരനെ അടിച്ചുകൊന്ന സംഭവമുണ്ടായി. അടിച്ചുകൊന്ന കൂട്ടത്തിലെ ഒരാൾക്ക് പിന്നീട് ബ്രാഞ്ച് സെക്രട്ടറിയായി പ്രൊമോഷൻ കൊടുത്തു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. തിരുവനന്തപുരത്ത് അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ല. മലപ്പുറത്ത് എവിടെയെങ്കിലും അങ്ങനെ ഉണ്ടായിട്ടുണ്ടോയെന്ന് എനിക്കറിയില്ല, ഒരമ്മയും വിശപ്പകറ്റാൻവേണ്ടി

മക്കൾക്ക് മണ്ണ് വാരിക്കൊടുത്ത സംഭവമുണ്ടായിട്ടില്ല. അദ്ദേഹം പറഞ്ഞത് തെറ്റായ കാര്യമാണ്. ചട്ടം 307 അനുസരിച്ച് അത് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: അത് പരിശോധിക്കാം.*

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പത്രത്തിൽ വന്ന വാർത്തയാണ് ഞാൻ വായിച്ചത്, ചന്ദ്രിക പത്രത്തിൽ വന്നതല്ല. ദേശാഭിമാനി പത്രത്തിൽ അത് വരില്ലെന്ന് നിങ്ങൾക്കറിയാമല്ലോ. തിരുവനന്തപുരത്ത് കൈതമുക്കിൽ ഒരമ്മ കുട്ടികൾക്ക് പട്ടിണി മാറ്റാൻ മണ്ണുവാരിക്കൊടുത്ത സംഭവം പത്രത്തിന്റെ ഒന്നാം പേജിൽ അച്ചടിച്ചുവന്നതാണ്. പട്ടിണിമാറ്റാൻ വകയില്ലാത്തതുകൊണ്ട് ഭക്ഷണം മോഷ്ടിച്ചതിന്റെ പേരിൽ മണ്ണാർക്കാട് ചെറുപ്പക്കാരനായ മധുവിനെ അടിച്ചുകൊന്നു. അടിച്ചുകൊന്നവരുടെ കൂട്ടത്തിലെ ഒരാൾക്ക് ബ്രാഞ്ച് സെക്രട്ടറിയായി പ്രൊമോഷൻ കിട്ടിയെന്നത് മറ്റൊരു വസ്തുത. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് 2016-വരെ കർഷകർ അനുഭവിച്ചിരുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും പുനഃസ്ഥാപിച്ചുകൊടുക്കാൻ നിങ്ങൾ തയ്യാറാകുമോ എന്നാണ് ഒരു കർഷകനെന്ന നിലയ്ക്ക് വിനീതമായി എനിക്ക് ചോദിക്കാനുള്ളത്. ഇവിടെ

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.12896 /ഇ.ബി./2022/ നി.സെ. തീയതി19-7-22 ) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

കാലോചിതമായി വില പരിഷ്കരിച്ച് ശാസ്ത്രീയമായി സംഭരണം നടത്തിയിരുന്ന, രണ്ടരരൂപയ്ക്ക് താഴെ പോയ നാളികേരത്തിന് 15 രൂപ കിട്ടുന്ന സാഹചര്യം ഇവിടെയുണ്ടായിരുന്നു. ഇന്ന് നാളികേരത്തിന്റെ വില 7 രൂപയിലേയ്ക്ക് കൂപ്പുകുത്തി.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പാമോയിൽ ഇറക്കുമതി ഡ്യൂട്ടി ഇല്ലാതെയാക്കി, ഇൻഡോനേഷ്യയിൽനിന്ന് കൊപ്രയുൾപ്പെടെ ഇറക്കുമതി തുടങ്ങി, വിയറ്റ്നാമിൽനിന്ന് കുരുമുളക് ഇറക്കുമതി ചെയ്തു. ഇതിനെക്കുറിച്ചൊന്നും ബഹുമാനപ്പെട്ട അംഗത്തിന് ഒരഭിപ്രായവുമില്ലേ; കേന്ദ്ര സർക്കാർ കാർഷിക രംഗത്ത് ഇത്രയും ദ്രോഹം ചെയ്തിട്ട് ഒന്നും പറയാനില്ലേ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഈ സമയം എനിക്ക് അനുവദിച്ചുതരണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയാണ് ഇടപെടുന്നത്.

മി. ചെയർമാൻ: ഇല്ല. വഴങ്ങിക്കൊടുക്കുന്നതിന് സമയം അനുവദിക്കാൻ കഴിയില്ല. അങ്ങ് സംസാരിക്കൂ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മന്ത്രി പറഞ്ഞ അഭിപ്രായത്തോട് യോജിക്കുന്നു. യോജിച്ച പ്രക്ഷോഭത്തിന് ഞങ്ങൾ തയ്യാറാണ്. പക്ഷേ

ഇടതുപക്ഷക്കാർക്ക് അതിനെ ചോദ്യം ചെയ്യാൻ അവകാശമില്ല. ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി ഭരിച്ച ശ്രീ. എച്ച്. ഡി. ദേവഗൗഡയുടെയും ഐ. കെ. ഗുജ്റാളിന്റെയും ഗവൺമെന്റുകളുടെ കാലത്ത് ഇത്തരം നയത്തിനെതിരായി എന്തെങ്കിലും നിലപാട് നിങ്ങൾ സ്വീകരിച്ചോ; കമ്മ്യൂണിസ്റ്റുകാരായ മന്ത്രിമാർ അതിൽ ഉണ്ടായിരുന്നില്ലേ; എന്നിട്ടാണോ നിങ്ങൾ ഇപ്പോൾ കൊഞ്ഞനം കുത്തുന്നത്? അതിനെ ധാർമ്മികമായി എതിർക്കാൻ നിങ്ങൾക്ക് അവകാശമില്ല. നിങ്ങൾ ആ ഗവൺമെന്റിൽ പങ്കാളികളായിരുന്നു. കേരളത്തിൽ കർഷകരെ എഴുതിത്തള്ളിയ നയമാണ് ഇന്ന് നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. സംഭരണം നിലച്ചു, ഉല്പന്നങ്ങൾക്ക് വിലയില്ല, സംഭരണവില കാലോചിതമായി പരിഷ്കരിക്കുന്നില്ല. നെല്ല് സംഭരണം കുത്തഴിഞ്ഞു, റബ്ബർ സംഭരണം കടലാസ്സിലൊതുങ്ങി. ഇതാണ് ഇന്നത്തെ അവസ്ഥ. കാർഷിക മേഖലയിൽ വിലയിടിവുണ്ടാക്കിയത് നിങ്ങളല്ലേ? കപ്പ 12 രൂപ നിരക്കിൽ സംഭരിക്കുമെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പിന് ഒരുമാസം മുമ്പ് നിങ്ങൾ പ്രഖ്യാപിച്ചു. അഞ്ച് രൂപവച്ച് പാവപ്പെട്ട കർഷകർ കപ്പ മുഴുവനും വാരിക്കൊടുക്കുന്ന സാഹചര്യമുണ്ടായി. 30 രൂപയ്ക്ക് നേന്ത്രക്കായ സംഭരിക്കുമെന്ന് പറഞ്ഞു, പത്ത് രൂപയ്ക്ക് നേന്ത്രപ്പഴം റോഡരികിൽവച്ച്

വിൽക്കുന്നത് നമ്മൾ കണ്ടു. കോട്ടയം തിരുനക്കര മൈതാനിയിൽ 5 രൂപയ്ക്ക് പൈനാപ്പിൾ വിൽക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. സ്വതന്ത്ര കർഷക സംഘം മലപ്പുറത്ത് നാളികേരം സൗജന്യമായി വിതരണം ചെയ്തുകൊണ്ട് ഇതിനെതിരെ പ്രതിഷേധിച്ചു. പൈനാപ്പിൾ കർഷകർ 10001 പൈനാപ്പിൾ വിതരണം ചെയ്തുകൊണ്ട് എറണാകുളത്ത് തത്തുല്യമായൊരു സമരം സംഘടിപ്പിച്ചുവെന്ന് നമ്മൾ വായിക്കുകയുണ്ടായി. ഇത്തരമൊരു ദുര്യോഗം കേരളത്തിൽ എന്നാണ് ഉണ്ടായിട്ടുള്ളത്? അതുകൊണ്ട് കാർഷികോൽപ്പന്നങ്ങൾക്ക് വില കുറയുമ്പോൾ സംഭരിക്കുമെന്ന നയംപോലും കർഷകവിരുദ്ധ നയത്തിന്റെ ഒരുൽപ്പന്നമാണ്. സന്ദർഭോചിതമായി വില വർദ്ധിപ്പിക്കുകയാണ് വേണ്ടത്. അതാണ് ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി ചെയ്തത്. അന്ന് ഞങ്ങളുടെ സർക്കാരിലുണ്ടായിരുന്ന കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനനോട് ചോദിച്ചാൽ മതി.

മി. ചെയർമാൻ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എനിക്ക് രണ്ട് മിനിട്ടുകൂടി അനുവദിക്കണം. കൃഷി ഭവനിലൂടെ നാളികേരം സംഭരിക്കുന്ന അവസ്ഥയിലേയ്ക്ക് തിരിച്ചുവരണം. ഇവിടെ നിങ്ങളുടെ

സമാധാനക്കുറവൊക്കെ ഞങ്ങൾക്കറിയാം. കഴിഞ്ഞ രണ്ട് മാസമായി ഈ നാട്ടിലെ ചർച്ച രണ്ട് വനിതകളെയും രണ്ട് മലയാള പദങ്ങളെയും കുറിച്ചാണ്. ഒന്ന്, ഞങ്ങളുടെ ശ്രീമതി ഉമ തോമസ്. അവരെ ഞങ്ങളവതരിപ്പിച്ചു, അഭൂതപൂർവ്വമായ വിജയം നേടി ഇവിടെയെത്തി. മറ്റൊന്ന് നിങ്ങളുടെ സ്വപ്ന. സ്വപ്ന നിങ്ങളുടെ സ്വപ്നം കെടുത്തി. പണ്ട് നിങ്ങൾ സ്വപ്നലോകത്തായിരുന്നു, പിന്നെ നിങ്ങൾ സ്വപ്നയുടെ ലോകത്തേയ്ക്ക് മാറി. ഇപ്പോൾ നിങ്ങൾക്ക് സമാധാനമില്ലാതെയായി, കരിങ്കൊടിയെപ്പോലും ഭയപ്പെടുന്ന സാഹചര്യമാണ്. ഒന്ന് ആലോചിച്ചുനോക്കൂ, കരിങ്കൊടി ഏറ്റവുംകൂടുതൽ ഉപയോഗിച്ചത് നിങ്ങളാണ്. കരിങ്കൊടികൊണ്ട് ഇപ്പോൾ കൊലപാതകം നടത്താൻ കഴിയുമെന്നാണ് നിങ്ങൾ പറയുന്നത്. ഞങ്ങൾക്ക് അത് അറിയില്ല. നിങ്ങളുടെ അവസ്ഥ ഇങ്ങനെയായത് ജനത്തെ മറന്ന് മുന്നോട്ടുപോയതുകൊണ്ടാണ്. ഈ സർക്കാരിന്റെ കർഷകവിരുദ്ധ, ജനവിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഒരു നവാഗത കൗതുകമെന്ന് കരുതിയാൽ മതി. ഇന്ന് പ്രതിപക്ഷം ഏത് രീതിയിലായിരിക്കും നിയമസഭയിൽ പ്രതികരിക്കുകയെന്നുള്ള കൗതുകത്തോടെയാണ് ഞാൻ എത്തിയത്. പ്രതിപക്ഷനിരയിലാകെ ഒരു മൗനഭാവം നിറഞ്ഞുനിൽക്കുന്നു. മഞ്ഞുകൊണ്ട

പൂക്കാവടിപോലെ എല്ലാവരും തളരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയെ വിശേഷിപ്പിച്ചത് വിരാട രാജധാനിയിലെ കൗരവരും പാണ്ഡവരും ചൂത് കളിക്കുന്ന കേന്ദ്രമായാണ്. ഒടുവിൽ പാഞ്ചാലിയുടെ വസ്ത്രാക്ഷേപവും തുടർന്ന് ശ്രീകൃഷ്ണൻ കൊടുത്തയച്ച ബോംബെ ഡൈയിംഗിന്റെ 19 കുത്ത് സാരിയെയും കുറിച്ചുള്ള കഥയൊന്നും ഞാൻ പറയുന്നില്ല. എന്തുകൊണ്ട് സന്ദർഭോചിതമായി അവർ പിൻവാങ്ങിയെന്നുള്ളത് അവർ ജനങ്ങളോട് പറയേണ്ട കാര്യമാണ്. അനാവശ്യമായി എടുത്തുചാടിയതിന്റെ അനന്തര ഫലമായിരിക്കാം. നടുത്തളത്തിലിറങ്ങിയപ്പോൾ കല്യാണപ്പന്തലിൽവച്ച താമ്പാളം പോലെയാക്കും അതെന്നാണ് ഞാൻ വിചാരിച്ചത്; പക്ഷെ ഒന്നും ഉണ്ടായില്ല. ക്രമേണ ചോദ്യോത്തരവേള, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ തുടങ്ങിയവ കഴിഞ്ഞ് ധനാഭ്യർത്ഥന ചർച്ചയിലേയ്ക്ക് വന്നു. അതിൽ കൃഷി, ജലസേചനം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന രണ്ട് മന്ത്രിമാരും വളരെ കാര്യക്ഷമമായി ചുമതല നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുവെന്നത് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നവർക്ക് പറയാൻ കഴിയും. വി.വി. രാഘവൻ എല്ലാ പഞ്ചായത്തിലും കൃഷി ഭവനുകൾ ആരംഭിച്ചുകൊണ്ട് ഒരു നവകാർഷിക വിപ്ലവത്തിന് കേരളത്തെ സന്നദ്ധമാക്കിയെങ്കിൽ ശ്രീമതി

മേധാപട്കർ എന്ന ലോകമാദരിക്കുന്ന, പരിസ്ഥിതി സംരക്ഷണത്തിന്റെ എല്ലാതലത്തിലുമുള്ള കേന്ദ്രങ്ങളെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്ന ആ വലിയ വ്യക്തിത്വത്തിന്റെ ശിഷ്യനായി രാഷ്ട്രീയ രംഗപ്രവേശം ചെയ്യുകയും ഇന്ന് കേരളത്തിലെ കൃഷി വകുപ്പുമന്ത്രിയായിരിക്കുകയും ചെയ്യുന്ന ശ്രീ. പി. പ്രസാദിന്റെ നേതൃത്വത്തിൽ കേരളത്തിലെ കൃഷി വകുപ്പിന്റെ കടിഞ്ഞാൺ സുഭദ്രമാണ്. അതുപോലെതന്നെ കേരള വാട്ടർ അതോറിറ്റിയുടെ ഓരോ ചലനങ്ങളിലും ഇന്നലെകളിലുണ്ടായിരുന്ന കെടുകാര്യസ്ഥതകൾ ഒഴിവാക്കി ഗാർഹിക കണക്ഷനുകൾ, കുടിശ്ശിക തീർപ്പാക്കൽ എന്നിവയിലൊക്കെ അത്ഭുതാവഹമായ മാറ്റങ്ങൾ വരുത്തുന്ന യുവമന്ത്രിയാണ് ശ്രീ. റോഷി അഗസ്റ്റിൻ. ഇവരെ രണ്ടുപേരെയും അനുമോദിക്കുന്നു. കേരളത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന മുദ്രാവാക്യത്തെ ഇവിടെ പലരും പലതരത്തിൽ വിമർശിച്ചു. നമ്മളും കൃഷിയിലേയ്ക്കെന്നല്ല, 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നാണ് മുദ്രാവാക്യം. ഞങ്ങളും കൃഷിയിലേയ്ക്കെന്നുവച്ചാൽ കൃഷി ചെയ്യാനുള്ള സൗകര്യവും ഭൗതിക സാഹചര്യങ്ങളുമുണ്ടായിട്ടും കൃഷിയിലേയ്ക്കിറങ്ങാതെ കൃഷിയെ അന്യമായ മേഖലയായി കണക്കാക്കുന്ന ഒരു വിഭാഗത്തെ കേരളത്തിന്റെ കാർഷിക സമൃദ്ധിയുടെ ഭാഗമാക്കുന്നതിനുവേണ്ടിയാണ് ഞങ്ങളും

കൃഷിയിലേയ്ക്ക് എന്ന പദ്ധതിക്ക് രൂപം കൊടുത്തത്. സുഭിക്ഷ കേരളം പദ്ധതിക്ക് രൂപം കൊടുത്ത ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ കേരളത്തിൽ എത്ര ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് അധികമായി ഉൽപ്പാദിപ്പിച്ചത്? മട്ടുപ്പാവ് മുതൽ തരിശുഭൂമിയിൽ വരെ കൃഷി ചെയ്തു. ചില പ്രത്യേക പ്രദേശങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഡെമോൺസ്ട്രേഷനെന്നപോലെ കൃഷി ആരംഭിക്കേണ്ടിവരും. എല്ലാ അർത്ഥത്തിലും അത് തികഞ്ഞ കൃഷിയുടെ രൂപത്തിലായിരിക്കണമെന്നില്ല. പക്ഷേ, പുതിയ തലമുറയെ കാർഷിക മേഖലയിലേയ്ക്ക് നയിക്കണമെങ്കിൽ, കാർഷിക സംസ്കാരത്തിൽ നിന്ന് അവരെ വിട്ടുപോകാതെ നോക്കണമെങ്കിൽ അത്യധികം യത്നിക്കേണ്ടതുണ്ട്. ഞങ്ങളും കൃഷിയിലേയ്ക്ക് എന്നുവച്ചാൽ എല്ലാവരും കൃഷി ചെയ്യുന്നൊരു കേരളമെന്ന കൺസെപ്റ്റല്ല, അദ്ധ്വാനിക്കാൻ സന്നദ്ധതയും ഭൗതിക സാഹചര്യവുമുള്ളവരെ പ്രോത്സാഹിപ്പിച്ച് കൃഷിയിലേയ്ക്ക് കൊണ്ടുവരിക എന്നുള്ളതാണ്. നെല്ല്, നാളികേരം, പച്ചക്കറി, തോട്ടവിള എന്നിവയുടെ കൃഷിയിൽ അത്ഭുതാവഹമായ മാറ്റം കഴിഞ്ഞ ആറ് വർഷം കൊണ്ടുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-ൽ നടന്ന റാങ്കിംഗിൽ കേരള കാർഷിക സർവ്വകലാശാല ഇന്ത്യൻ കാർഷിക സർവ്വകലാശാലകളിൽ

16-ാം സ്ഥാനത്താണ്. 2017-ലാണ് റാങ്കിംഗ് ആരംഭിക്കുന്നത്. 2017 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ കേരള കാർഷിക സർവ്വകലാശാല 16, 18, 30 സ്ഥാനങ്ങൾ നേടി. അത് നേടാനുള്ള പ്രധാന കാരണം ഗവേഷണ വിഭാഗങ്ങളിലുള്ള ഈ സർവ്വകലാശാലയുടെ നേട്ടങ്ങളാണ്. അത്യുല്പാദനശേഷിയുള്ള വിവിധതരം നെല്ല്/പച്ചക്കറി വിത്തുകൾ കാർഷിക സർവ്വകലാശാലകളിൽ ഉത്പാദിപ്പിക്കുന്നുണ്ട്. അതൊക്കെ സന്ദർഭോചിതമായി മണ്ണിലേയ്ക്കെത്തിക്കേണ്ടത് കൃഷി ഭവനിലെ ഉദ്യോഗസ്ഥരാണ്. കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥർക്ക് ഇന്നലെകളിൽ കൃഷിയുമായുണ്ടായിരുന്ന ബന്ധമല്ല ഇന്നുള്ളത്. കേരളത്തിലെ വിദ്യാലയങ്ങളിൽ മാറ്റം വന്നതുപോലെ വലിയൊരു മാറ്റം അവിടെയും വന്നിട്ടുണ്ട്. കൃഷിഭൂമിയിലേയ്ക്ക് പോകാൻ തയ്യാറാകുന്നതോടൊപ്പം കർഷകരുടെ വിഷമങ്ങൾ മനസ്സിലാക്കാനും അവരെ ആധുനിക കൃഷി രീതികൾ പഠിപ്പിക്കുന്നതിനും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തയ്യാറാകുന്നു. അങ്ങനെ കേരളത്തിലെ കാർഷികരംഗത്ത് വിപ്ലവകരമായ മാറ്റമാണുണ്ടായിക്കൊണ്ടിരിക്കുന്നത്. നമ്മുടെ കാർഷിക സർവ്വകലാശാലയുടെ ഫാക്കൽറ്റി പ്രൊഫൈലും അക്കാദമിക-ഗവേഷണ രംഗത്തെ നേട്ടങ്ങളും ഫലപ്രദമായ രീതിയിൽ

കർഷകരിലേയ്ക്കെത്തിക്കാൻ കഴിഞ്ഞ മന്ത്രിയാണ് ശ്രീ. പി. പ്രസാദ്. ഓണക്കാലത്ത് അത്തം മുതൽ തിരുവോണം വരെ വീട്ടുമുറ്റത്ത് പൂക്കളമിടുന്നതിന് തോവാളയിൽനിന്ന് പൂവ് കൊണ്ടുവരേണ്ട ഗതികേടുണ്ടായിരുന്നു. പൂവട്ടിയുമായി കുട്ടികൾ തൊടികളിൽ ഓടിനടന്നിരുന്ന ഇന്നലകളെ സ്വപ്നമാക്കി മാറ്റിക്കൊണ്ട് കഴിഞ്ഞ രണ്ട് വർഷമായി കേരളത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പൂക്കൾകൊണ്ട് വീട്ടുമുറ്റത്ത് പൂക്കളമിടാൻ സാധിക്കുന്നു. ഓണത്തിന് ഒരു മുറം പച്ചക്കറി, വിഷുവിന് കണിവെള്ളരി ഇങ്ങനെ മനുഷ്യനെ പ്രചോദിപ്പിക്കുന്ന മുദ്രാവാക്യങ്ങളുമായി കൃഷി വകുപ്പ് രംഗത്തെത്തിയതോടെ ഓണവും വിഷുവും ആണ്ടറുതികളും ഉത്സവവേളകളും സമൃദ്ധമായി ആഘോഷിക്കുന്നതിനുവേണ്ട ഉൽപ്പാദനക്ഷമത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് കൃഷി, ജലം തുടങ്ങിയ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ രാജ്യത്തെ കാർഷിക സമ്പദ് വ്യവസ്ഥ തകർന്നുപോയതിന്റെ പ്രധാനപ്പെട്ട കാരണം 1990-കളിൽ ആരംഭിച്ച നവഉദാരവൽക്കരണ

സാമ്പത്തിക നയമാണ്. കോൺഗ്രസ് പാർട്ടിയാണ് ഇന്ത്യയിൽ നവഉദാരവൽക്കരണ സാമ്പത്തിക നയത്തിന് തുടക്കം കുറിച്ചത്. അതിന്റെ ഏറ്റവും വലിയ ദുരിതമനുഭവിച്ചവർ നമ്മുടെ രാജ്യത്തെ കർഷകരാണ്. കർഷകർ പാപ്പരാക്കപ്പെട്ടു. കൃഷിയിൽനിന്ന് ഗവൺമെന്റ് പൂർണ്ണമായും പിന്തിരിഞ്ഞു. കാർഷികവൃത്തിക്ക് ആവശ്യമായ സബ്സിഡികൾ നിർത്തലാക്കുകയും സംഭരണം ഒഴിവാക്കുകയും ചെയ്ത് കൃഷിയെ പൂർണ്ണമായും അവഗണിച്ചു. ആ തകർച്ചയാണ് ഇന്ത്യയിലെ കർഷകർ നേരിട്ടുകൊണ്ടിരിക്കുന്നത്. വിലത്തകർച്ചയും വിപണിയിലെ പ്രശ്നങ്ങളുമുണ്ടാക്കിയ വിപത്തുംമൂലം കാർഷിക മേഖലയിൽനിന്ന് കൂട്ടത്തോടെ ആളുകൾ കൃഷി ഉപേക്ഷിച്ച് പലായനം ചെയ്യാൻ തുടങ്ങി. അതിന്റെ ഫലമായി ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ കൃഷിഭൂമി കോർപ്പറേറ്റുകൾ വാങ്ങിക്കൂട്ടുന്ന സ്ഥിതി രാജ്യത്തുണ്ടായി. കൃഷി ഇനി ആദായകരമല്ല, ജീവിക്കാൻ കഴിയില്ലെന്ന സാഹചര്യം വന്നതുകൊണ്ടാണ് അതുണ്ടായത്. അതിന് ബദലായിട്ടാണ് കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഇച്ഛാശക്തിയോടെ ഇടപെട്ട് മികച്ച പ്രവർത്തനം നടത്തി കാർഷിക മേഖലയിൽ കുതിപ്പുണ്ടാക്കിയത്. കേരളത്തിലെ ഒരു കൃഷിക്കാരനും കൃഷി ഉപേക്ഷിക്കേണ്ടതായോ ആത്മഹത്യ ചെയ്യേണ്ടതായോ വന്നിട്ടില്ല.

പരിമിതികളുണ്ടെങ്കിലും അവർ കൃഷിയിലൂടെതന്നെ ഉപജീവനം നടത്തിയിട്ടുണ്ട്. നെൽകൃഷിക്കും പച്ചക്കറികൃഷിക്കും ആവശ്യമായ സഹായം ഗവൺമെന്റ് അവർക്ക് നൽകി. കൃഷി ചെയ്യണമെന്ന് മാത്രമല്ല പറഞ്ഞത് അവർക്കാവശ്യമായ സാമ്പത്തിക സഹായവും നൽകുകയുണ്ടായി.

**[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]**

കാലാവസ്ഥാ വ്യതിയാനംകൂടി കണക്കിലെടുത്ത് കൃഷിരീതിയിൽ മാറ്റംവരുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കാർബൺ ന്യൂട്രൽ അഗ്രിക്കൾച്ചർ സംവിധാനത്തിലേയ്ക്ക് പോയത്. അത് പരിസ്ഥിതിക്കും ആരോഗ്യത്തിനും അടുത്ത തലമുറയുടെ നിലനിൽപ്പിനും അത്യാവശ്യമാണ്. അതുപോലെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയിലൂടെ നമ്മളെല്ലാവരും കൃഷിയിലേയ്ക്കിറങ്ങണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് മുന്നോട്ടുപോയത്. ഭക്ഷ്യസുരക്ഷയും സുരക്ഷിത ഭക്ഷണവും എന്നതാണ് ആ പ്രഖ്യാപനത്തിലൂടെ നടപ്പിലാക്കിയത്. എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക, ഓരോ വീട്ടിലും വിഷരഹിത പച്ചക്കറി/ഭക്ഷണപദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയിലേയ്ക്ക്

പോയത്. അതിന്റെ ഫലമായി ഇന്ന് നമ്മുടെ നാട്ടിലെ സന്നദ്ധ സംഘടനകളും കുടുംബശ്രീയും സാധാരണക്കാരും മറ്റ് വിവിധ മേഖലയിലുൾപ്പെട്ടവരുമെല്ലാം കൃഷിലേയ്ക്കിറങ്ങി. പച്ചക്കറികൃഷിയിൽ നമ്മൾ സ്വയംപര്യാപ്തമാകുന്ന ഒരു ഘട്ടത്തിലേയ്ക്കെത്തി. 15.7 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് ഉൽപ്പാദിപ്പിച്ചത്. നെൽകൃഷി വിസ്തൃതി വർദ്ധിച്ചതോടൊപ്പം നെല്ലുല്പാദനത്തിലും ഗണ്യമായ വർദ്ധനയുണ്ടായി. –സംഭരണത്തിന് മറ്റൊരു സംസ്ഥാനത്തുമില്ലാത്ത മികച്ച വിലയായ 28.20 രൂപ ലഭ്യമാക്കി. ഇങ്ങനെ കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിലെ കൃഷിക്കാരെ ചേർത്തുനിർത്തി അവർക്കാവശ്യമായ സഹായം നൽകുകയാണുണ്ടായത്. കഴിഞ്ഞ ഒരു വർഷംകൊണ്ട് പത്ത് ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകി മികച്ച പ്രവർത്തനമാണ് ജലവിഭവ വകുപ്പ് കാഴ്ചവച്ചിരിക്കുന്നത്. മഴക്കാലത്ത് നദികളിൽ പതിക്കുന്ന വെള്ളം അറബിക്കടലിലേയ്ക്ക് ഒഴുകിപോകാതെ സംഭരിച്ച് നിർത്താനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം. 12 നദികളുള്ള കാസർഗോഡ് ജില്ലയിൽ ഒരു അണക്കെട്ടുപോലുമില്ല. അവിടെ ഇപ്പോൾ അതിവർഷമാണ്. കഴിഞ്ഞ ഒരു മാസക്കാലമായി ഏറ്റവും കൂടുതൽ മഴ ലഭിച്ച ജില്ലയാണ്. പക്ഷേ, വെള്ളം മുഴുവൻ ഒലിച്ചുപോയി. വെള്ളം സംഭരിക്കാനാവശ്യമായ സംവിധാനമില്ല. നേരത്തെ അവിടെ മൂന്നാംകടവ്

പദ്ധതി വിഭാവനം ചെയ്തിരുന്നെങ്കിലും ചില പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് ഉപേക്ഷിച്ചു. അവിടെ മിനി ഡാമിന് നല്ല സാധ്യതയുണ്ട്. മൂന്നാംകടവിൽ ഒരു മിനി ഡാം പണിയുകയാണെങ്കിൽ കാസർഗോഡ് ജില്ലയിലെ ശുദ്ധജല പ്രശ്നത്തിന് പരിഹാരം കാണാനും കൃഷിക്കാർക്ക് ആവശ്യമായ വെള്ളമെത്തിക്കാനും സാധിക്കും. അതുപോലെ, പള്ളിക്കര അജാനൂർ പഞ്ചായത്തിലെ കൃഷി ഉപ്പുവെള്ളം കയറി നശിച്ചുപോയതാണ്. ചിറ്റാരി റെഗുലേറ്റർ നടപ്പിലാക്കുകയാണെങ്കിൽ അവിടെ കൃഷി ചെയ്യാൻ കഴിയും, ശുദ്ധജലം ലഭിക്കുകയും ചെയ്യും. കാർഷികരംഗത്ത് മാത്രമല്ല മറ്റെല്ലാ രംഗങ്ങളിലും സമഗ്രമായ വികസനമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം നടന്നത്. വിദ്യാഭ്യാസ/ആരോഗ്യ/പൊതുവിതരണ മേഖലകളിലെല്ലാം മികച്ച പ്രവർത്തനം നടത്തിയ ഒരു ഗവൺമെന്റായിരുന്നു കേരളത്തിലേതെന്ന് എല്ലാവർക്കുമറിയാം. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനാണ് മുന്തിയ പരിഗണന നൽകിയത്. ബഡ്ജറ്റിനുപുറമെ, കിഫ്ബിയിൽമാത്രം അമ്പതിനായിരം കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തതെങ്കിലും 70,762 കോടി രൂപയുടെ 962 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. ചുരുക്കിപ്പറഞ്ഞാൽ,

സമസ്ത മേഖലയിലും സർവ്വതലസ്പർശിയായി അഞ്ചുവർഷക്കാലം കേരളത്തിൽ കാര്യങ്ങൾ നടന്നിട്ടുണ്ട്. പക്ഷേ, ഇനിയും കേരളം മുന്നോട്ടുപോകണം. നേരത്തെ ഒരംഗം പറഞ്ഞതുപോലെ കേരളത്തിൽ ആരും പട്ടിണിയൊന്നും കിടക്കുന്നില്ല. ഇന്ത്യയിൽ പട്ടിണി കിടക്കുന്ന സംസ്ഥാനങ്ങളെ സംബന്ധിച്ചുള്ള poverty index-ന്റെ കണക്ക് വന്നപ്പോൾ കേരളത്തിൽ 0.74% പേർ മാത്രമാണുള്ളത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അത് നാൽപ്പതും അമ്പതും ശതമാനമാണ്. കേരളത്തിൽ അതിദരിദ്രരായി ചുരുക്കം പേരാണുള്ളത്; സർവ്വേ നടത്തി അവരെ കണ്ടെത്തി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ബൃഹത്തായ പദ്ധതി നടപ്പിലാക്കിവരികയാണ്. നവകേരള സൃഷ്ടിയുണ്ടാകണം. അടുത്ത ഇരുപത്തിയഞ്ച് വർഷംകൊണ്ട് കേരളത്തെ ശാസ്ത്രീയമായി പുനർനിർമ്മിക്കുകയെന്നതാണ് നവകേരള സൃഷ്ടികൊണ്ട് ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ ജീവിതനിലവാരവും വരുമാനവും വർദ്ധിക്കണം. ലോകത്തെ മധ്യവരുമാന രാഷ്ട്രങ്ങൾക്ക് സമാനമായ രീതിയിൽ കേരളത്തിലെ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മേഖലയിൽ മുന്നേറ്റമുണ്ടാകണം. ആധുനിക കേരളത്തെ ശാസ്ത്രീയമായി

പുനർനിർമ്മിക്കണം. അതിനായി കേരളത്തെ ഒരു ജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ അധിഷ്ഠിതമായ സമൂഹമാക്കി മാറ്റണം. അറിവിനെ അടിസ്ഥാനപ്പെടുത്തിയുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കണം. ബൗദ്ധിക മൂലധനത്തെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പാദനവും ഉപഭോഗവുമാണ് ജ്ഞാന സമ്പദ്‌വ്യവസ്ഥകൊണ്ട് ഉദ്ദേശിക്കുന്നത്. ആ നിലയിൽ കേരളത്തെ മാറ്റിയെടുക്കണം. വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള പോരായ്മകൾ പരിഹരിച്ച് മുന്നോട്ട് പോകുകയാണ് വേണ്ടത്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്താനാവശ്യമായ കാര്യങ്ങൾ ചെയ്യണം. അതിനാവശ്യമായ ബഡ്ജറ്റ് അലോക്കേഷൻ ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം നടക്കുമ്പോൾ പ്രതിപക്ഷം ക്രിയാത്മക നിലപാടാണോ സ്വീകരിക്കുന്നത്? കേരളത്തിലെ വികസന പ്രവർത്തനങ്ങളെ തകിടം മറിക്കുന്ന, തുരങ്കം വയ്ക്കുന്ന, അട്ടിമറിക്കുന്ന നിലയിലേയ്ക്കാണ് കേരളത്തിലെ പ്രതിപക്ഷം പൊയ്ക്കൊണ്ടിരിക്കുന്നത്. നിങ്ങൾ കുഴിച്ച കുഴിയിൽ നിങ്ങൾതന്നെ വീഴുന്ന നിലയിൽ കാര്യങ്ങളെത്തും. പ്രതിപക്ഷത്തിന് അങ്ങനെ രക്ഷപ്പെടാൻ കഴിയില്ല. ജനങ്ങൾ കേരളത്തിലെ ഗവൺമെന്റിനെയും വികസനപ്രവർത്തനങ്ങളെയും കുറിച്ച്

നന്നായി മനസ്സിലാക്കുന്നുണ്ട്. അതിനാൽ നിങ്ങൾ എന്തെങ്കിലുമൊരു കാര്യത്തിൽ സംശയം ജനിപ്പിച്ചുകളയാമെന്ന് കരുതി ഇവിടെ വന്ന് വലിയ പ്രചരണവും പ്രസംഗവും നടത്തിയതുകൊണ്ടോ നാട്ടിൽ വലിയ പ്രക്ഷോഭങ്ങളുണ്ടാക്കിയതുകൊണ്ടോ ഒന്നും നടക്കാൻ പോകുന്നില്ല. കഴിഞ്ഞ കുറച്ചുകാലമായി വലിയ പ്രക്ഷോഭങ്ങൾ നടത്തുന്നുണ്ട്. പക്ഷെ പ്രക്ഷോഭത്തിൽ എവിടെയും ജനങ്ങളെ കണ്ടില്ല. നാല് കുട്ടികൾ കരിങ്കൊടി വീശിയിട്ട് ഭയങ്കര പ്രതിഷേധമെന്ന് പറയുകയാണ്. ഇപ്പോൾ പ്രതിഷേധവും സമരവുമൊക്കെ എന്തായി? ചുരുക്കിപ്പറഞ്ഞാൽ, ജനങ്ങളെ പരിഹസിക്കുന്ന നിലയിലാണ് കാര്യങ്ങൾ നടക്കുന്നത്. നിങ്ങൾ സ്വയം പരിഹാസ്യരാകുന്നതല്ലാതെ ഈ സമരമൊന്നും എവിടെയും ക്ലച്ച് പിടിക്കാൻ പോകുന്നില്ല. കേരളത്തിലെ ഗവൺമെന്റിനെ ഇങ്ങനെ എന്തെങ്കിലും പറഞ്ഞ് വികസന പ്രവർത്തനങ്ങളൊക്കെ ഇല്ലാതാക്കി അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ജയിച്ചുകളയാമെന്ന വിചാരമൊന്നും നടക്കാൻ പോകുന്നില്ല. ഇപ്പോൾ നടന്നൊരു തെരഞ്ഞെടുപ്പിൽ ജയിച്ചുവെന്ന് പറയുന്നത് വലിയ കാര്യമല്ല. എത്രയോ കാലമായി നിങ്ങൾ ജയിച്ചുകൊണ്ടിരിക്കുന്ന സ്ഥലമാണത്. അവിടെ ജയിച്ചിട്ട് ഞങ്ങൾ പിടിച്ചടക്കി എന്നൊക്കെ ആരോടാണ് പറയുന്നത്? പി. ടി തോമസിന്റെ

പേരുപറഞ്ഞ് ശ്രീമതി ഉമ തോമസ് ജയിച്ചതാണോ വലിയ പിടിച്ചടക്കൽ? നിങ്ങൾ അവിടെ ജയിച്ചതിനെ പിടിച്ചുവെന്ന് പറയുന്നതിൽ കാര്യമില്ല, അതാണ് കേരളമെന്ന് നിങ്ങൾ ധരിക്കണ്ട. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് വികസനമാണ്. വികസനത്തെ തുരങ്കംവയ്ക്കുന്നതാണ് നിങ്ങളുടെ നിലപാട്. നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്താൻ കള്ളക്കഥകളും നുണകളും പറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ, ജനങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നല്ല വിശ്വാസമുണ്ട്. നിങ്ങൾ നുണ പ്രചരിപ്പിക്കുന്തോറും മുഖ്യമന്ത്രി കൂടുതൽ ശക്തനായി മാറുന്നതല്ലാതെ അദ്ദേഹത്തിന് ഒരു പോറലുമേൽക്കുന്നില്ല, നിങ്ങൾക്കാണ് പോറലേൽക്കുന്നതെന്ന് മനസ്സിലാക്കണം. നിങ്ങളെ ജനം അവജ്ഞയോടുകൂടിയാണ് കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വെപ്രാളമിളകുമെന്നാണ് പറഞ്ഞത്. അദ്ദേഹത്തിന് വെപ്രാളമൊന്നുമില്ല. ഇതെല്ലാം പറഞ്ഞിട്ടും ഒന്നും ഏശുന്നില്ലല്ലോ എന്ന വെപ്രാളമുള്ളത് പ്രതിപക്ഷത്തിനാണ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ കഴിഞ്ഞ ഒരു മാസമായി പെയ്ത ശക്തമായ മഴയുടെ ഫലമായി കൃഷികളെല്ലാം നശിച്ചു. ഓണക്കാലത്തേയ്ക്ക് പച്ചക്കറി കൃഷി ചെയ്യാൻ സാധിച്ചില്ല. നാണ്യവിളകളിൽ കവുങ്ങ് പൂർണ്ണമായും നശിച്ചു.

അതിനാൽ അവിടെയുള്ള കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ, വന്യമൃഗങ്ങളുടെ ആക്രമണം കാസർഗോഡ് ജില്ലയിലുണ്ടായി. ആനക്കൂട്ടം കർണ്ണാടക സംസ്ഥാനത്തുനിന്ന് വന്നിട്ടിപ്പോഴും തിരികെ പോകാതെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് പലതവണ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഇപ്പോഴും ആനക്കൂട്ടം അവിടെ തമ്പടിച്ച് കൃഷി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിനാശം സംഭവിച്ച അവിടത്തെ കർഷകർക്ക് നഷ്ടപരിഹാരം നൽകണം. മികച്ച പദ്ധതികളുമായി മുന്നോട്ടുപോകുന്നതിന് ധനാഭ്യർത്ഥനകൾ പാസ്സാക്കികൊടുക്കേണ്ടത് അത്യാവശ്യമാണെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞങ്ങളിന്ന് ബഹളമുണ്ടാക്കാതിരുന്നത് നിങ്ങൾക്കൊരു നേട്ടമെന്ന നിലയിലാണ് അങ്ങ് പ്രസംഗം അവസാനിപ്പിച്ചത്. നാല് ദിവസത്തേയ്ക്കുള്ള ചർച്ചകൂടി തടസ്സപ്പെടുത്തിയിരുന്നെങ്കിൽ ഞങ്ങൾക്ക് മഹാനേട്ടമാണെന്ന് നിങ്ങൾ പറയുമായിരുന്നു. ഞങ്ങൾ നിയമസഭയിൽ ഇതുപോലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നുവെന്ന് പറഞ്ഞാൽ അതിന്റെയർത്ഥം നാളെ ഈ സർക്കാരിനെ

അട്ടിമറിക്കാൻ പോകുന്നുവെന്നാണോ? നിങ്ങളെപ്പോലെ ഇങ്ങനെ വെറും പിന്തുണക്കാരായി നിൽക്കുന്ന 99 അംഗങ്ങളുള്ളപ്പോൾ ഈ സഭയിൽ ഗവൺമെന്റിനെ അട്ടിമറിക്കുമെന്ന് ഭയപ്പെടേണ്ട കാര്യമുണ്ടോ? അട്ടിമറിക്കാനല്ല, നിങ്ങളെ നന്നാക്കാൻ വേണ്ടിയാണ് ഞങ്ങൾ പറയുന്നത്. ഞങ്ങളെ തല്ലണ്ട, ഞങ്ങൾ നന്നാകില്ലെന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. പരിസ്ഥിതി, ജലം, ദുരന്ത നിവാരണം ഇതെല്ലാം കൂടിക്കുഴഞ്ഞ് കിടക്കുന്ന ഇനങ്ങളാണ്. ഇവിടെ ഒരു ജലനയം പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ നദീജല സംരക്ഷണം, ഡാം മോണിറ്ററിംഗ്, വാട്ടർ ബഡ്ജറ്റ് തുടങ്ങിയവയൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും അതൊന്നും ഒരിഞ്ച് മുന്നോട്ടുപോയിട്ടില്ല. ഞങ്ങൾ പറയുന്ന ഓരോ വാക്കും അട്ടിമറി എന്നുപറഞ്ഞ് നിങ്ങൾക്ക് ആശ്വസിക്കാമെന്നല്ലാതെ ഇത് അട്ടിമറിയല്ലെന്ന് മനസ്സിലാക്കണം. നിങ്ങൾ കേരളത്തെ അട്ടിമറിക്കരുത്, കേരളത്തിലെ വികസനം തകർക്കരുതെന്ന് പറയുന്നതിനുവേണ്ടിയാണ് ഞങ്ങളിത് പറയുന്നത്. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുവേണ്ടി എന്താണ് ചെയ്യുന്നത്? ചെറിയ ഭൂവിസ്തൃതിയുള്ള സ്ഥലത്ത് കൂടുതൽ മഴ എന്ന പുതിയ പ്രതിഭാസത്തെ നേരിടാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്? ഇത് ചെന്നെത്തുന്നത് മരുഭൂമിവൽക്കരണത്തിലേയ്ക്കാണെന്ന യാഥാർത്ഥ്യം നാം

ഇനിയെങ്കിലും തിരിച്ചറിയണം. 2018-ലെ പ്രളയത്തിനുശേഷമുള്ള കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കന്നുകാലികളുടെ ഉല്പാദനക്ഷമതപോലും കുറഞ്ഞുവെന്ന് ശാസ്ത്രജ്ഞർ പറയുകയാണ്. ഇവിടെ വന്ന് മംഗളപത്രം എഴുതിയതോടുകൂടി ഈ പ്രശ്നം അവസാനിക്കുമോ? നമ്മുടെ വീട്ടുപറമ്പിൽ മയിലുകൾ വരുന്നത് ഭയപ്പെടുത്തുന്നുവെന്ന് പത്രത്തിൽ വാർത്ത വന്നു. കേരളത്തിലെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടിയുണ്ടാകണ്ടേ? കടലിന്റെ ചൂട് വർദ്ധിക്കുന്നു, മത്സ്യസമ്പത്ത് കുറയുന്നു. ഇതിനെ ശാസ്ത്രീയമായി നേരിടുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നില്ല. കണ്ണുംപൂട്ടി പിന്തുണ, പിന്തുണയ്ക്കുവേണ്ടി പിന്തുണ, ആ മുദ്രവാക്യത്തിലല്ലാതെ പോസിറ്റീവായി കേരളം വളരുന്ന നാടാണെന്ന് തിരിച്ചറിയുകയും അതിന്റെ വികസനത്തിനായി ഓരോ നിമിഷവും ഫലപ്രദമായി വിനിയോഗിക്കണമെന്നുമുള്ള തോന്നലുണ്ടാകുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ വിമർശിക്കുന്നത്. ഞാൻ ഒരു ഉദാഹരണം പറയാം, എന്റെ നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി കുറെ പി.ഡബ്ല്യു.ഡി. റോഡ് കുഴിച്ചു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് MoRTH-ന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. നാല്

റോഡ് അവിടെ കുഴിച്ചിട്ടിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇനി അഥവാ അങ്ങ് നടപടിയെടുത്താലും അംഗീകരിക്കില്ലെന്നൊരു മട്ടിലാണ് അവരുടെ നടപ്പ്. ഓഫീസ് പൂട്ടി താക്കോലും പോക്കറ്റിൽവച്ച് അദ്ദേഹം കേരളം ചുറ്റിക്കൊണ്ടിരിക്കുകയാണ്. പദ്ധതികളെല്ലാം മുടങ്ങിക്കിടക്കുകയാണ്. ചീഫ് സെക്രട്ടറി കോൺഫറൻസ് വിളിച്ചിട്ട് അദ്ദേഹം തിരിഞ്ഞുനോക്കിയോ? മന്ത്രി വിളിച്ച കോൺഫറൻസിൽ പങ്കെടുത്തോയെന്ന് എനിക്കറിയില്ല, ഇല്ലെന്നാണ് തോന്നുന്നത്. ഇങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥനെ നിയന്ത്രിക്കാൻപോലും സാധിക്കുന്നില്ലെങ്കിൽ എന്താണ് പറയേണ്ടതെന്ന് ദയവായി എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ശ്രീ. റോഷി അഗസ്റ്റിനായതിനാൽ ഞാനിതുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ജൽജീവൻ മിഷൻ പ്രകാരം ഒരു വീട്ടിൽ രണ്ട് ടാപ്പ് വച്ച് കൊടുക്കുന്നുവെന്ന് പറഞ്ഞു. 45 ശതമാനം കേന്ദ്ര വിഹിതവും 30 ശതമാനം സംസ്ഥാന വിഹിതവും 15 ശതമാനം പഞ്ചായത്ത് വിഹിതവും നൽകുന്ന പ്രസ്തുത പദ്ധതിയുടെ 10 ശതമാനം ചെലവ് ഗുണഭോക്താവ് വഹിക്കണമെന്നാണ് പറയുന്നത്. ഈ തുക ഗുണഭോക്താവ് എവിടെനിന്ന് സ്വരൂപീകരിക്കും?

15 ശതമാനം തുക തനത് വരുമാനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾ എങ്ങനെ സ്വരൂപിക്കും? ഈ പദ്ധതി വമ്പിച്ച നേട്ടമായി ഒരു വർഷത്തെ പദ്ധതിയിലുയർത്തി കാണിക്കാമെന്നല്ലാതെ ഒന്നും സംഭവിക്കുകയില്ല. ഗ്രാമപഞ്ചായത്തുകളുടെയും ഗുണഭോക്താക്കളുടെയും വിഹിതമായ 25 ശതമാനം തുക കിട്ടുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണ്ടേ? 85 ലക്ഷം കിണറുകൾ കേരളത്തിലുണ്ടെന്നാണ് സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ കണക്ക്. ആ കിണറുകൾക്കൂടി ഈ വലയത്തിൽ ഉൾപ്പെടുത്തണ്ടേ? പൈപ്പിലൂടെ വെള്ളം കൊണ്ടുപോകുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ കിണറുകളിലെ വെള്ളമെടുക്കുന്നതിനെക്കുറിച്ചുകൂടി ആലോചിക്കണ്ടേ? കിണറുകൾ റീ-ചാർജ്ജ് ചെയ്യാനും മലിനീകരിക്കപ്പെടാതെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണ്ടേ? കേരളത്തിൽ നാല് മഴനിഴൽ പ്രദേശങ്ങളുണ്ട്. ശ്രീ. കെ. കൃഷ്ണൻകുട്ടി മിനിസ്റ്ററോട് ചോദിച്ചാൽ അദ്ദേഹം പറയും, അവിടെ മഴനിഴൽ പ്രദേശമാണ്. അവിടെ വെള്ളം കിട്ടാക്കനിയാണ്. അതിനെന്തെങ്കിലും നടപടി വേണ്ടേ? 2018-ലെ പ്രളയത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം നെതർലാൻഡ്സ് സന്ദർശിച്ചതിൽ ഞങ്ങൾക്ക് സന്തോഷമായിരുന്നു. കാരണം, 'റൂം ഫോർ വാട്ടർ' നടപ്പിലാക്കുമെന്നായിരുന്നു ആ സമയത്ത് പറഞ്ഞത്. ഈ

നിയമസഭയിലും അത് പറഞ്ഞിട്ടുണ്ട്. സത്യത്തിൽ വാട്ടറെല്ലാം റൂമിന് പുറത്തുകിടക്കുകയാണ്. എവിടെയാണ് അതിനുവേണ്ട പദ്ധതി നടപ്പിലാക്കിയത്? എന്റെ നിയോജകമണ്ഡലത്തിന്റെ ഓരം ചേർന്ന് പോകുന്ന മീനച്ചിലാറിൽ എവിടെയാണ് റൂം ഫോർ വാട്ടർ പദ്ധതി നടപ്പിലാക്കിയത്; എവിടെയാണ് അതിന്റെ റൂം? നെതർലാൻഡ്സിലേതുപോലെയുള്ള പദ്ധതി നടപ്പിലാക്കാനുള്ള നടപടിയുണ്ടാകുന്നില്ല. ഇന്റർ സ്റ്റേറ്റ് വാട്ടർ ഇഷ്യൂസുമായി ബന്ധപ്പെട്ട് മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഇപ്പോൾ 136 അടി കവിഞ്ഞെന്ന് പറയുന്നു. കാലാകാലങ്ങളായി കേരളം ആഗ്രഹിച്ചിരുന്ന പുതിയ ഡാം എവിടെ? എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്? തമിഴ്നാടുമായി രാഷ്ട്രീയമായി നല്ല ബന്ധത്തിലാണെന്ന അവകാശവാദം ഉന്നയിക്കുമ്പോഴും മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ തീരുമാനമുണ്ടാകുന്നില്ലല്ലോ. നാല് പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. നെയ്യാർഡാമും ഇടമലയാറുമെല്ലാം പ്രശ്നങ്ങളായി നിൽക്കുകയല്ലേ? ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെന്റ് ഒരിഞ്ചെങ്കിലും മുന്നോട്ടുപോകണം, ഇന്നത്തെ സാഹചര്യം മാറ്റുന്നതിന് തയ്യാറാകണം. ഓഖി ദുരന്തമുണ്ടായ സമയത്ത് കേരളത്തിന്റെ സൈനികരെന്ന് പറയുന്ന

400 മത്സ്യത്തൊഴിലാളികൾ കടലിൽ പോയിട്ട് 200 പേർ മാത്രമേ തിരികെ വന്നുള്ളൂവെന്നാണ് ഗവൺമെന്റിന്റെ കണക്ക്. ബാക്കിയുള്ളവർ എവിടെ? അവരുടെ മൃതദേഹംപോലും കിട്ടിയില്ലെന്ന് പറഞ്ഞ് ബന്ധുക്കൾ കരയുകയാണ്. അതിനെന്തെങ്കിലും നടപടി സ്വീകരിക്കണ്ടേ? നമ്മൾ ഇന്നും നമ്മുടെ സൈനികരെക്കുറിച്ച് പറഞ്ഞു. നമുക്ക് ബഹുമാനമുണ്ട്, മതിപ്പുണ്ട്. പക്ഷെ അവരുടെ ജീവൻ സംരക്ഷിക്കണ്ടേ? നിങ്ങളുടെ നടപടികളെ വിമർശിക്കുന്നതിനെ നശീകരണം, carpet bomb എന്നൊന്നും തെറ്റിദ്ധരിക്കരുത്. അത് നിങ്ങളെ നന്നാക്കുന്നതിനുവേണ്ടിയാണ്. രണ്ട് പ്രഹരമേറ്റാലെങ്കിലും നിങ്ങൾ നന്നാകുന്നെങ്കിൽ നന്നാകട്ടെയെന്നുള്ള മോഹത്തോടുകൂടിയാണ് ഞങ്ങളുടെ ഈ നിലപാടെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജല വിതരണവും ശുചീകരണവും ജലസേചനവും സംബന്ധിച്ച വിഷയങ്ങളിൽ 16 അംഗങ്ങളാണ് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത്. ക്രിയാത്മക നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച അംഗങ്ങളോടുള്ള നന്ദി ഞാൻ ആദ്യമേ രേഖപ്പെടുത്തുകയാണ്. ഇറിഗേഷൻ വകുപ്പിനെ കർഷക സൗഹൃദ വകുപ്പാക്കി മാറ്റുകയെന്നതാണ് ഞങ്ങളുടെ ലക്ഷ്യം. കൃഷിയും ജലസേചനവും

ഒരേ ദിവസംതന്നെ ചർച്ചയ്ക്ക് വന്നുവെന്നതും സന്തോഷകരമായ കാര്യമാണ്. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ചർച്ചകളും അതിന്റെ പുരോഗതിയും അതിലൂടെയുണ്ടായ മാറ്റങ്ങളും ഈ സഭയിലെ അംഗങ്ങൾ മനസ്സിലാക്കുന്നുവെന്നുള്ളത് ഇന്നത്തെ ചർച്ചയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. നെല്ലിന്റെയും നാണ്യവിളകളുടെയും ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും ഗുണപ്രദമായ സ്വാധീനം ചെലുത്താൻ ജലസേചന പദ്ധതി വിപുലപ്പെടുത്തി സംസ്ഥാനത്തെ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആക്കംകൂട്ടാൻ ജലസേചന വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. എല്ലാ കൃഷി ഭൂമിയിലും ആവശ്യത്തിന് ജലം നൽകുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ജലസ്രോതസ്സുകളെല്ലാം കാർഷിക മേഖലയ്ക്ക് പ്രയോജനപ്പെടുത്താനുള്ള ശ്രമം നടക്കുന്നത്. സുസ്ഥിരമായ ജലപരിപാലനമാണ് ലക്ഷ്യം വയ്ക്കുന്നത്. കൃത്യസമയത്ത് കൃഷിയിടത്തിലേയ്ക്ക് ശരിയായ അളവിൽ ജലം നൽകുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മികച്ച വിളവ്, ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം, കൃഷിച്ചെലവ് കുറയ്ക്കൽ എന്നിവ ലക്ഷ്യമിട്ട് സാമൂഹ്യാധിഷ്ഠിത മൈക്രോ ഇറിഗേഷനടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ ജലസേചന മേഖലയിൽ നടത്തിവരികയാണ്. അതോടൊപ്പം ബാണാസുര സാഗർ,

കാരാപ്പുഴ, ഇടമലയാർ, പഴശ്ശി തുടങ്ങിയ ജലസേചന പദ്ധതികളെല്ലാം 2025-ഓടുകൂടി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അട്ടപ്പാടി വാലി ജലസേചന പദ്ധതിയും പട്ടിശ്ശേരി അണക്കെട്ട് നിർമ്മാണവും തുടങ്ങിക്കഴിഞ്ഞു. അതോടൊപ്പം ഇവിടെ ലഭ്യമാകുന്ന ജലം പൂർണ്ണമായും ജലസേചനത്തിന് പ്രയോജനപ്പെടുത്താനാവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇരിക്കൂ. മന്ത്രി മറുപടി പറയട്ടെ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അട്ടപ്പാടിയെക്കുറിച്ച് വിഷമിക്കണ്ട. ട്രൈബ്യൂണൽ വിധിപ്രകാരം ലഭ്യമാകുന്ന 30 TMC ജലം പൂർണ്ണമായും പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പാലക്കാട്, വയനാട്, ഇടുക്കി ജില്ലകളിലെ പദ്ധതികളുമായി ബന്ധപ്പെട്ട് ചില തർക്കങ്ങളുണ്ട്. അത് കൂടിയാലോചിച്ച് പരിഹരിക്കണം. മൈക്രോ ഇറിഗേഷനുമായി ബന്ധപ്പെട്ട് നാണ്യവിളകൾക്കുംകൂടി ജലലഭ്യത ഉറപ്പുവരുത്താൻ കഴിയണം. കനാലുകളെക്കുറിച്ചെല്ലാം ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അതിലേയ്ക്കൊന്നും വിശദമായി പോകുന്നില്ല. ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന

പ്രസംഗത്തിൽ സാമൂഹ്യ ജലസേചന പദ്ധതിക്ക് തുടക്കംകുറിച്ച മാണി സാറിന്റെ പേരിൽത്തന്നെ ഊർജ്ജിത കാർഷിക ജലസേചന പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതിനായി കൃഷി/വൈദ്യുതി/സഹകരണ വകുപ്പുകളുമായി കൂടിയാലോചിക്കുകയും ഇരുപത്തിനാലോളം സ്ഥലങ്ങൾ കണ്ടെത്തുകയുമുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ തൃശ്ശൂരിലെ പഴയന്നൂർ, പത്തനംതിട്ടയിലെ സീതത്തോട്, ഇടുക്കിയിലെ വണ്ടൻമേട്, കാമാക്ഷി; വയനാട്ടിലെ പുൽപ്പള്ളി, മുട്ടിൽ; കോട്ടയത്തെ കുറവിലങ്ങാട്, കോഴിക്കോട് മുക്കം, കണ്ണൂരിലെ ചിറ്റാരിപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഈ സാമ്പത്തിക വർഷംതന്നെ പദ്ധതി നടപ്പിലാക്കുന്നതിനായി 14 കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കരടിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം സമ്പുഷ്ടമായൊരു പദ്ധതിയാണ്. അവിടെനിന്നാണ് പ്രസ്തുത പദ്ധതിക്കുള്ള പ്രചോദനം ലഭിച്ചത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചത് വളരെ നന്നായി. പാലക്കാട് മഴനിഴൽ പ്രദേശം പഴയതുപോലെ നിൽക്കുകയല്ല. അവിടെ മാറ്റം വന്നു. കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി, വടകരപ്പതി മേഖലകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതിക്ക് രൂപം കൊടുക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അവിടെയൊക്കെ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് കൊണ്ടുവരികയാണ്. മുല്ലപ്പെരിയാർ വിഷയത്തെ സംബന്ധിച്ചും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് നന്നായി. അതുസംബന്ധിച്ച് ഞാനെങ്ങനെ തുടങ്ങണമെന്ന് വിചാരിച്ചിരിക്കുകയായിരുന്നു. മുല്ലപ്പെരിയാർ വിഷയം ചർച്ച ചെയ്യപ്പെടേണ്ടതുതന്നെയാണ്. അക്കാര്യത്തിൽ ഇന്ന് കേരളം എടുത്തിരിക്കുന്ന നിലപാടുകൾ മുൻകാലങ്ങളിലേതുപോലെയല്ല. മുല്ലപ്പെരിയാറിലുണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ച് നമ്മൾ ഒരേ രീതിയിലാണ് കാര്യങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അക്കാര്യത്തിൽ തർക്കത്തിന്റെ ആവശ്യമില്ല. അവിടെ പുതിയൊരു ഡാമുണ്ടാകണമെന്നുള്ളതാണ് ആത്യന്തികമായ ആവശ്യം. അതാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവൺമെന്റിന്റെ നയമായി ഇവിടെ പറഞ്ഞത്. പിന്നീട് മുഖ്യമന്ത്രിതന്നെ അത് വ്യക്തമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട കേസുകൾ ഏത് കാലഘട്ടത്തിൽ തുടങ്ങി; എന്താണ് അതിന്റെ പ്രശ്നങ്ങൾ എന്നുള്ളതൊക്കെ നമുക്കറിയാവുന്നതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മുല്ലപ്പെരിയാറിനെ സംബന്ധിച്ച് കേരളത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് തമിഴ്നാടിന് ജലലഭ്യത ഉറപ്പുവരുത്തുകയെന്ന നിലപാടിൽ മാറ്റം വരുത്താൻ

ഉദ്ദേശിക്കുന്നില്ല. എന്ത് ചെയ്യുവെന്ന ചോദ്യമാണ് പിന്നീട് പ്രസക്തമായിട്ടുള്ളത്. എന്താണ് നമുക്ക് ചെയ്യാൻ കഴിയുന്നത്?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മുല്ലപ്പെരിയാർ ഉടൻ പൊട്ടുമെന്നുപറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാർട്ടി സെക്രട്ടറിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുല്ലപ്പെരിയാർ മുതൽ കടൽ വരെ ഒരു മനുഷ്യ ചങ്ങല പിടിച്ചു. ഇപ്പോൾ മുല്ലപ്പെരിയാറിന് എന്തെങ്കിലും അപകടമുള്ളതായി തോന്നുന്നുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ആ ഘട്ടത്തിൽ ഞാൻ യു.ഡി.എഫ്.-ന്റെ ഭാഗമായിരുന്നല്ലോ. അന്ന് യു.ഡി.എഫ്.-നോടൊപ്പമുണ്ടായിരുന്ന പ്രവർത്തകരുൾപ്പെടെ മുല്ലപ്പെരിയാർ പൊട്ടുമെന്ന ആശങ്കയിൽ നടത്തിയ പ്രസ്താവനകളെക്കുറിച്ചൊക്കെ ഞാൻ പറയേണ്ടതുണ്ടോ? ഞാനും ചപ്പാത്തിൽ നിരാഹാരം കിടന്നല്ലോ. അതിൽ ആശയപരമായി തർക്കത്തിന്റെ ആവശ്യമില്ല. 1300 അടി താഴെ ഡാമിനാവശ്യമായ സ്ഥലം കണ്ടെത്തി പാരിസ്ഥിതിക പഠനങ്ങൾ നടത്തി റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കിവച്ചിരിക്കുകയാണ്. സുപ്രീംകോടതിയിലെ കേസുകളെക്കുറിച്ച് അറിയാമല്ലോ. കേരളത്തിന്റെ വാദഗതികൾ ശരിയാണെന്ന നിലയിലല്ലേ ഇപ്പോൾ കോടതിയുടെ പരാമർശമുണ്ടായിരിക്കുന്നത്. 142 അടിയിൽ

കൂടുതൽ ജലനിരപ്പ് ഉയർത്താൻ പാടില്ലെന്നാണ് കേരളം പറഞ്ഞത്. അതുതന്നെയാണ് ഇപ്പോൾ കോടതിയും പറഞ്ഞിരിക്കുന്നത്. അവിടത്തെ കാര്യങ്ങൾ പരിശോധിക്കാൻ ഇൻസ്ട്രുമെന്റേഷൻ വേണമെന്നാണ് കേരളം എക്കാലത്തും നിലപാടെടുത്തത്. തമിഴ്നാട് എപ്പോഴും അതിൽ വിയോജിപ്പാണ് പ്രകടിപ്പിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറയുന്ന കാര്യങ്ങളെല്ലാം ഇവിടെ റിക്കോർഡ് ചെയ്യുകയാണ്. ജലനിരപ്പ് 136 അടി എന്നുള്ളതാണ് സർവ്വകാലത്തും കേരളം മുന്നോട്ടുവച്ചിട്ടുള്ള ആശയം. 142 അടി എന്നുള്ള വ്യതിയാനം എവിടെനിന്ന് വന്നുവെന്ന് എനിക്കറിയില്ല. 1979 മുതൽ 136 അടി എന്നുള്ളത് കേരളത്തിന്റെ ഔദ്യോഗിക നിലപാടാണ്. ഇപ്പോൾ സാധാരണഗതിയിൽനിന്ന് കുറേക്കൂടി വ്യത്യാസമായിട്ടാണ് അങ്ങ് പറയുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജലനിരപ്പ് 142 അടിയിൽ അധികരിക്കരുതെന്ന് സുപ്രീംകോടതി പറഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്. കോടതി വിധി എനിക്ക് മാറ്റാൻ കഴിയുമോ? 2018-ലെയും 2019-ലെയും പ്രളയത്തിനുശേഷം നടത്തിയിട്ടുള്ള നീക്കത്തിന്റെ ഭാഗമായി കേരളത്തിന്റെ നിലപാടുകളോട് യോജിക്കുന്നുവെന്നാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 1979 മുതലുള്ള 136 അടി എന്ന നിലപാടിൽനിന്നും മാറി 142 അടി എന്നതിലേയ്ക്കെത്തിയോ എന്നാണ് അറിയേണ്ടത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരളത്തിന്റെ നിലപാട് 136 അടി തന്നെയാണ്. അത് മാറ്റിയെന്ന് ആരും പറഞ്ഞില്ല. സുപ്രീംകോടതി പറഞ്ഞ കാര്യമാണ് ഞാനിവിടെ പറഞ്ഞത്. സുപ്രീംകോടതിയുടെ പരാമർശം പറഞ്ഞാൽ അത് കേരളത്തിന്റെ നിലപാടായെടുക്കരുത്. എനിക്ക് സുപ്രീംകോടതിയെക്കൊണ്ട് അങ്ങനെ പറയിക്കാൻ കഴിയുമോ? 2016-ലെ കോടതി വിധിയെ അതിജീവിക്കാൻ ഡാം സേഫ്റ്റി അതോറിറ്റിയുണ്ടാക്കിയപ്പോൾ തമിഴ്നാട് സുപ്രീംകോടതിയിൽ കേസുമായി പോയി. ആ കേസ് ഫൈനലൈസ് ചെയ്തപ്പോൾ അവർ കണ്ടെത്തിയ നിഗമനങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. അതിൽ ഇൻസ്ട്രുമെന്റേഷൻ വേണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിച്ചു. അഞ്ചംഗ സമിതിയെ വയ്ക്കണമെന്നും ടെക്നിക്കൽ മെമ്പറെ അനുവദിക്കണമെന്നും പറഞ്ഞത് നമ്മളല്ലേ? മൂന്നംഗ സമിതിയായിരുന്നതല്ലേ; ഒരു ടെക്നിക്കൽ മെമ്പറെക്കൂടി വച്ചില്ലേ? ഐ. & എ. ചീഫ് എഞ്ചിനീയറായിരുന്ന ശ്രീ. അലക്സ് വർഗ്ഗീസ് ആണ് കേരളത്തിന്റെ പ്രതിനിധിയായി പങ്കെടുക്കുന്നത്. ഇപ്പോൾ അവർ

ഇവിടെവന്ന് പരിശോധന നടത്തി ഇൻസ്ട്രുമെന്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് കേരളത്തോട് പെർമിഷൻ ചോദിച്ചിരിക്കുകയാണ്. ഡാം സുരക്ഷിതമാണോ അല്ലയോ എന്നുള്ളതാണ് പ്രശ്നം. കേരളം ഉയർത്തിയ വാദഗതികളുടെ പ്രസക്തി എന്താണ്? വളരെ പെട്ടെന്ന് ഒരു എക്സ്പെർട്ട് ടീമിനെക്കൊണ്ട് വിശദമായി പഠനം നടത്തണമെന്ന് സുപ്രീംകോടതി പറഞ്ഞാൽ കേരളത്തിന്റെ ആശങ്കയ്ക്ക് അർത്ഥമുണ്ടെന്നാണ് അർത്ഥം. അതല്ലേ കേരളത്തിലെ പൊതുസമൂഹം കാണേണ്ടത്? ആ വിഷയത്തിൽ തർക്കം വേണ്ട, ഞാൻ തർക്കിക്കാനുമില്ല. പുതിയ ഡാമുണ്ടാകുന്നതോടൊപ്പം കേരളത്തിന്റെ സുരക്ഷയും തമിഴ്നാടിനാവശ്യമായ ജലലഭ്യതയും ഉറപ്പുവരുത്താനും നമുക്ക് കടപ്പാടുണ്ട്. അത് പാലിച്ച് മുന്നോട്ട് പോകാനാണുദ്ദേശിക്കുന്നത്. കാര്യങ്ങൾ പെട്ടെന്ന് പരിശോധിക്കാൻവേണ്ടി മുല്ലപ്പെരിയാറിന്റെ ചുമതല ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുകയാണ് ചെയ്തത്. ഇപ്പോൾ അവിടെ വളരെ ബുദ്ധിമുട്ടാണ്. 136 അടി എന്ന റൂൾ കർവ് കൊണ്ടുവന്നു. അതുപ്രകാരം ജൂലൈ മാസം 20-ാം തീയതി വരെ 136.6 അടിയാണ് തമിഴ്നാട് കൊണ്ടുവന്നത്. നമ്മളത് അംഗീകരിച്ചിട്ടില്ല. ഇന്ന് ടെക്നിക്കൽ കമ്മിറ്റിയുടെയും ഇതുമായി ബന്ധപ്പെട്ട സമിതിയുടെയും യോഗം ചേരുന്നുണ്ട്.

രണ്ട് ഘട്ടങ്ങളിലായി 142 അടി വരെ റൂൾ കർവ് പറയുന്നുണ്ട്. അതെല്ലാം അംഗീകരിക്കാൻ സാധിക്കില്ല. ഈ സാഹചര്യത്തിൽ കോടതിയുടെ മറ്റൊരു പരാമർശം അനുകൂലമായി വരുന്നുണ്ട്. കമ്മിറ്റി മുമ്പാകെ ഇതുസംബന്ധിച്ച കാര്യങ്ങൾ പറയാമെന്നതുമാത്രമല്ല ഡൗൺ സ്ട്രീമിലുള്ള ആൾക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഈ മേൽനോട്ട സമിതിയെ അറിയിക്കാനുള്ള പ്രത്യേക സാഹചര്യവുംകൂടി വന്നു. നാഷണൽ ലെവലിലുള്ള ഡാം സേഫ്റ്റി അതോറിറ്റി നിലവിൽ വരുന്നതുവരെയുള്ള അധികാരം ഈ സമിതിക്ക് കൊടുത്തിരിക്കുകയാണ്. ഇതിന്റെ ഓപ്പറേഷൻ സെക്ടർ സംബന്ധിച്ച് സർക്കാർ ആലോചിക്കും. ഇക്കാര്യത്തിൽ സാധ്യമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് നിൽക്കേണ്ട വിഷയമാണിത്, മറ്റൊരു തരത്തിൽ ഇതിനെ കാണേണ്ടതില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നുണ്ട്. ഒരു ബോട്ട് വാടകയ്ക്കെടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എപ്പോഴും വനം വകുപ്പിന്റെ ബോട്ട് ഉപയോഗിക്കുന്നത് അവരുടെ ജോലികൾക്ക് തടസ്സമാകുന്നതുകൊണ്ടാണ് അങ്ങനെ ചെയ്തത്. അവിടെയുള്ള വഴി ദുർഘടമാണ്. ഒരു ജീപ്പ് കൊടുക്കാനും ഉദ്യോഗസ്ഥരെ അലെർട്ടാക്കാനും

തീരുമാനിച്ചു. തീരദേശത്ത് താമസിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ശ്രദ്ധചെലുത്തുകയും അനുദിനം മോണിറ്റർ ചെയ്യുകയുമാണ്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നമ്മൾ കൂട്ടായിത്തന്നെ ചെയ്യണം, അതിലൊരു ബുദ്ധിമുട്ടും ആർക്കും ഉണ്ടാകാൻ പാടില്ല.

നദികളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇവിടത്തെ 44 നദികളെയും കുറിച്ച് പഠനം നടത്തിയ ചരിത്രം ഇതിനുമുമ്പുണ്ടായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നദികളെക്കുറിച്ച് പഠനം നടത്താനായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടാകുകയും ചെയ്തു. 'റൂം ഫോർ റിവർ' പദ്ധതി ചെറിയ കാര്യമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുത്ത ആ പദ്ധതിയുടെ റിസൾട്ടാണ് മനസ്സിലാക്കേണ്ടത്. ഇതിന്റെ ഭാഗമായി നദികൾ ഡീസിൽറ്റ് ചെയ്യാൻ തീരുമാനിക്കുകയും 32 എണ്ണം പൂർണ്ണമായും ബാക്കിയുള്ളവയുടെ കൈവഴികളും ഡീസിൽറ്റ് ചെയ്യുകയുമുണ്ടായി. ഏകദേശം 3.01 കോടി ക്യൂബിക് മീറ്റർ സിൽറ്റുണ്ടായിരുന്നുവെന്നാണ് കണക്ക്. അതിൽ ഒരു കോടിയോളം സിൽറ്റ് മാറ്റാൻ കഴിഞ്ഞു. ഇപ്പോൾ ഇത്രയധികം മഴയുണ്ടായിട്ടും ഇതുവരെ ഒരിടത്തും

പ്രളയം വന്നില്ലെന്നുള്ള സത്യം അംഗീകരിച്ചേ മതിയാകൂ. നമ്മൾ നടത്തിയ പ്രയത്നം വിജയിച്ചിരിക്കുന്നു, അതിന്റെ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. എൽ.എസ്.ജി. ഡിപ്പാർട്ട്മെന്റ് നന്നായി സഹകരിച്ചു. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടനുസരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകാൻ തീരുമാനമെടുത്തു. നദികളിലെല്ലാം എക്കലും മണ്ണും ചെളിയുമടിഞ്ഞിരുന്നു. ശക്തമായൊരു മഴ പെയ്താൽ വെള്ളപ്പൊക്കമായിരുന്നു. അത് ഒഴിവാക്കാനുള്ള ശ്രമത്തിന്റെ ആദ്യറൗണ്ട് വിജയിക്കാൻ കഴിഞ്ഞു. വരുംവർഷങ്ങളിൽ എല്ലാ ഫെബ്രുവരി-മാർച്ച് മാസങ്ങളിലും ഇത് തുടരും. മാത്രമല്ല, അത് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും ഇനിയുമത് മലിനപ്പെടാതെ സംരക്ഷിക്കുന്നതിനും അതത് നദികളുടെ അധികാരപരിധിയിലുള്ള എ.ഇ.-മാരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. തീരദേശ സംരക്ഷണം സംബന്ധിച്ചാണ് ഇനി സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ തവണ സഭ സമ്മേളിച്ചപ്പോൾ ചെല്ലാനത്തെ സംബന്ധിച്ച വിഷയമായിരുന്നു ഉയർന്നുവന്നത്. ഇന്ന് ചെല്ലാനത്ത് അങ്ങനൊരു വിഷയമില്ല. അവിടത്തെ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നല്ലേ അതിനർത്ഥം? അവിടത്തെ ജനങ്ങൾ ഒറ്റപ്പെട്ട്, ദ്വീപിനകത്തായതുപോലെയാണ് നിൽക്കുന്നത്. സ്ഥിരം കടൽഭിത്തി

സ്ഥാപിക്കുന്നതിനുള്ള സ്കീം നടപ്പിലാക്കുന്നതിനായി 344 കോടി രൂപ അനുവദിച്ച് വർക്ക് ആരംഭിക്കുകയും 30% പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. ഞാൻ കഴിഞ്ഞ ദിവസം ഒരു വീഡിയോ കാണാനിടയായി. അതിൽ അവിടത്തെ തീരദേശവാസികൾ അലറിയിളകി വരുന്ന കടലിന്റെയടുത്ത് നിന്നുകൊണ്ട് ഇത് ഞങ്ങൾക്ക് അനുഭവിക്കാൻ കഴിഞ്ഞല്ലോയെന്ന് സന്തോഷത്തോടെ പറയുകയാണ്. കേരളത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെയുള്ള പ്രവൃത്തി പൂർത്തിയാക്കണം. 344 കോടി രൂപയ്ക്ക് ഏഴെട്ട് കിലോമീറ്റർ വരെയുളള പ്രവൃത്തി മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. 65 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണം നേരിടുന്ന സ്ഥലമാണ്. കേരളത്തിന്റെ തീരദേശത്തെ 576 കിലോമീറ്ററിൽ 65 കിലോമീറ്ററിന്റെ പ്രവൃത്തിക്ക് കണ്ടെത്തിയ എസ്റ്റിമേറ്റ് 5300 കോടി രൂപയുടേതാണ്. 1500 കോടി രൂപ കിഫ്ബി നൽകിയതിന്റെ ഭാഗമായി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുന്നുണ്ട്. ശംഖുംമുഖം, കൊല്ലങ്കോട് ഉൾപ്പെടെയുള്ള പദ്ധതികളുടെ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിന്റെ റിപ്പോർട്ട് വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്ഥിരം കടൽഭിത്തിയുടെ നിർമ്മാണം തുടരും. കാസർഗോഡ് പുതിയൊരു സിസ്റ്റം കണ്ടെത്തി പരീക്ഷണം നടത്തുകയാണ്. അവരുടെ ചെലവിൽത്തന്നെ ഒരു പ്രദേശം

സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അത് എങ്ങനെയുണ്ടെന്ന് നോക്കാം. കടൽക്ഷോഭം അതിരൂക്ഷമല്ലാത്ത പ്രദേശങ്ങളിൽ താൽക്കാലികമായുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികളും ഇതിനോടകം സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ മേഖലകളിലും സാധ്യമാംവിധം ഇടപെടുന്നുണ്ട്. തീരദേശ ജില്ലകൾക്കെല്ലാം 20 ലക്ഷം രൂപ വീതം കൊടുത്തു. ഈ തുക പര്യാപ്തമാകില്ലെന്നറിയാം. കടൽക്ഷോഭം അതിരൂക്ഷമാകുന്ന സ്ഥലങ്ങളിലെ പ്രശ്നം മനസ്സിലാക്കി പ്രത്യേക പരിരക്ഷ കൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് കടൽക്ഷോഭത്തിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. കടൽക്ഷോഭം നേരിടുന്ന പ്രദേശങ്ങൾ കൂടുതലുള്ളത് ആലപ്പുഴ ജില്ലയിലാണ്. അമ്പലപ്പുഴ, ചേർത്തല മേഖലകളിലൊക്കെ അതിരൂക്ഷമായ കടൽക്ഷോഭമാണ്. ഇതുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കോൺഫറൻസുകൾ വിളിച്ചുകൂട്ടിയതുമാണ്. ആലപ്പുഴ ജില്ലയിലെ തീരദേശത്തെ എല്ലാ മണ്ഡലങ്ങളിലെയും സ്ഥിതി അതിഗുരുതരമാണ്. വേൾഡ് ബാങ്കിന്റെ ഒരു സ്കീം ഇതിനുവേണ്ടി വരാൻ പോകുന്നെന്നാണ് അങ്ങ് സൂചിപ്പിച്ചത്. അതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വിശദീകരിക്കാമോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: കൃഷി വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗവും അപരാഹ്നസമ്മേളനവുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ദയവായി പ്രസംഗം ചുരുക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ജലവിഭവ വകുപ്പിന്റെ കാര്യത്തിലേയ്ക്ക് കടന്നില്ല. അതുകൊണ്ട് അല്പസമയംകൂടി അനുവദിക്കണം. ശ്രീ. രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടത് ശരിയായ കാര്യമാണ്, ഞാൻ നിഷേധിക്കുന്നില്ല. ഹരിപ്പാട് മീറ്റിംഗ് നടന്നപ്പോൾത്തന്നെ അവിടെ നിന്ന് എന്നെ വിളിച്ച് സംസാരിച്ചിരുന്നു. അക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടാം. ഫണ്ട് കണ്ടെത്തേണ്ടതായിട്ടുണ്ട്. അതിരൂക്ഷമായ കടൽക്ഷോഭം നേരിടുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നതിനും സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ ചെയ്യാം. കുട്ടനാട്ടിലും വെള്ളപ്പൊക്കം പ്രധാനപ്പെട്ടൊരു വിഷയമാണ്. കുട്ടനാടിന്റെ ഇന്നത്തെ സ്ഥിതിയെന്താണെന്ന് ആലോചിച്ചുനോക്കിയാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. ഇതുവരെ കുട്ടനാട്ടിൽ നിന്ന് അധിക സ്വരമൊന്നും ഉയർന്നുവന്നില്ല. തോട്ടപ്പള്ളി സ്പിൽവേയുടെ പൊഴിമുഖത്ത് അടിഞ്ഞുകൂടിയ എക്കലും മണലും ചെളിയുമെല്ലാം മാറ്റിയതിന്റെ ഫലമായി ഇപ്പോൾ അതിലൂടെ പരമാവധി പ്രളയജലം കടലിലേയ്ക്ക് ഒഴുക്കിക്കളയാൻ

സാധിച്ചു. പൊഴിമുഖത്തിന്റെ വീതി 150 മീറ്ററായിരുന്നത് 360 മീറ്ററാക്കി വർദ്ധിപ്പിക്കുകയും മണൽ Kerala Minerals and Metals Ltd. (K.M.M.L.) മുഖേന നീക്കം ചെയ്യുകയുമുണ്ടായി. മണിമലയാർ, അച്ചൻകോവിലാർ ഉൾപ്പെടെയുള്ളവയിൽനിന്ന് ഒഴുകി വരുന്ന ജലം ഇതിലൂടെയാണ് കടലിലേയ്ക്ക് പോകുന്നത്. അതുകൊണ്ട് പ്രദേശത്തെ മേഖലകളെല്ലാം നവീകരിക്കുന്ന കാര്യം ഈ ബഡ്ജറ്റിൽ തന്നെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രവൃത്തിയിലേയ്ക്കാണ് ഇനി ഞങ്ങൾ പ്രവേശിക്കുന്നത്. തോട്ടപ്പള്ളി സ്പിൽവേയിലൂടെ നിർഗമിക്കുന്ന ജലം തടസ്സമില്ലാതെ ഒഴുക്കിവിടാൻ കഴിഞ്ഞതിലൂടെ കുട്ടനാട്ടിൽ ചെറിയ ആശ്വാസമായി. അവിടെ ബണ്ടുകൾ നിർമ്മിക്കാനും കൃഷിയിടങ്ങൾ സംരക്ഷിക്കാനും മുൻകാലങ്ങളേക്കാൾ കൂടുതൽ തുക കൊടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഇത്രയും കാര്യങ്ങൾ മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ, മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. മീനച്ചിൽ റിവർ വാലി പദ്ധതി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് സന്തോഷമാകുന്ന കാര്യമാണെന്ന് എനിക്കറിയാം. ജലസ്രോതസ്സുകൾ കുറഞ്ഞുവരുന്നത് സംബന്ധിച്ചും നദികളെക്കൊണ്ടുമാത്രം മുന്നോട്ടുപോകാൻ സാധിക്കുമോയെന്നത്

സംബന്ധിച്ചുമുള്ള ആശങ്ക ചില അംഗങ്ങൾ പ്രകടിപ്പിച്ചിരുന്നു. വളരെ പ്രധാനപ്പെട്ട കാര്യമാണത്. ഇതിനൊക്കെ പരിഹാരം കണ്ടെത്തേണ്ടതായി വരും. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മീനച്ചിൽ റിവർ വാലി പദ്ധതി. ഇടുക്കി ജലസേചന പദ്ധതിയിൽ നിന്ന് വൈദ്യുതി ഉല്പാദനത്തിനുശേഷം ഒഴുക്കിവിടുന്ന വെള്ളം മലങ്കരയിലെത്തി മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടിലേയ്ക്ക് പോകുകയാണ്. ഇപ്പോൾ മൂവാറ്റുപുഴയിൽ വെള്ളപ്പൊക്കമുണ്ടാകുന്നതുകൊണ്ട് എം.എൽ.എ. ഉൾപ്പെടെയുള്ളവർ അത്രയും ജലം ഒഴുക്കിവിടരുതെന്നും അത് വലിയ പ്രശ്നമുണ്ടാക്കുമെന്നും പറഞ്ഞിരുന്നു. പിന്നെ വെള്ളം എങ്ങോട്ട് കൊണ്ടുപോകും? കൂടാതെ, ഈ വർഷം അവിടെ നാല് ജനറേറ്ററുകൾകൂടി പുതുതായി സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചുവെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞു. എന്നുപറഞ്ഞാൽ, 760 മെഗാവാട്ടിനോടൊപ്പം 800 മെഗാവാട്ടിന്റെ അധിക ഉല്പാദനംകൂടി ആരംഭിക്കുകയാണ്. അപ്പോൾ ആ വെള്ളം ഡൈവേർട്ട് ചെയ്ത് മീനച്ചിലാറിലേയ്ക്ക് കൊണ്ടുവരുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടത്. മൂന്നുങ്കവയലിൽ നിന്ന് തുരങ്കത്തിലൂടെ വെള്ളം മൂന്നിലവിലെത്തിച്ച് മീനച്ചിലാറ്റിലേയ്ക്ക് കൊണ്ടുവന്നാൽ കോട്ടയത്തുകാർക്ക് ഒരിക്കലും വിഷമിക്കേണ്ടിവരില്ല. കോട്ടയത്ത് സുസ്ഥിരമായ ഒരു

ജലസ്രോതസ്സില്ല. മീനച്ചിലാർ സീസണലായുണ്ടാകുന്ന ഒരു സ്രോതസ്സാണ്. ആവശ്യമായ ചെക്ക് ഡാമുകൾ പണിത് സീസണിൽ ഒഴുകിയെത്തുന്ന വെള്ളം ശേഖരിച്ചിട്ട് ഓഫ് സീസണിൽ താഴേയ്ക്ക് ഒഴുക്കിവിട്ടാൽ എക്കാലത്തും ശുദ്ധമായ കുടിവെള്ളവും ജലസേചനവും സാദ്ധ്യമാക്കാനുള്ള സംവിധാനമാണ് കൊണ്ടുവരുന്നത്. അതിനെ നിങ്ങൾ എതിർക്കുമെന്ന് കരുതുന്നില്ല. ആ നിലയിൽ ഓരോ സാഹചര്യവും മനസ്സിലാക്കി മുന്നോട്ടുപോകുകയാണ്. ഇറിഗേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി ഇറിഗേഷൻ മ്യൂസിയം ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇറിഗേഷൻ ടൂറിസത്തിന്റെകൂടി ഭാഗമായി അത് നിർമ്മിക്കുന്നതിനാവശ്യമായ 17 ഏക്കർ സ്ഥലം ഇടുക്കി ആർച്ച് ഡാമിന് സമീപം കണ്ടെത്തി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. വാട്ടർ അതോറിറ്റിയുടെ പ്രധാനപ്പെട്ട വിഷയം ജൽജീവൻ മിഷൻ തന്നെയാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നത് എം.എൽ.എ.-മാർ തന്നെയാണ്. അക്കാര്യത്തിൽ ഞാൻ എല്ലാവരെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എല്ലാ വീടുകളിലും വെള്ളമെത്തിക്കാൻ കഴിയുമെന്നതിൽ സന്തോഷമുണ്ട്. എന്നാൽ നിലവിലുള്ള പദ്ധതി അട്ടിമറിച്ചെന്നോ കിണറുകളെ ആശ്രയിക്കേണ്ടെന്നോ അതിനർത്ഥമില്ല.

പ്ലാൻ ഫണ്ടിലും നബാർഡ് ഫണ്ടിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയുമൊക്കെ അധീനതയിലുള്ള വർക്കുകൾ പൂർത്തീകരിച്ച് കുടിവെള്ളം നൽകുന്ന പദ്ധതികളെല്ലാം നിലവിലുണ്ട്. അതൊക്കെ പരിശോധിക്കുമ്പോൾ നിലവിലുണ്ടായിരുന്ന കണക്ഷനുകൾ എത്രയാണ്? ആ കണക്ഷനുകൾ മാറ്റി സംസ്ഥാനത്ത് പൂർണ്ണതോതിൽ വെള്ളം നൽകാനുള്ള സാധ്യതകളിലേയ്ക്കാണ് പോകുന്നത്. അതിനുവേണ്ടിയുള്ള നടപടികളുമായി മുന്നേറുമ്പോൾ അതിനോട് എല്ലാവരും സഹകരിക്കുന്നുവെന്നതിൽ സന്തോഷമുണ്ട്. കണക്ക് പരിശോധിക്കുമ്പോൾ 17 ലക്ഷം കണക്ഷനുകളുണ്ടായിരുന്നിടത്ത് ഇപ്പോൾ 70 ലക്ഷത്തിലധികം കണക്ഷനുകൾ കൊടുത്തുവെന്നാണ് കാണാൻ കഴിയുന്നത്. കഴിഞ്ഞ ഒരുവർഷക്കാലംകൊണ്ട് 10 ലക്ഷത്തിന് മുകളിൽ കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. ശേഷിക്കുന്ന മൂന്ന് വർഷംകൊണ്ട് 40 ലക്ഷത്തോളം കണക്ഷൻ കൊടുക്കാൻ സാധിക്കും. എം.എൽ.എ.-മാർ ഉന്നയിച്ച ഓരോ കാര്യങ്ങളെയും കുറിച്ച് എടുത്തുപറയാൻ സമയമില്ല. സ്ഥലം ഏറ്റെടുക്കുന്നതിനെയും പഞ്ചായത്തുകളുടെ വിഹിതത്തെയും കുറിച്ചാണ് ഇവിടെ ആശങ്കകൾ ഉന്നയിച്ചത്. ജൽജീവൻ പദ്ധതിയുടെ പുരോഗതി മറ്റ് സംസ്ഥാനങ്ങളിൽ 75 ശതമാനവും 80 ശതമാനവുമൊക്കെ കഴിഞ്ഞു, ആന്ധ്രയിൽ പൂർത്തിയായി

എന്നൊക്കെ പറയുമ്പോഴും 2019-20-ൽ ഈ പദ്ധതി നടപ്പാക്കുമ്പോൾ അവിടെയെല്ലാം 50 ശതമാനത്തിനുമുകളിൽ കുടിവെള്ള കണക്ഷനുണ്ടായിരുന്നു. കേരളത്തിന്റെ സ്ഥിതി അതായിരുന്നില്ല. അപ്പോൾ ഇത് ആരംഭിച്ചതിനുശേഷമുള്ള കണക്ക് പരിശോധിക്കുമ്പോൾ ഇത്രയും ദ്രുതഗതിയിൽ ഈ പദ്ധതി മുന്നോട്ടുപോകുന്ന സംസ്ഥാനം കേരളമാണെന്ന് മനസ്സിലാക്കണം. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ രണ്ടുപ്രാവശ്യം യോഗം വിളിക്കുകയും അനുദിനം കാര്യങ്ങൾ അന്വേഷിക്കുകയും ഇതിനാവശ്യമായ സംസ്ഥാന വിഹിതം മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ 41,546 കോടി രൂപയുടെ ഭരണാനുമതി ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട ഓൺ ഗോയിംഗ് പ്രോജക്ടുകൾക്ക് നൽകിയിട്ടുണ്ട്; അതെല്ലാം നടന്നുവരികയാണ്. സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിലുള്ള ഫെയർ വാല്യൂ അനുസരിച്ച് നോക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. 30 ശതമാനമാണ് നമുക്കിപ്പോൾ കൊടുക്കാൻ കഴിയുന്നത്. അത് വർദ്ധിപ്പിക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് ആലോചിക്കേണ്ടിവരും. ഇതര ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ സ്ഥലമെടുക്കുന്നതിന് തടസ്സമുണ്ടോ എന്ന ചോദ്യം വരികയുണ്ടായി. അതിൽ തടസ്സമുണ്ടാകേണ്ട യാതൊരു കാര്യവുമില്ല. ജൽജീവൻ മിഷന്റെ

പ്രവർത്തനങ്ങൾക്കുവേണ്ടി ഇത്തരം കാര്യങ്ങൾ ചെയ്യാനുള്ള അവകാശവും ചുമതലയും ഡിസ്ട്രിക്ട് കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. അതെല്ലാം അതത് എം.എൽ.എ.-മാർ മുൻകയ്യെടുത്ത് ഭംഗിയായി മുന്നോട്ടുകൊണ്ടുപോകണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. കുടിവെള്ള പരിശോധനയ്ക്കായി എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ലാബുകൾ സ്റ്റേറ്റ് ലെവലിൽ ഒന്നും 14 ജില്ലകളിൽ ഓരോന്ന് വീതവും സബ് ഡിസ്ട്രിക്ടിൽ 70-ഉം ഉൾപ്പെടെ ആകെ 85 എണ്ണമുണ്ട്. അതുകൊണ്ട് നല്ലനിലയിൽത്തന്നെ പരിശോധന നടത്താൻ കഴിയുന്നുണ്ട്. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾക്ക് മുൻഗണന നൽകിക്കൊണ്ട് സ്കൂളുകളിൽ ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ വെള്ളം പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. പഴയ കനാലുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് കുറ്റ്യാടി പദ്ധതി പോലെയാണെന്ന് ഇവിടെ ഒരു എം.എൽ.എ. സൂചിപ്പിച്ചു. 150 കോടി രൂപയുടെ കുറ്റ്യാടി ജലസേചന പദ്ധതി ഇതുമായി ബന്ധപ്പെട്ട് പുനർനിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് ഘട്ടംഘട്ടമായി ചെയ്യാൻ സാധിക്കും. അങ്ങനെയുള്ള വിഷയങ്ങൾ പൊതുവിൽ

പരിഹരിക്കണമെന്നു തന്നെയാണ് ആഗ്രഹിക്കുന്നത്. റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പറയുകയുണ്ടായി. കുടിവെള്ളത്തിന്റെയും റോഡുകളുടെയും കാര്യം ഒരുപോലെ കാണേണ്ടതാണ്. ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി നല്ല സമീപനമാണ് സ്വീകരിച്ചത്. റോഡുകൾ പണി തീർന്നയുടനെ മുറിക്കേണ്ടിവരുമ്പോൾ ബുദ്ധിമുട്ടാകും. എന്നാൽ നിർമ്മിക്കാൻ പോകുന്ന റോഡുകൾക്ക് ഭാവിയിൽ ഈ പ്രശ്നമുണ്ടാകാതിരിക്കാൻ സൂക്ഷ്മമായ നിരീക്ഷണമുണ്ടാകണം. പണി കഴിഞ്ഞ റോഡുകൾ റെസ്റ്റോർ ചെയ്യാനുള്ള ക്രമീകരണം ഏർപ്പെടുത്തി സമയബന്ധിതമായി അത് പൂർത്തീകരിക്കും. പഞ്ചായത്തുതലത്തിലേയ്ക്ക് പോകുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി റോഡ് റെസ്റ്റോർ ചെയ്യുന്നതിനുള്ള ഫണ്ടുകൂടി ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടനാട്ടിൽ എപ്പോഴും വെള്ളമുണ്ടെങ്കിലും കുടിക്കാൻ ശുദ്ധജലമില്ല. അവിടെ 300 കോടി രൂപയുടെ പദ്ധതിക്കാവശ്യമായ ഭരണാനുമതി കൊടുക്കുന്നുവെന്നുമാത്രമല്ല, ട്രീറ്റ്മെന്റ് പ്ലാന്റ്, ഓവർ ഹെഡ് ടാങ്കുകൾ എന്നിവയുമായി ബന്ധപ്പെട്ട തർക്കങ്ങളെല്ലാം പരിഹരിച്ച് വർക്ക് ടെണ്ടർ ചെയ്യാൻ പോകുകയാണ്. ഓരോ എം.എൽ.എ.-ക്കും മറുപടി പറഞ്ഞ് പോകാൻ കഴിയില്ല. വിമർശനമോ ക്രിയാത്മക നിർദ്ദേശങ്ങളോ

ആണ് ഉയർന്നുവന്നിട്ടുള്ളത്. ശ്രീ. ടി. ജെ. വിനോദും ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണനും സൂചിപ്പിച്ച കൊച്ചിയിലെയും വൈപ്പിനിലെയും വിഷയങ്ങളും തൃക്കാക്കര അംഗം ശ്രീമതി ഉമ തോമസ് ഉന്നയിച്ച കാര്യവും ഞാൻ ശ്രദ്ധിച്ചു. ഏറ്റവും കൂടുതൽ ഫ്ലാറ്റ് സമുച്ചയമുള്ളതും ഭാവിയിൽ ജനസാന്ദ്രത വർദ്ധിക്കാൻ സാധ്യതയുള്ളതുമായ പ്രദേശമാണ് തൃക്കാക്കര. അവിടെ ആവശ്യമായ കുടിവെള്ളം എത്തിക്കണമെങ്കിൽ ജനസംഖ്യാടിസ്ഥാനത്തിൽ ജലലഭ്യതയുണ്ടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അവിടെ കുടിവെള്ളമെത്തിക്കാൻ അമൃത് പദ്ധതിയുൾപ്പെടെ സാധ്യമാകുന്ന എല്ലാ പദ്ധതികളെക്കുറിച്ചും ആലോചിക്കും. വൈപ്പിൻ ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്ക് സുരക്ഷ ഉറപ്പുവരുത്താനുള്ള നടപടികളിലേയ്ക്ക് പോകുമെന്നുമാത്രമെ ഞാൻ ഇപ്പോൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. പഞ്ചായത്ത് വിഹിതം സംബന്ധിച്ച പ്രശ്നങ്ങൾ പല എം.എൽ.എ.-മാരും സൂചിപ്പിക്കുകയുണ്ടായി. ഏതൊരു പദ്ധതിയും നടപ്പിലാക്കാൻ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. പഞ്ചായത്തുകൾ വരുംവർഷങ്ങളിലെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട ഫണ്ടുകൾ ഇതിലേയ്ക്ക് കൊടുത്താൽ മതി. അതിലെന്താണ് കുഴപ്പം; വരുംവർഷങ്ങളിൽ അത് ഉപയോഗിക്കേണ്ടിവരില്ലല്ലോ. അങ്ങനെയുള്ള

സോഴ്സുകൾ പ്രയോജനപ്പെടുത്തണം.

<u>ശ്രീമതി സി. കെ. ആശ</u>: സർ, വൈക്കത്ത് 1956-ൽ പണിത ഒരു ഓവർ ഹെഡ് ടാങ്കാണുള്ളത്. അവിടെ റോ വാട്ടർ കൊണ്ടുവന്ന് ട്രീറ്റ് ചെയ്യുന്നത് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ചെയ്യുന്നതിനാവശ്യമായ ഭൂമിയുണ്ട്. കേവലം സർവ്വീസ് ലൈനുകൾ മാറ്റുന്നതിനുള്ള പണം മാത്രമാണ് നിലവിൽ അമൃത് പദ്ധതിയിലൂടെ അനുവദിച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ കുടിവെള്ളത്തിന്റെ കാര്യത്തിൽ ആഗ്രഹിക്കുന്ന തരത്തിലുള്ള മാറ്റം വൈക്കത്ത് ഉണ്ടാകുകയില്ല.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ...

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, രണ്ടുപേരുടെയും മുനിസിപ്പാലിറ്റിയിലെ വിഷയം എനിക്കറിയാം. അമൃത് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നമ്മൾ ഉദ്ദേശിച്ചത്ര തുക ലഭിച്ചില്ലെന്നതാണ് പ്രധാന പ്രശ്നം. അമൃത് പദ്ധതിയിലൂടെ അർബൻ മേഖലയിൽ പൂർണ്ണമായും കുടിവെള്ളമെത്തിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഫണ്ടിന്റെ ഷോർട്ടേജുണ്ട്. അമൃത് പദ്ധതിയിൽ ഇരുപത്തിയഞ്ച് ലക്ഷം കണക്ഷനാണ് കേരളത്തിനുള്ളത്. അതിൽ പതിമൂന്ന് ലക്ഷം കണക്ഷൻ നൽകാൻ ബാക്കിയുണ്ട്. ഇപ്പോൾ ലഭ്യമായ ഫണ്ടനുസരിച്ച് നാലര ലക്ഷത്തോളം കണക്ഷൻ മാത്രമേ നൽകാൻ

സാധിക്കുകയുള്ളൂ. ആ പ്രതിസന്ധിയെ അതിജീവിക്കുന്ന സർക്കാരാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ളത്. അതെങ്ങനെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ഞങ്ങൾ ആലോചിക്കുകയാണ്. വൈക്കത്ത് വെള്ളം വരികയില്ലെന്ന് കരുതി വിഷമിക്കേണ്ട. തടസ്സങ്ങൾ നീക്കി മുന്നോട്ടുപോകുകയെന്ന നിലപാടാണ് സർക്കാരിനുള്ളത്. പഞ്ചായത്തുകളുടെ വിഹിതത്തെക്കുറിച്ച് ആശങ്കയൊന്നും വേണ്ട. നല്ല സാമ്പത്തിക സ്ഥിതിയുള്ള പഞ്ചായത്തുകൾ പത്തോ പതിനഞ്ചോ ശതമാനം തുക ഇതിനായി മാറ്റിവച്ചാൽ എന്താണ് കുഴപ്പം? ഭാവിയിൽ കുടിവെള്ളപ്രശ്നം ഒഴിവാക്കാം. പിന്നീട് ഇതിനുവേണ്ടി പോകേണ്ട കാര്യമില്ല. ഗവൺമെന്റ് ഇക്കാര്യങ്ങൾ ഇച്ഛാശക്തിയോടുകൂടി കാണുമ്പോൾ അതിനോട് സഹകരിക്കണം. സ്ഥലമേറ്റെടുക്കുന്ന കാര്യം ഇവിടെ പറഞ്ഞു. ഒരു എം.എൽ.എ. വിചാരിച്ചാൽ ഒന്നോ രണ്ടോ സ്ഥലം ഏറ്റെടുക്കാൻ സാധിക്കുകയില്ലേ? ഇത്തരം ചെറിയ കാരണങ്ങൾകൊണ്ട് പദ്ധതി മുടങ്ങിയാൽ അതിന്റെ ഉത്തരവാദിത്വം നമ്മളോരോരുത്തർക്കുമായിരിക്കും. നമുക്ക് കടപ്പാടുണ്ട്, നമ്മൾ അത് ചെയ്തേ മതിയാകുകയുള്ളൂ. മിക്ക പഞ്ചായത്തുകൾക്കും പ്ലാൻ ഫണ്ടും തനത് ഫണ്ടുമുണ്ട്. തീരെ നിർവ്വാഹമില്ലാത്ത പഞ്ചായത്തുകളുടെ കൃത്യമായ കണക്ക് ശ്രീ. എം. വി.

ഗോവിന്ദൻ മാസ്റ്ററുടെ കൈവശമുണ്ട്. അത് പരിശോധിച്ച് കാര്യങ്ങൾ നിശ്ചയിക്കാം. പക്ഷെ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തുന്ന സാഹചര്യമുണ്ടാകരുത്. അതിനെല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗ്രൗണ്ട് വാട്ടർ, ജലനിധി ഉൾപ്പെടെയുള്ള കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇക്കാര്യങ്ങളിൽ എല്ലാവരുടെയും ശ്രദ്ധാപൂർവ്വമായ മറുപടിയാണ് ലഭിച്ചത്. ശ്രീ. അനൂപ് ജേക്കബ് സംസാരിച്ചത് ഞാൻ ശ്രദ്ധിച്ചു. മൂവാറ്റുപുഴയാറിന്റെ തീരസംരക്ഷണം എല്ലാം പൂർത്തീകരിച്ചില്ലെങ്കിലും 50 ശതമാനത്തോളം പൂർത്തിയായെന്ന് അദ്ദേഹം പറഞ്ഞപ്പോൾ എനിക്ക് സന്തോഷമായി. അത് പോസിറ്റീവായ അപ്രോച്ചായിരുന്നു. പൈപ്പ് ലൈനുകൾ പൊട്ടുന്ന വിഷയം സൂചിപ്പിച്ചു. ഭൂമിക്കടിയിൽ കിടക്കുന്ന നാൽപ്പതും അമ്പതും വർഷം പഴക്കമുള്ള പൈപ്പുകൾ മാറ്റേണ്ടിവരും. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസുമായി കൂടിയാലോചിച്ച് കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റി പുതിയതിട്ട് റോഡ് നിർമ്മിക്കാനാവശ്യമായ നടപടിയിലേയ്ക്കാണ് പോകുന്നത്. ടെണ്ടർ ചെയ്തിരിക്കുന്ന പ്രവൃത്തികൾക്ക് കാലതാമസമുണ്ടാകുന്നതിന്റെ പ്രധാന പ്രശ്നം പൈപ്പുകളുടെ വില വർദ്ധനയാണ്. അത് പരിഹരിച്ച് ടെണ്ടർ ചെയ്ത പ്രവൃത്തികൾ

പെൻഡിംഗാകാതെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയാണ്. വാട്ടർ അതോറിറ്റിക്ക് രണ്ടായിരത്തിലധികം കോടി രൂപ കുടിശ്ശിക ലഭിക്കാനുണ്ട്. അതേസമയം ഇലക്ട്രിസിറ്റി ചാർജിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് 1100 കോടി രൂപയോളം വാട്ടർ അതോറിറ്റി നൽകാനുമുണ്ട്. കിട്ടാക്കടംപോലെ നിൽക്കുന്ന ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുമായി ഈ ജൂലൈ മാസം 15-ാം തീയതി മുതൽ ആഗസ്റ്റ് 15 വരെ അദാലത്ത് സംഘടിപ്പിക്കുകയാണ്. എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാരും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ അതിന് നേതൃത്വം കൊടുക്കണം. സമയവും സാഹചര്യവുമുള്ളവർ കോൺസ്റ്റിറ്റ്യുവൻസി തലത്തിൽ അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്യണം. ഈ അദാലത്തിൽ പലിശയും പിഴപ്പലിശയും കൂട്ടുപലിശയുമുൾപ്പെടെ വേണ്ടെന്നുവച്ചുകൊണ്ടാണ് കുടിശ്ശിക പിരിക്കുന്നത്. ഇതൊക്കെ ഒഴിവാക്കുമ്പോൾ 20,000/- രൂപ കുടിശ്ശികയുള്ളവർക്ക് എണ്ണായിരമോ ഒൻപതിനായിരമോ രൂപയ്ക്കുതാഴെ മാത്രമേ അടയ്ക്കേണ്ടിവരികയുള്ളൂ. ഈയൊരു മാസം ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തി ആളുകൾക്ക് ആശ്വാസം നൽകാനുള്ള നടപടിയിൽ എല്ലാവരും പങ്കുചേരണം.

ഏതാണ്ട് ഇരുപത്തിരണ്ട് രൂപ ചെലവഴിച്ചാണ് ഒരു കിലോലിറ്റർ

ജലം കുടിവെള്ളമായി ട്രീറ്റ് ചെയ്തെടുക്കുന്നത്. എന്നാൽ 11 രൂപ നഷ്ടത്തിലാണ് വെള്ളം നൽകുന്നത്. ഇത് മനസ്സിലാക്കി ഇതിനോട് സഹകരിക്കാൻ കഴിയുന്നൊരു മാനസികാവസ്ഥ എല്ലാവർക്കുമുണ്ടാകണം. ഒരു ലിറ്ററിന് ഒരു പൈസയോ അര പൈസയോ കൂട്ടിയതുകൊണ്ട് പ്രശ്നമില്ല. അതൊക്കെ സാധാരണയായി കണ്ടില്ലെങ്കിൽ ശുദ്ധജല വിതരണ രംഗത്തുണ്ടായേക്കാവുന്ന വിഷയങ്ങൾ നേരിടാൻ എല്ലാവരും തയ്യാറാകേണ്ടിവരും. അത്തരം കാര്യങ്ങളിലെല്ലാം നിങ്ങളുടെ സഹകരണമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. ജോയി: സർ, കുടിവെള്ള ആവശ്യങ്ങൾക്ക് റവന്യൂ ലാൻഡ് കാണിച്ചുകൊടുത്താൽ അതുപയോഗിക്കാൻ സാധിക്കുന്നൊരു തീരുമാനമുണ്ടാക്കാൻ കഴിയുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സ്ഥലം കാണിച്ചുകൊടുത്താൽ അത് ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടില്ല. ഇതുമായി ബന്ധപ്പെട്ട് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പുകളും കൂടിയാലോചിച്ചാണ് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നത്. ഇത് ഇറിഗേഷൻ വകുപ്പിന്റെയോ വാട്ടർ അതോറിറ്റിയുടെയോ സ്കീമല്ല, സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയാണ്. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പുവരുത്തണമെന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, മലമ്പുഴ, കോങ്ങാട് മണ്ഡലങ്ങളെ കേന്ദ്രീകരിക്കുന്ന എൻ.എച്ച്. 966-ൽ പന്ത്രണ്ട് കി.മീ. ദൂരം പൈപ്പ് ലൈനിടാൻ നാഷണൽ ഹൈവേ അതോറിറ്റി സമ്മതിക്കുന്നില്ല. പ്രസ്തുത പ്രദേശത്ത് പണി പൂർത്തിയായി എന്നതാണ് കാരണമായി അവർ പറയുന്നത്. അതിന്റെ ഭാഗമായി ഈ രണ്ട് മണ്ഡലങ്ങളെയും ബന്ധിപ്പിക്കുന്ന കരിമ്പ, കോങ്ങാട് പഞ്ചായത്തിൽ ക്രോസ് ചെയ്ത് സ്ഥലം അനുവദിക്കുന്നില്ല. ഇതിൽ പി.ഡബ്ല്യൂ.ഡി.-യും വാട്ടർ അതോറിറ്റിയും ഇടപെട്ട് പരിഹാരം കാണണം.

ശ്രീ. റോഷി അഗസ്റ്റിൻ:സർ, അതുസംബന്ധിച്ച് പരിശോധിക്കാം. അത്തരം ചില പ്രശ്നങ്ങൾ എൻ.എച്ച്.-ൽ ഉണ്ട്. അത് ഗൗരവമായി കാണുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ അത്തരം കാര്യങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, ശബരിമല തീർത്ഥാടകർക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതി റാന്നി-കോന്നി മണ്ഡലങ്ങളിലെ ആളുകൾക്ക് ഉപയോഗപ്രദമാക്കുന്ന രീതിയിൽ നടപ്പാക്കുന്നതിലുണ്ടായിട്ടുള്ള നിയമ തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇങ്ങനെ വഴങ്ങിക്കൊടുത്താൽ സമയം വൈകും. അങ്ങ് ഇതുംകൂടി പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, അവിടെ കോൺട്രാക്ടർ പ്രവൃത്തി നടത്താത്തതിനാൽ വലിയ വിഷയമായി. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനുമുൾപ്പെടെ രണ്ട് മീറ്റിംഗ് വിളിച്ചുകൂട്ടിയതാണ്. പ്രസ്തുത കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്തു. പത്തോ പന്ത്രണ്ടോ ദിവസത്തിനകം വർക്ക് റീടെണ്ടർ ചെയ്യും. അടുത്ത ശബരിമല മണ്ഡലകാലത്തിനുമുമ്പ് യുദ്ധകാലാടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടിയാണ് സ്വീകരിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാമെന്ന് പറഞ്ഞിട്ട് വീണ്ടും നീട്ടിക്കൊണ്ടുപോകുകയാണ്. അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇത്തരം കാര്യങ്ങളിൽ ആശങ്കകൾക്ക് ആവശ്യമില്ല. അത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. വെള്ളത്തിന്റെ തുക കൂടുന്നുവെന്ന പ്രശ്നം പരിഹരിക്കുന്നതിനായി മീറ്റർ റീഡിംഗുമായി ബന്ധപ്പെട്ട് ടോപ് അപ് സംവിധാനം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ട്. 500 രൂപ അടച്ചാൽ 500 രൂപയുടെ ജലം ലഭിക്കും. അപ്പോൾ ആർക്കും

ജലനഷ്ടമോ ചോർച്ചയോ ഉണ്ടാകുകയില്ല. അത്തരത്തിൽ പുതിയൊരു സ്മാർട്ട് സംവിധാനം കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഇത്തരം വിഷയങ്ങളോട് ചേർന്നുനിന്ന് പ്രവർത്തിക്കുന്ന എല്ലാവരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇവിടെ പറഞ്ഞ പല നിർദ്ദേശങ്ങളും ഗൗരവത്തോടുകൂടിയാണ് കാണുന്നത്. കാസർഗോഡ് ജില്ലയിൽ പന്ത്രണ്ടിലധികം നദികളുണ്ടെങ്കിലും അവിടെ ഒരു കുടിവെള്ള പദ്ധതിപോലുമില്ലെന്ന് സൂചിപ്പിച്ചു. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ആലോചിച്ച് നല്ല സോഴ്സോ പദ്ധതിയോ ഉണ്ടെങ്കിൽ എന്താണ് ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് പരിശോധിക്കാം. ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളിലും ഡിപ്പാർട്ടുമെന്റിന്റെ എല്ലാ തലത്തിലുമുള്ള ഇടപെടലുണ്ടാകും. ഞാൻ മറുപടി പറഞ്ഞതും പറയാത്തതുമായ എല്ലാ വിഷയങ്ങളിലും എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ആവശ്യങ്ങളിലും ജലവിഭവ വകുപ്പിന് സാദ്ധ്യമായതെല്ലാം സമയബന്ധിതമായി ചെയ്യും. ജൽജീവൻ മിഷൻ സാധ്യമാക്കാൻ എല്ലാവരും സഹകരിക്കണമെന്നും ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നും അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, പ്രതിപക്ഷത്ത് പല സീറ്റുകളിലും

ബഹുമാനപ്പെട്ട അംഗങ്ങൾക്കുപകരം പ്ലക്കാർഡുകൾ മാത്രമാണുള്ളത്. ഇത് എവിടത്തെ കീഴ്വഴക്കമാണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: സീറ്റുകളിൽ നിന്നും പ്ലക്കാർഡുകൾ മാറ്റണമെന്ന് നേരത്തെ നിർദ്ദേശം നൽകിയിരുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കാർഷിക മേഖലയിൽ കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ തുടർച്ചയായി രണ്ടാം പിണറായി സർക്കാരിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ലഭിച്ച അവസരം കാര്യക്ഷമമായി ഉപയോഗിച്ച് അടുത്ത നാല് വർഷത്തെ പ്രവർത്തനത്തിന് അടിത്തറയിടാൻ സാധിച്ചുവെന്ന അഭിമാനബോധത്തോടുകൂടിയാണ് ഞാൻ ഇവിടെ നടന്ന ചർച്ചകൾക്ക് വിശദീകരണം നൽകുന്നതിന് മുതിരുന്നത്. ഭക്ഷ്യവിളകളുടെ ഉത്പാദനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗണ്യമായ വർദ്ധനയാണ് രേഖപ്പെടുത്തിയത്. ആ നേട്ടം അതുപോലെ നിലനിർത്തുകയും ഭക്ഷ്യോത്പാദനത്തിൽ കൂടുതൽ വർദ്ധനയുണ്ടാക്കുകയും ചെയ്യുന്നതോടൊപ്പം സംഭരണ-വിതരണ-വിപണന മേഖലകളിൽ കാര്യക്ഷമമായി ഇടപെടുന്നതിനുമാണ് ശ്രമിക്കുന്നത്. 2026-ൽ കാർഷികമേഖല എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ

കാഴ്ചപ്പാടോടെ പതിനാലാം പഞ്ചവത്സര പദ്ധതി ഫലപ്രദമായി ഉപയോഗിച്ച് ഭക്ഷ്യസ്വയംപര്യാപ്തതയിലും ഭക്ഷ്യസുരക്ഷയിലും കാർഷിക വരുമാന വർദ്ധനയിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഇന്ത്യയ്ക്ക് മാതൃകയാക്കി കേരളത്തെ മാറ്റുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കൃഷി വകുപ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. വിഷൻ 2026 ഇതിനായി രൂപകൽപ്പന ചെയ്തിട്ടുണ്ടെന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഭക്ഷ്യസ്വയംപര്യാപ്തത, ഭക്ഷ്യസുരക്ഷ, വരുമാന വർദ്ധന, തൊഴിലവസരങ്ങൾ എന്നിവ ഉറപ്പാക്കി പാരിസ്ഥിതിക മേഖല ആധാരമാക്കി നൂതന കൃഷിരീതികളും ആധുനിക സാങ്കേതിക വിദ്യകളും പരമ്പരാഗത കൃഷി വിജ്ഞാനവും ലഭ്യമാകുന്ന സാമ്പത്തിക സ്രോതസുകളും സംയോജിപ്പിച്ച് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും കാർഷിക സേവനങ്ങളും ത്വരിതപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനം ജനകീയ പങ്കാളിത്തത്തോടുകൂടി ഉറപ്പാക്കി സുസ്ഥിരവും കാലാവസ്ഥയ്ക്കനുകൂലവുമായ കാർഷിക മേഖല സൃഷ്ടിക്കുകയെന്നതാണ് വിഷൻ 2026-ന്റെ തീം. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച് നൽകിയ കൃഷിഭൂമിയും കാലാവസ്ഥയും ജലലഭ്യതയുമെല്ലാമുണ്ടായിട്ടും നമ്മുടെ കാർഷിക മേഖലയ്ക്ക് ഒരു പിന്നോട്ടുപോക്കുണ്ട്. അത് നമ്മളിലെല്ലാം രൂപപ്പെട്ടുവന്ന

മാനസികാവസ്ഥയുടെ, നമ്മുടെ മനസ്സിൽനിന്ന് കൃഷി മാഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നതിന്റെ ഫലമായിട്ടുണ്ടായതാണ്. എല്ലാം വാങ്ങിയാൽ മതിയെന്നും അതിനുള്ള കഴിവുണ്ടാകുകയെന്നതാണ് പരമപ്രധാനമെന്നുമുള്ള ധാരണ മനസ്സിൽ വന്നുപോയത് മലയാളിയെ സംബന്ധിച്ച് വലിയ ദുരന്തമായി മാറി. ആഗോളവൽക്കരണത്തിന്റെ കാലമായപ്പോൾ അത് വളരെ ശക്തമായി. വാങ്ങൽ ശക്തി എന്നുപറയുന്നത് കൂടുതൽ പണമുണ്ടാക്കി സംഭരിച്ചുവയ്ക്കുക എന്നതിലേയ്ക്ക് നമ്മളെ കൊണ്ടെത്തിച്ചു. അതിന്റെ ഫലമായി മണ്ണിനോടും കൃഷിയോടും ആഭിമുഖ്യമില്ലാതായി. സുരക്ഷിതമായ ഭക്ഷണം എന്നതിന്റെ ഗൗരവത്തെ ഉൾക്കൊള്ളാത്ത ഏകജീവി മനുഷ്യനാണ് എന്നുപറയുന്നതിൽ അതിശയോക്തിയില്ല. ഭക്ഷണ കാര്യത്തിൽ നാവിന്റെ രുചിക്ക് കീഴ്പ്പെട്ട് മുന്നോട്ടുപോകുക എന്നതുമാത്രമാണ് നമ്മുടെ ലക്ഷ്യം. അത് നമ്മളെ എങ്ങോട്ടേയ്ക്കാണ് എത്തിച്ചതെന്ന് പലതവണ ഈ സഭയിലെ ചർച്ചകളിൽപ്പോലും ഉയർന്നുവന്നിട്ടുണ്ട്. മാരക രോഗങ്ങളുടെ തടവറയിലേയ്ക്ക് മലയാളി അതിവേഗം ഓടിക്കയറുകയാണ്. കിഡ്നി, കരൾ രോഗികളുടെയും കാൻസർ ബാധിതരുടെയും എണ്ണം കൂടുന്നു. 20% പേർക്കാണ് കേരളത്തിൽ പുകയിലയുടെ ഉപഭോഗംകൊണ്ട് കാൻസറുണ്ടാകുന്നതെങ്കിൽ 35 മുതൽ 40

ശതമാനംവരെ മലയാളികളുടെ കാൻസറിന്റെ കാരണം ഭക്ഷണവും ജീവിതശൈലിയുമാണ് എന്നുപറയുന്നത് നമ്മുടെ ആർ.സി.സി. തന്നെയാണ്. എത്ര ദയനീയമായ അവസ്ഥയാണെന്ന് ആലോചിച്ചുനോക്കണം. ഒരിക്കലും ജാമ്യവും പരോളും ലഭിക്കാത്ത ഇത്തരം രോഗങ്ങളുടെ തടവറയിലേയ്ക്ക് മലയാളിയെ കൊണ്ടെത്തിക്കുന്നതിൽ ഭക്ഷണത്തിന് വലിയ പങ്കുണ്ടെന്ന തിരിച്ചറിവിന്റെ പാതയിൽ നിന്നുകൊണ്ടാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ഈ സർക്കാർ ഏറ്റെടുത്തത്. പദ്ധതിക്കുവേണ്ടി പദ്ധതി എന്നതല്ല. ഞങ്ങളും കൃഷിയിലേയ്ക്ക് എന്നത് ഓരോ മലയാളിയുടെയും മനസ്സിലുണ്ടാകേണ്ടതാണ്. എല്ലാവരും കൃഷിയിലേയ്ക്കിറങ്ങണമെന്നതല്ല ആ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അതുസംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് എല്ലാ സഭാംഗങ്ങളുടെയും കൈകളിലെത്തിച്ചിരുന്നു. പതിനായിരം കൃഷിക്കൂട്ടങ്ങൾ രൂപം കൊള്ളുമെന്നാണ് കണക്കുകൂട്ടിയത്. എന്നാൽ 24500-ഓളം കൃഷിക്കൂട്ടങ്ങൾ രൂപപ്പെട്ടുവെന്നത് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ഈ പദ്ധതിയെ ജനങ്ങൾ ഏറ്റെടുത്തതിന്റെ തെളിവാണ്. ഇവിടെ ഇരിക്കുന്ന എത്രയോ സാമാജികർ ആ പദ്ധതിയിൽ പങ്കാളികളായി. ബഹുമാനപ്പെട്ട ചെയർതന്നെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ അവിടത്തെ

ഉദ്യോഗസ്ഥരടക്കമുള്ളവരോടൊപ്പം നിന്നുകൊണ്ട് കൃഷി ചെയ്യുന്ന വാർത്തകൾ വരികയുണ്ടായി. നിരവധി തവണ അങ്ങ് അവിടെ സന്ദർശിക്കുകയുണ്ടായി. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ കണ്ണൂരിൽ നിലം ഉഴുന്നതിലൂടെ പങ്കെടുക്കുകയുണ്ടായി. ഞാൻ ഒന്നോ രണ്ടോ പേരുടെ കാര്യം മാത്രമല്ല പറയുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെതന്നെ എത്രയോ പേർ ഈ പരിപാടിയിൽ നേരിട്ട് പങ്കാളികളായി കൃഷിയിടങ്ങളിലേയ്ക്കിറങ്ങി. നമ്മളെല്ലാം കൃഷിയിലേയ്ക്ക് ഇറങ്ങേണ്ടതിന്റെ ആവശ്യകതയുണ്ടെന്ന സന്ദേശമാണ് നാടിന് കൊടുത്തത്. പതിനായിരം ലക്ഷ്യം വച്ചിടത്ത് 24500 കൃഷിക്കൂട്ടങ്ങളുണ്ടായത് എം.എൽ.എ.-മാരും ജനപ്രതിനിധികളടക്കമുള്ളവരുടെയും പിന്തുണയുണ്ടായതുകൊണ്ടാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭരണ-പ്രതിപക്ഷ രീതിയിലല്ലാതെ നാടിന്റെ പൊതുവായ കാര്യമെന്ന തരത്തിൽ അതിനെ ഉൾക്കൊള്ളാൻ മനസ്സ് കാണിച്ച ഇടങ്ങളിലെല്ലാം അക്കാര്യങ്ങൾ നന്നായി നടക്കുന്നുണ്ട്. ആബാലവൃദ്ധം ജനങ്ങളുടെയും ഹൃദയത്തിലേയ്ക്ക് നമുക്ക് ഈ ചിന്തയെ കൊണ്ടെത്തിക്കണം. എല്ലാവരും ഉത്പാദനരംഗത്തേയ്ക്ക് മാറുകയെന്നല്ല, 80 ശതമാനം കൃഷിക്കൂട്ടങ്ങൾ ഉത്പാദനവുമായി ബന്ധപ്പെട്ട് നിൽക്കുമ്പോൾ 20 ശതമാനം സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ ശ്രദ്ധ

കേന്ദ്രീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ ഉത്പാദനമുണ്ടാകുമ്പോൾ കർഷകന് പ്രയാസമുണ്ടാകാതെ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും കഴിയുന്ന സംവിധാനം ഉറപ്പാക്കുന്നതിനാണ് 20 ശതമാനം കൃഷിക്കൂട്ടങ്ങളെ ആ ചുമതലയിലേയ്ക്ക് മാറ്റിയത്. അത് ഒന്നോ രണ്ടോ ദിവസമോ മാസങ്ങൾകൊണ്ടോ അവസാനിക്കുന്ന പരിപാടിയല്ല തുടർച്ചയായി മുന്നോട്ടുപോകേണ്ട കാര്യമാണെന്നാണ് ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ രണ്ടാം നൂറുദിന പരിപാടി അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. നേരത്തെ ചിലരെല്ലാം വിമർശനം ഉന്നയിച്ച ചില കാര്യങ്ങളുണ്ട്. എങ്ങനെയാണ് സുഭിക്ഷ കേരളം പരിപാടി ഇവിടെ അവതരിപ്പിക്കപ്പെട്ടത്? കോവിഡിന്റെ പ്രതിസന്ധി ഘട്ടത്തിൽ ഭക്ഷ്യധാന്യങ്ങൾ പുറത്തുനിന്ന് എത്തിക്കുന്നതിൽ ബുദ്ധിമുട്ടി ദുരിതത്തിലേയ്ക്ക് കേരളം പോകുമോയെന്നുള്ള ആശങ്ക മലയാളിയെ ഭരിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് വൈകുന്നേരങ്ങളിൽ മാധ്യമങ്ങളിലൂടെ വിവരങ്ങളെല്ലാം പറഞ്ഞ കൂട്ടത്തിൽ ഒരു ആശ്വാസവാക്കുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സുഭിക്ഷ കേരളം പദ്ധതി അവതരിപ്പിച്ചത്. കേരളത്തിലെ മുഴുവൻ ജനങ്ങളും പൂർണ്ണമനസ്സോടെ അത് ഏറ്റെടുത്തു. അതിന്റെയടിസ്ഥാനത്തിൽ പച്ചക്കറിയുടെ

ഉത്പാദനത്തിൽ വലിയ വർദ്ധനയുണ്ടാക്കാൻ കഴിഞ്ഞു. നമുക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ നാം ഉൽപ്പാദിപ്പിക്കണം. അടുത്ത നാലുവർഷംകൊണ്ട് നമുക്കാവശ്യമായ പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും പഴങ്ങളും ഉത്പാദിപ്പിച്ചെടുക്കാനുള്ള മണ്ണ് കേരളത്തിലുണ്ട്. നെല്ലിന്റെ കാര്യത്തിൽ നമുക്ക് പ്രശ്നമുണ്ട്. നമ്മൾ ഉപയോഗിക്കുന്ന അരിയുടെ 30 ശതമാനം ഉല്പാദനത്തിലേക്കെത്താൻ കഴിയുമോ എന്നാണ് നോക്കുന്നത്. 19 ശതമാനം ഉത്പാദനമേ ഇപ്പോൾ നടത്താൻ കഴിയുന്നുള്ളൂ. എന്നാൽ പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും കിഴങ്ങുവർഗ്ഗങ്ങളുടെയും കാര്യത്തിൽ സ്വയംപര്യാപ്തതയിലെത്താൻ കേരളത്തിന് കഴിയും. അതിനായി നമ്മൾ ഗൗരവമായ ഇടപെടൽ നടത്തേണ്ടതുണ്ട്. അരിയുടെ കാര്യത്തിലും അതിന് സാധിക്കും. ഓരോ വിളകളുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുക, അത് കേരളത്തിനകത്തും പുറത്തും വിപണനം നടത്താൻ കഴിയുക എന്നതെല്ലാം ആസൂത്രണം ചെയ്തുകൊണ്ടാണ് ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പരിപാടി നടപ്പിലാക്കുന്നത്. വിഷൻ 2026-ന്റെ ഭാഗമായി ഏറ്റവും പ്രധാനപ്പെട്ട പരിഗണന കൊടുക്കുന്നത് ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കുതന്നെയാണ്. കൃഷിക്കൂട്ടങ്ങളെ വിളയെയും കൃഷിയിടങ്ങളെയും അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിരീതികളിലേയ്ക്ക്

കൊണ്ടുപോകേണ്ടതുണ്ട്. അതൊരു പുതിയ പരിപാടിയായി നടപ്പിലാക്കാൻ പോകുകയാണ്. നമ്മൾ വിളയെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിരീതിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അത് മാറേണ്ട സമയമായിരിക്കുന്നു. വിളയെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി എന്നതിൽ നിന്നും മാറി കൃഷിയിടത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിയിലേയ്ക്ക് എത്തണം. പ്ലാനിംഗ് എന്നത് ഏറ്റവും താഴെത്തട്ടിൽനിന്നും തുടങ്ങേണ്ടതാണ്. സെക്രട്ടേറിയറ്റിലോ ഡയറക്ടറേറ്റിലോ അല്ലെങ്കിൽ വേറെ എവിടെയെങ്കിലുമോ ഇരുന്നുകൊണ്ട് നടത്തേണ്ട ആസൂത്രണമല്ല. ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥയുൾപ്പെടെ കണക്കിലെടുത്താലേ ഓരോ വിളയും ആ മണ്ണിന് യോജിച്ച തരത്തിലേയ്ക്കെത്തുകയുള്ളൂ. അങ്ങനെയാണ് കൃഷിയിടത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഫാം പ്ലാൻ രൂപം കൊള്ളുന്നത്. അങ്ങനെയാകുമ്പോൾ ഒരോ കൃഷിയിടത്തിലും പഞ്ചായത്തടിസ്ഥാനത്തിൽ ആസൂത്രണമുണ്ടാകും. ഓരോ വാർഡിലും ഏതെല്ലാം ഉത്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നുള്ള കൃത്യമായ കണക്കുണ്ടാകും. അവിടെനിന്നും എന്തെല്ലാം പുറത്തേയ്ക്ക് കൊടുക്കാൻ സാധിക്കും എത്ര അധികം വരാൻ സാധ്യതയുണ്ട് എന്നുള്ള കണക്കുണ്ടാകും. അതിന്റെ ആസൂത്രണം ബ്ലോക്ക്/ജില്ല/സംസ്ഥാനാടിസ്ഥാനത്തിൽ നടക്കുമ്പോൾ

ഉത്പന്നങ്ങൾ വിറ്റഴിക്കാൻ നിർവ്വാഹമില്ലാതെ കർഷകൻ വിലപിക്കുന്ന അവസ്ഥയുണ്ടാകുകയില്ല. കർഷകനെ കൃഷിയിടത്തിൽ നിലനിർത്തുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുക എന്നതു തന്നെയാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. അതുകൊണ്ട് ഇനി വരുന്ന എല്ലാ പദ്ധതികളും ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും. വാർഡുതലം മുതൽ സംസ്ഥാനതലംവരെ ക്രോഡീകരിക്കുന്ന ഉത്പാദന-വിളനിർണ്ണയ-വിപണന രേഖയെ അടിസ്ഥാനപ്പെടുത്തി ഒരു കലണ്ടറുണ്ടാക്കും. അതിനെ അടിസ്ഥാനമാക്കി ഏതൊക്കെ വിളകൾക്കാണ് ഡിമാന്റുള്ളതെന്ന് മുൻകൂട്ടി മനസ്സിലാക്കി അതനുസരിച്ചുള്ള കൃഷിയിലേയ്ക്ക് പോകുന്നതിനാവശ്യമായ സഹായങ്ങളെല്ലാം ചെയ്യാൻ കഴിയും. സുരക്ഷിതമായ ഭക്ഷണവും ആരോഗ്യ സംരക്ഷണവും എന്നുള്ളത് പ്രധാനമാണ്. ഭക്ഷണം നമ്മുടെ ജീവിതവും ആരോഗ്യവുമായി ബന്ധപ്പെട്ടതുമാണ്. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറിയിലെ ഫലങ്ങൾ ഇടയ്ക്കിടെ പുറത്തുവരുന്നത് നമ്മളെല്ലാം അറിയുന്നുണ്ടല്ലോ. 2021-22-ൽ 602 സാമ്പിളുകൾ പരിശോധിച്ചതിൽ 157 സാമ്പിളുകളിൽ അനുവദനീയമായതിലും കൂടുതൽ അളവ് കീടനാശിനി

കണ്ടെത്തിയിരിക്കുന്നു. ജൈവം എന്നുപറയുന്നതിൽപ്പോലും ഈ പ്രശ്നമുണ്ടാകുന്നുണ്ട്. ഇത്രമാത്രം വിഷം നമ്മൾ വിലകൊടുത്ത് വാങ്ങി കഴിക്കേണ്ട അവസ്ഥയാണ്. അയൽസംസ്ഥാനങ്ങളിൽ നിന്ന് ഇങ്ങോട്ടേയ്ക്ക് എത്തുന്നതെല്ലാം നല്ലതാണെന്നുപറഞ്ഞ് വാങ്ങിക്കൂട്ടുകയും കഴിക്കുകയും ചെയ്യുന്ന സമീപനമാണ് മലയാളി സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് വിഷവിമുക്തവും ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതുമായ സുരക്ഷിത ഭക്ഷണം ഉത്പാദിപ്പിക്കുന്നതിന് പ്രാധാന്യം നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതോടൊപ്പംതന്നെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കേണ്ടതും തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതും പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഒരു കുടുംബത്തിന്റെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതുകൊണ്ട് ആസൂത്രണത്തിന്റെ ആദ്യഘട്ടത്തിന്റെ ഭാഗമായി 10760 കൃഷിയിടങ്ങൾ സൃഷ്ടിച്ചെടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഉൽപ്പാദനത്തിന്റെയും വിപണനത്തിന്റെയും പ്ലാനുകൾ പ്രാദേശികമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ വിളകളുടെ ഉൽപ്പാദനച്ചെലവിനനുസരിച്ച് വില നിശ്ചയിക്കാൻ സാധിക്കുന്നതിലൂടെ കേരളത്തിലെ കാർഷിക മേഖലയെ ഉയർത്തിക്കൊണ്ടുവരാനും ഭാവിയിൽ കർഷകർക്ക് കൂടുതൽ

മെച്ചമുണ്ടാക്കാനും സാധിക്കും. ചില ബഹുമാനപ്പെട്ട അംഗങ്ങൾ ഗൗരവമുള്ള വിമർശനങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. കേരളം വളരെയധികം പിന്നിലേയ്ക്ക് പോയെന്ന് ശ്രീ. കുറുക്കോളി മൊയ്തീനെപോലുള്ള അംഗങ്ങൾ പറയുന്നുണ്ടായിരുന്നു. നാഷണൽ സാമ്പിൾ സർവ്വേ റിപ്പോർട്ടുപ്രകാരം കാർഷിക കുടുംബങ്ങളുടെ ശരാശരി മാസവരുമാനത്തിലും വാർഷിക വരുമാനത്തിലും ഭാരതത്തിൽ മൂന്നാം സ്ഥാനത്താണ് കേരളമെന്ന് കാണാൻ കഴിയും. ഇത് കേന്ദ്രസർക്കാരിന്റെ റിപ്പോർട്ടാണ്. പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങൾക്കുശേഷം കേരളത്തിനാണ് മൂന്നാം സ്ഥാനമെന്ന കാര്യം വിസ്മരിക്കരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. പ്രകൃതി സൗഹാർദ്ദ സമീപനവും കാർഷിക പാരിസ്ഥിതിക മേഖല ആധാരമാക്കിയ കൃഷിരീതികളുമെന്നത് വിഷൻ 2026-ന്റെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ഇവിടെ നേരത്തെ ബഹുമാന്യരായ അംഗങ്ങൾ കാർബൺ ന്യൂട്രൽ കൃഷിയെക്കുറിച്ച് സൂചിപ്പിച്ചു. ആലുവയിലേതുൾപ്പെടെ കേരളത്തിലെ പതിനാല് ഫാമുകളെ കാർബൺ ന്യൂട്രൽ ഫാമുകളാക്കി മാറ്റാൻ നിശ്ചയിച്ചിരിക്കുകയാണ്. ഐ.പി.സി.സി. (Intergovernmental Panel on Climate Change) റിപ്പോർട്ടുകൾ പലവട്ടം സഭയിൽ ചർച്ചാവിഷയമായിട്ടുണ്ട്. അന്തരീക്ഷത്തിലേയ്ക്ക് കാർബൺ ഡയോക്സൈഡ്

അടക്കമുള്ള വാതകങ്ങളുടെ ബഹിർഗമനംമൂലമുണ്ടാകുന്ന പ്രതിസന്ധികളും പ്രയാസങ്ങളും വലുതാണ്. തന്മൂലം കാലാവസ്ഥയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനിടയിലും ബഹുമാനപ്പെട്ട അംഗങ്ങൾ അതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കൃഷിയുമായി ബന്ധപ്പെട്ട് പരമാവധി കാർബൺ വാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതിനുള്ള മാതൃകാപരമായ പ്രവർത്തനത്തിലേയ്ക്ക് വരുമ്പോൾ ഇന്ത്യയിലാദ്യമായി കാർബൺ ന്യൂട്രൽ ഫാമായി മാറാൻ പോകുന്നത് കേരളത്തിൽ ആലുവയിലെ ഫാമായിരിക്കുമെന്ന കാര്യം പ്രത്യേകം പറയുകയാണ്. വിഷൻ 2026-ൽ പ്രത്യേക പരിഗണന ആവശ്യമായ വിഭാഗങ്ങളെ കാർഷികമേഖലയിലേയ്ക്ക് ആകർഷിച്ച് അവരെ പൂർണ്ണമായും സ്ഥായിയായ വികസനത്തിലേയ്ക്ക് എത്തിക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. അതിന്റെ ഭാഗമായിട്ടാണ് ആദിവാസികൾ, സ്ത്രീകൾ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരുടെ പ്രശ്നങ്ങളെ ഗൗരവമായി കാണുന്നത്. കേരളത്തിലെ പ്രധാന ആദിവാസി മേഖലയായ അട്ടപ്പാടിയിലെ എഴുപത്തിരണ്ട് ഊരുകളിലായി 600 ഏക്കർ സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതോടൊപ്പം ഇതിന്റെ മൂല്യവർദ്ധനയ്ക്കായി

സംസ്കരണ യൂണിറ്റും സജ്ജമാക്കിയിട്ടുണ്ട്. ഈ മാസംതന്നെ ആ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഇതുപോലെതന്നെയാണ് ഇടുക്കി ജില്ലയിലെ തായന്നംകുടി ഊരിലും ചെറുധാന്യ കൃഷി ചെയ്യുന്നത്. തൃശ്ശൂരിലെ അതിരപ്പിള്ളിയിൽ റീബിൽഡ് കേരളയുടെ ഭാഗമായിട്ടാണ് ഈ പ്രവർത്തനങ്ങളെല്ലാം നീക്കിയിട്ടുള്ളത്. ഇതോടൊപ്പംതന്നെ വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ അതിവേഗ സേവന ലഭ്യതയ്ക്കും കാർഷിക വിജ്ഞാന വ്യാപനത്തിനും ഈ വിഷന്റെ ഭാഗമായി പ്രഥമ പരിഗണന നൽകുന്നുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട 'എയിംസ്' പോർട്ടലിന്റെ പുതിയ വെർഷൻ വരുന്നുണ്ട്. അതോടൊപ്പംതന്നെ കൃഷിയിടത്തിൽ വച്ചുതന്നെ ഓഫീസ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കത്തക്കവിധത്തിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ മൊബൈൽ ആപ്പുകളും സോഫ്റ്റ്‍വെയറുകളും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകി കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കൃഷി ഉദ്യോഗസ്ഥർ കൃഷിഭൂമിയുമായി ബന്ധപ്പെട്ടാണ് നിൽക്കേണ്ടത്. പലപ്പോഴും അവർക്കതിന് കഴിയാതെ പോകുന്നുണ്ട്. കർഷകർ ഓഫീസുകൾ കയറിയിറങ്ങുന്നത് ഒഴിവാക്കുന്നതിന് 'സ്മാർട്ട് കൃഷി ഭവൻ'

എന്ന പുതിയ സമ്പ്രദായത്തിലേയ്ക്ക് പോകുകയാണ്. ഇത്തരത്തിൽ 140 കൃഷി ഭവനുകളെ സ്മാർട്ടാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമെന്ന നിലയ്ക്ക് ആദ്യഘട്ടത്തിൽ 42 എണ്ണം സ്മാർട്ടാക്കും. ബഹുമാന്യരായ നിരവധി എം.എൽ.എ.-മാർ അവരുടെയെല്ലാം ആസ്തിവികസന ഫണ്ടിൽനിന്നും തുക ചെലവഴിച്ചുകൊണ്ട് മനോഹരമായ കൃഷി ഭവനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇരുപക്ഷത്തുനിന്നും ഒരുപാട് അംഗങ്ങളുള്ളതുകൊണ്ടാണ് പ്രത്യേകിച്ച് ആരുടെയും പേര് പറയാത്തത്. അവരെല്ലാം വളരെ നന്നായി കൃഷി ഭവനുകളെ കാണുന്നുണ്ട്. അവിടെയുള്ള ഉദ്യോഗസ്ഥർക്കെല്ലാം മികച്ച പിന്തുണയും പിൻബലവും കൊടുക്കുന്നുണ്ട്. രാത്രി ഒരു മണിക്കും ഓഫീസുകൾ തുറന്നുപ്രവർത്തിപ്പിക്കുന്ന ഉദ്യോഗസ്ഥരുണ്ടെന്നും അവർ ഞങ്ങൾക്ക് അങ്ങേയറ്റം പ്രിയപ്പെട്ടവരാണെന്നും പൊതുവേദിയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥരെല്ലാം മോശക്കാരാണെന്ന് പറഞ്ഞുപരത്താനുള്ള ശ്രമം നടക്കുന്നതിനിടയിലും ഏറ്റവും കൂടുതലായി ഞാൻ കേട്ടിട്ടുള്ളത് ഈ ഉദ്യോഗസ്ഥരെക്കുറിച്ചും അവരുടെ പ്രവർത്തനത്തെക്കുറിച്ചുമുള്ള അഭിനന്ദനങ്ങളാണ്. ഉദ്യോഗസ്ഥരെല്ലാം കർഷകർക്കൊപ്പം കൃഷിയിടങ്ങളിലുണ്ടാകണമെന്നാണ് ആഗ്രഹിക്കുന്നത്. വകുപ്പുമന്ത്രിയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ

കമ്മീഷണറും വകുപ്പുസെക്രട്ടറിയും ഡയറക്ടറുമെല്ലാം രണ്ടുമാസത്തിലൊരിക്കൽ കൃഷിയിടം സന്ദർശിക്കുകയും കൃഷിക്കാരുമായി കാര്യങ്ങൾ ചർച്ച ചെയ്യുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്യണം. അതുപോലെ അഡീഷണൽ ഡയറക്ടറും ജോയിന്റ് ഡയറക്ടറും മാസത്തിലൊരിക്കൽ കൃഷിക്കാർക്കൊപ്പം കൃഷിഭൂമിയിലുണ്ടായിരിക്കണം. ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ ആഴ്ചയിലൊരിക്കൽ അതത് പ്രദേശത്തെ ഒരു കൃഷിയിടത്തിൽ പോയി കൃഷിക്കാരനുമായി ആശയവിനിമയം നടത്തേണ്ടതുണ്ട്. കർഷകന്റെ കാര്യങ്ങൾ മനസ്സിലാക്കാനും അവരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താനും കഴിയുന്ന തരത്തിൽ ഈ സംവിധാനത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്. ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലുമുള്ള വർദ്ധനയുടെ കാര്യമെല്ലാം ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ വിളയുടെയും ഉൽപ്പാദനക്ഷമത അടുത്ത വർഷം എത്രയാക്കി മാറ്റണമെന്ന് നിശ്ചയിച്ചുകഴിഞ്ഞു. അത് ക്രോഡീകരിച്ച് നടപ്പിലാക്കുന്നതിനുള്ള ചുമതല കാർഷിക സർവ്വകലാശാലയെ ഏൽപ്പിച്ചിട്ടുണ്ട്. തേങ്ങ, വാഴ, മാങ്ങ, ചക്ക, കൈതച്ചക്ക തുടങ്ങിയവയുടെ ഉൽപ്പാദന-വിസ്തൃതി-മൂല്യവർദ്ധനയും പച്ചക്കറി കൃഷിയുടെ വിസ്തൃതി

ഇരട്ടിയാക്കി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും ലക്ഷ്യമിടുന്നുണ്ട്. പുഷ്പകൃഷി, തേനീച്ച വളർത്തൽ മുതലായ സംരംഭങ്ങൾക്കും ആവശ്യമായ പ്രാധാന്യം ഇതിന്റെയെല്ലാം ഭാഗമായി നൽകുന്നുണ്ട്. കൂടുതൽ ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ രൂപീകരിച്ചതെല്ലാം എടുത്തുപറയേണ്ട കാര്യങ്ങളാണ്. നെൽകൃഷിയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിച്ചു. റോയൽറ്റി രണ്ടായിരം രൂപയിൽനിന്നും മൂവായിരം രൂപയാക്കി. ഇപ്പോൾ കേരളത്തിൽ നെല്ല് സംഭരിക്കുന്നത് 28.20 രൂപയ്ക്കാണ്. ഞാൻ കഴിഞ്ഞ വ്യാഴം, വെള്ളി ദിവസങ്ങളിൽ കൃഷി വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ പോയിരുന്നു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്രയും പണം കൊടുത്ത് നെല്ല് സംഭരിക്കുന്നില്ലെന്നുള്ളത് നാം മനസ്സിലാക്കണം. എന്നിട്ടും ഇടതുപക്ഷ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്ന് പറയുകയാണ്. നെല്ലിന്റെ വിലയിൽ വീണ്ടും ഒരു രൂപയുടെ വർദ്ധന വരികയാണ്. 2021-22-ൽ 8000 ഏക്കറിലാണ് തരിശുഭൂമിയിൽ നെൽകൃഷി ചെയ്തത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹെക്ടർ ഒന്നിന് 22,000 രൂപ സഹായം നൽകിയിരുന്നത് ഈ വർഷം 25,000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. ഈ സഹായങ്ങളൊക്കെ

എന്തുകൊണ്ടാണ് കാണാതെ പോകുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കൈപ്പാട്, പൊക്കാളി ഏരിയയിൽ ഹെക്ടറൊന്നിന് 32,000 രൂപയാണ് നൽകിയത്. ഇക്കൊല്ലം ഫാമുകൾവഴി 658 ടൺ നെൽവിത്താണ് ഉൽപ്പാദിപ്പിച്ചത്. 1250 ഏക്കറിൽ പ്രത്യേക നെൽവിത്തിനങ്ങളായ പൊക്കാളി, നവര, ഗന്ധകശാല, ജീരകശാല, രക്തശാലി, ബസുമതി എന്നിവയെല്ലാം കൃഷി ചെയ്യാൻ കഴിഞ്ഞു. 2015-16-ൽ പച്ചക്കറി ഉൽപ്പാദനം 6.18 ലക്ഷം മെട്രിക് ടണ്ണായിരുന്നുവെങ്കിൽ 2021-22-ൽ സുഭിക്ഷ കേരളം, ഞങ്ങളും കൃഷിയിലേയ്ക്ക് തുടങ്ങിയ പദ്ധതികളുടെ ഭാഗമായി 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും. കൃഷിയുടെ വിസ്തൃതിയും വർദ്ധിക്കുന്നുണ്ട്. നമ്മൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് അനിവാര്യമാണെന്ന് ഇവിടെ സൂചിപ്പിച്ചു. ഒരു കക്ഷിനേതാവുകൂടിയായ ബഹുമാനപ്പെട്ട പത്തനാപുരം എം.എൽ.എ.-യോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടുതന്നെ പറയട്ടെ, അദ്ദേഹം പറഞ്ഞ കാര്യങ്ങളോട് ഒട്ടും യോജിക്കാൻ കഴിയില്ല. അദ്ദേഹം സോഷ്യൽ ഓഡിറ്റിംഗിനെക്കുറിച്ച് പറഞ്ഞു. സോഷ്യൽ ഓഡിറ്റിംഗ് കൃഷി വകുപ്പിൽ ആരംഭിച്ചിരിക്കുന്നുവെന്ന വിവരംകൂടി സഭയെ

അറിയിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള തോടുകളിലെയും കനാലുകളിലെയും ബണ്ട് പൊട്ടിയോ മണ്ണടിഞ്ഞോ തോടുകളിലെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടോ ആണ് കൃഷിഭൂമിയിലേയ്ക്ക് വൻതോതിൽ വെള്ളം ഇരച്ചുകയറി കൃഷി നശിക്കുന്നത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി തോടുകളുടെ ബണ്ട് ബലപ്പെടുത്തുന്നതിനും അവിടെയുള്ള മണ്ണ് നീക്കം ചെയ്യുന്നതിനുംവേണ്ടി രണ്ട് വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, അക്കാര്യം പരിശോധിക്കാവുന്നതാണ്. നേരത്തെ ജലസേചന വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. നമ്മുടെ കൃഷിയിടങ്ങളുമായി ബന്ധപ്പെട്ട് ഈ രണ്ട് വകുപ്പുകളും യോജിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. എല്ലാ വകുപ്പുകളുമായി യോജിച്ച് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി നടപ്പിലാക്കിയപ്പോൾ ഉത്തരവാദപ്പെട്ട വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടായിരുന്നു. അങ്ങ് പറഞ്ഞതുപോലെ യോജിച്ച പ്രവർത്തനങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്. പ്രാദേശികമായി അത്തരം കാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന അഭിപ്രായം

തന്നെയാണ് വകുപ്പിനുമുള്ളത്. കൃഷിനാശവുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിനെപ്പറ്റിയും ലോട്ടറിയുടെയും കാര്യവും ശ്രീ. പി.എസ്. സുപാൽ എം.എൽ.എ. പറയുകയുണ്ടായി. അത്തരം കാര്യങ്ങളെപ്പറ്റി ധനകാര്യ വകുപ്പുമായി ആലോചിക്കുന്നതാണ്. ഹോർട്ടികൾച്ചർ മിഷന്റെ ഭരണപരമായ ചെലവുകൾക്ക് ഈ സാമ്പത്തിക വർഷം രണ്ട് കോടി രൂപയുടെ കുറവ് നേരിടുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നടക്കമുള്ള കൂടുതൽ പദ്ധതികൾ കണ്ടെത്തി അതിൽനിന്നും ഭരണപരമായ ചെലവുകൾ നിർവ്വഹിക്കാനാണ് ശ്രമിക്കുന്നത്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിൽ പ്രവർത്തിക്കുന്ന കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൃഷി വകുപ്പിൽനിന്നുതന്നെ ശമ്പളം കൊടുക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ട്. അവിടത്തെ മറ്റ് ബുദ്ധിമുട്ടുകളെല്ലാം പരിഹരിക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞാൻ എല്ലാ എം.എൽ.എ.-മാരുടെയും പേരെടുത്തുപറയുന്നില്ലെങ്കിലും സഭയിലുന്നയിച്ച വിഷയങ്ങൾക്ക് മറുപടി പറയേണ്ടത് അനിവാര്യമാണെന്നുള്ളതുകൊണ്ട് മാത്രം

പറയുകയാണ്. ഒരു വാഴയ്ക്ക് ലഭിക്കുന്ന നഷ്ടപരിഹാരം 100 രൂപയാണെന്ന് അദ്ദേഹം പറഞ്ഞത് തെറ്റാണ്. വിള ഇൻഷ്വറൻസിന്റെ ഭാഗമായി 3 രൂപ പ്രീമിയമായി അടയ്ക്കുമ്പോൾ ഒരു കുലച്ച വാഴയ്ക്ക് മുന്നൂറ് രൂപയ്ക്കുപുറമെ പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായുള്ള നൂറ് രൂപയുംകൂടി നഷ്ടപരിഹാരമായി ലഭിക്കും. പലപ്പോഴും തമാശയായിട്ടുപോലും പറയാറുള്ളത് കുല വിറ്റുകിട്ടുന്നതിനേക്കാൾ കൂടുതൽ കാശ് നഷ്ടപരിഹാരം ലഭിക്കുന്നുവെന്നാണ്. ഇക്കാര്യത്തിൽ വലിയ ശ്രദ്ധയാണ് വകുപ്പ് പുലർത്തുന്നത്. കൃഷിനാശം സംഭവിക്കുന്നവർക്ക് രണ്ട് പദ്ധതികളുടെ ഭാഗമായും നഷ്ടപരിഹാരം നൽകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ അറിയുന്നതിനായി ഒരു പുസ്തകം തയ്യാറാക്കുകയും എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അതിന്റെ കോപ്പി വിതരണം ചെയ്യുകയും ചെയ്തിരുന്നു. ആവശ്യമെങ്കിൽ ഒരു കോപ്പികൂടി എത്തിക്കുന്നതാണ്. മതിയായ ജലസേചന സൗകര്യമില്ലാത്തതിനെപ്പറ്റി ശ്രീ. കെ. പി. എ. മജീദും ശ്രീ. എം. വിൻസെന്റും സൂചിപ്പിക്കുകയുണ്ടായി. അത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ഹോർട്ടികോർപ്പ് കുഴപ്പങ്ങളുള്ള ഒരു സ്ഥാപനമാണെന്ന രീതിയിൽ ചില അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. ഉൽപ്പാദനം കൂടുമ്പോൾ അവ

ഹോർട്ടികോർപ്പിനെക്കൊണ്ട് എടുപ്പിച്ച് വില കുറച്ച് വിൽക്കേണ്ടിവരുന്നതു മൂലമുള്ള പ്രതിസന്ധികൾ നേരത്തെ ആ സ്ഥാപനത്തിനുണ്ടായിരുന്നു. ഹോർട്ടികോർപ്പ് എന്ന സ്ഥാപനം രൂപംകൊണ്ടതിനുശേഷം ആദ്യമായി സംസ്ഥാന ബഡ്ജറ്റിൽനിന്നും പതിനഞ്ച് കോടി രൂപ അനുവദിച്ച് സഹായിച്ചത് ഈ ഗവൺമെന്റാണെന്നകാര്യംകൂടി ഓർക്കണം. കർഷകർക്ക് പണം കൊടുക്കാനുള്ളതുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാമുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഹോർട്ടികോർപ്പ് വഴിയുള്ള കർഷകരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 21.25 കോടി രൂപ അനുവദിച്ചു. വ്യക്തിഗത കർഷകർക്ക് മാർച്ച് 31 വരെയുള്ള ബാദ്ധ്യതകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും സാധനങ്ങൾ കൊണ്ടുവരുന്നുണ്ടോയെന്ന് ചില അംഗങ്ങൾ ചോദിക്കുകയുണ്ടായി. അത് കേട്ടാൽ തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്നത് എന്തോ മോശപ്പെട്ട കാര്യമാണെന്ന് തോന്നും. തക്കാളിയുടെ വില വൻതോതിൽ വർദ്ധിച്ചപ്പോൾ വലിയ പ്രതിസന്ധിയാണ് നാം നേരിട്ടത്. കേരളത്തിൽ ചിറ്റൂർ പോലുള്ള സ്ഥലങ്ങളിൽ തക്കാളി കൃഷിയുണ്ടെങ്കിലും നമുക്കാവശ്യമായ തക്കാളി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. മാത്രമല്ല, നമുക്കാവശ്യമായ ഉരുളക്കിഴങ്ങും സവാളയും ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. അതിനാൽ ഇവയെല്ലാം

പുറത്തുനിന്നും കൊണ്ടുവരേണ്ടതുണ്ട്. എന്നാൽ പുറത്തുനിന്നും ഏജന്റുമാർ മുഖാന്തരം സാധനങ്ങളെത്തിക്കുന്ന രീതി അവസാനിപ്പിച്ച് തമിഴ്നാട്ടിലെ എഫ്.പി.ഒ. (Farmer Producer Organization)-കളുമായി ബന്ധപ്പെട്ട് ഇടനിലക്കാരെ ഒഴിവാക്കി നമ്മുടെ ഉദ്യോഗസ്ഥർതന്നെ നേരിട്ട് പോയി സാധനങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. പച്ചക്കറി വിപണിയിൽ വില പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായിട്ടാണ് അത്തരമൊരു നടപടി സ്വീകരിച്ചത്. ഹോർട്ടികോർപ്പിലേയ്ക്ക് പുറത്തുനിന്നും പച്ചക്കറി വാങ്ങുന്നത് ശരിയല്ലെന്ന നിലപാട് സ്വീകരിക്കാൻ കഴിയില്ല. അങ്ങനെയുണ്ടായാൽ അത് കേരളത്തിലെ ഉപഭോക്താക്കളെ വിലക്കയറ്റത്തിന്റെ പിടിയിലേയ്ക്ക് തള്ളിവിടുന്നതിന് കാരണമാകും. ഏതെങ്കിലും ഉദ്യോഗസ്ഥർ ഹോർട്ടികോർപ്പിൽ അഴിമതി നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയും കാണിക്കില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പതിനാല് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ മലബാർ മേഖലയിൽ നിന്നുള്ള അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ പ്രശ്നങ്ങളുണ്ടായിരുന്നു. ശ്രീ. കുറുക്കോളി മൊയ്തീൻ വികാരഭരിതനായി

അക്കാര്യങ്ങൾ അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ എപ്പോഴെങ്കിലും കേന്ദ്ര സർക്കാരിനെതിരെ വിമർശിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. കേന്ദ്ര സർക്കാരിനെതിരായി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി സംസാരിച്ചപ്പോൾപോലും അദ്ദേഹത്തിന് വലിയ അരിശമായിരുന്നു, അതുകേട്ടപ്പോൾ എനിക്ക് അത്ഭുതമാണുണ്ടായത്. 'ഫാസിസവും സംഘ്പരിവാറും' എന്ന പുസ്തകം ഡോ. എം. കെ. മുനീർ സാഹിബാണ് എഴുതിയത്. ആ പുസ്തകം വായിച്ചിട്ട് അങ്ങ് രാഷ്ട്രീയപരമായ നിലപാട് സ്വീകരിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ, മോദിക്കെതിരായി അഭിപ്രായം പറഞ്ഞപ്പോൾ എന്തുകൊണ്ടാണ് ശ്രീ. കുറുക്കോളി മൊയ്തീന് വല്ലാത്ത ബുദ്ധിമുട്ടുണ്ടായത്? കേരളത്തിലെ നാളികേര സംഭരണത്തിൽ കുഴപ്പങ്ങളെല്ലാം കാണിച്ചതാരാണ്? നാഫെഡ് നാളികേര സംഭരണത്തിലെ പ്രധാനപ്പെട്ട ചുമതലക്കാരാണ്. കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും അതിനുള്ള ഏജൻസികളായി നിശ്ചയിക്കുകയും അതിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളെ നാളികേര സംഭരണത്തിനായി ഏർപ്പാട് ചെയ്യുകയുമുണ്ടായി. ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് സംഘങ്ങളെ ചുമതലപ്പെടുത്തുകയും സഹകരണ സ്ഥാപനങ്ങളുടെ കണക്കെടുക്കുകയും ചെയ്തു. സഹകരണ വകുപ്പ്

ഇന്നയിന്ന സംഘങ്ങൾവഴി നാളികേരം സംഭരിക്കാമെന്ന ലിസ്റ്റ് തയ്യാറാക്കി പരിശീലനവും കഴിഞ്ഞ് സംഭരണത്തിന് തീരുമാനമായപ്പോഴാണ് വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന സംഘമാണെങ്കിൽ ഒരുകാരണവശാലും നാളികേര സംഭരണം നടത്താൻ പറ്റില്ലെന്ന കേന്ദ്രസർക്കാരിന്റെ തീരുമാനം ഇടിത്തീപോലെ വന്നത്. ശ്രീ. കുറുക്കോളി മൊയ്തീന് ഒരു പ്രതിഷേധമെങ്കിലും പ്രകടിപ്പിക്കാമായിരുന്നില്ലേ? നാഫെഡ് കേരളത്തോട് ഇത്തരമൊരു നിഷേധാത്മക നിലപാട് സ്വീകരിച്ച സന്ദർഭത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ളവരുമായി ആലോചിച്ചു. നാളികേരത്തിന്റെ വില 32 രൂപയായി നിശ്ചയിച്ചതിനുശേഷം അതിൽ കുറഞ്ഞാലും 32 രൂപ നൽകി സംഭരിക്കണമെന്ന് തീരുമാനിച്ചു. 28 രൂപയ്ക്കുതാഴെ പോയാൽ കേന്ദ്ര സർക്കാർ ആ തുക നമുക്ക് നൽകണം. നെല്ലിന്റെ വില പോലെയല്ല. എന്നാൽ കേന്ദ്ര സർക്കാർ പണം നൽകാത്ത സാഹചര്യം വന്നപ്പോൾ ഒരു പൈസപോലും കേന്ദ്ര സഹായമില്ലാതെ നാളികേരം സംഭരിക്കുന്നതിനുള്ള മുഴുവൻ പണവും സംസ്ഥാന സർക്കാർ നൽകി. അങ്ങനെയാണ് ഇപ്പോൾ നാളികേര സംഭരണം നടത്തുന്നത്. മാർക്കറ്റ്ഫെഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളെല്ലാം ആദ്യം രജിസ്റ്റർ ചെയ്തത് കേരഫെഡിലായിരുന്നു.

കേരഫെഡിന് നാളികേരമെടുക്കാൻ കഴിയില്ലെന്ന നിരോധനം വന്നപ്പോൾ ഈ സംഘങ്ങളെല്ലാം തിരികെ മാർക്കറ്റ്ഫെഡിലേയ്ക്ക് വരണമെങ്കിൽ ഓരോ സംഘവും പൊതുയോഗം കൂടി തീരുമാനമെടുത്ത് പാസ്സാക്കണമെന്ന നിബന്ധന വന്നു. ഇത്തരം പ്രതിസന്ധിയിലും 43 കേന്ദ്രങ്ങളിലൂടെ നാളികേരം സംഭരിച്ചു. ബുദ്ധിമുട്ടുകൾ നേരിടുന്ന സ്ഥലത്തെല്ലാം വാഹനമിറക്കിയാണെങ്കിലും നാളികേരം സംഭരിക്കാനാണ് തീരുമാനിച്ചത്. ഇനിയും ബുദ്ധിമുട്ടുള്ള സ്ഥലങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചാൽ അവിടെനിന്നെല്ലാം നാളികേരം സംഭരിച്ച് കർഷകരെ സഹായിക്കാനുള്ള ഏർപ്പാടുണ്ടാക്കും. കേരഫെഡിൽ പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് 61 ആർബിട്രേഷൻ കേസ്സുകളുണ്ട്. അങ്ങനെ കേസ്സുകളുണ്ടായതുകൊണ്ട് സംഭരണത്തിന് ഒരുപാട് നിബന്ധനകൾ ഞങ്ങൾ വച്ചിട്ടുണ്ട്. ശേഖരിക്കുന്ന നാളികേരത്തിന്റെ എണ്ണത്തിന്റെ കാര്യവും പറഞ്ഞു. ചിറ്റൂർ, കോഴിക്കോട്, പാലക്കാട് മേഖലകളിലും പഴയ കണക്കനുസരിച്ച് ഒരു തെങ്ങിൽനിന്നും ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം 36 ആയിരുന്നു. അതിപ്പോൾ 50 നാളികേരംവരെ ശേഖരിക്കാൻ തുടങ്ങി. നൂറും നൂറ്റിയമ്പതും ഇരുന്നൂറും നാളികേരം ലഭിക്കുന്ന തെങ്ങുകളുള്ള സംഘങ്ങളുണ്ട്. എല്ലാ മേഖലകളിൽനിന്നും ഒരുപോലെയല്ല നാളികേരം

ശേഖരിക്കുന്നത്. എല്ലായിടത്തും ഒരുപോലെയാക്കിയാൽ പുറത്തുനിന്നും നാളികേരം വില കുറവുള്ള സ്ഥലങ്ങളിൽ എത്തിക്കാനുള്ള സാഹചര്യമുണ്ടാകുമെന്നതുകൊണ്ട് പഴുതുകളടച്ച്, മുൻകാലങ്ങളിൽ നാളികേര സംഭരണത്തിന്റെ ഭാഗമായുണ്ടായ കേസ്സുകളുടെയും അനുഭവങ്ങളുടെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ചില നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കർഷകൻ കൊണ്ടുവരുന്ന നാളികേരം 50-ൽനിന്നും 51 ആയാലും സംഭരിക്കണമെന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. എവിടെയെങ്കിലും ഇക്കാര്യത്തിൽ പോരായ്മകളുണ്ടെങ്കിൽ തിരുത്തുന്നതിന് തയ്യാറാണ്. കാരണം കൃഷിക്കാരന് ഈ സഹായം എത്തണമെന്ന നയം തന്നെയാണ് സർക്കാരിനുള്ളത്. അതുകൊണ്ട് ഒരുതരത്തിലും അതിലൊരു വിട്ടുവീഴ്ചയുണ്ടാകില്ല. കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നം വളരെ വലുതാണ്. പരമ്പരാഗതമായ കാലാവസ്ഥാ കലണ്ടറിന് മാറ്റമുണ്ടായി. കർഷകർക്ക് പരമാവധി സഹായകമാകുന്ന വിധത്തിലുള്ളൊരു സ്മാർട്ട് വിള ഇൻഷ്വറൻസിലേയ്ക്ക് കേരളം നടന്നടുക്കുകയാണ്. പട്ടയഭൂമിയിലെ കൃഷി ഇപ്പോൾത്തന്നെ ഇൻഷ്വർ ചെയ്യാൻ കഴിയുന്നുണ്ട്. അതിനായി സ്ഥലമുടമ നൽകുന്ന സമ്മതപത്രം മാത്രമാണ് വേണ്ടത്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിക്കായി പ്രത്യേക ജീവനക്കാരും പണവുമൊന്നുമില്ല. കൃഷി

ഭവനകളുടെ കുറവുമൂലം ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമൊക്കെയുണ്ട്. കൊച്ചി കോർപ്പറേഷൻ അതിനൊരു ഉദാഹരണമാണ്. വിശാലമായ കൊച്ചിയിൽ ഒരു കൃഷി ഭവനും വളരെ കുറച്ച് ഉദ്യോഗസ്ഥരും മാത്രമേയുള്ളൂ. മിക്കവാറും എല്ലാ കൃഷി ഭവനകളിലും മൂന്നും നാലും ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ കാര്യങ്ങളൊക്കെ ആലോചിക്കും. വൈപ്പിനിലെ കാര്യം സംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അവിടെ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. നെഗറ്റീവായ സമീപനത്തോടുകൂടി ഇങ്ങനെയുള്ള കാര്യങ്ങളെ കാണരുതെന്നാണ് എനിക്ക് വിനയപൂർവ്വം പറയാനുള്ളത്. ഈ സഭയിലെ 99 ശതമാനം പേരും പോസിറ്റീവായിത്തന്നെയാണ് കൃഷി വകുപ്പിന്റെ നടപടികളെ കണക്കാക്കുന്നത്. കരിമ്പ് കൃഷിയില്ലാത്ത പന്തളത്ത് എന്തിനാണ് കരിമ്പ് കൃഷിക്കുവേണ്ടി ഒരു ഡെപ്യൂട്ടി ഡയറക്ടറെ നിയമിച്ചിരിക്കുന്നതെന്ന് ചോദിച്ചു. എന്റെ നാട് അവിടെയാണ്. ബഹുമാനപ്പെട്ട ചെയറിന്റെ മണ്ഡലംകൂടിയാണത്. അങ്ങേയ്ക്കറിയാമല്ലോ, സമൃദ്ധമായി വിളഞ്ഞുനിൽക്കുന്ന കരിമ്പ് പാടമാണ് പന്തളത്തെ സ്റ്റേറ്റ് സീഡ് ഫാം. അവിടെ കരിമ്പ് കൃഷി ചെയ്ത് ശർക്കരയാക്കി 'പന്തളം ശർക്കര' എന്ന പേരിൽ

വിപണിയിലെത്തിക്കുന്നുണ്ട്. കേരളത്തിലെ പ്രമുഖ ആയുർവ്വേദ സ്ഥാപനങ്ങൾ അതിന് ആവശ്യക്കാരായുണ്ട്. അവർക്ക് ആവശ്യത്തിന് ശർക്കര കൊടുക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത. എന്തുകൊണ്ടാണ് ഓരോരുത്തർ ഇങ്ങനെയൊക്കെ പറയുന്നതെന്ന് എനിക്കറിയില്ല. 'കൃഷി വകുപ്പ് വിരുദ്ധ ബാധ കയറിയതുപോലെ' വരുന്നത് ശരിയായ കാര്യമല്ല എന്നുമാത്രമേ എനിക്ക് വിനയപൂർവ്വം പറയാനുള്ളൂ. നെൽകൃഷിയില്ലാത്തിടത്ത് എന്തിനാണ് കൃഷി ഓഫീസെന്ന് ചോദിച്ചു. വയലിന്റെ നടുവിലായി ഓഫീസ് സ്ഥാപിക്കാൻ പറ്റുമോ; സൗകര്യമുള്ളിടത്തല്ലേ സ്ഥാപിക്കാൻ കഴിയൂ? പോസിറ്റീവായും നമ്മുടെ നാട്ടിലെ ജനങ്ങളുടെ ജീവിതത്തിന്റെയും ആരോഗ്യത്തിന്റെയും പ്രശ്നമായും ഇതിനെ കാണണം. കൃഷിയിലേയ്ക്കിറങ്ങുന്ന ഒരാൾക്ക് നഷ്ടം വരുന്ന സ്ഥിതിയുണ്ടാകരുത്. നമ്മളെല്ലാവരും യോജിച്ച് കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ ശ്രമിച്ചാൽ നമ്മുടെ കുഞ്ഞുങ്ങൾക്കെങ്കിലും മാരകമായ രോഗങ്ങളുണ്ടാകാതിരിക്കും. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി എം.എൽ.എ.-മാർ അവരവരുടെ മണ്ഡലങ്ങളിൽ പ്രത്യേകമായിട്ടോ അല്ലാതെയോ മറ്റ് ജനപ്രതിനിധികളെയെല്ലാം വിളിച്ചുകൂട്ടി അത്തരമൊരു പരിപാടി സംഘടിപ്പിക്കണം. ഞങ്ങൾ

പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം വിളിച്ചിരുന്നു, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററാണ് ആ പരിപാടി ഉദ്ഘാടനം ചെയ്തത്. ഈ കോവിഡ് കാലത്ത് ആദ്യമായിട്ടാണ് പഞ്ചായത്ത് അങ്ങനെയൊരു മീറ്റിംഗ് കൂടുന്നത്. എല്ലാ പാർട്ടികളുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുണ്ടായിരുന്നു. ഒരു കക്ഷിവ്യത്യാസത്തിന്റെയും പ്രശ്നം അവിടെയുണ്ടായില്ല. വളരെ സൗഹൃദപരമായും ആത്മാർത്ഥതയോടെയും സന്തോഷത്തോടെയും ആവേശത്തോടെയുമാണ് അവർ ആ പരിപാടി ഏറ്റെടുത്തത്. പ്രശ്നങ്ങളെയെല്ലാം അഭിമുഖീകരിച്ചുകൊണ്ടുതന്നെ നമുക്ക് മുന്നോട്ടുപോകാൻ കഴിയും. അതിന് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജലവിതരണവും ശുചീകരണവും

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ എ. പി. അനിൽ കുമാർ, ടി. വി. ഇബ്രാഹിം, മഞ്ഞളാംകുഴി അലി, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, യു.എ. ലത്തീഫ്, സി. ആർ. മഹേഷ്, പി. കെ. ബഷീർ, എം. വിൻസെന്റ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, സജീവ് ജോസഫ്, എ. കെ. എം. അഷ്റഫ്, സനീഷ്കുമാർ ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, പി.

ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, അന്വർ സാദത്ത് ജേക്കബ്, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു</u> (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XXIX- കൃഷി</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സർവ്വശ്രീ സി. ആർ. മഹേഷ്, പി. ഉബൈദുള്ള, സജീവ് ജോസഫ്, സണ്ണി ജോസഫ്, കുറുക്കോളി മൊയ്തീൻ, എ. പി. അനിൽ കുമാർ, സനീഷ്കുമാർ ജോസഫ്, എ. കെ. എം. അഷ്റഫ്, മഞ്ഞളാംകുഴി അലി, പി. അബ്ദുൽ ഹമീദ്, പി. കെ. ബഷീർ, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, കെ. പി. എ. മജീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അനൂപ് ജേക്കബ്, അൻവർ സാദത്ത്, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ ടി. വി. ഇബ്രാഹിം, പി. അബ്ദുൽ ഹമീദ്, എ. പി. അനിൽ കുമാർ, സജീവ് ജോസഫ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, യു.എ. ലത്തീഫ്, നജീബ് കാന്തപുരം, എം. വിൻസെന്റ്, എ. കെ. എം. അഷ്റഫ്, പി. ഉബൈദുള്ള, കെ. പി. എ. മജീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ്, കുറുക്കോളി മൊയ്തീൻ, സണ്ണി ജോസഫ്, അൻവർ സാദത്ത്, എൽദോസ് പി. കുന്നപ്പിള്ളിൽ, സനീഷ്കുമാർ ജോസഫ്, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**അപരാഹ്ന സമ്മേളനം**

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXVII | സഹകരണം | 149,43,74,000 | 34,69,30,000 | 298,87,47,000 | 69,38,60,000 | 368,26,07,000 |
| XXXIV | വനം | 1242,85,20,000 | 29,33,34,000 | 485,70,39,000 | 58,66,68,000 | 544,37,07,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXVII- സഹകരണം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സഹകരണം എന്ന XXVII-ാം നമ്പർ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംരംഭകത്വ പ്രോത്സാഹനത്തിനായി സഹകരണ മേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000

രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ആധുനികവത്കരണവും പ്രൊഫഷണലിസവും നടപ്പാക്കി മികച്ച സേവനത്തിന് പര്യാപ്തമാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണമേഖലയെ ദോഷകരമായി ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിലെ ഭേദഗതികൾ സംബന്ധിച്ച് കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തി പരിഹാരം കാണേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡും പ്രകൃതിക്ഷോഭവുംമൂലം വൻതോതിൽ വിളനാശമുണ്ടായ സാഹചര്യത്തിൽ കാർഷിക സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള കാർഷിക വായ്പകൾ എഴുതി

തള്ളുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത ലോണുകൾ തിരിച്ചടയ്ക്കുന്നതിന് കൂടുതൽ സാവകാശം അനുവദിക്കുവാൻ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള ബാങ്ക് രൂപീകരണത്തെ തുടർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും വായ്പാ സംഘങ്ങളുടെയും പ്രവർത്തനത്തിൽ പ്രതിസന്ധി ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിക്ഷേപങ്ങളുടെ പലിശയ്ക്ക് ആദായനികുതി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളബാങ്ക് സഹകരണ ബാങ്കുകൾക്ക് നോട്ടീസ് അയച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിനുശേഷവും സഹകരണ മേഖലയിൽ സമാനമായ ക്രമക്കേടുകൾ നടക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമൂഹ്യ ക്ഷേമ പെൻഷനും കെ.എസ്.ആർ.ടി.സി. പെൻഷനും വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഫണ്ട് മാനേജ്മെന്റ് ദുർവിനിയോഗവും സാമ്പത്തിക അച്ചടക്കമില്ലായ്മയും കാരണം സഹകരണ സംഘങ്ങളിൽ ഉണ്ടാകുന്ന ക്രമക്കേടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള ബാങ്കിൽനിന്നും എടുത്ത ലോൺ പൂർണ്ണമായി തിരിച്ചടച്ച വ്യക്തിയെ ബാങ്കിന്റെ പരാതിയിൽ അറസ്റ്റ് ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ മേഖലയിലെ ജനാധിപത്യപരമായ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ സർക്കാർ ഇടപെടൽ നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ സംഘങ്ങളിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ടുകൊണ്ട് അഡ്മിനിസ്ട്രേറ്റർമാരെ ഉപയോഗിച്ച് ഭരണം പിടിച്ചെടുക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ മേഖലയിലെ രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെയർ ഹോം പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ചകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് കൂടുതൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പാകുടിശ്ശിക ഒടുക്കുന്നതിന് സാവകാശം നല്കാത്തതുമൂലം ആത്മഹത്യ പോലുള്ള സംഭവങ്ങൾ ഉണ്ടാകുന്നത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകളിലെ സ്വർണ്ണപ്പണയ തട്ടിപ്പ് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള ബാങ്കിൽ ലയിക്കാതെ മാറി നിൽക്കുന്ന എന്നതിന്റെ പേരിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് നബാർഡിന്റെയും മറ്റും ആനുകൂല്യങ്ങൾ കാർഷിക മേഖലയിൽ നൽകാതിരിക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കണ്ടല സഹകരണ ബാങ്കിൽ നടന്നതായി പറയപ്പെടുന്ന തട്ടിപ്പ് സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷിക വിപണനമേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്ക് വായ്പ നൽകണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,26,07,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV- വനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനനശീകരണം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സംബന്ധിച്ചും വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥയെ തകർക്കുന്ന ഇടപെടലുകൾ ഒഴിവാക്കേണ്ടത് സംബന്ധിച്ചും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ കമ്മ്യൂണിറ്റി റിസർവ്വ് പ്രദേശങ്ങൾ അളന്ന് തിട്ടപ്പെടുത്താത്തതിനാൽ കണ്ടൽ ചെടികൾ വ്യാപിച്ച കിടക്കുന്ന ജനവാസമേഖലയിലെ ഭൂമിക്ക് പട്ടയം ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനസംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനം കയ്യേറ്റ കേസുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുട്ടിൽ മരംമുറി കേസ്സിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സാമൂഹ്യവനവൽക്കരണത്തിന്റെ പേരിൽ നടക്കുന്ന ക്രമക്കേടുകൾ അന്വേഷിച്ച് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഉൾവനങ്ങളിൽ നടക്കുന്ന കഞ്ചാവ് കൃഷി ഉൾപ്പെടെയുള്ള അനധികൃത പ്രവർത്തനങ്ങൾ തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജണ്ടകെട്ടി വനാതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഡിജിറ്റൽ സർവ്വേവഴി വനാതിർത്തി നിർണ്ണയിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന സുപ്രീംകോടതി വിധി മലയോര കർഷകരെ ഭീതിയിലാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണായി

പ്രഖ്യാപിക്കണമെന്ന സുപ്രീംകോടതി വിധിയെത്തുടർന്ന് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ബഫർ സോൺ വിധി മലയോര ജനവാസമേഖലയെ ബാധിക്കാതിരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അയൽ സംസ്ഥാനങ്ങളിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ബഫർ സോണിൽ വരുന്ന കേരളത്തിലെ ജനവാസ മേഖലകളെ അതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരളത്തിലെ ജനവാസ മേഖലകൾ പൂർണ്ണമായും വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ബഫർ സോൺ പരിധിയിൽ നിന്ന് ഒഴിവാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ബഫർ സോണിൽ നിന്ന് ജനവാസ മേഖലകൾ ഒഴിവാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇതര സംസ്ഥാനങ്ങളിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ബഫർ സോൺ പരിധിയിൽ വരുന്നത് ഉൾപ്പെടെ കേരളത്തിലെ ജനവാസമേഖലകളെ എക്കോ

സെൻസിറ്റീവ് സോണിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പരിസ്ഥിതിലോല മേഖല സംബന്ധിച്ച സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യജീവികൾ ജനവാസമേഖലകളിലിറങ്ങി ജീവനും സ്വത്തിനും നാശനഷ്ടമുണ്ടാക്കുന്ന സംഭവങ്ങൾ തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാട്ടാനകൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നതും കാട്ടാന ആക്രമണത്തിൽ ആളുകൾ കൊല്ലപ്പെടുന്നതും തടയുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജനവാസമേഖലകളെ ദോഷകരമായി ബാധിക്കാതെ മംഗളവനം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 544,37,07,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. എം. വിൻസെന്റ്

2. ശ്രീ. ഷാഫി പറമ്പിൽ

3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

4. ശ്രീമതി കെ. കെ. രമ

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ.ഡി. പ്രസേനൻ]**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്ത് ജനങ്ങൾ ശക്തരാകുന്നത് അർത്ഥവത്തായ ജനാധിപത്യത്തിലൂടെയാണ്. സഹകരണ പ്രസ്ഥാനം ഉയർന്നുനിൽക്കുന്നതും ജനാധിപത്യ മൂല്യങ്ങളിലാണ്. ജനങ്ങളെ കേന്ദ്ര സ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന പരസ്പരപൂരകങ്ങളായ രണ്ട് വ്യവസ്ഥിതികളെ സർക്കാരിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളിലേയ്ക്ക് സമന്വയിപ്പിച്ചതുമൂലം രൂപപ്പെട്ട സിനർജിയിലൂടെ നേട്ടങ്ങളുടെയും നവാനുഭവങ്ങളുടെയും അഭിമാനകരമായ 6 വർഷങ്ങളാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം നമ്മുടെ നാടിന് സമ്മാനിച്ചത്. സംസ്ഥാനത്തിന്റെ സുസ്ഥിര വികസന സങ്കൽപ്പങ്ങൾ സാക്ഷാത്കരിക്കുകയെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത ലക്ഷ്യത്തിനനുരോധമായി ബോധപൂർവ്വമായ ഇടപെടലുകളാണ് ഒന്നാം പിണറായി വിജയൻ ഗവൺമെന്റും ഇപ്പോൾ രണ്ടാം പിണറായി

വിജയൻ ഗവൺമെന്റും സഹകരണ മേഖലയിൽ നടത്തിയിട്ടുള്ളത്. നമ്മുടെ നാടിന്റെ സമസ്ത മേഖലകളിലും നിറഞ്ഞുനിൽക്കുന്ന ഏറ്റവും കരുത്തുറ്റ ജനകീയ പ്രസ്ഥാനമാണ് സഹകരണ മേഖല. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയും വികാസവും സാധാരണ ജനങ്ങളുടെ ജീവിതത്തിലാണ് കൂടുതൽ വെളിച്ചം പരത്തുന്നതെന്ന് ഈ മേഖലയിലെ കഴിഞ്ഞ ആറ് വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നവർക്ക് മനസ്സിലാകും. ഇക്കഴിഞ്ഞ കാലയളവിലെ ഏറ്റവും ശ്രമകരമായ ദൗത്യം കേരള ബാങ്കിന്റെ രൂപീകരണമായിരുന്നു. 2019 നവംബർ മാസം 29-ാം തീയതിയാണ് 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചത്. ആദ്യസാമ്പത്തിക വർഷത്തിൽ നാലുമാസവും ഇപ്പോൾ രണ്ട് പൂർണ്ണ സാമ്പത്തിക വർഷങ്ങളും ബാങ്ക് പൂർത്തീകരിച്ചു. ബാങ്കിന്റെ നിലവിലെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടതാണ്. 31-03-2020-ൽ 61,037 കോടി രൂപ നിക്ഷേപമുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ 69,907 കോടി രൂപയായി വളരുകയും വായ്പകൾ 40,156 കോടി രൂപയായിരുന്നത് 40,950 കോടി രൂപയായി മാറുകയും ചെയ്തിട്ടുണ്ട്. 2020-ൽ മൊത്തം ബിസിനസ്സ് 1,01,194 കോടി രൂപയായിരുന്നത് ഇപ്പോൾ 1,10,857 കോടി രൂപയെന്ന

നിലയിലേയ്ക്ക് മാറിയിട്ടുണ്ട്. 2022 സാമ്പത്തിക വർഷത്തിൽ പ്രവർത്തനലാഭം 77 കോടി രൂപയാണ്. നിഷ്ക്രിയ ആസ്തി 15.26 ശതമാനമായിരുന്നത് 13.30 ശതമാനമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ക്രമാനുഗതമായ വളർച്ചയാണ് ബാങ്കിന്റെ നിക്ഷേപത്തിലും വായ്പയിലും മൊത്തം ബിസിനസ്സിലും ഉണ്ടായിട്ടുള്ളത്. ബാങ്ക് ശക്തമായ മൂലധന അടിത്തറയിലെത്തുകയും രൂപീകരണശേഷമുള്ള മൂന്ന് സാമ്പത്തിക വർഷങ്ങളിലും പ്രവർത്തനലാഭം നേടുകയുമുണ്ടായി. കേരളത്തിലെ ജനകീയ ബാങ്കിംഗ് മേഖല തകരാതെ മുന്നോട്ടുപോകാൻ അവസരമൊരുക്കി എന്നതാണ് കേരള ബാങ്ക് രൂപീകരണംകൊണ്ടുള്ള നേട്ടം. കേരള ബാങ്ക് വന്നില്ലായിരുന്നുവെങ്കിൽ ഇപ്പോൾ അഞ്ചോ ആറോ ജില്ലാ ബാങ്കുകൾ റിസർവ് ബാങ്കിന്റെ ലൈസൻസ് നഷ്ടപ്പെട്ട് തകർച്ചയെ നേരിടുമായിരുന്നു. ബാങ്കിന്റെ പ്രധാന കടമെടുപ്പ് നബാർഡിൽ നിന്നുള്ള കാർഷിക പുനർവായ്പയാണ്. ഈ ഇനത്തിൽ 2022 മാർച്ച് 31-ലെ കണക്കുപ്രകാരം 9,000 കോടി രൂപയുണ്ട്. കേരള ബാങ്ക് രൂപീകരണത്തിനുമുമ്പ് കേരളത്തിന് ഈ ഇനത്തിൽ ലഭിക്കുമായിരുന്ന സംഖ്യ കേവലം 3,000 കോടി രൂപയിൽ താഴെയായിരുന്നു. കേരളത്തിലെ കർഷകരിലേയ്ക്ക് ഇത്രയും പണം ചുരുങ്ങിയ പലിശയ്ക്ക് കൂടുതലായി എത്തിച്ചേർന്നു. ഇതെല്ലാം

പ്രതിപക്ഷം കണ്ണുതുറന്ന് കാണണം. കേരള ബാങ്കിലൂടെ മലപ്പുറം ജില്ലയ്ക്ക് ലഭിക്കുമായിരുന്ന കർഷകർക്കുള്ള സബ്സിഡി വായ്പയുൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയാണ്. PACS-കളെ (Primary Agricultural Credit Societies) മൾട്ടി സർവ്വീസ് സെന്ററുകളാക്കുന്നതിന് നബാർഡിലൂടെ നടപ്പാക്കുന്ന PACS-MSC Scheme-ഉം മലപ്പുറം ജില്ലയിലെ PACS-കൾക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. രാഷ്ട്രീയ തിമിരത്താൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽനിന്നും അകറ്റിനിർത്തിയ കോൺഗ്രസും ലീഗും നിങ്ങൾക്ക് പറ്റിയ തെറ്റ് മലപ്പുറത്തെ ജനതയോടും സഹകാരികളോടും കർഷകരോടും ഏറ്റുപറഞ്ഞ് എത്രയുംവേഗം മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കുമായി ലയിപ്പിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കോവിഡ് മഹാമാരി ഉയർത്തിയ പ്രതിസന്ധികളിലേയ്ക്കാണ് മിഴി തുറന്നതെങ്കിലും നാട് നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ക്രിയാത്മകമായ പങ്കുവഹിക്കാൻ കേരള ബാങ്കിന് കഴിഞ്ഞു. തൊഴിലും ഉപജീവനമാർഗ്ഗവും നഷ്ടപ്പെട്ടവർക്ക് വായ്പാബന്ധിതമായ തൊഴിൽ പദ്ധതികൾ ആരംഭിക്കുകയും പുതിയ നിക്ഷേപ വായ്പാ പദ്ധതികൾ അവതരിപ്പിക്കുകയും അത് ജനങ്ങളിലെത്തിക്കുന്നതിൽ ഒരുപരിധിവരെ വിജയിക്കുകയും ചെയ്തു. ഇനി

കേരള ബാങ്ക് കുതിക്കാൻ പോകുകയാണ്. അഞ്ച് കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറിൽ പ്രവർത്തിച്ചിരുന്ന 14 ബാങ്കുകളെ ഏകീകൃത സോഫ്റ്റ്‌വെയറിലേയ്ക്ക് മാറ്റുന്ന നടപടികളുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. ഇക്കഴിഞ്ഞ ജൂലൈ 11-ാം തീയതി മുൻ സംസ്ഥാന സഹകരണ ബാങ്കിലെയും മുൻ കോട്ടയം ജില്ലാ സഹകരണ ബാങ്കിലെയും കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയർ ഏകീകരിച്ച് പുതിയ പ്ലാറ്റ്ഫോമിൽ പ്രവർത്തനമാരംഭിച്ചു. ഇനിയുള്ള ഓരോ മാസങ്ങളിലും മൂന്നുനാല് ജില്ലകൾകൂടി ഇതിനോടൊപ്പം കൂട്ടിച്ചേർക്കപ്പെടും. ആധുനിക ബാങ്കിംഗ് സേവനങ്ങൾക്കായുള്ള Omni-Channel പ്രവർത്തനക്ഷമമാക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്. വരുന്ന ഡിസംബറിനകം ഈ നടപടികൾ പൂർത്തീകരിച്ച് പിണറായി ഗവൺമെന്റ് വിഭാവനം ചെയ്ത പുതിയ തലങ്ങളിലേയ്ക്ക് കേരള ബാങ്ക് എത്തിച്ചേരും. അതിനുമുമ്പ് 2022 നവംബറിൽ, International Co-operative Alliance പ്രസിദ്ധീകരിക്കുന്ന World Co-operative Monitor-ൽ കേരള ബാങ്കും അതിലൂടെ കേരളത്തിലെ സഹകരണ പ്രസ്ഥാനവും ഇടംപിടിക്കുമെന്നുള്ള ഒരു സന്തോഷ വാർത്തകൂടിയുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ ആഗോളതലത്തിൽ കേരള ബാങ്ക് പത്തിൽ ഒരു

സ്ഥാപനമാകുമെന്നുള്ള വിശ്വാസയോഗ്യമായ വിവരങ്ങളാണ് ലഭിക്കുന്നത്; അതോടൊപ്പം ഏഷ്യയിലെ ഒന്നാമത്തെ ബാങ്കും നമ്മുടേതാകും. കേരള ബാങ്ക് എന്ന ഉദ്യമത്തിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ഇടതുപക്ഷ സർക്കാരിനും കേരള ജനതയ്ക്കും ഇതിൽ അഭിമാനിക്കാം. 2018-ൽ കണ്ണൂരിൽ നടന്ന സഹകരണ കോൺഗ്രസ്സിലാണ് കേരളം ആദ്യമായി ഒരു സഹകരണ നയം അവതരിപ്പിക്കുന്നത്. തുടർന്ന് ചർച്ചകൾക്കുശേഷം സർക്കാർ അത് ഔദ്യോഗിക നയമായി അംഗീകരിച്ച് പ്രഖ്യാപിച്ചു. സുസ്ഥിര വികസന സങ്കല്പങ്ങളിലൂന്നിയാണ് സഹകരണനയം കൊണ്ടുവന്നത്. സൂക്ഷ്മമായി പരിശോധിച്ചാൽ സഹകരണ പ്രസ്ഥാനങ്ങളുടെ മൂല്യങ്ങളെയും തത്വങ്ങളെയും ആഗോള കാഴ്ചപ്പാടുകളെയും സ്വാംശീകരിച്ച് പ്രവർത്തിക്കുന്ന സഹകരണ മാതൃകയാണ് കേരളത്തിലേതെന്ന് കാണാൻ കഴിയും. 2016-ൽ അധികാരമേറ്റ ഒന്നാം പിണറായി വിജയൻ സർക്കാർ കേരള പുനർനിർമ്മാണത്തിനും നവകേരള സൃഷ്ടിക്കുമായി ഈ പ്രസ്ഥാനത്തെ ഒന്നാകെ കർമ്മനിരതമാക്കി. അതിന്റെ തുടർച്ചയായാണ് ഇപ്പോഴിത് നടപ്പാക്കുന്നത്. സഹകരണ പ്രസ്ഥാനത്തിന് കരുത്തും വ്യാപ്തിയും ഇടപെടൽശേഷിയും ഇടതുപക്ഷം വിഭാവന ചെയ്യുന്ന അർത്ഥതലങ്ങളിൽ

സുസ്ഥിര-വികസിത നവകേരളത്തിനായി അടുത്ത 25 വർഷക്കാലവും പ്രയോജനപ്പെടുത്താനുള്ള പ്രവർത്തന പദ്ധതികൾക്കാണിപ്പോൾ രൂപം നൽകിവരുന്നത്. 2030-ഓടെ ലോകം ആർജ്ജിക്കണമെന്ന് ആഗ്രഹിക്കുന്ന 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുണ്ട്. സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം, വിശപ്പുരഹിത സമൂഹം, ആരോഗ്യമുള്ള ജനത, എല്ലാവർക്കും മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ, ലിംഗസമത്വം, ശുദ്ധമായ കുടിവെള്ളവും ശുചിത്വ സൗകര്യങ്ങളും, ചെലവ് കുറഞ്ഞതും ശുദ്ധവുമായ ഊർജ്ജം, മാന്യമായ തൊഴിലും സാമ്പത്തിക വളർച്ചയും, സുസ്ഥിരതയാർന്ന വ്യാവസായിക വളർച്ച, ഉത്തരവാദിത്വത്തോടുകൂടിയ ഉല്പാദനവും ഉപഭോഗവും, ആവാസവ്യവസ്ഥ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയാണ് ഇതിൽ പ്രധാനപ്പെട്ടവ. ഈ ലക്ഷ്യങ്ങളിലെല്ലാം കേരളം ആർജ്ജിച്ച നേട്ടങ്ങൾ വളരെ വലുതാണ്. കൂടാതെ പിണറായി വിജയൻ സർക്കാർ ലക്ഷ്യമിടുന്ന മറ്റുചില സവിശേഷ നേട്ടങ്ങളാണ് എല്ലാവർക്കും വാസയോഗ്യമായ വീട്, ആയാസരഹിതമായ അതിവേഗ യാത്ര, എല്ലാ വീടുകളിലും ഇന്റർനെറ്റ് ലഭ്യത, വിജ്ഞാനാധിഷ്ഠിത സമൂഹം എന്നിവ. ആഗോള സഹകരണപ്രസ്ഥാനം മുന്നോട്ടുവയ്ക്കുന്ന നവലോകം എന്ന ആശയവും കേരളം മുന്നോട്ടുവയ്ക്കുന്ന നവകേരളം എന്ന ആശയവും

പരസ്പരപൂരകങ്ങളാണ്. ഒരു കാര്യത്തിൽ മാത്രമേ വ്യത്യാസമുള്ളൂ; നമ്മളൊരുമിച്ച് ശ്രമിച്ചാൽ ലക്ഷ്യം പൂർത്തീകരിക്കാൻ വേഗം കഴിയും; ലോകത്തിനത് കഴിയണമെങ്കിൽ ഒരുപാട് കടമ്പകൾ കടക്കണം. കാരണം, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ലോകത്ത് അത്രമേൽ വലുതാണ്. സഹകരണ ബാങ്കുകൾക്ക് ബദലായി സ്വകാര്യ മേഖലയിൽ വ്യാപകമായി പേമെന്റ് ബാങ്കുകളും സ്മാൾ ഫിനാൻസ് ബാങ്കുകളും അനുവദിക്കുകയാണ്. വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി സഹകരണ ബാങ്കുകളുടെ ലൈസൻസ് റദ്ദാക്കുകയോ സ്വകാര്യ സ്മാൾ ഫിനാൻസ് ബാങ്കുകൾക്ക് ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുന്നു. ഇതിലേറ്റവും ഒടുവിലത്തെ ഉദാഹരണമാണ് യൂണിറ്റി സ്മോൾ ഫിനാൻസ് ബാങ്കിന് പഞ്ചാബ് ആൻഡ് മഹാരാഷ്ട്ര കോ-ഓപ്പറേറ്റീവ് ബാങ്ക് ഏല്പിച്ചുകൊടുത്ത നടപടി. പതുക്കെപതുക്കെ കേരളത്തിലേയ്ക്കും ഇത്തരം നടപടികൾ കടന്നുവരാമെന്നുള്ളതിനാൽ സഹകാരികൾ ജാഗ്രതയോടെയിരിക്കേണ്ട സമയമാണിത്. നമ്മുടെ പ്രാദേശിക സാമ്പത്തിക സംവിധാനത്തിന്റെ ജീവനാഡിയായ സഹകരണ ബാങ്കിംഗ് മേഖല തകരുകയും ആ മേഖലയിലൂടെ കൈകാര്യം ചെയ്യപ്പെടുന്ന പണം സ്വകാര്യ ബാങ്കുകളിലും ധനകാര്യ സ്ഥാപനങ്ങളിലും എത്തുകയും വേണം. ഈ ലക്ഷ്യം മുൻനിർത്തി

നാട്ടിൽ കൊണ്ടുവന്നൊരു സംവിധാനമാണ് 'നിധി കമ്പനികൾ'. വർഗ്ഗീയ താല്പര്യക്കാർ അതിനെ നിധി ബാങ്കെന്നും ഹിന്ദു ബാങ്കെന്നും പ്രചരിപ്പിച്ച് ജനങ്ങളെ വിഭജിക്കാനും ആകർഷിക്കാനുമാണ് ശ്രമിച്ചുവരുന്നത്. തിരുവനന്തപുരം ജില്ലയിൽ നിർമ്മൽ കൃഷ്ണയെന്ന നിധി കമ്പനി ഇതിനകം തകരുകയും ജനങ്ങളുടെ പണം നഷ്ടപ്പെടുകയും ചെയ്തു. 2021 സെപ്റ്റംബറിൽ കേന്ദ്ര സർക്കാർ കമ്പനികാര്യ വകുപ്പ് പുറത്തുവിട്ട വാർത്താക്കുറിപ്പ് പ്രകാരം രാജ്യത്ത് രൂപീകരിക്കപ്പെട്ട ഒരു നിധി കമ്പനിയും മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്നും ജനങ്ങൾ നിക്ഷേപങ്ങൾ നടത്തുമ്പോൾ സൂക്ഷിക്കണമെന്നും മുന്നറിയിപ്പ് നൽകുന്നു. തിരുവനന്തപുരത്ത് 1000 കോടി രൂപയാണ് ജനങ്ങളിൽനിന്ന് അവർ കൊള്ളയടിച്ചത്. സംസ്ഥാനത്ത് പരീക്ഷിച്ച് പരാജയപ്പെട്ട മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങൾ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ പിന്തുണയോടെ വീണ്ടും തലപൊക്കുന്നത് നാം കാണാതിരിക്കരുത്. നിക്ഷേപത്തിന് 13 ശതമാനംവരെ പലിശ വാഗ്ദാനം ചെയ്താണ് ഇത്തരം സ്ഥാപനങ്ങൾ വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുന്നത്. ജനങ്ങളെ കൊള്ളയടിക്കുകയെന്ന ലക്ഷ്യം മാത്രമാണ് ഇവർക്കുള്ളത്. അതിനാകട്ടെ അവർ ഉപയോഗിക്കുന്നത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സൽപ്പേരും കാലങ്ങളായി ആർജ്ജിച്ച

വിശ്വാസ്യതയുമാണ്. ഇത് ജനങ്ങൾക്കുമുമ്പിൽ തുറന്നുകാണിക്കാനാകണം. സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഏറ്റവും കൂടുതൽ ശത്രുതാ മനോഭാവത്തോടെ വേട്ടയാടുന്നത് ആദായ നികുതി വകുപ്പാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് സെക്ഷൻ 80P അനുസരിച്ചുള്ള നികുതി ആനുകൂല്യത്തിന് അർഹതയില്ലെന്ന വാദമുയർത്തി 2007 മുതൽ ആരംഭിച്ച വേട്ടയാടൽ അവസാനിച്ചത് 2021 ജനുവരിയിലാണ്. സംഘങ്ങളുടെ അവകാശം അംഗീകരിച്ചുകൊണ്ടുള്ള ചരിത്രപ്രധാനമായ വിധി സുപ്രീംകോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ചു. അതിനുശേഷം സംഘങ്ങൾ അപെക്സ് ബാങ്കുമായി നടത്തുന്ന ഇടപാടുകൾക്ക് 194N വകുപ്പുപ്രകാരം സ്രോതസ്സിൽ നികുതിയടക്കണമെന്ന തിട്ടൂരം കൊണ്ടുവന്നു. ഇപ്പോഴത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സംഘങ്ങൾ അപെക്സ് ബാങ്കുമായി നടത്തുന്ന നിക്ഷേപങ്ങളിലെ പലിശയ്ക്ക് ആദായ നികുതി നിയമം Section 194A(3)(v) പ്രകാരം 10 ശതമാനം ടി.ഡി.എസ്. നൽകണമെന്നതും ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ കേസ്സുകളിലെല്ലാം നമുക്ക് വിജയിച്ചേ മതിയാകൂ. നമ്മുടെ സഹകരണ മേഖലയെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ നമുക്കെല്ലാം ഒരുമിച്ച് നിൽക്കാനാകണം. കഴിഞ്ഞ ആറ് വർഷമായി നമ്മുടെ നാട്ടിലുണ്ടാകുന്ന

മാറ്റങ്ങൾ കാണുന്നതിന് പ്രതിപക്ഷത്തിന് സാധിക്കുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ആറ് വർഷം മുമ്പ് എൽ.ഡി.എഫ്. അധികാരത്തിൽ വന്നില്ലായിരുന്നെങ്കിൽ എന്തായിരിക്കും ഇന്നത്തെ കേരളത്തിന്റെ അവസ്ഥയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾക്കുപോലും അക്കാര്യത്തിൽ സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല. എൽ.ഡി.എഫ്.-ന് നായകത്വം വഹിച്ചുകൊണ്ട് ശ്രീ. പിണറായി വിജയൻ നമ്മുടെ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി അധികാരമേറ്റ് പ്രവർത്തിച്ചതുകൊണ്ടാണ് കഴിഞ്ഞ ആറ് വർഷക്കാലമായി എല്ലാ മേഖലകളിലും നമുക്ക് മുന്നേറ്റമുണ്ടാക്കാൻ സാധിച്ചത്. ആറ് വർഷം മുമ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഒന്നാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നുവെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു ചരിത്ര നിയോഗമാണ്. നമ്മളെല്ലാം ഭാവിയെക്കുറിച്ച് ചിന്തിക്കുന്നവരാണ്, ഈ ഗവൺമെന്റും ഭാവിയെക്കുറിച്ച് ചിന്തിക്കുന്നു. 87 ലക്ഷത്തോളം വരുന്ന വലിയൊരു കുടുംബത്തിന്റെ നാഥനെന്ന നിലയിലാണ് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി വരുംതലമുറയുടെ ഭാവിയെക്കുറിച്ച് ചിന്തിക്കാൻ തയ്യാറാകുന്നത്. 25 വർഷം കഴിഞ്ഞുള്ള കേരളത്തിലേക്ക് നമ്മൾ നടന്നടുക്കുമ്പോഴുണ്ടാകാൻ പോകുന്ന പ്രശ്നങ്ങളെ മുൻകൂട്ടി കാണാൻ നമുക്ക്

സാധിക്കണം. സമസ്ത മേഖലകളിലും സംസ്ഥാനം അഭിമുഖീകരിക്കാൻ പോകുന്ന പ്രശ്നങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് ശരിയായ തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകാനും ആ കാഴ്ചപ്പാടോടുകൂടി നമുക്ക് ചിന്തിക്കാനും സാധിക്കണം. കെ-ഫോണിന് അംഗീകാരം ലഭിച്ചിരിക്കുകയാണ്ഷ. 25 ലക്ഷം വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ രാജ്യത്തിന്റെതന്നെ ചരിത്രത്തിൽ ശ്രദ്ധേയമായതാണ്. അത്തരം കാര്യങ്ങളിലെങ്കിലും അനുകൂല നിലപാട് സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, സഹകരണ മേഖല ഇന്ന് കൈക്കൊണ്ടിട്ടുള്ള എല്ലാ നടപടികൾക്കും ജനങ്ങളുടെ പിന്തുണയുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സഹകരണ മേഖലയിൽ പ്രധാനപ്പെട്ടത് സഹകരണ ജനാധിപത്യവും ജനവിശ്വാസവുമാണ്. ഇപ്പോൾ ഇത് രണ്ടും തകർന്നിരിക്കുകയാണ്. ജനാധിപത്യം തകർക്കുന്നതിനുവേണ്ടിയാണ് നിയമഭേദഗതികൾ കൊണ്ടുവന്നത്. ഈ ഗവൺമെന്റും കഴിഞ്ഞ ഗവൺമെന്റും സഹകരണമേഖലയിൽ കൊണ്ടുവന്നിരിക്കുന്ന ഏത് ഭേദഗതി

പരിശോധിച്ചാലും അത് ഭരണസമിതികളെ വരുതിയിലാക്കുന്നതിന് ദുരുദ്ദേശത്തോടെ കൊണ്ടുവന്ന ഭേദഗതികളാണെന്ന് മനസ്സിലാകും. അഴിമതിയും പണാപഹരണവുമെല്ലാം കൂടിക്കൊണ്ടിരിക്കുന്നു. കരിവന്നൂർ, കണ്ടല തുടങ്ങിയ സംഘങ്ങളിലെല്ലാം അഴിമതി നടക്കുന്നു. അവരെ സംരക്ഷിക്കുന്നൊരു സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നതുകൊണ്ട് ഇവിടെ അവകാശപ്പെടുന്നതുപോലെ സഹകരണമേഖലയ്ക്ക് പ്രത്യേക മേന്മയൊന്നും നടിക്കാൻ കഴിയുകയില്ലെന്നത് എല്ലാവർക്കും അറിയാം. അതുകൊണ്ട് സഹകരണമേഖലയിൽ ജനാധിപത്യം തിരികെ കൊണ്ടുവരുന്നതിന് ഗവൺമെന്റ് മനസ്സുകാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമാണ് വനവുമായി ബന്ധപ്പെട്ടുള്ളത്. അടുത്തകാലത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് നമ്മൾ ചർച്ച ചെയ്യുകയും നിയമസഭ പ്രമേയം പാസ്സാക്കുകയും ചെയ്തു. ഡോ. മാത്യു കുഴൽനാടൻ അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. ആ പ്രമേയം ഗവൺമെന്റ് പ്രമേയമായി മാറി. അതിനെ എല്ലാവരും ഐകകണ്ഠ്യേന പിന്തുണച്ചു. വനം വകുപ്പുമന്ത്രി ഒരു കാര്യം സമ്മതിച്ചെങ്കിലും മറ്റ് കാര്യങ്ങൾ വ്യക്തമാക്കിയിട്ടില്ല. 2019-ലെ തീരുമാനങ്ങളിലെ തെറ്റുകൾ തിരുത്തി, ഭേദഗതികൾ വരുത്തുന്നതിനുള്ള നിയമാനുസൃതമായൊരു

സമീപനംകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ മിനിഞ്ഞാന്ന് നിയമസഭാ സമ്മേളനം കഴിഞ്ഞ് നാട്ടിലെത്തിയപ്പോൾ ആറളം ആദിവാസി മേഖലയിൽ മറ്റൊരു ആദിവാസി സുഹൃത്തിനെക്കൂടി കാട്ടാന ചവിട്ടിക്കൊന്നുവെന്ന ദുഃഖവാർത്ത കേട്ടു. വിറക് ശേഖരിക്കാൻ പോയ ഒരു കുടുംബത്തിലെ നാല് പേരിൽ ഒരാളാണ് മരണപ്പെട്ടത്. മരണപ്പെട്ട ദാമുവിന്റെ ജ്യേഷ്ഠന്റെ മകൻ ഷൈജുവിനെയാണ് ആദ്യം ആന ഷർട്ടിൽ പിടിച്ച് പൊക്കിയെടുത്തത്. ഷർട്ട് കീറി നിലത്തുവീണ അയാളെ രക്ഷിക്കാൻ വന്ന ദാമുവിനെ പിന്നീട് ആന പിടികൂടുകയും അദ്ദേഹം ആ സ്ഥലത്തുവച്ചുതന്നെ മരണപ്പെടുകയുമാണുണ്ടായത്. ഈ സംഭവത്തെത്തുടർന്ന് ജനങ്ങളുടെ വലിയ പ്രതിഷേധമുണ്ടായി. 'കണ്ണീരും കലിയുമടങ്ങാതെ ആറളം ഫാം', 'ആനമതിൽ കടലാസ്സിൽ', 'ദിവസങ്ങളായി കാട്ടാനകളുടെ കൂട്ടവിളയാട്ടം', ഇതെല്ലാം അവിടെ വന്ന വാർത്തകളുടെ തലക്കെട്ടാണ്. അതിൽ പലതും പ്രാദേശിക വാർത്തകളായതുകൊണ്ട് തിരുവനന്തപുരത്ത് എത്തണമെന്നില്ല. 'പത്തുവർഷത്തിനിടെ കാട്ടാന ജീവനെടുത്തത് 14 പേരുടേതാണ്'. 'വനം വകുപ്പ് ഉദ്യോഗസ്ഥരെ ജനങ്ങൾ തടഞ്ഞു', 'കാട്ടാന കലിയുടെ രക്തസാക്ഷി' 'ദാമുവിന് വിടചൊല്ലി നാട്', 'കളക്ടർക്ക് മുമ്പിൽ പരാതികളുടെ കെട്ടഴിച്ച് പൊതുജനം', 'യോഗം നീണ്ടത്

മൂന്ന് മണിക്കൂർ' 'കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ വനം വകുപ്പിന് രൂക്ഷ വിമർശനം', ഇങ്ങനെയൊക്കെയാണ് പത്രങ്ങളിൽ വന്നത്. നിയമസഭാ സമ്മേളനം നടക്കുന്നതുകൊണ്ട് എനിക്ക് ആ യോഗത്തിൽ പങ്കെടുക്കാൻ സാധിച്ചില്ല. ആറളത്തെ ആദിവാസി വിഭാഗത്തെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി വനാതിർത്തിയോട് ചേർന്നുള്ള ഫാമിന്റേതായ 3500 ഏക്കറിലധികം സ്ഥലമാണ് പതിച്ചുകൊടുത്തത്. രണ്ടായിരത്തോളം കുടുംബങ്ങൾ അവിടെ താമസിക്കുകയാണ്. വനവുമായി അതിർത്തി പങ്കിടുന്നവരുടെ ജീവൻ അപകടത്തിലാണ്. ഇക്കാര്യങ്ങൾ ജനപ്രതിനിധികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഈ സഭയിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുകയും ചെയ്തൊരു വിഷയമാണ്. എന്തുകൊണ്ടാണ് ആവർത്തിച്ചാവർത്തിച്ച് ഈ വിഷയം പറയുന്നതെന്ന് നിങ്ങൾ വിചാരിക്കും. മറ്റൊന്നും പറയാനില്ലാത്തതുകൊണ്ടല്ല, ജീവൽപ്രശ്നമായതുകൊണ്ടാണ് ആവർത്തിച്ച് പറയാൻ നിർബന്ധിതനാകുന്നത്. ആറളം ഫാമിൽ മുൻ മന്ത്രി ശ്രീ. എ. കെ. ബാലൻ പങ്കെടുത്ത ഒരു യോഗത്തിൽ ഞാൻ അദ്ധ്യക്ഷനായിരുന്നു. അന്നത്തെ ചർച്ചയിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആറളത്ത് പത്തുപതിനഞ്ച് കിലോമീറ്റർ ദൂരത്തിൽ ആനപ്രതിരോധ

മതിൽ നിർമ്മിക്കുന്നതിനായി 22 കോടി രൂപ 28-03-2020-ലെ ഉത്തരവുപ്രകാരം അനുവദിക്കുകയുണ്ടായി. (Scheduled Tribes Development Department - Proposal for the construction of elephant protection wall and rail fencing at Aralam Resettlement Area- Administrative Sanction accorded -Orders Issued.) ഇതിനോടകം ആദിവാസി ജനവിഭാഗങ്ങൾ മരണപ്പെട്ടവരുടെയും പരിക്കുപറ്റിയവരുടെയും എണ്ണം കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നു. വിശദാംശങ്ങൾ പരിശോധിച്ച കോടതി 18 മാസത്തിനകം അവിടെ മതിൽ നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചു. പ്ലാനിംഗ് ബോർഡിൽ ഈ പ്രൊപ്പോസൽ എത്തിയപ്പോൾ വർക്ക് ആര് ചെയ്യുമെന്ന ചോദ്യം വരികയും പട്ടികവർഗ്ഗ വികസന വകുപ്പിനും വനം വകുപ്പിനും ഇത് ചെയ്യുന്നതിനുള്ള എക്സ്പെർട്ടൈസ് ഇല്ലാത്തതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടനിർമ്മാണ വിഭാഗത്തെ ഏൽപ്പിക്കുകയുമുണ്ടായി. 22 കോടി രൂപയും കെട്ടിവയ്ക്കണം, ഡെപ്പോസിറ്റ് വർക്കായി ചെയ്യാമെന്ന് അവർ സമ്മതിച്ചു. പ്ലാനിംഗ് ബോർഡിൽ അത് എത്തിയപ്പോൾ പകുതി സംഖ്യ കെട്ടിവയ്ക്കാൻ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ 08-09-2021-ൽ പകുതി തുകയായ 11 കോടി രൂപ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കെട്ടിവയ്ക്കാൻ

ഉത്തരവായി. അങ്ങനെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും ഡെപ്പോസിറ്റിനുള്ള ഓർഡറും ടെക്നിക്കൽ സാംഗ്ഷനും നിലനിൽക്കെയാണ് ഉദ്യോഗസ്ഥതലത്തിൽ മാത്രം യോഗം ചേർന്ന് തീരുമാനമെടുത്ത് ഹൈക്കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തത്. അതിനിടയിൽ ആറളം ഫാമിൽ ജോലി ചെയ്തിരുന്ന മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഒരു ചെത്തുതൊഴിലാളി ജനുവരി മാസം അവസാനം ആനയുടെ ആക്രമണത്തിൽ മരണപ്പെടാനിടയായി. വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനൊപ്പം മന്ത്രിമാരായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. കെ. രാധാകൃഷ്ണൻ, സ്ഥലം എം.എൽ.എ. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ എന്നിവർ സംഭവസ്ഥലം സന്ദർശിച്ചിരുന്നു. ആ മൂന്ന് മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ഞാനും ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ-ജില്ലാ പഞ്ചായത്ത് മെമ്പർമാർ, വനം/പൊതുമരാമത്ത് വകുപ്പുകളുടെ ഉന്നത ഉദ്യോഗസ്ഥർ, വിവിധ ആദിവാസി സംഘടനാ പ്രതിനിധികൾ എന്നിവരും ചേർന്ന് അവിടെ ആനമതിൽ വേണമെന്ന് തീരുമാനിച്ചെങ്കിലും ഇപ്പോഴും അക്കാര്യം നടന്നിട്ടില്ല. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത മൂന്ന് മന്ത്രിമാർ ഇവിടെ മുൻനിരയിലിരിപ്പുണ്ട്. കേരള ഗവൺമെന്റിനുവേണ്ടി ചീഫ്

സെക്രട്ടറിയോ പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയോ ഫയൽ ചെയ്തിട്ടുള്ള റിവ്യൂ പെറ്റീഷൻ പിൻവലിച്ച് കോടതിയുടെ പഴയ വിധി നടപ്പിലാക്കണമെന്ന് ഞാൻ ആ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. മൂന്ന് മണിക്കൂറെടുത്ത് ചർച്ച ചെയ്ത് തീരുമാനിച്ച കാര്യം ഇതുവരെ നടപ്പിലായിട്ടില്ല. അതുകൊണ്ടാണ് ജനങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥരെ തടഞ്ഞുവച്ചത്. മതിൽ നിർമ്മാണം ഇത്ര കുറഞ്ഞ സമയംകൊണ്ട് തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല, എന്നാൽ അക്കാര്യം ഗവൺമെന്റ് ഗൗരവത്തോടെ കാണുന്നുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടികളെന്താണ് എന്നൊക്കെ അറിയണം. ഈ വിഷയത്തിൽ ഭരണ-പ്രതിപക്ഷ ഭേദമില്ല. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ഭരണപക്ഷത്തായിരുന്നപ്പോൾത്തന്നെ ഈ വിഷയത്തിന്മേൽ സഭയിൽ സബ്മിഷൻ കൊണ്ടുവന്നത് ഞാൻ ഓർമ്മിക്കുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തെ ഇപ്പോൾ പ്രതിനിധാനം ചെയ്യുന്ന എം.എൽ.എ.-യും ഇക്കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. തിരുവമ്പാടി എം.എൽ.എ. ഇതേവിഷയം സംബന്ധിച്ച് സംസാരിച്ചിരുന്നു. എന്നാൽ പ്രശ്നപരിഹാരത്തിനായി യാതൊരു നടപടിയും സ്വീകരിക്കുന്നില്ല, ആവശ്യമായ പണം വകയിരുത്തുന്നില്ല, ഒരു ആക്ഷൻ പ്ലാൻ പോലുമില്ല. പണം കൊടുക്കാനില്ലാത്തതിനാൽ നിയമിച്ച വാച്ചർമാരെ

പിരിച്ചുവിട്ടിരിക്കുകയാണെന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചു. ഗവൺമെന്റിന്റെ കൈവശം പണമില്ലെങ്കിൽ കേന്ദ്രത്തോട് ആവശ്യപ്പെടാനോ കിഫ്ബിയിൽ ഉൾപ്പെടുത്തി ഇത് നടപ്പിലാക്കാനോ ശ്രമിക്കുന്നില്ല. അതുകൊണ്ട് ഈ വിഷയത്തിൽ മുഖ്യമന്ത്രി ഇടപെടണം. മൂന്ന് മന്ത്രിമാർ സ്ഥലം സന്ദർശിച്ച് തീരുമാനിച്ച കാര്യം നടപ്പിലാക്കാൻ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് നീക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ട് ആദിവാസികൾ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവൻ രക്ഷിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ആനയുടെ കാര്യം മാത്രമല്ല, പന്നിയുമായി ബന്ധപ്പെട്ട പ്രശ്നവും ഇവിടെ പറഞ്ഞു, കേൾക്കുമ്പോൾ നിസ്സാരമെന്ന് തോന്നാം. പന്നിശല്യത്തിനും പരിഹാരമുണ്ടാക്കാൻ സാധിക്കുന്നില്ല. ചില രാജ്യങ്ങളിൽ അതിനെ വെർമിനായി പ്രഖ്യാപിക്കുന്നതിന് നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ചില ശ്രമങ്ങളൊക്കെ നടത്തിയെങ്കിലും ഫലപ്രദമായില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് ഒന്നാകെ പരിശ്രമിക്കണം, ആവശ്യമെങ്കിൽ കേന്ദ്രസർക്കാരുമായി സംസാരിക്കണം. വനാതിർത്തിയിൽമാത്രമല്ല, പട്ടണപ്രദേശങ്ങളിലും ഈ പ്രശ്നം

രൂക്ഷമാകുകയും ആളുകൾ മരണപ്പെടുകയും ചെയ്യുന്നുണ്ട്. ഇരുചക്ര വാഹന യാത്രക്കാരായ നിരവധി പേർക്ക് ഇതുമൂലം ജീവഹാനിയുണ്ടായിട്ടുണ്ട്. കാട്ടുകുരങ്ങ് നാട്ടിലിറങ്ങി പ്രശ്നങ്ങളുണ്ടാക്കുന്നു. നാലഞ്ച് വർഷങ്ങൾക്കുമുമ്പ് ആറളം ഫാമിലെ തൊഴിലാളികളുടെ ശമ്പള വർദ്ധനയെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തപ്പോൾ എം.ഡി. പറഞ്ഞത് ഒരു വർഷം ഒരു കോടി രൂപയുടെ നാളികേരം കാട്ടുകുരങ്ങ് നശിപ്പിക്കുന്നുണ്ടെന്നാണ്. ഇപ്പോൾ അവിടത്തെ സ്ഥിതി പഴയതിനെക്കാൾ ഗുരുതരമാണ്, അതിനും പരിഹാരം കാണേണ്ടതുണ്ട്. ഇതിനെല്ലാം ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനെക്കുറിച്ച് വനം വകുപ്പ് ഗൗരവമായി ചർച്ച ചെയ്യണം. ഇത്തരം പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം/ധനകാര്യ വകുപ്പുമന്ത്രിമാരുമുൾപ്പെടെ പങ്കെടുത്തുകൊണ്ട് വിളിച്ചുചേർക്കണം. പ്രസ്തുത നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ഈ സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേരളത്തിന് സാമ്പത്തികമായും സാമൂഹികമായും ഏറെ കരുത്ത് പകരുന്നതും സവിശേഷമായ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ നിലകൊള്ളുന്നതുമായ

സഹകരണ ബാങ്കിംഗ് മേഖലയെ തച്ചുടയ്ക്കാനും വൻനിക്ഷേപ സ്രോതസ്സിനെ ഊറ്റിയെടുക്കാനും കേന്ദ്രഗവൺമെന്റ് ഗൂഢനീക്കങ്ങൾ നടത്തുകയാണ്. അതിന്റെ അനന്തരഫലങ്ങളും പ്രത്യാഘാതങ്ങളും കേരളത്തെയും ശക്തമായ സഹകരണ മേഖലയുള്ള മഹാരാഷ്ട്ര ഉൾപ്പെടെയുള്ള മറ്റുപല സംസ്ഥാനങ്ങളെയും ഗുരുതരമായി ബാധിക്കും. ബി.ജെ.പി-സംഘ്പരിവാർ ശക്തികൾക്ക് ഇതുവരെയും എത്തിപ്പിടിക്കാൻ കഴിയാത്ത സഹകരണ മേഖലയെ വരുതിയിലാക്കാൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയും ശ്രീ. അമിത്ഷായും ഉൾപ്പെടെ നേരിട്ട് രംഗത്തിറങ്ങിക്കഴിഞ്ഞു. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിന്റെ ഇത്തരം നീക്കങ്ങളെ ഫലപ്രദമായി ചെറുത്തുതോൽപ്പിക്കാൻ എല്ലാവരും ഒരുമിച്ചുപ്രവർത്തിക്കേണ്ട സന്ദർഭം കൂടിയാണിത്. കേന്ദ്രസർക്കാരിന്റെ കുത്സിത പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടിക്ക് നേതൃത്വം നൽകുന്ന സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനെയും സർക്കാരിനെയും മുക്തകണ്ഠം പ്രശംസിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ജനാധിപത്യത്തിനും ഇന്ത്യയിലെ സാധാരണ ജനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനും ശാക്തീകരണത്തിനും വിലങ്ങുതടിയാകുന്ന ഒരു നിയമവും രാജ്യത്ത് അനുവദിക്കാൻ പാടില്ല. സഹകരണ ബാങ്കിംഗ് മേഖലയിലെ

വൻനിക്ഷേപങ്ങളിൽത്തന്നെയാണ് ബി.ജെ.പി.-യുടെ കണ്ണുള്ളതെന്ന കാര്യം വ്യക്തമാണ്. 'ആയാറാം ഗയാറാം' രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിച്ചും ജനങ്ങൾ തെരഞ്ഞെടുക്കുന്ന സർക്കാരുകളെ താഴെയിട്ടും കുറുമാറ്റത്തിലൂടെ ബി.ജെ.പി. പുതിയ സർക്കാരുകളെ വിവിധ സംസ്ഥാനങ്ങളിൽ ഒന്നിനുപുറകെ മറ്റൊന്ന് എന്ന നിലയിൽ പ്രതിഷ്ഠിക്കുമ്പോൾ അതിനൊപ്പം കേൾക്കുന്നത് കോടികളുടെ ഇടപാടുകളാണെന്ന് നാം ഓർക്കണം. കോവിഡ് മഹാമാരി, ഓഖി, നിപ, പ്രളയം എന്നിവയുടെയെല്ലാം ആഘാതം നമ്മെ ബാധിച്ചിട്ടുണ്ട്. ഇതൊക്കെ കണക്കിലെടുത്ത് പ്രാഥമിക സഹകരണ സംഘങ്ങളിലൂൾപ്പെടെ അഞ്ചോ അതിലധികമോ വർഷക്കാലം കുടിശ്ശികയായ പത്ത് ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് പിഴപ്പലിശ മാത്രമല്ല, പലിശ മുഴുവൻ ഒഴിവാക്കി തുക അടയ്ക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പരിപാടി ഒരു മാസത്തേയ്ക്കോ മറ്റോ പ്രഖ്യാപിക്കുന്നത് ഈ സന്ദർഭത്തിൽ ഉചിതമായിരിക്കും. പിഴപ്പലിശ മാത്രം ഒഴിവാക്കി പ്രഖ്യാപിച്ച ആശ്വാസ് പദ്ധതിയുടെ കാലയളവ് പലപ്രാവശ്യം നീട്ടിനൽകിയിട്ടും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. ദീർഘകാലമായി കുടിശ്ശികയായി കിടക്കുന്ന നിശ്ചിത വായ്പത്തുകയുടെ നിശ്ചിത വർഷം വരെയുള്ള പലിശയും പിഴപ്പലിശയും നിജപ്പെടുത്തിക്കൊണ്ട് പുതിയ ഒ.ടി.എസ്. സ്കീം

പ്രഖ്യാപിച്ചാൽ അത് ജനത്തിനൊരു ഓണസമ്മാനമായിരിക്കും. ഏതാനും വർഷങ്ങൾക്കുമുമ്പ് പലിശയും പിഴപ്പലിശയും പൂർണ്ണമായും എഴുതിത്തള്ളി ചുരുങ്ങിയ കാലയളവിനുള്ളിൽ വായ്പ തിരിച്ചടയ്ക്കുന്ന പദ്ധതി നടപ്പാക്കിയിരുന്നു. ഇതുമൂലം ഓണക്കാലത്ത് ആശ്വാസം ലഭിക്കുന്നത് വായ്പയെടുത്തവർക്ക് മാത്രമല്ല, ഇതുകൊണ്ട് സഹകരണ ബാങ്കുകളുടെ കിട്ടാക്കടം കുറയുന്നതിനും എൻ.പി.എ. ലെവൽ ചൂണ്ടിക്കാട്ടി സഹകരണ മേഖലയ്ക്കെതിരെ കേന്ദ്രസർക്കാർ ഉയർത്തുന്ന വിമർശനങ്ങളുടെ മുനയൊടിക്കാനും സാധിക്കും. സാമൂഹ്യ പ്രതിബദ്ധതയോടെയുള്ള ശക്തമായ ഇടപെടലുകൾക്കായി സഹകരണ വകുപ്പ് കൊണ്ടുവന്ന പല പദ്ധതികളെക്കുറിച്ചും എടുത്തുപറയേണ്ടതുണ്ട്. ഇന്ത്യയിൽ സഹകരണ പ്രസ്ഥാനമെന്ന സംവിധാനം കെട്ടിപ്പടുത്തിട്ട് 117 വർഷമായി. കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലത്തെ വളർച്ചയും വൈവിധ്യവത്കരണവുംകൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ വേര് ശക്തമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇക്കാലയളവ് സഹകരണ വായ്പാ മേഖലയിൽ അഥവാ ജനകീയ ബാങ്കിംഗ് രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ച നൂറ്റാണ്ടിന്റെ ചരിത്രം കൂടിയാണ്. ഇന്ത്യയിൽ ശക്തവും വിശ്വാസ്യതയുള്ളതുമായ സഹകരണ പ്രസ്ഥാനമുള്ളത് കേരളത്തിലാണ്. ഇന്ത്യയിലെ സഹകരണ മേഖലയിലെ

മൊത്തം നിക്ഷേപത്തിന്റെ 60 ശതമാനത്തിലേറെ കേരളത്തിന്റെ വിഹിതമാണെന്നത് എടുത്തുപറയേണ്ടതാണ്. കൂലിപ്പണിക്കാർ, കർഷകർ, കച്ചവടക്കാർ, തൊഴിലാളികൾ, ചെറുകിട സംരംഭകർ എന്നിങ്ങനെ എല്ലാവർക്കും സഹകരണ മേഖലയിൽ പങ്കാളിത്തം ലഭിച്ചു. അവരുടെ ഓരോരുത്തരുടെയും വിഹിതം സഹകരണ നിക്ഷേപമായി മാറി. അങ്ങനെ കേരളത്തിന്റെ സഹകരണ മേഖല ജനമദ്ധ്യത്തിൽ ശക്തിപ്പെട്ടുവരുമ്പോഴാണ് അതിനെ തകർക്കാനായി കേന്ദ്ര സർക്കാർ പല ഇടപെടലുകളും നടത്തുന്നത്. കേരളം നടപ്പിലാക്കിയ കെയർ ഹോം പദ്ധതിയിലൂടെ നിരാലംബർക്ക് കൈത്താങ്ങേകാൻ ആദ്യഘട്ടത്തിൽ 2091 വീടുകൾ നിർമ്മിച്ചുനൽകി. സഹകരണ അംഗ സമാശ്വാസ പദ്ധതി മുഖേന 11060 അപേക്ഷകർക്ക് 22.93 കോടി രൂപ അനുവദിച്ചു. സഹകരണ അംഗ സമാശ്വാസ നിധിയിൽനിന്നും സഹായം നൽകിയത് ഗുരുതര രോഗം ബാധിച്ചവർക്കാണ്. യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കാനും നൂതന ആശയങ്ങൾ സമൂഹ നന്മയ്ക്കായി ഉപയോഗിക്കുന്നതിനുമായി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷം അറിയിക്കുന്നു. കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ സഹകരണ മേഖലയിൽ 16637

തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നതും എടുത്തുപറയേണ്ടതാണ്. സ്വകാര്യ പലിശക്കാരിൽനിന്നും സാധാരണക്കാരെ രക്ഷിക്കാൻ 'മുറ്റത്തെ മുല്ല' വായ്പ പദ്ധതിയിലൂടെ 14235 കുടുംബശ്രീ യൂണിറ്റുകൾവഴി അമ്പതിനായിരത്തിലധികം വായ്പകളിലൂടെ 1500 കോടി രൂപ നൽകിയത് കുറച്ചുകാണാൻ സാധിക്കുന്നതല്ലെന്ന് പ്രതിപക്ഷത്തുള്ളവർ ഓർക്കേണ്ടതാണ്. വിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള 'വിദ്യാ തരംഗിണി' വായ്പ പദ്ധതിയിൽ 50265 വായ്പകളിലൂടെ 27.68 കോടി രൂപ നൽകിയതും പാവപ്പെട്ടവന് കൈത്താങ്ങായി സഹകരണ മേഖല എന്നും നിലനിൽക്കുമെന്നതിന്റെ തെളിവാണ്. പീരുമേട് നിയോജകമണ്ഡലത്തിന്റെ ചുറ്റും വനപ്രദേശമാണ്, കാട്ടാനയുടെയും മറ്റ് കാട്ടുമൃഗങ്ങളുടെയും ശല്യം രൂക്ഷമായ പ്രദേശങ്ങളാണ്. രണ്ടുദിവസം മുമ്പ് ആ സ്ഥലങ്ങളെല്ലാം സന്ദർശിച്ചശേഷമാണ് ഞാനിവിടെ എത്തിയത്. ബഫർ സോൺ വിഷയത്തിൽ സുപ്രീംകോടതി വിധിയുമായി ബന്ധപ്പെട്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള ശ്രമമാണ് യു.ഡി.എഫ്.ൽ നിന്നുമുണ്ടാകുന്നത്. ഞാൻ ഏറ്റവും സ്നേഹത്തോടെയും ബഹുമാനത്തോടെയും കാണുന്ന നമ്മുടെ പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിലുൾപ്പെട്ട കുമിളിയിൽ വന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന

രീതിയിൽ ഒരു പ്രസംഗം നടത്തുകയുണ്ടായി. പ്രസ്തുത വിഷയം സംബന്ധിച്ച് നിയമസഭയിൽ പ്രമേയം പാസ്സാക്കാൻ ഒരുമിച്ച് നിൽക്കുകയും സഭയ്ക്ക് പുറത്തുവന്ന് തെറ്റിദ്ധാരണാജനകമായ രീതിയിൽ പ്രസംഗിച്ച് ജനങ്ങളെ ഇളക്കിവിടുകയും ചെയ്യുന്ന രീതി ശരിയല്ല. അദ്ദേഹം സഭയിൽ ഇല്ല. ഞാൻ പറയുന്നത് കേൾക്കാൻ പ്രതിപക്ഷത്ത് കാര്യമായി ആളുകളില്ലെന്നത് ദുഃഖകരമാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. വാഴൂർ സോമൻ: സർ, 08-05-2013-ലെ മന്ത്രിസഭാ തീരുമാനപ്രകാരം റവന്യൂ ഭൂമി ഉൾപ്പെടെ 0 മുതൽ 12 കി. മീ. വരെ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോണാകാമെന്നാണ് യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചിരുന്നത്. അങ്ങനെയാണെങ്കിൽ 12 കി.മീ. പരിധിയിൽപ്പെട്ട ഇത്തരം റവന്യൂ ഭൂമിയിൽ കൃഷിയോ കൃഷി സംബന്ധമായ ചെറുകിട വ്യവസായങ്ങളോ ഭാവിയിൽ മറ്റുനിർമ്മാണ പ്രവർത്തനങ്ങളോ നടത്താൻ സാധിക്കാതെ വരുമായിരുന്നു. പക്ഷേ എൽ.ഡി.എഫ്. സർക്കാർ 2019-ൽ ഇതിൽ മാറ്റം വരുത്തി 0 മുതൽ 1 കി. മീ. വരെ എന്ന നിർദ്ദേശം വച്ചു. ഇത് കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ നൽകിയ ഒരു ഏകദേശ

കണക്കായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ 0 മുതൽ 1 കി.മീ. വരെ എന്ന ദൂരപരിധി ഒഴിവാക്കി 1 കി.മീ. ചുറ്റളവുവരെ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കിയാണ് സുപ്രീംകോടതി ഉത്തരവ് വന്നത്. ആ ഉത്തരവ് വന്നയുടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും അസന്ദിഗ്ദ്ധമായി ഇക്കാര്യങ്ങൾ ജനങ്ങളോട് പറയുകയുണ്ടായി. ഈ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ ഐകകണ്ഠ്യേന തീരുമാനമെടുത്തശേഷവും തെറ്റിദ്ധരിപ്പിക്കുന്ന പ്രവർത്തനങ്ങൾ കഴിഞ്ഞ ദിവസം സഭയിൽ നടത്തിയത് ഉചിതമല്ലെന്ന് ഈ സന്ദർഭത്തിൽ അറിയിക്കട്ടെ. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വരുന്ന അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനും 620 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കാൻ തീരുമാനമെടുത്ത സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കുന്നു. വനം എന്ന വിഷയത്തെ കൺകറന്റ് ലിസ്റ്റിലുൾപ്പെടുത്തിയ കേന്ദ്ര സർക്കാർ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് യാതൊരു പദ്ധതിയും ആവിഷ്കരിക്കാതിരിക്കുകയും സംസ്ഥാന സർക്കാരിന് ആവശ്യമായ ഫണ്ട് നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന

കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്ക് അധികാരം നൽകാനുള്ള തീരുമാനം ശ്രദ്ധേയമാണ്. കേരളത്തിന്റെ നിരന്തരമായ ആവശ്യം കേന്ദ്ര സർക്കാർ തുടർച്ചയായി നിരസിച്ചെന്നുള്ളത് മറ്റൊരു കാര്യമാണ്. പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന രീതിയിൽ മണ്ണെണ്ണയും പെട്രോളും ഒഴിച്ച് കാട്ടുപന്നിയെ ഉന്മൂലനം ചെയ്യുന്നതിനുപകരം ഇതിന്റെ മാംസം സംസ്കരിച്ച് വിദേശ രാജ്യങ്ങളിൽ വില്പന നടത്തുന്നത് തീർച്ചയായും നമ്മുടെ കർഷകർക്ക് ആശ്വാസം പകരുമെന്നും നഷ്ടപരിഹാരം നൽകുന്നതിന് ആ തുക ഉപകരിക്കുമെന്നും പറയാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനം, സഹകരണം എന്നീ വിഷയങ്ങളെ സംബന്ധിച്ച ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വനം വകുപ്പിന്റെ ചർച്ചയിലേയ്ക്ക് വരുമ്പോൾ കേരളത്തിന്റെ മലയോര മേഖലകളിൽ ജീവിക്കുന്ന ലക്ഷക്കണക്കിനാളുകൾ ബഫർ സോണുമായി ബന്ധപ്പെട്ട പ്രയാസത്തിലാണെന്നുള്ളത് നമുക്കറിയാം. ഇതുസംബന്ധിച്ച് 2022 ജൂൺ 3-ന് സുപ്രീംകോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഒരുകിലോമീറ്റർ ബഫർ

സോണാകുന്നൊരു സ്ഥിതിയിലേയ്ക്കാണ് പോകുന്നത്. അതുമായി ബന്ധപ്പെട്ട പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി, അത് സ്വാഗതാർഹമാണ്. സുപ്രീംകോടതി കൃത്യമായി പറഞ്ഞിട്ടുള്ളത്, Central Empowered Committee മുമ്പാകെയും Ministry of Environment, Forests and Climate Change മുമ്പാകെയും അതത് സംസ്ഥാനങ്ങൾക്കുള്ള ആക്ഷേപം ബോധിപ്പിക്കാമെന്നാണ്. കേരളത്തിലെ മുഴുവൻ ജനവാസകേന്ദ്രങ്ങളെയും ഒഴിവാക്കിക്കൊണ്ടുള്ള അപ്പീൽ മേൽസൂചിപ്പിച്ച രണ്ട് സമിതികൾ മുമ്പാകെ ബോധിപ്പിച്ച് അവരുടെ റിമാർക്ക്സോടുകൂടി സുപ്രീംകോടതിയിലേയ്ക്ക് പോകണമെന്നാണ്. അന്തിമ ഇളവുകൾ നൽകുന്നത് സുപ്രീംകോടതിയാണ്. ആ പ്രക്രിയ കൃത്യമായി മോണിറ്റർ ചെയ്യണം. ഡെമോക്ലീസിന്റെ വാൾ പോലെ ഈ പാവപ്പെട്ട ജനതയുടെ മുകളിൽ ബഫർ സോണിന്റെ പ്രശ്നമുണ്ടെന്നുള്ളത് ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. പുതിയ വന്യജീവി സങ്കേതങ്ങൾ പ്രഖ്യാപിക്കുകയാണ്. അവ വരുമ്പോൾ അതിന്റേതായ പ്രയാസങ്ങൾ വീണ്ടുമുണ്ടാകും. അട്ടപ്പാടിയിൽ ഭവാനി എന്നൊരു വന്യജീവി സങ്കേതത്തിന്റെ പ്രൊപ്പോസലുണ്ട്, നോട്ടിഫിക്കേഷനായിട്ടില്ല. സംസ്ഥാന സർക്കാരിന് അതിപ്പോൾ ഒഴിവാക്കാൻ കഴിയും. പുതിയ വന്യജീവി സങ്കേതങ്ങൾ വരാതിരിക്കാനും

നോക്കേണ്ടതുണ്ട്. സർക്കാരിന്റെ മുമ്പിൽ ഉദ്യോഗസ്ഥർ എഴുതിക്കൊടുക്കുന്നത് പലതും ബില്ലുകളായി വരികയാണ്. ഈ സെഷന്റെ തുടക്കത്തിൽ 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ കൊണ്ടുവന്നിരുന്നു. ആ ബില്ലിൽ പറയുന്നത് എത്ര പഴക്കമുള്ള പട്ടയമാണെങ്കിലും പട്ടയക്കാരൻ ഭൂമിയുടെ ഉടമയാണെന്നുള്ളതിന് അത് തെളിവല്ല എന്നാണ്. ആ ബിൽ അവതരിപ്പിക്കുന്നതിനെതിരെ ഞാൻ ഒബ്ജക്ഷൻ കൊടുത്തിരുന്നു. ഈ സഭയിൽ ആ ബില്ലുണ്ടായിരുന്നില്ല, അത് മാറ്റിവച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥരുടെ താല്പര്യങ്ങൾക്കുവേണ്ടി രാജ്യത്തെ ജനങ്ങളെ കാണാതെ നിയമങ്ങൾ നിർമ്മിക്കരുത്. സർക്കാർ പല കാര്യങ്ങളും വീണ്ടുവിചാരമില്ലാതെയാണ് ചെയ്യുന്നത്. വലിയ ബഹളമുണ്ടായ മുട്ടിൽ മരംമുറി കേസുമായി ബന്ധപ്പെട്ട് 22 തടിക്കഷണങ്ങളാണ് ഇപ്പോൾ കണ്ടുകെട്ടിയത്. അതിലെ പ്രതികൾ പുറത്തിറങ്ങി സ്വൈരവിഹാരം നടത്തുകയാണ്. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും യാതൊരു നടപടിയുമുണ്ടായില്ല. ആ കൊള്ളയ്ക്ക് നിദാനമായ സംഗതി നാല് മാസക്കാലം നിലവിലുള്ള നിയമത്തിന് ഇളവ് ചെയ്തുകൊടുത്തതാണ്. പല മന്ത്രിമാരുടെയും പ്രവർത്തനങ്ങൾ ഇതുപോലെയാണ്. ഇപ്പോൾ ഒരു മന്ത്രി

ഒരുകാര്യവുമില്ലാതെ പവിത്രമായ ഭരണഘടനയ്ക്കെതിരായി പറഞ്ഞ് മന്ത്രിസ്ഥാനം നഷ്ടപ്പെടുത്തി. രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ആദ്യത്തെ വിക്കറ്റ് അങ്ങനെ വീണെന്നാണ് വാർത്താ മാധ്യമങ്ങൾ പറഞ്ഞത്. രണ്ടാമതൊരു മന്ത്രിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിരിക്കുന്ന ആരോപണങ്ങൾ ലജ്ജാകരമായതാണ്. ഞാനതിന്റെ നിജസ്ഥിതിയിലേയ്ക്ക് പോകുന്നില്ല. ഇവിടെ കോടതിയിലെ തൊണ്ടിമുതൽ അപഹരിച്ച് വകഭേദം വരുത്തി അതൊരു മയക്കുമരുന്ന് കേസാക്കിയെന്ന് കേട്ടപ്പോൾ ശ്രീനിവാസന്റെ 'ആനവാൽ മോതിരം' എന്നൊരു പഴയ സിനിമയാണ് എന്റെ ഓർമ്മയിൽ വരുന്നത്. ഏതായാലും ആ കേസ് രജിസ്റ്റർ ചെയ്തിട്ട് 28 വർഷവും കുറ്റപത്രം നൽകിയിട്ട് 16 വർഷവുമായി. പ്രതിയായ മന്ത്രി ഇതുവരെ കോടതിയിൽ ഹാജരായിട്ടില്ല. ഇവിടെ നിയമത്തിന് പുല്ലുവിലയാണോ; ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും നിയമം ഒരുപോലെയല്ലേ; മന്ത്രിമാർക്ക് ഇളവുകളുണ്ടോ? കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇതിന് മറുപടി പറയേണ്ടതല്ലേ? ഒന്നുകിൽ ആ മന്ത്രിയോട് രാജിവയ്ക്കാൻ അദ്ദേഹം പറയണം. അല്ലെങ്കിൽ അതിനനുസൃതമായി കൈകാര്യം ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സാദ്ധ്യമാകണം. ഇവിടെ ഭരിക്കുന്ന പാർട്ടി സ്ത്രീവിരുദ്ധത

പ്രകടിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഈ നിയമസഭയ്ക്കകത്ത് ഒരു മുൻ മന്ത്രിയിൽനിന്ന് നമ്മുടെയൊരു സഹസാമാജികയ്ക്ക് ഏൽക്കേണ്ടിവന്ന ആക്ഷേപം എത്ര ക്രൂരമാണ്; അതിന് ഗുഡ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന പണി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നുണ്ടായത് കേരളീയരെ വല്ലാതെ അസ്ഡാളിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടും അപമാനകരമാണ്. സി.പി.ഐ.-യുടെ നേതാവ് ശ്രീമതി ആനിരാജ പറഞ്ഞത്, ശ്രീമതി കെ. കെ. രമയ്ക്കെതിരെ നിയമസഭയിൽ ശ്രീ. എം. എം. മണി നടത്തിയ പരാമർശം വിമർശിക്കപ്പെടേണ്ടതാണെന്നാണ്. അവർ അദ്ദേഹത്തെ അതിശക്തമായി വിമർശിച്ചു. ശ്രീ. എം. എം. മണിയെ ഒരു കമ്മ്യൂണിസ്റ്റായി കാണാൻ കഴിയില്ലെന്ന് ശ്രീ. പന്ന്യൻ രവീന്ദ്രൻ മുമ്പ് പറഞ്ഞിട്ടുണ്ട്. ശ്രീമതി ആനിരാജയെക്കുറിച്ച് ശ്രീ. എം. എം. മണി പറഞ്ഞത് 'അവർ ഉണ്ടാക്കുന്നത് ഡൽഹിയിലല്ലേ' എന്നാണ്. എത്ര മോശപ്പെട്ട പ്രയോഗമാണത്. വെറുതേയിരിക്കുന്ന ശ്രീമതി ബൃന്ദ കാരാട്ടിനെക്കുറിച്ചും മോശമായി പറഞ്ഞു. അവരെക്കൂടി വലിച്ചിഴക്കുന്നതിൽ ഞങ്ങൾക്ക് വലിയ ആഹ്ലാദമൊന്നുമില്ല. 'തെമ്മാടി നിഘണ്ടുവുമായി നടക്കുന്ന പുലയാട്ടുഭാഷക്കാരനാണ്' അപ്പുറത്തിരിക്കുന്ന മുൻ മന്ത്രിയെന്നാണ് സി.പി.ഐ. ഇടുക്കി ജില്ലാ

സെക്രട്ടറി ശ്രീ. കെ. കെ. ശിവരാമൻ പറഞ്ഞത്. ശ്രീമതി ആനിരാജയെക്കുറിച്ചും അതുപോലെ സി.പി.ഐ. നേതാക്കളെക്കുറിച്ചും വളരെ മോശമായി പ്രതികരിക്കുമ്പോഴും ഇവിടെയുള്ള സി.പി.ഐ.(എം) അംഗങ്ങൾ ഞങ്ങളെ എതിർക്കാനാണ് താല്പര്യം കാണിക്കുന്നത്. നിങ്ങൾക്ക് ആ പാർട്ടിയുടെ നിലപാടെങ്കിലും ഈ സഭയിൽ പ്രതിഫലിപ്പിക്കാൻ കഴിയേണ്ടതായിരുന്നുവെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. വനം വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏറെ പറയാനുണ്ടെങ്കിലും സമയപരിമിതിമൂലം ചുരുക്കുകയാണ്. സഹകരണ ബാങ്കുകളെയും സഹകരണ പ്രസ്ഥാനങ്ങളെയും തകർക്കുന്ന സമീപനമാണ് കേന്ദ്രത്തിന്റേതെന്ന് നമുക്കറിയാം. സഹകരണ മേഖലയെ വിഴുങ്ങാൻ സംസ്ഥാന ലിസ്റ്റിൽപ്പെട്ട സഹകരണത്തിന് ഇന്ന് കേന്ദ്രം പുതിയ വകുപ്പുണ്ടാക്കിയിരിക്കുകയാണ്. ഇതിനെല്ലാം പറ്റിയൊരു ആളെത്തന്നെ കണ്ടെത്തിയിരിക്കുകയാണ്. അപ്പോൾ വളരെ ജാഗ്രതയോടുകൂടി നമ്മൾ നീങ്ങേണ്ടതുണ്ട്. കേരളത്തിൽ കുറെ സങ്കടകരമായ കാഴ്ചകൾ കാണുന്നുണ്ട്. സഹകരണ ബാങ്കുകളിൽനിന്ന് ജപ്തി നോട്ടീസ് ലഭിച്ച ധാരാളം പാവപ്പെട്ടവരുണ്ട്. അഞ്ച് സെന്റിൽ താഴെയുള്ളവർക്ക് ജപ്തി നടപടികളിൽനിന്നും ആശ്വാസം കൊടുത്തിട്ടുണ്ട്. കർഷകർക്ക്

ഒരേക്കർവരെ സ്ഥലമുണ്ടാകുമെങ്കിലും കൃഷിപ്പണിയെടുത്താണ് അവർ ജീവിക്കുന്നത്. അവരിൽ ഏറെപ്പേരും കോവിഡ് കഴിഞ്ഞ് സാമ്പത്തിക പ്രയാസങ്ങളിൽ കഴിയുന്നവരാണ്. അതുകൊണ്ട് സഹകരണ ബാങ്കുകളിലെ അവരുടെ ലോണുകൾക്ക് ഒരു വർഷത്തേയ്ക്കെങ്കിലും മൊറട്ടോറിയം പ്രഖ്യാപിക്കണം. സഹകരണ സ്ഥാപനങ്ങളിൽ കുറെ സഹകാരികളുണ്ട്. ഈ സഭയിലെതന്നെ ശ്രീ. പി. അബ്ദുൽ ഹമീദും ശ്രീ. യു. എ. ലത്തീഫും നല്ല സഹകാരികളാണ്. കേരളത്തിലെ മൊത്തം സഹകാരികൾക്കും പ്രസിഡന്റുമാർക്കും അംഗങ്ങൾക്കുമുള്ള ഓണറേറിയം തുച്ഛമായതാണ്; അതുകൂടി വർദ്ധിപ്പിക്കാനുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ ഏറെ സ്വാഗതാർഹമായിരിക്കും. വനമേഖലകളിൽ ജീവിക്കുന്നവരുമായി വനം വകുപ്പ് നിരന്തരം സംഘർഷത്തിലാണ്. വനം വകുപ്പിനെ ജനങ്ങളുമായി സൗഹൃദത്തിലാക്കാൻ മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. പീപ്പിൾ ഫ്രണ്ട്ലി പോലീസെന്ന് പറയാറുള്ളതുപോലെ പീപ്പിൾ ഫ്രണ്ട്ലി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുണ്ടാകണം. എവിടെ നോക്കിയാലും ജനങ്ങളെ ദ്രോഹിക്കുന്ന, ബുദ്ധിമുട്ടിക്കുന്ന സമീപനമാണുള്ളത്. കേരള രൂപീകരണ സമയത്ത് 19 ശതമാനമായിരുന്ന വനമേഖല ഇപ്പോൾ 30 ശതമാനമാണ്. അത് വർദ്ധിച്ചുവരികയാണ്.

പാവപ്പെട്ടവരുടെ കൃഷിസ്ഥലത്ത് ജണ്ടയിട്ടാണ് അത് വർദ്ധിപ്പിക്കുന്നത്. ആ നടപടിയിൽനിന്ന് പിന്മാറാൻ ബന്ധപ്പെട്ട ഫോറസ്റ്റ് അധികൃതർക്ക് നിർദ്ദേശം നൽകണം. വനം വകുപ്പിലെ ഉദ്യോഗസ്ഥർ ഗ്യാലറിയിലുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ജനങ്ങളുമായി ഫ്രണ്ട്ലിയാകണമെന്ന സമീപനമുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ രണ്ട് ധനാഭ്യർത്ഥനകളെയും പിന്തുണയ്ക്കുകയാണ്. ഇവിടെ ഒടുവിലായി സംസാരിച്ച ബഹുമാന്യനായ അംഗം ഉൾപ്പെടെയുള്ള പ്രതിപക്ഷം അഞ്ചാം സമ്മേളനം ആരംഭിച്ച് കുറച്ച് ദിവസങ്ങൾ കഴിഞ്ഞ ഈ വേളയിൽ മാത്രമല്ല, ഏതാണ്ട് ആറുവർഷക്കാലമായി കേരളത്തിലെ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താൻവേണ്ടിയുള്ള ഗൂഢശ്രമമാണ് നടത്തുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ ഉൾപ്പെടെയുള്ളവർ ഇവിടെ സംസാരിച്ചു. കഴിഞ്ഞ ആറുവർഷക്കാലമായി കല്ലിൽ കടിച്ച് പല്ല് കളയുന്ന അവസ്ഥയിൽത്തന്നെയാണ് പ്രതിപക്ഷം നിൽക്കുന്നത്. ആരെയെല്ലാം കൂട്ടുപിടിച്ച് എന്തെല്ലാം വിവാദങ്ങളുണ്ടാക്കി കുഴപ്പങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒന്നാം പിണറായി വിജയൻ സർക്കാരിനെ അസ്ഥിരപ്പെടുത്തുന്നതിനും

ബഹുമാന്യനായ മുഖ്യമന്ത്രിയെയടക്കം കടന്നാക്രമിക്കുന്നതിനുമുള്ള സമീപനം സ്വീകരിച്ച് മുന്നോട്ടുപോയെങ്കിലും കേരളത്തിലെ ജനങ്ങൾ അവരുടെ ജീവിതാനുഭവത്തിൽനിന്നും ഇടതുപക്ഷമാണ് ശരി, ഈ ഗവൺമെന്റാണ് ശരി, തങ്ങളുടെ ആപത്ഘട്ടങ്ങളിലും പ്രതിസന്ധിയിലും ഒപ്പംനിന്ന ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ തുടരണമെന്ന് അവർ തീരുമാനിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെയും ബി.ജെ.പി.-യുടെയും എതിർപ്പുകളും സാമ്പത്തികമായി സംസ്ഥാനത്തെ വരിഞ്ഞുമുറുക്കുന്നതിന് അവർ സ്വീകരിക്കുന്ന സമീപനങ്ങളും പ്രതിസന്ധി സൃഷ്ടിക്കുന്ന ഘട്ടത്തിൽ, കേരളത്തിൽ ഒരിക്കലും നടക്കില്ലെന്ന് കരുതിയിരുന്ന വികസന പ്രവർത്തനങ്ങളും ജനക്ഷേമപ്രവർത്തനങ്ങളുമെല്ലാം ഒരുവശത്ത് നടപ്പാക്കുമ്പോൾ മറുവശത്ത് പ്രതിപക്ഷം എല്ലാവിധ വർഗ്ഗീയശക്തികളെയും കൂട്ടുപിടിച്ചുകൊണ്ട് ഈ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താനാണ് ശ്രമിക്കുന്നത്. കഴിഞ്ഞ ദിവസം ക്ഷീരമേഖലയുമായി ബന്ധപ്പെട്ട ചർച്ച നടന്നപ്പോൾ ഇവർ പറഞ്ഞുപഴകിയ കാര്യങ്ങൾ തന്നെയാണ് വീണ്ടും പറഞ്ഞത്. കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞ കാര്യങ്ങളാണ് അതെല്ലാമെന്ന് ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കണമെന്നാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ സഹകരണ മേഖല

രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിൽ ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ്. സഹകരണ മേഖലയുമായി ഇടപെടാത്ത ഒരാളും കേരളത്തിലുണ്ടാകില്ല. ആ സഹകരണ മേഖല ഇന്ന് പലതരത്തിലുള്ള പ്രതിസന്ധികളെ നേരിടുകയാണ്. സ്വാതന്ത്ര്യത്തിനുമുമ്പ് കേരളത്തിൽ വേരുറപ്പിച്ച സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലത്തിനൊപ്പമല്ല കാലത്തിന് മുമ്പേയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. വിത്തും വളവും വിതരണം ചെയ്യുന്ന സംഘങ്ങൾ തുടങ്ങി കാർഷിക വിഭവങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വികസിത രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന സംഘങ്ങൾ വരെയുണ്ട്. വാരപ്പെട്ടി സഹകരണ ബാങ്കിന്റെ കാര്യം കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി എടുത്തുപറയുകയുണ്ടായി. അവിടെനിന്നും കപ്പയും ഏത്തപ്പഴവുമുൾപ്പെടെ നല്ല വിലയ്ക്ക് കർഷകരിൽനിന്ന് സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതോടൊപ്പം വാരപ്പെട്ടി ബ്രാൻഡ് വെളിച്ചെണ്ണയും ഉല്പാദിപ്പിച്ച് ആസ്ട്രേലിയ, യു.എസ്.എ., ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. ഏറെ വൈകാതെ യു.കെ.-യിലേയ്ക്കും കയറ്റുമതി ചെയ്യാൻ കഴിയുന്ന

സാഹചര്യത്തിലേയ്ക്ക് ബാങ്ക് എത്തിയിരിക്കുകയാണ്. വാരപ്പെട്ടിയെന്ന ചെറിയ പ്രദേശത്ത് പ്രവർത്തിക്കുന്ന വലിയ സഹകരണ വിജയ മാതൃകയാണ് ഞാനിവിടെ സൂചിപ്പിച്ചത്. മഹാപ്രളയകാലം മുതൽ പ്രത്യേകിച്ച് കാലാവസ്ഥാ വ്യതിയാനവും അതിവർഷവും ഉൾപ്പെടെയുള്ള ഘട്ടങ്ങളിൽ കപ്പ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതിരുന്ന, അഞ്ച് രൂപയ്ക്കുപോലും കപ്പ വാങ്ങാനാളില്ലാതിരുന്ന സമയത്ത് ഏതാണ്ട് 20 രൂപയോളം വില നൽകി കർഷകരിൽനിന്ന് അത് സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയുണ്ടായി. ഇപ്പോൾ 35 രൂപയിൽക്കൂടുതൽ കൊടുത്ത് കർഷകരിൽ നിന്നും കപ്പ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നത് ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി അവിടെ വന്ന് കണ്ടിട്ടുള്ളതാണ്. വലിയ പ്ലാന്റുൾപ്പെടെ സ്ഥാപിച്ച് ആ നാട്ടിലെ ചെറുപ്പക്കാരടക്കമുള്ളവർക്ക് തൊഴിൽ നൽകാൻ കഴിയുന്ന തരത്തിലുള്ള ജനകീയ ഇടപെടലായി പ്രസ്ഥാനം മാറിയിരിക്കുകയാണ്. വാരപ്പെട്ടി ബ്രാൻഡ് വെളിച്ചെണ്ണ ഇന്ന് കേരളത്തിൽ മാത്രമല്ല ഇതരസംസ്ഥാനങ്ങളിലുൾപ്പെടെ സ്വീകാര്യതയുള്ള ഒരു ബ്രാൻഡായി മാറിയിരിക്കുകയാണ്. കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടുകൊണ്ട് വളർച്ച കൈവരിച്ച് പുതിയ മേഖലയിലേയ്ക്ക് ചേക്കേറുമ്പോഴും

സാധാരണക്കാരോടൊപ്പം നിൽക്കാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റാനും സഹകരണ സംഘങ്ങൾ എന്നും മുന്നിലുണ്ട്. അതിന്റെയൊരു ഉദാഹരണമാണ് പ്രളയവും അതിവർഷവുമടക്കമുള്ള പ്രകൃതിക്ഷോഭങ്ങളിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്ക് താങ്ങായി തണലായി അവരോടൊപ്പം നിൽക്കുന്നതിനുവേണ്ടി 'കെയർ ഹോം' പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ചത്. അശരണരെ ചേർത്തുനിർത്തി സംരക്ഷിക്കുന്ന ബൃഹത് പദ്ധതിയാണിത്. ഒന്നാംഘട്ടത്തിൽ ഏതാണ്ട് 2088 വീടുകൾ ആ പദ്ധതി മുഖേന നിർമ്മിച്ചുനൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ ആദ്യപാദത്തിൽ 40 ഭവന സമുച്ചയങ്ങൾ ഇതിനോടകം നിർമ്മിച്ചുനൽകി. എല്ലാ ജില്ലകളിലും കെയർ ഹോം പദ്ധതിയുടെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ മുന്നോട്ടുപോകുകയാണ്. അടച്ചുറപ്പുള്ള വീടെന്ന സാധാരണക്കാരന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് സഹകരണ സംഘങ്ങൾ മികച്ച പിന്തുണയാണ് നൽകിയിട്ടുള്ളത്. മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ മറികടക്കാൻ സഹകരണ സംഘങ്ങളിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അതെല്ലാം കേരളത്തിലെ ജനങ്ങൾക്ക് നേരിട്ട് അനുഭവമുള്ള കാര്യമാണ്. സംസ്ഥാനത്ത് പ്രവർത്തിച്ച കമ്മ്യൂണിറ്റി കിച്ചണുകൾക്കാവശ്യമായ സഹായം എത്തിച്ചുകൊടുക്കാൻ സഹകരണ

ബാങ്കുകളുണ്ടായിരുന്നു. പൾസ് ഓക്സിമീറ്റർ അടക്കമുള്ള ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്ത് സ്വകാര്യ കുത്തകകൾ ഈ മേഖലയിൽ സൃഷ്ടിച്ച വിലക്കയറ്റത്തിന് തടയിടാൻ സഹകരണ ബാങ്കുകൾക്ക് ആ ഘട്ടത്തിൽ സാധിച്ചിട്ടുണ്ട്. വായ്പാ തിരിച്ചടവിന് സാവകാശവും പലിശയിളവും നൽകിയതോടൊപ്പം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങളും നൽകി സഹകാരികൾക്കൊപ്പം നിൽക്കാനും സഹകരണമേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സുകളുൾപ്പെടെയുള്ള മേഖലയിലും സജീവമായി ഇടപെടുന്നതിന് ആ ഘട്ടങ്ങളിൽ സഹകരണ ബാങ്കുകൾക്ക് സാധിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധി സാധാരണക്കാരുടെ വരുമാനത്തെ ബാധിച്ചപ്പോൾ ആ മേഖലയിലേയ്ക്ക് പലിശ സംഘങ്ങൾ കടന്നുവന്ന ഘട്ടത്തിലാണ് 'മുറ്റത്തെ മുല്ല' പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ചത്. അതിലൂടെ കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാൻ സാധിച്ചത്. ഇന്ന് ഗ്രാമപ്രദേശങ്ങളിൽ സാധാരണക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നതും മുറ്റത്തെ മുല്ല പദ്ധതിയെയാണ്. ഇതിനുപുറമെയാണ് 'സ്നേഹതീരം' പദ്ധതി സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്. തീരപ്രദേശങ്ങളിൽ മത്സ്യ വിപണനവും അനുബന്ധ ജോലികളും ചെയ്യുന്ന

ഭൂരിഭാഗം പേരും ദിവസ പലിശയ്ക്കോ ഒരാഴ്ചത്തെ അവധിയിലോ ഉയർന്ന പലിശയ്ക്ക് പണം വാങ്ങുന്നവരാണ്. മത്സ്യ വില്പന കഴിയുമ്പോൾ അവർക്ക് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകാറുണ്ട്. ഇതൊഴിവാക്കുന്നതിനാണ് ഫിഷറീസ് വകുപ്പുമായി സഹകരിച്ചുകൊണ്ട് സഹകരണ സംഘങ്ങൾവഴി തീരപ്രദേശങ്ങളിൽ സ്നേഹതീരം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അടിസ്ഥാനസൗകര്യ വികസനരംഗത്തും സഹകരണ മേഖല സജീവമായി ഇടപെടുകയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഈ രംഗത്ത് വിപ്ലവകരമായ മുന്നേറ്റമാണ് സൃഷ്ടിച്ചിട്ടുള്ളത്. റോഡുകളുടെയും പാലങ്ങളുടെയും വൻകിട കെട്ടിടങ്ങളുടെയും നിർമ്മാണത്തിൽ ഇന്ന് വിശ്വസ്ത സ്ഥാപനമായി അത് മാറുകയും നിരവധി അന്തർദേശീയ പുരസ്കാരങ്ങൾ നേടിക്കൊണ്ട് ലോകശ്രദ്ധ ആകർഷിക്കുകയും ചെയ്തിട്ടുണ്ട്. ഐ.റ്റി. രംഗത്ത് മാറ്റിനിർത്താൻ സാധിക്കാത്ത വിധത്തിൽ വളരാൻ ഇവർക്കായെന്നത് പ്രത്യേകം കാണേണ്ടതാണ്. സംസ്ഥാന സഹകരണ സംഘം 'കേരള ബാങ്ക് എന്ന ബ്രാൻഡ് നെയിമിലേയ്ക്ക് മാറിയപ്പോൾ സാമ്പത്തിക രംഗത്ത് ശ്രദ്ധേയമായ സഹകരണ വിപ്ലവമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. റീജിയണൽ ഓഫീസുകൾ ഗ്രാമ-നഗര പ്രദേശങ്ങളിൽ കൂടുതൽ ശാഖകളുമായി സാധാരണക്കാരുമായി ബന്ധപ്പെടുന്ന സ്ഥാപനമായി

കേരള ബാങ്കിന് മാറാൻ സാധിച്ചു. കോവിഡ് പ്രതിസന്ധിയിലാക്കിയ വ്യാപാരി-വ്യവസായികളെയും സ്വയംസംരംഭകരെയും വിദ്യാർത്ഥികളെയും കർഷകരെയും സഹായിക്കാൻ കേരള ബാങ്ക് പദ്ധതികൾ ആവിഷ്കരിച്ചു. വലിയ സാമ്പത്തിക പിന്തുണ അവകാശപ്പെടുന്ന ദേശസാൽകൃത ബാങ്കുകളും സ്വകാര്യ പുത്തൻ തലമുറ ബാങ്കുകളും കടന്നുചെല്ലാൻ മടിക്കുന്ന മേഖലയിലേയ്ക്ക് കേരള ബാങ്ക് കടന്നുചെല്ലുകയും ജനങ്ങൾക്ക് ആശ്വാസം പകരുകയും ചെയ്തിട്ടുണ്ട്. നിക്ഷേപ സമാഹരണ യജ്ഞം പ്രഖ്യാപിച്ചപ്പോൾ ലക്ഷ്യം വച്ചതിനേക്കാൾ പതിന്മടങ്ങ് നിക്ഷേപമാണ് കേരള ബാങ്കിലെത്തിയത്. ഇത് തെളിയിക്കുന്നത് വിശ്വാസ്യതയാണ്. കഴിഞ്ഞ ഒരുവർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ 1184 സ്ഥിര നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കേരള ബാങ്കിൽ ആയിരത്തോളം തസ്തികകളിലേയ്ക്കുള്ള സ്ഥിര നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും ശക്തമായ ഇടപെടൽ നടത്താൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പ്രമോദ് നാരായൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

' ഇടിവെട്ടി മുളപൊട്ടി, ഇലനീട്ടി വെയിൽമോന്തി

ശതശാഖികൾ പടർത്തിയൊരു കാടിന്റെ സാന്ദ്രഹരിതാഭമാം

ദൃശ്യമാം സംഗീതമാകുന്ന ജീവന്റെയുന്മത്ത നൃത്തം'

കോടാനുകോടി വർഷത്തെ പരിണാമ പ്രക്രിയയിൽ രൂപപ്പെട്ട നിത്യ ഹരിതവനങ്ങൾ, ചോലവനങ്ങൾ, മഴക്കാടുകൾ, തണ്ണീർത്തടങ്ങൾ ഇത്തരത്തിൽ അത്ഭുതപ്പെടുത്തുന്ന ആവാസ വ്യവസ്ഥകളാൽ സമ്പന്നമാണ് നമ്മുടെ കൊച്ചുകേരളം. ആകെ ഭൂവിസ്തൃതിയുടെ മുപ്പത് ശതമാനം വനമുള്ള കേരളം ദേശീയ നിലവാരത്തേക്കാൾ ഉയർന്നുനിൽക്കുന്നവെന്നതിൽ നമുക്ക് അഭിമാനിക്കാം. ബഫർ സോൺ വിഷയത്തിന്മേലുള്ള സുപ്രീംകോടതി വിധിയെത്തുടർന്ന് മലയോര മേഖലയിലാകെ ആശങ്കകൾ കത്തിപ്പടർന്നപ്പോൾ രാഷ്ട്രീയ ഭേദമെന്യേ കൃഷിയിടങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും സംരക്ഷിക്കണമെന്ന നിലപാട് ഒറ്റക്കെട്ടായി നാം സ്വീകരിച്ചതും അഭിമാനകരം തന്നെയാണ്. കേന്ദ്ര സർക്കാർ വിളിച്ച സർവ്വകക്ഷി യോഗത്തിൽ കേരള കോൺഗ്രസ് (എം)-ന്റെ ആദരണീയനായ ചെയർമാൻ കൂടിയായ ശ്രീ. ജോസ് കെ. മാണി, എം.പി., ഇതുസംബന്ധിച്ച് പ്രസക്തമായ ഒരു നിർദ്ദേശം അവതരിപ്പിക്കുകയുണ്ടായി. 2014 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ, 1973-ലെ വനം വന്യജീവി നിയമം ഉൾപ്പെടെയുള്ള

ബൃഹത്തായ ആറ് നിയമങ്ങൾ പരിഷ്കരിക്കാൻവേണ്ടി റ്റി.എസ്.ആർ. സുബ്രഹ്മണ്യൻ എന്ന മുൻ ക്യാബിനറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഇത് സമഗ്രമായി പഠിക്കണമെന്നതുകൊണ്ട് കൂടുതൽ സമയം ആവശ്യമുണ്ടെന്നാണ് അവർ പറഞ്ഞത്. ഇത്തരം നിയമങ്ങളുടെ കാലോചിതമായ പരിഷ്കരണത്തിന്റെ അനിവാര്യതയും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ അന്തിമവിധി പുറപ്പെടുവിക്കാൻ പാടുള്ളൂവെന്ന കാര്യവും സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തേണ്ട ചുമതല കേന്ദ്ര സർക്കാരിനുണ്ട്. അക്കാര്യം കേരളം ശക്തമായി പറയുകയും Central Empowered Committee-യുടെ മുമ്പാകെയുള്ള പ്രമേയത്തിന്മേൽ തുടർന്നും ഇടപെടലുകൾ നടത്തുകയും വേണം. വനം-വന്യജീവി സംഘർഷമാണ് ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്തിട്ടുള്ള വിഷയം. എന്റെ മണ്ഡലമായ റാന്നിയിലെ പന്ത്രണ്ട് പഞ്ചായത്തുകളിലുൾപ്പെട്ട നാറാണമൂഴി, വടശ്ശേരിക്കര, വെച്ചൂചിറ, പെരുനാട് പോലുള്ള പഞ്ചായത്തുകളിൽ ആനയും അണ്ണാനും മ്ലാവും മയിലും കാട്ടുകുരങ്ങുമൊക്കെ സ്വൈരവിഹാരം നടത്തി കൃഷിയിടങ്ങൾ തകർക്കുകയാണ്. കോന്നിയിൽ കടുവയിറങ്ങിയെന്ന് ഇന്നലെ വാർത്ത വന്നിട്ടുണ്ട്. ആളുകൾ ആശങ്കയിലാണ്. 2016 മുതൽ 2021 വരെ 589

മനുഷ്യജീവനുകളാണ് നഷ്ടമായത്. 2.3 കോടി രൂപയാണ് നഷ്ടപരിഹാരമായി നൽകിയത്. മരണപ്പെട്ടവരിൽ ഭൂരിഭാഗം പേരും കർഷകരാണ്. അവരാരും നായാട്ടിനോ വനം കയ്യേറാനോ പോയതല്ല. കൃഷി പരിസ്ഥിതിക്ക് വിപരീതമല്ല, കർഷകൻ കാടിന്റെ ശത്രുവുമല്ല. കർഷകർക്കെല്ലാം ജീവൻ നഷ്ടമാകുകയാണ്. അവരെ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണം. കാട്ടുപന്നിയുടെ ശല്യം വളരെയധികം വർദ്ധിച്ചപ്പോൾ ഹോട്ട്സ്പോട്ട് പട്ടിക പുതുക്കാൻ നാം ആവശ്യപ്പെട്ടിട്ടും കേന്ദ്ര സർക്കാർ തയ്യാറാകാതിരുന്നപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നിയെ കൊല്ലാൻ നടപടി സ്വീകരിച്ചത് അഭിനന്ദനാർഹം തന്നെയാണ്. 1972-ലെ വനം വന്യജീവി നിയമം ശാശ്വതമായി ഭേദഗതി ചെയ്യാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. കാലങ്ങൾക്കുമുമ്പ് വനത്തിനുള്ളിൽ നാം അക്കേഷ്യ മരങ്ങൾ നട്ടു. ആസ്ട്രേലിയ, ന്യൂസിലാൻഡ് പോലുള്ള രാജ്യങ്ങളിലെ ചതുപ്പുനിലങ്ങളെ വരണ്ട ഭൂമിയാക്കാൻവേണ്ടി അക്കേഷ്യയും മാഞ്ചിയവുമെല്ലാം നട്ടപ്പോൾ തണ്ണീർത്തടങ്ങളിലെയും നീർച്ചാലുകളിലെയുമെല്ലാം ജലം ഇവ വലിച്ചെടുത്തു. ഇതിന്റെ ഇലകൾ കോലയും കങ്കാരുവും കഴിക്കും, നമ്മുടെ കാട്ടിലെ മൃഗങ്ങൾ കഴിക്കില്ല. കാട്ടുതീയിൽ മറ്റെല്ലാ മരങ്ങളും

കത്തിയമർന്നാലും ഈ വിദേശ വൃക്ഷങ്ങളുടെ വിത്തുകൾ ആർത്തിയോടെ ജെർമിനേറ്റ് ചെയ്യുകയാണ്. അതുകൊണ്ടാണ് വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നത്. നമ്മുടെ പുതിയ വന നയം പരിശോധിക്കുമ്പോൾ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ഘട്ടംഘട്ടമായി പോരാ, ഇത്തരത്തിലുള്ള വിദേശ ഏക വിള വൃക്ഷങ്ങളെ നിയന്ത്രിക്കാൻ നമുക്ക് സാധിക്കണം. നമ്മുടെ വനം വകുപ്പിലെ ഉദ്യോഗസ്ഥർ പൊതുവെ കഠിനപ്രയത്നം നടത്തുന്നവരാണ്. പക്ഷെ ചില സ്ഥലങ്ങളിലെങ്കിലും മരം മുറിക്കലുമായി ബന്ധപ്പെട്ട് അനാവശ്യമായി പിടിവാശി കാണിക്കുന്നുണ്ട്. വനസംരക്ഷണത്തിന്റെ അഞ്ചാം ചട്ടമനുസരിച്ച് വൃക്ഷങ്ങൾ പൂർണ്ണമായും മുറിച്ചുകളയാൻ സാധിക്കില്ല, കത്തിച്ചുകളയുന്നതും കുറ്റകരമാണ്. ഇടുക്കിയിലെ ഏലം കർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് അവിടെ തണൽ ക്രമീകരണം വേണമെന്നത്. സി.എച്ച്.ആർ. ഭൂമിയോ നോട്ടിഫൈഡ് ഏര്യയിൽപ്പെടുന്ന ഭൂമിയോ അല്ലെങ്കിൽപ്പോലും അവിടെ തണൽ ക്രമീകരണം നടത്തുന്നതിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുകയാണ്. ഇത്തരം ആളുകളെ നിയന്ത്രിക്കാൻ സാധിക്കണം. നമുക്ക് ഒരുപാട് ഗവേഷണ സ്ഥാപനങ്ങളുണ്ട്. ഇപ്പോൾ Wildlife Institute of India ഉണ്ട്. Artificial intelligence പോലുള്ള മാർഗ്ഗങ്ങളുപയോഗിച്ച് മഴയും

മണ്ണിടിച്ചിലുമൊക്കെ മുൻകൂട്ടി കാണാൻ സാധിക്കുന്നുണ്ട്. എന്തുകൊണ്ടാണ് പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ച് വന്യമൃഗങ്ങളുടെ വിഹാരത്തെ സംബന്ധിച്ച് പഠിക്കാൻ സാധിക്കാത്തത്? യൂറോപ്യൻ രാജ്യങ്ങളിലേതുപോലെ വന്യമൃഗങ്ങളെ അവരുടെ ആവാസ വ്യവസ്ഥയിൽത്തന്നെ നിലനിർത്തുന്നതിനുള്ള Bio Bridge Initiative-കളുടെ സാധ്യത ആരായണം. സോളാർ വേലികൾ സ്ഥാപിച്ചെങ്കിലും അതിന്റെ മെയിന്റനൻസ് ഫലപ്രദമായി നടത്താൻ നമുക്ക് സാധിക്കുന്നില്ല. അതുകൊണ്ട് പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ വഴിത്താരകൾ ശാസ്ത്രീയമായി മാപ്പിംഗ് ചെയ്യണം. കാടിനെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി ഗോത്രവിഭാഗങ്ങളുള്ള ഒരു മണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നത്. അവരുടെ ജീവനോപാധി വനമാണ്. അവരെക്കൂടി ചേർത്തുപിടിച്ച് വനം സംരക്ഷിക്കുന്നതോടൊപ്പം കർഷകരെയും സംരക്ഷിക്കാനുള്ള സമീപനം സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കാലികപ്രസക്തിയുള്ള ഒരു ഘട്ടത്തിലാണ് സഹകരണവും വനവുമായും ബന്ധപ്പെട്ട ചർച്ച ഇവിടെ നടക്കുന്നത്.

ജനങ്ങളുടെ ജീവിത നിലവാരമുയർത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുംവേണ്ടി സഹകരണ പ്രസ്ഥാനങ്ങളെ ഗവൺമെന്റ് മുന്നോട്ട് കൊണ്ടുപോകുന്നുവെന്നുള്ളത് പ്രശംസനീയമാണ്. ആഗോള സാമ്പത്തിക നയത്തിന്റെ ഭാഗമായി നമ്മുടെ രാജ്യം സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് ഇന്ന് നിലനിൽക്കുന്നത്. ആരാണ് അതിന് കാരണമായിട്ടുള്ളത്? ഇന്ത്യയിൽ ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങളും ആഗോള സാമ്പത്തിക നയങ്ങളും നടപ്പാക്കിയതിന്റെ ഫലമായി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും വിറ്റുകൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്കും കോർപ്പറേറ്റ് മുതലാളിമാർക്കും വിൽക്കുമ്പോൾ അനേകം കുടുംബങ്ങളാണ് വഴിയാധാരമാകുന്നത്. ഇത്തരം കാര്യങ്ങൾക്കൊക്കെ തുടക്കം കുറിച്ചതും നടപ്പാക്കിയിട്ടുള്ളതും ഏറെക്കാലം ഇന്ത്യ ഭരിച്ച കോൺഗ്രസ് ഗവൺമെന്റാണെന്ന് നമുക്ക് കാണാൻ സാധിക്കും. ഗാട്ട്, ആസിയാൻ കരാറുകൾ പോലെയുള്ളവ ഈ രാജ്യത്ത് നടപ്പിൽ വരുത്തിയത് പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന കോൺഗ്രസ് ഗവൺമെന്റാണ്. അതിന്റെ കെടുതികൾ രാജ്യം ഇപ്പോൾ

അനുഭവിക്കുകയാണ്. നമ്മുടെ രാജ്യത്ത് അവസാനമായി നടപ്പാക്കിയ കാർഷിക നയം തുടങ്ങിവച്ചത് കോൺഗ്രസ് ഗവൺമെന്റാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അവരത് നടപ്പാക്കി. ആ കാർഷിക നയത്തിന്റെ ഭാഗമായി കാർഷിക സബ്സിഡികളെല്ലാം നിലയ്ക്കുകയും കാർഷിക മേഖല ഇതര കോർപ്പറേറ്റ് മുതലാളിമാർക്ക് തീറെഴുതുകയും ചെയ്തു. അതിന്റെ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. അതുപോലെ കോൺഗ്രസ് നടപ്പാക്കിയിട്ടുള്ള മറ്റൊരു കാര്യമാണ് ജി.എസ്.ടി., ഇത് തുടങ്ങിവച്ചത് കോൺഗ്രസ് ഗവൺമെന്റാണ് എന്നുള്ളത് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അതിന്റെ ഭാഗമായുള്ള സാമ്പത്തിക പ്രത്യാഘാതങ്ങളും വളരെ വലുതാണ്. ഇങ്ങനെ നമ്മുടെ രാജ്യത്തെ ഇന്നത്തെ ദുരവസ്ഥയിലേയ്ക്ക് കൊണ്ടുപോകുന്നതിന് ആധാരമായ കാര്യങ്ങൾക്ക് തുടക്കംകുറിച്ചതും നടപ്പിലാക്കിയതുമൊക്കെ യു.ഡി.എഫ്.-ഉം കോൺഗ്രസ് ഗവൺമെന്റുമാണ്. പക്ഷേ ഇന്ന് അവർ അതെല്ലാം മറന്നാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. വന നയവും ബഫർ സോണുമായി ബന്ധപ്പെട്ട കാര്യങ്ങളും മാധവ് ഗാഡ്ഗിൽ റിപ്പോർട്ടുമൊക്കെ നടപ്പാക്കാൻ മുൻകയ്യെടുത്തത് കോൺഗ്രസാണ്. ഈ ഗവൺമെന്റ് വനത്തിനും പരിസ്ഥിതിക്കും എതിരൊന്നുമല്ല. പക്ഷേ അത്തരം കാര്യങ്ങൾ

നടപ്പാക്കുമ്പോൾ ദീർഘവീക്ഷണത്തോടെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ അന്നത്തെ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. ജയറാം രമേശ് ഞങ്ങളുടെ നാട്ടിൽ ഒരു യോഗത്തിൽ പങ്കെടുക്കുകയും അത് സംഘർഷത്തിലേയ്ക്ക് പോകുകയും ചെയ്തത് എനിക്ക് ഓർമ്മയുണ്ട്. കേരളത്തിൽ അന്നത് നടപ്പാക്കാൻ മുൻകയ്യെടുത്തത് ഇന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും എം.പി. ആയ ശ്രീ. ടി. എൻ. പ്രതാപനുമൊക്കെയാണ്. അവരൊക്കെ ഇക്കാര്യങ്ങൾ വിസ്മരിച്ചുകൊണ്ടാണ് സഭയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തിനും സമൂഹത്തിനും ഇത്രയും ദോഷകരമായ നിയമനടപടികളും പരിഷ്കാരങ്ങളും നടപ്പാക്കിയവരാണ് ഇവിടെ പ്രതിപക്ഷത്തിരിക്കുന്നത്. ബഫർ സോണും കസ്തൂരി രംഗൻ റിപ്പോർട്ടുമൊക്കെ നടപ്പാക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ വനാന്തരങ്ങളിലും വനത്തിനുള്ളിലുമൊക്കെയായി പട്ടികവർഗ്ഗക്കാരും ഇടത്തരം കർഷകരുമുൾപ്പെടെ ആയിരക്കണക്കിന് ആളുകളാണ് താമസിക്കുന്നത്. അവർ നാളെ എങ്ങനെ ജീവിക്കുമെന്ന കാര്യത്തെക്കുറിച്ചൊന്നും ചിന്തിക്കാതെയും മനസ്സിലാക്കാതെയും പന്ത്രണ്ട് കിലോമീറ്ററും പതിമൂന്ന് കിലോമീറ്ററും വരുന്ന പരിധി ബഫർ സോണായി നടപ്പാക്കണമെന്നാണ്

യു.ഡി.എഫ്. കൊടുത്തിട്ടുള്ള നിർദ്ദേശം. ഇങ്ങനെ തെറ്റായ നിർദ്ദേശങ്ങളും കാര്യങ്ങളുമൊക്കെ യു.ഡി.എഫ്. നടപ്പാക്കുകയും പറയുകയുമൊക്കെ ചെയ്തിട്ട് നിയമസഭയിൽ വന്ന് ഇന്ന് കേരളം ഭരിക്കുന്ന ഇടതുപക്ഷ ഗവൺമെന്റിനെ പഴിചാരുന്ന പ്രവണതയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത് കേരള സമൂഹത്തിന് കൃത്യമായി തിരിച്ചറിയാനും മനസ്സിലാക്കാനും സാധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സഹകരണ മേഖലയ്ക്ക് കാലികപ്രസക്തിയുള്ള ഘട്ടമാണെന്ന് നമുക്കറിയാം. സഹകരണ മേഖലയില്ലെങ്കിൽ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. നേരത്തെ ഇവിടെ ശ്രീ. ആന്റണി ജോൺ പറഞ്ഞതുപോലെ മത്സ്യത്തൊഴിലാളികളും ഉന്തുവണ്ടിക്കാരും വഴിയോര കച്ചവടക്കാരുമൊക്കെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന ഒരു സംസ്ഥാനമാണ് കേരളം. അവർ എങ്ങനെ ജീവിതം കരുപ്പിടിപ്പിക്കും? അവരെയൊക്കെ സംരക്ഷിക്കാനുള്ള വലിയ ഉത്തരവാദിത്വം ഇടതുപക്ഷ ഗവൺമെന്റിനുണ്ട്. അതിന്റെ ഭാഗമായി സഹകരണ മേഖല നടപ്പാക്കുന്ന 'സ്നേഹതീരം' പദ്ധതിയിലൂടെ അവർക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾ കൊടുത്തുകൊണ്ട് ലക്ഷോപലക്ഷം കുടുംബങ്ങളെയാണ് ഈ ഗവൺമെന്റ് സംരക്ഷിച്ചുപോരുന്നത്. സഹകരണ സംരംഭങ്ങളുടെ കാര്യവും

അതുപോലെതന്നെയാണ്. കൈത്തറി, ബീഡി സഹകരണ സംഘങ്ങളിലൂടെ ആയിരക്കണക്കിന് കുടുംബങ്ങളാണ് ജീവിതം കെട്ടിപ്പടുക്കുന്നത്. മറ്റൊരു കാര്യം കുടുംബശ്രീയുടേതാണ്. കുടുംബശ്രീ നമ്മുടെ മുറ്റത്തെ അല്ലെങ്കിൽ വീട്ടിലെ ബാങ്കാണ്. അതിന് നേതൃത്വം കൊടുത്തിട്ടുള്ളത് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റാണ്. കുടുംബശ്രീ സംവിധാനം രൂപീകരിക്കുമ്പോൾ എന്തൊക്കെ വിമർശനങ്ങളും കിംവദന്തികളുമൊക്കെയാണ് ഇവിടെ പ്രചരിപ്പിച്ചത്? ഇപ്പോൾ കോടാനുകോടി രൂപ സംഭരിച്ചുകൊണ്ട് സഹോദരിമാർ ഓരോ വീടിനെയും നാടിനെയും സമൂഹത്തെയും മുന്നോട്ട് നയിക്കുകയാണ്. ആ സംവിധാനത്തെ തകർക്കുന്നതിനുവേണ്ടി ശ്രമിച്ചിട്ടുള്ളത് ആരാണെന്ന് നമുക്കറിയാം. ഞങ്ങൾ അധികാരത്തിൽ വന്നാൽ കുടുംബശ്രീയെ പിരിച്ചുവിടും, ജനശ്രീ രൂപീകരിക്കും എന്നൊക്കെ പറഞ്ഞു. ജനശ്രീ രൂപീകരിച്ചോ? ജനങ്ങളുടെ ജീവിത നിലവാരത്തെ പുറകോട്ട് വലിക്കുന്ന ഇത്തരം കാഴ്ചപ്പാടുകളും നയസമീപനങ്ങളും ഭരണപരിഷ്കാരങ്ങളുമാണ് കഴിഞ്ഞ കാലത്ത് കേന്ദ്രത്തിലായാലും കേരളത്തിലായാലും യു.ഡി.എഫ്. നടപ്പാക്കിയത്. അത്തരം കാര്യങ്ങളൊക്കെ മനസ്സിലാക്കി ദീർഘവീക്ഷണത്തോടുകൂടി വലിയ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോൾത്തന്നെ സഹകരണ

പ്രസ്ഥാനം കരുത്തുറ്റ രീതിയിൽ പ്രവർത്തിക്കുകയാണ്. കേരള ബാങ്ക് പോലെയുള്ള സംവിധാനങ്ങൾ കെട്ടിപ്പടുത്തും കടശ്വാസ പദ്ധതികൾ നടപ്പാക്കിയും മൊറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ടുമൊക്കെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സഹകാരികളെയും സംരക്ഷിക്കുന്ന നിലപാടുതന്നെയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വനവുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. എല്ലാ വർഷവും വനവൽക്കരണം ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ നടപ്പാക്കുന്നുണ്ട്. സ്കൂൾ മുഖാന്തരവും വ്യക്തിഗതമായും സോഷ്യൽ ഫോറസ്ട്രിയിലൂടെയും കൂടുതൽ വനങ്ങൾ വച്ചുപിടിപ്പിക്കാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ നിലവിലുള്ള വനങ്ങളെ നിബിഡ വനങ്ങളാക്കാൻ സാധിക്കുമെങ്കിലും വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല. വനത്തിനുള്ളിൽ മൃഗങ്ങളുടെ എണ്ണം പതിന്മടങ്ങായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കാലാനുസൃതമായി ഇതിനെ എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നുള്ളത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ക്ഷുദ്ര ജീവിയായ പന്നിയെ കൊല്ലുന്നതിനുള്ള നടപടിയെടുത്തത് കർഷകർക്ക് ആശ്വാസകരമായ കാര്യമാണ്. മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ഒഴിവാക്കുന്നതിനായി കാലാനുസൃതമായ

ചില കാഴ്ചപ്പാടുകൾ ഈ കാലഘട്ടത്തിൽ രൂപപ്പെടുത്തണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുന്നു. ലോകത്തോളം വളർന്നതാണ് അതിജീവനത്തിന്റെ, വികസന കുതിപ്പിന്റെ, ഒരുമയുടെ, മതേതരത്വത്തിന്റെ, മാനവികതയുടെ തുരുത്തായി മാറുന്ന കേരളത്തിന്റെ മാതൃക. അറുപത് കൊല്ലം പിന്നിട്ട നമ്മുടെ സംസ്ഥാന ചരിത്രത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം, കൃഷി, വ്യവസായം, പൊതുവിതരണം, സഹകരണം ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ആറ് വർഷമായി രണ്ട് ഇടതുപക്ഷ സർക്കാരുകളുടെ കീഴിൽ അഭൂതപൂർവ്വമായ വികസനത്തിന് കേരളം സാക്ഷ്യം വഹിക്കുകയാണ്. നീതി ആയോഗ് സൂചികയിൽ കേരളത്തിന്റെ ആരോഗ്യ മേഖലയ്ക്ക് ഒന്നാം സ്ഥാനം, പൊതുഭരണ സൂചികയിൽ ഏറ്റവും മികച്ച സംസ്ഥാനം, ലൈഫിന് ഹഡ്കോയുടെ ദേശീയ അംഗീകാരം, ഭക്ഷ്യ സുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ രണ്ടാം സ്ഥാനം, വിലക്കയറ്റം ഏറ്റവും കുറഞ്ഞ സംസ്ഥാനം, ഇന്ത്യാ ടുഡേ സർവ്വേയിൽ ഏറ്റവും സന്തുഷ്ടമായ സംസ്ഥാനം, എല്ലാവർക്കും വീടൊരുക്കാൻ ലൈഫ് പദ്ധതി, ഇവ ലോകത്തിനുതന്നെ മാതൃകയാണ്. രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഒന്നാം

വാർഷികാഘോഷത്തിന്റെ ഭാഗമായി 28808 വീടുകളുടെ താക്കോലുകൾകൂടി മേയ് 17-ന് കൈമാറിയപ്പോൾ 295006 വീടുകളാണ് ലൈഫ് ഭവന പദ്ധതിയിൽ പൂർത്തിയായത്. 34374 വീടുകളുടെയും 24 ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്. ലൈഫ് ഭവന പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 501652 ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചുകഴിഞ്ഞു. മാത്രമല്ല, ഭൂമിയില്ലാത്തവർക്ക് ഭൂമി, ഒരു വർഷംകൊണ്ട് 52000 പേർക്ക് പട്ടയം ഇതൊക്കെ സർവ്വകാല റെക്കോർഡല്ലേ? സഹകരണ മേഖലയിൽ മാത്രം കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2090 വീടുകൾ കൊടുത്തു. ഇപ്പോൾ രണ്ടാം ഘട്ടത്തിൽ വീടും സ്ഥലവുമില്ലാത്തവർക്ക് ഭവന സമുച്ചയം അല്ലെങ്കിൽ വില്ലകൾ നിർമ്മിക്കുകയാണ്. പാലക്കാടുൾപ്പെടെ ഏഴ് ജില്ലകളിൽ ഇപ്പോൾ ഭവന സമുച്ചയത്തിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടക്കുകയാണ്, അതിലൊന്ന് എന്റെ മണ്ഡലത്തിലാണ്. സഹകരണ മേഖലയെ തകർക്കാൻ കേന്ദ്ര സർക്കാർ നിയമം പാസ്സാക്കിയതിനുപുറമെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെ ഉപയോഗപ്പെടുത്തിക്കൊണ്ട് കാർഷിക മേഖലയിൽ ആധിപത്യം ചെലുത്താൻ ശ്രമിക്കുകയാണ്. ലോൺ വേണമോയെന്ന് അന്വേഷിച്ച് അതിന്റെ ഏജന്റുമാർ

വന്നുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയെ തകർക്കുക എന്നതുതന്നെയാണ് അതിന്റെ ഉദ്ദേശ്യം. അതുകൊണ്ട് അക്കാര്യംകൂടി സഹകരണ വകുപ്പിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. എല്ലാവരും സഹകരണ മേഖലയെക്കുറിച്ച് പറഞ്ഞു, അതിനാൽ ഞാൻ കൂടുതൽ കാര്യങ്ങൾ പറഞ്ഞ് ദീർഘിപ്പിക്കുന്നില്ല. അറുപത് കൊല്ലംകൊണ്ട് ചെയ്ത് തീർക്കേണ്ടത് ആറ് കൊല്ലംകൊണ്ട് ചെയ്തു എന്നതാണ് സഹകരണ മേഖലയിലെ മികവാർന്ന പ്രവർത്തനത്തിന്റെ നേട്ടം. അതിന് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്ന കാര്യത്തിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന വനം വകുപ്പിനെയും മന്ത്രിയെയും അഭിനന്ദിക്കുന്നു. ജനവാസ കേന്ദ്രങ്ങളിലേയ്ക്കുള്ള വന്യമൃഗങ്ങളുടെ കടന്നുവരവും കടന്നാക്രമണങ്ങളും നാൾക്കുനാൾ വർദ്ധിക്കുന്നത് തടയാൻ നമുക്ക് കഴിയുന്നില്ല. ഞാൻ പ്രതിനിധീകരിക്കുന്ന മലമ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പാലക്കാട് ഫോറസ്റ്റ് ഡിവിഷനുകീഴിൽ വരുന്ന വാളയാർ റെയ്ഞ്ചിൽ ഒരു റെയ്ഞ്ച് ഓഫീസ് മാത്രമാണ് പ്രവർത്തിക്കുന്നത്. വാളയാർ മുതൽ കല്ലടിക്കോട് വരെ

ഏകദേശം 50 കിലോമീറ്ററിലേറെ ദൂരത്തിൽ വ്യാപിച്ചുകിടക്കുന്നതാണ് ഈ മേഖല. 350 സ്ക്വയർ കിലോമീറ്ററിലേറെ സംരക്ഷിത വനപ്രദേശങ്ങളാണ് ഇവിടെയുള്ളത്. അതിൽ 195 സ്ക്വയർ കിലോമീറ്റർ ജനവാസകേന്ദ്രമാണ്. പരിമിതമായ വനപാലകർ മാത്രമുള്ള വാളയാർ ഫോറസ്റ്റ് റെയ്ഞ്ചിന്റെ കീഴിലാണ് ഇത് എന്നതാണ് പരിതാപകരം. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വന്യജീവി ആക്രമണങ്ങൾ, പ്രത്യേകിച്ച് കാട്ടാനകളുടെ ശല്യം കൂടുതലായി അനുഭവപ്പെടുന്നത് ഈ റെയ്ഞ്ചിലാണ്. ഇക്കഴിഞ്ഞ ജൂലൈ 8-നാണ് പ്രഭാതസവാരിക്ക് പോയ ശിവരാമൻ എന്ന വ്യക്തിയെ കാട്ടാന ചവിട്ടി കൊലപ്പെടുത്തിയത്. അതുൾപ്പെടെ നിരവധി പേരുടെ മരണത്തിന് കാട്ടാനകളുടെ ആക്രമണം കാരണമായിട്ടുണ്ട്. കൂടാതെ ജനവാസ മേഖലയിലേയ്ക്കിറങ്ങുന്ന കാട്ടാനകൾ കൃഷിക്കും വസ്തുവിനും നാശംവരുത്തുന്ന നിരവധി സംഭവങ്ങൾ അനുദിനം നടന്നുകൊണ്ടിരിക്കുകയാണ്. ഏതാനും മാസങ്ങൾക്കുമുമ്പാണ് അകത്തേത്തറ പഞ്ചായത്തിലെ ധോണിയിൽ ആൾത്താമസമില്ലാത്ത വീട്ടിൽ ഒരു പുലി പ്രസവിച്ചത്, അതിൽ രണ്ട് കുഞ്ഞുങ്ങളുമുണ്ട്. അതിനുശേഷം പുലി അവിടെത്തന്നെയാണുള്ളത്, അതിനെ പിടിച്ചിട്ടില്ല. മറ്റൊരു ആൺപുലിയെ പിടിച്ച് പറമ്പിക്കുളത്ത് കൊണ്ടുപോയി വിട്ടു. ഇപ്പോൾ വേറൊരു പുലി വന്നിട്ടുണ്ട്. പന്നിക്കൂട്ടങ്ങളെ

കൊണ്ടുവന്ന് ആൾമറയില്ലാത്ത കിണറ്റിലേയ്ക്ക് പുലിയെ ചാടിച്ച് ഏണി വച്ച് പിടിക്കാൻ ശ്രമം നടത്തിയപ്പോൾ പുലി ഏണിയിൽക്കൂടി കയറി ഓടുകയാണ് ചെയ്തത്. പക്ഷെ അവിടെനിന്ന് പോയിട്ടില്ല. നിലവിൽ രണ്ട് പുലികൾ അവിടെത്തന്നെയുണ്ട്. ഇപ്പോൾ ആന, പുലി, കടുവ, കാട്ടുപന്നി തുടങ്ങിയവ അവിടെ തമ്പടിച്ചിരിക്കുകയാണ്. അവിടെ നിരവധി വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടിട്ടുണ്ട്, ഇത് ഇപ്പോഴും തുടരുകയാണ്.

മി. ചെയർമാൻ: കുങ്കിയാന വന്നതല്ലേ?

ശ്രീ. എ. പ്രഭാകരൻ: സർ, കുങ്കിയാനയുടെ കാര്യം ഞാൻ പറയാൻ തുടങ്ങുന്നതേയുള്ളൂ. കോൺഗ്രസ്സിന്റെ വർത്തമാനം കേട്ട് 439 ഏക്കർ സ്ഥലം കോച്ച് ഫാക്ടറിക്കുവേണ്ടി എടുത്തുകൊടുത്തല്ലോ, ഇപ്പോൾ അവിടെ ആന പ്രസവിച്ചുകിടക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. ഷാഫി പറമ്പിലിനൊന്നും അതിൽ പങ്കില്ല. നിങ്ങളുടെ നേതാക്കൾ പാലക്കാട്ടുകാരെ പറഞ്ഞുപറ്റിച്ചത് വിശ്വസിച്ച് ആ സ്ഥലം ഞങ്ങൾ റെയിൽവേയെ ഏൽപ്പിച്ചല്ലോ, അതിന്റെ പാപഭാരം തീർക്കാൻ ഞാനുംകൂടി ചേർന്ന് ആ ആനകളെ അവിടെനിന്നും ആട്ടിപ്പായിക്കാം. മലമ്പുഴ ഡാമിലെ ഗവർണേഴ്സ് സീറ്റിന് സമീപം ആനയും കുഞ്ഞുങ്ങളുമായി നിൽക്കുന്നത് പത്രത്തിൽ ശ്രീ. ഷാഫി പറമ്പിൽ കണ്ടിട്ടുണ്ടാകും. നിങ്ങളുടെ നേതാക്കന്മാർ ചെയ്ത പാപത്തിന്റെയും ഞങ്ങളത്

വിശ്വസിച്ചതിന്റെയും കറ തീർക്കാൻ നമുക്ക് രണ്ടാൾക്കുംകൂടി കുറച്ച് ആളുകളെയുംകൂട്ടി ആനയെ ഓടിക്കണമെന്നുള്ളത് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. എന്തായാലും കൂടുതൽ അപകടങ്ങളുണ്ടാകാതിരിക്കാനുള്ള ജാഗ്രതയും മുൻകരുതലുകളും വനം വകുപ്പ് സ്വീകരിച്ചേ മതിയാകൂ. മലമ്പുഴയും വാളയാറും കേന്ദ്രീകരിച്ച് ഓരോ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതിന് തൊട്ടടുത്തുള്ള മണ്ണാർക്കാട് ഏഴ് ഫോറസ്റ്റ് സ്റ്റേഷനുകളുണ്ട്. എന്തുകൊണ്ടാണ് വനനിബിഡമായ മലമ്പുഴ പ്രദേശത്ത് ഒരു സ്റ്റേഷനും വരാത്തതെന്നത് ഞാൻ അത്ഭുതത്തോടുകൂടി നോക്കുകയാണ്. എന്തായാലും ഈ രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകളും ഉടൻ ആരംഭിക്കണം, ആവശ്യമായ സ്റ്റാഫും വാഹനങ്ങളും നൽകണം. അതില്ലാതെ അവരെ ചീത്ത പറഞ്ഞിട്ട് കാര്യമില്ല. അർദ്ധരാത്രി രണ്ട് മണിക്കടക്കം ഞാൻ അവരെ വിളിച്ച് ബുദ്ധിമുട്ടിക്കുന്നുണ്ട്. ആനകളെ കാട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുപോകാനാണ് കുങ്കിയാനകളെ കൊണ്ടുവന്നത്. അവർ പറയുന്നത്, PT7 എന്നുപറയുന്ന ഏറ്റവും അക്രമകാരിയായ ആന കുഴപ്പങ്ങളുണ്ടാക്കിയതിനുശേഷം രാത്രി വന്ന് കുങ്കിയാനയെ കെട്ടിയിട്ട സ്ഥലത്താണ് നിൽക്കുന്നത് എന്നാണ്. അവർ തമ്മിൽ പ്രണയത്തിലായിരിക്കുകയാണ്. അതുകൊണ്ട് അതിന്

വേറെയെന്തെങ്കിലും മറുമരുന്ന് കാണുക എന്നതല്ലാതെ കുങ്കിയാനയെവിട്ട് ആനയെ ഉൾക്കാട്ടുകളിലേയ്ക്ക് കയറ്റിയയയ്ക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഇപ്പോൾ പതിനഞ്ച് കിലോമീറ്ററോളം ദൂരം സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. ഇനി 35 കിലോമീറ്റർ ബാക്കിയുണ്ട്. പണമില്ല എന്നാണ് വനം വകുപ്പ് പറയുന്നത്. അതുകൊണ്ട് വനം വകുപ്പിന്റെ ധനാഭ്യർത്ഥനയെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ഇപ്പോൾ ആവശ്യപ്പെട്ടതിലധികം പണം അവർക്ക് അനുവദിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രതിസന്ധികൾ നേരിടുന്നതിൽ പിണറായി വിജയൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ ലോകത്തുതന്നെ ചർച്ചയായതാണ്. എന്തൊക്കെ ആരോപണങ്ങളും ദുരാരോപണങ്ങളും ഉന്നയിച്ചാലും അത് മറച്ചുവയ്ക്കാൻ കഴിയില്ല എന്നത് അംഗീകരിക്കാനും സഹിക്കാനും പറ്റാത്ത മൂന്ന് കൂട്ടരാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അത് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ചില മാധ്യമങ്ങളുമാണ്. ഇവർ മൂന്നുപേരുംകൂടി യോജിച്ച് കാട്ടിക്കൂട്ടുന്ന കോലാഹലങ്ങൾ രാജ്യത്ത് നടക്കുന്ന സംഭവങ്ങളെക്കുറിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണ്. ഇവിടെ സ്വർണ്ണക്കടത്ത് കേസിന്റെ കാര്യംതന്നെ പറയാം. സ്വർണ്ണക്കടത്ത് കേസിന്റെ നാൾവഴികളും ഇതുവരെ നടന്ന അന്വേഷണങ്ങളുമെല്ലാം വിശകലനം ചെയ്താൽ മാധ്യമങ്ങൾക്കുതന്നെ

സത്യം മനസ്സിലാക്കി വാർത്ത നൽകാവുന്നതേയുള്ളൂ. അതിനുപകരം 'സ്വപ്നയുടെ വെളിപ്പെടുത്തൽ ഗുരുതരം', 'പി.സി. ജോർജ് തെളിവ് പുറത്തുവിടുന്നു', 'സ്വപ്ന പൊട്ടിത്തെറിച്ചു, തലകറങ്ങി വീണു, പൊട്ടിക്കരഞ്ഞു' തുടങ്ങിയ മട്ടിലുള്ള പ്രചരണം മാത്രമാണ് ഇപ്പോൾ മാധ്യമങ്ങൾ നടത്തുന്നത്. വെറുപ്പ് നിർമ്മിക്കുന്ന കേന്ദ്രങ്ങളായി വാർത്താ ചാനലുകൾ മാറിയിരിക്കുന്നുവെന്നാണ് ഇന്ത്യയിലെ പ്രമുഖ ജേർണലിസ്റ്റായ ശ്രീമതി ബർഖ ദത്ത് പറഞ്ഞത്. കേരളത്തിൽ അത് പൂർണ്ണമായും ശരിയാണെന്ന് തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. സർക്കാരിനെ അസ്ഥിരപ്പെടുത്തുക എന്നത് മാത്രമാണ് ഭൂരിഭാഗം മാധ്യമങ്ങളുടെയും അജണ്ട. പക്ഷെ അത്തരം മാധ്യമങ്ങൾ ജനങ്ങൾക്കുമുന്നിൽ ആഡിറ്റ് ചെയ്യപ്പെടുന്നുണ്ടെന്ന് അവർ തിരിച്ചറിയുന്ന കാലം അതിവിദൂരമല്ല. അപ്പോഴാണ് പ്രതിപക്ഷവും അന്തംവിട്ട് പോകുന്നത്. ഞാൻ പറയട്ടെ, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് ഒരു ബി.ജെ.പി. എം.പി.-യുടെ ഉടമസ്ഥതയിലുള്ള ചാനൽ തുടർഭരണത്തിന് എൽ.ഡി.എഫ്.-ന് സാധ്യതയുണ്ടെന്ന് പറഞ്ഞപ്പോൾ ഇവർ എന്തൊക്കെ പേക്കൂത്തുകൾ ഇവിടെ കാട്ടിക്കൂട്ടി. ഒന്നര വർഷക്കാലത്തിലേറെ കേന്ദ്ര ഏജൻസികൾ ഇവിടെ അരിച്ചുപെറുക്കി നോക്കിയിട്ടും ഒന്നും കണ്ടെത്തിയില്ല. ചുരുക്കത്തിൽ പ്രതിയായ സ്വപ്ന

പുലമ്പുന്നത് ഏറ്റുപിടിച്ച് നിയമസഭയെപ്പോലും പ്രതിപക്ഷം അലങ്കോലപ്പെടുത്തുകയാണ്. ഒറ്റ വാചകംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഒരിക്കൽ ഒരു രാജ്യത്ത് ഒരു അശരീരിയുടെ ഭാഗമായി ജനങ്ങളാകെ പരിഭ്രാന്തരായി. അർദ്ധരാത്രിയിൽ സൂര്യൻ ഉദിച്ചു. അത് രാജാവിന്റെ ചെവിയിലെത്തിയപ്പോൾ മന്ത്രിയെയും സേനാനായകനെയും വിളിച്ച് അദ്ദേഹം ചോദിച്ചു, അർദ്ധരാത്രിയിൽ സൂര്യൻ ഉദിച്ചത് ആരാണ് കണ്ടത്, അതിൽ ആരൊക്കെയാണ് ബന്ധപ്പെട്ടവർ എന്ന്. അന്വേഷണം നടത്തി മൂന്നുപേരെ പിടിച്ചുകൊണ്ടുവന്നു. ആദ്യമായി അർദ്ധരാത്രിയിൽ സൂര്യൻ ഉദിച്ചത് കണ്ടുവെന്ന് പറയുന്നവന് രണ്ട് കണ്ണുമില്ല, കുരുടനാണ്. ഈ വാർത്ത പരന്നത് ആദ്യമായി കേട്ടുവെന്ന് പറയുന്നവൻ ബധിരനാണ്. രണ്ട് കയ്യും നീട്ടി പിടിക്കാൻ പോയി എന്നുപറഞ്ഞവൻ രണ്ട് കയ്യുമില്ലാത്തവനാണ്. അതാണ് സ്വർണ്ണകടത്ത് കേസിൽ നടക്കാൻ പോകുന്നത്. അതുകൊണ്ട് നിയമസഭയുടെ സമയം ആവശ്യമില്ലാതെ കളയരുതെന്ന് പ്രതിപക്ഷത്തോട് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ.കെ. വിജയൻ]**

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ

എതിർക്കുകയാണ്. വർത്തമാന കാലഘട്ടത്തിൽ കേരളത്തിൽ ഏറ്റവും ക്രിയാത്മകമായി മുന്നോട്ടുപോകേണ്ടവയാണ് സഹകരണം, വനം എന്നീ വകുപ്പുകൾ. പക്ഷേ, നമ്മുടെ നാട് ആഗ്രഹിക്കുന്നതുപോലെ ഈ വകുപ്പുകൾ മുന്നോട്ടുപോകാത്ത പരിതാപകരമായ സാഹചര്യമാണ് ഇന്നുള്ളത്. വനം വകുപ്പ് കുറച്ചുകൂടി ആത്മാർത്ഥതയുള്ള സമീപനം സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മെല്ലെപ്പോക്കിന്റെ പര്യായമായി വനം വകുപ്പ് മാറിയിരിക്കുകയാണ്. ഒരു കാര്യവും നടക്കുന്നില്ല. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ദൈനംദിന ജീവിതത്തിന്റെ ഭാഗമായ സഹകരണ മേഖലയെ സംരക്ഷിക്കാനുള്ള നടപടി അനിവാര്യമാണ്. പക്ഷേ, രാഷ്ട്രീയപ്രേരിതമായ നിലപാടുകൾ, നയങ്ങൾ, തീരുമാനങ്ങൾ എന്നിവ സഹകരണ മേഖലയെ ഇന്ന് ഉലച്ചിരിക്കുകയാണ്, തകർക്കുകയാണ്. സുപ്രീംകോടതിയുടെ ബഫർ സോൺ സംബന്ധിച്ച വിധി മലയോര മേഖലയിലാകെ ആശങ്കയുണ്ടാക്കിയിരിക്കുകയാണ്. ജനങ്ങൾ പരിഭ്രാന്തിയിലാണ്. ഇത് കേരള സർക്കാർ ക്ഷണിച്ചുവരുത്തിയ വിധിയാണ്. ഈ വിധി സർക്കാരിന്റെ സൃഷ്ടി മാത്രമാണെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. ഇത് ബാധിക്കുന്നത് കേരളത്തിലെ സാധാരണക്കാരായ മലയോര കർഷകരെയാണ്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലെയും കർഷകരെ

ബാധിക്കുന്ന അവരുടെ ഒരു ജീവൽപ്രശ്നമാണിത്. നമ്മുടെ നാട് നല്ലതാക്കാൻ നട്ടുവളർത്തിയും കൊയ്തും വിതച്ചും ജീവിക്കുന്നവർ നീതിയാണ് പകരം പ്രതീക്ഷിക്കുന്നത്. പക്ഷേ, ഇപ്പോൾ കാട്ടുനീതിയുടെ വാളാണ് ഇവിടെ വീശുന്നത്. വിയർപ്പൊഴുക്കിയ മണ്ണിൽനിന്നും കുടിയിറക്കാനാണ് സർക്കാർ സംവിധാനം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ സമ്മേളനത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ് ബഫർ സോൺ. അനിവാര്യമായ നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ ആവർത്തിച്ച് പറയുന്നു. പക്ഷേ, സർക്കാരിന്റെ ആത്മാർത്ഥത ജനങ്ങൾക്കും ഈ സഭയിലെ അംഗങ്ങൾക്കും ബോധ്യപ്പെടുന്നില്ല. കാരണം, സർക്കാർ ചെയ്യേണ്ട അനിവാര്യമായ കാര്യങ്ങൾ ചെയ്യുന്നില്ല എന്നതാണ്. പ്രമേയം പാസ്സാക്കിയതുകൊണ്ടോ പ്രഖ്യാപനം നടത്തിയതുകൊണ്ടോ കേന്ദ്രസർക്കാരിനെയോ സുപ്രീംകോടതിയെയോ ബോധ്യപ്പെടുത്താൻ സാധിക്കില്ല. ജനങ്ങളെ ആശ്വസിപ്പിക്കാനും കർഷകരുടെ സമരങ്ങളെ ശമിപ്പിക്കാനുമുള്ള അധരവ്യായാമം മാത്രമാണ് ഈ പ്രഖ്യാപനങ്ങളെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് നടപടികളാണ് നമുക്ക് ആവശ്യം. ബഫർ സോണിന്റെ അതിർത്തി പുനർനിർണ്ണയിച്ച് വനത്തിനുള്ളിലേയ്ക്ക് മാറ്റിസ്ഥാപിക്കണമെന്നതാണ് കാതലായ ആവശ്യം. അതിനുള്ള

നടപടികളാണ് ആവശ്യമായിട്ടുള്ളത്. ബഫർ സോൺ എത്രമാത്രം ജനങ്ങളെ ബാധിക്കുന്നുവെന്നതിനെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഉമ്മൻ വി. ഉമ്മൻ അദ്ധ്യക്ഷനായ സമിതി പഠിച്ച് നൽകിയ റിപ്പോർട്ടുണ്ട്. അത് ഉപയോഗപ്പെടുത്താൻ അല്ലെങ്കിൽ പകരമൊരു റിപ്പോർട്ടുണ്ടാക്കാൻ, അത് കേന്ദ്രത്തെയും സുപ്രീംകോടതിയെയും ബോധ്യപ്പെടുത്താൻ നാളിതുവരെ പരിശ്രമം നടത്തിയതായി നമ്മൾ അറിഞ്ഞിട്ടുമില്ല, ഈ സഭയിൽപ്പോലും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുമില്ല. ഈ ഗുരുതര സാഹചര്യത്തിൽപ്പോലും വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ പോയി അന്വേഷണം നടത്തുകയാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിച്ചു. ഇരിക്കൂർ നിയോജകമണ്ഡലത്തിലുമെത്തി. ഇതുവരെ ബഫർ സോണിലോ ഇ.എസ്.എൽ.-ലോ ഇ.എസ്.ഇസഡ്-ലോ ഇ.എഫ്.എൽ.-ലോ പെടാത്ത പ്രദേശങ്ങളിൽപ്പോലും ഏതൊക്കെ പ്രദേശങ്ങൾ ഇതിലേയ്ക്ക് ഇനി കൂട്ടിച്ചേർക്കണമെന്ന അന്വേഷണത്തിലാണ് വനം വകുപ്പ്. അതിനുള്ള ഗവേഷണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിർത്തിയിൽ താമസിക്കുന്നവരുടെയും വീടും സ്ഥലവുമുള്ളവരുടെയും പേരുവിവരം

ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാനുള്ളത്, ഇതിനെ പ്രതിരോധിക്കാനുള്ള സർവ്വശക്തിയും എല്ലാ നിയമവഴികളും ഉപയോഗപ്പെടുത്താൻ സർക്കാർ തയ്യാറാകണം. നിയമപരമായി ഇതിന് പ്രാബല്യമില്ലെന്നുള്ളതാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. 23-10-2019-ലെ സംസ്ഥാന സർക്കാരിന്റെ മന്ത്രിസഭാ തീരുമാനം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 G, ഷെഡ്യൂൾ 11 എന്നിവയ്ക്കും പഞ്ചായത്ത് രാജ് നിയമത്തിനും വിരുദ്ധമാണ്. അതുപോലെ സുപ്രീംകോടതി വിധിയും നമ്മുടെ ഭരണഘടനയ്ക്കെതിരാണെന്നാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. കാരണം, ഭരണഘടനാപ്രകാരം ഒരു പഞ്ചായത്തിലെ ഭൂവിനിയോഗം, വികസന പ്രവർത്തനങ്ങൾ, വൈദ്യുതി വിതരണം, ഗ്രാമീണ ഭവനനിർമ്മാണം, റോഡ് നിർമ്മാണം, സാമൂഹിക-സാംസ്കാരിക വികസന പ്രവർത്തനങ്ങൾ, ജനങ്ങളുടെ സാമ്പത്തികോന്നമനം തുടങ്ങിയവ പഞ്ചായത്തുകളുടെ സ്വയംഭരണാധികാരത്തിനുകീഴിൽ വരുന്ന വിഷയങ്ങളാണ്. അങ്ങനെ വരുമ്പോൾ ഫെഡറൽ ഭരണ സംവിധാനത്തിൽ അധിഷ്ഠിതമായ രാജ്യത്ത് ഭരണഘടനാ ഭേദഗതി കൊണ്ടുവരാതെ പഞ്ചായത്തിന്റെ സ്വയംഭരണാവകാശങ്ങളിൽ കൈകടത്താൻ കേന്ദ്ര

സംസ്ഥാന സർക്കാരുകൾക്കോ കോടതികൾക്കോ അവകാശമോ അധികാരമോ ഇല്ല. സംസ്ഥാന സർക്കാർ 2019 ഒക്ടോബർ മാസത്തിലെടുത്ത മന്ത്രിസഭാ തീരുമാനം ഭരണഘടനാവിരുദ്ധമാണ്. അതനുസരിക്കാൻ കേരളത്തിലെ പഞ്ചായത്തുകൾക്ക് ബാധ്യതയില്ല. സുപ്രീംകോടതി വിധിപോലും നിലനിൽക്കുന്നതല്ല. സുപ്രീംകോടതി വിധി 'Per incuriam' എന്നാണ് അറിയപ്പെടുന്നത്. കാരണം ഭരണസാധുതയില്ലാത്ത, ഭരണഘടനയുടെ പിന്തുണയില്ലാത്ത നിയമവിരുദ്ധ നിയമങ്ങൾ, തീരുമാനങ്ങൾ, വിധികൾ സുപ്രീംകോടതിയാണെങ്കിൽപ്പോലും മുന്നോട്ടുവയ്ക്കുമ്പോൾ ഭരണഘടനയനുസരിച്ച് അത് അനുസരിക്കാൻ ജനങ്ങൾക്ക് ബാധ്യതയില്ല. 2019 ഒക്ടോബറിലെ ഇ.എസ്.ഇസഡ്. തീരുമാനം ഭരണഘടനാവിരുദ്ധമായതുകൊണ്ടുതന്നെ പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകണം. സുപ്രീംകോടതിയിൽ നമ്മുടെ കേസ് വിജയിക്കണമെങ്കിൽ അങ്ങനെ ചെയ്തേ മതിയാകൂ. അതിനുള്ള യാതൊരു നടപടിയും നാളിതുവരെയായി ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഇല്ലാത്ത അധികാരമുപയോഗിച്ച് ഒരു മന്ത്രിസഭാ തീരുമാനത്തിലൂടെ ജനങ്ങളുടെ അവകാശങ്ങളും ഭരണഘടനാ തത്വങ്ങളും പഞ്ചായത്തിന് ലഭ്യമായിട്ടുള്ള അധികാരങ്ങളും കവരുന്ന ഈ സമീപനം ഉപേക്ഷിക്കാൻ കഴിയണം.

പ്രഖ്യാപനങ്ങൾകൊണ്ടുമാത്രം കാര്യമില്ല ഇക്കാര്യത്തിൽ പുതിയ മന്ത്രിസഭാ തീരുമാനമുണ്ടാകണം. വന്യമൃഗശല്യത്തെ സംബന്ധിച്ച് ബഹുമാന്യനായ സണ്ണി ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വന്യമൃഗശല്യം തടയാനുള്ള നടപടികൾ ഒച്ചിന്റെ വേഗതയിലാണ് നടക്കുന്നത്. ഇതിൽ അടിയന്തര തീരുമാനമെടുക്കണം. കർഷകർക്കുള്ള നഷ്ടപരിഹാരം പര്യാപ്തമല്ല. പ്രതിരോധ നടപടികൾക്കായി ഫണ്ട് ലഭ്യമല്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സഹകരണ മേഖല നാടിന്റെ നട്ടെല്ലാണ്, നിത്യജീവിതത്തിന്റെ ഭാഗമാണ്. സഹകരണ സംഘങ്ങൾ നാടിന്റെ കൂട്ടായ്മയുടെ പര്യായം കൂടിയാണ്. ആ സംഘങ്ങളുടെ സ്വാതന്ത്ര്യത്തെയും ജനാധിപത്യ രീതിയിലുള്ള പ്രവർത്തനങ്ങളെയും അട്ടിമറിക്കുന്ന സമീപനം ജനകീയ ഗവൺമെന്റിന്, തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിന് ഭൂഷണമല്ല. സംരക്ഷകരാകേണ്ടവർ സംഹാരകരായി മാറുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. മിൽമയിലെയും വിവിധ ജില്ലകളിലെയും സംഘങ്ങൾ പിടിച്ചെടുത്ത സമീപനം പ്രതിഷേധാർഹമാണ്. കള്ളവോട്ട് ചെയ്ത്, അക്രമം നടത്തി ഭരണം പിടിച്ചെടുക്കുന്ന ആ പഴയ കാടൻ ശൈലി, ആ മൃഗീയശൈലി ഇനിയെങ്കിലും ഉപേക്ഷിക്കാൻ സി.പി.ഐ.(എം) തയ്യാറാകണമെന്നാണ് എനിക്ക്

അഭ്യർത്ഥിക്കാനുള്ളത്. ഈ സഭയിൽ ബോംബെന്നോ അക്രമമെന്നോ കൊലപാതകമെന്നോ കള്ളവോട്ടെന്നോ പറയുമ്പോൾ ചിലയാളുകൾക്ക് ഹാലിളകുകയാണ്. കേരളത്തിലെ ജനങ്ങളുടെ വികാരം അംഗീകരിക്കാതെ, പ്രതിഷേധത്തെ കാണാതെ മുന്നോട്ടുപോകുന്ന നടപടി ശരിയല്ലെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പോയിന്റ് ഓഫ് ഓർഡർ..

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ അക്രമം കാണിച്ചും ഗുണ്ടാപ്രവർത്തനം നടത്തിയുമാണ് സി.പി.ഐ.(എം) സഹകരണ സ്ഥാപനങ്ങളിൽ അധികാരം പങ്കിട്ടെടുക്കുന്നതെന്ന രൂപത്തിലുള്ള അദ്ദേഹത്തിന്റെ പരാമർശം സഭാരേഖകളിലുണ്ടാകാൻ പാടില്ല.

<u>മി. ചെയർമാൻ</u>: പരിശോധിക്കാം+.

<u>ശ്രീ. എ. രാജ</u>: സർ, സഹകരണം, വനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേരളത്തെ

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.12897/ഇ.ബി./2022/നി.സെ. തീയതി 19-07-2022) രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം, കോവിഡ് മഹാമാരി തുടങ്ങിയ സമയങ്ങളിൽ കേരളത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തി നിർത്തിയതിൽ പ്രധാന പങ്കുവഹിച്ചത് സഹകരണ മേഖലയായിരുന്നു. സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൊച്ചിയിൽ സംഘടിപ്പിച്ച സഹകരണ ഫെസ്റ്റ് എക്സ്പോ-2022 വലിയ ശ്രദ്ധ നേടുകയുണ്ടായി. ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതോടൊപ്പം വിപണിയിൽ സ്ഥാനമുറപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനും ലക്ഷ്യം വച്ചുകൊണ്ടായിരുന്നു മേള സംഘടിപ്പിച്ചത്. 340 സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ എക്സ്പോയിലുണ്ടായിരുന്നു. യുവസഹകരണ സംഘങ്ങൾ ആദ്യഘട്ടത്തിൽ 25 എണ്ണമാണ് ആരംഭിക്കാൻ ഉദ്ദേശിച്ചതെങ്കിലും മുപ്പതോളം യുവസഹകരണ സംഘങ്ങൾ ആരംഭിക്കാൻ സാധിച്ചു. യുവജനങ്ങൾക്ക് തൊഴിലവസരങ്ങളുണ്ടാക്കി മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനുവേണ്ടി രാജ്യത്താദ്യമായി കേരളത്തിലാണ് ഇത് യാഥാർത്ഥ്യമാക്കിയത്. ഇത് പുതിയൊരു അനുഭവമായി മാറിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളുടെ വികസനവും കാർഷിക മേഖലയുടെ ഉന്നമനവും ലക്ഷ്യമിട്ട് നിരവധി പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന് സഹായമായി കാർഷിക ഗ്രാമ

വികസന ബാങ്ക് പ്രവർത്തിപ്പിക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം മികച്ച പ്രവർത്തനം നടത്തിയതിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിന് ദേശീയ പുരസ്കാരവും ലഭിച്ചു. ഗ്രാമീണ മേഖലയിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനായി 14 ജില്ലകളിലും കോ-ഓപ് മാർട്ട് ആരംഭിച്ചു. അതുപോലെ മുറ്റത്തെ മുല്ല പദ്ധതിവഴി കുടുംബശ്രീ പോലെയുള്ള സംഘടനകൾക്ക് 1400 കോടി രൂപ വായ്പ നൽകിയത് സഹകരണ മേഖലയിൽ പുതിയൊരു ചുവടുവയ്പാണ്. കേരളത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിൽ സഹകരണ മേഖല വഹിച്ചിട്ടുള്ള പങ്ക് പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്തെ സഹകരണ മേഖല നിർണ്ണായക സാമ്പത്തിക ശക്തിയായി വളരുന്നതിൽ സഹകരണ നിക്ഷേപം വലിയ പങ്കുവഹിച്ചു. അങ്ങനെയാണ് സഹകരണ മേഖല കേരളത്തിൽ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലയിൽ കരുത്തുറ്റ ശക്തിയായി വളർന്നുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ അവരുടെ രാഷ്ട്രീയ ലക്ഷ്യത്തിനായി കേരളത്തിലെ സഹകരണ മേഖലയെ ഉന്നം വയ്ക്കുകയാണ്. റിസർവ് ബാങ്കിന്റെ പരിഷ്കാരങ്ങൾ കേരളത്തെ ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ ആരെയും

അനുവദിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സഹകരണ മേഖലയിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് വരുമാനമാർഗ്ഗമുണ്ടാക്കുന്നതിനുമുള്ള പദ്ധതികൾക്ക് വലിയ സ്വീകാര്യത ലഭിച്ചുകഴിഞ്ഞു. മൂന്നാർ അടക്കമുള്ള ടൂറിസം മേഖലയിൽ ആരംഭിച്ചിട്ടുള്ള പദ്ധതികളെപ്പറ്റി രാവിലെ മന്ത്രി പറഞ്ഞു. മൂന്നാർ, മറയൂർ, മാങ്കുളം അടക്കമുള്ള മേഖലയിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ, മൂന്നാർ കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഹൈഡൽ പാർക്കിന്റെ സ്ഥലം മൂന്നാർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പത്ത് വർഷത്തേയ്ക്ക് പാട്ടത്തിനെടുത്ത് ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മൂന്നാർ അടക്കമുള്ള മേഖലയിൽ നിർമ്മാണ നിരോധനം നിലനിൽക്കുകയാണ്. താൽക്കാലിക എൻ.ഒ.സി. പോലും ലഭിക്കാത്ത അവസ്ഥയാണുള്ളത്. പത്ത് വർഷത്തേയ്ക്ക് പാട്ടത്തിനെടുത്ത ഭൂമിയിൽ ആക്ടിവിറ്റികൾ ചെയ്യാൻ കഴിയാതെ ഫണ്ട് മാറ്റിവച്ചിരിക്കുകയാണ്. ഈ പദ്ധതി നടപ്പിലായാൽ മൂന്നാർ അടക്കമുള്ള പ്രദേശങ്ങളിൽ കൂടുതൽ ആളുകൾക്ക് ജോലി കൊടുക്കാൻ കഴിയുന്നതാണ്. ഇതിൽ സഹകരണ വകുപ്പ് ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. പരിസ്ഥിതിയെയും

ജനങ്ങളെയും ഒരുപോലെ സംരക്ഷിക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന ദേവികുളം മണ്ഡലത്തിലെ കൂടുതൽ പ്രദേശങ്ങളും വനമേഖലയോട് ചേർന്ന് കിടക്കുന്നതാണ്. പാമ്പാടുംചോല, ആനമുടി, മതികെട്ടാൻ ചോല, ഇരവികുളം എന്നീ നാല് നാഷണൽ പാർക്കുകളും ചിന്നാർ, കുറിഞ്ഞിമല എന്നീ രണ്ട് വന്യജീവി സങ്കേതങ്ങളുമുണ്ട്. നാല് വൈൽഡ് ലൈഫ് ഡിവിഷനുകൾ ചേർന്നതാണ് എന്റെ മണ്ഡലം. 03-06-2022-ലെ സുപ്രീംകോടതി വിധി നടപ്പിലാക്കിയാൽ വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന എന്റെ മണ്ഡലത്തിലെ ജനവാസ കേന്ദ്രങ്ങളെ ഇത് പ്രതികൂലമായി ബാധിക്കും. ജനവാസ മേഖലയെ പൂർണ്ണമായി ഇക്കോ സെൻസിറ്റീവ് ഏരിയയിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളപ്പോഴാണ് സുപ്രീംകോടതി വിധിയുണ്ടായിട്ടുള്ളത്. ഇതിന് തുടക്കം കുറിച്ചത് 2002-ലാണ്. അന്ന് കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോഴാണ് Environment Protection Rules-ൽ ബഫർ സോണിനെക്കുറിച്ച് പരാമർശമുണ്ടായത്. പിന്നീട് 2011 ഫെബ്രുവരി 9-ാം തീയതി, കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ.

ഗവൺമെന്റിന്റെ സമയത്താണ് വനം പരിസ്ഥിതി മന്ത്രാലയം റിപ്പോർട്ട് സമർപ്പിച്ചത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 08-05-2013-ൽ മന്ത്രിസഭാ യോഗതീരുമാനപ്രകാരം വനപ്രദേശത്തിന് ചുറ്റുമുള്ള ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി സംരക്ഷിത മേഖലയ്ക്ക് ചുറ്റും 0 മുതൽ 12 കി.മീറ്റർ വരെ പരിസ്ഥിതി സംരക്ഷണ മേഖലയായി വിജ്ഞാപനം ചെയ്യാൻ തീരുമാനിച്ചിരുന്നു. പക്ഷെ അതിന് തുടക്കം കുറിച്ചത് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റാണ്. പിന്നീട് എൽ.ഡി.എഫ്.-ന്റെ കാലത്ത് 23-10-2019-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 31-10-2019-ൽ ഇറങ്ങിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജനവാസകേന്ദ്രങ്ങളെ പൂർണ്ണമായി ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചു. ജനവാസകേന്ദ്രങ്ങൾ, പൊതു ഇടങ്ങൾ, കൃഷിയിടങ്ങൾ എന്നിവയെ പൂർണ്ണമായി ഒഴിവാക്കി ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് കേരള നിയമസഭ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിനെയും സുപ്രീംകോടതിയെയുമെല്ലാം നമ്മുടെ നിലപാടുകൾ അറിയിക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിന്റെ 70 ശതമാനവും വനപ്രദേശമാണ്. വനമില്ലാതിരുന്ന ഒരു സ്ഥലം കുഞ്ചിത്തണ്ണി വില്ലേജാണ്. അതും നിർദിഷ്ട വനമേഖലയായി പ്രഖ്യാപിക്കാനുള്ള വിജ്ഞാപനം ഇറങ്ങിയിട്ടുണ്ട്. മറ്റൊരു കാര്യം എനിക്ക്

സൂചിപ്പിക്കാനുള്ളത്, ആലുവ-മൂന്നാർ റോഡിന്റെ കാര്യമാണ്. 1924-ലെ വെള്ളപ്പൊക്കത്തിൽ സഞ്ചാരയോഗ്യമല്ലാതായി തീർന്ന ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം നാളിതുവരെ സാധ്യമായിട്ടില്ല. ഈ റോഡ് പുനർനിർമ്മിച്ചാൽ ദുർഘടമില്ലാതെ മൂന്നാറിൽ എത്തിച്ചേരാൻ സാധിക്കുന്നതാണ്. വനം വകുപ്പിന്റെ കസ്റ്റഡിയിലുള്ള പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെയുള്ള റോഡ് അടച്ചിട്ടിരിക്കുകയാണ്. അത് സഞ്ചാര യോഗ്യമാക്കുന്നതിനായി പി.ഡബ്ല്യു.ഡി., വനം വകുപ്പുമായി ചേർന്ന് ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് യാഥാർത്ഥ്യമാക്കുന്നതിന് വനം വകുപ്പ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നീലക്കുറിഞ്ഞി ദേശീയോദ്യാനമായി 2005-ൽ പ്രഖ്യാപിച്ചതിനുശേഷം വട്ടവട, കൊട്ടാക്കാമ്പൂർ അടക്കമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടയം ലഭിച്ച ആളുകൾക്ക് 2005-നുശേഷം കരമടയ്ക്കാനോ സ്ഥലം കൈമാറ്റം ചെയ്യാനോ പോക്കുവരവ് നടത്താനോ കഴിയാത്ത അവസ്ഥയാണ്. വനവുമായി ബന്ധപ്പെട്ടുള്ള അതിർത്തി തർക്കം നിലനിൽക്കുന്ന ഒരു പ്രദേശമാണത്. ഒരു സ്പെഷ്യൽ ഓഫീസറെ അവിടെ നിയോഗിച്ചെങ്കിലും ഇതുവരെ ആ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അത് എത്രയും പെട്ടെന്ന് പരിഹരിക്കാനുള്ള ഇടപെടൽ വനം വകുപ്പിന്റെ

ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം അവിടെ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിനുപോലും കഴിയുന്നില്ല. സർക്കാർ അതിന് ഉത്തരവ് കൊടുത്തിരുന്നെങ്കിലും ബ്ലോക്ക് നമ്പർ 58, 62, 68, എന്നിവിടങ്ങളിൽ മരം മുറിക്കാൻ സാധിക്കുന്നില്ല, ബാക്കി സ്ഥലങ്ങളിലെല്ലാം മുറിക്കുന്നുണ്ട്. നീലക്കുറിഞ്ഞി ദേശീയോദ്യാനമായി പ്രഖ്യാപനം വന്നതിനുശേഷമാണ് ഈ നിലയിൽ കാര്യങ്ങൾ പോകുന്നത്. അക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ മണ്ഡലത്തിലെ വിവിധ മേഖലകളിൽ വന്യജീവി ആക്രമണം കൂടിവരികയാണ്. ഒരു ഭാഗത്ത് കാട്ടാനയും മറുഭാഗത്ത് പുലിയും കടുവയും കാട്ടുപോത്തും കാട്ടുപന്നിയും തുടങ്ങി വന്യമൃഗ ആക്രമണം തുടർന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒരുവർഷത്തിനിടയിൽ മാത്രം പുലിയുടെയും കടുവയുടെയും ആക്രമണത്തിൽ 52 വളർത്തുപശുക്കളാണ് ചത്തത്. തോട്ടം മേഖലയിൽ തൊഴിലാളികൾ ജോലി ചെയ്യുന്ന പകൽസമയത്തുപോലും പുലികൾ ഇറങ്ങി നടക്കുന്ന അവസ്ഥയുണ്ട്. ഇവയെ കാട്ടിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള സംവിധാനങ്ങൾ വേണം. വന്യമൃഗ ആക്രമണംമൂലം കൃഷിനാശമുണ്ടാകുന്നു. മറയൂർ, ഇടമലക്കുടി പ്രദേശങ്ങളിൽ കഴിഞ്ഞ ആറ് മാസങ്ങൾക്കകം കാട്ടുപോത്തിന്റെ ആക്രമണത്തിൽ നിരവധി

ജീവനകളാണ് പൊലിഞ്ഞത്. കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയത് സ്വാഗതാർഹമാണ്. വന്യമൃഗ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 7 കോടി രൂപ അനുവദിച്ചെങ്കിലും 2019 വരെയുള്ള കുടിശ്ശിക മാത്രമേ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. വനസംരക്ഷണത്തിനായി നിയോഗിക്കപ്പെട്ട താൽക്കാലിക വാച്ചർമാർക്ക് മൂന്ന് മാസമായി ശമ്പളം ലഭിക്കുന്നില്ല. അത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഒറ്റ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. പ്രിയപ്പെട്ട മണിയാശാനെ അദ്ദേഹത്തിന്റെ നിറത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ലീഗിന്റെ അംഗങ്ങൾ ആക്ഷേപിക്കുന്ന നിലയുണ്ടായിട്ടുണ്ട്. ഇടമലക്കുടി എന്നുപറയുന്നത് കേരളത്തിലെ ഏക ഗോത്രവർഗ്ഗ പഞ്ചായത്താണ്. ആ പഞ്ചായത്തിൽ ഇന്നും കോൺഗ്രസ് തെരഞ്ഞെടുപ്പിനെ നേരിടുന്നത് നമ്മുടെ മുൻ പ്രധാനമന്ത്രിയുടെ ഫോട്ടോ വച്ചാണ്. അങ്ങനെയുള്ള ഒരു സ്ഥലത്ത് അവിടെ വൈദ്യുതി കൊടുക്കാൻവേണ്ടി പ്രിയപ്പെട്ട മണിയാശാൻ വരേണ്ടിവന്നുവെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. "മര്യാദൈക്കുരിയ മണിയാശാനെ പൊയ്‌വഴക്കുകൾ പോട്ട് ജയിലിൽ പോട്ട്

ഇടുക്കി മാവട്ടത്തിലിരുന്ന് നാടുകടത്തി വിട്ടാർ. മണിയാശാൻ സെയ്തത് കോൺഗ്രസ്സ് കക്ഷിയെ ഇടുക്കി മാവട്ടത്തിലിരുന്നേ നാടുകടത്തി വിട്ടാർ" എന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പോയിന്റ് ഓഫ് ഓർഡർ. അദ്ദേഹം ഇവിടെ സംസാരിച്ചപ്പോൾ ശ്രീ. എം. എം. മണിയെ സഭയിലുള്ളവർ നിറം പറഞ്ഞ് ആക്ഷേപിച്ചുവെന്ന് പറഞ്ഞു. ഒരാൾപോലും ഇവിടെ അങ്ങനെ പറഞ്ഞിട്ടില്ല, അങ്ങനെയൊരു നിലപാട് സ്വീകരിച്ചിട്ടില്ല. സഭാ രേഖകളിൽ അങ്ങനെയൊരു പരാമർശമുണ്ടാകരുത്. അത് സഭയിൽ ആരും......(....ബഹളം......) രാഷ്ട്രീയപരമായി പറഞ്ഞിട്ടുണ്ട്, പക്ഷെ നിറം പറഞ്ഞ് ഒരാളും സഭയിൽ ആക്ഷേപിച്ചിട്ടില്ല. (....ബഹളം......)

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. കെ. പി. മോഹനൻ: സർ, ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. എ. രാജ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ ആരെയും അനുവദിക്കരുതെന്ന് പറഞ്ഞു. ആര് വിചാരിച്ചാലും അതിന് സാധ്യമല്ല. കാരണം അത് കേരളത്തിലെ ഇടതുപക്ഷത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം. 12898/ഇ.ബി./2022/നി.സെ. തീയതി 19-7-22) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

അതിലുപരി ജനങ്ങളുടെ ആശയും ആശ്രയവുമാണ്. നാന്നൂറ് വർഷങ്ങൾക്കുമുമ്പ് ഇംഗ്ലണ്ടിൽ കർഷകർക്കുവേണ്ടിയാണ് സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 1925-ൽ വാഗ്ഭടാനന്ദ ഗുരുദേവന്റെ അനുഗ്രഹത്താൽ പാലേരി ചന്തമ്മനാണ് 22 പേർ ഒരു രൂപ വീതം വച്ചുകൊണ്ട് ആ സൊസൈറ്റി ആരംഭിച്ചത്. അതിന്ന് പടർന്നുപന്തലിച്ച് കേരളത്തിലെ ഏറ്റവും വലിയ സ്ഥാപനമായി മാറിയിരിക്കുന്നു. പലവിധ പ്രവർത്തനങ്ങളാണ് ഇതിന്റെ നേതൃത്വത്തിൽ നടക്കുന്നത്. ഒരുകാലത്ത് നമ്മുടെ നാട്ടിൽ ബൈക്കുകളിൽ വന്ന് വീടുകൾതോറും കയറിയിറങ്ങി കൊള്ളപ്പലിശ പിരിച്ചെടുക്കുന്ന സ്വദേശക്കാരും അന്യസംസ്ഥാനക്കാരുമുണ്ടായിരുന്നു. പിണറായി സർക്കാർ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയ 'മുറ്റത്തെ മുല്ല', 'സ്നേഹതീരം' തുടങ്ങിയ പദ്ധതികളിലൂടെ കൊള്ളപ്പലിശക്കാരെ നാട്ടിൽനിന്നും നീക്കം ചെയ്യാൻ സാധിച്ചു. കാർഷിക മേഖലയോട് സഹകരണ വകുപ്പ് കാണിക്കുന്ന സമീപനം സന്തോഷമുണ്ടാക്കുന്നതാണ്. കർഷകർക്കുവേണ്ടി വിത്ത് മുതൽ വിപണി വരെയുള്ള കാര്യങ്ങളിൽ കൂടുതൽ സജീവമായ ഇടപെടൽ നടത്താൻ സഹകരണ പ്രസ്ഥാനത്തിന് സാധിക്കണം.

ഗ്രാമങ്ങൾതോറുമുള്ള സഹകരണ സ്ഥാപനങ്ങൾ കർഷക ക്ഷേമത്തിന് ഊന്നൽ നൽകുന്നതോടെ വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിക്കും. പ്രാഥമിക മിസലേനിയസ് സംഘങ്ങൾക്ക് പുതിയ പ്രോജക്ടുകളുണ്ടാക്കി ഇംപ്ലിമെന്റ് ചെയ്യാനാവശ്യമായ ഫണ്ട് അപ്പെക്സ് സംഘങ്ങളിൽനിന്നും ലഭിക്കുന്നില്ല; അതിന് പരിഹാരം കാണണം. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിൽ സഹകരണ ജീവനക്കാരെയും പെൻഷൻകാരെയും ഉൾപ്പെടുത്തണം. വായ്പേതര സംഘമായ കൈത്തറി/കയർ സംഘങ്ങളിലെ ജീവനക്കാരുടെ അവസ്ഥ പരിതാപകരമാണ്. മാസങ്ങളായി ശമ്പളം ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത്തരം സംഘങ്ങൾക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. സഹകരണ സംഘങ്ങളിലെ പെൻഷൻകാർക്ക് മറ്റ് സർക്കാർ പെൻഷൻകാരെ അപേക്ഷിച്ച് വളരെ തുച്ഛമായ തുകയാണ് പെൻഷനായി ലഭിക്കുന്നത്. ഇരുപത്തിയഞ്ചും മുപ്പതും വർഷം സേവനമനുഷ്ഠിച്ച് വിരമിക്കുന്ന ജീവനക്കാർക്ക് പരമാവധി 18,000 രൂപ മാത്രമേ പെൻഷനായി ലഭിക്കുന്നുള്ളൂ. സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കണം. അപ്രൈസർമാരെയും കളക്ഷൻ ഏജന്റുമാരെയും സ്ഥിരം

ജീവനക്കാരായി പരിഗണിക്കുകയും അവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ചെയ്യണം. അവർക്ക് വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. പി. ആർ. കുറുപ്പ് സഹകരണ സംഘം ആശുപത്രിയുടെ പ്രസിഡന്റാണ് ഞാൻ. അപ്പെക്സ് സംഘമായ ഹോസ്പിറ്റൽ ഫെഡറേഷനിൽനിന്ന് യാതൊരു സഹായവും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്നില്ല. ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം. 1969 ഏപ്രിൽ 19-ലെ സഹകരണ നിയമത്തിന്റെ ആനുകൂല്യം സഹകരണ ജീവനക്കാർക്ക് ഇന്നും ലഭിക്കുന്നുണ്ടെങ്കിലും അത് കൂടുതൽ ശക്തിപ്പെടുത്തണം. പി. ആർ. കുറുപ്പ് മന്ത്രിയായിരുന്ന സമയത്താണ് ആ നിയമം നടപ്പിലാക്കിയത്. നാമമാത്ര അംഗങ്ങളെന്ന നിലയിൽ വനിത/പലവക സഹകരണ സംഘങ്ങളോട് കുറച്ചുകൂടി നല്ല സമീപനം കേരള ബാങ്കിന്റെ ഭാഗത്തുനിന്നുണ്ടാകണം. മൾട്ടി സ്റ്റേറ്റ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വ്യാപകമായി വളർന്നുവരുന്നതിനാൽ സഹകരണ വായ്പാ മേഖല പ്രതിസന്ധികൾ നേരിടുകയാണ്. വായ്പകൾക്കും നിക്ഷേപത്തിനും സർക്കാർ ഏർപ്പെടുത്തിയതിനെക്കാൾ കൂടുതൽ പലിശ നൽകിയാണ് ഇത്തരം സംഘങ്ങൾ പ്രവർത്തിച്ചുവരുന്നത്. സഹകരണ വായ്പാ നിക്ഷേപ

മേഖലയിലെ ഇത്തരം അന്തരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും അത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. അങ്ങ് നൽകിയ ഒരുത്തരത്തിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. അത് പ്രായോഗികതലത്തിൽ കൊണ്ടുവരണം. തൊഴിൽ മേഖലയിലും അതോടൊപ്പം കെയർ ഹോം മേഖലയിലും യുവജന സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, കലാകാരൻമാരുടെ സഹകരണ സംഘങ്ങൾ എന്നിവയും മുറ്റത്തെ മുല്ല, സ്നേഹതീരം പദ്ധതികളും അഭിമാനകരമാണ്. നാടിനും നാട്ടുകാർക്കും ഗുണങ്ങളുണ്ടാക്കി മുന്നോട്ടുപോകുന്ന അവയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് സാധിക്കണം. പാലക്കാട് ഒഴികെയുള്ള ജില്ലകൾ Kerala Paddy Procurement Processing and Marketing Co-operative Society രൂപീകരിച്ചിട്ടുണ്ട്. സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടിലും അപ്പർകുട്ടനാട്ടിലും പാലക്കാട് റൈസ് മിൽ മാതൃകയിൽ ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ച്

കേരളത്തിനകത്തും പുറത്തും വിപണനം നടത്തുകയാണ് ചെയ്യുന്നത്. ഇത് എല്ലാ സ്ഥലത്തും ബാധകമാക്കണം. നെല്ല് സംഭരണം നടത്തുന്ന അതേ രീതിയിൽ മറ്റ് കാർഷികോല്പന്നങ്ങളും സംഭരിച്ച് സംസ്കരിച്ച് വിപണിയിലെത്തിക്കാൻ 'കോ-ഓപ് മാർട്ട്' മോഡൽ സംഭരണശാലകളുണ്ടാകണം. ഇന്ത്യയിലെ ഏറ്റവും ശക്തമായ വായ്പാ മേഖലയും 60 ശതമാനം നിക്ഷേപവും കേരളത്തിലേതാണ്. ഇതിൽ വരുന്ന 85 ശതമാനം നിക്ഷേപങ്ങളും പ്രാഥമിക സഹകരണ സംഘങ്ങളിലേതാണ്. നോട്ട് നിരോധനം, മഹാപ്രളയം, കോവിഡ് തുടങ്ങിയ കാരണങ്ങളാൽ കഴിഞ്ഞ അഞ്ച് വർഷമായി കുടിശ്ശിക പിരിക്കാൻ കഴിയുന്നില്ല. ഇതിനൊരു അവസാനമുണ്ടാക്കാൻ സാധിക്കണം. സംസ്ഥാന സർക്കാരും കേരള ബാങ്കും അവസരത്തിനനുസരിച്ച് ഉണർന്നുപ്രവർത്തിക്കണം. നാഷണൽ പേമെന്റ് കോർപ്പറേഷനെപ്പോലെ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ കേരള ബാങ്ക് പേമെന്റ് സിസ്റ്റം ഏർപ്പെടുത്തണം. കേരളത്തിലെ എല്ലാ പ്രാഥമിക ബാങ്കുകളെയും ഒരു നെറ്റ്‌വർക്കിനുകീഴിൽ കൊണ്ടുവരാനാവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കാനും എല്ലാവിധ ആധുനിക ബാങ്കിംഗ് സൗകര്യവും ഓരോ പ്രാഥമിക ബാങ്കിലും നൽകാനും നടപടിയുണ്ടാകണം. വായ്പ-വായ്പേതര സംഘങ്ങൾക്ക് തുല്യ പരിഗണന നൽകണം.

ആഡിറ്റ്/ആർബിട്രേഷൻ ഫീസ് വർദ്ധന ഉപേക്ഷിക്കണം. പരമ്പരാഗത മേഖലയായ കയർ, കൈത്തറി, കശുവണ്ടി, മത്സ്യം തുടങ്ങിയ മേഖലകളിലെ പ്രതിസന്ധി പരിഹരിക്കണം. സഹകരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും സ്ഥലം വാങ്ങുന്നതിനുള്ള തടസ്സം ലഘൂകരിക്കണം. ഫയൽ നീക്കം വേഗത്തിലാക്കുകയും ബൈലാ ഭേദഗതി അംഗീകരിക്കുകയും പുതിയ സംരംഭങ്ങൾക്കുള്ള പ്രോജക്ടുകളുടെ അംഗീകാരവും ബ്രാഞ്ച് അനുവദിക്കുന്നതിനുള്ള അംഗീകാരവും വേഗത്തിലാക്കുകയും ചെയ്യുന്നതോടൊപ്പം ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ വർദ്ധിപ്പിക്കുകയും വേണം. വനം വകുപ്പിന്റെ പദ്ധതികൾ എളുപ്പത്തിൽ സാധ്യമാക്കണം. വഴിയോരങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റാത്തതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് റോഡ് പണി ചെയ്യാൻ സാധിക്കാത്തതും പ്രവൃത്തികൾ നിന്നുപോകുന്നതുമായ പ്രശ്നങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ പി. ആർ. കുറുപ്പിന്റെ ഇന്റർപ്രട്ടേഷൻ സെന്റർ ആസ്ഥാനമാക്കി ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയുണ്ടായി. വാഴമല കുന്നിലേയ്ക്കുള്ള ഒരു യാത്രാ പ്രോജക്ടാണത്. വനം/ടൂറിസം വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വന്ന് ആ പ്രദേശം പരിശോധിക്കുകയും പ്രോജക്ടിന് അംഗീകാരം നൽകുകയും ചെയ്തു. അതിനുശേഷം ഇപ്പോൾ

അവിടത്തെ ആവാസവ്യവസ്ഥയ്ക്ക് തകരാർ സംഭവിക്കുമെന്നുപറഞ്ഞ് അനുവാദം നിഷേധിച്ചിരിക്കുകയാണ്. അതിന്റെ കാരണമെന്താണെന്ന് മനസ്സിലാകുന്നില്ല. നിരവധി ക്വാറികൾ അതിനടുത്തായി പ്രവർത്തിക്കുന്നുണ്ട്. ക്വാറികൾകൊണ്ട് ആവാസ വ്യവസ്ഥയ്ക്ക് തകരാർ സംഭവിക്കുന്നില്ലെങ്കിൽ ഈ യാത്രകൊണ്ട് ഒരു തകരാറും സംഭവിക്കാൻ പോകുന്നില്ല. നമ്മുടെ പ്രവർത്തനങ്ങൾക്കും വികസനത്തിനും വിഘാതമായി നിൽക്കുന്ന ഇത്തരം ലഘുവായ കാര്യങ്ങൾ പരിഹരിക്കാൻ സാധിക്കുന്ന രീതിയിലുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷവും ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ ഇവിടെ നടക്കുന്ന ചർച്ചകളെല്ലാം ശ്രദ്ധിച്ചിട്ടുള്ള ഒരാളാണ് ഞാൻ. അന്ന് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയായിരുന്നു. അദ്ദേഹം നിയമസഭയെ സാമാന്യം ശ്രദ്ധിക്കുകയും നിയന്ത്രിക്കുകയും ചെയ്തുപോരുമായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ഇക്കാര്യങ്ങളിൽ ശ്രദ്ധക്കുറവ് കാണിക്കുന്നോയെന്ന് എനിക്കൊരു സംശയമുണ്ട്. യാതൊരു കാര്യവുമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി ബഹളം വയ്ക്കുക, നിയമസഭാ പ്രവർത്തനത്തെ

സ്തംഭിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഇടപെടലുണ്ടാകണമെന്ന അഭ്യർത്ഥനയാണ് അക്കാര്യത്തിൽ വയ്ക്കാനുള്ളത്. ഇവിടെ വ്യക്തിപരമായ പരാമർശങ്ങൾ പല അംഗങ്ങളും നടത്തിയിട്ടുണ്ട്. ശ്രീ. എം. വിൻസെന്റ് ഒരു പ്രയോഗം നടത്തുകയും നിങ്ങൾതന്നെ അതിൽനിന്ന് പിന്നോട്ട് പോകുകയും ചെയ്തത് ഞാൻ ശ്രദ്ധിച്ചതാണ്. ശ്രീ. എം. എം. മണി സഖാവിനെക്കുറിച്ച് ശ്രീ. പി. കെ. ബഷീർ സഭയ്ക്കുപുറത്താണ് പറഞ്ഞതെങ്കിലും പിശകാണെന്ന് മനസ്സിലാക്കിയപ്പോൾത്തന്നെ അദ്ദേഹം അത് പിൻവലിച്ചു. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഒരു വക്കീൽ കൂടിയാണ്. നിയമസഭയിൽ നമുക്ക് പരസ്പരം വിമർശിക്കാം. എന്നാൽ ഇവിടെ പാലിക്കേണ്ട മര്യാദകൾ പാലിച്ചേ മതിയാകൂ എന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. എൽ.ഡി.എഫ്. കൺവീനർ ശ്രീ. ഇ. പി. ജയരാജന്റെ ഭാര്യയുടെ ചിത്രത്തിന്റെ മുഖം വെട്ടി സ്വപ്നയുടെ മുഖം വച്ച് സോഷ്യൽ മീഡിയവഴി നടത്തിക്കൊണ്ടിരുന്ന പ്രചരണം നമ്മൾ കണ്ടതല്ലേ? നമ്മുടെ സാംസ്കാരിക ബോധം അതാണ്. ആ നിലയിൽ അതെടുത്താൽ മതിയെന്നാണ് ഞാൻ കരുതുന്നത്. സഹകരണ മേഖല എല്ലാ വിഭാഗം ജനങ്ങൾക്കും സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുകയും സാമ്പത്തിക വളർച്ചയ്ക്ക് ഉപകരിക്കുകയും ഉൽപ്പാദന മേഖലകളിൽ ഉണർവ്വുണ്ടാക്കുകയും വിജ്ഞാനത്തിലൂന്നിയ

സമൂഹത്തെ രൂപപ്പെടുത്തിവരികയുമാണ്. ഇത്തരം വികസന പ്രവർത്തനത്തിന്റെ കാര്യക്ഷമതയ്ക്കുള്ള അംഗീകാരമാണ് 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് 91 സീറ്റിൽ നിന്ന് 99 സീറ്റോടെ കേരളം ഭരിക്കാനുള്ള അംഗീകാരം ലഭിച്ച ബഹുമാന്യനായ പിണറായി വിജയൻ മുഖ്യമന്ത്രിയായി വന്നത്. സാമൂഹ്യ സുരക്ഷ, സുസ്ഥിര വികസനം ഇവയെ മുൻനിർത്തിയുള്ള പദ്ധതികൾ ഈ സർക്കാരിന്റെ മുഖമുദ്രയാണ്. ലോകത്തിനുതന്നെ കേരളം മാതൃകയാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യം നൽകുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. പലർക്കും ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെ അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്. അടുത്തിടെ ഫ്രഞ്ച്, ജപ്പാൻ ഫൗണ്ടേഷൻ സ്പോൺസർ ചെയ്യുന്ന മൂന്ന് വർഷം നീണ്ടുനിൽക്കുന്ന ആരോഗ്യ മേഖലയും കോവിഡാനന്തര നൂതന രീതികളും എന്ന പഠനത്തിന്റെ ആദ്യയോഗം ഈ മാസം പാരീസിൽ ചേർന്നു. പാരീസിലെ അഡ്വാൻസ്ഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ 12 രാജ്യങ്ങളിലെ റിസർച്ച് സ്കോളേഴ്സ് പങ്കെടുത്ത ഒരാഴ്ച നീണ്ടുനിന്ന ചർച്ചയിൽ കേരളത്തിന്റെ കോവിഡ് പ്രതിരോധത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് കെയർ മോഡൽ, അതുപോലെ ഔഷധ സസ്യ

കോ-ഓപ്പറേറ്റീവ്സ് എന്നിവ പ്രത്യേകം പഠനവിധേയമാക്കണമെന്ന നിർദ്ദേശവും തീരുമാനവും കൈക്കൊള്ളുകയുണ്ടായി. അതിൽ ജപ്പാൻ, ഫ്രാൻസ്, ഇന്ത്യ, കൊറിയ, ചൈന, കാനഡ തുടങ്ങിയ 12 രാജ്യങ്ങളിൽനിന്ന് ഒത്തുചേർന്ന സ്കോളേഴ്സാണ് കേരള മോഡൽ പഠിക്കുന്നതിനായി അവരുടെ ഒരു ടീമിനെ ഇങ്ങോട്ടേയ്ക്ക് അയയ്ക്കണമെന്ന് തീരുമാനിച്ചത്. ആ രാജ്യങ്ങളിൽനിന്ന് വന്ന സ്കോളേഴ്സൊന്നും മോശക്കാരല്ല. ഇന്ത്യയെന്ന വിശാലമായ രാജ്യത്ത് ഒരു കൊച്ചുഭൂമികയിലേയ്ക്ക് വരണമെന്ന് ഈ സ്കോളേഴ്സ് തീരുമാനിക്കണമെങ്കിൽ കേരളത്തിന്റെ മോഡൽ ലോകത്തിന്റെ മുന്നിൽ ശ്രദ്ധ പിടിച്ചുപറ്റിയെന്നല്ലേ മനസ്സിലാക്കേണ്ടത്? ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപവും അതിലേറെ വായ്പയുമുള്ള സഹകരണ ബാങ്കിംഗ് മേഖല ഇന്ന് കേരളത്തിൽ ശക്തമാണ്. കേന്ദ്രസർക്കാരിനെ നിയന്ത്രിക്കുന്ന ആർ.എസ്.എസ്. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മാംഗ്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിച്ച 'ഗണേശ് ബീഡി' എന്ന സ്വകാര്യ സ്ഥാപനത്തിന് ആർ.എസ്.എസ്. പ്രവർത്തകർ സഹായം ചെയ്തെങ്കിലും അത് പരാജയപ്പെട്ടു. ദിനേശ് ബീഡി സഹകരണ സംഘം വന്നതോടുകൂടി ഈ സ്വകാര്യ സ്ഥാപനത്തിന് ഇടിവ് പറ്റി. അതുകൊണ്ട് ആർ.എസ്.എസ്.

നൽകിവന്ന പിന്തുണ പിൻവലിക്കേണ്ടിവന്നു. ഇത് സഹകരണ പ്രസ്ഥാനം നടത്തിയ പ്രവർത്തനത്തിന്റെ ഒരു ഗുണഫലമാണ്. സഹകരണ മേഖലയെ തകർത്താൽ ജനകീയ പ്രസ്ഥാനത്തെ തളർത്താമെന്നുള്ള ആർ.എസ്.എസ്.-ന്റെ സങ്കുചിത രാഷ്ട്രീയത്തിന് ഇടം കണ്ടെത്താമെന്നുള്ള കുബുദ്ധിയാണ് ആർ.എസ്.എസ്.-നെ നിയന്ത്രിച്ചത്. സഹകരണവിരുദ്ധ നീക്കങ്ങൾക്കും കുപ്രചരണങ്ങൾക്കും ആധാരമായിട്ടുള്ളത് അവരുടെ കുബുദ്ധിയാണ്. ഇന്നത്തെ കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് വളർച്ച കൈവരിച്ച് പുത്തൻ മേഖലകളിലേയ്ക്ക് നിക്ഷേപവുമായി ചേക്കേറുമ്പോഴും സാധാരണക്കാരുടെ ഒപ്പം നിൽക്കാൻ സംസ്ഥാന സഹകരണ സംഘം മുന്നിലുണ്ടെന്നത് ആശ്വാസകരമാണ്. കോവിഡ് കാലം പുതിയ അനുഭവമാണ് നമുക്ക് നൽകിയത്. കോവിഡ് പ്രതിസന്ധി കാലത്തും സഹകരണ മേഖല ജനങ്ങൾക്ക് നൽകിയ ആശ്വാസം ചെറുതല്ല. കെയർ ഹോം വഴി 2088 വീടുകൾ നിർമ്മിച്ച് പാവപ്പെട്ടവർക്ക് നൽകി. ഒറ്റത്തവണ തീർപ്പാക്കൽവഴി പലിശയിളവ് നൽകിയും ഓൺലൈൻ ക്ലാസ്സുകൾക്ക് മൊബൈൽ ഫോണുകളും മറ്റ് ഡിവൈസുകളും വാങ്ങുന്നതിന് പലിശയില്ലാതെ വായ്പകൾ കൊടുത്തും കോടിക്കണക്കിന് രൂപയുടെ സഹായമാണ് സഹകരണ പ്രസ്ഥാനം ചെയ്തത്. അതുപോലെ 'മുറ്റത്തെ മുല്ല' പദ്ധതിയിൽ

കുറഞ്ഞ പലിശയ്ക്ക് വായ്പ വിതരണം ചെയ്യുന്ന സംവിധാനവും കോവിഡ് മഹാമാരിയുടെ കാലത്ത് കമ്മ്യൂണിറ്റി കിച്ചണുവേണ്ടി സഹകരണ പ്രസ്ഥാനം നൽകിയ സഹായങ്ങളും നമ്മുടെ മുമ്പിലുണ്ട്. ആ നിലയിൽ നമ്മുടെ സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനം നൽകിവരുന്ന സേവനത്തെ വിസ്മരിക്കാനാകില്ല. 1184 പേർക്ക് സ്ഥിര നിയമനം നൽകുകയും 1000 പേർക്ക് പുതിയ നിയമനം കൊടുക്കാനുള്ള ശിപാർശ നൽകുകയും ചെയ്തു. 56000 പേർക്ക് തൊഴിലവസരമുണ്ടാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കേരളത്തിന്റെ സഹകരണ പ്രസ്ഥാനം നൽകിവരുന്ന ഇത്തരം സംഭാവനകളെ ശ്രദ്ധാപൂർവ്വം വീക്ഷിക്കാനും പഠിക്കാനും നമുക്ക് കഴിയണം. ഒരു വനമേഖലകൂടി ഉൾക്കൊള്ളുന്ന മണ്ഡലമാണ് എന്റെ മണ്ഡലം. ഭൂവിസ്തൃതിയിൽ മുപ്പത് ശതമാനം വരുന്ന വനമേഖലയിൽ താമസിക്കുന്നവരുടെ ജീവിതവുമായി ബന്ധപ്പെടുന്ന ഒട്ടനവധി വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരിശ്രമിച്ചിട്ടുണ്ട്. അതിലുണ്ടാകുന്ന കുറവുകൾ സംബന്ധിച്ച് സബ്മിഷനിലൂടെയും ശ്രദ്ധക്ഷണിക്കലിലൂടെയും ഈ സഭ മുമ്പാകെ ഞാൻ ഉന്നയിച്ചിട്ടുണ്ട്. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം, വൃക്ഷസമൃദ്ധി പദ്ധതി, മനുഷ്യ-വന്യജീവി സംഘർഷം

കുറയ്ക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തുടങ്ങിയവ വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വനശ്രീ ഇക്കോ ഷോപ്പ്, നോളജ് സെന്റർ എന്നിവ ഉൾപ്പെടുത്തി 14 സംയോജിത ചെക്ക്പോസ്റ്റുകൾ, 15 ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടങ്ങൾ തുടങ്ങിയവയ്ക്ക് തുടക്കം കുറിച്ചത് സ്വാഗതാർഹമാണ്. കാട്ടുപന്നികളുടെ ആക്രമണത്തെ നേരിടാൻ നടപടികൾ സ്വീകരിച്ചതും എന്റെ മണ്ഡലത്തിലെ ഇക്കോ ടൂറിസം പദ്ധതിയുടെ വിപുലീകരണവും അഭിനന്ദനാർഹമാണ്. കോട്ടമൺപുറം, വെട്ടിമുറിച്ചകോൺ, ഭൃതക, ആനനിരത്തി, കൊമ്പൈ തുടങ്ങിയ ക്യാമ്പുകളിലേയ്ക്ക് സ്വദേശ-വിദേശ ടൂറിസ്റ്റുകൾ പ്രവഹിക്കുകയാണ്. നെയ്യാർഡാം കേന്ദ്രീകരിച്ച് വനം വകുപ്പ് കൊണ്ടുവന്ന റിസോർട്ടുകൾ വലിയ മാറ്റമാണുണ്ടാക്കിയിരിക്കുന്നത്. അധികം താമസിയാതെ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായി കാപ്പുകാടുള്ള കോട്ടൂർ എന്ന സ്ഥലത്ത് കിഫ്ബിയുടെ സഹായത്തോടുകൂടി 108 കോടി രൂപ മുടക്കി 50 ആനകളെ വളർത്താൻ കഴിയുന്ന ഒരു കേന്ദ്രം നിർമ്മിച്ച് നാടിന് സമർപ്പിക്കുന്നതാണ്. അതുകൊണ്ട് വനം-വന്യജീവി വകുപ്പും സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പും ശക്തിപ്പെടുത്താൻവേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ]**

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. രാജ്യത്തിന്റെ സമ്പദ്ഘടന പുനരാവിഷ്കരിക്കുന്നതിലും സാമ്പത്തിക പുരോഗതിയിൽ മികച്ച നേട്ടം കൈവരിക്കുന്നതിലും നിർണ്ണായക പങ്കാണ് സഹകരണ മേഖല വഹിക്കുന്നത്. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനങ്ങൾ ഒരുമിച്ച് ചേർന്നാണ് ഈ ജനകീയ പ്രസ്ഥാനത്തെ വളർത്തിയെടുത്തത്. ജനജീവിതവുമായി ബന്ധപ്പെട്ട് എല്ലാ തലങ്ങളിലേയ്ക്കും വളർന്നുപന്തലിച്ച് നിൽക്കുകയാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ. 1.26 ലക്ഷം കോടി രൂപ നിക്ഷേപമുള്ള പ്രസ്ഥാനമാണത്. സഹകരണ വായ്പാ രംഗത്തിന്റെ മുക്കാൽ ഭാഗവും പ്രാഥമിക സംഘങ്ങളുടെ വിഹിതമാണ്. പ്രാഥമിക സംഘങ്ങൾക്കുണ്ടാകുന്ന ക്ഷീണം സഹകരണ ശൃംഖലയെ ദുർബലപ്പെടുത്തും. സഹകരണ മേഖലയെ തകർക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 5 ലക്ഷം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പുതുതായി രൂപീകരിക്കാൻ കേന്ദ്രസർക്കാർ നടപടി തുടങ്ങിയെന്നാണ് അറിയുന്നത്. പ്രധാനമായും കാർഷിക മേഖലയിൽ കേന്ദ്രീകരിക്കുന്ന ഈ സംഘങ്ങൾ നമ്മുടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ഗുരുതരമായി ബാധിക്കുമെന്ന് ഉറപ്പാണ്.

കേന്ദ്രത്തിന്റെ കാർഷിക വായ്പകളും സബ്സിഡികളും മൾട്ടി സംഘങ്ങളിലൂടെ നടപ്പാക്കാനാണ് നീക്കം. പ്രാഥമിക സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പയ്ക്ക് സബ്സിഡി ലഭിക്കാതിരുന്നാൽ കർഷകർ ഉയർന്ന പലിശ നൽകേണ്ടിവരും. അർബൻ ബാങ്കുകളിൽ റിസർവ് ബാങ്ക് നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകൾ സഹകരണ മേഖലയുടെ ജനാധിപത്യ സ്വഭാവം തകർക്കുന്നതാണ്. അർബൻ ബാങ്ക് മാനേജിംഗ് ഡയറക്ടർകൂടി ഭരണസമിതിയുടെ ഭാഗമാകുകയും അദ്ദേഹത്തിന്റെ നിയമനം റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലായിരിക്കുകയുമാണ്. മാനേജിംഗ് ഡയറക്ടർ ഭരണസമിതിയുടെ തീരുമാനം അനുസരിക്കണമെന്ന് നിബന്ധനയില്ലെന്നും ഭരണസമിതിയിലെ പകുതിയിലധികം അംഗങ്ങൾ പ്രൊഫഷണൽ യോഗ്യതയുള്ളവരായിരിക്കണമെന്നുമാണ് വ്യവസ്ഥ. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കോർപ്പറേറ്റുകൾക്ക് കൈമാറുന്നതുപോലെ സാധാരണ ജനങ്ങളുടെ ഈ ജനകീയ കൂട്ടായ്മയെയും കോർപ്പറേറ്റ് കമ്പനി സ്വഭാവത്തിലേയ്ക്ക് മാറ്റുന്നതിനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്ന കേന്ദ്ര സർക്കാരിന്റെ ഇത്തരം നീക്കങ്ങളെ ശക്തമായി പ്രതിരോധിക്കാനോ നിയമപരമായി ചോദ്യം

ചെയ്യാനോ സംസ്ഥാന സർക്കാർ മുന്നോട്ടുവരുന്നില്ലെന്നത് ഖേദകരമാണ്. കേന്ദ്ര നയങ്ങൾക്ക് എതിരാണെന്ന് പറയുമ്പോഴും നിയമപരമായി ഇതിനെ ചോദ്യം ചെയ്യാൻ എൽ.ഡി.എഫ്. ഗവൺമെന്റ് ഇതുവരെയും മുന്നോട്ടുവന്നിട്ടില്ല. ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകളും റിസർവ് ബാങ്കിലെ നടപടികളും മറ്റുപല സംസ്ഥാനങ്ങളും കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ട്. എന്നാൽ നമ്മുടെ ഗവൺമെന്റ് അതിന് മുന്നോട്ടുവന്നിട്ടില്ല. ഇവിടെ കേരള ബാങ്ക് മാത്രം മതിയെന്ന സമീപനം സ്വീകരിച്ച് പ്രാഥമിക ബാങ്കുകളെയും അർബൻ ബാങ്കുകളെയും ക്ഷീണിപ്പിക്കുന്ന നയവും നിലപാടുകളുമാണ് സർക്കാർ തുടർന്നുകൊണ്ടിരിക്കുന്നത്. വളരെ സങ്കുചിതമായ രാഷ്ട്രീയ പകപോക്കൽ നയമാണ് എൽ.ഡി.എഫ്. സർക്കാർ സഹകരണ സ്ഥാപനങ്ങളോട് വച്ചുപുലർത്തുന്നത്. യു.ഡി.എഫ്. ഭരണസമിതിയിലുള്ള ബാങ്കുകളുടെ ബൈലോ ഭേദഗതിക്കോ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനോ പുതിയ ബ്രാഞ്ച് തുടങ്ങാനുള്ള അനുമതിക്കോവേണ്ടി അപേക്ഷിച്ചാൽ ഭരണസമിതിയുടെ രാഷ്ട്രീയ നിറം നോക്കിയാണ് തീർപ്പുകൽപ്പിക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർക്കും ഡയറക്ടർമാർക്കുമെല്ലാം ഓണറേറിയവും സിറ്റിംഗ് ഫീസും വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട്

ബഹുമാനപ്പെട്ട മന്ത്രിക്ക് നേരത്തെ ഞാനൊരു കത്ത് നൽകിയിരുന്നു. അവരെല്ലാം ഈ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ വലിയ പങ്കുവഹിക്കുന്നവരാണ്. അവർക്കൊരു പ്രോത്സാഹനമെന്ന നിലയിൽ അവരുടെ ഓണറേറിയവും സിറ്റിംഗ് ഫീസും വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്നത് ജീവനക്കാരാണ്. സാമ്പത്തിക സ്ഥാപനങ്ങളിലെ ജീവനക്കാർ സംതൃപ്തരായിരിക്കണം. അവരുടെ പെരുമാറ്റം, സമീപനം അതെല്ലാമാണ് ഇടപാടുകാരെ അവിടേയ്ക്ക് ആകർഷിക്കുന്നത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം, ഡി.എ. തുടങ്ങിയ ആനുകൂല്യങ്ങളും അർഹമായ പ്രൊമോഷനുകളും സമയബന്ധിതമായി അനുവദിച്ചുകൊടുക്കാനുള്ള സംവിധാനമുണ്ടാകണം. സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ പെൻഷൻ വീടുകളിലെത്തിച്ച് കൊടുക്കുന്ന ജീവനക്കാർക്കുള്ള ഇൻസെന്റീവ് ആറ് മാസമായി കുടിശ്ശികയായിരിക്കുകയാണ്. ഒരുമാസത്തെ പെൻഷൻ വീടുകളിൽ എത്തിച്ചുകൊടുത്താൽ അടുത്ത മാസമെങ്കിലും ആവശ്യമായ ഇൻസെന്റീവ് നൽകാൻ നടപടിയുണ്ടാകണം. അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിനൊപ്പം അനുവദിക്കേണ്ട ഹയർ ഗ്രേഡ് സ്കെയിൽ ഒരു വർഷം കഴിഞ്ഞിട്ടും അനുവദിച്ചിട്ടില്ല. മലപ്പുറം ജില്ല

ബാങ്ക് കേരള ബാങ്കിൽ ലയിച്ചില്ലെന്ന ഒറ്റക്കാരണംകൊണ്ട് മലപ്പുറം ജില്ലയിലെ സാധാരണക്കാർക്ക് നബാർഡിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾപോലും നിഷേധിക്കുകയാണ്. നബാർഡ് തയ്യാറായിട്ടുപോലും സംസ്ഥാന ബാങ്ക് എതിർക്കുകയാണ്. 'കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി' എന്ന പ്രയോഗത്തെ അന്വർത്ഥമാക്കുന്ന കാഴ്ചയാണ് വനം വകുപ്പിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. വയനാട് മുട്ടിൽ, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ഉൾപ്പെടെ വിവിധ ജില്ലകളിൽനിന്ന് 14.42 കോടിരൂപയുടെ മരം മുറിച്ചുകടത്തിയെന്നാണ് വനം വകുപ്പിന്റെ ഔദ്യോഗികമായ കണക്ക്. 1800 തടിക്കഷണങ്ങൾ മുറിച്ചതിൽ 22 എണ്ണം മാത്രമാണ് ഇതുവരെ കണ്ടുകെട്ടിയിട്ടുള്ളത്. ബാക്കികൂടി കണ്ടെത്താൻ നടപടിയുണ്ടാകണം. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി പറയുമ്പോൾ, വനിതാ മതിലുണ്ടാക്കിയവർ ഇപ്പോൾ വനിതാ നിന്ദ പാർട്ടി പരിപാടിയാക്കി മാറ്റിയിരിക്കുകയാണ്. സി.പി.ഐ.(എം)-ന്റെ കൊലപാതക രാഷ്ട്രീയത്തിനെതിരെയുള്ള ജനങ്ങളുടെ വിധിയെഴുത്തായിരുന്നു വടകരയിൽ ശ്രീമതി കെ. കെ. രമയുടെ ഉജ്ജ്വലമായ വിജയം. നിങ്ങൾക്കിപ്പോഴും അത് ഉൾക്കൊള്ളാനായിട്ടില്ല. ജനങ്ങൾ വോട്ട് ചെയ്ത് തെരഞ്ഞെടുത്തയച്ച ആ

വനിതാ ജനപ്രതിനിധിയെ നിയമസഭയിൽവച്ച് ക്രൂരമായ ഭാഷയിൽ അധിക്ഷേപിച്ചു. അതിനെതിരായി പ്രതികരിച്ച സി.പി.ഐ. നേതാവ് ശ്രീമതി ആനി രാജയെയും വെറുതെ വിട്ടില്ല. ശ്രീമതി ആനി രാജ ഡൽഹിയിലാണല്ലോ ഉണ്ടാക്കൽ എന്നാണ് മറ്റൊരു പ്രതികരണം. തെമ്മാടി നിഘണ്ടുവെന്നാണ് സി.പി.ഐ. ജില്ലാ സെക്രട്ടറി ശ്രീ. കെ. കെ. ശിവരാമൻ പ്രതികരിച്ചത്. മുമ്പ് ഇടുക്കിയിലെ തോട്ടം തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടപ്പോൾ അതിനെതിരായി ജനകീയ പ്രക്ഷോഭം നയിച്ചു. ആ ജനകീയ പ്രക്ഷോഭത്തിന്റെ ഭാഗമായി 'പെമ്പിളൈ ഒരുമൈ' എന്ന വനിതാ കൂട്ടായ്മ രൂപപ്പെട്ടു. ആയിരക്കണക്കിന് വനിതകളാണ് ആ സമരത്തിൽ പങ്കെടുത്തത്. അതിൽ പങ്കെടുത്ത വനിതകളെ അധിക്ഷേപിച്ചും അപമാനിച്ചും ഈ മാന്യദേഹം അന്ന് സംസാരിക്കുകയുണ്ടായി. ഇങ്ങനെ വനിതകളെ സ്ഥിരമായി അവഹേളിക്കാനും അധിക്ഷേപിക്കാനും ഒരു ഉത്തരവാദപ്പെട്ട പാർട്ടി നേതാവിനെ കയറൂരി വിടുന്ന സമീപനം സി.പി.ഐ.(എം)-ന്റെ നയമാണോ? എല്ലാ നെറികേടിനെയും വൃത്തികെട്ട എല്ലാ ഭാഷയെയും ന്യായീകരിക്കുകയും അനുകൂലിക്കുകയും ചെയ്യുന്ന സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും സ്വീകരിക്കുന്നത്

എന്നതുകൊണ്ട് ഇത് പാർട്ടിയുടെ നയമായി അംഗീകരിച്ചുവെന്നാണ് ജനങ്ങൾ മനസ്സിലാക്കേണ്ടത്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സാമൂഹ്യ പ്രതിബദ്ധതയെ മുറുകെപിടിച്ചുകൊണ്ട് ജനങ്ങളുടെ വിശ്വാസമാർജ്ജിച്ചാണ് കേരളത്തിലെ സഹകരണ മേഖല മുന്നോട്ടുപോകുന്നത്. നിശ്ചയദാർഢ്യവും സഹകാരികളുടെ അകമഴിഞ്ഞ പിന്തുണയുംകൊണ്ട് പുതിയ ഉയരങ്ങളിലേയ്ക്കുള്ള പ്രയാണത്തിലാണ് കേരളത്തിലെ സഹകരണ മേഖല. ഇന്ത്യയിൽ ഏറ്റവും ശക്തവും വിശ്വാസ്യതയുള്ളതുമായ സഹകരണ മേഖല കേരളത്തിലേതാണ്. രാജ്യത്താകെയുള്ള സഹകരണ നിക്ഷേപത്തിന്റെ അറുപത് ശതമാനത്തിലധികവും കേരളത്തിലാണുള്ളത്. ഈ നിക്ഷേപത്തിൽ കണ്ണുവച്ചുകൊണ്ടാണ് ബി.ജെ.പി. സർക്കാർ ഭരണഘടനാ വ്യവസ്ഥയും ഫെഡറൽ തത്വങ്ങളുമെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് സഹകരണ മന്ത്രാലയം രൂപീകരിച്ചത്. പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപങ്ങൾ ബി.ജെ.പി.-യുടെ സ്വന്തക്കാരായ വൻകിട കോർപ്പറേറ്റുകൾക്ക് വായ്പയായി നൽകുകയാണ്. വിതരണം ചെയ്യുന്ന വായ്പയുടെ അറുപത് ശതമാനവും

കയ്യാളുന്ന ഇവരുടെ വായ്പകളിൽ ഏതാണ്ട് 85 ശതമാനവും കിട്ടാക്കടമായി എഴുതിത്തള്ളുകയാണ്. ഈ പശ്ചാത്തലത്തിൽ ബി.ജെ.പി.-യുടെ രാഷ്ട്രീയ നയം നടപ്പാക്കുന്നതിന്റെ ഭാഗമായ കേന്ദ്ര നടപടികളെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളം നോക്കിക്കാണേണ്ടതാണ്. വർദ്ധിക്കുന്ന സാമ്പത്തിക അസമത്വത്തിന്റെ പ്രായോഗിക ബദലാണ് സഹകരണ മേഖലയെന്ന് ഐക്യരാഷ്ട്രസഭയും അന്താരാഷ്ട്ര തൊഴിൽ സംഘടനയും വിവക്ഷിക്കുന്നുണ്ട്. അതിനെ അന്വർത്ഥവും അർത്ഥവത്തുമാക്കിയ ഒരു പ്രദേശമാണ് കേരളമെന്നുള്ളത് പ്രസക്തമാണ്. കേരളം സൃഷ്ടിച്ച ഈ ബദലിനെ തകർക്കാനാണ് ബി.ജെ.പി. സർക്കാർ ശ്രമിക്കുന്നത്. ഇത് ബി.ജെ.പി. മാത്രമായി ആരംഭിച്ചതാണെന്ന് പറയാൻ കഴിയില്ല. 1990-കളിലെ ആഗോളീകരണ നയങ്ങൾക്കുശേഷം സഹകരണ മേഖലയിൽ പരിഷ്കാരങ്ങൾ നിർദ്ദേശിക്കാൻ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. Chaudhary Brahm Prakash Committee, Jagdish Kapoor Committee, V. S. Vyas Committee, Vikhe Patil Committee, Bakshi Committee, Vaidyanathan Committee തുടങ്ങിയവയെല്ലാം രൂപീകരിച്ച് നിർദ്ദേശങ്ങൾ രൂപപ്പെടുത്തി ഇത്തരം പരിഷ്കാരങ്ങൾക്ക് നേതൃത്വം കൊടുത്തതിൽ ബി.ജെ.പി.-ക്കും യു.പി.എ. ഗവൺമെന്റിനും പങ്കുണ്ട്. സഹകരണ

പ്രസ്ഥാനത്തിന്റെ പിതാവായ Robert Owen-നും Charles Fourier-ഉം മുതൽ ഗാന്ധിജിയും നെഹ്റുവും വരെയുള്ള നേതാക്കന്മാർ സഹകരണ മേഖലയെ വിവക്ഷിച്ചിട്ടുള്ളത് നമ്മൾ ശ്രദ്ധിക്കണം. 'ഒറ്റ തുള്ളിക്ക് മാഞ്ഞ് പോകാനേ കഴിയൂ, സഹകരിച്ച തുള്ളികൾക്കാകട്ടെ തന്റെ വിശാലമായ മടിത്തട്ടിൽ ഗ്രേഹൗണ്ട് കപ്പലിനെ വഹിച്ച സമുദ്രത്തെ സൃഷ്ടിക്കാനായി' എന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്. ഇതാണ് ഗാന്ധിജി സഹകരണ ശക്തിയെക്കുറിച്ച് നമ്മെ പഠിപ്പിച്ചത്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു സഹകരണത്തിന്റെ പ്രവാചകനെന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ, നെഹ്റൂവിയൻ രാഷ്ട്രീയം ഊന്നൽകൊടുത്ത ഫെഡറലിസത്തെ തകർത്തുകൊണ്ട് നവലിബറൽ നയങ്ങളുടെ ഭാഗമായി വന്ന ഇത്തരം പരിഷ്കാരങ്ങൾ യു.പി.എ. ഗവൺമെന്റ് ആരംഭിച്ചു, ബി.ജെ.പി. ഗവൺമെന്റ് അത് തകൃതിയായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ സ്റ്റേറ്റ് ലിസ്റ്റിലെ മുപ്പത്തിരണ്ടാമത്തെ ഐറ്റമായ സഹകരണ മേഖല കൺകറന്റ് ലിസ്റ്റ് പോലുമല്ല. അതാണ് ഇപ്പോൾ തകർത്തുകൊണ്ടിരിക്കുന്നത്. 2002-ൽ ബി.ജെ.പി. ഗവൺമെന്റ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ആക്ട് പാസ്സാക്കിയെങ്കിലും ഇന്ന് നമ്മൾ ചർച്ച

ചെയ്യുന്ന 97-ാം ഭരണഘടനാ ഭേദഗതിയിലെ പാർട്ട് IX(B) എന്ന ഭേദഗതി ഭരണഘടനയിൽ എഴുതിച്ചേർത്തത് 2012 ഫെബ്രുവരി മാസത്തിൽ യു.പി.എ. ഗവൺമെന്റാണ്. അതിനെ ഗുജറാത്ത് ഹൈക്കോടതി റദ്ദ് ചെയ്തെങ്കിലും കേന്ദ്രസർക്കാർ അപ്പീലിന് പോയി. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സംഘങ്ങളുടെ അധികാരം കേന്ദ്ര സർക്കാരിൽ നിലനിർത്തിക്കൊണ്ട് ഭാഗികമായി സ്റ്റേ ചെയ്തിരിക്കുകയാണ്. കേരളത്തിന്റെ സഹകരണ സംഘങ്ങളെ നിലയ്ക്കുനിർത്താൻ ആർ.ബി.ഐ.-യെ ഉപയോഗിച്ച് നടത്തുന്ന ശ്രമങ്ങൾ കേരളത്തിലെ ജനങ്ങളെ ആശങ്കയിലാക്കുകയാണ്. കേരളത്തിലെ ഗവൺമെന്റ് ഇതിനെ നിയമപരമായി നേരിടാതെ രാഷ്ട്രീയമായി മാത്രമാണ് നേരിടുന്നതെന്ന പരാമർശത്തിന് ബഹുമാനപ്പെട്ട മന്ത്രി വിശദമായി മറുപടി പറയുമെന്നാണ് കരുതുന്നത്. സഹകരണ മേഖലയെ നിലനിർത്തുന്നതിനുവേണ്ടി രാഷ്ട്രീയമായും നിയമപരമായും പോരാടുന്നതിനുള്ള കാര്യങ്ങളാണ് ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കർഷകർക്കും കാർഷികാനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും സാമ്പത്തിക സഹായം ഉറപ്പാക്കുന്നുവെന്ന് മാത്രമല്ല, സേവനവും ബാങ്കിംഗും ഒരുപോലെ നിർവ്വഹിക്കുന്നുവെന്നതും സഹകരണ സംഘങ്ങളുടെ പ്രത്യേകതയാണ്.

ലാഭം മാത്രം മുൻനിർത്തി പ്രവർത്തിക്കാതെ നാടിന്റെ വികസന കാര്യങ്ങളിലും സഹകരണ സംഘങ്ങൾ ഇടപെടുകയാണ്. വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ മേഖലയിലും ഇടപെടുന്നതോടൊപ്പം നീതി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ, മെഡിക്കൽ സ്റ്റോറുകൾ, ആശുപത്രികൾ, ഹാളുകൾ, കല്യാണമണ്ഡപങ്ങൾ, അത്യാധുനിക കളിസ്ഥലങ്ങൾ തുടങ്ങി മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും ഇടപെടുന്നുണ്ട്. ബാങ്കിംഗ് മേഖല മാത്രമല്ല സേവന മേഖലയിലും നാടിന്റെ വികസന പ്രവർത്തനങ്ങളിലും ശക്തമായ നേതൃത്വം കൊടുക്കുന്ന ഇന്ത്യയിലെ ശക്തമായ കേരള ബദലിനെ തകർക്കാനാണ് ബി.ജെ.പി. സർക്കാർ ശ്രമിക്കുന്നതെന്ന് പ്രതിപക്ഷവും മനസ്സിലാക്കണം. ഇതിനെ ഒരുമിച്ചുനിന്ന് ചെറുത്തുതോൽപ്പിക്കേണ്ടതുണ്ട്. ഇത്തരം പ്രതിസന്ധികളെയെല്ലാം മറികടന്നുകൊണ്ടാണ് പൊതുസമൂഹവുമായി ഇഴചേർന്ന് സഹകരണ മേഖല ഇപ്പോൾ കുതിപ്പ് തുടരുന്നത്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രതിപക്ഷമുണ്ടാക്കിയ വിവാദത്തെക്കുറിച്ച് നമുക്കറിയാം. എന്നാൽ, കേരള ബാങ്ക് ആദ്യത്തെ ഒരു വർഷം പൂർത്തിയായപ്പോൾത്തന്നെ മികച്ച ലാഭമുണ്ടാക്കി. 5,660 കോടി രൂപയുടെ വർദ്ധനയാണ് നിക്ഷേപത്തിലുണ്ടായത്. ഇടപാടുകാരിൽ 9.27%

വർദ്ധനയുണ്ടായി. കേരളത്തിന് വലിയൊരു ആശ്വാസമായി കേരള ബാങ്ക് മാറുകയാണ്. പ്രതിസന്ധികളെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് സഹകരണ മേഖല ജനങ്ങളുടെ വിശ്വാസമാർജ്ജിച്ച് മുന്നോട്ടുപോകുകയാണ്. ആഡിറ്റിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി പരിഷ്കാര നടപടികളുടെ ഭാഗമായി കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം കൊണ്ടുവന്നു. ലോകത്ത് എവിടെയിരുന്ന് വേണമെങ്കിലും ആഡിറ്റ് പരിശോധിക്കാൻ കഴിയുന്ന സിസ്റ്റമാണത്. കോവിഡ് കാലത്ത് ഓക്സിമീറ്റർ 3,000 രൂപയ്ക്ക് കമ്പനികൾ മെഡിക്കൽ സ്റ്റോറുകളിൽ കൊടുത്തുകൊണ്ടിരുന്നപ്പോൾ, കൺസ്യൂമർഫെഡ് 750 രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തതിന്റെ ഫലമായി അതിന്റെ വില 500 രൂപയായി കുറയ്ക്കാൻ കഴിഞ്ഞു. അത്തരത്തിൽ എല്ലാ മേഖലയിലും മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചു. ഓൺലൈൻ വിദ്യാഭ്യാസ മേഖലയിൽ 'വിദ്യാ തരംഗിണി' പദ്ധതിയിലൂടെ ഏതാണ്ട് എൺപതിനായിരത്തിലധികം കുട്ടികൾക്കാണ് പലിശരഹിത വായ്പ കൊടുത്തത്. കാർഷിക മേഖലയിലെ ഇടപെടലിലൂടെ 310 കോടി രൂപ മുതൽമുടക്കി Kerala Paddy Procurement, Processing and Marketing Co-operative Society (KAPCOS)-യുടെ ഭാഗമായി കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും റൈസ് മില്ലുകൾ ആരംഭിക്കാൻ

പോകുകയാണ്. നിരാലംബർക്ക് കൈത്താങ്ങായ 'കെയർ ഹോം' പദ്ധതിയിലൂടെ രണ്ടായിരത്തിലധികം വീടുകളാണ് പാവപ്പെട്ടവർക്ക് ലഭ്യമായത്. ഗ്രാമീണ മേഖലയുടെ സമ്പദ്ഘടനയെ സഹായിക്കാൻ, ബ്ലേഡ് പലിശക്കാരിൽ നിന്ന് പാവപ്പെട്ടവനെ രക്ഷിക്കാൻ കുടുംബശ്രീവഴി നടപ്പിലാക്കുന്ന 'മുറ്റത്തെ മുല്ല' വിപ്ലവകരമായ ഒരു പദ്ധതിയാണ്. ഇതുമായി ബന്ധപ്പെട്ട് ഏതാണ്ട് 1,500 കോടി രൂപയാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. സഹകരണ അംഗങ്ങളിൽ ഗുരുതര രോഗം ബാധിച്ചവർക്കുള്ള സഹകരണ സംഘം സമാശ്വാസ പദ്ധതിപ്രകാരം 45 കോടി രൂപയാണ് നൽകിയത്. ഇതാണ് കേരളത്തിലെ സഹകരണ മേഖലയുടെ മുഖം. ഈ മനുഷ്യ മുഖത്തെ തകർക്കാനാണ് ഭരണഘടനാ വിരുദ്ധമായ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നടപടികളെ ആക്രമിക്കാൻ മാത്രം വായ് തുറക്കുന്ന പ്രതിപക്ഷം ഇക്കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ടെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. സാധാരണക്കാരായ ജനങ്ങളും സഹകരണ മേഖലയും തമ്മിൽ പൊക്കിൾക്കൊടി ബന്ധമാണുള്ളത്. ഇ-ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് നമുക്കറിയാം. പോസ്റ്റ് ഓഫീസ് വഴിപോലും ഇപ്പോൾ ഇ-ബാങ്കിംഗ് സംവിധാനം വരികയാണ്.

കാലത്തിനനുസരിച്ച് പരിഷ്കാരങ്ങൾ വരുത്തി സാങ്കേതിക മികവോടുകൂടി സഹകരണ മേഖലയെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ ജനങ്ങളിൽ ആശങ്കയുണർത്തുന്ന പ്രവർത്തനങ്ങളുമായി പ്രതിപക്ഷം മുന്നോട്ടുപോകരുതെന്ന് മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങൾക്കൊപ്പം നിന്ന് ഈ സഹകരണ മേഖലയെ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. അന്താരാഷ്ട്ര സഹകരണ വാർഷിക ദിനാചരണത്തിന്റെ നൂറാം വാർഷികം ജൂലൈ 2-ന് ആയിരുന്നു. 'Co-operatives build a better World', സഹകരണ പ്രസ്ഥാനത്തിലൂടെ മെച്ചപ്പെട്ടൊരു ലോകം കെട്ടിപ്പടുക്കുക എന്നതാണ്. 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ അത് മാതൃകാപരമായി ഏറ്റെടുത്ത് പ്രവർത്തനം പൂർത്തീകരിച്ചത് കേരളത്തിലെ സഹകരണ പ്രസ്ഥാനമാണ്. കോവിഡ് കാലത്ത് ഭക്ഷ്യ കിറ്റുകളായും വിദ്യാ തരംഗിണി എന്ന നിലയിൽ വിദ്യാർത്ഥികൾക്കുള്ള പഠനോപകരണമായും എത്തിച്ചേർന്നത് സഹകരണ പ്രസ്ഥാനമാണ്. അതിദരിദ്ര വിഭാഗങ്ങൾക്ക് സാമ്പത്തിക ഭദ്രതയും അടിസ്ഥാന സൗകര്യങ്ങളുമൊരുക്കുന്നതിൽ ബദൽ

തീർക്കുന്ന നയങ്ങളാണ് സഹകരണ പ്രസ്ഥാനത്തിനുള്ളതെന്നാണ് റിസർവ് ബാങ്കിന്റെ 2013-ലെ റിപ്പോർട്ടിൽ പറയുന്നത്. കോർപ്പറേറ്റുകളുടെയും വൻകിട ബാങ്കിംഗ് മേഖലയുടെയും ബദൽ തീർത്ത് സാധാരണക്കാരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ കേന്ദ്ര ഗവൺമെന്റുതന്നെ നേരിട്ടിറങ്ങിയിരിക്കുന്ന രാഷ്ട്രീയ കാലാവസ്ഥയാണ് ഇപ്പോഴുള്ളത്. 11,68,095 കോടി രൂപ കോർപ്പറേറ്റുകൾക്കുവേണ്ടി എഴുതിത്തള്ളിയപ്പോൾ ഈ മഹാപ്രസ്ഥാനത്തെ പടുത്തുയർത്താൻ നയാപൈസപോലും തന്നില്ലെന്നുമാത്രമല്ല, കേരളത്തിന്റെ സമ്പന്നമായ സഹകരണ പ്രസ്ഥാനത്തെ ഒന്നിച്ച് വിഴുങ്ങാനാണ് ശ്രമിക്കുന്നത്. നെല്ലുല്പാദനം കൂടുതലുണ്ടാകുമ്പോൾ അത് സംഭരിച്ച് സംസ്കരിച്ച് ബ്രാൻഡായി നൽകുന്ന 'PAPCOS', സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്ത്രീകൾക്കുള്ള 'മുറ്റത്തെ മുല്ല' എന്നീ പദ്ധതികളും പലിശരഹിത വായ്പ നൽകി കൃഷിക്കാരെ മുന്നോട്ടുകൊണ്ടുവരുന്ന നടപടിയും പാലക്കാടിന്റെ മാതൃകയാണ്. ചരിത്രമെടുത്ത് നോക്കിയാൽ കൊടുവായൂരിൽ നിന്നാണ് സഹകരണ സ്ഥാപനത്തിന്റെ തുടക്കമെന്ന അത്ഭുതപ്പെടുത്തുന്ന രൂപത്തിലാണ് സഹകരണ മേഖലയിലേയ്ക്ക് പാലക്കാട് ജില്ല മുന്നോട്ടുവന്നത്. ആ മാതൃകയിലൂടെ കേരളത്തിലെ അതിദരിദ്ര

ജനവിഭാഗങ്ങൾക്ക് ഉപകാരപ്രദമായ നടപടികളുമായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. പുതിയ ലോകത്താണ് നാം. വൈജ്ഞാനിക സമൂഹത്തെ ഉപയോഗപ്പെടുത്തി വ്യവസായം, കൃഷി, സഹകരണം തുടങ്ങിയ മേഖലയുമായി യോജിച്ച് സ്റ്റാർട്ടപ്പുകൾക്കും എം.എസ്.എം.ഇ. പദ്ധതികൾക്കും തുടക്കം കുറിക്കാൻ ആലോചിക്കുന്നതിനെ അഭിനന്ദിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 1712 സ്ഥിരനിയമനം ഉൾപ്പെടെ 45606 പേർക്ക് തൊഴിലവസരം സൃഷ്ടിച്ചത് മെച്ചപ്പെട്ട നടപടി തന്നെയാണ്. ക്ഷീര സഹകരണ സംഘങ്ങളിൽ ആ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെ അഭിനന്ദിക്കുന്നു. 25 യുവ സഹകരണ സംഘങ്ങൾ ലക്ഷ്യമിട്ടിടത്ത് 30 എണ്ണം സ്ഥാപിച്ചതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. അതുപോലെ കലാകാരൻമാർക്ക് നാടകം, സംഗീതം തുടങ്ങിയ പ്രകടന കലകൾ അവതരിപ്പിക്കാൻ ഒരു സ്ഥിരം വേദിയൊരുക്കാനും അതിലൂടെ പുതിയ കലാകാരൻമാരുടെ ട്രൂപ്പുകൾ രൂപീകരിക്കാനും സാധിക്കണം. കായിക രംഗത്ത് പുത്തനുണർവേകുന്നതിനായി ടർഫും ഇൻഡോർ ക്രിക്കറ്റ്

ഗ്രൗണ്ടുകളും സ്ഥാപിക്കുന്നതോടൊപ്പം നല്ല സ്പോർട്സ്മാൻമാരെ ഉൾപ്പെടുത്തി കേരള ബ്ലാസ്റ്റേഴ്സിനെപ്പോലെയുള്ള ടീമുകളെ ഉയർത്തിക്കൊണ്ടുവരണം. 'അക്ഷര മ്യൂസിയം' കേരളത്തിന്റെ മാതൃകയായി മാറാൻ പോകുകയാണ്. ലോകത്ത് എവിടെയിരുന്നാലും വിരൽത്തുമ്പിൽ സഹകരണ മേഖലയുടെ പൂർണ്ണവിവരങ്ങൾ അറിയാവുന്ന Co-operative Audit Monitoring & Information System (CAMIS) അത്ഭുതകരമായ മാറ്റമാണ് ഈ മേഖലയിലുണ്ടാക്കിയത്. എങ്കിലും നിലനിൽക്കുന്ന അനഭിലഷണീയമായ ചില പ്രവണതകൾ തിരുത്താൻ പുതിയ നിയമം കൊണ്ടുവരുമെന്നതും ആശ്വാസകരം തന്നെയാണ്. ജനങ്ങൾക്ക് ഏറെ വിശ്വാസം നൽകുന്നതാണ് കേരള ബാങ്ക്. 6,000 കോടി രൂപയുടെ നിക്ഷേപ സമാഹരണം പ്രഖ്യാപിച്ചപ്പോൾ 7,553 കോടി രൂപയാണ് നിക്ഷേപമായി ലഭിച്ചത്. ഇപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ട രീതിയിൽ അകലം പാലിച്ച് നിൽക്കുകയാണ് മലപ്പുറം ജില്ല ബാങ്ക്. അതിനെയും കൂട്ടിയോജിപ്പിച്ച് കൊണ്ടുപോകണം. ലോക പരിസ്ഥിതി ദിനാചരണത്തിന്റെ 50-ാം വർഷമാണ് ആചരിക്കുന്നത്. ഒരേയൊരു ഭൂമിയെന്നതാണ് ഇന്ന് ഉയർത്തിപ്പിടിക്കുന്ന മുദ്രവാക്യം. 50 വർഷങ്ങൾക്കുമുമ്പ് ഉയർത്തിപ്പിടിച്ച അതേ മുദ്രാവാക്യം തന്നെയാണ്

ഇപ്പോഴും ഉയർത്തുന്നത്. വിസ്മയകരമായ ഈ ജൈവമണ്ഡലവുമായി ഐക്യപ്പെട്ട് മാത്രമേ നമുക്ക് ജീവിക്കാനാകൂ. ചരിത്രമെടുത്ത് നോക്കിയാൽ നിരവധി പർവ്വതങ്ങളെയും ജലസംഭരണികളെയും പൂജിച്ചിരുന്ന ഒരു കാലഘട്ടത്തെ നമുക്ക് കാണാൻ സാധിക്കും.

'മഹേന്ദ്രോ മലയ സഹ്യോ

ദേവാത്മാ ഹിമാലയ

ധ്യേയോ രൈവതകോ വിന്ധ്യോ

ഗിരിശ്ച ആരവല്ലി സ്ഥഥാ'.

നമ്മുടെ പശ്ചിമഘട്ടമുൾപ്പെടെയുള്ള മലനിരകളാണ് ജീവവായു. അതുപോലെ,

'ഗംഗേ സിന്ധുശ്ച കാവേരി

യമുനേച സരസ്വതി

രേവാ മഹാനദി ഗോദാ

ബ്രഹ്മപുത്രാ പുനതുമാം'

നദികളെക്കുറിച്ചാണ് പ്രകീർത്തിക്കപ്പെടുന്നത്. കാടാണ് ജലം, ജലമാണ് ജീവൻ. ചെന്നൈ ഹൈക്കോടതിയുടെ മധുര ബഞ്ചിന്റെ ഒരു സുപ്രധാന വിധി അടുത്തകാലത്തുണ്ടായി. പ്രകൃതിമാതാവിന് ജീവനുണ്ടെന്നും

വ്യക്തിയെന്ന നിലയിൽ നിയമപരമായി ഭരണഘടന വിഭാവനം ചെയ്യുന്ന എല്ലാ അവകാശങ്ങളും പ്രകൃതിക്കും അവകാശപ്പെട്ടതാണെന്നുമാണ് പറയുന്നത്. വിദ്യാവനം, നഗര വനം, തീരദേശ വനം തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായ കാവുകളെയും കണ്ടൽക്കാടുകളെയും സംരക്ഷിച്ച് കാർബൺ ന്യൂട്രലിലൂടെ വൃക്ഷ സമൃദ്ധിയെന്ന നിലയിലേയ്ക്ക് മുന്നോട്ടുപോകുകയും ചെയ്യുന്നതിൽ നമുക്ക് അഭിമാനിക്കാം. വനവും വനമേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. ആശാനെന്ന് വിളിക്കുന്ന ശ്രീ. എം. എം. മണിയെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രതിപക്ഷത്തിരിക്കുന്നവർ ആക്രമിക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. ഇന്ന് നെൽസൺ മണ്ടേലയുടെ ജന്മദിനമാണ്. ഈ ദിനത്തിലാണ് കോൺഗ്രസിന്റെ മഹിളാ സംഘത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരത്തിൽ പ്രകടനം നടക്കുന്നത്. ചിമ്പാൻസിയുടെ രൂപവും മണിയാശാന്റെ തലയും വെട്ടിവച്ച ചിത്രവുമായാണ് അവർ പ്രകടനം നടത്തുന്നത്. ആരോ ഇത് അവരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അത് മാറ്റിയെങ്കിലും കെ.പി.സി.സി.-യുടെ പ്രസിഡന്റിനോട് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ അതിനെന്താ രണ്ടും സമമല്ലേയെന്ന് ആക്ഷേപിക്കുകയാണ് ചെയ്തത്. ഇങ്ങനെ

വർണ്ണത്തിന്റെ പേരിൽ ആക്ഷേപിക്കപ്പെടുന്നത് ഈ കേരളത്തിലല്ലേ; വ്യക്തിപരമായും കുടുംബപരമായും ആക്രമിക്കാനും കൊലപ്പെടുത്താനും തുടങ്ങിയിട്ട് കാലമെത്രയായി? സ്വതസിദ്ധമായ ശൈലിയിൽ ഒന്ന്, രണ്ട്, മൂന്ന് പറഞ്ഞതിനല്ലേ അവർ അദ്ദേഹത്തെ നാടുകടത്തിയതും തുറുങ്കിലടച്ചതും. ആ എഫ്.ഐ.ആർ.-ന് കടലാസിന്റെ വിലപോലും കൽപ്പിക്കാതെ കോടതി തള്ളിക്കളഞ്ഞു. മുൻ പ്രതിപക്ഷ നേതാവിനെക്കുറിച്ച് പറയണമെന്ന് ആഗ്രഹിച്ചതല്ല; വിദ്യുച്ഛക്തി വകുപ്പുമന്ത്രിയായി കേരളത്തിലെ എൽ.ഡി.എഫ്.-ഉം സി.പി.ഐ.(എം)-ഉം ശ്രീ. എം. എം. മണിയെ തീരുമാനിച്ചപ്പോൾ വിദ്യുച്ഛക്തി എന്ന് എഴുതാൻ അറിയില്ലെന്ന് ആക്ഷേപിച്ചത് നിങ്ങൾ ഓർക്കണം. ഒരു മിനിട്ടുപോലും പവർകട്ടില്ലാതെ കേരളത്തെ സമ്പൂർണ്ണ വൈദ്യുതിവൽക്കരണ സംസ്ഥാനമാക്കി മാറ്റിയത് സഖാവ് മണിയാശാന്റെ നേതൃത്വത്തിലായിരുന്നു. ശ്രീ. പി. കെ. ബഷീറിന്റെ ഒരു പ്രസംഗം ഞാൻ നവമാധ്യമത്തിലൂടെ കേൾക്കാനിടയായി. മുഖ്യമന്ത്രിക്ക് കുറുത്ത നിറം കാണുമ്പോൾ വലിയ വെറുപ്പാണെന്ന രൂപത്തിലാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയാണെങ്കിൽ മണിയാശാനെ കാണുമ്പോൾ എന്തായിരിക്കുമെന്നാണ് ചോദ്യം. ആശാന്റെ നിറം പറഞ്ഞ് വർണ്ണവെറിയുടെ അധിക്ഷേപമല്ലേ അവർ ഉയർത്തിയത്? ഒരു കാര്യം

നിങ്ങൾ മനസ്സിലാക്കണം, തോട്ടം തൊഴിലാളികളെയും വനാന്തരങ്ങളിൽ അധിവസിക്കുന്ന ആദിവാസി സമൂഹത്തിന്റെയും ഉന്നമനത്തിനുവേണ്ടി അവർക്കൊപ്പംനിന്ന് പൊരുതി മുന്നേറിയ, അവരുടെ മനസ്സിൽ ഇടം നേടിയിട്ടുള്ള ആളാണ് മണിയാശാനെന്ന് നിങ്ങൾ മറന്നുപോകരുത്. ഉണ്ടയില്ലാത്ത വെടിപൊട്ടിച്ചൊന്നും അദ്ദേഹത്തെ ഇല്ലാതാക്കാൻ നിങ്ങൾക്ക് സാധിക്കില്ല. ആശാന്റെ നെഞ്ചത്ത് കയറി കുമ്മനടിക്കേണ്ടതില്ല എന്നാണ് ഞങ്ങൾക്ക് ഓർമ്മപ്പെടുത്താനുള്ളത്. കോൺഗ്രസ് രാജ്യത്തിനുവേണ്ടി ഒരുപാട് സംഭാവന ചെയ്ത പാർട്ടിയാണ്. അത് നെഹ്റുവിന്റെ കാലത്തായിരുന്നു. ഇന്ന് അവർ ആ സംഭാവന ചെയ്യുന്നത് ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും വേണ്ടിയല്ലേ? അഞ്ച് വർഷം കൊണ്ട് നിങ്ങളുടെ സംഭാവന 112 മുൻ എം.പി.-മാർ, നാല് മുഖ്യമന്ത്രിമാർ, 126 മുൻ എം.എൽ.എ.-മാർ, 80 എം.എൽ.എ.-മാർ.....

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പോയിന്റ് ഓഫ് ഓർഡർ... ഇവിടെ ബഹുമാന്യനായ ശ്രീ. കെ. ബാബു (നെന്മാറ) പ്രസംഗിച്ചപ്പോൾ ഞങ്ങൾ ആർ.എസ്.എസ്.-നുവേണ്ടി നിൽക്കുന്നുവെന്നുള്ള നിലയിൽ പറഞ്ഞു. ഇന്നിവിടെ ഒരു തെരഞ്ഞെടുപ്പ് നടന്നു. നമ്മൾ രണ്ടുകൂട്ടരും ആർക്കാണ് വോട്ട് ചെയ്തത്? അതുകൊണ്ട് ഞങ്ങൾ ആർ.എസ്.എസ്.-

നവേണ്ടി നിൽക്കുന്നുവെന്നുള്ളത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം.+ അങ്ങ് പ്രസംഗം തുടർന്നോളൂ.

ശ്രീ. കെ ബാബു (നെന്മാറ): സർ, ആ സമയംകൂടി എനിക്ക് അനുവദിക്കണം.

മി. ചെയർമാൻ: അനുവദിക്കും.

ശ്രീ. കെ ബാബു (നെന്മാറ): സർ, ഇവിടെ ബി.ജെ.പി.-ലേയ്ക്ക് പോയ കോൺഗ്രസ്സുകാരായ മുൻ എം.എൽ.എ.-മാരെയും മുൻ മന്ത്രിമാരെയും അതുപോലെതന്നെ നിലവിൽ മന്ത്രിമാരായിട്ടുള്ളവരെയും കുറിച്ചാണ് ഞാൻ പറഞ്ഞത്. നാളെ ഇവരിലോ ഈ രാജ്യത്ത് ഇപ്പോൾ അവശേഷിക്കുന്ന കോൺഗ്രസ്സിലോ ഉള്ള ആരൊക്കെ പോകുമെന്ന് പറയാൻ സാധിക്കില്ല. എന്റെ നാട്ടിൽ ഒരു വിരുതൻ 25 കോടി രൂപയുടെ ഒരു വിഷു ബമ്പർ ടിക്കറ്റെടുത്തു. അയാളോട് ഞാൻ സംസാരിച്ചപ്പോൾ വളരെ ലളിതമായി അയാൾ പറഞ്ഞത്, ആ ലോട്ടറിയടിച്ചാൽ കോൺഗ്രസ് എം.എൽ.എ.-മാരെ വിലയ്ക്കുവാങ്ങി ബി.ജെ.പി.-ക്ക് മറിച്ചുവിൽക്കുമെന്നാണ്. അങ്ങനെ വിൽക്കപ്പെടുന്ന ഒരു വിൽപ്പന ചരക്കായി കോൺഗ്രസ്

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.12899/ഇ.ബി./2022/നി.സെ. തീയതി 19-07-2022) സഭാരേഖയിൽ നിലനിർത്തി.

അധഃപതിക്കരുതെന്നാണ് നിങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വനസംരക്ഷണം സംബന്ധിച്ച് പറയുകയാണെങ്കിൽ, എന്റെ മേഖല 53 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമഘട്ട മലനിരയുടെ ഭാഗമായി പത്ത് പഞ്ചായത്തുകളിലായാണ് കിടക്കുന്നത്. അവിടത്തേയ്ക്ക് ആവശ്യമായ ആർ.ആർ.ടി.-യും ഫോറസ്റ്റ് സ്റ്റേഷനും അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ചിമ്പാൻസിയുടെ രൂപത്തിൽ ശ്രീ. എം. എം. മണിയുടെ രൂപം പ്രദർശിപ്പിച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തിൽ മഹിളാ കോൺഗ്രസിന്റെ പ്രകടനം നടന്നുവെന്നും അദ്ദേഹത്തെ അപമാനിക്കാൻ ശ്രമിച്ചുവെന്നും ബഹുമാന്യനായ നെന്മാറ അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ വാർത്ത വന്നയുടൻ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇടപെട്ട് ആ രൂപം മാറ്റുകയും തിരുവനന്തപുരം ജില്ലാ മഹിളാ കോൺഗ്രസ് പ്രസിഡന്റിനെക്കൊണ്ട് ക്ഷമാപണം നടത്തിക്കുകയും ചെയ്തു. ഒരു തെറ്റോ പാളിച്ചയോ ഉണ്ടാകുമ്പോൾ അവിടെ ഇടപെട്ട് തിരുത്താനുള്ള നേതൃത്വം ഞങ്ങൾക്കുണ്ട്. അങ്ങനെ അത് തിരുത്തി. എന്നാൽ ശ്രീ. എം. എം. മണി ഈ സഭയ്ക്കകത്ത് പ്രസംഗിച്ചപ്പോൾ ഒരു രക്തസാക്ഷിയുടെ വിധവയെ

അപമാനിക്കുകയും നിന്ദിക്കുകയും ചെയ്തിട്ട് അതിന് പാലും തേനും ഊട്ടാനാണ് സി.പി.ഐ.(എം.)-ന്റെ ഭരണ നേതൃത്വം മുഴുവൻ ശ്രമിച്ചത്. ഈ രണ്ട് നേതൃത്വങ്ങളും തമ്മിലുള്ള വ്യത്യാസമാണ് അവിടെ പ്രകടമായിട്ടുള്ളതെന്നത് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ഇതുവരെ ഒരു ക്ഷമാപണംപോലും നടത്താതെ അപമാനിക്കുന്ന പ്രവർത്തനം ഇന്നും ഇന്നലെയും മിനിഞ്ഞാന്നുമായി അഭംഗുരം തുടരുന്ന നിങ്ങളുടെ ശൈലി നാശത്തിന്റെ ആരംഭമായിരിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. അവസാനം ശ്രീ. ഇ. പി. ജയരാജന് മൂന്നാഴ്ചത്തെ വിലക്കാണ് ഇൻഡിഗോ എയർവേയ്സ് ഏർപ്പെടുത്തിയത്. വിമാനത്തിൽ കയറിയ കുട്ടികൾക്ക് രണ്ടാഴ്ചയാണ് വിലക്ക്. ശ്രീ. ഇ. പി. ജയരാജൻ 'വഷളൻ കമ്പനിയായ ഇൻഡിഗോ എയർവേയ്സിൽ ഞാനിനി യാത്ര ചെയ്യില്ല' എന്നുപറഞ്ഞു. അത് എൽ.ഡി.എഫ്.-ന്റെ പൊതുവായ തീരുമാനമാണോയെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ആക്രമണത്തിന്റെ ഉത്തരവാദി ശ്രീ. ഇ. പി. ജയരാജനാണെന്നാണ് ഇൻഡിഗോ കമ്പനി പറഞ്ഞിരിക്കുന്നത്. (......ബഹളം....)

മി. ചെയർമാൻ: പ്ലീസ്.....അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ വിഷയത്തിലേയ്ക്ക് വരാം.

കാട്ടാനകളോടും കാട്ടുമൃഗങ്ങളോടും പകർച്ചവ്യാധികളോടും മലമ്പനിയോടുമൊക്കെ മല്ലടിച്ച് മണ്ണിൽ കൃഷി വിളയിച്ച കർഷകന്റെ തോരാത്ത കണ്ണീരിന്റെ ഉപ്പുരസം വനം വകുപ്പിന്റെ പ്രവർത്തനത്തിന്റെയും വന്യമൃഗ ആക്രമണത്തിന്റെയും ഫലമായി മലയോര മേഖലകളിലും മറ്റിടങ്ങളിലും ഇന്ന് സർവ്വവ്യാപിയായി മാറിയിരിക്കുകയാണ്. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണഘടനാപരമായ ബാദ്ധ്യത സർക്കാരിനുണ്ട്. അത് നിർവ്വഹിക്കുന്നതിൽ സംസ്ഥാന സർക്കാരും വനം വകുപ്പും ദയനീയമായി പരാജയപ്പെട്ടുവെന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ എന്റെ നിയോജകമണ്ഡലമായ കല്പറ്റയിലുണ്ടായ അതിദാരുണമായ സാഹചര്യങ്ങൾ സഭയുടെയും ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കഴിഞ്ഞ ജൂൺ 13-നാണ് മേപ്പാടി ഗ്രാമപഞ്ചായത്തിലെ ആദിവാസി യുവാവായ മോഹൻ കാട്ടാന ആക്രമണത്തിൽ മൃഗീയമായി കൊല്ലപ്പെട്ടത്. ഞാൻ ആ ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ രണ്ട് കുട്ടികൾ ഇന്ന് അനാഥരായിരിക്കുകയാണ്. ഇതുപോലെയുള്ള വന്യമൃഗ ആക്രമണങ്ങൾ തുടർച്ചയായി നടക്കുകയാണ്. കഴിഞ്ഞ ശനി, ഞായർ

ദിവസങ്ങളിലായി ഞാൻ രണ്ട് വീട്ടുകളിൽ പോയിരുന്നു. വൈത്തിരി പഞ്ചായത്തിലെ തൈലക്കുന്നിൽ 85 വയസ്സുള്ള കുഞ്ഞിരാമൻ എന്നയാളുടെ വീടിനകത്ത് അർദ്ധരാത്രി ഒരു മണിക്കാണ് കാട്ടാന കയറി ആക്രമിച്ചത്. അദ്ദേഹം വാരിയെല്ല് പൊട്ടി ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. പൊഴുതന ഗ്രാമപഞ്ചായത്തിലെ സേട്ടുകുന്നിൽ താമസിക്കുന്ന ഷാജി മാത്യുവിന് കാട്ടാന ആക്രമണത്തിൽ തോളെല്ല് തകർന്നുപോയി. അദ്ദേഹം ഇപ്പോഴും ചികിത്സയിലാണ്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ കുന്നമ്പറ്റയിൽ പശുവിനെ തീറ്റാൻ പോയ സിദ്ദിഖ് കാട്ടാനയുടെ ആക്രമണത്തിൽ വാരിയെല്ലും മൂത്രസഞ്ചിയും മൂത്രനാളിയും തകർന്ന് ഗുരുതരാവസ്ഥയിൽ കോഴിക്കോട് മിംസ് ആശുപത്രിയിൽ ചികിത്സയിലാണ്. അദ്ദേഹത്തിന് ചികിത്സാ ചെലവ് കൊടുക്കാൻ വനം വകുപ്പ് ഇതുവരെ തയ്യാറായിട്ടില്ല. ഇന്നലെ തരിയോട് ഗ്രാമപഞ്ചായത്തിലെ ആളുകൾ ഫോറസ്റ്റ് ഓഫീസ് ഉപരോധിച്ചു. കാരണം, അവിടെ വിനോദ് മാത്യു എന്നയാളുടെ പറമ്പിൽ രാത്രി ഒൻപതരയ്ക്ക് വന്ന കാട്ടാന 20 തെങ്ങുകൾ നശിപ്പിച്ചിട്ട് രാവിലെയാണ് തിരികെ പോയത്. രാജു എന്നയാളുടെ പറമ്പിലെ അറുന്നൂറോളം വാഴകൾ കഴിഞ്ഞ ദിവസം കുരങ്ങന്മാരും വന്യമൃഗങ്ങളും ചേർന്ന് നശിപ്പിച്ചു. രക്ഷയില്ലാതെ വന്നപ്പോഴാണ് അവർ ഫോറസ്റ്റ് ഓഫീസിലേയ്ക്ക് പോയത്.

ജനങ്ങൾ എന്ത് ചെയ്യും? ഇവയൊന്നും വനത്തിന് തൊട്ടടുത്ത സ്ഥലമോ വനത്തിനോടുചേർന്നുള്ള സ്ഥലമോ അല്ല. വന്യമൃഗങ്ങൾ മുഴുവൻ നാട്ടിലേയ്ക്കിറങ്ങുകയാണ്. ജനങ്ങളുടെ പ്രധാന പരാതി ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വനം വകുപ്പിൽ ആവശ്യത്തിന് വാഹനമോ ജീവനക്കാരോ ഇല്ല. ഒരു സർക്കിളിൽ മുഴുവൻ ജീവനക്കാരില്ലാത്തതിന്റെ വിഷമം പങ്കുവയ്ക്കുന്നതിനിടയിൽ കഴിഞ്ഞ ജൂൺ 9-ാം തീയതി വനം വകുപ്പ് ഇറക്കിയ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് 'വനം വന്യജീവി വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന 36 വയസ്സ് പൂർത്തിയായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരോ മരണപ്പെട്ടവരുടെ ആശ്രിതരോ ഒഴികെയുള്ള മുഴുവൻ ജീവനക്കാരെയും പിരിച്ചുവിടണം' എന്നാണ്. സർക്കാരിനെ അറിയിക്കാതെ ദിവസ വേതനാടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഏതെങ്കിലും ഓഫീസുകളിൽ ഏതെങ്കിലും സ്കീമിൽ ആളുകളെ നേരിട്ട് നിയമിക്കുകയാണെങ്കിൽ അങ്ങനെ നിയമനം നടത്തുന്നവരുടെ ശമ്പളത്തിൽനിന്ന് തുക പിടിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ആളുകളെ കാട്ടാന ആക്രമിക്കുമ്പോഴും കൃഷി നശിപ്പിക്കുമ്പോഴും ഏക്കറുകണക്കിനുള്ള ജീവനോപാധി തകർക്കുമ്പോഴും അവന് സംരക്ഷണം കൊടുക്കേണ്ട

ജീവനക്കാർ വേണ്ടെന്ന നയം പ്രഖ്യാപിക്കുന്ന ഈ ഉത്തരവ് റദ്ദ് ചെയ്യണം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ ഉത്തരവാദപ്പെട്ട വനം വകുപ്പ് ജനങ്ങൾക്കെതിരായ നടപടികൾക്ക് നേതൃത്വം കൊടുക്കുകയാണ്. വനം വകുപ്പിന്റെ 15-02-2018-ലെ 17/2018-ാം നമ്പർ ഉത്തരവിൽ ജീവനോപാധിയും ആളപായവുമൊക്കെ സംഭവിച്ചാൽ നൽകേണ്ട സഹായങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒരാൾ മരിച്ചാൽ പത്ത് ലക്ഷം രൂപ, സ്ഥായിയായ അംഗവൈകല്യമുണ്ടായാൽ 75000 രൂപ; അതിപ്പോൾ രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ചികിത്സാ ചെലവ് പരിപൂർണ്ണമായും നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം ആർക്കാണ്? ട്രൈബൽ മേഖലയിലുള്ളവരാണെങ്കിൽ ചികിത്സാ ചെലവ് കൊടുക്കും, മറ്റുള്ളവർക്ക് കൊടുക്കുകയില്ല. ട്രൈബൽ ആണോ നോൺ ട്രൈബൽ ആണോയെന്ന് നോക്കിയാണോ വന്യമൃഗങ്ങൾ ആക്രമിക്കുന്നത്? ഇത് വിവേചന ഉത്തരവാണ്. ഈ ഉത്തരവ് റദ്ദ് ചെയ്ത് വന്യമൃഗാക്രമണങ്ങളിൽ പരിക്കുപറ്റുന്ന മുഴുവൻ പേരുടെയും ചികിത്സാ ചെലവ് ഏറ്റെടുക്കാനും ജനങ്ങളെ സംരക്ഷിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

**(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)**

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഇവിടെ 16 ബഹുമാനപ്പെട്ട അംഗങ്ങൾ പങ്കെടുത്ത ചർച്ചയിൽ ഒട്ടേറെ ക്രിയാത്മക നിർദ്ദേശങ്ങളും ഒറ്റപ്പെട്ട വിമർശനങ്ങളുമുണ്ടായി. നല്ല നിർദ്ദേശങ്ങളും സൃഷ്ടിപരമായ വിമർശനങ്ങളും സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ചില കാര്യങ്ങളിൽ സൂചിപ്പിക്കാനുള്ളത്, ബഹുമാന്യനായ സണ്ണി ജോസഫ് ജനാധിപത്യത്തിന്റെയും അഴിമതിയുടെയും കാര്യം പറയുകയുണ്ടായി. ഏറ്റവും അവസാനമായി അഴിമതി നടന്നത് അദ്ദേഹത്തിന്റെ മണ്ഡലത്തിലെ പൂളക്കുറ്റി ബാങ്കിലാണ്. അങ്ങ് തന്നെയാണ് എന്റെയടുത്ത് ആളുകളേയും കൊണ്ടുവന്നത്. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഭരിക്കുന്ന ബാങ്കുകളിൽ ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകാറുണ്ട്. കരുവന്നൂരിലെ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പൂളക്കുറ്റിയിലുണ്ടായ വിഷയത്തിന്മേൽ നമ്മളൊരുമിച്ചിരുന്നാണ് പരിഹാരമാർഗ്ഗങ്ങൾ ചർച്ച ചെയ്തത്. അതിനുശേഷമാണ് ഈ മേഖലയിൽ ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുന്നതിനെക്കുറിച്ച് അങ്ങ് വിമർശനം ഉന്നയിച്ചത്. വ്യാജ കാർഡുകൾ ഉപയോഗിച്ചും ജനാധിപത്യ മാർഗ്ഗങ്ങളിലൂടെ അല്ലാതെയുമുള്ള

പ്രവർത്തനങ്ങൾ നടക്കുന്നു, സീറ്റുകൾ പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. തൊടുപുഴയിൽ നിന്നാണ് അങ്ങനെയൊരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഒരു യു.ഡി.എഫ്. അംഗത്തിന്റെ വീട്ടിൽ നിന്ന് തെരെഞ്ഞെടുപ്പിനുവേണ്ടി നിർമ്മിച്ച 1200 വ്യാജ കാർഡുകൾ പോലീസ് പിടിച്ചെടുത്തു. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അതല്ലാതെ ഇതുസംബന്ധിച്ച് മറ്റ് കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. പിന്നീട് ഈ രംഗത്തെ നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ച് ചില അംഗങ്ങളിവിടെ സൂചിപ്പിച്ചു. കാലതാമസം പരിഹരിക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ബൈലാ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവ സഹകരണ വകുപ്പ് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ള 90 ദിവസത്തെ സമയപരിധിയാണ് നിശ്ചയിച്ചിരിക്കുന്നത്. ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലും സംസ്ഥാന സർക്കാരിന്റെ പോർട്ടലിലും ഡാഷ് ബോർഡുണ്ട്. അതിൽ അപേക്ഷ ഫയൽ ചെയ്ത തീയതി, തീർപ്പാക്കിയ തീയതി എന്നിവ എല്ലാവർക്കും പരിശോധിക്കാവുന്നതാണ്. കൃത്യമായി അതിന്റെ റിവ്യൂ നടത്തുന്നുണ്ട്. അതുകൊണ്ട് കാലതാമസമുണ്ടാകുന്നുവെന്ന പരാതി നിലനിൽക്കുന്നതല്ല. ഏതെങ്കിലും ഒറ്റപ്പെട്ട കേസുകളുണ്ടെങ്കിൽ

ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാം. ആഡിറ്റ് ഫീസും ആർബിട്രേഷൻ ഫീസും ഉൾപ്പെടെയുള്ളവയുടെ വർദ്ധന ഒഴിവാക്കണമെന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. മൂന്നാർ ഹൈഡൽ പാർക്കിന്റെ പദ്ധതിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടൊരു തർക്കം നിലനിൽക്കുന്നുണ്ട്. അത് പരിഹരിച്ചാൽ ആ നിർദ്ദേശം നടപ്പിലാക്കി ടൂറിസം മേഖലയിലേയ്ക്കുള്ള സഹകരണപ്രസ്ഥാനത്തിന്റെ കടന്നുവരവ് ഭംഗിയാക്കാൻ സാധിക്കും. ജപ്തി നടപടിയുമായി ബന്ധപ്പെട്ട് കുറച്ച് പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 5 സെന്റിൽ താഴെയുള്ള ഒരു സ്ഥലത്തും ജപ്തി നടത്തി ആളെ ഇറക്കി വിടരുതെന്നുള്ള നിർദ്ദേശം നടപ്പാക്കിയിട്ടുണ്ട്. അതിന് അപവാദമായി നടന്ന സംഭവത്തിന്മേൽ നടപടിയെടുത്ത് പരിഹരിച്ചിട്ടുണ്ട്. മറ്റൊരു ഷെൽട്ടർ കണ്ടുപിടിച്ചതിനുശേഷം മാത്രമേ ഇത്തരം കാര്യങ്ങൾ ചെയ്യാവൂ എന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ നിർദ്ദേശിച്ച വിഷയം സംബന്ധിച്ച് പരിശോധിക്കാം. വായ്പകളുടെമേൽ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു, 5 മാസത്തോളമായി വൺടൈം സെറ്റിൽമെന്റും നിലനില്ക്കുന്നുണ്ട്. പലിശയും പിഴപ്പലിശയും ഒഴിവാക്കിയതിന്റെ ഭാഗമായി കുടിശ്ശികയിനത്തിൽ ഏകദേശം 12,212

കോടിയോളം രൂപ വൺടൈം സെറ്റിൽമെന്റിൽ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് നീട്ടണമെന്ന ആവശ്യം ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നുമുണ്ടായതിനാൽ അക്കാര്യം പരിഗണിക്കാവുന്നതാണ്. ഒരു വർഷത്തേയ്ക്കുകൂടി മൊറട്ടോറിയം നീട്ടുമ്പോൾ സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് അവരുടെ പണം മടക്കിക്കൊടുക്കാൻ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് മൊറട്ടോറിയം നീട്ടുന്ന കാര്യം PACS അസോസിയേഷനുമായി ചർച്ച ചെയ്യുമ്പോൾ അവർ ഈ വിഷയം ഉന്നയിക്കും. ആരും തിരിച്ചടയ്ക്കാതെ വന്നാൽ നിക്ഷേപകർക്ക് എങ്ങനെ പൈസ മടക്കിക്കൊടുക്കും? അതുകൊണ്ട് പരമാവധി വൺടൈം സെറ്റിൽമെന്റ് നടപ്പാക്കാനും സാവകാശം കൊടുക്കാനുമാണ് ശ്രമിക്കുന്നത്. എല്ലാ രംഗത്തും സഹകരണമേഖല ആശ്വാസത്തിന്റെ കിരണങ്ങൾ പകർന്നാണ് മുന്നോട്ടുവരുന്നത്. ധനകാര്യ വകുപ്പുമായി ആലോചിച്ച് പെൻഷൻ വിതരണം ചെയ്യുന്നവരുടെ ഇൻസെന്റീവ് കുടിശ്ശിക പരിഹരിക്കാം. അർബൻ ബാങ്കിന്റെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട അനോമലി പരിശോധിച്ച് തീർപ്പാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സഹകരണ മേഖലയ്ക്കെതിരായ കേന്ദ്രസർക്കാരിന്റെ നടപടികൾക്കെതിരെ നീങ്ങുന്നില്ലെന്ന പരാമർശം ശരിയല്ല. സഹകാരികളുടെ സംയുക്ത യോഗം വിളിച്ചിരുന്നു. അതിൽ

എൽ.ഡി.എഫ്., യു.ഡി.എഫ്., ബി.ജെ.പി. അടക്കമുള്ള എല്ലാ സഹകാരി സമൂഹവുമുണ്ടായിരുന്നു. ആർ.ബി.ഐ.-യുടെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും എല്ലാവരും യോജിച്ച് പ്രക്ഷോഭം നടത്തി. ഇതുകൂടാതെ ആർ.ബി.ഐ. ഗവർണർക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയും സുപ്രീംകോടതിയിൽ സ്യൂട്ട് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേസ് നീങ്ങിക്കൊണ്ടിരിക്കുകയാണ്. 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഇവിടെ പരാമർശിക്കപ്പെട്ടതല്ല യാഥാർത്ഥ്യം. ആദ്യം ഗുജറാത്ത് ഹൈക്കോടതി ആ വിധി സ്റ്റേ ചെയ്തു. അതിന്മേലുള്ള അപ്പീലിലാണ് " Co-operative Societies is a State Subject in the 7th Schedule via entry 32 of the State List in the Constitution of India" എന്ന ഭരണഘടനാ ബഞ്ചിന്റെ വിധി വന്നത്. പ്രസ്തുത വിധിയിന്മേലാണ് ഇപ്പോൾ മുന്നോട്ടുപോകുന്നത്. 194 N വകുപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ കോടതിയിൽ സമർപ്പിക്കുന്ന കേസുകൾക്ക് ഇൻഡിവിഡ്യുവലായി സ്റ്റേ തരുന്നുണ്ട്. അക്കാര്യത്തിൽ നല്ല ഇടപെടലാണ് സഹകരണ വകുപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നെഴുതാൻ പാടില്ലെന്ന് കേന്ദ്രസർക്കാരിന്റെ നിർദ്ദേശമുണ്ടോ;

ഉണ്ടെങ്കിൽ സംസ്ഥാന സർക്കാർ അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇക്കാര്യം ഇന്ന് രാവിലെ ഉൾപ്പെടെ പലതവണ ഞാൻ സഭയിൽ പറഞ്ഞിട്ടുണ്ട്. അങ്ങ് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ആർ.ബി.ഐ.-യുടെ ഒരു പരസ്യത്തിലാണ് ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദം ഉപയോഗിക്കാൻ പാടില്ലെന്ന് സൂചിപ്പിച്ചത്. അത് ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ ചൂണ്ടിക്കാണിക്കുന്നുണ്ടെന്ന് പറഞ്ഞാണ് ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ ഫയൽ ചെയ്തിരിക്കുന്ന സ്യൂട്ടിനകത്ത് ഇത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടേത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കാണ്. പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുകയും പൊതുജനങ്ങൾക്ക് വായ്പ കൊടുക്കുകയും ചെയ്യുമെന്നാണ് ബാങ്ക് എന്ന പദത്തിന്റെ ഡെഫനിഷനായി ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ പറഞ്ഞിരിക്കുന്നത്. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ മെമ്പേഴ്സ് ഒൺലിയാണ്. മെമ്പർമാരിൽ നിന്ന് നിക്ഷേപം സ്വീകരിക്കുകയും മെമ്പർമാർക്ക് വായ്പ കൊടുക്കുകയുമാണ് ചെയ്യുന്നത്. ഇത് ചൂണ്ടിക്കാണിച്ചാണ് നമ്മൾ കേസ് ഫയൽ ചെയ്തിരിക്കുന്നത്. സഹകരണ മേഖലയിലെ രണ്ട് സന്തോഷ വാർത്തകൾ പ്രഖ്യാപിക്കുകയാണ്. കേരള

ബാങ്കിന് സംസ്ഥാന സഹകരണ ബാങ്കുകളുടെ നാഷണൽ ഫെഡറേഷനിൽ നിന്നു ഏറ്റവും നല്ല ബാങ്കിനുള്ള അവാർഡ് ലഭിച്ചു. കൂടാതെ, അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് ബാങ്കുകളുടെ നാഷണൽ ഫെഡറേഷന്റെ ഇത്തവണത്തെ ദേശീയ അവാർഡ് കേരളത്തിലെ കാർഷിക ഗ്രാമവികസന സഹകരണ ബാങ്കിനാണ് ലഭിച്ചത്. അങ്ങനെ ഈ വർഷം രണ്ട് ദേശീയ ബഹുമതികൾ കോ-ഓപ്പറേറ്റീവ് സെക്ടറിന് ലഭിച്ചിട്ടുണ്ട്. ഒട്ടനവധി നൂതന ആശയങ്ങൾ മുൻനിർത്തി ഭാവിയിൽ ചില കാര്യങ്ങൾ ചെയ്യുന്നതിന് ഞങ്ങൾ ആലോചിക്കുകയാണ്. ഇപ്പോൾ സഹകരണരംഗം ജനജീവിതത്തിന്റെ സമസ്ത മേഖലയിലും ഇടപെട്ട് വളരെയധികം നന്നായി കാര്യങ്ങൾ ചെയ്യുകയാണ്. 14-ാം പഞ്ചവത്സര പദ്ധതികാലത്ത് ഏറ്റെടുക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കാം. ഒന്ന്, ഹോസ്പിറ്റൽ സഹകരണ സംഘങ്ങളുടെ നവീകരണത്തിന് പദ്ധതികളാരംഭിക്കും. രണ്ട്, സഹകരണ യൂണിയൻ, Co-operative Academy of Professional Education (CAPE), മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന വിദ്യാഭ്യാസ സഹകരണ സ്ഥാപനങ്ങൾ നവീകരിച്ച് ഉന്നത നിലവാരത്തിലേയ്ക്ക് കൊണ്ടുവരും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സഹകരണ

രംഗം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഭീഷണി ഇതിന്റെ ക്രെഡിബിലിറ്റി കുറഞ്ഞുവരുന്നുവെന്നതാണ്. ഞാനതിന്റെ രാഷ്ട്രീയ തർക്കത്തിലേയ്ക്കൊന്നും പോകുന്നില്ല. എൽ.ഡി.എഫ്.-ന്റെയോ യു.ഡി.എഫ്.-ന്റെയോ ബാങ്കായാലും പലതിലും ക്രമക്കേടുകളുണ്ട്, വലിയ തകർച്ചയുണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ വ്യാപകമായാൽ ഇതിന്റെ വിശ്വാസ്യത നഷ്ടപ്പെട്ട് ആളുകൾ നിക്ഷേപം മുഴുവൻ പിൻവലിക്കുന്ന തലത്തിലേയ്ക്ക് കാര്യങ്ങൾ പോകും. സഹകരണ മേഖല അതിലേയ്ക്കെത്തണമെന്ന് നമ്മളാരും ആഗ്രഹിക്കുന്നില്ല. കാരണം, സഹകരണ ബാങ്കുകൾ കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്. നിക്ഷേപകന്റെ പണം നഷ്ടപ്പെടില്ലെന്ന് ഉറപ്പ് നൽകാൻ കഴിയണം. അക്കാര്യത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? കരുവന്നൂർ ബാങ്കുമായി ബന്ധപ്പെട്ട വിഷയത്തിൽ കൺസോർഷ്യമൊക്കെ രൂപീകരിച്ചിട്ടുണ്ട്. പക്ഷെ അത് കരുവന്നൂർ ബാങ്കിൽ മാത്രം ഒതുങ്ങി നിൽക്കുന്ന വിഷയമല്ല. നിരവധി ബാങ്കുകളിൽ ഈ പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. ദേശസാൽകൃത ബാങ്കുകളിലും ഷെഡ്യൂൾഡ് ബാങ്കുകളിലും ഗവൺമെന്റ് ഓഫ് ഇന്ത്യ അത്തരമൊരു ഉറപ്പ് കൊടുക്കുന്നുണ്ട്. അതുപോലൊരുകേരള സർക്കാരും ഉറപ്പ് കൊടുത്തില്ലെങ്കിൽ

അപകടകരമായ രീതിയിലേയ്ക്ക് കാര്യങ്ങൾ പോകും. അതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഗൗരവമായിത്തന്നെ ആലോചിച്ചു. അങ്ങ് പറഞ്ഞതുപോലെ കരുവന്നൂരിന്റെ പ്രശ്നം വന്നപ്പോൾ ഞങ്ങളൊരു പാക്കേജുണ്ടാക്കി. ഇപ്പോൾ അവിടെ ഒരു പൈസയും കിട്ടുകയില്ലെന്ന് പറഞ്ഞിടത്ത് 44.78 കോടി രൂപ തിരിച്ച് കിട്ടിയിരിക്കുകയാണ്. നിക്ഷേപം മടക്കിക്കൊടുക്കാൻ നടപടി സ്വീകരിച്ചതുകൂടാതെ നമ്മൾ രൂപീകരിച്ച കൺസോർഷ്യത്തിന് ആർ.ബി.ഐ. ചില നിബന്ധനകൾ മുന്നോട്ടുവച്ചതുകൊണ്ട് കേരള ബാങ്ക് മുൻകയ്യെടുത്ത് അവർക്ക് ഒരു സ്പെഷ്യൽ ഒ.ഡി. കൊടുത്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. അതിനുശേഷം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ചേർന്ന് ചർച്ച ചെയ്ത് ഭാവിയിലുണ്ടാകുന്നതും ഇപ്പോഴുണ്ടായിട്ടുള്ളതുമായ ഇത്തരം സംഭവങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രസ്തുത ബോർഡിന്റെ കീഴിൽത്തന്നെ ഫണ്ട് റെയ്സ് ചെയ്ത് സംവിധാനമുണ്ടാക്കാനും ഓരോ ജില്ലയിലുമുണ്ടാകുന്ന സംഭവങ്ങളുടെ സവിശേഷ സാഹചര്യം പഠിച്ച് സഹായം നൽകാനും തീരുമാനമെടുത്തിട്ടുണ്ട്. അതിനുള്ള പ്രോജക്ട്

തയ്യാറായിക്കൊണ്ടിരിക്കുകയാണ്. അത് ഞാൻ നേരത്തെ ബഹുമാനപ്പെട്ട സണ്ണി ജോസഫിന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞിരുന്നതാണ്. അക്കാര്യം നടപ്പാക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ സഹകരണ മേഖല വലിയ തകർച്ച നേരിട്ട അല്ലെങ്കിൽ തകരുമെന്ന ഭീഷണിയുണ്ടായ ഘട്ടം നോട്ടുനിരോധന കാലമായിരുന്നു. അന്ന് ആരും യാതൊരുവിധ ആശങ്കയും വച്ചുപുലർത്തേണ്ടതില്ലെന്നും എല്ലാ നിക്ഷേപങ്ങളും ഭദ്രമായിരിക്കുമെന്നും സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകുകയാണെന്നും പരസ്യമായി പ്രഖ്യാപിച്ചത് അങ്ങ് ഓർക്കുന്നുണ്ടായിരിക്കും. അതേ സമീപനം തന്നെയാണ് കേരളത്തിലെ സഹകരണ മേഖലയിൽ നമ്മൾ സ്വീകരിച്ചുപോരുന്നത്. കരുവന്നൂർ ബാങ്കിലുണ്ടായത് അപൂർവ്വമായുണ്ടാകുന്ന പ്രശ്നമാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെയുള്ള ഇടപെടൽ നടത്തി ഒരു തകർച്ചയുമില്ലാതെ മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. പക്ഷെ, ഇത് ഒറ്റപ്പെട്ട സംഭവമല്ല. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. പല ജില്ലകളിലുമുള്ള ബാങ്കുകളിൽ ഈ

ക്രൈസിസുണ്ട്. പല സ്ഥലത്തും നിക്ഷേപകരുടെ സമരങ്ങൾ നടക്കുകയാണ്. അതിൽ രാഷ്ട്രീയമൊന്നുമില്ല, രണ്ടുകൂട്ടരുടെയും ബാങ്കുകളിൽ ഈ പ്രശ്നമുണ്ടായിട്ടുണ്ട്. അപ്പോൾ നിക്ഷേപങ്ങൾ പ്രൊട്ടക്റ്റ് ചെയ്യപ്പെടുമെന്നുള്ള അഷ്വറൻസുണ്ടാകണം; അതിനൊരു സംവിധാനം വേണം. പല ബാങ്കുകളിലും വർഷങ്ങളായി നിക്ഷേപിച്ച തുക കിട്ടാതെ ആളുകൾ നിൽക്കുകയാണ്. അതിന് പൊതുവായ ഒരു മെക്കാനിസമുണ്ടാക്കാൻ ഗവൺമെന്റ് എന്ത് ചെയ്യുമെന്നാണ് അറിയേണ്ടത്?

ശ്രീ. പിണറായി വിജയൻ: സർ, സഹകരണ മേഖലയുടെ പ്രത്യേകത അതിന്റെ വിശ്വാസ്യത തന്നെയാണ്. അതിന് പ്രധാന കാരണം ദേശീയപ്രസ്ഥാനത്തിന്റെ കാലം മുതൽ വളർന്നുവന്ന അതിന്റേതായ ഒരു പാരമ്പര്യം, ഒരു വിശ്വാസ്യത പൊതുവിൽ സഹകരണ മേഖലയ്ക്ക് ആർജ്ജിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ്. സമീപകാലത്ത് ചെറിയ രീതിയിലുള്ള തെറ്റായ പ്രവണതകളുണ്ടായി എന്നത് ശരിയാണ്. അത് നിയന്ത്രിക്കാൻ ശക്തമായ നടപടികളിലേയ്ക്ക് സഹകരണ വകുപ്പ് നീങ്ങിയിട്ടുണ്ട്, മാതൃകാപരമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയും. കർക്കശമായ, മുഖം നോക്കാതെയുള്ള നടപടിയാണ് അത്തരം കാര്യങ്ങളിൽ സ്വീകരിക്കുന്നത്. സഹകരണ

മേഖലയുടെ തകർച്ചയ്ക്കിടയാക്കുന്ന എന്തെങ്കിലും സംഭവമുണ്ടായാൽ അത് അവിടെ വച്ചുതന്നെ പരിഹരിക്കാനുള്ള ഫലപ്രദമായ ഇടപെടലുകളാണ് ഇപ്പോൾ നടത്തുന്നത്. യാതൊരു ആശങ്കയുടെയും ആവശ്യമില്ല.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ക്രമക്കേടുകളെക്കുറിച്ച് പറയുമ്പോൾ, സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ നൂതന സാങ്കേതിക വിദ്യയിലൂടെയാണ് പ്രവർത്തിക്കുന്നത്. മറ്റ് കൊമേഴ്സ്യൽ ബാങ്കുകളെ വെല്ലുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ആഡിറ്റും പരിശോധനയും നടത്തുന്നതിന് നിയുക്തരായ ഉദ്യോഗസ്ഥർക്ക് വേണ്ടതുപോലെ അവ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടെത്തുന്നതിനുള്ള വൈദഗ്ദ്ധ്യമില്ല. അത് വളരെ ഗൗരവമായി ഡിപ്പാർട്ടുമെന്റ് ആലോചിക്കേണ്ട ഒരു വിഷയമാണ്. ഇതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതുമായി ബന്ധപ്പെട്ട് അവഗാഹമായ പാണ്ഡിത്യമുണ്ടെങ്കിൽ മാത്രമേ ക്രമക്കേടുകൾ സംബന്ധിച്ച് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ, വിശ്വാസ്യത തന്നെയാണ് പ്രശ്നം. ആ വിശ്വാസ്യത തകർക്കുന്ന തരത്തിലുള്ള ഒരു നടപടിയും നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകാൻ പാടില്ല. അത് വളരെ ഗൗരവമായി ഡിപ്പാർട്ടുമെന്റും

ഗവൺമെന്റും ആലോചിക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ശ്രീ. വി. എൻ. വാസവൻ: സർ, സഹകരണ മേഖലയുടെ വിശ്വാസ്യത തകരുന്നുവെന്ന വാദം ശരിയല്ല. ഇപ്രാവശ്യം 6000 കോടി രൂപയായിരുന്നു നിക്ഷേപത്തിന് ടാർജറ്റിട്ടത്. അത് അച്ചീവ് ചെയ്തുവെന്നു മാത്രമല്ല, ടാർജറ്റിനും മുകളിൽ 9967.43 കോടി രൂപ ലഭിക്കുകയുമുണ്ടായി. വിശ്വാസ്യത തകർന്നെങ്കിൽ ഇതുണ്ടാകുമോ? നിക്ഷേപ സമാഹരണം വെറുതെ ഉണ്ടാകുകയില്ല. നിക്ഷേപം തരണമെങ്കിൽ അവർക്ക് വിശ്വാസ്യത വേണം. ആ വിശ്വാസ്യതയാണ് എടുത്തുകാണിക്കുന്നത്. അതുപോലെ ഒ.ടി.എസ്. നടപ്പാക്കിയപ്പോൾ 12,000 കോടി രൂപ തിരിച്ചുവന്നു. വിശ്വാസ്യത തകർന്നിട്ടില്ലെന്ന് സൂചിപ്പിക്കുന്നതാണ് ഈ സംഭവങ്ങൾ. അതേസമയം ദുഷ്പ്രവണതകൾ തടയണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. അതുകൊണ്ടുതന്നെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിനോട് ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ആഡിറ്റ് നടത്തുന്നതിനായി നിയോഗിക്കണമെന്ന് ആവശ്യപ്പെടുകയും ആ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ആഡിറ്റ് പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുമ്പുണ്ടായിരുന്ന കൺകറന്റ് ആഡിറ്റ് സംവിധാനങ്ങൾക്ക് മാറ്റം

വരികയും ടീം ഓഡിറ്റ് ബാങ്കുകളിലേയ്ക്ക് പോയി തുടങ്ങിയിരിക്കുകയാണ്. ക്രമക്കേടുകൾ തടയാൻ സഹായകരമായ മറ്റൊരു സംവിധാനമാണ് ഐ.ടി. ഇന്റഗ്രേഷൻ. ഇതിന്റെ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തുകഴിഞ്ഞു. ബാക്കി കാര്യങ്ങൾ ഉടൻതന്നെ ആരംഭിക്കും. കേരള ബാങ്കിൽ അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. എന്ത് വിവരവും എപ്പോൾ വേണമെങ്കിലും നൽകാൻ കഴിയുന്ന രൂപത്തിൽ കോ-ഓപ്പറേറ്റീവ് ആഡിറ്റ് & മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റം (CAMIS) സി-ഡിറ്റിന്റെ സഹായത്തോടുകൂടി നടപ്പാക്കിക്കഴിഞ്ഞു. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വാഗതാർഹമാണ്. പരിശീലനം പൂർത്തിയാക്കുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. സമീപകാല ഭാവിയിലുണ്ടാകാവുന്ന പ്രശ്നങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ടാണ് നിക്ഷേപ ഗ്യാരന്റി ഓഡിറ്റ് സ്കീം കൊണ്ടുവന്നിരിക്കുന്നത്. അതുപോലെ ഉല്പാദനമേഖലയിൽ കൂടുതൽ ഇടപെടൽ നടത്തുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ ആരംഭിച്ചു. കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് മാർക്കറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ എക്സ്പോ നടത്തിയപ്പോൾ ഏതാണ്ട് 344 ഇനം ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും സാധ്യമായി, ചിലത് എക്സ്പോർട്ട് ചെയ്തു. ശീതീകരിച്ച

വാഹനങ്ങളിൽ ജില്ലാ ആസ്ഥാനങ്ങളിലൂൾപ്പെടെ ഉത്പന്നങ്ങൾ എത്തിക്കാനും സഹകരണ മേഖലയുടെ ഉല്പന്നങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരാനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 14 ജില്ലകളിലും കോ-ഓപ് മാർട്ടുകൾ വന്നുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ രണ്ട് ജില്ലകളിൽ ശീതീകരിച്ച വാഹനമെടുത്ത് വിപണനം നടത്താൻ പോകുകയാണ്. കൂടുതൽ സ്ഥലങ്ങളിൽ എ.ഐ.എഫ്.-ന്റെ സഹായത്തോടുകൂടി ഗോഡൗണുകൾ സ്ഥാപിക്കാനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനുംവേണ്ടിയുള്ള നീക്കങ്ങൾ ആരംഭിക്കുകയാണ്. കൃഷിരംഗത്തെ ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് ഓൺലൈൻ ട്രേഡിംഗും ബാങ്കിംഗും പൂർണ്ണതോതിൽ നടപ്പാക്കാൻ ശ്രമിക്കുകയാണ്. സഹകരണ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണത്തിന് ഒരു സമിതിയെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വനിത സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ മേഖലകളിലേയ്ക്ക് വിദ്യാസമ്പന്നരെ ആകർഷിക്കുന്നതിനും അതിലൂടെ വനിത സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വകുപ്പിന്റെ പുനഃസംഘടനയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പുരുഷ സ്വാശ്രയ സംഘം രൂപീകരിച്ച് കാർഷിക മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കാനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ

ഉല്പാദിപ്പിക്കാനുംവേണ്ടിയുള്ള പ്രോജക്ട് തയ്യാറായിട്ടുണ്ട്. മറ്റൊന്ന്, ഓൺലൈൻ പ്ലാറ്റ്ഫോമിൽ കോ-ഓപ്പറേറ്റീവ്സിനെ ഉയർത്തിക്കൊണ്ടുവരാൻ, ആമസോണും യൂബറുമൊക്കെ പോലെ കോ-ഓപ്പറേറ്റീവ് രംഗത്ത് സേവന സന്നദ്ധതയോടുകൂടി പ്രോഡക്ടുകൾ എത്തിക്കാനുള്ള ഒരു ആശയം മുന്നോട്ടുവയ്ക്കുകയാണ്. കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം വിപുലവും വിശാലവുമായ പ്രവർത്തനങ്ങളാണ് ഈ കാലഘട്ടത്തിൽ നടത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം കേരള ബാങ്കിന് 64 കോടിയോളം രൂപയാണ് ലാഭമുണ്ടായിരുന്നത്. അത് ഈ വർഷം 77 കോടിയോളം രൂപയായി വർദ്ധിച്ചിട്ടുണ്ട്. എൻ.പി.എ. (നോൺ പെർഫോമിംഗ് അസറ്റ്) പതിമൂന്ന് കോടിയോളം രൂപയായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്, ഇനിയും കുറയ്ക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള ബാങ്ക് വ്യവസായ വകുപ്പുമായി ചേർന്ന് വായ്പ സമ്പ്രദായങ്ങളൊരുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കാർഷിക മേഖലയ്ക്കും ചെറുകിട വ്യവസായ യൂണിറ്റുകൾക്കും പ്രത്യേക വായ്പ പദ്ധതിയും പാക്കേജും തയ്യാറാക്കുന്നതിനുള്ള സംവിധാനങ്ങൾ ഇക്കാലയളവിൽ നടപ്പിലാക്കുകയുണ്ടായി.

വിദ്യാഭ്യാസ രംഗത്ത് പുതിയ ആശയങ്ങൾ മുൻനിർത്തി സംസ്ഥാന

സർക്കാർ മുന്നോട്ടുവരുമ്പോൾ, CAPE (Co-operative Academy of Professional Education)-മായി ബന്ധപ്പെട്ട് ചില പരിഷ്കാരങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സഹകരണ വകുപ്പ് ഏറ്റെടുത്തുകഴിഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ ആലപ്പുഴയിൽ സ്കിൽ ആൻഡ് നോളജ് ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചു. അത്തരത്തിലുള്ള പ്രവർത്തനങ്ങളും പുതിയ കോഴ്സുകളും ആ മേഖലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആതുരസേവന രംഗത്ത് സഹകരണ സംഘങ്ങളെ മുന്നോട്ടുകൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. എസ്.സി./എസ്.ടി. സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി തയ്യാറാക്കി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും മെമ്പേഴ്സ് റിലീഫ് ഫണ്ട് നടപ്പിലാക്കുകയും ഇതിനോടകം 46 കോടിയിൽപ്പരം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ ക്ലാസുകൾക്കുവേണ്ടി മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശ രഹിത വായ്പ കൊടുത്ത കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 'മുറ്റത്തെ മുല്ല' പദ്ധതി ഭംഗിയായും ഫലപ്രദമായും നടപ്പിലാക്കുകയും 2112 കോടി രൂപ ഇതിനകം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പുരുഷ സ്വാശ്രയ സംഘത്തിന്റെ പ്രവർത്തനവും നല്ല നിലയിൽ ഉയർത്തിക്കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഇങ്ങനെ സഹകരണ മേഖലയിലെ സാധ്യതകൾ ഉയർത്തി

മുന്നോട്ടുകൊണ്ടുവരാനുള്ള പദ്ധതികൾക്ക് രൂപവും ഭാവവും നൽകിവരുന്നു. കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചു. ആദ്യഘട്ടത്തിൽ 2074 വീടുകളാണ് നൽകിയത്. രണ്ടാം ഘട്ടത്തിൽ എല്ലാ ജില്ലകളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ചിലയിടത്ത് ഫ്ലാറ്റുകളാണ് നിർമ്മിക്കുന്നത്. തൃശ്ശൂരിൽ 40 ഫ്ലാറ്റ് സമുച്ചയം സമർപ്പിച്ചുകഴിഞ്ഞു. സമീപകാല ഭാവിയിൽ കെയർ ഹോം പദ്ധതി പൂർണ്ണതയിലെത്തിക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കും. ഭിന്നശേഷിക്കാർക്ക് പ്രത്യേക വായ്പ സംവിധാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനാണ് നടപടി സ്വീകരിക്കുന്നത്. ഈയൊരു വർഷംകൊണ്ട് 54620 പേർക്ക് തൊഴിലവസരങ്ങളുണ്ടാക്കാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ സ്നേഹതീരം പദ്ധതിക്ക് നല്ല സ്വീകാര്യതയാണുണ്ടായിട്ടുള്ളത്. 'മുറ്റത്തെ മുല്ല' പോലുള്ള വായ്പ പദ്ധതി നടപ്പിലാക്കി കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകി അവരെ സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. സഹകരണ മേഖല ഈ കാലഘട്ടത്തിൽ മുന്നോട്ടുവച്ച ആശയങ്ങളെല്ലാം നടപ്പിലാക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും

മുന്നോട്ടുവരികയാണ്. ഇന്നത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൾമുനയിൽ നിന്നുവെന്ന രാഷ്ട്രീയപരമായ ഒരു പരാമർശം അപ്പുറത്തുനിന്നുമുണ്ടായി. അതെങ്ങനെയാണെന്ന് എത്ര ആലോചിച്ചിട്ടും ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. യഥാർത്ഥത്തിൽ മുൾമുനയിൽ നിൽക്കുന്ന ഒരു ലീഡർ ഇപ്പോൾ ഇന്ത്യയിലുള്ളത്, 51 മണിക്കൂർ വെള്ളം കുടിക്കാതെ വിയർത്തൊലിച്ച് മുൾമുനയിൽ നിന്നത് ശ്രീ. രാഹുൽ ഗാന്ധിയാണെന്ന് അങ്ങേയ്ക്കറിയാം. ഏതായാലും ഇവിടെ അങ്ങനെയൊരു ഗതികേടുണ്ടായിട്ടില്ല. നാല് ടീം ഇവിടെ വന്ന് ഇരുന്നും കിടന്നും പരിശോധിച്ചിട്ടും ഒരു ടീമിനുപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എവിടെയെങ്കിലും വിളിച്ചുവരുത്താനോ മുൾമുനയിൽ നിർത്താനോ അവസരമുണ്ടായിട്ടില്ലെന്നുമാത്രമല്ല, ഇനി ഉണ്ടാകുകയുമില്ല. അതുകൊണ്ട് തുടരെത്തുടരെ ആക്ഷേപിച്ച് പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മണിയാശാനെ സ്ത്രീകൾ ചിമ്പാൻസിയുടെ വേഷം കെട്ടിച്ച് അവതരിപ്പിച്ച് വല്ലാതെ പുലഭ്യം പറയുന്ന രൂപത്തിലെത്തിയെന്ന് ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് വിലക്കിയെന്ന് ശ്രീ. ടി. സിദ്ദിഖ് പറഞ്ഞു, അത്രയും നല്ലത്. എന്നാൽ ശ്രീ. വി. ഡി. സതീശന്റെയും ശ്രീ. ടി. സിദ്ദിഖിന്റെയും നേതാവായ കെ.പി.സി.സി.

പ്രസിഡന്റ് ഇതുസംബന്ധിച്ച് പ്രതികരിച്ചത് ഇത് സൃഷ്ടികർത്താവിന്റെ കുഴപ്പമാണെന്നാണ്. ആക്ഷേപിച്ചത് ശരിയാണെന്ന് സ്ഥിരീകരിക്കുന്ന രീതിയിലാണ് അദ്ദേഹം വാർത്താ സമ്മേളനത്തിൽ പ്രതികരിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തിരുത്താൻ പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമണവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ അപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് തള്ളിപ്പറയുകയും അവരുടെമേൽ നടപടി സ്വീകരിക്കുകയും എല്ലാവരെയും അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കുകയും ചെയ്തു. എന്നാൽ, മുഖ്യമന്ത്രിയെ ആക്രമിക്കാൻ വിമാനത്തിൽ കയറിയ ആളുകളെ നിങ്ങൾ മാലയിട്ട് സ്വീകരിക്കുകയല്ലേ ചെയ്തത്? അപ്പോൾ ഇക്കാര്യത്തിൽ അങ്ങനെ പറഞ്ഞുപോകുന്നത് ശരിയല്ല. പലരും പ്രസംഗിച്ചപ്പോൾ സ്ത്രീ വിരുദ്ധതയാണ് എൽ.ഡി.എഫ്-ന്റെ മുഖമുദ്രയെന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരുപടി കടത്തി ഇതൊരു കൗരവ സദസ്സാണെന്ന് പറഞ്ഞു. യഥാർത്ഥത്തിൽ കൗരവ സദസ്സെന്ന യോഗ്യത പ്രതിപക്ഷത്തിനാണ് ചേരുന്നത്. കാരണം, കുരുക്ഷേത്ര യുദ്ധത്തിൽ ധർമ്മവും അധർമ്മവും ഏറ്റുമുട്ടിയപ്പോൾ ധർമ്മം വിജയിച്ചു. അതുപോലെയാണ് ഞങ്ങൾ 99 സീറ്റുമായി ഇവിടെ വന്നിരിക്കുന്നത്.

ഇതാണ് യഥാർത്ഥ ധർമ്മത്തിന്റെ പക്ഷം. അവിടെ അധർമ്മമാണ്. പ്രതിപക്ഷത്താണ് ദുര്യോധനനും ദുശ്ശാസനനുമുള്ളത്. നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കാത്തൊരു സംഭവം ഞാൻ ഓർമ്മിപ്പിക്കുകയാണ്. മഹിളാ കോൺഗ്രസ് അദ്ധ്യക്ഷയായിരുന്ന ശ്രീമതി ലതികാ സുഭാഷ് കെ.പി.സി.സി.-യുടെ ആസ്ഥാനത്ത് മുടി മുറിച്ച് കണ്ണീർ വീഴ്ത്തിക്കൊണ്ട് രാഷ്ട്രീയ കേരളത്തോട് നടത്തിയ പ്രസംഗവും വാവിട്ട നിലവിളിയും നമ്മൾ കേട്ടതാണ്. സാധാരണ ഹിന്ദു ആചാരമനുസരിച്ച് അന്ത്യകർമ്മം ചെയ്യാനാണ് മുടി മുറിച്ച് ക്ഷൗരം ചെയ്യുന്നത്. അപ്പോൾ കെ.പി.സി.സി. ആസ്ഥാനത്ത് അന്ത്യകർമ്മം നടത്തിയത് മഹിളാ കോൺഗ്രസ്സ് അദ്ധ്യക്ഷയാണെന്ന കാര്യം നിങ്ങൾ വിസ്മരിച്ചുപോയി. യഥാർത്ഥത്തിൽ ഞങ്ങളാണോ സ്ത്രീയെ ആക്ഷേപിച്ചത്; ദുര്യോധനനും ദുശ്ശാസനനും ചേർന്ന് ദ്രൗപദിയെ/പാഞ്ചാലിയെ സദസ്സിലേയ്ക്ക് ആനയിച്ചപ്പോൾ ദ്രൗപദി അന്ന് ശപഥം ചെയ്തത് 'എന്റെ അഴിഞ്ഞ വാർമുടി ദുര്യോധനന്റെയും ദുശ്ശാസനന്റെയും മാറ് പിളർന്ന രക്തത്തിൽ കൈമുക്കിക്കൊണ്ടുവരുന്ന ഭീമസേനനെക്കൊണ്ട് മാത്രമേ കെട്ടിക്കൂ' എന്നാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയാകുന്ന ഭീമസേനൻ ദ്രൗപദിയാകുന്ന ലതികാ സുഭാഷിന്റെ മുടി കെട്ടി, അവർ ഇപ്പോൾ വനം വികസന കോർപ്പറേഷന്റെ

ചെയർപേഴ്സണായി ഇടതുപക്ഷ ജനാധിപത്യമുന്നണിയിലുണ്ട്. അപ്പോൾ ഞങ്ങളാണോ നിങ്ങളാണോ സ്ത്രീയെ ആക്ഷേപിക്കുന്നത്; ആരാണ് സ്ത്രീകളെ ആക്ഷേപിക്കുന്നതെന്ന് നിങ്ങൾ ആലോചിച്ചു നോക്കൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കൗരവ സഭയിൽ ദുര്യോധനനും ദുശ്ശാസനനും പാഞ്ചാലിയെ വസ്ത്രാക്ഷേപം ചെയ്തതുപോലെയാണ് ശ്രീമതി ലതികാ സുഭാഷിനെ ഞങ്ങൾ അപമാനിച്ചതെന്ന് അങ്ങ് പറഞ്ഞു. ശ്രീമതി ലതികാ സുഭാഷിനെക്കുറിച്ച് വ്യക്തിപരമായോ അല്ലാതെയോ ഒരാക്ഷേപവും ഒരാരോപണവും ഒരു കോൺഗ്രസ്സ് നേതാവും ഉന്നയിച്ചിട്ടില്ല. ആഗ്രഹിച്ച സീറ്റ് കിട്ടാത്തതിൽ പ്രതിഷേധിച്ചാണ് അവർ തലമുണ്ഡനം ചെയ്തത്. അങ്ങ് പറഞ്ഞുവരുമ്പോൾ ഞങ്ങൾ ആക്ഷേപിച്ചിട്ടാണ് അവർ തലമുണ്ഡനം ചെയ്തതെന്ന് തോന്നും. ഇവിടെ നിന്നും വരുന്നവർക്ക് അവിടെ സ്ഥാനമുണ്ട്. പക്ഷെ അവിടെയുള്ള പാവങ്ങളുടെ സ്ഥിതി വളരെ ദയനീയമല്ലേ? പാർട്ടിവിട്ട് പോയതിനുശേഷവും ഒരു വാക്കുകൊണ്ടുപോലും ഞങ്ങളാരും അവരെ നോവിച്ചിട്ടില്ല. അവരെ ആക്ഷേപിച്ചു, അധിക്ഷേപിച്ചു, പാഞ്ചാലിയെ വസ്ത്രാക്ഷേപം നടത്തിയതുപോലെ ചെയ്തുവെന്നൊക്കെ അങ്ങ് പറയുന്നതിൽ അടിസ്ഥാനപരമായി ഒരു കാര്യവുമില്ല.

<u>ശ്രീ. വി. എൻ. വാസവൻ:</u> സർ, വസ്ത്രാക്ഷേപം ചെയ്തതുപോലെ എന്ന് അങ്ങാണ് ഇന്ന് രാവിലെ സംസാരിച്ചത്. ദുര്യോധനനും ദുശ്ശാസനനും ഇവിടെയാണ് ഇരിക്കുന്നതെന്ന് അങ്ങ് പറഞ്ഞു. അതിന് സമാനമായൊരു പ്രവർത്തനം നടന്നത് കെ.പി.സി.സി. ആസ്ഥാനത്താണെന്ന കാര്യം നിങ്ങൾ വിസ്മരിച്ചുപോയെന്നാണ് ഞാൻ പറഞ്ഞത്. സ്ത്രീവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്നത് ഞങ്ങളാണോ നിങ്ങളാണോയെന്ന കാര്യം ആലോചിക്കണം. രാധയെ നിലമ്പൂർ ഓഫീസിൽ തല്ലിക്കൊന്ന് ചാക്കിൽ കെട്ടി ഒഴുക്കിവിട്ടത് മറന്നുപോയോ; ആരാണ് സ്ത്രീ വിരുദ്ധത നടത്തുന്നത്? വള്ളംകളിക്ക് ഒരു സിനിമാ നടിയെ വിളിച്ചുവരുത്തി അപമാനിച്ചുവിട്ടത് നിങ്ങളാണോ ഞങ്ങളാണോ? യൂത്ത് കോൺഗ്രസ്സിന്റെ അനിഷേധ്യ നേതാവായ സുശീൽ ശർമ്മയാണ് നൈന സാഹ്നിയെന്ന പെൺകുട്ടിയെ തന്തൂരി അടുപ്പിലിട്ട് ചുട്ടെടുത്ത് വീതം വച്ചത്. ആരാണ് സ്ത്രീവിരുദ്ധരെന്ന് നിങ്ങൾ പറയൂ. അതുകൊണ്ട് അങ്ങനെ സംസാരിക്കരുത്. ഞങ്ങൾ ഇക്കാര്യങ്ങൾ പറയാനിരുന്നതല്ല, പറയിപ്പിച്ചതാണ്. എന്തെല്ലാം രാഷ്ട്രീയ പ്രശ്നങ്ങൾ ഇവിടെ പറയാനുണ്ട്. ദേശീയതലത്തിൽ ഭരണാധികാരികൾ അമിതാധികാര ശക്തികളായി രൂപപ്പെട്ട് ഇന്ത്യൻ ഫെഡറൽ തത്വങ്ങളെ വെല്ലുവിളിച്ചും അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിച്ചും അഴിമതി എന്ന വാക്ക്

പറയാനും പാർലമെന്റ് പരിസരത്ത് പ്രതിഷേധമോ പ്രകടനമോ നടത്താനും പാടില്ലെന്ന, സംഘടിക്കാനും സംസാരിക്കാനും സഞ്ചരിക്കാനുമുള്ള സ്വാതന്ത്ര്യംപോലും നിഷേധിക്കുന്ന രൂപത്തിലേയ്ക്ക് വരുന്ന കേന്ദ്ര ഗവൺമെന്റ് നടപടിയെ ഏതെങ്കിലും തരത്തിൽ പ്രതിഷേധിക്കാനോ ആക്ഷേപിക്കാനോ തയ്യാറാകാതെ ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കും പേരുകേട്ട, ആഗോളതലത്തിൽ ശ്രദ്ധനേടിയിരിക്കുന്ന ഒരു ഗവൺമെന്റിനെ കരിതേച്ച് കാണിക്കാനും അതിന്റെ അമരക്കാരനെ നാഴികയ്ക്ക് നാൽപ്പതുവട്ടം ചീത്ത വിളിക്കാനും ശ്രമിക്കുന്ന നീക്കം അവസാനിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നിങ്ങൾ ഒരു കാര്യംകൂടി ചെയ്യുന്നത് നന്നായിരിക്കും. കാരണം, ഇപ്പോൾ ഇവിടെനിന്നും നോക്കുമ്പോൾ നിങ്ങൾ വച്ചിട്ടുള്ള പ്ലക്കാർഡുകൾ സെമിത്തേരിയിൽ കബറിന്റെ മുകളിൽ ആർ.ഐ.പി., ജനനം, മരണം എന്ന് ബോർഡ് വച്ചിരിക്കുന്നതുപോലെയാണ് തോന്നുന്നത്. അങ്ങനെ സംഭവിക്കാതിരിക്കാൻ ഈ പ്ലക്കാർഡുകൾ എടുത്തുമാറ്റുന്നത് നല്ലതാണ്. നിങ്ങൾക്ക് അങ്ങനെ വരാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇന്നത്തെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട

അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുകയാണ്. ഓരോരോ കാര്യങ്ങളെടുത്ത് വിശദീകരിക്കാൻ ഞാൻ സമയമെടുക്കുന്നില്ല. ഇവിടെ സംസാരിച്ചതിന്റെ ആകെത്തുകയായ രണ്ടുമൂന്ന് പ്രധാന പ്രശ്നങ്ങളുണ്ട്. ഒന്നാമത്തേത്, മലയോര മേഖലയിലെ കർഷകർ വന്യജീവി ആക്രമണംമൂലം അനുഭവിക്കുന്ന ദുരിതങ്ങളാണ്. വന്യജീവികൾ ജനവാസ മേഖലകളിൽ കയറി ജീവനും സ്വത്തിനും നാശമുണ്ടാക്കുന്നുണ്ടെന്നത് വസ്തുതയാണ്. ഇന്നത്തെ ചർച്ചയിൽ അത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾകൂടി ഉയർന്നുവരുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചത്. ദൗർഭാഗ്യവശാൽ അങ്ങനെയൊരു ക്രിയാത്മക നിർദ്ദേശമുണ്ടായില്ല. വനം വകുപ്പുമന്ത്രിയായ എന്റെ ഭരണഘടനാപരമായ ബാധ്യത വനം-വന്യജീവി സംരക്ഷണമാണ്. എന്നാൽ അതിലുപരി ശ്രീ. ടി. സിദ്ദിഖ് പറഞ്ഞതുപോലെ, മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ബാദ്ധ്യതയും മന്ത്രിയെന്ന നിലയിൽ എനിക്കുണ്ട്. ഇതുരണ്ടും ചേർത്തുവച്ചുകൊണ്ട് എങ്ങനെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് ആലോചിക്കുന്നത്. വന്യമൃഗാക്രമണങ്ങൾ വർദ്ധിച്ചുവരുന്ന പ്രവണത തുടങ്ങിയിട്ട് രണ്ടുമൂന്ന് വർഷക്കാലമായി. ഇത് അവസാനിപ്പിക്കണമെങ്കിൽ വന്യജീവികൾ കാട്ടിൽനിന്നും പുറത്തിറങ്ങാതിരിക്കാനാവശ്യമായ സാഹചര്യങ്ങൾ

ഒരുക്കിക്കൊടുക്കുകയാണ് വേണ്ടത് എന്നാണ് വകുപ്പ് നടത്തിയ പഠനങ്ങളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. ആനയെപ്പോലുള്ള വന്യജീവികളെ ആകർഷിക്കുന്ന കൃഷി അതിർത്തി മേഖലകളിൽ നടത്താൻ പാടില്ലെന്നാണ് ഇന്നലെ ശ്രീ. പി. കെ. ബഷീർ പറഞ്ഞത്. അങ്ങനെയൊരു ഉത്തരവ് പുറപ്പെടുവിക്കാൻ ഗവൺമെന്റിന് കഴിയില്ല. അതുകൊണ്ട് വനത്തിനുള്ളിൽത്തന്നെ അവയ്ക്കാവശ്യമായ ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തണം. അതിനാവശ്യമായ ഫണ്ട് അനുവദിച്ചുതരണം. വനത്തിനുള്ളിൽ സ്വാഭാവിക വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വനമേഖലയെ സമ്പുഷ്ടമാക്കുകയും അവിടത്തെ നീർച്ചാലുകൾ സംരക്ഷിച്ച് ബണ്ടുകൾ കെട്ടി കുടിവെള്ളം ലഭ്യമാക്കുകയും ചെയ്യണം. ഇതാണ് ഈ സാമ്പത്തിക വർഷത്തിലെ വനം വകുപ്പിന്റെ പരിപാടിയായി ബഡ്ജറ്റിൽ അംഗീകരിച്ചിട്ടുള്ളത്. അതിനാവശ്യമായ തുകപോലും കേന്ദ്രത്തിൽനിന്ന് അനുവദിക്കുകയില്ല. മറ്റൊരു മാർഗ്ഗം ആനമതിൽ, കിടങ്ങുകൾ, ട്രഞ്ചുകൾ, സോളാർ ഫെൻസിംഗ് തുടങ്ങിയവ സ്ഥാപിക്കുകയാണ്. എല്ലാ സ്ഥലത്തും സോളാർ ഫെൻസിംഗ്, കിടങ്ങുകൾ, ആനമതിൽ എന്നിവ പ്രായോഗികമല്ല. അതത് പ്രദേശങ്ങളിലെ സവിശേഷതകൾ പരിഗണിച്ചുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് ഏർപ്പെടുത്തേണ്ടത്. ഇത്തവണ വനം

വകുപ്പിന് അനുവദിച്ച സംഖ്യയിൽ നല്ലൊരു പങ്ക് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ്. ഇത്തരം വന്യജീവി ആക്രമണമുണ്ടാകുന്നത് മുൻകൂട്ടി മനസ്സിലാക്കി മുന്നറിയിപ്പ് നൽകാനുള്ള ആധുനിക സംവിധാനങ്ങളൊരുക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവർക്കാവശ്യമായ വാഹനങ്ങൾ കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. ശ്രീ. ടി. സിദ്ദിഖ് അതൊക്കെയാണ് പറഞ്ഞത്. അത് നല്ല നിർദ്ദേശം തന്നെയാണ്. നിർദ്ദേശമൊന്നും പറഞ്ഞില്ലെന്ന് ഞാൻ പറഞ്ഞത് പിൻവലിക്കുകയാണ്, അദ്ദേഹമത് പറഞ്ഞിട്ടുണ്ട്. ഈ സഭ ബഡ്ജറ്റിൽ തുക അനുവദിക്കില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്? ഒരു നെഗറ്റീവ് നിലപാട് സ്വീകരിക്കുകയല്ല. ഇതെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിലൂടെ സർക്കാർ വനമേഖലയുമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികളുടെ ചുരുക്കമാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സമീപ വർഷങ്ങളിലായി ഗൗരവതരമായ ഈ വിഷയം ഉയർന്നുവരികയാണ്. ഈ പ്രദേശങ്ങളിലുള്ള എം.എൽ.എ.-മാർക്ക് വേറെ എന്ത് ഓപ്ഷനാണുള്ളത്? അവർ നിയമസഭയിൽവന്ന് വനം വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും

സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തും. അത്രമാത്രം സമ്മർദ്ദമാണ് അവർക്കുണ്ടാകുന്നത്. കേരളത്തിലെ വനാതിർത്തികളിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വ്യാപകമായ വന്യജീവി ആക്രമണമുണ്ടാകുകയാണ്. നിങ്ങൾ അധികാരത്തിലിരിക്കുന്നതുകൊണ്ടല്ല പറയുന്നത്. മുഖ്യമന്ത്രി മുൻകയ്യെടുത്ത് വനം വകുപ്പുമന്ത്രിമാരുടെയും ബന്ധപ്പെട്ട എം.എൽ.എ.-മാരുടെയും യോഗം വിളിച്ച് പരിഹാരനടപടികൾ ആലോചിക്കണമെന്ന് ശ്രീ. സണ്ണി ജോസഫ് നിർദ്ദേശിക്കുകയുണ്ടായി. ഇതെങ്ങനെ പരിഹരിക്കാൻ സാധിക്കും? ഒരുപാട് നിർദ്ദേശങ്ങൾ വരുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ കിടങ്ങ്, ഫെൻസിംഗ്, ആനമതിൽ അല്ലെങ്കിൽ വനാതിർത്തിക്കകത്ത് ഫലവൃക്ഷങ്ങൾ എന്നിങ്ങനെ ഒരുപാട് നിർദ്ദേശങ്ങളുണ്ട്. എന്തുകൊണ്ടാണ് വന്യമൃഗ ആക്രമണം കൂടുതലാകുന്നതെന്നും ഇതെങ്ങനെ തടയാൻ സാധിക്കുമെന്നതിനെ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ടോയെന്നും അതിന്റെ അടിസ്ഥാനത്തിലാണോ ഈ പദ്ധതികൾ രൂപവൽക്കരിക്കുന്നതെന്നും അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് പറഞ്ഞതുപോലെ കേരളത്തിലെ വനം വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും റിസർച്ച് സെന്ററുകളുമുണ്ട്. പറമ്പിക്കുളത്തെ പരീക്ഷണ കേന്ദ്രവും ചെന്നൈ, ബാംഗ്ലൂർ ആസ്ഥാനമായി

പ്രവർത്തിക്കുന്ന കേന്ദ്രങ്ങളുമൊക്കെയായി ബന്ധപ്പെട്ടപ്പോൾ അവർക്ക് നിർദ്ദേശിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഇതുതന്നെയാണ്. അങ്ങ് പറഞ്ഞതുപോലെ, 620 കോടി രൂപ മുതൽമുടക്കിൽ അഞ്ചുവർഷത്തേയ്ക്കുള്ള പദ്ധതിയാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിപ്രകാരം പന്ത്രണ്ട് കിലോമീറ്റർ ആനപ്രതിരോധ കിടങ്ങുകൾ, 21.50 കിലോമീറ്റർ ആനപ്രതിരോധ മതിലുകൾ, 607.09 കിലോമീറ്റർ സൗരോർജ്ജ വേലികൾ, 470.33 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലികൾ, 17.50 കിലോമീറ്റർ ജൈവ വേലികൾ, 15.40 കിലോമീറ്റർ കയ്യാലകൾ എന്നീ ആനപ്രതിരോധ നിർമ്മിതികൾ ഇനിയും വനമേഖലയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവന്നിട്ടുള്ളത്. ഫോറസ്റ്റ് സ്റ്റേഷനുകൾ വേണമെന്ന് പറഞ്ഞു. 20 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. വാഹനങ്ങൾ വേണമെന്നു പറഞ്ഞു, മുപ്പത് വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി ലഭിക്കുകയും അത് വാങ്ങി വിതരണം ചെയ്യുകയും ചെയ്തു. അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഉദാരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 2019 വരെയുള്ള നഷ്ടപരിഹാര കുടിശ്ശികകൾ മുഴുവൻ കൊടുത്തുതീർത്തു. പ്രത്യേക പരിഗണന നൽകി ഏഴ്

കോടിയോളം രൂപ വനം വകുപ്പിന് നൽകിയതുകൊണ്ടാണ് കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിഞ്ഞത്. 2020-21, 2021-2022-ലെ കുടിശ്ശിക കൊടുത്തു തീർക്കാൻ ബാക്കിയുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധനസ്ഥിതി പരിശോധിച്ച് അക്കാര്യത്തിൽ നല്ല സമീപനം സ്വീകരിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടതുപോലെ യോഗം കൂടാൻ കഴിയുമോയെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ. അതുപോലെ ലോക ശ്രദ്ധയാകർഷിക്കുന്ന ഒരു സുവോളജിക്കൽ പാർക്ക് തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കെ. ഹരീന്ദ്രൻ ഇവിടെ സൂചിപ്പിച്ച തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ സ്ഥിതിചെയ്യുന്ന ആന സംരക്ഷണ കേന്ദ്രം അമ്പതിലധികം ആനകളെ സംരക്ഷിക്കാൻ കഴിയുന്ന ഒരു വലിയ പാർക്കാക്കി മാറ്റും. ഈ രണ്ട് വലിയ പ്രോജക്ടുകളും നടപ്പ് സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ കുങ്കിയാനകളെക്കുറിച്ച് പറയുകയുണ്ടായി. ആനകളെ ഉൾക്കാട്ടിലേയ്ക്ക്

കയറ്റിവിടുന്നതിന് കുങ്കിയാനകളെ ഉപയോഗിക്കുന്നത് ഒരു മാർഗ്ഗമാണ്. അതിനായി കൂടുതൽ കുങ്കിയാനകൾക്ക് പരിശീലനം നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ഏതായാലും കണ്ണടച്ച് തുറക്കുന്നതിനുമുമ്പ് പരിഹാരം കാണാൻ കഴിയുന്ന ഒരു കാര്യമല്ലിതെന്ന് എല്ലാവർക്കുമറിയാമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, മൂന്ന് വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ആറളത്ത് വിളിച്ചുചേർത്ത യോഗതീരുമാനം നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതിനെപ്പറ്റി വിശദമാക്കാം. ആറളത്ത് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി നേരത്തെ ആനമതിൽ നിർമ്മിച്ചത് ഫലപ്രദമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ആനമതിൽകൂടി അവിടെ സ്ഥാപിക്കണമെന്നാണ് ആറളത്ത് ചേർന്ന യോഗത്തിലുണ്ടായ ഒരു നിർദ്ദേശം. അതിൽ പങ്കെടുത്ത ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെയുണ്ട്. ആ നിർദ്ദേശം ഞങ്ങൾ തത്വത്തിൽ അംഗീകരിച്ചതാണ്. അതിനാവശ്യമായ

തുക പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. താങ്കൾ സൂചിപ്പിച്ചതുപോലെ, അതിനിടയിൽ ആരാണതിന് തടസ്സമായി നിൽക്കുന്നതെന്നകാര്യം പ്രത്യേകിച്ച് പരിശോധിക്കേണ്ടതാണ്. അത് പരിശോധിച്ച് ഗവൺമെന്റ് നൽകിയ വാഗ്ദാനം പാലിക്കുന്ന കാര്യത്തിൽ ഒരിഞ്ചുപോലും പിന്നോട്ട് പോകുകയില്ലെന്നതാണ് വനം വകുപ്പിന്റെ നിലപാട്.

ശ്രീ. പി. കെ. ബഷീർ: സർ, വളരെക്കാലമായി ഫോറസ്റ്റിനുള്ളിൽ താമസിക്കുന്ന ആളുകളുണ്ട്. അതുപോലെ ഫോറസ്റ്റിനോടുചേർന്ന് കൃഷി ചെയ്യുന്ന സ്ഥലങ്ങളുമുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് വിലകൊടുത്ത് അത്തരം സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പദ്ധതിയുണ്ടോ; 800 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുവാദമുണ്ടോ; ഈ വർഷം 100 കോടി രൂപ ലഭിച്ച പ്രസ്തുത പദ്ധതി എവിടെയെങ്കിലും നടപ്പിലാക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സംരക്ഷിത വനമേഖലയ്ക്കുള്ളിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ വെട്ടിമാറ്റി പകരം സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണ് ഒന്നാമത്തേത്. രണ്ട്,

ആദിവാസികളുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് ഒരു സ്കീം വയനാട് ജില്ലയിൽ നടപ്പിലാക്കുന്നുണ്ട്. അതനുസരിച്ച് പത്തുലക്ഷം രൂപയാണ് അവർക്ക് നഷ്ടപരിഹാരമായി കൊടുക്കുന്നത്. പക്ഷെ ഈ പത്തുലക്ഷം രൂപ ആകർഷകമല്ലാത്തതുകൊണ്ടാണോ എന്നറിയില്ല, ഈ പദ്ധതിക്ക് നല്ല പ്രതികരണമല്ല ലഭിക്കുന്നത്. നിർബന്ധിച്ച് നടപ്പിലാക്കേണ്ട ഒരു സ്കീമായി അതിനെ കാണുന്നില്ല. അതുകൊണ്ട് വകുപ്പിന്റെ ഭാഗത്തുനിന്ന് അതിനുവേണ്ടിയുള്ള ശ്രമം നടത്തുന്നില്ല. എന്നാൽ അവർ സ്വമേധയാ തയ്യാറായി വന്നാൽ അക്കാര്യം പരിശോധിക്കും. ജനവാസ മേഖലകളിലേയ്ക്ക് വന്യജീവികൾ കടന്നുചെല്ലുന്ന പ്രശ്നം വയനാട്ടിലുമുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ഏറ്റവും കൂടുതൽ ഉന്നയിക്കപ്പെട്ട പ്രശ്നം പന്നികളുടെ ആക്രമണത്തെക്കുറിച്ചാണ്. ഇത്തവണ പന്നികളെ വെടിവയ്ക്കാൻ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ ശല്യവും കുറഞ്ഞിട്ടുണ്ട്. ചില സീസണുകളിൽ വന്യമൃഗങ്ങൾക്ക് നാട്ടിലേയ്ക്കിറങ്ങാനുള്ള പ്രവണതയുണ്ടാകുന്നതിന്റെ ഭാഗമായിട്ടാണ് ഇതുണ്ടാകുന്നതെന്നാണ് വിദഗ്ദ്ധർ ഇതുസംബന്ധിച്ച് പറയുന്നത്. അത് നമ്മൾ പരിഗണിക്കേണ്ടതാണ്. കുറച്ചുനാൾ കഴിയുമ്പോൾ ചിലപ്പോൾ ഇവയുടെ ശല്യം കുറയുമായിരിക്കും. എന്നാൽ കുറയുമായിരിക്കുമെന്ന

മുൻവിധിയോടുകൂടി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കാൻ ഉദ്ദേശിക്കുന്നില്ല. ചെയ്യേണ്ടതെല്ലാം ചെയ്യും. മറ്റൊരു വിഷയം ബഫർ സോണുമായി ബന്ധപ്പെട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട വിഷയം ഈ സഭാസമ്മേളനം തുടങ്ങിയ അന്നുമുതൽ തുടർച്ചയായി ഉന്നയിക്കുന്നതാണ്. നാളെയും ഉന്നയിക്കുമെന്നാണ് തോന്നുന്നത്. ആ വിഷയം വീണ്ടും ഉന്നയിച്ചത് ഉത്കണ്ഠകൊണ്ടായിരിക്കാം. പക്ഷെ അതിൽ ചെറിയൊരു ദുരുദ്ദേശ്യമുണ്ടെന്ന് തോന്നുന്നു. മലയോര മേഖലയിലെ ജനങ്ങളെ ഗവൺമെന്റിൽ വിശ്വാസമില്ലാത്തവരാക്കി മാറ്റി ഗവൺമെന്റിനെതിരെ തിരിച്ചുവിടാനുള്ള ദുരുദ്ദേശ്യമുണ്ടോയെന്ന് ചില പ്രസംഗത്തിലെ സൂചനകളിൽനിന്നും എനിക്ക് തോന്നി. അത് ദൗർഭാഗ്യകരമാണ്. കാരണം, ബഫർ സോൺ സംബന്ധിച്ച് സുപ്രീംകോടതി വിധി വന്നതുമുതൽ ഇന്നുവരെ ഒരു ഉദാസീനതയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. എന്തെല്ലാം കാര്യങ്ങളാണോ ചെയ്യേണ്ടത് അതെല്ലാം പടിപടിയായി ചെയ്യുന്നുണ്ട്. ഏറ്റവുമൊടുവിലായി, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയെ കാണുകയും കേരള നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ കോപ്പിയും കേരളം മുന്നോട്ടുവയ്ക്കുന്ന

നിർദ്ദേശങ്ങളും അദ്ദേഹത്തിന് സമർപ്പിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഒന്നുകൂടി പരിശോധിക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ, കേരളത്തിലെ വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുമായി ഡൽഹിയിൽ വച്ച് കൂടിയാലോചന നടത്തുകയും സുപ്രീംകോടതിയെ സമീപിക്കുന്നതാണ് നല്ലതെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിലൊരു പുനർവിചിന്തനം വേണമോയെന്ന് തോന്നാൻ കാരണം വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ മുഴുവൻ സുപ്രീംകോടതിവിധിയിൽ അസ്വസ്ഥരാണ് എന്നുള്ളതാണ്. അവിടെയും ജനവാസ കേന്ദ്രമല്ലാത്ത ഒരു വനപ്രദേശവുമില്ല. അങ്ങനെയുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഉത്കണ്ഠയുണ്ടെന്നും ആ സംസ്ഥാനങ്ങളുടെ താല്പര്യംകൂടി പരിശോധിച്ച് തീരുമാനമെടുക്കാമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിലുമാണ് ഒരു പുനരാലോചന വേണ്ടതുണ്ടോയെന്ന് ആലോചിച്ചത്. അതുകൊണ്ട് സുപ്രീംകോടതിയിൽ ഹർജി ഫയൽ ചെയ്യുക എന്നതുതന്നെയാണ്. ശ്രീ. ടി. സിദ്ദിഖ് സൂചിപ്പിച്ചതുപോലെ അതുകൊണ്ടുമാത്രം നിർത്താൻ ഉദ്ദേശിക്കുന്നില്ല. സുപ്രീംകോടതി നിർദ്ദേശിച്ചതുപോലെ, കേന്ദ്ര എക്സ്പെർട്ട് കമ്മിറ്റിയുടെ മുമ്പാകെ

കേരളത്തിന്റെ ആവശ്യങ്ങൾ പുതുക്കിയ രൂപത്തിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി കേന്ദ്ര സർക്കാർ മുഖാന്തരം സുപ്രീംകോടതിയെ സമീപിക്കാനുള്ള നടപടികളും സമാന്തരമായി സ്വീകരിക്കുന്നുണ്ട്. മലയോര മേഖലയിലെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും സർക്കാർ കാണിക്കുകയില്ല. ഇക്കാര്യത്തിൽ ജനങ്ങളോടൊപ്പമാണ്, നമുക്ക് ഒരുമിച്ചാണ് പോരാടേണ്ടത്. അതിന് ഗവൺമെന്റിന് ആത്മാർത്ഥതയില്ലെന്നൊക്കെ പറഞ്ഞ് ജനങ്ങൾക്കിടയിൽ സംശയത്തിന്റെ വിത്തുകൾ പാകി അനാവശ്യമായി പ്രകോപനമുണ്ടാക്കുന്ന രീതിയിലേയ്ക്ക് അബദ്ധത്തിൽപ്പോലും മാറിപ്പോകരുതെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ നേരത്തെ സംസാരിച്ചപ്പോൾ 09-06-2022-ലെ 3936-ാം നമ്പർ ഉത്തരവിന്റെ കാര്യം സൂചിപ്പിച്ചിരുന്നു. 24 മണിക്കൂറിലധികം ജോലി ചെയ്ത് തളർന്നുകിടക്കുന്ന ഒരു ഫോറസ്റ്ററെ ഞാൻ കഴിഞ്ഞ ദിവസം കണ്ടിരുന്നു. നിലവിലുള്ള ജീവനക്കാർ രാവും പകലും ജോലി ചെയ്യുകയാണെന്നതിൽ തർക്കമില്ല. ഇവിടെ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന്, വാഹനമോ സ്റ്റാഫോ ഇല്ല. രണ്ട്, താൽക്കാലിക ജീവനക്കാരെ മുഴുവൻ പിരിച്ചുവിടുകയുമാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ശ്രീ. ടി. സിദ്ദിഖ് പറഞ്ഞ രണ്ട് കാര്യങ്ങൾക്ക് മറുപടി പറയാം. 2019-ലെ ക്യാബിനറ്റ് തീരുമാനം നിലനിൽക്കുന്നിടത്തോളംകാലം നമ്മൾ രക്ഷപ്പെടാനേ പോകുന്നില്ലെന്ന് ശ്രീ. സജീവ് ജോസഫ് പറഞ്ഞു. ആത്മാർത്ഥതക്കൂടുതൽ കൊണ്ടായിരിക്കാം അദ്ദേഹം അങ്ങനെ പറഞ്ഞത്. പക്ഷെ ഞാൻ അക്കാര്യത്തെപ്പറ്റി കഴിഞ്ഞ ദിവസംതന്നെ സഭയിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആ വിഷയം ഉന്നയിച്ചിരുന്നു. അക്കാര്യം വളരെ ഗൗരവത്തോടുകൂടിത്തന്നെ പരിശോധിക്കുന്നതാണെന്ന് ഉറപ്പും നൽകിയിട്ടുണ്ട്. അത് ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഈ ആശയം പങ്കുവച്ചപ്പോൾ അദ്ദേഹവും വളരെ അനുകൂല നിലപാടാണ് സ്വീകരിച്ചത്. അതിന് പരിഹാരം കാണാൻ നമുക്ക് കഴിയും. വാച്ചർമാരില്ലാത്തതുകൊണ്ട് അവിടെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. അതിന് കാരണമായി അദ്ദേഹം ഇവിടെ രണ്ട് ഉത്തരവുകൾ ചൂണ്ടിക്കാണിച്ചു. ഇപ്പോഴവിടെ ഒരു തൊഴിലാളിക്ക് 10 ദിവസമാണ് തൊഴിൽ നൽകുന്നത്. രണ്ടുപേരെയും അക്കോമഡേറ്റ് ചെയ്യാനാണ് പതിനഞ്ചും പതിനഞ്ചും എന്ന

രീതിയിൽ വിഭജിക്കുന്നത്. അതൊരു ശരിയായ പ്രവണതയല്ലെന്നാണ് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നത്. ആളുകളെ കൂട്ടിച്ചേർക്കാൻവേണ്ടി ഒരാൾ 30 ദിവസം ചെയ്യേണ്ട ജോലി പതിനഞ്ചും പതിനഞ്ചുമായി പങ്കുവച്ച് പതിനഞ്ച് ദിവസത്തെ ശമ്പളം ഒരാൾക്കും പതിനഞ്ച് ദിവസത്തെ ശമ്പളം മറ്റൊരാൾക്കും നൽകുന്നു. അതൊരു അഡ്ജസ്റ്റ്മെന്റാണ്. അത് പറ്റില്ല എന്നതാണ് തീരുമാനം. മറ്റൊന്ന്, ദിവസ വേതാനാടിസ്ഥാനത്തിൽ 56 വയസ്സ് കഴിഞ്ഞവരെയാണ് നിയമിക്കുന്നത്. 36 വയസ്സെന്ന് പറഞ്ഞത് തെറ്റിപ്പോയതായിരിക്കും. ആദിവാസി ഗോത്രവർഗ്ഗത്തിൽപ്പെട്ടവർ ഒഴികെയുള്ളവരെ പിരിച്ചുവിടണമെന്നത് വനം വകുപ്പിന്റെ മാത്രം തീരുമാനമല്ല. എല്ലാ വകുപ്പുകൾക്കുമുള്ള പൊതു തീരുമാനമാണ്. പ്രസ്തുത തീരുമാനം നിർദ്ദേശമായി കൊടുത്തിട്ടുണ്ട്. എം.എൽ.എ.-മാരുടെ യോഗത്തിനുശേഷം മിനിഞ്ഞാന്ന് വയനാട് ജില്ലയിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും അവരോട് നിർദ്ദേശങ്ങൾ സമർപ്പിക്കാനാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സർക്കാർ അറിയാതെ നിയമനം നടത്താൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. ഏത് നിയമനവും സർക്കാർ അറിയണം. എന്നാലേ അവർക്ക് ശമ്പളം നൽകാൻ സാധിക്കുകയുള്ളൂ. അതിലൊന്നും യാതൊരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. സർക്കാർ

അറിഞ്ഞുകൊണ്ട് ആവശ്യാനുസരണം നിയമിക്കാം. 10 ആളുകൾക്ക് കൊടുക്കാനുള്ള ശമ്പളം 20 ആളുകൾക്ക് കൊടുത്ത്, താങ്കൾ ഇവിടെ പറഞ്ഞതുപോലെ വിയർപ്പൊഴുക്കി അദ്ധ്വാനിച്ച് പണിയെടുക്കുന്നവരെ ബുദ്ധിമുട്ടിക്കാനും ഉദ്ദേശിക്കുന്നില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരുവശം വനവും മറുവശം സാധാരണക്കാരനും താമസിക്കുന്ന പി.ഡബ്ല്യു.ഡി. റോഡിന്റെ പണിക്കുവേണ്ടി മെറ്റൽ കൊണ്ടുവന്നിട്ട് പാർക്ക് ചെയ്ത ജെ.സി.ബി. ഫോറസ്റ്റർ പിടിച്ചുകൊണ്ടുപോയി. ഇപ്പോൾ പി.ഡബ്ല്യു.ഡി. റോഡ് പണിയണമെങ്കിൽ അപേക്ഷ നൽകണമെന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പറഞ്ഞിരിക്കുകയാണ്. ചില ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഇങ്ങനെയുള്ള നിഷേധാത്മക സമീപനങ്ങൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അങ്ങ് നടപടി സ്വീകരിച്ചത് ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ, വനയോര മേഖലയിൽ താമസിക്കുന്ന ആളുകളോട് നിഷേധാത്മക സമീപനം സ്വീകരിക്കുന്ന ഫോറസ്റ്റ് ഉദ്യോസ്ഥർ പി.ഡബ്ല്യു.ഡി.-യോട് സ്വീകരിച്ച നിലപാടാണ് ഞാൻ പറഞ്ഞത്. അങ്ങനെയൊരു നിയമം നിലവിലുണ്ടോയെന്ന് പറയാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് പറഞ്ഞത് മനസ്സിലായി. ഞാൻ

അവസാനിപ്പിക്കുകയാണ്. വനം വകുപ്പ് നേരത്തെ മുതൽ പ്രവർത്തനം ആരംഭിച്ചതിന് ഒരു പശ്ചാത്തലമുണ്ട്. ആദ്യമുള്ള സങ്കൽപ്പം തടി ആവശ്യങ്ങൾക്കുവേണ്ടി വനം വച്ചുപിടിപ്പിക്കുക എന്നുള്ളതായിരുന്നു. അതിൽനിന്നും 2002-ഓടുകൂടിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മാറിയത്. അതിനുശേഷം പ്രകൃതി സംരക്ഷണം, അന്തരീക്ഷ താപനിലയെ തണുപ്പിക്കുന്നതിനുള്ള പരിപാടികൾ, ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള പരിപാടികൾ എന്നിവയും വനം വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വന്നു. പ്രകൃതിസംരക്ഷണം എന്നത് ആഗോള പ്രശ്നമായി വളർന്നുവന്നൊരു പശ്ചാത്തലത്തിലാണ് വനം വകുപ്പിന്റെ പ്രവർത്തനത്തിൽ സമ്പൂർണ്ണമായ മാറ്റം വന്നത്. അത് വന്യജീവികളെയും മരങ്ങളെയും സംരക്ഷിച്ചുകൊണ്ടുള്ളതാകണം എന്നുള്ളതാണ്. മൃഗങ്ങളോടും മരങ്ങളോടും മാത്രം മല്ലടിച്ച് ശീലിച്ചിട്ടുള്ള ചില ഉദ്യോഗസ്ഥർക്ക് ജനകീയ പ്രശ്നങ്ങളോട് ചേർന്നുനിന്ന് പ്രവർത്തിക്കാനുള്ള വൈമുഖ്യം ഉണ്ടാകാറുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി ജനാഭിമുഖ്യമുള്ള സേനയായി ഫോറസ്റ്റ് സേനയെ മാറ്റിയെടുക്കുന്നതിനുവേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മാറ്റം പടിപടിയായേ ഉണ്ടാകുകയുള്ളൂ. ജനസൗഹൃദമായ നിലപാട് വനം വകുപ്പിലെ ഉദ്യോഗസ്ഥർ

സ്വീകരിക്കേണ്ടതാണ്. അവർ പലയിടത്തും നിഷേധാത്മക നിലപാട് സ്വീകരിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിലൊക്കെ യഥാസമയം ഇടപെട്ട് പരിഹാരം കാണാനാണ് ശ്രമിക്കുന്നത്. വനം വകുപ്പിനെക്കുറിച്ചുള്ള ആശങ്കയെ ഞാൻ മറ്റൊരർത്ഥത്തിൽ കാണുന്നില്ല. അത് ജനങ്ങളുടെ ആശങ്കയാണ്. അത് അവതരിപ്പിക്കാനുള്ളൊരു വേദിയാണിത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVII- സഹകരണം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സജീവ് ജോസഫ്, ടി. സിദ്ദിഖ്, ഐ. സി. ബാലകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, പി. ഉബൈദുള്ള, പി. അബ്ദുൽ ഹമീദ്, യു. എ. ലത്തീഫ്, സണ്ണി ജോസഫ്, ടി. ജെ. വിനോദ്, നജീബ് കാന്തപുരം, കെ. പി. എ. മജീദ്, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, എം. വിൻസെന്റ്, അനൂപ് ജേക്കബ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV- വനം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), പി. അബ്ദുൽ ഹമീദ്, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്,

കെ. പി. എ. മജീദ്, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, അനൂപ് ജേക്കബ്, ടി. വി. ഇബ്രാഹിം, സനീഷ്കുമാർ ജോസഫ്, എൻ. ഷംസുദ്ദീൻ, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സജീവ് ജോസഫ്, ടി. സിദ്ദിഖ്, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, ഐ. സി. ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, എം. വിൻസെന്റ്, ഷാഫി പറമ്പിൽ, എൽദോസ് പി. കുന്നപ്പിള്ളിൽ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 7.35-ന് പിരിഞ്ഞു)

*****

**അനുബന്ധം I**

ചോദ്യം നമ്പർ (*332)-ന്റെ 'സി' പിരിവിന് സഹകരണ -രജിസ്ട്രേഷൻ സാംസ്കാരികം വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ച മറുപടി

(സി) കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ സാധ്യമാകുന്ന തരത്തിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

ചുവടെ ചേർക്കുന്നു.

**<u>കേരള സംസ്ഥാന സഹകരണ ബാങ്ക്</u>**

ഇടത്തരം, ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്കായി വിവിധ തരത്തിലുള്ള വായ്പ പദ്ധതികൾ കേരള ബാങ്ക് മുഖേന അനുവദിക്കുന്നുണ്ട്.

1. **കെ.ബി.മിത്ര-** പരമാവധി 60 ലക്ഷം രൂപ വരെ വ്യക്തികൾക്കും ഒരു കോടി രൂപ വരെ കമ്പനികൾക്കും 84 മാസ കാലയളവിൽ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നുണ്ട്.

2. **കെ.ബി.സുവിധ-** പരമാവധി 20 ലക്ഷം രൂപ വരെ വ്യക്തികൾക്ക് 10% പലിശ നിരക്കിൽ 10 വർഷ കാലയളവിൽ അനുവദിക്കുന്നു.

3. **കെ.ബി.യുവമിത്ര-** 35 വയസ്സിൽ താഴെയുള്ള വ്യക്തികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 60 ലക്ഷം രൂപ വരെ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നു.

4. **കെ.ബി. ജി എസ് റ്റി മിത്ര-** പരമാവധി 60 ലക്ഷം രൂപ വരെ വ്യക്തികൾക്കും ഒരു കോടി രൂപ വരെ കമ്പനികൾക്കും 84 മാസക്കാലയളവിൽ 9% പലിശ നിരക്കിൽ അനുവദിക്കുന്നു.

**5. കെ.ബി.സുവിധ പ്ലസ്-** ലഘു ജാമ്യ വ്യവസ്ഥയിൽ പരമാവധി 5 ലക്ഷം രൂപ വരെ 60 മാസ കാലയളവിൽ 9% പലിശ നിരക്കിൽ അനുവദിക്കുന്നു.

**6. കെ.ബി.പ്രവാസി കിരൺ-** നോർക്ക റൂട്ട്സുമായി സഹകരിച്ചുകൊണ്ട് മടങ്ങിയെത്തിയ പ്രവാസികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 24 ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. ആദ്യ നാലുവർഷം പലിശയിനത്തിൽ 3% സബ്സിഡിക്കും പരമാവധി മൂന്നുലക്ഷം രൂപ വരെ ക്യാപിറ്റൽ സബ്സിഡിക്കും അർഹതയുണ്ട്.

**7. കെ.ബി.പ്രവാസി ഭദ്രത-** പ്രവാസികളുടെ പുനരുജ്ജീവനത്തിനായി ലഘു ജാമ്യ വ്യവസ്ഥയിൽ പരമാവധി അഞ്ച് ലക്ഷം രൂപ വരെ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നു. ആദ്യ നാലുവർഷം പലിശയിനത്തിൽ 3% സബ്സിഡിയും പരമാവധി ഒരു ലക്ഷം രൂപ വരെ ക്യാപിറ്റൽ സബ്സിഡിക്കും അർഹതയുണ്ട്.

**8.** സർക്കാരിന്റെ ഒരു ലക്ഷം MSME പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കെ.ബി.സ്മാർട്ട് വായ്പാ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം സേവന/വ്യാപാര മേഖലയിൽ പരമാവധി 10

ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്കും ഉല്പാദക മേഖലയിൽ പരമാവധി 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്കും വായ്പ അനുവദിക്കുന്നുണ്ട്.

**<u>പ്രാഥമിക സഹകരണ സംഘങ്ങൾ</u>**

•രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ 500 വായ്പകളിലായി 4.11 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതുവഴി 550 തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്;

•നൂറുദിന പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 5 ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിന്

അനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെയും തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്;

•കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ സാധ്യമാകുന്ന തരത്തിൽ സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി". ഏഴ് ഉപപദ്ധതികളുള്ള ടി സമഗ്ര പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ 14 ജില്ലകളിലും ടി പദ്ധതി ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022-23-ൽ ടി പദ്ധതി 7 ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 15 സംഘങ്ങളെ തെരഞ്ഞെടുക്കുകയും

പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്;

•സംസ്ഥാനത്തെ നെൽ കർഷകരെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിന് സഹകരണ മേഖലയിൽ റൈസ് മില്ലുകൾ ആരംഭിക്കുന്നതിനായി ലക്ഷ്യമിട്ട് പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് പാലക്കാട് ജില്ല പ്രവർത്തനപരിധിയായി കൊണ്ട് പാലക്കാട് പാഡി പൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.പി.1449 (PAPCOS) എന്ന സഹകരണ സംഘം 29.01.2019-ൽ രജിസ്റ്റർ ചെയ്ത് 06.02.2019-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തനപരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം.4505 (KAPCOS) എന്ന സഹകരണ സംഘവും കോട്ടയം ആസ്ഥാനമായി 27.08.2021-ൽ രജിസ്റ്റർ ചെയ്ത് 30.09.2021-ൽ പ്രവർത്തനം

ആരംഭിച്ചിട്ടുള്ളതുമാണ്. ഇതിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും;

•യുവ സംരംഭകർക്കായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 30 യുവജന സഹകരണ സംഘങ്ങൾ സംരംഭക മേഖലയിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോവിഡ്-19 സാഹചര്യത്തെ അതിജീവിക്കുന്നതിനായി കലാകാരന്മാർക്ക് അവരുടെ കലകൾ അവതരിപ്പിക്കുന്നതിന് സ്ഥിരം വേദി ഒരുക്കി അവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കി സംഗീതം, നാടകം, പ്രകടനകലകൾ, ചിത്രരചന എന്നിവ ഉൾപ്പെടെയുള്ള കലകളിൽ ഏർപ്പെട്ടിട്ടുള്ള കലാകാരന്മാരുടെ സഹകരണ സംഘം കോട്ടയം ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്;

•പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾ സമർപ്പിക്കുന്ന സഹകരണ സംഘങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, വനിതാസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, സഹകരണ സംഘങ്ങളുടെ വികസനത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള

ധനസഹായം, ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നു. ടി പ്രോജക്ടുകൾ സംഘങ്ങൾ നടപ്പിലാക്കുന്നതിലൂടെ പ്രോജക്ട് പ്രകാരമുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നതാണ്. 2022-23 സാമ്പത്തിക വർഷം മേൽ പദ്ധതികൾക്കായി 6060 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്;

•സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാക്കി മാറ്റുന്നതോടൊപ്പം, ടി സംഘങ്ങളിലെ അംഗങ്ങൾക്ക് സ്ഥിരമായി തൊഴിലും വരുമാനവും ഉറപ്പാക്കുന്നതുകൂടി ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള പുനർജ്ജനി പദ്ധതി നടപ്പിലാക്കുന്നു;

•രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ ജില്ലകളിൽ ഓരോന്നിലും ഓരോ പട്ടികജാതി പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉത്പാദന, സേവന മേഖലകളിൽ പ്രാദേശികമായി സാധ്യതയുള്ള നൂതന സംരംഭങ്ങൾ

ആരംഭിക്കുന്നതിന് ഊന്നൽ നൽകി പ്രവർത്തിക്കുന്നതിനാണ് ഈ യുവ സഹകരണ സംഘങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾവഴി പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ ഉണ്ടാകുന്നു;

•മുറ്റത്തെമുല്ല - ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി. 'മുറ്റത്തെ മുല്ല' പദ്ധതിയുടെ പ്രയോജനം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ക്യാമ്പയിൻ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 2018-ൽ പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് "മുറ്റത്തെ മുല്ല" ആദ്യം നടപ്പിലാക്കിയത്. നിലവിൽ ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം ഒരാൾക്ക് 1000

രൂപ മുതൽ 50,000 രൂപ വരെ വായ്പയായി നൽകുന്നു. സംഘം കുടുംബശ്രീക്ക് 9 ശതമാനം പലിശയ്ക്കും കുടുംബശ്രീ വായ്പക്കാരന് 12 ശതമാനം പലിശയ്ക്കും വായ്പ നൽകുന്നു. ഓരോ വാർഡിലേയും പ്രവർത്തന മികവും വിശ്വാസവുമുള്ള ഒന്നു മുതൽ മൂന്നു വരെ കുടുംബശ്രീ യൂണിറ്റുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. വായ്പ നൽകുവാൻ ആവശ്യമായ സംഖ്യ കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് പരമാവധി 20 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ ക്യാഷ് ക്രെഡിറ്റ് വായ്പയായി അനുവദിക്കും. 31.05.2022-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 1041 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ 18276 കുടുംബശ്രീ യൂണിറ്റുകൾവഴി 5,02,385 അംഗങ്ങൾക്ക് 2112.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്;

- കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികൾക്കും, മത്സ്യ വിപണന തൊഴിലാളികൾക്കും, മത്സ്യ സംസ്കരണ തൊഴിലാളികൾക്കും സഹകരണ മേഖലവഴി ലളിതമായ നടപടി ക്രമങ്ങളിലൂടെ വളരെ ചെറിയ പലിശ മാത്രം ഈടാക്കി വായ്പ നൽകുന്ന സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നു.

## അനുബന്ധംII

<u>മൂവാറ്റുപുഴ-കടാതി -കാരക്കുന്നം ബൈപ്പാസ് മൂവാറ്റുപുഴ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം സംബന്ധിച്ച് ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശം</u>

### 2. മൂവാറ്റുപുഴ ജില്ലാ സ്റ്റേഡിയം

മൂവാറ്റുപുഴ ജില്ലാ സ്റ്റേഡിയത്തിന് 16-02-2019-ലെ സ.ഉ. (സാധാ) നം. 35/2019/കാ.യു.വ പ്രകാരം കിറ്റ്കോയെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് 40 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. അതിന്മേൽ കിഫ്ബിയിൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24-06-2019-ലെ SYA001-01/APR-3/2019/KIIFB കിഫ്ബി ഉത്തരവുപ്രകാരം 32.55 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകി. ഇൻഡോർ സ്റ്റേഡിയം, സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടിയുള്ള ഹോസ്റ്റൽ, ഗ്യാലറികൾ, കടമുറികൾ, നീന്തൽക്കുളം, 8 വരി 400 മീറ്റർ ട്രാക്ക്, നാച്വറൽ ടർഫോടുകൂടിയ ഫുട്ബോൾ ഗ്രൗണ്ട് എന്നിവയാണ് പദ്ധതിയിലെ മുഖ്യഘടകങ്ങൾ.

പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ടി പദ്ധതിക്ക്

സാങ്കേതികാനുമതി നൽകുകയും 17-09-2019-ൽ പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് L1 ബിഡ്ഡറായി M/s Lee Builders-നെയും L2 ബിഡ്ഡറായി M/s ULCCS-നെയും തെരഞ്ഞെടുത്തു. സർക്കാർ അനുവദിച്ച PRICE preference പ്രകാരം M/s ULCCS L1 ബിഡ്ഡർ ആവുകയും എന്നാൽ ടെണ്ടർ അക്സപ്റ്റൻസ് മാനദണ്ഡപ്രകാരം M/s ULCCS സമർപ്പിച്ച ബിഡ്ഡ് അസ്വീകാര്യമാവുകയും ചെയ്തതിനാൽ ടെണ്ടർ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഫേം പിരിയഡ് കഴിഞ്ഞതിനാൽ രണ്ട് കരാറുകാരും ബിഡ്ഡിൽനിന്ന് പിന്മാറുകയാണുണ്ടായത്.

മേൽ ടെണ്ടർ അസാധുവായ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ റീടെണ്ടർ (പുനർ ദർഘാസ്) നടപടികൾ സ്വീകരിച്ചു. അതിൽ L1 ബിഡ്ഡറായി M/s Crescent Contractors-നെയും L2 ബിഡ്ഡറായി M/s ULCCS-നെയും തെരഞ്ഞെടുത്തു. തുടർന്ന് ടി ശിപാർശകൾ ടെണ്ടർ അക്സപ്റ്റൻസ് സമിതിയിൽ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ M/s ULCCS PRICE preference പ്രകാരം L1 ബിഡ്ഡർ ആയി. എന്നാൽ ടെണ്ടർ അക്സപ്റ്റൻസ് മാനദണ്ഡപ്രകാരം M/s ULCCS സമർപ്പിച്ച ബിഡ്ഡ് ലോക്കൽ മാർക്കറ്റ് നിരക്കിനേക്കാൾ 7.42% മുകളിലും

നിലവിലെ DSR+10% ടോളറൻസ് ലിമിറ്റിന് 2.41% മുകളിലായതിനാലും കോൺട്രാക്റ്റർ നെഗോഷ്യേഷന് തയ്യാറല്ലാത്തതിനാലും ടെണ്ടർ രണ്ടാമതും നിരസിക്കപ്പെട്ടു. തുടർന്ന് എസ്റ്റിമേറ്റിൽ എർത്ത് ഫില്ലിംഗ് ഉയർന്ന തോതിൽ ഉൾപ്പെടുത്തിയിരുന്നതിനാലും ബിഡ് ചെയ്ത തുക അസാധാരണമായ തോതിൽ കൂടിയതായതിനാലും ആയത് പുന:പരിശോധിക്കണമെന്നും പ്രവൃത്തി സ്ഥലം സന്ദർശിച്ച് പദ്ധതി രൂപരേഖ അനുയോജ്യമായി പുന:ക്രമീകരിക്കണമെന്നും സാങ്കേതികാനുമതി പരിഷ്കരിച്ച് ലഭ്യമാക്കണമെന്നും ടെണ്ടർ അക്സപ്റ്റൻസ് സമിതി പദ്ധതി നിർവ്വഹണ ഏജൻസിക്ക് 14-02-2022-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർനടപടികളൊന്നുംതന്നെ പദ്ധതി നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.